ശ്രീ

പദ്മമഹാപുരാണം

ഒന്നാം വാള്യം

ഗ്രന്ഥകർത്താവും പ്രസാധകനും

വള്ളത്തോൾ നാരായണമേനോൻ.

പ്രകാശകൻ

കുളക്കുന്നത്തു രാമൻമേനോൻ.

Digitized By Kerala Sahitya Akademi

ശ്രീ

പദ്മമഹാപുരാണം

ഒന്നാം വാല്യം

ഗ്രന്ഥകർത്താവും പ്രസാധകനും

വള്ളത്തോൾ നാരായണമേനോൻ.

പ്രകാശകൻ

കുളക്കുന്നത്തു രാമൻമേനോൻ.

ബി. വി. ബുക്ക് ഡിപ്പോ,
തിരുവനന്തപുരം.

കോപ്പി ക്കക്കാ

"കമലാലയ" അച്ചുക്കൂടം,
തിരുവനന്തപുരം.
1098

വില ക-ാം തരത്തിന് ക. ൩
സാധാരണ തരത്തിന് ക. ●

[പകർപ്പവകാശം ബി. വി. ബുക്ഡിപ്പോയിലേക്ക്.]

☞ പ്രകാശകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

വിഷയാനുക്രമണിക.

		പുറം.
൧	പുരാണപ്രസ്താവം	൧
൨	ആദിസർഗ്ഗകഥനം	൩
൩	ജംബൂദ്വീപവർണ്ണനം	൭
൪	മേരുപർവ്വതവർണ്ണനം	ൻ
൫	വർഷനാമകഥനം	൧൧
൬	നദ്യാദിനാമകഥനം	൧൨
൭	ഭാരതവർഷായുഃ പ്രമാണകഥനം	൧൭
൮	ശാകദ്വീപവർണ്ണനം	൧൯
൯	കുശദ്വീപാദിവർണ്ണനം	൧൷
൧൦	ഭൂപ്രദക്ഷിണഫലപ്രശ്നം	൨൦
൧൧	വസിഷ്ഠദീലീപസംവാദം	൨൨
൧൨	നർമ്മദാമാഹാത്മ്യകഥനം	൨൭
൧൩	യുധിഷ്ഠിരനാരദസംവാദം	
൧൪	നർമ്മദ എന്ന പ്രേഷ്യനദിയുടെ ഉല്പത്തിയും മാഹാത്മ്യവും	൨൭
൧൫	ബാണാസുരനെ ഭയപ്പെട്ടിരിക്കുന്ന ദേവന്മാരെ ശിവൻ ആശ്വസിപ്പിക്കുന്നതു്	,,
൧൬	ശിവൻ നാരദനെ ബാണാസുരന്റെ അന്തഃപുരത്തിലേയ്ക്കു് അയയ്ക്കുന്നതു്	൨൯
൧൭	നാരദൻ ബാണാസുരന്റെ പട്ടമഹിഷിയായ അനൌചമ്യയ്ക്കു ധർമ്മോപദേശം ചെയ്യുന്നതു്	൩൦
൧൮	ശിവൻ ത്രിപുരവധത്തിനു് ഒരുങ്ങുന്നതു്	൩൫
൧൯	ശിവന്റെ തൃക്കണ്ണിലുള്ള തീജ്വാലയേറ്റു ബാണാസുരന്റെ പട്ടണം ദഹിക്കുന്നതു്	൩൬
൨൦	ബാണൻ ശിവലിംഗവും എടുത്തുകൊണ്ടു പോകുന്നതു്	൩൮
൨൧	ബാണൻ ശിവനെ തോടകവൃത്തത്തിൽ സ്തുതിക്കുന്നതു്	,,
൨൨	തോടകവൃത്തസ്തോത്രം (പദ്യം)	൩൯
൨൩	സ്തുതിയാൽ സന്തുഷ്ടനായ ശിവൻ ബാണന്റെ മൂന്നാമത്തെ പുരം രക്ഷിക്കുന്നതു്	൪൫

Digitized By Kerala Sahitya Akademi

പുറം.

൨൪ നാരദൻ യുധിഷ്ഠിരാദികളോട് കാവേരി സംഗമം വണ്ണിച്ചു കേൾപ്പിക്കുന്നത് ൯൯
൨൫ തീർത്ഥമാഹാത്മ്യകഥനം ൯൬
൨൯ രുദ്രദേഹത്തിൽനിന്നു പുറപ്പെട്ട നമ്മദയെ ദേവഗന്ധർവാദികൾ സ്തുതിക്കുന്നത് ൯൭
൨൬ നമ്മദാസ്തോത്രം (പദ്യം) ,,
൨൭ തീർത്ഥമാഹാത്മ്യകഥനം ൯൯
൨൮ ശിവൻ നാരദനു വിവിധസൽക്കർമ്മങ്ങളുടെ വിധികൾ ഉപദേശിക്കുന്നത് ൯൭
൨൯ പുറകിൽ പുതഞ്ഞിരിക്കുന്ന ഭൃഗുമഹർഷിയെ കണ്ടിട്ട പാർവതി ശിവനോട് ചോദിക്കുന്നത് ,,
൩൦ ശിവന്റെ ആജ്ഞപ്രകാരം പുറകിൽ ഇരിക്കുന്ന ഭൃഗുമഹർഷിയെ കാള കുത്തി മറിച്ചു വീഴിക്കുന്നതും മഹർഷി കോപിക്കുന്നതും ൯൮
൩൧ കോപിച്ചിരിക്കുന്ന ഭൃഗുമഹർഷി ശിവനെക്കണ്ടു ലജ്ജിച്ചുദേവനെ സ്തുതിക്കുന്നത് ,,
൩൨ ഭൃഗുസ്തുതി (പദ്യം) ൯൦
൩൩ ഭൃഗുവിന്റെ ആവശ്യപ്രകാരം ശിവൻ രുദ്രവേദിയെ സൃഷ്ടിക്കുന്നത് ൯൨
൩൪ നരകാടി തീർത്ഥമാഹാത്മ്യകഥനം ൯൫
൩൫ വിഹംഗേശ്വരാടി തീർത്ഥമാഹാത്മ്യകഥനം ൯൫
൩൬ യുധിഷ്ഠിരനാരദസംവാദം ൯൭
൩൭ പ്രമോഹിനി, സുശീല, സുസ്വര, ചന്ദ്രിക, സുതാര, എന്ന അഞ്ചു ഗന്ധർവസുന്ദരിമാരുടെ അംഗവർണ്ണന (കിളിപ്പാട്ട്) ൯൯
൩൮ വേദനിധിബ്രാഹ്മണന്റെ സീമന്തപുത്രനെക്കണ്ടു ഗന്ധർവയുവതിമാർ കാമിക്കുന്നത് ൯൭
൩൯ ബ്രാഹ്മണയുവാവിന്റെ അംഗവർണ്ണന (കണ്ണപ്പർവീതി) ൯൯
൪൦ വിരക്തനായ ബ്രാഹ്മണൻ സുന്ദരിമാരെക്കണ്ടു സ്വഗൃഹത്തിലേയ്ക്ക് ഓടിപ്പോകുന്നത് ൯൮
൪൧ യുവാവിനെ കാണാ[illegible]നാൽ ഗന്ധർവസുന്ദരിമാർ ദുഃഖിക്കുന്നത് ,,
൪൨ വിപ്രയുവാവും ഗന്ധർവസുന്ദരിമാരും തമ്മിലുള്ള സംഭോഷണം

Digitized By Kerala Sahitya Akademi

		പുറം.
൪൪	ഉരസ് പരമുള്ള ശാപത്താൽ ബ്രാഹ്മണയുവാവും ഗന്ധർവ്വയുവതികളും പിശാചായിത്തീരുന്നതു്	ന൨
൪൫	പിശാചലോമസംവാദം	ന൪
൪൬	ഗന്ധർവകന്യാമുനികുമാരന്മാരുടെ ശാപമോചനം	ന൫
൪൭	ദക്ഷിണസാഗരസമീപസ്ഥ നാനാതീർത്ഥകഥനം	ന൬
൪൮	വിതസ്താദിതീർത്ഥകഥനം	ന൯
൪൯	കുരുക്ഷേത്രനാനാതീർത്ഥകഥനം	൦
൫൦	ശിവനെ മങ്കണകബ്രാഹ്മർഷി സ്തുതിക്കുന്നതു്	൫
൫൧	മങ്കണകസ്തുതി (പാനം)	,,
൫൨	കന്യാതീർത്ഥാദികഥനം	൯൭
൫൩	ധർമ്മതീർത്ഥാദിമാഹാത്മ്യകഥനം	൭൦
൫൪	കാളിന്ദീമാഹാത്മ്യവർണ്ണന	൭൨
൫൫	ധർമ്മഭ്രംശത്താൽ, ഹോമകുണ്ഡലൻ എന്ന വൈശ്യപുത്രന്മാരുടെ അധഃപതനം	൭൪
൫൬	പാപിയായ വികുണ്ഡലനു സ്വർഗ്ഗം കിട്ടുന്നതു്	൭൬
൫൭	വികുണ്ഡലനു യമധർമ്മൻ ചെയ്യുന്ന ധർമ്മോപദേശം	൭൭
൫൮	സുഗന്ധാദിതീർത്ഥമാഹാത്മ്യകഥനം	൮൩
൫൯	നാരദൻ വാരാണസീമാഹാത്മ്യത്തെപ്പറ്റി യുധിഷ്ഠിരനോടു പറയുന്നതു്.	൮൫
൬൦	ബ്രാഹ്മണരുടെ കൃത്തിവാസസ്സോപാസന (കിളിപ്പാട്ടു്)	൮൬
൬൧	കപർദ്ദീശ്വരതീർത്ഥമാഹാത്മ്യം	൮൭
൬൨	കപർദ്ദീശ്വരവർണ്ണന (ചെറുശ്ശേരിരീതി	൮൭
൬൩	കപർദ്ദീശ്വരസ്തുതി (കിളിപ്പാട്ടു്)	൮൯
൬൪	ശിവലിംഗപ്രതിഷ്ഠയെസംബന്ധിച്ചു ബ്രഹ്മവിഷ്ണുസംവാദം	൯൨
൬൫	ഗയാദിതീർത്ഥങ്ങളുടെ മാഹാത്മ്യം	൯൩
൬൬	തീർത്ഥമാഹാത്മ്യം (ശ്ലോകങ്ങൾ)	൯൫
൬൭	യുധിഷ്ഠിരമഹാരാജാവിന്റെ വ്യസനം (കണ്ണപ്പവർരീതി)	൯൬
൬൮	പ്രയാഗതീർത്ഥമാഹാത്മ്യം മാർക്കണ്ഡേയ മഹർഷി യുധിഷ്ഠിരനോടു ഉപദേശിക്കുന്നതു്	൯൭
൬൯	പ്രയാഗമാഹാത്മ്യം (കിളിപ്പാട്ടു്)	൯൯
൭൦	പ്രയാഗയാത്രാവിധി	൯൯
൭൧	പ്രയാഗാന്തർഗ്ഗതതീർത്ഥകഥനം	൧൦൦

Digitized By Kerala Sahitya Akademi

		പുറം.
ൻ	യമുനാമഹിമകഥനം	ൻ൨
ൻ൧	കൃഷ്ണകൃതപ്രയാഗസ്മരണോപദേശം	ൻ൭
ൻ൨	വിഷ്ണുഭക്തിപ്രശംസ (കിളിപ്പാട്ട്)	ൻ൭
ൻ൩	വ്യാസൻ മഹർഷിമാക്ക് മാധവാരാധനപരമായ കർമ്മയോഗം ഉപദേശിക്കുന്നതു്	ൻ൭
ൻ൪	ആചമനാദിവിധി	ൻ൮
ൻ൫	അദ്ധ്യയനവിധി	ൻ൮
ൻ൬	വ്രതസ്നാതചര്യാഖ്യാനം	ൻ൯
ൻ൭	ധർമ്മാനുസരണമായ ആചാരങ്ങളെപ്പറ്റി വ്യാസൻ ഉപദേശിക്കുന്നതു് (കിളിപ്പാട്ട്)	ൻ൯
ൻ൮	ഭക്ഷ്യാഭക്ഷ്യവിനിർണ്ണയം	ൻ൩
ൻ൯	ബ്രഹ്മാവിനാൽ ബ്രഹ്മർഷികൾക്ക് ഉപദേശിക്കപ്പെട്ട ഗൃഹസ്ഥധർമ്മനിരൂപണം	ൻ൩
ൻ൰	വാനപ്രസ്ഥചര്യാക്രമം	ൻ൩൭
ൻ൱	സന്ന്യാസധർമ്മകഥനം	ൻ൪
ൻ൲	മഹേശ്വരധ്യാനം (കിളിപ്പാട്ട്)	
ൻ൳	സന്ന്യാസിചര്യാവിധി	ൻ൪
ൻ൴	വിഷ്ണുഭക്തിപ്രശസ്തി (പാന)	ൻ൩
ൻ൵	ആദിഖണ്ഡ ശ്രവണഫലവർണ്ണന സ്തുതി	ൻ൱
ൻ൶	പ്രഹ്ലാദന്റെ പുനർജന്മകഥനം	ൻ൳
ൻ൷	വേദശർമ്മാവിന്റെ തപശക്തിയാൽ ദേവന്മാർ പ്രത്യക്ഷപ്പെട്ടതു്	ൻ൵
ൻ൸	പിതൃപ്രീതിക്കു വേണ്ടി വേദശർമ്മാവു സ്വന്തം ശിരസ്സിനെ ഉപേക്ഷിക്കുന്നതു്	ൻ൶
ൻ൹	സഹോദരന്റെ മാഹാത്മ്യത്താൽ വേദശർമ്മാവു് പിന്നും ജീവിക്കുന്നതു്	ൻ൷
ൻൺ	അച്ഛന്റെ ആജ്ഞാനുസരണം വിഷ്ണുശർമ്മാവു് ദേവലോകത്തു് അമൃതിനു പോകുന്നതു്	ൻ൸
ൻൻ	വിഷ്ണുശർമ്മാവിന്റെ അടുക്കൽ കാമാതുരയായ മേനക ഇന്ദ്രന്റെ ആജ്ഞപ്രകാരം ചെല്ലുന്നതു്	ൻ൹
ൻൽ	വിഷ്ണുശർമ്മാവു് അമൃതുകൊണ്ടുവന്നു് പിതൃപ്രീതി വരുത്തുന്നതു്	ൻ൹
ൻൾ	സോമശർമ്മാവുപരീക്ഷണം	ൻൺ
ൻ൯	വിഷ്ണു അഭിമതവരം കൊടുക്കുന്നതു്	ൻ൭൪

Digitized By Kerala Sahitya Akademi

		പുറം.
൯൭	ഇന്ദ്രാവതാരം (പദ്യം)	൨൦൩
൯൮	വസുദത്തൻ എന്ന സുരേശ്വരന്റെ തപസ്സു കണ്ടു ശുക്രൻ പാട്ടന്നതു് (ഗദ്യം)	൨൦൪
൯൯	മഹാശോകവർണ്ണനം	൨൦൭
൧൦൦	മിതികാശ്യപസംവാദം, ആത്മജ്ഞാനോപായാഖ്യാനം	൨൦൭
൧൦൧	മിതികാശ്യപസംവാദം ആത്മദുഃഖനിവൃത്തികഥനം	൨൧൧
൧൦൨	കാശ്യപകൃതമിതിസംബോധനം	൨൧൮
൧൦൩	മൈത്രുതപശ്ചര്യ്യാപ്രവൃത്തി	൨൧൯
൧൦൪	സുവ്രതോപാഖ്യാനം	൨൨൨
൧൦൫	സുമനകൃതവൈരാഗ്യോപദേശം (കിളിപ്പാട്ടു്)	൨൨൩
൧൦൬	പുത്രബാന്ധവാദികം എപ്രകാരം സംബന്ധപ്പെട്ടതു എന്നു്	൨൨൫
൧൦൭	ധർമ്മദേവതാമാഹാത്മ്യം (പദ്യം)	൨൨൯
൧൦൮	ദുർവ്വാസകൃതധർമ്മശാപം	൨൩൦
൧൦൯	ധർമ്മാംഗവർണ്ണനം	൨൩൨
൧൧൦	ധാർമ്മികമരണജനനനിരൂപണം	൨൩൪
൧൧൧	പാപിമരണജനനവർണ്ണനം	൨൩൬
൧൧൨	സോമശർമ്മവസിഷ്ഠസമാഗമം	൨൩൭
൧൧൩	സോമശർമ്മപൂർവ്വജന്മകഥനം	൨൪൧
൧൧൪	നരസിംഹധ്യാനം (കണ്ണപുരീതി)	൨൪൪
൧൧൫	നരസിംഹസ്തോത്രം (കിളിപ്പാട്ടു്)	൨൪൫
൧൧൬	ലക്ഷ്മീപതിസ്തുതി (പദ്യം)	൨൪൭
൧൧൭	വിഷ്ണുസോമശർമ്മസംവാദം	൨൪൮
൧൧൮	സുവ്രതജന്മകഥനം	൨൫൦
൧൧൯	ബ്രഹ്മാവു സുവ്രതചരിതം പറയുന്നതു്	൨൫൨
൧൨൦	സുവ്രതകൃതവിഷ്ണുസ്തുതി (വഞ്ചിപ്പാട്ടു്)	൨൫൩
൧൨൧	,, (ശ്ലോകങ്ങൾ)	൨൫൫
൧൨൨	സുവ്രതവരലബ്ധി	൨൫൬
൧൨൩	വലാസുരോല്പത്തി	൨൫൮
൧൨൪	വലാസുരനെ ഇന്ദ്രൻ കൊല്ലുന്നതു്	൨൬൦
൧൨൫	വൃത്രാസുരജനനം	൨൬൧
൧൨൬	കശ്യപൻ ഇന്ദ്രനെ കൊല്ലുവാനായി വൃത്രനെ അയയ്ക്കുന്നതു്	

Digitized By Kerala Sahitya Akademi

		പുറം.
൧൨൬	വൃത്രനെ പേടിച്ച് ഇന്ദ്രൻ സമുദ്രം അപേക്ഷിക്കുന്നത്	
൧൨൭	ഇന്ദ്രവൃത്രാസുരസംഗ്രാമം	൩൩൨
൧൨൮	വൃത്രനെ മോഹിപ്പിക്കുവാനായി ഇന്ദ്രൻ രംഭയെ അയയ്ക്കുന്നത്	,,
൧൨൯	നന്ദനോദ്യാനവർണ്ണന (പദ്യം)	,,
൧൩൦	രംഭയുടെ വർണ്ണന (ഗദ്യം)	൩൩൪
൧൩൧	രംഭ വൃത്രനെ മദ്യപാനം ചെയ്യിക്കുന്നത്	൩൩൫
൧൩൨	വൃത്രവധം	,,
൧൩൩	മരുദുല്പത്തി കഥനം	൩൩൬
൧൩൪	പൃഥുചരിതപ്രസ്താവം	൩൩൭
൧൩൫	അംഗപ്രജാപതിയുടെ പുത്രനും അധർമ്മിയുമായ വേനമഹാരാജാവിന്റെ ഇടത്തെത്തുട മഹർഷിമാർ മഥനം ചെയ്യുന്നതും അതിൽ നിന്നും നിഷാദനുണ്ടാകുന്നതും	൩൩൮
൧൩൬	മഹർഷിമാർ വേനന്റെ വലത്തെ കയ്യ് മഥനം ചെയ്യുന്നതും അതിൽ നിന്നും വിശ്രുതനായ പൃഥുചക്രവർത്തി ജനിക്കുന്നതും	൩൩൯
൧൩൭	ജനങ്ങളം വിതച്ച ധാന്യങ്ങളെ ഭൂമി വിഴുങ്ങുന്നത്	൩൪൪
൧൩൮	ആയുധപാണിയായ പൃഥുചക്രവർത്തിയെ ഭയപ്പെട്ട ഭൂമി ആനയായിട്ടോടിപ്പോകുന്നത്	൩൪൫
൧൩൯	ഭൂമികൃതഭയപ്രാർത്ഥന	,,
൧൪൦	പൃഥു ഗോരൂപിണിയായ ഭൂമിയുടെ അപേക്ഷപ്രകാരം ഭൂമിയെ നിരപ്പുവരുത്തുന്നതും സ്വായംഭുമനുവിനെ വത്സനാക്കി ധരിത്രിയെ കറക്കുന്നത്	൩൪൭
൧൪൧	ഋഷികൾ, ദേവന്മാർ, സിദ്ധചാരണഗന്ധർവ്വന്മാർ മുതലായവർ ഭൂമിയെ കറക്കുന്നത്	൩൪൮
൧൪൨	ഭൂമിപ്രശംസ (പദ്യം)	൩൫൦
൧൪൩	വേനൻ പാപിയായത്	൩൫൨
൧൪൪	അംഗരാജതപോനിശ്ചയം	൩൫൩
൧൪൫	ഗംഗാവതരണം മേ[illegible]ർണ്ണന(കിളിപ്പാട്ട്)	൩൫൪
൧൪൬	അംഗകൃതവിഷ്ണുസ്തുതി (പദ്യം)	൩൫൭
൧൪൭	അംഗവംശലബ്ധി	൩൫൮

Digitized By Kerala Sahitya Akademi

		പുറം.
ക്ര൯	സുനീഥാചരിതം	൨൯൨
ക്ഷം	സുനീഥയുടെ വിദ്യാപ്രാപ്തി	൨൯൫
ക്ഷക	രംഭാസുഭാഷിതം	൨൯൬
ക്ഷഖ	സുനീഥാവർണ്ണന (കളകാഞ്ചി)	൨൯൭
ക്ഷഗ	അംഗൻ സുനീഥയെ വേൾക്കുന്നതും വേനജനനവും വേനന്റെ പട്ടാഭിഷേകവും	൩൦൦
ക്ഷഘ	വേനജൈനസമാഗമവും ജൈനോപദേശവും	൩൦൨
ക്ഷങ	വേനപാണിമഥനം	൩൦൩
ക്ഷച	വേനവിഷ്ണുസംവാദം	,,
ക്ഷഛ	വാസുദേവമഹാസ്തോത്രം (പദ്യം)	൩൦൯
ക്ഷജ	വേനവിഷ്ണുസംവാദം ദാനകാലാദികഥനം	൩൧൨
ക്ഷഝ	വേനവിഷ്ണുസംവാദം നൈമിത്തികദാനനിരൂപണം	൩൧൩
ക്ഷഞ	വേനവിഷ്ണുസംവാദം സുകലാചരിതാരംഭം	൩൧൪
ക്ഷട	സുകലാസൌകുമാര്യപ്രശംസ (പദ്യം)	൩൧൯
ക്ഷഠ	സുകല സഖിമാരോട് സുദേവാചരിതം വിസ്തരിക്കുന്നതു്	൩൨൩
ക്ഷഡ	മഹാമേരുവർണ്ണന (പദ്യം)	൩൨൯
ക്ഷഢ	ഇക്ഷ്വാകുമഹാരാജാവിന്റെ സൈന്യങ്ങളും ഒരു കൂട്ടം പന്നികളോടു യുദ്ധത്തിൽ തോല്ക്കുന്നതു്	൩൩൦
ക്ഷണ	വരാഹസഞ്ചാരഗതി	൩൩൪
ക്ഷത	ശൂരസൂകരീഘാതം	൩൩൫
ക്ഷഥ	സൂകരപൂർവ്വവൃത്തകഥനം	൩൩൬
ക്ഷദ	സൂകരീപൂർവ്വവൃത്താരംഭം	൩൪൫
ക്ഷധ	സൂകരീപൂർവ്വവൃത്തനിരൂപണം പദ്മാവതി ഉഗ്രസേന ചരിതപ്രാരംഭം	൩൪൪
ക്ഷന	പദ്മാവതിയുടെ അംഗവർണ്ണന (പദ്യം)	൩൪൬
ക്ഷപ	പദ്മാവതിയെ ഗോഭിലാസുരൻ കാമിക്കുന്നതും മായയാൽ ചാരിത്രഭംഗം വരുത്തുന്നതും	൩൪൭
ക്ഷഫ	പദ്മാവതീ ഗോഭിലസംഭാഷണം	൩൪൯
ക്ഷബ	പദ്മാവതിയുടെ [illegible]ണം	,,
ക്ഷഭ	കംസോല്പത്തി	൩൫൪
ക്ഷമ	സൂകരീ[illegible]കഥനം സുദേവാഭിഷേകപ്രകാരവർണ്ണനം	൩൫൫

Digitized By Kerala Sahitya Akademi

		പുറം.
ക്കന്ന	വേനവിഷ്ണുസംവാദേ സുകലാചരിതേ സുകരീസപ്ത്നഗമനം	൩൯൯
ക്കൈ	സുകലാ ഇന്ദ്രഭൂതീസമാഗമവും, പതിവ്രതയായ സുകല ശരീരശോസ്സും വിസ്തരിക്കുന്നതും	൩൯൯
ക്കീവ	സുകലയുടെ അടുക്കൽ ഇന്ദ്രകന്ദപ്പന്മാർ വരുന്നതു്	൩൯൭
ക്കൻെ	മന്മഥസമുദ്യോഗം	൩൯൬
ക്കവം	സുകലാചരിതേ സത്യധർമ്മാമന്ത്രണം	൩൯൫
ക്കവ്ക	ഇന്ദ്രകന്ദപ്പന്മാർ സുകലയുടെ അടുക്കൽ ക്രീഡയെ അയയ്ക്കുന്നതു്	൩൯൪
ക്കവ൨	കാമാതുരനായ ഇന്ദ്രൻ സുകലയോടു പ്രാർത്ഥിക്കുന്നതും, ഇന്ദ്രന്റെ തേജോഭംഗവും	൩൯൪
ക്കവ൩	ധർമ്മ, കുകല സമാഗമം	൩൯൫
ക്കവ൪	സുകലാചരിതപരിണാമവും ഫലശ്രുതിയും	൩൯൫
ക്കവ൭	വേനവിഷ്ണുസംവാദേ സുകർമ്മചരിത പ്രസ്താവം	൩൯൦
ക്കവ്ന	വേനവിഷ്ണുസംവാദേ സുകർമ്മപിപ്പല സമാഗമം	൩൯൪
ക്കവ൯	സുകർമ്മചരിതം, പിതൃഭക്തിമഹിമവർണ്ണനം	൩൯൫
ക്കവ്വ	ഇന്ദ്രനാരദസംവാദം	൩൯൬
ക്കവ൯	യയാതി മാതലിസംഭാഷണം	൩൯൭
ക്കൻം	മാതലികൃതദേഹോല്പത്ത്യാദിവർണ്ണനം	൩൯൯
ക്കൻക	മാതലികൃതതപോപദേശം(കിളിപ്പാട്ടു് കാകളി)	൪൦൪
ക്കൻട	മാതലികൃതധർമ്മഫലനിരൂപണം	൪൦൭
ക്കൻണ	മാതലികൃതവിവാഹധർമ്മനിരൂപണം	൪൦൯
ക്കൻർ	മാതലികൃതനരകപീഡാവർണ്ണനം (പാന)	൪൧൦
ക്കൻത	മാതലികൃതോർദ്ധ്വലോകവർണ്ണനം...	൪൧൫
ക്കൻന	യയാതിപ്രത്യുത്തരം	൪൧൯
ക്കൻധ	യയാതിവിളംബരം (വഞ്ചിപ്പാട്ടു്)	൪൨൪
ക്കൻവ	യയാതികൃതവൈഷ്ണവധർമ്മവ്യാപനം	൪൨൬
ക്കൻൻ	യയാതികൃതവൈഷ്ണവധർമ്മവ്യാപനവർണ്ണനം	൪൨ൻ
൨൦൦	യയാതിസന്നിധിയിൽ ഇന്ദ്രപ്രേഷിതകാമാടിനാടകപ്രവേശനം	൪൩൦
൨൦൫	ഉദ്യാനവർണ്ണന (വല്ലം)	൪൩൩

Digitized By Kerala Sahitya Akademi

		പുറം.
൨൫൧	അശോകസുന്ദരീസമാശ്വാസനം...	൩൫൨
൨൫൨	നഹുഷയുദ്ധയാത്ര	൩൮൨
൨൫൩	നഹുഷന്റെ ഹുണ്ഡപുരപ്രാപ്തി...	൩൮൮
൨൫൪	അശോകസുന്ദരി നഹുഷനെ കാണുന്നതു്	൩൮൯
൨൫൫	അശോകസുന്ദരി രംഭയെ നഹുഷന്റെ അടുക്കൽ അയയ്ക്കുന്നതു്	൩൯൬
൨൫൬	നഹുഷഹുണ്ഡയുദ്ധാരംഭം	൩൯൭
൨൫൭	ഹുണ്ഡാസുരവധം (വഞ്ചിപ്പാട്ടു്)...	൩൯൯
൨൫൮	അശോകസുന്ദരീനഹുഷവിവാഹം	൩൯൫
൨൫൯	നഹുഷചരിതസമാപ്തി	൩൯൬
൨൬൦	വിഷ്ണു, മായകൊണ്ടു സുന്ദരിയായി ചമയുന്നതു്	൩൯൭
൨൬൧	മായാസുന്ദരീവിഹുണ്ഡസംവാദം	൩൯൯
൨൬൨	ശുക്രൻ വിഹുണ്ഡനു കാമോദകത്തെപ്പറ്റി പറഞ്ഞുകൊടുക്കുന്നതു്	,,
൨൬൩	വിഹുണ്ഡവിമോഹനം	൪൦൦
൨൬൪	കാമോദാനാരദസമാഗമം	൪൦൨
൨൬൫	കാമോദാഖ്യാനസമാപ്തി	൪൦൫
൨൬൬	കുഞ്ജലപൂർവ്വവൃത്താന്തകഥനം ...	൪൦൭
൨൬൭	ഗുരുതീർത്ഥമാഹാത്മ്യകഥനം ...	൪൧൦
൨൬൮	പ്രഥവരലബ്ധി	൪൧൪
൨൬൯	ഭ്രമിഖണ്ഡമാഹാത്മ്യകഥനം	൪൧൭
൨൭൦	വ്യാസജൈമിനിസംവാദം വൈഷ്ണവലക്ഷണനിരൂപണം	൪൨൦
൨൭൧	ദണ്ഡകചരിതം (വിഷ്ണുക്ഷേത്രലേപനമാഹാത്മ്യം)	൪൨൭
൨൭൨	ദീപദാനമാഹാത്മ്യകഥനം	൪൨൮
൨൭൩	ബ്രഹ്മനാരദസംവാദം ജയന്തീമാഹാത്മ്യകഥനം	൪൨൯
൨൭൪	ബ്രഹ്മനാരദസംവാദം അനപത്യതാഹേതുകഥനം	൪൩൨
൨൭൫	ക്ഷേത്രസുധാലേപനമാഹാത്മ്യം (കിളിപ്പാട്ടു് കാകളി)	൪൩൫
൨൭൬	ബ്രഹ്മനാരദസംവാദം രാധാജന്മാഷ്ടമീമാഹാത്മ്യം	൪൩൭
൨൭൭	സമുദ്രമഥനകഥാരംഭം	൪൩൯

Digitized By Kerala Sahitya Akademi

		പുറം.
൨൨൨	ജ്യേഷ്ഠാപ്രാദുർഭാവം	൪൯൯
൨൨൯	സമുദ്രമഥനകഥാസമാപ്തി	൫൦൦
൨൨൦	ഗുരുവാരവ്രതനിരൂപണം	൫൦൨
൨൨൧	ബ്രാഹ്മണരക്ഷണമാഹാത്മ്യകഥനം	൫൦൩
൨൨൨	വസിഷ്ഠദിലീപസംവാദം കൃഷ്ണജന്മാഷ്ടമീ മാഹാത്മ്യം	൫൦൫
൨൨൩	കൃഷ്ണാവതാരം (പാന)	൫൦൫
൨൨൪	ബ്രാഹ്മണമാഹാത്മ്യകഥനം (കിളിപ്പാട്ട്)	൫൦൬
൨൨൫	ഏകാദശീമാഹാത്മ്യകഥനം (കിളിപ്പാട്ട്)	൫൨൦
൨൨൬	പൂർണ്ണിമാവിഷ്ണുപൂജനമാഹാത്മ്യകഥനം	൫൨൪
൨൨൭	വിഷ്ണുപാദോദകമാഹാത്മ്യകഥനം	൫൨൬
൨൨൮	അഗമ്യാഗമനപ്രായശ്ചിത്തവിധി	൫൨൭
൨൨൯	അഭക്ഷ്യഭക്ഷണപ്രായശ്ചിത്തനിരൂപണം	൫൨൯
൨൩൦	രാധാകൃഷ്ണപൂജാ (കൈകൊട്ടിക്കളിപ്പാട്ട്)	൫൩൨
൨൩൨	കാർത്തികവ്രതവിധി	൫൩൪
൨൩൩	തുളസീമാഹാത്മ്യകീർത്തനം	൫൩൫
൨൩൪	വിഷ്ണുപഞ്ചകവ്രതമാഹാത്മ്യം (ശീതങ്കൻ തുള്ളൽ)	൫൩൭
൨൩൫	ദാനമാഹാത്മ്യകഥനം	൫൪൨
൨൩൬	നാരദസനൽകുമാരസംവാദം ഹരിനാമ മാഹാത്മ്യകഥനം (ശ്ലോകങ്ങൾ)	൫൪൪
൨൩൭	പ്രതിജ്ഞാപാലനമാഹാത്മ്യം (കൈകൊട്ടിക്കളിപ്പാട്ട്)	൫൪൫
൨൩൮	ശേഷവാത്സ്യായനസംവാദം രാമാശ്വമേധ കഥാരംഭം	൫൪൯
൨൩൯	ആദിത്യസ്തോത്രം (അന്നനട—കിളിപ്പാട്ട്)	൫൪൯
൨൪൦	രാമരാജധാനീദർശനം	൫൪൯
൨൪൦	രഘുനാഥപുരപ്രവേശനം	൫൫൨
൨൪൨	ഉത്സവവർണ്ണന (വഞ്ചിപ്പാട്ട്)	,,
൨൪൩	ശ്രീരാമനെക്കണ്ടു പൌരസുന്ദരിമാർ പാടുന്നതു് (ചെമ്പശ്ശേരി)	൫൫൮
൨൪൪	ശ്രീരാമപട്ടാഭിഷേകം	൫൫൯
൨൪൫	ദേവകൃതം ശ്രീരാമനെ സ്തുതിക്കുന്നതു് (കിളിപ്പാട്ടു്)	൫൬൨
൨൪൬	അയോദ്ധ്യാവർണ്ണന (ഓട്ടന്തുള്ളൽ)	൫൬൩

Digitized By Kerala Sahitya Akademi

		പുറം
൫൦൩	രാമാഗസ്ത്യസമാഗമം	൩൩൭
൫൦൪	രാവണോല്പത്തികഥനം	,,
൫൦൫	രാവണവിപത്തികഥനം	൩൩൫
൫൦൬	അഗസ്ത്യോപദേശം	൩൩൬
൫൦൭	ശേഷവാത്സ്യായനസംവാദേ ഋഷികൃതസ്വധർമ്മനിരൂപണം	൩൩൮
൫൦൮	യജ്ഞാശപൂജനം	൩൩൯
൫൦൯	ശ്രീരാമൻ യജ്ഞാശമൊന്നിച്ച് ശത്രുഘ്ന പുഷ്കലന്മാരെ അയയ്ക്കുന്നതു്	൩൪൫
൫൧൦	പുഷ്കലപതനീതനസൌന്ദര്യവർണ്ണനം (ചെറുശ്ശേരി രീതി)	൩൪൭
൫൧൧	പുഷ്കലപതനീസംഭാഷണം (കേക-കിളിപ്പാട്ട്)	൩൪൯
൫൧൨	അഹിമരത്രാണഗരവർണ്ണനം (കാകളി-കിളിപ്പാട്ട്)	൩൫൦
൫൧൩	കാമാക്ഷ്യുപാഖ്യാനം	൩൫൩
൫൧൪	രംഭാദ്യപ്സരസ്ത്രീകളം തപോധനനായ സുമതിയോടു പ്രണയം യാചിക്കുന്നതു് (കൈകൊട്ടിക്കളിപ്പാട്ട്)	൩൫൫
൫൧൫	സുമതികൃത കാമാക്ഷീസ്തോത്രം (ശ്ലോകം)	൩൫൬
൫൧൬	സുമതന്റെ വരലബ്ധി	൩൫൭
൫൧൭	ശത്രുഘ്നസുമതസമാഗമം	൩൫൯
൫൧൮	ശത്രുഘ്നപുഷ്കലന്മാർ ച്യവനാശ്രമത്തെ കാണുന്നതു്, ച്യവനാശ്രമവർണ്ണന (കാകളി കിളിപ്പാട്ട്)	൩൬൦
൫൧൯	ലവണൻ എന്ന ദാനവൻ ഭൃഗുമഹർഷിയുടെ പത്നിയെ ബലാൽ പിടിക്കുന്നതും പതിവ്രതയായ അവളുടെ ഗർഭശിശുവിന്റെ ശാപത്താൽ ദാനവൻ മരിക്കുന്നതും	൩൬൨
൫൨൦	ഭൃഗുമഹർഷി അഗ്നിയെ ശപിക്കുന്നതും ശാപമോക്ഷം കൊടുക്കുന്നതും	൩൬൩
൫൨൪	ച്യവനോല്പത്തി	,,
൫൨൫	ച്യവനന്റെ നേത്രനാശം വരുന്നതു്	൩൭൦
൫൨൬	ച്യവനന്റെ വിവാഹം	,,
൫൨൭	ച്യവനന് വീണ്ടും നേത്രസിദ്ധിയുണ്ടാകുന്നതു്	൩൭൨
൫൨൮	ച്യവനതാപസന്റെ ഭോഗവർണ്ണന (ചെറുശ്ശേരി)	൩൭൫
൫൨൯	ച്യവനശത്രുഘ്നസമാഗമം ...	൩൭൭

Digitized By Kerala Sahitya Akademi

		പുറം.
൧൧൦	രത്നഗ്രീവബ്രാഹ്മണസമാഗമം	൩൯
൧൧൧	ബ്രാഹ്മണോപദേശകഥനം	൩൯൧
൧൧൨	രത്നഗ്രീവതീർത്ഥപ്രയാണം	൩൯൪
൧൧൩	ഗണ്ഡകീമാഹാത്മ്യകഥനം	൩൯൯
൧൧൪	രത്നഗ്രീവസന്ന്യാസിസമാഗമം	൪൦൪
൧൧൫	വിഷ്ണുസ്തുതി (പാന)	൪൦൫
൧൧൬	രത്നഗ്രീവവൈകുണ്ഠപ്രാപ്തി...	൪൦൬
൧൧൭	ദമനൻ ശ്രീരാമന്റെ യാഗാശ്വത്തെ ബന്ധിക്കുന്നതു്	൪൦൭
൧൧൮	ശത്രുഘ്നദമനയുദ്ധം (വഞ്ചിപ്പാട്ടു്)	൪൦൮
൧൧൯	ഭരതപുത്രനായ പുഷ്കലൻ ദമനനെ യുദ്ധത്തിൽ ജയിക്കുന്നതു്	൪൦൯
൧൨൦	സുബാഹുസൈന്യസമാഗമം (പാട്ടു്)	൪൧൦
൧൨൧	സുകേതുലക്ഷ്മീനിധിയുദ്ധം	൪൧൧
൧൨൨	ചിത്രാംഗവധം	൪൧൨
൧൨൩	സുബാഹുപുത്രശോകം (പാട്ടു്)	൪൧൩
൧൨൪	രാമാശ്വമേധപ്രകരണേ ശത്രുഘ്നവിജയം	൪൧൪
൧൨൫	ശത്രുഘ്നസുബാഹുസമാഗമം	൪൧൫
൧൨൬	രാമാശ്വമേധപ്രകരണേസത്യവാഖ്യാനാരംഭം	൪൧൬
൧൨൭	സത്യവാഖ്യാനം	൪൧൭
൧൨൮	ശത്രുഘ്നസത്യവത്സസമാഗമം	൪൧൮
൧൨൯	ശത്രുഘ്നന്റെ യുദ്ധയാത്രാവർണ്ണന (പാട്ടു്)	൪൧൯
൧൩൦	വിദ്യുന്മാലീകൃതയജ്ഞാശ്വഹരണം	൪൨൦
൧൩൧	വിദ്യുന്മാലിവധം (കിളിപ്പാട്ടു്)...	൪൨൧
൧൩൨	രാമാശ്വമേധപ്രകരണേ ആരണ്യകോപാഖ്യാനം	൪൨൨
൧൩൩	ശ്രീരാമസ്തുതി (കിളിപ്പാട്ടു്)	൪൨൩
൧൩൪	ശ്രീരാമചരിതകഥനം	൪൨൪
൧൩൫	ആരണ്യകസായുജ്യം	൪൨൫
൧൩൬	ശത്രുഘ്നയോഗിനീസമാഗമം...	൪൨൬
൧൩൭	വീരമണിമഹാരാജാവിന്റെ രാജ്യവർണ്ണന (പാട്ടു്)	൪൨൭
൧൩൮	രുഗ്മാംഗദകൃതഹയഗ്രഹണം ...	൪൨൮
൧൩൯	ശത്രുഘ്നവീരമണിയുദ്ധനിശ്ചയം	൪൩൦
൧൪൦	യുദ്ധവിളംബരം (പാട്ടു്)	൪൩൨

Digitized By Kerala Sahitya Akademi

		പുറം.
ന.ന്ദ	ശത്രുഗൂഢപാതനം	വ്യാന
ന.ന്ദ	വീരമണിപാതനം	വ്യാ൭
ന.ന്ദ	രാമാശ്വമേധപ്രകരണേ ശത്രുഘ്നപരാജയം (കാകളി-കിളിപ്പാട്ട്)	വ്യാ൯
ന.ന്ദ൪	ഹനുമാനും ശ്രീപരമേശ്വരനും തമ്മിയുദ്ധംചെയ്യുന്നത് (കിളിപ്പാട്ട്-കേക)	വ്യാ൪
ന.ന്ദ൭	ശത്രുഘ്നപുഷ്കലന്മാരുടെ മോഹം തീർക്കുന്നതിന് ഹനുമാൻ ഔഷധംകൊണ്ടുവരാൻ ദേവലോകത്തു് പോകുന്നതു്	വ്യാന്ദ
ന.ന്ദന്ദ	ഹനുമാൻ ദേവകളോടു യുദ്ധംചെയ്തു ജയിക്കുന്നതും ഔഷധംകൊണ്ടുപോരുന്നതും	വ്യാ൯
ന.ന്ദ൯	ഔഷധമാഹാത്മ്യത്താൽ പുഷ്കലാദികളെ ഹനുമാൻ പുനർജ്ജീവിപ്പിക്കുന്നതു്	വ്യാ൯൯
ന.ന്ദവ	ശ്രീപരമേശ്വരനും ശത്രുഘ്നനുമായുള്ള യുദ്ധം	വ്യാ൰
ന.ന്ദ൯	ശ്രീരാമശിവസമാഗമവും ശിവൻ ശ്രീരാമനെ സ്തുതിക്കുന്നതും	വ്യാ൨
ന.ന്ദ൦	ശിവകൃതശ്രീരാമസ്തുതി (പദ്യം)	വ്യാന൨
ന.ന്ദ൧	യജ്ഞാശ്വസ്വീകരണം	വ്യാ൷
ന.ന്ദ൨	അശ്വമുക്തി	വ്യാ൨
ന.ന്ദ൩	സുരഥകൃതഹയഗ്രഹണം	വ്യന൨
ന.ന്ദ൪	അംഗദമൂർച്ഛ	വ്യന൭
ന.ന്ദ൷	സുരഥയുദ്ധസന്നാഹം (കളകാഞ്ചി-കിളിപ്പാട്ട്)	വ്യന൯
ന.ന്ദ൮	പുഷ്കലചന്ദ്രകസംവാദം (കിളിപ്പാട്ട്-കേക)	വ്യ൭൧
ന.ന്ദ൯	പുഷ്കലചന്ദ്രകയുദ്ധം(വഞ്ചിപ്പാട്ട്)	"
ന.ന്ദ൰	സുരഥവിജയം (കിളിപ്പാട്ട്-കാകളി)	വ്യ൭൪
ന.ന്ദ൱	സുരഥനാൽ ശ്രീരാമസൈന്യങ്ങളും തോൽക്കപ്പെടുന്നതു് (ശ്ലോകം)	വ്യ൭൯
ന.ന്ദ൲	സുരഥശ്രീരാമസമാഗമം	വ്യ൷൧
ന.ന്ദ൳	ലവകൃതഹയഗ്രഹണം	വ്യ൷൨
ന.ന്ദ൴	സീതാവിവാദശ്രവണാനന്തരം ശ്രീരാമപ്രശംസാമാതൃഗീതം (ഗദ്യം)	വ്യ൭൷
ന.ന്ദ൵	ശ്രീരാമപ്രശംസാവേതീസംഭാഷണം (പാന)	വ്യന്ദ

Digitized By Kerala Sahitya Akademi

		പുറം.
൩൫൪	ശ്രീരാമപ്രശംസ (കിളിപ്പാട്ട്–അന്നനട)	൫൫൩
൩൫൫	ശ്രീരാമപ്രശംസാഗീതം	,,
൩൫൬	ടി പറയൻതുള്ളൽ	൫൫൬
൩൫൭	ടി ഗീതം	,,
൩൫൮	സീതാപവാദശ്രവണം	൫൫൯
൩൫൯	രാമഭരതമന്ത്രണം	൫൬൦
൩൬൦	ശ്രീരാമദുഃഖം (പദ്യം)	൫൬൨
൩൬൧	ജാനകീശാപപ്രതികഥനം	൫൬൫
൩൬൨	ശ്രീരാമൻ സീതയെ ഉപേക്ഷിക്കുന്നു്	൫൬൬
൩൬൩	കുശലവോല്പത്തികഥനം (പാന)	൫൬൭
൩൬൫	ലവചിജയം	൫൬൮
൩൬൬	ഹനുമൽപതനം	൫൭൫
൩൬൭	ലവമൂർഛനം	൫൭൭
൩൬൮	സീതാവിലാപം (ശ്ലോകം)	൫൭൮
൩൬൯	സീതാകുശസംവാദവും സീതാകുശസമാഗമവും കുശൻ സീതയെ സമാശ്വസിപ്പിക്കുന്നതും	൫൭൯
൩൭൦	കുശൻ ശത്രുഘ്നനെ മോഹാലസ്യപ്പെടുത്തുന്നതു്	൫൮൩
൩൭൦	സൈന്യപ്രത്യുജ്ജീവനം	൫൮൭
൩൭൧	അശ്വപ്രത്യാഗമനം (ശ്ലോകം, ശീതങ്കൻതുള്ളൽ)	൫൮൮
൩൭൨	രാമായണഗാനം (കിളിപ്പാട്ടു്, പാന, ശ്ലോകം)	൫൯൫
൩൭൩	യജ്ഞാശ്വസ്വർഗ്ഗമനം	൫൯൭
൩൭൪	രാമാശ്വമേധസമാപ്തി	൫൯൯
൩൭൫	ഉമാമഹേശ്വരസംവാദേ വൃന്ദാവനമാഹാത്മ്യകഥനം (കേക–കിളിപ്പാട്ടു്)	൫൯൯
൩൭൬	ശിവൻ വിഷ്ണുവിനെ വണ്ണിച്ചു പാർവ്വതിയെ കേൾപ്പിക്കുന്നതു് (ഗദ്യം)	൬൦൫
൩൭൭	ശിവൻ പാർവ്വതിക്കു വൃന്ദാവനേശ്വരനായ മഹാവിഷ്ണുവിന്റെ ശുദ്ധമാഹാത്മ്യം വണ്ണിച്ചുകേൾപ്പിക്കുന്നതു് (ഗദ്യം)	൬൦൭
൩൭൮	ശ്രീകൃഷ്ണപാരിഷദോദിവർണ്ണന കിളിപ്പാട്ടു കാകളി	൬൦൮
൩൭൯	ഉമാമഹേശ്വര ശ്രീകൃഷ്ണാവതാര കഥാകഥ (പാന)	൬൦൯

Digitized By Kerala Sahitya Akademi

ശ്രീപദ്മമഹാപുരാണം

ആദിഖണ്ഡം

ഒന്നാം അദ്ധ്യായം

താരാർമകുടംക്കൻപു വളത്തിടുന്ന
നാരായണൻതൻ ചരണാരവിന്ദം
വണങ്ങിടുന്നേനഖിലാന്തരസ്ഥ-
മത്യന്തമം മാന്യജനാവലംബം.

ഹിമവാൻ, മഹേന്ദ്രം, വിന്ധ്യൻ, അർബുദാരണ്യം, പുഷ്കരാരണ്യം, ജംബൂമാർഗ്ഗം, കുരുക്ഷേത്രം എന്നിവിടങ്ങളിലും മറ്റും പലതരം പുണ്യാശ്രമങ്ങളിൽ വസിയ്ക്കുന്ന അഗ്നിതേജസ്സുകളായ മഹർഷിമാരെല്ലാവരുംകൂടി ഒരു ദിവസം ശൌനകനെ കാണ്മാനായി നൈമിശത്തിൽ ചെന്നുചേർന്നു. അദ്ദേഹം അവരെ വഴിപോലെ പൂജിച്ച് ആസനപ്പുലകകളിലും മറ്റുമായി യഥാക്രമം ഇരുത്തി. അവർ അന്യോന്യം കാരോ പുണ്യമായ വിഷ്ണുകഥയും പറഞ്ഞുകൊണ്ടിരിപ്പായി. ഇതിനിടയിൽ, തേജസ്വിയും വ്യാസശിഷ്യനും പുരാണജ്ഞനുമായ ലോമഹർഷണൻ എന്ന സൂതൻ അവിടെ വന്നെത്തി. അദ്ദേഹം അവരെ വന്ദിയ്ക്കുകയും, അവർ അദ്ദേഹത്തെ വേണ്ടതിൻവണ്ണം സൽക്കരിച്ചിരുത്തുകയും ചെയ്തു. ഇരുന്നതിനുശേഷം വ്യാസശിഷ്യനായ ലോമഹർഷണനോട് മഹാഭാഗന്മാരായ ശൌനകാദി മഹർഷിമാർ ചോദിച്ചു:—

"ബുദ്ധിമാനായ പൌരാണിക, സുവ്രതനായ ലോമഹർഷണ, പുണ്യതമങ്ങളായ പുരാണകഥകൾ മുമ്പു ഭവാൻ പറഞ്ഞുകേട്ടിട്ടുണ്ട്; എന്നാൽ, ഇപ്പോഴും ഞങ്ങൾ കെയ്തുകത്താൽ വിഷ്ണുകഥയിൽ ഏർപ്പെട്ടിരിയ്ക്കുകയാണ്. ശ്രവണങ്കൽ കേന്ദ്രീകൃതനായ നരന്നു മഹത്തായ ധർമ്മം. വീണ്ടും, വിഷ്ണുചരിതം ചേർന്ന പുരാണം ഭവാൻ പറയു. വിഷ്ണുവിനേറെതല്ലാത്ത കഥയാകട്ടേ, മുടുകാടായി തോന്നിപ്പോകുന്നു! വിഷ്ണു താൻതന്നെ തീർത്ഥസ്വരൂപനായി വാണരുളുന്നു എന്നു കേട്ടിട്ടുണ്ട്. അതിനാൽ പുണ്യകരങ്ങളായ തീർത്ഥ

Digitized By Kerala Sahitya Akademi

ങ്ങളുടെ പേരുകളും പറഞ്ഞുതരിക. ഈ ചരാചരലോകം ആരിൽ നിന്നുണ്ടായി? ആർ നിലനിർത്തുന്നു? ആരിൽ ലയിയ്ക്കുന്നു? ഏതൊക്കെയാണ് പുണ്യക്ഷേത്രങ്ങൾ? പൂജ്യങ്ങളായ പർവ്വതങ്ങൾ ഏതൊക്കെയാണു? മനുഷ്യർക്ക പാപം പോക്കുന്ന പുണ്യനദികൾ ഏതെല്ലാമാണ്? മഹാഭാഗ, ഇതൊക്കെ മുറയ്ക്ക വിവരിച്ചാലും."

സൂതൻ:—"കൊള്ളാം, മഹാഭാഗന്മാരെ, കൊള്ളാം. ഞാൻ ഗുരുവിനെ വന്ദിച്ച പത്മപുരാണം പറയാം."

പാരാശര്യൻ പരമപുരുഷൻ വേദവേദാന്തവേദ്യൻ
വിദ്യാധാരം വിപുലമതിമാൻ വിശ്വവൈതൈകയോനി
ശശപ്രഖ്യാനൻ സപ്രതിവിഷയൻ ശ്രുതിജേതസ്സമുജ്ജ്വലൻ
വേദവ്യാസൻ പുകൾ പെരുകിയോൻ സർവ്വദാ മേ സഹായം!
തേജസ്സുക്കൂട്ടും ഭഗവാൻ വ്യാസനെ കൈവണങ്ങിഞാൻ
തൽപ്രസാദാൽക്കഥിയ്ക്കുന്നേ നീ മാധവകഥാനകം.

മഹാപുണ്യമായ പത്മപുരാണത്തിൽ അമ്പത്തയ്യായിരം ഗ്രന്ഥ (ശ്ലോക)ങ്ങളും, ആദിഖണ്ഡം—ഭൂമിഖണ്ഡം—ബ്രഹ്മഖണ്ഡം—പാതാളഖണ്ഡം—ക്രിയാഖണ്ഡം—ഉത്തരഖണ്ഡം എന്നിങ്ങിനെ ആറുഖണ്ഡങ്ങളുമുണ്ട്. ജഗന്മയമായ മഹാപത്മം എന്നുണ്ടായോ; അന്നത്തെ കഥയെ ആദ്യമായിച്ചതാകയാൽ പത്മമെന്നു പറയപ്പെടുന്നു. ഈ വിഷ്ണുമാഹാത്മ്യ പ്രതിപാദകമായ നിർമ്മലപുരാണം ദേവദേവനായ വിഷ്ണു പണ്ടു ബ്രഹ്മാവിനുപദേശിച്ചു. ബ്രഹ്മാവു നാരദനും, നാരദൻ നമ്മുടെ ഗുരുനാഥനും പറഞ്ഞുതന്നു. വ്യാസാചാര്യനാകട്ടെ, എല്ലാ പുരാണങ്ങളും ഇതിഹാസങ്ങളും സംഹിതകളും പ്രിയശിഷ്യനായ എന്നെ പഠിപ്പിച്ചു. അതിനാൽ, അതിദിവ്യമായ ഈ പുരാണം ഞാൻ നിങ്ങളോടു പറയാം. ഇതുകേട്ടാൽ മനുഷ്യൻ ബ്രഹ്മഹത്യാദി പാപങ്ങളിൽനിന്നു മുക്തനായി, സർവ്വതീർത്ഥങ്ങളിലും സ്നാനം ചെയ്താലത്തെ ഫലം നേടും. ഉറച്ച ഭക്തിയോടും ശ്രദ്ധയോടുംകൂടി ശ്രവിയ്ക്കുകമാത്രം ചെയ്താൽമതി മോക്ഷം കിട്ടാൻ; അതു ശ്രദ്ധയായി കേട്ടാൽക്കൂടി പുണ്യം വർദ്ധിയ്ക്കും. അതിനാൽ ഏതുവിധത്തിലും പത്മം കേൾക്കുകതന്നെ വേണം. ഒന്നാമതായി, പാപനാശനവും പുണ്യവുമായ ആദിഖണ്ഡം പറയാം. മഹർഷിമാരും ശിഷ്യരുമെല്ലാം ശ്രദ്ധിച്ചുകൊൾവിൻ:

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം,
പുരാണപ്രസ്താവം എന്നാമധ്യായം.

———(o)———

Digitized By Kerala Sahitya Akademi

രണ്ടാം അദ്ധ്യായം

സൂതൻ:—മഹാത്മാക്കളായ മുനിശ്രേഷ്ഠന്മാരെ, ഞാൻ കന്നാമത്തെ സൃഷ്ടി പറയാം; ഇതുകൊണ്ടു സനാതനനായി പരമാത്മാവായിരിയ്ക്കുന്ന ഗോവിന്ദനെ അറിയാറാകും: സൃഷ്ടിയ്ക്കപ്പെട്ടവയിൽ യാതൊന്നും പ്രളയത്തിനുശേഷം ഉണ്ടായിരുന്നില്ല; സർവ്വത്തെയും സൃഷ്ടിക്കുന്ന ബ്രഹ്മം എന്ന ജ്യോതിസ്സൊന്നുമാത്രം ശേഷിച്ചു. നിത്യമായി നിരഞ്ജനമായി നിർഗ്ഗുണമായി നിത്യനിർമ്മലമായി ശാന്തമായി ആനന്ദത്തിന്റെ ഇരിപ്പിടമായ ഇതിനെത്തന്നെയാണ് മുമുക്ഷുക്കൾ തേടുന്നതു്. ഇതു ജ്ഞാനരൂപമാകയാൽ സർവ്വജ്ഞവും അനന്തവും അജവും അവ്യയവും അവിനാശിയും സദാ സപ്തവും അച്യുതവും വ്യാപിയും മഹത്തുമാകുന്നു. സൃഷ്ടികാലംവന്നപ്പോൾ ജ്ഞാനരൂപമായ അതു്, വികാരം തങ്കൽ ലയിച്ചിട്ടുള്ളതായി അറിഞ്ഞിട്ടു സൃഷ്ടി ചെയ്‌വാനൊരുങ്ങി. അതിൽനിന്നു പ്രധാനം ഉളവായി; പ്രധാനത്തിൽനിന്നു മഹത്തുണ്ടായിവന്നു. സാത്ത്വികം രാജസം താമസം എന്ന മൂന്നു തരത്തിലുള്ള മഹത്തു് പ്രധാനതത്ത്വത്താൽ, തൊലിയാൽ വിത്തു് എന്നപോലെ മൂടിക്കു് ആവരണം ചെയ്യപ്പെട്ടു; മഹത്തത്ത്വത്തിൽ നിന്നു, വൈകാരികം (സാത്ത്വികം)—തൈജസം (രാജസം)—ഭൂതാദിയായ താമസം എന്ന മൂന്നുതരത്തിലുള്ള അഹംകാരം പുറപ്പെട്ടു. പ്രധാനത്താൽ മഹത്തു് എന്നപോലെ, മഹത്തിനാൽ ആവരണം ചെയ്യപ്പെട്ട താമസാഹംകാരം വികാരമടഞ്ഞു ശബ്ദതന്മാത്രത്തെ സൃഷ്ടിച്ചു; ശബ്ദതന്മാത്രത്തിൽനിന്നു ശബ്ദഗുണകമായ ആകാശം ജനിച്ചു. ശബ്ദതന്മാത്രത്തേയും ആകാശത്തേയും ഭൂതാദി ആവരണംചെയ്തു. അപ്പോൾ ആകാശം സ്പർശതന്മാത്രത്തെ സൃഷ്ടിച്ചു; അതിൽനിന്നു ബലവാനായ വായു പിറന്നു. സ്പർശമത്രേ വായുവിന്റെ ഗുണം. ശബ്ദമാത്രമായ ആകാശം സ്പർശമാത്രത്തെ ആവരണംചെയ്തപ്പോൾ വായു വികാരം പ്രാപിച്ചു രൂപമാത്രത്തെ സൃഷ്ടിച്ചു. അതിൽനിന്നു രൂപഗുണകമായ തേജസ്സുൽപന്നമായി. രൂപമാത്രം വായുവിനാൽ ആവൃതമായപ്പോൾ തേജസ്സു വികാരം പൂണ്ടു രസതന്മാത്രത്തെ സൃഷ്ടിച്ചു; അ

Digitized By Kerala Sahitya Akademi

തിൽനിന്നു രസവത്തായ ജലം ജനിച്ചു. രൂപമാത്രാവൃതമായ ജലം ക്ഷോഭിച്ചു ഗന്ധതന്മാത്രത്തെ നിർമ്മിച്ചു; അതിൽനിന്നു സംഘാതം (ഭൂമി) ഉണ്ടായിവന്നു. ഗന്ധമാണ് അതിന്റെ ഗുണം. ഓരോന്നിലും തന്മാത്രത്തലത്തേ തന്മാത്രത; തന്മാത്രങ്ങൾ 'അവിശേഷ'ങ്ങളാകയാൽ ഗുണങ്ങളും 'അവിശേഷ'ങ്ങൾ തന്നെ. തപോധനന്മാരേ, ഇങ്ങിനെ, താമസാഹംകാരത്തിൽ നിന്നുള്ള ഭൂതതന്മാത്രസൃഷ്ടി ചുരുക്കത്തിൽ പറഞ്ഞുകഴിഞ്ഞു.

പത്തിന്ദ്രിയങ്ങൾ തൈജസ (രാജസാഹംകാരജന്യ)ങ്ങളും പത്തുദേവകൾ വൈകാരിക (സാത്ത്വികാഹംകാരജന്യ)രുമത്രേ; പതിനൊന്നാമത്തതായ മനസ്സും വൈകാരികംതന്നെ. ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും, കർമ്മേന്ദ്രിയങ്ങൾ അഞ്ചും ചേർന്നാണ് പത്തിന്ദ്രിയങ്ങൾ. ചെവി, തൊക്ക്, കണ്ണ്, നാവ്, മൂക്ക് എന്നിവ ശബ്ദാദിഗ്രഹണത്തിന്നുള്ള അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ; ഗുദം, ഉപസ്ഥം, കൈ, കാൽ, വാക്ക് എന്നിവ അഞ്ചും കർമ്മേന്ദ്രിയങ്ങൾ. വിസർജ്ജനം, മൈഥുനം, തൊഴിൽ, സഞ്ചരിക്കുക, സംസാരിക്കുക എന്നിവയത്രേ അവയുടെ കർമ്മങ്ങൾ.

ആകാശം, വായു, തേജസ്സ്, ജലം, പൃഥിവി എന്നിവ മുറയ്ക്ക് ഏറെയേറെ ഗുണമുള്ളവയാകുന്നു. ഒത്തൊരുമിക്കാതെ വേറ്റേറെ നിന്നിരുന്ന ഭിന്നഭിന്നവീര്യങ്ങളായ മഹദാദി ഭൂതന്ത വസ്തുക്കൾ തമ്മിൽ ചേരാതെ പ്രാണികളെ സൃഷ്ടിപ്പാൻ ശക്തങ്ങളായില്ല; പരസ്പരാപേക്ഷയാ ഒരേ സംഘാതത്തെ ലാക്കാക്കിയ അയുക്തം പുരുഷന്റെ അധിഷ്ഠാനത്താലും പ്രധാനത്തിന്റെ അനുഗ്രഹത്താലും തങ്ങളിൽക്കൂടി ചേർന്ന് ഐക്യം പ്രാപിച്ചിട്ട് ഒരണ്ഡത്തെ ഉണ്ടാക്കിത്തീർത്തു. നീർപ്പോളപോലെ വൃത്താകാരമായി വെള്ളത്തിൽ കിടക്കുന്ന ആ അണ്ഡം ഭൂതങ്ങളെക്കൊണ്ടു ക്രമേണ വർദ്ധിച്ചു. ബൃഹത്തായ അതു ബ്രഹ്മരൂപനായ വിഷ്ണുവിന്റെ ശ്രേഷ്ഠമായ പ്രാകൃതസ്ഥാനമാകുന്നു. അവ്യാകൃതസ്വരൂപനായി വിശേഷരൂപനായവിഷ്ണുഭഗവാൻ സ്വയം ബ്രഹ്മരൂപംപൂണ്ടു അതിങ്കൽ സ്ഥിതിചെയ്തു അതിമഹത്തായ അതിന്റെ ഉല്ബണം (ഗർഭവേഷ്ടനചർമ്മം) മഹാമേരുവും, ജരായു പർവ്വതങ്ങളും, ഗർഭോദകം സമുദ്രങ്ങളുമായിച്ചമഞ്ഞു. അലകളും മലകളും ഉരുത്തുകളും ജ്യോതിസ്സുകളും—ദേവാസുരമനുഷ്യന്മാരുൾപ്പെട്ട ലോകം മുഴുവനും—ആ അണ്ഡത്തിൽ ഉണ്ടായിവന്നു.

Digitized By Kerala Sahitya Akademi

അനാദ്യനന്തനായ വിഷ്ണുവിന്റെ തിരുനാഭിയിലെ പത്മത്തെ ഭഗവാന്റെ ഇച്ഛയാൽ കാലേനമണ്ഡമായിച്ചമഞ്ഞതു്. അതിൽ, വിഷ്ണു താൻതന്നെ ബ്രഹ്മാവായി സ്ഥിതിചെയ്യു ലോകത്തെ സൃഷ്ടിച്ചുപോരുന്നു; സൃഷ്ടിച്ചുതിനെ, യുഗംതോറും കല്പാവസാനംവരെ രക്ഷിയ്യുന്നു; നരസിംഹരുദ്രാദിരൂപംപൂണ്ടു സംഹരിക്കുകയും ചെയ്യുന്നു. ആ മഹാത്മാവു ബ്രഹ്മാവായി സൃഷ്ടി നടത്തുകയും, ലോകമെല്ലാം പരിപാലിപ്പാൻവേണ്ടി രാമനും മറ്റുമായി അവതരിച്ചു രക്ഷിക്കുകയും, അന്തനായിത്തീന്നു സംഹരിയ്യുകയും ചെയ്യുന്നു."

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം,
ആദിസൃഷ്ടികഥനം രണ്ടാമദ്ധ്യായം

———(o)———

മൂന്നാമദ്ധ്യായം

ഋഷിമാർ:—"സപ്തമ, നളികം, പർവ്വതങ്ങൾ, നാട്ടുപുറങ്ങൾ, വനങ്ങൾ എന്നിവയുടെ പേരുകളും ഭൂമിയുടെ വലുപ്പവും കട്ടൊഴിയാതെ പറഞ്ഞുതരിക."

സൂതൻ:—"പൃഥിവി, ജലം, വായു, അഗ്നി, ആകാശം എന്നീ പഞ്ചമഹാഭൂതങ്ങളും ലോകത്തിൽ സമമായിട്ടത്രേ വർത്തിക്കുന്നതു്. ഇവയിൽ മുൻ മുൻപറഞ്ഞതിന്നു ഗുണം ഏറും. പൃഥിവിയാണു് ഇതുകളിൽ പ്രധാനം: ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ അഞ്ചു ഗുണങ്ങളും ഭൂമിയ്യുണ്ടു്. ജലത്തിന്നു നാലുഗുണമേ ഉള്ളു; ഗന്ധമില്ല. ശബ്ദസ്പർശരൂപങ്ങളാകുന്ന മുന്നു ഗുണങ്ങളോടുകൂടിയതാണു് തേജസ്സു്. ശബ്ദവും സ്പർശവും വായുവിന്റെ ഗുണങ്ങൾ. ആകാശത്തിന്നു ശബ്ദം മാത്രം. ബ്രഹ്മണരേ, ഭൂതാധിഷ്ഠിതങ്ങളാകയാൽ ജഗത്തുകളിലെങ്ങും ഈ പഞ്ചമഹാഭൂതഗുണങ്ങൾ വർത്തിക്കുന്നുണ്ടു്. അവ അന്യോന്യം ചേരാതിരിക്കുമ്പോൾ സമതുലം ഭവിക്കുന്നു; പരസ്പരം കൂടിക്കലരുന്നു വിഷമതുലം വരുമ്പോഴേ ദേഹികൾക്കു ദേഹം ഉണ്ടായിവരൂ. അവ യഥാക്രമം നശിക്കുന്നു; യഥാക്രമം ജനിക്കുന്നു. അവയെ കണക്കാക്കാൻ വയ്യ: അവയുടെ രൂപം ചെറുതുമാ

Digitized By Kerala Sahitya Akademi

കുന്നു. പത്തുലക്ഷയോജനങ്ങളും വ്യാപിച്ചുകൊണ്ടുനിന്നുകൊണ്ടിരിക്കുന്ന ഈ വയുടെ പ്രമാണം മനുഷ്യർ ഊഹിച്ചുപറയുകയാണ്. അചിന്ത്യങ്ങളായ ദേവങ്ങളെ ഊഹംകൊണ്ടു സമർത്ഥിക്കാമോ?

മുനിശ്രേഷ്ഠന്മാരേ, ഞാൻ സുദർശന (ജംബൂ) ദ്വീപിനെ വിവരിക്കാം: ചക്രംപോലെ മണ്ഡലാകാരമായ ഈ ദ്വീപ്, നദീശൈലങ്ങളാലും രമ്യങ്ങളായ നാനാനഗരങ്ങളാലും നാടുകളാലും പൂവും കായും പൂണ്ട വൃക്ഷങ്ങളാലും നിറയപ്പെട്ടു, ധനധാന്യസമൃദ്ധമായി, ലവണസമുദ്രത്താൽ ചുറ്റപ്പെട്ട ഒന്നാകുന്നു. ഒരാൾ, തന്റെ മുഖം കണ്ണാടിയിൽ കാണുന്നതെങ്ങിനെയോ; അങ്ങിനെ ഈ സുദർശനദ്വീപും ചക്രാകൃതിയിൽ കാണാം. അതിന്റെ രണ്ടംശത്തിൽ വിപ്പുലവും രണ്ടംശത്തിൽ സർവൗഷധീപരിവൃതമായ ശശ (ഹരിണ)വും, ബാക്കി ഭാഗത്തിൽ ജലവുമത്രേ."

ഋഷിമാർ:—"ബുദ്ധിമാനായുള്ളോവേ. പുരുക്കത്തിൽ പറഞ്ഞതു വിസ്തരിച്ചു പറയുക: അങ്ങ് തത്വജ്ഞനാണല്ലൊ. ശശത്തിന്നു മറ്റു വലുപ്പമുണ്ടു? പിന്നീടു പിപ്പലത്തേയും വിവരിക്കുക."

സൂതൻ: —"ഹിമവാൻ, ഹേമകൂടം, നിഷധം, വൈഡൂര്യമയമായ നീലം, ചന്ദ്രവർണ്ണമായ ശ്വേതം, സർവ്വരത്നങ്ങളും പേന്ന ശൃംഗവാൻ എന്നീ ആറു രത്നപർവ്വതങ്ങളാൽ ഇരുവശത്തും പൂർവ്വപശ്ചിമസമുദ്രങ്ങളിലേയ്ക്കിറങ്ങി കിഴക്കുനിന്നു പടിഞ്ഞാട്ടു നീണ്ടു കിടക്കുന്നു. [സിദ്ധാചാരണസേവിതങ്ങളായ ഈ പർവ്വതങ്ങൾക്കിടയിൽ അനേകായിരം യോജന സ്ഥലമുണ്ട്. അവിടെയുള്ള ജനപദങ്ങൾ വർഷങ്ങളത്രേ. അവിടങ്ങളിൽ പലതരം പ്രാണികൾ കൂടികൊള്ളുന്നു. ഇതു വർഷം ഭാരതം; ഇതിനപ്പുറം ഹൈമവതം; ഹേമകൂടത്തിനപ്പുറത്തു ഹരിവർഷം. നീലത്തിനു തെക്കും നിഷധത്തിനു വടക്കുമായി മാല്യവാൻമാമല കിഴക്കുനിന്നു പടിഞ്ഞാട്ടുനീണ്ടുകിടക്കുന്നു] മാല്യവാൻ കടന്നാൽ ഗന്ധമാദനമായി; ഇവയുടെ മദ്ധ്യത്തിൽ മണ്ഡലാകാരമായ മഹാമേരു എന്ന കനകപർവ്വതം തരുണസൂര്യനെപ്പോലെയും പൂകയില്ലാത്ത അഗ്നിയെപ്പോലെയും പരിശോഭിയ്ക്കുന്നു. എൺപത്തിനാലായിരംയോജന പൊക്കവും, എൺപത്തിനാലായിരം യോജന പരപ്പുമുള്ള അതു മേലും കീഴും വിലങ്ങും ലോകങ്ങളെ ആവരണം ചെയ്തുനിൽക്കുന്നു.

[ ] ഈ അദ്ധ്യായത്തിനുള്ളിലുള്ളതു വിശേഷപാഠം.

Digitized By Kerala Sahitya Akademi

അതിന്റെ പാർശ്വങ്ങളിൽ നാലു ദ്വീപങ്ങൾ കിടക്കുന്നു: ഭ ദ്രാശ്വം, കേതുമാലം, ജംബൂദ്വീപം, സുകൃതികളുടെ പാർപ്പിടമായ ഉത്തരകുരുക്ഷേത്രം. സുപാർശ്വന്റെ പുത്രനായ സുമുഖൻ എന്ന പ ക്ഷി കനകവർണ്ണം പൂണ്ട കാക്കകളെ കണ്ടിട്ട്, 'മഹാമേരു ഉത്തമമ ധ്യമാധമരിൽ വ്യത്യാസം കരുതുന്നില്ല; അതിനാൽ ഞാൻ ഇതിനെ വിട്ടുപോകയാണ്' എന്ന വിചാരിക്കയുണ്ടായിപോൽ. ജ്യോതിസ്സു ഥനായ ആദിത്യനും, നക്ഷത്രാനുചിതനായ ചന്ദ്രനും, വായുവും അതി നെ വലംവെച്ചുപോരുന്നു. ആ പർവ്വതം ദിവ്യപുഷ്പങ്ങളും നിറഞ്ഞ തും സ്വർണ്ണമയങ്ങളായ രമ്യവേനങ്ങളാൽ മൂടപ്പെട്ടതുമാകുന്നു. ദേവ കളും ഗന്ധർവ്വരും അസുരരും രാക്ഷസരും അപ്സരസ്സുകളും ആ ഗിരി യിൽ എന്നെന്നും രമിച്ചുപോരുന്നു. അതിങ്കൽ, ബ്രഹ്മാവു, ശിവൻ, ദേ വരാജനായ ശക്രൻ എന്നിവർ ഭൂരിദക്ഷിണങ്ങളായ പലതരം യജ്ഞ ങ്ങളും ചെയ്യുന്നു; തുംബുരു, നാരദൻ, വിശ്വാവസു, ഹാഹാ, ഹൂഹൂ തു ടങ്ങിയവർ വന്നചേർന്ന വിണ്ണവർകോനെ വിവിധ സ്തവങ്ങൾകൊണ്ടു സ്തുതിക്കുന്നു. മഹാത്മാക്കളായ സപ്തർഷിമാരും കശ്യപപ്രജാപതി യും വിശേഷദിവസങ്ങളിൽ അവിടെ പോകാറുണ്ട്. അതിന്റെ മുക ളിൽത്തന്നെയാണ് ഉശനസ്സായ ശുക്രൻ അസുരപൂജിതനായി സ്ഥിതി ചെയ്യുന്നതു്. ഈ സ്വർണ്ണവും രത്നങ്ങളും രത്നപർവ്വതങ്ങളുമൊക്കെ സുമേരുവിനെസ്സംബന്ധിച്ചവയാകുന്നു. ആ ധനത്തിൽനിന്നു നാലി ലൊരംശം കുബേരൻ അനുഭവിക്കുന്നു; പതിനാറിലൊരംശം മനുഷ്യർക്കു കൊടുക്കുന്നു.

അതിന്റെ വടക്കുവശത്തു്, എല്ലാ ഋതുക്കളിലേയും പൂക്കൾ നിറ ഞ്ഞു രമണീയമായി, ഉയർന്ന പാറകളുള്ള ഒരു ദിവ്യമായ കർണ്ണികാ രവനം കാണാം; അവിടെ, സാക്ഷാൽ "ഭൂതഭാവനനായ ഭഗവാൻ പത്നിപതി പാർവ്വതിയോടൊരുമിച്ചു, തൃക്കാൽവരെ തൂങ്ങിയ കണ്ണികാ രമാല ചാർത്തി, ദിവ്യവ്രതങ്ങളാൽ പരിവൃതനായി വിഹരിച്ചുരുളുന്നു. മൂന്നു തൃക്കണ്ണുകൾകൊണ്ടു്, ഒന്നിച്ചുദിച്ച മൂന്നു സൂര്യന്മാരെക്കൊണ്ടെ ന്നപോലെ ദീപ്തി വിതറുന്ന തന്തിരുവടിയെ കൊടുംതപസ്സാൽ സി ദ്ധിനേടിയ സത്യവാദികളായ സുവ്രതന്മാർ മാത്രം ദർശിയ്ക്കുന്നു; ദുർവൃ ത്തന്മാക്കു മഹേശ്വരനെ ദർശിപ്പാൻ കഴികയില്ലല്ലൊ.

ആ പർവ്വതത്തിന്റെ കൊടുമുടിയിൽനിന്നു, പാലൊഴുകുന്നതുപോ ലെ, പുണ്യവൽസേവിതയായ ഗംഗാനദി ഭയങ്കരമായ ഇരമ്പത്തോടെ ചാന്ദ്രമസൗധത്തിലേയ്ക്കു കുതിച്ചാടുന്നു. ആ സമുദ്രതുല്യമായ ഹ്രദം

Digitized By Kerala Sahitya Akademi

ഗംഗയാൽ ഉണ്ടാക്കപ്പെട്ടതു അന്നെയാണ് പർവ്വതങ്ങൾക്കു പോലും താങ്ങാവതല്ലാത്ത ആ നദിയെ ശിവൻ തന്റെ തലയിൽ കൊല്ലും ശിരസ്സുകൊണ്ടു മഹിയ്ക്കയുണ്ടായി!

മഹാമേരുവിന്റെ പടിഞ്ഞാറേവശത്താണ് കേതുമാലം; അവിടെയും ജംബൂഖണ്ഡത്തിൽപ്പോലെ ധാരാളം ജനവാസമുണ്ട്. അവിടെയുള്ളവർ പതിനായിരംകൊല്ലം ജീവിച്ചിരിക്കും; നിറം സ്വർണ്ണത്തിന്റേതാണ്. സ്ത്രീകൾ അപ്സരസ്സുകൾക്കു തുല്യരാണ്. രോഗമില്ല, ശോകമില്ല; സദാ സന്തോഷമേ ആ കനകവർണ്ണർക്കുള്ളൂ. ഗന്ധമാദനശിഖരങ്ങളിൽ ഉദ്യാനകേളിയ്ക്കായ കുബേരൻ രാക്ഷസരെന്നിച്ചു അപ്സരസ്സുകളാൽ പരിവൃതനായി രമിയ്ക്കുന്നു. ഗന്ധമാദനപാർശ്വത്തിലെ ദിവ്യജനങ്ങൾ കൃതയുഗം കഴിഞ്ഞതും ത്രേതയുഗം തുടങ്ങുന്നതും തേജസ്വികളുമാകുന്നു; അവർ പതിനായിരത്തിരുന്നൂറു ജീവിച്ചിരിക്കും. സ്ത്രീകളും പരമേ ഇന്ദീവരശ്യാമളമായി കാഴ്ചയിൽ അഴകൊത്തവരുണ്ട്. ശ്വേതത്തിന്നപ്പുറം ഹിരണ്മയകം; പലനാടുകളാൽ ചുറ്റപ്പെട്ട ഐരാവതം, ശശ പാർശ്വത്തിലെ ലക്ഷിണോത്തരങ്ങളായ രണ്ടു വർഷങ്ങൾ, നടുവിൽ ഇളാവൃതം എന്നീ അഞ്ചുവർഷങ്ങൾ അയുരാരോഗ്യധർമ്മാത്മാ ക്കാമാദികളിൽ ഉത്തരോത്തരം ആധിക്യത്തോടു കൂടിയവയാകുന്നു.

ഇപ്രകാരം, ഈ ഭൂമി പർവ്വതങ്ങളാൽ വ്യാപിക്കപ്പെട്ടിരിയ്ക്കുന്നു. ഹേമകൂടത്തിന്നപ്പുറം കൈലാസം; അതിങ്കലത്രേ ധനേശ്വരനായ വൈശ്രവണദേവൻ യക്ഷരൊന്നിച്ചു വിഹരിക്കുന്നതു്. കൈലാസത്തിന്റെ വടക്കു മൈനാക ഗിരിയ്ക്കരികിൽ ഹിരണ്യശൃംഗം എന്നൊരു ദിവ്യമായ മണിനാമലയുണ്ടു്; അതിന്റെ ഒരു വശത്തു പൊന്നിൻ മണലുകളുമായി ദിവ്യമനീയമായ വിഷ്ണുസരസ്സു വിളങ്ങുന്നു. ഇവിടെയത്രേ മഹീരഥരാജാവു് ഭാഗീരഥിയായ ഗംഗയെ സ്തുതിച്ചുകൊണ്ടു വളരെ സംവത്സരം വസിച്ചതു്. മണിമയങ്ങളായ യൂപങ്ങളും കനകമയങ്ങളായ ക്ഷേത്രങ്ങളും അവിടെ കാണാം. അവിടെ വെച്ചു യജിച്ചിട്ടാണ്, പേർ പുകഴ്ന്ന പുരന്ദരൻ സിദ്ധി നേടിയതു്. അവിടത്തുകാർ സനാതനന്മാരായി തീക്ഷ്ണതേജസ്സുകളായിരിക്കുന്ന ഭൂതനാഥനേയും നരനാരായണന്മാർ, ബ്രഹ്മാവു, മനു, സ്ഥാണു എന്നീ അഞ്ചുപേരേയും ഉപാസിച്ചുപോരുന്നു. മന്ദാകിനി കനകമയമായി ബ്രഹ്മലോകത്തിൽ നിന്നു അവിടെ നിപതിച്ചിട്ടാണു്, വട്ടോദക, നളിനി, സരസ്വതി, മഞ്ജുമതി, സീത, ഗംഗ, സിന്ധു എന്നിങ്ങനെ എഴായി പിരി

Digitized By Kerala Sahitya Akademi

ഞ്ഞതു്. അചിന്ത്യപ്രഭാവയായ സരസ്വതി അവിടവിടെ ദൃശ്യയായും അദൃശ്യയായും ഭവിക്കുന്നു. ഈ ഏഴു സപ്തർഷികളും മുപ്പാരിൽ വിളിപ്പെട്ടവരത്രേ. ഹിമവാങ്കൽ രക്ഷസ്സുകളും, ഹേമകൂടത്തിൽ ഗുഹ്യകരും, ശ്വേതത്തിൽ ദൈത്യാസുരരും, നിഷധത്തിൽ സർപ്പനാഗ ഗന്ധർവരും, നീലത്തിൽ ബ്രഹ്മർഷികളും ശൃംഗവാങ്കൽ ദേവകളും വസിക്കുന്നു. മഹാഭാഗന്മാരേ, ഈ ഏഴുവർഷങ്ങളിലും വെവ്വേറെ ചരാചരങ്ങളും സ്ഥിതിചെയ്യുന്നുണ്ടു്. അവയുടെ ദിവ്യമാനുഷമായ പലതരം സമൂഹി പരിഗണിക്കാവുന്നതല്ല.

ശശപാർശ്വത്തിലെ ഭക്ഷിണോത്തരങ്ങളായ രണ്ടുവർഷങ്ങളും പറഞ്ഞുവല്ലൊ; നാഗദീപും കാശ്യപദീപുമായ അതുകളും ശശത്തിന്റെ കണ്ണ് സ്ഥാനീയങ്ങളത്രേ. അവയുടെ അതിർത്തിക്കല്ലാണ് ശ്രീമത്തായ മലയ പർവതം. ഇങ്ങിനെ രണ്ടായിട്ടാകുന്നു ശശത്തിന്റെ കിടപ്പ്.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം;
ജംബൂദീപ വർണ്ണനം മൂന്നാമദ്ധ്യായം

——(o)——

നാലാമദ്ധ്യായം

ഋഷിമാർ:—"ബുദ്ധിമാനായ സൂത, മേരുവിന്റെ വടക്കു കിഴക്കുവശങ്ങളും മാല്യവാന്മലയും ഒട്ടൊഴിയാതെ വർണ്ണിച്ചാലും."

സൂതൻ:—"മേരുവിനു വടക്കു, ശൃംഗവാന്നപ്പുറത്തു സിദ്ധനിഷേവിതമായ ഉത്തരകുരുവർഷം കിടക്കുന്നു. അവിടെയുള്ള വൃക്ഷങ്ങളും ഏതുകാലത്തും പൂക്കുകയും കായ്ക്കുകയും ചെയ്യും; പൂക്കൾ സുഗന്ധമേറിയവയും കായ്കൾ തേൻപോലെ മധുരങ്ങളുമാകുന്നു. ചില വൃക്ഷങ്ങൾ വേണ്ടതൊക്കെ കായ്ക്കുന്നു; ചില പാൽമരങ്ങൾ പയ്യാമൃതുപോലുള്ള പാൽ ഒഴുക്കുന്നു; വസ്ത്രാഭരണങ്ങളേയും കായ്ക്കുന്നു. അമൃതിനൊത്ത ആ പാലത്രേ അവിടത്തുകാർക്കു പാനീയം. അവിടത്തെ നിലം രത്നമയവും പൊന്നിൻതരിയാകുന്ന മണലോട്ട കൂടിയതും ഏതു ഋതുവിലും സുഖസ്പർശവും നിർമ്മലവുമാകുന്നു. സപർശത്തിൽ നിന്നു ശ്രംശിച്ചുവരെ

Digitized By Kerala Sahitya Akademi

ക്കെ അവിടെച്ചെന്ന ജനിയ്ക്കുന്നു. അവിടത്തുകാരൊക്കെ കലീനത തികഞ്ഞവരും കാഴ്ചയ്ക്കു നല്ലവരുമാണ്; സ്ത്രീകൾ അപ്സരസ്സുകൾക്കു തുല്യം. ഒരേ രൂപവും ഗുണവും വേഷവും പൂണ്ട ഇരട്ടകളായിട്ടാണ് പ്രജകൾ ജനിച്ചു വളരുന്നത്. കാരോ ഇണയും ഒരു ജോടി ചക്രവാകമെന്നപോലെ തുല്യാകൃതിയായിരിയ്ക്കും. അവർ വ്യാധിയൊന്നും കൂടാതെ സദാ സന്തുഷ്ടരായി പതിനായിരത്താണ്ടു ജീവിയ്ക്കുന്നു; തങ്ങളിൽ ഹിംസിക്കാറില്ല. മരിച്ചാൽ അവരെ, ക്രൗഞ്ചം കൊക്കും ചീർത്തു കൽപ്പുമുള്ള ഭാരുണ്ഡപക്ഷികൾ എടുത്തുകൊണ്ടു പോയി ഗുഹകളിലിടും.

ഇനി മേരുവിന്റെ കിഴക്കു വശം പറയാം: അതിൽ മേന്മ കൂടിയതു ഭദ്രാശ്വമാണ്. അവിടത്തെ ഭദ്രമാലവനത്തിൽ കാലാഗ്രം എന്നൊരു മഹാവൃക്ഷമുണ്ട്. സിദ്ധചാരണസേവിതമായി ബഹു യോജനോന്നതമായ ആ വൃക്ഷം ഏതുകാലത്തും പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു. അവിടത്തുകാർ വെളുത്തു തേജസ്സും ഓജസ്സുമേറിയവരാണ്. സ്ത്രീകൾ തുമ്പലിന്റേയും ചന്ദ്രന്റേയും നിറം പൂണ്ടവരും കാഴ്ചയ്ക്കു നല്ല സുന്ദരിമാരും ചന്ദ്രശീതളഗാത്രിമാരും നൃത്തഗീതവിശാരദമാരുമാകുന്നു. അവിടെ ആയുസ്സ് പതിനായിരത്താണ്ടാണു പോൽ. കാലാഗ്രത്തിന്റെ രസം നുകരുന്നതിനാൽ അവിടത്തുകാർക്കു യൌവനം ക്ഷയിക്കലില്ല.

മേരുവിന്നു തെക്കും നിഷധത്തിന്നു വടക്കുമായി സുദർശനം എന്നൊരു സനാതനമായ ജംബൂമഹാവൃക്ഷമുണ്ട്. സിദ്ധചാരണസേവിതവും സർവ്വകാമഫലവുമായ ആ പുണ്യദ്രുമത്തിന്റെ പേർകൊണ്ടാണ് ജംബൂദ്വീപം എന്നു പറയുന്നതു്. ബ്രഹ്മലോകത്തിൽ നിന്നു ഭ്രംശിച്ചുവരാണ് അവിടെ ജനിയ്ക്കുക. അവിടത്തുകാരെല്ലാം സുവർണ്ണവർണ്ണരും ബ്രഹ്മവാടികളും ദിവ്യമായ തപം ചെയ്യുന്നവരും ഊർദ്ധ്വരേതസ്സുകളുമാകുന്നു.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, മേരുപാർശ്വവർണ്ണനം

കാലാഗ്ന്യായം.

———0———

Digitized By Kerala Sahitya Akademi

അഞ്ചാം അദ്ധ്യായം

ഋഷിമാർ:—"വർഷങ്ങളും, പർവതങ്ങളും എന്നിവയുടെ പേരുകളും പർവതവാസികളേയും പറഞ്ഞുതരിക."

സൂതൻ:—"നീലത്തിനുതെക്കും നിഷധത്തിനു വടക്കുമായി മേരുകർണികാപീഠം; അവിടെ ജനിയ്ക്കുന്നവരൊക്കെ മികച്ച കുലീനരും കാഴ്ചയ്ക്കു തുലോം നല്ലവരും നിസ്സീമപരാക്രമത്തോടെ. അവർ സദാ സന്തുഷ്ടരായി പതിനായിരത്തെഴുനൂറുകൊല്ലം ജീവിച്ചിരിയ്ക്കും. ശൃംഗവാനു തെക്കും ശ്വേതത്തിനു വടക്കുമായി ഹിരണ്മയവർഷം കിടക്കുന്നു. ഹിരണ്വതിയാണ് അവിടത്തെ നദി. പക്ഷീന്ദ്രനായ ഗരുഡൻ വാഴുന്നതു് അവിടെയത്രെ. അവിടത്തുകാർ യക്ഷപ്രായരും പ്രിയദർശനന്മാരും വില്ലാളികളും മഹാബലന്മാരുമാകുന്നു. അവർ പതിനായിരത്തെഴുനൂറുകൊല്ലം സന്തുഷ്ടരായി ജീവിയ്ക്കും.

ദ്വിജപുംഗവന്മാരേ, ശൃംഗവാനു, വൈഡൂര്യമയവും കനകമയവും സർവരത്നമയവുമായി മൂന്നുകൊടുമുടികളുണ്ടു്. അവിടെയത്രേ സ്വയംപ്രഭാദേവി വസിയ്ക്കുന്നത് ശൃംഗവാനപ്പുറം സമുദ്രക്കരയ്ക്കു് ഐരാവതവർഷം സ്ഥിതിചെയ്യുന്നു. അവിടത്തുകാക്കു വാർദ്ധക്യമില്ല. അവിടെ സൂര്യഗതിയില്ല. ചന്ദ്രനും നക്ഷത്രങ്ങളും ഒരുമുടൽ പെട്ട തേജസ്സായി കാണപ്പെടും. അവിടെ ജനിയ്ക്കുന്നവർ പദ്മഗന്ധരും പദ്മവർണ്ണരും പദ്മപത്രവിലോചനരും പദ്മഗന്ധരും, സ്വർഗ്ഗത്തിൽനിന്നു ഭ്രംശിച്ചവരാകയാൽ സംസ്കാരമില്ലാതെ തന്നെ അഴുക്കും നാറ്റവും പറ്റാതിരിക്കുന്നവരും ഊൺവേണ്ടാത്തവരും മികച്ച ധാർമ്മികരും പതിമൂവായിരത്താണ്ടു് ആയുസ്സുള്ളവരുമാകുന്നു.

പാൽക്കടലിനപ്പുറം ഹരിവർഷം; അവിടെ വൈകുണ്ഠസ്വാമി പൊന്നിൻവണ്ടിയിൽ വാണരുളുന്നു. ആ രഥം എട്ടുചക്രങ്ങളുള്ളതും ഭൂതങ്ങളെ പൂട്ടിയതും മനോജവവും പൊന്നണിഞ്ഞു് എരിതീപോലെ വിളങ്ങുന്നതുമാകുന്നു. ആ ഭഗവാനാണല്ലൊ സർവഭൂതസ്വാമിയും, സംക്ഷോഭവും വിഷ്ണുവും, കർത്താവും കാരയിതാവും, പൃഥിവ്യ

Digitized By Kerala Sahitya Akademi

പ് തേജോവായ്വാകാശങ്ങളും, യജ്ഞവും. തന്തിരുവടിയുടെ മുഖമത്രേ അഗ്നി."

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, വർഷ്യാമകഥയും,
അദ്ധ്യായം ഒന്നാമധ്യായം.

——(o)——

ഭാരതവർഷം

ഋഷിമാർ:—"ഇത പുണ്യവും പുണ്യകരവുമായ ഭാരതവർഷം കേട്ടാഴിയാതെ വർണ്ണിയ്ക. അങ്ങു ബഹുജ്ഞാനാണല്ലൊ."

സൂതൻ:—"ഉത്തമമായ ഭാരതവർഷത്തെ ഞാൻ കീർത്തിയ്ക്കാം: പ്രിയവ്രതരാജാവിന്നും, സ്വായംഭുവമനുവിന്നും, വേനരാജനായ പൃഥുവിന്നും, മഹാത്മാവായ ഇക്ഷ്വാകുവിന്നും, യയാതിയ്ക്കും, അംബരീഷന്നും, മാന്ധാതാവിന്നും, നഹുഷന്നും, മുചുകുന്ദന്നും, ഔശീനരശിബിയ്ക്കും, ദ്രുഷദ്വന്നും, സൈലന്നും, ഗയഗുപ്തിയ്ക്കും, കുശികരാജർഷിയ്ക്കും, ഗാധിയ്ക്കും, സോമരാജർഷിയ്ക്കും, ദിലീപന്നും, മറുകരുത്തരായ ക്ഷത്രിയർക്കും, സർവ്വഭൂതങ്ങൾക്കും പ്രിയപ്പെട്ട ഒന്നാണല്ലൊ ശ്രേഷ്ഠമായ ഭാരതവർഷം.

മഹേന്ദ്രൻ, മലയൻ, സഹ്യൻ, ശുക്തിമാൻ, ഋക്ഷവാൻ, വിന്ധ്യൻ, പാരിയാത്രൻ എന്നീ ഏഴും ഭാരതത്തിലെ കുലപർവ്വതങ്ങൾ. ഇപ്പറഞ്ഞതിൽ ചിത്രസാനുക്കളും വിശാലങ്ങളുമായി അസംഖ്യം പർവ്വതങ്ങളുണ്ടു്. അവയുടെ പേർ അറിഞ്ഞുകൂടാ. അവിടങ്ങളിൽ കുടിക്കുവാൻതാമസിക്കുന്ന ആര്യരും ംലേച്ഛരും ആയ പ്രജകൾക്കു പാനത്തിന്നു ജലനദികൾ കേട്ടുകൊൾവിൻ: ഗംഗ, സിന്ധു, സരസ്വതി, ഗോദാവരി, നർമ്മദ, ബാഹുദ, ശതദ്രു, ചന്ദ്രഭാഗ, യമുന, ദൃഷദ്വതി, വിപാശ, വിപാത്രുവതി, കൃഷ്ണവേണി, ഇരാവതി, വിതസ്ത, പയോഷ്ണി, ദേവിക, വേദസ്മൃതി, വേദശിരസ്സു്, ത്രിദിവ, സിന്ധുലാകുമി, കരീഷിണി, ചിത്രവഹ, ത്രിസേന, ഗോമതി, ചന്ദന, കൌശിക, നായിത, രോഹിതാരണി, രഹസ്യ, ശതകുംഭ, സരയു, ചർമ്മണ്വതി, ഫൽഗുസോമ, ഭിക്ഷ്, ശരാവതി, ഭീമ, ഭീമരഥി, കാവേരി, വാ (ഭാ) ലുക, വാപി, ശതമലി, നീവാര, സുപ്രയോഗ, കുണ്ഡല, വാജിനി, പുരമാലിനി, പൂർവ്വാഭിരാമ,

Digitized By Kerala Sahitya Akademi

വീര, മംലാവതി, പലാശിനി, പാപനാശിനി, മഹേന്ദ്ര, പാലോവതി, അസിക്നി, കശവീര, മരുത്പ, പ്രവര, മേന, ഹോര, (ഹോമ) ഘൃതവതി, അനാകുതി, അനഘ്നി, കാപി, സദ്ഭാവീര, കശചീര, രഥചിത്ര, ജ്യോതിരഥ; വിശ്പാമിത്ര, കപിഞ്ജല, ഉപേന്ദ്ര, ബഹ്വുല, കവീര, അംബുവാഹനി, വൈനന്ദി, പിഞ്ജല, വേണുസംഗവേഗ, വിദിശ, കൃഷ്ണവേഗ, താമ്ര, കപില, കാമധേന, വേദസ്പ, ഹവിഷ്സ്രാവ, മഹാപഥ, ശിഖ്ര, പിച്ഛില; ദേവപ്രാജി, കൌണ്ഡിന്യകി, ശോണ, ചന്ദ്രമ, അന്തശ്ശില, ബ്രഹ്മമേധ്യ, ദൃഷദ്പതി, പരോക്ഷ, രോഹി, ജംബുനദി, സുനാസ, തമസ, ദോസി, സാമന്യ, വരുണ, അസി, നീല, ധൃതികരി, പണ്ഡശ, മാനവി, വൃഷഭ, ദോഷ, കൃഷ്ണ, ബ്രഹ്മണി, മഹാഭഗവതി, ഉഗ്ര, ചിത്രോൽപല, ചിത്രരഥഞ്ജള, രോഹിണി, മന്ദാകിനി, വൈതരണി, കോക, ശുക്തിമതി, അനംഗ, വൃഷസാഹ്വയ, ലൌഹിത്യ, കരതോയ, വൃഷകാ, ഹയ, കുമാരി, ഋഷികുല്യ, മാരിഷ, ശരദ്പതി, എന്നിവയും മറ്റു മത്രേ. ഇനിയും വളരെയുണ്ട്; കാമ്മയിലുള്ളേടത്തോളം ഞാൻ പറഞ്ഞു. ഈ നദികളെല്ലാം മഹത്തായ ഫലം നൽകുന്നവയും വിശ്വമാതാക്കളുമാകുന്നു.

ഇനി നാട്ടുകൾ പറയാം: കുരു, പാഞ്ചാലം, സാല്വം, മാത്രേയം, ശൂരസേനം, പുളിന്ദം, ബൌധം, മാലം, മത്സ്യം, കുശട്ടം, സൌഗന്ധ്യം, കന്തളം, കാശികോസലം, ചേദി, കരൂഷം, ഭോജം, സിന്ധുപുളിന്ദകം, ദശാർണ്ണം, മേകലം, ഉൽക്കലം, നൈകപൃഷ്ഠം, യുഗന്ധരം, മദ്ര, കലിംഗം, കാശി, അപരകാശി, ജഠരം, കുകുരം, കുന്തി, അവന്തി, അപരകുന്തി, ഗോമന്തം, മല്ലകം, പുണ്ഡ്രം, വിദർഭം, ഋഷവാഹികം, അശ്മകം, അശ്മകോത്തരം, ഗോപരാഷ്ട്രം, കനീയസ്സ്, അധിരാജ്യം, മല്ലരാഷ്ട്രം, കേരളം, മാളവം, ഉപവാസ്യം, വക്രം, വക്രാതപം, ശകം, വിദേഹം, മാഗധം, സുമ്മം, മലജം, വിജയം, അംഗം, വംഗം, യകുല്ലോമം, മല്ലം, സുദേഷ്ണം, പ്രഹ്ലാദം, മഹിഷം, ശകം, ബാഹ്ലികം, വാടധാനം, ഔളീരം, കാലതോയകം, അപരാന്തം, പരാന്തം, പങ്കുലം, ചമ്മഖണ്ഡകം, അടവീശേഖരം, മേഖലൃതം, ഉപാവൃതം, അന്തരാവൃന്തം, സുരാഷ്ട്രം, കേകയം, കുട്ടാപരാന്തം, മാരേയം, കക്ഷം, സാമുദ്ര, നിഷ്കുടം, ആസ്യ, അന്ധഗിരി, ബഹിർഗിരി, മാളവാർഘടം, സത്തേപാത്തരം, പ്രാവൃഷേയം, മാർഗവം,

Digitized By Kerala Sahitya Akademi

ർഗ്ഗം, കിരാതം, നിഷാദം, നിഷധം, ആനർത്തം, നൈഋതം, പുണ്ഡ്രം, പൂതിമത്സ്യം, കൽകം, തീരഗ്രഹം, ഇഴജികം, കല്പകാരണം, തിലഭാഗം, മസാരം, മധുമത്തം, കകന്ദകം കാശ്മീരം, സിന്ധുസൗവീരം, ഗാന്ധാരം, ദർശകം, അളീസാരം, കുത്തം, സൈരിലം, ദർവ്വി, വാതജം, അമരഥോരഗം, ബലരട്ടം, സുരാമം, സുമല്ലികം, ബന്ധുകരീകഷം, കളിന്ദം, ഗന്ധികം, വനായു, ദരം, പാർശ്വരോമം, കൽബിന്ദു, കുപ്പം, ഗോപാലകുപ്പം, ജാംഗലം, കുന്ദവർണ്ണകം, ബർബരം, സിന്ധം, വൈദേഹം, താമ്രലിപ്തകം, ഔഡ്രമേപ്പം, സൈരിന്ദ്രം ഇവ കിഴക്കൻനാടുകളാണ്.

ദ്രവിഡം, കേരളം, പ്രാവ്യമൂഷികം, ബാലമൂഷികം, കണ്ണാടകം, മാഹിഷകം, വികന്ധ്യം, മൂഷികം, ഝല്ലികം, കന്തളം, സൗഹൃദേയം, നളകാനനം, കോകട്ടകം, ചോളം, കൊങ്കണം, മന്നിവാലുകം, സമംഗം, കനകം, കുകുരം, അംഗാരം, മാഹിഷം, ധ്വജിനി, ഉത്സവസംകേതം, ത്രിഗർത്തം, മാല്യനീനി, വൃദ്ധകം, കോരകം, പ്രോഷ്ഠം, സംഗം, വേശ്യധരം, വിന്ധ്യം, പൌലീയം, പുളിന്ദം, വല്ലബലം, മാലവം, മലരം ഇവ തെക്കൻനാടുകളും.

പടിഞ്ഞാറൻ രാജ്യങ്ങൾ: കളിന്ദം, കാലകം, ചണ്ഡകം, കരടം, മൂലസം, തനവാലം, തീർത്ഥം, പൂതിസ്രുഞ്ജയം, ഞാനിദായം, ശിവാടം, തപാനം, സൂതപം, ജ്ഞാഷികം, വിദർഭം, തംഗനം, പരതംഗനം.

ംലേഛരജാതികളും വസിക്കുന്ന യവനം, കാംബോജം, ശകൻഗ്രഹം, കുലൂത്യം, ഹൂണം, പാർസികം, രമണം, ദശമാനികം എന്നിവയും മറ്റും വടക്കൻ പ്രദേശങ്ങളാം. ക്ഷത്രിയ വൈശ്യശൂദ്രർ നിവസിക്കുന്ന ശൂരാഭീരദരദകാശ്മീരപഹ്ലവക്കളും, ഖാണ്ഡികഔഷാരപഞ്ചാവഗിരിഗഹ്വരങ്ങളും മ്ലേഛരാജന്യരോധങ്ങളും സ്തനപോഷകദ്രോഷകകലിംഗ കിരാതങ്ങളും തോമരഹൈന്യാനകുളിഞ്ജകങ്ങളും മറ്റും കിഴക്കു വടക്കുള്ളവയാണ്.

ബ്രാഹ്മണരേ, ഏതാനും രാജ്യങ്ങളെ മാത്രമെന്നിവിടെ പറഞ്ഞിട്ടുള്ളൂ."

ശ്രീപരമേശ്വരപുരാണം, ആദിഖണ്ഡം,
നൈമിഷീയമഹാകഥനം ആറാമധ്യായം

——[o]——

Digitized By Kerala Sahitya Akademi

ഏഴാം അദ്ധ്യായം

ഋഷിമാർ:—"ഈ ഭാരതവർഷത്തിലും ഹൈമവതത്തിലും ഹരിവർഷത്തിലും ആയുസ്സ് ഇത്രയിത്രയാണെന്നു പറയുക; നന്മതിന്മ വ്യത്യാസം, ഭൂതഭവ്യവിഭിഷ്യത്തുക്കൾ എന്നിവയും വിവരിച്ചാലും."

സൂതൻ:—"മുനിപുംഗവന്മാരെ, ഭാരതവർഷത്തിൽ മുറയ്ക്ക് കൃതം, ത്രേത, ദ്വാപരം, കലി എന്നിങ്ങനെ നാലു യുഗങ്ങളുണ്ട്. കൃതയുഗത്തിൽ ആയുസ്സു നാലായിരംകൊല്ലം; ത്രേതയിൽ മൂവ്വായിരം; ദ്വാപരത്തിൽ രണ്ടായിരം; കലിയുഗത്തിൽ വ്യവസ്ഥയൊന്നുമില്ല: ഗർഭത്തിൽവെച്ചോ ജനിച്ചുടൻതന്നെയോ മരിച്ചേയ്യാം. കൃതയുഗത്തിൽ ബ്രാഹ്മണർക്ക് സത്യവും പ്രജ്ഞയും കരുത്തും പ്രിയദർശനത്വവും ഏറിയിരിയ്ക്കും. ത്രേതയിൽ ക്ഷത്രിയരാണ് മഹോത്സാഹവീര്യരും ധാർമ്മികരും യജ്ഞവീരരായ വില്ലാളികളും സത്യാവലികളും സുന്ദരന്മാരുമായി ജനിയ്ക്കുക; ദ്വാപരത്തിൽ വീര്യോത്സാഹവാന്മാരും പരസ്പര വൈശ്യകളും എല്ലാജാതിയിലും ഉണ്ടാകും. കലിയിൽ ജനിയ്ക്കുന്നവരാകട്ടെ, അന്ധമായ തേജസ്സോടും കോപലോഭകാപോട്ട്യങ്ങളോടും കൂടിയവരായിരിയ്ക്കും. ഈർഷ്യ, മാനം, ക്രോധം, മായ, അസൂയ, രാഗം, ലോഭം എന്നിവ കലിയിൽ സർവ്വസാധാരണമത്രേ; ദ്വാപരമധ്യത്തിൽ മുങ്ങിയിരിയ്ക്കും.

ഭാരതത്തെക്കാൾ ഗുണമേറിയതാണ് ഹൈമവതം; അതിലും മീതെയാണ് ഹരിവർഷം."

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭാരതവർഷാദ്യുപപ്രമാണകഥനം ഏഴാമധ്യായം

——[o]——

Digitized By Kerala Sahitya Akademi

എട്ടാമദ്ധ്യായം

ഋഷിമാർ:—"സഞ്ജനശ്രേഷ്ഠ, ജംബുഖണ്ഡത്തെ അങ്ങ് ശരിയ്ക്കു വർണ്ണിച്ചുവല്ലൊ. ഇനി അതിന്റെയും സമുദ്രത്തിന്റെയും വലുപ്പവും ശാകകുശാലുലക്രൗഞ്ചപുഷ്കരദ്വീപങ്ങളും ശരിയ്ക്കു വിവരിയ്ക്കുക."

സൂതൻ:—"ബ്രാഹ്മണരേ, ദ്വീപുകളും വളരെയുണ്ട്. ഏഴുദ്വീപുകളും പറയാം; കേട്ടുകൊൾവിൻ: ജംബൂപർവ്വതത്തിന്റെ ചുറ്റളവ് പതിനെണ്ണായിരത്തറുനൂറു യോജനയാകുന്നു; അതിലിരട്ടിയാണ് ലവണസമുദ്രത്തിന്റെ ചുറ്റളവ്. ആ സമുദ്രം പലതരം നാടുകളും ചുഴന്നും മണിവിദ്രുമങ്ങളംകൊണ്ടു വിചിത്രമായും, അനേകം ധാതുക്കളംചേർന്ന പർവ്വതങ്ങളംകൊണ്ടു പരിലസിച്ചും സിദ്ധചാരണസേവിതമായും മണ്ഡലാകാരമായി കിടക്കുന്നു.

ദ്വിജപുംഗവന്മാരെ, ശാകദ്വീപിനു ജംബൂദ്വീപിന്റേതിൽ ഇരട്ടിവലുപ്പമുണ്ട്"; അതിനെ ചുഴന്നുകിടക്കുന്ന പാൽക്കടലിന്നും അങ്ങിനെതന്നെ. ആ ദ്വീപിലെ പുണ്യങ്ങളായ നാടുകളിൽ മരണം തന്നെയില്ല; പിന്നെയാണൊ, ഒർമ്മിക്കുവും മറവും? അവിടത്തുകാർക്കുമെയും തേജസ്സുമുള്ളവരാകുന്നു."

ഋഷിമാർ:—"ധാർമ്മിക, ശാകദ്വീപിന്റെ സംക്ഷേപമേ അവൻ പറഞ്ഞുള്ളുവല്ലോ; ശരിക്കു വിസ്തരിച്ചു പറക."

സൂതൻ:—"ധാർമ്മികന്മാരെ,അവിടെ ഏഴു മണിപർവ്വതങ്ങളും സമുദ്രങ്ങളും നദികളുമുണ്ട്:ഉന്നാമത്തതു, ദേവർഷി ഗന്ധർവ്വനിഷേവിതമായ മേരു. പിന്നേത്തതു, കിഴക്കുനിന്നു പടിഞ്ഞാട്ടു നീണ്ടുകിടക്കുന്ന മലയ(ജലദ) പർവ്വതം;അതിന്മേൽ നിന്നാണ് മേഘങ്ങൾ പുറപ്പെട്ടു സർവ്വത്ര മഴപെയ്യുന്നതു്. അപ്പുറം ജലധാരമാമല; അതിന്മേൽ നിന്നത്രേ പതിവായി അണ്ഡകർകോൻ മികച്ച ജലം എടുക്കുന്നതും, മഴക്കാലത്തു മഴ പെയ്യിയ്ക്കുന്നതും, പിന്നെ രൈവതകമാമല; അതിന്മേലാണ്, ആകാശത്തു പിതാമഹനാൽ അതിർ കല്പിക്കപ്പെട്ട രേവതീനക്ഷത്രം സ്ഥിതിചെയ്യുന്നതു്. അങ്ങേപ്പുറത്തു, ചുറ്റുകൊണ്ടലിൻ നിറംപൂണ്ടു പൊങ്ങി വിളങ്ങുന്ന ശ്യാമ

Digitized By Kerala Sahitya Akademi

മെന്ന മഹാ ശൈലം; അവിടെയുള്ള പക്ഷികൾ ശ്യാമവർണ്ണരാകുന്നു."

ഋഷിമാർ:—"എങ്ങിനെയാണ്, അവിടുത്തെ പക്ഷികൾ ശ്യാമവർണ്ണരായിച്ചമഞ്ഞതു?"

സൂതൻ:—"മഹാപ്രാജ്ഞന്മാരേ, വെളുത്തതും കറുത്തതുമായ പക്ഷിയെ മറ്റെവിടെയും ഞാൻ കണ്ടിട്ടില്ല. ശ്യാമ (പച്ച) വർണ്ണത്തിന്റെ ഉൽപത്തിഭൂവാകയാലത്രേ ശ്യാമഗിരിയെന്നപേർ. പിന്നെ ഉർഗ്ഗശൈലമെന്നു മഹോദയവും, വായു പ്രവർത്തകമായ സരവും. അവയുടെ ഇടസ്ഥലം ഇരട്ടിയിരട്ടിയാണ്. അതുകൾക്ക് ഓരോ വർഷവുമുള്ളതായി പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു: മേരുവിന്റെ വർഷം മഹാകാശം; ജലദത്തിന്റെ കുമുദോത്തരം; ജലധാരത്തിന്റെ സുകുമാരം; വൈഭ്രതകത്തിന്റെ കുമുദം; ശ്യാമത്തിന്റെ മണികാഞ്ചനം; മഹോദയത്തിന്റെ മൈഥാകി; കേസരത്തിന്റെ മഹാശൈലമാൻ.

അതിന്റെ നടുവിൽ ജംബൂദ്വീപോളം പോന്ന ശാകം എന്നൊരു മഹാവൃക്ഷമുണ്ടു്; അതിനെക്കൊണ്ടാണ് പ്രജകൾ ഉപജീവിക്കുന്നതു്. അന്നാട്ടുകാർ ശിവനെ പൂജിക്കുന്നു. സിദ്ധചാരണദേവന്മാർ അവിടെ സഞ്ചരിക്കാറുണ്ടു്. അവിടെ നാലുജാതിയിലുള്ള ജനങ്ങളും ധർമ്മിഷ്ഠരായി സപ്തസപ്തകർമ്മം അനുഷ്ഠിച്ചുപോരുന്നു. ചോരൻ അവിടെ ഇല്ലതന്നെ. ജരാമരണങ്ങളില്ലാത്തവരും ദീർഘായുസ്സുകളുമായ അവിടുത്തുകാർ മഴക്കാലത്തു പൂകകളെന്നപോലെ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഗംഗ അവിടെ, സുകുമാരി, കുമാരി, സീത, ശീതോദ, മഹാനദി, മണിജല, ഇക്ഷുവർദ്ധനിക എന്നു് ഏഴായിപ്പിരിഞ്ഞു് ഒഴുകുന്നു. അതുകളിൽനിന്നു് അനേകായിരം പുണ്യനദികളുണ്ടായിട്ടുണ്ടു്; അവയുടെ പേരുകളും, വലുപ്പവും പറവാൻവയ്യ. അവയൊക്കെ പുണ്യനദികളാകുന്നു.

അവിടെ ലോകപ്രസിദ്ധമായിട്ടു നാലുരാജ്യമുണ്ടു്: മൃഗം, മശകം, മാനസം, മല്ലകം. മൃഗത്തിൽ സപ്തകർമ്മനിരതരായ ബ്രാഹ്മണരാണധികം; മശകത്തിൽ ധാർമ്മികരും സർവ്വകാമദരുമായ ക്ഷത്രിയരും, മാനസത്തിൽ ധർമ്മാർത്ഥനിഷ്ഠരും ശൂരരും സമൃദ്ധിതികഞ്ഞവരുമായകച്ചവടക്കാരും, മല്ലകത്തിൽ ധർമ്മപരരായ ശൂദ്രരും കുടികൊള്ളുന്നു.

Digitized By Kerala Sahitya Akademi

ന്ത്രാഹമണശ്രേഷ്ഠരെ, അവിടെ രാജാവില്ല. ഭണ്ഡികയിലില്ല; ഭണ്ഡാ
രമെന്നുമില്ല. അവിടുത്തുകാർ സ്വധർമ്മത്താൽ പരസ്പരം രക്ഷിച്ചു
പോരുന്നു. തേജസ്സേറിയ ശാകദ്വീപിനെപ്പറ്റി, ഇത്രത്തോളമേ
പറയാൻ സാധിക്കൂ.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം
ശാകദ്വീപ വർണ്ണനം എട്ടാമദ്ധ്യായം

———(0)———

ഒൻപതാം അദ്ധ്യായം

സൂതൻ:—മഹാഭാഗന്മാരേ, അപ്പുറത്തെ ദ്വീപുകളിലെ അവസ്ഥ
പറഞ്ഞുകേട്ടിട്ടുള്ളതു ഞാൻ വിവരിക്കാം: അതുകളിൽ നെ
ക്കടൽ, തയിർക്കടൽ, മദ്യക്കടൽ, പാല്കടൽ എന്നിങ്ങനെ നാ
ലു സമുദ്രങ്ങളുണ്ടത്രേ. പർവതങ്ങളാലും, സമുദ്രങ്ങളാലും, പ
രിവൃതങ്ങളായ ആ ദ്വീപുകളം ഇരട്ടിയിരട്ടി വലിപ്പമുള്ളവയാ
ണ്. നട്ടദ്വീപിലെ പർവതം ഗൌരം; കിഴക്കേതിലെ പർ
വതം മനശ്ശിലം; പടിഞ്ഞാറേതിലെ പർവതം വിഷ്ണുപ്രി
യമായ കൃഷ്ണം. അതിങ്കലെ ദിവ്യരത്നങ്ങളെ കേശവൻ താൻ
തന്നെയാണ് രക്ഷിച്ചുപോരുന്നതു്. തന്തിരുവടി പ്രസാദി
ച്ചു അവിടുത്തുകാരെ സുഖിതരാക്കിയിരിക്കുന്നു. കുശദ്വീപിൽ
നേർനടുവിലുള്ള കുശസ്തംഭവും, ശാല്മലത്തിൽ ശാല്മലിയും,
ക്രൌഞ്ചത്തിൽ രത്നങ്ങളം വിളയുന്ന ക്രൌഞ്ചമാമലയും ചതുർ
വർണ്ണങ്ങളാൽ നിത്യം പൂജിക്കപ്പെടുന്നു. കുശദ്വീപിൽ, സർവ
ധാതു മണ്ഡിതമായ ഗോമന്തമെന്ന മാമലയിൽ, അരവിന്ദാക്ഷ
നായ ഭഗവാൻ നാരായണൻ, മോക്ഷമടഞ്ഞവരോടുകൂടി സ
ദാ വാണരുളുന്നു. പവിഴം നിറഞ്ഞതും ദുരാധർഷവുമായ സു
നാമാവ്, ദൃതിമാൻഎന്ന സപ്തപർവതം, കുമുദം, പുഷ്പ
വാൻ, കുശേശയം, ഹരിഗിരി എന്നിങ്ങനെ അതു മഹാഗിരിക
ളം കൂടി കുശദ്വീപിലുണ്ടു്. അവയുടെ ഇടസ്ഥലം ഇരട്ടിയിര
ട്ടിയാണ്. കുശൽമിതം, രേണുമണ്ഡലം, സുരഥം, ലംബനം,
ധൃതിമത്തു്, പ്രഭാകരം, കാപിലം എന്നിങ്ങനെ വർഷങ്ങളു

Digitized By Kerala Sahitya Akademi

ഏഴ്. ഇവ ഏഴിലും ദേവഗന്ധർവന്മാരും മനുഷ്യന്മാരും സന്തോഷത്തോടെ വിഹരിച്ചുപോരുന്നു. അവിടെ മരണമില്ല; കവച്ചുക്കാരില്ല; മ്ലേച്ഛന്മാരില്ല. ജനങ്ങളൊക്കെ പ്രായേണ ഗൌരവർണ്ണരും സൌകുമാര്യശാലികളുമാകുന്നു.

ക്രൌഞ്ചദ്വീപിൽ ക്രൌഞ്ചനും, വാമനനും, അന്ധകാരകനും, മൈനാകനും, ഗോവിന്ദനും [പുണ്ഡരീകനും, ദുന്ദുഭിസ്വനനും] എന്നീ മാമലകളും ഇരട്ടിയിരട്ടി ഇടസ്ഥലത്തോടേ സ്ഥിതിചെയ്യുന്നു. ക്രൌഞ്ചത്തിന്റെ വർഷം കുശലം; വാമനത്തിന്റേതു മനോനുഗം; മനോനുഗത്തിന്നപ്പുറം ഉഷ്ണം; ഉഷ്ണത്തിന്നപ്പുറം പ്രാവരകം; അതിന്നപ്പുറം അന്ധകാരകം; അതിന്നപ്പുറം മുനിദേശം; മുനിദേശത്തിന്നപ്പുറം ദുന്ദുഭിസ്വനം. ഈ പ്രദേശങ്ങളൊക്കെ ദേവഗന്ധർവ്വ സിദ്ധചാരണസേവിതങ്ങളാകുന്നു. ജനങ്ങളും മുക്കാലും ഗൌരവർണ്ണരാണ്.

മണിരത്നസമൃദ്ധമായ പുഷ്ക്കരമാണ് പുഷ്ക്കരദ്വീപിലെ പർവതം. അതിങ്കൽ പ്രജാപതിദേവൻ സദാ വാണരുളുന്നു. തന്തിരുവടിയെ ദേവാന്മനും മഹർഷിമാരുമെല്ലാം ഹൃദയംഗമമായി സ്തുതിച്ചുകൊണ്ടു് ഉപാസിക്കുകയും ചെയ്യുന്നു. ഈ ദ്വീപിൽ നിന്നാണു് പലതരം ധനങ്ങളും ഉണ്ടാകുന്നതു്.

ഈ ദ്വീപുകളിൽ ഇരട്ടിയിരട്ടിയായിട്ടാണ് ബ്രഹ്മചര്യവും സത്യവും ദമവും ആരോഗ്യവും ആയുസ്സും. അവിടങ്ങളിൽ ധർമ്മം മായയെ ഉള്ളൂ. പ്രജാനാഥനായ ഈശ്വരൻ താൻതന്നെ ദണ്ഡോദ്യമി നിന്നാണ് ഈ ദ്വീപുകളെ രക്ഷിച്ചുപോരുന്നതു്. തന്തിരുവടിതന്നെ രാജാവും അപ്പനും മുത്തപ്പനുമായി പ്രജകളെ പരിപാലിച്ചരുളുന്നു. തന്നിവാസികൾ താനേ കൈവന്നതു മാത്രമെ ഭക്ഷിക്കാറുള്ളൂ.

അതിനപ്പുറം, നാലു കോണൊത്ത മുഴുവനും വൃത്താകാരമായിരിക്കുന്ന ലോകാലോകമഹാശൈലം കാണാം. അതിങ്കലാണ് വാമനൻമാവത സൃഷ്ടിതീരെ പ്രതിന്ന കരഭരോകന്നു നാലു ലോകസമ്മതരായ ദിഗ്ഗജങ്ങൾ വസിക്കുന്നതു്. അതിന്റെ വലുപ്പം പറവാൻ ഞാനാളല്ല. അതു മേലോ കീഴോ വിലങ്ങോ അളക്കപ്പെട്ടിട്ടില്ല. മുനിശ്രേഷ്ഠരേ, അവിടെ എല്ലാദിക്കുകളിൽനിന്നും കാറുകൾ വെവ്വേറെ വന്നടിക്കുന്നു; അതുകളെ ആ ഗജങ്ങൾ തുമ്പിക്കൈത്തലകൊണ്ടു

Digitized By Kerala Sahitya Akademi

ണ്ടു പിടിച്ചു് അകത്തേയ്ക്കു ചെലുത്തി, വീണ്ടും നവ മദ്ദിൽ പുറത്തേയ്ക്കു വിടുന്നു. ഇങ്ങിനെ ദിഗ്ഗജങ്ങളുടെ മുഖനാസാനിസ്സൃതങ്ങളായ ശ്വാസവായുക്കൾ അവിടെ വീശിക്കൊണ്ടിരിക്കുന്നു.

ഇതാ, ലോകത്തിന്റെ കിടപ്പു്, ഏതാണ്ടൊന്നു ഞാൻ പറഞ്ഞു. മനോജ്ഞവും പുണ്യവുമായ ഈ ഭൂപരിമാണം കേൾക്കുന്നവൻ ശ്രീമാനായി കൃതാർത്ഥനായി സജ്ജന സമ്മതനായിത്തീരും; തേജസ്സു്, ഓജസ്സു്, ആയുസ്സു്, യശസ്സു് എന്നിവയും വർദ്ധിക്കും. പുണ്യകാലങ്ങളിൽ വ്രതവ്രതനായി ഇതു് ശ്രവിക്കുന്നവന്നു പിതൃപിതാമഹൻ പ്രസന്നരായി ഭവിക്കും.''

ശ്രീ പത്മമഹാപുരാണം, ആദിഖണ്ഡം,
കശ്യപീപാടി വർണ്ണനം യോഗാമധ്യായം.

———(o)———

പത്തൊമ്പതാം അദ്ധ്യായം

ഋഷിമാർ:—''മഹാപ്രാജ്ഞ, ഭൂമിയുടെ വലുപ്പവും കിടപ്പും മറ്റും ഭവാൻ പറഞ്ഞു കേട്ടതിനാൽ ഞങ്ങൾക്കു് അമൃതു നുകർന്നതായി തോന്നുന്നു! ഭൂമിയിൽ ശ്രുതിപുരങ്ങളായ തീർത്ഥങ്ങൾ വളരെയുണ്ടല്ലൊ; അവയെയെല്ലാം അതാതിന്റേ ഫലത്തോടു കൂടി, വേർതിരിച്ചു പറഞ്ഞുതന്നാൽക്കൊള്ളാം.''

സൂതൻ:—''തപോധനന്മാരെ, ധന്യവും പുണ്യവുമായ ഒരു വലിയ ഉപാഖ്യാനമാണു് നിങ്ങൾ ചോദിച്ചതു്. ഞാൻ കേട്ടറിവുള്ളേടത്തോളം പറയാം. പണ്ടു ദേവർഷിയായ നാരദനും യുധിഷ്ഠിരനും തമ്മിൽ ഒരു സംവാദമുണ്ടായി; അതു കേട്ടുകൊൾവിൻ:

രാജ്യം അപഹരിക്കപ്പെട്ട മഹാരഥന്മാരായ പാണ്ഡവന്മാർ പാഞ്ചാലിയോടും കൂടി കാട്ടിൽ പാർക്കുന്ന കാലത്തു് ഒരു ദിവസം ബ്രഹ്മതേജസ്സുകൊണ്ടു് എരിതീപോലെ ജ്വലിയ്ക്കുന്ന മഹാത്മാവായ നാരദദേവർഷിയെ കണ്ടെത്തി. ഭ്രാതാക്കന്മാർ പുഴുന്ന ആ ശ്രീമാനായ യുധിഷ്ഠിരൻ, സ്വർഗ്ഗത്തിൽ ദേവകളാൽ പരിവൃതനായ ശക്രനെന്നപോലെ ശോഭിച്ചു. യാജ്ഞസേനിയാകട്ടേ, സാവിത്രി ദേവന്മാ

Digitized By Kerala Sahitya Akademi

ഒ എന്നപോലെയും, സൂര്യപ്രഭ സുമേരുവിനെ എന്നപോലെയും ഭ
ത്താക്കന്മാരെ ശരിക്കുനോക്കിച്ചു നിന്നു. അവരാൽ പൂജിതനായ ഭ
ഗവാൻ നാരദമുനി തക്ക പ്രിയവചനം കൊണ്ടു യമ്മപുത്രനെ സമാ
ശ്വസിപ്പിച്ചു; അതിന്നശേഷം, 'ധാർമ്മികശ്രേഷ്ഠ, അങ്ങയ്ക്കെന്തുവേ
ണം? ഞാൻ ചെയ്യുതരേണ്ടതെന്താണു്?' എന്നു ചോദിച്ചു. അ
പ്പോഴം ധർമ്മപുത്രനരേന്ദ്രൻ അനുജന്മാരോടൊപ്പം വണങ്ങി തൊ
ഴുകയ്യുമായി നാരദനോടു പറഞ്ഞു: —'മഹാഭാഗ, സർവ്വലോകപൂജി
തനായ ഭവാൻ പ്രസാദിച്ചുവെങ്കിൽ ഞങ്ങൾക്ക് ആ പ്രസാദം ത
ന്നെ മതി! അനഘ, അവിടേയ്ക്ക് എന്നെയും അനുജന്മാരെയും, അ
നുഗ്രഹിക്കേണമെന്നുണ്ടെങ്കിൽ, ഭ്രൂപ്രക്ഷിണം കഴിയുന്ന തീർത്ഥസ
ഞ്ചാരിയ്ക്ക് എന്തു ഫലം കിട്ടുമെന്നു പറഞ്ഞു തരിക."

നാരദൻ:—'രാജാവേ, ഇതൊക്കെ പണ്ടു ദിലീപനു വസിഷ്ഠൻ പ
റഞ്ഞുകൊടുക്കുകയുണ്ടായി; അതു മനസ്സു വെച്ചു കേട്ടുകൊള്ളുക:

പണ്ടു ദിലീപമഹാരാജാവു ധർമ്മ്യമായ വ്രതം പൂണ്ടു ഗംഗാ
തീരത്തിൽ ഒരു മഹർഷിയെപ്പോലെ വസിച്ചു. ദേവർഷിഗന്ധർവ
ന്മാർ പൂജിയ്ക്കുന്ന പുണ്യസ്ഥലമായ ഗംഗാതീരത്തിൽ അദ്ദേഹം
പിതൃക്കളേയും ദേവകളേയും ഋഷികളേയും വിധിപോലെ തർപ്പണം
ചെയ്തുപോന്നു. ഒരു ദിവസം, ജപിച്ചുകൊണ്ടിരിക്കെ ആ മഹാശയന്നു
വഹ്നിതേജസ്സായ വസിഷ്ഠമുനീന്ദ്രനെ കാണ്മാൻ സംഗതി വന്നു.
ദീപ്തതേജസ്സായ പുരോഹിതനെ കണ്ടതിനാൽ അദ്ദേഹത്തിന്നു നിസ്തു
ല്യമായ സന്തോഷവും വിസ്മയവും തോന്നി. ആ ധാർമ്മികോത്തമ
നായ രാജാവ് അരികത്തെത്തിയ ബ്രഹ്മർഷിശ്രേഷ്ഠനെ അർ
ഘ്യം ശിരസ്സുകൊണ്ടേറ്റു ശ്രദ്ധാലുവായി ശരിയ്ക്കു പൂജിച്ചു, പേർ
പറഞ്ഞു് അഭിവാദ്യം ചെയ്തു: —'സുവ്രത, ഞാൻ, ദിലീപൻ, ഇ
വിടത്തെ ദാസനാണ്. അങ്ങയ്ക്കു മംഗളം! അങ്ങയെ കണ്ടതുകൊണ്ടു
തന്നെ എനിയ്ക്കു പാപമെല്ലാം നീങ്ങിക്കഴിഞ്ഞു.' ഇപ്രകാരം താഴ്മ
യിൽപറഞ്ഞിട്ടു, നരസത്തമനായ ദിലീപൻ തൊഴുകൈപൂണ്ടു മിണ്ടാ
തെനിന്നു. നിയമംകൊണ്ടും സ്വാധ്യായംകൊണ്ടും തെളിഞ്ഞിരുന്ന
ദിലീപനൃപേന്ദ്രനെ കണ്ടിട്ട മഹർഷിക്കു വളരെ സന്തോഷംതോന്നി.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരനാരദസംവാദം
ഭ്രൂപ്രക്ഷിണഫലപ്രശ്നം, പഞ്ചമാധ്യായം.

(0)

Digitized By Kerala Sahitya Akademi

പതിനൊന്നാമദ്ധ്യായം

വസിഷ്ഠൻ.—:'മഹാഭാഗ,! അങ്ങയുടെ ഈ വിനയവും ഭക്തിയും സത്യവും എന്നെ സന്തുഷ്ടനാക്കിയിരിക്കുന്നു. ഇപ്രകാരമുള്ള ധർമ്മംകൊണ്ടു ഭവാൻ പിതൃക്കളെ കരയേറിക്കഴിഞ്ഞു; അതുകൊണ്ടാണ് ഭവാൻ എന്നെ കണ്ടെത്തിയതു്. മകനേ, ഭവാൻ എനിക്കു യാജ്യനാണല്ലോ. നരശ്രേഷ്ഠ, ഭവാന്റെ പേരിൽ എനിക്കു പ്രീതി വർദ്ധിക്കുന്നു. ഞാൻ എന്തുചെയ്യണമെന്നു പറഞ്ഞുകൊടുക്കുക. ആവശ്യപ്പെടുന്നതു ഞാൻ ചെയ്യുന്നതാണ്.'

ദിലീപൻ:—'സർവ്വലോകപൂജിതനായ നിങ്ങിരുവടി എങ്കൽ പ്രസാദിച്ചാൽ എനിക്ക് അതുതന്നെ മതി! ധാർമ്മികശ്രേഷ്ഠ, ഞാൻ ഇവിടെയ്ക്ക് അനുഗ്രഹിക്കുന്നാണെങ്കിൽ, എന്റെ മനസ്സിലുള്ള സംശയം തീർത്തുതരിക: ഭഗവാനെ, ശ്രാദ്ധക്ഷേത്രം ചെയ്യുന്നവന്ന് എന്തുഫലമാണിതിയ്യുമെന്ന് അരുളിച്ചെയ്താൽക്കൊള്ളാം.

വസിഷ്ഠൻ:—'ശ്രദ്ധിമാക്കൾ ചെയ്യേണ്ടമായിട്ടുള്ള അതു ഞാൻ പറയാം. തീർത്ഥഫലം ഇന്നതാണെന്ന് ഏകാഗ്ര ചിത്തനായി കേട്ടുകൊൾക:

ആരുടെ കൈകാലുകളും മനസ്സും വിദ്യയും തപസ്സും കീർത്തിയും സംയമം പൂണ്ടിരിയ്ക്കുന്നുവോ; അവന്നു തീർത്ഥഫലം കൈവരും. പ്രതിഗ്രഹം വാങ്ങാതേയും സന്തുഷ്ടനായും നിയതനായും ശുചിയായും അഹംകാരരഹിതനായുമിരിക്കുന്നവന്നു തീർത്ഥഫലം കൈവരും. ആഹാരം കിട്ടിയില്ലെങ്കിൽ ആഹാരം കഴിക്കാതേയും, ഇന്ദ്രിയങ്ങളെ ജയിച്ചും, ദോഷമെല്ലാംവിട്ടുമിരിയ്ക്കുന്നവന്നു തീർത്ഥഫലം കൈവരും. രാജേന്ദ്ര, ക്രോധംകൂടാതെ സത്യശീലനായി ദൃഢവ്രതനായി പ്രാണികളെ തന്നെപ്പോലെ കരുതുന്നവൻ ആരെന്നൊരുത്തനൊ; അവന്നു തീർത്ഥഫലം കൈവരും.

വേദങ്ങളിൽ മഹർഷിമാർ യാഗങ്ങളും അവയുടെ ഐഹികാമുഷ്മികഫലങ്ങളും വിവരിച്ചിട്ടുണ്ട്. എന്നാൽ, വളരെ ഉപകരണങ്ങളും പലതരം ഒരുക്കങ്ങളും വേണ്ടുന്ന യാഗങ്ങൾ മിക്കവക്കു സാധിക്കാവുന്നവയല്ല; രാജാക്കന്മാക്കും, വലിയ ധനികന്മാക്കുമേ സാധ്യങ്ങ

Digitized By Kerala Sahitya Akademi

ളാകുക. ദരിദ്രക്കുടി സാധിക്കാവുന്നതും, യജ്ഞങ്ങളൊക്കാത്ത പുണ്യഫലമുള്ളതുമായ കർമ്മം ഇന്നതാണെന്നു ഞാൻ പറഞ്ഞുതരാം; ഇതു് ഒരു മികച്ച ഋഷിഗുഹ്യമാകുന്നു: പുണ്യമായ തീർത്ഥയാത്ര യജ്ഞങ്ങളെക്കാളും മീതെയാണ്. അതിരാത്രങ്ങൾ നോൽക്കേണ്ട; സപ്തർഷികളേയോ പിതൃക്കളേയോ മാനംചെയ്യേണ്ട; ദരിദ്രൻ തീർത്ഥയാത്ര ചെയ്താൽമതി. വഞ്ചിച്ചു ദക്ഷിണയോടുകൂടി അഗ്നിഷ്ടോമയാഗവും മറ്റും ചെയ്താൽ കൂടി, തീർത്ഥയാത്രകൊണ്ടുള്ള അത്ര ഫലം കിട്ടുകയില്ല.

മനുഷ്യലോകത്തിലെ ദേവലോകതീർത്ഥമായ മുപ്പാതിലും പുകഴ്പെറ്റ പുഷ്കരതീർത്ഥം പുക്കവൻ ദേവദേവതുല്യനായിവരും. സൂര്യവംശ്യനായ രാജാവേ, പുഷ്കരത്തിൽ മൂന്നു സന്ധ്യയ്ക്കും പതിനായിരം കോടിതീർത്ഥങ്ങൾ സന്നിഹിതങ്ങളാകുന്നു. ആദിത്യവസുരുദ്രരും, സാധ്യമരുൽഗന്ധർവാപ്സരസ്സുകളും അതിങ്കൽ സന്നിധാനം ചെയ്യുന്നു. അവിടെ ദിവ്യയോഗം പൂണ്ടു തപസ്സുചെയ്തിട്ടു ദേവകളും അസുരന്മാരും ബ്രഹ്മർഷിമാരും വഞ്ചിച്ച പുണ്യം സമ്പാദിച്ചിരിയ്ക്കുന്നു. പുഷ്കരത്തെ മനസ്സുകൊണ്ടാഗ്രഹിക്കുന്നവൻ പോലും പാപമെല്ലാം വേർപെട്ട സ്വർഗ്ഗത്തിൽ പൂജിക്കപ്പെട്ടും. ആ തീർത്ഥത്തിൽ സുരാസുരപൂജിതനായ പിതാമഹൻ അതിസന്തുഷ്ടനായി നിത്യവാസം ചെയ്യുണ്ടായിട്ടുണ്ട്. ദേവകളും ഋഷിമാർ തുടങ്ങിയവർ പുഷ്കരത്തിൽ വഞ്ചിച്ചപുണ്യം നേടി പരമസിദ്ധി അടഞ്ഞിരിയ്ക്കുന്നു. അതിൽ സ്നാനംചെയ്തു പിതൃദേവകളെ പൂജിച്ചാൽ അശ്വമേധത്തിന്റെ പത്തിരട്ടിഫലം കിട്ടുമത്രേ. പുഷ്കരാരണ്യത്തിൽവെച്ചു് ഒരു ബ്രാഹ്മണനെയെങ്കിലും ഊട്ടുന്നവൻ ബ്രഹ്മസദനത്തിലെ സുഖർല്ലഭസ്ഥാനങ്ങൾ പ്രാപിയ്ക്കും. രാവിലെയും വൈകുന്നേരവും തൊഴുകൈപൂണ്ടു പുഷ്കരത്തെ സ്മരിച്ചാൽ എല്ലാതീർത്ഥങ്ങളിലും സ്നാനംചെയ്തുകഴിഞ്ഞതു് സ്ത്രീയാകട്ടെ, പുരുഷനാകട്ടെ, പുഷ്കരത്തിൽ ചെല്ലുകമാത്രം ചെയ്താൽ ജനനം മുതൽക്കുള്ള സകല പാപവും നശിയ്ക്കും. രാജാവേ, എപ്രകാരം വിഷ്ണു ദേവകളിലൊക്കെ ഒന്നാമനായിരിയ്ക്കുന്നുവോ, അപ്രകാരം തീർത്ഥങ്ങളിൽവെച്ചു് ഒന്നാമത്തേതത്രേ പുഷ്കരം. പന്തിരണ്ടുകൊല്ലം പുഷ്കരത്തിൽ നിയമം പൂണ്ടു രുചിയായി വസിച്ചാൽ സർവ്വ യജ്ഞങ്ങളുടേയും ഫലവും ബ്രഹ്മലോകവും കിട്ടും. ഒരു നൂറാണ്ടുമുഴുവൻ അഗ്നിഹോത്രം ചെയ്യുന്നതും, കാർത്തികനാൾ മാത്രം പുഷ്കരത്തിൽ വസിക്കുന്നതും ഒരുപോലെ

Digitized By Kerala Sahitya Akademi

യാകുന്നു. പുഷ്കരത്തിൽ ഗമനം ഉഷ്കരമാണ്; തപസ്സു ഉഷ്കരമാണ്; ദാനം ഉഷ്കരമാണ്; വാസവും ഉഷ്കരമാണ്. മൂന്നു ശുഭ്ര ശൃംഗങ്ങളും, മൂന്നു പ്രസ്രവണങ്ങളും, ത്രിതീർത്ഥമായ പുഷ്കരം എന്നിവ തമ്മിൽ വ്യത്യാസം ഇങ്ങനെ കാണുന്നില്ല. നിയമവും നോൽമ്പുമായി പതിനൊരുകൊല്ലം പുഷ്കരത്തിൽ വസിച്ചാൽ പാപമെല്ലാം നീങ്ങി, സർവ്വജ്ഞതാഫലം ലഭിയ്ക്കും.

ശ്രീപരമേശ്വരനും, ആദിഖണ്ഡം, യുധിഷ്ഠിരനാരദസംവാദം,
പുഷ്കരമാഹാത്മ്യകഥനം പതിനൊന്നാമദ്ധ്യായം.

———(o)———

പതിനെട്ടാമദ്ധ്യായം

വസിഷ്ഠൻ:—പിന്നെ വലംവെച്ചു ജംബൂമാർഗ്ഗത്തിൽ ചെല്ലണം: പിതൃദേവർഷി പൂജിതമായ ജംബൂമാർഗ്ഗത്തിൽചെന്നവൻ അശ്വമേധഫലം നേടും; വിഷ്ണുലോകം പൂകുകയും ചെയ്യും. അവിടെ അഞ്ചു രാത്രി ഉപവസിച്ചു് ആറാംനാൾ പാരണ കഴിച്ചാൽ ഉർഗ്ഗതി നേരിടുകയില്ല; മികച്ച സിദ്ധി കൈവരികയും ചെയ്യും. ജംബൂമാർഗ്ഗത്തിൽനിന്നു ഗുണ്ഡലികാശ്രമം പ്രാപിച്ചവൻ ഉർഗ്ഗതി പററാതെ സ്വർഗ്ഗലോകത്തു പൂജിക്കപ്പെടും. പിന്നെ അഗസ്ത്യാശ്രമം പൂക്കു പിതൃദേവകളെ തർപ്പിച്ചു മൂന്നാരാത്രി ഉപവസിച്ചാൽ അഗ്നിഷ്ടോമഫലം കിട്ടും. ലോകപൂജിതമായ ശ്രീകന്യാശ്രമത്തിൽ ചെന്നു, ശാകമോ കായ്കളോ ഭക്ഷിച്ചു നോററാൽ മികച്ച കൈവരം കൈവരും. ആദ്യവും പുണ്യവുമായ ഒരു യമ്മാരണ്യമാണത്രേ; അവിടെ ചെന്നാൽ മതി പാപം നശിപ്പാൻ. നിയമവും നോൽമ്പുമായി പിതൃദേവതർപ്പണം ചെയ്യാലോ, സർവ കാമസമൃദ്ധമായ യാഗത്തിന്റെ ഫലം കിട്ടും.

അവിടെനിന്നു വലംവെച്ചു യയാതി പതനത്തിൽ ചെന്നാൽ അശ്വമേധത്തിന്റെ ഫലം സിദ്ധിയ്ക്കും. പിന്നെ മഹാകാലത്തിൽ ചെന്നു നിയമവും നോൽമ്പുമായി കോടിതീർത്ഥത്തിൽ സ്നാനംചെയ്യാൽ അശ്വമേധഫലം കിട്ടും. അവിടെനിന്നു്, ഉമാപതിവാണരുളുന്ന ഭദ്ര

Digitized By Kerala Sahitya Akademi

വടം എന്ന തിരുവനപ്രസിദ്ധമായ തീർത്ഥത്തിലേയ്ക്കു പോകണം. അവിടെ ശിവനെ ദർശിച്ചാൽ അശ്വമേധത്തിന്റെ ഫലം കിട്ടും; മഹാദേവപ്രസാദത്താൽ, സമർത്ഥവും നിസ്സപത്നവും ശ്രീമത്തുമായ ഗണനാഥസ്ഥാനവും കൈവരും. പിന്നെ മുപ്പാരിലും പുകഴ്ന്ന നമ്മദാനദിയിൽ ചെന്നു പിതൃക്കളേയും ദേവകളേയും തർപ്പിച്ചാൽ അഗ്നിഷ്ടോമഫലം ലഭിയ്ക്കും.'

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരതാരതമസംവാദം,
ജംബൂമാർഗ്ഗാദി മാഹാത്മ്യകഥനം പന്ത്രണ്ടാമദ്ധ്യായം

———(o)———

പതിമൂന്നാം അദ്ധ്യായം.

യുധിഷ്ഠിരൻ.—'നമ്മദ എന്നതു പാപപർവതങ്ങളെ പിളർത്തുന്ന ഒരു ഉത്തമതീർത്ഥമാണെന്നല്ലേ, വസിഷ്ഠൻ ദിലീപനോടു പറഞ്ഞതു; ആ വസിഷ്ഠപ്രോക്തമായ നമ്മദാമാഹാത്മ്യം എനിയ്ക്കു വീണ്ടും കേൾക്കേണമെന്നുണ്ടു്. ഭഗവാനേ, എങ്ങിനെയാണു്, ഈ നമ്മദാനദി മഹാപുണ്യയാണെന്നു ഞാൻ കീർത്തിപ്പെട്ടതു്? അതെനിയ്ക്കു പറഞ്ഞുതരിക."

നാരദൻ.—'നമ്മദ എന്ന ശ്രേഷ്ഠനദി സർവപാപങ്ങളേയും നശിപ്പിച്ചു, സദ്ഗതിമാർഗങ്ങൾക്കും ഉൽഗതി നൽകും. വസിഷ്ഠൻ പറഞ്ഞുകേട്ടിട്ടുള്ള നമ്മദാമാഹാത്മ്യം ഒട്ടൊഴിയാതെ ഞാൻ അങ്ങയ്ക്കു പറഞ്ഞുതരാം:

ഗംഗയ്ക്കു കനഖലത്തിലും സരസ്വതിക്കു കുരുക്ഷേത്രത്തിലും പുണ്യതരക്കുറവു; എന്നാൽ നമ്മദ, ഗ്രാമത്തിലാകട്ടെ വനത്തിലാകട്ടെ സദ്ഗതി പുണ്യയാകുന്നു. സരസ്വതി മൂന്നുനാൾകൊണ്ടും, യമുന ഏഴുനാൾകൊണ്ടും ഗംഗ തൽക്ഷണവും ശുദ്ധി നൽകുന്നു; നമ്മദയോ ദർശനമാത്രത്താൽ!

കലിംഗരാജ്യത്തു പിൻപകുതിയിൽ അമരകണ്ടകപർവ്വതത്തിൽ,രമ്യയും മനോരമയുമായ നമ്മദ മുപ്പാരിലുംവെച്ചു പുണ്യയാകുന്നു. മഹാരാജാവേ, ദേവകളും അസുരരും ഗന്ധർവ്വരും ഋഷിമാരും അവി

Digitized By Kerala Sahitya Akademi

ടെ അപ്സരസ്സുചെയ്യ പരമസിദ്ധി നേടിയിട്ടുണ്ട്. അവിടെ സ്നാനംചെയ്യ നിയമംപൂണ്ടു ജിതേന്ദ്രിയനായി ഒരു മാവുപവസിച്ചാൽ നൂറു തലമുറയ്ക്ക് ഊർദ്ധ്വഗതി വരും. ജനേശ്വരത്തിൽ കളിച്ചു പിണ്ഡംവെച്ചാൽ, പിതൃക്കൾ പ്രളയകാലംവരെ തൃപ്തി പൂണ്ടിരിക്കും. പർവ്വതത്തിനു മുറുമുള്ള അഞ്ചുകോടിയിൽ സ്നാനംചെയ്യ ഗന്ധമാല്യംനൽകോപനങ്ങൾ ചാർത്തിച്ചാൽ അഞ്ചുകോടി പ്രസാദിക്കും; പർവ്വതത്തിന്റെ പടിഞ്ഞാറെ അറ്റത്തു മഹേശ്വരൻ വാണരുളുന്നുണ്ട്; അവിടെ സ്നാനം ചെയ്യ ശുചിയായി ബ്രഹ്മചാരിയായി ജിതേന്ദ്രിയനായി തിലോദകം കൊണ്ടു വിധിപോലെ പിതൃദേവകളെ തർപ്പിച്ചാൽ, അവന്റെ ഏഴോളം തലമുറക്കാർക്ക് സ്വർഗ്ഗംകിട്ടും. അവനോ, അനുപതിനായിരം കൊല്ലം അപ്സരസ്സുകളാലും മറ്റു ദിവ്യസ്ത്രീകളാലും പരിവൃതനായി, ദിവ്യഗന്ധങ്ങളും പൂശി ദിവ്യാഭരണങ്ങളണിഞ്ഞു, സ്വർഗ്ഗത്തിൽ സുഖിയ്ക്കും; സ്വർഗ്ഗത്തിൽ നിന്നു ഭ്രംശിച്ചാൽ ഒരു വമ്പിച്ച തറവാട്ടിൽ ധനവാനും മാതാവും ധാർമ്മികനുമായി ജനിയ്ക്കും; വീണ്ടും ആ തീർത്ഥത്തെ സ്മരിച്ച് അവിടെച്ചെന്ന് ഏഴു തലമുറയ്ക്ക് ഊർദ്ധ്വഗതി വരുത്തി, ബ്രഹ്മലോകം പ്രാപിയ്ക്കുകയും ചെയ്യും.

ഈ മഹാനദിയ്ക്ക് ഒരു നൂറുയോജനനീളവും രണ്ടു യോജന വീതിയുമുണ്ടത്രേ. അനുപയുകോടി അനുപതിനായിരം തീർത്ഥങ്ങൾ അമരകണ്ടകപർവ്വതത്തിനു മുറുമായി സ്ഥിതിചെയ്യുന്നു. ബ്രഹ്മചാരിയായി ശുചിയായി ജിതേന്ദ്രിയനായി ജിതക്രോധനായി ഒരുത്തനും ഹിംസിക്കാതെ ഒരിക്കൽ ഹിതൈഷിയായി യാവൽക്കാരനായ ക്ഷേത്രപാലനെ വലത്തുവെയ്ക്കുമോ, അവൻ നൂറായിരം കൊല്ലം സ്വർഗ്ഗത്തിൽ അപ്സരസ്സുകളാലും മറ്റു ദിവ്യസ്ത്രീകളാലും പരിവൃതനായി ദിവ്യഗന്ധാനുലേപങ്ങളും ദിവ്യാഭരണങ്ങളുമണിഞ്ഞു ദേവകളോടൊപ്പം വിഹരിയ്ക്കും; സ്വർഗ്ഗത്തിൽനിന്നു പോന്നാൽ വീരുവാനായ രാജാവായി ജനിച്ച്, വജ്രവൈഡൂര്യാദി രത്നങ്ങൾ പതിച്ച ദിവ്യസ്തംഭങ്ങളാലും ചിത്രങ്ങളാലും അലംകൃതമായി ദാസിദാസർ നിറഞ്ഞതായ മണിമേടയിൽ വാഴും. അവന്റെ ഭവനദ്വാരം ഇന്ദ്രന്റെ തുപോലെ മഞ്ഞഗജങ്ങളുടെ ചിന്നം വിളിയാലും, കുതിരകളുടെ ചെനയാലും കലുങ്ങിക്കൊണ്ടിരിയ്ക്കും. അങ്ങിനെയുള്ള ഗൃഹത്തിൽ സ്ത്രീകൾക്കൊക്കെ പ്രിയപ്പെട്ടവനായി രമിച്ചുംകൊണ്ടു്, യാതൊരു ഭോ

Digitized By Kerala Sahitya Akademi

ഗവും ക്ലേശമെതെ, ആ ശ്രീമാൻ രാജരാജേശ്വരനായി, ഒരു നൂറാണ്ടു മുഴുവൻ ജീവിച്ചിരിക്കുകയും ചെയ്യും.

അമരകണ്ടകത്തിൽവെച്ചു, തിയ്യിൽച്ചാടിയിട്ടോ കവളത്തിൽ മുങ്ങിയിട്ടോ ഉപവാസം ചെയ്തിട്ടോ മരിച്ചാൽ അവനു പുനരാവൃത്തിയില്ല. മാനവേന്ദ്ര, മലംചെരുവിൽ വീണു മരിച്ചാൽ മറുജന്മത്തിൽ അവന്റെ ഗൃഹത്തിൽ മൂവായിരം പൊൺകിടാങ്ങളും നിയോഗം കാത്തുകൊണ്ടു നിൽക്കും; അവൻ വളരെക്കാലം ദിവ്യഭോഗങ്ങളും നേടി വിഹരിയ്ക്കും; ഇതുപോലൊരാൾ ആഴിവരെയുള്ള ഉഴിയിൽ ഇല്ലെന്നാവും. അമരകണ്ടകത്തിനു പടിഞ്ഞാറു കോടിതീർത്ഥത്തിൽ ജ്വാലേശ്വരൻ എന്ന തിരുനാമത്തോടേ ശിവൻ വാണരുളുന്നു. അവിടെ ഒരിക്കൽ പിണ്ഡം വെയ്ക്കുകയും സന്ധ്യാവന്ദനം കഴിക്കുകയും ചെയ്താൽ പിതൃക്കൾ പത്തുകൊല്ലത്തേയ്ക്കു തൃപ്തിയടയും. നമ്മദയ്ക്കു തെക്ക് അധികം അകലത്തല്ലാതെ, ചരളങ്ങളും നീർമരുതുകളും മുഴുത്ത കപിലയെന്നൊരു പ്രദേശവും പുണ്യനദിയുണ്ട്. യുധിഷ്ഠിര, അതിൽ ഒരു നൂറു കോടി തീർത്ഥങ്ങളുണ്ടെന്നും, ഓരോന്നും കോടി ഇണ്ടങ്ങളോടുകൂടിയതാണെന്നും പുരാണത്തിൽനിന്നു കേട്ടിട്ടുണ്ട്. അതിന്റെ കരയിലെ ജീർണ്ണിച്ചു വീണ വൃക്ഷങ്ങൾ പോലും നർമ്മദാജലസ്പർശത്താൽ പരമഗതിയടയുന്നു. രണ്ടാമതായി വിശല്യകരണി എന്നൊരു നദിയുണ്ട്; അതിൽ സ്നാനംചെയ്യുവനു ക്ഷണനേരംകൊണ്ടു ശല്യം നീങ്ങും. അമരകണ്ടകപർവ്വതത്തിൽ വന്നുചേർന്ന ദേവഗന്ധർവ്വ കിന്നര മഹോരഗർ യക്ഷരാക്ഷസർ മഹർഷിമാർ എന്നിവരെല്ലാവരുംകൂടി നിർമ്മിച്ചതാണ്, സർവ്വപാപങ്ങളേയും നശിപ്പിയ്ക്കുന്ന നർമ്മദാതീർത്ഥമായ വിശല്യനദി. അതിൽ സ്നാനം ചെയ്തു ത്രിരാത്രമുപവസിച്ചുപുണ്ട് ഇന്ദ്രിയങ്ങളെ അടക്കി ഒരു രാവുപവസിച്ചാൽ, നൂറുതലമുറയ്ക്ക് ഉത്തമഗതി കിട്ടും. കപിലയും, വിശല്യയും ലോകഹിതത്തിന്നായി ഈശ്വരനാൽ പണ്ടു നിയോഗിക്കപ്പെട്ടവയാണത്രേ. അവയിൽ സ്നാനംചെയ്യുവനു അശ്വമേധഫലം കൈവരും; ഉപവാസം ചെയ്യുവനാകട്ടെ പാപമെല്ലാമൊഴിഞ്ഞു സ്വർഗ്ഗം പ്രാപിക്കും. നർമ്മദയിൽ എവിടെ സ്നാനംചെയ്താലും അശ്വമേധഫലം കിട്ടുമെന്നാണ് പുരാണവചനം. വടക്കേക്കരയിൽ വസിയ്ക്കുന്നവർ സ്വർഗ്ഗത്തിൽ വസിക്കയാണ്.

സരസ്വതി, ഗംഗ, നർമ്മദ എന്നിവയിൽ സ്നാനദാനക്രമം മുഖ്യഫലങ്ങളാണെന്നു ശിവൻ എന്നോടു് അരുളിച്ചെയ്തിട്ടുണ്ട്. അമര

Digitized By Kerala Sahitya Akademi

കണ്ടകപർവതത്തിൽവെച്ചു പ്രാണത്യാഗം ചെയ്യുവൻ ഒരു നൂറുകോടി സംവത്സരം സ്വർഗ്ഗത്തിൽ സുഖിക്കും. നരയും തിരയും അണിഞ്ഞ പുണ്യപവിത്രമായ നമ്മദാജലം തലയിലാടിയാൽ ഏതു പാപവും വിട്ടൊഴിയും. ബ്രഹ്മഹത്യാപാപത്തെപ്പോലും സവ്വപുണ്യയായ നമ്മദ നശിപ്പിയ്ക്കുന്നു. ഒരു രാപ്പകൽ ഉപവസിച്ചാൽ മതി ബ്രഹ്മഹത്യ വിട്ടൊഴിയാൻ. ഇതുയും പുണ്യവും രമ്യവുമാകുന്ന നമ്മദ. ഈ മഹാനദി മുന്നലോകത്തെയും ശുദ്ധിപ്പെടുത്തുന്നു. വടേശ്വരം, ഗംഗാശ്വരം, തപോവനം മുതലായ സ്ഥാനങ്ങളിൽ കൊടുംവ്രതം പൂണ്ടു വസിയ്ക്കുന്നതിനെക്കാൾ പതിന്മടങ്ങു പുണ്യമത്രേ നമ്മദാതടവാസം

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിര നാരദസംവാദം
നമ്മദാമാഹാത്മ്യകഥനം പതിമൂന്നാമധ്യായം

—(൧)—

പതിനാലാം അദ്ധ്യായം

നാരദൻ:—'പാണ്ഡുനന്ദനാ, പുണ്യതമയായ നമ്മദാനദിയെ ധർമ്മകാംക്ഷികളായ മഹർഷിമാർ മൂന്നായി വിഭജിച്ചിട്ടുണ്ട്; പൂർണ്ണൽക്കണക്കിൽ വിഭജിക്കപ്പെട്ട ആ സ്ഥാനങ്ങളിൽ. സ്നാനം ചെയ്യാൽ പാപമെല്ലാം വേർപെടും. മൂന്നലോകത്തും പുകഴ്ന്നതാകുന്ന ജ്വാലേശ്വരമഹാതീർത്ഥം. അതിന്റെ ഉൽപത്തി പറയാം; കേട്ടുകൊൾക:

പണ്ടു വാസവാദി വാനവന്മാരും മഹർഷിശ്രേഷ്ഠരുമൊക്കെ മഹാത്മാവായ മഹേശ്വരനെ സ്തുതിച്ചുകൊണ്ടു, തന്തിരുവടിയുടെ സന്നിധിയിൽചെന്നണഞ്ഞിട്ടു:—'ത്രിലോചനസ്വാമിൻ, പോടിച്ചാണ്ട ഞങ്ങളെ രക്ഷിക്കുമാറാകണം!'

ശിവൻ:—'മുനിശ്രേഷ്ഠന്മാരെ, നിങ്ങൾക്കു സ്വാഗതം! എന്തിനാണ് നിങ്ങൾ ഇങ്ങോട്ടുപോന്നതു? എന്താണ് ദുഃഖം? എന്താണ് സന്താപം? ഞാനിൽനിന്നാണ് ഭയം?'

ശങ്കരന്റെ അരുളപ്പാടു കേട്ടിട്ട് തപസ്വികൾ പറഞ്ഞു:—'വീര്യവും ബലഗർവും മൂഴുത്ത അതിഘോരനായി ബാണൻ എന്നൊരു

Digitized By Kerala Sahitya Akademi

ദാനവനുണ്ട്; അവന്റെ തിപുരം എന്ന പുരം അവന്റെ തേജസ്സു നാൽ ആകാശത്തു പറന്നിനടക്കുന്നു. ദേവേശ, അവനെ പേടിച്ചിട്ടാണ്, ഞങ്ങൾ നിന്തിരുവടിയെ ശരണം പ്രാപിച്ചിരിക്കുന്നതു്. ഇതവന്റെ ദുഃഖം നീക്കി ഞങ്ങളെ രക്ഷിച്ചാലും. നിന്തിരുവടിയേ ഞങ്ങൾക്ക് ആശ്രയമുള്ളൂ. ദേവകൾക്കെല്ലാം സുഖം ലഭിക്കുമാറു നിന്തിരുവടി പ്രസാദിച്ചരുളേണമേ!'

ശിവൻ:—'വ്യസനിക്കേണ്ട; താമസിയാതെ തന്നെ, നിങ്ങൾക്കു സുഖത്തിനുതകുന്നതെല്ലാം ഞാൻ ചെയ്തുകൊള്ളാം.'

ഇങ്ങിനെ അവരെയെല്ലാം ആശ്വസിപ്പിച്ചിട്ടു വിശ്വേശ്വരൻ നർമ്മദാതടത്തിൽ ചെന്നിരുന്നു, അവനെക്കൊല്ലാൻ വഴി ആലോചിച്ചു: 'എങ്ങിനെ, ഏതുവിധത്തിലാണു്, ഞാൻ തിപുരനെ കൊല്ലേണ്ടതു്?' എന്നിങ്ങനെ ചിന്തിച്ചിട്ടു് ഭഗവാൻ നാരദനെ സ്മരിച്ചു. സ്മരിച്ച ക്ഷണത്തിൽത്തന്നെ, നാരദൻ അടുക്കലെത്തി.

നാരദൻ:—'മഹാദേവ, ആജ്ഞാപിച്ചാലും: എന്തിനാണെന്നെ സ്മരിച്ചതു്? എന്തുകാര്യമാണു് ഞാൻ ചെയ്യേണ്ടതു്? അതുടനടിച്ചയ്തതന്നെ.'

ശിവൻ:—'നാരദ, വേഗത്തിൽ ബാണനാനവേന്ദ്രന്റെ തിപുരമെന്ന പുരത്തിൽ ചെല്ലുക. തേരാക്കന്മാർ ദേവതുല്യന്മാരാണു്; സ്ത്രീകളോ അപ്സരസ്സുകൾക്കു തുല്യർ. അവരുടെ തേജസ്സാലാണു തിപുരം ആകാശത്തു പറന്നിനടക്കുന്നതു്. ബ്രാഹ്മണശ്രേഷ്ഠ, പോൻ. അവിടെ ചെന്നു മറ്റൊരു മന്ത്രം പ്രയോഗിക്കുക.'

ദേവന്റെ അരുളപ്പാടു കേട്ടിട്ടു മഹർഷി അതിവേഗത്തിൽ, സ്ത്രീകളുടെ മനം കെടുക്കാനായി ആ പുരത്തിൽ ചെന്നെത്തി. നൂറു യോജന വിസ്താരവും ഇരുനൂറുയോജന നീളവും പൂണ്ടു നാനാരത്നഭൂഷിതമായി മിന്നിത്തിളങ്ങുന്ന ആ ദിവ്യപുരത്തിൽ ബലപ്പെട്ടതനായ ബാണൻ മഹർഷിക്കു കാണുമാറായി. കിരീടകുണ്ഡലകേയൂരഹാരരത്നമാലകളും രത്നാങ്കുരം പതിച്ച അരപ്പട്ടയും കൈകളിൽ വളകളു മണിഞ്ഞു, ചന്ദ്രനെപ്പോലെ ശോഭിക്കുന്ന മഹാബലനായ മാനവേന്ദ്രൻ നാരദനെ കണ്ടു് എഴുന്നേറ്റു പറഞ്ഞു:—'ഏയ്, ദേവർഷി താൻതന്നെ ഇതാ എന്റെ ഗൃഹത്തിൽ വന്നിരിക്കുന്നു! മഹിജോത്തമ, പുഴുപോലെ അശുദ്ധപാദ്യങ്ങളും സ്വീകരിച്ചാലും. വളരെ നാളായല്ലോ കണ്ടിട്ടു്. ഇതാ പീഠം, ഇരിക്കാം.'

Digitized By Kerala Sahitya Akademi

ഇപ്രകാരം ഉപചരിക്കപ്പെട്ട നാരദനോട്, ബാണന്റെ പട്ട മഹിഷിയായ അക്ഷനൗചര്യ ചോദിച്ചു:—'ഭഗവാനെ, മനുഷ്യലോകത്തിൽ എന്തു വ്രതമോ നിയമമോ ദാനമോ തപസ്സോ ചെയ്താലാണ് ദേവകരം പ്രസാദിക്കുക?'

നാരദൻ:—'മറകളുടെ മറുകര പൂകിയ ബ്രാഹ്മണനായ തിലധേനുവിനു ദാനം ചെയ്യുവൻ, സമുദ്രങ്ങളോടും ദ്വീപുകളോടും കൂടിയ ഭൂമി കൊടുത്തു കഴിഞ്ഞു. അവൻ വളരെക്കാലം അജ്ഞാതനടത്തിക്കൊണ്ടു കോടിസൂര്യന്മാരെപ്പോലെ വിളങ്ങുന്ന സ്വർഗ്ഗകാമസമൂഹങ്ങളായ വിമാനങ്ങളിൽ വിഹരിക്കും. അഷ്ടമി, ചതുർത്ഥി, ദശമി, സംക്രാന്തി, വിഷുവം, തിനക്കിഴുമുഖം എന്നീ പുണ്യദിവസങ്ങളിൽ ഉപവസിക്കുന്ന ധാർമ്മികമാരായ സ്ത്രീകളാകട്ടെ തീർച്ചയായും സ്വർഗ്ഗവാസം നേടും. ഉപവാസം അനുഷ്ഠിക്കുന്ന സ്ത്രീകൾക്കു കലിദോഷവും സർവ്വപാപങ്ങളും അകലുന്നു. അവരോടു തപസ്വികളും കിടനിൽക്കില്ല. സുശ്രോണി, ഇതു മനസ്സിലാക്കിയിട്ടു യത്നിഷ്ടം ചെയ്തുകൊൾക.'

നാരദവചനം കേട്ടിട്ട രാജ്ഞി പറഞ്ഞു:—'ബ്രാഹ്മണശ്രേഷ്ഠ, ദയചെയ്തു വേണ്ടുന്ന ദാനം വാങ്ങിയാലും: സുവർണ്ണമണിരത്നങ്ങളും വസ്ത്രാഭരണങ്ങളും മറ്റു ഉൽകൃഷ്ടമായിട്ടുള്ളതും ഞാൻ ഇവിടേയ്ക്കു തരാം. സ്വീകരിച്ചാലും. പരിഹരന്മാർ പ്രസാദിക്കുമാറാകട്ടെ!'

നാരദൻ:—'ദേവി, ദരിദ്രനായ മറ്റു വല്ല ബ്രാഹ്മണനും കൊടുത്തുകൊൾക: ഞങ്ങൾക്കു സൌശീല്യമാണു സമ്പത്തു്. എനിക്കു കേതിയേ വേണ്ടു.'

ഈ വിധം എല്ലാ സ്ത്രീകൾക്കും ഉപദേശിച്ചു അവരുടെ മനസ്സു് കവർന്നിട്ടു മഹർഷി സ്വസ്ഥാനത്തേയ്ക്കു മടങ്ങി. അദ്ദേഹത്താൽ ഭക്തിയുക്തചിത്തകളായ അവരുടെ മനസ്സു് അദ്ദേഹത്തിലായിത്തീർന്നു. മഹാത്മാവായ ബാണന്റെ പുരത്തിൽ ഛർദ്ദിരം കടന്നുകൂടി.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ബാലശൈശവത്തിൽത്തുടങ്ങിയുള്ള ചരിതകഥനം, തിരുവോണപ്പാരണം പതിനാലാമദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

പതിനഞ്ചാമദ്ധ്യായം

നാരദൻ:—ഇതിനിടയിൽ, നമ്മുടെയുടെ, കരയ്ക്കു തിലോകവിശ്രുതമായ മഹേശ്വരം എന്ന സ്ഥാനത്തു തിപുരവധത്തെ ചിന്തിച്ചുകൊണ്ടു വാണരുളുന്ന രുദ്രൻതിരുവടി മന്ദരത്തെ പമ്മിവില്ലും വാസുകിയെ ഞാണും സ്കന്ദനെ സ്ഥാനവും വിഷ്ണുവിനെ ബാണവുമാക്കി, മുനമേൽ അഗ്നിയേയും കടയ്ക്കൽ വായുവിനേയും സ്ഥാപിച്ചു. നാലുവേദങ്ങളും കുതിരകളായി നിന്നു. ദേവകളെല്ലാം ക്രൂടി തേരായി: ചക്രങ്ങളിൽ അശ്വിനീദേവകളും, അച്ചുതണ്ടിൽ ചക്രപാണിയും സ്ഥിതിചെയ്തു. വില്ലിൻതലയ്ക്കൽ ഇന്ദ്രനും, ബാണത്തിൽ വൈശ്രവണനും, വലത്തേത്തുക്കയ്യിൽ യമനും, ഇടത്തേതിൽ ഭാരുണനായ കാലനും, ചക്രങ്ങളുടെ അഴിക്കാലുകളിൽ ഗന്ധർവ്വരും നിലക്കൊണ്ടു. പത്തിത്തേരിൽ പ്രജാപതിയായ ബ്രഹ്മാവു സാരഥിയായി.

ഇപ്രകാരം സർവദേവമയമായ രഥത്തിൽ ദേവേശൻ ആയിരം സംവത്സരം സ്ഥാണുവായി വാണരുളി. ആകാശത്തു സഞ്ചരിക്കുന്ന പുരങ്ങൾ മൂന്നും ഒത്തൊരുമിച്ചപ്പോൾ, അവയെ തന്തിരുവടി തിരുല്യംകൊണ്ടു പിളർത്തുകയും ചെയ്തു. തിപുരത്തിനു നേരെ രുദ്രൻ ശരം വിട്ടതോടുകൂടി സ്ത്രീകൾ നിസ്തേജസ്കകളായി; പുരുഷന്മാർക്കു കരുത്തും ഇല്ലാതായി. തിപുരത്തിൽ അനേകം ഉന്നിമിത്തങ്ങൾ ഉണ്ടായിവന്നു. തിപുരധ്വംസനത്തിനായി ശിവൻ കാലരൂപനായി നിന്നു. മരങ്ങളും മേഘം പേടിച്ചു മാവിളി കൂട്ടുകയായി. ചിത്രങ്ങൾ കണ്ണിമയ്ക്കുകയും മിഴിക്കുകയുംചെയ്തു. പുരവാസികൾ സ്വപ്നത്തിൽ, തങ്ങളെ മൂടുന്ന വസ്തുക്കൾ ഉടുത്തവരായി കണ്ടു; പലതും വിപരീതമായി സ്വപ്നത്തിൽ കണ്ടുതുടങ്ങി; അവരുടെ ബലവും ബുദ്ധിയും ശിവൻ ക്രോധത്താൽ കെട്ടുപോകുമാറു.

യുഗാന്തത്തിലെന്നപോലെ, സംവർത്തകനെന്ന മഹാപാവകൻ വായുവിനോടുകൂടി, ശിരസ്സുകളിൽ പടർന്നാളുകയായി. വൃക്ഷങ്ങൾ കത്തിത്തുടങ്ങി; കൊടുമുടികൾ വീണുതുടങ്ങി; സംവർത്തകബാധയാൽ സർവ്വത്ര ഹാ ഹാ ശബ്ദം മുഴങ്ങി. പൂങ്കാവുകളും, തോട്ടങ്ങ

Digitized By Kerala Sahitya Akademi

ളം വൃക്ഷങ്ങളും പലതരം ഗൃഹങ്ങളുമൊക്കെ എരിഞ്ഞുടഞ്ഞുപോയി. പത്തുദിക്കിലും ചെന്തീയു പടർന്നുകത്തി. അത്യുഗ്രങ്ങളായ അഗ്നിജ്വാലാസഹസ്രങ്ങളാൽ ദിക്കുകളും പത്തും മനഃക്ഷോഭനിറഞ്ഞിലായി. പുരമെല്ലാം ജ്വലിച്ചു പുത്ത മുരിക്കുപോലായിച്ചമഞ്ഞു. പുകകൊണ്ടു, ഒരു ഗൃഹത്തിൽനിന്നു മറെറാരുഗൃഹത്തിലേയ്ക്കു പോകാൻ വയ്യാതായി. തിപുരപുരം എമ്പാടും ഹരകോപാഗ്നിയാൽ കത്തിയെരിഞ്ഞു വമ്പിച്ച സംകടത്തോടെ നിലവിളിക്കുന്നതായി കാണപ്പെട്ടു. പ്രാസാദശിഖരങ്ങളും, പലതരം ഹർമ്മ്യകൂടം ചാത്തിയ വിമാനങ്ങളും അയിരമായിരമായി തകർന്നു. രമണീയങ്ങളായ ഗൃഹങ്ങളും എരിതിയിൽ സ്മമായി. പുറത്തു വൃക്ഷവാടങ്ങളിലും, ജനവാസസ്ഥലങ്ങളിലും, ദേവാലയങ്ങളിലും പരക്കെ തീപിടിച്ചു. തീ തട്ടിയവർ പല സ്വരത്തിൽ കരഞ്ഞും മുറയിട്ടും 'സ്വാമി, രക്ഷിക്കേണമേ' എന്നു സ്തുതിച്ചും തുങ്ങി. തീക്കട്ടകളും അവിടവിടെ കുന്നുകൂടി കാണുമാറായി.

പാവകപീഡിതരായ മാനവന്മാർ തങ്ങളിൽക്കെട്ടിപ്പിടിച്ചു, നൂറുമായിരവുമായി വെന്തടിയുന്നു. അരയന്നങ്ങളും നീർക്കോഴികളും ചൂഴ്ന്ന താമരപ്പൊയ്കകളും, വാടാത്തമരപ്പൂക്കളും നിറഞ്ഞു് അനേകം യോജന പരപ്പുള്ള തടാകങ്ങളും, പൂരോദ്യാനങ്ങളും തിയ്യേറെറരിയുന്നു. ഗിരിശൃംഗോപമങ്ങളായ മണിമേടകളും തിയ്യിൽത്തഹിച്ചു, നീരറ കാടുകളുംപോലെ നിലംപൊത്തുന്നു. ഹരകോപപ്രേരിതനായ അഗ്നി സ്ത്രീബാലവൃദ്ധരിലും പശുപക്ഷിമൃഗങ്ങളിലും ഒരുപോലെ നിർദ്ദയമായി പെരുമാറുന്നു. ഉറങ്ങിക്കിടന്നിരുന്നവർ മകനെ പുണർന്നുകൊണ്ടു മുപ്പുരാരിയാൽ ഹോമിപ്പിക്കപ്പെടുന്നു.

അപ്സരസ്സുകൾക്കൊത്ത അംഗനമാർ, ആ തീപിടിച്ച പുരത്തിൽ, അഗ്നിജ്വാലയേറെ നിലത്തുവീഴുകയായി: യൌവനമധ്യസ്ഥയായി മുത്തുമാലയണിഞ്ഞിട്ടുള്ള ഒരു വിശാലാക്ഷി പുകയും ജ്വാലയും തട്ടി ഉറക്കമുണർന്നിട്ടു, മകനെ അന്വേഷിക്കെ, നിലത്തുപതിച്ചു. ഇന്ദ്രനീലക്കല്ലുണിഞ്ഞ ഒരു കനകരുചിരാംഗി. ധൂമാകലിതയായി നിലത്തുവീണു. സഖി കൈക്കുപിടിച്ചിരുന്ന മറെറാരുത്തി, കട്ടിതിയ്യിൽവേകുന്നതു കണ്ടിട്ട ഭ്രാന്തുപിടിച്ചു മട്ടിലായി, തലയിൽതൊഴുകൈ വെച്ചു് അഗ്നിയോടുണർത്തിച്ചു:—'പാവക, അപകാരികളായ ദുരാത്മാക്കളെ വേണമെങ്കിൽ, ആക്രമിച്ചുകൊൾക. ഗൃഹമാകുന്ന പ

Digitized By Kerala Sahitya Akademi

ഞ്ഞത്തിലെ പെൺകയിലുകളായ സ്ത്രീകൾ എന്തുചിഴച്ച്? പാപി, നിർദ്ദയ, നാണംകെട്ടവനെ, സ്ത്രീയുടെ പേരിലോ നിനക്കു കോപം നിനക്കു ദാക്ഷിണ്യമില്ല; ലജ്ജയില്ല; സത്യമില്ല; ശ്രുതിയില്ല. ലോകത്തിൽ സ്ത്രീകൾ അവധ്യകളാണെന്നു നീ കേട്ടിട്ടില്ലയോ? പക്ഷേ നിനക്കു സ്ത്രീകളെ പീഡിപ്പിക്കാം: അലിവോ കനിവോ, ദാക്ഷിണ്യമോ നിനക്കില്ലെല്ലാ! മഹേന, ംലേച്ഛന്മാർ പോലും സ്ത്രീകളെ കണ്ടാൽ ദയ വിചാരിക്കാറുണ്ട്. ബുദ്ധികെട്ട നീ ംലേച്ഛരെക്കാളും ഉഗ്രനും ഉന്നിവാനേമാകുന്നു. ഈ സ്ഥിതിയിൽ നിനക്കു സ്ത്രീകളെ ഹിംസിക്കാം! ദയവില്ലാത്ത ഉഗ്ര, നീ കഞ്ഞുങ്ങളെക്കൂടി ചുട്ടപൊട്ടിക്കുന്നവനല്ലാ!!' അവർ ഇപ്രകാരം ഉറക്കെ വിലപിയ്ക്കുകയും ജല്പിയ്ക്കുകയും ചെയ്തപ്പോൾ, ബാലദുഃഖത്താൽ മതിമറന്ന മറവിലെ സ്ത്രീകളും ചൊരിച്ചു മുറയിട്ടുകയായി:—'നിർദ്ദയനായ പാവകൻ ക്രോധിച്ചു സകലരേയും കരുപോലെ ചുട്ടെരിക്കുന്നു! കളത്തിലും കിണറിലും കൂടി തീ പിടിച്ചിരിയ്ക്കുന്നു. ംലേച്ഛ, ഞങ്ങളെ ഭീഷിപ്പിച്ചിട്ടു നിനക്കെന്താണൊരു മെച്ചം? അവർ ഇവ്വിധം പ്രലപിക്കെ പാവകൻ പറഞ്ഞു:—'ഞാൻസ്വേച്ഛയാലല്ല നിങ്ങളെ നശിപ്പിയ്ക്കുന്നതു്; മറെറാരാളുടെ ആജ്ഞയാലാണ്. അതിനാൽ, ഉപദ്രവിക്കാതിരിപ്പാൻ എനിയ്ക്കുതരമില്ല; ഞാൻ ഇവിടെ കൃപിതനായി യത്നേന്ദ്രം പെരുമാറുകതന്നെ ചെയ്യും.'

പൂരം കത്തുന്നതുകണ്ടിട്ട, തേജസ്സേറിയ ബ്രാഹ്മൻ ആ സ്ഥാനത്തുവെച്ചു് ഇവ്വിധം അഭിപ്രായപ്പെട്ടു:—'ക്ഷുദ്രന്മാരും ദുഷ്ടന്മാരുമായ ദേവകം മഹേശ്വരനോടുണർത്തിച്ചു് എന്നെ ശപിപ്പിച്ചുകളഞ്ഞു! പരീക്ഷിക്കാതെയാണല്ലൊ പരമേശ്വരൻ എന്നെ മുട്ടെരിച്ചതു്! എന്നെ രക്ഷിപ്പാൻ ആ മഹാത്മാവൊഴിഞ്ഞു് ആരും ശക്തനാകയില്ല.'

ബ്രാഹ്മൻ എഴുന്നേറ്റു, സുഹൃത്തുക്കളേയും പലതരം ധനങ്ങളേയും സ്ത്രീകളേയുമെല്ലാം ഉപേക്ഷിച്ചു, തിരുവനേശ്വരലിംഗം എടുത്തു തലയിലേറ്റി, പുരത്തിൽനിന്നു പുറത്തിറങ്ങി നഗരത്തിൽ കൊണ്ടുവച്ചിട്ടു് തൈലോക്യനാഥനായ ശങ്കരൻതിരുവടിയോടപേക്ഷിച്ചു:—'മഹാദേവ, അടിയനെ ചുട്ടെരിയ്ക്കുകയോ വധിക്കുകയോ ചെയ്തുകൊൾക; ഇവിടുത്തെ പ്രസാദത്താൽ, അടിയന്റെ വിഗ്രഹം നശിച്ചുപോകാഞ്ഞാൽമതി. ഇതൊന്നേ തൃക്കാൽ പിടിച്ചു് അടിയനപേക്ഷിപ്പാനു

Digitized By Kerala Sahitya Akademi

ള്ള: എല്ലാജ്ഞാനങ്ങളിലും അടിയിൽ ഉപ്പാദകേതനായിവരണം! ഇപ്പ കാരം ഉണർത്തിച്ചിട്ട ബാണൻ ശിവനെ തോടകവൃത്തത്തിൽ സ്തുതിച്ചു.

"ശിവ, ശങ്കര, സർവകരേശ, തൊഴാം!
ഭവ, ഭീമ, മഹേശ്വര, ദേവ, തൊഴാം!
മലർസായകമേനിയെരിച്ചവനേ,
ത്രിപുരാന്തകനേ, വിജിതാന്ധകനേ,
മുകർ നിണ്ടവരും കൃതായവരും
കപിസിംഹഗജാസ്യരുമാം പ്രമഥർ,
സുരസിദ്ധരുമൊക്കെ നമിപ്പവനെ,
തിരുമെയ് രമണിക്ക പകുത്തവനേ,
ഒരുനൂറു പിറപ്പു പിറക്കുകിലും,
നരദൈത്യ തതിക്ക ദുരാസദനെ,
പുരശത്രുകളാൽ നതനാം ഭഗവൻ,
ചെറുവെണ്മതി ചൂടിന ദേവ തൊഴാം!
മമപുത്രകളുദ്ധനാമരതി-
ക്കമരേശ്വര ശാന്തി വരുത്തണമെ!
പലയോനിയിലാണ്ടതിഖിന്നനിവൻ;
നരകത്തിനകത്തിനി വീഴ്ത്തരുതേ!"

ഈ ദിവ്യമായ തോടകസ്തോത്രം വിശ്വാചിത്തനായി ചൊല്ലുന്ന വന്ത, ബാണനെന്നപോലെ, ശിവൻ വരം കല്പിച്ചരുളി. മഹാദിവ്യ മായ ഈ സ്തോത്രം കേട്ടിട്ട മഹേശ്വരൻ മനാതെളിഞ്ഞരുളിച്ചെയ്തു:— 'വത്സ, ഭയപ്പെടേണ്ടാ. നീ ദൈത്യപുരപ്രതാദിസപ്തജനങ്ങളേ ടുകൂടി സപ്തമയമായ പുരത്തിൽ വസിച്ചുകൊൾക. ബാണ, ഇന്നു മ തൽക്ക നീ ദേവകർക്കുപോലും അവധ്യനായിരിക്കുന്നു' ദേവദേവൻ അവന്ന വീണ്ടും വരംനൽകി. അതിനാൽ അവൻ ക്ഷയവും നാശവുമി ല്ലാത്തവനായി ലോകത്തിൽ നിർഭയം സഞ്ചരിച്ചു. മഹാത്മാവായ ര ദ്രൻ അഗ്നിയെ വിലക്കി ബാണന്റെ മൂന്നാമത്തെ പുരം രക്ഷിച്ചു. അ തു രുദ്രതേജപ്രഭാവത്താൽ എന്നെന്നും ആകാശത്തുചാറിനടക്കുന്നു.

ഇതവിധത്തിൽ ശങ്കരനാൽ രചിപ്പിക്കപ്പെട്ട ത്രിപുരം ജ്വാലാമ ലാ പ്രതീപ്തമായി ഭൂമിയിലേയ്ക്കുവീണു: ഒന്നാമത്തെ ശ്രീശൈലത്ത ലും, രണ്ടാമത്തെത് അമരകണ്ടകപർവ്വതത്തിലുമാണ് വീണത്. മൂ പുരമഹനത്തിലത്തേ രുദ്രകോടിപ്രതിഷ്ഠ; ജ്വലിച്ചുകൊണ്ടു വീണ

Digitized By Kerala Sahitya Akademi

ടത്താകയാൽ ജാലേശ്വരൻ എന്ന പേർ വന്നു. അതിന്റെ ഒരു ശിവജ്വാല മേല്പോട്ട് ആകാശത്തെയ്ക്ക് ഗമിക്കുകയുണ്ടായി; അപ്പോഴം ദേവാസുരകിന്നരന്മാർ ഹാഹാശബ്ദം മുഴക്കി. ശത്രുഘ്നൻ മാഹേശ്വരപുരത്തിൽ സ്ഥാപിച്ചു.

ഇപ്രകാരമിരിക്കുന്ന അമരകണ്ടകപർവ്വതത്തിൽ പോകുന്നവൻ മുപ്പത്തോരായിരംകോടി സംവത്സരം പതിനാലുലോകങ്ങളും അനുഭവിയ്ക്കും; പിന്നെ ഭൂമിയിൽ രാജാവായി ജനിച്ചു, ധാർമ്മികനായി ഏകച്ഛത്രാധിപതിയായി വാഴും. മഹാരാജാവേ, ഇതുയും പുണ്യമാണ് അമരകണ്ടകപർവ്വതം. ചന്ദ്രസൂര്യഗ്രഹണങ്ങളിൽ അമരകണ്ടകത്തിൽ വെന്നാൽ, അശ്വമേധത്തിന്റെ പത്തിരട്ടി ഫലമുണ്ട്. അവിടെ ശിവനെ ദർശിച്ചാൽ സ്വർഗ്ഗംകിട്ടും. ഗ്രഹണസമയത്തു പുണ്യങ്ങളെല്ലാം കൂടി അമരകണ്ടകത്തിൽ വെന്നപോലെയാണ്. അമരകണ്ടകത്തിൽ ജാലേശ്വരത്തു സ്നാനംചെയ്യുവർ സ്വർഗ്ഗം പൂകും; മരിച്ചവർക്കു പുനർജ്ജന്മം ഉണ്ടാവില്ല. സൂര്യചന്ദ്രഗ്രഹണങ്ങളിൽ ജാലേശ്വരത്തുവെച്ചു പ്രാണത്യാഗംചെയ്യുവരാകട്ടെ, പ്രളയകാലംവരെ ബ്രഹ്മലോകത്തിൽ നിവസിയ്ക്കും. അമരകണ്ടകപർവ്വതത്തിന്റെ തടത്തിലും തീർത്ഥത്തിലും ഋഷിമാർ എന്ന ദേവകളം അസംഖ്യം സൂക്ഷ്മതരായ ഋഷിമാരും തപസ്സുചെയ്യുന്നുണ്ട്. ഒരു യോജന ചുറ്റളവുള്ളതാണ് അമരകണ്ടകക്ഷേത്രം.

വേണ്ടിയോ വേണ്ടാതെയോ നർമ്മദയിൽ സ്നാനംചെയ്യുവൻ പാപം പേർപെട്ട ശിവലോകം പ്രാപിയ്ക്കും.

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദം, ത്രിപുരദഹനം, അമരകണ്ടകമാഹാത്മ്യകഥനം പതിനഞ്ചാമധ്യായം.

പതിനാറാമദ്ധ്യായം

സൂതൻ:—"യുധിഷ്ഠിരൻ തുടങ്ങിയ മഹാത്മാക്കൾ തപോധനരായ ഋഷിമാർ എന്നിവരെല്ലാവരുംകൂടി നാരദനോടാവശ്യപ്പെട്ടു:—'ഭഗവാനേ, ലോകഹിതത്തിനും ഞങ്ങൾക്കുംവേണ്ടിയെത്തിനുമായി, മഹാ

Digitized By Kerala Sahitya Akademi

ത്തായ കാവേരീസംഗമം വർണ്ണിച്ചാലും. എപ്പോഴും ദുഷ്കൃതംചെയ്യുന്ന പാപികൾ എങ്ങിനെയായാലാണ് പാപമെല്ലാമൊഴിഞ്ഞ് പരമപദം പ്രാപിയ്ക്കുക എന്നറിവാൻ ഞങ്ങൾക്കാഗ്രഹമുണ്ട്.

നാരദൻ:—'യുധിഷ്ഠിരാദികളെല്ലാവരും കേട്ടുകൊള്ളുവിൻ, അവിടെവെച്ചു മഹായജ്ഞം ചെയ്തിട്ടാണ്, സത്യവിക്രമനായ കുബേരൻ വമ്പിച്ച സാമ്രാജ്യവും സിദ്ധിയും നേടിയത്.

കുബേരൻ, വിശ്വവിശ്രുതയായ കാവേരി നമ്മടയോട്ടു ചേരുന്നേടത്തു സ്നാനം ചെയ്ത് ശുചിയായിട്ട് ഒരു തൃക്കരിവ്യസംവത്സരം മുഴുവൻ തപസ്സനുഷ്ഠിച്ചു. അദ്ദേഹത്തിനു പ്രസന്നനായ ശിവൻ മികച്ച വരം നൽകി:—'മഹാസത്വനായ യക്ഷ, വേണ്ടുന്ന വരം ചോദിച്ചുകൊൾക!'

കുബേരൻ:—'ദേവേശ, നിന്തിരുവടി പ്രസാദിച്ച് എനിയ്ക്കു വരം തരികയാണെങ്കിൽ, ഞാൻ യക്ഷക്കൈല്ലാം ആദിനാഥനായിത്തീരട്ടെ!'

'അങ്ങിനെയാകട്ടെ' എന്ന സസന്തോഷം അരുളിച്ചെയ്ത മഹേശ്വരൻ മറഞ്ഞു. വരം നേടിയ ആ യക്ഷൻ വേഗത്തിൽ യക്ഷകുലത്തിലേയ്ക്കു തിരിക്കുകയും, യക്ഷത്തലവന്മാരെല്ലാവരും കൂടി അദ്ദേഹത്തെ പെരുമാളായി അഭിഷേചിക്കുകയും ചെയ്തു.

സർവ്വപാപപ്രണാശനമായ കാവേരീസംഗമത്തെ സ്മരിയ്ക്കുന്നവർ തീർച്ചയായും വഞ്ചിതന്മാർ തന്നെ. മഹാപുണ്യയായ കാവേരിയും നമ്മടമഹാനദിയും ചേരുന്നേടത്തു സ്നാനം ചെയ്ത വൃഷഭധ്വജനെ പൂജിച്ചാൽ അശ്വമേധഫലം നേടി രുദ്രലോകത്തിൽ വിഹരിയ്ക്കാം. അവിടെ വെച്ച് അഗ്നിപ്രവേശമോ ഉപവാസമോ ചെയ്തു മരിച്ചവനു പുനർജ്ജന്മമുണ്ടാകില്ലെന്ന്, ശിവൻ എന്നോടു അരുളിച്ചെയ്തിട്ടുണ്ട്. അവൻ അരുപകോടിഅരുപതിനായിരം സംവത്സരം ഉത്തമസ്ത്രീകളോടു കൂടി രുദ്രനെപ്പോലെ സപത്നത്തിൽ രമിയ്ക്കും; പുണ്യക്ഷയത്തിൽ രുദ്രലോകങ്ങളിൽ നിന്നു ഭ്രംശിച്ച് എവിടെയെവിടെ ജനിയ്ക്കുന്നുവോ; അവിടെയവിടെ, ധാർമ്മികനും ഭോഗവാനും കുലീനനുമായ രാജാവായി വാഴുകയും ചെയ്യും. അവിടുത്തെ ജലം കുടിച്ചാൽ ചാന്ദ്രായണഫലം നേടി സപത്നത്തിൽ വാഴും. ഗംഗായമുനാസംഗമ

Digitized By Kerala Sahitya Akademi

ത്തിൽ യാതൊരു ഫലമോ; ഈ ഫലം കാവേരീനമ്മദാസംഗമത്തിലുമുണ്ട്.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, യുധിഷ്ഠിര നാരദസംവാദം,
കാവേരീനാമ്മദാസംഗമമഹാത്മ്യകഥനം പഞ്ചാശദധികശതതമാധ്യായം.

——(o)——

ചതുർനവതിമോധ്യായം

നാരദൻ:—നമ്മദയുടെ വടക്കേക്കരയിൽ പുണ്യപ്രദേശമായ ഒരു തീർത്ഥമുണ്ട്; അതിൽ സ്നാനം ചെയ്യുവൻ അശ്വമേധഫലത്തോടുകൂടി ദേവകളോടൊപ്പം രമിയ്ക്കും. അവിടെനിന്നു ഗർജ്ജനത്തിൽ പോകണം; ഇവിടെ ഉപാസിച്ചിട്ടതുകൊണ്ടു മേഘനാദൻ ഈ തീർത്ഥത്തിന്റെ പ്രഭാവത്താൽ ഇന്ദ്രജിത്തെന്ന പേർ നേടിയതു്. പിന്നീടു മേഘത്തിനൊപ്പം ഗർജ്ജിയ്ക്കുന്ന മേഘരാവം പ്രാപിക്കണം; ഇവിടെവെച്ചാണു് മേഘനാദൻ എന്ന ഭ്രുതത്താൻ വേണ്ടുന്ന വരമൊക്കെ വാങ്ങിയതു്. അവിടെ നിന്നു ബ്രഹ്മാവിന്റെ നിത്യസാന്നിധ്യമുള്ള ബ്രഹ്മാവർത്തത്തിൽ ചെന്നെത്തണം; രാജേന്ദ്ര, അവിടെ സ്നാനം ചെയ്യാൽ ബ്രഹ്മലോകത്തു സുഖിയ്ക്കാം. പിന്നീടു അംഗാരേശ്വരതീർത്ഥത്തിൽ ചെന്നു് ഉപവസിയ്ക്കുന്നവൻ പാപമെല്ലാമൊഴിഞ്ഞു രുദ്രലോകമടയും. അവിടെ നിന്നു മികച്ച കപിലാതീർത്ഥത്തിൽ ചെന്നു സ്നാനം ചെയ്താൽ ഗോദാനഫലം കിട്ടും. പിന്നെ ദേവർഷിസേവിതമായ കാമ്പിതീർത്ഥം പുക്കു് സ്നാനം ചെയ്യുവൻ ഗോലോകമണയും. തദനന്തരം, പാർവതീപരമേശ്വരന്മാരുടെ നിത്യസാന്നിധ്യമുള്ള കണ്ഡലേശ്വരത്തു പോയി സ്നാനം കഴിച്ചുവൻ ദേവകൾക്കു പോലും അവധ്യനായിവരും. പിന്നീടു സർവപാപഹരമായ പിപ്പലേശ്വരത്തു ചെന്നാലോ? ശിവലോകത്തിൽ വസിക്കുമാറാകും. അവിടെനിന്നു, ശിവൻ രമ്യമായ ദേവശിഖയെ വീഴ്ത്തിയ വിമലേശ്വരത്തു പോകണം; അവിടെ വെച്ചു മരിച്ചുവന്നാൽ രുദ്രലോകം കിട്ടും. അതിൽപ്പിന്നെ പുണ്യതീർത്ഥിനിയിൽ

Digitized By Kerala Sahitya Akademi

കുന്ന സ്നാനം കഴിക്കുകമാത്രം ചെയ്യാൽ ഇന്ദ്രന്റെ അർദ്ധാസനം കിട്ടും.

ആദ്ദേഹത്തിൽനിന്നു പുറപ്പെട്ട നമ്മോടുചേർന്നുനടി സർവ്വലോകങ്ങൾക്കും ഉൽക്കൃഷ്ടഗതി വരുത്തുമെന്നു, ദേവദേവനായ പരമേശ്വരൻ മഹർഷിമാരോടും, വിശേഷിച്ച് എന്നോടും അരുളിച്ചെയ്തുകയുണ്ടായിട്ടുണ്ട്. ലോകഹിതത്തിനായി ആദ്ദേഹത്തിൽനിന്ന് അവതരിച്ച സർവ്വലോകനമസ്കൃതയായ നമ്മളാ മഹാനദിയെ മഹർഷിമാരും ദേവഗന്ധർവ്വാപ്സരസ്സുകളും പതിവായി സ്തുതിച്ചുപോരുന്നു:—

(ശ്ലോകങ്ങൾ)

'തൊഴാമാദ്യേ, പുണ്യതോയേ! തൊഴാം സാഗരഗാമിനി!
തൊഴാമുക്ഷിഗംഗാദ്യേ, പിനാകിതനുനിസ്സൃതേ!

നമോസ്തുതേ ധർമ്മഭൂതെ, വരാംഗനേ!
നമോസ്തുതേ ദേവഗണൈകവന്ദിതേ!
നമോസ്തുതേ സർവ്വപവിത്രപാവനേ!
നമോസ്തുതേ സർവജഗൽസുപൂജിതേ!'

ഈ സ്തോത്രം പതിവായി ശ്രദ്ധിയോടെ ചൊല്ലിയാൽ ബ്രാഹ്മണൻ വേദജ്ഞനും, ക്ഷത്രിയൻ വിജയിയും, വൈശ്യൻ ധനവാനും, ശൂദ്രൻ സൽഗതിമാനുമായി വരും; പതിവായി സ്തുതിക്കുകമാത്രം ചെയ്യാൽ, അന്നം വേണ്ടുന്നവന്ന് അന്നം കിട്ടും. മഹേശ്വരന്റെ നിത്യസാന്നിധ്യമുള്ളതിനാൽ നമ്മുടെ ബ്രഹ്മഹത്യയെപ്പോലും പോക്കുന്ന ഒരു പുണ്യനദിയത്രേ.

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിര വ്യാസസംവാദം,
നർമ്മദോത്തരകൂലചിരിധതീർത്ഥ വർണ്ണനം പതിനേഴാമധ്യായം.

———(o)———

പതിനെട്ടാമദ്ധ്യായം

നാരദൻ:—അനേകമുതൽ ബ്രഹ്മർഷികളും കാമക്രോധരഹിതരായ തപസ്വികളും നമ്മുടെ സേവിച്ചുപോരുന്നു. അവിടെ കരയുക ശൂലം വീണേടം ശൂലഭേദം എന്ന പുകഴ്ന്ന ഒരു മഹാ പുണ്യമാ

Digitized By Kerala Sahitya Akademi

യ തീർത്ഥത്തെ; അതിൽ സ്നാനംചെയ്തു ദേവനെ പൂജിച്ചാൽ ആയിരം പശുദാനത്തിന്റെ ഫലം കിട്ടും. ആ തീർത്ഥത്തിൽ മൂന്നു രാവുപവസിച്ചു മഹാദേവനെ ആരാധിച്ചാൽ പുനർജ്ജന്മം ഉണ്ടാകില്ല. പിന്നെ ഭീമേശ്വരം, നന്ദീശ്വരം, ഭദ്രിനാഥേശ്വരം, മല്ലികേശ്വരം, വരുണേശ്വരം എന്നീ അഞ്ചു ക്ഷേത്രങ്ങൾ ദർശിച്ചാൽ സർവതീർത്ഥഫലം കിട്ടും. അവിടെനിന്നു ബലഗർവിതരായ അസുരന്മാരെ പൊരുതിനിഗ്രഹിച്ച സ്ഥലമായ കോടിതീർത്ഥത്തിൽ പോകണം: കൊല്ലപ്പെട്ടവരുടെ തലകൊണ്ടു ഇന്ദ്രൻ കിട്ടും. അവർ അവിടെ ശൂലപാണിയെ പ്രതിഷ്ഠിച്ചിട്ടുണ്ട്; ഒരു കോടി അസുരരെ കൊന്നതിനാലാണ്, കോടീശ്വരം എന്ന പേർ. ആ തീർത്ഥം ദർശിച്ചാൽ ഉടലോടെ സ്വർഗ്ഗം പൂകാം. ഇന്ദ്രൻ ക്ഷുദ്രനിമിത്തം വജ്രകീലംകൊണ്ടു സാക്ഷിയിട്ടതുമുതൽക്കേ മനുഷ്യക്ക് സ്വർഗ്ഗതി തടയപ്പെട്ടതു് ശൂലപാണിക്കു നെയ്യും കുവളക്കായും നിവേദിച്ചു്, പ്രക്ഷിണം വെച്ചു 'പ്രസാദം' എടുത്തു തലയിൽ ചൂടിയാൽ, അവൻ പൂർണ്ണകാമനായി രാജാവായി ഭവിക്കും. അവിടെവെച്ചു മരിച്ചാൽ ശിവസാരൂപ്യം കിട്ടും; പിന്നെ ജനനമില്ല. തുലോശിനാഥം മഹാദേവനെ ഉപാസിച്ചു സ്നാനംചെയ്താൽ മതി സർവ്വയജ്ഞങ്ങളുടേയും ഫലം കിട്ടാൻ.

പിന്നെ അഗസ്ത്യേശ്വരം എന്ന പരമശിവനേമായ തീർത്ഥത്തിലേയ്ക്കു പോകണം. അവിടെ സ്നാനംചെയ്താൽ ബ്രഹ്മഹത്യ നീങ്ങും; കാർത്തികമാസത്തിലെ കൃത്തിക നക്ഷത്രത്തിൽ ഏകാഗ്രചിത്തനായി ജിതേന്ദ്രിയനായി ദേവനെ നെയ്യു കൊണ്ടു് അഭിഷേകം ചെയ്താൽ ഇരുപത്തൊന്നു തലമുറക്കാരോടുകൂടി ഈശ്വരപദത്തിൽ വാഴുമാറാകും. വാഹനം, ചെരുപ്പ്, കട, നെയ്യ്, സ്വർണ്ണം എന്നിവ നൽകുകയും ബ്രാഹ്മണനെ ഊട്ടുകയും വേണം; എല്ലാറ്റിനും കോടി മടങ്ങായിട്ടുള്ള ഫലം. രാജേന്ദ്ര, അവിടെനിന്നു ശ്രേഷ്ഠമായ തവിസ്സുവത്തിൽച്ചെന്നു സ്നാനം ചെയ്താൽ സിംഹാസനം കിട്ടും.

നർമ്മദയുടെ തെക്കേക്കരയിൽ, പ്രസിദ്ധമായ ചക്രതീർത്ഥത്തിൽ കളിച്ചു് ഒരു രാവുപവസിച്ചു ജനാർദ്ദനനെ ശരിയ്ക്കു പൂജിക്കുന്നവൻ ആയിരം പശുദാനത്തിന്റെ ഫലം നേടി വിഷ്ണുലോകമടയും. അ

Digitized By Kerala Sahitya Akademi

വിടെനിന്നു സർവപാപഹരമായ ഋഷിതീർത്ഥത്തിൽച്ചെന്നു സ്നാനം ചെയ്താൽ ശിവലോകത്തു വാഴുമാറാകും. അവിടെത്തന്നെയുള്ള പരമേശ്വരനേമായ നാരദതീർത്ഥത്തിൽ സ്നാനംചെയ്താൽ ആയിരം പുണ്ഡരീകസ്നാനത്തിന്റെ ഫലം കിട്ടും. പിന്നെ, പണ്ടു ബ്രഹ്മാവിനാൽ നിർമ്മിക്കപ്പെട്ട ദേവതീർത്ഥത്തിൽ പോയി കുളിച്ചാൽ ബ്രഹ്മലോകത്തു സുഖിക്കാം. അവിടെനിന്ന്, പണ്ടു് അമരന്മാരാൽ വിരചിതമായ അമരകണ്ടകത്തിൽപോയി കുളിച്ചാൽ ആയിരം പുണ്ഡരീകസ്നാനത്തിന്റെ ഫലം കിട്ടും. പിന്നിട്ട ശ്രേഷ്ഠമായ വാമനേശ്വരത്തേയ്ക്കു പോകണം; അവിടത്തെ ക്ഷേത്രം ദർശിച്ചാൽ മതി ബ്രഹ്മഹത്യ നീങ്ങാൻ. പിന്നെ ഈശാനേശ്വരത്തു പോകണം. അവിടെനിന്നു വടേശ്വരനെ ചെന്നു ദർശിച്ചാൽ ജന്മം സഫലമായി! തദനന്തരം സർവരോഗങ്ങളേയും അകറ്റുന്ന ഭീമേശ്വരം പ്രാപിയ്ക്കുക; അവിടെ സ്നാനം ചെയ്താൽ ഏതു ദുഃഖവും ശമിയ്ക്കും. പിന്നെ ശ്രേഷ്ഠമായ വാരണേശ്വരത്തു പോയി സ്നാനം ചെയ്യണം. അവിടെനിന്നു സോമതീർത്ഥത്തിൽ ചെന്നെത്തി പരമഭക്തിയോടെ സ്നാനംചെയ്തു ചന്ദ്രനെ തൊഴുതാൽ മനുഷ്യൻ തൽക്ഷണം തന്നെ ദിവ്യദേഹം നേടി, അനുപമിനായിരം കൊല്പം ശിവലോകത്തു ശിവനെപ്പോലെ സുഖിച്ചുവാഴും. പിന്നെ പിംഗലേശ്വരത്തു ചെന്നു് കന്നാൽ ഉപവസിച്ചാൽ ത്രിരാത്രഫലം കിട്ടും; ആ തീർത്ഥത്തിൽവെച്ചു് ഒരു പുണ്ഡരീകദാനം ചെയ്താൽ, അതിനേറയും തൽ സന്താനങ്ങളുടേയും മേൽ എത്ര രോമമുണ്ടോ അത്ര ആയിരം കൊല്പം ശിവലോകത്തു പൂജിക്കപ്പെടും; അവിടെവെച്ചു മരിച്ചാൽ, സൂര്യചന്ദ്രന്മാരുള്ളേടത്തോളം കാലം സുഖിക്കാം. നർമ്മദാതീരത്തിൽ വസിയ്ക്കുന്നവക്കൊക്കെ മരിച്ചാൽ സുകൃതികർക്കൊപ്പം സദ്ഗതി കിട്ടും.

പിന്നെ സുരഭികേശ്വരം, നാഗകേശ്വരം, കോടികേശ്വരം എന്നിവിടങ്ങളിൽ പോകണം. കോടികേശ്വരത്തു ഗംഗാവതരണത്തിൽ ഉപവാസം പുണ്യമാകുന്നു. അവിടെനിന്നു നന്ദിതീർത്ഥത്തിൽ ചെന്നുകുളിച്ചാൽ നന്ദികേശ്വരൻ പ്രസാദിയ്ക്കും; സോമലോകത്തു സുഖിയ്ക്കുമാറാകയും ചെയ്യും. പിന്നെ ഭീമേശ്വരം; പിന്നെ വ്യാസതീർത്ഥം. ഇവിടെവെച്ചുതന്നെ മഹാനദി വ്യാസന്റെ ഉള്ളംകൈകൊണ്ടു പേടിച്ചു പിൻവാങ്ങി, ക്ഷിണഭാഗത്തുടേ നടകൊണ്ടതു്. ആ തീർത്ഥം വലത്തുവെച്ചാൽ വ്യാസൻ പ്രസാദിച്ചു വാഞ്ഛിതം നൽകും.

Digitized By Kerala Sahitya Akademi

ദിപ്പുനായ ദേവനേയും വേദിമേയും തൃക്കൊണ്ട് വേഷ്ടനംചെയ്യുന്നവനാകട്ടെ, എന്നെന്നും തൃക്കനപ്പോലെ വിഹിതിയ്ക്കും. മഹാരാജാവേ, പിന്നീട് ഏഴാണ്ഡീതീർത്ഥം പുണ്യ സംഗമത്തിൽ സ്നാനംചെയ്താൽ സർവ്വപാപങ്ങളും നശിക്കും. മുപ്പാർലും പുകഴ്ന്ന പാപനാശിനിയാണ് ഏഴാണ്ഡി. അവിടെ ആശ്വിനമാസത്തിലെ വെളുത്ത അഷ്ടമിനാളിൽ സ്നാനം ചെയ്തു ശുദ്ധനായി ഉപവസിച്ച്, ഒരു ബ്രാഹ്മണനെ ഊട്ടിയാൽ കോടി ബ്രാഹ്മണരെ ഊട്ടിക്കഴിഞ്ഞു. ഏഴാണ്ഡീനാമകം കുടിയേറിയനേടത്തു വെള്ളത്തിലിറങ്ങി, മണ്ണെടുത്തു തലയിൽ വെച്ചു പ്രകൃതിശുദ്ധകളോടേ സ്നാനംചെയ്താൽ ഏഴുജന്മവും വിട്ടൊഴിയും. ആ തീർത്ഥത്തെ വലത്തുവെച്ചുവന്ന് ഏഴുപടിപുള്ള ഭൂമിയെ വലത്തുവെച്ചുകഴിഞ്ഞു.

പിന്നീട് സുവർണ്ണതിലകത്തിൽ കളിച്ചു സ്വർണ്ണദാനംചെയ്തവൻ ശിവലോകത്തു സ്വർണ്ണവിമാനത്തിൽ വാഴും. അവടെനിന്നു ഭൂമിനായാൽ, ഒരു വീരനായ രാജാവായി ജനിയ്ക്കുകയും ചെയ്യും. അവിടെനിന്ന് ഇക്ഷുനദീസംഗമത്തിൽ പോകണം. ത്രിഭുവനപ്രസിദ്ധമായ അതിങ്കൽ ശിവൻ വാണരുളുന്നു; അവിടെ സ്നാനംചെയ്ത മനുഷ്യൻ ഗണത്തലവനായിത്തീരും. പിന്നീട് സ്കന്ദതീർത്ഥത്തിൽ ചെന്നു സ്നാനംചെയ്താൽ, ജനനംമുതൽക്കുള്ള പാപമെല്ലാം നീങ്ങും. അവിടെനിന്നു അംഗരിസതീർത്ഥം പുക്കു സ്നാനം ചെയ്യുക; അതായിരം പ്രാഹ്മണാനത്തിന്റെ ഫലം നേടി ശിവലോകത്തു സുഖിയ്ക്കാം. പിന്നെ ക്രമാവലീതീർത്ഥത്തിൽ ചെന്നു കളിച്ചാൽ ഏഴു ജന്മങ്ങളിലെ പാപങ്ങളും വിട്ടൊഴിയും. അവിടെനിന്നു വടേശ്വരതീർത്ഥത്തിൽ പോവുക; അതിൽ കളിച്ചാൽ ആയിരം പ്രാഹ്മണാനത്തിന്റെ ഫലം കിട്ടും. പിന്നെ സംഗമേശ്വരം; എല്ലാപാപവും അതിൽ സ്നാനം ചെയ്താൽ അറുതിപ്പെടും. ഭദ്രതീർത്ഥത്തിൽ കളിച്ചു വല്ലോനവും ചെയ്താൽ അതിന്റെ ഫലം കോടിഗോക്കളായിരിക്കും. കാളീതീർത്ഥത്തിൽ ഒരു സ്ത്രീ സ്നാനം ചെയ്യുന്നതായാൽ അവൾ രുദ്രപത്നിയായ ഗൌരിയ്ക്കു തുല്യയായിച്ചമയും. അംഗാരേശ്വരത്തു സ്നാനം ചെയ്യുന്ന മനുഷ്യൻ രുദ്രലോകത്തു പൂജിക്കപ്പെടും. അതിൽ അംഗാരകചതുർത്ഥിനാളിൽ സ്നാനം ചെയ്യുവൻ അനവധികാലം ആയുസ്സു നടത്തി സുഖിച്ചിരിക്കും. അയോനിസംഗമത്തിൽ സ്നാനംചെയ്താൽ, പുനർജ്ജന്മമുണ്ടാകില്ല. പാണ്ഡവേശ്വരത്തു സ്നാനം ചെയ്യുവൻ ദേവാസുര

Digitized By Kerala Sahitya Akademi

ന്മാക്കുപോലും അവധ്യനായി അനവധികാലം സുഖിക്കും; പിന്നെ വിഷ്ണുലോകം പ്രാപിച്ചു മഹാഭോഗങ്ങളും ഭുജിച്ചിട്ട്, ഭൂമിയിൽ രാജാവായി പിറക്കും.

പിന്നീട് കുബ്ജോതികേശ്വരത്തു പോയി ഉത്തരായണത്തിൽ സ്നാനം ചെയ്താൽ അഭീഷ്ടമൊക്കെ സാധിക്കും. അവിടെ നിന്നു ചന്ദ്രഭാഗയിൽ ചെന്നു കളിക്കുന്നവൻ ചന്ദ്രലോകത്തു പൂജിക്കപ്പെടും. പിന്നെ, ദേവരാജനാലും ദേവകളാലും പൂജിതമായ ശക്രതീർത്ഥത്തിൽ പോയി കളിച്ചു സപ്തമം ദാനം ചെയ്യണം; കറുത്ത കാളയെ ദാനം ചെയ്യുന്നതായാൽ, അതിനും തത്സന്താനങ്ങൾക്കും എത്ര രോമമുണ്ടോ, അത്ര ആയിരം കൊല്ലം ഇന്ദ്രലോകത്തിൽ വസിക്കാം; അവിടെനിന്നു പോന്നാൽ ആ തീർത്ഥത്തിന്റെ മഹിമയാൽ ഒരു വീര്യശാലിയായ രാജാവായി, അനേകായിരം വെള്ളക്കുതിരകൾക്കധിപതിയായി വരും. പിന്നെ ബ്രഹ്മാവർത്തത്തിൽ പോകണം. അവിടെ കന്നിമാസത്തിൽ സ്നാനം ചെയ്ത്, ഒരു രാവുപവസിച്ചു പിതൃദേവകളെ പിണ്ഡം വെച്ചു തൃപ്തിപ്പെടുത്തിയാൽ, അതു് അക്ഷയമായിരിക്കും. അവിടെ നിന്നു ഉത്തമമായ കപിലാതീർത്ഥത്തിൽ പോയി കളിച്ചു ഒരു പശുവിനെ ദാനം ചെയ്താൽ, ഭൂമിമുഴുവൻ കൊടുത്തഫലം കിട്ടും. നമ്മുടേശ്വരം പോലുള്ള ഒരു തീർത്ഥം ഉണ്ടായിട്ടില്ല, ഉണ്ടാകയുമില്ല; അതിൽ സ്നാനം ചെയ്യുവൻ അശ്വമേധഫലം നേടി സപ്തർഷി പ്രാപിച്ചിട്ട്, ഭൂമിയിൽ ലക്ഷണംതികഞ്ഞു് ആരോഗ്യശാലിയായ ഒരു രാജാവായി പിറക്കും.

നമ്മുടെയുടെ വടക്കേക്കരയ്ക്കു് ഈശ്വരദത്തമായ ആദിത്യായതനം എന്നൊരു പുണ്യതീർത്ഥമുണ്ടു്. അതിൽ കളിച്ചു യഥാശക്തി വല്ലതും ദാനംചെയ്യുന്നതു് അക്ഷയമായിരിക്കും; ദരിദ്രർ, രോഗികൾ, ദുഷ്കൃതകാരികൾ എന്നിവർ ആ തീർത്ഥത്തിന്റെ മാഹാത്മ്യത്താൽ പാപമെല്ലാമൊഴിഞ്ഞു് സൂര്യലോകം പ്രാപിക്കുകയും ചെയ്യും. മാഘമാസത്തിലെ ശുക്ലാഷ്ടമിയിൽ അവിടെ ജിതേന്ദ്രിയനായി ഉപവാസം ചെയ്യുവൻ ആന്ധ്യം ബാധിര്യം മൂകത്വം തുടങ്ങിയ രോഗമൊന്നും ഉണ്ടാകാതെ, സുഭഗനും സുന്ദരനും സ്ത്രീകൾക്കു പ്രിയപ്പെട്ടവനുമായ് ഭവിക്കുമെന്നു. മഹാപുണ്യമെന്നു മാർക്കണ്ഡേയൻ സ്തുതിച്ചുപറഞ്ഞ ഈ തീർത്ഥത്തിൽ പോകാത്തവർ തീർച്ചയായും ദാരിദ്ര്യാദികൾ തന്നെ അവിടെ നിന്നു മാസേശ്വരത്തു പോയി സ്നാനം ചെയ്താൽ, പതിന്നാ

Digitized By Kerala Sahitya Akademi

ലിന്റെമാത്തെ കാലം മുഴുവൻ സ്വർഗ്ഗത്തിൽ സുഖിക്കാം. അതിന്നടുക്കലുള്ള നാഗേശ്വരത്തു ശ്രുപിയായി സത്രയാഗം സ്നാനം ചെയ്യുവൻ അനേകം നാഗകന്യകമാരോടൊന്നിച്ച് അനവധികാലം രമിക്കും. അവിടെ നിന്നു, കബേരൻ വസിക്കുന്ന കാലോദകപുണ്യതീർത്ഥത്തിൽ പോയി സ്നാനം ചെയ്താൽ സർവ്വസമ്പത്തുകളും ലഭിക്കും. അതിന്നു പടിഞ്ഞാറു മാതൃതാലയത്തിൽ ചെന്നു ശ്രുപിയായി സത്രയാഗം സ്നാനം ചെയ്തു പൊന്നും ചോറും ദാനം ചെയ്താൽ, പുഷ്പകവിമാനത്തിലേറി വായുലോകം പ്രാപിക്കാം. യുധിഷ്ഠിര, യമതീർത്ഥത്തിൽ മാഘമാസ കൃഷ്ണചതുർദ്ദശിനാളിൽ സ്നാനം ചെയ്തു ഒരിക്കലുണ്ടാൽ പുനർജ്ജന്മമുണ്ടാകില്ല. അവിടെ നിന്നു, അഹല്യ തപസ്സു ചെയ്ത മുക്തിനേടിയ അഹല്യാതീർത്ഥത്തിൽ ചെന്നു സ്നാനം ചെയ്യുവൻ അപ്സരസ്സുകളോടൊരുമിച്ചു രമിക്കും. വൈത്രമാസ ശുക്ലത്രയോദശിയാകുന്ന കാമദേവദിനത്തിൽ അഹല്യയെ പൂജിച്ചുവൻ ഏതു ജാതിയിൽ പിറന്നാലും മറെറാരു കാമദേവനെപ്പോലെ സ്ത്രീകൾക്കു പ്രിയപ്പെട്ടവനായിരിക്കും.

അയോദ്ധ്യയിൽ ചെന്നു വിശ്രുതമായ ശക്രതീർത്ഥത്തിൽ സ്നാനംചെയ്താൽ, അശ്വമേധയാഗത്തിന്റെ ഫലം കിട്ടും. അവിടെ നിന്നു സോമതീർത്ഥത്തിൽ പോയി കുളിച്ചാൽ പാപമെല്ലാം നീങ്ങും; സോമഗ്രഹണത്തിൽ സ്നാനത്തിന്നു വളരെയധികം ഫലമുണ്ട്. സോതീർത്ഥത്തിൽ വെച്ചു ചാന്ദ്രായണം അനുഷ്ഠിക്കുന്നവൻ സർവ്വപാപനിർമ്മുക്തനായി സോമലോകം പ്രാപിക്കും. തീയിൽച്ചാടിയോ, വെള്ളത്തിൽ മുങ്ങിയോ, ഉപവസിച്ചോ സോമതീർത്ഥത്തിൽ വെച്ചു മരിച്ചാൽ, അവൻ പിന്നെ മനുഷ്യലോകത്തിൽ ജനിക്കുകയില്ല. പിന്നെ സൂര്യതീർത്ഥത്തിൽ പോകണം; അവിടെ സ്നാനം കഴിച്ചാൽ സോമലോകത്തു സുഖിക്കാം. അവിടെ നിന്നു, വർഷ്ണ അസംഖ്യം അസുരന്മാരോടു യുദ്ധം ചെയ്തുണ്ടായ യോധനിപുരത്തിലെ വിഷ്ണുതീർത്ഥത്തിൽ ചെന്നെത്തണം; അവിടെ ഒരിവസം ഉപവസിച്ചാൽ വിഷ്ണു പ്രസാദിക്കും; ബ്രഹ്മഹത്യപോലും വിട്ടൊഴിയും. പിന്നെ അശോകം എന്ന താപനശ്വരത്തുപോയി, വിശേഷിച്ചും വൈശാഖത്തിൽ പൌർണ്ണമാസിയിലോ അമാവാസിയിലോ, വെള്ളത്തിൽ നിൽപുമുണ്ടു ഞാനപ്പാറകളിൽ പിതൃക്കർമ്മങ്ങൾ കഴിച്ചു പിണ്ഡംവെച്ചാൽ പൂർവ്വന്മാരെയെല്ലാം പിതൃക്കർമ്മം തൃപ്തിയേയും. അവിടെനിന്നു സിദ്ധേശ്വരത്തു

Digitized By Kerala Sahitya Akademi

പായി കളിച്ചാൽ ഗണേശലോകം കിട്ടും. പിന്നെ ജനാർദ്ദനലിംഗത്തിൽചെന്നു സ്നാനം ചെയ്യുവൻ വിഷ്ണുലോകത്തു പൂജിക്കപ്പെടും.

നമ്മയുടെ തെക്കേത്തീരത്തു കുസുമേശ്വരം എന്നൊരു മഹാപുണ്യതീർത്ഥമുണ്ട്: അവിടെ, മഹാത്മാവായ മുഞ്ജനാൽ സമാധിചെയ്തിൽ ദഹ്നനായ കാമദേവനും, ശ്വേതപർവ്വത്തിൽ ദഹ്നനായ മന്മഥനും, ശുക്ലപർവ്വത്തിൽ ദഹ്നനായ അഗ്നിയും അതിഘോരമായ ദിവ്യവർഷം ശങ്കരനെ ഉപാസിച്ചു തപം ചെയ്തുകയുണ്ടായി. അവർക്കെല്ലാം പാർവ്വതീസഹിതനായ പരമേശ്വരൻ പ്രസാദിച്ചു വരം നൽകുകയും, നമ്മദാതീരസ്ഥരായ അവർ ആ തീർത്ഥത്തിന്റെ മഹിമയാൽ മുക്തി നേടി വീണ്ടും ദേവതാപദവിയടയുകയും ചെയ്തു. മഹാദേവപ്രസാദത്താൽ അതു ഒരു മികച്ച തീർത്ഥമായും ഭവിച്ചു. അരയോജന ചുറളവുള്ള ആ തീർത്ഥത്തിൽ സ്നാനംചെയ്യുവാഞ്ഛിക്കുന്നവൻ കുസുമായുധനെക്കാൾ സൌന്ദര്യം നേടി ശിവലോകത്തു സുഖിക്കും. അന്ധോനത്തിനു അധികം അകലത്തല്ലാത്ത സ്ഥലത്താണ് സ്നാനവും ദാനവും ഉയർന്ന പിണ്ഡംവെപ്പും വേണ്ടതു്. അരയോജനയ്ക്കുള്ളിൽ അഗ്നിജ്വാലാശങ്കയാൽ മരണമടയുന്നവനും പുനരാവൃത്തിയില്ല. പുരുഷനോ സ്ത്രീയോ ഉത്തരായണകാലത്തു് അതിൽ സ്നാനം ചെയ്തു ക്ഷേത്രത്തിൽ ഉപവസിച്ചു കുസുമേശ്വരനെ പ്രഭാതത്തിൽ പൂജിച്ചാൽ ഏതു മഹായജ്ഞം കൊണ്ടും സാധിക്കാത്ത സൽഗതി കിട്ടും.

ക്ഷേത്രപാലനേയും മഹാബലനായ ഭണ്ഡപാലനേയും ശ്രീകരത്തു്. കർണ്ണകുണ്ഡലദർശനം ചെയ്യുന്നതാൽ തീർത്ഥയാത്രാഫലം ലഭിക്കുകയും ചെയ്യും.

ശ്രീപരമേശ്വരപുരാണം, രേവാഖണ്ഡം, യുധിഷ്ഠിരനാരദസംവാദം
തമ്മദാക്ഷിണകൂലതീർത്ഥമാഹാത്മ്യവർണ്ണനം പതിനെട്ടാമധ്യായം

——(o)——

Digitized By Kerala Sahitya Akademi

പത്തൊമ്പതാം അദ്ധ്യായം

നാരദൻ:—അവിടെനിന്നു, വിഷ്ണുദേവൻ മുമ്പുകാരണംകൊണ്ടുതന്നെ ദേവന്മാരെ സൃഷ്ടിച്ച ശുക്രതീർത്ഥത്തിലേയ്ക്കു പോകണം. അതിൽ ഭക്തിപൂർവ്വം സ്നാനം ചെയ്താൽ പാപരഹിതമാക്കയും വേർപെടും. പാണ്ഡുനന്ദനാ, ശുക്രതീർത്ഥത്തിന്റെ ഉൽപത്തിയും കേട്ടുകൊൾക:

നാനാധാതുവിചിത്രിതവും, ഇളംകതിരവന്റെ സന്ധ്യപോലെ തങ്കനിറത്തിൽ വിളങ്ങുന്നതും, വജ്രസ്ഫടികസോപാനങ്ങൾ—വിചിത്രങ്ങളായ പാറപ്പുറങ്ങൾ—പലതരം പുഷ്പങ്ങൾ എന്നിവകൊണ്ടു മനോഹരവും ദിവ്യവുമായ ഹിമവാന്റെ പൊന്നിൻകൊടുമുടിമേൽ, സുന്ദരനന്ദമഹാകാളവിരളോദിഗണത്തലവന്മാരാൽ പരിപൂജിതനായി പാർവ്വതിയോടൊന്നിച്ചു വാണരുളുന്ന ലോകാനുഗ്രഹകനായ സർവ്വജ്ഞസ്വാമിയോടു മാർക്കണ്ഡേയൻ ഉണർത്തിച്ചു:—ദേവദേവ, ബ്രഹ്മാവും വിഷ്ണുവും ഇന്ദ്രനും സ്തുതിക്കുന്ന മഹാദേവ, സംസാരഭീതനായ എനിക്കു സുഖോപായം ഉപദേശിച്ചുതന്നാലും: ഭൂതഭവ്യേശനായ ഭവാനേ, തീർത്ഥങ്ങളിൽവെച്ചു സർവപാപഹരമായ ശ്രേഷ്ഠതീർത്ഥം ഏതെന്നരുളിച്ചെയ്യുക.'

ശിവൻ:—'സർവശാസ്ത്രജ്ഞനായ ബ്രഹ്മണ, ഭവാൻ മഹർഷിമാരോടുകൂടിപോയി സ്നാനവും മറ്റും കഴിക്കുക. മനു, അത്രി, യാജ്ഞവല്ക്യൻ, കാശ്യപൻ, അംഗിരസ്സ്, യമൻ, ആപസ്തംബൻ, സംവർത്തൻ, കാത്യായനൻ, ബൃഹസ്പതി, നാരദൻ, ഗൌതമൻ എന്നിവരും ധർമ്മം ചോദിക്കുന്നുണ്ട്.

ഗംഗയും കനഖലത്തിൽ പുണ്യതകൂടും; പ്രയാഗം, പുഷ്കരം, ഗയ, കുരുക്ഷേത്രം എന്നിവയും സൂര്യഗ്രഹണത്തിൽ പുണ്യതകൂടും. ശുക്രതീർത്ഥമാകട്ടെ പകലും രാത്രിയും ഒരുപോലെ മഹാഫലപ്രദമാകുന്നു. ദർശനം, സ്പർശനം, സ്നാനം, ധ്യാനം, തപസ്സ്, ഹോമം, ഉപവാസം എന്നിവയെല്ലാംകൊണ്ടും വമ്പിച്ച ഫലം ശുക്രതീർത്ഥത്താൽ നല്കപ്പെടുന്നു. നമ്മുടെ സന്നിഹിതമായ ശുക്രതീർത്ഥം മഹാപുണ്യമാകുന്നു. ചാണക്യൻ എന്ന രാജർഷി സിദ്ധിയടിയതിനാലത്രേ അതിനു

Digitized By Kerala Sahitya Akademi

ജനപൂർണ്ണമായുള്ള ഈ ക്ഷേത്രം ഉണ്ടായത്. ശുക്രതീർത്ഥത്തിലെ ഒരുവൃക്ഷത്തിന്റെ തലകണ്ടാൽമതി ബ്രഹ്മഹത്യപോലും നീങ്ങാൻ. മഹർഷേ, ഞാനും പാർവ്വതിയും അവിടെ വസിയ്ക്കുന്നുണ്ട്: വൈശാഖകൃഷ്ണചതുർദ്ദശിയിൽ ഞാൻ കൈലാസംപോലും വെടിഞ്ഞു് അവിടെ സന്നിഹിതനാകും; ദേവഗന്ധർവ്വകിന്നരസിദ്ധവിദ്യാധരന്മാരും, ഗണങ്ങളും അപ്സരസ്സുകളും സർവ്വകാമസമൃദ്ധങ്ങളായ വിമാനങ്ങളിലൂടെ വന്നു പുണ്യത്തിന്നായി ശുക്രതീർത്ഥത്തിന്റെ തീരത്തു കാശത്തു നിലക്കും. അലക്ഷ്മീകരൻ വസ്ത്രത്തെ എന്നപോലെ, ശുക്രതീർത്ഥം മനുഷ്യനെ നമ്മ്വീകരിയ്ക്കുന്നു. ജനനം മുതൽക്കേ ഉള്ള പാപവൃന്ദത്തെ ശുക്രതീർത്ഥം നശിപ്പിയ്ക്കും. അതിൽ സ്നാനവും ദാനവും അതിപുണ്യമാകുന്നു. ശുക്രതീർത്ഥംപോലെ ഒരുതീർത്ഥം ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല.'

ഒരു ദിവസം ശുക്രതീർത്ഥത്തിൽ ഉപവസിച്ചാൽ മനുഷ്യന്നു മുൻചെയ്ത പാപമെല്ലാം നശിക്കും. തപസ്സ്, ബ്രഹ്മചര്യം, യജ്ഞം, ദാനം, ജപസംഖ്യം ക്രതുക്കൾ എന്നിവകൊണ്ടാണ്ടാനും ഇത്രയുണ്ടം കിട്ടുകയില്ല. കാർത്തികമാസത്തിലെ കറുത്ത പതിന്നാലിൽ ഉപവസിച്ചു പരമേശ്വരനെ നെയ്യഭിഷേകം ചെയ്യുവൻ ഇരുപത്തൊന്നു തലമുറക്കാരോടുകൂടി ഇരുപത്തൊന്നു കല്പത്തിൽ വാഴും. ഋഷികളും സിദ്ധന്മാരും സേവിയ്ക്കുന്ന ശുക്രതീർത്ഥത്തിൽ സ്നാനം ചെയ്താൽ രണ്ടാമതു ജനിയ്ക്കേണ്ടിവരില്ല. ശുക്രതീർത്ഥത്തിൽ കളിച്ചു വൃക്ഷരൂപിയായ പൂജിയ്ക്കുക; രാത്രിയിൽ പാട്ടും കൂത്തും മറ്റുമായി ഉറക്കമിളയ്ക്കുക; രാവിലെ വീണ്ടും സ്നാനംകഴിച്ചു ശുചിയായി ശിവഭക്തനായ പുണ്ഡരീകനെ ബ്രഹ്മശക്തി പിശുക്കെ പിടിയ്ക്കുവാൻ ഉഴറുക; പിന്നെ ഭക്ഷിണവെച്ചു പാദത്തെ ദേവസമീപത്തുചെല്ലുക. ഇങ്ങിനെ ചെയ്യുന്നവൻ ദിവ്യയാനത്തിൽകേറി, അപ്സരസ്സുകളാൽ സ്തുതിക്കപ്പെട്ടുകൊണ്ടു, പ്രളയംവരെ ശിവതുല്യനായി വാഴും. ശുക്രതീർത്ഥത്തിൽ ഒരു സ്ത്രീ സപർണ്ണമാസംചെയ്തു ശിവനേയും കുമാരനേയും നെയ്യുകൊണ്ടഭിഷേചിച്ചു പൂജിച്ചാൽ, അവർ പതിനാലിന്ദ്രന്മാരുടെ കാലംമുഴുവൻ ദേവലോകത്തിൽ വിഹരിയ്ക്കും. അയനം, ചതുർദ്ദശി, സംക്രാന്തി, വിഷുവം ഇവ ജിതേന്ദ്രിയനായി നോറ്റു സ്നാനവും, 'ഹരിഹരന്മാർ പ്രസാദിക്കട്ടേ' എന്നു പ്രാർത്ഥിച്ചു യഥാശക്തി ദാനവും ചെയ്താൽ, അതൊക്കെ അക്ഷയമായിരിക്കും. അനാഥനോ ഭിക്ഷുവോ, സന്ന്യാസൻ തന്നെയോ ആയ ബ്രാഹ്മണനെ

Digitized By Kerala Sahitya Akademi

ശുക്രതീർത്ഥത്തിൽവെച്ചു ദേവർഷി ചോദിച്ചാൽ, അവനും തൽക്ഷണജ്ഞാനമുദിക്കും എത്രയോമമുണ്ടോ അത്ര ആയിരംകൊല്ലം ശിവലോകത്തു സുഖിക്കുമാറാകും.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരനാരദസംവാദേ, ശുക്രതീർത്തമാഹാത്മ്യകഥനം പരത്താമ്പതമധ്യായം.

—[o]—

ഇരുപത്താമദ്ധ്യായം

നാരദൻ:—അവിടെനിന്നു നരകം എന്ന തീർത്ഥത്തിൽ പോകണം. നരകത്തിൽ സ്നാനംചെയ്യുവൻ നരകം കാണുകിലുമില്ല. ആ തീർത്ഥത്തിൽ അസ്ഥി നിക്ഷേപിച്ചാൽപാപമെല്ലാം നശിയ്ക്കും. പിന്നെ ഗോതീർത്ഥം പൂകുക; അതു കണ്ടാൽത്തന്നെ പാപമോചനമായി. അവിടെ നിന്നു് ഉത്തമമായ കപിലാതീർത്ഥത്തിൽ പോകണം. അതിൽ സ്നാനംചെയ്താൽ ആയിരം പശുദാനത്തിന്റെ ഫലം കിട്ടും. വിശേഷിച്ചും, ജ്യേഷ്ഠമാസത്തിലെ ചതുർദ്ദശി നോറ്റു്, നെയ്യു പിള്ളക്കുവെച്ചു ശിവന്നു നെയ്യഭിഷേകം കഴിച്ചു് നെയ്യും ക്രുവളകയും നിവേദിച്ചു, ബ്രാഹ്മണന്നു ദക്ഷിണംവെച്ചു, കടമണിയുണ്ണിഞ്ഞു പത്നിയെ ദാനംചെയ്യുവൻ ശിവതുല്യനായിവരും; വീണ്ടും ജനിക്കുകയില്ലതാനും. അംഗാരക ചതുർത്ഥിയിൽ ശിവന്നഭിഷേകം ചെയ്തു ബ്രാഹ്മണരെ ഊട്ടുന്നതും മുഖ്യമാണു്. അംഗാരകനവമിയിലോ അമാവാസിയിലോ ശിവലിംഗത്തെ നെയ്യുകൊണ്ടഭിഷേചിച്ചു കേതകീപൂവും ബ്രാഹ്മണരെ പൂജിയ്ക്കുന്നവൻ സുന്ദരനായി സുഗന്ധനായി, അസംഖ്യം സ്ത്രീകളാൽ ചുറ്റപ്പെട്ട പുഷ്പകവിമാനത്തിലൂടേ ശിവലോകം പ്രാപിച്ചു ശിവനെപ്പോലെ വളരെ വളരെക്കാലം സുഖിച്ചുവാഴും; പുണ്യം ക്ഷയിച്ചു ഭൂമിയിലേയ്ക്കു പോന്നാൽ ധർമ്മിഷ്ഠനും ബലിഷ്ഠനും സുന്ദരനുമായ ഒരു രാജാവാകയും ചെയ്യും.

അവിടെനിന്നു്, ശംഖപാലമഹർഷിയുടെ തപസ്സിലിരുന്ന പാപമോചനം നേടിയ ഋഷിതീർത്ഥത്തിലേയ്ക്കു പോകണം.

Digitized By Kerala Sahitya Akademi

പിന്നെ ഗണേശ്വരത്തു ചെന്നു ത്രോവണ കുണ്ഡചതുർദ്ദശിയിൽ സ്നാനം ചെയ്തു പിതൃക്കളെ തൃപ്തിപ്പിച്ചാൽ കടം മൂന്നാവീടി ശിവലോകത്തു വാഴുമാറാകും. ഗണേശ്വരത്തിനടുക്കലുള്ള ഗംഗാമുഖത്തിൽ വേണ്ടി യോ വേണ്ടാതേയോ സ്നാനംചെയ്യുന്നു ജനിച്ചുമുതൽക്കുള്ള പാപ മെല്ലാം നിങ്ങു; സംശയമില്ല. വിശേഷിച്ചു വസന്തത്തിൽ അവിടെ സ്നാനംചെയ്തു പിതൃക്കളെ തൃപ്തിപ്പിച്ചാൽ കടംമൂന്നും വീട്ടും: പ്രയാഗത്തി ലെ പുണ്യഫലം മുഴുവൻ ഗംഗാമുഖത്തിലുണ്ടെന്നു ശിവൻ അരുളി ച്ചെയ്തിരിയ്ക്കുന്നു. അതിനുപിന്നാലെ അംഗിരം അകലത്തല്ലാതെ ശോശ്വമേധം എന്നൊരു പ്രസിദ്ധതീർത്ഥമുണ്ട്. അതിൽ, കുരുവൃപ വസിച്ച പ്രോഷ്ഠപദത്തിലെ കറുത്ത വാവിൻനാൾ സ്നാനംചെയ്യുവൻ ശിവലോകമടയും; വിശേഷിച്ചു വസന്തത്തിൽ കളിച്ചു പിണ്ഡംവെച്ചാൽ അശ്വമേധഫലം കിട്ടും.

ശോശ്വമേധത്തിനു പടിഞ്ഞാറുഭാഗത്തു ഭൃഗു എന്ന ബ്രഹ്മ ണശ്രേഷ്ഠൻ ഒരായിരം ദിവ്യവർഷം ശിവനെ സേവിച്ചിരുന്ന മൺ പുററിനുള്ളിലായപ്പോയി. അതുകണ്ടിട്ടു ആശ്ചര്യപ്പെട്ട പാർവ്വതി പരമേശ്വരനോടു ചോദിച്ചു:—'ഹേശ്വര, ആരാണ് ഈ ഇരിയ്ക്കുന്നതു? ദേവനോ, അസുരനോ? പറഞ്ഞാലും.''

ശിവൻ:—'പ്രിയേ, ഋഷികളിൽവെച്ചു മികച്ച ഋഷിയായ ഭൃഗു എന്ന ബ്രഹ്മശ്രേഷ്ഠനാണിത്; വരം കിട്ടുവാനായി എന്നെ ധ്യാനിച്ചു സമാധിയിലിരിയ്ക്കയാണ്.'

ദേവി പുഞ്ചിരിച്ചൊണ്ടു ഭഗവാനോടു മറുപടിപറഞ്ഞു:—'കുട്ടി പുകപോലായിരിയ്ക്കുന്നു. എന്നിട്ടും ഇവിടുന്നു പ്രസാദിയ്ക്കുന്നില്ലല്ലോ! ഇവിടുത്തെ ആരാധിപ്പാൻ ഞങ്ങളേക്കാൾ തപസ്സു; സംശയമില്ല.'

ശിവൻ:—'ദേവി വാസ്തവം അറിഞ്ഞിട്ടില്ല: ഇയാൾ ശുണ്ഠിക്കാരനാണ്; ഞാൻ കാട്ടിത്തരാം''

പിന്നീടു ദേവദേവൻ ധർമ്മാത്മാവായ കാളയെ സ്മരിച്ചു. 'തൽക്ഷണം അതുവന്നെത്തി, 'തിരുമേനി ആജ്ഞാപിച്ചാലും' എന്നിങ്ങനെ മനുഷ്യഭാഷയിൽ ഉണർത്തിച്ചു.

ശിവൻ:—'ഇതാ, പുററിനുള്ളിൽ ഒരു ബ്രാഹ്മണൻ; ഇയാളെ വീഴിയ്ക്കുക.'

Digitized By Kerala Sahitya Akademi

ഉടനെ കാള യോഗത്തിലിരിക്കുന്ന ഭഗവാനെ വീഴിച്ചുകളഞ്ഞു. അതിൽ അരിശം മൂത്ത ബ്രാഹ്മണൻ കയ്യോങ്ങി കാളയോട് പറഞ്ഞു:—'എടാ വൃഷഭമേ, നീ എവിടെ പോകുന്നു? ഇതാ, പാപിയായ നിന്നെ ഞാൻ നേരെ നിന്നുകൊല്ലുന്നുണ്ടു്.' ഇതുമുഴുപ്പിക്കുന്നതിനുമുമ്പേ, കാള അതികാശമണഞ്ഞതായി കാണപ്പെട്ടു. ബ്രാഹ്മണന്ന് അത്യന്തം അത്ഭുതം തോന്നി. ശിവനാകട്ടെ, ചിരിച്ചുംകൊണ്ടു മുനിയുടെ മുമ്പിൽ എഴുന്നള്ളിനിന്നു. മൂന്നാംതൃക്കണ്ണുകാൺകയാൽ നാണം പൂണ്ട മഹർഷി നിലത്തു ബന്ധനമസ്കാരം ചെയ്തു പരമേശ്വരനെ സ്തുതിയ്ക്കുകയായി:—

(ശ്ലോകങ്ങൾ)

'ദേവദേവന, ദിവ്യതനോ,
ദേവസ്ത്രീതലത്തിൽ വീണ ദേവനപതേ,
ദേഹയകാതരനാടിയൻ
ദേ, നേരായുള്ളതൊന്നണയ്ക്കുന്നോൻ:
നിന്തിരുവടിയുടെ സൽഗുണ-
സന്തതി വർണ്ണിയ്ക്കുകേവനാൽ സാധ്യം?
വായ്കളൊരായിരമേന്തിന
വാസുകിയൊപ്പിച്ചു മാറിയെന്നവരാം!
എങ്കിലുമങ്ങയെവാഴ്ത്താൻ
തങ്കിനകേത്യാ കൊതിച്ചിടുന്നേൻ ഞാൻ;
ശങ്കര, വായാടിത്തമി-
തെങ്കൽക്കൃപയാപൊറുക്ക! കഴൽപണിയാം!
സത്യം, രജസ്സത്ത്വകരം,
സംസ്ഥിതി,യുല്പത്തി, നാശമിവ നീ താൻ;
ആരുമോരുന്നല്ലാതി—
ല്ലിതിജഗത്തിങ്കലീശനായൊരുവൻ!
യമനിയമയജ്ഞമോനോ-
ത്തമയോഗസമാധിവേദപാരങ്ങൾ,
സമമല്ലിതുക്കളിലൊന്നും
വിമലതൽകേതിതൻശതാംശമൊട്ടും.
ഉൽകൃഷ്ടരസായന-
ഖഡ്ഗാഞ്ജനപാളകോടിസിദ്ധികളും

Digitized By Kerala Sahitya Akademi

ഉൽക്കടമിതേ പിറപ്പിൽ-
ത്തുക്കഴൽ തൊഴുവോനു ചിന്തമായ് ക്കാൺമൂ.
ദേവ, ഭവാൻ സുഖമരുൾവൂ.
കേവലമശ്രുലയാ തൊഴുന്നോക്കും;
ഹാ, വൻഭവരുജ പോക്കും
താവകപദഭക്തി മുക്തിതൻമൂലം!
പരധനപരദാരരതൻ
പരിഭവപരിദുഃഖശോകതപ്തൻ ഞാൻ
പരമുഖനിരീക്ഷണപരൻ;
പരമേശ്വര, കാത്തുകൊള്ളുകീയെന്നെ!
ക്ഷണഭംഗുരമോം ശ്രീയിൽ
പ്രണയം പൂണ്ടോൻ വൃഥാഭിമാനരതൻ
ക്രൂരൻ കപടരതൻ ഞാൻ;
സൈവരം രക്ഷിയ്ക്കുകെന്നെ വിബുധപതേ!
ദിനേന്ദ്രിയരാം ബാന്ധവർ
താനേനിറവേറുമാശയെത്ര ലഭ്യം!
എന്നിട്ടുമെന്നെ നിർജ്ജര-
വന്ദ്യ, ഭവാനിട്ട കൊട്ടയാട്ടുന്നു!
പോക്കുക തൃഷ്ണയെ വെക്കം;
ചേർക്കുകനിരപായഭക്തിയെന്നകമേ;
നീക്കുക മദമോഹക്കയർ;
കാക്കുക കരുണേറിയെന്നെ വിശ്വപതേ!'
'കരുണാർദ്രയേ' സ്തോത്രമി-
ത്തരസിദ്ധിമാർ പഠിയ്ക്കുമോ ദിവ്യം;
ഫണനാഥഭക്തകൽത്തു-
ക്കരുളലിയും പണ്ടു ഭൂവിലെന്നവിധം.

ശിവൻ:—'ബ്രാഹ്മണ, എനിക്കു സന്തോഷമായി. വേണ്ടുന്ന വരം ചോദിച്ചുകൊൾക.'

ഭൂമി:—'ദേവേശ, നിന്തിരുവടി എങ്കൽ പ്രസാദിച്ചു വരം തരികയാണെങ്കിൽ, ഇതു രുദ്രവേളിയാകുമാറാകണം! ഇതൊന്നേ എനിയ്ക്കു വേണ്ടതുള്ളൂ.'

Digitized By Kerala Sahitya Akademi

ശിവൻ:—ബ്രാഹ്മണോത്തമ, ഈ ക്രോധസ്ഥാനം അങ്ങിനെയായിവരും. ഇവിടെ അറ്റുപോയ മക്കൾക്കു പോലും വാക്കിനു് ഐക്യം ഉണ്ടാകില്ല.

അനന്തരമുതൽക്കു് ബ്രഹ്മാദിദേവന്മാരും കിന്നരന്മാരുമൊക്കെ, മഹേശ്വരൻപ്രസാദിച്ച ഭൂതതീർത്ഥത്തെ സേവിച്ചുപോരുന്നു. ആ തീർത്ഥം കണ്ടാൽ മതി പാപം നീങ്ങാൻ. അവശരായിട്ടോ സ്വവശരായിട്ടോ അവിടെ മരിച്ചവർ ഉഷ്ണാതിഉഷ്ണഗതിയടയും; സംശയമില്ല. സർവ്വപാപങ്ങളേയും നശിപ്പിയ്ക്കുന്ന ആ മഹാതീർത്ഥത്തിൽ സ്നാനം ചെയ്യുവർ സ്വർഗ്ഗം പൂകും; പുനർജ്ജനിക്കയില്ലതാനും. ചെമ്പു്, അന്നം, സ്വർണ്ണം ഇവ അംഗിടെവെച്ചു യഥാശക്തി ദാനംചെയ്താൽ, അതു് അക്ഷയമായിരിയ്ക്കും. സൂര്യഗ്രഹണത്തിൽ യഥേഷ്ടം ദാനംചെയ്താൽ, ആ ദാനവും തീർത്ഥസ്നാനവും അക്ഷയമായിരിയ്ക്കും. സൂര്യചന്ദ്രഗ്രഹണങ്ങളിൽ വൃഷഭദാനമാണ് അധികം ഉത്തമം. വിഷ്ണുമായയാൽ മയങ്ങുന്നതുകൊണ്ടത്രേ, മനുഷ്യർ നമ്മുടെയിലെ ദിവ്യമായ വൃഷതീർത്ഥത്തെ സ്മരിയ്ക്കാത്തതു്. ഈ ഭൂതതീർത്ഥത്തിന്റെ മാഹാത്മ്യം ഒരിക്കൽ കേട്ടാൽത്തന്നെ പാപമെല്ലാം വേർപെട്ട ശിവലോകം പ്രാപിക്കാറാകും.

അവിടെനിന്നു ശ്വേതമഹേശ്വരത്തേയ്ക്കു പോകണം. അതിൽ സ്നാനംചെയ്തുപവസിച്ചവൻ പൊന്നിൻവിമാനത്തിലേറി ബ്രഹ്മലോകംപൂകും സുമുഖ. പിന്നെ, വൃഷത്തെ കഴുകിക്കുകയുണ്ടായതൊയ്തപാപത്തിൽ ചെല്ലുണം. നമ്മുടെയിലെ ആ സർവ്വപാതകനാശനമായ തീർത്ഥത്തിൽ സ്നാനംചെയ്താൽ ബ്രഹ്മഹത്യപോലും വിട്ടൊഴിയും. അവിടെവെച്ചു മരിച്ചവൻ നാലുകയ്യും മൂന്നുകണ്ണുംപൂണ്ടു രുദ്രതുല്യനായിത്തീർന്നു പതിനായിരം കല്പംമുഴുവൻ രുദ്രനെപ്പോലെ വാഴും; അനന്തരം ഭൂമിയിൽ ചക്രവർത്തിയായി ജനിയ്ക്കും. രാജേന്ദ്ര, പിന്നെ ഏരണ്ഡിതീർത്ഥത്തിൽ ചെന്നെത്തണം. ഇതും പ്രയാഗവും തുല്യഫലമാണെന്നു മാർക്കണ്ഡേയൻ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. പ്രോഷ്ഠപദശുക്ലാഷ്ടമിനാളിൽ കരിക്കുലുണ്ടു് അതിൽ സ്നാനംചെയ്യുവൻ യമദൂതരുടെ പീഡയേൽക്കാതെ ഇന്ദ്രലോകത്തു ചെന്നുവാഴും. പിന്നീടു, ജനാർദ്ദനൻ വാണരുളുന്ന സർവ്വപാപഹരമായ ഹിരണ്യപീഠത്തിൽചെന്നു സ്നാനംചെയ്യാൽ സ്വയം, ഒന്നുകിൽ യുദ്ധമുണ്ടാകും. അവിടെനിന്നു, ഗരുഡൻ തപസ്സുചെയ്തുണ്ടായ കനഖലമഹാതീ

Digitized By Kerala Sahitya Akademi

ത്ഥം പ്രാപിക്കണം. അവിടെ, ശിവനോടുകൂടി ഗുഹ്യംവെച്ചുകൊണ്ടും യോഗികളുമായി ക്രീഡിച്ചുകൊണ്ടും ഒരു യോഗിനി വസിക്കുന്നുണ്ട്. അതിൽ സ്നാനംചെയ്യുന്നവൻ ശിവലോകം കിട്ടും.

അവിടെനിന്ന്, ഈ ഈശതീർത്ഥത്തിൽപോയി കളിച്ചവൻ തീവ്രയായും മുക്തനായി ഉൽഗതിയടയും. പിന്നീട്, വരാഹമൂർത്തിയായ വിഷ്ണുവിനെ പൂജിക്കുകയുണ്ടായ വാരാഹതീർത്ഥത്തിൽ, വിശേഷിച്ചും ചൊവ്വാഴ്ചദിവസം, സ്നാനം ചെയ്യുവൻ നരകത്തിൽ പതിക്കാതെ വിഷ്ണുലോകം പൂകും. തദനന്തരം സോമതീർത്ഥത്തിൽചെന്ന വിശേഷിച്ചും പൌർണ്ണമാസിയിൽ സ്നാനംചെയ്ത് ഈശാനനെ തൊഴുതാൽ മാഖലി പ്രസാദിക്കും. ചിത്രപേശ്വരത്തിൽ സ്നാനംചെയ്താൽ ബഹുസുവർണ്ണകയജ്ഞത്തിന്റെ ഫലം കിട്ടും. രുദ്രകന്യാസംഗമത്തിൽ സ്നാനംചെയ്താൽ ദേവീസ്ഥാനം പ്രാപിക്കാം. സർവ്വദേവനമസ്കൃതമായ ദേവതീർത്ഥത്തിൽ കളിച്ചവൻ ദേവകളൊത്തു വിഹരിക്കും. ശിഖിതീർത്ഥത്തിൽവെച്ചു ചെയ്യുന്ന ദാനമൊക്കെ കോടിമടങ്ങായി വരും. അതിൽ കുറഞ്ഞ വാവുന്നാൾ കളിച്ചു് ഒരു ബ്രാഹ്മണനെ ഊട്ടിയാൽ കോടിപ്പേരെ ഊട്ടിയ ഫലമുണ്ട്.

മഹാരാജാവെ, ഭദ്രതീർത്ഥത്തിൽ ഒരുകോടി തീർത്ഥമുണ്ട്. വേണ്ടിയൊ വേണ്ടാതെയൊ അതിൽ സ്നാനംചെയ്യുവൻ അശ്വമേധഫലംനേടി ദേവകളൊത്തു സുഖിക്കും: അവിടെയാണല്ലൊ ഭദ്രമഹർഷി സിദ്ധിനേടിയതും മഹാത്മാവായ ശിവൻ എഴുന്നള്ളിവന്നതും.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരൊദ്ദാലകസംവാദം,
നരകഭീതിനിവാരണോപായകഥനം ഇരുപതാമധ്യായം

———(o)———

ഇരുപത്തൊന്നാമദ്ധ്യായം

നാരദൻ:— രാജേന്ദ്ര, അവിടെനിന്നു വിഹംഗേശ്വരത്തു പോകണം. അതു ദർശിച്ചാൽമതി സകലപാപവും വിട്ടൊഴിയാൻ. പിന്നെ നർമ്മദേശ്വരം; അതിൽ കളിച്ചാൽ സപ്തജന്മത്തിൽസുഖിക്കാം. പിന്നീ

Digitized By Kerala Sahitya Akademi

ട്ട് അശ്വതീർത്ഥത്തിൽ പോയി കളിച്ചാൽ സൌഭാഗ്യവും സൌന്ദര്യവും ഭോഗസമൃദ്ധിയുമുണ്ടാകും. പിന്നെ ബ്രഹ്മാവു പണ്ടു നിർമ്മിച്ച പിതാമഹം പ്രാപിക്കുക. അവിടെ കളിച്ചു പിതൃക്കൾക്കു കേതിപൂർവം പിണ്ഡംവെച്ചു് എള്ളും ദർഭയും കൂട്ടി ഉദകം കൊടുത്താൽ, അതു് ആതീർത്ഥത്തിന്റെ പ്രഭാവത്താൽ അക്ഷയമായിരിക്കും. സാവിത്രീതീർത്ഥത്തിൽ സ്നാനം ചെയ്യുവൻ പാപമുക്തനായി ബ്രഹ്മലോകത്തു സുഖിയ്ക്കും. അവിടെത്തന്നെ മനോഹരം എന്നൊരു തീർത്ഥമുണ്ടു്; അതിൽ കളിച്ചാൽ പിതൃലോകത്തു സുഖിക്കാം. അവിടെനിന്നു മാനസതീർത്ഥത്തിൽ ചെന്നു സ്നാനം ചെയ്താൽ ശിവലോകത്തു സുഖിയ്ക്കാം. പിന്നെ ക്രതുതീർത്ഥത്തിൽ പോയി കളിച്ചാൽ ഏതു പാപവും നശിയ്ക്കും; പത്തുപുരുഷനാടികളായ സർവാഭീഷ്ടങ്ങളും സാധിക്കുകയും ചെയ്യും.

മഹാരാജാവേ, പിന്നെ ത്രിശൂന്യതീർത്ഥം എന്ന തീർത്ഥത്തിൽ പോകണം. അവിടെ ഋഷികന്യകമാർ, സനാതനനായ ശിവൻ ഭർത്താവാകേണമെന്നു പ്രാർത്ഥിച്ചു തപസ്സുചെയ്തുണ്ടായി. അവരിൽ പ്രസാദിച്ച പരമേശ്വരൻ, ബന്ധിരൂപം ധരിച്ചു വികൃതബീഭത്സമുഖനായിട്ടാണ് വരം കൊടുപ്പാൻ എഴുന്നള്ളിവന്നതു്. ആ തീർത്ഥത്തിൽ സ്നാനം ചെയ്താൽ പൌൺഡ്രകയാഗത്തിന്റെ ഫലംകിട്ടും. അവിടെ ഋഷികന്യാതീർത്ഥത്തിൽ കളിച്ചു ദേവനെ പൂജിച്ചാൽ ഏതുപാപവുംനീങ്ങും. പിന്നെ സപർണ്ണബിന്ദുഎന്ന തീർത്ഥത്തിൽ ചെന്നു സ്നാനം ചെയ്താൽ ഒരിയ്ക്കലും നേരിടുകയില്ല. അപ്സരോതീർത്ഥത്തിൽ കളിച്ചവൻ സ്വർഗ്ഗത്തിൽ അപ്സരസ്സുകളോടൊന്നിച്ചു ക്രീഡിയ്ക്കും. നരകതീർത്ഥത്തിൽ സ്നാനം ചെയ്തു ദേവനെ പൂജിച്ചാൽ നരകം കാണേണ്ടിവരില്ല. പിന്നെ ശിവങ്കൽ നിന്നുണ്ടായ മോക്ഷതീർത്ഥത്തിൽ സ്നാനംചെയ്തു പവസിച്ചു വിരൂപാക്ഷനെ പൂജിച്ചാൽ ശിവലോകം പൂകാം. മോക്ഷതീർത്ഥത്തിൽ കളിച്ചവൻ എവിടെവെച്ചു മരിച്ചാലും ശിവപാർഷദത്തലവനായിത്തീരും. കാർത്തികമാസത്തിൽ കാളകണ്ഠനെ പൂജിച്ചാൽ അശ്വമേധത്തിന്റെ ഫലമുണ്ടു്. നവനൈവിളക്കു വെച്ചവൻ സൂര്യന്റെ വിമാനം കേറി ശിവലോകം പ്രാപിക്കും. ശംഖിന്നും മുല്ലപൂവിന്നും ചന്ദ്രനുമൊത്ത നിറത്തിലുള്ള കാളയെ ദാനംചെയ്യുവൻ വൃഷഭവാഹനത്തിലൂടെ രുദ്രലോകത്തിൽ ചെന്നെത്തും. ആ തീർത്ഥത്തിൽ വെച്ചു തേൻചേർത്ത പായസമോ മറ്റു ഭക്ഷ്യങ്ങളോ യഥാശക്തി ഭക്ഷി

Digitized By Kerala Sahitya Akademi

ണയോട്ടക്കുടി ദാനം ചെയ്യാൽ, അതിനു കോടിയിരട്ടി ഫലം കിട്ടും. നമ്മദാജലം കൊണ്ടു് അഭിഷേകം കഴിച്ചു വൃഷധ്വജനെ പൂജിച്ചവനു മുക്തി നേരിട്ടുന്നതല്ല. അവിടെവെച്ചു മരിച്ചവൻ പാപമെല്ലാം വേർപെട്ടു ശിവസന്നിധിയടയും. ആ തീർത്ഥത്തിൽ മുങ്ങിമരിച്ചവൻ ഹംസവാഹനത്തിലൂടെ ബ്രഹ്മലോകത്തുചെന്നു, സൂര്യചന്ദ്രന്മാരും ഹിമവാനും സമുദ്രവും ഗംഗാദിനദികളും ഉള്ളേടത്തോളം കാലം സുഖിച്ചു വാഴും; ഉപവാസംചെയ്തു മരിച്ചവനു വീണ്ടും ഗർഭവാസം സംഭവിയ്ക്കയില്ല.

അവിടെ നിന്നു് അടവീതീർത്ഥമടയുക. അതിൽ സ്നാനം ചെയ്യാൽ ഇന്ദ്രന്റെ അർദ്ധാസനത്തിൽ വാഴാം. പിന്നെ സപ്തപാപസംഹാരിയായ ശ്രുതിതീർത്ഥത്തിൽ ചെന്നു സ്നാനംചെയ്യുക; ഗണത്തലവനായിത്തീരും. ഏരണ്ഡീനമ്മദാസംഗമതീർത്ഥത്തിൽ സ്നാനം ചെയ്തുപവസിച്ചവനു ബ്രഹ്മഹത്യ പോലും ശമിയ്ക്കും. പിന്നെ ജനാർദ്ദനനെ പ്രതിഷ്ഠിച്ചിട്ടുള്ള നമ്മദാസമുദ്രസംഗമത്തിലെ ജമദഗ്നിതീർത്ഥത്തിൽ പോകണം. അവിടെവെച്ചു് അനേകം യാഗങ്ങൾ കഴിച്ചിട്ടുതന്നെ വാസവൻ വാനവപ്പെരുമാളായതു്: അതിൽ സ്നാനം ചെയ്യാൽ അശ്വമേധത്തിന്റെ മൂന്നിരട്ടി ഫലം കിട്ടും. മുക്തിപ്രദമെന്നു ഗുരുക്കന്മാരുന്ന പശ്ചിമസമുദ്രസംഗമത്തിലെ ദേവഗന്ധർവ്വമുനിസിദ്ധചാരണപൂജിതമായ വിമലേശ്വരതീർത്ഥത്തിൽ സ്നാനം ചെയ്യുവൻ പാപമെല്ലാമകന്നു പരമേശ്വരലോകം പ്രാപിയ്ക്കും. പിന്നെ കേശിനീതീർത്ഥത്തിൽ ചെന്നു് സ്നാനം ചെയ്തു് ഒരു രാവുപവസിക്കുക. ബ്രഹ്മഹത്യപോലും വിട്ടൊഴിയും. അവിടെ നിന്നു് ഒരു യോജനമാറുക്കു് ആവന്ത്യസ്ഥിതനായ ശിവന്റെ സാന്നിധ്യമുള്ള സാഗരേശ്വരം ചെന്നു ദർശിച്ചാൽ എല്ലാ തീർത്ഥവും ദർശിച്ച ഫലമായി.

നമ്മദാസംഗമം മുതൽ അമരകണ്ടകംവരെയുള്ള സ്ഥലത്തു പത്തുകോടി തീർത്ഥങ്ങളുണ്ടു്. അതുകളൊക്കെ അഗ്നിഹോത്രികളും ജ്ഞാനികളുമായ അസംഖ്യം മുനിമാരാൽ സേവിതങ്ങളും ഭക്തിഷ്ടം നൽകുന്നവയുമാകുന്നു.

ഈ കഥയെയോടെ വായിക്കുകയോ കേൾക്കുകയോ ചെയ്താൽത്തന്നെ സർവ്വതീർത്ഥസ്നാനമായി. നർമ്മദയുടേയും ശിവന്റേയും പ്രസാദത്താൽ മച്ചിയ്ക്കു പുത്രനുണ്ടാകും; ദീർഘസുമംഗലിയാകും; കന്യക നല്ല

Digitized By Kerala Sahitya Akademi

വിനെ നേടും; ബ്രാഹ്മണൻ വേദജ്ഞനാകും; ക്ഷത്രിയൻ വിജയിയാകും; വൈശ്യൻ സമ്പന്നനാകും; ശൂദ്രൻ സൽഗതിയടയും; മൂഢൻ വിദ്വാനാകും; വാഞ്ഛിച്ചതൊക്കെയും സാധിക്കും, സംശയമില്ല. മുന്ന സന്ധ്യയ്ക്കും വായിക്കുന്നവൻ നരകം കാണുകയില്ല; തിര്യഗ്യോനി പൂകുകയുമില്ല.

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, യുധിഷ്ഠിരനാരദസംവാദം വിവിധം ദേശചരിതീർത്ഥമാഹാത്മ്യകഥനം എന്ന പത്തൊമ്പതാമധ്യായം.

(൦)

ഇരുപത്തിരണ്ടാമദ്ധ്യായം

നാരദൻ:—രാജാവേ, പണ്ടു ഗന്ധർവ്വകന്യകമാർക്ക് പറ്റിയ ശാപം നമ്മളെയുടെ കയ്യ നീർത്തുകയാകുന്ന അഗ്നിയാൽ നീക്കിയിട്ടുണ്ടോ യി. നമ്മളയുടെ കയ്യ നീർത്തുകി മതി മനുഷ്യന മുക്തി കിട്ടാൻ.

യുധിഷ്ഠിരൻ:—'ഭഗവാനെ, ആരിൽനിന്നാണ് കന്യകമാർക്ക് ശാപം പിണഞ്ഞതു? അവർ ആരുടെ മക്കളാണ്? പേരെന്ത്? പ്രായമെന്തു? നർമ്മദാജലസ്പർശത്താൽ ശാപം നീങ്ങിയതെങ്ങിനെ? എവിടെയാണ് അവർ സ്നാനംചെയ്തതു. നർമ്മദാതീർത്ഥമാഹാത്മ്യം കേൾപ്പാൻ നല്ല രസമുണ്ടു; കേട്ടാൽത്തന്നെ പാപങ്ങളും നീങ്ങുകയും ചെയ്യുമല്ലോ. നമ്മളെ, നമ്മള എന്നിങ്ങനെ ആരെങ്കിലും ഉച്ചരിയ്ക്കുന്നതായാൽ അവന്നുകൂടി ശാശ്വതമായ മുക്തി ലഭിക്കും. നമ്മദാമാഹാത്മ്യം അങ്ങു പറഞ്ഞുവെങ്കിലും ഈ കഥകൂടി പറയുകതന്നെ. അടിജ്ഞരാൽ സേവിയ്ക്കപ്പെട്ടതും സേവിക്കപ്പെടേണ്ടതുമാണല്ലൊ നമ്മള; അതിനാലാണ് ഞാൻ ആവശ്യപ്പെടുന്നതു: കന്യകാചരിതം അങ്ങിയ ഇതിഹാസം പറഞ്ഞുതരിക.'

നാരദൻ:—രാജസിംഹമേ, അഗ്നിഗർഭയായ അരണിപോലെ ധർമ്മഗർഭയായിരിക്കുന്ന ആ കഥകേട്ടുകൊൾക:

ഋക്സഗീതി എന്ന ഗന്ധർവ്വന്റെ മകൾ പ്രമോഹിനി; സുശീലന്റെ മകൾ സുശീല; സഹജേഷിയുടെ മകൾ സുസഹ; ചന്ദ്ര

Digitized By Kerala Sahitya Akademi

കാന്തന്റെ മകനും ചന്ദ്രിക; സുപ്രഭന്റെ മകനും സുതാര. ഇങ്ങിനെ
തുല്യവയസ്സുകളായ അഞ്ചുസുഭഗകന്യകമാർ അന്യോന്യം സഹോദ
രിമാരെപ്പോലെ പെരുമാറിവന്നു.

(കിളിപ്പാട്ട്)

ചന്ദ്രങ്കൽനിന്നു പൊഴിഞ്ഞനിലാവുക-
ളെന്നപോലുജ്ജ്വലഗാത്രിമാരൈവരും
ചന്ദ്രബിംബാസ്യമാർ ചാരുകബരിമാർ
ചന്ദ്രകാന്താഭരണങ്ങളണിഞ്ഞവർ.
ലാവണ്യരാശികരംപോലെ മനോജ്ഞമാ-
രാവണ്ണരൂപമാർ വാനവന്മാർകളിൽ
ആവതോളം വിളയാടിനാർ: തുവെണ്ണി-
ലാവുകളാമ്മലപ്പൂക്കളിൽപ്പോലവേ.
ഉല്ലളദ്യൌവനമാരവർന്തനന
പല്ലവമേന്തിയ വല്ലികം പോലെയായ്;
കൊട്ടൊട്ടയൻ, വസന്തത്തിൽ നന്മലർ-
ത്തൊട്ടകം പോലവർ തന്നിളം കൊങ്കകൾ.
പൊന്നിൻനിറംപൂണ്ട തനുപംഗിമാരവർ
പൊന്നൊളിച്ചുമ്മകമാലകം ചാർത്തിയും,
പൊന്നിൻ കസവിട്ടപട്ടുടുത്തും, അനി-
പ്പൊന്നായമയ് ക്കോപ്പുണിഞ്ഞും വിളങ്ങിനാർ.
പാട്ടാട്ടമോടക്കേഴുത്തുവല്ലകീ
മീട്ടൽ മൃദംഗാളി വാദ്യതാളക്രമം
ചേർത്തുമെഴുത്തെന്നതൊട്ട കലകളി-
ലെത്രയും കൈവല്ല്യമേറുമാക്കന്യമാർ
മാതാപിതൃപരിലാളിതമായി
മോദിച്ചുമേളിച്ചുവാണാരളകയിൽ.
വാസന്തകാലത്തൊരു നാളിലട്ടിവ്യ-
ഭാസമാനാംഗിമാരൈവരൊത്തുതാൻ
മന്ദിരാന്തരേ വനാന്തര മുറംപൂക്ക
മന്ദാരപുഷ്പങ്ങൾ ശേഖരിച്ചാസ്ഥയാ
അച്യുതസോദരിക്കർച്ചനം ചെയ്യുവാ-
നപ്പോളെന്ന സരസ്സിങ്കലെത്തിനാർ.

Digitized By Kerala Sahitya Akademi

ചൊന്താമരകളല്ലലച്ചാത്തുമാ-
പ്പൊയ്കയിൽ നിന്നു പറിച്ചെടുത്തി വീണ്ടുമേ,
ശ്രുത്യസ്ഫടിക വൈഡൂര്യപ്പടവുക-
ളൊത്ത കടവിൽ കളിയും കഴിച്ചവർ
മണ്ണകൊണ്ടംബികാവിഗ്രഹം തീർത്തതിൽ
സ്വർണ്ണമുകുതാമണി ഭൂഷകം ചാർത്തിനാർ;
കുങ്കുമ ചന്ദന ഗന്ധങ്ങളം പൂശിച്ചു
പങ്കജാദ്യങ്ങളാൽ പൂജ നടത്തിനാർ;
നാനാവിധോപഹാരങ്ങളം നിവേദിച്ചു
മാനസഭക്തിയാൽ നൽനമാടിനാർ;
ഭാവധ്വനിഗതി മൂർച്ഛനായുക്തങ്ങളം
പാവന ഗാനങ്ങളം ഭംഗിയിൽ പാടിനാർ.

ആ സമയത്തു, വേദനിധിമഹർഷിയുടെ സീമന്തപുത്രൻ ആ ക്ഷോഭതീർത്ഥത്തിൽ സ്നാനത്തിനു വന്നെത്തി. വിരിഞ്ഞതാമരപ്പൂവിന്നൊപ്പം നീണ്ടിടംപെട്ട കണ്ണുകളം-പരന്ന മാറിടം-നീണ്ടുരുണ്ട കൈകളം-ഇങ്ങിനെ അളവറ്റ സൌന്ദര്യമുള്ള ആ ശ്യാമളവർണ്ണനായ യുവാവിനെ കണ്ടാൽ മറെറാരു കാമദേവനോ എന്നു തോന്നിപ്പോകും. ആ ഭണ്ഡേന്തിയ ചാരുശിഖനായ ബ്രഹ്മചാരി വിളിച്ചെടുത്ത മന്മഥനെപ്പോലെ വിളങ്ങി. അദ്ദേഹം ഒരു മാന്തോലാണ് ഉടുത്തിരുന്നതു്. അരയിൽ പൊന്നിൻ നിറത്തിലുള്ള മെഖലാദാമവും ബന്ധിച്ചിരുന്നു. സരസ്സീരത്തിൽ ആ ബ്രാഹ്മണനെ കണ്ടിട്ട കൈരവകംപൂണ്ട കന്യകമാർ 'ഇദ്ദേഹത്തെ നമുക്കതിഥിയാക്കാം' എന്നിങ്ങനെ, പാട്ടും കൂത്തും നിർത്തി, അദ്ദേഹത്തെ വീക്ഷിക്കുകയായി. ആ വിപ്രയുവാവു് കാമദേവൻ തന്നെ എന്നവക്കു് തോന്നി. ആ മുഗ്ധമാർ സംഭ്രമത്തോടെ, നോക്കു നോക്കു് എന്നതമ്മിൽ പറഞ്ഞും കൊണ്ടു കണ്ണുകളാൽ താമരപ്പൂക്കളെന്നപോലെ അദ്ദേഹത്തെ വീണ്ടും വീണ്ടും ആരാധിച്ചു.

പിന്നീടു, വേടനാൽ മാൻപേടകൾ പോലെ മന്മഥനാൽ അയ്യയ്യപ്പെട്ട അവരെവരും അന്യോന്യം ഇങ്ങിനെ അഭിപ്രായപ്പെട്ടു.

(കർണ്ണപഥ്രീതി)

'ഇതുമനനായിരിയ്ക്കുമോ? പക്ഷേ
രതിദേവിയൊടുപിരിയുമോ സ്മരൻ?

Digitized By Kerala Sahitya Akademi

സുരലോകളിഷ്കങ്ങളാകാം! അവ-
കിരവതുമൊത്തെനടക്കമാവുള്ളൂ.
സുരസിദ്ധിക്കിന്നഗന്ധവഹരി-
ലൊരുവനോ സൌമ്യനിവൻ നരേന്ദ്രനോ!
വിധിയാൽ നമ്മെകം ക്കായ് കൃതനോ ഇവൻ
നിധിധന്യക്ക് മൻ സുകൃതത്താൻ പോലേ!
കരുണയിൽ മുങ്ങിത്തിരിഞ്ഞ നമ്മെകം ക്കായ്
വരുത്തിയ വരോത്തമനാകാമിവൻ!
വർച്ചു ഞാൻ, നീയും വരിക്ക ഭദ്രനെ,
വരിച്ചുകൊള്ളട്ടെയിവളെ' മെന്നേവം
പരസ്പരം പറഞ്ഞുഴറൊടെ നിന്നാർ
വരാപ്സരസ്സുകളവരെപ്പേക്ഷം.

അതുകേട്ടിട്ട്, മധ്യാഹ്നനിയമങ്ങളം കഴിച്ചു ബ്രാഹ്മണൻ, ഇതെ
ത്ര വിഭ്യ് നമാണെന്നിങ്ങിനെ മനസ്സുകൊണ്ടാലോചിച്ചു:—

(കിളിപ്പാട്ട്)

'ബ്രഹ്മവിഷ്ണുശീശാദ്യരും പണ്ടു യോഗികരം സിദ്ധ-
ബ്രഹ്മർഷിമാരും പെണ്ണിൻപകട്ടിൽ മയങ്ങിപ്പോയ്!
ഞരുടേമനോമൂഗം വീഴില്ലാ, സുരവില്ലൻ
നരിതൻ ചില്ലീവിൽ ചേത്തെയ്യ കൺമുനയമ്പാൽ?
നീതിചിന്തയും, മനസ്ഥൈര്യവും, മാലോകരിൽ-
ബ്ഭീതിയും, തറവാട്ടിൻ മതിപ്പും, തപസ്യയും,
ചേർച്ചയും നരന്മാക്ക, കാമിനീമിഴിക്കോണാ-
മാശ്ചര്യമളിയാൽ മയങ്ങുംനേരത്തോളം!
മയക്കം മനോബോധം കെടുത്തും മടവാർക-
ളുയർന്നസിദ്ധാങ്ങളും മഞ്ഞുലീലകളാലേ;
മയക്കി മനോബോധം കെടുത്തീടുകയാണീ-
മധുവാണികം ധർമ്മരക്ഷണോൽകനാമെന്നു!
മാം .സുമേദമലമൂത്രകഫിനസ്ഥി ഭോഗത്തിൽ
മാധുര്യമാരോപിച്ചു ചോരനാം മൂഢൻ കാമി;
സാരമില്ലികളായ ജന്മങ്ങളോ, സ്ത്രീകരം
ഭാരണമാരെന്നതോ നിശ്ചയം കഥിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

അതിനാലിവർ ചാരേ പാടിവീഴ്വതിൻമുന്നേ
സദനത്തിങ്കലേയ്ക്കുതിരിയേപോയേയ്ക്കാം ഞാൻ!'

സുന്ദരിമാർ അടുത്തു ചെല്ലുമ്പോഴേയ്ക്കും, ആ ബ്രഹ്മനന്ദൻ വൈഷ്ണവപ്രഭാവത്താൽ മറഞ്ഞുകളഞ്ഞു. ആ അത്ഭുതം കണ്ടിട്ട്, മായാകേളിപ്പോലെ കാതരാക്ഷികളായിത്തീർന്ന അനുകരന്മാർ ഉഴന്ന നാലുപാടും നോക്കുകയായി. ദിക്കുകളെല്ലാം അവർക്ക് ശൂന്യങ്ങളായിതോന്നി.

അവർതമ്മിൽപറഞ്ഞു:—'തീർച്ചയായും അദ്ദേഹത്തിന്ന് ഇന്ദ്രജാലം അറിയാം; അല്ലെങ്കിൽ മായാവിദഗ്ദ്ധനായിരിക്കും. കാണെത്തന്നെ കാണാതായിപ്പോയല്ലോ!' അപ്പോൾത്തന്നെ അവരുടെ വ്യഥയും, കാട്ടുതീയിനാൽ സൂസ്നിഗ്ദ്ധമായ സർജ്ജനംപോലെ, വിരഹാഗ്നിയാൽ വ്യാപ്തമായിച്ചമഞ്ഞു.

'കാന്ത, ഇന്ദ്രജാലപ്രയോഗംകൊടിഞ്ഞു വേഗത്തിൽ ദർശനത്തന്നാലും; ഉണ്ണാൻ തുടങ്ങുമ്പോഴെഴുന്നേറ്റ് ഇരിച്ചവന്ന വീഴുന്നതുപോലെ, അങ്ങു ചെയ്യരുതേ! ഹാ, കഷ്ടം, എന്തിനാണ് ഈശ്വരൻ അങ്ങയെ കാട്ടിത്തന്നതു! എവിടെനിന്നാണ് കൊണ്ടുവന്നത്? ശരി, ഞങ്ങളെ അത്യന്തം അന്തപിപ്പിക്കുവാനായിരിക്കാം അങ്ങയെ സൃഷ്ടിച്ചതു!! കാന്ത, അങ്ങയ്ക്ക് കരുണയില്ലയോ? ഞങ്ങളിൽ താല്പര്യമില്ലെന്നുണ്ടോ അങ്ങ് ഒരു ക്രൂരനാണോ? ഞങ്ങളുടെ മനസ്സുകൊക്കയാണോ? ഞങ്ങളിൽ വിശ്വാസമില്ലയോ? അതോ, ഞങ്ങളെ പരീക്ഷിക്കയോ? അങ്ങു മതാഭിമാനിയാണോ? മായാവിയാണോ? എന്തായാലും എളുപ്പത്തിൽ മനസ്സിലേക്കു കടക്കാൻ അങ്ങയ്ക്കു തന്നിയുണ്ട്; പക്ഷേ, പുറത്തേയ്ക്കു പോരുന്ന വിദ്യ പഠിച്ചിട്ടില്ലല്ലോ! വെറുതേ ഞങ്ങളിൽ കോപിക്കുന്നതെന്തിനാണ്? അന്യരെ ചതിച്ചാൽ അവർക്കുണ്ടാകുന്ന ദുഃഖം ഇവിടെയ്ക്കറിഞ്ഞുകൂടയോ? ഹേയേശ്വര, അങ്ങയെ കാണാതെ ഞങ്ങൾക്കു ജീവിച്ചിരിപ്പാൻവയ്യ; ജീവിക്കുന്നെങ്കിൽ, അങ്ങയെ കണ്ടുകിട്ടുമെന്ന അഗ്രഹംകൊണ്ടാണ്. പോൻപോയ ദിക്കിലേയ്ക്കു ഞങ്ങളെ ക്രൂടി വേഗത്തിൽ കൊണ്ടുപോകണേ! അങ്ങയെ കാണാതാക്കിയ ഈശ്വരൻ സന്തോഷത്തെ മുളയിൽത്തന്നെ നുള്ളിക്കളഞ്ഞു! എങ്ങിനെയെങ്കിലും, യേശുവേ ദർശനംതരേണം: സജ്ജനങ്ങളെ ആരുടേയും നാശം കണ്ടുകൊണ്ടിരിക്കില്ലല്ലോ.'

Digitized By Kerala Sahitya Akademi

ഇപ്രകാരം വിലപിച്ചുകൊണ്ട് ആ കന്യകമാർ വളരെനേരം കാത്തുനിന്നു. പിന്നെ അച്ഛന്മമാരെ പേടിച്ച് ഭവനത്തിലേയ്ക്കു മടങ്ങാൻ തുടങ്ങി. ആ പ്രേമശൃംഖലയിൽ കുടുങ്ങി വിരഹവിഹ്വലമാരായിത്തന്നിരുന്ന അവർ ഒരുവിധം ധൈര്യമവലംബിച്ച് അവരവരുടെ ഗൃഹത്തിലെത്തി, അമ്മമാരുടെ അരികിൽ ചെന്നുവീണു. 'എന്തേ ഇത്രനേരം വൈകാൻ' എന്ന് അമ്മമാർ ചോദിച്ചു. 'അച്ഛോദസരസ്സിൽ സംഗതിവശാൽ കിന്നരിമാരുമായി കളിച്ചു നിൽക്കുകയാൽ നേരംപോയതറിഞ്ഞതില്ല. അമ്മേ, ഞാൻ വഴിനടന്നു ക്ഷീണിച്ചിരിയ്ക്കുന്നു; അതുകൊണ്ടാണ് ദേഹത്തിൽ ചൂട്.' എന്നായിരുന്നു മക്കളുടെ മറുവടി.

വാസ്തവം മറയ്ക്കുവാൻവേണ്ടി, അമ്മമാരോട് ഇപ്രകാരം പറഞ്ഞിട്ട് ആ സുന്ദരിമാർ മണിനിലയത്തു കിടന്നുരുളുകയായി: കേളീമയൂരത്തെ ഗൃഹം ചെയ്യിച്ചില്ല; ക്രൂട്ടിലെ തത്തയെ പഠിപ്പിച്ചില്ല; കീരിയെ കാമനിച്ചില്ല; ശാരികയെ സംസാരിപ്പിച്ചില്ല; സാരസങ്ങളുമായി ക്രീഡിച്ചില്ല. അവർയാതൊരു വിനോദത്തിലും ഏർപ്പെടാതായി; ഗൃഹത്തിൽ നിർവൃതിക്കൊള്ളാതായി; ക്രൂട്ടകാരോട് സംസാരിക്കാതായി; വീണ മീട്ടാതായി. കല്പകവൃക്ഷോപവനക്കെ അവജ്ഞ തിന്മയായിത്തോന്നി. മന്ദാരപുഷ്പങ്ങളുടെ മണംതന്നെ മധുരമല്ലാതായി തൊട്ടതേ ഇല്ല. യോഗിനിമാരെപ്പോലെ നാസാഗ്രത്തിൽ ദൃഷ്ടിയുറപ്പിച്ചു പുരുഷോത്തമനെ നിരന്തരം ധ്യാനിച്ചുപോന്നു. ക്ഷണനേരം ചന്ദ്രകാന്തക്കല്ലുകളിൽനിന്നു വെള്ളം കിനിയുന്ന ഗൃഹത്തിലും, ക്ഷണനേരം വാതായനത്തിലും, ക്ഷണനേരം ജലയന്ത്രഗൃഹത്തിലും സ്ഥിതിചെയ്തും; ക്ഷണനേരംതാമരയിലകൊണ്ടു നിർമ്മിച്ച ശയ്യയിൽ കിടക്കും; തോഴിമാർ കളിർനളിനോദകംകൊണ്ടു വീശുകയും.

ഇപ്രകാരം താപവിവശമായ ആ സുന്ദരിമാർ എങ്ങിനെയോ ധൈര്യംപിടിച്ചു, ഒരു യുഗംപോലുള്ള രാത്രി കഴിച്ചുകൂട്ടി; രാവിലെ സൂര്യനെ കണ്ടശേഷമാണ് അവയ്ക്കു പ്രാണൻ കിട്ടിയതായി തോന്നി. ഉടനെ അമ്മമാരോടനുവാദം വാങ്ങി ഉഗരഥിയെ പൂജിപ്പാൻ പോന്നു. അവർ തലേന്നാളത്തെപ്പോലെ കളിച്ചു പുഷ്പപൂജാദികളുംകൊണ്ടു ദേവിയെ പൂജിച്ചു പാട്ടുതുടങ്ങിയപ്പോഴേയ്ക്കും, ആ ബ്രാഹ്മണനും അച്ഛന്റെ ആശ്രമത്തിൽനിന്ന് അച്ഛോദസരസ്സിൽ സ്നാനത്തിനു വന്നെത്തി. ആ ബ്രഹ്മചാരിയെ കണ്ടപ്പോൾ, പ്രഭാതത്തിൽ സൂര്യനെ

Digitized By Kerala Sahitya Akademi

കണ്ട പത്മിനികരംക്കെന്നപോലെ, കന്യകമാക്ക് കണ്ണുകരം വിടൻ്റെ. അവർ വെമ്പലോടേ അദ്ദേഹത്തിൻ്റെ അടുക്കൽചെന്നു, തങ്ങളിൽ കോത്തുപിടിച്ച കൈകരംകൊണ്ടു മൂടും മതു കയർക്കെട്ടി 'പ്രിയതമ, ഇന്നലെ വോൻ പോയ്ക്കളഞ്ഞുവല്ലോ; ഇന്നു പോകാൻ പാറില്ല; ഞങ്ങരം അങ്ങയെ തീർച്ചയായും ഭർത്താവായി വരിച്ചിരിക്കുന്നു.'

സ്ത്രീകളുടെ ഇയ വാക്ക കേട്ടിട്ട, ബാഹ്യപാശത്തിലകപ്പെട്ട ബ്രാഹ്മണൻ പുഞ്ചിരിക്കൊണ്ടു പറഞ്ഞു:—'നിങ്ങരം പറയുന്നതു നല്ലതും അനുകൂലവും പ്രിയവും തന്നെ. പക്ഷേ ഞാൻ ബ്രഹ്മചര്യത്തിലിരിയ്ക്കയാണ്. വിദ്യാഭ്യസം ചെയ്തുകൊണ്ടു ഗുരുകുലത്തിൽ വസിയ്ക്കുന്ന എനിക്ക സ്ത്രീ പോയ്ക്കോകൂ. അതാശ്രമത്തിലെ ധർമ്മം അഭിജ്ഞന്മാർ രക്ഷിയ്ക്കുക തന്നെവേണം. അതിനാൽ, കന്യകമാരേ, ഇപ്പോരം വിവാഹധർമ്മമല്ല എന്നാണ് ഞാൻ വിചാരിയ്ക്കുന്നത്.'

ആ ഉൽകണ്ഠിതമാരായ ഉത്തമസ്ത്രീകരം, വസന്തത്തിലെ കയിൽപ്പിടികരംക്കൊത്ത മധുരസ്വരത്തിൽമറുപടിപറഞ്ഞു:- 'ധർമ്മത്താൽ അർത്ഥം; അർത്ഥത്താൽ കാമം; കാമത്താൽ സുഖം എന്നാണല്ലൊ വിദ്വാന്മാർ തീരുമാനിച്ചിരിക്കുന്നതു; ആ കാമം ഇതാ, ധർമ്മസമുദ്ധിയാൽ അങ്ങയുടെ മുമ്പിൽ വന്നു നിൽക്കുന്നു. അതിനെ, പലതരം ഭോഗങ്ങരംകൊണ്ടു് അനുഭവിച്ചാലും! ഇതു കുറ നിർമ്മമത്വസ്ഥലമാണല്ലൊ, ബ്രാഹ്മണൻ ഗദ്ഗദസ്വരത്തിൽ പറഞ്ഞു:—'നിങ്ങരം പറഞ്ഞതു ശരിതന്നെ. എന്നാൽ എനിയ്ക്ക സ്ത്രീ ക്ലേശമയെ കഴിയൂ. മുക്തിൻ്റെ അനുജ്ഞ കിട്ടിയിട്ടല്ലാതെ ഞാൻ വിവാഹം കഴിയ്ക്കുകയില്ല.'

കന്യകന്മാർ വീണ്ടും പറഞ്ഞു:— 'ഭവാൻ സുന്ദരനെങ്കിലും മൂഢനാണെന്നു തോന്നുന്നു: സിദ്ധൗഷധം, രസായനം, നിധി, കുലീനകളായ ശ്രേഷ്ഠസ്ത്രീകരം, ഇവകരണ്ടുമല്ലാതെ എന്നിവ തമ്മിലുള്ള വ്യത്യാസത്തിൽ ബുദ്ധിമാൻ ധർമ്മത്താൽ അംഗീകരിക്കേതന്നെ വേണം. ഒരുകാര്യം ദൈവവശാൽ സാധിക്കുകയാണെങ്കിൽ, അതിൽ നിതിജ്ഞന്മാർ ഉപേക്ഷ കരുതാറില്ല. ഉപേക്ഷിച്ചാൽ വീണ്ടും കിട്ടുകയില്ലല്ലൊ, അതിനാൽ നീട്ടിവെയ്ക്കുന്നതു നന്നല്ല. വിഷത്തിൽനിന്നുപോലും അമൃതും, അഴുക്കിൽ നിന്നുപോലും സ്വർണ്ണവും, നീചനിൽനിന്നുപോലും ശ്രേഷ്ഠവിദ്യയും ദുഷ്കുലത്തിൽനിന്നുപോലും സ്ത്രീരത്നവും ഗ്രഹിയ്ക്കുമത്രേ.

Digitized By Kerala Sahitya Akademi

നിറഞ്ഞ അനുരാഗം, സ്നേഹത്താൽ അലിഞ്ഞ ഹൃദയം, മധുരഭാഷണം, ഔന്നത്യം, മനോജ്ഞമായ യൌവനം, നിർമ്മലമായ അഭിജാത്യം എന്നീ ഗുണങ്ങളുള്ള സ്വയംവരിക്കുന്ന കന്യകമാരെ യോഗ്യവാന്മാർക്ക് കിട്ടുകയുള്ളൂ. ദിവ്യസുന്ദരമായ ഞങ്ങൾ എവിടെ? കുത്സിതപ്രവൃത്തിയായ ഭവാൻ എവിടെ? ചേരാത്തതു ചേർത്തതു ദൈവത്തിന്റെ കൌശലമൊന്നും കരുതേണ്ട! അതിനാൽ ഞങ്ങളെ അങ്ങയ്ക്ക് ഗാന്ധർവ്വവിവാഹത്താൽ സ്വീകരിക്കുകതന്നെ വേണം. അല്ലാതെ പൊയ്തിയില്ല!'

ഇതുകേട്ടിട്ട്, മഹാധർമ്മജ്ഞനായ ബ്രാഹ്മണൻ പറഞ്ഞു:— 'അല്ലയോ മുഗ്ദ്ധാക്ഷിമാരേ. ധർമ്മജ്ഞന്മാർ ധർമ്മം എങ്ങിനെ ഉപേക്ഷിക്കും? ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവ നാലും മനുഷ്യന്മാരാൽ ഫലപ്പെടുകയുള്ളൂ; മറിച്ചായാൽ നിഷ്ഫലമാകും. അതിനാൽ, ബ്രാഹ്മചാരിയായ ഞാൻ അകാലത്തു ചേലികഴിക്കുകയില്ല: കാലംനോക്കാതെ ചെയ്യുന്ന കർമ്മം പാഴാകയേ ഉള്ളൂ. എന്റെ മനസ്സ് ഈ ധർമ്മവിചാരത്തിൽ പറ്റി നിൽക്കുകയാണ്. അതുകൊണ്ടു ഞാൻ സ്വയംവരത്തെ ആഗ്രഹിക്കുന്നില്ല'.

അദ്ദേഹത്തിന്റെ അന്തർഗതം അറിഞ്ഞപ്പോൾ, കന്യകമാർ മുഖത്തോടു മുഖം നോക്കി, കൈപിടിത്തം വിട്ടുടങ്ങി. പ്രമോഹിനി ബ്രാഹ്മണന്റെ കാലിന്മേലും, സുശീലാസുചരമാർ കൈകളിന്മേലും പിടിക്രുടി. സുതാര കെട്ടിപ്പുണർന്നു; ചന്ദ്രിക മുഖത്തു മുഖം ചേർത്തു. എന്നിട്ടും നിർവ്വികാരനായി നിന്ന് ബ്രഹ്മചാരി അന്യന്മാരിൽ അരിശം കൊണ്ടു പ്രളയാഗ്നിയെപ്പോലെയിരുന്നിട്ട് അവരെ ശപിച്ചു:—'എന്നെ പിശാചികളെന്നപോലെ ബാധിച്ചതുകൊണ്ടു നിങ്ങൾ പിശാചികളായിത്തീരും.' ഈ വിധം ശപിക്കപ്പെട്ട കന്യകമാർ അദ്ദേഹത്തെ വിട്ടു മുൻവശത്തായി നിന്നു അങ്ങോട്ടും ശപിച്ചുകളഞ്ഞു:— 'നിരപരാധരിൽ എന്തൊരു ദുഷ്ടനായാണീ ചെയ്തതു! പ്രിയകൃത്തുകളിൽ അപ്രിയം ചെയ്ത് ധർമ്മത്തെ നശിപ്പിച്ച ഭവാൻ എത്ര നിഷ്ഠുരൻ! അനാശങ്കയായ ദശായിൽ നിരപരാധകളേയും ദ്രോഹിക്കുന്ന മാനുഷന്ന് ഇരുലോകങ്ങളിലും സുഖം കിട്ടുകയില്ല. അതിനാൽ ഭവാൻ ഉടനടി പിശാചായിത്തീരട്ടെ' എങ്ങിനെ സക്രോധം പറഞ്ഞ് അപ്പെൺകിടാങ്ങൾ തെറ്റെവീർപ്പിടുകയായി.

Digitized By Kerala Sahitya Akademi

പരസ്പരം കരം പോലെ വാശി പൂണ്ട ശപിച്ചു. ആ ബ്രഹ്മചാരിയും കന്യകമാരും അതേ സ്ഥലത്തു പിശാചുക്കളായി വസിച്ചു. അവർ ഘോരമായി നിലവിളിച്ചുകൊണ്ടു പൂർവ കർമ്മഫലങ്ങളും അനുഭവിച്ചു തീർക്കയായി. മൻജന്മത്തെ നന്മതിന്മകൾ കാലം വന്നാൽ അനുഭവപ്പെടുകതന്നെ ചെയ്യും. അതു ദേവകർക്കുപോലും തടുക്കാവുന്നതല്ല. ആ ബാലികമാരുടെ അച്ഛൻമാരും സോദരന്മാരുമാരെക്കെ വാവിട്ടു കരയുകയായി. ദൈവം ദുരതിക്രമമാണല്ലൊ. ആ പിശാചുക്കളെല്ലാവരും വല്ലാത്ത സങ്കടത്തോടെ ഇരയ്ക്കായി അങ്ങുമിങ്ങും പാഞ്ഞുനടന്നുകൊണ്ടു പൊയ്യയുടെ കരയും പാർത്തു.

ശ്രീപരമഭാഗവതപുരാണം, ഷഷ്ഠസ്കന്ധം, യുധിഷ്ഠിര നാരദ സംവാദം, ത്വഷ്ടൃ കന്യകളുടെ ശാപകഥനം, ഇതുപന്തിരണ്ടാമദ്ധ്യായം.

(0)

ഇരുപത്തിമൂന്നാമദ്ധ്യായം

നാരദൻ:—വളരെനാൾ കഴിഞ്ഞതിൽപ്പിന്നെ, മഹാഭാഗനായ ലോമശമുനീന്ദ്രൻ യദൃച്ഛയായി അവിടെ വന്നെത്തി. അദ്ദേഹത്തെ കണ്ടപ്പോൾ പിശാചുക്കളെല്ലാവരുംകൂടി പിടിച്ചുതിന്നാനായി പാഞ്ഞുചെന്നു; പക്ഷേ, ലോമശന്റെ അതിതിവ്രമായ തേജസ്സുമൂലം അടുക്കാൻ വയ്യായ്കയാൽ അവർ ദൂരെ നിലവായി. ബ്രാഹ്മണപുംഗവാചാര്യകട്ടേ, പൂർവകർമ്മബലത്താൽ, ലോമശനെ നോക്കി സാഷ്ടാംഗം നമസ്കരിച്ചു, തലയിൽ തൊഴുകയുംചെയ്തു് ഇപ്രകാരം പറഞ്ഞു:—'ബ്രാഹ്മണ, വലിയ ഭാഗ്യംവരുത്തുന്നൊരു സജ്ജനസംസർഗ്ഗം ലഭിയ്ക്ക. ഗംഗാദിപുണ്യതീർത്ഥങ്ങളിൽ പതിവായി സ്നാനംചെയ്യുന്നതും, സത്സംഗവുമായാൽ സത്സംഗമാണ് മീതെ. ഉത്തമജനങ്ങളുടെ സംഗമം ഭാഗ്യത്തിന്റെ പ്രത്യക്ഷഫലവും, ആയിരമശ്വമേധങ്ങളുകളുകറി സപ്തസ്നാനവുമാണല്ലോ.'

ഇതുയും പറഞ്ഞിട്ടു, പൂർവവൃത്താന്തമെല്ലാം അറിയിച്ചു:—'മുനേ, ഇവരാണ് ആ ഗാന്ധർവകന്യകമാർ; ഞാനാണ് ആ ബ്രഹ്മചാരി. എ

Digitized By Kerala Sahitya Akademi

ല്ലാവരും ഇതാ പരസ്പരശാപത്താൽ പിശാചുക്കളായി തീർന്നു, വന്നിച്ച ദുഃഖത്തിൽപ്പെട്ടു, വോൻറെമുമ്പിൽ നിൽക്കുന്നു. അങ്ങയെ കണ്ടതിനാൽ ബാലരായ ഞങ്ങൾക്കു ദുഃഖമോചനം സിദ്ധിക്കും: സൂര്യോദയത്തിനുണ്ടോ നിരന്ധ്രം ക്ഷിതിതലം നശിക്കാതിരിക്കുന്നു?

ഇക്കഥകേട്ടിട്ടു കരുണയാൽ കരളലിഞ്ഞ ലോമശമഹർഷി ആ ദുഃഖിതനായ മൃകണ്ഡുവിനോടു പറഞ്ഞു:—'എന്റെ പ്രസാദത്താൽ, നിങ്ങൾക്കെല്ലാവർക്കും ഇപ്പോൾത്തന്നെ പൂർവ്വസ്വരൂപം ഉണ്ടായിവരട്ടെ! ധർമ്മാനുവർത്തനത്താൽ പരസ്പരശാപം നീങ്ങിക്കൊള്ളട്ടെ.'

പിശാചന്മാർ:—'മഹർഷേ! കൽമഷം നീങ്ങാനുള്ള ധർമ്മം പറഞ്ഞു തരിക. താമസിപ്പാൻ തരമില്ല. ശാപച്ചൂട് പൊറുത്തുകൂടാ!'

ലോമശൻ:—'നിങ്ങൾ ഏറ്റോട്ടക്കുടി നർമ്മദയിൽ യഥാവിധി സ്നാനം ചെയ്യുവിൻ. നർമ്മദയ്ക്കുണ്ടു ശാപമോക്ഷം നൽകാൻ. വേറെ പ്രായശ്ചിത്തമില്ല. നർമ്മദാസ്നാനത്താൽ മനുഷ്യർക്കു തീർച്ചയായും പാപനാശം വരുമെന്നാണ് എന്റെ ദൃഢവിശ്വാസം. ഏഴുജന്മങ്ങളിൽ ചെയ്തുപോയതും ഇപ്പോഴത്തേതുമായ സർവ്വപാപത്തെയും നർമ്മദാസ്നാനം, അഗ്നി ഉമിക്കൂട്ടത്തെ എന്നപോലെ ഭസ്മമാക്കിക്കളയും. പ്രായശ്ചിത്തം കാണാത്ത ഏതു പാപവും നർമ്മദാസ്നാനത്താൽ നശിക്കും. നർമ്മദാസ്നാനത്താൽ ജ്ഞാനം സിദ്ധിക്കുന്നതുകയാൽ നർമ്മദ മോക്ഷദാത്രിയത്രേ. സർവ്വപാപഹരങ്ങളായ ഹിമവൽപുണ്യതീർത്ഥങ്ങളും സപ്തപ്രാപ്തിയുടെ തുകന്നവയായിട്ടേ ബ്രഹ്മവാദികൾ ഗണിച്ചിട്ടുള്ളൂ; നർമ്മദയോ, സർവ്വകാമങ്ങളേയും മോക്ഷത്തേയും നൽകുന്നു.

അമൃതസ്നാനംകൊണ്ടു സൂര്യലോകവും, സരസ്വതീസ്നാനംകൊണ്ടു ബ്രഹ്മലോകവും, വിശാലാസ്നാനംകൊണ്ടു വിശാലഫലവും കിട്ടും; നർമ്മദാസ്നാനമോ, പാപേന്ധനങ്ങൾക്കു കാട്ടുതീയും, പുനർജ്ജന്മനാശനവും, വൈകുണ്ഠപ്രാപ്തിയാകുന്ന മോക്ഷത്തെ നൽകുന്നതുമത്രേ. സരയൂ, ഗണ്ഡകി, സിന്ധു, ചന്ദ്രഭാഗ, കൌശികി, താപി, ഗോദാവരി, ഭീമ, പയോഷ്ണി, കൃഷ്ണവേണി, കാവേരി, തുംഗഭദ്ര മുതലായ നദികളിലെല്ലാംവെച്ചു മീതെയാണ്, വിഷ്ണുലോകം നൽകുന്ന നർമ്മദ. പൂർവ്വപുണ്യങ്ങൾകൊണ്ടേ നർമ്മദയിൽ ചെല്ലാൻ തുടയ്ക്കൂ. അതിൽ സ്നാനംചെയ്യാൻ മോക്ഷമായി! ദേവകൾ എല്ലാ

Digitized By Kerala Sahitya Akademi

യ്പോഴും, 'നർമ്മദാസ്നാനം നമുക്കെന്നു സാധിക്കും' എന്നിങ്ങിനെ പാടിക്കൊണ്ടിരിക്കും. അതിൽ സ്നാനംചെയ്യുവർ ഗർഭവാസം അനുഭവിക്കാതെ, വിഷ്ണുസന്നിധിയിൽവസിക്കും. വന്നിച്ചുപാപം സമ്പാദിച്ചവരും, നർമ്മദാസ്നാനംചെയ്യാൽ, നരകത്തിൽ വീഴാതെ നാകത്തിൽ മേലകംകൊണ്ടു സഞ്ചരിക്കും. തീർത്ഥയാത്രകളും, ദാനം, തപസ്സ്, യാഗം എന്നിവയെ ഒരു തട്ടിലും നർമ്മദയെ മറേറതട്ടിലുമായി വെച്ചു ബ്രഹ്മാവു പണ്ടു തൂക്കിനോക്കുകയുണ്ടായി; മോക്ഷദായിയായ നർമ്മദയാണു മുന്നിനിന്നതു്.'

ലോമശന്റെ ഈ വാക്കു കേട്ടിട്ടു പിശാചുക്കളും അദ്ദേഹത്തോടൊന്നിച്ചു നർമ്മദയിൽ സ്നാനംചെയ്വാനായി ചെന്നു. അപ്പോൾ, മോഹവശാൽ നർമ്മദയുടെ കരയ്ക്കു ഒരു കാവൽനിൽക്കുകയും നർമ്മദാജലത്തിന്റെ ഒരു തുള്ളി അവരുടെ ശരീരത്തിൽ പതിക്കുകയുംചെയ്തു. നീർത്തുള്ളി ദേഹത്തുമാത്രമായിത്തന്നെ, അവർ പിശാചുതപംവിട്ടു ദിവ്യദേഹരായിച്ചമഞ്ഞു; നർമ്മദയെ സ്തുതിച്ചു.

പിന്നീടു ലോമശൻ പറഞ്ഞപ്രകാരം, ആ ബ്രാഹ്മണയുവാവു് ആ ഗന്ധർവ്വകന്യകമാർ അഞ്ചുപേരേയും നർമ്മദാതീരത്തുവെച്ചുതന്നെ സുഖമായി വിവാഹംചെയ്തു. അവരാറുപേരും വളരെക്കാലം നർമ്മദയിൽ കളിച്ചും നർമ്മദാജലംകുടിച്ചും നർമ്മദയെ പൂജിച്ചും വസിച്ചു്, ഒടുവിൽവിഷ്ണുലോകംപ്രാപിച്ചു.

നർമ്മദാമഹിമയെപ്പറ്റിയുള്ള ഒരു മഹാപുണ്യമായ ഇതിഹാസം, ഇതാ, അങ്ങയോടു ഞാൻപറഞ്ഞു. ഇതു ശ്രവിച്ചാൽ തന്നെ പാപശാന്തിവരും.'

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരമാരണസംവാദം, ഗന്ധർവകന്യാമുനികുമാര ശാപമോക്ഷാദി ഇരുപത്തിമൂന്നാമധ്യായം.

(o)

ഇരുപത്തിനാലാമദ്ധ്യായം.

യുധിഷ്ഠിരൻ:—'മഹർഷേ, വസിഷ്ഠോക്തങ്ങളായ മറേറ തീർത്ഥങ്ങളും പറഞ്ഞുതരിക. അവയെ ശ്രവിച്ചാൽ പാപം നശിക്കുമല്ലോ.'

Digitized By Kerala Sahitya Akademi

നാരദൻ:—'രാജാവേ, വസിഷ്ഠൻ പറഞ്ഞ തീർത്ഥങ്ങൾ ഇനിയും കേട്ടുകൊൾക:

ബ്രഹ്മചാരിയായി ജിതേന്ദ്രിയനായി ദക്ഷിണസിന്ധുവിനെ സേവിച്ചവൻ അഗ്നിഷ്ടോമഫലം നേടി, വിമാനത്തിൽ കേറും. ചമ്പാനദിയിൽ സ്നാനംചെയ്തുപവസിച്ചാൽ രന്തിദേവപ്രസാദത്താൽ അഗ്നിഷ്ടോമഫലം കിട്ടും. അവിടെ നിന്ന ഹിമവൽസ്രുതമായ അർബുദത്തിൽ പോകണം. ഇവിടം പണ്ടു പൃഥിവിയുടെ കരു സൃഷ്ടിരമായിരുന്ന. ഇവിടേയ്ക്കു വസിഷ്ഠന്റെ ത്രിലോകവിഖ്യാതമായ ആശ്രമം. ഇവിടെ കരു രാവുപവസിച്ചാൽ അയിരം പശുദാനത്തിന്റെ ഫലം കിട്ടും. നരേന്ദ്ര, ബ്രഹ്മചാരിയായി പിംഗാതീർത്ഥത്തിൽ സ്നാനം ചെയ്യുവൻ, നൂറു ശുദ്ധാനത്തിന്റെ ഫലം നേടും. പിന്നെ പ്രസിദ്ധമായ പ്രഭാസം പ്രാപിക്കണം. ദേവകളുടെ മുഖവും വായു സാരഥിയുമായ ഹുതാശനൻ വാണരുളുന്ന ആ തീർത്ഥത്തിൽ സശ്രദ്ധം സ്നാനം ചെയ്യുവന്ന് അഗ്നിഷ്ടോമാതിരാത്രങ്ങളുടെഫലം കിട്ടും. അവിടെ നിന്ന സരസ്വതീസാഗരസംഗമത്തിൽച്ചെന്ന സ്നാനം ചെയ്യുവൻ അയിരം പശുദാനത്തിന്റെ ഫലംനേടി അഗ്നിയെപ്പോലെ തേജസ്വിയായി സ്വർഗലോകത്തു പൂജിക്കപ്പെടും. സമുദ്രതീർത്ഥത്തിൽ സശ്രദ്ധം കളിച്ചു മൂന്നരാവുപവസിച്ചു പിതൃദേവകളെ തർപ്പിച്ചവൻ അശ്വമേധഫലംനേടി, സോമനെപ്പോലെ ശോഭിക്കും.

ഭരതോത്തമ, അവിടെ നിന്ന, യിഷ്ണുവിന്ന ഉർവാസ്സുവരം കൊടുത്ത സ്ഥലമായ വരദാനതീർത്ഥത്തിൽ പോയി സ്നാനം ചെയ്യുക; അയിരം പശുദാനത്തിന്റെ ഫലം കിട്ടും. പിന്നെ ചോവതിയിൽചെന്ന പിണ്ഡാരകത്തിൽ സ്നാനം ചെയ്താൽ ബഹ്വാസുവർണ്ണകം കഴിച്ച ഫലമായി. ആ തീർത്ഥത്തിൽ പത്മമുദ്രകരം. ത്രിശൂലചിഹ്നങ്ങം എന്നിവ ഇപ്പോഴും കാണാം. അവിടെ മഹാദേവൻ സന്നിധിചെയ്യുന്ന. സമുദ്രസിന്ധുസംഗമത്തിൽ സശ്രദ്ധം സ്നാനം ചെയ്തു പിതൃദേവർഷികളെ തർപ്പിച്ചവൻദിവ്യമാനതേജസ്സായി വരുണലോകം പ്രാപിയ്ക്കും. ശംകകർണ്ണേശ്വരദേവനെ പൂജിച്ചാൽ അശ്വമേധത്തിന്റെ പത്തിരട്ടി ഫലമുണ്ടുപോൽ. അവിടെ നിന്ന വലംവെച്ചു, ത്രിജഗച്ഛ്രുതമായ നിമിതീർത്ഥത്തിൽ പെന്നെത്തണം; ബ്രഹ്മാവു തു

Digitized By Kerala Sahitya Akademi

ങ്ങിയ ദേവകർം മഹേശ്വരനെ ഉപാസിച്ചുപോന്നു. ആ തീർത്ഥത്തിൽ കളിച്ചു, ദേവപരിവാരിതനായ ഗുരുനെ പൂജിച്ചവൻ ജനനം മുതൽക്കേ ചെയ്ത പാപങ്ങളിൽനിന്നു മുക്തനാകും; അശ്വമേധഫലവും നേടും. രാജാവേ, നിമിതീർത്ഥത്തിലത്രേ വിഷ്ണു പണ്ടു ദേവാരിയായ മൈത്രനെ കൊന്നിട്ടു ദേഹശുദ്ധിവരുത്തിയതു്. പിന്നെ വസുധാരയിൽ ചെല്ലുക. അവിടെ ചെന്നാൽത്തന്നെ അശ്വമേധഫലംകിട്ടും; കളിച്ചു സന്തോഷം പിതൃദേവകളെ തർപ്പിച്ചാലോ, വിഷ്ണുലോകത്തു സുഖിക്കാം. അവിടെ വസുതീർത്ഥം എന്നൊന്നുകൂടിയുണ്ടു്; അതിൽ സ്നാനപാനങ്ങൾ ചെയ്യുവൻ വസുക്കൾക്കു പ്രിയപ്പെട്ടവനായിവരും. സിന്ധുതത്തിൽ സ്നാനംചെയ്താൽ പാപമെല്ലാം നീങ്ങി, ബഹുസുവർണ്ണകഫലം കിട്ടും. ബ്രഹ്മലിംഗത്തിൽ സന്തോഷം സ്നാനം ചെയ്യുവൻ ദോഷംനീങ്ങി സുകൃതിയായി ബ്രഹ്മലോകം പൂകും. സിദ്ധസേവിതമായ കമലികാശുക്തീർത്ഥത്തിൽ കളിച്ചുവൻ ശുക്രലോകം പൂകും. അവിടെത്തന്നെ ദേവസേവിതമായ രേണുകാതീർത്ഥത്തിൽ സ്നാനംചെയ്യുവൻ ചന്ദ്രനെപ്പോലെ നിർമ്മലനായിച്ചമയും. പിന്നെ പഞ്ചനദം പൂക്ക സ്നാനം ചെയ്യാൽ, ക്രമേണ പഞ്ചയജ്ഞങ്ങളും അനുഷ്ഠിച്ച ഫലം കിട്ടും. അവിടെ നിന്നു ഭീമാസ്ഥാനമണയുക. അതിൽ കളിച്ചുവൻ നൂറായിരം പശുദാനത്തിന്റെ ഫലം നേടും; യോനിയിലൂടെയല്ലാതെ ദേവീസുതനായി സഹജകുണ്ഡലനായി ജനിയ്ക്കുകയും ചെയ്യും. ഗിരികുഞ്ജമണഞ്ഞു പിതൃമുഖനെ വണങ്ങിയാൽ അശ്വമേധപുണ്യഫലം കിട്ടും. അവിടെ നിന്നു, പൊൻ വെള്ളിമസ്യങ്ങൾ ഇന്നും കാണപ്പെടുന്ന വിമലതീർത്ഥത്തിൽ പോവുക; അതിൽ കളിച്ചുവൻ പാപമൊക്കെ വേർപെട്ട വാജപേയഫലം നേടി പരമഗതിയടയും.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദം,
ക്ഷിണസാഗരസമീപസ്ഥ യാനാതീർത്ഥകഥനം,
ഇരുപത്തിരണ്ടാമദ്ധ്യായം.

—(o)—

Digitized By Kerala Sahitya Akademi

ഇരുപത്തെയ്യായ്യം

നാരദൻ:— വിതസ്തയിൽച്ചെന്ന പിതൃദേവകളെ തർപ്പിച്ചാൽ വാജപേയഫലം കിട്ടും. കാശ്മീരത്തിൽത്തന്നെ തക്ഷകനാഗത്താൻ വാഴുന്ന വിതസ്താതീർത്ഥത്തിൽ സ്നാനം ചെയ്യുവന്നും വാജപേയഫലം കൈവരും; പാപംനീങ്ങി, പരമഗതിയും സിദ്ധിക്കും. പിന്നെ മലയത്തിൽച്ചെന്ന സന്ധ്യാകാലത്തു യഥാവിധി സ്നാനംചെയ്ത് അഗ്നിക്കു ചരു(ഹോമാന്നം) നിവേദിക്കുക. അതു പിതൃക്കൾക്ക് അക്ഷയമായിരിക്കും. ലക്ഷം പശുദാനത്തിലും, നൂറു രാജസൂയത്തിലും, ആയിരം അശ്വമേധത്തിലും മീതെയാണ് ചരു നിവേദനം. അവിടെനിന്ന തിരിച്ചു തുടർന്നു പുരം മഹാദേവനെ ദർശിച്ചാൽ അശ്വമേധഫലം കിട്ടും. മണിമാനിൽച്ചെന്ന ബ്രഹ്മചാരിയായി മനസ്സടക്കിച്ച് ഒരു രാവുപവസിച്ചവൻ അഗ്നിഷ്ടോമഫലം നേടും. അവിടെനിന്ന, ബ്രാഹ്മണർ ജനിച്ചതായി കേൾവിയുള്ള ദേവികയിൽ പോകണം. അവിടെ ഒരു ശിവക്ഷേത്രവുമുണ്ട് ദേവികയിൽ കളിച്ച മഹേശ്വരനെ പൂജിച്ച യഥാശക്തി വല്ലതും നിവേദിച്ചാൽ സർവകാമസമൃദ്ധമായ ഒരു യാഗത്തിന്റെ ഫലം കിട്ടും അവിടെ കാമം എന്ന തടാകതീർത്ഥത്തിൽ സ്നാനം ചെയ്താൽ, അപ്പോരംതന്നെ സിദ്ധി വരും. അവിടെത്തന്നെ യജനം, യാജനം, ബ്രഹ്മവാലുകം, പുഷ്പന്യാസം എന്നിവയിൽ സ്നാനംചെയ്യുവൻ മരിച്ചാലും ശോചനീയനാകില്ല. ദേവർഷിപൂജിതയായ ദേവികയ്ക്ക് അതയോജനവീതിയും, അത്രയുയോജനനീളവുമുണ്ട്

ധർമ്മജ്ഞ, അവിടെനിന്ന, ബ്രഹ്മാദിദേവകളും സിദ്ധമുനീന്ദ്രരും ദീർഘസത്രം ദീക്ഷിക്കുന്ന ദീർഘസത്രതീർത്ഥത്തിൽ പോകണം. അവിടെച്ചെന്നാൽത്തന്നെ രാജസൂയാശ്വമേധഫലം സിദ്ധിക്കും. പിന്നെ വിനാശനമണയുക. മേരുപൃഷ്ഠത്തിൽ മറഞ്ഞൊഴുകുന്ന സരസ്വതി, ഇവിടെ ചമസോത്തേദത്തിലും ശിവോത്തേദത്തിലും നാഗോത്തേദത്തിലും ദൃശ്യയായി വിളങ്ങുന്നു. ചമസോത്തേദത്തിൽ സ്നാനം ചെയ്താൽ അഗ്നിഷ്ടോമഫലവും, ശിവോത്തേദത്തിൽ അതിരാ

Digitized By Kerala Sahitya Akademi

പശുദ്ധാനത്തിന്റെ ഫലവും കിട്ടും; നാഗോത്തേത്തിൽ കളിച്ചവൻ നാഗലോകമണയും. പിന്നീട് ശശയാനത്തിൽ ചെല്ലുക. ഇവിടെ ശശരൂപംപൂണ്ട പുഷ്കർ കൊല്ലംതോറും കാർത്തികത്തിൽ സരസ്വതിയിൽ സ്നാനം ചെയ്തുപോരുന്നു. അതിൽ സ്നാനംചെയ്യുവൻ അയിരം പശുദ്ധാനത്തിന്റെ ഫലം നേടും; എന്നെന്നും ശിവനെപ്പോലെ വിളങ്ങുകയും ചെയ്യും.

കുരുനന്ദന, കുമാരകോടിയിൽ ചെന്നു കളിച്ചു പിതൃദേവതർപ്പണം ചെയ്തവൻ പതിനായിരം പശുദ്ധാനത്തിന്റെ ഫലം നേടും; വംശത്തിന്നും ഉൽഗതിവരുത്തും. അവിടെനിന്നു, രുദ്രകോടിയിൽ ചെല്ലുക. പണ്ട് ഒരു കോടിമഹർഷിമാർ ഒന്നിച്ച് അവിടെ ശിവദർശനത്തിന്നു ചെന്നു, 'ഞാൻ മുമ്പേ, ഞാൻ മുമ്പേ' എന്നിങ്ങനെ തിക്കിത്തിരക്കുകയായി. അപ്പോൾ, യോഗേശ്വരനായ ഭഗവാൻ അവർക്കിടയിൽ തീർക്കുന്നതിനായി യോഗത്താൽ ഒരുകോടി രുദ്രന്മാരെ നിർമ്മിച്ചു. 'ഞാനാണ് മുമ്പേ ശിവദർശനം കഴിച്ചതു്' എന്ന്, അവരിൽ ഓരോരുത്തരും വിചാരിക്കുകയും ചെയ്തു. ആ തേജസ്വികളുടെ മികച്ച കീർത്തിയാൽ മനംതെളിഞ്ഞ മഹാദേവൻ 'ഇന്നുമുതൽ നിങ്ങടെ ധർമ്മം വർദ്ധിക്കും' എന്നായി അവരെ അനുഗ്രഹിച്ചു. ആ രുദ്രകോടിയിൽ സ്നാനം ചെയ്യുവൻ അശ്വമേധഫലം നേടി, വംശത്തെ കരയേറ്റും. അവിടെ നിന്നു സരസ്വതീസംഗമം പ്രാപിക്കണം. അവിടെ ബ്രഹ്മാദിദേവന്മാരും മുനിസിദ്ധചാരണരും ചൈത്രശുക്ലചതുർദ്ദശിയിൽ ജനാർദ്ദനനെ ഉപാസിപ്പാൻ വരാറുണ്ട്. അതിൽ സ്നാനം ചെയ്യുവൻ പാപമെല്ലാമൊഴിഞ്ഞു ബഹുസുവർണ്ണകഫലം നേടി, ശിവലോകം പ്രാപിക്കും. ഋഷിമാരുടെ സത്രങ്ങളും അവസാനിച്ച സത്രാവസാനത്തിൽ സ്നാനം ചെയ്താൽ അയിരം പശുദ്ധാനത്തിന്റെ ഫലം കിട്ടും.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, യതിധർമ്മതീർത്ഥമാഹാത്മ്യവർണ്ണനം, വജ്രസൂചികോപനിഷത്തും ഇരുപത്തൊമ്പതാമധ്യായം.

—— (o) ——

Digitized By Kerala Sahitya Akademi

ഇരുപത്താറാമദ്ധ്യായം

നാരദൻ:—മഹാരാജാവേ, അവിടെനിന്ന കുരുക്ഷേത്രത്തിലേയ്ക്ക പോകണം. അവിടെച്ചെന്നാൽ ഏതുപ്രാണിയ്ക്കും പാപശാന്തിവരും. 'ഞാൻ കുരുക്ഷേത്രത്തിലേയ്ക്ക പോകയാണ്'; ഞാൻ കുരുക്ഷേത്രത്തിൽ വസിയ്ക്കും' എന്നിങ്ങിനെ പതിവായി പറഞ്ഞാൽത്തന്നെ സർവ്വപാപവും നശിക്കും. അവിടെ സരസ്വതിയിൽ ഒരു മാസം വസിക്കണം. ബ്രഹ്മാദിദേവന്മാരും ബ്രഹ്മർഷികളും ചാരണരും ഗന്ധർവരും അപ്സരസ്സുകളും യക്ഷരും നാഗത്താന്മാരും അവിടെ മഹാപുണ്യമായ ബ്രഹ്മക്ഷേത്രത്തിൽ വരാറുണ്ട്. കുരുക്ഷേത്രത്തെ ഭജിച്ചാൽ മതി, പാപംവിട്ടബ്രഹ്മലോകംപോകാൻ. ഭക്തിയോടേ കുരുക്ഷേത്രത്തിൽപോയാലോ, രാജസൂയാശ്വമേധഫലംകിട്ടും. പിന്നെ മഹാബലനായ മതർണ്ണകയാഗപാലനെ വന്ദിയ്ക്കുക; അയിരംപശുദാനത്തിന്റെ ഫലം സിദ്ധിക്കും.

പിന്നീട്, വിഷ്ണുവിന്റെ നിത്യസാന്നിദ്ധ്യമുള്ള വിഷ്ണുസ്ഥാനത്തുചെന്ന സ്നാനംചെയ്ത ത്രൈലോക്യകർത്താവായ നാരായണനെ ദർശിച്ചവൻ അശ്വമേധഫലം നേടി, വൈകുണ്ഠം പൂകും. അവിടെനിന്ന പാരിപ്ലവം പ്രാപിച്ച സ്നാനംചെയ്താൽ അഗ്നിഷ്ടോമാതിരാത്രഫലം സിദ്ധിക്കും. പിന്നെ പൃഥിവീതീർത്ഥത്തിലും, തദനന്തരം ശാലപികിനിയിൽചെന്ന ഉശാശ്വമേധത്തിലും സ്നാനംചെയ്തവൻ അയിരം പശുദാനത്തിന്റെ ഫലം നേടും. സപ്പിന്നവി എന്ന നാഗതീർത്ഥം പൂകിയാൽ അഗ്നിഷ്ടോമഫലം സമ്പാദിച്ച നാഗലോകം പ്രാപിക്കാം. പിന്നെ ഭാരപാലമതർണ്ണകങ്കൽ ഒരു രാവുപവസിച്ചാൽ അയിരംപശുദാനംചെയ്തഫലമുണ്ടാകും. അവിടെനിന്ന പഞ്ചനദം പൂക്ക സർവ്വപാപം കോടിതീർത്ഥത്തിൽ കളിച്ചാൽ അശ്വമേധഫലം കിട്ടും. അശ്വതീർത്ഥത്തിൽ സ്നാനംചെയ്തവൻ സുരലോകം. വിഷ്ണു പണ്ടു വരാഹരൂപനായി സ്ഥിതിചെയ്ത വരാഹതീർത്ഥത്തിൽ സ്നാനംചെയ്താൽ അഗ്നിഷ്ടോമഫലം കിട്ടും.

അവിടെനിന്ന് ഉജ്ജയിനിയിൽ ചെന്നു സോമതീർത്ഥത്തിൽ സ്നാനംചെയ്തവൻ രാജസൂയം കഴിച്ചവനായി! ഏകധാംസത്തിൽ

Digitized By Kerala Sahitya Akademi

സ്നാനം ചെയ്യുവൻ ആയിരം പശുക്കളെ ദാനത്തിന്റേയും, കൃതശൌചത്തിൽ കളിച്ചവൻ ശ്രദ്ധയോടെ പുണ്ഡരീകത്തിന്റേയും ഫലം നേടും. പിന്നെ മുഞ്ജീവടത്തിൽ മഹാദേവക്ഷേത്രത്തിൽ ഒരു രാവുപവസിച്ചാൽ ശതത്തിലധികം വർഷമായിത്തീരും. അവിടെത്തന്നെ പക്ഷയിൽ സ്നാനം ചെയ്താൽ എന്തഭീഷ്ടവും സാധിയ്ക്കും. പിന്നെ വലംവെച്ചു കുരുക്ഷേത്രം പ്രാപിക്കണം. മഹാത്മാവായ ഭാർഗ്ഗവരാമനാൽ ആവാഹിക്കപ്പെട്ട പുണ്യസംസ്രുതത്തിൽ സ്നാനംചെയ്തു പിതൃദേവകളെ തൃപ്തിപ്പെടുത്തുവാൻ ഉത്സാഹിയായി അശ്വമേധഫലം നേടും.

പിന്നെ തീർത്ഥയാത്രക്കാരൻ രാമഹ്രദത്തിൽപോകണം. ഇവിടെയത്രേ, തേജസ്വിയായ പരശുരാമൻ വീര്യത്താൽ ക്ഷത്രിയരെ കൊന്നൊടുക്കി, അവരുടെ രക്തംകൊണ്ടു് അഞ്ചു ഹ്രദങ്ങൾ നിർമ്മിച്ചു' പിതൃപിതാമഹർക്കെല്ലാം തർപ്പണം കഴിച്ചതു്. അതിൽ പ്രസന്നരായ പിതൃക്കൾ ഭാർഗവനോടുപറഞ്ഞു: — 'മഹാഭാഗനായ രാമ, നിന്റെഈ പിതൃഭക്തിയും വിക്രമവും ഞങ്ങളെ സന്തോഷിപ്പിച്ചിരിയ്ക്കുന്നു. നീ വേണ്ടുന്ന വരം ചോദിച്ചുകൊൾകെ:' ഇതു കേട്ടിട്ടു മഹാവാഗ്മിയായ ജാമദഗ്ന്യൻ ഗഗനസ്ഥരായ പിതൃക്കളോടു തൊഴുതുണർത്തിച്ചു:— 'ഭവാന്മാർ പ്രസാദിച്ചു് എന്നെ അനുഗ്രഹിയ്ക്കുകയാണെങ്കിൽ, വീണ്ടും എനിക്കു തപഃപുഷ്ടി സിദ്ധിക്കട്ടെ! ക്രോധം ബാധിച്ചു ക്ഷത്രിയരെ ഒടുക്കിയതിനാലുള്ള പാപത്തിൽ നിന്നു് ഞാൻ മുക്തനാകട്ടെ! നിങ്ങളുടെ പ്രഭാവത്താൽ എന്റെ ഹ്രദങ്ങൾ തീർത്ഥങ്ങളായും ഭവിക്കട്ടെ!' പിതൃക്കൾ അതിസന്തോഷത്തോടെ മറുവടി പറഞ്ഞു:— 'നിനക്കു, വിശേഷിച്ചും പിതൃഭക്തിയാൽ, തപസ്സു വർദ്ധിക്കട്ടെ. ക്രോധം ബാധിച്ചു ക്ഷത്രിയരെ കൊടുക്കിയ പാപം നിന്നെ വിട്ടൊഴിയട്ടെ: അവർ സ്വകർമ്മങ്ങളാലത്രേ ഹനിക്കപ്പെട്ടതു്. നിന്റെ ഹ്രദങ്ങൾ തീർച്ചയായും തീർത്ഥങ്ങളായി ഭവിയ്ക്കും! ഈ ഹ്രദങ്ങളിൽ കളിച്ചു പിതൃതർപ്പണം ചെയ്യുവനു പിതൃക്കൾ പ്രസാദിച്ചു ഭൂമിയിൽ ഉർവ്വരമായിട്ടുള്ള അഭീഷ്ടവും, ശാശ്വതമായ സ്വർഗ്ഗലോകവും നൽകും.' ഇങ്ങിനെ രാമനു വരംകൊടുത്തു പിതൃക്കൾ മറഞ്ഞു. ഈ പുണ്യങ്ങളായ രാമഹ്രദങ്ങളിൽ കളിച്ചു ബ്രഹ്മചാരിയായി ശുചിവ്രതനായി പരശുരാമനെ പൂജിച്ചവൻ ബ്രഹ്മസവർണ്ണക ഫലം നേടും.

Digitized By Kerala Sahitya Akademi

പിന്നെ വഞ്ചിമൂലത്തിൽ സ്നാനം ചെയ്യുവൻ വംശത്തിനു് ഉൽഗതി വരുത്തും. കായശോധനത്തിൽ കളിച്ചുവൻ തീർച്ചയായും ദേഹത്തോടിവന്ന ശ്രേഷ്ഠലോകങ്ങൾ പൂകും. അവിടെനിന്നു, വിഷ്ണു പണ്ടു ലോകങ്ങളെ ഉദ്ധരിച്ച ലോകോദ്ധാരമെന്ന ശ്രേഷ്ഠതീർത്ഥത്തിൽ പോയി സ്നാനം ചെയ്യുവൻ തന്റെ ലോകങ്ങളെ ഉദ്ധരിയ്ക്കും. ശ്രീതീർത്ഥം പൂക്കുവന്നു മികച്ച ശ്രീയുണ്ടാകും. പിന്നെ കപിലാതീർത്ഥത്തിൽ കളിച്ചു പിതൃദേവതർപ്പണം ചെയ്താൽ ആയിരം പൈക്കളെ കൊടുത്താലുള്ള ഫലം കിട്ടും. സൂര്യതീർത്ഥത്തിൽ സ്നാനം ചെയ്തുപവസിച്ചു പിതൃദേവരെ തർപ്പിച്ചുവൻ അഗ്നിഷ്ടോമഫലം നേടി സൂര്യലോകം പ്രാപിക്കും. മുഞ്ജഗോവന്ന തീർത്ഥത്തിൽ ചെന്നുകളിച്ചുവൻ, അശ്വമേധം പത്തുദ്ധാനത്തിന്റെ ഫലം നേടും. ഗംഗാതീർത്ഥസ്നാനം മികച്ച വീര്യത്തെ നൽകും. അവിടെനിന്നു സരസ്വതിയിൽ ചെന്നു്, ഇന്ദ്രനെപ്പോലെ മഹാത്മാവായ ബാഹുപാലവർണ്ണകന്റെ തീർത്ഥത്തിൽ കളിച്ചാൽ അഗ്നിഷ്ടോമഫലം കിട്ടും. പിന്നെ ബ്രഹ്മയോനിത്തുമണയുക. അതിൽ കളിച്ചാൽ ബ്രഹ്മലോകത്തു വാഴാം. അനന്തരം, പിതൃദേവനിത്യസാന്നിധ്യമുള്ള സുതീർത്ഥത്തിൽ പോയി സ്നാനം ചെയ്തു പിതൃദേവതർപ്പണം കഴിച്ചുവൻ അശ്വമേധഫലം നേടി പിതൃലോകം പൂകും. കാശീശ്വരതീർത്ഥസ്നാതൻ സർവവ്യാധി നിർമ്മുക്തനായി ബ്രഹ്മലോകത്തു സുഖിയ്ക്കും. മാതൃതീർത്ഥസ്നാതനു സന്തതി വർദ്ധിയ്ക്കും; സ്വർഗ്ഗവും കിട്ടും. അവിടെനിന്നു ശീതവനത്തിൽ പോയി ഭർഗ്ഗനാൽ തന്നെ സൃഷ്ടിമായ ഭൈരവകം എന്ന ഉർല്ലഭതീർത്ഥത്തിൽ ക്ഷൗരാനന്തരം സ്നാനം ചെയ്യണം. അവിടത്തെന്നെ സ്നാതലോകാത്തിനു് എന്ന മറ്റൊരു തീർത്ഥമുണ്ടു്. അതിൽ സ്നാനം ചെയ്തു വിപ്രനും വിദ്വാനുമായും തത്വജ്ഞാനികളും മികച്ച ഗതിയടയുന്നു. സപർണ്ണലോമാപനയനതീർത്ഥത്തിൽവെച്ചു, ബ്രാഹ്മണർ പ്രാണായാമം കൊണ്ടു രോമംകൊഴിച്ചു പരിശുദ്ധരായിട്ടു, സൽഗതി സമ്പാദിക്കുന്നു. അവിടെത്തന്നെ തൊട്ടടുത്ത മേധത്തിൽ കളിച്ചാൽ പരമഗതികിട്ടും.

പിന്നെ വിശ്വവിശ്രുതമായ മാനുഷതീർത്ഥത്തിൽ പോകണം. വേടന്റെ അമ്പേറു് ഇതു തീർത്ഥത്തിൽ ചാടിയ കൃഷ്ണമൃഗങ്ങൾ മനുഷ്യരായിത്തീർന്നു. അതിൽ കളിച്ചാൽ പാപമറു സ്വർഗ്ഗത്തിൽ വാഴാം. മനുഷ്യത്തിനു കീഴ്ക്ക് ഒരു വിളിപ്പാടകലെ, സിദ്ധസേവിതയായ

Digitized By Kerala Sahitya Akademi

അപഗാനദിയിൽവെച്ചു പിതൃദേവകളെ ചാമത്തോകൊണ്ടു പൂജിയ്ക്കുന്നതു വലിയ ഒരു ധർമ്മമാണ്; ഒരു ബ്രാഹ്മണനെ ഉയർത്തിയാൽ കോടിപ്പേരെ ഉയർത്തിക്കഴിഞ്ഞു! അതിൽ സ്നാനം ചെയ്തു പിതൃദേവാർച്ചനവും കഴിച്ചു് ഒരു രാവുപവസിച്ചാൽ അഗ്നിഷ്ടോമഫലം കിട്ടും. അവിടെനിന്നു, ബ്രഹ്മാവു വാണരുളുന്ന ബ്രഹ്മാന്തരപരത്തിൽ പോകണം. അവിടെ സപ്തർഷികണ്ഡങ്ങളിലും കപിലകേദാരത്തിലും കളിച്ചു ബ്രഹ്മദർശനം ചെയ്താൽ പാപമെല്ലാം നീങ്ങി ബ്രഹ്മലോകത്തു വാഴാം. കപിഷ്ഠലകേദാരത്തിൽ കളിച്ചവനു തപസ്സുകൊണ്ടു പാപങ്ങളെ ദഹിച്ചു മനശ്ശുദ്ധിവരും. പിന്നെ സേവകത്തിൽ ചെന്നു കുരുത്ത പതിന്നാങ്കിൽ വൃഷധ്വജനെ ദർശിച്ചാൽ സർവ്വാഭീഷ്ടങ്ങളും സാധിയ്ക്കും; സപർദ്ദവും കിട്ടും. സേവകത്തിൽ ചുറ്റും അഞ്ചുകോടീശ്വരന്മാരുടെ മൂന്നു കോടിതീർത്ഥങ്ങളുണ്ടു്. അവിടെ ഇളാസ്പദതീർത്ഥത്തിൽ കളിച്ചു പിതൃദേവതർപ്പണം കഴിച്ചവനു ഒരിയ്ക്കലും തിവരികയില്ല; വാജപേയഫലം കിട്ടുകയും ചെയ്യും. കിംദാനത്തിലും കിംയജ്ഞത്തിലും സ്നാനം ചെയ്തവനു് ദാനയജ്ഞങ്ങളും അളവറവായിത്തീരും. കലശിയിൽ സപ്തർഷികൾ സ്നാനം കഴിച്ചവനു് അഗ്നിഷ്ടോമഫലം സിദ്ധിയ്ക്കും.

സേവകത്തിനു കിഴക്കു രാമജന്മംഎന്ന നാരദതീർത്ഥത്തിൽ കളിയ്ക്കുകയും, അവിടെവെച്ചു മരിയ്ക്കുകയും ചെയ്തവൻ നാരദപ്രസാദത്താൽ ഉല്ലാലലോകങ്ങളും പ്രാപിയ്ക്കും. വെള്ളത്തെ രണ്ടാമനാം പുണ്ഡരീകത്തിൽ സ്നാനം ചെയ്തവനു പുണ്ഡരീകയജ്ഞത്തിന്റെ ഫലം കിട്ടും. അവിടെ നിന്നു ത്രിവിഷ്ടപപ്രസിദ്ധമായ ത്രിവിഷ്ടപത്തിൽചെന്നു, വൈതരണീപുണ്യനദിയിൽ സ്നാനം ചെയ്തു ശൂലപാണിയെ പൂജിച്ചവൻ പാപമെല്ലാംനീങ്ങി പരമഗതിയടയും. പിന്നെ ദേവകം അനേകായിരമാണ്ടായി തപസ്സു ചെയ്തുപോരുന്ന ഫലാകീ(ജീ) വനത്തിൽപോയി, ദുഷദ്വതിയിൽ കളിച്ചു പിതൃദേവതർപ്പണം ചെയ്യുക; അഗ്നിഷ്ടോമാതിരാത്രങ്ങളുടെ ഫലം സിദ്ധിയ്ക്കും. മഹാരാജാവേ സർവ്വദേവതീർത്ഥത്തിൽ സ്നാനം ചെയ്താൽ ആയിരം പശുദാനത്തിന്റെ ഫലം കിട്ടും. പാണിഖാതത്തിൽ കളിച്ചു ദേവതർപ്പണം ചെയ്തവൻ രാജസൂയഫലം നേടി ജ്യോതിർലോകം പ്രാപിയ്ക്കും.

അവിടെനിന്നു, വിശ്രുതമായ മിശ്രകത്തിൽ ചെന്നെത്തുക. അതിൽ, മഹാത്മാവായ വ്യാസൻ ബ്രാഹ്മണർക്കുവേണ്ടി തീർത്ഥം മി

Digitized By Kerala Sahitya Akademi

ശ്രീകരിച്ചതായി കേൾവിയുണ്ട്. അതിനാൽ മിശ്രകസ്നാനം സർവ്വ തീർത്ഥസ്നാനം തന്നെയാണ്! പിന്നെ വ്യാസവനംപൂക്ക മനോജ്ഞ വത്തിൽ കളിച്ചാൽ ആയിരം പശുദാനമായി! അതിനുശേഷം മധുവടിയിൽ പോയി ദേവീസ്ഥാനത്തിൽ കളിച്ചു പിതൃദേവതർപ്പണം കഴിച്ചവൻ ദേവീപ്രസാദത്താൽ ആയിരം പശുദാനത്തിന്റെ ഫലംനേടും. കൈശികീദ്വാദശീസംഗമത്തിൽ സ്നാനം ചെയ്യുവൻ സർവ്വപാപനിർമ്മുക്തനാകും. ധീമാനായ വ്യാസൻ പൂർവ്വമുഖം പൊക്കായ്കയാൽ പ്രാണത്യാഗത്തിനൊരുങ്ങുകയും, ദേവകം തടുക്കുകയുംചെയ്തതെവിടെയോ; ആ വ്യാസസ്ഥലി ചെന്നു ദർശിച്ചാൽ ആയിരം പശുദാനംചെയ്തുകഴിഞ്ഞു! ജ്ഞാനക്ഷുപം പ്രാപിച്ച് ഒരിടങ്ങഴി എള്ള് ദാനംചെയ്യുവൻ കടംവീടി പരമഗതിയടയും. വേദീതീർത്ഥസ്നാനം ഗോസഹസ്രദാനസമാനമാകുന്നു. അഹസ്സ് സൂര്യനാം ഏന്നീ ഇരുതീർത്ഥങ്ങളിൽ സ്നാനംചെയ്യുവൻ സൂര്യലോകത്തു വാഴും.

പിന്നീട് മൃഗധൂമത്തിൽപോയി രുദ്രപത്തിൽ കളിച്ചു ശൂലപാണിയെ പൂജിച്ചാൽ അശ്വമേധഫലമാകിട്ടും; കോടിതീർത്ഥസ്നാനം ആയിരം പശുദാനത്തോടൊപ്പം. അവിടെനിന്നു വാമനകുണ്ഡത്തിൽ പോയി വിഷ്ണുപദത്തിൽ കളിച്ചു വാമനനെ പൂജിച്ചവൻ പാപമെല്ലാം നീങ്ങി വിഷ്ണുലോകം പ്രാപിയ്ക്കും. കലഹപുനത്തിൽ കളിച്ചാൽ കലഹമുഴുവൻ പരിശുദ്ധമാകും. മരുത്തീർത്ഥമായ പവനഹ്രദത്തിൽ കളിച്ചാൽ വായുലോകത്തു വാഴുമാറാകും. അമരഹ്രദത്തിൽ സ്നാനംചെയ്ത് അമരാധിപനെ അർച്ചിച്ചവൻ അമരപ്രഭാവത്താൽ അമരാവതിയടയും. ശാലിഹോത്രന്റെ ശാലിസൂര്യതീർത്ഥത്തിൽ സ്നാനം ചെയ്താൽ ആയിരംപശുദാനത്തിന്റെഫലംകിട്ടും. സരസ്വതിയിൽശ്രീകണ്ഠതീർത്ഥസ്നാനം അഗ്നിഷ്ടോമത്തിനൊക്കും. അവിടെനിന്നു നൈമിശകുണ്ഡത്തിൽ പോകണം. പണ്ടു നൈമിശത്തിലെ തപസ്വികൾ തീർത്ഥയാത്രയിൽ കുരുക്ഷേത്രത്തിൽചെന്നപ്പോൾ, സരസ്വതിയിൽ അവർക്കു പെരുമാറാനായി ഉണ്ടാക്കിയതാണുപോൽ ആ കുണ്ഡം. അതിൽ സ്നാനംചെയ്താൽ ആയിരംപശുദാനമായി.

ശ്രീപദ്മമഹാപുരാണം ആദിഖണ്ഡം, യുധിഷ്ഠിരനാരദസംവാദം
കുരുക്ഷേത്രം നായാതീർത്ഥവർണ്ണനം ഇരുപത്തഞ്ചാമധ്യായം.

———o———

Digitized By Kerala Sahitya Akademi

ഇരുപത്തേഴാമദ്ധ്യായം.

നാരദൻ:—ധർമ്മജ്ഞ, അവിടെനിന്നു കന്യാതീർത്ഥമണയുക. കന്യാതീർത്ഥസ്നാനം അഗ്നിഷ്ടോമത്തിനൊക്കും. പിന്നെ ബ്രഹ്മസ്ഥാനം പൂകുക. അതിൽകളിച്ചാൽ, ജാതി താന്നവൻ ബ്രാഹ്മണനാകും; ബ്രാഹ്മണനോ പരിശുദ്ധനായി പരമഗതി പ്രാപിക്കും. തദനന്തരം സോമതീർത്ഥത്തിൽചെന്നു സ്നാനംചെയ്യുവൻ സോമലോകത്തിൽ വാഴും. പിന്നീടു, മങ്കണകബ്രാഹ്മണിക്കു സിദ്ധിവന്ന സപ്തസാരസ്വതത്തിൽ പോകണം: പണ്ടു മങ്കണകനു, ഭർമുനതട്ടിയിട്ടു കൈ മുറിഞ്ഞുപോയപ്പോൾ, അതിൽനിന്നു ശാകരസമാണ് ഒഴുകിയതു്. അതുകണ്ടിട്ട് അത്യുച്ചം മുഴുത്ത മഹർഷി വിസ്മയത്താൽ വിടർന്ന കണ്ണുകളുമായി നൃത്തംവെച്ചുതുടങ്ങി. ആ നൃത്തത്താൽ ചരാചരങ്ങളെല്ലാം വിറയ്ക്കുകയും, അദ്ദേഹത്തിന്റെ തേജസ്സാൽ മയങ്ങുകയുംചെയ്തു. അതിനാൽബ്രഹ്മാദിദേവന്മാരും മഹർഷിമാരുംകൂടി ശിവന്റെഅടുക്കൽച്ചെന്നു്, 'ഇദ്ദേഹത്തിന്റെ നൃത്തം മാറിയില്ലെങ്കിൽ' എന്നണത്തിച്ചു. ശിവൻ ദേവകളുടെ ഹിതത്തിന്നായി, മനംകളിഞ്ഞു നൃത്തംചവിട്ടുന്ന മഹർഷിയെ ചെന്നുകണ്ടു ചോദിച്ചു:—'മുനിപുംഗവ, ഭവാൻ നൃത്തം വെയ്ക്കുന്നതെന്തിനാണു്? അങ്ങയ്ക്കെന്തുകൊണ്ടാണ് ഇത്ര സന്തോഷം?'

മുനി:—'ഒരു ധാർമ്മിക തപസ്വിയായ എനിയ്ക്കു ശരി മറവുണ്ടു്? മുറിവിൽനിന്നു ശാകരസമാണ് ഒഴുകിയത്! അതുകണ്ടു സന്തോഷം മുഴുത്തതിനാലത്രേ, ഞാൻ നൃത്തം വെയ്ക്കുന്നത്'

രാഗമോഹിതനായ മുനിയോടു ദേവൻ, 'എനിയ്ക്കിതിൽ അത്ഭുതം തോന്നുന്നില്ല; നോക്കു' എന്നിങ്ങനെ പുഞ്ചിരിക്കൊണ്ടരുളിച്ചെയ്തിട്ടു, പുണ്ടുവിരൽത്തലകൊണ്ടു പെരുവിരലിന്മേൽ ഒന്നു കൊട്ടി. അവിടെ നിന്നതാ, മഞ്ഞുപോലുള്ള ഭസ്മം ഉതിരുന്നു! താപസൻ നാണിച്ചു തൃക്കാൽക്കൽ വീണു:—

(പാട്ട)

'ശങ്കര, ഭവാനല്ലൊ സുരാസുര-
സംഘമുറപ്പെട്ട പാരിന്നൊരു ഗതി;

Digitized By Kerala Sahitya Akademi

സ്ഥാവരജംഗമാത്മകമാകിയ
മൂവുലകിലും തീർത്തതങ്ങുന്നു താൻ.
ഏവരുമൊടുവങ്ങയിൽച്ചേരുന്നു;
ദേവകൾക്കുമജ്ഞേയനല്ലോ ഭവാൻ.
സർവ്വമങ്ങുതാനു, ങ്ങയിൻക്കാണാമെ
ശവ്, നാന്മുഖൻ മുമ്പാം നിലിമ്പരെ.
ചാരിനൊക്കെയും കത്താവു, മാവിധം
കാരയിതാവുമങ്ങോരാം താനല്ലൊ.
നിന്തിരുവടിതൻകൃപകൊണ്ടത്രേ
നിർഭയരായ് സ്സുഖിയ്ക്കുന്നു ദേവകൾ.'

ഇപ്രകാരം മഹാദേവനെ സ്തുതിച്ചിട്ട മഹർഷി വണക്കത്തിൽ ഉണത്തിച്ചു:— 'ഭഗവാനെ, നിന്തിരുവടിയുടെ പ്രസാദത്താൽ എന്റെ തപസ്സിനു ഹാനി വരാതിരിയ്ക്കണം! ശിവൻ തിരുവുള്ളം കളിഞ്ഞ് അരുളിച്ചെയ്തു:—'വിപ്ര, അങ്ങയ്ക്ക് എന്റെ പ്രസാദത്താൽ തപസ്സ്, അയിരം മടങ്ങു വർദ്ധിക്കട്ടെ! ഞാൻ ഭവാനോടൊന്നിച്ച് ഈ ആശ്രമത്തിൽ വസിക്കാം. സപ്തസാരസ്വതത്തിൽ സ്നാനംചെയ്ത് എന്നെ പൂജിക്കുന്നവർക്ക് ഇഹത്തിലോ പരത്തിലോ ഒർല്ലഭമായി ഒന്നുമുണ്ടാകയില്ല. അവർ തീർച്ചയായും സാരസ്വതലോകം പ്രാപിക്കുകയും ചെയ്യും.' ഇയ്വിധം അരുളിച്ചെയ്തിട്ട മഹാദേവൻ അവിടെത്തന്നെ മറഞ്ഞു.

അവിടെനിന്ന് ഒരുനൂറുതീർത്ഥമണയണം. അവിടെ ത്രികൂപ്രീതിക്കായി, ബ്രഹ്മാദിദേവന്മാരും സപ്തർഷിമാരും ഭഗവാൻ കാത്തികേയനും ത്രിസന്ധ്യകളിൽ സന്നിധി ചെയ്യാറുണ്ട്. കപാലമോചനതീർത്ഥത്തിൽ സ്നാനംചെയ്താൽ പാപമൊക്കെയും നശിക്കും. അഗ്നിതീർത്ഥത്തിൽ സ്നാനംചെയ്താൽ അഗ്നിലോകം കിട്ടും; വംശത്തിനും ഉൽഗതിവരും. അവിടെത്തന്നെ വിശ്വാമിത്രതീർത്ഥത്തിൽ കളിച്ചാൽ ബ്രാഹ്മണ്യം ലഭിക്കും. ബ്രഹ്മയോനിയിൽ സ്നാനംചെയ്താൽ ബ്രഹ്മലോകത്തു വാഴാം; മുപ്പതലമുറവരെ ശുദ്ധിയും ലഭിക്കും. പിന്നീടു പൃഥൂദകം എന്ന കാർത്തികേയതീർത്ഥം പുക്കു സ്നാനംചെയ്ത പിതൃദേവകളെ തർപ്പിച്ചാൽ, സ്ത്രീയാകട്ടെ പുരുഷനാകട്ടെ അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ പാപമെല്ലാംതൽക്ഷണംനശിക്കും; അശ്വമേധഫലവുംസർ

Digitized By Kerala Sahitya Akademi

ഗ്ഗവും കിട്ടുകയുംചെയ്യും. കുരുക്ഷേത്രം പുണ്യമാകുന്നു; അതിലുംപു ണ്യമാണ് സരസ്വതി; സരസ്വതിയെക്കാൾ പുണ്യങ്ങളാണ് തീർത്ഥ ങ്ങൾ; തീർത്ഥങ്ങളിൽവെച്ച് പുണ്യമതേ പുഷ്കരം. പുഷ്കരത്തിൽ വെച്ച് ജപിച്ചുംകൊണ്ടു ദേഹത്യാഗം ചെയ്യുന്നവൻ പുനരാവൃത്തിയി ല്ലാത്ത സനൽകുമാരനും വ്യാസനും വേദങ്ങളും പറഞ്ഞിട്ടുണ്ട്. പുഷ്കര കത്തെക്കാൾപുണ്യമായി മറ്റൊരു തീർത്ഥമില്ല. അതിൽ സ്നാനം ചെയ്താൽപാപികൾപോലും സ്വർഗ്ഗംപൂകും. അവിടത്തെന്നെ മധുപൂ രത്തിൽസ്നാനംചെയ്താൽ ആയിരം പശുദ്ദാനമാകും!

അവിടെനിന്നു, സരസ്വത്യരുണാസംഗമത്തിൽ ചെന്നു ദേവീ തീർത്ഥത്തിൽ സ്നാനംചെയ്തു മൂന്നാളുപവസിച്ചാൽ ബ്രഹ്മഹത്യ പോലും നീങ്ങും. അവിടത്തന്നെ, ബ്രാഹ്മണർക്കുവേണ്ടി പണ്ടു ഭർഗ്ഗി നിർമ്മിച്ച അവകീർണ്ണതീർത്ഥത്തിൽ സ്നാനം ചെയ്യുവൻ വ്രതോ പനയനോപവാസക്രിയാമന്ത്രസംയുക്തനായ ബ്രാഹ്മണനായിത്തീരും; ക്രിയാമന്ത്രരഹിതനായ ബ്രാഹ്മണൻപോലും അതിൽ സ്നാനംചെ യ്താൽ വ്രതമാചരിച്ചവനായി വരും. ഇതു പണ്ടേ കണ്ടറിഞ്ഞിട്ടുള്ള താണ്. നാലുസമുദ്രങ്ങളേയും ഭർഗ്ഗി അവിടെ വരുത്തിയിട്ടുണ്ട്. അ വയിൽ സ്നാനംചെയ്തവന്നു ഉർഗ്ഗതി നേരിടുകയില്ല; നാലായിരം പശുദ്ദാനത്തിന്റെ ഫലവും കിട്ടും.

പിന്നെ ശതസഹസ്രകതീർത്ഥത്തിൽ പോകണം. സാഹസ്രകം എന്നൊന്നു കൂടി അവിടെയുണ്ട്. രണ്ടിലേയും സ്നാനം ആയിരം പശുദ്ദാനത്തിന്റെ ഫലം നൽകും; മാനോപവാസാദികളെ ആയിരം മടങ്ങാക്കുകയുംചെയ്യും. അവിടെനിന്നു രേണുകാതീർത്ഥമണയുക; പാ പം മുഴുവനൊഴിഞ്ഞു അഗ്നിഷ്ടോമഫലം കൈവരും. വിമോചന ത്തിൽ സ്നാനം ചെയ്താൽ, പ്രതിഗ്രഹം വഴിയുള്ള പാപമൊക്കെ ന ശിയ്ക്കും. പിന്നീടു പഞ്ചവടം പ്രാപിക്കുക. വന്നിട്ടു പുണ്യവും സ്വർ ഗ്ഗവും ഫലം. അവിടെ യോഗേശ്വരനായ ശിവനെ പൂജിക്കുകയും വേണം. ബ്രഹ്മാദിദേവകളും മഹർഷിമാരുംകൂടി സ്കന്ദനെ സേനാ നിയാക്കി അഭിഷേകം ചെയ്തതെവിടെയോ; സ്വതേജസ്സുകൊണ്ടു തിള ങ്ങുന്ന ആ തൈജസതീർത്ഥത്തിൽ പോയാൽ മതി സിദ്ധിവരാൻ. തൈജസത്തിനു കിഴക്കു കുരുതീർത്ഥത്തിൽ കുളിച്ചാൽ, പാപമെല്ലാം നീങ്ങി ബ്രഹ്മലോകം പൂകാം. പിന്നെ സപ്തസാരസ്വതീർത്ഥം പ്രാപിക്കു

Digitized By Kerala Sahitya Akademi

ക; അഗ്നിഷ്ടോമഫലവും, ബ്രഹ്മലോകവും കിട്ടും. അവിടെനിന്ന് അ നാകം; ഒരിക്കലും തിരിവരില്ല. അവിടെ ബ്രഹ്മവിഷ്ണുശിവന്മാർ ഉപാസി ച്ചുപോരുന്ന തത്ത്വമേതെന്നും ഓർമ്മിക്കണം; ഫലം മേൽപ്രകാരം. അ വിടത്തന്നെ വിശേഷപ്രദനായ പാവ്വതീവല്ലഭനെ തൊഴുതാൽ ഏഴുജന്മപാപവും കഴിയും; നാളീകനാരായണനേ തൊ ഴുതാൽ തേജസ്വിയായി വിഷ്ണുലോകം പുകും. സർവ്വദേവതീർത്ഥ ത്തിൽ സ്നാനം ചെയ്യുവൻ സർവ്വദുഃഖവും നീങ്ങി എന്നെന്നും ശിവ നെപ്പോലെശോഭിയ്ക്കും.

അവിടെനിന്ന് അസ്ഥിപുരത്തു പോയി പാവനതീർത്ഥ ത്തിൽ പിതൃദേവതർപ്പണം ചെയ്താൽ അഗ്നിഷ്ടോമഫലം കിട്ടും. അവിടത്തന്നെ മുന്നകോടി തീർത്ഥങ്ങളുള്ള ഗംഗാഹ്രദകൂപത്തിൽ സ്നാ നം ചെയ്യുവൻ ബ്രഹ്മലോകത്തുവാഴും. ആപഗയിൽകളിച്ചു മഹേശ്വ രനെ പൂജിച്ചവൻ സ്വയംശരീരത്തെ ഉജ്ജീവിച്ചു പരമഗതിയടയും. പി ന്നെ സ്ഥാണുവടത്തിൽ പോയികളിച്ച് ഒരു രാവുപവസിച്ചാൽ രുദ്ര ലോകം പുകും. അവിടെനിന്ന വസിഷ്ഠാശ്രമമായ ബദരീവനത്തിൽ ച്ചെന്ന ബദരി (ലന്തക്കരു) ഭക്ഷിച്ചുകൊണ്ടു മൂന്നാം പാത്താൽ പ ന്തിരണ്ടുകൊല്ലം ബദരി ഭക്ഷിച്ചു കഴിച്ചതിന്റെ ഫലംകിട്ടും. ഇന്ദ്രമാ ർഗ്ഗതീർത്ഥത്തിൽ ഒരുനാൾ ഉപവസിച്ചാൽ സ്വർഗ്ഗലോകത്തു പാ ർക്കാം. ഏകരാത്രത്തിൽച്ചെന്ന് ഒരു രാത്രി വസിച്ചവൻ നിയതനാ യി സത്യവാദിയായി ബ്രഹ്മലോകത്തു പൂജിക്കപ്പെട്ടും.

പിന്നീടു, തേജോനിധിയായ ആദിത്യന്റെ ആശ്രമമുള്ള തീർത്ഥ ത്തിൽ പോയി കളിച്ചു സൂര്യനെ പൂജിച്ചവൻ സ്വയംശരീരത്തെ ഉജ്ജീവി ച്ചു ആദിത്യലോകം പുകും. സോമതീർത്ഥസ്നാനം തീർച്ചയായും സോമലോകപ്രാപകമാകുന്നു. അവിടെനിന്നു, ദധീചിമുനി സാരസ്വ തനായി സിദ്ധികർത്തൃധിനാഥനായിത്തീർന്ന ദധീചിതീർത്ഥത്തിൽ പോയി സ്നാനംചെയ്യുവൻ വാജപേയഫലവും സാരസ്വതഗതിയും നേടും. പിന്നെ കന്യാശ്രമം പുക്കു മൂന്നാം ഉപവസിച്ചവൻ ന്യൂ ടി വ്യകന്യകമാരെ നേടും; ബ്രഹ്മലോകത്തു പാർക്കുകയുംചെയ്യും. അവി ടെനിന്നു, ബ്രഹ്മാദിദേവകളും ഋഷിമാരും മാസംതോറും സന്നിധാ നം ചെയ്യാറുള്ള സന്നിഹിതതീർത്ഥത്തിൽ ചെന്ന സൂര്യഗ്രഹണ ത്തിൽസ്നാനംചെയ്യാൽ നൂറശ്വമേധം സായിച്ചകഴിഞ്ഞഭൂവിലും ദ്യോ വിലുമുള്ള തീർത്ഥങ്ങളും ഉദപാനങ്ങളും ബ്രാഹ്മണരും പുണ്യക്ഷേത്ര

Digitized By Kerala Sahitya Akademi

ങ്ങളുമൊക്കെ കറുത്തവാവുതോറും സന്നിഹിതത്തിൽ വന്നുചേരും. തീർത്ഥസന്നിധാനത്താലത്രേ സന്നിഹിതമെന്നു പേർ. അതിൽ സ്നാനവും പാനവും സ്വർഗ്ഗപ്രദമാകുന്നു. അമാവാസിയിലും സൂര്യഗ്രഹണത്തിലും അതിൽ കളിച്ചു പിണ്ഡംവെച്ചാൽ ആയിരം അശ്വമേധം ചെയ്കയുകഴിഞ്ഞു. സ്ത്രീയോ പുരുഷനോ ചെയ്ത ദുരിതമൊക്കെ അതിൽ കളിച്ച ക്ഷണത്തിൽ നശിച്ചുപോകും; പത്മവർണ്ണമായ വിമാനമേറി ബ്രഹ്മലോകം പ്രാപിയ്ക്കുകയും ചെയ്യും. ഭാരപാലനായ മഹർഷിയെ വന്ദിച്ച്, അവിടത്തന്നെ ഗംഗാഹ്രദതീർത്ഥത്തിൽപോയി സ്നാനംചെയ്യുവൻ രാജസൂയാശ്വമേധങ്ങളുടെ ഫലം നേടും.

ഭൂമിയിൽ നൈമിശവും അന്തരിക്ഷത്തിൽ പുഷ്കരവുമത്രേ ഏറെ പുണ്യം; കുരുക്ഷേത്രമാകട്ടേ മുപ്പാരിലും മീതെയാണ്. കുരുക്ഷേത്രത്തിലെ പൊടി കാറ്റുവഴിക്കേറാൽ മതി, പാപിയുടെപോലും പരമഗതി ലഭിപ്പാൻ. ദൃഷദ്വതിക്കു തെക്കു, സരസ്വതിക്കു വടക്കു കുരുക്ഷേത്രത്തിൽ വസിക്കുന്നവർ സ്വർഗ്ഗത്തിലാണ് വസിക്കുന്നതു്! 'ഞാൻ കുരുക്ഷേത്രത്തിൽ പോകയാണു്; ഞാൻ കുരുക്ഷേത്രത്തിൽ വസിയ്ക്കും' എന്നിങ്ങനെപറഞ്ഞാൽതന്നെ സ്വർഗ്ഗം കിട്ടും. ബ്രഹ്മർഷിമാർ സേവിക്കുന്ന ബ്രഹ്മാവിന്റെ വേദിയായ കുരുക്ഷേത്രത്തിൽ വസിക്കുന്നവർ ഒരുവിധത്തിലും ശോചനീയരാകയില്ല. തരണ്ഡകാരണ്ഡകകളുടേയും രാമഹ്രങ്ങളുടേയും മുമചക്രകന്റേയും ഇടയിലുള്ള സ്ഥലമത്രേ, പിതാമഹന്റെ ഉത്തരവേദിയായ കുരുക്ഷേത്ര സമന്തപഞ്ചകം,

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരതീർത്ഥസേവാവർണ്ണനം, കുരുക്ഷേത്രമാഹാത്മ്യകഥനം ഇത്രപത്തേഴാമദ്ധ്യായം

———(o)———

ഇരുപത്തെട്ടാമദ്ധ്യായം

നാരദൻ:—അവിടെനിന്നു, മഹാരോഗനായ ധർമ്മൻ മികച്ചതപം ചെയ്തതിന്റെ പേരിൽ നിർമ്മിച്ചപുണ്യമായ ധർമ്മതീർത്ഥത്തിൽ ചെന്നു സശ്രദ്ധം സ്നാനം കഴിയ്ക്കുന്ന ധർമ്മിഷ്ഠൻ ഏഴു തലമുറയും ശുദ്ധി വരുത്തും. പിന്നെ വലിയ കയ്യുപ്പാടനുവിച്ചും ക

Digitized By Kerala Sahitya Akademi

ലാപവനത്തിൽ പോയി സ്നാനം ചെയ്യുവൻ അഗ്നിഷ്ടോമഫലം നേടി വിഷ്ണുലോകത്തു വാഴും. പിന്നീട്, ബ്രഹ്മാദിദേവഗന്ധർവസിദ്ധമുനിപ്രഭൃതികളാൽ നിഷേവിതമായ സൌഗന്ധികവനത്തിൽ പോകണം. അതിൽക്കടന്നാൽ മതി സകലപാപവും വിട്ടൊഴിയാൻ. അവിടെ പുഷ്പാദേവി എന്ന സകസ്രതീർത്ഥപുണ്യനദിയിൽ സ്നാനം ചെയ്തു, പുറത്തിൽ നിന്നു പുറപ്പെട്ടുന്ന ജലത്തിൽ പിതൃദേവകളെ പൂജിച്ചാൽ അശ്വമേധഫലം കിട്ടും; പുറത്തിൽ നിന്നു പുറപ്പെട്ടുന്ന ജലത്തെക്കാൾ അറിരട്ടി പുണ്യമായ ഈശാനമുഖ്യതീർത്ഥത്തിൽ കളിച്ചാൽ ആയിരം പശുദാനവും അശ്വമേധവും ചെയ്ത ഫലമുണ്ടാകും; സുഗന്ധ, ശതകുംഭ, പഞ്ചയജ്ഞം എന്നിവ ചെന്നു കർശിച്ചാൽ സ്വർഗ്ഗത്തിൽ വാഴാം. അവിടത്തന്നെ ത്രിശൂലപാതതീർത്ഥത്തിൽ കളിച്ചു പിതൃദേവകളെ തർപ്പിച്ചവൻ ദേഹത്യാഗത്തിൽ പാർവ്വതീതുല്യനായിത്തീരും.

പിന്നെ ശാകംഭരീദേവി വാണരുളുന്ന രാജഗൃഹത്തിൽ പോകണം: ആയിരം ദിവ്യവർഷം ശാകാഹാരം കൊണ്ടു കഴിച്ചുദേവി മനസാതോഷം വന്നുചേർന്നിരുന്ന ഭക്തപ്രസാദികരംഭ ശാകംകൊണ്ടു്, അതിഥ്യം ചെയ്തതിനാലത്രേ ശാകംഭരി എന്ന പേർ വന്നതു്. ആ ശാകംഭരിയെ കർശിച്ചു മൂന്നു നാൾ ശാകം ഭക്ഷിച്ചാൽ, പന്തിരണ്ടുകൊല്ലം ശാകാഹാരം ചെയ്ത ഫലം കിട്ടും. അവിടെ നിന്നു, വിഷ്ണു പണ്ടു ബ്രഹ്മനെ ആരാധിച്ചു പ്രസാദിപ്പിച്ചു, സുദർശനത്തേക്കാളായ വരങ്ങൾ വാങ്ങുകയുണ്ടായ സുവർണ്ണാക്ഷക്ഷേത്രത്തിൽ ചെന്നെത്തി, ശിവനെ പൂജിച്ചാൽ അശ്വമേധഫലവും പാർഷദഭാവകത്വവും ലഭിയ്ക്കും. 'കൃഷ്ണ, ഭവാനും ഭവാങ്കൽ ഭക്തിയുള്ള സർവ്വജഗത്തും എനിയ്ക്ക് എന്നെക്കാളും പ്രിയപ്പെട്ടിരിയ്ക്കും' എന്നരുളി വിഷ്ണുവിനോടു മുപുരാന്തകൻ അരുളിച്ചെയ്കയുണ്ടായി. പിന്നെ ധൂമവന്തിയിൽ പോയി മൂന്നാൾ വസിയ്ക്കുക; നിനച്ചതൊക്കെ നിറവേറും. വേദിയുടെ തെക്കേപ്പുകതിയായ രഥാവർത്തത്തെ ഭജിച്ചവൻ ശിവപ്രസാദത്താൽ സൽഗതിയടയും. പിന്നെ വലത്തോട്ടു തിരിഞ്ഞു ധാരയിൽ പോയി സ്നാനം ചെയ്തവൻ ദുഃഖത്തിൽപ്പെടില്ല. അനന്തരം മഹാഗിരിയെ വണങ്ങി, സ്വർഗ്ഗപ്രാരോഹണപ്രദമായ ഗംഗാപ്രവാഹത്തിലെത്തി സ്നാനം ചെയ്യുക; പുണ്ഡരീകഫലം കിട്ടുകയും, വംശത്തിനു് ഉൽഗതിവരിക

Digitized By Kerala Sahitya Akademi

യും ചെയ്യും. അവിടെ ഒരു രാവു വസിച്ചാൽ ആയിരം പശുക്കളുടെ ദാനമായി! സപ്തഗംഗം, ത്രിഗംഗം, ശക്രാവർത്തം എന്നിവയിൽ ദേവപിതൃതർപ്പണം പുണ്യലോകപ്രാപ്തിയെ നൽകും.

അവിടെ നിന്നു കനഖലത്തിൽച്ചെന്നു മൂന്നാളുവസിച്ചാൽ അശ്വമേധഫലവും സ്വർഗ്ഗവും കിട്ടും. പിന്നെ കപിലാവടം പുക്ക് ഒരുരാവു പാർക്കുക; അതിനുശേഷം നാഗരാജനായ കപിലന്റെ തീർത്ഥത്തിൽ കളിക്കുക; രണ്ടിനും ആയിരം പശുക്കളുടെ ഫലമുണ്ട്. തദനന്തരം ശന്തനുവിന്റെ ലളിതകതീർത്ഥത്തിൽപോയി സ്നാനംചെയ്യണം; ഒട്ടുതി നേരിടുകയില്ല.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിര നാരദസംവാദം,
ധർമ്മതീർത്ഥാദിമാഹാത്മ്യകഥനം ഇതുപത്തേഴാമധ്യായം

ഇരുപത്തൊന്നാമത്തധ്യായം

നാരദൻ:—പിന്നീടു കാളിന്ദിയിൽ പോയി കളിക്കുക; പുഷ്കരം, കുരുക്ഷേത്രം, ബ്രഹ്മാവർത്തം, പൃഥൂദകം, അവിമുക്തം, സുവർണ്ണാക്ഷം എന്നിവിടങ്ങളിൽ ലഭിക്കാത്ത ഫലം യമുനാസ്നാനത്താൽ കിട്ടും. സ്വർഗ്ഗപ്രാപ്തിയിലും ആയുരാരോഗ്യസമൃദ്ധികളിലും ശുഭയൌവനഗുണങ്ങളിലും ആഗ്രഹമുള്ളവർ കാളിന്ദിയെ കൈവെടിഞ്ഞുകൂടാ. നരകദാരിദ്ര്യാദി ഭീതി ആർക്കുണ്ടോ, അവർ എത്ര പണിപ്പെട്ടും കാളിന്ദിസ്നാനം ആചരിക്കണം. ദാരിദ്ര്യപാപപരമ്പരോഗ്രപങ്കം കഴുകിക്കളയുവാൻ, യമുനാജലമൊഴിഞ്ഞു മറൊന്നില്ല! ശ്രേയോഹിതങ്ങളായ കർമ്മങ്ങൾക്കു പകതി ഫലമേ ഉള്ളൂ; എന്നാൽ, യമുന സ്നാനമാത്രംകൊണ്ടു സമ്പൂർണ്ണഫലത്തെ നൽകുന്നു. വേണ്ടിയോ വേണ്ടാതേയോ യമുനയിൽ കളിച്ചാൽ ഇങ്ങും അങ്ങും ദുഃഖങ്ങൾ നേരിടുകയില്ല. ചന്ദ്രൻ ഇരുപക്ഷങ്ങളിൽ ക്ഷയിക്കുകയും വർദ്ധിക്കുകയും ചെയ്യുന്നതുപോലെ, യമുനാസ്നാനത്താൽ പാപം ക്ഷയിക്കും, പുണ്യം വർദ്ധിക്കും; സമുദ്രത്തിൽ നാനാതരങ്ങളെന്നപോലെ, ആയുർവിത്തകളുത്തരം വിളയുകയും ചെയ്യും. കാമധേനുവും ചിന്താ

Digitized By Kerala Sahitya Akademi

മണിയുമെന്നപോലെ, കാളിന്ദീസ്നാനം സർവ്വ കാമങ്ങളേയും നൽകും.

കൃതയുഗത്തിൽ തപസ്സും, ത്രേതയിൽ യജ്ഞവും, ദ്വാപരകലികളിൽ ദാനവുമാണല്ലൊ മുഖ്യം; കാളിന്ദിയാകട്ടെ ഏതു കാലത്തും ശ്രേഷ്ഠമാകുന്നു. യമുനാസ്നാനം ഏതുജാതികർക്കും ഏതാശ്രമക്കാർക്കും ധർമ്മത്തെ കോരിച്ചൊരിഞ്ഞുകൊടുക്കുന്നു. വിശേഷിച്ചും കർമ്മഭൂമിയായ ഈ ഭാരതവർഷത്തിൽ, കാളിന്ദീസ്നാനം ചെയ്യാത്തവർക്ക് ജന്മം വെറുതെയാണ്. യമുനാസ്നാനം ചെയ്യാഞ്ഞാൽ, അമാവാസിയിൽ ആകാശത്തു ചന്ദ്രബിംബമെന്നപോലെ, സൽക്കർമ്മം അദൃശ്യമായിപ്പോകും. യമുനാസ്നാനമാത്രത്താലുള്ളേടത്തോളം വിഷ്ണുപ്രീതി വ്രത ദാനതപസ്സുകൾ കൊണ്ടു സംഭവിക്കുകയില്ല. സൂര്യതേജസ്സിനു തുല്യമായിട്ട് ഒരു തേജസ്സില്ലെല്ലൊ; അതുപോലെ, യമുനാസ്നാനത്തിനു തുല്യമായ സൽക്കർമ്മവുമില്ല. വിഷ്ണുപ്രസാദിപ്പാനും, പാപമൊട്ടുങ്ങുവാനും സ്വർഗ്ഗം കിട്ടാനും മനുഷ്യൻ കാളിന്ദീസ്നാനം ആചരിക്കതന്നെ വേണം. യമുനാസ്നാനമില്ലെങ്കിൽ, ഈ അസ്ഥിരമായ ശരീരം തടിപ്പിച്ചു ബലപ്പെടുത്തിവെച്ചിട്ടെന്താണ്? കായ്കൾ വെള്ളത്തിൽ പൊള്ളകുംപോലെയും, പക്ഷികളിൽ പ്രത്യണ്ഡജങ്ങൾ പോലെയും, മരിപ്പാനായിമാത്രം ജനിയ്ക്കുന്നവരാണ്, യമുനാ സ്നാനമില്ലാത്തവർ!

വിഷ്ണുഭക്തിയില്ലാത്ത വിപ്രനും, ശ്രോത്രിയൻ ക്രൂരനായ ശൂദ്രനും, ബ്രാഹ്മണനെ അനുസരിക്കാത്ത ക്ഷത്രിയനും, അനാചാരത്താൽ വംശവും, ദംഭത്താൽ ധർമ്മവും, ക്രോധത്താൽ തപസ്സും, ഉറപ്പില്ലാത്ത ജ്ഞാനവും, പ്രമാദത്താൽ ശാസ്ത്രവും, പരപുരുഷപ്രേമത്താൽ സ്ത്രീയും, മദത്താൽ ബ്രഹ്മചാരിയും, അഗ്നിജ്വലിക്കാഞ്ഞാൽ ഹോമവും, കപടത്താൽ കീർത്തിയും, ഉപജീവ്യയായ കന്യകയും, തനിക്കായിട്ടുള്ള പചനവും, ശ്രദ്ധയില്ലാത്തവന്റെ യോഗവും, പിശുക്കന്റെ ധനവും, അനഭ്യാസത്താൽ വിദ്യയും, വൈരം ഉണ്ടാക്കുന്ന അറിവും, പൊരുപ്പിന്നായിട്ടുള്ള തീർത്ഥവ്രതങ്ങളും, അസത്യം ഘുഷ്ണി എന്നിവയാൽ വാക്കും, ആറു കണ്ണുങ്ങൾ പുക്ക മന്ത്രവും, മനസ്സിളകിക്കൊണ്ടുള്ള ജപവും, അവൈദികന്നുള്ള ദാനവും, നാസ്തികതപത്താൽ ലോകവും, അശ്രദ്ധമായി ചെയ്യ പാരത്രിക കർമ്മവും, ഒരിദ്രക്ക് ഇഹലോകവും എപ്രകാരമോ; അപ്രകാരം കെട്ടതാകുന്നു, കാളിന്ദീസ്നാനരഹിതക്ക് മനുഷ്യ ജന്മം.

Digitized By Kerala Sahitya Akademi

മഹാപാപങ്ങളും ഉപപാപങ്ങളുമൊക്കെ യമുനാ സ്നാനത്താൽ വെണ്ണീറായിപ്പോയ്ക്കൊള്ളും. മനുഷ്യൻ യമുനയിലേക്കു പോകയോരം തന്നെ പാപങ്ങരം വിറച്ചു തുടങ്ങും. അവൻ കാളിന്ദീജലത്തിൽ സ്നാനം ചെയ്യുന്നതോടുകൂടി, ചന്ദ്രൻ മേഘങ്ങളിൽ നിന്നെന്ന പോലെ പാപങ്ങളിൽ നിന്നു വേർപെട്ട് അഗ്നിയെപ്പോലെ തിളങ്ങും. മാനസാ വാചാ കർമ്മണാ ചെയ്ത ഘോരശ്രേഷ്ഠകലാത്മസ്ഥൂലപാപങ്ങളെ, പാവകൻ ഇന്ധനങ്ങളെ എന്നപോലെ കാളിന്ദീസ്നാനം ഭസ്മീകരിച്ചു കളയും. അറിഞ്ഞോ അറിയാതെയോ ചെന്നുപ്പോയ പ്രമാദത്താൽ പറ്റിയുമായ പാപമെല്ലാം യമുനാസ്നാനം മാത്രം കൊണ്ടു നശിയ്ക്കും. കാളിന്ദിയിൽ കളിച്ചാൽ പാപരഹിതർ സ്വർഗ്ഗം പൂകും; പാപികരം പരിശുദ്ധരാകും. രാജാവേ, വിഷ്ണുഭക്തിക്കു എല്ലാവരും അധികാരികളാണല്ലോ; അതുപോലെ യമുന എല്ലാർക്കും എന്നും പാപനാശിനിയാകുന്നു. യമുനാസ്നാനം ഒന്നുതന്നെയാണ്, മികച്ച മന്ത്രവും മികച്ച തപസ്സും മികച്ച പ്രായശ്ചിത്തവും. അധ്യാത്മജ്ഞാനം മുൻജന്മവാസനകൊണ്ടേ ഉണ്ടാകയുള്ളുവല്ലോ; അപ്രകാരം തന്നെയാണു് കാളിന്ദീ സ്നാനതാല്പര്യവും. സംസാരച്ചുഴിയെ കഴുകിക്കളയുന്നതും പാവനങ്ങളിൽ വെച്ചു പാവനവുമത്രെ യമുനാസ്നാനം. സർവ്വകാമങ്ങളേയും നൽകുന്ന കാളിന്ദിയിൽ കളിച്ചുവർ സൂര്യചന്ദ്രാദികരംകൊത്ത ശ്രുഭഭോഗങ്ങരം ഭുജിയ്ക്കും. മധുരയിൽ ചേന്ന കാളിന്ദി വിഷ്ണുഭക്തിയെ ഉണ്ടാക്കി മുക്തിയെ നൽകുന്നു; മറ്റു തീർത്ഥകളിലേതൊ പാപം നീക്കി പുണ്യം വർദ്ധിപ്പിക്കുന്നു. ഭക്തിയോടെ കാളിന്ദിയിൽ മുഴുകിയവൻ അനേകം കോടി കല്പകാലം വിഷ്ണുസന്നിധിയിൽ വസിയ്ക്കും; സാംഖ്യംകൂടാതെ തന്നെ മുക്തിയടയും. അവന്റെ പിതൃക്കരം വളരെ വളരെ കല്പകാലം പരിശുദ്ധരായി സ്വർഗ്ഗത്തിൽ വാഴുകയും ചെയ്യും. യമുനയിലെ ജലം പാനം ചെയ്യുന്നവർക്കു നൂറായിരം പശുഗോവ്യം കൊണ്ടെന്താണു്? നൂറായിരം കോടിതീർത്ഥം കൊണ്ടെന്താണു്? യമുനയിൽ ദാനഹോമാദികളൊക്കെ കോടിമടങ്ങായിച്ചമയും.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിര നാരദസംവാദം,
കാളിന്ദീമാഹാത്മ്യവർണ്ണനം ഇതുപത്തൊമ്പതാമദ്ധ്യായം.

(o)

Digitized By Kerala Sahitya Akademi

മുപ്പത്താമദ്ധ്യായം

നാരദൻ:—ഇതിനെസ്സംബന്ധിച്ചു ഒരു പഴയ ഇതിഹാസം ഞാൻ പറയാം:

പണ്ടുകൃതയുഗത്തിൽ, നിഷ്ക്രമഥാനഗരത്തിൽ ഹേമകുണ്ഡലൻ എന്നൊരു കുബേരതുല്യനായ വൈശ്യൻ ഉണ്ടായിരുന്നു. ദേവബ്രാഹ്മണാഗ്നിപൂജകനായ ആ കുലീനൻ പലതരം കൊള്ളകൊടുക്കയോടുകൂടി കൃഷിയും കച്ചവടവും നടത്തിപ്പോന്നു. അദ്ദേഹം പയ്യ്-എരുമ-കുതിര മുതലായ നാൽക്കാലികളെ പോറ്റിവളർത്തുകയും, ഗോരസം- ഗോമയം- പുല്ല്- വിറക്- ഫലമൂലശാകങ്ങൾ- ഉപ്പ്- ഇഞ്ചി-തിപ്പലി-ധാന്യങ്ങൾ-പലതരം വസ്ത്രങ്ങൾ-ധാതുക്കൾ-കരിമ്പിൻപഞ്ചാരങ്ങൾ മുതലായവ പതിവായി വിൽക്കുകയും ചെയ്തിരുന്നു. ഈ രണ്ടുവഴിയായും മറ്റുവഴിയായും അദ്ദേഹം എട്ടുകോടി പൊന്നുണ്ടാക്കി.

അപ്പോഴേയ്ക്കും ആ കോടീശ്വരനു ചെവിവരെ നര കേറിക്കഴിഞ്ഞു. പിന്നീടു് അദ്ദേഹം സംസാരത്തിന്റെ ക്ഷണഭംഗുരതയോർത്തിട്ടു ധനത്തിന്റെ അറിലൊന്നുകൊണ്ടു ധർമ്മകാര്യം ചെയ്യാൻതുടങ്ങി. വിഷ്ണുവിന്നും ശിവന്നും ക്ഷേത്രം പണിയിച്ചു; സമുദ്രംപോലെ വിസ്തീർണ്ണമായ ഒരു തടാകം കഴിപ്പിച്ചു; പലതരം കുളങ്ങളും പൊയ്കകളും ഉണ്ടാക്കിച്ചു; അരയാൽ, പേരാൽ,മാവ്, തെങ്ങ്,ഞാവൽ, വേപ്പു മുതലായവയുടെ തോപ്പും, പൂങ്കാവും നട്ടുപിടിപ്പിച്ചു; ഉദയം മുതൽ അസ്തമയം വരെ അന്നപാനങ്ങളും കൊടുപ്പിച്ചു; നഗരത്തിന്നുപുറത്തു നാലുദിക്കിലും വെട്ടുപ്പായി തണ്ണീർപ്പന്തലുകൾ ഏർപ്പെടുത്തി; പുരാണപ്രോക്തങ്ങളായ ദാനങ്ങളും പലയും ചെയ്തു. നാമം തോറും ദേവപൂജയും അതിഥിസൽക്കാരവും നടത്തിപ്പോന്നു; ഇങ്ങിനെ ജീവകാലം മുഴുവൻ ചെയ്തപാപത്തിന്നു പ്രായശ്ചിത്തം അനുഷ്ഠിയ്ക്കുകയായി. അങ്ങിനെയിരിയ്ക്കെ, അദ്ദേഹത്തിന്റെ ശ്രീകുണ്ഡലൻ വികുണ്ഡലൻ എന്നീപുത്രന്മാരിരുവരും മുതിർന്നു വന്നു. തറവാട്ടുഭാരം അവരെ ഏല്പിച്ചിട്ടു് ഹേമകുണ്ഡലൻ കാട്ടിൽപ്പോയി കഠിനമായ തപസ്സുചെയ്തു വാസുദേവനെ ആരാധിച്ചു വസിയ്ക്കുകയും കുറവിൽ ദുഃഖരഹിതമായ വിഷ്ണുലോകം പ്രാപിയ്ക്കുകയുംചെയ്തു.

Digitized By Kerala Sahitya Akademi

യുവാക്കളും സുന്ദരന്മാരുമായ അദ്ദേഹത്തിന്റെ പുത്രന്മാരൊക്കെ ട്ടെ, സമ്പന്നമദത്താൽ വലിയ മേനിക്കാരായിത്തീർന്ന, ധർമ്മകർമ്മങ്ങൾ വെടിഞ്ഞു ദുർമ്മാർഗ്ഗങ്ങളിൽ ഏർപ്പെട്ടു: അമ്മയുടേയോ വൃദ്ധന്മാരുടേയോ വാക്കിനെ ആദരിച്ചില്ല. അച്ഛന്റെ സുഹൃത്തുക്കളെ തള്ളി; കടി വ്യഭിചാരം തുടങ്ങിയ ദുർവൃത്തികളിൽ മുഴുകി. അഴകൊത്ത വസ്ത്രങ്ങളും മുത്തുമാല മുതലായ ചലനരം ആഭരണങ്ങളും ധരിച്ചു, ചന്ദനം പൂശി, കസ്തൂരിപ്പൊട്ടു തൊട്ടു,സുഗന്ധപുഷ്പങ്ങൾ ചൂടി വേഷപ്പകിട്ടുകൂട്ടി, വിനോദകന്മാരോടും അനേകം തേവിടിശ്ശികളോടും കൂടി സമോപാട്ടും കൊട്ടും വീണയും മാക്കേഴലുമായി കഴിയുകയും. അനവരതം തരുണികളിലേറി, അവിടവിടെ മദ്യപാനവും പരസ്ത്രീഗമനവും ചെയ്തുകൊണ്ടു സഞ്ചരിയ്ക്കും; അച്ഛന്റെ ധനം അവതിപ്പെട്ടമാതുമായിരുന്നു വാരിക്കൊടുക്കും. ഇങ്ങിനെ ദേഹൈകനിരതന്മാരായി രമണീയമായ സദ്ഗൃഹത്തിൽ വിളയാടിക്കൊണ്ട് അവർ ഉള്ള മുതലൊക്കെ തേവിടിശ്ശികളിലും വിടന്മാരിലും നട്ടവന്മാരിലും മല്ലചാരണവന്ദികളിലുമായി ചിലവഴിച്ചു. ഉവർ മണ്ണിൽ വിത്തു വിതയ്ക്കുന്നതുപോലെ, ആ ധനം അപാത്രത്തിൽ ചൊരിഞ്ഞതല്ലാതെ, സൽപാത്രത്തിൽ ദാനംചെയ്തതുണ്ടായില്ല; അഗ്നിയിൽ ഹോമിയ്ക്കുകയോ വിഷ്ണുവിനെ പൂജിയ്ക്കുകയോ ചെയ്തില്ല.

കുറച്ചുകാലംകൊണ്ടു രണ്ടുപേരുടേയും മുതലൊക്കെ മുടിഞ്ഞുപോയി. ഗൃഹത്തിൽ ഭക്ഷണത്തിന്നുപോലും വകയില്ലാതായി. അതിനാൽ അവർ വിശന്നും മോഹിച്ചും വലഞ്ഞു, വലിയ സങ്കടത്തിലകപ്പെട്ടു. സ്വജനങ്ങളും സ്നേഹിതന്മാരും സേവകന്മാരും ഭൃത്യന്മാരുമൊക്കെ, ധനം ക്ഷയിച്ചതോടുകൂടി, അവരെ ഉപേക്ഷിച്ചുകഴിഞ്ഞു. ഒടുവിൽ അവർ മോഷണം ആരംഭിച്ചു. പിന്നെ രാജാവിനേയും ജനങ്ങളേയും പേടിച്ചിട്ടു നഗരംവിട്ടു കാട്ടിലാക്കി താമസം. അവിടെ വേടന്മാരൊന്നിച്ചു വേട്ടയ്ക്കിറങ്ങി, വിഷംതേച്ച ശരങ്ങളെയ്തു പന്നി-മാൻ-ഉടുമ്പു തുടങ്ങിയ മൃഗങ്ങളേയും പക്ഷികളേയും കൊന്നു മാംസംകൊണ്ടാഹാരം കഴിച്ചുപോന്നു. കുറെയധികം കാലം മലയിലേയ്ക്കും, മറ്റൊരു കാട്ടിലേയ്ക്കും പോയി. ജ്യേഷ്ഠനെ ഒരു വ്യാഘ്രം പിടിച്ചു; അനുജനെ പാമ്പുകടിച്ചു. ഇങ്ങിനെ പാപികരും ഇരുവരും ക്രമേണിവസം മൃതിപ്പെട്ടു. യമദൂതന്മാർ പാശങ്ങൾകൊണ്ടു കെട്ടിവരിഞ്ഞു് അവരെ യമലോകത്തിൽ കൊണ്ടുചെന്നു സ്വാമിയോടുണർത്തിച്ചു:—'തിരുമേനി, കല്പിച്ചതുപോലെ

Digitized By Kerala Sahitya Akademi

രം രണ്ടുമനുഷ്യരെ ഇതാ, കൊണ്ടുവന്നിരിയ്ക്കുന്നു. എന്തുചെയ്യണമെന്ന സദയം ഉത്തരവാകണം.'

ധർമ്മരാജാവു ചിത്രഗുപ്തനുമായി ആലോചിച്ചിട്ടു വിധികല്പിച്ചു:—'ഒന്നാമനെ തീവ്രവേദനമായ നരകത്തിൽ കൊണ്ടുതള്ളാം. രണ്ടാമൻ സ്വർഗ്ഗത്തിൽ ശ്രേഷ്ഠഭോഗങ്ങളെ ഭുജിക്കട്ടെ.' അപ്പോൾ ദൂതന്മാർ ഉടനടി ജ്യേഷ്ഠനെ ഘോരരൌരവത്തിൽ കൊണ്ടിട്ടു. അനുജനോട് ഒരു ദൂതത്തലവൻ സൌമ്യമായി പറഞ്ഞു:—'വികുണ്ഡല, എന്റെറകൂടെ വരിക: ഞാൻ അങ്ങയെ സ്വർഗ്ഗത്തിൽ കൊണ്ടാക്കാം; അവൻ സ്വകർമ്മത്താൽ നേടിയ ദിവ്യഭോഗങ്ങളെ അനുഭവിച്ചാലും.'

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരനാരദസംവാദം
കാളിന്ദീമഹാത്മ്യകഥനം, ശ്രീകണ്ഠമഹിമകഥനവും
മഹിളാരത്നം മുപ്പതാമധ്യായം

———(൦)———

മുപ്പത്തൊന്നാമദ്ധ്യായം

നാരദൻ:—അതിൽ മനംകലിഞ്ഞ വികുണ്ഡലൻ, 'എനിക്കെന്തുകൊണ്ടാണ് സ്വർഗ്ഗംകിട്ടിയതു' എന്ന വലിയവിസ്മയവും സംശയവും തോന്നുകയാൽ, വഴിയിലവെച്ച് ആ ദൂതനോട് ചോദിച്ചു:—'ദൂതപ്രവര, ഞാൻ ഒരു സംശയം ചോദിക്കട്ടെയോ: ഞങ്ങളിരുവരും ഒരേ കുലത്തിൽ ജനിച്ചവരും, ഒരേ കർമ്മംചെയ്തവരുമാണ്; ഒരുപോലെ ദുർമ്മരണമടഞ്ഞു; ഒരേ സമയത്താണ് യമനെ കണ്ടതും. ഇങ്ങിനെയിരിക്കെ, എന്റെ ജ്യേഷ്ഠനെ നരകത്തിൽ തള്ളിയതും, എനിയ്ക്കു സ്വർഗ്ഗം തന്നതും എന്തുകൊണ്ടായിരിക്കാം? എനിക്കു സ്വർഗ്ഗംകിട്ടാൻ കാരണം ഞാൻ കാണുന്നില്ല.'

യമദൂതൻ:—'അമ്മ, അച്ഛൻ, മകൻ, മാസ്റ്റർ, സോദരി, സോദരൻ എന്നീപ്പേരുകളൊക്കെ, ജന്തുവിന്നു കർമ്മം ഭുജിപ്പാൻ വേണ്ടിയുള്ള ജനനം നിമിത്തമാകുന്നു; ഒരേവൃക്ഷത്തിൽ പക്ഷികൾ ഒത്തുകൂടുന്നതുപോലെ മാത്രമാണ്, ഇവരുടെ ചേർച്ച. പൂർവ്വാസനയാൽ എന്തെന്തുകർമ്മം ചെയ്യുന്നുവോ; അതിന്റെ ഫലം

Digitized By Kerala Sahitya Akademi

കാരോത്തമനും അന്വേഷിയ്ക്കുന്നു. വികണ്ഡല, ചെയ്യു നന്മതിന്മകളുടെ ഫലം അതാതിന്റെ കാലത്തു മനുഷ്യനനുഭവപ്പെട്ടും. ഒരാൾ കർമ്മം ചെയ്യുന്നു; അതിന്റെ ഫലം അയാൾതന്നെ അനുഭവിക്കുന്നു. മറ്റവന്റെ കർമ്മം മറ്റാളെ ബാധിയ്ക്കുകയില്ല. ഭവാന്റെ ജ്യേഷ്ഠൻ ഘോരപാപങ്ങൾ നിമിത്തം നരകത്തിൽ പതിച്ചു; ഭവാനോ, ധർമ്മത്താൽ ശാശ്വതമായ സ്വർഗ്ഗം പൂകുന്നു.'

വികണ്ഡലൻ:—'ബാല്യം മുതൽക്കേ പാപത്തിലല്ലാതെ പുണ്യത്തിൽ എന്റെ മനസ്സു ചെന്നിട്ടില്ല. ഇജ്ജന്മത്തിൽ ഞാൻ ഒരു ദുർമ്മമേചെയ്തിട്ടുള്ളൂ; ഞാൻ സുകൃതം ചെയ്തതായി എനിക്കറിവില്ല. എന്റെ പുണ്യം അങ്ങയ്ക്കറിയാമെങ്കിൽ ദയചെയ്തു പറഞ്ഞുതരിക.'

യമധർമ്മൻ:—'വൈശ്യ, ഭവാൻ ചെയ്തിട്ടുള്ള പുണ്യമൊക്കെ എനിക്കറിയാം; അങ്ങു തീർച്ചയായും അറിഞ്ഞിരിക്കയില്ല. അതിനാൽ കേട്ടുകൊൾകഃ

ഹരിമിത്രന്റെ പുത്രനായിട്ട്, വേപോരഗനായ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. യമുനയുടെ തെക്കേക്കരയ്ക്കായിരുന്നു അദ്ദേഹത്തിന്റെ പുണ്യാശ്രമം. അദ്ദേഹവും അങ്ങും തമ്മിൽ വനത്തിൽവച്ചു കൂട്ടുകെട്ടായി. തൽസംസർഗ്ഗംമൂലം അങ്ങയ്ക്കു രണ്ടു മാഘമാസങ്ങളിൽ സർവ്വപാപഹരമായ കാളിന്ദീജലമാകുന്ന പുണ്യതീർത്ഥത്തിൽ സ്നാനം ചെയ്വാൻ സംഗതിവന്നു. ഒന്നാമത്തെ മാഘസ്നാനംകൊണ്ടു ഭവാൻ പാപനിർമ്മുക്തനായി; രണ്ടാമത്തതുകൊണ്ടു സ്വർഗ്ഗപ്രാപ്തികർഹനുമായി. ആ പുണ്യപ്രഭാവത്താൽ ഭവാൻ എന്നെന്നും സ്വർഗ്ഗത്തിൽ വിഹരിച്ചുകൊൾക. അങ്ങയുടെ ജ്യേഷ്ഠനോ, നരകങ്ങളിൽ അസിപത്രങ്ങളാൽ മുറിക്കപ്പെട്ടും മുംഗരങ്ങളാൽ താഡിക്കപ്പെട്ടും അമ്മിമേൽ അരയ്ക്കപ്പെട്ടും ചൂടുകനലിൽ വറുക്കപ്പെട്ടും വയിച്ച യാതന അനുഭവിക്കട്ടെ.'

ഈ ദൂതവചനം കേട്ടിട്ട് ഭ്രാതൃസ്നേഹത്താൽ ദുഃഖിതനായ വികണ്ഡലന്നു മോഹമെല്ലാം തീർന്നുപോയി. ദീനനായ അദ്ദേഹം യമധർമ്മനോടു വണങ്ങിയിട്ടും മംഗിയിട്ടും വെട്ടിപ്പിട്ടും പറഞ്ഞു:—'ഭട്ട, സജ്ജനങ്ങൾക്കു സഹവാസങ്ങൾകൊണ്ടു (ഏഴെട്ടുവാക്കു സംസാരിച്ചാൽ) സൽഫലമായ മൈത്രി ഉണ്ടായിവരുന്നു. മിത്രഭാവം കരുതി, ഭവാൻ

Digitized By Kerala Sahitya Akademi

എന്തിക്കൊണ്ടുപകാരം ചെയ്യണം: എന്നുചെയ്യാലാണ് മനുഷ്യർ യമലോകം കണ്ടാതിരിക്കുകയെന്നും, എന്നുചെയ്യാലാണ് നരകത്തിൽ വീഴുകയെന്നും എനിക്കു സമയം പറഞ്ഞുതരിക; അങ്ങു സർവ്വജ്ഞനാണെന്നെനിക്കറിയാം."

യമധർമ്മൻ:—'വൈശ്യ, വേണ്ടതാണ് അങ്ങ് ആവശ്യപ്പെട്ടതു്. വേറെ പാപമെല്ലാം നശിച്ചുകഴിഞ്ഞു: മനുഷ്യജന്മം വന്നേ മനുഷ്യർക്കു നന്മയിൽ മുതിരുകയുള്ളൂ. ഒരു ഭൃത്യനായ എനിയ്ക്ക് അവസരമില്ല; എന്നാലും, വേണ്ടുന്നേടത്തോളം പറകതന്നെചെയ്യാം:

മനസാ വാചാ കർമ്മണാ ഏതൊരവസ്ഥയിലും ഏതും പരപീഡചെയ്യാത്തവർ യാവചിലരോ; അവർ യമാലയം പൂകേണ്ടിവരില്ല. പ്രാണിഹിംസചെയ്യുന്നവർ, വേദംകൊണ്ടോ മൗനംകൊണ്ടോ തപസ്സുകൊണ്ടോ യജ്ഞംകൊണ്ടോ ഒരിക്കലും സ്വർഗ്ഗം പ്രാപിയ്ക്കയില്ല. അഹിംസയേക്കാൾ മികച്ച ധർമ്മം; അഹിംസയേക്കാൾ മികച്ച തപസ്സ്; അഹിംസയേക്കാൾ മികച്ച ദാനം. കൊതു, ഈഴജന്തു, ഇയച്ച, പേൻ മുതലായവയേയും മനുഷ്യരേയും ആത്മനിർവ്വിശേഷമായി കരുതുന്ന മഹാത്മാക്കൾ മുക്തന്മാരിലും ഉത്തമന്മാരിലും ഉത്തമന്മാരിയും മറുമാകുന്നു നരകങ്ങളിൽ പോകേണ്ടിവരില്ല. നീരിലോ കരയിലോ ഉള്ള ജന്തുക്കളെ ഉപജീവനാർത്ഥം ഹിംസിക്കുന്നവർപോലും കാലസൂത്രഗർത്തത്തിയിൽ പതിച്ചു്, നായ്മാംസം തിന്നും ചോരയും ചലവും കഴിച്ചും വസാപങ്കത്തിൽ മുഴുകിയും അധോമുഖപുഴുക്കളാൽ കടിക്കപ്പെട്ടും അന്യോന്യം കടിച്ചുതിന്നും ഇരുട്ടത്തു തമ്മിൽത്തല്ലിയും ഘോരസ്ഥലത്തിൽ നിലവിളിച്ചും അനേകകല്പങ്ങളോളം കഴിച്ചുകൂട്ടണം; നരകത്തിൽനിന്നു നിർഗ്ഗമിച്ചാൽ വളരെ ജന്മങ്ങളിൽ സ്ഥാവരങ്ങളായി വരും; പിന്നെ തിര്യഗ്യോനികളിൽ പിറക്കേയായി. ഒടുവിൽ ജാത്യന്ധരോ ഏറക്കണ്ണരോ കുനരോ, കാൽമുടന്തരോ ഒരിദ്രരോ ആയ മനുഷ്യരായി ജനിയ്ക്കും. അതിനാൽ ഇഹലോകങ്ങളിൽ സുഖം തേടുന്നവൻ തികഞ്ഞജാഗ്രതകൊണ്ടും പരലോകോന്മുഖനായിരിക്കുന്നു.

പ്രാണിഹിംസകന് ഇങ്ങും അങ്ങും സുഖം കിട്ടുകയില്ല. പ്രാണികളെ ഹിംസിക്കാത്തവരോ, സർവ്വർക്കും വിശ്വാസഭാജനമായിത്തീരുന്നു. നരികൾ നേരെയോ വളഞ്ഞോ സമുദ്രത്തിൽചെന്നു ചേരുന്നതുപോലെ എല്ലാധർമ്മങ്ങളും അഹിംസയിൽ അണയുന്നു. പ്രാണികൾക്കു ഭയം വരുത്താതിരുന്നാൽ അതുതന്നെ സർവ്വതീർത്ഥസ്നാനവും സർവ്വയജ്ഞദീക്ഷയുമായി

Digitized By Kerala Sahitya Akademi

ശാസ്ത്രങ്ങളിലെ ധർമ്മാധർമ്മങ്ങളെ ആദരിച്ചു നടക്കുന്നവർ യമലോകം പൂകുകയില്ല. ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്ന്യാസി എന്നിവരെല്ലാം സ്വസ്വധർമ്മം അനുഷ്ഠിച്ചുകൊണ്ടാൽ സ്വർഗ്ഗത്തിൽ വാഴാം. എല്ലാ ജാതിക്കാരും എല്ലാ ആശ്രമക്കാരും വിധിക്കപ്പെട്ട ധർമ്മം ജിതേന്ദ്രിയരായി ചെയ്തുകൊണ്ടിരുന്നാൽ ബ്രഹ്മലോകത്തു വാഴുമാറാകും. ഇഷ്ടാപൂർത്തങ്ങളും പക്ഷേയജ്ഞങ്ങളും ചെയ്യുവർക്കു മൃത്യുക്കരംകൊടുക്കേണ്ടിവരില്ല. വിജ്ഞാനനിവൃത്തരായി വേദം ചൊല്ലിയും അഗ്നിയെ പൂജിച്ചുമിരിക്കുന്ന ബ്രാഹ്മണർ സ്വർഗ്ഗഗാമികളാകുന്നു. തന്നുക്കളാൽ ചുറ്റപ്പെട്ടിട്ടും മുഖത്തു വാട്ടംവരാതെ യുദ്ധംചെയ്തു മരിച്ചവർ സൂര്യനിലൂടെ ഗമിയ്ക്കും. അനാഥർക്കും അബലമാർക്കും ബ്രാഹ്മണർക്കും ശരണാഗതർക്കുവേണ്ടി പ്രാണൻകളഞ്ഞവർ കഴിക്കലും സ്വർഗ്ഗത്തിൽ നിന്നു കീഴ്പതിക്കുകയില്ല. കാൽ മുടന്തൻ, കണ്ണൻ, കുട്ടി, കിഴവൻ, രോഗി, അനാഥൻ, മിത്രൻ എന്നിവരെ പോറ്റുന്നവർ എന്നെന്നും സ്വർഗ്ഗത്തിൽ സുഖിയ്ക്കും. ചോറിന്റെ ആണ്ട് പത്തുവിണ്ണേയും, ശോഭിതത്തിലകപ്പെട്ട ബ്രാഹ്മണനേയും കരയേറ്റുന്നവർക്ക് അശ്വമേധികളുടെ ലോകം കിട്ടും. ഗോക്കൾക്കു തീറ്റികൊടുക്കുകയും, ഗോക്കളെ ശുശ്രൂഷിക്കുകയും, ഗോക്കളെ വാഹനമാക്കാതിരിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗത്തിൽ വസിക്കും. പശുക്കൾക്കു ദാഹം തീർപ്പാൻ കുടി തൊട്ടി തീർപ്പിച്ചാൽത്തന്നെ യമലോകം കാണാതെ സ്വർഗ്ഗം പ്രാപിക്കാം. പതിവായി ദേവപിതൃഗണ പൂജകളും ചെയ്യുന്ന ബ്രാഹ്മണർ സ്വർഗ്ഗാധികളാകുന്നു.

കള്ളം, കിണർ, തടാകം മുതലായവ തീർപ്പിച്ചാലത്തെ ധർമ്മത്തിനു അവധിയില്ല. വെള്ളത്തിലും കരയിലും വസിക്കുന്നവർ നിത്യവും യഥേഷ്ടം പാനംചെയ്യുന്നതാകയാൽ, അതു കണ്ട അക്ഷയദാനമത്രെ. പ്രാണികൾക്കു അവയിൽനിന്നു വെള്ളം കളിക്കുംതോറും അൽക്കത്തിനാവിന്ന ധർമ്മം വർദ്ധിക്കും; സ്വർഗ്ഗവാസം ശാശ്വതമാകയും ചെയ്യും: വെള്ളമാണല്ലൊ പ്രാണികൾക്കു ജീവനം. പ്രാണൻ വെള്ളത്തെ ആശ്രയിച്ചാണിരിക്കുന്നത്.

പതിവായി കളിച്ചാൽ പാപികൾക്കും പരിശുദ്ധിവരും. പ്രാതഃസ്നാനമാകട്ടെ, പുറത്തും അകത്തുമുള്ള അഴുക്കിനെ പോക്കുന്നു. പ്രാ

Digitized By Kerala Sahitya Akademi

തസ്സ്നാനത്താൽ പാപം നീങ്ങുകയും നരകം പറ്റാതാകയും ചെയ്യും. കളിക്കാതെ ക്ഷേത്രം കഴിക്കുന്നവൻ മലം തിന്നുകയാണ് ചെയ്യുന്നത്! സ്നാനഹീനനെ പിതൃക്കളൊ ദേവകളൊ തിരിഞ്ഞുനോക്കുകയില്ല. അവൻ പാപിയും അശുദ്ധനും, നരകം അനുഭവിച്ചു കുമിയും മാനുമായി പിറക്കുന്നവനുമാകുന്നു. പുണ്യകാലത്തു്, കഴുകുന്ന വെള്ളത്തിൽ കളിക്കുന്നവർ നരകം പൂകുകയൊ, ചീത്തയോനികളിൽ പിറക്കുകയൊ ചെയ്യില്ല. പ്രാതസ്സ്നാനപരിശുദ്ധനാക്കി ഉസപച്ചവും ദേവിചാരവുമൊക്കെ പാഴായ്പ്പോയ്ക്കൊള്ളും.

കരിങ്ങഴി എള്ള് പാത്രത്തോടെ ദാനംചെയ്യാൽ, കരിക്കലും അന്തകരാജ്യത്തു പോകേണ്ടിവരില്ല. ഭൂമിഗോകാഞ്ചനാദി ഷോഡശദാനങ്ങളും ചെയ്യാൽ സപ്തർത്തികൾനിന്നു മടങ്ങിപ്പോരേണ്ടിവരില്ല. പുണ്യതിഥികളിലും വ്യതീപാതസംക്രമങ്ങളിലും സ്നാനം കഴിച്ചു വല്ലതും ദാനംചെയ്യുവർ ദുർഗ്ഗതിയടയുകയില്ല. മാതാക്കൾക്കു ദാതാവെന്നമായ ഒരുവനുമാത്രത്തിൽ ചവിട്ടേണ്ടിവരില്ല; അവർ ഇഹലോകത്തിൽ ദരിദ്രകുലത്തിൽ ജനിക്കുകയുമില്ല.

സത്യം പറയുന്നവൻ, പ്രിയം പറയുന്നവൻ, മൈത്രിയുള്ളവൻ, ക്രോധമില്ലാത്തവൻ, സച്ചരിത്രൻ, ഏറെ സംസാരിക്കാത്തവൻ, അനസൂയൻ, പരോപദ്രവത്തിൽ, ജീവകാരുണ്യവാൻ പരമർമ്മങ്ങൾ പുറത്താക്കാത്തവൻ, പരദൂഷണത്തെ പൂകഴ്ത്തുന്നവൻ, പരധനത്തെ പുൽക്കൊടിയോളംപോലും മനസ്സുകൊണ്ടുകൂടി അപഹരിക്കാത്തവൻ എന്നിവർ നരകയാതന കാണുകയില്ല. പരദൂഷകനായ പാഷണ്ഡനാണ് പാപികളിന്നിതെ; അവൻ പ്രളയംവരെ നരകത്തിൽ വേവിക്കപ്പെടും. പരുഷം പറയുന്നവൻ നരകത്തിൽ പതിച്ചു, വീണ്ടും ഉർഗ്ഗതിയടയും. കൃതാപ്പന്ന തീർത്ഥംകൊണ്ടോ തപസ്സുകൊണ്ടോ ഉപശാന്തി കിട്ടുകയില്ല; അവൻ വളരെക്കാലം നരകത്തിൽ ഘോരവേദന സഹിക്കേണ്ടിവരും. ഇന്ദ്രിയങ്ങളെ അടക്കി ആഹാരംചുരുക്കി തീർത്ഥങ്ങളിൽ സ്നാനംചെയ്യുന്നവൻ യമാലയം പൂകുകയില്ല. തീർത്ഥത്തിൽവെച്ചു പാപം ചെയ്യരുതു്; തീർത്ഥംകൊണ്ടു് ഉപജീവിക്കരുതു്; തീർത്ഥത്തിൽവെച്ചു ദാനംവാങ്ങരുതു്; ധർമ്മം വിൽക്കരുതു്: തീർത്ഥത്തിൽവെച്ചുള്ള പാപവും പ്രതിഗ്രഹവും മറ്റും ഹോക്കുകയില്ല; നരകത്തിൽ വീഴിക്കുകതന്നെചെയ്യും.

Digitized By Kerala Sahitya Akademi

എറിയപാപം ചെയ്യുവനായാലും ഒരിക്കൽ ഗംഗയിൽമുങ്ങിയിട്ടുണ്ടെങ്കിൽ, അവനു നരകം പൂകേണ്ടിവരില്ല. വ്രതങ്ങളനുഷ്ഠിച്ചതുകൊണ്ടോ മറ്റു പുണ്യകർമ്മങ്ങൾകൊണ്ടോ ഗംഗയുടെ ഒരു നീർത്തുള്ളിയേ റവതിനു കിടനിലയ്ക്കുകയില്ല. ഗംഗയും മറ്റുതീർത്ഥവും ഒരുപോലെയാണെന്ന് ആര് പറയുന്നുവോ ആ നരാധമൻ ഘോരമായ രൌരവനരകത്തിൽ പതിയ്ക്കും. വിഷ്ണുവിന്റെ തൃക്കാലിൽനിന്നൊഴുകിയ ധർമ്മദ്രവവും വെള്ളത്തിന്റെബീജവുമായ നിർമ്മലഗംഗാജലം മഹേശൻപോലും തലയിൽചൂടിയിരിയിക്കുന്നു. നിർഗുണവും പ്രകൃതിയിൽനിന്നു പരവുമായ ബ്രഹ്മം തന്നെയാണത്. അതിനോടു തുല്യമായിട്ടു ബ്രഹ്മാണ്ഡത്തിൽ വേറുണ്ട്? നൂറായിരം യോജനദൂരത്തിരുന്നു ഗംഗ, ഗംഗ എന്നിങ്ങനെ പറയുന്നവനുപോലും നരകപാതം സംഭവിയ്ക്കുകയില്ല! മറെറാന്നിനാലും, നരകപ്രദമായ കർമ്മം മോഹിപ്പിക്കപ്പെട്ടുകയില്ല; അതിനാൽ പണിപ്പെട്ടും മനുഷ്യൻ ഗംഗാസ്നാനം സാധിക്കണം.

ജ്ഞാനം വാങ്ങാവുന്നവനെങ്കിലും വാങ്ങാതിരിക്കുന്ന ബ്രഹ്മജ്ഞാനി എറിയകാലം ദ്യോവിൽ നക്ഷത്രം പോലെ ശോഭിയ്ക്കും. പ്രാണായാമം ശീലിയ്ക്കുന്നവർ, പാപികളായാലും, അതൊന്നിനാൽ തന്നെ കല്മഷം നിങ്ങി യമലോകം കാണാത്തവരായിത്തീരും. നാൽപതോരം പതിനാറു പ്രാണായാമം കഴിച്ചാൽ ബ്രഹ്മഹത്യക്കാരൻപോലും പരിശുദ്ധനാകും. പല തപസ്സുകളും വ്രതങ്ങളും നിയമങ്ങളും ഗോസഹസ്രദാനവും ഒരു പ്രാണായാമത്തിന്റെ കിടയ്ക്കുള്ളൂ. നൂറുവർഷംമുഴുവൻ മാസത്തിലൊരിക്കൽ ദർഭത്തലപ്പുകൊണ്ടു കിരണുവെള്ളംമാത്രം കുടിച്ചുകഴിക്കുന്നതും, ഒരു പ്രാണായാമവും ഒരുപോലെയത്രേ. മഹാപാപവും ഉപപാപവുമൊക്കെ പ്രാണായാമംകൊണ്ടു ക്ഷണനേരത്തിനുള്ളിൽ ഭസ്മമായിപ്പോകും.

പരമാർത്ഥത്തെ അമ്മയായി കരുതുന്ന സൽപുരുഷൻ ഒരിക്കലും നരകം പൂകുകയില്ല. മനസ്സുകൊണ്ടും പരസ്ത്രീഗമനം ചെയ്യാത്തവനു് ഇഹത്തും അങ്ങും ഭയമില്ല; അവൻ ഭൂമിനെ താങ്ങുന്നവനത്രേ. അതിനാൽ ധാർമ്മികൻ പരസ്ത്രീഗമനം വർജ്ജിക്കണം; അതു് ഇരുപത്തൊന്നുനരകങ്ങൾക്കും ഹേതുവാകുന്നു. പരസ്ത്രീലമ്പടത്വം ഇല്ലാത്തവർ യമനെ കാണാതെ ദേവലോകം പ്രാപിയ്ക്കും.

Digitized By Kerala Sahitya Akademi

ക്രോധസ്ഥാനത്തും ക്രോധത്തിന്നടിപെടാത്തവൻ സ്വർഗ്ഗത്തെ കീഴടക്കിയവനത്രേ! വാർദ്ധക്യം വരുന്നതിന്മുമ്പു അച്ഛനമ്മമാരെ വേകരെല്ലെന്നപോലെ ആരാധിയ്ക്കുന്നേ പുരുൻ കാലാലയം പൂകുകയില്ല. അച്ഛനിലും മീതെയായി ഈശ്വരനെ അർച്ചിക്കുന്നവർ ബ്രഹ്മലോകാതിഥികളായിത്തീരും. ചാരിത്രം രക്ഷിച്ചാൽ സ്ത്രീകൾ സുകൃതിനികളായി; ചാരിത്രഭംഗം നാരിമാർക്ക് നരകപീഡയെ വരുത്തും. സ്ത്രീകൾ എപ്പോഴും ഭർത്താ സംസർഗ്ഗംവിട്ട ചാരിത്രത്തെ രക്ഷിക്കണം; ചാരിത്രംകൊണ്ടേതന്നെ സ്ത്രീകൾക്ക സ്വർഗ്ഗംകിട്ടും. ശുദ്ധന്മപാകയജ്ഞംകൊണ്ടും അന്നദാനത്തെ ചെയ്യുന്നതുകൊണ്ടും നരകപാതം പററിപ്പോകും.

ശാസ്ത്രം പഠിയ്ക്കുക, വേദം ശീലിയ്ക്കുക, പുരാണസംഗതികൾ വായിച്ചുകേൾപ്പിക്കുക, സ്മൃതി വ്യാഖ്യാനിക്കുക, ധർമ്മം ഉപദേശിക്കുക, വേദാന്തം പഠിക്കുക എന്നിവചെയ്യുന്നവരത്രേ ഭൂമിയെ താങ്ങുന്നതു്. അവരുടെ മാഹാത്മ്യത്താൽത്തന്നെ അവർ നിഷ്കൽമഷരായി അജ്ഞാനഹേതുമായ ബ്രഹ്മലോകം പൂകും. അജ്ഞാനം വേദശാസ്ത്രജ്ഞാനം ഉണ്ടാക്കിക്കൊടുക്കുന്ന സംസാരച്ഛേദിയെ വേകരം പോലും പൂജിക്കുന്നു. വൈരാഗ്യസത്തമം, ധർമ്മരാജാവിന്റെ സമ്മതവും, എല്ലാവർക്കും മോക്ഷത്തെ നൽകുന്നതുമായ ഈ അത്ഭുതരഹസ്യം കേട്ടുകൊള്ളുക: വിഷ്ണുഭക്തന്മാർ യമനെയാകട്ടെ യമലോകത്തെയാകട്ടെ മോരത്രന്തങ്ങളെയാകട്ടെ കാണേണ്ടിവരില്ല; സത്യം, സത്യം! യമനാജ്ഞാതാവു ഞങ്ങളോടു ക്രൂരക്രൂരമായ അരുളിച്ചെയ്യുവാനുണ്ടു്: 'നിങ്ങൾ വൈഷ്ണവന്മാരുടെ അടുക്കൽപോകുവല്ലേ; അവർ എന്റെ വരുതിയിൽപ്പെട്ടവരല്ല. സംഗതിവശാലെങ്കിലും ഒരിക്കൽ കേശവനെ സ്മരിച്ചവർ പാപമൊക്കെയും നശിച്ചു വിഷ്ണുവിന്റെ പരമപദം പ്രാപിയ്ക്കും. ദുർവൃത്തനാകട്ടെ, സദ്വൃത്തനാകട്ടെ, യാവനൊരുത്തൻ വിഷ്ണുവിനെ ഭജിക്കുന്നുണ്ടോ; അവന്റെ അടുക്കൽ നിങ്ങൾ ഒരിക്കലും പോയ്ക്കളയരുതു. വൈഷ്ണവൻ നമ്മുടെ ഗൃഹത്തിൽ ഉണ്ടോ കഴിഞ്ഞുപോരുന്നോ; നമ്മുക്കു വൈഷ്ണവസംസർഗ്ഗമുണ്ടോ; നഷ്ടകൽമഷരായ അവരേയും നിങ്ങൾ തീണ്ടരുതു്.' ഇപ്രകാരം അന്തകൻ തിരുമേനി ഞങ്ങളോടു് അരുളിച്ചെയ്യുകപതിവാണു്. അതിനാൽ വൈഷ്ണവന്മാർ യമപുരം പൂകുകയില്ല.

പാപികൾക്കു നരകസമുദ്രം കടക്കാൻ വിഷ്ണുഭക്തിയല്ലാതെ മറെറാരുപായവും ഇല്ലെന്നു. വൈഷ്ണവനാണെങ്കിൽ ശപിപ്പാകൻ

Digitized By Kerala Sahitya Akademi

പോലും പോകത്തിന്റെ പ്രിയനത്രേ. ജാതികളിൽനിന്ന പുണ്ണായവനും വിഷ്ണുഭക്തിയാൽ മറ്റുള്ളവരെയെല്ലാം പിടിച്ചുകയറ്റുന്നു. ഭഗവാന്റെ ഗുണകർമ്മനാമങ്ങളെ കീർത്തിച്ചാൽ മതി പാപം നീങ്ങാൻ. മരിയ്ക്കുമ്പോൾ 'നാരായണാ' എന്ന മകനെ വിളിച്ചുതിനാൽ, പാപിയായ അജാമിളൻപോലും മോക്ഷമടഞ്ഞുവല്ലോ. ഏറിയ കാലമായി നരകത്തിൽ കിടക്കുന്ന കലഭേയ പൂർവ്വന്മാർപോലും, വിഷ്ണുപൂജയ്ക്കുപുട്ടുന്നതോടുകൂടി, സ്വർഗ്ഗത്തിൽ ചെന്നുചേരും. വിഷ്ണുകേതന്റെ മോസൻ, വൈശ്യവാനം ഭുജിക്കുന്നവൻ എന്നിവർക്കുപോലും നീങ്ങി സ്വർഗ്ഗലോകം പ്രാപിയ്ക്കും. അജിതൻ സർവ്വപാപനാശത്തിനായി പണിപ്പെട്ടു വൈഷ്ണവാന്നം തേടി നോക്കണം; അതു കിട്ടിയില്ലെങ്കിൽ വെറുംവെള്ളം കുടിയ്ക്കുക! എവിടെയെങ്കിലുംവെച്ചു മരിയ്ക്കുമ്പോൾ 'ഗോവിന്ദ' എന്ന മന്ത്രം ജപിയ്ക്കുന്നവൻ യമനെ കാണേണ്ടിവരില്ല; അവനെ ഞങ്ങൾ നോക്കുകയേ ഇല്ല. അംഗന്യാസധ്യാനങ്ങളോടും ജ്ഞാനിച്ചന്ദ്രോദേവതകളോടുംകൂടി ചേരുമോക്ഷമന്ത്രമോ അഷ്ടാക്ഷരമന്ത്രമോ വിധിപോലെ ഉരുക്കഴിയ്ക്കുന്ന നരന്റെയുള്ളത്തിച്ചാൽ ബ്രഹ്മഹത്യക്കാരൻ പോലും മുക്തനായി വിഷ്ണുവിനെപ്പോലെ വിളങ്ങും. ആ മന്ത്രസാധകന്മാർ വിഷ്ണുവിനെപ്പോലെ ശംഖചക്രധാരികളായി വിഷ്ണുലോകത്തിൽ വസിയ്ക്കും.

മനസ്സിലോ സൂര്യങ്കലോ ജലത്തിലോ പ്രതിമയിലോ നിലത്തോ വിഷ്ണുപൂജ കഴിയ്ക്കുന്നവർ വൈഷ്ണവപ്രഭയേയും. അല്ലെങ്കിൽ, മുക്കുരുക്കും വഞ്ഞികിടനിർമ്മിതമായ സാളഗ്രാമശിലാചക്രത്തിൽ പതിവായി വിഷ്ണുവിനെ പൂജിക്കണം. ആ വിഷ്ണുവിന്റെ അധിഷ്ഠാനവും, സർവ്വപാപനാശനവും സർവ്വപുണ്യപ്രദവും സർവ്വമുക്തികരവുമാകുന്നു. സാളഗ്രാമശിലാചക്രത്തിൽ വിഷ്ണുവിനെ നാലുനേരം പൂജിയ്ക്കുന്നവൻ ആയിരം രാജസൂയം കഴിച്ചുവനത്രേ! ചേരാത്ത അളിത നിവേദ്യബ്രഹ്മമായി കിട്ടിക്കൊണ്ടിരുന്ന ഭഗവാന്റെ പ്രസാദം സാളഗ്രാമപൂജയാൽ സിദ്ധിയ്ക്കുന്നതാണ്. മരത്തിലിരിയ്ക്കുന്ന അഗ്നി യാഗസ്ഥലത്തു പ്രകാശിയ്ക്കുന്നതേതുപ്രകാരമോ; അപ്രകാരം, സർവ്വവ്യാപിയായ മുകുന്ദൻ സാളഗ്രാമത്തിൽ പ്രകാശിയ്ക്കുന്നു. പാപികളും കർമ്മാനധികാരികളുമാണെങ്കിൽ കൂടി, സാളഗ്രാമപൂജകന്മാർ കാലമന്ത്രിതം കാണേണ്ടിവരില്ല. അച്യുതൻ ലക്ഷ്മിയിങ്കലോ സഹോദരങ്ങളിലോ, സാളഗ്രാമത്തിലെന്നപോലെ അത്ര രമിയ്ക്കുന്നില്ല. സാ

Digitized By Kerala Sahitya Akademi

ളഗ്രാമത്തിൽ സാരസാക്ഷനെ പൂജിച്ചവൻ അഗ്നിഹോത്രവും സസ മുദ്രത്രമിദാനവും ചെയ്തകഴിഞ്ഞു!

പന്തിരണ്ടു സാളഗ്രാമം ശരിയ്ക്കു പൂജിച്ചവനു, പന്തിരണ്ടു കൊല്ലം പന്തിരണ്ടുകോടി ലിംഗം പൊന്താമരപ്പൂക്കൾ കൊണ്ടു പൂജിച്ചാലത്തെ പുണ്യഫലം ഒരു ദിവസം കൊണ്ടു കിട്ടും. ആ സാളഗ്രാമംകേൾക്കയോടെ പൂജിച്ചവൻ വൈകുണ്ഠത്തിൽ വസിച്ചിട്ടു ഭൂമിയിൽ ചക്രവർത്തിയായി ജനിയ്ക്കും. കാമക്രോധലോഭങ്ങൾ നിറഞ്ഞ നീച മനുഷ്യൻപോലും സാളഗ്രാമപൂജയാൽ വിഷ്ണുലോകം പ്രാപിയ്ക്കും. ഗോവിന്ദനെ സാളഗ്രാമത്തിൽ പൂജിച്ചവൻ പ്രളയകാലം വരെ സ്വർഗ്ഗത്തിൽ നിന്നു ഭ്രംശിയ്ക്കുകയില്ല. തീർത്ഥം വേണ്ട, ദാനംവേണ്ട, യജ്ഞംവേണ്ട, വ്രതം വേണ്ട; സാളഗ്രാമം പൂജിച്ചാൽ മതി മോക്ഷം കിട്ടാൻ. സാളഗ്രാമ പൂജകൻ പാപിയായാലും, നരകത്തിലോ ഗർഭത്തിലോ തിര്യക്കുമിയോനികളിലോ പതിയ്ക്കുകയില്ല. ഗംഗാ, ഗോദാവരി, നർമ്മദ മുതലായ മുക്തി നൽകുന്ന നദികളൊക്കെയും സാളഗ്രാമജലത്തിൽ സന്നിധിക്കൊള്ളുന്നു.

കലികാലത്തു, പലതരം നിവേദ്യങ്ങൾ കൊണ്ടും പുഷ്പധൂപദീപലേപനങ്ങൾ കൊണ്ടും, ഗീതവാദ്യസ്തോത്രാദികൾ കൊണ്ടും, സാളഗ്രാമ പൂജ ഭക്തിപൂർവ്വം നടത്തുന്നവൻ അസംഖ്യം കോടികല്പം വിഷ്ണുസന്നിധിയിൽ വിളയാട്ടം. കോടാനുകോടി ലിംഗങ്ങളെപൂജിച്ചു സ്തുതിച്ചാലത്തെ ഫലം സാളഗ്രാമപൂജയാൽ ഒരു ദിവസംകൊണ്ടു കിട്ടും. ഒരുതവണ സാളഗ്രാമം പൂജിച്ചാൽ, സാംഖ്യം ക്രൂടാതെതന്നെ മനുഷ്യൻ മുക്തിയടയും. സാളഗ്രാമ മുള്ളിടമായ കേശവൻ എവിടെ വസിക്കുന്നുവോ, ദേവാസുരയക്ഷരാദികളാൽപ്പൂജിക്കപ്പെട്ട ലോകം പതിന്നാലും അവിടെ വസിക്കുന്നു. സാളഗ്രാമത്തിൽ ശ്രാദ്ധം കഴിക്കുന്നതായാൽ, പിതൃക്കൾ നൂറുകല്പം സംതൃപ്തരായി സ്വർഗ്ഗത്തിൽ വസിക്കും. നാമംതോറും സാളഗ്രാമ ജലം (തീർത്ഥം) നൂറുന്നവർക്കു നൂറായിരം പശുഗവ്യം സേവിച്ചിട്ടെന്നുവേണ്ടു! നൂറായിരം കോടി തീർത്ഥം സേവിച്ചിട്ടെന്നുവേണ്ടു! സാളഗ്രാമം ഇരിക്കുന്നേടത്തുനിന്നു ചുറ്റും മുന്നു യോജനപ്പാട്ട് തീർത്ഥമാകുന്നു; അവിടെ ദാനവും ഹോമവുമൊക്കെ കോടിമടങ്ങാകും. ഒരിറു സാളഗ്രാമ തീർത്ഥം സേവിച്ചവനു വീണ്ടും അമ്മയുടെ മുലപ്പാൽ കുടിക്കേണ്ടിവരില്ല. സാളഗ്രാമത്തിനു ചുറ്റും ഒരു വിളിപ്പാടിയിൽ വെച്ചു മരിച്ചാൽ പുഴുപോലും വെ

Digitized By Kerala Sahitya Akademi

കണ്ടുത്തിൽ ചെന്നുചേരും. സാളഗ്രാമം ദാനം ചെയ്യൽ, കാട്ടു മാടു കളുംപ്പെട്ട ഭൂമി ദാനംചെയ്യുകഴിഞ്ഞു. സാളഗ്രാമത്തിനു വില നി ശ്ചയിക്കുന്നവനും, വിൽക്കുന്നവനും, വാങ്ങുന്നവനും, നോട്ടംനോക്കി പണം നേടുന്നവനും പ്രളയംവരെ നരകത്തിൽക്കിടക്കേണ്ടി വരും. വൈശ്യ, അതിനാൽ സാളഗ്രാമം വിൽക്കുകയോ വാങ്ങുകയോ അരുതു്.

എന്നെപ്പറയുന്നതെന്തിനു്? പാപത്തെ പേടിക്കുന്നവൻ സർ വ പാപഹൃ്നമായ വിഷ്ണുസ്മരണം ചെയ്യുകതന്നെവേണം. കാട്ടിൽ ഇന്ദ്രിയങ്ങളെ അടക്കി കടും തപസ്സുചെയ്താലത്തെ ഫലം നാരായണ നെ നമസ്കരിച്ചാൽ കിട്ടും. മൂഢതയാൽ പലവുര പാപം ചെയ്യു വർ പോലും നരകവൈരിയെ നമിച്ചാൽ നരകം പൂകുകയില്ല. ഭൂമി യിലെ പുണ്യതീർത്ഥക്ഷേത്രങ്ങളം മുഴവനും മൽസ്യച്ചാലത്തെ ഫലമുണ്ടു്, ശിവാന്റെ കുര തിരുനാമം ജപിച്ചാൽ. ശാർങ്ഗധരൻ തിരുവടിയെ ശരണം പ്രാപിച്ചവർ യമലോകം പൂകുകയൊ നരകത്തിൽ പാർക്കു കയൊ ചെയ്യേണ്ടി വരില്ല. ശിവനെ നിന്ദിക്കുന്ന വൈഷ്ണവന്മാകളേ, മഹാനരകമല്ലാതെ വിഷ്ണുലോകം കിട്ടുകയില്ല.

സംഗതിവശാലെങ്കിലും ഒരേകാദശിനോറവൻ നരകമണ യാതെ വിഷ്ണുലോകത്തിൽ ചെന്നുചേരും. ഇരുപക്ഷങ്ങളിലേയും ഹരിവാസരം പോലെ അത്ര പാപനാശനവും പാവനവുമായിട്ടു യാ തൊന്നും ത്രൈലോക്യത്തിലില്ല. വിഷ്ണുദിനത്തിൽ ഉപവാസംചെ യ്യുന്നവർക്കു, പാപങ്ങളും ദേഹത്തിൽ നിൽക്കുകയുള്ളു. ഏകാ ദശേന്ദ്രിയങ്ങളും കൊണ്ടുചെയ്തപാപമെല്ലാം ഏകാദശിനോറാൽ നശിക്കും. ഏകാദശി കപടത്താൽ നോറവർ പോലും യമന്റെ കയ്യിൽ പെടുകയില്ല. സ്വർഗ്ഗം, മോക്ഷം, ആരോഗ്യം, നല്ലായുസ്സു, ആയുഷ്മാന്മാരായ പുത്രന്മാർ എന്നിതൊക്കെ ഏകാദശിനോൻപി നാൽ ലഭിക്കും. ഗംഗയൊ ഗയയൊ കാശിയൊ പുഷ്കരമൊ വിഷ്ണു ക്ഷേത്രമൊ യമുനയൊ ചന്ദ്രഭാഗയൊ ഹരിവാസരത്തിനു സദൃശമാ കില്ല. ഇതു അനായസേന വിഷ്ണുപദത്തെ പ്രാപിക്കുന്നതത്രേ. ഏകാദശിനോറു രാത്രി ഉറക്കമിരുന്നാൽ, അച്ഛന്റേയും അമ്മയുടേ യും ഭാര്യയുടേയും വംശങ്ങളിലെ പതിനാലു പൂർവികന്മാർക്കു് ഉത്തമ ഗതിവരും; അവർ ഭഗവൽസംഗം വിട്ടു ഗരുഡധ്വജന്മാരായി വന മാലയും പീതാംബരവും ധരിച്ചു വിഷ്ണുമന്ദിരത്തിൽ ചെന്നുചേരും.

Digitized By Kerala Sahitya Akademi

ബാല്യത്തിലൊ യൗവനത്തിലൊ വാർദ്ധക്യത്തിലൊ ഏകദേശം നൊറാൽ പാപിയ്ക്കും ഉർഗതിപ്രാപ്തമാകയില്ല.

മുന്നാറുപവസിച്ച് തീർത്ഥസ്നാനം കഴിച്ചു, സ്വർണ്ണവും ഏഴു പശുവിനേയും ദാനംചെയ്യുവാൻ സാധിച്ചാൽ സ്വർഗ്ഗം കിട്ടും. തീർത്ഥസ്നാനം, സ്വർണ്ണദാനം, തപസ്സ് എന്നിവ ചെയ്യാത്തവർ സദ്വൃത്തരാകയേള്ളു. ഏതു പ്രാണിയേയും മനസാ വാചാ കർമ്മണാ ദ്രോഹിക്കയും, ഇന്ദ്രിയനിഗ്രഹം, ദാനം, വിദ്വജ്ജനസേവനം, വർണ്ണാശ്രമധർമ്മാനുഷ്ഠാനം എന്നിവയെത്തു ചെയ്യേണ്ടതിൽ ധർമ്മം.

സ്വർഗ്ഗം ആഗ്രഹിക്കുന്നവൻ, അന്യർ തപോദാനങ്ങളെ കീർത്തിക്കാതിരിക്കണം; ആത്മഹിതത്തിനായി യഥാശക്തി വല്ലതും ദാനം ചെയ്യണം: ചെമ്പുപാത്രം, വസ്ത്രമോ, കായോ, കിഴങ്ങോ, ഇലയോ, വെള്ളമോ ദാനംചെയ്തു ദരിദ്രൻപോലും ദിവസത്തെ പാഴാക്കാതിരിക്കണം. ദാനംചെയ്യപ്പെട്ടത് ഇങ്ങും അങ്ങും ഒന്നിച്ചുണ്ടാകാതിരിക്കില്ല. ദാനശീലന്മാർ നരകം കാണുകയില്ല; വീണ്ടും വീണ്ടും യൗവനശ്രീയും ഭിർഘായുസ്സും ലഭിക്കുകയും ചെയ്യും. ചുരുക്കിപ്പറയാം: അധർമ്മംകൊണ്ടു ദുർഗ്ഗതി; ധർമ്മംകൊണ്ടു സ്വർഗ്ഗതി. അതിനാൽ ബാല്യം മുതൽക്കേ ധർമ്മം സമ്പാദിക്കണം.'

വികുണ്ഡലൻ:—'സൗമ്യ, അവന്റെ വാക്കു കേട്ടിട്ട് എനിക്കു മനംതെളിഞ്ഞു: സജ്ജനസമ്പർക്കം ഗംഗാജലംപോലെ സർവ്വപാപഹാരിയാണല്ലോ. ഉപകാരം ചെയ്യുകയും ഹിതംപറയുകയും സത്യമാക്കുടെ സഹോദരികളാണെന്നാകുന്നു: അങ്ങുകണ്ടതായ ദീനരൂപം അതെങ്കിലും ഉണ്ടാക്കിത്തീർക്കുന്നതാണോ? ദേവദൂത, ദയചെയ്തു പറയുക: എന്റെ ജ്യേഷ്ഠൻ ഇപ്പോഴുള്ളതിനെ നരകമേകനാം എങ്ങിനെയായാൽ സിദ്ധിക്കും?'

ദേവശ്രേഷ്ഠനുള്ള സൗഹാർദ്ദമാകുന്ന പാശത്താൽ ബന്ധിക്കപ്പെട്ട ദേവദൂതൻ ക്ഷണനേരം ആലോചനചെയ്തിട്ടു പറഞ്ഞു:—'മുമ്പ് എട്ടാംജന്മത്തിൽ അവൻ സമ്പാദിച്ചിട്ടുള്ള പുണ്യം മഴുവൻ ജ്യേഷ്ഠനു കൊടുക്കുക; എന്നാൽ അദ്ദേഹത്തിനു സ്വർഗ്ഗം കിട്ടും.'

വികുണ്ഡലൻ:—'ആ പൂർവജന്മം ഏതാണ്? പുണ്യം എന്താണ്? അതൊക്കെ പറഞ്ഞുകേട്ട ഉടൻ ഞാൻ കൊടുത്തുകൊള്ളാം.'

ദേവദൂതൻ:—'കേൾക്കുക; ആപുണ്യം ഞാൻ പറഞ്ഞുതരാം:

Digitized By Kerala Sahitya Akademi

പണ്ടു പുണ്യമായ മധുവനത്തിൽ, തപസ്സ്വാധ്യായസമ്പന്നനായി ബ്രഹ്മതുല്യനായി ശാകുനി എന്നൊരു മഹർഷിയുണ്ടായിരുന്നു. അദ്ദേഹത്തിന്നു രേവതിയിൽ, ഗൃഹങ്ങൾ എന്നപോലെ ഒമ്പതു പുത്രന്മാരുണ്ടായി. അതിനാൽ ധ്രുവൻ, ശാലി, ബുധൻ, താരൻ, ജ്യോതിഷ്മാൻ എന്നീ അഞ്ചുപേർ ഗൃഹസ്ഥാശ്രമം സ്വീകരിച്ചു് അഗ്നിഹോത്രവും മറ്റും അനുഷ്ഠിച്ചു പോന്നു; നിർമ്മോഹൻ, ജിതകാമൻ, ധ്യാനകാഷ്ഠൻ, ഗുണാധികൻ എന്നീനാലുപേർ വൈരാഗ്യത്താൽ നാലാമത്തെ ആശ്രമം കൈക്കൊണ്ടു. അവർ നാൽവരും നിസ്പൃഹരായി നിസ്സംഗരായി നിഷ്പരിഗ്രഹരായി നിഷ്പ്രയത്നരായി, പൊന്നും മൺകട്ടയും തുല്യമായി കരുതിയും, വല്ലതുമൊന്നുട്ടുത്തും, വല്ലതുമൊന്നു ക്ഷിച്ചും, ഊണുമുറക്കങ്ങളുമടക്കിയും, കാറുംതണുപ്പും സഹിച്ചും, വൈകുന്നേരം ചെന്നെത്തുന്നേടത്തു പാർത്തും, സദാ ധ്യാനം പൂണ്ടും, ചരാചരജഗത്തെല്ലാം വിഷ്ണുമയമായി കണ്ടും തങ്ങളിൽ യാതൊന്നും സംസാരിയ്ക്കാതേയും ഭ്രമിയിൽ സലീലം സഞ്ചരിക്കുകയായി. ആ യോഗികൾ ഒരു ഗ്രാമത്തിൽ ഒരുദിവസമേ വസിക്കൂ; യാതൊരു കർമ്മവും ചെയ്യുകയില്ല; അവർ ജ്ഞാനത്താൽ സംശയം തീർന്നവരും ബ്രഹ്മം കണ്ടവരുമായിരുന്നു.

മുമ്പു് എട്ടാമത്തെ ജന്മത്തിൽ ഒരു ബ്രാഹ്മണനായിരുന്ന ഭവാൻ മധുദേത്തു മായ്പോയ്പുരൊന്നിച്ചു വസിയ്കെ, ആ സന്ന്യാസിമാർ ഒരുനാൾ ഉച്ചയ്ക്കു വിശപ്പും ദാഹവും പൂണ്ടു്, അങ്ങയുടെ ഗൃഹത്തിൽ വന്നെത്തി. ഒരുശുദേവത്തിന്നിടയിൽ ഭവാൻ അവരെ ഗൃഹമുറത്തു കണ്ടു. തൽക്ഷണം സംഭ്രമഹർഷബാഷ്പഗൽഗദങ്ങളോടേ ണ്ഡനമസ്കാരം ചെയ്തു ശിരസ്സിൽ തൊഴുകയുമായി ഭവാൻ അവരെയെല്ലാം അവ്യാജമായ വാക്കുകൊണ്ടു് ആരാധിച്ചു:— 'ഇന്നു് എന്റെ ജന്മവും ജീവിതവും സഫലമായി; ഇന്നു് എങ്കൽ വിഷ്ണു പ്രസാദിച്ചു; ഇന്നു ഞാൻ സനാഥനും വിശുദ്ധനുമായി; ഇന്നു ഞാനും എന്റെ ഗൃഹവും കുടുംബവും പിതൃക്കളും ഗോക്കളും പഠിപ്പും ധനവും ധന്യരായിത്തീർന്നു: താപത്രയത്തെ നീക്കുന്ന വേൽപാടങ്ങൾ എനിക്കു കാണുമാറായല്ലൊ! നിങ്ങളുടെ ദർശനം, വിഷ്ണുദർശനം എന്നപോലെ പുണ്യശാലിയ്ക്കേ ലഭിയ്കയുള്ളു.' ഭവാൻ അവരെ കാൽകഴുകിയ്കയും, ആ ജലം ശിരസ്സിൽ തൂടുകയും, ഗന്ധപുഷ്പാക്ഷതധൂപദീപങ്ങൾകൊണ്ടു സത്കരിച്ചും പൂജിച്ചു് ഹൃദ്യമായ ഭക്ഷണം കഴിപ്പിയ്കുക

Digitized By Kerala Sahitya Akademi

യും ചെയ്തു. സംപ്രീതരായ ആ പരമഹംസന്മാർ ജ്യോതിസ്സുകൾക്കും ജ്യോതിസ്സായ പരബ്രഹ്മത്തെ ധ്യാനിച്ചുകൊണ്ട് അന്നരാത്രി അങ്ങയുടെ ഗൃഹത്തിൽ വിശ്രമിച്ചു.

അവക്ക് ആതിഥ്യം ചെയ്തതിനാൽ അങ്ങയ്ക്കുണ്ടായിട്ടുള്ള പുണ്യം ആയിരം നാവുകൊണ്ടും പറഞ്ഞുതീർക്കാവുന്നതല്ല. ഭൂതങ്ങളിൽ വെച്ചു മീതെയാണ് പ്രാണികൾ; പ്രാണികളിൽ വിശേഷബുദ്ധിയുള്ളവർ; വിശേഷബുദ്ധിയുള്ളവരിൽ മനുഷ്യർ; മനുഷ്യരിൽ ബ്രാഹ്മണർ; ബ്രാഹ്മണരിൽ വിദ്വാന്മാർ; വിദ്വാന്മാരിൽ മനസ്സംസ്കാരമുള്ളവർ; മനസ്സംസ്കാരമുള്ളവരിൽ കർത്താക്കന്മാർ; കർത്താക്കന്മാരിൽ ബ്രഹ്മജ്ഞാനികൾ. അതിനാൽ അവർ ത്രൈലോക്യശ്രേഷ്ഠന്മാരും പൂജ്യന്മാരുമത്രേ. അവരുടെ സംസർഗ്ഗം മഹാപാപങ്ങളെപ്പോലും നശിപ്പിയ്ക്കും. ഒരു ഗൃഹസ്ഥന്റെ ഗൃഹത്തിൽ സന്തുഷ്ടരായി വിശ്രമിച്ച സന്ന്യാസിമാർ അവന്റെ ആജന്മപാപത്തെ ക്ഷണനേരംകൊണ്ടു നശിപ്പിയ്ക്കുന്നു. ഒരു ഗൃഹസ്ഥൻ മരണംവരെ ചെയ്ത പാപമെല്ലാം തൽഗൃഹത്തിൽ ഒരു രാത്രിപാർത്ത സന്ന്യാസിയാൽ ഭസ്മീകരിക്കപ്പെടും.

ഭവാൻ ആ പുണ്യത്തെ ജ്യേഷ്ഠനുകൊടുത്താൽ നരകമോചനം ലഭിയ്ക്കും'. വികുണ്ഡലൻ ആ പുണ്യത്തെ തൽക്ഷണം കൊടുക്കുകയും, ജ്യേഷ്ഠൻ സന്തോഷത്തോടെ നരകമുക്തനാകയുംചെയ്തു. അവരിരുവരും ദേവകളുടെ പുഷ്പവർഷമേറ്റുകൊണ്ടു സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു. യമധർമ്മനും അവരാൽ പൂജിതനായി സ്വസ്ഥാനത്തേയ്ക്കു തിരിച്ചു.

ഏവർക്കും ജ്ഞാനംനൽകുന്ന വേദവാക്യംപോലുള്ള ദേവധർമ്മവചനം കേട്ടിട്ടു വികുണ്ഡലൻ, തന്റെ സുകൃതംകൊടുത്തു ജ്യേഷ്ഠനെ കരയേറുകയും, അദ്ദേഹമാനന്ദിച്ചു് അങ്ങർകോൺപുരിയിലേയ്ക്കു പോവുകയുംചെയ്തു. രാജാവേ, ഈ ഇതിഹാസം ചൊല്ലുകയോ കേൾക്കുകയോ ചെയ്യുന്നവൻ ഉടനേനീങ്ങി ആയിരം പശുദാനത്തിന്റെ ഫലം നേടും.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, കാളിന്ദിമഹാത്മ്യകഥനം, ശ്രീകുണ്ഡലവികുണ്ഡലസാഫല്യപ്രാപ്തി മുപ്പത്തൊന്നാമധ്യായം.

—— (0) ——

Digitized By Kerala Sahitya Akademi

മുപ്പത്തിരണ്ടാമദ്ധ്യായം

നാരദൻ:—അവിടെനിന്ന സുഗന്ധതീർത്ഥമണയുക; പാപമെല്ലാം വേർപെട്ട പത്മജലോകത്തിൽ സുഖിക്കാം. പിന്നെ അദ്ദാവത്തത്തിൽച്ചെന്ന സ്നാനംചെയ്യണം; സപ്തഗംകിട്ടും. ഗംഗാസര സ്വതീസംഗമസ്നാനം അശ്വമേധഫലത്തേയും സ്വർഗ്ഗത്തേയും നൽകും. അവിടെ കണ്ണഹ്രദത്തിൽകളിച്ച് കാലകാലനെ പൂജിച്ചാൽ ദുർഗ്ഗതിപററാത്ത സ്വർഗ്ഗതി ലഭിക്കും. അവിടെനിന്ന കബ്ജാമ്രത്തിൽപോയി കളിച്ചാൽ ആയിരം പശുദാനത്തിന്റെ ഫലവും സപ്തഗ്ലപ്ലാപ്പിയും സിദ്ധിക്കും. പിന്നെ അന്ധതീവടമണഞ്ഞ് സാമുദ്രകത്തിൽ സ്നാനംചെയ്ത് മൂന്നാളുപവസിക്കുക; ഫലം മേൽപ്രകാരം.

പിന്നീട്ട ബ്രഹ്മവത്തത്തിൽ പോകണം; ഫലം അശ്വമേധത്തിനേറെയ്. അവിടെനിന്ന യമുനയുടെ ഉല്പത്തിസ്ഥാനമണയുക; അശ്വമേധഫലവും ബ്രഹ്മലോകവും കൈവരും. ദേവീസംഗമണ സ്നാനം അശ്വമേധഫലത്തേയും സ്വർഗ്ഗത്തേയും നൽകും. സിന്ധുവിന്റെ ഉല്പത്തിസ്ഥാനത്തുചെന്ന് അത്രൊവുപവസിച്ചാൽ ബഹു സുവർണ്ണകഫലം കിട്ടും. പിന്നെ ദേവീതീർത്ഥമണഞ്ഞവൻ അശ്വമേധഫലം നേടി ശുക്രലോകം പ്രാപിക്കും. ദൃഷിദ്വതീയിലും വസിഷ്ഠതീർത്ഥത്തിലും സ്നാനം ചെയ്താൽ ഏഴു ജാതിക്കാരനും വസിഷ്ഠനെ കവിഞ്ഞ ബ്രാഹ്മണനായിത്തീരും. ദൃഷിദ്വതീയിൽ സ്നാനംചെയ്ത് ഒരു മാസം ശാകഭോജിയായി വസിച്ചവൻ ദൃഷിലോകം പുകും. ഭദ്രയുംഗം അശ്വമേധഫലത്തെ പ്രദാനംചെയ്യും. വീരപ്രമോക്ഷമണഞ്ഞാൽ പാപമൊക്കെ നശിയ്ക്കും. ആ തീർത്ഥത്തിൽ, കാർത്തികമകം ഇവ നാളുകളിൽ സ്നാനം ചെയ്ത പുണ്യവാൻ അഗ്നിഷ്ടോമാതിരാത്രഫലം നേടും. പിന്നെ സന്ധ്യയിൽ ചെന്ന വിദ്യാതീർത്ഥത്തിൽ സ്നാനംചെയ്തവൻ എല്ലാ വിദ്യകളിലും മികച്ചവനാകും. മഹാശ്രമത്തിൽ കരിക്കുലുണ്ട് ഒരു രാവുപവസിച്ചവൻ ശുഭലോകങ്ങളിൽ വസിക്കും. മഹാലയത്തിൽ ആറാറുനേരം ക്രുദ്ധപ്പോരം ഭക്ഷണവുമായി ഒരുമാസം വസിച്ചവൻ മുമ്പും പിമ്പും പതിപ്പുത്തു തലമുറയ്ക്ക് ഊർജ്ജഗതി വരുത്തും. അവിടെ മഹേശ്വരനെ ദർശിച്ചവൻ എന്തി

Digitized By Kerala Sahitya Akademi

ലും കൃതാർത്ഥനായി, മരണത്തെപ്പറ്റി ദുഃഖിക്കാത്തവനായി വരും; പാപമെല്ലാം നീങ്ങി, ബഹു സുവർണ്ണകഫലവും നേടും.

പിന്നെ പിതാമഹസേവിതയായ വേതസികയിൽ ചെല്ലുക; അശ്വമേധഫലവും, പരമഗതിയും ലഭിയ്ക്കും. അവിടെനിന്നു സുന്ദരികാതീർത്ഥത്തിൽ പോയി കുളിച്ചാൽ സൌന്ദര്യമുണ്ടാകും. പിന്നീട് ബ്രാഹ്മണികയിൽ പോയവൻ പദ്മവർണ്ണമായ വിമാനത്തിലൂടെ പദ്മജലോകം പ്രാപിയ്ക്കും. തദനന്തരം ബ്രാഹ്മണസേവിതമായ നൈമിശത്തിൽ പോകണം. അവിടെ ബ്രഹ്മാവു ദേവകളൊന്നിച്ചു സദാ വാണരുളുന്നു. നൈമിശത്തിൽ ചെല്ലാൻ ആഗ്രഹിച്ചാൽത്തന്നെ പാപം പകുതി തീർന്നു; ചെന്നാലോ, മുഴുവനുമായി! ഭൂമിയിലെ തീർത്ഥങ്ങളെല്ലാം നൈമിശത്തിലുണ്ട്. അവിടെ ഒരുമാസം മിതാഹാരനായി വസിച്ചു് സ്നാനംചെയ്താൽ രാജസൂയഫലം കിട്ടും; ഏഴുതലമുറവരെ ശുദ്ധിപ്പെടുകയും ചെയ്യും. നൈമിശത്തിൽവെച്ചു മരിച്ചവൻ നാകം പൂകി സുഖിക്കുമെന്നും അഭിജ്ഞന്മാർ പറയുന്നു. ഗംഗോത്തേടത്തിൽ മൂന്നാം വസിച്ചവൻ വാജപേയഫലവും ബ്രഹ്മതപവും നേടും. സരസ്വതിയിൽച്ചെന്നു പിതൃദേവകളെ തർപ്പിച്ചവൻ സാരസ്വതലോകങ്ങളിൽ വിഹരിയ്ക്കും.

അവിടെനിന്നു ബ്രഹ്മദയിൽച്ചെന്നു് ഒരു രാവു വസിച്ചവൻ ദേവസത്രയജ്ഞത്തിന്റെ ഫലം നേടി, സ്വർഗ്ഗമടയും. പിന്നെ രജനിയിൽ പോയി പിതൃദേവകളെ തർപ്പിയ്ക്കുക; ഫലം വാജപേയത്തിനേറയ്. വിമലാശോകത്തിൽ ചെന്നു് ഒരു രാത്രി വസിച്ചാൽ ചന്ദ്രനൊത്ത കാന്തിയും സ്വർഗ്ഗസുഖവും ലഭിയ്ക്കും. അവിടെനിന്നു്, രാമൻ ഭൃത്യബലവാഹനങ്ങളോടേ സ്വർഗ്ഗാരോഹണം ചെയ്ത ഗോപ്രതാരമെന്ന സരയൂതീർത്ഥത്തിൽ പോകണം. അതിൽ സ്നാനംചെയ്താൽ രാമപ്രസാദത്താലും കർമ്മഫലത്താലും പാപമെല്ലാം വേർപെട്ടു സ്വർഗ്ഗസൌഖ്യം കിട്ടും. കുരുനന്ദന ഗോമതിയിൽ, രാമതീർത്ഥത്തിൽ കുളിച്ചവൻ അശ്വമേധഫലം നേടും; സ്വവംശത്തേയും ശുദ്ധിപ്പെടുത്തും. ശതസാഹസ്രകത്തിൽ സ്നാനം ചെയ്യുപവസിച്ചാൽ ആയിരം പത്തുദ്ധാനമായി! പിന്നെ ഊർധ്വസ്ഥാനമണഞ്ഞു കോടിതീർത്ഥത്തിൽ കുളിച്ചു സ്കന്ദനെ പൂജിച്ചവൻ ആയിരം പത്തുദ്ധാനത്തിന്റെ ഫലവും തേജസ്സും നേടും. അവിടെ നിന്നു വാരാണസിയിൽ പോയി വിശ്വനാഥനെ പൂജിക്കണം. കപിലാഹ്രദസ്നാനം രാജസൂയ

Digitized By Kerala Sahitya Akademi

ത്തിനൊക്കും. പിന്നീട മാർക്കണ്ഡേയതീർത്ഥം പ്രാപിക്കുക. ഗോമതീ ഗംഗാസംഗമസ്നാനം അഗ്നിഷ്ടോമഫലം നൽകും; വംശത്തിനു് ഉൽ ഗതിയും വരുത്തും.'

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദേ, സുരാസ്ഥാദിതീർത്ഥമഹാത്മ്യകഥനം മുപ്പത്തിരണ്ടാമദ്ധ്യായം

———0———

മുപ്പത്തിമൂന്നാമദ്ധ്യായം

യുധിഷ്ഠിരൻ:—'മഹർഷേ, വാരാണസീമാഹാത്മ്യം വിസ്തരിച്ചുകേട്ടേ എനിയ്ക്കു തൃപ്തി വരൂ. പറഞ്ഞുതരിക.'

നാരദൻ:—'വാരാണസിയുടെ ഗുണങ്ങളെ സംബന്ധിച്ച ഒരിതിഹാസം പറയാം; ഇതു കേട്ടാൽത്തന്നെ, ബ്രഹ്മഹത്യപോലും വിട്ടൊഴിയും:

പണ്ടു മഹാമേരുശിഖരത്തിൽ ദിവ്യാസനസ്ഥിതനായ മുപ്പുരാന്തകൻതിരുവടിയോടു പാർവ്വതി ചോദിച്ചു:—'കേതക്കു ഭക്തം പോക്കുന്ന ദേവദേവ, നിന്തിരുവടിയെ മനുഷ്യൻ എങ്ങിനെയായാലാണു് എളുപ്പത്തിൽ ദർശിക്കുക? സാംഖ്യയോഗം, കർമ്മയോഗം, ജ്ഞാനയോഗം മുതലായവ പ്രയാസമേറിയവയാണല്ലോ. വിശ്രാന്തചിത്തരായ യോഗികൾക്കും കർമ്മികൾക്കും—എല്ലാ പ്രാണികൾക്കും—സൂക്ഷ്മനായ നിന്തിരുവടി യാതൊന്നുകൊണ്ടു ദൃശ്യനായിവരുമോ; ആ അതിരഹസ്യമായ ജ്ഞാനം സർവ്വഭൂതഹിതത്തിന്നായി അരുളിച്ചെയ്താലും.'

ശിവൻ:—'ദേവി, ഗോപ്യവും അജ്ഞർക്കു കിട്ടാത്തതും മാമുനിപ്രോക്തവുമായ ജ്ഞാനം ഞാൻ ശരിക്കു പറഞ്ഞുതരാം:

എന്റെ പരമഗുഹ്യക്ഷേത്രമായ വാരാണസീപുരി ഏതു പ്രാണികളേയും സംസാരക്കടൽ കടത്തിവിടുന്ന ഒന്നാകുന്നു. അവിടെ വ്രതനിയമങ്ങൾപൂണ്ട മഹാത്മാക്കൾ ഭക്തിയോടേ വസിച്ചുപോരുന്നു. തീർത്ഥങ്ങളിൽ വെച്ചും ക്ഷേത്രങ്ങളിൽ വെച്ചും ജ്ഞാനങ്ങളിൽ വെച്ചും ശ്രേഷ്ഠമാകുന്നു, ആ അവിമുക്തം എന്ന എന്റെ സ്ഥാനം. ദ്യോവിലും ഭൂവിലുമുള്ള മറ്റു വിശുദ്ധതീർത്ഥക്ഷേത്രങ്ങളൊക്കെ ശ്മശാനത്തിൽ സ്ഥിതിചെയ്യുന്നുണ്ടു്. ഭൂമിയെ സ്പർശി

Digitized By Kerala Sahitya Akademi

ക്കാതെ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന അതിനെ അമുക്തന്മാർ കാണുകയില്ല; മുക്തന്മാർ മനസ്സുകൊണ്ടു കാണും. ശ്മശാനം എന്നു പറഞ്ഞതു് അവിമുക്തം തന്നെയാണു്. ഇവിടെയത്രെ, ഞാൻ കാലനായിച്ചമഞ്ഞു ലോകസംഹാരം നടത്തുന്നതു്. ഇതു്, എന്റെ ഏറ്റവും പ്രിയപ്പെട്ട സർവ്വഗോപ്യസ്ഥാനമാകുന്നു. എന്റെ ഭക്തന്മാർ അവിടെ ചെല്ലുകയും, എന്നിൽത്തന്നെ ചേരുകയും ചെയ്യുന്നു. അവിടെ വെച്ചുള്ള ജ്ഞാനധ്യാനജപയജ്ഞങ്ങളും തപസ്സുപാധ്യായ ജ്ഞാനങ്ങളുമെല്ലാം അക്ഷയങ്ങളായിരിയ്ക്കും. മുമ്പു് അനേകായിരം ജന്മങ്ങളിൽ ചെയ്തുവെച്ചിട്ടുള്ള പാപം മുഴുവൻ, അവിമുക്തത്തിൽ ചെല്ലുന്നതോടുകൂടി, വിട്ടുപോയ്ക്കൊള്ളും. ബ്രാഹ്മണീക്ഷത്രിയ വൈശ്യശൂദ്രരോ സങ്കീർണ്ണജാതിക്കാരോ സ്ത്രീകളോ ശ്ലേച്ഛരോ മറ്റു പാപയോനികളോ കീടപിപീലികകളോ മൃഗപക്ഷികളോ, അവിമുക്തത്തിൽവെച്ചു മരിച്ചാൽ തലയിൽ ചന്ദ്രക്കലയും മൂന്നുകണ്ണും വൃക്ഷവാഹനവുമായി എന്റെ ലോകത്തിൽ വന്നുചേരും.

അവിമുക്തത്തിൽ വെച്ചുമരിച്ചാൽ പാപിപോലും നഗരത്തിൽ പതിക്കയില്ല; സകലരും ഈശ്വരാനുഗ്രഹീതരായി പരമഗതിയടയും. കിട്ടാൻ വളരെ പ്രയാസമുള്ള ഒന്നാണു് മോക്ഷമെന്നും, സംസാരം അതിഘോരമാണെന്നും അറിഞ്ഞിട്ടുള്ളവൻ കാശിയിൽ വസിയ്ക്കുകമാത്രം ചെയ്താൽമതി; അവിടെവെച്ചു മരിച്ചുവന്നു, തപസ്സുകൊണ്ടും ദുഷ്പ്രാപമായ മുക്തി എന്റെ പ്രസാദത്താൽ കൈവരും. എന്റെ മായയിൽ മയങ്ങി കാശിയെ സ്മരിക്കാത്ത മൂഢന്മാർ വീണ്ടും വീണ്ടും മലമൂത്രശുക്ലമധ്യത്തിൽ കിടക്കേണ്ടിവരും; അസംഖ്യം പ്രതിബന്ധങ്ങൾ നേരിട്ടാലും കാശിയിൽ വസിയ്ക്കുന്ന അഭിജ്ഞനാകട്ടെ, ദുഃഖരഹിതവും ജന്മമൃത്യുജരാവിഹീനവുമായ ശിവാലയമാകുന്ന പരമപദം പൂകും. അതാണല്ലൊ, മുമുക്ഷുക്കളുടെ പുനരാവൃത്തിശൂന്യമായ ഗതി. അതറ്റേവൻ കൃതാർത്ഥനായി എന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അവിമുക്തത്തിൽ സിദ്ധിക്കുന്ന ഉൽകൃഷ്ടഗതി, തപസ്സുകൊണ്ടോ ദാനംകൊണ്ടോ യജ്ഞംകൊണ്ടോ ജ്ഞാനംകൊണ്ടോ കൈവരുന്നതല്ല. ചന്ദ്രിച്ചു പാതകവും കല്മഷവും നിറഞ്ഞ നാനജാതികർമ്മം വിജാതികർമ്മം നികൃഷ്ടചണ്ഡാലാദികർമ്മം ഒരു പരമൌഷധമത്രേ അവിമുക്തം. പരമജ്ഞാനവും പരമസ്ഥാനവും പരമതത്ത്വവും പരമൈശ്വര്യവുമാകുന്ന അവിമുക്തം. ബ്രഹ്മചണ്ഡീക്ഷയോടേ അവിമു

Digitized By Kerala Sahitya Akademi

കത്തിൽ വസിക്കുന്നവർക്ക് ഞാൻ പരമജ്ഞാനവും ഒടുവിൽ പരമപദവും നൽകും.

പ്രയാഗം, നൈമിശാരണ്യം, ശ്രീശൈലം, കേദാരം, ശ്രീകണ്ഠം, ഗയ, പുഷ്കരം, കുരുക്ഷേത്രം, ശതകോടി, നർമ്മദ, ആമ്രാതകേശ്വരി, സാളഗ്രാമം, കപിജാമ്രം, കോകാമുഖം, പ്രഭാസം, വിജയേശ്വരം, ശ്രീകണ്ഠം എന്നിവ ത്രൈലോക്യ വിശ്രുതങ്ങളായ പുണ്യസ്ഥലങ്ങളാണ്തന്നെ; എന്നാൽ കാശിയിൽവെച്ചു മരിച്ചുവരെ പരമതത്വമടയുകയുള്ളൂ.

വിശേഷിച്ചും കാശിയിലെ ഗംഗ സ്നാതന്മാർക്ക് അസംഖ്യം ജന്മങ്ങളിലെ പാപം കൂടി നശിപ്പിയ്ക്കുന്നു. ഗംഗയും ശ്രാദ്ധവും ദാനവും തപവും ജപവും വ്രതവും അനുഷ്ഠിക്കിൽ സുഖസായൂജ്യമാണ്; വാരാണസിയിലോ, ഇതൊക്കെ ദുസ്സാധമത്രെ. മുടങ്ങാതെ ജപിക്കുക, ഹോമിക്കുക, ദാനംചെയ്യുക, ദേവകളെ പൂജിക്കുക എന്നിവയും പാകരം, വായുഭോജിയായി വാരാണസിയിൽ വസിച്ചാൽ മതി. പാപിയാകട്ടെ, ശഠനാകട്ടെ, അധാർമ്മികനാകട്ടെ, വാരാണാസിയിൽചെന്നാൽ വംശത്തിനൊക്കെ ശുദ്ധിവരുത്തുന്നു. കാശിയിൽ വെച്ചു കാലകാലനെ പൂജിച്ചു സ്തുതിക്കുന്നവർ പാപമൊക്കെ നശിച്ചു പാർഷദതലവന്മാരായിത്തീരും. മറ്റു സ്ഥലത്തു യോഗം കൊണ്ടോ ജ്ഞാനം കൊണ്ടോ സന്ന്യാസം കൊണ്ടോ ആയിരം ജന്മങ്ങളിൽ കിട്ടുന്ന പരമപദമാകുന്ന മോക്ഷം, വാരാണസീവാസികളായ മനുഷ്യർക്ക് ഒരൊറ്റജന്മത്താൽ കൈവരും. യോഗവും ജ്ഞാനവും മുക്തിയും ഒരൊറ്റ ജന്മത്താൽ സിദ്ധിക്കുന്ന അവിമുക്തം പുക്കവനല്ലോ വെറെ തപോവനത്തെ തേടുന്നു?

എന്നാൽ അവിമുക്തം (ഉപേക്ഷിക്കപ്പെടാത്തത്) ആകയാലത്രെ അവിമുക്തമെന്നപേർ. അതുതന്നെയാണ് ഗുഹ്യങ്ങളിൽവെച്ചുഗുഹ്യമായ ജ്ഞാനം. പരമാനന്ദലബ്ധിക്കായി ജ്ഞാനത്തിൽ വർത്തിക്കുന്നവർക്കുള്ള ലോകം ഏതോ, അതു് അവിമുക്തത്തിൽ വെച്ചു മരിച്ചവനുകിട്ടും. അവിമുക്തമൊഴിഞ്ഞു മറ്റെല്ലാടത്തുമുള്ള ക്ഷേത്രങ്ങളിൽ മീതെയാണ് വാരാണസീപുരി. അവിമുക്തത്തിൽ അന്ത്യസമയത്തു, സാക്ഷാൽ ഈശ്വരൻ, താൻ തന്നെ താരകബ്രഹ്മം ചൊല്ലിക്കൊടുക്കുന്നു. അതിനാൽ വാരാണസിയിൽ ഒരൊറ്റജന്മംകൊണ്ടു്, അവിമുക്തമായ ചരാൽ പരമപദം കൈവരും.

Digitized By Kerala Sahitya Akademi

ഭ്രൂമധ്യത്തിലും നാഭിമധ്യത്തിലും ഹൃദയത്തിലും മൂർദ്ധാവിലുമെന്ന പോലെ വാരാണസിയിൽ അവി മുക്തം സ്ഥിതിചെയ്യുന്നു. വരണയുടേയും അസിയുടേയും മധ്യമാണ് വാരാണസി; അവിടെത്തന്നെയത്രെ അവിമുക്തകതത്ത്വത്തിന്റെ സ്ഥിതി. വാരാണസിയെക്കാൾ മികച്ച ഒരു ക്ഷേത്രം ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല. അവിടെ ബ്രഹ്മാവും വിഷ്ണുവും ഇന്ദ്രനും ദേവഗന്ധർവ്വയക്ഷോരഗരക്ഷസ്സുകളും എന്നെ സദാ ഉപാസിച്ചു പോരുന്നു. മഹാപാപികളും, അതിലും വലിയ പാപികളും വാരാണസീസേവനത്താൽ പരമഗതിയടയും. അതിനാൽ മുമുക്ഷു തീർച്ചയായും മരണംവരെകാശിയിൽ വസിക്കണം. എന്നാൽ മഹാദേവങ്കൽ നിന്നു ജ്ഞാനംനേടി മുക്തിയടയാം. ഇതിന്നു പാപിയുടെ വിഷ്ണുദേഹം നോക്കിടുന്നതാകയാൽ വാങ്മനഃകായങ്ങൾ കൊണ്ടു പാപം ചെയ്യാതിരിക്കണം. സുലഭരിതേ, ഈ അവിമുക്തജ്ഞാനം ദേവകർമ്മം പുരാണങ്ങൾക്കും ക്രുദ്ധഗുഹ്യമായ കർമ്മമാകുന്നു; അതിനെ ശരിയായി അറിഞ്ഞുകൂടാ.'

ദേവകളും ബ്രഹ്മജ്ഞാനികളായ ഋഷിമാരും കേൾക്കെ പരമേശ്വരൻ പാർവ്വതിയോട് ഇപ്രകാരം അരുളിച്ചെയ്കയുണ്ടായി. ദേവകളിൽ പുരുഷോത്തമനായ വിഷ്ണുവും, ഋഷീശ്വരന്മാരിൽ ശിവനും എപ്രകാരമോ, അപ്രകാരം ക്ഷേത്രങ്ങളിൽ വെച്ചു ശ്രേഷ്ഠമാകുന്നു അവിമുക്തകം. മുമ്പ് ഒരു ജന്മത്തിൽ ശിവനെ ആരാധിച്ചവർക്കേ ശിവാലയമായ അവിമുക്തത്തിൽ ചെല്ലുവാൻ ഇടവരികയുള്ളൂ. കലി കലുഷങ്ങളാൽ കരാളകെട്ടവർക്ക് ആ മുക്തിസ്ഥാനം അറിയാവുന്നതേയല്ല. കാശിയെസദാ സ്മരിയ്കയും കീർത്തിയ്കയുംചെയ്യുന്നവർക്ക് ഐഹികാമുഷ്മികപാപം തൽക്ഷണം നശിയ്കും. അവിടെ താമസിയ്കുന്നവർ ചെയ്യുന്ന പാപമൊക്കെ കാലരൂപനായ ശിവൻ നശിപ്പിച്ചുകൊള്ളും. അവിടെവെച്ചു മരിച്ചവർ വീണ്ടും സംസാരസമുദ്രത്തിൽ ജനിയ്കയില്ല. അതിനാൽ യോഗിയായാലും അയോഗിയായാലും, പാപിയായാലും സുകൃതിയായാലും, മനുഷ്യൻ എത്ര പണിപ്പെട്ടും കാശിയിൽപോയി വസിയ്കതന്നെവേണം; ജനങ്ങളോ, അച്ഛനമ്മമാരോ, ഗുരുവോ വിലക്കിയാൽ പോലും അവിമുക്തഗമനത്തിൽ നിന്നു പിന്തിരിയരുത്'.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിര നാരദസംവാദം,
വാരാണസീമഹിമയർണ്ണനം മുപ്പത്തിമൂന്നാമധ്യായം.

———(o)———

Digitized By Kerala Sahitya Akademi

മുപ്പത്തിനാലാമദ്ധ്യായം

നാരദൻ:—അവിടെ ഓംകാരം എന്നൊരു ശ്രേഷ്ഠലിംഗമുണ്ട്. അതു സ്മരിച്ചാൽ മതി, സകല പാപവും നീങ്ങാൻ. മുക്തിദവും മുനിസേവിതവുമായ അതു പരാൽപരജ്ഞാനമായ പഞ്ചായതനമാകുന്നു. അതിങ്കൽ, ദേഹികൾക്കു മോക്ഷം നൽകുന്ന ഗോവാൻ പരമേശ്വരൻ പഞ്ചായതനവിഗ്രഹനായി വിളയാടുന്നു. പാശുപതജ്ഞാനമത്രേ പഞ്ചായതനം. ശാന്തി, അതീതശാന്തി, പരാപരയായ വിദ്യ, പ്രതിഷ്ഠ, നിവൃത്തി എന്നിങ്ങനെ അഞ്ചു് ആത്മാക്കളോടുകൂടിയതാകുന്നു ആ ശിവലിംഗം. ബ്രഹ്മാദികളായ അഞ്ചു ദേവന്മാരുടെ ഇരിപ്പിടമാകയാൽ ഓംകാരബോധകമായ ആ ലിംഗം പഞ്ചായതനമെന്നു പറയപ്പെടുന്നു. പഞ്ചായതനശിവലിംഗത്തെ സ്മരിയ്ക്കുന്നവൻ, ദേഹാവസാനത്തിൽ ആ പരമാനന്ദജ്യോതിസ്സിൽ ലയിയ്ക്കും. അവിടെ, പണ്ടു പരമേശ്വരനെ ഉപാസിച്ചിട്ടു ദേവർഷികളും സിദ്ധബ്രഹ്മർഷികളും ഒടുവിൽ പരമപദം പ്രാപിയ്ക്കുകയുണ്ടായി. മത്സ്യോദരിയുടെ തീരത്തു് ഒരു പുരുവിൻതോലോളം സ്ഥലമാണു് ഓങ്കാരേശ്വരം എന്ന ഗുഹ്യതമസ്ഥാനം.

. യുധിഷ്ഠിര, കൃത്തിവാസേശ്വരം, മധ്യമേശ്വരം, വിശേശ്വരം, ഓങ്കാരേശ്വരം, കന്തപ്പേശ്വരം എന്നീ വാരാണസിയിലെ ഗുഹ്യലിംഗങ്ങൾ ശിവന്റെ അനുഗ്രഹം ക്ലേശമെതെ ആർക്കും അറിയാവുന്നവയല്ല. കൃത്തിവാസേശ്വരത്തിന്റെ മാഹാത്മ്യം കേട്ടുകൊൾക: ആ സ്ഥലത്തു്, പണ്ടു് ഒരസുരൻ ആനയുടെ രൂപം പൂണ്ടു് ഉപാസകരായ ബ്രാഹ്മണരെ ഹനിപ്പാനായി വന്നെത്തി. അപ്പോൾ കേതരക്ഷേത്രജ്ഞായി മുക്കണ്ണൻതിരുവടി ലിംഗത്തിൽനിന്നു പ്രാദുർഭവിച്ചു, ഗജരൂപനായ ദൈത്യനെ ശൂലംകൊണ്ടു സലീലം വധിയ്ക്കുകയും, അവന്റെ തോൽ വസ്ത്രമാക്കുകയും ചെയ്തു. അതിനാലാണു് കൃത്തിവാസേശ്വരം എന്ന പേർ. അവിടെ മികച്ച സിദ്ധി നേടിയ മഹർഷിമാർ അതേ ദേഹത്തോടേ പരമപദം പ്രാപിച്ചിരിക്കുന്നു. വിദ്യാവിദ്യേശ്വരരായ രുദ്രശിവന്മാർ കൃത്തിവാസേശ്വരലിംഗത്തിൽ സ്ഥി

Digitized By Kerala Sahitya Akademi

തിചെയ്യുന്നു. അധർമ്മബഹുലമായ കലിയുഗത്തിന്റെ ഘോരത കണ്ടിട്ടു കൃത്തിവാസേശ്വരത്തെ വിടാതിരിക്കുന്നവർ എവരോ, അവർ കൃതാർത്ഥർതന്നെ. അന്യസ്ഥലത്തു്, അയിരം ജന്മങ്ങൾകൊണ്ടു മോക്ഷം കിട്ടി എന്നും ഇല്ലെന്നും വരാം; കൃത്തിവാസത്തിലാകട്ടെ, ഒരൊറ ജന്മംകൊണ്ടു മോക്ഷം ലഭിയ്ക്കും. ഇതു സിദ്ധാന്തമുടനെയെല്ലാം സ്ഥാപനവും, മഹാദേവനാൽ മറച്ചുവെയ്ക്കപ്പെട്ടതുമത്രേ. അവിടെ, യുഗംതോറും വേദപാരഗരായ ബ്രാഹ്മണർ കൃത്തിവാസസ്സിനെ ഉപാസിയ്ക്കുകയും, രുദ്രമന്ത്രീയം ജപിച്ചു സ്തുതിയ്ക്കുകയും ചെയ്യുന്നു. വാരാണസീവാസികളായ സിദ്ധന്മാർ പാടിവരുന്നുണ്ടു്:—

(കിളിപ്പാട്ടു്)

കൃത്തിവാസസ്സിനെസ്സേവിപ്പവക്കൊക്കെ
മുക്തിലഭിക്കുമൊരൊറജന്മത്തിനാൽ.
പാരിൽസ്സമസ്താഭിലാഷവുംകൈവരു-
മാരണവംതഞ്ഞിലാകുംപിറവിയും.
ചിത്തമടക്കിജ്ജപങ്ങളും നടത്തുന്നു;
രുദ്രനെ ധ്യാനിച്ചുകൊള്ളുന്നു സന്തതം;
വാരണവൈരിയെപ്പൂജിച്ചുപോരുന്നു;
വാരാണസിയിൽ മുനീന്ദ്രസന്ന്യാസികൾ
യാഗങ്ങളും ചെയ്തു നിവ്യാജം സ്തുതിയ്ക്കുന്നു;
യോഗസപര്യപനെക്കയ്യിട്ടുന്നു മുദാ.
ആട്ടീപ്പയോഗധാമാവിന്നു കൈതൊഴു-
മാദ്യനാം സ്ഥാണുമഹേശനിങ്ങാശ്രയം!
ശർവ്വനെയുള്ളിൽ സ്മരിച്ചുകൊള്ളുന്നതാൻ;
സർവ്വം ശിവമയമെന്നു കാണുന്നു ഞാൻ.'

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരനാരദസംവാദം വാരാണസീമഹിമകഥനം ഒന്നാമതിൽനിന്നവർണ്ണനം മുപ്പത്തിനാലാമധ്യായം

———(o)———

Digitized By Kerala Sahitya Akademi

മുപ്പത്തഞ്ചാമദ്ധ്യായം

നാരദൻ:—മറ്റൊരേടത്തു കപർദ്ദീശ്വരം എന്നൊരു തീർത്ഥമുണ്ട്. അതിൽ കുളിച്ചു പിതൃക്കളെ പൂജിച്ചാൽ സർവ്വപാപമുക്തിയും ഭുക്തിയും മുക്തിയുംകിട്ടും. പിശാചമോചനം എന്ന മറ്റൊരു തീർത്ഥത്തിൽ മഹാദേവൻ ആശ്ചര്യകരമാംവണ്ണം സർവ്വദോഷങ്ങളും പോക്കി മുക്തി നൽകുന്നു: ഒരു ദാനവൻ വ്യാഘ്രരൂപം പൂണ്ടു ഒരു മാൻപേടയെ പിൻതുടർന്നുകൊണ്ടു കപർദ്ദീശ്വരത്തു ചെന്നുചേർന്നു. ആ പേടിച്ചുഴന്ന മാൻപേട അവിടെ പലവട്ടം പ്രദക്ഷിണംവെച്ചു് ഓടിയതിന്നുശേഷമാണു് കടുവയുടെ പിടിയിൽ പെട്ടതു്. കരുത്തേറിയ വ്യാഘ്രം അതിനെക്രൂരനഖങ്ങൾ കൊണ്ടുപിളർത്തുകയും, അതിനിടയിൽ-മഹർഷിമാരെ കാണുകയാൽ വിജനസ്ഥലത്തേയ്ക്കു മണ്ടിപ്പോവുകയുംചെയ്തു. കപർദ്ദീശ്വരനടയിൽവെച്ചു മരണമടഞ്ഞ ആ കൊച്ചു മാൻപേടയാകട്ടെ, മൂന്നുകണ്ണും കറുത്ത കഴുത്തും ചന്ദ്രക്കല ചൂടിയ തലമുടിയും പൂണ്ടു്കാളപ്പുറത്തേറി, അന്തേ വടിവിലുള്ള ആരംക്കാരാൽ ചുറ്റപ്പെട്ടു്, ആകാശത്തു സൂര്യനൊപ്പം വിളങ്ങിക്കാണുമാറായി. ഗഗനചാരികൾ നാലുപാടും പുഷ്പവർഷം പൊഴിച്ചു. തൽക്ഷണം ആഗണേശ്വരിയായിത്തീർന്ന ഹരിണി അത്ഭുതയുമായി. ഈ അത്യാശ്ചര്യം കണ്ടിട്ടു ദേവകളും മറ്റും സ്തുതിച്ചു. ആ കപർദ്ദീശ്വരലിംഗം സ്മരിച്ചാൽതന്നെ പാപമെല്ലാം വിട്ടൊഴിയും. വാരാണസീവാസികൾക്കു കാമക്രോധാദി ദോഷങ്ങളും, വിഘ്നങ്ങളുമൊക്കെ കപർദ്ദീശ്വരപൂജയാൽ നശിച്ചുപോകുന്നു. അതിനാൽ കപർദ്ദീശ്വരലിംഗം ദർശിക്കുകയും പൂജിക്കുകയും വൈഭവസമ്പന്നരംകൊണ്ടു സ്തുതിയ്ക്കുകയും ചെയ്യണം. ഇവിടെവെച്ചു ശാന്തചിത്തരായി ധ്യാനം ചെയ്യുന്ന യോഗികൾക്കു് ആത്മസംകൊണ്ടു സിദ്ധിവരും. പിശാചമോചനത്തിൽ സ്നാനംചെയ്തു കപർദ്ദീശ്വരനെ പൂജിച്ചാൽ ബ്രഹ്മഹത്യാദിപാപങ്ങളും പോലും വിട്ടൊഴിയും.

Digitized By Kerala Sahitya Akademi

പണ്ട് ആ ക്ഷേത്രത്തിൽ ശംകകർണ്ണനെന്നൊരു താപസബ്രാഹ്മണൻ അഖണ്ഡബ്രഹ്മചര്യനായി പുഷ്പധൂപാദികൾകൊണ്ടും സ്തോത്രപ്രണാമപ്രദക്ഷിണങ്ങൾകൊണ്ടും ശങ്കരനെ പൂജിച്ചു പാർത്തിരുന്നു. ഒരുദിവസം, 'എല്ലും തൊലിയും' മാത്രമായ ഒരു പ്രേതം വിശന്നു മേൽക്കുമേൽ നെടുവീർപ്പിട്ടുംകൊണ്ടു ആശ്രമത്തിന്റെ അടുക്കൽ വന്നെത്തി. അതിനോടു മനസ്സലിഞ്ഞ മഹർഷി ചോദിച്ചു:—'ഭവാൻ ആരാണു? എവിടെനിന്നാണ് വരുന്നതു?' വിശന്നു പൊരിയുന്ന പ്രേതം പറഞ്ഞു:—'ഞാൻ മുൻജന്മത്തിൽ ഒരു ധനവാനായ ബ്രാഹ്മണനായിരുന്നു. പുത്രപൌത്രാദിസമേതനായ ഞാൻ തറവാട്ടു ശരിയായി ഭരിച്ചുപോന്നു. എന്നാൽ ദേവകളേയൊ ശ്രോക്കളേയൊ അതിഥികളേയൊ പൂജിച്ചിരുന്നില്ല. ഒരിക്കലും ചെറുതോ വലുതോ ആയ ഒരു പുണ്യവും ഞാൻ ചെയ്കയുണ്ടായില്ല; ഒരുദിവസം, വാരാണസിയിൽ വിശ്വനാഥനായ വൃഷധ്വജൻതിരുവടിയെ ദർശിയ്ക്കയും സ്പർശിക്കുകയും വന്ദിയ്ക്കയുമുണ്ടായി. അതുകഴിഞ്ഞു് ഏറെത്താമസിയാതെ ഞാൻ മരിച്ചു. എന്നാൽ അതിഘോരമായ അന്തകാലഭയം കാണേണ്ടിവന്നില്ല. ഇപ്പോഴും പൈതാഹങ്ങളും മുഴക്കുകയാൽ ഞാൻ ബോധഹീനനായിരിക്കുന്നു. എനിയ്ക്ക് ഊർദ്ധഗതി വരുത്താൻ വല്ല ഉപായവുമുണ്ടെങ്കിൽ, ഭവാൻ അതു ചെയ്യുമാറാകണം; മഹർഷേ, ഞാൻ അങ്ങയെ ശരണംപ്രാപിച്ചിരിക്കയാണ്.'

ശംകകർണ്ണൻ:—'അങ്ങയെപ്പോലെ ഒരു മഹാസുകൃതി ലോകത്തിലില്ല: വിശ്വനാഥൻ തിരുവടിയെ ഭവാൻ മുൻജന്മത്തിൽ ദർശിയ്ക്കയും സ്പർശിക്കുകയും നമസ്കരിക്കുകയുമുണ്ടായല്ലോ. ആ കർമ്മത്താലാണ് ഇവിടെ വരാൻ ഇടയായതു്. വേഗത്തിൽ ഈ തീർത്ഥത്തിൽ സ്നാനംചെയ്യുകൊൾക. എന്നാൽ ഭവാന്റെ പ്രേതരൂപം നീങ്ങും.'

(രചയ്ത്രിയുടെ തിരി)

അക്കപർദ്ദീശ്വരദേവനെധ്യാനിച്ചു
ചിക്കനാത്തീർത്ഥത്തിൽ മുങ്ങീ പ്രേതം;
അപ്പൊഴേ മൃത്യുപെട്ടദ്ദേഹമാദിത്യ-
കല്പനായ് വാനത്തു കാണപ്പെട്ടു.

Digitized By Kerala Sahitya Akademi

തിങ്കളെച്ചൂടിയും ദിവ്യമെയ്ക്കോപ്പൊളി
തങ്കിയും നിൽക്കുമാസ്സൽപ്പുമാനെ
വന്ദനംചെയ്തിതു ഋഗ്ഗണങ്ങളും
വന്ദ്യരാം വാനിലെ യോഗികളും:
കാലത്തുദിയ്ക്കുന്ന മാർത്താണ്ഡദേവനെ-
ബ്ബാലങ്ങളില്ലാടികളെന്നപോലെ.
വാഴ്ത്തിസ്തുതിച്ചാരമർത്ത്യരും സിദ്ധരും;
ക്രുദ്ധാടിവിണ്ണവപ്പൺകൊടിമാർ;
ഗന്ധർവ്വകിന്നരവിദ്യാധരാടികരും
ഗന്ധർവ്വാർദ്രമാം പൂക്കരം തൂകി
മാമുനിശ്രേഷ്ഠർ പുകഴ്ത്തവേ; മുക്കണ്ണ-
സ്വാമിപ്രസാദത്താൽ ജ്ഞാനം നേടി
പൂകിനാനദ്ദേഹ, മീശൻ വിളങ്ങീടു
മേകത്രയീമയമണ്ഡലത്തിൽ.

പ്രേതം മുകുന്ദയടഞ്ഞതു കണ്ടിട്ടു മനാകുളിത്ത മഹർഷി കവിയായ കപർദ്ദീശ്വരനെ ധ്യാനിച്ചു് ഇപ്രകാരം സ്തുതിച്ചു:—

(കിളിപ്പാട്ടു്)

കപർദ്ദിൻ, പരാല്പര, ഗോപ്തൃവേ, യോഗേശ്വര,
കപിലാത്മൻ, സ്വാമിൻ, പുരാണപുരുഷനേ,
ആദിത്യ, വഹ്നേ, ഹിരണ്മയനായ് പ്രവിത്തനാ-
യാദിയുമൊടുവുമമങ്ങയെബ്ഭജിയ്ക്കുന്നേൻ.
ചേതസി വാഴും പരബ്രഹ്മസാരമേ, തമോ-
തീതനായ് മുനീന്ദ്രനാമങ്ങയെബ്ഭജിയ്ക്കുന്നേൻ.
ആയിരം കൺകാൽതലമെയ്കളല്ലോനേ, ചിൽക്കാ-
ന്വായോനേ, ഹിരണ്യഗർഭാദിനായക, ശംഭോ,
പാരിതുനിർമ്മിപ്പതും മൂടിക്കുന്നതും നീ താൻ;
ഈശ്വരേശ, സകലവുമങ്ങയാലളിവ്യാപ്തം.
ബ്രഹ്മപാരമായ് വീതാലോകനായലിംഗനാ-
യമ്മഹേശനാം നിന്നെശ്ശരണംപൂകുന്നേൻ ഞാൻ.
അങ്ങൊഴിഞ്ഞുണ്ടോ മറ്റാന്നു?-ങ്ങയെ ധ്യാനിച്ചസ്സം-
സംഗയോഗികൾ പരാത്മാക്കളായ്ച്ചമയുന്നു.

Digitized By Kerala Sahitya Akademi

നാമാദിവിശേഷങ്ങളില്ലാത്ത വേദ്യരൂപം
കാഴ്മാനം കിട്ടാതെന്നാ, നിന്നെത്തോൻ വണങ്ങുന്നേൻ.
വേദവാദികൾ കാണ്മൂവിദേഹം ജ്ഞാനാത്മകം
ദേവർജ്ജിത മേകമനേകം തവരൂപം
അതിൽനിന്നണ്ടാകുന്ന. പ്രധാനം; പുരാണനാം
പുരുഷൻ തേജസ്സിനെയാരിൽ നിന്നേന്തിടുന്നു;
സാദരം വണങ്ങുന്നേൻ ദേവവന്ദിതനായി-
ജ്യോതിസ്സിലിരിയ്ക്കുമാക്കാലരൂപനാം നിന്നെ.
ശരണമടയുന്നേൻ നിത്യനാം ഗുഹേശനെ
ശരണമടയുന്നേൻ സ്ഥാണുവാം ഗിരിശനെ;
ശരണമടയുന്നേനേണാങ്കമകുടനെ-
ശരണമടയുന്നേൻ ശിവനാം പിനാകിയെ.

ഇങ്ങിനെസ്തുതിച്ചു, പ്രണവം ഉച്ചരിച്ചുംകൊണ്ടു ശങ്കർണ്ണൻ നിലത്തു ണ്ഡനമസ്കാരം ചെയ്തു. തൽക്ഷണം, ആനന്ദജ്ഞാനമയമായി കോടാനകോടി ജ്വാലകളുള്ള പാവകനൊപ്പം വിളങ്ങുന്ന പരമശിവലിംഗം പ്രത്യക്ഷീഭവിയ്ക്കുകയും, വിമുക്തനായ ശങ്കർണ്ണൻ അത്ഭുതകരമാംവണ്ണം അതിൽച്ചെന്നു ലയിയ്ക്കുകയും ചെയ്തു.

ഈ രഹസ്യമായ കപർദ്ദിമാഹാത്മ്യം മായമൂലം ആർക്കും അറിഞ്ഞുകൂടാ; പണ്ഡിതന്മാ ഇതിൽ പാമരൻതന്നെ! ഇക്കഥ പതിവായി സ്തവിയ്ക്കുന്നവൻ പാപം നീങ്ങി ശിവസാലോക്യം പ്രാപിയ്ക്കും. മഹത്തായ ഈ ബ്രഹ്മപുരാണം രാവിലെയും ഉച്ചയ്ക്കും ചൊല്ലുന്നവന്നു പരമമായ യോഗവും കൈവരും.

ശ്രീപദ്മമഹാപുരാണം; ആദിഖണ്ഡം, യുധിഷ്ഠിരാദേശസംഭവം,
വാരാണസീ മഹാത്മ്യം, കപർദ്ദീശ്വര മഹിമാനുകീർത്തനം
മട്ടുത്തരാധ്യായം

(0)

Digitized By Kerala Sahitya Akademi

മുപ്പത്തൊന്നാമദ്ധ്യായം

നാരദൻ:—മഹാരാജാവേ, വാരണാസിയിൽ മധ്യമേശ്വരത്തു ഇദ്ദേവദിവൃതനായ മഹേശ്വരൻ സദാ പാർവ്വതിയൊന്നിച്ചു രമിയ്ക്കുന്നു. അവിടെ പണ്ടു, ദേവകീസുതനായ കൃഷ്ണകേശൻ പാശുപതവ്രതം കൈക്കൊണ്ടു, സർവ്വാംഗം ഭസ്മം പൂശി, പാശുപതരോടുകൂടി, തന്റെ അരാധിച്ചുവസിയ്ക്കയുണ്ടായി. അദ്ദേഹത്തിന്റെ ഉപദേശത്താൽ ബ്രഹ്മചാരികളായ വളരെ തിര്യന്മാർ ജ്ഞാനംനേടി ശിവനെ ഭർശിയ്ക്കയുമുണ്ടായി. കൃഷ്ണനും നീലലോഹിതൻ തിരുവടി പ്രത്യക്ഷമായിട്ടു് ഉത്തമമായ വരം കൊടുക്കയുണ്ടായി:—എന്റെ ഭക്തന്മാർ ഗോവിന്ദനെ ഭക്തിപൂർവ്വം അരാധിയ്ക്കുന്നതായാൽ, അവർക്ക് ലോകമെല്ലാം ഈശ്വരമയമാണെന്ന ജ്ഞാനം ഉണ്ടായി വരും. എന്റെ ഭക്തന്മാർ തീർച്ചയായും വിഷ്ണുവിനെ വണങ്ങുകയും പൂജിയ്ക്കയും ധ്യാനിയ്ക്കയും ചെയ്യണം.'

അവിടെ കളിച്ചു പിനാകപാണിയെ ഭർശിക്കുന്നവർക്ക് ബ്രഹ്മഹത്യാദിപാപം പോലും തൽക്ഷണം നശിക്കും. അവിടെ വെച്ചു മരിച്ചാലോ, പാപികൾക്ക് ക്രൂരപരമപദം പൂകുമാറാകും. മന്ദാകിനിയിൽ സ്നാനംചെയ്തു മധ്യമേശ്വരനെ പൂജിയ്ക്കുന്നവർ സുകൃതികൾതന്നെ. അവിടെ സ്നാനം, ദാനം, തപസ്സ്, ഹോമം, പിണ്ഡാപ്പണം എന്നിവയിൽ ഓരോന്നു ചെയ്താൽത്തന്നെ ഏഴുതലമുറയോളം ശുദ്ധിപ്പെടും. സൂര്യഗ്രഹണത്തിൽ സന്നിഹിതതീർത്ഥത്തിൽ സ്നാനം ചെയ്താലുള്ളതിന്റെ പതിന്മടങ്ങു ഫലം ഇവിടെ കിട്ടും.

ശ്രീപത്മമഹാപുരാണത്തിലെ, ആദിഖണ്ഡം; ധർമ്മിഷ്ഠ ഋഷിസംവാദം, വാരണാസീമഹാത്മ്യം, മധ്യമേശ്വരവർണ്ണനം മുപ്പത്തൊന്നാമധ്യായം.

———(o)———

Digitized By Kerala Sahitya Akademi

മുപ്പത്തേഴാമദ്ധ്യായം

നാരദൻ:—വാരാണസിയിലെ മറ്റു പരിശ്രുതീർത്ഥങ്ങളും കേട്ടുകൊൾക: പ്രയാഗം, വിശ്വരൂപം, താലതീർത്ഥം, ഋകാശ തീർത്ഥം, ഋക്ഷതീർത്ഥം, സുനീലം, ഗൌരീതീർത്ഥം, പ്രാജാപത്യം, സപ്തർഷിപ്രാരം, ജംബുകേശ്വരം, ധർമ്മതീർത്ഥം, ഗയ, മഹാനദീതീർത്ഥം, നാരായണതീർത്ഥം, വായുതീർത്ഥം, ജ്ഞാനതീർത്ഥം, വാരാഹം, യമതീർത്ഥം, സംമൂർത്തികം, അഗ്നിതീർത്ഥം, കലശേശ്വരം, നാഗതീർത്ഥം, സോമതീർത്ഥം, സൂര്യതീർത്ഥം, പവ്വതതീർത്ഥം, മണികർണ്ണ്യം, ഘണ്ടോൽക്കചതീർത്ഥം, ശ്രീതീർത്ഥം, പിതാമഹതീർത്ഥം, ഗംഗാതീർത്ഥം, ദേവേശതീർത്ഥം, യയാതിതീർത്ഥം, കാപിലം, സോമേശതീർത്ഥം, ബ്രഹ്മതീർത്ഥം.

ബ്രഹ്മതീർത്ഥത്തിൽ,പണ്ട് ഒരു ലിംഗം പ്രതിഷ്ഠിപ്പാനായി ബ്രഹ്മാവുകൊണ്ടുവന്നുവെച്ചു. ഉടനെ ആ ശിവലിംഗം വിഷ്ണു പ്രതിഷ്ഠിച്ചുകളഞ്ഞു. ബ്രഹ്മാവുകളിച്ചുവന്നിട്ട വിഷ്ണുവിനോടുചോദിച്ചു:—'ഞാൻകൊണ്ടുവന്ന ലിംഗം വോൻ പ്രതിഷ്ഠിച്ചതെന്തുകൊണ്ട്?'

വിഷ്ണു:—'അങ്ങയെക്കാൾ എനിക്കേറും ശിവഭക്തി. അതിനാൽ ഞാൻ പ്രതിഷ്ഠിച്ച ലിംഗം അങ്ങയുടെ പേരിനാൽ അങ്കിതമായിരിക്കും'

ഭൃഗുപ്രാരതീർത്ഥം, ധർമ്മസമുദ്ഭവം, ഗാന്ധർവ്വം, ആഗ്നേയം, വൈവ്വാസികം, വ്യോമതീർത്ഥം, ചന്ദ്രതീർത്ഥം, ചിത്രാംഗദേശ്വരം, വിദ്യാധരേശ്വരം, കേളാരം, ഉഗ്രതീർത്ഥം, കാലഞ്ജരം, സാരസ്വതം, പ്രഭാസം, ശുക്രകണ്ഠം, കോകിലാക്ഷം, മഹാലയം, ഹിരണ്യഗർഭം, ഗോപ്രേക്ഷം, ഉപശാന്തം, വ്യാഘ്രേശ്വരം, ത്രിലോചനതീർത്ഥം, ലോലാർക്കം, ഉത്തരതീർത്ഥം, കപാലമോചനം, ശുക്രേശ്വരം, ആനന്ദപുരം മുതലായി വാരാണസിയിലുള്ള തീർത്ഥങ്ങൾ അനേകംകോടി കല്പങ്ങൾകൊണ്ടും പറഞ്ഞു തീർക്കാവുന്നവയല്ല.

ശ്രീപദ്മമഹാപുരാണേ, ആദിഖണ്ഡേ, യുധിഷ്ഠിരയാരദസംവാദേ,
വാരാണസീമാഹാത്മ്യേ വിവിധതീർത്ഥകഥനം മുപ്പത്തേഴാമദ്ധ്യായം.

———(o)———

Digitized By Kerala Sahitya Akademi

മുപ്പത്തെട്ടാമദ്ധ്യായം

നാരദൻ:—വാരാണസിയുടെ മാഹാത്മ്യവും, അവിടെയുള്ള തീർത്ഥങ്ങളും പുത്രക്കത്തിൽ പറഞ്ഞുകഴിഞ്ഞു. ഇനി മറ്റു തീർത്ഥങ്ങൾ കേട്ടുകൊള്ളുക:

ഗയയിൽ ചെന്നാൽത്തന്നെ അശ്വമേധഫലം കിട്ടും; രണ്ടുമാസം ഗയയിൽ വസിച്ചാൽ ഏഴുതലമുറയ്ക്കുശ്രേയസ്സുണ്ടാകും. പുത്രന്മാർ വളരെപ്പേർ ഉണ്ടാകാൻ പ്രാർത്ഥിക്കുണം; അവരിൽ ഒരാളെങ്കിലും ഗയയിൽ പോയാലൊ! അവിടെ അക്ഷയവടത്തിൽ പിണ്ഡംവെച്ചാൽ, അതു പിതൃക്കൾക്ക് അക്ഷയമായിരിയ്ക്കും. മഹാനദിയിൽ കളിച്ചു പിതൃദേവതർപ്പണം ചെയ്താൽ അക്ഷയലോകങ്ങളും പൂകാം; വംശത്തിനും ഉൽഗതി വരും. അവിടെനിന്നു, ബ്രഹ്മാരണ്യത്തിലെ ബ്രഹ്മസരസ്സിൽ പോയവൻ, രാത്രി പ്രഭാതത്തെ എന്നപോലെ പുണ്ഡരീകഫലത്തെ നേടും. ആ സരസ്സിൽ ബ്രഹ്മാവു നാട്ടിയിട്ടുള്ള യൂപം പ്രദക്ഷിണംവെച്ചാൽ വാജപേയഫലം കിട്ടും. പിന്നെ ധേനുകത്തിൽ പോയി ഒരു രാവുപവസിച്ചു തിലധേനുവിനെ ദാനം ചെയ്യുവൻ വീതപാപനായി സോമലോകം പ്രാപിക്കും. അവിടെ ഒരു പയ്യു കട്ടിയുമായ മേഞ്ഞുനടന്ന കാലടികൾ ഇന്നും കാണാം; അവയെ സ്പർശിച്ചാൽ തിന്മയും പാപവുമെല്ലാം വിട്ടൊഴിയും. പിന്നീട്, ശൂലപാണി വാണരുളുന്ന ഗുഹ്യവത്തിൽ പോകണം. അവിടെ സ്നാനം കഴിച്ചു ശ്ലോകനെ തൊഴുതാൽ, ബ്രാഹ്മണനെ പന്തിരണ്ടുകൊല്ലത്തെ വ്രതത്തിന്റെ ഫലം സിദ്ധിയ്ക്കും; മറ്റു ജാതിക്കാർക്കൊക്കെ പാപശാന്തിവരും.

അതിനുശേഷം, പാട്ടിനാൽ കലിക്കൊള്ളുന്ന ഉദയപർവ്വതം പ്രാപിച്ചു, അവിടെയുള്ള സൂര്യക്ഷേത്രത്തിൽ ഒരു സന്ധ്യ ഉപാസിച്ചാൽ പന്തിരണ്ടുകൊല്ലത്തെ സന്ധ്യാവന്ദനമായി! അവിടെത്തന്നെ യോനിദ്വാരതീർത്ഥത്തിൽ സ്നാനം ചെയ്യുവർ യോനിസങ്കടത്തിൽനിന്നു നിർമ്മുക്തരാകും. പിന്നെ ഫല്ഗുതീർത്ഥം പൂകുക; അശ്വമേധഫലവും ഉൽകൃഷ്ടസിദ്ധിയും കൈവരും. അവിടെനിന്നു, ധർമ്മത്തിന്റെ നിത്യസാന്നിദ്ധ്യമുള്ള ധർമ്മപൃഷ്ഠമണഞ്ഞാൽ അശ്വമേധഫലം. പിന്നീടു ബ്രഹ്മതീർത്ഥംപൂകി ബ്രഹ്മാവിനെ പൂജിച്ചാൽ രാജസൂയവും അശ്വമേധവും ചെയ്തുകഴിഞ്ഞു! രാജഗൃഹത്തിൽ സ്നാനം ചെയ്യുവൻ കക്ഷീവാനെപ്പോലെ (ഒരു ഋഷി) സുഖിയ്ക്കും. അവിടെ യക്ഷിണിയുടെ

Digitized By Kerala Sahitya Akademi

നിവേദിച്ചതു ഭക്ഷിച്ചാൽ, യക്ഷിണിയുടെ പ്രസാദത്താൽ ബ്രഹ്മഹത്യ പോലും വിട്ടൊഴിയും. അനന്തരം മണിനാഗമണയുക; ഫലം അശ്വമേധം പത്തിരട്ടിനന്മയിനേറയും. മണിനാഗനെവേല്യം ഭജിച്ചവനു, പാമ്പു കടിച്ചാൽ വിഷം കേറില്ല. ഗൗതമബ്രഹ്മർഷിയുടെ വനത്തിൽ ഗമിച്ചു് അഹല്യാഹ്രദത്തിൽ കളിച്ചാൽ മികച്ച സിദ്ധിയും, ശ്രീ തീർത്ഥസ്നാനത്താൽ വലിയ ശ്രീയും ലഭിയ്ക്കും. ഉദപാനസ്നാനം അശ്വമേധഫലത്തെ നൽകും. നിർജ്ജരപൂജിതമായ ജനകരാജർഷിയുടെ ക്ഷേത്രത്തിൽ സ്നാനം വിഷ്ണുലോകപ്രാപകമത്രേ.

അവിടെനിന്നു വിനാശനത്തിൽ പോകണം; ഫലം അശ്വമേധത്തിനേറയും സോമലോകപ്രാപ്തിയും. സർവ്വതീർത്ഥങ്ങളുടേയും ഉൽപത്തിഭൂവായ ഗണ്ഡകി വാജപേയഫലത്തേയും സൂര്യലോകത്തേയും നൽകും. പിന്നെ ധ്രുവതപോവനം പുക്കവൻ തീർച്ചയായും ഗൃഹ്യകരോടൊപ്പം വിളയാടും. കമ്മളാനദീസ്നാനം പുണ്ഡരീകയജ്ഞത്തിനൊക്കും; സോമലോകപ്രാപ്തിയും നൽകും. വിശാലാനദീസ്നാനത്താൽ അഗ്നിഷ്ടോമഫലവും സ്വർഗ്ഗവും കിട്ടും. പിന്നെ മഹേശ്വരധാരയിൽ ചെല്ലുക; അശ്വമേധഫലവും വംശത്തിന്നു് ഉൽഗതിയും സിദ്ധിയ്ക്കും. ദേവപുഷ്കരിണീസ്നാനം ദുർഗ്ഗതിയെ തടുത്തു വാജപേയഫലം നൽകും. മാഹേശ്വരപദത്തിൽ സ്നാനം ചെയ്തവൻ അശ്വമേധഫലം നേടി മാഹേശ്വരലോകം പുകും. അവിടെ ഒരു കോടിതീർത്ഥമുണ്ടു്: അതു്, ഒരുമയുടെ വടിവുപൂണ്ട ഒരു ദുരാത്മാവായ അസുരൻ കൊണ്ടുപോവുകയുണ്ടായി; പ്രവേശിഷ്ണുവായ വിഷ്ണുവാണു് വീണ്ടെടുത്തതു്. അതിൽ കുളിച്ചാൽ പുണ്ഡരീകഫലം നേടി വിഷ്ണുലോകം പുകും.

പിന്നെ, വിഷ്ണു സദാ വാണരുളുന്നതും, ബ്രഹ്മാദിദേവ വസുരുദ്രാളികം ജനാർദ്ദനനെ ഉപാസിച്ചുപോരുന്നതുമായ ശാലഗ്രാമത്തിൽ പോകണം. അവിടെ വരദനായ ത്രിജഗദീശനെ തൊഴുതാൽ അശ്വമേധഫലവും വിഷ്ണുലോകവും കിട്ടും. അവിടെ നാലുസമുദ്രങ്ങളും ഉറഞ്ഞുചേർന്ന ക്ഷേത്രത്തിൽ കളിച്ചവൻ ഋണമുക്തനായി, ചന്ദ്രനെപ്പോലെ വിളങ്ങും. ജാതിസ്മരത്തിൽ സ്നാനംചെയ്യാൽ ജാതി (മുൻജന്മ)സ്മരണ ഉണ്ടായിവരും. വരാഹക്ഷേത്രത്തുപോയി കേശവനെ പൂജിച്ചാൽ അഭീഷ്ടലോകങ്ങളും പുകാം. അവിടെനിന്നു വാമനംപുക്ക വാസുദേവനെ വന്ദിച്ചവർക്കു ഉത്കൃതിവരില്ല. ഭൈതാരണ്യത്തിൽ ചെന്നു കൈശികി

Digitized By Kerala Sahitya Akademi

യിൽ കളിച്ചാൽ രാജസൂയഫലംകിട്ടും. പിന്നെ ചമ്പകാരണ്യത്തിൽ ചെന്ന് ഒരു മാസം പാർത്താൽ അശ്വമേധഫലം സിദ്ധിക്കും. ഗോവിന്ദതീർത്ഥം അഗ്നിഷ്ടോമഫലത്തെ നൽകും. അവിടെ മഹാഭൃതിയായ വിശ്വേശ്വരനേയും ദേവിയേയും ദർശിച്ചവൻ മിത്രാവരുണലോകത്തിൽ വാഴും. കന്യാവസ്ഥം പൂക്കവന്ന പ്രജാപതിയായ മനുവിന്റെ ലോകം കിട്ടും; അവിടെവെച്ചു ചെയ്യുന്ന അത്യല്പമായ ദാനവും അക്ഷയമത്രെ. നിഷ്ഠാവാസം അശ്വമേധഫലത്തെയും വിഷ്ണുലോകത്തെയും നൽകും. നിഷ്ഠാസംഗമത്തിൽവെച്ചു വല്ല ദാനവും ചെയ്യുവരാകട്ടെ നിരാമയമായ ബ്രഹ്മലോകം പ്രാപിക്കും. അവിടെ വസിഷ്ഠാശ്രമത്തിൽ സ്നാനംചെയ്യുവന്ന വാജപേയഫലം കൈവരും. ദേവക്രൂടം പ്രാപിച്ചവൻ അശ്വമേധഫലം നേടി, വംശത്തെ ഉദ്ധരിക്കും.

അവിടെനിന്നു, കൌശികനായ വിശ്വാമിത്രൻ ഉൽകൃഷ്ടസിദ്ധിയടഞ്ഞ കൌശികഹ്രദത്തിൽ ചെന്ന് ഒരുമാസം വസിച്ചാൽ അശ്വമേധപുണ്യം സിദ്ധിയ്ക്കും. മഹാഹ്രദം സേവിച്ചവൻ ഒന്നുതി പറാതെ ബഹുസുവർണ്ണക ഫലം നേടും. പിന്നെ വീരാശ്രമത്തിൽ കുമാരനെ തൊഴണം; ഫലം അശ്വമേധത്തിനേറ്റും സർവ്വപാപനാശിനിയും. നന്ദിനിയിൽ വുന്ദാരകാഖ്യതീർത്ഥത്തിൽ കളിച്ചാൽ നരമേധഫലം കിട്ടും. കൌശികീകുരുസംഗമസ്നാനം സർവ്വപാപഹരമാകുന്നു. ഉർവ്വശീതീർത്ഥം, സോമാശ്രമം, കുംഭകർണ്ണാശ്രമം എന്നിവയിൽ സ്നാനംചെയ്യുവൻ ഭൂമിയിൽ പൂജ്യനായിവരും. കോകാമുഖസ്നാനം ജാതിസ്മരണയെ ഉണ്ടാക്കും. ശകുനന്ദിസ്നാതൻ പാപമെല്ലാമൊഴിഞ്ഞു കൃതാർത്ഥനായി സ്വർഗ്ഗം പ്രാപിക്കും. ജ്യേഷ്ഠേശ്വരിൽ പോയി, സരസ്വതിയിൽ കളിച്ചു ക്രൌഞ്ചബാരണനെ തൊഴുതവൻ വിമാനത്തിൽ വിളങ്ങും. കൌശ്യാനകസ്നാനത്താൽ ഏഴുപാപവും നശിക്കും. ബ്രഹ്മതീർത്ഥസ്നാനം വാജപേയസദൃശമത്രെ. അവിടെനിന്നു ചമ്പയിൽ പോയി ഭാഗീരഥിയിൽ സ്നാനംചെയ്യണം. ഭണ്ഡാർപ്പണസ്നാനം ആയിരംപശുദാനത്തിനൊക്കും. ലാവഡികാസ്നാതൻ വാജപേയഫലം നേടി, വിമാനസ്ഥനായി പൂജിക്കപ്പെടും.

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരാഗസ്ത്യസംവാദം,
ഗയാദിതീർത്ഥമാഹാത്മ്യകഥനം എന്ന ഇരുപത്തേഴാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

മുപ്പത്താൻപതാമദ്ധ്യായം

നാരദൻ:—പിന്നേ സന്ധ്യയിൽചെന്ന വിദ്യാതീർത്ഥത്തിൽ കളിച്ചവൻ തീർച്ചയായും വിദ്വാനായിത്തീരും. രാമനിർമ്മിതമായ ലെയഥിതൃതീർത്ഥം ബഹുസുവർണ്ണകഫലത്തെ പ്രദാനംചെയ്യും. കരതോയയിൽ കളിച്ചു മൂന്നാം ഉപവസിച്ചാൽ അശ്വമേധഫലവും സ്വർഗ്ഗവും കിട്ടും. ഗംഗാസമുദ്രസംഗമസ്നാനത്തിന്ന് അശ്വമേധത്തിന്റെ പത്തിരട്ടി ഫലമുണ്ടുപോൽ. ഗംഗാദീപിൽ സ്നാനംചെയ്തു മുന്നുരാത്രി വസിച്ചാൽ എന്തഭിലാഷവും നിറവേറും. പിന്നെ വൈതരണീനദിയിൽചെന്ന വിരജതീർത്ഥത്തിൽ സ്നാനംചെയ്യുവൻ വെൺതിങ്കളെപ്പോലെ വിളങ്ങും. അതിന്റെ ഉത്പത്തിസ്ഥാനംപൂക്കവൻ ആയിരം പശുദാനത്തിന്റെ ഫലം നേടി, സപവംശത്തെ ശുദ്ധിപ്പെടുത്തും. ശോണജ്യോതിരഥീസംഗമത്തിൽ കളിച്ചു പിതൃദേവകളെ തർപ്പിച്ചാൽ അഗ്നിഷ്ടോമഫലം കിട്ടും. ശോണനമ്മദാപ്രവേത്തിൽ വംശത്തുല്യസ്നാനം അശ്വമേധത്തിനൊക്കും. അതുപോലെതന്നെയാണ്, കോസലയിൽ ജ്യേഷ്ഠതീർത്ഥത്തിൽ കളിച്ചു മൂന്നാൾപവസിക്കുന്നതും. കോസലയിലെ കാലതീർത്ഥം ജ്യേഷ്ഠതീർത്ഥത്തിന്റെ പതിനൊന്നിരട്ടി ഫലം നൽകും. പുഷ്പവതിയിൽ സ്നാനംചെയ്തു മൂന്നു രാവുപവസിച്ചവൻ ആയിരം പശുദാനത്തിന്റെ ഫലം നേടും; വംശത്തിന്ന് ഉൽഗതിയും വരുത്തും. ബദരികാതീർത്ഥസ്നാനം ദീർഘായുസ്സിനെയും സ്വർഗ്ഗവാസത്തെയും നൽകും.

അവിടെനിന്നു പരശുരാമൻ വാഴുന്ന മഹേന്ദ്രത്തിൽച്ചെന്ന കാമതീർത്ഥത്തിൽ സ്നാനംചെയ്യണം; ഫലം അശ്വമേധത്തിനേറയ്. അവിടെ മതംഗകേളീരത്തിൽ സ്നാനം ആയിരം പശുദാനത്തിനൊക്കും. ഭരതർഷഭ, ശ്രീപർവ്വതത്തിൽ പോയി നദീതീർത്ഥത്തിൽ കളിച്ചാൽ അശ്വമേധഫലവും മികച്ച സിദ്ധിയും കിട്ടും. ശ്രീപർവ്വതത്തിൽ, ദേവിയോടുകൂടി മഹാദേവനും, ദേവകളോടൊത്തു പിതാമഹനും പ്രീതിയോടെ വാണരുളുന്നുണ്ട്. ജ്യേഷ്ഠപർവ്വതത്തെ ഭജിച്ചവൻ വാജപേയഫലവും നേടി ദ്യാനവലോകത്തിൽ സുഖിക്കും. പിന്നെ, അപ്സരസ്ത്രീകൾ മുഴുന്ന കാവേരിയിൽ ചെന്ന കളിക്കുക;

Digitized By Kerala Sahitya Akademi

ആയിരം പശുക്കളുടെ ദാനമായി! അവിടെ കന്യാതീർത്ഥസ്നാനം സർവ്വപാപങ്ങളേയും സംഹരിയ്ക്കും. അവിടെനിന്നു സമുദ്രമധ്യത്തിൽ സ്ഥിതി ചെയ്യുന്ന സപ്തർഷിമാരായ ഗോകർണ്ണത്തു പോകണം: അവിടെ ബ്രഹ്മാദിദേവകളും മഹർഷിമാരും ത്രിനേത്രനായ ശിവനും നാഗകിന്നരസിദ്ധചാരണഗന്ധർവ്വരും മനുഷ്യരും നദീസമുദ്രപർവ്വതങ്ങളും ഉമാകാന്തനെ ഉപാസിച്ചുപോരുന്നു. അവിടെ പുരാരിയെ പൂജിച്ചു മൂന്നാം ഉപവസിച്ചവൻ പത്തശ്വമേധത്തിന്റെ ഫലവും, പാർഷ്ണിഗ്രഹകത്വവും നേടും; പന്തിരണ്ടാമാം പാത്രാൽ കൃതാർത്ഥനായി! അവിടെ ഗായത്രീസ്ഥാനത്തു മൂന്നു രാവുപവസിയ്ക്കുന്നതു് ആയിരം പശുക്കളുടെ ദാനത്തിനു തുല്യമാണ്. അവിടെവെച്ചു പതിവായി ഗായത്രി ചൊല്ലുന്ന ബ്രാഹ്മണനു സംഗീതവും വാഗ്വിലാസവും സിദ്ധിയ്ക്കും. സംവർത്തബ്രഹ്മർഷിയുടെ തീർത്ഥത്തിൽ സ്നാനം ചെയ്യുവൻ സുരൂപനും സുഗേന്ദ്രമായിത്തീരും.

പിന്നെ വൽഗ്നോദ്യമനത്തു പിതൃദേവതർപ്പണം കഴിച്ചവൻ മയിലഭയന്നങ്ങളെ പൂട്ടിയ വിമാനത്തിൽ കേറും. ഗോദാവരീസ്നാനൻ രാജസൂയഫലം നേടി, വായുലോകമടയും. വേണ്വാസംഗമസ്നാനം വാജപേയഫലത്തേയും, വരദാസംഗമസ്നാനം ഗോസഹസ്രദാനഫലത്തേയും കൈവരുത്തുന്നു. ബ്രഹ്മസ്ഥാണയിൽ മൂന്നാം പാത്രവൻ ആയിരം പശുക്കളുടെ ദാനത്തിന്റെ ഫലം നേടി സത്യത്തിൽചെന്നുചേരും. കല്പജീവനത്തിൽ മൂന്നാം വസിച്ചാൽ ആയിരം പശുക്കളുടെ ദാനമായി! പിന്നീടു കൃഷ്ണവേണ്വിയിലെ ദേവഹ്രദത്തിലും ജാതിമാതൃഹ്രദത്തിലും, കന്യാശ്രമത്തിലും സ്നാനംചെയ്യണം: അവിടെയെല്ലാം ദേവേന്ദ്രൻ നൂറു യാഗം ചെയ്തിട്ടുണ്ടു്; അവിടെ പോയാൽത്തന്നെ അഗ്നിഷ്ടോമഫലം കിട്ടും. ദേവഹ്രദസ്നാനം ഗോസഹസ്രദാനത്തിനൊക്കും. ജാതിമാതൃഹ്രദത്തിൽ കളിച്ചാൽ ജാതിസ്മരണയുണ്ടാകും. അതിനുശേഷം പയോഷ്ണീമഹാനദിയിൽ പിതൃദേവതർപ്പണം കഴിക്കുക; ഫലം ആയിരം പശുക്കളുടെ ദാനത്തിനേറെയാണു്. ദണ്ഡകാരണ്യം, ശരഭംഗാശ്രമം, സുകാശ്രമം എന്നിവ ഉർദ്ധ്വഗതിയെ തടുക്കും; വംശവൃദ്ധിയെ വരുത്തും.

അവിടെനിന്നു സൂര്യാ (സൂർപ്പാ) രകത്തിൽ പോയി ജാമദഗ്ന്യതീർത്ഥത്തിൽ കളിക്കുക; ഫലം ചക്രവർത്തിപദത്തിനേറെയാണു്. സപ്തഗോദാവരസ്നാനം സപ്തർഷിവാസത്തെ നൽകും. ദേവപഥത്തിൽ

Digitized By Kerala Sahitya Akademi

ചെന്നാൽ ദേവസത്രം ചെയ്യുകഴിഞ്ഞു! പിന്നെ തുംഗകാരണ്യത്തിൽ പോകണം; അവിടെവച്ചു പണ്ടു, സാരസ്വതനായ അംഗിരസ്സുനയൻ മഹർഷിമാരുടെ ഉത്തരീയങ്ങളിൽ ഇരുന്നു, അവക്കു മറന്നുപോയ വേദംചൊല്ലിക്കൊടുക്കകയുണ്ടായി. ഓംകാരം ശരിയായി ഉച്ചരിച്ചതോടുകൂടി, കാരോത്തരന്നം മുൻ അഭ്യസിച്ചതൊക്കെ കാമ്മയിൽവന്നു. അപ്പോൾ ബ്രഹ്മവിഷ്ണു മഹേശ്വരന്മാരും ദേവകളും വരുണാഗ്നികളും മഹർഷിമാരും തേജസ്വിയായ ഭൃഗുവിനെ യാജനത്തിന്നു നിയോഗിച്ചു. അദ്ദേഹം ഉടനെ മഹർഷിമാർക്കൊക്കെ വേദോക്തപ്രകാരം പുനരാധാനം നടത്തി. ദേവകൾ ഹവിർഭാഗം ഭുജിച്ചു സംതൃപ്തരായി സ്വർഗ്ഗത്തിലേയ്ക്കും, മഹർഷിമാർ സ്വസ്ഥാനങ്ങളിലേയ്ക്കും തിരിച്ചു. ആ തുംഗകാരണ്യത്തിൽ ചെന്നാൽത്തന്നെ പാപശാന്തി വരും; അവിടെ ഒരുമാസം വസിച്ചാലോ ബ്രഹ്മലോകം കൂടും; വംശവും ശുദ്ധിപ്പെടും. മേധാവനത്തിൽച്ചെന്നു പിതൃദേവതർപ്പണം കഴിച്ചവന്നു് അഗ്നിഷ്ടോമഫലം കിട്ടും; മേധയും സ്മൃതിയും ഉണ്ടാകയും ചെയ്യും. പിന്നെ കാലംജരഗിരിയിൽ ചെന്നു് ആത്മസിദ്ധി വരുത്തണം; എന്നാൽ തീർച്ചയായും സ്വർഗ്ഗത്തിൽ പൂജിക്കപ്പെടും. അവിടെനിന്നു പിതൃകൂടത്തിൽ പോയി മന്ദാകിനീനദിയിൽ കളിച്ചു പിതൃദേവകളെ തർപ്പിച്ചാൽ അശ്വമേധഫലവും അത്യുൽകൃഷ്ടസിദ്ധിയും ലഭിയ്ക്കും.

പിന്നീടു, മഹാസേനൻ വാണരുളുന്ന ഭദ്രസ്ഥാനത്തുപോകണം; അവിടെ ചെന്നാൽത്തന്നെ സിദ്ധിയായി! കോടിതീർത്ഥസ്നാനം ആയിരം പ്രാവശ്യാനത്തിനൊക്കും. പിന്നെ വലംവെച്ചു ശിവസ്ഥാനത്തുപോയി മഹാദേവനെ തൊഴുതവൻ ചന്ദ്രനെപ്പോലെ കാന്തിമാനാകും. അവിടെ ചതുസ്സമുദ്രാധിഷ്ഠിതമായ കൂപത്തിൽ കളിച്ചവൻ പരിശുദ്ധനായി പരമഗതിയടയും. കുരുശ്രേഷ്ഠ! പിന്നെ ശൃംഗിവേരപുരം പ്രാപിക്കണം: അവിടെ, ശ്രീരാമൻ കടന്നേടത്തു ഗംഗയിൽ സ്നാനം ചെയ്താൽ പാപം നീങ്ങി വാജപേയ ഫലം ലഭിയ്ക്കും. അനന്തരം, ശിവന്റെ ഇരിപ്പിടമായ മുഞ്ജവടത്തിൽ ചെന്നു മഹാദേവനെ തൊഴുതു പൂജിച്ചു പ്രദക്ഷിണം വെയ്ക്കണം; ഗണനായകത്വം കൈവരും.

അവിടെനിന്നു പ്രയാഗത്തിൽ പോകണം: ബ്രഹ്മാദിദേവകളും, ദിക്പാലരും, ദിക്കുകളും, സനൽകുമാരാദിമഹർഷിമാരും, സിദ്ധാഗ്

Digitized By Kerala Sahitya Akademi

ന്ധവും, പിതൃക്കളും, നാഗസുവർണ്ണരും, സർവ്വസമൃദ്ധങ്ങളും, അപ്സരസ്ത്രീകളും, വിഷ്ണുഗോവാസവും, പ്രജാപതികളും അവിടെ നിവസിക്കുന്നു. അവിടെ മൂന്നഗ്നികുണ്ഡങ്ങളുണ്ട്. സർവ്വതീർത്ഥമയമായ ഗംഗ അവയുടെ ഇടയിലൂടെ ഒഴുകി, തപനാത്മജയായ യമുനാനദിയോടു ചേരുന്നു. ഗംഗായമുനകളുടെ മദ്ധ്യം ഭൂമിയുടെ ജഘനവും, പ്രയാഗം ജഘനാന്തവുമത്രേ. പ്രയാഗം, പ്രതിഷ്ഠാനം, കംബലാശ്വതരതീർത്ഥങ്ങൾ, ഭോഗവതി എന്നിവ പിതാമഹന്റെ വേദിയാകുന്നു. അവിടെ മുഖ്യമുനിക്കളായ വേദങ്ങളും യജ്ഞങ്ങളും നിഷ്കന്മഷരായ മഹർഷിമാരും പിതാമഹനെ ഉപാസിക്കുന്നു; രാജാക്കന്മാർ ദേവകർമ്മങ്ങൾക്കായി യജ്ഞങ്ങളും അനുഷ്ഠിക്കുന്നു. പ്രയാഗത്തേക്കാൾ പുണ്യമായി മൂന്നുലോകത്തിലും ഒന്നില്ല. അത് എല്ലാ തീർത്ഥങ്ങളിലും വെച്ചു മഹിമയേറിയതാണ്. ആ തീർത്ഥത്തിന്റെ പേർ ചൊല്ലുകയൊ, സ്മരിയ്ക്കുകയൊ, നമസ്കരിയ്ക്കുകയൊ ചെയ്താൽത്തന്നെ സർവ്വപാപശാന്തിവരും. അതിൽ സ്നാനംചെയ്യുന്നവന്നു രാജസൂയാശ്വമേധാധികമായ പുണ്യം കിട്ടും. അവിടെവെച്ചു് അല്പം വല്ലതും ദാനം ചെയ്താൽ, അതു മഹത്തായിരിക്കും. ലോകവാക്കാലാകട്ടെ, ദേവകർമ്മം തന്നെ പറഞ്ഞാലാകട്ടെ, അങ്ങയുടെ പ്രയാഗഗമനത്തിൽ നിന്നു മനസ്സു പിൻവാങ്ങരുതു്! അവിടുത്തെകോടിപതിനായിരം തീർത്ഥങ്ങളുടെ സാന്നിധ്യമുണ്ടവിടെ. നാലുവിധ്യകർമ്മം അനുസരിയ്ക്കുക, സത്യം മാത്രം പറയുക എന്നിവയുടെ പുണ്യം ഗംഗായമുനാസംഗമസ്നാനമാത്രത്താൽ സിദ്ധിയ്ക്കും. ഭോഗവതി എന്ന വാസുകിതീർത്ഥത്തിൽ സ്നാനം ചെയ്താൽ അശ്വമേധമായി! അവിടെയുള്ള ഹംസപ്രപതന തീർത്ഥവും, ദശാശ്വമേധികവും ത്രൈലോക്യവിശ്രുതമാകുന്നു.

ഗംഗ എവിടെയായാലും കുരുക്ഷേത്രത്തിനൊക്കും; കനഖലത്തിൽ മെച്ചം കുട്ടം; പ്രയാഗത്തിലൊ, സർവ്വോപരി. നൂറുപാപം ചെയ്തവനും ഗംഗയിൽ ഒന്നുമുങ്ങിയാൽ, അതു പാപത്തെയൊക്കെ ഗംഗാജലം, വിറകിനെ അഗ്നി എന്നപോലെ ചുട്ടെരിച്ചുകളയും. കൃതയുഗത്തിൽ എല്ലാതീർത്ഥവും പുണ്യമാണ്; ത്രേതയിൽ പുഷ്കരം; ദ്വാപരത്തിൽ കുരുക്ഷേത്രം; കലിയുഗത്തിൽ ഗംഗ. പുഷ്കരത്തിൽ തപസ്സും, മഹാലയത്തിൽ ദാനവും, മലയത്തിൽ അഗ്നിപ്രവേശവും, ഭൃഗുതുംഗത്തിൽ ഉപവാസവുമത്രേ. മുഖ്യം പുഷ്കരം,

Digitized By Kerala Sahitya Akademi

കുരുക്ഷേത്രം, ഗംഗാദ്വാരമധ്യമസ്ഥലങ്ങൾ എന്നിവ മേലും കീഴും ഏഴേഴു തലമുറയ്ക്കു സൽഗതി നൽകുന്നു. ഗംഗയുടെ പേർ പറഞ്ഞാൽ പാപം തീരും; കണ്ടാൽ നന്മവരും; സ്നാനവും പാനവും ചെയ്താൽ ഏഴുതലമുറവരെ ശുദ്ധിയുണ്ടാകും. കരാളന്റെ അസ്ഥി ഗംഗയിൽ കിടപ്പുള്ളേടത്തോളം കാലം, അവൻ സ്വർഗ്ഗത്തിൽ കൊണ്ടാടപ്പെടും. ഗംഗയ്ക്കൊത്ത ഒരു തീർത്ഥവും, വിഷ്ണുവിനെക്കാൾ ശ്രേഷ്ഠനായ ഒരു ദേവനും, ബ്രാഹ്മണനേക്കാൾ മീതെ ഒരു മനുഷ്യനും ഇല്ലെന്നു പിതാമഹൻ പറഞ്ഞിരിയ്ക്കുന്നു. മഹാരാജാവേ, ഗംഗ എവിടെയുണ്ടോ അവിടം ഒരു തപോവനം തന്നെയാണ്. ബ്രാഹ്മണരുടേയും സജ്ജനങ്ങളുടേയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ഈ വാസ്തവം കേതനായ ശിഷ്യനു ചെവിയിൽ മന്ത്രിച്ചുകൊടുക്കണം!

(ശ്ലോകങ്ങൾ)

തീർത്ഥകീർത്തനമിതേറ്റ പാപവും തീർത്തു വിണ്ണരുളുവൊന്നു, പാവനം,
മേധ്യരമ്യമൃഷിഗുഹ്യമുത്തമം, പഠത്തിവേന്ദ്ര, പരിപന്ഥിനാശനം.

ചൊല്ലും ദ്വിജൻ നിഗമപാരഗനാകു, മണ്ണി-
യില്ലാത്തവൻ സസുതനാം, ധനിയാം മിത്രൻ;
വെല്ലും നൃപൻ മഹിയെ; വൈശ്യനു ലാഭമേറും;
കില്ലില്ല, ശൂദ്രനഖിലാഭിമതാപ്തിയുണ്ടാം.
വളരെ പ്രാഗ്ജന്മ സ്മൃതിയുളവാമിതീർത്ഥപുണ്യകഥകേട്ടാൽ;
ഉർവ്വിമതീർത്ഥമുണ്ടിതിലുറക്കാമ്പാലേ ഗമിയ്ക്കുകതിരിലെല്ലാം.
മത്തടശപിമഹർഷി സായ്യനി-
ജ്ജന്മ വസപാടികം പുണ്യവാഞ്ഛയാൽ
ഒന്നുപോലെയുപാശ്രുതിയ്ക്കുമീ
വരതീർത്ഥങ്ങൾ ജയിയ്ക്കുകങ്ങമേ!

ത്യാഗ്ജന്മ സംസ്കാരം, ആസ്തിക്യം, ശാസ്ത്രജ്ഞാനം എന്നിവയാൽ നന്മകാണുന്ന സജ്ജനങ്ങൾക്കേ തീർത്ഥസ്നാനത്തിന്റെ സംഗതിവരികയുള്ളൂ; അവ്രതനോ, അകൃതാത്മാവിനോ, അശുദ്ധനോ, ക്രൂരനോ, കളിലനോ തീർത്ഥസ്നാനം സാധ്യമാകയില്ല. അങ്ങനെയുള്ള, എപ്പോഴും ധർമ്മമാർഗ്ഗങ്ങളിൽ തുടിയ്ക്കുന്ന സദ്വൃത്തനും, പിതൃദേവർഷികളെയെല്ലാം തൃപ്തിപ്പെടുത്തിയവനുമാണല്ലൊ.

Digitized By Kerala Sahitya Akademi

ഇങ്ങിനെ, ഭഗവാൻ വസിഷ്ഠമഹർഷി ദിലീപന്നു തീർത്ഥമാഹാത്മ്യം ഉപദേശിച്ചു വിട നൽകി, അവിടെത്തന്നെ മറഞ്ഞു. ദിലീപൻ വസിഷ്ഠവചനത്താലും ശാസ്ത്രജ്ഞാനത്താലും ശ്രീപ്രദക്ഷിണത്തിന്നുരുമ്പെടുകയും ചെയ്തു. ആ മഹാപുണ്യമായ തീർത്ഥയാത്ര പ്രതിഷ്ഠാനത്തിലാണ് അവസാനിച്ചതു്. ഇതേവിധത്തിൽ ശ്രീപ്രദക്ഷിണം ചെയ്യുന്നവന്നു പരലോകത്തിൽ നൂറശ്വമേധത്തിന്റെ പുണ്ണ്യഫലം അനുഭവപ്പെടും. പാണ്ഡവ, അങ്ങയ്ക്കുകൂടി, പണ്ടു ദിലീപന്നെന്നപോലെ, അതിന്റെ എട്ടിരട്ടി ധർമ്മം കൈവരും. അങ്ങ് ഈ മഹർഷിമാരേയും കൊണ്ടുപോകുമല്ലോ; അതിനാലതേ എട്ടിരട്ടിഫലം. ഈ തീർത്ഥങ്ങളൊക്കെ രാക്ഷസർ ചുഴന്നവയാകുന്നു; അങ്ങയ്ക്കല്ലാതെ മറാക്കും ചെല്ലാൻവയ്യ. വാത്മീകി, കശ്യപൻ ആത്രേയൻ, കൌണ്ഡിന്യൻ, വിശ്വാമിത്രൻ, ഗൌതമൻ, അസിതൻ, ദേവലൻ, മാർക്കണ്ഡേയൻ, ഗാലവൻ, ഭരദ്വാജശിഷ്യൻ, ഉദ്ദാലകൻ, സപുത്രനായ ശൌനകൻ, വ്യാസൻ, ഉവ്വാസുവു്, ജാബാലി എന്നീ മഹർഷിമാരെല്ലാം അങ്ങയ്ക്കു വേഴ്ചപ്പെട്ടവരാണല്ലൊ; ഇവരോടുകൂടി മേവൻ തീർത്ഥയാത്ര ചെയ്തുകൊൾക. അങ്ങയ്ക്കു മഹാദിഷ്ടമന്നവനെന്നപോലെ മഹത്തായ കീർത്തിയുണ്ടായിവരും. യയാതി, പുരുരവസ്സു്, ഭഗീരഥൻ, ശ്രീരാമൻ എന്നിവരെപ്പോലെ മേവൻ സ്വധർമ്മംകൊണ്ടു ശോഭിയ്ക്കുന്നു. എപ്രകാരം പണ്ടു വൃത്രാന്തകൻ ശത്രുക്കളെയെല്ലാം ജയിച്ചു ദേവരാജപട്ടംകെട്ടി ത്രൈലോക്യം പാലിച്ചുവോ; അപ്രകാരം അങ്ങുന്നു വൈരികളെ മുടിച്ചു സ്വധർമ്മാർജ്ജിതമായ രാജ്യത്തെ രക്ഷിക്കുകയും വീര്യത്താൽ കാർത്തവീര്യാർജ്ജുനനെപ്പോലെ കീർത്തിമാനാകയും ചെയ്യും!

സൂതൻ:— ഇപ്രകാരം പറഞ്ഞിട്ടു ഭഗവാൻ നാരദമഹർഷി യുധിഷ്ഠിരനോടു വിടവാങ്ങി മറഞ്ഞു. സുവ്രതനായ യുധിഷ്ഠിരൻ അപ്രകാരം ഋഷിമാരൊന്നിച്ചു തീർത്ഥങ്ങളിലെല്ലാം സഞ്ചരിയ്ക്കുകയുമുണ്ടായി. മഹർഷിമാരേ, ഈ തീർത്ഥയാത്രാചരിതം വായിക്കുകയൊ, കേൾക്കുകയൊ ചെയ്താൽ സർവ്വപാപങ്ങളും വിട്ടൊഴിയും. ഇനിയെന്താണു നിങ്ങൾക്കു കേൾക്കേണ്ടതു്? പുണ്യശ്ലോകന്മാരായ മുനികളോടു പറഞ്ഞുകൂടാത്തതായി എനിയ്ക്കൊന്നുമില്ല.

ശ്രീപരമമഹാപുരാണം, ആദിഖണ്ഡം, നാരദയുധിഷ്ഠിരസംവാദം,
പുണ്യാശ്രമമാഹാത്മ്യകഥനം മുപ്പത്തൊമ്പതാമദ്ധ്യായം

———(o)———

Digitized By Kerala Sahitya Akademi

നാൽപ്പതാമദ്ധ്യായം

സൂതൻ:—ഇപ്പറഞ്ഞ തീർത്ഥങ്ങളെല്ലാം വിഷ്ണുവിന്റെ ശരീരങ്ങളാണ്. ഇവയിൽ ഏതെങ്കിലും കണ്ണിനെ ഭജിച്ചാൽ മനുഷ്യൻ മുക്തനാകും. തീർത്ഥങ്ങളെ കേൾക്കുകയും സേവിക്കുകയും നല്ലതാകുന്നു. പാപശാന്തിയുടെ കലിയുഗത്തിൽ വേറെ ഉപായമില്ല. 'ഞാൻ തീർത്ഥത്തിൽ വസിക്കും. ഞാൻ തീർത്ഥത്തെ സ്പർശിക്കും' എന്നിങ്ങിനെ നാംതോറും പറഞ്ഞാൽത്തന്നെ പരമപദം പൂകാം. തീർത്ഥം സേവിച്ചാൽ വിഷ്ണുസേവയായി! ബ്രാഹ്മണനേയും, വിഷ്ണുവിനേയും, തുളസി, അരയാൽ, തീർത്ഥം എന്നിവയേയും മനുഷ്യർ പതിവായി സേവിക്കണം. വിശേഷിച്ചും ബ്രാഹ്മണസേവനം സർവതീർത്ഥസ്നാനത്തേക്കാൾ മീതെയത്രേ. അരയാൽ, തുളസി എന്നിവയേയും പശുവിനേയും സൂര്യനേയും വലത്തുവെച്ചാൽ സർവതീർത്ഥഫലം നേടി, വിഷ്ണുലോകത്തിൽ രമിയ്ക്കാം. തീർത്ഥസേവനം കൊണ്ടു ദുഷ്കർമ്മങ്ങളെ നശിപ്പിക്കാഞ്ഞാൽ നരകത്തിൽ വീണുപോകും: കർമ്മം അനുഭവിച്ചേ കടങ്ങുകയുള്ളുവല്ലോ. പാപി നരകത്തിൽ പതിക്കും; സുകൃതി സ്വർഗ്ഗത്തിൽ സുഖിയ്ക്കും. അതിനാൽ അഭിജ്ഞൻ തീർത്ഥമാടി പുണ്യം നേടണം."

ഋഷിമാർ:—"സൂത, പ്രയാഗത്തിന്റെ മാഹാത്മ്യം പുരുകുത്തിലെ പറഞ്ഞുള്ളുവല്ലൊ; വിസ്തരിച്ചുകേട്ടാൽക്കൊള്ളാമെന്നുണ്ട്."

സൂതൻ:—"കൊള്ളാം! പ്രയാഗമാഹാത്മ്യം പണ്ടു പാണ്ഡവനോട് മാർക്കണ്ഡേയൻ വർണ്ണിയ്ക്കുകയുണ്ടായി; അതുഞാൻ പറയാം:

ഭാരതയുദ്ധം കഴിഞ്ഞു നാട്ടവാണിരുന്ന യുധിഷ്ഠിരൻ ഭ്രാതൃദുഃഖത്താൽ മനസ്സുരുകി, പലപ്പോഴും ഇങ്ങിനെ വിചാരപ്പെട്ടു:—

(കർണ്ണപ്രതിജ്ഞ)

'ഖേദം, കഷ്ടം, മഹിഷീസഹിതപതിനൊന്നിൽ
പതിയായിരുന്ന സുയോധനനല്ലോ;
അവരെല്ലാവരുമവനുവേണ്ടിത്താ-
നടരിലില്ലലാണ്ടുരുതിപ്പെട്ടുപോയ്!

Digitized By Kerala Sahitya Akademi

ഉവനനാഥനാം ഹരി യുണ്ണയ്ക്കയാ-
ലവശേഷിച്ചിതു പൃഥാസുതരെവർ;
പിതാമഹൻ, ദ്രോണൻ, പൃഥുബലൻ കർണ്ണൻ,
സുതാനുജസമനിതൻ സുയോധനൻ
ഇവരെയും കൊലപ്പെടുത്തിയല്ലോഞാ-
നവനീശന്മാരും ഹതരായിമാറും!
അവരെന്നോ നാടെന്തിനു? സുഖമെന്തി-
ന്നി?വനയിരമെന്തിനു? മഹാപാപം!!'
മനംമങ്ങി മുഖംകുനിഞ്ഞുമന്നവ-
നനക്കവുമില്ലാതിരുന്നതെല്ലിട;
പുനരർവാങ്നിനയ്യയെ 'ന്തി-
ങ്ങനഷ്ഠേയം മഹാദുരിതശാന്തിക്കായ്?
വ്രതം ചരിക്കയൊ? മുഴുകിയാൽവിഷ്ണു-
പദംകിട്ടും തീർത്ഥങ്ങളെബ്ഭജിക്കയോ?
ഇതു ഹരിയോടങ്ങിനെ ചോദിക്കും ഞാ-
ന'തൊക്കെച്ചെയ്യിച്ചതവിടുന്നല്ലയോ?
ധൃതരാഷ്ട്രരോടെങ്ങിനെ ചോദിക്കാം? തൽ
സുതർ നൂറുപേരും ഹതരായ് പ്പോയല്ലോ!
പരാശരസുതനൊട്ടു ചോദിക്കയോ
ചിരാലവിട്ടതെക്കേലം മുടിച്ചഞാൻ!!'

ഇങ്ങിനെ ധർമ്മപുത്രൻ വന്ധിച്ച വൈവശ്യത്തിൽ പതിച്ചു പോയി. ജ്യേഷ്ഠന്റെ ദുഃഖംകണ്ടു അപ്രകാരം തന്നെ പാണ്ഡവന്മാരെല്ലാം കണ്ണീർ വാർത്തു പാണ്ഡവസേവനത്തിന്നായി അവിടെ വന്നു ചേർന്നിരുന്ന മാന്യന്മാരും, കുന്തി പാഞ്ചാലി എന്നിവരും കരഞ്ഞുകൊണ്ടു നിലത്തുരുളുകയായി.

യുധിഷ്ഠിരന്റെ ഈ ദുസ്സഹമായ സംകടം കാശിയിൽ വസിച്ചിരുന്ന മാർക്കണ്ഡേയനും അസ്സിലായി. ആ മഹർഷി ഉടൻ താമസിയാതെ ഹസ്തിനപുരത്തിൽ വന്നെത്തി ഗോപുരദ്വാരത്തിൽ നിന്നു. ഭീമസേനൻ വേഗത്തിൽ തന്മുരാന്നോടു ചെന്നറിയിച്ചു:— 'തിരുമേനിയെ കാണ്മാനായി മാർക്കണ്ഡേയമഹർഷി, ഇതാ, ഗോപുരദ്വാരത്തിൽ എഴുന്നെള്ളിനിൽക്കുന്നു.' ധർമ്മപുത്രൻ ബദ്ധപ്പെട്ടു ഗോപുരത്തിലെത്തി സവിനയം ഉപചരിച്ചു:— 'മഹാപ്രാജ്ഞനായ മഹർഷേ,

Digitized By Kerala Sahitya Akademi

അങ്ങയുടെ സമാഗമം! അങ്ങയെ കണ്ടതിനാൽ, ഇന്ന് എന്റെ ജന്മം സഫലമായി; വംശം വിശുദ്ധമായി; പിതൃക്കൾ തൃപ്തരുമായി!'

മഹാത്മാവായ യുധിഷ്ഠിരൻ മഹർഷിയെ കാൽകഴിയുകയും മറ്റും ചെയ്ത സിംഹാസനത്തിലിരുത്തി പൂജിച്ചു. അനന്തരം മാർക്കണ്ഡേയൻ ചോദിച്ചു:— 'എന്താണങ്ങയുടെ കരുവല്ലായ്മ? എന്നെ ബുദ്ധിപ്പെടുത്തിയതെന്തിനാണ്? പറകതന്നെ.'

യുധിഷ്ഠിരൻ:— 'മഹർഷേ, ഞങ്ങടം രാജ്യത്തിന്നു വേണ്ടി ചെയ്തതൊക്കെ ഇവിടുന്നറിഞ്ഞിട്ടില്ലയോ?'

മാർക്കണ്ഡേയൻ:— 'മഹാരാജ, ധർമ്മമേ നിങ്ങടം ചെയ്തിട്ടുള്ളു: യുദ്ധത്തിൽ പൊരുതുന്നതു പാപമല്ല; വിശേഷിച്ചും, രാജധർമ്മസ്ഥനായ ക്ഷത്രിയന്ന് ഇതു മനസ്സിൽവെച്ചു പാപം ശങ്കിക്കാതിരിയ്ക്കുക.'

യുധിഷ്ഠിരൻ വണങ്ങിച്ചോദിച്ചു:—'മുനിശ്രേഷ്ഠ, തികഞ്ഞദർശിയായ അവിനോട് ഞാൻ ഒന്നു ചോദിക്കുന്നു: എങ്ങിനെയായാലാണ് എനിയ്ക്കു പാപം നിങ്ങുക?'

മാർക്കണ്ഡേയൻ:— 'ഭാരത, പല പുണ്യങ്ങടം ബ്രാഹ്മണരാൽ കീർത്തിക്കപ്പെട്ടിട്ടുണ്ട്; എന്നാൽ പ്രയാഗഗമനമാണ് പുണ്യകർമ്മങ്ങളിൽവെച്ചു ശ്രേഷ്ഠം.'

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദം, പ്രയാഗമാഹാത്മ്യവിസ്താരരൂപം നാല്പതാമദ്ധ്യായം.

നാൽപ്പത്തൊന്നാമദ്ധ്യായം

യുധിഷ്ഠിരൻ:—'എങ്ങിനെയാണ് പ്രയാഗഗമനം? പ്രയാഗത്തിൽവെച്ചു മരിച്ചവക്ക് എന്തു ഗതികിട്ടും? അതിൽ സ്നാനത്തിന്റെ ഫലം എന്ത്? അവിടെ വസിക്കുന്നവക്കുള്ള ഫലം എന്ത്? ഇതൊക്കെ പറഞ്ഞുതരിക. എനിക്കു വളരെ കുതൂഹലം തോന്നുന്നു.'

Digitized By Kerala Sahitya Akademi

മാർക്കണ്ഡേയൻ:—'പണ്ട് ബ്രഹ്മസഭയിൽവെച്ചു പറഞ്ഞു കേട്ടിട്ടുള്ളതു് ഞാൻ പറയാം; കേട്ടുകൊൾകയുമാകുക:

പ്രജാപതിക്ഷേത്രമായ പ്രയാഗത്തിൽ സ്നാനം ചെയ്തവർ സ്വർഗ്ഗം പൂകും; അവിടെവെച്ചു മരിച്ചവർക്കു പുനർജ്ജന്മമില്ല. അവിടെ ബ്രഹ്മാദിദേവകൾ ഒത്തൊരുമിച്ചു കാവൽ നിൽക്കുന്നു. വേറെയും പാപനാശനങ്ങളായ തീർത്ഥങ്ങൾ വളരെയുണ്ട്; അവ അനേകം നൂറാണ്ടുകൊണ്ടും പറഞ്ഞുതീർക്കാവുന്നവയല്ല. പ്രയാഗമാഹാത്മ്യം മുമ്പേത്തിൽ പറയാം: അവിടുത്തിനായിരം വില്ലാളികൾ ഗംഗയെ രക്ഷിച്ചുപോരുന്നു. യമുനയെ സപ്താർച്ചിനായ സവിതാവു താൻതന്നെ കാത്തു രക്ഷിയ്ക്കുന്നു. പ്രയാഗത്തെയാകട്ടെ വിശേഷിച്ചും വിഷ്ണുവർകോൻ രക്ഷിച്ചുപോരുന്നു. മണ്ഡലത്തെ വിഷ്ണുവും, പേരാലിനെ സ്ഥൂലപാണിയായ മഹേശ്വരനും കാത്തുകൊള്ളുന്നു. അധർമ്മികൾ ആ സ്ഥലത്തു ചെല്ലുകയില്ല.

അല്പമോ അത്യല്പമോ ആയ പാപം മുഴുവൻ പ്രയാഗസ്മരണത്താൽത്തന്നെ നശിച്ചുപോകും. ആ തീർത്ഥം കാണുകയോ കീർത്തിക്കുകയോ അതിലെ മണ്ണു മേൽത്തേയ്ക്കുകയോ ചെയ്താൽ പാപമുക്തിവരും. അഞ്ചു കുണ്ഡങ്ങളുടെ ഇടയിൽ ഗംഗയൊഴുകുന്നതായ പ്രയാഗത്തിൽ ചെന്ന മാത്രയിൽത്തന്നെ പാപം വിട്ടൊഴിയും. അനേകായിരം യോജന ദൂരത്തിരുന്നു ഗംഗയെ സ്മരിച്ചാൽ പാപിക്കും പരഗതി ലഭിക്കും. ഗംഗായമുനാമദ്ധ്യത്തിൽ സ്നാനം ചെയ്തവൻ മുക്തികിലുംബിക്കുന്നായി സകലാഭീഷ്ടങ്ങളേയും നേടും. പ്രയാഗത്തിൽ ഒരുമാസം ബ്രഹ്മചാരിയായി വസിച്ചു പിതൃദേവതർപ്പണം കഴിക്കണം; എന്നാൽ, എവിടെ ജനിച്ചാലും അഭിലാഷസിദ്ധിവരും. രാജേന്ദ്ര, ദേവദാനവഗന്ധർവ്വസിദ്ധചാരണരും മഹർഷിമാരും പ്രയാഗസ്നാനത്താൽ ത്രൈലോക്യസുഖമാംവണ്ണം സ്വർഗ്ഗമണഞ്ഞതു".

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരൻ-മാർക്കണ്ഡേയസംവാദം,
പ്രയാഗമഹിമാനുകീർത്തനം നാല്പത്തൊന്പതാമദ്ധ്യായം.

———(o)———

Digitized By Kerala Sahitya Akademi

നാൽപ്പത്തിരണ്ടാമദ്ധ്യായം

മാർക്കണ്ഡേയൻ: — രോഗികളും, ദരിദ്രർ, പാപചേഷ്ടിതർ എന്നിവർക്ക് പ്രായശ്ചിത്തമല്ലാതെ മറ്റൊരു ശാന്തിസ്ഥാനമില്ല. മഹർഷിമാർ പാടിവരുന്നുണ്ട്:—

(കിളിപ്പാട്ട്)

'ഗംഗാകളിന്ദജാസംഗമസ്ഥാനത്തു
ളംഗരോഗാർത്തനാൽ മരണമടഞ്ഞവൻ
ചെങ്കതിരോനെ സമാനമായ് മിന്നുന്ന
തങ്കവിമാനത്തിലേറി യഥേഷ്ടിതം
അത്ഭുതദിവ്യസമൃദ്ധിയായ് സ്വർഗ്ഗത്തി-
ലാപ്തസരോഗന്ധർവ്വർ മുഴങ്ങിച്ചിട്ടും.
അങ്ങവൻ പാടുകയുല്പണരുന്നതൊ,
മംഗളഗീതവാദ്യാരവത്താലെയാം!
പിന്നെയുണ്ടാനിക്കേണമെന്നതോന്നും വരെ-
യന്യനാമാനരൻ വിണ്ണിങ്കൽവാഴുമേ.
വിണ്ണുവിട്ടാലൊ, സുവർണ്ണരത്നാഢ്യമാം
പുണ്യവംശത്തിൽപ്പിറന്നിട്ടു വീണ്ടുമേ
ശ്രീമൽപ്രയാഗതീർത്ഥത്തെസ്മരിച്ചീടു-
മാമട്ടതിനെപ്പ് ളജിക്കയുംചെയ്യിടും!!
കാട്ടിലൊ നാട്ടിലൊ വീട്ടിലൊ വെച്ചുതി-
ക്രേഷ്ടമീത്തീർത്ഥം സ്മരിച്ചുമരിപ്പോനും,
കാമിതംകായ്കും മരങ്ങളും കാഞ്ചന-
ഭൂമിയുംചേർന്ന വിരിഞ്ചലോകത്തുപോയ്
സുന്ദരീപൂരംപുഴുന്നേമിക്കയാം
മന്ദാകിനീമണ്ഡിതീരസ്ഥലങ്ങളിൽ;
അന്യോന്യനെട്ടിവിലൊണ്ടാടുമപ്സരം
സിദ്ധഗന്ധർവ്വരും ചാരണർഷീന്ദ്രരും
നാകച്യുതിയിലൊ, ജംബുമഹാദ്വീപി-
നേകാധിനാഥനായ് ത്തീർന്നവൻപിന്നെയും

Digitized By Kerala Sahitya Akademi

ശ്രുതകർമ്മങ്ങളെച്ചെയ്യുചെയ്തുഴിയിൽ
വിത്തവനായ് ഗുണവാനായ് പിറന്നിട്ടും!
നൂനമൊരാൾപിതൃദേവപൂജാദിയിൽ-
ട്ടാനംപ്രയാഗത്തിൽവെച്ചുചെയ്യുംവിധൌ,
കർമ്മണാ വാചാ മനസാ സപയം സത്യ-
ധർമ്മസ്ഥനാം ദ്വിജനായതു വാങ്ങൊലാ
മേടിക്കിലത്തീർത്ഥഫലം തീരുന്നനാൾവരെ.
ക്ഷേത്രതീർത്ഥങ്ങളിൽദ്ദാനങ്ങൾവാങ്ങാതെ
പേർത്തപ്രമത്തനായ് നിൽക്കുമപ്രാപ്രമണൻ.
കൊമ്പുംകളമ്പുംകുമേണപോൻവെള്ളികം-
കൊണ്ടുകെട്ടീടിനപാലധേനുവെ
വസ്ത്രംകഴുത്തിൽമുറിക്കിടാവൊത്ത
തത്രവിശിഷ്ടനാംബ്രാഹ്മണനേകവോൻ,
അപ്പുയ്യിനെത്രരോമങ്ങളുണ്ടെന്നയ-
മായിരത്താണ്ടുകഥംവിണ്ണിൽസ്സുഖിച്ചിട്ടും;
അപ്പുമാൻപിന്നെജനിയ്യുന്നിടങ്ങളി-
ലപ്പുയ്യുവുംപിറന്നീടുമസംശയം
ഉത്തമമായകുരുക്ഷേത്രമുംപുകി-
യെന്നുയുംകാലംമിഹവാഴുമവൻ!
ആയിരംപൈക്കളെയല്ല, നൽപ്പാലുള്ള-
താകയാരുപയ്യിനെ നൽകയത്രേഗുണം.
ഏകയാം ഗോവുതാൻ പുത്രരോരാളികം-
കേകമുയർച്ച; ഗോദാനമത്യുത്തമം.
അത്യുഗ്രമാപാപജാതർത്തിലും
മുത്തയാംഗോദേവി രക്ഷനൽകീടുമേ!'

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദേ,
പ്രയാഗകഥനേപുണ്യതീർത്ഥാദിനിരൂപണംനാമ ദ്വിതീയോധ്യായം.

———(o)———

Digitized By Kerala Sahitya Akademi

നാൽപ്പത്തിമൂന്നാമദ്ധ്യായം

യുധിഷ്ഠിരൻ:—'ഭഗവൻ, പ്രയാഗമാഹാത്മ്യം ഇവിടുന്നു പറഞ്ഞുതരുന്നതുകൊണ്ടു ഞാൻ പാപമുക്തനായി വേറിയുണ്ടു! പ്രയാഗത്തിലേയ്ക്കു യാത്രയാകേണ്ടതെങ്ങിനെ? അവിടെ ചെയ്യേണ്ടതെന്താണ്? അതുകൂടി പറയുക.'

മാർക്കണ്ഡേയൻ:—'പ്രയാഗയാത്രാവിധിയും കേട്ടുകൊള്ളുക:

പ്രയാഗത്തിലേയ്ക്കു കാള (വണ്ടി) യേറിപ്പോകുന്നവൻ, ഗോക്കളുടെ ക്ഷുരത്താൽ ഭൂമണ്ഡലത്തിൽ വീണുപോകും; അവന്റെ ഉടമകം പിതൃക്കൾ കൈക്കൊള്ളുകയുമില്ല. ധാടികൊണ്ടോ മൂഢതകൊണ്ടോ പ്രയാഗത്തിലേയ്ക്കു വാഹനമേറി പോകുന്നവന്നു തീർത്ഥസ്നാനം പാഴാകും. ബാലപുത്രന്മാരെക്കൊണ്ടും പ്രയാഗത്തിൽ സ്നാനപാനാദികർമ്മങ്ങൾ ചെയ്യിക്കണം. ഗംഗാകാളിന്ദീസംഗമത്തിൽവെച്ചു വേണ്ടുന്ന വട്ടംകൂട്ടി ആർഷവിധിയിൽ കന്യകാദാനം കഴിക്കുന്നവൻ യമനേയോ നരകത്തേയോ കാണാതെ, ഉത്തരകുരുക്ഷേത്രംപുക്ക് ഏറിയകാലം വിഹരിയ്ക്കും; ധർമ്മവും നീതിയുമുള്ള ഭാര്യാപുത്രരേയും നേടും. പ്രയാഗത്തിൽ യഥാശക്തി ചെയ്യുന്ന ദാനം തീർത്ഥഫലത്തോടൊപ്പം വർദ്ധിച്ചുവരും.

അവിടെ പേരാലിൻചുവട്ടിൽവെച്ചു മരിച്ചുവൻ സർവ്വലോകങ്ങൾക്കും മീതെ ബ്രഹ്മലോകം പ്രാപിയ്ക്കും. ആ സ്ഥലത്തു് ആദിത്യന്മാർ പതിനായിരത്തോളം വർഷം തപസ്സു ചെയ്തുണ്ടു്. ലോകം മുഴുവൻ ദഹിച്ചാലും, ആ വടമൂലം ഛേദിയ്ക്കുകയില്ല: സൂര്യചന്ദ്രന്മാരും വായുവും കൂടിയില്ലാതെ ലോകം ഏകാർണ്ണവമായി കിടക്കുന്ന കാലത്തു് അവിടെയത്രേ വിഷ്ണു പള്ളികൊള്ളുന്നതു്. യുധിഷ്ഠിര, ത്രിജഗച്ഛ്രുതമായ പ്രയാഗത്തിൽ പോകാത്തവർ മൃതതുല്യരത്രേ. ആ പരമതീർത്ഥം കണ്ടവൻ, രാഹുവിങ്കൽനിന്നു ചന്ദ്രനെന്നപോലെ, സർവ്വപാപങ്ങളിൽനിന്നും വിട്ടൊഴിയും.

യമുനയുടെ തെക്കേക്കരയിൽ കംബളാശ്വതരതീർത്ഥങ്ങളിൽ സ്നാനംചെയ്തു മഹാദേവക്ഷേത്രത്തിൽച്ചെന്നു തൊഴുതാൽ മേലും കീഴും പത്തുതലമുറയ്ക്കു് ഉൽഗതി വരും. ഗംഗയുടെ കിഴക്കായി സാമുദ്ര

Digitized By Kerala Sahitya Akademi

ക്രപവും പ്രതിഷ്ഠാനവും സ്ഥിതിചെയ്യുന്നു; അവിടെ ബ്രഹ്മചാരിയായി മൂന്നു രാവു വസിച്ചാൽ അശ്വമേധഫലം കിട്ടും. പ്രതിഷ്ഠാനത്തിനു വടക്കും ഭാഗീരഥിയ്ക്കു കിഴക്കുമായി കിടക്കുന്ന ഹംസപ്രപതനതീർത്ഥം സ്നാനമാത്രത്താൽ അശ്വമേധഫലത്തേയും, ആചന്ദ്രതാരം സ്വർഗ്ഗവാസത്തേയും നൽകുന്നു. അവിടെ, അരയന്നത്തിന്നൊത്ത വെണ്മയും അഴകുമുള്ള ഉർവശീപുളിനത്തിൽ പിതൃക്കൾക്കു് ഉദകം നൽകുന്നവൻ അറുപത്തായിരം വർഷം പിതൃക്കളോടുകൂടി സ്വർഗ്ഗത്തിൽ വസിയ്ക്കും; കർമ്മക്ഷയത്തിൽ സ്വർഗ്ഗത്തിൽനിന്നു പോന്നാൽ, ഉർവ്വശിക്കൊത്ത സുകുമാരികമാക്കും നൂറായിരം ഗോക്കൾക്കും അധിനാഥനായി ജനിച്ചു മികച്ച ഭോഗങ്ങൾ അനുഭവിയ്ക്കും: അരഞ്ഞാണകളടേയും തളകളടേയും കിലുക്കം കേട്ടിട്ടായിരിയ്ക്കും അയാൾ ഉറക്കമുണരുക! വീണ്ടും ആ തീർത്ഥത്തിൽ പോകാൻ സംഗതി വരികയും ചെയ്യും.

അവിടെ കർശാസനത്തിൽ ജിതേന്ദ്രിയനായി സ്ഥിതി ചെയ്തുകൊണ്ടു്, കന്നിമാസം ഒരിക്കലുണ്ണായി വസിച്ചവൻ പൊന്നണിഞ്ഞ സുകുമാരിമാരെ വേഗംകൂടാതെ; അഴിയോടുകൂടിയ ഉഴിയുള്ള നാഥനാകും; പതിനായിരം ഗ്രാമങ്ങൾക്കു മേലാളാകും; ധനധാന്യസമൃദ്ധനും സഭാതാവുമാകും; മികച്ച ഭോഗങ്ങൾ ഭുജിയ്ക്കും; വീണ്ടും ആ തീർത്ഥത്തെ സ്മരിയ്ക്കുകയും ചെയ്യും. പേരാൽച്ചുവട്ടിൽ ബ്രഹ്മചാരിയായി ഉപവസിച്ചവൻ യോഗം സാധിച്ചു ബ്രഹ്മജ്ഞാനം നേടും. കോടിതീർത്ഥത്തിൽവെച്ചു പ്രാണത്യാഗം ചെയ്തവൻ അയിരംകോടി വർഷം സ്വർഗ്ഗത്തിൽ വാഴും; സ്വർഗ്ഗഭ്രംശത്തിൽ പൊന്നാ മുത്തും നിറഞ്ഞ തറവാട്ടിൽ സുന്ദരനായി ജനിയ്ക്കുകയും ചെയ്യും.

പിന്നീടു ഭോഗവതിയിലും ശൊശുമേധികത്തിലും സ്നാനം ചെയ്യണം. ശൊശുമേധികസ്നാതൻ അശ്വമേധഫലം നേടി, സമ്പന്നനും സുന്ദരനും സമർത്ഥനും മാനധർമ്മനിരതനുമായിത്തീരും.

ഭൂമിയിൽ മനുഷ്യർക്കും, പാതാളത്തിൽ നാഗങ്ങൾക്കും, സ്വർഗ്ഗത്തിൽ ദേവകൾക്കും ഉൽഗതി വരുത്തുന്നതുകൊണ്ടായ്ക ഗംഗയ്ക്കു ത്രിപഥഗ എന്ന പേർ. അതു തീർത്ഥങ്ങളിൽവെച്ചു മികച്ച തീർത്ഥവും, നദികളിൽവെച്ചു മികച്ച നദിയും, മാപാപികൾക്കുപോലും മോക്ഷം നൽകുന്നതുമാകുന്നു. മറെറല്ലാടത്തും ഗംഗ സുലഭയാകാം; ഗംഗാപ്രവാഹം, പ്രയാഗം, ഗംഗാസമുദ്രസംഗമം എന്നീ മൂന്നിടങ്ങളിൽ ഒർല്ലാതെ പാപത്താൽ മനംകെട്ട ഏതു പ്രാണിയ്ക്കും ഗംഗാസ്നാനമില്ലാ

Digitized By Kerala Sahitya Akademi

തെ മറെറാരു ഗതിയില്ല. പരിശുദ്ധാങ്ങളിൽവെച്ചു പരിശുദ്ധവും, മംഗളങ്ങളിൽവെച്ചു മംഗളവുമാകുന്ന, മഹേശ്വരന്റെ തിരുമുടിയിൽനിന്നു പതിച്ച മന്ദാകിനി.

ശ്രീപദ്മമഹാപുരാണം; ആദിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദം, പ്രയാഗയാത്രാവിധി കഥനം, നാല്പത്തിനാലാമധ്യായം.

———(o)———

നാൽപ്പത്തിനാലാം അദ്ധ്യായം

———o———

മാർക്കണ്ഡേയൻ:—ഗംഗയുടെ വടക്കേത്തീരത്തിലുള്ള മാനസതീർത്ഥത്തിൽ മൂന്നാളുപവസിച്ചാൽ സർവ്വാഭീഷ്ടങ്ങളും സാധിക്കും. അതിനെ സ്മരിച്ചാൽത്തന്നെ ഗോഭ്രമിസപ്തസോമഫലംകിട്ടും. മാഘമാസത്തിൽ, അറുപത്തായിരം തീർത്ഥങ്ങൾ ഗംഗാകാളിന്ദീ സംഗമത്തിൽ സന്നിധിചെയ്യും. അന്നു മൂന്നാമിവസം അവിടെ സ്നാനംചെയ്യാൽ ലക്ഷം പശുക്കളാനമായി. അവിടെ പഞ്ചാഗ്നി സാധിച്ചവൻ അവികലാംഗനും അരോഗ്യവാനുമാകും; തന്റെ ദേഹത്തിൽ എത്ര രോമമുണ്ടോ, അത്രയുമായിരത്താണ്ടുകാലം സ്വർഗ്ഗത്തിൽ വാഴും; സ്വർഗ്ഭ്രംശത്തിൽ ജംബൂദ്വീപിനധിപതിയായി ജനിച്ചു മികച്ച ഭോഗങ്ങളും ഭുജിച്ചു, വീണ്ടും ആതീർത്ഥത്തെ സ്മരിക്കുകയും ചെയ്യും. പ്രയാഗത്തിൽ ജലപ്രവേശനത്താൽ മരിച്ചവൻ, രുദ്രവിങ്കൽനിന്നു ചന്ദ്രനെന്നപോലെ പാപപ്രജാലത്തിൽനിന്നു വേർപെട്ട സോമലോകത്തിൽ ചെന്നു സോമനോടൊപ്പം വിഹരിക്കും; പുണ്യക്ഷയത്തിൽ, സമുദ്രിയേറിയ തറവാട്ടിൽ ജനിക്കുകയും ചെയ്യും. കാൽ മേല്പോട്ടും തല കീഴ്പ്പോട്ടുമാക്കിനിന്നു തീജ്വാലനകന്നവൻ നൂറായിരംകൊല്ലം സ്വർഗ്ഗത്തിൽ വാണിട്ട് അഗ്നിഹോത്രിയായി ജനിക്കും. ദേഹം മുറിച്ചു മുറിച്ചു പക്ഷികൾക്കു തിന്മാൻ കൊടുത്തവൻ നൂറായിരത്താണ്ടു സോമലോകത്തിൽ സുഖിച്ചിട്ടു ധർമ്മിഷ്ഠനായ രാജാവായി ജനിക്കും. യമുനയുടെ വടക്കു, പ്രയാഗത്തിനു തെക്കു് ഋണമോചനമെന്ന തീർത്ഥത്തിൽ ഒരു രാവുപവസിച്ചാൽ കടമെല്ലാം വീടി സൂര്യലോകം പൂകാം.'

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദം, പ്രയാഗത്തെത്തീർത്ഥകഥനം നാല്പത്തിനാലാമധ്യായം.

———(o)———

Digitized By Kerala Sahitya Akademi

നാൽപ്പത്തൊമ്പത്യായം

യുധിഷ്ഠിരൻ:—'ഭഗവാനേ, ഭവാന്റെ പ്രയാഗവർണ്ണനം കേട്ടിട്ട് എനിയ്ക്കു വളരെ വിസ്മയമായി. പ്രയാഗത്തിൽ ഉപവാസത്തിനുള്ള ഫലം എന്താണെന്നു പറഞ്ഞുതരിക.'

മാർക്കണ്ഡേയൻ:—'ഉപവാസത്താൽ, ശ്രദ്ധാലുവായ മനുഷ്യന് ഇഷ്ടിച്ചതൊക്കെ ലഭിക്കും. പ്രയാഗത്തിലേയ്ക്കു പോകുന്നവന്ന് ഓരോ കാൽവെപ്പിനും ഓരോ അശ്വമേധത്തിന്റെ ഫലം കിട്ടും.'

യുധിഷ്ഠിരൻ:—'മഹാഭാഗ, അല്പയത്നത്താൽ അനവധി പുണ്യം കിട്ടുമെന്നാണല്ലോ അങ്ങു പറയുന്നത്; അശ്വമേധം വളരെ സുകൃതംകൊണ്ടല്ലെ സാധിക്കൂ?'

മാർക്കണ്ഡേയൻ:—'രാജാവേ, ഋഷികളുടെ ഇടയിൽവെച്ച് പത്മസംഭവൻ പറഞ്ഞുകേട്ടിട്ടുള്ളതു ഞാൻ പറയാം: അഞ്ചുയോജന പരപ്പുള്ള പ്രയാഗമണ്ഡലം പുക്കവന്ന്, ഓരോ കാൽവെപ്പും ഓരോ അശ്വമേധമാകുന്നു! അവിടെ വെച്ചന്തരിച്ചവൻ മേലും കീഴും പതിനാലുഭുവനം തലമുറയ്ക്ക് ഊർദ്ധ്വഗതി വരുത്തും. ഇതോർത്ത് മനുഷ്യൻ ശ്രദ്ധാലുവായിരിക്കണം. അശ്രദ്ധന്മാരായ പാപികൾക്കു പ്രയാഗം പ്രാപിയ്ക്കുകയേ ഇല്ല.'

യുധിഷ്ഠിരൻ:—'രാഗത്തിന്നോ ലോഭത്തിന്നോ കാമത്തിന്നോ അടിപെട്ടവക്കു തീർത്ഥപുണ്യം എങ്ങിനെ കൈവരും?'

മാർക്കണ്ഡേയൻ:—'പ്രയാഗത്തിൽ ഒരു മാസം ജിതേന്ദ്രിയനായി വസിച്ചാൽ എത്ര പാപവും നീങ്ങിക്കൊള്ളും. വിശ്വാസഘാതകന്മാർ മൂന്നാണ്ടം കളിയും, ഭിക്ഷയെടുത്തു ക്ഷീണവുമായി മൂന്നു മാസം പ്രയാഗത്തിൽ പാർത്താൽ പാപമുക്തരാകും. അറിയാതെ അവിടെ പോവുകയും മറ്റും ചെയ്താൽത്തന്നെ സർവ്വകാമസമൃദ്ധിയോടെ സ്വർഗ്ഗത്തിൽ വാഴുമാറാകും ധർമ്മമനുസരിച്ചു വീണ്ടും വീണ്ടും ചോദിക്കുന്നവരുടെ പ്രീതിക്കായിട്ടാണ്, ഈ സനാതനരഹസ്യം ഞാൻ പറഞ്ഞതു'.'

Digitized By Kerala Sahitya Akademi

യുധിഷ്ഠിരൻ:—'മഹർഷേ, യമുന എന്തു പുണ്യഫലം നൽകുമെന്നു കൂടി പറഞ്ഞാൽകൊള്ളാം.'

മാർക്കണ്ഡേയൻ:—'അനേകായിരം യോജന ദൂരത്തിരുന്നു പേർ പറഞ്ഞാൽത്തന്നെ യമുന പാപശാന്തി വരുത്തും. യമുനയുടെ തെക്കേക്കരയുള്ള അഗ്നിതീർത്ഥത്തിലും, അതിനു പടിഞ്ഞാറു ഹരിവരം എന്ന ധർമ്മരാജതീർത്ഥത്തിലും സ്നാനംചെയ്യുവർ സ്വർഗ്ഗം പ്രാപിയ്ക്കും; വീണ്ടും ജനിയ്ക്കുകയില്ലതാനും. ഇങ്ങിനെ, യമുനയുടെ തെക്കേത്തീരത്തു് അസംഖ്യം തീർത്ഥങ്ങളുണ്ടു്. വടക്കേത്തീരത്തു മഹാത്മാവായ ആദിത്യന്റെ വിരജതീർത്ഥത്തിൽ ഇന്ദ്രാദിദേവകളും പതിവായി സന്ധ്യാവന്ദനം ചെയ്യാറുണ്ടു്. വേറെയും വളരെ തീർത്ഥങ്ങളുണ്ടു്.

ഗംഗയും യമുനയും തുല്യഫലകളത്രേ; എന്നാൽ ഗംഗ ശ്രേഷ്ഠതമമൂലം സർവ്വത്രപൂജിക്കപ്പെടുന്നു.'

ശ്രീപദ്മമഹാപുരാണേ, ആദിഖണ്ഡേ, യുധിഷ്ഠിരമാർക്കണ്ഡേയസംവാദേ, യമുനാമഹിമകഥനം നാമ പഞ്ചചത്വാരിംശോധ്യായഃ.

———(o)———

നാൽപ്പത്താറാമദ്ധ്യായം

യുധിഷ്ഠിരൻ:—'ഇനിയും പുഷ്കരാദി മഹാതീർത്ഥങ്ങളെയെല്ലാം വിട്ടു് ഒന്നിനെമാത്രം ഭവാൻ സ്തുതിക്കുന്നതെന്തുകൊണ്ടാണു്? ഇതെനിയ്ക്കു് അവിശ്വാസ്യമായി തോന്നുന്നു. ലഘുവായ ഒരുപായംകൊണ്ടു് ഇഷ്ടംപോലെയുള്ള ദിവ്യഭോഗങ്ങളും പരമഗതിയും എങ്ങിനെ കിട്ടും? എന്റെ ഈ സംശയം തീർത്തുതരിക.'

മാർക്കണ്ഡേയൻ:—'അവിശ്വാസ്യമെന്നു പറയരുതു്, വിശ്വാസമുള്ള മനുഷ്യനു് അനുഭവപ്പെടുകതന്നെ ചെയ്യും. വിശ്വാസഹീനൻ, അത്രിമുനി, ഉർബുധി, നന്മയെ വെടിഞ്ഞവൻ എന്നിവരെല്ലാം പാപികളത്രെ. ഞാൻ കണ്ടിട്ടും കേട്ടിട്ടുമുള്ള പ്രയാഗമാഹാത്മ്യം അങ്ങയോടു പറയാം:

കരാം ശാസ്ത്രത്തെ പ്രമാണമാക്കി യോഗം ശീലിക്കുന്നു; മറ്റൊരാൾ ക്ലേശങ്ങൾ അനുഭവിയ്ക്കുന്നു. എന്നിട്ടും യോഗം വശപ്പെട്ടി

Digitized By Kerala Sahitya Akademi

ല്ലെന്നുവരാം. ചിലക്കു നൂറായിരം ജന്മംകൊണ്ടോ അയിരം യുഗംകൊണ്ടോ അയിരിയ്ക്കും യോഗസിദ്ധി; മറ്റുചിലർ ഉള്ളുധനമെല്ലാംബ്രാഹ്മണക്കു ദാനംചെയ്തിട്ട് ആ ദാനത്താലാവാം യോഗം നേടുക. പ്രയാഗത്തിലാകട്ടെ, മരിച്ചാൽ യോഗപൂർത്തിയായി! പ്രധാനഹേതു വിശ്വാസംതന്നെ. എല്ലാത്രേതങ്ങളിലുംവെച്ചു ബ്രഹ്മം സർവ്വത്ര പൂജിക്കപ്പെടുന്നതുപോലെ, എല്ലാലോകങ്ങളിലുംവെച്ചു പ്രയാഗം അഗ്രിജന്മത്താൽ പൂജിക്കപ്പെടുന്നു. ബ്രഹ്മാവുപോലും ഉത്തമമായ പ്രയാഗതീർത്ഥത്തെ സ്തുതിച്ചുപോരുന്നു. പ്രയാഗമണ്ഡലവന്ന വേറെയൊന്നും വേണമെന്നുണ്ടാകില്ല: ദേവത്വം കിട്ടിയവനുണ്ടോ മനുഷ്യനാകാൻ ആഗ്രഹിക്കുന്നു? യുധിഷ്ഠിര, പുണ്യമോ അപുണ്യമോ എന്ന്, ഇതുകൊണ്ടുതന്നെ അങ്ങയ്ക്കു നിർണ്ണയിക്കാമല്ലോ.

പശുവിനേയും ബ്രാഹ്മണനേയും ശാസ്ത്രത്തേയും സ്വർണ്ണത്തേയും തീർത്ഥത്തേയും സ്ത്രീകളേയും അഗ്നിനമസ്കാരേയും നിന്ദിയ്ക്കുന്നവന്നു് ഊർദ്ധ്വഗതിയില്ലെന്നു പിതാമഹൻ അരുളിച്ചെയ്തിരിയ്ക്കുന്നു; ഈ പാപികൾക്കു യോഗമോ സ്വർഗ്ഗമോ ലഭിക്കുകയില്ല. അന്യന്റെ ധനം അപഹരിച്ചു ദാനംചെയ്യുന്നവനും, ദാതാക്കളെ സുഖമനുഭവിയ്ക്കുന്ന സ്വർഗ്ഗം പൂകുന്നതല്ല; നേരെമറിച്ചു നരകത്തിൽ വീഴുകയേ ഉള്ളൂ.

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദം, പ്രയാഗമാഹാത്മ്യം, തീർത്ഥദിയിന്ദ്രഫലം നാല്പത്തഞ്ചാമധ്യായം.

——— (൧) ———

നാൽപ്പത്തേഴാമദ്ധ്യായം

——— ———

* മാർക്കണ്ഡേയൻ:—.....

യുധിഷ്ഠിര, ജ്ഞാനമോ, യോഗമോ തീർത്ഥമോ പ്രാപിപ്പാൻ വളരെ പ്രയാസമുണ്ട്; പ്രാപിച്ചേ പരമഗതി ലഭിക്കയുള്ളൂതാനും. പ്രയാഗമോ, സ്മരണമാത്രത്താൽ സ്വർഗ്ഗത്തെ പ്രദാനംചെയ്യുന്നു.

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദേ, പ്രയാഗമാഹാത്മ്യപുനഃകീർത്തനം നാല്പത്തേഴാമധ്യായം.

——— (൦) ———

* പൂർവ്വാക്തമാകയാൽ ഉപേക്ഷിച്ചു.

Digitized By Kerala Sahitya Akademi

നാൽപ്പത്തെട്ടാമദ്ധ്യായം

യുധിഷ്ഠിരൻ:—'മഹാമുനേ, പ്രയാഗത്തിന്റെ അവസ്ഥ ഇതുയും ഭവാൻ പറഞ്ഞുവല്ലോ; ഇതുപോലെ, ഏനിയ്യും ഉൽഗതി വരുമാറു മുഴുവനും പറഞ്ഞുതരിക.'

മാർക്കണ്ഡേയൻ:—സർവ്വചരാചരങ്ങളേയും ക്രമേണ സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുന്ന ബ്രഹ്മവിഷ്ണുമഹേശ്വരന്മാരാകുന്ന തിരുമൂർത്തികളിൽ ബ്രഹ്മാവു പ്രതിഷ്ഠാനത്തിനു വടക്കുഭാഗത്തും, മഹേശ്വരൻ പേരാലിങ്കലും സ്ഥിതിചെയ്യുന്നു. ദേവഗന്ധർവ്വസിദ്ധമഹർഷിമാർ പ്രയാഗത്തെ പാപങ്ങളിൽനിന്നു രക്ഷിച്ചു പോരുകയും ചെയ്യുന്നു.

യുധിഷ്ഠിരൻ:—'ഏന്തിനാണ് ഈ ലോകപൂജ്യന്മാർ പ്രയാഗത്തിൽ കാവൽ നില്ക്കുന്നതു?'

മാർക്കണ്ഡേയൻ:—'പാപം കടക്കാതിരിപ്പാൻതന്നെ. പ്രയാഗത്തിൽ വെച്ചു ചെയ്യുന്ന അതിസല്പമായ പാപംപോലും മനുഷ്യനെ നരകത്തിൽ വീഴിച്ചുകളയും; തിരുമൂർത്തികളാൽ പൃഥിവിയുടെ ജഘനമായി നിർമ്മിയ്ക്കപ്പെട്ടിരിയ്ക്കുന്ന പ്രയാഗം പിതാമഹന്റെ പ്രസിദ്ധക്ഷേത്രവും പരമപുണ്യവുമാകുന്നു.

മഹാരാജാവേ, അങ്ങു സഹോദരന്മാരോടുകൂടി രാജ്യം ഭരിച്ചുവാഴുക.'

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, യുധിഷ്ഠിരമാർക്കണ്ഡേയസംവാദം, പ്രയാഗമാഹാത്മ്യം, പ്രയാഗത്തിൽ സർവ്വദേവതാസാന്നിധ്യകഥനം. നാല്പത്തെട്ടാമധ്യായം

(0)

നാൽപ്പത്തൊമ്പതാമദ്ധ്യായം

സൂതൻ:—ധർമ്മനിശ്ചയം പൂണ്ട പാണ്ഡവന്മാരെല്ലാം ബ്രാഹ്മണരെ നമസ്കരിച്ചു, ഗുരുദേവതാപൂജനം ചെയ്യുകയായി. അപ്പോൾ വാസുദേവനും അവിടെ വന്നുചേർന്നു. കൗരവന്മാരും മറ്റുമ

Digitized By Kerala Sahitya Akademi

ഹാത്മാക്കളുമെല്ലാം കണ്ടൊരുമിച്ചു മാധവനെ സൽക്കരിച്ചു; ധ
ർമ്മപുത്രനെ വീണ്ടും രാജ്യാഭിഷേകം കഴിക്കപ്പെട്ടുകയും ചെയ്തു.
അതിനുശേഷം മഹാഭാഗനായ മാർക്കണ്ഡേയൻ സപത്നിപരിവൃതനായ
തന്റെ ആശ്രമത്തിലേയ്ക്കു തിരിച്ചു. ധർമ്മാത്മാവായ യുധിഷ്ഠി
രൻ അനുജന്മാരോടൊപ്പം വന്ദിച്ചുമാനവും നടത്തി.

വാസുദേവൻ:— 'രാജാവേ, ഞാൻ അങ്ങയിലുള്ള സ്നേഹത്താൽ പറ
യുന്നതാണു്: ഭവാൻ സന്താപംവിട്ട സദാ പ്രയാഗത്തെ സ്മരിച്ചു
കൊള്ളുക. എന്നാൽ അങ്ങയ്ക്കു ശാശ്വതമായ സ്വർഗ്ഗംകിട്ടും.

.....

അങ്ങനെ സപത്നീകനായ, നിസ്സപത്നമായ രാജ്യം അനുഭവി
ക്കുക. പിന്നീടു—യോഗാവസരത്തിൽ—തമ്മിൽ കാണാം.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, കൃഷ്ണകൃപയാസ്മൈ മഹർഷയുപദേശം,
തീർത്ഥമാഹാത്മ്യതാരതമ്യാധ്യായം.

———(o)———

അനവദ്യാമദ്ധ്യായം

ഋഷിമാർ:—"സൂതജ്ഞ, ഇനി ഒന്നുകൂടി ചോദിക്കട്ടെയോ: ഇപ്പറ
ഞ്ഞ തീർത്ഥങ്ങളുടെയെല്ലാം ഫലം ഒരൊറ്റക്കർമ്മംകൊണ്ടു കിട്ട
മെങ്കിൽ, ആ കർമ്മം എന്താണെന്നു പറഞ്ഞുതരിക."

സൂതൻ:—

(കിളിപ്പാട്ടു്)

"ബ്രഹ്മാദിവണ്ണങ്ങൾക്കു ഫലമതിരിയുന്നു
കർമ്മമിങ്ങു,തിൽവിഷ്ണുഭക്തിയൊന്നതാൽമീതേ
ആർകൊണ്ടുംഹരിക്കേതിവാങ്മനഃകർമ്മങ്ങളാ-
ലായവൻവിജയിതാനായവൻവിജയിതാൻ!
എന്നാളുംസമാരാധ്യൻവിഷ്ണുതാനീശക്തീശൻ:
തന്നാമമന്ത്രാൽപായും പാതകപ്പിശാചെല്ലാം
ആഴിവണ്ണനെയൊറ്റപ്രാവശ്യംവലംവെച്ചാ-
ലാഴിയെപ്രദക്ഷിണംചെയ്തതിൻഫലംകിട്ടും.

Digitized By Kerala Sahitya Akademi

സർവതീർത്ഥവുമാടീവിഷ്ണുവിഗ്രഹംകണ്ടാൽ!
സർവമന്ത്രവുംചൊല്ലീവിഷ്ണുവിൻനാമംചൊന്നാൽ!
അച്യുത'പ്രസാദ'മാം തുളസിചൂടുന്നവ-
നച്ചണ്ഡവികൃതമാമന്തകാനനം കാണാ.
അംബുജാക്ഷനെയൊന്നു കൈവണങ്ങിയാൽ, വീണ്ടു
മമ്മതന്നമ്മിഞ്ഞപ്പാൽ കുടിപ്പാനിടവരാ!
എവക്കുമനംസദാ വിഷ്ണുവിൻ പാദത്തിലാ-
ണവക്കു നമസ്ക്കാരം,മവക്കു നമസ്ക്കാരം!!
പുൽക്കസശപപ്രാപിമ്ലേച്ഛനും, മുകുന്ദന്റെ
തൃക്കഴൽതൊഴുന്നോരാണെങ്കിൽ വന്ദ്യരായ്ത്തീരും;
പിന്നെയെന്തുണ്ടാകാം ബ്രാഹ്മണരാജർഷിമാർ?
പിന്നെയും ഗർഭംപൂകാ വിഷ്ണുഭക്തിമാൻ മാത്രം!
ശൈരിതൻനാമംപാടിഞാൻമുമ്പിൽ നൃത്തംവെയ്പ്പാൻ
പാരിനേകനൃത്തുള്ളി ഗംഗാദിതീർത്ഥംപോലെ;
അവനെക്കാങ്കേ, തൊട്ടുകവനായ് സ്സംസാരിയു-
കിവയാലൊഴിഞ്ഞുപോം ബ്രഹ്മഹത്യയും നൂനം.
കാകളീസ്വരത്തോടുമച്ചത്തിൽ നാമംപാടി-
ക്കൈകളാൽ താളംപിടിച്ചീശനെ വലംവെയ്പ്പാൻ
ബ്രഹ്മഹത്യാദിയേയും കൈകളാലടിയുന്നു!
നിർമ്മലൻ ഹരികഥ കേൾപ്പോനെക്കാണ്മോൻപോലും
പിന്നെയെന്തൊരു പാപശങ്കയാ ശ്രോതാവിന്നു?
ധന്യരേ, തീർത്ഥങ്ങൾക്കു തീർത്ഥംതാൻ ഹരിനാമം!
തീർത്ഥമാക്കുന്നുലോകം കൃഷ്ണനാമോൽഗായികരെ;
തീർത്ഥനാമിതിൽപ്പരം പുണ്യമായ് മറെറാന്നില്ല.
വൈകുണ്ഠനിർമ്മാല്യത്തെ സ്പ്രാണിച്ചു ചൂടുന്നോന്നും
വൈകുണ്ഠനായ്ത്തന്നെ തീരും മൃത പീഡകരും നീക്കം.
അവ്യക്തനാകും വിഷ്ണുതന്നെയും ശിവനെയും
നിർവ്യാജമൊന്നായ്ക്കാണുന്നോക്കില്ല പുനർജ്ജന്മം;
അതിനാലനാദ്യന്തരായ വിഷ്ണുശിശന്മാരെ
മതിയാലൊന്നായ്ക്കണ്ടുപൂജിച്ചുകൊൾവിൻ നിങ്ങൾ.
ശൈരിശങ്കരാദ്യരെഭിന്നരായ്ക്കാണുമോൻ വീഴും
ഘോരമാംനരകത്തിലിവരെത്താങ്ങാ കൃഷ്ണൻ.

Digitized By Kerala Sahitya Akademi

വിദ്വാൻതാൻ വിമൂഢൻ താൻ,വിപ്രൻതാൻ ശ്വപചൻതാൻ,
വിഷ്ണുതൽപരനെങ്കിൽ മുക്തനാക്കീടും ദേവൻ.
വിഷ്ണുവിൽമീതേ പാപഭാവപാവകനില്ല;
കൃഷ്ണനാമത്താൽ ലോകപാപവുമൊഴിഞ്ഞുപോം;
തന്നെക്കാളേറെശ്രുതിതൻപേരിന്നതുകിനാ-
നന്യൂനപ്രീതന്മാരേ, ഗോവിന്ദൻജഗൽഗുരു.
എള്ളപ്പം, ഫലാധിക്യമിവ കണ്ടിതിൽശ്രദ്ധ-
യില്ലെന്നവർ നാനാനരകങ്ങളിലാഴും.
അഗ്രൃമേ നാമോൽഗാനം: പ്രഷ്ഠത്തിൽ വെറ്റു പൂജാ-
വ്യഗ്രനെക്കൃഷ്ണൻ; നാമംചൊല്ലുവോനെയൊ, മാറിൽ!
പാപപർവ്വതങ്ങളെപ്പൊരാതേ പിളർത്തുന്ന
ശ്രീപതിയുടെ തിരുനാമമീം മഹാവജ്രം.
ശൌരിമന്ദിരം പൂകും കാൽകഠിനമാകിൽ സഫലങ്ങൾ;
ശൌരിയെപ്പൂജിക്കുന്ന കൈകളും താൻ പവിത്രങ്ങൾ;
ശൌരിയെവണങ്ങുന്നതൌലിതാനന്തമാംഗം;
ശൌരിതൻതൃപ്പാദത്തിൽച്ചേർന്നനില്പൊന്നേ ചിത്തം;
അവനെസ്സ്തുതിപ്പോന്നേ നാവ,വനുടെനാമം
ശ്രുവിച്ചാൽ നിവൻനില്പവ താൻശ്രോത്രങ്ങളും!
സ്വാമീകീർത്തനാലല്ലാതംഗനാസംഗംമൂലം
കോപംമയിർക്കൊള്ളും പുമാനെന്തയോ ഭാഗ്യംകെട്ടോൻ!
വൈകുണ്ഠപ്രസംഗത്തിൽ വാഴ്ന്ന ബ്രഹ്മപദേ ബ്രഹ്മപദം!
ഹാ, കഷ്ടം, മനുഷ്യർതൻദൈർഭാഗ്യമെന്തോതേണ്ടൂ
നാമകീർത്തനംകൊണ്ടേ സായുജ്യമേകും സാക്ഷാൽ
ശ്രീമണാളനെയവർ സംസേവിയ്ക്കുന്നീലല്ലോ!!
പുത്രശോകാദിവശാലകൃതാത്മാവാം മൂർഖ-
നെന്തയോ പ്രലപിയ്ക്കും; ശബ്ദിക്കാ ഹരിനാമം!
നാവിരിക്കവേ കൃഷ്ണനാമത്തെജപിക്കാത്തോൻ
കൈവിട്ടന്നതു മുക്തിസോപാനം കിടച്ചിട്ടും!
കർമ്മയോഗത്താൽ മർത്ത്യൻ കൃഷ്ണനെബ്ഭജിക്കേണം:
കർമ്മയോഗാദ്യുച്ചനാൽ കേശവൻ പ്രസാദിയ്ക്കും.
തീർത്ഥത്തിൽ മുന്തും തീർത്ഥം വിഷ്ണുസേവനം സർവ-
തീർത്ഥമജ്ഞനപാനാദ്യങ്ങളംതൻ ഫലം നൽകും.

Digitized By Kerala Sahitya Akademi

കമ്മയോഗത്താൽ ധന്യർ സേവിപ്പുഭഗവാനെ;
നന്മയ്ക്കായ് ഖ്യാതിയുള്ളവിൻ നിങ്ങളും മുകുന്ദനെ."

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, വിഷ്ണുകീർത്തിപ്രശംസ
അനുക്രമണികാധ്യായം.

———(o)———

അനുക്രമണികാധ്യായം

ഋഷിമാർ:—"മഹാരോഗനായ സൂതൻ, മാധവനെ ആരാധിച്ചു പ്രസാദിപ്പിപ്പാനുള്ള കർമ്മയോഗം എങ്ങിനെയാണ്? ലോകരക്ഷയ്ക്കായി ആ ധർമ്മസംഗ്രഹം വിവരിച്ചാലും."

സൂതൻ:—"ഇതുതന്നെ, പണ്ട് അഗ്നിതുല്യരായ മഹർഷിമാർ വ്യാസനോട് ചോദിയ്ക്കുകയുണ്ടായി. അദ്ദേഹം അവരോടുപദേശിച്ചതു ഞാൻ പറയാം:

വ്യാസൻ:— മഹർഷിമാരേ, ബ്രാഹ്മണർക്ക് ആത്യന്തികഫലം നൽകുന്ന വേദപ്രോക്തമായ കർമ്മയോഗമെല്ലാം പണ്ട് മഹാപ്രജാപതി മുനികളോടു പറകയുണ്ടായി. അതു ഞാൻ പറയാം; നിങ്ങളെല്ലാവരും സശ്രദ്ധം കേട്ടുകൊൾവിൻ:

ദ്വിജൻ ഗർഭം മുതൽക്കെട്ടാമത്തതോ എട്ടാമത്തതോ ആയ വയസ്സിൽ ഉപനയനം കഴിച്ചു സ്വസൂത്രവിധിയനുസരിച്ചു വേദങ്ങളും പഠിക്കണം: ദണ്ഡ്, മേഖല, പൂണൂൽ, കൃഷ്ണമൃഗത്തോൽ എന്നിവ ധരിക്കണം; ഭിക്ഷാന്നമേ ഭക്ഷിക്കാവൂ; ഗുരുവിന്റെ പാകം നോക്കണം; ഗുരുവിന്റെ മുഖത്തു നോക്കിക്കൊണ്ടുവേണം ഓത്തുചൊല്ലാൻ. പൂണൂലിനു പഞ്ഞിയാണ് ബ്രാഹ്മണവു പണ്ടേ നിശ്ചയിച്ചിട്ടുള്ളതു്; കൈനൂലായുമാകാം. ബ്രാഹ്മണർക്കു മൂന്നിഴവേണം. പൂണൂൽ എപ്പോഴും ധരിക്കണം; കടുമ്മ എപ്പോഴും കെട്ടിവെയ്ക്കണം. മറിച്ചായാൽ, കർമ്മമൊന്നും ശരിയാവില്ല. കരയും മറുമില്ലാത്ത പഞ്ഞിനൂൽവസ്ത്രമോ, കാവിവസ്ത്രമോ ഉടുക്കാം; വെള്ളവസ്ത്രം ഏറെ നന്ന്. തോളിലിടാൻ, കൃഷ്ണമൃഗത്തിന്റേയോ ശവയത്തിന്റേയോ ഋരുവിന്റേയോ തോലാണ് വിധിക്കപ്പെട്ടിരിയ്ക്കുന്നതു്. വലത്തേക്കയ്യെയ

Digitized By Kerala Sahitya Akademi

ത്ത: ഇടത്തേക്കയ്യിന്മേൽ ഇട്ടന്ന പൂണൂൽ ഉപവീതം; കഴുത്തിലിട്ടന്നതു നിവീതം; ഇടത്തെക്കയ്യെയത്തി വലത്തേക്കയ്യിന്മേൽ ഇട്ടന്നതു പ്രാചീനവീതം. ഇതാണ് പിതൃകർമ്മത്തിനു വേണ്ടതു്. അഗ്നിഗൃഹം, ഗോശാല, ഹോമം, ജപം, വേദപഠനം, ഭോജനം, ബ്രാഹ്മണസന്നിധി, ഉച്ഛിഷ്ടം, സന്ധ്യാവന്ദനം, സജ്ജനസമാഗമം എന്നിവയിൽ ഉപവീതമാണ് വിഹിതം. മേഖല മുഞ്ഞകൊണ്ടു മൂന്നിഴയാക്കി ഉണ്ടാക്കണം; മുഞ്ഞയില്ലെങ്കിൽ ദർഭകൊണ്ടു്. കെട്ടു് ഒന്നോ മൂന്നോ ആകാം. ദണ്ഡു് കാടയുടേയോ പിലാശിന്റേയോ യജ്ഞ (വട്ട)വൃക്ഷത്തിന്റേയോ ആയിരിക്കണം; കേടു വല്ലതും പറ്റിയതാകരുതു്; കുട്ടമ്മവരെ എത്തത്തക്ക നീളം വേണം.

രണ്ടുനേരവും സന്ധ്യാവന്ദനം മനസ്സിരുത്തി ചെയ്യണം: കാമമോ, ലോഭമോ, ഭയമോ, മോഹമോ മൂലം അതുപേക്ഷിച്ചാൽ ഭ്രഷ്ടനായിപ്പോകും. പ്രഭാതത്തിലും സായംകാലത്തും കളിച്ചു് അഗ്നികാര്യവും നടത്തണം. ദേവർഷി പിതൃക്കളെ തർപ്പിക്കണം: പുഷ്പം, പത്രം, യവം, ജലം എന്നിവകൊണ്ടു ദേവന്മാരെ പൂജിക്കണം. വയസ്സേറിയവരെ, മടിക്കുടാതെ സ്വന്തം പേർ പറഞ്ഞു് അഭിവാദ്യം ചെയ്യണം; ഇതു് ആയുഷ്കരവും ആരോഗ്യപ്രദവുമത്രേ. 'സൗമ്യ, ആയുഷ്മാൻ ഭവ' എന്ന പ്രത്യഭിവാദനം; പേരിന്നൊടുവിൽ അകാരം ചേർത്തു ദീർഘമായി ഉച്ചരിക്കണം. അഭിവാദ്യത്തിനു പ്രത്യഭിവാദ്യം ചെയ്യാൻ അറിഞ്ഞുകൂടാത്തവനെ അഭിജ്ഞൻ അഭിവാദ്യം ചെയ്യരുതു്. അവൻ ശ്രുത്യുല്യനായ കൈകൊം പിണച്ചിട്ടവണം ഗുരുവിന്റെ പാദങ്ങൾ പിടിപ്പാൻ: വലത്തേക്കയ്യുകൊണ്ടു വലത്തേക്കാലും, ഇടത്തേയുകൊണ്ടു് ഇടത്തേയും തൊടണം. ലൗകികമോ വൈദികമോ ആധ്യാത്മികമോ ആയ ജ്ഞാനം തന്നവനെ ആജന്മമായി അഭിവാദ്യം ചെയ്യണം. ജലം, ഭിക്ഷാന്നം, പൂവ്, ഫലം എന്നിവയും, ദേവാർച്ചനയ്ക്കുള്ള ഇതരം മറ്റു പദാർത്ഥങ്ങളും നാളെയ്ക്കായി വെയ്ക്കരുതു്.

ബ്രാഹ്മണനോടു കുശലവും, ക്ഷത്രിയനോടു് അനാമയവും, വൈശ്യനോടു ക്ഷേമവും, ശൂദ്രനോടു് ആരോഗ്യവുമാണു് കണ്ടെത്തിയാൽ ചോദിക്കേണ്ടതു് ഉപാധ്യായൻ, അച്ഛൻ, ജ്യേഷ്ഠൻ, രാജാവു്, അമ്മാമൻ, ശ്വശ്രൂരൻ, അമ്മയുടെ അച്ഛൻ, അച്ഛന്റെ അച്ഛൻ, ജാതിയിൽ മീതെയായവൻ, അപ്പൻ എന്നിവർ പുരുഷന്നു ഗുരുക്കന്മാരാകുന്നു; സ്ത്രീക്കു് അമ്മയും അമ്മയുടെ അമ്മയും, അച്ഛനമ്മമാരു

Digitized By Kerala Sahitya Akademi

ടെ സോദരിയും, തോവിന്റെ അമ്മയും, ജ്യേഷ്ഠത്തിയും, വളർത്തമ്മയും തുടങ്ങിയുള്ളതും. അച്ഛൻവഴിയുള്ളും അമ്മവഴിയുള്ളുമുള്ള ഈ തുടങ്ങിയുള്ളതും തികഞ്ഞ ബഹുമാനത്തോടുകൂടിയും അനുവർത്തിക്കണം: തുടങ്ങിയുള്ളതും ക്കണ്ടാൽ എഴുന്നേറ്റു തൊഴുത് അഭിവാദ്യം ചെയ്യണം; അവരോടൊപ്പം ഇരിക്കരുത്; തനിയ്ക്കുവേണ്ടി വിവാഹം ചെയ്യരുത്; പ്രാണാത്മകമായിട്ടുപോലും തുടങ്ങിയുള്ളതും ദ്വേഷിച്ചുകൂടാ: മറ്റു വളരെ തുടങ്ങിയുള്ളതും ഉള്ളവൻപോലും തുടങ്ങിയുള്ളതും ദ്വേഷത്താൽ അധഃപതിച്ചുപോകും. തുടങ്ങിയുള്ളതും ഇതിൽ അഞ്ചുപേരാണ് വിശേഷിച്ചും പൂജനീയർ; അതിലും മീതെയാണ് ആദ്യംപറഞ്ഞ മൂന്നുപേർ; അവരിൽ പ്രാധാന്യംകൂടുതൽ അമ്മയ്ക്ക്: ജനകൻ, സവിത്രി, വിദ്യാഉപദേശിയുടെ ആചാര്യൻ, ജ്യേഷ്ഠൻ, ഏട്ടാവു് ഇവരേയും അഞ്ചു പ്രധാന തുടങ്ങിയുള്ളതും. ഇവരെ വരേയും, നന്മ തേടുന്നവൻ എത്ര പണിപ്പെട്ടും—പ്രാണൻ കളഞ്ഞിട്ടുകൂടിയും—പൂജിച്ചുകൊള്ളണം.

അച്ഛനമ്മമാർക്ക് അനുഭവസ്ഥതയില്ലാതാകുന്നതുവരെയുള്ളും മകൻ സർവ്വപ്രയത്നംചെയ്തു് അവരെ പരിചരിക്കണം: അച്ഛനമ്മമാർ പുത്രന്റെ ഗുണങ്ങൾകൊണ്ടു സന്തോഷിയ്ക്കുന്നതായാൽ, ആ പുത്രനു അതുകൊണ്ടുതന്നെ സദ്ധർമ്മവും നിറവേറും. അമ്മയെപ്പോലെ ഒരു ദൈവമില്ല; അച്ഛനെപ്പോലെ ഒരു ഗുരുവില്ല. അവർക്കു പ്രത്യുപകാരം ചെയ്യുക എന്നതും അസാധ്യംതന്നെ. എപ്പോഴും മനസാവാചാകർമ്മണാ അവർക്കു പ്രിയം ചെയ്യണം; അവരുടെ അനുമതി കിട്ടാതെ, മുക്തിപ്രദമായ നിത്യനൈമിത്തികമൊഴിയെ മറ്റൊരു ധർമ്മവും അനുഷ്ഠിയ്ക്കരുതു്. ഇതത്രേ, പരലോകത്തിൽ അളവറ്റ ഫലം നൽകുന്ന ധർമ്മസാരം.

ഗുരുവിനെ നന്നായി ആരാധിച്ചു്, അദ്ദേഹത്തിന്റെ അനുവാദം വാങ്ങിയിട്ടുവേണം ശിഷ്യൻ പിരിഞ്ഞുപോരുവാൻ; എന്നാലെ വിദ്യയുടെ ഫലവും, ഒടുവിൽ സപ്തപ്രാപ്തിയും കിട്ടുകയുള്ളൂ. അച്ഛനുതുല്യനായ ജ്യേഷ്ഠനെ അനാദരിയ്ക്കുന്ന മൂഢൻ ആ ദോഷത്താൽ ഘോരനരകത്തിൽ വീണുപോകും. സന്മാർഗ്ഗസ്ഥിതൻ ജ്യേഷ്ഠനെ സദാ പൂജിയ്ക്കുകതന്നെ വേണം: അമ്മയായാലും, ലോകത്തിൽ ഉപകാരത്താലാണല്ലോ ഗൌരവം. അമ്മാമൻ, അപ്പൻ, ശ്വശ്രൂൻ, ജ്യേഷ്ഠൻ, ഗുരു എന്നിവരെ കണ്ടാൽ എഴുന്നേറ്റു്, 'ഇന്നവനായ ഞാൻ' എന്നുച്ചരിക്കണം. വയസ്സു കുറഞ്ഞവനായാലും ഭിക്ഷിതനെ പേർ

Digitized By Kerala Sahitya Akademi

വിളിക്കരുതു്; ഭോ, ഭോൻ എന്നീവ ചേത്തുവേണം അ ദ്ദേഹത്തോട് സംസാരിയ്ക്കുക. ബ്രാഹ്മണനും ക്ഷത്രിയനും മറ്റെ ല്ലാവരും ദീക്ഷിതനെ അഭിവാദ്യം ചെയ്കയും, പൂജിയ്ക്കയും, ന മസ്കരിയ്ക്കയും വേണം. ബ്രാഹ്മണൻ ക്ഷത്രിയാദികളെ, അ വർ ജ്ഞാനകർമ്മഗുണശാലികളും പരിപ്പേറിയവരുമാണെങ്കിൽത്ത ന്നെയും അഭിവാദ്യം ചെയ്യേണ്ടതില്ല; ബ്രാഹ്മണൻ മറ്റു ജാ തിക്കാക്കു സ്വസ്തി ചൊല്ലുകയേവേണ്ടു. സജാതീയൻ സജാതീയ രെ അഭിവാദ്യം ചെയ്യുകതന്നെവേണം. അഗ്നി ബ്രാഹ്മണക്കും, ബ്രാ ഹ്മണൻ മറ്റു ജാതിക്കാക്കും, തോവു സ്ത്രീകൾക്കും, അതിഥി എല്ലാ വക്കും ഗുരുവാകുന്നു. വിദ്യ, കർമ്മം, വയസ്സു്, ബന്ധു, വിത്തം എ ന്നിങ്ങിനെ അഞ്ചാണു് മാന്യതാഹേതുക്കൾ; ഇതിൽ മുമ്പു മുമ്പു പറ ഞ്ഞതിന്നു ഗൗരവം കൂടും. ഈ അഞ്ചുകൂട്ടം കവിഞ്ഞും തികഞ്ഞും ഉണ്ടെങ്കിൽ മറ്റുമുന്നജാതിയിലുള്ളവനും തൊണ്ണൂറിൽപ്പുറം വയസ്സു ചെന്ന ശൂദ്രനും പൂജനീയൻതന്നെ. ബ്രാഹ്മണനും, സ്ത്രീക്കും, രാ ജാവിന്നും, കരുടന്നും, കിഴവന്നും, ചുമട്ടുകാരന്നും, രോഗിക്കും ദുർബല ന്നും വഴിമാറിക്കൊടുക്കണം.

പതിവായി സജ്ജനങ്ങളുടെ ഗൃഹത്തിൽനിന്നു ഭിക്ഷവാങ്ങി ഗു രുവിന്നു സമർപ്പിച്ചു്, അദ്ദേഹത്തിന്റെ അനുമതിവാങ്ങി മെയ്നിയാ യിട്ടുവേണം ഭക്ഷണം കഴിപ്പാൻ. ഭിക്ഷാചോദിയ്ക്കുമ്പോഴും, ഉപനീത നായ ബ്രാഹ്മണൻ മുയ്യിലും, ക്ഷത്രിയൻ നടുവിലും, വൈശ്യൻ കടവി ലും ദേവപ്പുല്ലും പിടിക്കണം. അമ്മയോടോ സോദരിയോടോ ഇളയമ്മ യോടൊ മറ്റു തന്നെ അനാദരിക്കാത്തവളോടോ വേണം ഒന്നാമതായി ഭിക്ഷാചോദിക്കുക. എല്ലാജാതിക്കാരും സജാതീയഗൃഹങ്ങളിൽ നിന്നാ ണു് ഭിക്ഷവാങ്ങേണ്ടതു്; ഭ്രഷ്ടരിൽനിന്നും മറ്റും വാങ്ങരുതു്. വേദ ജ്ഞങ്ങളിൽ കുറവില്ലാത്തവരും സൽകർമ്മപ്രശസ്തരുമായിട്ടുള്ളവരുടെ ഗൃഹങ്ങളിൽനിന്നു ബ്രഹ്മചാരിയ്ക്കു നാലുതോറും ഭിക്ഷ വാങ്ങാം. ഗുരു വിന്റെ ഗൃഹത്തിലും ജ്ഞാതിബന്ധുഗൃഹത്തിലും ഭിക്ഷയ്ക്കു ചെല്ലരുതു്; വേറെ കിട്ടാതെവന്നാൽ,മുമ്പു മുമ്പു പറഞ്ഞതു വർജ്ജിക്കുക. മുകളിൽ പ്പറഞ്ഞ ഗൃഹങ്ങളില്ലെങ്കിൽ, മെയ്നിയായും അങ്ങുമിങ്ങും നോക്കാതെ യും ഗ്രാമം മുഴുവൻ ഭിക്ഷാടനംചെയ്യാം. വേണ്ടിടത്തോളംമാത്രം ഭി ക്ഷ വാങ്ങിക്കൊണ്ടുപോന്നിട്ട്, അനന്യചിത്തനായും മെയ്നിയായും വേണം രക്ഷിപ്പാൻ. നിത്യവും ഭിക്ഷാന്നമേ പാടുള്ളു; ഗുരുവിന്റെ ത

Digitized By Kerala Sahitya Akademi

ന്ന അന്നം ഭുജിക്കരുത്. ബ്രഹ്മചാരിയും ഭിക്ഷാവൃത്തി ഉപവാസതുല്യമത്രേ. അന്നത്തെ ആദരിയ്ക്കയല്ലാതെ ഗർവിനാൽ ദൂഷിക്കരുത്; കണ്ടാൽ ഹർഷിയ്ക്കയും പ്രസാദിയ്ക്കയും കൊണ്ടാടുകയുമേ ചെയ്യാവു. അതിക്ഷേണം ആയുസ്സിന്നും ആരോഗ്യത്തിന്നും ഉൽഗതിയ്ക്കും നന്നല്ല; അപുണ്യവും ലോകഗർഹിതവുമായ അതു് ഉപേക്ഷിക്കണം. കിഴക്കോട്ടോ സൂര്യൻ നേരേയായോ തിരിഞ്ഞിരുന്നിട്ടവേണം ഉണ്ണാൻ; കിയ്ക്കുമ്പോൾ വടക്കോട്ടു തിരിഞ്ഞിരുന്നിട്ടരുതു്. പരിശുദ്ധമായസ്ഥലത്തിരുന്നു് ഉണ്ണൽ കഴിച്ചിട്ടു കൈകാലുകളും വെള്ളം കൊണ്ടുകഴുകി രണ്ടുപ്രാവശ്യം ആചമിക്കണം.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, ബ്രഹ്മചര്യവിധികഥനം,
അമ്പത്തൊന്നാമദ്ധ്യായം.

———(o)———

അമ്പത്തിരണ്ടാമദ്ധ്യായം.

വ്യാസൻ:—സ്നാനം, ഭോജനം, ദാനം, നിദ്ര, തെരുവിലിറങ്ങുക, നായിനെ കാണുകയൊ തൊടുകയൊ ചെയ്ക, വസ്ത്രംധരിയ്ക്കുക, മലമൂത്രശുക്ലവിസർജ്ജനം, അരുതാത്തതു പറഞ്ഞുപോവുക, ഓത്തുചൊല്ലാൻ തുടങ്ങുമ്പോഴും തുപ്പുക, മുഖമൊ തേച്ചലൊ ഉണ്ടാവുക, നാൽക്കൂട്ടംവഴിയിലോ ചുടലപ്പുറമ്പിലോ നടക്കുക എന്നിവയ്ക്കശേഷവും, ഇരുസന്ധ്യകളിലും, ബ്രാഹ്മണൻ ആചമിച്ചിരിക്കുന്നുവെങ്കിലും, വീണ്ടും ആചമനം കഴിക്കണം. ചണ്ഡാലാദിമ്ലേച്ഛരോടും സ്ത്രീകളോടും ശൂദ്രരോടും എച്ചിലായവരോടും സംസാരിയ്ക്കുകയൊ, എച്ചിലായ അന്നമൊ ഭോജ്യത്തെയൊ തൊടുകയൊ കണ്ണീരൊ ചോരയൊ പുറപ്പെടുകയൊ ചെയ്താലും ആചമിയ്ക്കണം; അഗ്നിയേയൊ, പശുവിനേയൊ, മറ്റു പരിശുദ്ധപദാർത്ഥത്തേയൊ സ്പർശിയ്ക്കയും ചെയ്യണം. സ്ത്രീ, കേശം, വിഴുപ്പുവസ്ത്രം, എന്നിവ തൊട്ടുപോയാൽ നീലിയുടനെ ആചമിക്കുകയും, കുളകയൊ നിലമൊ തൊടുകയും വേണം. ചൂടും നുരയും ഇല്ലാത്ത വെള്ളം കൊണ്ടു കിഴക്കോട്ടൊ വടക്കോട്ടൊ തിരിഞ്ഞിരുന്നു് ആചമനം ചെയ്താലേ ശുദ്ധിവരൂ. വഴിനടന്നുവന്നാൽ ശുദ്ധിക്കായി കാൽ കഴുകണം. കഴുത്തിലും തലയിലും മുണ്ടിട്ടിട്ടോ, കു

Digitized By Kerala Sahitya Akademi

ട്ടുമ്മ അഴിച്ചിട്ടിട്ടോ, കല്ലുമേലും വെള്ളത്തിലും ഇരുന്നിട്ടോ, തൊട്ടി വെച്ചിട്ടോ അഭിജ്ഞൻ ആചമിക്കരുതു്. മഴവെള്ളം, മുക്കിവെച്ചതു്, ശൂദ്രാദികളായ അശുദ്ധന്മാർ കൊണ്ടുവന്നതു്, നരയും പുഴുപ്പും മറ്റു മുള്ളതു്, വണ്ണമസപിഠീനം, മയിലേതു് ഇവ്വക വെള്ളം ആചമനത്തിനു നന്നല്ല. വെള്ളം കൈകൊണ്ടിളക്കിയൊ, കരകയ്യിൽ എടുത്തോ, പുണ്ണുൽക്കരോതെയായ, സംസാരിക്കുക ചിരിക്കുക വല്ലേടത്തേയ്ക്കും നോക്കുക-കിടക്കുക ഇവ്വക ചെയ്യുകൊണ്ടൊ, മെതിയടിയിട്ടോ കാൽമുട്ടിം തോളം പുറത്തേയ്ക്കാക്കിയൊ ആചമിച്ചുകൂടാ. വെള്ളം ഹൃയേത്തിലെത്തിയാൽ ബ്രാഹ്മണനും, കണ്ഠത്തിലായാൽ ക്ഷത്രിയനും, നകന്നാൽ വൈശ്യനും, സ്പർശിച്ചാൽ ശൂദ്രനും വിശുദ്ധരാകും.

പെരുവിരൽക്കടയുടെ നടുവിലെ രേഖ ബ്രാഹ്മതീർത്ഥവും, പെരുവിരൽ ചൂണ്ടുവിരൽ ഇവയുടെ നടു പിതൃതീർത്ഥവും, പെരുവിരലിൻ കട പ്രാജാപത്യതീർത്ഥവും, ചൂണ്ടുവിരലിൻതല ദൈവതീർത്ഥവും, കട ഋഷിതീർത്ഥവും, നടു അഗ്നിതീർത്ഥവുമത്രേ. ബ്രാഹ്മണൻ ബ്രാഹ്മംകൊണ്ടുവേണം ആചമിക്കാൻ; ദൈവംകൊണ്ടുമാകാം. പിതൃം കൊണ്ടരുതു്. ആദ്യം ബ്രാഹ്മംകൊണ്ടു മൂന്നു വെള്ളം നകന്നു, പെരുവിരൽക്കടകൊണ്ടു മുഖം തുടയ്ക്കുക, പിന്നെ പെരുവിരൽ അണിവിരൽ എന്നിവയാൽ കണ്ണുകളും, ചൂണ്ടുവിരൽ പെരുവിരലുകളാൽ മൂക്കിന്റെ രന്ധ്രങ്ങളും, പെരുവിരൽ പെരുവിരലുകളാൽ ചെവികളും, എല്ലാംകൊണ്ടും കൂടി ഹൃയവും, ഉള്ളംകൈകൊണ്ടു ശിരസ്സും, പെരുവിരൽകൊണ്ടു തുമ്പുകളും തൊടണം. മൂന്നുവെള്ളം നകരുന്നതു് മൂർത്തികളുടേയും തുടയ്ക്കുന്നതു ഗംഗാകാളിന്ദികളുടേയും, കണ്ണിണ തൊടുന്നതു സൂര്യചന്ദ്രന്മാരുടേയും, നാസാരന്ധ്രങ്ങൾ തൊടുന്നതു് അശ്വിനീദേവകളുടേയും, കാതുകൾ തൊടുന്നതു വായ്വഗ്നികളുടേയും, ഹൃയം തൊടുന്നതു സർവ്വദേവതകളുടേയും, മൂർദ്ധാവു തൊടുന്നതു് ഏകപുരുഷന്റേയും പ്രസാദത്തിനത്രേ. വായിൽ നിന്നു ജലകണങ്ങൾ മേഹത്തിൽ വീണാൽ അശുദ്ധിയില്ല; നാവു തൊട്ടാൽ അശുദ്ധിയുണ്ടു്. ആചമിക്കുമ്പോൾ വെള്ളം മറ്റൊരാളുടെ മേൽതെറിച്ചാൽ, അതു പൊടിപോലെയേ കരുതേണ്ടു; അശുദ്ധിയില്ല. തേൻ, സോമം എന്നിവ കുടിക്കുമ്പോഴോ ഫലമൂലങ്ങളും കരിമ്പും തിന്നുമ്പോഴോ, വെറുതില ചവയ്ക്കുമ്പോഴൊ വായിൽനിന്നു വെള്ളം തെറിച്ചാലും അശുദ്ധിയില്ലെന്നു മനു അരുളിച്ചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

ആന്നപാനങ്ങൾക്കുപയോഗിച്ച പാത്രംനിലത്തുവെച്ച് കൈ കഴുകിയിട്ട വെള്ളംകൊണ്ടു മോറണം. എച്ചിൽക്കയ്യുകൊണ്ടു ലോഹപാത്രംതൊട്ടാൽ,അതു നിലത്തുവെച്ച് കൈ കഴുകിയിട്ട വെള്ളം തളിക്കണം. എച്ചിൽക്കയ്യുകൊണ്ട് എന്തുതൊട്ടാലും ഇങ്ങിനെതന്നെ; വസ്ത്രവും മറ്റുമാണെങ്കിൽ വ്യത്യാസമുണ്ട്: അതു തൊട്ടാൽ ആചമിക്കണം. കാട്ടിൽ കള്ളന്മാരും കടുവകളും നിറഞ്ഞ വഴിയും രാത്രി നേരത്തു സഞ്ചരിക്കെ മലമൂത്രവിസർജ്ജനം ചെയ്യാൽ, അപ്പോൾ കയ്യിലുള്ള സാധനം അതുലിപ്പെട്ടുകയില്ല.

പൂണൂൽ വലത്തുചെവിമേൽ വെച്ചു, പകൽ വടക്കോട്ടും രാത്രി തെക്കോട്ടും തിരിഞ്ഞിരുന്നുവേണം മലമൂത്രവിസർജ്ജനം ചെയ്യുവാൻ; മരക്ഷണങ്ങൾ, ഇലകൾ, മൺകട്ടകൾ, പുല്ലുകൾ എന്നിവ നിലത്തുവിരിച്ചു, വസ്ത്രംകൊണ്ടു ശിരസ്സുമറച്ചിട്ടേ മലമൂത്രങ്ങൾ വിസർജ്ജിക്കാവൂ. തണൽ, കിണർ, പുഴ, തൊഴുത്ത്, ചൈത്യം, വെള്ളം, വഴി, ഭസ്മം, അഗ്നി, ശ്മശാനം, ചാണകം, മരത്തടി, മാമരച്ചുവട്, പച്ചപ്പുൽത്തകിടി എന്നിവിടങ്ങളിൽ മലമൂത്രവിസർജ്ജനം പാടില്ല; നിന്നിട്ടും നഗ്നനയിട്ടും നടന്നിട്ടും അരുത്. പർവ്വതപ്രപ്പ്, ജീർണ്ണക്ഷേത്രം, മൺപുറ്റ്, കഴികൾ, ഉമി, തീക്കനൽ, ഉടഞ്ഞകലം, രാജമാർഗ്ഗം, വയൽ, മട, തീർത്ഥം, നാൽക്കൂട്ടംവഴി, പൂങ്കാവ്, ജലസമീപം, ഉവർനിലം, നഗരസ്ഥലം, മറവില്ലാത്തേടം എന്നിവയിലും അരുത്. ചെരിപ്പും മെതിയടിയും ഇട്ടും കുടചൂടിയും സ്ത്രീ ഗോ ബ്രാഹ്മണ ഗുരുക്കൾക്കും, ദേവ ദേവാലയ ജലാശയങ്ങൾക്കും സൂര്യചന്ദ്രാഗ്നികൾക്കും നേരെ ഇരുന്നും നക്ഷത്രം നോക്കിയും, മുഖംതിരിച്ചും മലമൂത്രവിസർജ്ജനം ചെയ്യരുതു.

തീരത്തുനിന്നു വെട്ടുപ്പു വരുത്തുന്ന മണ്ണുനോക്കിയെടുത്തു, നല്ലവെള്ളം കരയ്ക്കുകൊണ്ടുപോന്നു സാവധാനമായി ശൌചംചെയ്യണം. പൊടി, ചളി, വഴി, ഉവർനിലം, ക്ഷേത്രം കിണർ, ഗൃഹം, ജലം ഇവയിൽനിന്നു മണ്ണെടുക്കരുതു; മറ്റാരാൾ ഉപയോഗിച്ചതിന്റെ ബാക്കിയും നന്നല്ല.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, ആചമനവിധി

അമ്പത്തിരണ്ടാമധ്യായം.

———)o(———

Digitized By Kerala Sahitya Akademi

അമ്പത്തിമൂന്നാമദ്ധ്യായം

വ്യാസൻ:—ഇപ്രകാരം ഭണ്ഡുംമറ്റും ധരിച്ചു ശൌചാചാരങ്ങളും അനുഷ്ഠിക്കുന്ന ബ്രഹ്മചാരി, പഠിപ്പാൻ ഗുരുനാഥൻ വിളിച്ചാൽ വലത്തുകൈപൊക്കി ഒന്നു, ഗുരുവിന്റെ മുഖത്തുനോക്കി നില്ക്കണം; ഇരിയ്ക്കു എന്നു പറഞ്ഞാൽ ഗുരുവിന്നു നേരേ ഇരിയ്ക്കണം. കിടന്നിട്ടോ ഇരുന്നിട്ടോ ഉണ്ണുമ്പോഴോ വിളികേൾക്കുകയും സംസാരിയ്ക്കുകയുംചെയ്യരുതു; പുറംതിരിഞ്ഞുനിൽക്കരുതു. ഗുരുസന്നിധിയിൽ, ഉയരംകുറഞ്ഞതിന്മേലേ ഇരിയ്ക്കുകയും കിടക്കുകയും പാടുള്ളു; ഗുരു കാൺകെ തോന്നിയേടത്തു് ഇരിയ്ക്കരുതു. കേൾക്കാതെയും ഗുരുവിന്റെ പേർ പറയരുതു്. അദ്ദേഹത്തിന്റെ നടപ്പോ, സംസാരമോ, ചേഷ്ടിതമോ അനുകരിയ്ക്കുകയുമരുതു്. ഗുരുവിനെപ്പറ്റി അപവാദം പറകയോ നിന്ദിക്കുകയോ ചെയ്യുന്നേടത്തു ചെവികൊടുത്തുകൊള്ളരുതു; അല്ലെങ്കിൽ അവിടെനിന്നു പോയ്ക്കൊള്ളണം. അകലെനിന്നും അതിശംപൂണ്ടും സ്ത്രീസമീപത്തുവെച്ചും ഗുരുവിനെപൂജിക്കരുതു്. അദ്ദേഹത്തോടു മറുപടി (തർക്കം) പറയരുതു; അദ്ദേഹം നിൽക്കെ, അടുക്കൽ ഇരിക്കരുതു്. ഗുരുവിന്നു, ദർഭ, ചമത, പൂവ്, വെള്ളം എന്നിവ നാംതോറും കൊണ്ടുവന്നു കൊടുക്കണം. മേൽ തലോടുകയും തേപ്പിക്കുകയും ചെയ്യണം. അദ്ദേഹത്തിന്റെ കിടയ്ക്ക, മെതിയടി, ചെരുപ്പു്, ആസനം, എന്നിവയും നിഴൽമുതലായതും ഒരിക്കലും ചവിട്ടരുതു്. പല്ലുതേപ്പാനുള്ളതും മറ്റും ശേഖരിച്ചുവെയ്ക്കണം. കിട്ടിയതെന്തും ഗുരുവങ്കൽ സമർപ്പിക്കണം. വിടവാങ്ങാതേ എവിടെയും പോകരുതു്. ഗുരുവിന്റെ അടുക്കൽവെച്ചു കാൽനീട്ടരുതു്; കോട്ടുവായിടുക, ചിരിക്കുക, പുതയ്ക്കുക, ഞൊടിക്കുക മുതലായതും പാടില്ല. പതിവുസമയത്തു, ഗുരുവിന്നു മുഷിപ്പുതോന്നാത്തേടത്തോളംനേരം പഠിയ്ക്കുക. ഗുരുവിന്റെ അടുക്കൽ താഴത്താഴേ ഇരിക്കാവു. അദ്ദേഹത്തിന്റെ ശയനാസനയാനങ്ങളിൽ ഒരിക്കലും ഇരുന്നുപോകരുതു്. ഓടുമ്പോൾ പിറകെ ഓടുക; നടക്കുമ്പോൾ പിന്നാലെ നടക്കുക. കാളവണ്ടി,

Digitized By Kerala Sahitya Akademi

കുതിരവണ്ടി, കട്ടകം എന്നീവാഹനങ്ങളിലും, പ്രാസാദത്തിലും, ഭദ്രാസനങ്ങളിലും, പാഠപ്പുറത്തും, തോണിയിലും ഗുരുവോടൊന്നിച്ച് ഇരിക്കാം.

ബ്രഹ്മചാരി സദാ ജിതേന്ദ്രിയനും, മനസ്സിനെ കീഴടക്കിയവനും, കോപമില്ലാത്തവനുമായിരിയ്ക്കണം. എപ്പോഴും മധുരമായും ഹിതമായുമേ സംസാരിക്കാവൂ. ഗന്ധമാല്യം, രസം, കല്പം, സ്ത്രീകം, പ്രാണിഹിംസ, എണ്ണതേപ്പ്, കണ്ണെഴുത്ത്, കുടി, കുടപിടിയ്ക്കുക, കാമം, ലോഭം, ഭയം, നിദ്ര, പാട്ട്, കൊട്ട്, ആട്ടം, തർജ്ജനം, അപവാദം പറക, സ്ത്രീയെ കാണുക, തൊടുക, അന്യന്റെ മർമ്മം വെളിപ്പെടുത്തുക, ഏഷണി എന്നിവ തീരെ വർജ്ജിക്കണം. വെള്ളം, പൂവ്, ദർഭ, ഫാണകം, മണ്ണ് എന്നിവ കൊണ്ടുവരണം. ഉപ്പും നെയ്യും പഴകിയതും ഉപേക്ഷിക്കണം. ആട്ടം കാണരുത്; പാട്ട കേൾപ്പാനും മറും ആഗ്രഹിക്കരുത്. ആദിത്യനെ നോക്കരുത്; പല്ലു തേയ്ക്കരുത്. അന്യസ്ത്രീകളോടും ശൂദ്രാദികളോടും സംസാരിക്കരുത്. ഗുരുഭുക്തിഷ്ടവും ഭേഷജാന്നവും സേവ്യമായ ഉപയോഗിക്കരുത്. കളിയ്ക്കുമ്പോൾ മേൽത്തേയ്ക്കുകയും മറവുമരുത്. ഗുരുവിനെ വിട്ടുപോകാൻ വിചാരിക്കയേ അരുത്: മോഹലോഭങ്ങൾ മൂലം വിട്ടുപോയാൽ പാതിത്യം പറഞ്ഞുപ്പോകും. ഗവിനാൽ കാര്യങ്ങൾ ആലോചിയാതെ ഉമ്മാർഗ്ഗത്തിൽ ഏർപ്പെട്ടവൻ ഗുരുവായാലും ത്യാജ്യൻ തന്നെ. ഗുരുവിന്റെ ഗുരു സന്നിഹിതനായാൽ, അദ്ദേഹത്തിൽ ഗുരുവിങ്കലെന്നപോലെ പെരുമാറുക. ഗുരു അനുവദിച്ചിട്ടുവേണം സ്വന്തം ഗുരുജനങ്ങളെ (അച്ഛനമ്മമുതൽപേരെ) വക്കുവാൻ. വിദ്യ പഠിപ്പിച്ചവർ, അച്ഛനമ്മ മുതൽപേർ, അധർമ്മം വിലക്കിയവർ, ഹിതം ഉപദേശിച്ചവർ, ഗുരുവിന്റെ പുത്രകളത്രങ്ങൾ ബന്ധുക്കൾ എന്നിവരേയും ഗുരുവിനെപ്പോലെ കരുതണം. യജ്ഞകർമ്മത്തിൽ ബാലനും സമവയസ്കനും ശിഷ്യൻതന്നെയും പൂജനീയനാകുന്നു. പഠിപ്പിയ്ക്കുന്ന ഗുരുപുത്രനെ ഗുരുവിനെപ്പോലെതന്നെ ആദരിക്കണം; എന്നാൽ ഗുരുപുത്രനെ മേൽ തിരുമ്മുകയും കളിപ്പിയ്ക്കുകയും, കാൽകഴുകിയ്ക്കുകയും, അദ്ദേഹത്തിന്റെ ഉച്ഛിഷ്ടം ഭുജിക്കുകയും വേണ്ട.

ഗുരുവിന്റെ സജാതീയകളായ പത്നിമാരെ ഗുരുവിനൊപ്പം ശുശ്രൂഷിക്കണം; വിജാതീയകളെ കണ്ടാൽ എഴുന്നേറ്റ് അഭിവാദ്യംചെയ്താൽ മതി. ഗുരുപത്നിയെ എണ്ണതേപ്പിയ്ക്കുക, കളിപ്പിക്കുക, മേൽ തിരുമ്മുക,

Digitized By Kerala Sahitya Akademi

തലമുടി ചീകുക എന്നവ ചെയ്യുകൂടാ. യുവതിയായ ഗുരുപത്നിയെ കാൽതൊട്ട് അഭിവാദ്യം ചെയ്യരുത്; 'ഇന്നവനായ ഞാൻ' എന്നു ചൂണ്ടിച്ചു നിലത്തു വന്ദിക്കുകയെ ചെയ്യുകൂടൂ. പതിവായി അഭിവാദ്യം; മറുദിക്കിൽ പോയി വന്നാൽ കാൽപിടിക്കുക; ഇതാണ് ഗുരുഭാരങ്ങളിൽ സജ്ജനധർമ്മം. ഇളയമ്മ, അമ്മായി, ശ്വശ്രൂ, അച്ഛൻ പെങ്ങൾ എന്നിവരും ഗുരുപത്നിക്കൊപ്പം പൂജനീയമാകുന്നു. ജ്യേഷ്ഠന്റെ ഭാര്യയേയും, സജാതീയയാണെങ്കിൽ, നാംതോറും അഭിവാദ്യംചെയ്യണം. മറുദിക്കിൽപോയിവന്നാലാകട്ടെ, ജ്ഞാതിബന്ധുപ്രതിമാരെ കാൽപിടിച്ചു വന്ദിക്കണം. അച്ഛൻപെങ്ങൾ, അമ്മയുടെ ജ്യേഷ്ഠത്തിയനുജത്തിമാർ എന്നിവരെ അമ്മയെപ്പോലെ ഉപചരിക്കണം; എന്നാൽ അമ്മയാണ് അവരിൽ മീതെ.

ഇപ്രകാരം ആചാരങ്ങളെ നിഷ്കൃഷ്ടിയുള്ള ബ്രഹ്മചാരിയെ ഗുരുപതിയായി ശ്രുതിസ്മൃതിപുരാണങ്ങളും പഠിപ്പിക്കണം. ശിഷ്യൻ ഒരുവർഷംതാമസിച്ചിട്ടും പഠിപ്പിക്കാതിരുന്നാൽ, ആ ശിഷ്യന്റെ ഉഷ്കൃതത്തിനു ഗുരുവത്രേ അവകാശി. ആയുഷ്പുത്രൻ, ശ്രുശ്രൂഷു, ജ്ഞാനദൻ, ധാർമ്മികൻ, ശുചി, ശക്തൻ, അന്നപാനദാതാവ്, സാധുഎന്നിവർ ധർമ്മത്താൽ പഠിപ്പിക്കപ്പെടേണ്ടവരത്രേ; കൃതജ്ഞൻ, അദ്രോഹി, ബുദ്ധിമാൻ, ഗുരുവായി വരിയ്ക്കുന്നവൻ, അപ്പൻ, പ്രിയൻ എന്നീ ആറുപേരും പഠിപ്പിക്കത്തക്കവർതന്നെ. ബ്രാഹ്മണനെ വേദവും, മറ്റുള്ളവരെ അവശ്യവേണ്ടതുമത്രെ പഠിപ്പിക്കേണ്ടതു്. ആചമിച്ച് അവഹിതനായി ഗുരുവിന്റെ കാൽപിടിച്ചു വടക്കോട്ടു തിരിഞ്ഞിരുന്ന് അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടുവേണം കാര്യമൊല്ലാൻ. ആരംഭത്തിൽ അധീഷ്വ ഭോ (ചൊല്ലു)എന്നും, അവസാനത്തിൽ വിരാമോസ്തു (നിൽക്കൂ) എന്നും ചൊല്ലണം. പവിത്രമിട്ട തല കിഴക്കോട്ടായ ദർഭയിൽ ഇരുന്നു മൂന്നു പ്രാണായാമംചെയ്ത് കാംക്ഷം ഉച്ചരിക്കണം; ബ്രാഹ്മണൻ ആദിയിലും അവസാനത്തിലും പ്രണവം ഉച്ചരിക്കണം. ബ്രഹ്മാഞ്ജലി ചെയ്തിട്ടുവേണം കാര്യം ചൊല്ലിച്ചുതുടങ്ങുവാൻ. സവ്യഭ്രതങ്ങൾക്കും ചക്ഷുസ്സുത്രേ സനാതനമായ വേദം; അതു നിത്യം ചൊല്ലാതിരുന്നാൽ ബ്രാഹ്മണ്യം ഇടിഞ്ഞുപോകും. ഋക്കു ചൊല്ലുന്നതു ക്ഷീരാഹുതിപോലെയും, യജുസ്സുചൊല്ലുന്നതു മധുഹോമംപോലെയും, സാമം ചൊല്ലുന്നതു നെയ്ഹോമംപോലെയും, അഥർവ്വം ചൊല്ലുന്നതു തേൻഹോമം

Digitized By Kerala Sahitya Akademi

പോലെയും, ധർമ്മശാസ്ത്രപുരാണപഠനം മാംസഭോജനംപോലെയും, ദേവകളെ പ്രസാദിപ്പിയ്ക്കുന്നു. നിത്യകർമ്മത്തിൽ, ജലസമീപത്തിലോ അരണ്യത്തിലൊ ഇരുന്നു ഗായത്രി സശ്രദ്ധം ജപിയ്ക്കണം: ഇതു ജപയജ്ഞമത്രെ. ആയിരംഉരു ജപിയ്ക്കുന്നതു് ഉത്തമം; നൂറുരുമദ്ധ്യമം; പത്തുരു അധമം. ഗായത്രിയേയും വേദങ്ങളേയും ഒരോതട്ടിൽവെച്ചു ബ്രഹ്മാവു തൂക്കിനോക്കുകയുണ്ടായി; നാലുവേദങ്ങളുംകൊണ്ടുപുറംനിന്നു ഗായത്രി! ആടിയിൽ ഓംകാരം; പിന്നെ വ്യാഹൃതികളും; ഇങ്ങിനെവേണം ഏകാഗ്രചിത്തനായി ഗായത്രി ജപിയ്ക്കുക.

കല്പാരംഭത്തിൽ സനാതനങ്കൽനിന്നു ഭൂർഭുവഃസ്വഃ എന്നിങ്ങിനെ സർവ്വദോഷഹരങ്ങളായ മൂന്നു മഹാവ്യാഹൃതികളും ഉണ്ടായി. ക്രമേണ പ്രധാനം, പുരുഷൻ, കാലം എന്നിവയും ബ്രഹ്മവിഷ്ണുമഹേശ്വരന്മാരും സത്വരജസ്തമസ്സുകളും ആ മൂന്നു വ്യാഹൃതികളത്രേ. ആദ്യം ഓംകാരം, രണ്ടാമതു വ്യാഹൃതികളും, പിന്നെ ഗായത്രി; ഈ ജപം സാരത്തിലും സാരമായ മഹായോഗമാകുന്നു. വേദോതാവായ ഗായത്രിയെ നന്നായറിഞ്ഞു ജപിക്കുന്ന ബ്രഹ്മചാരി പരമഗതി പ്രാപിയ്ക്കും. വേദങ്ങളുടെ അമ്മയാണ് ഗായത്രി; ലോകങ്ങളെ ശുദ്ധീകരിയ്ക്കുന്ന ഒന്നാണു ഗായത്രി; ഗായത്രിയിൽപരമായ ഒരു മന്ത്രമില്ല. ഇതറിഞ്ഞാൽ മുക്തിയായി! ശ്രാവണത്തിലെ പൌർണ്ണമിയിലാണ് വേദോപാകർമ്മം വേണ്ടതു്; ആഷാഢം, പ്രൌഷ്ഠപദം എന്നീ മാസങ്ങളിലുമാകാം. ദക്ഷിണായനത്തിൽ നാലുമാസം ശുദ്ധസ്ഥലത്തുവെച്ചു ബ്രഹ്മചാരി മാത്രമൊല്ലണം. പൌഷത്തിലോ മാഘത്തിലോ കൃഷ്ണപ്രഥമയിൽ പൂർവ്വാഹ്നത്തിൽ ഗ്രാമത്തിനുപുറത്തു ഛന്ദോത്സർജ്ജനം ചെയ്യണം. പിന്നെ വെളുത്തപക്ഷത്തിൽ ഛന്ദസ്സുകളും, കറുത്തപക്ഷത്തിൽ വേദാംഗപുരാണങ്ങളും അഭ്യസിക്കണം.

അനധ്യായങ്ങളിൽ മാത്രമൊല്ലുകയും ചൊല്ലിയ്ക്കുകയുമരുതു്. വർഷാകാലത്തു രാത്രിയിൽ കാറു ചീറ്റിയടിയ്ക്കുമ്പോഴും പകൽ പൊടിപാറുമ്പോഴും അനധ്യായമാകുന്നു. മിന്നൽ, ഇടി, മഴ, കൊള്ളിമീൻ ചാടുക ഇവ അകാലാനധ്യായങ്ങളാണെന്നു പ്രജാപതി പറഞ്ഞിരിയ്ക്കുന്നു. ഇവ സായംസന്ധ്യയിൽ കാണപ്പെട്ടാൽ അന്നം,ഭൂമിവിലല്ലാതെ കാർകണ്ടാൽ അന്നംഅനധ്യായമാകുന്നു. ഭൂമിവിലും ഇടിവെട്ടുക,

Digitized By Kerala Sahitya Akademi

ഭൂമികുലുങ്ങുക, നക്ഷത്രം വീഴുക എന്നിവ അകാലാനധ്യായമത്രേ. പ്രാതസ്സന്ധ്യയിൽ മിന്നലോ ഇടിയോ ഉണ്ടായാൽ, അന്നു മധ്യാഹ്നവും സായംസന്ധ്യയിലായാൽ ബാക്കിസമയംമുഴുവനും അനധ്യായം. ഗ്രാമത്തിലും നഗരത്തിലും ഉത്സവമുണ്ടായാൽ ധർമ്മാത്മികർക്ക് എന്നും അനധ്യായംതന്നെ. ശവം കിടപ്പുള്ള ഗ്രാമത്തിൽവെച്ചും, ക്ഷുദ്രസന്നിധിയിൽവെച്ചും, കരച്ചിൽ കേൾക്കുന്ന സമയത്തും ജനസംഘത്തിൽവെച്ചും അധ്യയനം പാടില്ല. വെള്ളത്തിൽവെച്ചോ, പാതിരയ്ക്കോ, മലമൂത്രവിസർജ്ജനം ചെയ്തിട്ടോ, എച്ചിലായിട്ടോ, ശ്രാദ്ധമുണ്ടിട്ടോ, വേദത്തെ ചിന്തിക്കുകപോലും ചെയ്യരുത്. ഏകോദ്ദിഷ്ടശ്രാദ്ധം കഴിഞ്ഞാൽ മൂന്നു ദിവസത്തേയ്ക്കും വേദം ചൊല്ലിക്കൂടാ; രാജാവിനു പെറ്റപുല ഗ്രഹണം എന്നിവയിലും അങ്ങിനെ തന്നെ. ഏകോദ്ദിഷ്ടത്തിലെ അന്നവും, എണ്ണയും ഭോജനത്തിൽനിന്നു പോകുന്നതുവരെ അറിവുള്ള ബ്രാഹ്മണൻ ഓതുകൊല്ലരുത്.

കിടന്നിട്ടും, കാൽനീട്ടിയും, കാലിന്മേൽ കാലോറിയിരുന്നിട്ടും, മാംസം ഭക്ഷിച്ചിട്ടും, ശൂദ്രന്റെ ചാത്തമുണ്ടിട്ടും, മറ്റുള്ളപ്പോഴും ബാണശബ്ദം കേൾക്കുമ്പോഴും, ഇരുസന്ധ്യകാലും ചതുർദ്ദശി, കറുത്തവാവ്, വെളുത്തവാവ്, അഷ്ടമികാലം എന്നിവയിലും വേദം ചൊല്ലരുത്. ഉപാകർമ്മം, ഉൽസർഗ്ഗം എന്നിവ കഴിഞ്ഞാൽ മൂന്നാളും, അഷ്ടമികളിലും ശ്രുതവസാനരാത്രികളിലും കാരോനാളും അധ്യയനം നിഷിദ്ധമാണ്. മാഘശീർഷം, പൌഷം, മാഘം എന്നീ മാസങ്ങളിലെ കറുത്ത അഷ്ടമികളത്രേ, വർജ്ജിക്കേണ്ടവ.

നരുവരി, ഇലവ്, ഇരിപ്പ, കൊന്ന, വിളാവ് എന്നിവയുടെ തിഴലിൽവെച്ച് ഒരിക്കലും ഓതുകൊല്ലരുത്. പഠിപ്പിൽ തുല്യനായ സബ്രഹ്മചാരിയും, ഗുരുവും മരിച്ചാൽ മൂന്നു ദിവസം വേദപാഠമരുത്. അനധ്യായപാഠം, ബ്രാഹ്മണനെ ഹിംസിപ്പാൻ രാക്ഷസർക്ക് പഴുതുണ്ടാക്കിക്കൊടുക്കുന്നതാകയാൽ, വർജ്ജിക്കുകതന്നെ വേണം. സന്ധ്യാവന്ദനാദി നിത്യകർമ്മം, ഉപാകർമ്മം, ഉത്സർഗ്ഗം, ഹോമമന്ത്രം ഇവയ്ക്ക് അനധ്യായമില്ല. കാറു വല്ലാതെ വീശുമ്പോഴും അഷ്ടമ്യാദികളിലും ഒരൊറ ഋക്കോ യജുസ്സോ സാമമോ ചൊല്ലിക്കൂടാ. വേദാംഗങ്ങളും പുരാണേതിഹാസങ്ങളും ധർമ്മശാസ്ത്രങ്ങളും എന്നിവയ്ക്ക് അനധ്യായമില്ല.

Digitized By Kerala Sahitya Akademi

ഇതത്രേ, പുരുക്കത്തിൽ, ബ്രഹ്മാവു പണ്ടു മഹർഷിമാരോടരുളിച്ചെയ്ത ബ്രഹ്മചാരിധർമ്മം. യാതൊരു ദ്വിജൻ വേദം പഠിക്കാതെ മറ്റു വല്ലതിലും എർപ്പെട്ടുന്നുവോ; ആ വേദബാഹ്യനായ മൂഢനോടു ബ്രാഹ്മണർ സംസാരിക്കയേപാടില്ല. ഒന്നുചൊല്ലിയതുകൊണ്ടുമാത്രം ബ്രാഹ്മണൻ തൃപ്തിപ്പെട്ടുകൂടാ; ചൊല്ലൽമാത്രം കഴിച്ചവൻ, ചളിയിൽത്താന്ന പശുവിനെപ്പോലെ കഴങ്ങിപ്പോകും! വേദം പഠിച്ചിട്ടു വഴിപോലെ അത്ഥവിചാരം ചെയ്യാത്ത മൂഢൻ ശൂദ്രനെപ്പോലെ അപാത്രമായിരിയ്ക്കുകയേ ഉള്ളൂ. എന്നെന്നും ഗുരുവിന്റെ അടുക്കൽ വസിക്കേണമെന്നുണ്ടെങ്കിൽ, മരണംവരെ ആദ്യേഛത്തെ ശുശ്രൂഷിച്ചു പാർക്കാം; കാട്ടിൽപ്പോയി അഗ്നിയെ ശരിക്കു ഹോമിച്ചും, വേദം ചൊല്ലിയും, ബ്രഹ്മധ്യാനംചെയ്തും ഗായത്രി- ശതരുദ്രീയം- വേദാന്തം എന്നിവ ശീലിച്ചും, ഭിക്ഷാന്നമാത്രം ഭക്ഷിച്ചും വസിക്കുകയുമാകാം.

ഇതാണ്, പണ്ടു മഹർഷിമാർ ഗോതമിയ്ക്കു സായംഭുവമനു ഉപദേശിച്ചു ഉത്തമമായ അദ്ധ്യയനവിധി.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, അദ്ധ്യയനവിധികഥനം,
അമ്പത്തിനാലാമദ്ധ്യായം.



അമ്പത്തിനാലാമദ്ധ്യായം

വ്യാസൻ:—ഒന്നോ രണ്ടോ മൂന്നോ വേദവും വേദാംഗങ്ങളുംപഠിച്ചു് അത്ഥം മനസ്സിലാക്കിക്കഴിഞ്ഞാൽ, സ്നാനം(ബ്രഹ്മചര്യം കാലംകൂടൽ)നടത്താം: ഗുരുവിനു ദക്ഷിണകൊടുത്തു് അനുമതി വാങ്ങിയിട്ടു വേണം സ്നാനം. കഴിവുള്ളവനാണെങ്കിൽ,സ്നാനംചെയ്യുവ്രതം കാലംകൂടിയവൻവൈണവയഷ്ടിയും,(മുളന്തണ്ടു്)അന്തരീയോത്തരീയങ്ങളും, രണ്ടുപൂണൂലും, ജലപാത്രവും, കട, തലപ്പാവു്, മെതിയടി അല്ലെങ്കിൽ ചെരിപ്പു്, സ്വർണ്ണക്കടുക്കൻ എന്നിവയും ധരിയ്ക്കണം.

Digitized By Kerala Sahitya Akademi

ക്ഷൗരംകഴിച്ചു നഖം മുറിച്ചു ശുചിയായിരിക്കണം. ബ്രാഹ്മണൻ സ്വർണ്ണംകൊണ്ടുള്ളതൊഴിയെ തുടർത്തമാല ധരിക്കരുതു് നിത്യം വെള്ളവസ്ത്രമേ ഉടുക്കാവൂ. സുഗന്ധം പെരുമാറണം. മുതലുണ്ടെങ്കിൽ മുഷിഞ്ഞതും പഴയതുമായ വസ്ത്രമുടുക്കരുതു്. ചുകന്നതോ മോടിപിടിച്ചതോ മറെറാരാൾ ഉടുത്തതോ ആയ വസ്ത്രവും, ഞാന്യൽ ഉപയോഗിച്ച ചെരുപ്പ്-മെതിയടി-മാല എന്നിവയും വർജ്ജിക്കണം. പൂണൂൽ, അലംകാരം, ദർഭ, മാൻതോൽ, വസ്ത്രം എന്നിവ ഇടത്തോട്ടായി ധരിക്കരുതു്. വികൃതവസ്ത്രവും പാടില്ല.

രൂപലക്ഷണങ്ങളുള്ളവളും കലിനയും തനിയ്ക്കനുരൂപയുമായ സ്ത്രീയേവേണം വേഠംക്കുക. മാതൃഗോത്രത്തിലല്ലാതെ അന്യഗോത്രത്തിൽ ജനിച്ച സുശീലയും ശുദ്ധിമതിയുമായ സ്ത്രീയെയാണ് ബ്രാഹ്മണൻ ഭാര്യയാക്കേണ്ടതു്. പുത്രനുണ്ടാകുന്നതുവരെ ഋതുകാലത്തു പതിയെ ഗമിക്കണം; ഷഷ്ഠി, അഷ്ടമി, വാവു, പതിന്നാങ്ക്, ചോദശി, എന്നീദിവസങ്ങളിൽ അരുതു്. ത്രിജന്മനക്ഷത്രത്തിലും ബ്രഹ്മചാരിയായിരിക്കണം. വിവാഹാഗ്നിയെ സൂക്ഷിച്ചു മുടങ്ങാതെ ഹോമിക്കണം. സ്നാതകൻ വേദപ്രോക്തമായ സൽകർമ്മം മടിക്കൂടാതെ അനുഷ്ഠിക്കണം: അനുഷ്ഠിക്കാഞ്ഞാൽ ഘോരനരകത്തിൽ പതിച്ചുപോകും. വേഠം മനസ്സിരുത്തി ചൊല്ലണം. മഹായജ്ഞങ്ങൾക്കു ഹാനി വരുത്തരുതു്. ഗൃഹത്തിലെ കാര്യങ്ങൾ നടത്തണം. സന്ധ്യാവന്ദിക്കണം. കിടക്കാരോടും മീതെയുള്ളവരോടും സഖ്യം കൊള്ളണം. പതിവായി സ്വാമിയുടെ അടുക്കൽ പോകയും ദേവദർശനം കഴിയ്ക്കുകയും വേണം. ഭാര്യയെ വഴിപോലെ പുലർത്തണം.

ധർമ്മം വെളിപ്പെടുത്തുകയും പാപംമറച്ചു വെയ്ക്കുകയും ചെയ്യരുതു്. ഏവരിലും യോഗ്യവായി, ആത്മഹിതം അനുഷ്ഠിച്ചുകൊള്ളണം. വയസ്സു്, കർമ്മം, വിത്തം, വിദ്യ, ജാതി ജാത്യം, ദേശം, വാക്കു്, മനസ്സു് ഇവയ്ക്കനുരൂപമായിരിക്കണം നടപടി. ശ്രുതിസ്മൃതികളും വിധിച്ചിട്ടുള്ളതും, സജ്ജനങ്ങളും അനുഷ്ഠിച്ചുപോന്നതുമായ ആചാരം ഏതോ; അതല്ലാതെ മറെറാന്നു കൈക്കൊള്ളരുതു്. തന്റെ പിതൃപിതാമഹന്മാർ പോയ നല്ല വഴിയിലൂടെ നടന്നുകൊണ്ടാൽ ഒരുദോഷവും വരികയില്ല. നാംതോറും വേദപാഠം ചെയ്യണം. എപ്പോഴും പൂണൂൽ ധരിക്കണം. സത്യമേ പറയാവൂ. ക്രോധലോഭമോഹങ്ങളെ വെടിയണം.

Digitized By Kerala Sahitya Akademi

ഗായത്രീജപം, ശ്രാദ്ധം, മാതാപിതൃശുശ്രൂഷ, ബ്രാഹ്മണനു ഹിതം ചെയ്യുക എന്നിവകൊണ്ടു ഗൃഹസ്ഥനു മുക്തികിട്ടും. ദാതാവും യജമാനും വേളൈക്കുനുമായിട്ടുള്ളവൻ ബ്രഹ്മലോകത്തു പൂജിക്കപ്പെടും. എന്നെന്നും ത്രിവർഗ്ഗത്തെ വേർതിരിച്ചു സേവിച്ചും, ദേവകളെ പതിവായി പൂജിച്ചുവണങ്ങിയും, ക്ഷമാശീലനായി ദയാലുവായി സ്ഥിതിചെയ്യുന്നവനേ ഗൃഹസ്ഥനാകയുള്ളൂ; ഗൃഹംകൊണ്ടുമാത്രം ഗൃഹസ്ഥനാകയില്ല. ക്ഷമ, ദയ, വിജ്ഞാനം, സത്യം, ദമം, ശമം, ആധ്യാത്മനിത്യതാപം, ജ്ഞാനം ഇതൊക്കെയാണു് ബ്രാഹ്മണലക്ഷണം. ഇതിൽനിന്നു ബ്രാഹ്മണൻ തെറ്റരുതു്. യഥാശക്തി ധർമ്മം ആചരിയ്ക്കുക; നിഷിദ്ധങ്ങളെ വർജ്ജിയ്ക്കുക. മോഹകാലുഷ്യം കളഞ്ഞു് ഉത്തമമായ യോഗം നേടിയാൽ ഗൃഹസ്ഥനു തീർച്ചയായും ബന്ധമുക്തി ലഭിക്കും.

മറ്റൊരാൾ ആക്രമിച്ചു നിന്ദിക്കുകയോ, ജയിക്കുകയോ ആക്ഷേപിക്കുകയോ ദ്രോഹിക്കുകയോ ഖണ്ഡിക്കുകയോ വധിയ്ക്കുകതന്നെയോ ചെയ്താൽ, അതൊക്കെ സഹിയ്ക്കുക എന്നതാണു് ക്ഷമ. സപ്തദുഃഖങ്ങളിലെന്നപോലെ പരദുഃഖങ്ങളിൽ അലിവുതോന്നുക എന്നതത്രേ സാക്ഷാൽ ധർമ്മസാധനമായ ദയ. [നാലു വേദോപാംഗങ്ങൾ, ആറംഗങ്ങൾ, മീമാംസ, ന്യായവിസ്തരം, പുരാണം, ധർമ്മശാസ്ത്രം] എന്നീ പതിന്നാലു വിദ്യകളെ ശരിയ്ക്കു പഠിക്കുക എന്നതാകുന്നു ധർമ്മവർദ്ധനമായ വിജ്ഞാനം. വഴിപോലെ വിദ്യയഭ്യസിച്ചു്, അത്മനേടി ധർമ്മകാര്യങ്ങൾ ചെയ്യുന്നതിനെയാണു് വിജ്ഞാനം. സത്യത്താൽ ലോകത്തെ ജയിക്കാം; സത്യമത്രേ ആ പരമപദം; വാസ്തവത്തിൽനിന്നു തെറ്റായ്ക എന്നതാകുന്നു സത്യം. ദേഹത്തെ അടക്കുന്നതു ദമം; പ്രജ്ഞയെ പ്രസാദിപ്പിക്കുന്നതു ശമം. ദുഃഖരഹിതമായ അക്ഷരമത്രേ അധ്യാത്മം. യാതൊരുവിദ്യകൊണ്ടു പരമപുരുഷനായ ഹൃഷീകേശൻ അറിയപ്പെടുന്നുവോ; അതുതന്നെ ജ്ഞാനമെന്നതു്. തന്നിഷ്ടനായി തൽപരനായി കരിക്കലും ക്രോധിക്കാത്തവനായി ശുചിയായി മഹായജ്ഞങ്ങൾ നടത്തുന്ന വിപ്രൻ അത്യുൽകൃഷ്ടമായ ഗതിയെ നേടും.

ധർമ്മസാധനമായ ശരീരത്തെ സദ്വൃത്തം രക്ഷിക്കണം: ദേഹമില്ലെങ്കിൽ വിഷ്ണുവിനെ അറിയാൻ കഴികയില്ലല്ലോ. എന്നെന്നും ധർമ്മാർത്ഥകാമങ്ങളിൽ വ്യവസ്ഥയോടേ പെരുമാറണം; ധർമ്മരഹിതമായ അർത്ഥത്തേയോ കാമത്തേയോ സ്മരിക്കയേ ചെയ്യരുതു്. ധർമ്മംകൊണ്ടു കഷ്ടത്തിൽപ്പെട്ടുപോയാലും അധർമ്മംചെയ്യുപോകരുതു്: ഭഗ

Digitized By Kerala Sahitya Akademi

വാൻ ധർമ്മദേവനത്രേ സർവ്വശരീരികൾക്കും ഗതി. എല്ലാപ്രാണികൾക്കും പ്രിയമേ ചെയ്യുവൂ; പരദ്രോഹത്തിൽ ബുദ്ധി ചെല്ലുന്നതല്ല. വേദങ്ങളേയും ദേവകളേയും നിന്ദിക്കുകയോ, അതതരക്കാരുമായി ഇടപെടുകയോ അരുത്. ഈ ധർമ്മാഖ്യായനത്തെ ശ്രദ്ധിയായി വായിക്കുകയോ, പഠിപ്പിക്കുകയോ, കേൾപ്പിക്കുകയോ ചെയ്യുവൻപോലും ബ്രഹ്മലോകത്തു പൂജിക്കപ്പെടും.

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, പ്രത്യസ്തരചയ്ത്രപ്രത്യം
ധർമ്മത്തിയോപാഖ്യാനം.

———(൦)———

ധർമ്മവ്യാധോപാഖ്യാനം

വ്യാസൻ:—

(കളിപ്പാട്ട്)

ആരെയും ദ്രോഹിച്ചുപോകൊലാ; കേൾക്കൊലാ;
നേരുകേടോതൊല്ലനിഷ്ടാഹിതങ്ങളും,
അന്യന്റെ പുല്ലുതാൻ ശാകതോയങ്ങളും താൻ
മണ്ണുതാൻകട്ടാൽ,നരകത്തിൽ വീണുപോം.
പാർത്ഥിവശ്രേഷ്ഠരിലാണ്ടുവാണുതാ-
ത്മാസ്തിയില്ലെങ്കിലോ, വർജ്ജിക്ക ഹീനരെ.
നിത്യമൊരാളോടുതന്നെയാചിക്കരു-
ത്,ദ്ദുഃഖിതന്നിതു ജീവാപഹാരമാം!
ശ്രീവിപത്തിലും ബ്രഹ്മസ്വദേവസ്വ-
ഹാരിയാകൊല്ല വിശേഷിച്ചുമന്തണൻ.
നഞ്ഞല്ലനഞ്ഞു; നഞ്ഞായതീബ്രഹ്മസ്വ-
മഞ്ജസാ വർജ്ജിക്ക ദേവസ്വവും സദാ.
പൂ, കായ്കനി, പുല്ലുമാകേന്ധനാംബു-
മേകാതെടുപ്പുതിന്മയെന്നാൻമനു.
ദേവപൂജയ്ക്കാരേർക്കിൽ നിന്നനുവാദം
പൂവരുത്തീടൊല്ലനുവാദമെന്നിയെ.
പൂ, കായ്, വിറക്, പുല്ലെന്നിവ, ധർമ്മാർത്ഥ-
മാകിലോ പ്രത്യക്ഷമായിട്ടെടുത്തീടാം.

Digitized By Kerala Sahitya Akademi

മൽഗ യവ തിലാദ്യങ്ങളൊരുപാടി
മറുമെടുക്കാം വഴിയും വിശക്കുകിൽ
പാതകംചെയ്തിട്ടതിനെ മറയ്ക്കുവാൻ
കൈതവം സ്ത്രീശൂദ്രരോടുചൊല്ലിസ്വയം
ധർമ്മംചരിയ്ക്കുകയാണെന്നുമോർപ്പിച്ചു
ചുമ്മാവ്രതമനുഷ്ഠിച്ചുതുടങ്ങുംലാഃ
ഇങ്ങനെയും ദ്വിജനിന്ദ്യനാണീദ്വിജൻ;
തങ്ങുന്ന കള്ളവ്രതങ്ങളരക്കിൽ.
കൊറ്റിനായാണ്ടെ വേഷമേന്തുമെവൻ
മറുമവരുടെ പാപമേല്പോനവൻ;
തീർച്ചയായ് ഭ്രഷ്ടാ, മവനോടിരക്കലും
ചാവ്വും ചേർച്ചസല്പാപവും ചെയ്കിൽ
ദ്രോഹിയ്ക്കലാം തുരുവേകരേ;ഗ്ഗുരു-
ദ്രോഹമിതിൽക്കോടികോടിയിരട്ടിയാം.
നാസ്തികൃലോകാപ്പവാടങ്ങളിൽവെച്ചു
നാസ്തിക്യമെന്നതു കോടിയിരട്ടിയാം.
ഗോവിപ്രദേവതാധ്യക്ഷം, കൃഷി, രാജ-
സേവയിവകൊണ്ടു കെട്ടോരുകുലം
ധർമ്മക്രിയാഹാനിഭവിവാഹാന്യത-
ബ്രഹ്മനിന്ദാശ്രുതിത്യാഗങ്ങളാലുമേ.
ഏവമഗോത്രധർമ്മാചരണം, പര-
സ്ത്രീവാഞ്ഛ, വർജ്ജനീയാന്നമെന്നതും,
നൂനമശ്രോത്രിയശൂദ്രനിജാചാര-
ഹീനതിൽട്ടാനവും വംശം മുടിപ്പതാം.

പാക്കൊലാ, രോഗവും പാപിപാഷണ്ഡതം
പാരിച്ചുകിക്കിലും, ശൂദ്രന്റെ നാട്ടിലും.
അന്തണൻ വിന്ധ്യഹിമാദ്രിപൂർവ്വാപർ-
സിന്ധുമദ്ധ്യത്തെവിട്ടന്യത്ര വാഴ്കലാ.
മേവിടാം, കൃഷ്ണമൃഗം സ്വതേമേയുന്ന
ഭൂവിലും പുണ്യനദികളുള്ളിടവും
നല്ലതടിനിയരവിളിപ്പാടുട-
ത്തില്ലാത്തിടത്തു വസിക്കൊലാ-ഭ്രസുരൻ.

Digitized By Kerala Sahitya Akademi

ഉൽഗവ്വുമൂർഖപതിതരും, ചണ്ഡാല-
പുൽക്കസാല്യന്ത്യരുമൊന്നിച്ചു പാക്കൊലാ.
ഒന്നിൽക്കിടക്കുകി,രിക്ക, പചിക്ക, ഭോ-
റൊന്നിച്ചു ക്ലുട്ടുകൊ,രേ പന്തി, വേളിയും,
ഒത്തു പഠിക്ക, പഠിപ്പിക്ക, ക്ഷിയ്യു-
കൊ,ത്തു യജിക്ക, യജിപ്പിക്കുകിങ്ങിനെ
പത്തുമൊന്നും വഴിയെത്തുന്ന സാംകയ്യു ,
മതു സാമിച്ചാൽ പകന്നപോം പാപവും;
തിന്മവരില്ല, ഭസ്മത്താലതിരിട്ട
തമ്മിൽത്തൊടാതൊരേ പന്തിയിൽ മേവിയാൽ
നീറ,ഗ്നി, തൃണ,ഥ വാതിൽ, പുല്ലിൻകൊടി
നീരിവയാറിനാൽ പന്തി തിരിച്ചിടാം.

ശ്രുഷ്കവൈരങ്ങളേം തുടച്ചൊലാ; വേണ്ടാത്ത
തക്കങ്ങളും വർജ്ജിയ്യുകേ,ഷണിക്രട്ടൊലാ.
പയ്യൊരുത്തന്റെ വയലിൽ മേയുന്നതു
പയ്യെക്കഥിക്കൊല്ലൊരേടുത്തുവെച്ചുമേ.
ആവോളമേഷണിക്കാരനായ് ച്ചേരൊലാ;
കൈവെച്ചുപോകരുതന്യമമ്മങ്ങളിൽ.
പൊൻ,തിങ്കളു,ക്കാപരിധി കാർവില്ലു,മ്പു
ചെന്തീയിതുകളെയന്യനോടോതൊലാ.
ബന്ധുക്കളോടും ബഹുജനത്തോടുമി-
ങ്ങന്യോന്യവന്നാലും കയറിപ്പിണങ്ങൊലാ,
മറുതനിക്കനുകൂലമല്ലാത്തതു
മറവുള്ളവങ്കലുമാചരിച്ചീടൊലാ.
പക്കങ്ങൾതൻപേരുരയ്ക്കൊലാ; നക്കരു-
വർത്തമാനൻനേക്കു ചൂണ്ടുകൈ നീട്ടൊലാ.
തെല്ലുംവിശ്വാസിയില്ലാത്ത ജനത്തൊടു
സല്ലപിക്കൊല്ലാ രഹസ്യപരസ്യമൊട്ടും.
വാനവക്കും ഗുരുവിപ്രക്കുമായുള്ള
മാനം മുടക്കൊലാ; തന്നെപ്പുകഴ്ത്തൊലാ;
അന്യരെ നിന്ദിച്ചുപോകൊലാ; വർജ്ജിയ്യു-
കനുചിതമാമ്മായതേവതാനിന്ദയും:

Digitized By Kerala Sahitya Akademi

വേളദേവർഷിഗണത്തെ നിന്ദിച്ചവ-
ക്കേയു ശാസ്ത്രത്തിലും കാണാ പ്രതിവിധി.
ദേവവേണ്ടെരുനിന്ദകൻ തെരവെ-
ട്ടുവിൽത്തപിക്കയാം കല്പകോടിശതം.
വല്ലപേരും വൃഥാനിന്ദിക്കിലൊന്നമേ
ചൊല്ലാതെ കേവലം മിണ്ടാതെ നിൽക്കയോ,
കർണ്ണങ്ങളംപൊത്തിഗ്ഗമിക്കയൊചെയ്യണം,
കണ്ണിനലാക്കാക്കരുതാജ്ജനങ്ങളെ
വീട്ടിൽക്കടത്തരുതപ്പനേന്ദ്രക-
ക്കുട്ടരെ, ശ്രേഷ്ഠരായ് ച്ചൊയ്യാലാവതെവും
പാതകക്കാരനെപ്പറിക്കഥിക്കൊലാ
പാതകിയെന്നമപാതകിയെന്നമേ:
നേരെങ്കിലിങ്ങൊരേദോഷംവരും വ്യാജ-
ഗീരെങ്കിലൊ, വൃഥാ കുറ്റംചുമത്തലാം.
കുറ്റംവൃഥൈവചുമത്തപ്പെട്ടന്നവ-
ന്നിറനിറവീഴുന്നകണ്ണുനീരങ്ങസാ,
കുറ്റംചുമത്തിപ്പുറഞ്ഞപരിഷ്കാരം-
ക്കുറഗോപുത്രർച്ചുട്ട പൊടിയുമേ!
ചോരണത്തിനും ഭീജഹതിയുംപ്പോര
മാർസംഗത്തിനും, മദ്യപാനത്തിനും
മറ്റുപ്രതിവിധി വുണ്ടുക്കിവുണ്ടു,
കുറ്റംചുമത്തിപ്പുറഞ്ഞതിന്നില്ലപോൽ!

അക്കേന്ദ്രദർശനം വർജ്ജ്യംമറവിലു-
മസ്മോഭേങ്ങളിൽ മധ്യസ്ഥിതിയിലും;
നീരിലൊ കണ്ണാടിത്തണ്ണിലൊബിംബിച്ച
സുരോഡുവരെയും പാഴിൽനോക്കീടൊലാ.
നോക്കുകാലാനഗ്നരാം സ്ത്രീപുമാന്മാരെയും
നേർക്കിണക്കുടലും മൂത്രമലങ്ങളും
സൈരമശ്ലീലനായ് നിന്നവീക്ഷിക്കൊലാ
സുചന്ദ്രാലികളാകുംഫലങ്ങളെ
എച്ചിലായുംമുഖാമുണ്ടിട്ടുമൂടിയു-
മില്ലയാചെയ്യുപോകൊല്ലസംഭ്രമം.

Digitized By Kerala Sahitya Akademi

സംക്രുദ്ധനാം രുദ്രന്റെ മുഖവും, ശവ-
സംസ്കാരവും, കേതിവേളയിൽപ്പന്തിയും,
അംബുജത്തെലങ്ങളിൽപ്പായയുംനോക്കരു-
ത്തുന്മുകുബന്ധഗജോന്മത്തർതമ്മെയും
ഉണ്ണാലാ മെയ്യയോടൊന്നിച്ചിരുന്നവ-
ളുണ്ണുന്നതോ കോട്ടുവായിട്ടിടുന്നതോ
ഉമ്മുന്നതോ സുഖമായിട്ടൊരാസന-
ത്തിന്മേലിരിപ്പതോ നോക്കെല്ലു ബുദ്ധിമാൻ.
എൾപ്പോരുപായസം, തെന, നുംതേൻ, തയി
രപ്പിഷ്ടവും മൃഗത്തോലും ഗവിസ്സുമേ
ശുദ്ധൻ നൽകെല്ലു,വനോടൊർക്കലും
കീർത്തിച്ചുപോകൊല്ല ധർമ്മവൃത്തങ്ങളും.

രാഗവും ദ്വേഷവും ക്രോധവും ലോഭവും
ശോകവും മോഹവുമീർഷ്യയും ദംഭവും
അജ്ഞാനനിദ്രാവജ്രഗർവുന്മൂഢയും
ഹീനനിഷേവയും വർജ്ജിക്കേണ്ടുന്നയും
ആരെയും നോവിച്ചിടൊല്ല; ശിഷ്യാത്മജ-
ന്മാരെയാകട്ടേ, ശരിയ്ക്കു താഡിക്കണം.
മാനംകളയൊലാ; വർജ്ജിക്കരുതൊരുവും
മാന്യധിക്കാരവും തൻനില താഴ്ത്തലും.
ഭൂവിൽനഖങ്ങളെക്കൊണ്ടു വരയ്ക്കൊലാ
ഗോവിനെക്കെട്ടിയിടൊല്ല ഗോശാലയിൽ.
ചാലേനടിയിങ്കൽവെച്ചു നടിയെയും
ശൈലത്തിൽവെച്ചു ശൈലത്തെയുംചൊല്ലൊലാ.
കേതിവാസങ്ങളും സ്ത്രീത്വവും വിട്ടരു-
ത്,സ്സൂസപ്പുങ്ങളെക്കൊണ്ടു കളിക്കൊലാ.
അഗ്നിയെച്ചാടിക്കടക്കൊലാ ബുദ്ധിമാൻ;
നഗ്നനായിട്ടു ജലത്തിലിറങ്ങൊലാ
ശ്ലേഷ്മത്തോടൊത്തു നടക്കൊലാ; മൂത്രനി,
ഷേചനിൻ ബാക്കിയാമെണ്ണ മേൽത്തേയ്ക്കൊലാ.
നീർകുടിക്കൊല്ലാ കൊടാനയാൽ; വായ് വയർ-
കേകുകാൽ മിഴിശ്രോത്ര ഘാണവും കൊള്ളൊലാ.

Digitized By Kerala Sahitya Akademi

അംഭസി തല്പേലാ കൈകാൽകളാൽ; തൊടൊ-
ല്ലുംഗരസ്രങ്ങളും ഇഹ്യരോമങ്ങളും.
കൊട്ടോലാ വാദ്യങ്ങളം ഗാത്രനഖങ്ങളാൽ;
ഇഷ്ടികകൊണ്ടു ചതയ്ക്കൊലാ കായ്കനി.
ആസനം കാൽകൊണ്ടു നീക്കൊലാ; ശ്ലേഷ്മർതൻ
ഭാഷപറിക്കൊലാ; പാഴ് ചേഷ്ട ചെയ്യൊലാ.
മർദ്ദനംമേലാൽ ഞൊടിയ്ക്കൽ വരുത്തലും
വ്യർത്ഥമായ് ചെയ്യൊലാ നമ്മിപ്പൊളിക്കലും
ക്ഷ്വേളംമഴിത്തട്ടിൽ വെച്ചുഭുജിക്കൊലാ;
ഭവ്യൻ വിവർജ്ജിക്ക പാട്ടകൊട്ടാട്ടവും.
മണ്ണൊല്ല; ചൂതുകളിയ്ക്കുല്ല; ത്വൻമൂർദ്ധനി
രണ്ടുകൈകൊണ്ടുമൊന്നിച്ചു കൊറിയൊലാ.
വാചസ്പതിയുടെയാകിലും ലൗകിക-
വാക്കുകൾകൊല്ലി സ്തുതിക്കൊലാ ദേവനെ.
നീരിൽ വിൺമൂത്രങ്ങൾ വീഴ്ത്തലാ; നഗ്നനായ്
നീരാടരുതെ,ച്ചിലായിക്കിടക്കൊലാ.
സൈരമുറങ്ങുന്നവനെയുണർത്തൊല്ല;
ചേരാനടന്നുകൊണ്ടുള്ള വായിയ്ക്കലും.
തൻതലയിങ്കൽത്തടവൊല്ല; സത്തമൻ
തന്നുള്ളാൽ നഖരോമം മുറിക്കൊലാ.

ബാലാതപപ്രേത ധൂമങ്ങളേറിടൊ-
ല്ലാ,ളൊഴിഞ്ഞുള്ള ഗർത്തമിറങ്ങലാ.
താൻതാങ്ങാടുക്കൊല്ല കാൽച്ചുവപ്പാറിനെ
നീന്തിക്കടക്കൊല്ല; വേണ്ടാതെ തുപ്പൊലാ.
കാൽകഴുകൊല്ല കാൽകൊണ്ടു; പാത്രത്തിലു-
മാകരുതംഘ്രിയിൽത്തീച്ചൂടിയറൊലാ.
ദേവഗോബ്രാഹ്മണവായുസൂര്യേന്ദു-
ധ്രുവന്മാരുടെ നേർക്കുകാൽ നീട്ടൊലാ.
യാത്ര, കിടപ്പു, പുറപ്പെടുന്നിറങ്ങലു,-
ണ്ണൊ,ത്തോതൽ, പാടില്ല തൊന്നു മറ്റുള്ളിയിൽ
ക്ഷൗരമുദ്വർത്തനമുണ്ണുമുറക്കവു-
ന്തീരെ നിഷിദ്ധമാം സന്ധ്യകർമ്മന്നിലും.

Digitized By Kerala Sahitya Akademi

എച്ചിലായ് വിപ്രാഗ്നി ഗോദേവബ്രാഹ്മണ-
ളെന്നും തൊടൊല്ലാ; ചവിട്ടൊല്ലിളക്കൊലാ.
പാവകസ്പൃശ്യാ ദേവർഷികീർത്തന
മീവകയൊന്നുമശുദ്ധനായ് ചെയ്യൊലാ,
ഞാഴമേനാവെള്ളത്തിലിറങ്ങൊലാ;
പാഴിലേ ചെയ്യായ്ക സംക്ഷാളനാദികം
വാമഹസ്തത്താലഥവാമുഖത്തിനാൽ
ധീമാനെടുത്തുകുടിച്ചിടൊല്ലാ ജലം.
പാത്രസ്സിൽനിന്നാചമിക്കാതെ കേറൊലാ.
തേത്സ്സവീഴ്ത്തൊലാ തുപ്പൊലാവാരിയിൽ
ചാടിക്കടക്കൊലാ മാന്യമായുള്ളതും
തോട്ടംനിന്നം നഞ്ഞേധ്യംപൂണ്ടതും
ശിഷ്ടൻ ജലസ്ഥനായ് മൈഥുനം ചെയ്യൊലാ.
വെട്ടിക്കളയൊല്ല ചൈത്യവൃക്ഷത്തിനെ.
കേശകർഷകപാലമസ്ഥികളിൽ-
ക്കേറിനിൽക്കൊല്ലുമി മുള്ളില്ലിവറിലും.
ഉഴതൊലാ, ചാടിക്കടക്കൊലാ, തിയ്യിനെ-
ത്രസ്തലേ വെയ്ക്കൊലാ, കാൽകൊണ്ടുനീക്കൊലാ,
നീരാൽക്കെടുത്തൊല്ലി, തൊല്ല തീ തിയ്യിലായ്;
കേറൊല്ലവൃക്ഷ,മശുദ്ധനായ് നോക്കൊലാ.

ചൊല്ലൊല്ലമിത്രമരണം പരനോട
കള്ളച്ചുരക്കുമപണ്യവും വിൽക്കൊലാ.
തോയാശയത്തിലും പുണ്യസ്ഥലത്തിലും
സ്വീയമായിട്ടതിർ വെയ്ക്കൊലാ നല്ലവൻ.
തെറിയ്ക്കൊലാ മൻപ്രതിജ്ഞ; പരക്കഴൽ
പറിയ്ക്കൊലാ ജലവാതാതപാദിയാൽ.
പുണ്യങ്ങളാകിയ കർമ്മങ്ങൾചെയ്തു
പിന്നൊപ്പുരോഹിതന്മാരെച്ചതിക്കൊലാ.
പോരടിപ്പിക്കൊലാ വ്യാഘ്ര്യാദിയാൽ;ഗ്രഹ-
ഭേദമടപ്പിക്കുകന്തിക്ഷസ്സിലും.
ഗന്ധനിർമ്മാല്യങ്ങൾ പതിയൊത്തുണ്ണലു-
മന്തണൻ വർജ്ജിക്കവാടം കലഹവും.

Digitized By Kerala Sahitya Akademi

നിന്ന തിന്നൊല്ലാ; പറഞ്ഞു ചിരിക്കൊല്ല;
ചെന്നതൊടൊല്ല കരത്താൽ നിജാഗ്നിയെ.
പാളി, മുറം, കയ്യിവകൊണ്ടുമുതിരു-
മാളിക്കൊലാ തീ; മുഖജന്നല്ലോശിഖി
വാരിയിൽ നിൽക്കരുതേറെനേരം; പര-
നാരിയായ് മിണ്ടൊലാ; വസ്തുമലക്കൊലാ
യാഗമയാജ്യനൊക്കൊണ്ടുചെയ്തിരു-
തേകനായും നടക്കൊല്ല ക്ലുപ്തത്തിലും.
ക്ഷേത്രമിടത്തു കവയ്ക്കൊല്ലുറങ്ങരു-
താത്മപതിതാദ്യരൊത്തു ഗമിക്കൊലാ
വെള്ളവും മറുമില്ലാതെയും യാത്രനാ-
ന്നല്ല കാലിന്മേൽ ചെരിപ്പു കൂടാതെയും.
പട്ടപോലിന്നിട്ട പോകൊല്ലിടം വെച്ചു;
ശിഷ്ടവ്രതിയതിമാത്രപുഴിക്കൊലാ.
കോരിക്കുളിക്കൊലാ; ചൂൽപ്പൊടിയേൽക്കൊലാ;
തീരെ വർജ്ജിക്ക നിന്ദിതാന്ന പാനവും
ദേവഗോബ്രഹ്മജടിജരായയിൽ ദയം
കാൽവെയ്ക്കൊലാ, തൻനിഴലിൽ നിഷ്ഠീവരുതു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, വിവിധധർമ്മവർണ്ണനം
അമ്പത്തഞ്ചാമദ്ധ്യായം

———(o)———

അമ്പത്താറാമദ്ധ്യായം

വ്യാസൻ:—ബ്രാഹ്മണൻ മൈഥ്യമോ കാമമോമൂലം ശൂദ്രന്റെ ചോർ ഉണ്ടുപോകരുതു്; ആപത്തിലല്ലാതെ ഉണ്ടാൽ ശൂദ്രയോനിയിൽ പതിച്ചുപോകും. നിഷിദ്ധമായ ശൂദ്രാന്നം ഒരുമാസം ഭക്ഷിച്ച ബ്രാഹ്മണൻ ജീവിച്ചിരിക്കെത്തന്നെ ശൂദ്രനായിപ്പോകുന്നു; മരിച്ചാലൊ, ശ്വാവായി പിറക്കും. ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രരിൽ വെച്ചു് ആരുടെ അന്നം വയറിൽക്കിടക്കേ മരിക്കുന്നുവോ; അവന്റെ ജാതിയിലാകും ജനനം.. നടൻ, നർത്തകൻ,

Digitized By Kerala Sahitya Akademi

ചണ്ഡാലൻ, തോൽപ്പണിക്കാരൻ, ഗണിക എന്നിവരുടേയും ഒരുസംഘത്തിന്നായി ശേഖരിച്ചതും എന്നീഅന്നവുമെല്ലാം അന്നംഭക്ഷിച്ചുകൂടാ. വക്കാൻ, അലക്കുകാരൻ, കവർച്ചക്കാരൻ, ദാംഭികൻ, ഗായകൻ, ഇരുമ്പുവേലക്കാരൻ, പുലക്കാരൻ, കംഭകാരൻ, ചിത്രകാരൻ, തച്ചൻ, പതിതൻ. പൌനർഭവൻ (പുനർഭൂവിന്നീതാപുത്രൻ) കടുപണ്ടാക്കുന്നവൻ, രാജഭണ്ഡിതൻ, പൊൻപണിക്കാരൻ, ശൈലൂഷൻ, വ്യാധൻ, തുന്നി, മദ്യവിൽപ്പനക്കാരൻ, വൃഷലീപതി, ഭണ്ഡകൻ, ചോരൻ, നാസ്തികൻ, ദേവനിന്ദകൻ, സോമം വിൽക്കുന്നവൻ, വിശേഷിച്ചും ശവപചൻ, മാംസം കീഴ്പെട്ടവൻ; ഗൃഹത്തിൽ ജാതസംസർഗ്ഗമുള്ളവൻ, ക്രൂരൻ, പിശുക്കൻ, ഉച്ഛിഷ്ടഭോജി, മഹാപാപി, പടയാളി, ഭീരു, കരയുന്നവൻ, ബ്രാഹ്മണദ്വേഷി എന്നിവരുടെ അന്നവും ഒരുസംഘത്തിലെ അന്നവും വർജ്ജിക്കണം. നിന്ദിതവും കേട്ടപോറിയും കരവാളിച്ചതുമായ അന്നം ഭക്ഷിക്കരുതു്. സന്തതിയില്ലാത്ത സ്ത്രീ, കൃതഘ്നൻ, ആയുധം വിൽക്കുന്നവൻ, വെറുതെ കുറ്റപ്പെടുന്നവൻ, ശൌണ്ഡികൻ (മദ്യകാരൻ) ഘണ്ടികൻ (മണിയടിക്കുന്നവൻ) വർണ്ണസംകരം വന്നവൻ, പരിവേത്താവു്, (ജ്യേഷ്ഠനു മുമ്പു വേട്ടവൻ) പുനർഭൂവു് (പുനർവിവാഹിത), ദീധിഷൂപതി (മരിച്ച ജ്യേഷ്ഠന്റെ ഭാര്യയെ വേട്ടവൻ) എന്നിവരുടെ പോറ്റുന്നരുതു്. ചാരനുണ്ണരുതു്. അവജ്ഞ, കോപം, വിസ്മയം ഇവയോടുകൂടിയോ, ചിന്നിച്ചിതറിച്ചോ ഉടൻ കഴിക്കരുതു്. വെട്ടപ്പുവരുത്താതെ അന്നം, ക്രൂരന്റേതായാലും, ഭക്ഷിച്ചുകൂടാ. മനുഷ്യന്റെ ദുഷ്കൃതമെല്ലാം അന്നത്തിലെത്തി സ്ഥിതി ചെയ്യുന്നതു്; ആർ അന്നത്തെ അന്നം ഭുജിയ്ക്കുന്നുവോ, അവൻ അവന്റെ പാപം ഭുജിയ്ക്കുന്നു. ശൂദ്രരിൽ, അർദ്ധികൻ (കൃഷിഫലത്തിൽ പകുതിയുടമക്കാരി,) കുലമിത്രം, ഗോപൻ, ഭോസൻ, നാപിതൻ, (ശൂദ്രസ്ത്രീയിൽ ക്ഷത്രിയനു പിറന്നവൻ) ആത്മാപ്പണം ചെയ്യുവൻ എന്നിവരുടെ അന്നം ഭക്ഷിക്കാം; കുശീലവൻ, കംഭകാരൻ, ക്ഷേത്രപരിചാരകൻ എന്നിവരുടെ അന്നവും, വല്ല ഉപകാരവും ചെയ്തുകൊടുത്തിട്ടു ഭക്ഷിക്കാം. പാൽ, ചേന്നു്, നെയ്യിൽ പചിച്ചതു, ഗോരസം, മലർപ്പൊടി, ചിണ്ണാക്കു്, എള്ളു എന്നിവ ശൂദ്രനിൽ നിന്നു ബ്രാഹ്മണനു സ്വീകരിക്കാം.

Digitized By Kerala Sahitya Akademi

ചെറുവഴുതിന, നാരീചം എന്ന ശാകം, കയ്പു്, അശ്മന്തകം, മൂന്നാഴം ഉള്ളി, ഇരുന്നപുളിച്ചതു്, നിര്യാസം (വൃക്ഷാദികളുടെ പാൽ), ക്ഷൗദ്രം, പീലുപ്പന്നി (പോക്ക്), പെറ്റിട്ട് ഏഴുനാൾ കഴിയാത്ത പയ്യിന്റെ പാൽ എന്നിവ ബ്രാഹ്മണൻ ഭക്ഷിക്കരുതു്. മുരിങ്ങിക്കിഴങ്ങു്, കുമ്പളങ്ങ, അത്തിപ്പഴം, ചുരങ്ങ എന്നിവ ഭക്ഷിച്ചാൽ ബ്രാഹ്മണൻ ദ്വിജനായിപ്പോകും. എരുച്ചോറു, യവപായസം, പായസം, അപ്പം എന്നിവ വെറുതേ ഭക്ഷിച്ചുകൂടാ. അസംസ്കൃതമായ മത്സ്യമാംസങ്ങളും, നൈവേദ്യവും, ഹവിസ്സും, കഞ്ഞിയും, മാതളനാരങ്ങയും, കടമ്പ്-വിളാവു്-എന്നിവയുടെ കായും, പിണ്ണാക്കും, ദേവധാന്യവും അഭക്ഷ്യങ്ങളത്രെ. എരുചേന്നും, തണ്ണിമത്തൻ രാത്രിയിലരുതു്. പാലും തൈരും ചേർത്തു കുടിക്കരുതു്. ചോറിൽ ഉപ്പിടരുതു്.

കുമിയൊ പുഴുവൊ തലനാരൊ മറെറാ ചേന്നതും ഉണ്ടാക്കുന്നോരും ചീത്തയായതും, നല്ല മനസ്സോടേ നൽകപ്പെട്ടതല്ലാത്തതും, സാരമലവുള്ളതും, നായോ പയ്യോ മനുഷ്യൻ തന്നേയോ രുചിച്ചതും, രണ്ടാമതു പചിക്കപ്പെട്ടതും, രജസ്വലാചണ്ഡാലപതിതരുടെ ദൃഷ്ടിയിൽപ്പെട്ടതും, ചേറ്റു വരാത്തതും, പഴകിയതും, പാകം തെറ്റിയതും, കാക്കയോ കോഴിയോ കഷ്ഠരോഗിയോ തൊട്ടതും, രജസ്വലയോ പുംശ്ചലിയോ രോഗിണിയോ മുഷിഞ്ഞവസ്ത്രമുടുത്ത ആളോ വിളമ്പിയതും ഭക്ഷിച്ചുപോകരുതു്. കുട്ടി ചത്ത പയ്യിന്റേറയും അടുട്ടിന്റേറയും, പേറിയപ്പൊഴത്തതിന്റേറയും കറിയാടിന്റേറയും പിടിയാനയുടേയും പാൽ കുടിക്കരുതെന്നു മനു പറഞ്ഞിരിക്കുന്നു.

വെള്ളിൽ, അരയന്നം, നത്തു് ഉപ്പുരുകിൽ, തത്ത, അഴുകികിൽ, ചെമ്പോത്തു്, കയിൽ, കാക്ക, കരിങ്കരികിൽ, പരുന്തു്, കഴുക്, മൂങ്ങ, ചക്രവാകം, കടൽക്കാക്ക, പിറാവു്, മാടപ്പിറാവു്, കളക്കോഴി, നാട്ടുകോഴി, സിംഹം, വ്യാഘ്രം, പൂച്ച, നായ്, പന്നി, കുരക്കൻ, കുരങ്ങൻ, കഴുത, എന്നീ ജലസ്ഥലചരങ്ങളായ ജന്തുക്കളുടെ മാംസം ഭക്ഷിച്ചുകൂടാ; ഉറുമ്പു്, ഈച്ച, മൂയൽ, വാരാൻ, മുള്ളൻപന്നി എന്നീ പഞ്ചനഖങ്ങളും (അഞ്ചു നഖമുള്ളവ) ഭക്ഷ്യങ്ങളാണെന്നതു് മനുവിന്റെ പക്ഷം. ശൽക്കം (ചെല്ലു) കളയാതെ മത്സ്യവും, ദേവകർമ്മത്തിനോ ബ്രാഹ്മണർക്കോ നിവേദിക്കാതെ കൃഷ്ണമൃഗമാംസവും ഭക്ഷിക്കരുതു്. മയിൽ, തിത്തിരിപ്പൂള്, കപിഞ്ജലം, വാർദ്ധ്രീണസം,

Digitized By Kerala Sahitya Akademi

കൊറി, എന്നിവ ഭക്ഷിക്കാമെന്നു മനു പറഞ്ഞിരിക്കുന്നു. മത്സ്യങ്ങളിൽ, ശഫരിയും സിംഹതുണ്ഡവും, പാഠീനവും, രോഹിതവും ഭക്ഷിക്കാവുന്നവയാണു്

വേണമെന്നു തോന്നുക, പ്രാണൻ പൊയ്പോകുമെന്നാവുക ഈ രണ്ടവസ്ഥകളിൽ മാംസം യഥാവിധി പ്രയോഗിച്ചു ശുദ്ധിപ്പെടുത്തി ഭക്ഷിക്കാം. മരുന്നായോ യജ്ഞാദ്യർത്ഥമായോ ക്ഷണനത്താലോ ഭക്ഷിക്കുന്നതിലും ദോഷമില്ല. പിതൃദേവപൂജകളിൽ ക്ഷണിക്കപ്പെട്ടിട്ടു മാംസം ഭക്ഷിക്കാതിരുന്നാൽ, അവൻ, പശുവിന്നു രോമമെത്രയോ അത്രയും നരകങ്ങളിൽ പതിക്കും.

കൊടുക്കുകയോ കുടിക്കുകയോ തൊടുകയോ കാണുകയുമെന്നതോ ചെയ്യുകൂടാത്തതെന്നാണു്, ബ്രാഹ്മണക്കു മദ്യം. മദ്യപാനത്താൽ ബ്രാഹ്മണൻ കർമ്മങ്ങളിൽ നിന്നധഃപതിച്ചു, സംഭാഷണത്തിനുപോലും അനർഹനായിത്തീരും. അഭക്ഷ്യഭക്ഷണവും, അപേയപാനവും ബ്രാഹ്മണനെ ഏകദേശമായി അധഃപതിപ്പിച്ചു് അനധികാരിയാക്കിക്കളയും. അതിനാൽ അവ പണ്ടിപ്പെട്ടും വർജ്ജിക്കുകതന്നെ വേണം:

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, ഭക്ഷ്യാഭക്ഷ്യവിനിർണ്ണയം
അമ്പത്താറാമധ്യായം.

———(o)———

അമ്പത്തേഴാമദ്ധ്യായം

———

വ്യാസൻ:—ഇനി, ബ്രഹ്മാവു പണ്ടു ബ്രഹ്മർഷികളോടരുളിച്ചെയ്ത മാനധർമ്മം വിവരിക്കാം.

ധനത്തെ തക്കപാത്രത്തിൽ സശ്രദ്ധം സമർപ്പിയ്ക എന്നതു ദേഹിമുക്തിപ്രദമായ കർമ്മമത്രേ. വിശിഷ്ടർക്കു സശ്രദ്ധം ദാനം ചെയ്യുന്നതേ തനതായിട്ടുള്ളൂ; ബാക്കി, ആതുരന്മാരോ, താൻ സൂക്ഷിച്ചുപോരുന്നവരെന്നു മാത്രം! നിത്യം, നൈമിത്തികം, കാമ്യം, വിമലം എന്നിങ്ങിനെ നാലുതരത്തിലാണു് ദാനം; നാലാമത്തേതു സർവ്വോൽകൃഷ്ടമാകുന്നു: ഇങ്ങിട്ടുപകാരമൊന്നും ചെയ്യിട്ടില്ലാത്ത ഒരു ബ്രാഹ്മ

Digitized By Kerala Sahitya Akademi

ന്നേ, ഫലം ഉദ്ദേശിച്ചുകൊണ്ടു നാമതോരും വല്ലതും കൊടുക്കുകയെന്നതു നിത്യദാനം; പാപോപശാന്തിയ്ക്കായി പണ്ഡിതന്മാർക്കു നൽകപ്പെടുന്നതു നൈമിത്തികം; സന്തതിയ്ക്കോ വിജയത്തിനോ മറ്റൊരുത്തിനോ സുഖത്തിനോ വേണ്ടിയുള്ളതു കാമ്യദാനം; ഈശ്വരപ്രീതിക്കുമായി, ധർമ്മം മാത്രം കരുതി ബ്രഹ്മജ്ഞാനികൾക്കു ചെയ്യുന്ന ദാനം വിമലമെന്നു പറയപ്പെടുന്നു.

പാത്രത്തെ കണ്ടെത്തിയാൽ യഥാശക്തി ദാനധർമ്മം അനുഷ്ഠിക്കണം: ആർ ഉൽഗതി വരുത്തുന്നുവോ, അവനാണു പാത്രം. അപാത്രദാനം കൊണ്ടു ഒരു ഫലവും കിട്ടാനില്ല. കുടുംബത്തിന്റെ ഉയർച്ചയും ഉടപ്പും കഴിച്ചു് ബാക്കിയുള്ളതൊക്കെ കലീനനും വിനീതനും തപസ്വിയും ശ്രോത്രിയും ദരിദ്രനുമായ ശ്രോത്രിയനു ഭക്തിപൂർവ്വം ദാനം ചെയ്യണം.

ആഹിതാഗ്നിയായ ബ്രാഹ്മണനു ദാനം ചെയ്യുവൻ ഉഭയഹിതമായ പരമപദപ്രാപ്തിയടയും. കരിമ്പും യവവും കോതമ്പും നിറഞ്ഞ ഭൂമിയെ വേളജനു ദാനം ചെയ്യുവനു പുനർജ്ജന്മമുണ്ടാകില്ല. ഗോചർമ്മപ്രമാണം ഭൂമിയെങ്കിലും ദരിദ്രബ്രാഹ്മണനു കൊടുത്താൽ സർവ്വപാപങ്ങളും വിട്ടൊഴിയും. ഭൂമിദാനത്തിൽ കവിഞ്ഞു മറ്റു ദാനമില്ല; അന്നദാനം അതിനൊക്കും. അതിൽ മീതെയാണു് വിദ്യാദാനം. ശാന്തനും ശ്രുതനും ധാർമ്മികനുമായ ബ്രാഹ്മണനു വഴിപോലെ വിദ്യാദാനം ചെയ്യുവൻ ബ്രഹ്മലോകത്തു് പൂജിക്കപ്പെടും. ബ്രഹ്മചാരിയ്ക്കു നാമതോരും സ്വർണ്ണം നൽകുന്നവൻ സർവ്വപാപവും നീങ്ങി ബ്രഹ്മലോകം പ്രാപിയ്ക്കും. ഗൃഹസ്ഥനു് അന്നം തന്നെയാണു് നൽകേണ്ടതു്; അതു് നൽകിയാൽ പരഗതി ലഭിയ്ക്കും. വൈശാഖപൗർണ്ണമാസിയിൽ മനസ്സടക്കി ശാന്തനായി ശ്രുതനായി ഉപവസിച്ചിട്ടു് അഞ്ചോ ഏഴോ ബ്രാഹ്മണരെ പൂജിച്ചു, കരുത്ത എള്ളും വിശേഷിച്ചു് നേരം 'ധർമ്മരാജൻ പ്രസാദിക്കട്ടെ' എന്നു പ്രാർത്ഥിച്ചു ദാനം ചെയ്യുവനു, ജീവകാലത്തിലെ പാപമൊക്കെ തൽക്ഷണം നശിയ്ക്കും. എള്ളു മാൻതോലിലാക്കി സ്വർണ്ണത്തോടും തേൻ നെയ്യോടുംകൂടി വിപ്രനു കൊടുത്താൽ സംവൃതിതവും പിന്നിട്ടുമാറാകും. വൈശാഖത്തിൽ വിശേഷിച്ചും, മൊത്തമെല്ലാം നീർക്കടവും കൂടി ധർമ്മരാജപ്രീതിക്കായി ദാനംചെയ്യുന്നാൽ ഭയം വിട്ടൊഴിയും. ഏഴോ അഞ്ചോ ബ്രാഹ്മണരെ സ്വർണ്ണവും എള്ളും ജലപാത്രവുംകൊടുത്തു പ്രസാദിപ്പിച്ചാൽ ബ്രഹ്മഹത്യപോലും വിട്ടുമാറും. മാഘമാസത്തിലെ

Digitized By Kerala Sahitya Akademi

കറുത്ത പ്രതിപദ നാളിൽ വെള്ളവസ്ത്രം ധരിച്ച് തിലഹോമം മനസ്സിൽ ചിന്തിച്ചുകൊണ്ട് തിലംതന്നെ ബ്രാഹ്മണർക്ക് ദാനംചെയ്താൽ, ജനനംമുതൽക്കുള്ള ദുരിതമൊക്കെ ശമിയ്ക്കും. അമാവാസിയിൽ ഒരു തപസ്വിയായ ബ്രാഹ്മണനെ, 'സനാതനനായ ഹൃഷീകേശൻ പ്രസാദിക്കട്ടേ' എന്നു പ്രതിജ്ഞചെയ്ത് വല്ലതും ദാനംചെയ്താൽ ഏഴു ജന്മങ്ങളിലെ പാപം അനുഭവിപ്പെടും. കറുത്ത പതിനാങ്കിൽ സ്നാനം ചെയ്ത് പിതൃക്കളെ പ്രീതിക്കായി ബ്രാഹ്മണനെ ആരാധിച്ചവന് പുനർജ്ജന്മമില്ല. കൃഷ്ണാഷ്ടമിയിൽ ധാർമ്മികനായ ഒരു ബ്രാഹ്മണനെ കാൽകഴുകിക്കയും മറ്റും ചെയ്ത്, 'മഹാദേവൻ പ്രസാദിക്കട്ടേ' എന്നു നേർന്ന് വല്ലതും ദാനം ചെയ്താൽ പാപം നീങ്ങി പരമഗതികിട്ടും. കൃഷ്ണാഷ്ടമീവ്രതമനുഷ്ഠിക്കുന്ന അമാവാസികളിൽ ക്ഷേത്രമായ ബ്രാഹ്മണർ മുക്കണ്ണൻതിരുവടിയെ പൂജിക്കണം.

ഏകാദശി നോറ്റു പ്രദോഷനാൾ വിഷ്ണുവിനെ ബ്രാഹ്മണമുഖേന പൂജിച്ചവൻ പരമഗതിയടയും. വെളുത്തപക്ഷത്തിലെ പ്രദോഷി വൈഷ്ണവതിഥിയാകുന്നു. അന്ന് ജനാർദ്ദനനെ സയത്നം പൂജിക്കണം. ശിവനേയോ വിഷ്ണുവിനേയോ ഉദ്ദേശിച്ച്, ത്രിഗുണനായ ബ്രാഹ്മണനെ വല്ലതുമൊന്നു ദാനംചെയ്താൽ, അതിന്റെ ഫലത്തിനവസാനമില്ല. ഏതു ദേവതയെ ആരാധിപ്പാനും ഇച്ഛിയ്ക്കുന്നവനും ബ്രാഹ്മണനെ സയത്നം പൂജിച്ചാൽമതി: സകല ബ്രാഹ്മണരൂപം പൂണ്ടതേ ദേവതകളും വർത്തിക്കുന്നുള്ളൂ. ബ്രാഹ്മണരെ കിട്ടാഞ്ഞാൽ വിഗ്രഹങ്ങളിലും മറ്റും പൂജിയ്ക്കുക. ബ്രാഹ്മണർ ദേവപൂജ മുടങ്ങാതെ അന്വേഷിച്ചുകൊള്ളണം: ഭക്തിശ്രദ്ധ വേണമെന്നുള്ളവർ പുരന്ദരനേയും, ബ്രഹ്മതേജസ്സാഗ്രഹിയ്ക്കുന്നവർ ബ്രഹ്മാവിനേയും, ആരോഗ്യകാമർ ആദിത്യനേയും, ധനേച്ഛു അഗ്നിയേയും, കർമ്മസിദ്ധി കാംക്ഷിക്കുന്നവർ വിനായകനേയും ഭോഗലോലുപർ ചന്ദ്രനേയും, ബലൈശ്വര്യം വായുവിനേയും, മുമുക്ഷു മുകുന്ദനേയും ആരാധിക്കണം. യോഗവും മോക്ഷവും ആത്മജ്ഞാനവും ആഗ്രഹിക്കുന്നവൻ ത്രിലോചനസ്വാമിയെ പൂജിക്കണം. മികച്ച ഭോഗങ്ങളും ജ്ഞാനങ്ങളും തേടുന്നവരാകട്ടെ, മഹേശ്വരമാധവന്മാരെ ഭക്തിപൂർവ്വം അർച്ചിക്കട്ടെ.

ജലം ദാനം ചെയ്യുവൻ തൃപ്തനായിവരും; എണ്ണ കൊടുത്തവനു ഇന്ദ്രിയസന്തതിയുണ്ടാകും; വിളക്കു നൽകിയവനു മികച്ച കണ്കാ

Digitized By Kerala Sahitya Akademi

ഴ്ച സിദ്ധിക്കും; ഭ്രാതാവിന്നു് എന്തും നിറവേറും; സ്വർണ്ണദാൻ ദീർഘാ
യുസ്സാകും; ഗുരുഭാതാവിന്നു് ഒന്നാന്തരം ഭോജനങ്ങൾ കിട്ടും; വെള്ളി
കൊടുത്തവന്നു സൌന്ദര്യം ലഭിക്കും; വസ്ത്രദാനം ചന്ദ്രസാലോക്യവും, അ
ശ്വദാനം മികച്ച വാഹനവും, അന്നദാതാവിന്നു ഇഷ്ടമുള്ള ലക്ഷ്മിയും,
ഗോപ്രദാനം സൂര്യലോകവും, യാനശയനങ്ങൾ നൽകിയവന്നു ഭാര്യയും,
അലയം കൊടുത്തവന്നു ഐശ്വര്യവും, ധാന്യപ്രദാനം നിത്യസൌഖ്യവും,
ബ്രഹ്മദാതാവിന്നു ശാശ്വതബ്രഹ്മവും കൈവരും. ധാന്യങ്ങളും യഥാ
ശക്തി വേദവിദ്യാവിശേഷജ്ഞരായ ബ്രാഹ്മണർക്കു നൽകിയവൻ മരി
ച്ചാൽ സ്വർഗ്ഗം പുകും. ഗോക്കൾക്കു തീറ്റ കൊടുത്താൽ സർവ്വപാപങ്ങ
ളിവരും. വിറകുകൊടുത്താൽ ജാഠരാഗ്നി വർദ്ധിക്കും. പലതരം ഫ
ലമൂലങ്ങളും പാനങ്ങളും ശാകങ്ങളും ബ്രാഹ്മണർക്കു നൽകുന്നവൻ സ
ദാ സന്തോഷമനുഭവിക്കും. രോഗിക്കു രോഗശമനത്തിന്നായി ഔഷ
ധവും സ്നേഹവും ആഹാരവും കൊടുക്കുന്നവൻ ആരോഗ്യസൌഖ്യ
ങ്ങളോടെ ദീർഘായുസ്സാകുന്നു. കുടയും ചെരിപ്പും കൊടുത്തവൻ ക്ഷു
ദ്രശത്രുക്കളും കടുത്ത മൃത്യുമുള്ള അസ്പത്രുവനത്തിൽ നടക്കേണ്ടിവരി
ല്ല. ലോകത്തിൽവെച്ചു് ഏറ്റം ഇഷ്ടമായതും, തനിക്കു ഗൃഹത്തിൽ
അത്യാവശ്യകമായിട്ടുള്ളതും ഏതോ, അതു ഗുണവാന്നു ദാനംചെയ്യണം;
എന്നാൽ അക്ഷയമായിരിക്കും. അയനം, വിഷുവം, സൂര്യചന്ദ്രഗ്രഹ
ണങ്ങൾ, സംക്രാന്തി മുതലായ കാലങ്ങളിൽ ദാനം ചെയ്യുന്നതിന്നു നാശ
മില്ല. പ്രയാഗാദിതീർത്ഥങ്ങളിലും പുണ്യക്ഷേത്രനദീവനങ്ങളിലും വെ
ച്ചു ദാനം ചെയ്യപ്പെട്ടതും അക്ഷയമായിരിക്കും.

ദാനത്തിൽ മീതെ ഒരു ധർമ്മം ലോകത്തിലില്ല. അതിനാൽ
ചിരഞ്ജീവികൾ സ്വർഗ്ഗത്തിന്നും സമ്പത്തിന്നും പാപശാന്തിക്കും മോക്ഷത്തി
ന്നും ശ്രോത്രിയബ്രാഹ്മണർക്കു ദാനംചെയ്തുകൊണ്ടിരിക്കണം. ഗോബ്രാ
ഹ്മണരോഗനിവാരണത്തിന്നായുള്ള ദാനം മൂഢതയാൽ മുടക്കുന്ന പാപി
തിന്നു് രൌരവനിയിൽ പതിച്ചുപോകും. ദ്രവ്യം നേടിയിട്ടു ദേവബ്രാഹ്മണ
രെ പൂജിക്കാത്തവനെ രാജാവു സർവ്വസ്വവും പിടിച്ചടക്കി നാട്ടിൽനിന്നു
പുറത്താക്കണം. ഉർവ്വിക്കുകാലത്തു ബ്രാഹ്മണർ മരിച്ചുപോകയോരു
ക്കുടി അന്നവും മറ്റും നല്കാത്ത ബ്രാഹ്മണൻ തീരെ നിന്ദിതൻതന്നെ.
അവനോടു പ്രതിഗ്രഹംവാങ്ങുകയൊ സഹവസിക്കുകയൊ ചെയ്യരുതാ.
ഞാനെന്നു രാജാവു 'മദ്രകത്തി'സ്വരാജ്യത്തിൽനിന്നു കല്പയണം. അ പ്രാ
ക്കളും നരകാഗ്നിയിൽ പാപിയാണു്, ധർമ്മസാധനമായ ഭൂമിയെ അ

Digitized By Kerala Sahitya Akademi

ശ്രേഷ്ഠർക്ക് ദാനം ചെയ്യുന്നവൻ. സ്വാദ്ധ്യായം, വീര്യം, ജിതേന്ദ്രിയത്വം, സത്യം, സംയമം എന്നിവയുള്ള ബ്രാഹ്മണർക്ക് വേണം ദാനം. നല്ല വണ്ണം ഉണ്ടിരിക്കുന്ന എങ്കിൽക്കൂടി ധാർമ്മികനും വിദ്വാനുമായ വിപ്രനെ ഉപേക്ഷിക്കണം; പത്തു നാരം പട്ടിണികിടന്നവനായാൽക്കൂടി ക്രൂരവൃത്തനായ മൂഢന് ഭോജനം കൊടുക്കരുത്. സന്നിഹിതനായ ശ്രോത്രിയനെ വെടിഞ്ഞു മറ്റൊരാൾക്കു ദാനം ചെയ്യുന്നതു്, ആ പാപി ഏഴു തലമുറയ്ക്ക് ബന്ധനം വരുത്തും. ശീലവിഭ്രാജിതനും ഏറെയുള്ള ബ്രാഹ്മണനാണെങ്കിൽ, അദ്ദേഹത്തിനു സന്നിഹിതനെ വെടിഞ്ഞു ദാനം ചെയ്യണം. പ്രശസ്തമായിട്ടുള്ളതു കൊടുക്കുന്നവനും വാങ്ങുന്നവനും—രണ്ടുപേരും—സ്വർഗ്ഗമടയും; മറിച്ചായാൽ നരകവും. നാസ്തികനും അയോഗ്യനും പാഷണ്ഡനും അവേജ്ഞനും ധാർമ്മികൻ ചപ്പുചവുള്ളുംകൂടി കൊടുക്കരുത്.

വെള്ളി, സ്വർണ്ണം, പയ്യ്, കുതിര, ഭൂമി, എള്ള് എന്നിവ അപണ്ഡിതൻ പ്രതിഗ്രഹിച്ചാൽ, വെറകുപോലെ വെണ്ണീറായിപ്പോകും. ഉത്തമബ്രാഹ്മണരിൽ നിന്നും ക്ഷത്രിയവൈശ്യരിൽ നിന്നും ബ്രാഹ്മണന് ദാനം വാങ്ങാം; ശൂദ്രനിൽ നിന്നു പാടില്ല. നിത്യവൃത്തിയ്ക്കുള്ളതല്ലാതെ ധനം സമ്പാദിച്ചുവെയ്ക്കാൻ ശ്രമിക്കരുത്: ധനത്തിൽ ലോഭം തോന്നിയാൽ ബ്രാഹ്മണ്യംതന്നെ ഇടിഞ്ഞുപോകും. എല്ലാ വേദവും പഠിയ്ക്കുകയും എല്ലാ യജ്ഞവും സാധിയ്ക്കുകയും ചെയ്യാൽക്കൂടി, സംതൃപ്തിയാൽ കിട്ടുന്ന ഗതി കൈവരികയില്ല. ദാനം വാങ്ങാൻ ഇച്ഛിക്കരുത്. ശൂദ്രനോടു വാങ്ങുകയുമരുത്. പൊരുതിക്കവേണ്ടതിൽ അധികം വാങ്ങിയാൽ അന്തണന്നധോഗതി വരും. തൃപ്തിയില്ലാത്തവന്നു സ്വർഗ്ഗം കിട്ടുകയില്ല; അവൻ ഒരു കവർച്ചക്കാരനെന്നപോലെ ഭയങ്കരനരകമായിരിക്കും. ഗുരുജനങ്ങൾ, ഭൃത്യന്മാർ എന്നിവരെ സംരക്ഷിപ്പാനും, ദേവകളെയും അതിഥികളെയും ആരാധിപ്പാനുമായിട്ടുവേണം ദാനം വാങ്ങുക; സ്വസുഖത്തിന്നായിട്ടരുത്.

ഇപ്രകാരം മനസ്സുകൊണ്ടു ദേവകളേയും അതിഥികളേയും പൂജിച്ചുകൊണ്ടു വാഴുന്ന ഗൃഹസ്ഥനു പരമപദം ലഭിയ്ക്കും. പുത്രന്മാരുണ്ടായാൽ ഭാര്യയെ അവരിലേല്പിച്ചു, തപോജ്ഞൻ കാട്ടിൽപോയി തന്നിയെ ഉദാസീനനും അപ്രമത്തനുമായി സമ്പാദിക്കണം. ചിരോത്തമരേ, ഇതാണ് ഗൃഹസ്ഥധർമ്മം; ഇതു മനസ്സിലാക്കി അനുഷ്ഠിയ്ക്കുകയും അനുഷ്ഠിപ്പിക്കുകയും ചെയ്യണം.

Digitized By Kerala Sahitya Akademi

ഗൃഹധർമ്മമിതാചരിച്ചനാദി-
പ്രഭവോം ദേവനെയനപഹം ഭജിച്ചാൽ,
അവനൊക്കെയതിക്രമിച്ചു പോകും
പുനരാവൃത്തിവിഹീനമാംപദത്തെ.

ശ്രീപരമേശ്വരപുരാണം, അർദ്ധനാരീശ്വരം, ഗൃഹസ്ഥധർമ്മനിരൂപണം.
അന്ത്യത്തേഴദ്ധ്യായം.

———(o)———

അന്ത്യത്തെട്ടാമദ്ധ്യായം

വ്യാസൻ:—ഇപ്രകാരം ഗൃഹസ്ഥാശ്രമത്തിൽ വർത്തിച്ചിട്ട്, ജീവകാലത്തിന്റെ മൂന്നാമത്തെ ഭാഗം വാനപ്രസ്ഥാശ്രമിയായി കഴിയ്ക്കണം: ഭാര്യയെ പുത്രരിലേല്പിച്ചോ, ഭാര്യയോടും അഗ്നിയോടും കൂടിത്തന്നെയോ, വാർദ്ധക്യത്തിൽ പൌത്രജനനത്തിനു ശേഷമോ കാട്ടിലേയ്ക്കു പോകാം. ഉത്തരായണത്തിൽ വെളുത്ത പക്ഷത്തിൽ ഒരു പുണ്യാഹസമുഹൂർത്തത്തിൽ പുറപ്പെട്ട കാട്ടിൽച്ചെന്ന, നിയമവാനും അപ്രമത്തനുമായി തപം ചെയ്യണം. പരിശുദ്ധങ്ങളായ ഫലമൂലങ്ങളെ ഭക്ഷിയ്ക്കുക; ഒരു ഗൃഹത്തിൽ നിന്ന് എട്ടുഗ്രാസം (ഉരുള) വാങ്ങി ഭക്ഷിയ്ക്കുകയുമാകാം. തന്റെ ആഹാരം എന്തോ, അതുകൊണ്ടു തന്നെ പിതൃദേവകളെ പൂജിക്കണം. നാലംതോറും അതിഥിയേയും ആരാധിക്കണം. ജടധരിക്കണം; നഖം മുറിക്കുക, ക്ഷൌരം എന്നിവ പാടില്ല. വേഷം പതിവായി മെഴുക്കണം. ഏറെ സംസാരിയ്ക്കരുത്. പരിശുദ്ധങ്ങളായ ശാകമൂലഫലാദി വന്യവസ്തുക്കൾ കൊണ്ട് പഞ്ചയജ്ഞങ്ങൾ അനുഷ്ഠിക്കണം. ഹോമം ചെയ്യണം. മരവുരിയെ ഉടുക്കാവു. മൂന്നു സന്ധ്യയ്ക്കും സ്നാനം വേണം. എല്ലാ പ്രാണികളിലും യോഗിയായിരിക്കണം. ദാനം വാങ്ങരുത്. രണ്ടു വാവുകളിലും മുടങ്ങാതെ യജിക്കണം. യഥാകാലം ഇഷ്ടിയും ആഗ്രയണവും ചാതുർമ്മാസ്യവും അനുഷ്ഠിക്കണം. ഉത്തരദക്ഷിണായനങ്ങളിൽ മാറ്റുള്ള വാസന്തശാരദ ദ്രവ്യങ്ങൾ സ്വയം കൊണ്ടുവന്നു വെവ്വേറെ പുരോഡാശങ്ങളും ചരുക്കളും ഇണ്ടാക്കി

Digitized By Kerala Sahitya Akademi

ദേവകർമ്മങ്ങൾക്കായി ഹോമിച്ചിട്ടു പരിശുദ്ധമായ ഹവിശ്ശേഷം ഭു ജിക്കണം. ഉപ്പു താൻതന്നെ ഉണ്ടാക്കിയതേ പാടുള്ളൂ. മദ്യമാംസ ങ്ങൾ നിഷിദ്ധമാണ്. ഭ്രസ്തുണം (പൂതന്നക്ക) മുരിങ്ങ, ഞെരിഞ്ഞി ക്കായ എന്നിവ വർജ്ജിക്കണം. കൃഷിചെയ്യണ്ടാക്കിയതു, മറ്റൊരാ ൾ വെളിഞ്ഞതായാലും ഭക്ഷിക്കരുതു്. ഗ്രാമത്തിലെ പൂവും കായും അവശ്യമായാൽക്കൂടി ഉപയോഗിച്ചുകൂടാ. അഗ്നിയെ നി ത്യവും ശ്രൗതവിധിയാൽത്തന്നെ പരിചരിക്കണം. കരു പ്രാ ണിയേയും ദ്രോഹിക്കരുത്. നിർദ്ദ്വന്ദ്വനും നിർഭയനുമാകണം. രാത്രിയിൽ ഒന്നും ഭക്ഷിക്കാതെ ധ്യാനത്തിലിരിക്കണം. ഇന്ദ്രിയ ങ്ങളേയും ക്രോധത്തേയും അടക്കി തത്ത്വവിചാരംചെയ്തു കൊണ്ടു് എന്നെന്നും ബ്രഹ്മചാരിയായി വർത്തിക്കണം; രോഗമെ പ്പോലും തൊടരുതു്: വാനപ്രസ്ഥാശ്രമം പ്രാപിച്ചിട്ടു കാമം മൂലം രോഗമനം ചെയ്യാൽ പ്രതരംഗം പറഞ്ഞുപോകും; പ്രായ ശ്ചിത്തവും വേണ്ടിവരും. അതിൽ ഉണ്ടാകുന്ന സന്തതിയും, ത പോധനവും ബ്രാഹ്മണർ തൊട്ടുകൂടാത്തതും വേദാധികാരിയല്ലാ ത്തതുമത്രേ എന്നും നിലത്തെ കിടക്കാവു. ഗായത്രി ശരിയ്ക്കു ജപി ക്കണം. ഏതു പ്രാണിയേയും രക്ഷിക്കണം. പിതൃദേവോദ്ദിശകർമ്മ ങ്ങളും വേറേതെ നൽകണം. പഴി, ദോഷ്ക്, ഉറക്കം, മടി ഇവ കൈവെടിയണം ഏകാഗ്രനിയും പാപ്പിടമില്ലാത്തവനുമായിരിക്ക ണം. വെള്ളം തളിച്ചേ നിലത്തു ചവുട്ടാവു. ദന്തനായി മാനക ളോടൊപ്പം നടക്കുകയും വസിയ്ക്കുകയും ചെയ്യണം. പാറമേ ലോ ചരലിലോലാ സുഖമാംവണ്ണം ശയിക്കണം.

കിട്ടിയതു് അപ്പപ്പോൾ കഴിക്കുകയും, ഒരുമാസത്തേയ്ക്കോ ആ റുമാസത്തേയ്ക്കോ ഒരുകൊല്ലത്തേയ്ക്കോ ശേഖരിയ്ക്കുകയുമാകാം. പകൽ യഥാശക്തി അന്നം കൊണ്ടുവന്നിട്ടു് ഒരിക്കലുണ്ണുക; നാലോ എട്ടോ നേരം ക്ഷുദ്രമ്പോരം ഭക്ഷണം വരുന്ന നിലയുമാകാം. അല്ലെങ്കിൽ, ചാ ന്ദ്രായണവിധിപ്രകാരം ശുക്ലകൃഷ്ണപക്ഷങ്ങളിൽ പ്പോറിച്ചുരുക്കുകയോ, പക്ഷംതോറും ഒരുപ്രാവശ്യം കഞ്ഞിവെച്ചു കുടിയ്ക്കുകയോ ചെയ്യുക. താനെ കൊഴിഞ്ഞുവീണ പുഷ്പഫലമൂലാദി സ്വാഭാവികപദാർത്ഥ ങ്ങൾകൊണ്ടും വൈഖാനസരീത്യാ നിത്യവൃത്തികഴിക്കാം. പകൽ മുഴ വൻ വെറുംനിലത്തു ഇരിക്കുകയോ നിൽക്കുകയോ ചെയ്യുകയല്ലാതെ സ്ഥാനാസനങ്ങളൊന്നും പാടില്ല. ഒരിക്കലും ധൈര്യം വിടരുതു്. ഗ്രീഷ്മ

Digitized By Kerala Sahitya Akademi

ത്തിൽ, പഞ്ചാഗ്നിമധ്യത്തിലും വർഷത്തിൽ മറവില്ലാത്തേടത്തും സ്ഥിതിചെയ്യും, ഹേമന്തത്തിൽ ഈറനുടുത്തും ക്രമേണ തപസ്സു വർദ്ധിപ്പിക്കണം. മൂന്നുനേരം കുളിച്ചുചമിക്കുകയും പിതൃദേവകളെ തൃപ്തിക്കുകയും ചെയ്യണം. ഒറ്റക്കാലിന്മേൽ നിൽക്കുക, സൂര്യരശ്മിയോ, ചന്ദ്രരശ്മിയൊ നുകരുക, പഞ്ചാഗ്നിധൂമമൊ ചൂടൊ ഏൽക്കുക, വെളുത്തപക്ഷത്തിൽ ജലവും കറുത്തപക്ഷത്തിൽ ഗോമയവുംകുടിക്കുക, കൊഴിഞ്ഞ ഇലതിന്നുക എന്നീവക കൃച്ഛ്രങ്ങൾ അനുഷ്ഠിക്കണം. യോഗവും വേദാന്തവും ശീലിക്കണം. ശതരുദ്രീയമൊ അഥർവ്വമൊ ജപിക്കണം. മടികൂടാതെ യമനിയമങ്ങൾ ആചരിക്കണം. കൃഷ്ണമൃഗത്തോലാകുന്ന ഉത്തരീയവും വെളുത്തപൂണൂലും ധരിക്കണം. അഗ്നികൂടാതെ, അഗ്നികളെ ആത്മാവിങ്കൽ ആരോപിച്ചു ധ്യാനിക്കുകയുമാകാം. മെയ്നാംപൂണുമോക്ഷത്തിൽ മനസ്സുവെയ്ക്കണം.

ഗൃഹമേധികളായി വനത്തിൽ വസിക്കുന്നു ബ്രാഹ്മണരിൽനിന്നും താപസരിൽനിന്നും തവണതോറും ഭിക്ഷവാങ്ങാം. ഗ്രാമത്തിൽനിന്നു എട്ടുഗ്രാസം കുമ്പിളിലൊ കൈയിലൊ തുണ്ടിലൊ വാങ്ങി കൊണ്ടുപോന്നും വാനപ്രസ്ഥന്നു ഭക്ഷണംകഴിക്കാം; മഹാപ്രസ്ഥാനികമായ ഉപവാസം, അഗ്നിപ്രവേശം മുതലായതും ബ്രഹ്മാർപ്പണവിധിപൂണ്ടു് ആചരിക്കാം. പലതരം ഉപനിഷത്തുകൾ, മന്ത്രങ്ങൾ, ഗായത്രി, ശതരുദ്രീയം എന്നിവ ആത്മസിദ്ധിക്കായി ജപിക്കണം.

ശ്രീപരമഹാപുരാണം, ആദിഖണ്ഡം, വാനപ്രസ്ഥചര്യാപ്രകരണം
അമ്പതൊമ്പതാമദ്ധ്യായം.

———(o)———

അമ്പത്തൊമ്പതാമദ്ധ്യായം

വ്യാസൻ:—ഈ വിധത്തിൽ വാനപ്രസ്ഥാശ്രമംകൊണ്ടു ജീവകാലത്തിന്റെ മൂന്നാംഭാഗം കഴിച്ചിട്ടു നാലാമത്തെ ഭാഗത്തിൽ സന്ന്യാസാശ്രമം കൈക്കൊള്ളണം: മഹിജൻ അഗ്നികളെ തങ്കൽ ആരോപിച്ചു പ്രവ്രജിച്ചിട്ടു ശാന്തനായി യോഗവും ക്ഷമവിദ്യയും ശീലിക്കണം. സർവ്വസംഗങ്ങളിലും ഒന്നൊഴിയാതെ ഗൃഹം മുതലായതു തോന്നുന്നവോ, അപ്പോഴേ സന്ന്യസിക്കാവു;

Digitized By Kerala Sahitya Akademi

മറിച്ചായാൽ കീഴ്പതിച്ചുപോകും. പ്രാജാപത്യമോ ആഗ്നേയമോ ആയ ഇഷ്ടി കഴിച്ചു ജ്ഞാനിയായി വിശുദ്ധമായ കാവിവസ്ത്രം ധരിച്ചിട്ടുവേണം സന്ന്യാസം കൊടുപ്പാൻ.

ജ്ഞാനസന്ന്യാസി, വേദസന്ന്യാസി, കർമ്മസന്ന്യാസി എന്നു മൂന്നു തരത്തിലത്രെ സന്ന്യാസി. സർവ്വനിർമ്മുക്തനായി ചിന്താരഹിതനായി നിർഭയനായി ആത്മാവിങ്കൽമാത്രം ഉറച്ചുനിൽക്കുന്നവനാണ് ജ്ഞാനസന്ന്യാസി; നിസ്പ്രഹനും നിസ്സംഗനും ജിതേന്ദ്രിയനും മുമുക്ഷുവുമായി സദാ വേദാദ്യാസംചെയ്യുന്നവനെ വേദസന്ന്യാസി എന്നുപറയുന്നു. യാതൊരാൾ അഗ്നിയെ സ്വാധീനമാക്കി, ബ്രഹ്മാർപ്പണം ചെയ്തുകൊണ്ടു മഹായജ്ഞങ്ങളും നടത്തുന്നുവോ, അവനാകുന്നു കർമ്മസന്ന്യാസി. ഇവർ മുമ്പിൽവച്ചു ശ്രേഷ്ഠത ജ്ഞാനസന്ന്യാസിയ്ക്കത്രേ. അവന്നു കടമ്മയില്ല, ലിംഗമില്ല!

സന്ന്യാസിക്കു മമതയരുതു്, ഭയമരുതു്, ചിന്താഭാരമരുതു്; ശാന്തനായി ബ്രഹ്മചാരിയായി ജ്ഞാനം ശീലിക്കണം. ജീർണ്ണിച്ച കൌപീനം ധരിക്കുക; അല്ലെങ്കിൽ നഗ്നൻ തന്നെയായിരിക്കുക. ഭുക്ഷ്യമരുതു്. ഇലയോ, ഗ്രാമത്തിൽനിന്നു ഭിക്ഷവാങ്ങിയതോ ഭക്ഷിക്കാം. അപേക്ഷയോ അനുകാംക്ഷയോകൂടാതെ അധ്യാത്മത്തിൽമാത്രം ദൃഷ്ടിവച്ചുകൊണ്ടു സുഖാർത്ഥം തനിയേ സഞ്ചരിക്കണം. മരണത്തേയോ ജീവനത്തേയോ അഭിനന്ദിക്കരുതു്; ആജ്ഞയെ ഭൃത്യൻ എന്നപോലെ കാലത്തെ കാത്തുകൊണ്ടിരിക്കണം. കാത്തുചൊല്ലരുതു്; സംസാരിക്കരുതു്; കേറിക്കരുതു്. ഈ വിധത്തിൽ ജ്ഞാനപരനായ യോഗി ബ്രഹ്മമായിത്തീരും.

സന്ന്യാസി ത്രിദണ്ഡം ധരിക്കണം. ശിരസ്സു മുണ്ഡനംചെയ്യയോ കട്ടമ്മ നിറുത്തുകയോ ആകാം. എപ്പോഴും ധ്യാനവും യോഗവും ശീലിക്കണം. ഗ്രാമത്തിന്നതിർത്തിയിലോ മരച്ചുവട്ടിലോ ദേവാലയത്തിലോ വേണം വസിപ്പാൻ. ശത്രുമിത്രങ്ങളിലും മാനാവമാനങ്ങളിലും സമചിത്തനാകണം. ഭിക്ഷയെടുത്തു ഭക്ഷണംകഴിക്കണം; ഒരേടത്തും ഒരാളുടെ അന്നം തന്നെ ഭക്ഷിച്ചുപാർക്കരുതു്: മൂഢതയാലോ മറ്റോ ഏകാന്നഭോജിയായിത്തീരുന്ന സന്ന്യാസിക്കു് പ്രായശ്ചിത്തമൊന്നും ധർമ്മശാസ്ത്രങ്ങളിൽ കാണുന്നതല്ല. രാഗദ്വേഷങ്ങളരുതു്. പ്രാണിഹിംസ ചെയ്യരുതു്. പൊന്നും മൺകട്ടയും ഒരുപോലെ കരുതണം. ദൃഷ്ടിവച്ചു നോക്കിയേ കാൽ വെയ്ക്കാവൂ. രാത്രിയും വ

Digitized By Kerala Sahitya Akademi

സ്നാനത്തിലർച്ചേ കടിക്കാവൂ. സത്യമേ പറയാവൂ. മനസ്സാക്ഷി സമ്മതിച്ചതേ ചെയ്യാവൂ. വർഷാകാലത്തിലല്ലാതെ ഒരേ ദിക്കിൽ സ്ഥിരവാസം പാടില്ല. നാൾതോറും സ്നാനശൌചങ്ങൾ ആചരിക്കണം. കയ്യിൽ കമണ്ഡലു വേണം. ബ്രഹ്മസൂത്രം ധരിക്കണം. ദംഭാഹങ്കാരനിന്ദാപൈശുന്യങ്ങൾ വിട്ട മോക്ഷശാസ്ത്രങ്ങൾ ശീലിച്ച് ആത്മജ്ഞാനം നേടിയാലേ മുക്തി കിട്ടുകയുള്ളൂ.

നാൾതോറും കളിച്ചു വഴിപോലെ ആചമിച്ചു, പരിശുദ്ധമായ ക്ഷേത്രത്തിലോ മറെറാ ഇരുന്നു സനാതനമായ പ്രണവം ഉച്ചരിക്കണം. പൂണൂലിട്ട, നിർമ്മലമായ കാവിവസ്ത്രം ധരിച്ച്, സർവ്വാംഗം ഭസ്മം പൂശി, ദർഭ കയ്യിൽവെച്ചു, ശമവും അവധാനവും പൂണ്ട് ആധിഭൌതികവും ആധിദൈവികവും ആധ്യാത്മികവും വേദാന്തപ്രോക്തവുമായ ബ്രഹ്മത്തെ സദാ ജപിക്കണം. പൂർണ്ണമായുടെ അടുക്കൽ ബ്രഹ്മചാരിയായി വേദം ശീലിച്ചുകൊണ്ടേ വസിക്കുന്ന സന്ന്യാസിയും പരമഗതി പൂകും. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, ഉൽകൃഷ്ടതപസ്സ്, ക്ഷമ, ദയ, സംതൃപ്തി എന്നിവയാണ് ഒരു സന്ന്യാസിയുടെ പ്രധാന വ്രതങ്ങൾ. വേദാന്തജ്ഞാനനിഷ്ഠനായിട്ടു, നാൾതോറും കിട്ടിയ ഭിക്ഷകൊണ്ടു ചെയ്യേയജ്ഞങ്ങളെ സന്തതം അനുഷ്ഠിക്കുകയുമാകാം. ആ നിലയിൽ കാലംതോറും ഹോമമന്ത്രങ്ങൾ ജപിക്കണം; കാണുംപോലുണ്ണണം; ഇരുസന്ധ്യകളിൽ ഗായത്രിയും ജപിക്കണം. വിജനത്തിൽവെച്ചു സദാ പരമേശ്വരനെ ധ്യാനിക്കണം. ഏകാന്തവും കാമക്രോധങ്ങളും സംഗവും വർജ്ജിക്കണം.

ശ്രീപത്മമഹാപുരാണം, ആദിഖണ്ഡം, സന്ന്യാസധർമ്മകഥനം,
അമ്പത്തൊമ്പതാമദ്ധ്യായം.

———(൧)———

അറുപതാമദ്ധ്യായം

വ്യാസൻ:—സന്ന്യാസാശ്രമികൾക്കു ഭൈക്ഷ്യമൊ ഫലമൂലങ്ങളൊ ആണ് നിത്യവൃത്തിക്കു്. ഒരുനേരം ഭിക്ഷതെണ്ടുക; അധികം വേണമെന്നു തോന്നരുതു്: ഭൈക്ഷ്യത്തിൽ, സകൃദ്ഭുക്തിയായാൽ സന്ന്യാസിക്കു വിഷയസക്തിയും വന്നുകൂടും. ഏഴു ഗൃഹങ്ങളിൽ ഭിക്ഷയ്ക്കു ചെല്ലാം; കിട്ടീലെങ്കിൽ, വീണ്ടും നടക്കരുതു്. ഒന്നുമാത്രം

Digitized By Kerala Sahitya Akademi

ഭിക്ഷയെന്നുപറഞ്ഞു്, കാൽനാഴികയോളംനേരം മുഖം കുനിച്ചു നിൽക്കണം. കൈകാൽ കഴുകിയുപചമിച്ചു ശുദ്ധനായി മൌനിയായിട്ടുവേണം ഉണ്ണുവാൻ; കിഴക്കേട്ടു തിരിഞ്ഞിരുന്നു ചോർ ആദ്യം ആദിത്യനെ കാട്ടി, അഞ്ചു പ്രാണാഹുതി ചെയ്തു് ഏട്ടു രുള ഉണ്ണുക; കൈകഴുകിയിട്ടു പരമേശ്വരനായ ബ്രഹ്മദേവനെ ധ്യാനിയ്ക്കുക. മരം, മണ്ണു്, മുള ഇവകൊണ്ടുള്ളതും ചുരത്തൊണ്ടുമാണു്, സന്ന്യാസിക്കു മന്ത്രവിധിച്ചിട്ടുള്ള നാലുതരം പാത്രങ്ങളും.

പ്രാഗ്രാത്രത്തിലും, മദ്ധ്യരാത്രത്തിലും, പരരാത്രത്തിലുംസന്ധ്യാസൂക്തങ്ങളും ചൊല്ലി, വിശ്വവും വിശ്വകാരണവും ഭൂതങ്ങൾക്കെല്ലാമാത്മാവും തമസ്സിന്നപ്പുറം സ്ഥിതനും സർവ്വാധാരവും അവ്യക്തവും അവ്യയവും ആനന്ദവും ജ്യോതിസ്സും പ്രധാനപുരുഷാതീതനും ആകാശവും മഹനനും ശിവനും എല്ലാറ്റിന്റേയും അവസാനവും പരബ്രഹ്മവുമായ ഈശ്വരനെ ഹൃദയപദ്മത്തിൽ വെച്ചു ധ്യാനിക്കണം; പിന്നെ ഓംകാരാവസാനത്തിൽ ആത്മാവിനെ പരമാത്മാവിൽ ലയിപ്പിച്ചു, സർവ്വോപകാരണമായി ആനന്ദൈകനിധിയായി പുരാണപുരുഷനായിരിയ്ക്കുന്ന വിഷ്ണുദേവനെ ആകാശത്തിൽ ധ്യാനിക്കണം. അല്ലെങ്കിൽ ഹൃദയത്തിലോ പ്രകൃതിയിലോ ലോകമാകുന്ന മോഹനഗൃഹത്തിലോ വെച്ചു സർവ്വഭൂതൈകകാരണമായ പരമവ്യോമത്തെ ധ്യാനിക്കുക. യാതൊന്നാണോ സർവ്വഭൂതങ്ങൾക്കും ജീവനം; ലോകം ഏതിൽ ലയിക്കുന്നുവോ; മുമുക്ഷുക്കൾ ആനന്ദവും സൂക്ഷ്മവുമായി കാണുന്നതു യാതൊന്നോ; ജ്ഞാനരൂപമായി അനന്തമായി സത്യമായിരിയ്ക്കുന്ന ബ്രഹ്മം ഏതിന്റെ മദ്ധ്യത്തിൽ വർത്തിയ്ക്കുന്നുവോ; അതിനെ ധ്യാനിച്ചു മൌനിയായി സ്ഥിതിചെയ്യണം. സന്ന്യാസിമാക്കു, രഹസ്യത്തിലും രഹസ്യമായ ഒരു ധ്യാനമാണതു്. ഇതിൽ ഉറച്ചുനിൽക്കുന്നവൻ മൈശ്വരയോഗം അനുഭവിയ്ക്കും. അതിനാൽ, ആത്മവിജ്ഞാനിതനായിട്ടു ബന്ധമുക്തിയെ നൽകുന്ന ബ്രഹ്മധ്യാനം ശീലിച്ചുപോരണം. അഭ്യം കേവലനായ ആത്മാവിനെ എല്ലാറ്റിൽനിന്നും വേറായായി മനനം ചെയ്യുക; പിന്നെ ആനന്ദാക്ഷരജ്ഞാനത്തെ ധ്യാനിക്കുക. ഇതിൽനിന്നത്രെ ഭൂതോൽപത്തി; ഇതറിഞ്ഞുകഴിഞ്ഞാൽ പുനർജ്ജന്മമില്ല; ഇയുതനെയാണു് സർവോപരിസ്ഥനായ ഈശ്വരൻ; ഇതിൽ ചെല്ലുന്നയുതനെയാണു് അവ്യയമായ നിത്യകല്യാണം! ഇതിനെ ധ്യാനിയ്ക്കുന്നവൻ സാക്ഷാൽ മഹേശ്വരനായിത്തീരും.

Digitized By Kerala Sahitya Akademi

സന്ന്യാസിമാർ, അവക്കുള്ള വ്രതങ്ങളിൽ ഓരോന്നിനേയും തെറ്റിച്ചാൽ പ്രായശ്ചിത്തം ചെയ്യണം: കാമംമൂലം സ്ത്രീസംഗം ചെയ്യുപോയാൽ, പ്രാണായാമത്തോടുകൂടി സാന്തപനം അനുഷ്ഠിച്ചു, ശുചിയായി സംയമിയായിട്ടു കൃച്ഛ്രം ആചരിക്കണം. എന്നിട്ടേ, ആശ്രമം പുക്കു ഭിക്ഷുവായി സഞ്ചരിച്ചുകൂടൂ. ധർമ്മയുക്തമായ അസത്യം ദോഷകരമല്ലെന്നു ബുദ്ധിമാന്മാർ പറയുന്നു; എന്നാലും സന്ന്യാസി അതിനെ വർജ്ജിക്കണം: അതു ഭയംകരമായ ഒന്നാണല്ലൊ. സന്ന്യാസി പൊളിപറഞ്ഞുപോയാൽ ധർമ്മാത്മാവു ഒരുരാവുപവസിയ്ക്കുകയും, നൂറു പ്രാണായാമം ചെയ്യുകയും വേണം. അത്യാപത്തിൽപ്പെട്ടാൽത്തന്നെയും ചെയ്യും ചെയ്യപാകരുതു്; ചെയ്യുന്നതിൽ മീതെ ഒരധർമ്മമില്ലെന്നാണു് സ്മൃതി. ധനം എന്നതു പുറത്തെ പ്രാണനത്രേ; ആർ ഒരുടെ ധനം അപഹരിക്കുന്നുവോ അവൻ അവന്റെ പ്രാണനെ അപഹരിക്കയാണ് ചെയ്യുന്നതു്! ഇതു ചെയ്താൽ, ദുഷ്ടനും ആചാരം കെട്ടവനും വ്രതഭ്രഷ്ടനുമായിത്തീരും; വീണ്ടും നിർവേദം വന്നേ ഭിക്ഷുവായി നടക്കുകൂടൂ. ഹിംസയും തൃഷ്ണയും യാചനയും ആത്മജ്ഞാനത്തെ നശിപ്പിച്ചുകളയും. ഒരു സന്ന്യാസി പെട്ടന്നു ഹിംസചെയ്തുപോയാൽ കൃച്ഛ്രാതികൃച്ഛ്രമോ ചാന്ദ്രായണമോ ആചരിക്കണം. സ്ത്രീയെ കണ്ടിട്ട്, ഇന്ദ്രിയദൗർബല്യം നിമിത്തം ശുക്ലസ്ഖലനം പറ്റിപ്പോയാൽ പതിനാറു പ്രാണായാമം കഴിക്കണം. പകൽ ശുക്ലം സ്രവിച്ചാൽ, മൂന്നാറു നൂറ്റീവീതം പ്രാണായാമം വേണം. ഏകാന്നം, മദ്യമാംസങ്ങളും, നവശ്രാദ്ധം, പ്രത്യക്ഷലവണം ഇവയിൽ പ്രാജാപത്യമത്രേ പ്രായശ്ചിത്തം.

നിരന്തരമായ ധ്യാനത്താൽ ഏതുപാപവും ദഹിയ്ക്കും. അതിനാൽ സന്ന്യാസി മഹേശ്വരനെ ധ്യാനിച്ചുകൊള്ളണം:

(കിളിപ്പാട്ട്)

ജ്യോതിസ്സു പരബ്രഹ്മമക്ഷരം നിത്യാസ്പദം
ഒടൊതവർജ്ജിതം യാതൊന്നുതാൻ മഹേശ്വരൻ.
കേവലനവിട്ടുന്ന നിത്യമംഗളൻ മഹാ-
ദേവനാപ്പുരംപദം പരമൻ സനാതനൻ.
ജ്ഞാനാത്മയോഗമയതത്ത്വമാം സ്വധാമത്തിൽ-
ത്താനെവൻ മഹിതനാ, ദ്ദേവനേ മഹാദേവൻ!

Digitized By Kerala Sahitya Akademi

അവനെയൊഴിഞ്ഞൊരു ദേവനെട്ടർശിയ്ക്കാതെ-
യവനും താനുമൊന്നെന്നോക്കുന്നോൻ വിമുക്തനാം.
താനുമമ്മഹേശനും പേറെയാണെന്നോക്കുന്നോർ
കാണുകില്ലവനെയിങ്ങവർതൻ യതാംപാഴിൽ!
കേവലമേകം പരബ്രഹ്മമതത്രമേ മഹാ-
ദേവനാബ്ഭഗവാനെന്നറിഞ്ഞാൽ ബന്ധം നീങ്ങി!

അതിനാൽ സന്ന്യാസി സർവ്വാമനസ്സുടക്കി ശാന്തനായി ജ്ഞാനയോഗങ്ങളം ശീലിച്ചു മഹാദേവനെ ധ്യാനിക്കണം. ബ്രാഹ്മണരെ, ഇങ്ങിനെയാണ് പിതാമഹൻ പണ്ടരുളിച്ചെയ്തിട്ടുള്ള മംഗളകരമായ സന്ന്യാസിധർമ്മം. ഇതു പുത്രന്നും ശിഷ്യന്നും യോഗിയ്ക്കുമല്ലാതെ ഉപദേശിച്ചുകൊടുക്കരുതു്. ദേവോത്തമപ്രീതിയുള്ള സർവ്വോപരി ഉത്കൃഷ്ടനായ ഈ സന്ന്യാസി ചര്യാവിധിയെ സാവധാനം അനുഷ്ഠിച്ചുപോരുന്നവർ വീണ്ടും ജനനമരണങ്ങളിൽ പതിയ്ക്കുകയില്ല.'

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, സന്ന്യാസിചര്യാവിധി,
അറുപതാമദ്ധ്യായം.

———(o)———

അറുപത്തൊന്നാമദ്ധ്യായം

സൂതൻ:—ഇത്രയുംപറഞ്ഞു മുനിമാരെയെല്ലാം ആശ്വസിപ്പിച്ചിട്ടു, സത്യവതീസുതനായ വ്യാസഭഗവാൻ വന്നവഴിയേതന്നെ തിരിച്ചെഴുന്നള്ളി. വോന്മാരോടു ഞാൻ പറഞ്ഞ ഈ വർണ്ണാശ്രമവിധി അനുഷ്ഠിച്ചാൽ തീർച്ചയായും വിഷ്ണുപ്രസാദിയ്ക്കും. ദ്വിജോത്തമന്മാരേ, ഒരു രഹസ്യം ഞാൻപറയാം. ഇപ്പറഞ്ഞ വർണ്ണാശ്രമധർമ്മങ്ങളം വിഷ്ണുഭക്തിയുടെ പതിനാറിലൊന്നിന്റെ അംശാംശത്തിനു കിടനില്ക്കില്ല! ഈ കലിയുഗത്തിൽ വിഷ്ണുഭക്തിയൊന്നേ മനുഷ്യർക്കു സാധ്യമാകൂ; മറ്റുധർമ്മങ്ങളം മറ്റുയുഗങ്ങളിൽ അനുഷ്ഠിയ്ക്കാവുന്ന വയത്രേ. കലിയുഗത്തിൽ നാരായണനെ ആരാധിച്ചാൽ മുല്ലാധർമ്മവുമായി! ഹൃഷീകേശനായി പുരുഷോത്തമനായി സനാതനനായി ശാന്തനായിരിയ്ക്കുന്ന ദാമോദരനെ മനസ്സിൽ വെച്ചാൽ ലോകം മുന്നും ജയിച്ചുകഴിഞ്ഞു!

Digitized By Kerala Sahitya Akademi

(പാത്ത)

കൊത്തിയ കലിപ്പാമ്പിൻ വിഷം, ഹരി-
കേതിയാമമുളണ്ടോനിലേൽക്കിടാ
എന്തിനന്യജപങ്ങളം, ജനാർദ്ദനൻ-
തന്തിരുനാമമോതുമാറുണ്ടെങ്കിൽ?
സ്നാനമെന്തിനു, വിഷ്ണുപാദോദകം
താനജസ്രം ശിരസിൽധരിക്കുവെ?
എന്തിനു യജ്ഞ,മംഭോരുഹാക്ഷന്റെ
ചെന്തിരുവടിയുംച്ചേർന്നിരിക്കവേ?
അച്യുതന്റെ ചരിത്രം സദസ്സിങ്കൽ
വെച്ചു ചൊല്ലുവോനെന്തിനു ദാനങ്ങളം?
കേൽസുദനൻതന്റെ ഗുണഗണം
കേട്ടടിക്കടി കോരുമയിർക്കൊള്ളുവോൻ;
ധ്യാനമാചരിച്ചീടുംകളിക്കും മഹാ-
ജ്ഞാനവാനുള്ള സൽഗതി പുകമേ.
തത്ര വിഷ്ണും വണങ്ങുമേ സ്വീകരം, തൽ-
സകർ, പാപികരം, പാഷണ്ഡരെന്നിവർ.

മനുമാനുഷ കൺമനക്കല്പന
ലംഘനീയമല്ലാമിതേയർക്കമേ!
അയതിന്നു കീഴ്പെട്ടനിൽക്കാത്തവ-
നാണു ലോകത്തിൽ മാധവദ്വേഷിമാൻ!
വാമമാർതൻപകിട്ടിൽ ഭ്രമിച്ചുഹോ,
മാമനിമാനുമാകുമയങ്ങുന്നു;
അംഗനാരൂപമാകിയ പുരുഷ-
തക്കങ്ങിനെ വിഷ്ണുദ്വേഷിയുണ്ടാകുന്നും?
പുരുഷബുദ്ധി തിന്നൊട്ടുന്ന ഹാ,
നാരിമായെ നടക്കും നിശാടിമാർ!
വിദ്യയും പരിജ്ഞാനവുമാഗമ-
തത്ത്വമെല്ലാം ധരിയുന്ന മേധയും
തീർത്ഥസേവ ജപം തപമുൽഗതി-
പ്രാപ്തനാകുന്നുപുരുഷണങ്ങളും

Digitized By Kerala Sahitya Akademi

ബോധവും പൂണ്ടങ്ങളിലാസ്ഥയും
സാധുസംഗാഭിലാഷം വിവേകവും
പൂരുഷന്നിങ്ങു, പൂവേണിതൻ ചല-
ച്ചാരുവാം നോട്ടമേൽക്കുംവരെയ്ക്കുതാൻ!

അ മധുരേക്ഷിതന്റെ പദാംബുജ-
ത്തുമധുത്തുള്ളി സേവിക്കുവോരിലോ
തീരെയേശില്ല, സ്വധർമ്മച്യുതാം
നാരിമാരുടെ കൺമുനയേകുകം
ഹവ്യമഗ്നിയിൽത്തുകിയും, വിപ്രനായ്
ദ്രവ്യമേകിയും ജന്മങ്ങളംതോറുമേ
കൈടഭാരിയെസ്സേവിച്ചധന്യരേ
നേടുകയുള്ളൂ വൈരാഗ്യമുഴിയിൽ.
യോഷമാക്കെന്തു സന്ദേഹം,മംബര-
ച്ഛേഷണെയാണ്ടിളക്കുമോന്നെന്നിയേ?
മൃത്യുവിൻപൂയമേദോസ്ഥ്യസ്രഗ്വസാ
പാത്രമാമുൽക്കെങ്ങിനെസന്ദേഹം?
തൊട്ടുപോയാൽ കളിക്കണ,മത്രയും
കെട്ടമെയ്യതു സുന്ദരമാണുപോൽ!
കഷ്ടമേ നരന്മാക്കിങ്ങു ദുർവിധി
കെട്ടിയേല്പിച്ച ദുർദ്ദശാവൈഭവം !!
മാറിലെ മുഴ കണ്ടറിഞ്ഞല്ലയോ
നാരിയിൽപ്പ്രേമമാവന്ദ പൂരുഷൻ?
സത്യമോക്കിലാണെയ്യു, പെണ്ണേതുമോ?
സന്തനംഗനാസംഗമത്യജിക്കണം.
സിദ്ധിയാക്കിങ്ങുപെണ്ണുമായ് ചേരുകിൽ?
നിർത്തണം വധൂസക്തസംസ്തവം.
രൌരവം വധൂസംഗത്തിലെന്നതു
നേരിൽ നാം കാൺമു: ഹാ, ദൈവമിത്രൻ
പൂരുഷൻ വധൂയോനിയാം പ്രത്യക്ഷ-
രൌരവക്കണ്ണിൽ വേവുകയാണല്ലോ !
എന്തിലുമെയിപ്പാരിലത്തീ നരൻ
വീതലജ്ജമതിൽത്താൻ രമിക്കയാം !

Digitized By Kerala Sahitya Akademi

മുതുമുലകുങ്ങൾ വിസ്രവിയ്ക്കുന്നൊട-
ത്താധിയാ മമിപ്പോനെങ്ങു ശ്രുതിയും?
ഏതുദോഷമുണ്ടംഗനാസംഗത്തിൽ!
ബുദ്ധിമാനതു ചിന്തിച്ചുനോക്കണം.
അംഗജപ്പടമൂലം ബലത്തിനു
ഭംഗമുണ്ടോ, മുറക്കം വളർന്നിട്ടും;
നിദ്രയേറിയാൽ ജ്ഞാനനാശം വരും.
മർത്ത്യനായുസ്സുമതുകാരണമുപോം.
ആകയാൽ സ്ത്രീയെ മൃത്യുവായ് ക്കണ്ടിട്ടു
വാഴ്കവൈകുണ്ഠപാദനിരതനായ്:
രണ്ടുപാരിലും സൌഖ്യത്തെ നൽകുന്ന
കൊണ്ടൽനേർവർണ്ണപാദാബ്ജസേവനം
കൈവെടിഞ്ഞിങ്ങു കാമിനിതൻപദ
സേവചെയ്യുവോനെത്ര മൂഢാധമൻ!
ശ്രീവനമാലിപാദപങ്കേരുഹ-
സേവനം പുനർജ്ജന്മമകറ്റുന്നു;
മാനിനീജനസേവയോ മൽസ്യനു
യോനിദുഃഖങ്ങളേകുന്നു മേൽക്കുമേൽ.
യന്ത്രപാചിതൻപോലെ പതിച്ചിടും
ജന്തുയോനിയിൽപ്പിന്നെയും പിന്നെയും;
പിന്നെയും പുമാൻ കഷ്ടമാപ്പെണ്ണിനെ-
ത്തന്നെതേടു;-മിതെന്തു പിടിപ്പിതം!

കയ്യുയർത്തിയുറപ്പിച്ചു ഞാനുര-
ചെയ്യുമീമൊഴി കേൾക്കേണമേവരും:
യാതനതരും യോഷായിലല്ലാതെ
പൂതനാരിപുതങ്കൽവെപ്പിൻ മനം!
നാരിയെ വിട്ടിരിപ്പോനടിക്കടി
ചേരുമേ വാജിമേധയജ്ഞഫലം.
വേട്ടപോയ്പോയി ദൈവയോഗാലൊരു
ശ്രേഷ്ഠവംശയാം സാധ്വിയെയെങ്കിലോ,
പുത്രലബ്ധിയിൽ വർജ്ജിക്ക തത്സംഗ-
മത്രയുംകൊണ്ടുകൃഷ്ണൻ പ്രസാദിയ്ക്കും.

Digitized By Kerala Sahitya Akademi

നാരിയായ്ച്ചേരുവ് നൽച്ചേർച്ചയല്ലല്ലോ;
ശൈരിഭക്തിയുറയ്ക്കില്ല,യുള്ളനാഥം.
സർവ്വസംഗവുംവിട്ട വിചക്ഷണൻ
സർവനാഥനിൽ ഭക്തിയുറപ്പൊള്ളൂണം.
ഉർവ്വരവിഷ്ണുഭക്തിയാക്കുണ്ടു,വ-
നിവ്വിസംശയം പാരിൽ കൃതാർത്ഥനാം
മാധവൻ പ്രസാദിപ്പതേ ചെയ്യൂ:
പ്രീതമായ് ജഗത്തച്യുതപ്രീതിയിൽ!
ആഴിവാഴിയിൽഭക്തിയില്ലാത്തവൻ
പാഴിലത്രേ ജനിച്ചു ധരിത്രിയിൽ!
ബ്രഹ്മമുഖ്യരും പ്രീത്യർത്ഥമർച്ചിയ്യുന്ന
ചിന്മയനാക്കു സംസേവ്യനായ്വരാ?
അച്യുതപദമുറപ്പോക്കുവോരുടെ
യച്ഛനമ്മമാരെത്ര സുകൃതികർ!
'വന്ദ്യ, വിഷ്ണോ, ശരണ്യ, ജനാർദ്ദന!'
എന്നു ചൊല്ലുവോർ വീഴാ നരകത്തിൽ.

ശ്രീകുടുംബിതൻ പ്രത്യക്ഷമൂർത്തിക-
ളാകുമന്നണന്മാരെ വിശേഷിച്ചും
ആവതുപോലെ പൂജിയ്യുന്നു,മിഭ
ചെയ്യുവങ്കൽ പ്രസാദിക്കുമീശ്വരൻ.
വിപ്രരൂപിയായിട്ടു മരിയ്യുയാ-
മല്ലുമേയൻ മുകുന്ദൻ ധരിത്രിയിൽ;
വിപ്രർക്കുടനെ യാതൊന്നുകൊടുപ്പവും
സപ്രയോജനമാവുകയില്ലല്ലോ.
വിപ്രപാദനീരാഴി നരകനോനു
ലഭ്യമാം മേന്മ തൻ പിതൃപ്രീതിയും
ആരണന്നേകമാസപാല്യഭോജനം
ശ്രീധരിതാൻ തന്നെയത്രേ ഭുജിയ്യുന്നു
ഹന്ത, ലോകർതൻ മൂഢത! മാധവ-
നന്നണനായി മുന്നിൽ വിളങ്ങവേ
അന്നസേവിപ്പു വിപ്രാഹാല്യക്കളെ;-
യെന്നിതിക്കെയെങ്ങിന്നു തന്നിമ്മിതി?

Digitized By Kerala Sahitya Akademi

വിപ്രർ വാഴ്കയാൽ ധന്യയത്രേ മഹി;
വിപ്രനു ഭക്തമീശനുമത്തംതാൻ!
വിപ്രവന്ദനം ദുഷ്കൃതസ്കന്ദനം;
വിപ്രഹത്യാദികഠംകമിതെയ്ക്ഷ്വാകം,
അതുകയാൽ ധരാദേവനെപ്പൂജനം-
ചെയ്ക മാധവബുദ്ധിയോടുത്തമൻ.
ക്ഷുത്തടക്കുവാൻ വല്ലതും ബ്രാഹ്മണ-
ന്നതു നൽകിയാലപ്പരലോകത്തിൽ
നൂതലക്ഷമാം കല്പകാലം സുധാ-
ധാരയിൽസ്സുഖമാറാടുമാറാകും!
കല്പവരിവയെന്നു മില്ലാത്തൊരു
നല്ല പാടമാണന്നണൻതൻമുഖം;
വല്ലതുമതിൽകൊണ്ടുവിതയ്ക്കിലൊ-
ട്ടില്ല, കോടിമടങ്ങായ്ഫലം ഫലം!
അതെന്നു നെഞ്ചേത്തു ചോറേകിയോൻ
സൈചരമായൊരു കല്പം സുഖിച്ചിടും.
തുഷ്ടനാം മറ്റു നാനാവിധേമാം
ദുഷ്ടമനം ചിജാതിയ്ക്കു നൽകുകിൽ
കോടികല്പംവിമുക്തനായ് വാണിടാം
പ്രേഢഭോഗങ്ങളാം ചേന്ന ലോകങ്ങളിൽ.

നാരദനോടും മഹാപാപങ്ങളകറ്റുവാൻ കാട്ടുതീയായ പുരാണം, ബ്രാഹ്മണനെ മുൻനിർത്തി ബ്രാഹ്മണനെക്കൊണ്ടു വായിപ്പിച്ചു കേൾക്കേണം. എല്ലാ തീർത്ഥത്തിലും മീതെയായ ഒരു തീർത്ഥമാകുന്നു പുരാണം. അതിലെ ഒരു പാദംകേട്ടാൽത്തന്നെ വിഷ്ണുപ്രസാദം ലഭിയ്ക്കും. വിഷ്ണുഭഗവാൻ ലോകങ്ങൾക്കു ബഹിഃപ്രകാശത്തിനുവേണ്ടി സൂര്യരൂപം പൂണ്ടു സൃഷ്ടിയ്ക്കുന്നതുപ്രകാരമോ; അപ്രകാരം അന്തഃപ്രകാശത്തിനുവേണ്ടി പുരാണാവയവനായി സൃഷ്ടിക്കുന്നു. പ്രാണികൾക്കു പരമപാവനമായ ഒന്നാണ് പുരാണം. അതിനാൽ, വിഷ്ണുപ്രസാദം വേണമെന്നുണ്ടെങ്കിൽ ഭഗവാന്റെ തിരുവുലായ പുരാണം പതിവായി ശ്രവിച്ചുകൊള്ളണം. വിഷ്ണുഭക്തനായി ശാന്തനായിട്ടു വേണം പരിശുദ്ധമായ പുരാണം ശ്രവിപ്പാൻ. വേദാർത്ഥത്തെ ഉൾത്തിരിഞ്ഞു്, വ്യാസരൂപനായ വാസുദേവൻ പുരാണം നി

Digitized By Kerala Sahitya Akademi

മ്മിച്ചിരിക്കുന്നതു്; അതിനാൽ, അതിൽ അതിശ്രദ്ധാലുവായിരിക്കണം. പുരാണം ധർമ്മത്തെ നിർണ്ണയിക്കുന്നു; ധർമ്മമോ, വിഷ്ണുതന്നെയാണല്ലോ. അതുകൊണ്ടു പുരാണം ശ്രവിച്ചാൽ വിഷ്ണുശ്രവണമായി വിഷ്ണുവിന്റെ പ്രത്യക്ഷരൂപങ്ങളാണ് ബ്രാഹ്മണനും പുരാണവും. ഈ രണ്ടിന്റെയും സംസർഗ്ഗത്താൽ മനുഷ്യൻ വിഷ്ണുതന്നെയായിത്തീരും.

ഇപ്രകാരം കലുഷശാന്തിക്കായി ഗംഗാസ്നാനവും ചെയ്യണം. ലോകത്തെ പാപത്തിൽനിന്നു കരയേറ്റുന്ന കേശവന്റെ ശ്രവണപഥത്തെ ഗംഗ. വൈഷ്ണവൻ വിഷ്ണുവിനെ സേവിപ്പാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, പരമപാവനമായ ഗംഗാജലത്തിൽ സ്നാനം ചെയ്യുകതന്നെവേണം. ഗംഗാദേവി വിഷ്ണുഭക്തിയെ പ്രദാനം ചെയ്യും. ലോകത്തെ കരയേറ്റുന്ന ഗംഗ വിഷ്ണുതന്നെയാണല്ലോ. ബ്രാഹ്മണനും പുരാണവും ഗംഗയും ഗോവും പേരാലും വിഷ്ണുവിന്റെ പ്രത്യക്ഷരൂപങ്ങളാകയാൽ, ഇവയെ വിഷ്ണുവിനെ എന്നപോലെ, നിഷ്കാമഭക്തി പൂണ്ടു നിത്യവും പൂജിക്കണം.

വിഷ്ണുഭക്തിയില്ലെങ്കിൽ മനുഷ്യർക്കു ജന്മം നിഷ്ഫലം തന്നെ. പാപങ്ങളാകുന്ന മൃഗങ്ങളും വിഷയങ്ങളാകുന്ന പുഴുക്കളും ദുർവ്വിചാരങ്ങളാകുന്ന രാക്ഷസന്മാരും ദുർജ്ജനങ്ങളാകുന്ന വ്യാളങ്ങളും ഇടതിങ്ങിയുണ്ടായിരിക്കുന്ന കലികാലസമുദ്രം കടപ്പാൻ വിഷ്ണുഭക്തിക്കുപ്പലിലിരുന്നേ സാധിക്കയുള്ളു. അതിനാൽ മനുഷ്യൻ വിഷ്ണുഭക്തി സമ്പാദിപ്പാൻ യത്നിക്കണം. അത്ഭുതലീലനായ ചിൽപുരുഷന്റെ ലീല വർണ്ണിക്കുന്നതിൽ ശ്രദ്ധിക്കാതെ, വല്ല ദുശ്ചരിതവും ശ്രവിച്ചിട്ടു് എന്തൊരു സുഖമാണ് കിട്ടുക? വിഷയത്തിലാണ് താൽപര്യമെങ്കിൽ, തന്ത്രിയുടെ നാനാവിധയങ്ങളും ഭക്തന്മാർ വിചിത്രകഥകളും ശ്രവിക്കാമല്ലോ! അതല്ല, മനസ്സു നിർവ്വാണത്തിലാണെങ്കിൽ, അതിനും അക്കഥകളും കേട്ടാൽ മതി. കളിയായി ശ്രവിച്ചാൽത്തന്നെയും ഭഗവൽപ്രീതി സിദ്ധിയ്ക്കും. നിഷ്കിയനെങ്കിലും, കേവലസ്വലനായ ഹൃഷീകേശൻ കേൾക്കു ശ്രവിപ്പാൻവേണ്ടിയാണ് പലതരം കർമ്മങ്ങളും കല്പിച്ചുചെയ്യുന്നു. നൂറു വാജപേയമോ പതിനായിരം രാജസൂയമോ ചെയ്താൽ ക്ലേശി, ഭക്തിയുണ്ടായാലത്തെപ്പോലെ ഭഗവൽപ്രീതി സിദ്ധിക്കുകയില്ല. സംസാരസാഗരം കടക്കേണമെങ്കിൽ, സജ്ജനങ്ങൾ പേർത്തും പേർത്തും സേവിക്കപ്പെട്ട ആ സാരമായ വിഷ്ണുപാദത്തെ ആശ്രയിച്ചുകൊൾവിൻ! ഹേ, ഹേ, വിഷയം കൊതിക്കുന്ന പാമരരും നിസ്സാരരുമായ മനുഷ്യരേ, നിങ്ങൾ സ്വയം ആത്മാവിനെ നരകത്തിൽ വീഴ്ത്തു

Digitized By Kerala Sahitya Akademi

ന്നതെന്തിന്? വിഷ്ണുപാദം സേവിക്കാതെ ഗതിവരികയില്ല. എള്ളോളുത്തിൽ ദുഃഖങ്ങളെ കടക്കേണമെന്നുണ്ടെങ്കിൽ, പുനരാവൃത്തിയെപ്പോക്കുന്ന വിഷ്ണുപാദം സേവിച്ചുകൊൾവിൻ!

മനുഷ്യൻ എവിടെനിന്നു വന്നു? എങ്ങോട്ടു തിരിച്ചുപോകും? ഇതു വിചാരിച്ചുനോക്കിയിട്ടു ബുദ്ധിമാൻ ധർമ്മം സമ്പാദിച്ചുകൊള്ളണം. പലതരം നരകക്കുഴികളിൽനിന്നു കേറിയാൽ സ്ഥാവരങ്ങളും മറ്റുമായി ജനിക്കുകയായി; കഷ്ടവിൽ ഭാഗ്യംകൊണ്ടു മനുഷ്യജന്മം കിട്ടുകയാണെങ്കിൽ, അപ്പോഴത്തെ ഗർഭവാസം പരമസങ്കടം; കമ്മവശാൽ ഭൂമിയിൽ ജനിച്ചാലൊ, ബാല്യാദികളിലെ പല ദോഷങ്ങളും കൊണ്ടു കഷ്ടപ്പെടുന്നു; യൌവനം വന്നാൽ, ദാരിദ്ര്യത്താലൊ കനത്ത രോഗത്താലോ അനാവൃഷ്ട്യാദികളാലോ ഉള്ള കഴക്കമായി; വാർദ്ധക്യത്തിലാകട്ടെ, മനുഷ്യൻ മനശ്ശാന്തെല്ലുത്താൽ അനിർവ്വചനീയമായ പീഡയിൽ അകപ്പെടുന്നു; കഷ്ടവിൽ വല്ല രോഗവും പിടികൂടിയ ചത്തുപോകുന്നു. ഇതിലും മീതെ ഒരു ദുഃഖം സംസാരത്തിൽ അനുഭവിപ്പാനില്ല: പിന്നെ കർമ്മമനുസരിച്ചു യമലോകത്തു പീഡിപ്പിക്കപ്പെടുകയായി. അവിടെ കഷ്ടത്ത വേദനയനുഭവിച്ചിട്ടു വീണ്ടും ജനിക്കുന്നു; ഇങ്ങനെ ജനിക്കുന്നു, മരിക്കുന്നു; മരിക്കുന്നു, ജനിക്കുന്നു!! ഇതാണ്, വിഷ്ണുവിനെ സേവിക്കാത്തവന്റെ അവസ്ഥ. അനായാസേന മരണവും അനായാസേന ജീവനവും നാരായണനെ ആരാധിക്കാത്തവനു കൈവരുന്നതല്ല. ഗൃഹത്തിൽ ധനം സൂക്ഷിച്ചുവെച്ചിട്ടുണ്ടായിരിക്കാം; ഫലമെന്താണ്? യമഭൃത്യന്മാർ വലിച്ചിഴയ്ക്കുമ്പോൾ, ധനം പിൻതുണയ്ക്കുവരുമോ? അതിനാൽ സുഖാർത്ഥി ധനം ബ്രാഹ്മണർക്കു കൊടുക്കുകയാണ് വേണ്ടതു: ദാനം സ്വർഗ്ഗത്തിലേയ്ക്കുള്ള സോപാനമാകുന്നു; ദാനം ഔരിതനാശനമാകുന്നു.

ഗോവിന്ദസേവനം പുണ്യങ്ങളെ വർദ്ധിപ്പിക്കും. ദേഹത്തിനു കരുത്തുണ്ടെങ്കിൽ, മനുഷ്യൻ അതുകൊണ്ടു ചെലവാക്കേണ്ടതു: മകനുടെ മുമ്പിൽ മടിക്കുത്തഴിച്ചു തുള്ളുകയും പാടുകയും ചെയ്യണം. എന്തുവകയുണ്ടോ, അതൊക്കയും വിഷ്ണുവിങ്കൽ സമർപ്പിക്കുക. വിഷ്ണുവിങ്കൽ സമർപ്പിക്കപ്പെട്ടതേ ക്ഷേമകരമാകൂ; അന്യത്തു സമർപ്പിക്കപ്പെട്ടതോ, ദുഃഖകരം! കണ്ണുകൊണ്ടു കമലാകാന്തന്റെ വിഗ്രഹവും മറ്റും കാണുക; ചെവി കൊണ്ടു ചെന്താമരാക്ഷന്റെ ഗുണാനുഭവങ്ങൾ ശ്രവിക്കുക; നാവുകൊണ്ടു നാരായണന്റെ പാദതീർത്ഥം

Digitized By Kerala Sahitya Akademi

നകരുക; മൂക്കുകൊണ്ടു മുകുന്ദന്റെ തൃക്കാൽക്കലെ തുളസീദളം ഘ്രാണിക്കുക; തലകൊണ്ടു തൽക്ഷേത്രനെ തൊടുക; മനസ്സുകൊണ്ടു മായാവചുരണം ധ്യാനിക്കുക. ഇതുകൊണ്ടു മനുഷ്യൻ തീർച്ചയായും കൃതാർത്ഥനായിത്തീരും. മനവും തിനവും തൻതിരുവടിയിങ്കൽത്തന്നെ ഉറപ്പിച്ചവൻ അവസാനത്തിൽ തന്തിരുവടിയോടു ചേരാതിരിക്കില്ല. മനസ്സുകൊണ്ടു ധ്യാനിക്കുകമാത്രം ചെയ്താൽ സപദം നൽകുന്ന അനാദ്യന്തനായ ഭഗവാനെ ആർ സേവിക്കുകയില്ല? എല്ലായ്പോഴും ചക്രപാണിയുടെ ചരണാരവിന്ദത്തിൽ മനസ്സുവെച്ചും നമസ്കരിച്ചും തൽപ്രസാദത്തിന്നായി യഥാശക്തി ദാനം ആചരിച്ചും സേവിച്ചുപോരുന്നവൻ മനുഷ്യലോകത്തിൽ മാനനീയനായിവരും.

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, വിഷ്ണുഭക്തിപ്രശംസ
അനുപത്തൊന്നാമദ്ധ്യായം.

———(o)———

അനുപത്തിരണ്ടാമദ്ധ്യായം

സൂതൻ: — ഇപ്രകാരം നാനാരൂപധാരിയായ ആ തന്മഹാത്മ്യം ലോകങ്ങളെ ഉണർത്തിച്ചുപോരുന്നവൊ; ആ പരമേശ്വരനായ വിഷ്ണുവിന്റെ മറ്റു മഹത്തായ രൂപമായ പദ്മപുരാണം: ഇപ്രമം മുകുന്ദന്റെ മുൻഭാഗവും, പദ്മം മുഖമെയും, വൈഷ്ണവം വലങ്കയ്യും, ശൈവം ഇടങ്കയ്യും, ഭാഗവതം തുടയും, നാരദീയം നാഭിയും, മാർക്കണ്ഡേയം വലത്തേക്കാലും, ആഗ്നേയം ഇടത്തേക്കാലും, ഭവിഷ്യം ദക്ഷിണജാനുവും, ബ്രഹ്മവൈവർത്തം വാമജാനുവും, ലൈംഗം വലത്തേ തെരിയാണിയും, വാരാഹം ഇടത്തേ തെരിയാണിയും, സ്കാന്ദം രോമങ്ങളും, വാമനം തൊക്കും, കൌർമ്മം പൃഷ്ഠവും, മാത്സ്യം മേദസ്സും, ഗാരുഡം മജ്ജയും, ബ്രഹ്മാണ്ഡം അസ്ഥിയുമത്രേ.

ഇങ്ങിനെ പുരാണാവയവനായി സ്ഥിതിചെയ്യുന്ന വിഷ്ണുവിന്റെ പ്രിയമൊക്കെയല്ലൊ പദ്മം. ഇതു ശ്രവിച്ചാൽ അമൃതാനന്ദവും സിദ്ധിക്കും. പദ്മനാഭസ്വാമി താൻതന്നെയാണ് പദ്മപുരാണം. ഇതിലെ ഉത്തരഖണ്ഡം വായിച്ചാൽ മതി സർവപാപവും വിട്ടൊഴിയാൻ. ഈ ആദിഖണ്ഡം തന്നെ, പദ്മം മുഴുവൻ വായിച്ചാലുള്ള ഫലം നൽകും. ആദിഖണ്ഡം ആകർണ്ണനം ചെയ്താൽ മഹാപാപികളും പോലും, പാമ്പുകൾ വളയിൽ നിന്നെന്നപോലെ, പാപത്തിൽനിന്നുവേർ

Digitized By Kerala Sahitya Akademi

പെടും. കരു ധർമ്മവും അനുഷ്ഠിച്ചിട്ടില്ലാത്ത ദുർവൃത്തന്മാർക്കുടി, ആ ദിഖണ്ഡശ്രവണത്താൽ മുക്തിയടയും. എല്ലാ പുരാണവും ശ്രവിച്ചാ ലത്തെഫലം മുഴുവനും പാത്മശ്രവണംകൊണ്ടു കിട്ടും. പാത്മശ്രവ ണഫലം ആദിഖണ്ഡമാത്രം കൊണ്ടു സിദ്ധിക്കും. മാഘമാസം മുഴുവൻ പ്രയാഗത്തിൽ സ്നാനം ചെയ്താലെന്നപോലെ, ആദിഖണ്ഡം ശ്രവി ച്ചാൽ പാപം നീങ്ങുന്നതാണ്.

കരു തുലാം സ്വർണ്ണമോ ഭൂമിയോ ദാനം ചെയ്യുക, ഭരിദ്രൻ വാങ്ങിയ കടം വീട്ടിക്കൊടുക്കുക, വിഷ്ണുസഹസ്രനാമം പലവുരു ജപിയ്ക്കുക, എല്ലാ വേദവും ചൊല്ലുക, വളരെ അധ്യാപകന്മാരെ തൃപ്തരാ ളും കൊടുത്തു നിയമിക്കുക, ഭീതർക്ക് അഭയം നൽകുക, ഗുണവാന്മാ രേയും ജ്ഞാനികളേയും ധാർമ്മികന്മാരേയും പൂജിക്കുക, വേനൽക്കാ ലത്തു് കന്നാടതരം തണ്ണീർപ്പന്തലൊപ്പിടുത്തുക, ബ്രാഹ്മണക്കോ ഗോ ക്കൾക്കോ വേണ്ടി പ്രാണൻ കളക എന്നീവക സൽക്കർമ്മങ്ങളെല്ലാം, ആദിഖണ്ഡം സഭസ്സിൽവെച്ചു കേൾക്കുകയോ കേൾപ്പിക്കുകയോ ചെയ്താൽ സാധിച്ചുകഴിഞ്ഞു! ആദിഖണ്ഡം വായിച്ചവൻ പലതരം സുഖങ്ങളും അനുഭവിക്കും: സൈചരമാംവണ്ണം ഉറങ്ങിയിട്ടു, സുഖകരമാ യ കിങ്ങിണിക്കിലുക്കവും മധുരഭാഷണങ്ങളും കേട്ടിട്ടുണർന്നീടുകയും ചെ യ്യുക; ഇന്ദ്രന്റെ അർദ്ധാസനത്തിൽ ഇരുന്നുകൊണ്ടു വളരെ നാൾ ഇന്ദ്രലോകത്തിൽ സുഖിയ്ക്കും; പിന്നെ സൂര്യലോകം, ചന്ദ്ര ലോകം, സപ്തർഷിലോകം എന്നിവിടങ്ങളിൽ വിഹരിച്ചു, തേജോമ യമായ ശരീരത്തോടേ ബ്രഹ്മലോകത്തിൽ ചെന്നെത്തി, അവിടെത്തെ ന്നെ വെച്ചു ജ്ഞാനം നേടി നിർവ്വാണം പ്രാപിക്കും. ബുദ്ധിമാൻ സ ത്തുക്കളോടൊത്തു വസിക്കണം; സന്തീർത്ഥത്തിൽ സ്നാനം കഴിക്കണം; സൽസംഭാഷണം ചെയ്യണം; സച്ഛാസ്ത്രം ശ്രവിക്കണം. പാത്മമാ കുന്ന മഹാശാസ്ത്രം സർവ്വേഷ്ടങ്ങളുടേയും ഫലം നൽകുന്നതാകുന്നു; അതിലെ ആദിഖണ്ഡമോ മഹാപുണ്യപ്രദായകമത്രേ.

സേവിപ്പിൻ പരമേകനായ ഹരിയെ, ത്യജിപ്പിൻ പരദ്വേഷമെപ്പോഴുമിവിൻ!
ശ്രീ വിഷ്ണു പല ഭോഗമൊത്ത സുമഹാലോകങ്ങളംപൂകീടുവിൻ!
ഗോവിന്ദത്തിരുനാമമേകമതുലം മാലോകരെ, കേൾക്കുവിൻ!
മാൽ വിട്ടാശകളായ വീഥികൾ കടന്നിഷ്ടങ്ങൾ നേടീടുവിൻ!

ശ്രീപദ്മമഹാപുരാണം, ആദിഖണ്ഡം, ആദിഖണ്ഡശ്രവണമാഹാത്മ്യം അദ്ധ്യായങ്ങളുടെ മധ്യത്തിലെ

ആദിഖണ്ഡം സമാപ്തം.

Digitized By Kerala Sahitya Akademi

ശ്രീപദ്മമഹാപുരാണം

ഭൂമിഖണ്ഡം

ഒന്നാമദ്ധ്യായം

ഋഷിമാർ:—"സർവ്വതത്ത്വജ്ഞനായ സൂത, ആലോചിച്ചാൽ തീരാത്ത ഒരു തീവ്രസംശയം ഞങ്ങളെ ബാധിച്ചിരിക്കുന്നു: ചില പുരാണങ്ങളിൽ, പ്രഹ്ലാദൻ അഞ്ചു വയസ്സിൽത്തന്നെ വിഷ്ണുവിനെ പ്രസാദിപ്പിച്ചതായി പറയുന്നുണ്ടല്ലോ; അദ്ദേഹം ദേവാസുരയുദ്ധത്തിൽ വാസുദേവനോട് പൊരുതിയതും, ഹരിയാൽ ഹനിക്കപ്പെട്ട തൻതിരുവടിയിൽ ലയിച്ചതും എങ്ങിനെയാണ്?"

സൂതൻ:—"ഈ ചോദ്യം പണ്ടു ധീമാനായ വ്യാസമഹർഷി ചോദിച്ചതാണ്; അപ്പോഴും സംശയം തീർക്കുന്നതിന്നായി ബ്രഹ്മദേവൻ വ്യാസഭഗവാനോടരുളിച്ചെയ്തതു ഞാൻ ഭവാന്മാരോട് പറയാം:

വ്യാസൻ:—'മഹാഭാഗനായ സൂത, ബ്രഹ്മപ്രോക്തമായ പ്രഹ്ലാദചരിതം കേട്ടുകൊൾകെ; പുരാണത്തിൽ മറ്റൊരുവിധത്തിലും കേൾക്കാം:

പ്രഹ്ലാദൻ ജനിച്ചപ്പോൾ തന്നെ സത്ത്വസുഖമായ വൈഷ്ണവമാർഗ്ഗം അവലംബിച്ചു മഹാഭാഗവതശ്രേഷ്ഠനായി ദേവപൂജിതനായിച്ചമഞ്ഞു. അദ്ദേഹം പുത്രരോടുകൂടി യുദ്ധത്തിൽച്ചെന്നു വിഷ്ണുവിനോട് പൊരുതുകയും, വാസുദേവനാൽ വധിക്കപ്പെട്ട തൻതിരുവടിയിൽ ലയിയ്ക്കുകയും ചെയ്തു. ആ മഹാത്മാവിന്റെ ഉൽപത്തി കേട്ടുകൊൾകെ. വീര്യശാലിയായ അദ്ദേഹം പുത്രാദികളോടുമിച്ചു യുദ്ധത്തിൽ ചെന്നെത്തി, സ്വതേജസ്സിനാൽ വിഷ്ണുവിനോട് പോരാടി

Digitized By Kerala Sahitya Akademi

വിഷ്ണുവിന്റെ തേജസ്സിൽ ലയിയ്ക്കുകയും ചെയ്തു. മുൻ കല്പത്തിൽ ആ വീരന്റെ ജനനവും, ചരിതവും ഞാൻ മുമ്പുക്കത്തിൽ പറഞ്ഞുതരാം:

പടിഞ്ഞാറേ സമുദ്രത്തിന്നരികിൽ, സർവ്വസമൃദ്ധികളും സംസിദ്ധികളും തികഞ്ഞു ശോഭിക്കുന്ന എന്നൊരു നഗരിയുണ്ടു്. അവിടെ, സർവ്വശാസ്ത്രവിദഗ്ദ്ധനായി യോഗജ്ഞനായി ശിവശർമ്മാവു് എന്നൊരു ബ്രാഹ്മണൻ നിവസിച്ചിരുന്നു. അദ്ദേഹത്തിന്നു യജ്ഞശർമ്മാവു്, വേദശർമ്മാവു്, ധർമ്മശർമ്മാവു്, വിഷ്ണുശർമ്മാവു്, സോമശർമ്മാവു് എന്നിങ്ങിനെ അഞ്ചുപുത്രന്മാരുണ്ടായി. പൈതൃകമിക്കച്ചു പിതൃഭക്തന്മാരായിരുന്നു. പിതൃഭക്തിയൊഴിഞ്ഞു മറ്റൊരു ധർമ്മത്തെ അവർ മഹാത്മാക്കളായി ഗണിച്ചിരുന്നില്ല; അവർ അതിൽ അത്രയും മുഴുകിയിരുന്നു. ധീമാനായ ശിവശർമ്മാവു് അവരുടെ ഭക്തിയൊന്നു പരീക്ഷിക്കണമെന്നുറച്ചു. 'എന്റെ സൽപുത്രന്മാരെ ഒന്നു പരീക്ഷിക്കണം— പിതൃഭക്തന്മാർക്കുള്ള സ്വഭാവം ഇവരുടെ മനസ്സിൽ ഉണ്ടോ ഇല്ലയോ എന്നു ശരിയായി അറിഞ്ഞുവെയ്ക്കണം.'

അദ്ദേഹത്തിന്നു വിഷ്ണുപ്രസാദത്താൽ എല്ലാ സിദ്ധികളും വന്നിരുന്നു. ആ തപശ്ശക്തിയേറിയ ബ്രാഹ്മണൻ മായകൊണ്ടു് ഒരുപായം പ്രയോഗിച്ചു: അമ്മ വഞ്ചിച്ചു പനിയാൽ മരിച്ചുപോയതായി പുത്രന്മാരെ കാണിച്ചു. അമ്മ മരിച്ചുകണ്ടിട്ടു് അവർ അച്ഛനോടുപറഞ്ഞു:—'അച്ഛാ, ഞങ്ങളെ ഗർഭത്തിൽമുതൽ വളർത്തിപ്പോന്ന അമ്മ സ്വയം ദേഹമുപേക്ഷിച്ചുപൊയ്ക്കളഞ്ഞുവല്ലോ— ഞങ്ങളെ വെടിഞ്ഞു സ്വർഗ്ഗംപ്രാപിച്ചുവല്ലോ! എന്തുചെയ്യേണ്ടു! ശിവശർമ്മമഹിജേന്ദ്രൻ ഭക്തിയേറിയ സീമന്തപുത്രനായ യജ്ഞശർമ്മാവിനെ വിളിച്ചുജ്ഞാപിച്ചു:—'ഏതായാലും ഈ മൂർച്ചയേറിയ ആയുധംകൊണ്ടു് അവയവങ്ങളെല്ലാം മുറിച്ചു വല്ലേടത്തും വലിച്ചെറിഞ്ഞേയ്ക്കൂ.' ആ പുത്രൻ അപ്രകാരംചെയ്തു മങ്ങിവന്നിട്ടു് അച്ഛനോടറിയിച്ചു:—'അച്ഛാ, അച്ഛൻപറഞ്ഞതൊക്കെ ഞാൻ ചെയ്തുകഴിഞ്ഞു. ഇനി, എന്തുവേണമെന്നു് ആജ്ഞാപിച്ചാലും. പ്രയാസമേറിയതായാലും ഞാൻ ചെയ്തുകൊള്ളാം.'

ആ പിതൃഭക്തനെ വിടനൽകിയിട്ടു, ശിവശർമ്മാവു രണ്ടാമന്റെ ഉറപ്പറിയുവാൻ അവനെ— വേദശർമ്മാവിനെ— അടുക്കൽവരുത്തി

Digitized By Kerala Sahitya Akademi

ഞാജ്ഞാപിച്ചു:—'ഉണ്ണി, ചെല്ലു: കാമമോഹിതനായ എനിയ്ക്ക് ഒരു സ്ത്രീയില്ലാതെ കഴിച്ചുകൂട്ടാൻവയ്യ. ഇതാ, സർവ്വസൗഭാഗ്യങ്ങളും തികഞ്ഞ ഒരു സുന്ദരി, ഇവളെ എനിക്കായി കൂട്ടിക്കൊണ്ടുവരിക, ഇങ്ങിനെ പറഞ്ഞിട്ട് ഒരു സ്ത്രീയെ മായയാൽ മകനെ കാട്ടിക്കൊടുത്തു. അവൻ അങ്ങിനെതന്നെ എന്നു് അച്ഛനെ വന്ദിച്ചു്, സ്ത്രീയുടെ അടുക്കൽചെന്നു് ആവശ്യപ്പെട്ടു :—'ദേവി, അനംഗശരാർത്തനായ അച്ഛൻ ഭവതിയോടപേക്ഷിയ്ക്കുന്നു: സർവ്വാംഗസുന്ദരിയായ ഭവതി, മയെ ചെയ്യു", എന്റെ വൃദ്ധനായ അച്ഛനെ പ്രാപിച്ചാലും!'

സ്ത്രീ:—'എനിയ്ക്കു വേണ്ടാ വയസ്സനെ: രോഗംപിടിപെട്ട വായിൽ കഫം നിറഞ്ഞു മെയ് കുഴഞ്ഞു കുഴങ്ങുന്ന ഒരു കിഴവനോടു ഞാൻ ഒരിയ്ക്കലും ചേരുകയില്ല. എന്നാൽ ഭവാനൊന്നിച്ചു രമിപ്പാൻ എനിക്കാഗ്രഹം തോന്നുന്നുണ്ട്. ഭവാൻ രാജസൗഭാഗ്യങ്ങളും ദിവ്യലക്ഷണങ്ങളും മികച്ച ഓജസ്സും ചേർന്ന ആളാണ്, ഉണരാതാലംകൃതനാണ്, ദിവ്യരൂപനാണ്. ഈ മുഖത്തെ എന്തിനു കൊള്ളാം! മാനദ, അങ്ങയ്ക്കു്, എന്നെ അനുഭവിച്ചാൽ ദുർല്ലഭമായിട്ടുള്ള എന്തും ലഭിക്കും. ഭവാനു വേണ്ടതൊക്കെ തീർച്ചയായും ഞാൻ തന്നുകൊള്ളാം.'

ദേവശർമ്മാവു്:—'അധർമ്മവും അയുക്തവും അപുണ്യവുമാണ് ഭവതി പറഞ്ഞതു്. ദേവി, പിതൃഭക്തനും നിരപരാധനുമായ എന്നോടു് ഇതൊന്നും പറയരുതേ! അച്ഛനുവേണ്ടിയാണ് ഞാൻ വന്ന ഭവതിയോടപേക്ഷിയ്ക്കുന്നതു്; ദേവി, മറ്റൊന്നും പറയാതെ അച്ഛനോടു ചേരുക ചരാചരങ്ങളുംപ്പെട്ട ത്രൈലോക്യത്തിൽ ദേവിയ്ക്കു വേണമെന്നു തോന്നുന്നതൊക്കെ—ദേവരാജ്യം മുതലായ്ക്കൊണ്ടും—ഞാൻ തന്നുകൊള്ളാം; സംശയംവേണ്ട.'

സ്ത്രീ:—'മഹാഭാഗ, അച്ഛനുവേണ്ടി എനിക്കിതുപോലെയൊക്കെ തരാൻ അങ്ങയ്ക്കു താണിയുണ്ടെങ്കിൽ, ഇപ്പോൾ തന്നെ ഇന്ദ്രനെപ്പോലെ ദേവന്മാരെ എനിക്കു കാട്ടിത്തരിക. ദുർല്ലഭമായിട്ടുള്ളതും തരുവാൻ അങ്ങ് ആളാണെങ്കിൽ, അങ്ങയ്ക്കുള്ള ബലം ഒന്നു കാണിക്കുതന്നെ!'

ദേവശർമ്മാവു്:—'ദേവി, കണ്ടുകൊൾകെ, എന്റെ തപഃശക്തി കണ്ടുകൊൾകെ: ഇതാ, ഞാൻ വിളിക്കയാൽ ഇന്ദ്രാദിദേവശ്രേഷ്ഠന്മാർ വന്നുചേർന്നിരിയ്ക്കുന്നു!'

Digitized By Kerala Sahitya Akademi

ദേവന്മാർ വേശമ്മാവിനോട് ചോദിച്ചു:—'ദിവ്യജ്ഞാനമേ, ഞങ്ങൾ എന്തുചെയ്യണം? അങ്ങയ്ക്കു വേണ്ടതൊക്കെ ഞങ്ങൾ തീർച്ചയായും തരാം.'

ദേവശർമ്മാവു്:—'ദേവകൾ എങ്കൽ പ്രസാദിച്ചു എങ്കിൽ, എനിയ്ക്കു ഈ പിതൃഭക്തിയെ വർദ്ധിപ്പിച്ചു തന്നാൽ മതി!'

'അങ്ങിനെയാവട്ടെ' എന്നു, ദേവകളെല്ലാം വന്നവഴിയെ മടങ്ങിപ്പോയി. ഉടനെ സ്ത്രീ സഹർഷമായി പറഞ്ഞു:— 'അങ്ങയുടെ തപശ്ശക്തി കണ്ടു. എന്നാൽ, ദേവകളെക്കൊണ്ടു് എനിക്കു കാര്യമില്ല. അച്ഛനുവേണ്ടി എന്നെ കൊണ്ടു പോകേണമെന്നുണ്ടെങ്കിൽ, എന്റെ സന്തോഷത്തിന്നായി ഭവാൻ ഒന്നു ചെയ്യണം. അങ്ങയുടെ ശിരസ്സു് സ്വന്തം കൈകൊണ്ടു ഛേദിച്ചു് എനിക്കു തന്നാലും!'

ദേവശർമ്മാവു്:—'ഹാ, ഞാനിപ്പോൾ ധന്യനായി; മുന്നു കടത്തിൽനിന്നും മുക്തനുമായി! എന്റെ തല തരികതന്നെചെയ്യാം; ഭദ്രേ, വാങ്ങിക്കൊൾകെ, വാങ്ങിക്കൊൾകെ.'

ബ്രാഹ്മണശ്രേഷ്ഠൻ ഒരു നിശിതായുധംകൊണ്ടു പുഞ്ചിരിയോടെ തന്റെ തലവെട്ടി അവൾക്കു കൊടുത്തു. ഘോരവാന്ധ്യവും കൊണ്ടു അവൾ ശിവശർമ്മാവിന്റെ അടുക്കലേയ്ക്കു ചെന്നു.

സ്ത്രീ:—'ബ്രാഹ്മണ, ഇതാ, അങ്ങയുടെ മകൻ വേദശർമ്മാവു് അങ്ങയ്ക്കു വേണ്ടി, തന്റെ തല താൻതന്നെ വെട്ടിത്തന്നയച്ചിരിക്കുന്നു. കൈക്കൊണ്ടാലും!'

അതു കണ്ടിട്ടു സോദരന്മാർ, വിറച്ചുകൊണ്ടുപോയി. 'നമ്മുടെ ധർമ്മസഖ്യസചമായ അമ്മ സത്യസമാധിയാൽ അന്തരിച്ചുപോയി; എന്നാൽ, അച്ഛനുവേണ്ടി മരണമടുത്ത ഈ മഹാഭാഗൻതന്നെ ധന്യൻ!" എന്നിങ്ങിനെ ആ പുണ്യവാന്മാരായ ഭ്രാതാക്കന്മാർ അന്യോന്യം സംസാരിച്ചു. മകൻ വേദശർമ്മാവു് ഭക്ത്യതിശയത്താൽ സപിശരീരത്യാഗം ചെയ്തതായി പറഞ്ഞുകേട്ട ശിവശർമ്മമഹർഷി, 'ഈ തലവാങ്ങു' എന്ന ധർമ്മശർമ്മാവിനോടാജ്ഞാപിച്ചു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
ശിവശർമ്മമതിതോപകരം സന്നാമധ്യായം.

(0)

Digitized By Kerala Sahitya Akademi

രണ്ടാമദ്ധ്യായം

സൂതൻ:—മഹാത്മാവായ ധർമ്മർശർമ്മാവു് അതു വാങ്ങി, ബലാ പ്പെട്ടു പുറത്തേയ്ക്കിറങ്ങി, പിതൃഭക്തിയുടേയും തപസ്സിന്റേയും സത്യാർജ്ജവങ്ങളുടേയും ബലത്താൽ ധർമ്മനെ സ്വസമീപ ത്തിലേയ്ക്കാകർഷിച്ചു. ആ ദേവൻ വന്നെത്തി ഇപ്രകാരം പറ ഞ്ഞു:—'ധർമ്മശർമ്മാവെ, അങ്ങു വിളിക്കയാണല്ലൊ ഞാൻ വന്ന ത്. ഞാൻ എന്തു ചെയ്യണം? പറയുക.'

ധർമ്മശർമ്മാവു്:—'ധർമ്മ, എനിക്കു ഗുരുശുശ്രൂഷയും നിശ്ചലമായ ത പസ്സുമുണ്ടെങ്കിൽ, എന്റെ ആ സത്യംകൊണ്ടു, ദേവശർമ്മാവു ജീവിക്കുമാറാകട്ടെ!'

ധർമ്മൻ:—'സുവ്രത, നിന്റെ ദമവും ശൌചവും സത്യവും തപ സ്സും പിതൃഭക്തിയുംമൂലം, നിന്റെ മഹാഭാഗനായ ഭ്രാതാവു് പുനർജ്ജീവിക്കും. മഹാമതേ, നിന്റെ തപസ്സും പിതൃഭക്തി യും എന്നെ സന്തോഷിപ്പിച്ചിരിക്കുന്നു. അങ്ങയ്ക്കു് നല്ലതുവരട്ടെ! മഹാ ധർമ്മജ്ഞന്മാക്കു കൂടി ദുർല്ലഭമായ് വരം ചോദിച്ചു കൊ ൾക.'

ഈ സുഭാഷിതം കേട്ടിട്ടു, മഹായശസ്സായ ധർമ്മശർമ്മാവു് വൈവസ്വതനോടറിയിച്ചു:— 'ഭവാൻ എങ്കൽ പ്രസാദിച്ചുവെങ്കിൽ, എനിക്കു വീണ്ടും പിതൃശുശ്രൂഷയിൽ ഉറച്ചഭക്തിയും ധർമ്മനിഷ്ഠയും, മതിയും തരിക.' 'എന്റെ പ്രസാദത്താൽ ഉണ്ടായിവരും' എന്നു ധർമ്മൻ അനുഗ്രഹിച്ചു. അതോടു കൂടി, മഹാപ്രാജ്ഞനായ വേദ ശർമ്മാവു് ഉറങ്ങിയിരുന്ന ആളെന്നപോലെ എഴുന്നേറ്റു ധർമ്മ ശർമ്മാവിനോടുചോദിച്ചു:—'ആ ദേവി എവിടെപ്പോയി? അച്ഛൻ എ വിടെയാണ്?' അനുജൻ വിവരമെല്ലാം മുഹൂർത്തത്തിൽ അറിയി ച്ചപ്പോൾ വേദശർമ്മാവു വീണ്ടും പറഞ്ഞു:—'എന്റെ ശിര സ്സും ജീവിതവും ഇന്നു കൃതാർത്ഥമായി! അനുജ, നിന്നെ സന്തോ ഷിക്കാം. എന്നെപ്പോലെ ധന്യൻ ആരുള്ളൂ!' ഇങ്ങിനെ പറഞ്ഞി ട്ടു്, അദ്ദേഹം അച്ഛനെ കാണ്മാൻ ഉൽകണ്ഠപൂണ്ടു് അനുജനോ ടൊപ്പം നടകൊണ്ടു. അവരിരുവരും സഹർഷമാനസരായി ശിവശർ മ്മാവിന്റെ അടുക്കൽ ചെന്നെത്തി. ഉടനെ ധർമ്മശർമ്മാവു് തേ

Digitized By Kerala Sahitya Akademi

ജ്യേഷ്ഠിയായ താതനോടറിയിച്ചു:—'അച്ഛ, ഞാൻ ഇതാ, തപസ്സുകൊണ്ടു വേദശർമ്മാവിനെ ജീവിപ്പിച്ചു കൊണ്ടുവന്നിരിയ്ക്കുന്നു; മകനെ സ്വീകരിച്ചാലും.'

ആ പുത്രൻറെയും ഭക്തി കണ്ടിട്ട ശിവശർമ്മാവു സന്തുഷ്ടനായി. എന്നാൽ മറുവടിയൊന്നും പറകയുണ്ടായില്ല. വീണ്ടും എന്തോ ആലോചന ചെയ്തിട്ട, വണങ്ങിത്തോടേ മുമ്പിൽ നിൽക്കുന്ന മഹാമതിയായ വിഷ്ണുശർമ്മാവിനോടു പറഞ്ഞു: — 'ഉണ്ണി, ഞാൻ പറയുന്നതു ചെയ്യുക: നീ ഇപ്പോൾതന്നെ ഇന്ദ്രലോകത്തു ചെന്ന് അമൃതു കൊണ്ടു വന്നാലും; എനിക്ക് ഈ കാന്തയോടൊന്നിച്ചു പാനം ചെയ്യാനാണ്. പൂർവ്വാഴിയിൽ നിന്നുണ്ടായ പീയൂഷം വ്യാധികളെ ശമിപ്പിക്കുന്നതാണല്ലൊ. ഇപ്പോൾ ഇവർക്ക് എൻറെ പേരിൽ താല്പര്യമില്ല. ഇവളെ എനിക്കു കിട്ടുന്നതിനു വേഗത്തിൽ ശ്രമിക്ക; ഇല്ലെങ്കിൽ ഇവർ മറ്റു വല്ലവരേയും പ്രാപിച്ചു കളയും: സുന്ദരിയായ ചെറുപ്പക്കാരിക്കു വൃദ്ധനിൽ ശ്രദ്ധയുണ്ടാകില്ലല്ലോ. എനിക്കു രോഗവും ദോഷവും നീങ്ങി, ഈ പ്രിയതമയോടൊന്നിച്ചു മൂന്നുലോകത്തും രമിപ്പാൻ സംഗതി വരുമാറു നീ പ്രയത്നിക്കണം. ഉണ്ണി, നീ എങ്കൽ സദാ ഭക്തിയുള്ളവനാണല്ലൊ.'

വിഷ്ണുശർമ്മാവ്:—'അച്ഛൻറെ മികച്ച സുഖത്തിന്നായി ഇതു തികച്ചും ഞാൻ ചെയ്തുകൊള്ളാം.'

ഇങ്ങിനെ അറിയിച്ചു ധർമ്മാത്മാവായ വിഷ്ണുശർമ്മാവ് അച്ഛനെ നമസ്കരിച്ചു വലം വെച്ചിട്ട മഹത്തായ തപോബലത്താൽ ആകാശത്തു കേറി, വാസവാലയത്തിലേയ്ക്കു വായുവേഗത്തിൽ നടകൊണ്ടു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഋഷിസൂതസംവാദം, പിതൃതീർത്ഥകഥനം, ശിവശർമ്മചരിതം, വേദശർമ്മപുത്രജീവനം എന്നുമേധ്യായം.

(o)

മൂന്നാമദ്ധ്യായം

സൂതൻ:—വിയത്തേറുമണഞ്ഞ വിഷ്ണുശർമ്മാവിനെ ദർശിച്ചിട്ട്, അദ്ദേഹത്തിൻറെ ഉദ്യമം മനസ്സിലാക്കിയ മഘോന്ദ്രൻ മുടക്കം വ

Digitized By Kerala Sahitya Akademi

തയ്യുന്നതിനു മേനകയെ നിയോഗിച്ചു:—'സുന്ദരി, നീ ചെന്നു ശിവശർമ്മപുത്രനായ ഈ ബ്രാഹ്മണശ്രേഷ്ഠനു വിഷ്ണു വരം തരണം. ഇദ്ദേഹം എന്റെ ഗൃഹത്തിൽ വന്നുചേരാത്തവിധം പ്രവർത്തിക്കുക'.

രൂപയൗവ്വനസമ്പന്നയായ മേനക സത്വരം സർവ്വാഭരണഭൂഷിതയായി പുറപ്പെട്ടു, നന്ദനവനാന്തരത്തിൽ കരുണാലിന്മേൽ വിണാകപാണിതയായിരുന്നു മനോഹരസ്വരത്തിൽ പാട്ടുപാടിക്കൊണ്ടിരിപ്പായി. ആ ചാരുസ്ത്രീ പൂർണ്ണചാരുലോചനയെ കണ്ടപ്പോൾ വിഷ്ണുശർമ്മാവിന്നു് അവളുടെ ആഗമനം മനസ്സിലായി. 'ഇവൾ എന്നിക്കു വിഘ്നം ചെയ്തുവിടുവാൻ ഇന്ദ്രനാൽ അയയ്ക്കപ്പെട്ടവളായിരിക്കും. ഇതു പന്തിയാവില്ല!' എന്നാറച്ചു് ആ ബ്രാഹ്മണൻ ഖഡ്ഗമെടുപ്പിച്ചുനടന്നു. അവളെക്കണ്ടിട്ടു് അവൾ ചോദിച്ചു:—'ശ്രീമൻ, എങ്ങോട്ടാണു് പോകുന്നതു്?' ആ കാമചാരിയായ മേനകയോടു് വിഷ്ണുശർമ്മാവു പറഞ്ഞു:—'ഞാൻ അച്ഛന്റെ കാര്യത്തിനായി ബദ്ധപ്പെട്ടു് ഇന്ദ്രലോകത്തേയ്ക്കു പോകയാണു്'. മേനക പ്രേമത്തോടെ അപേക്ഷിച്ചു:—'ഞാൻ കാമബാണാതുരയായിട്ടു് ഭവാനെ ശരണം പ്രാപിക്കയാണു്: ചിരജ്ഞേ, ഭവാനു ധർമ്മത്തിൽ ഇച്ഛയുണ്ടെങ്കിൽ എന്നെ കാത്തുരക്ഷിച്ചാലും! അങ്ങയെ കണ്ടുമുട്ടിയ മാത്രയിൽത്തന്നെ ഞാൻ കാമാഗ്നിയിൽ ദഹിച്ചുതുടങ്ങിയിരിക്കുന്നു; അങ്ങയ്ക്കു ദയയുണ്ടാകണേ!'

വിഷ്ണുശർമ്മാവു്:—'സുമുഖി, ദേവേന്ദ്രനേയും ഭവതിയുടേയും പുറപ്പാടു്, എനിക്കു മനസ്സിലായിരിക്കുന്നു. എന്നാൽ ഞാൻ അത്തരക്കാരനല്ല: ഭവതിയുടെ തേജസ്സും സൌന്ദര്യവും കണ്ടിട്ടു മറ്റു വിശ്വാമിത്രപ്രഭൃതികളും മയങ്ങിപ്പോയേയ്ക്കാം; ദേവി, ശിവശർമ്മാവിന്റെ മകനാണു് ഞാൻ! അബലേ, യോഗസിദ്ധിയും തപസ്സിദ്ധിയും നേടിയവനായ ഞാൻ കാമാദി മഹാദോഷങ്ങളെ ആദിയിൽത്തന്നെ ജയിച്ചിരിക്കുന്നു. അതിനാൽ ഭവതി മറ്റൊരുത്തനെ തേടിക്കൊൾകം; ഞാൻ ഇന്ദ്രലോകത്തേയ്ക്കു പോകുന്നു.'

ഇങ്ങിനെ പറഞ്ഞു ബ്രാഹ്മണേന്ദ്രൻ ബദ്ധപ്പെട്ടുനടന്നു. മേനകയുടെ പണി പാഴായതു കണ്ടിട്ടു വജ്രായുധൻ വിഷ്ണുശർമ്മാവിനെ ചതിപ്പിക്കാനായി പലതരം മായകളും വീണ്ടും വീണ്ടും കാണിച്ചുനോക്കി; എന്നാൽ അവയെല്ലാം ആ പിതൃകേതുബ്രാഹ്മണന്റെ തേജസ്സിൽ ഭവ

Digitized By Kerala Sahitya Akademi

ള്ളവെണ്ണീറായതേ ഉള്ളൂ. പിന്നെ സഹസ്രാക്ഷൻ വളരെവളരെ ദൂരെ രവിപ്പുങ്ങരം കാണിച്ചുനോക്കി; അവയും വിപ്രൻ സ്വതേജസ്സാൽ നശിപ്പിച്ചുകളഞ്ഞു. എന്നിട്ട് ആ മഹാഭാഗൻ മഹേന്ദ്രൻ്റെ പേരിൽ അരിശംകൊണ്ടു തുടുത്ത കണ്ണുമായി നന്ദനവനത്തിലേയ്ക്കു കടന്നു. 'സ്വധർമ്മസ്ഥനായ എനിയ്ക്കു വിഘ്നം ചെയ്യുന്നതു യാവനൊരുത്തനോ, അവനെ ഞാൻ ഖണ്ഡിപ്പിയ്ക്കും: ഹനിയ്ക്കുന്നവൻ ഹനിക്കപ്പെടുന്നു! ഇന്ദ്രനെ ഞാൻ തീച്ചുയായും ഇന്ദ്രലോകത്തിൽ നിന്നു കീഴ്പ്പെടുത്തിച്ചു, മറെറാരാളെ വാനവപ്രഭുവാക്കി വാഴിക്കുന്നുണ്ടു'.'

ഇപ്രകാരം വിപ്രവര്യൻ വിണ്ണവർകോനെ നശിപ്പിപ്പാൻ ഒരുമ്പെട്ടതോടുകൂടി, സഹസ്രാക്ഷൻ സമീപത്തെത്തി. 'അല്ലയോ മഹാപ്രാജ്ഞനായ ബ്രാഹ്മണ, തപസ്സുകൊണ്ടും മേനകൊണ്ടും സത്യശൗചങ്ങൾകൊണ്ടും അങ്ങയ്ക്കു സമനായിട്ടാരുമില്ല. അങ്ങയുടെ ഈ പിതൃകേതിയാൽ ഞാനും ദേവകളും ജയിക്കപ്പെട്ടിരിക്കുന്നു. എൻ്റെ അപരാധങ്ങളെല്ലാം സ്വയം ക്ഷമിക്കണം. വരം വാങ്ങിക്കൊൾകെ: ഭർല്ലഭമായിട്ടുള്ളതും ഞാൻ തന്നുകൊള്ളാം.' ആ നിലയ്ക്കായ വിണ്ണവപ്രഭുവോടു വിഷ്ണുശർമ്മാവു പറഞ്ഞു:—'ദേവരാജാവേ, ബ്രാഹ്മണൻ്റെ തേജസ്സു ദേവദേവന്മാർക്കും സഹിക്കാവുന്നതല്ല; പിതൃകേതൻ്റേതോ സർവ്വഥാ ദുസ്സഹംതന്നെ. മഹാത്മാക്കളായബ്രാഹ്മണരുടെ തേജസ്സടിപ്പാൻ നോക്കേണ്ട: അവർ അരിശംകൊണ്ടാൽ ബ്രഹ്മവിഷ്ണുമഹേശ്വരന്മാരെപ്പോലും സകുടുംബം നശിപ്പിച്ചുകളയും. പോൻ ഇപ്പോഴേ വന്നിരുന്നില്ലെങ്കിൽ, അങ്ങയുടെ മികച്ച രാജ്യം ക്രൂരനായ ഞാൻ എൻ്റെ തപഃപ്രഭാവത്താൽ മറെറാരു മഹാനു കൊടുത്തുപോകുമായിരുന്നു. അതുകൊട്ടെ, പോൻ വന്നുചേർന്ന വരം തരാൻ തുടങ്ങുകയാണല്ലൊ; എനിക്കു കുറെ അമൃതും സുദൃഢമായ പിതൃകേതിയും തന്നാൽ മതി.' 'അങ്ങനെയാവാം: ഈ പുണ്യമായ വരവും അമൃതും ഞാൻ തന്നേയ്ക്കാം.' എന്നിങ്ങിനെ പറഞ്ഞു പരമപുരുഷനായ പാകശാസനൻ അമൃതു നിറച്ചു ഒരു കുടം ബ്രാഹ്മണൻ്റെ കയ്യിൽകൊടുത്തു; 'അങ്ങയ്ക്കു പിതൃകേതി എന്നെന്നും നിശ്ചലമായിരിക്കും!' എന്ന വരവും നൽകി, ആ സുദുസ്സഹമായ ബ്രാഹ്മണതേജസ്സു കണ്ടു പ്രസാദിച്ച ദേവേന്ദ്രൻ അദ്ദേഹത്തെ യാത്രയാക്കുകയും ചെയ്തു.

വിഷ്ണുശർമ്മാവു തിരിച്ചെത്തി അച്ഛനോടു പറഞ്ഞു:—'അച്ഛ, ഇതാ, ഇന്ദ്രങ്കൽനിന്നു രോഗനാശനമായ പീയൂഷം കൊണ്ടുവന്നിരി

Digitized By Kerala Sahitya Akademi

ക്കുന്നു. ഇപ്പോഴേതന്നെ ഇതുസേവിച്ചു ഭവാൻ അരോഗനും സംതൃപ്തനുമായിത്തീർന്നാലും! മകന്റെ ഈ മഹാവാക്യംകേട്ടിട്ട ശിവശർമ്മാവ് പുത്രന്മാരെയെല്ലാം വിളിച്ചുചിന്തിച്ചു:—'ഉണ്ണികളേ, നിങ്ങടെ പിതൃഭക്തിമൂലം ഞാൻ പറഞ്ഞതൊക്കെ നിറവേറിയല്ലോ; ഇനി സന്തോഷത്തോടെ ലോകത്തിൽ ഉല്ലാസമായ വരം വാങ്ങിക്കൊൾവിൻ.' ഇതുകേട്ടിട്ട സർവ്വസമ്മതന്മാരായ അവരെല്ലാവരും മുഖത്തോടുമുഖം നോക്കി, അച്ഛനോടറിയിച്ചു:—'ഞങ്ങടെ ജീവിച്ചിരിക്കെ അമ്മ കാലധർമ്മംപ്രാപിച്ചുപോയല്ലോ; അച്ഛന്റെ പ്രസാദത്താൽ തത്ക്ഷണേതി ജീവിയ്ക്കുമാറാകട്ടെ! ജന്മജന്മാന്തരങ്ങളിൽ ഞങ്ങൾക്കു് ഇവിടുന്നതന്നെ അച്ഛനും തത്ക്ഷണേതിതന്നെ അമ്മയുമായി വരണം; എന്നാൽ ഞങ്ങളെല്ലാം ഭാഗ്യവാന്മാരായി!!'

ശിവശർമ്മാവ്:—'ഇപ്പോഴേതന്നെ, നിങ്ങളുടെ പുത്രവത്സലയായ മാതാവു പുനരുജ്ജീവിച്ചു സന്തോഷത്തോടേ വന്നുചേരും; സംശയമില്ല.'

ശിവശർമ്മമഹർഷി ഇതു പറഞ്ഞുകഴിഞ്ഞപ്പോഴെയ്ക്കും അവരുടെ അമ്മ വന്നുചേർന്ന് ഇപ്രകാരം പ്രശംസിച്ചു:—'ഇതിനാണ്, വംശത്തിനു മഹിമവരുത്തുന്ന സൽപുത്രനുണ്ടാകാൻ പുരുഷന്മാർ ആഗ്രഹിക്കുന്നതു്! പുണ്യതൽപരമായ സ്ത്രീകളും പരക്കെ പുണ്യസാധകനായ പുത്രനെത്തന്നെ ആഗ്രഹിക്കുന്നു. ഏതൊരുത്തിയുടെ ഗർഭമണഞ്ഞ സന്താനം പുണ്യങ്ങളോടുകൂടി വളരുന്നുവോ; ഏതൊരുത്തി സൽപുത്രന്മാരെ പ്രസവിക്കുന്നുവോ; അവളത്രേ പുണ്യശാലിനി. കുലോചിതാചാരനും, കുലത്തിനു് അവലംബവും അച്ഛനമ്മമാക്കു് ഊർദ്ധ്വഗതി വരുത്തുന്നവനുമായ പുത്രൻ പുണ്യമില്ലാത്തവർക്കു എങ്ങിനെ ഉണ്ടായിവരും? എന്തെല്ലാം പുണ്യങ്ങൾകൊണ്ടാണെന്നറിഞ്ഞുകൂടാ, ധർമ്മവീര്യനായി ധർമ്മാത്മാവായി ധർമ്മവത്സലനായിരിക്കുന്ന ഈ പുണ്യവാൻ എനിയ്ക്കു ഭർത്താവായിവന്നതു്! ഇദ്ദേഹത്തിൽ നിന്നാണല്ലോ, ഇതിലും മീതെയായ നിങ്ങളെ എനിക്കു് ഉണ്ണികളായി കിട്ടിയതു്. പിതൃഭക്തിമാന്മാരും പുണ്യനിരതന്മാരുമായ നിങ്ങൾ എനിയ്ക്കു പുത്രന്മാരായി ജനിച്ചതു് എന്റെ ഒരു പുണ്യവിശേഷം തന്നെ! ഹാ, വളരെ പുണ്യം വേണം ഒരു സൽപുത്രൻ ഉണ്ടാകാൻ; എനിയ്ക്കോ, തപസ്സേജപരാക്രമങ്ങൾകൊണ്ടു് ഒന്നിനൊന്നുമീതെയായി യജ്വാക്കളും പുണ്യവാന്മാരും മഹാശയന്മാരുമായ അഞ്ചു പുത്രന്മാർ കൈവന്നിരിക്കുന്നു!'

Digitized By Kerala Sahitya Akademi

ഇങ്ങിനെ മാതാവു വീണ്ടും വീണ്ടും അഭിനന്ദിയ്ക്കെ, ആ പുത്രന്മാർ അനല്പമായ സന്തോഷം പൂണ്ടു് അമ്മയെ നമസ്കരിച്ചു, പറഞ്ഞു:— 'അമ്മേ, പുണ്യവാന്മാക്കേ നല്ല മാതാപിതാക്കന്മാരെ കിട്ടുകയുള്ളൂ. ഞങ്ങളുടെ ഭാഗ്യത്താലാണ് പുണ്യശാലിനിയായ ഭവതി അമ്മയായതു്. ഇവിടുത്തെ ഗർഭമണഞ്ഞതിനാലാണല്ലൊ ഞങ്ങൾ പുണ്യത്തോടുകൂടി വളർന്നുവന്നതു്. ഏതുജന്മത്തിലും ഞങ്ങൾക്കു ഭവതിതന്നെ മാതാവും, ഇദ്ദേഹം തന്നെ അച്ഛനുമായി വരണം!'

ശിവശർമ്മാവ്:— 'എന്റെ ഉണ്ണികളെ, ഈ പുണ്യകരമായ ശ്രേഷ്ഠവരം വാങ്ങിക്കൊള്ളുവിൻ: എന്റെ പ്രീതിയാൽ നിങ്ങൾക്കു നിത്യഭോഗങ്ങൾ അനുഭവപ്പെടട്ടെ!'

പുത്രന്മാർ:— 'അച്ഛൻ പ്രസാദിച്ചു വരം തരികയാണെങ്കിൽ, ഞങ്ങളെ താപമില്ലാത്ത വൈഷ്ണവമായ ഗോലോകത്തേയ്ക്കയയ്ക്കുക!'

ശിവശർമ്മാവ്:—'തപസ്സുകൊണ്ടും ഈ പിതൃഭക്തികൊണ്ടും നിഷ്കൽമഷരായ നിങ്ങൾ എന്റെ പ്രസാദത്താൽ വൈഷ്ണവലോകം പൂകിക്കൊൾവിൻ.'

മുനി ഇതുമുതൽ പറഞ്ഞപ്പോഴേയ്ക്കു, ശംഖചക്രഗദാപാണി ഗരുഡാരൂഢനായി മുഴുന്നള്ളിവന്ന പുത്രാനുഗ്രഹിതനായ ശിവശർമ്മാവിനോടരുളിച്ചെയ്തു:—'ബ്രാഹ്മണ, ഭവാനും പുത്രന്മാരും ഭക്തിയാൽ മുന്നെ കീഴടക്കിയിരിയ്ക്കുന്നു; ഭവാൻ പുണ്യകാരികളായ നാലു പുത്രന്മാരോടും, ഈ പതിവ്രതയായ പത്നിയോടും കൂടി പോന്നുകൊള്ളുക.'

ശിവശർമ്മാവ്:— 'എന്റെ ഈ ഉണ്ണികളും വൈഷ്ണവലോകത്തേയ്ക്കു പോന്നുകൊള്ളട്ടെ; ഞാൻ ഈ ഭാര്യയോടും, ഈ സോമശർമ്മാവെന്ന ഇളയമകനോടുമൊന്നിച്ചു കുറെക്കാലം കൂടി ഭൂമിയിൽ വസിയ്ക്കാം.'

ഇതുകേട്ടിട്ടു ദേവേശൻ ശിവശർമ്മപുത്രന്മാരോടരുളിച്ചെയ്തു:—'താപവും നാശവുമില്ലാത്ത മുക്തിലോകത്തേയ്ക്കു പോന്നുകൊൾവിൻ.' ഇതരുളിച്ചെയ്തതോടുകൂടി, സത്യചേതസ്സുകളായ ദ്വിജകുമാരന്മാർ നാലുപേരും വിഷ്ണുരൂപികളായിച്ചമഞ്ഞു; അതേജസപികരം ഇന്ദ്രനീലത്തിനൊത്ത വർണ്ണവും സർവ്വസൗഭാഗ്യങ്ങളും ചേർന്ന്, ശംഖചക്രഗദകരം കൈക്കൊണ്ടു, രത്നകിങ്കണരത്നമാലാദി വിഭൂഷണങ്ങളും ആ

Digitized By Kerala Sahitya Akademi

ണിഞ്ഞു, വിഷ്ണുസാരൂപ്യം നേടി, ശിവശർമ്മാവു കാണ്കെ വൈഷ്ണവലോകം പൂകി, ദീപങ്ങളും ഒരു ദീപത്തിലെന്നപോലെ ലയിച്ചു. ഇനി, സോമശർമ്മാവിന്റെ നിർവ്യാജമായ പ്രേമം പറയാം:

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, ശിവശർമ്മചരിതം, പുരുഷോത്തമയജ്ഞം മുന്നാമദ്ധ്യായം.

———(൦)———

മൂന്നാമദ്ധ്യായം.

സൂതൻ: — അവർ തമോതീതമായ വൈഷ്ണവലോകം പ്രാപിച്ചുതിന്നശേഷം, മഹാപ്രാജ്ഞനായ ശിവശർമ്മാവ് ഇളയ മകനോടു പറഞ്ഞു:—'ബുദ്ധിമാനായ സോമശർമ്മാവേ, നീ പിതൃഭക്തിനിരതനാണല്ലോ. ഈ ഏല്പിച്ചുതന്ന അമൃതമഹാകുംഭം സൂക്ഷിച്ചുകൊള്ളണം. ഞാൻ ഈ ഭാര്യയോടുകൂടി തീർത്ഥയാത്രപോകയാണ്.' അങ്ങിനെയാകാമെന്നു സോമശർമ്മാവു സമ്മതിച്ചു. അമൃതിൻകുടം ആ മഹാത്മാവിന്റെ കയ്യിൽ കൊടുത്തു ശിവശർമ്മാവ് അവിടംവിട്ടു പത്തുകൊല്ലം മടങ്ങാതെ തപസ്സിലിരുന്നു. ധർമ്മിഷ്ഠനായ മകൻ മാതൃപിതൃമനസ്സുവെച്ചുകുടം സൂക്ഷിച്ചും പോന്നു.

അതിനുശേഷം, യശസ്വിയായ ശിവശർമ്മാവു ഭാര്യയോടൊരുമിച്ചു മടങ്ങിയെത്തി. അദ്ദേഹം മായയാൽ ഒരു കണ്ണുരോഗിയായിത്തീർന്നിരുന്നു; ഭാര്യയും അങ്ങിനെതന്നെ. രണ്ടുപേരും, വർണ്ണിക്കത്തക്ക ഒരോ മാംസപിണ്ഡമായിച്ചമഞ്ഞു, ധീരനായ സോമശർമ്മാവിന്റെ അരികിൽ വന്നുചേർന്നു. അത്യന്തം ദുഃഖിതരായ അവരെ കണ്ടിട്ട മനസ്സലിഞ്ഞ മകൻ അവരുടെ കാല്മൂൽ കേതിപൂവ്വം നമസ്കരിച്ചു.

സോമശർമ്മാവ്:—'അച്ഛ, ഇവിടത്തെപ്പോലെ തപസ്സും പുണ്യതീർത്ഥങ്ങളുമുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല. ഇവിടെയുള്ള് എന്താണീ സംഭവിച്ചതു്? ദേവകളൊക്കെ അങ്ങയുടെ തേജസ്സിനാൽ അകൃഷ്ടരായിട്ട, ദാസന്മാരെപ്പോലെ, എപ്പോഴും ഇവിടെ

Digitized By Kerala Sahitya Akademi

ത്തെ അമ്മയെ കാത്തുംകൊണ്ടു നിൽക്കുന്നു. ബ്രാഹ്മണശ്രേഷ്ഠ, എന്തൊരു പാപത്താലാണ് ഈ ദുഃഖകരമായ രോഗം അങ്ങയുടെ ദേഹത്തിൽ പിടിപെട്ടതു്? ഈ പുണ്യവതിയായ അമ്മയും, ഭർത്തുപ്രസാദത്താൽ ലോകം മുന്നും താങ്ങാൻപോന്ന പതിവ്രതയാണ്; എന്നിട്ടും അവിടെയ്ക്ക് ഈ ദുരവസ്ഥ പിണഞ്ഞതെങ്ങിനെ? തപസ്സിന്റെ ഫലമില്ലെന്നോ! രാഗദ്വേഷങ്ങളെ വെടിഞ്ഞു ജ്ഞാനിയെ പലതരത്തിൽ പരിചരിയ്ക്കുന്നവർക്ക് എങ്ങിനെ ദുഃഖം സംഭവിയ്ക്കും? പ്രിയതമനെ ഈശ്വരനെ എന്നപോലെ പൂജിച്ചുപോരുന്ന പതിവ്രതസ്ത്രീയ്ക്ക് ഇത്രമാത്രം കഷ്ടരോഗത്തിൽപ്പെട്ടുപോകുന്നതെങ്ങിനെ?'

ശിവശർമ്മാവ്:—'മകനേ, വ്യസനിക്കരുതു്: കർമ്മാധീനനായ മനുഷ്യൻ പാപപുണ്യാത്മകമായ കർമ്മഫലം അനുഭവിക്കേണ്ടതല്ലോ. നീ പുണ്യം ഇച്ഛിക്കുന്നുണ്ടെങ്കിൽ രോഗികളായ ഞങ്ങളിരുവർക്കും ചികിത്സയും ശുശ്രൂഷയും ചെയ്യുക.'

സോമശർമ്മാവ്:—'പുണ്യവാന്മാരായ നിങ്ങളിരുപേരേയും ഞാൻ ശുശ്രൂഷിച്ചുകൊള്ളാം. മഹിജോത്തമ, അച്ഛനമ്മമാരെ പൂജിക്കില്ലെങ്കിൽ, പാപിയും ദുഷ്ടനും കൃപണനുമായ എനിയ്ക്ക് ഇഹത്തിൽ എന്താണ് കർത്തവ്യം?'

ഇപ്രകാരം പറഞ്ഞു്, അവരുടെ ദുഃഖത്താൽ ദുഃഖിതനായ സോമശർമ്മാവ്, അവരെ ശരിയ്ക്കു ശുശ്രൂഷിച്ചുപോന്നു: രണ്ടുപേരുടേയും മലമൂത്രകഫാദികളും കളഞ്ഞു വൃത്തിപ്പെടുത്തും; കാൽകഴുകിയ്ക്കും; തലോടിക്കൊടുക്കും; ഇരുവരേയും മുമ്മൂന്നുവട്ടം തീർത്ഥത്തിലേയ്ക്കു കൊണ്ടുപോകും; സ്വന്തം ശരീരംകൊണ്ടുതന്നെ മംഗളമന്ത്രവിധാനപൂർവ്വം സ്നാനംചെയ്യിച്ചു പിതൃദേവതർപ്പണവും മറ്റും കഴിപ്പിക്കും; അഗ്നിയിൽ ഹോമംനടത്തിക്കും; താൻതന്നെ നല്ല അന്നം വെച്ചുണ്ടാക്കി, തൃപ്തിവരുമാറു് ഊൺ കഴിപ്പിക്കും; കിടക്കമേൽ കിടത്തി ഉറക്കും; സുഗന്ധപുഷ്പം വസ്ത്രം താംബൂലം കിഴങ്ങു് പാൽ നല്ല വലഹാരം മുതലായതും പതിവായി രണ്ടുപേർക്കും കൊണ്ടുകൊടുക്കും. ഇങ്ങിനെ വാഞ്ഛിതമെല്ലാം നിറവേറ്റിക്കൊണ്ടു സുധാർമ്മികനായ സോമശർമ്മാവു് അച്ഛനമ്മമാരെ ഉപചരിക്കയായി. രോഗിയായ അച്ഛനോ സദാ സോമശർമ്മാവിനെ വിളിച്ചു പുരുഷാവാക്കുകൾ പറഞ്ഞു ശകാരിയ്ക്കുകയും, മുഷ്ടിചുരുട്ടി ഇടിക്കുകയും ചെയ്യും; കേൾ മു

Digitized By Kerala Sahitya Akademi

ടങ്ങാതെ സകലവും ചെയ്തുകൊടുത്തിട്ടും, 'കൃതഘ്നനായ നീ എനിക്കു വേണ്ടതു വല്ലതും ചെയ്യുണ്ടായോ' എന്നും മറ്റും ദുഃഖകരമാംവണ്ണം മുള്ളുപറഞ്ഞു വടിയെടുത്തു പ്രഹരിക്കും. എന്നാലും, സോമശർമ്മാവ് ഒരിക്കലും മനസാ വാചാ കർമ്മണാ കോപിക്കാറില്ല; എപ്പോഴും സന്തുഷ്ടനായി അച്ഛനെ ശുശ്രൂഷിക്കുകതന്നെചെയ്യും.

ഇങ്ങിനെ കുറേ നാറാണു കഴിഞ്ഞതിൽപ്പിന്നെ, ശിവശർമ്മാവു സോമശർമ്മാവിന്റെ കേളി കണ്ടിട്ട്, താൻ ചെയ്തതിനെപ്പറ്റി ആലോചിച്ചു:—'വിഷ്ണുശർമ്മാവ് എനിക്കുവേണ്ടി അമൃതുകൊണ്ടുവന്നു; പുണ്യവാനായ ധർമ്മശർമ്മാവും പിതൃഭക്തൻതന്നെ. പുത്രനായ യജ്ഞശർമ്മാവിനോട് ഞാൻ, അമ്മയെ മറിച്ചു് തുണ്ടുതുണ്ടാക്കി വല്ലേടത്തും കൊണ്ടിടാൻ ആജ്ഞാപിച്ചു; അതു് അവൻ ശിക്ഷചെയ്തു. അമ്മയുടെ പേരിൽ യേ വിചാരിക്കുക ഉണ്ടായില്ല. എന്നാൽ, കുരു ശവത്തിന്മേൽ കത്തിവെയ്ക്കുന്നതിൽ അതു സംകടം തോന്നാനില്ല. ഉണ്ണി വേദശർമ്മാവാകട്ടെ, സാഹസമാണ് ചെയ്തു്. അവരിലൊക്കെ മീതെയാണിവൻ: കുറെനിമിഷംപോലും സാഹസം ചെയ്യുന്നില്ല; ചാഞ്ചല്യപ്പെടുന്നുമില്ല. ഇവന്നു തപഃപ്രഭാവം കൂടും. എത്ര ശുശ്രൂഷിച്ചാലും ഇവന്നു മടുപ്പില്ല. ഞാൻ പലവുരു പരീക്ഷിച്ചുനോക്കിയില്ലോ; ഭക്തിയിൽനിന്നും സത്യത്തിൽനിന്നും ഇവൻ വ്യതിചലിക്കുന്നില്ല. മായകൊണ്ടു് എന്റെ ശരീരത്തിൽ കഷ്ടരോഗം കാണിച്ചിട്ടും, ഇവന്നു മലമൂത്രകഫങ്ങളിൽ അറപ്പില്ല: പതിവായി സ്വന്തം കൈകൊണ്ടുതന്നെ വ്രണങ്ങളും വെട്ടിപ്പൊക്കുന്നു; ലേഹം തലോടിത്തരുന്നു. എന്റെ ഉസ്സഹമായ ശകാരം സദാ സഹിക്കുന്നു; തെറി പറഞ്ഞാലും അടിച്ചാലും യാതൊന്നും മിണ്ടുകയില്ല. ഇങ്ങിനെ, എന്റെ മഹാശയനായ മകൻ വളരെ വളരെ കഷ്ടപ്പെട്ട് ദുഃഖസമുദ്രത്തിൽ മുഴുകിയിരിക്കുന്നു. ഇവന്റെ ദുഃഖം വിഷ്ണുശർമ്മാവിനാൽ ഞാൻ അകറ്റുന്നുണ്ടു്!'

ഇപ്രകാരം കുറെനേരം ആലോചിച്ചിട്ട്, മഹാമതിയായ ശിവശർമ്മാവു് വീണ്ടും ഒരു മായ പ്രയോഗിച്ചു കടത്തിൽനിന്നു് അമ്മയെ പരിച്ചു കളഞ്ഞു; എന്നിട്ടു സോമശർമ്മാവിനെ വിളിച്ചുവരുത്തിച്ചു:—'ഉണ്ണി, ഞാൻ നിന്റെ കയ്യിൽ തന്നേൽപ്പിച്ചിട്ടുള്ള രോഗനാശനമായ പീയൂഷം ക്ഷണത്തിൽ കൊണ്ടുവരൂ; എനിക്കു ദേവിക്കണം. വിഷ്ണുശർമ്മാവിന്റെ പ്രസാദത്താൽ ഞാൻ നിരോഗകനാകട്ടെ!'

Digitized By Kerala Sahitya Akademi

സോമശർമ്മാവു ബദ്ധപ്പെട്ടചെന്നു പാത്രം എടുത്തുനോക്കി; അതിൽ അമൃതുണ്ടായിരുന്നില്ല. 'അയ്യൊ, ഇതെന്തു പാപഫലം! അരാണെന്നെ തോല്പിച്ചതു"? അച്ഛന്റെ അടുക്കൽ വിവരം പറകയാണെങ്കിൽ, രോഗപീഡിതനായ അവിടുന്നു കോപിയ്ക്കുകയും ചെയ്യും!!' എന്നിങ്ങനെ വളരെനേരം വിചാരപ്പെട്ടിട്ട് അദ്ദേഹം അതിദുഃഖിതനായിത്തീർന്നു. കടവിൽ 'എനിക്കു സത്യമുണ്ടെങ്കിൽ, ഞാൻ ഉത്തമശുശ്രൂഷ ചെയ്തിട്ടുണ്ടെങ്കിൽ, നിർവ്യാജമായി തപസ്സു് അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ, ഭഗവച്ചാരികളോടുകൂടി ധർമ്മത്തെ സംരക്ഷിച്ചുപോന്നിട്ടുണ്ടെങ്കിൽ, ഈ കടത്തിൽ അമൃതുണ്ടായിവരട്ടെ!' എന്നിങ്ങിനെ സംകല്പിച്ചു നോക്കുന്നതോടുകൂടി, കടം വീണ്ടും അമൃതപൂർണ്ണമായിച്ചമഞ്ഞു. അതു കണ്ടു മനം കുളിർത്ത സോമശർമ്മാവു ക്ഷണത്തിൽ കടമെടുത്തു് അച്ഛന്റെ അടുക്കൽചെന്നു വന്ദിച്ചു. 'അച്ഛ, അമൃതിൻകടം ഇതാ കൊണ്ടുവന്നിരിയ്ക്കുന്നു. വാങ്ങി സേവിച്ചുകൊള്ളുക. ഇവിടേയ്ക്കു രോഗം വേഗത്തിൽ ശമിക്കട്ടെ.'

എന്നിങ്ങനെ മകൻ മധുരമായി പറഞ്ഞ സത്യധർമ്മാനുപിതമായ ശുഭവചനം കേട്ടിട്ട്, അതിസന്തുഷ്ടനായ ശിവശർമ്മാവ് ഇപ്രകാരം അഭിനന്ദിച്ചു:—

ശ്രീപരമോപുരാണം, ഭൂമിയസ്സാ, പിതൃഭക്തിപ്രകരണം,
ശിവശർമ്മചരിതം, സോമശർമ്മഭവപരിക്രമണം തുലോമധ്യായം.

——— (o) ———

അഞ്ചാമദ്ധ്യായം

ശിവശർമ്മാവ്:—'മകനേ, നിന്റെ മേതപസ്സുകൊണ്ടും ഗുരുശുശ്രൂഷകൊണ്ടും, ഭക്തികൊണ്ടും ഞാൻ സന്തോഷിച്ചിരിയ്ക്കുന്നു. ഞാൻ എന്റെ വികൃതരൂപം ത്യജിക്കാം, നീ സുഖിതനായാലും!' ഇങ്ങിനെ പറഞ്ഞ് അദ്ദേഹം മകന്നു് നിജശരീരം കാട്ടിക്കൊടുത്തു. മഹാത്മാക്കളായ അച്ഛനമ്മമാരും മുമ്പത്തെപ്പോലെതന്നെ സൂര്യബിംബത്തിനൊത്ത തേജസ്സോടേ വിളങ്ങുന്നതു സോമശർമ്മാവിനു കാണ്മാറായി. ഇരുപേരുടേയും കാൽക്കൽ അദ്ദേഹം ഭക്തിയോടെ നമസ്കരിച്ചു. പിന്നെ, അത്യന്തം മനസ്സുകുളിർത്തശിവശർമ്മാവ് ഭാര്യാ സഹിതനായി, മകനോടുമാത്രം പറഞ്ഞു,

Digitized By Kerala Sahitya Akademi

യോഗാഭ്യാസം കൊണ്ടും സപുണ്യങ്ങൾകൊണ്ടും വിഷ്ണു പ്രസാദം നേടി, മുനികൾക്കുകൂടി ദുർല്ലഭമായ വൈഷ്ണവപദം പ്രാപിച്ചു. മറ്റു പുണ്യതപസ്സുകൾകൊണ്ടു മുക്തിപദം കിട്ടുന്നതല്ല—ചിന്തനം, ധ്യാനം, ന്യാസം, സ്തോത്രം, ദാനം, തീർത്ഥയാത്ര എന്നിവകൊണ്ടൊന്നും മധുസൂദനദർശനം സിദ്ധിക്കുകയില്ല; സമാധിജ്ഞാനയോഗംകൊണ്ടേ പരമപദം കാണൂ. ശിവശർമ്മാവു് മഹായോഗത്താലാണ് വിഷ്ണുധാമം പൂകിയതു്.

പിന്നിട്ടു തേജസ്സേറിയ സോമശർമ്മാവു് തപസ്സാരംഭിച്ചു: കാഞ്ചനത്തെ അദ്ദേഹം മൺകട്ടയ്ക്കുപ്പം കരുതി; ഉറ്റതും ഉറ്റവും—എന്നുവേണ്ട എല്ലാവിഷയങ്ങളും ഉപേക്ഷിച്ചു; ഇങ്ങിനെ നിസ്പൃഹനും നിസ്സംഗനുമായ ആ ധാർമ്മികൻ യോഗാസനാരൂഢനായിട്ടു വിജനത്തിൽ വസിക്കുകയായി. ക്രമേണ അദ്ദേഹത്തിനു മൃത്യുകാലം സമീപിച്ചു; അപ്പോഴും ഏതാനും അസുരന്മാർ സമീപത്തെത്തിക്കൂടി. പ്രാണൻ യാത്രക്കൊരുങ്ങുന്ന ഘട്ടത്തിൽ, മുനിസേവിതമായ സാലഗ്രാമമഹാക്ഷേത്രത്തിൽ നിന്നു, 'ദൈത്യന്മാർ, ദാനവന്മാർ' എന്നിങ്ങനെ കാതോരുത്തർ സംസാരിക്കുന്ന കോലാഹലം സോമശർമ്മാവിന്റെ ചെവികളിൽപ്പെട്ടു. തന്നിമിത്തം, ധ്യാനലഗ്നനായ ആ ബ്രാഹ്മണോത്തമനെ ദൈത്യഭയം ബാധിച്ചുകളഞ്ഞു; ആ ദൈത്യഭയംകലർന്ന ധ്യാനത്തിലാണ് പ്രാണൻ ഉൽക്രമിച്ചതു്. അങ്ങിനെ ദൈത്യഭാവത്തോടുകൂടി മരണമടഞ്ഞതിനാൽ, അദ്ദേഹം ദൈത്യകുലത്തിൽ ഹിരണ്യകശിപുവിന്റെ മകനായി ജനിക്കുകയും, ദേവാസുരമഹായുദ്ധത്തിൽ ചക്രപാണിയാൽ വധിക്കപ്പെടുകയും ചെയ്തു.

ആ മഹാത്മാവായ പ്രഹ്ലാദൻ യുദ്ധംചെയ്യുമ്പോഴും വിഷ്ണുവിശ്വരൂപം കാണിക്കുകയുണ്ടായി. മുൻജന്മത്തിലെ യോഗാഭ്യാസത്താൽ പ്രഹ്ലാദൻ ജ്ഞാനിയായിത്തീർന്നു; ശിവശർമ്മചരിതമെല്ലാം സ്മരണയിൽ വരികയും ചെയ്തു. "മുൻജന്മത്തിൽ സോമശർമ്മാവായിരുന്ന എനിക്കു് അസുരത്വം സംഭവിച്ചുപോയി; ഇതുവിട്ടു ഞാൻ എന്നാണു്, മുക്തിഭങ്ങളായ ജ്ഞാനമഹാപുണ്യങ്ങൾ കൊണ്ടു, ഉൽകൃഷ്ടമായ വൈഷ്ണവധാമത്തിൽചെന്നു ചേരുക?" യുദ്ധത്തിൽവെച്ചു സ്തുതിക്കുമ്പോൾ പ്രഹ്ലാദൻ ഇപ്രകാരം പറഞ്ഞതായി കേട്ടിട്ടുണ്ടു്. ചിലേന്ദ്രന്മാരെ, ഇപ്പോൾ നിങ്ങൾക്കു സന്ദേഹനിവൃത്തി വന്നിരിക്കുമെല്ലോ.

Digitized By Kerala Sahitya Akademi

പ്രഹ്ലാദനെ ദേവദേവനായ വിഷ്ണു യുദ്ധത്തിൽ കൊന്നതിനാൽ, പ്രഹ്ലാദന്റെ അമ്മയും, ഹിരണ്യകശിപുവിന്റെ ഭാര്യയുമായ കമല വന്ദിച്ച പുത്രദേഹത്താൽ രാപ്പകലൊരുപോലെ കരയുകയായി. കണ്ണീരും കയ്മയിക്കഴിയുന്ന ആ മഹാ പതിവ്രതയെ ഭഗവൽഭക്തനായ നാരദൻ ചെന്നുകണ്ട് ആശ്വസിപ്പിച്ചു:—'മഹാഭാഗേ, വേണ്ടി മകനെപ്പറ്റി, വ്യസനിയ്ക്കണ്ടാ: വാസുദേവനാൽ വധിയ്ക്കപ്പെട്ട ദിതിയുടെ പുത്രൻ മറ്റൊരുജന്മത്തിൽത്തന്നെ അസുരനായി തിരിച്ചുവരും; പേരും പ്രഹ്ലാദൻ എന്നുതന്നെയായിരിയ്ക്കും. അദ്ദേഹം അസുരത്വം വിട്ട ദേവത്വം നേടി, ദേവകളെല്ലാം വണങ്ങുന്ന മഹേന്ദ്രനായി വാഴുകയുംചെയ്യും. ഭദ്രേ, ആ മകനെക്കൊണ്ട ദിതി സദാ സുഖിച്ചാലും! [എന്നാൽ ഈ ഭവിഷ്യത്തായ കാര്യം ദിതി ആരോടും പറഞ്ഞുപോകരുത്'; ഗോപ്യമായി വെക്കണം.]' ഇപ്രകാരം പറഞ്ഞു നാരദമഹർഷി നടകൊണ്ടു. മകൻ രണ്ടാമതും കമലയുടെ ഗർഭത്തിൽ ജനിച്ചു; പ്രഹ്ലാദൻ എന്നതന്നെ പേർ വിളിക്കപ്പെട്ടകയും ചെയ്തു. ബാല്യത്തിൽത്തന്നെ വിഷ്ണുധ്യാനനിരതനായിരുന്ന പ്രഹ്ലാദൻ നരസിംഹപ്രസാദത്താൽ സപ്തർഷിയിൽ ദേവരാജാവായി വാണു. ദേവത്വവും ഉൽകൃഷ്ടമായ ഇന്ദ്രപദവും നേടിയ ആ ധാർമ്മികൻ വൈഷ്ണവധാമമാകുന്ന സായുജ്യവും പ്രാപിയ്ക്കും.

മഹാഭാഗന്മാരെ, സൃഷ്ടിഭാവങ്ങളും അസംഖ്യങ്ങളും വിവിധങ്ങളുമാണു"; ഇതിൽ വ്യാമോഹിപ്പാനൊന്നുമില്ല. ഇനിയേതുവല്ലതും ചോദിക്കാം."

ശൗനികർ:—"ദേവരാജ്യത്തിൽ ഇന്ദ്രത്വം ആർക്കായിരുന്നു? ആരാണ് കൊടുത്തത്? വിസ്തരിച്ചുപറയു."

സൂതൻ:—"മഹാത്മാവായ മധുസൂദനൻ ആ പാപികളായ മാനവന്മാരെയെല്ലാം യുദ്ധത്തിൽ കൊന്നൊടുക്കിയതിനു ശേഷം, ദേവന്മാർ നാഗവിദ്യാധരാദികളും കൂടെച്ചെന്നു വിഷ്ണുവിനോട് തൊഴുകയ്യോടെ ഉണർത്തിച്ചു:—'ഭഗവാനേ, ദേവദേവേശ, ഹൃഷീകേശ, നിന്തിരുവടിയ്ക്കു നമസ്കാരം! ഞങ്ങൾക്കു ശാസിതാവും രക്ഷിതാവുമായി ഒരു പുണ്യവാനെ നിയമിച്ചാലും; ത്രൈലോക്യത്തിലെ പ്രജകൾ ആ ഇന്ദ്രനെ അനുഭവിച്ചു സുഖമായി വസിക്കട്ടെ!'

Digitized By Kerala Sahitya Akademi

വിഷ്ണു:—'മഹാവൈഷ്ണവ തേജസ്സുള്ള ഒരു ബ്രാഹ്മണശ്രേഷ്ഠൻ എന്റെ ലോകത്തിൽ വളരെ നാളായി പാർത്തുവരുന്നുണ്ട്; എന്റെ കേതനായ അദ്ദേഹത്തിനു് എന്റെ ലോകത്തിലെ കാലം അവസാനിച്ചിരിക്കുന്നു. സർവധർമ്മാനുരഞ്ജകനായ ആ ധാർമ്മികൻ നിങ്ങൾക്കു രാജാവായിവരും. സുവ്രതൻ എന്ന ആ മഹാശയൻ അദിതിയുടെ മകനായിട്ടു മഹേന്ദ്രനായി വാഴും. അദ്ദേഹം മഹാബലനും മഹാവീര്യനുമാണു്.'

ഇപ്രകാരം, ദേവേശൻ ദേവകൾക്കു വരം കല്പിച്ചരുളി. അതിനുശേഷം വിജയികളായ ദേവന്മാർ വിഷ്ണുവിനോടൊരുമിച്ചു്, അച്ഛനായ കശ്യപനേയും അമ്മയേയും കാണ്മാൻപോയി. സുഖമായി സ്ഥിതിചെയ്യുന്ന ആ മഹാത്മാക്കളിരുപേരേയും നമസ്കരിച്ചിട്ടു് എല്ലാവരും തൊഴുകയ്യോടേ സഹർഷം അറിയിച്ചു:—'നിങ്ങടെ രണ്ടാളുടേയും പ്രസാദത്താൽ ഞങ്ങൾക്കു ദേവതപം കൈവന്നു!'

കശ്യപൻ:—'നിങ്ങളെല്ലാവരും ഞങ്ങളുടെ പ്രസാദത്താലും തപഃപ്രഭാവത്താലും സദാ സത്യധർമ്മത്തിൽ വർത്തിയ്ക്കുന്നവരാണല്ലോ. നിങ്ങൾക്കു ദേവതപവും അക്ഷയപദവും ലഭിച്ചതിൽ സന്തുഷ്ടനായിരിക്കുന്ന ഞാൻ ഇതാ, വരം തരുന്നു: ദേവഗന്ധർവനാഗാദികളെല്ലാവരും എന്റെ പ്രസാദത്താൽ അമരന്മാരും നിർജ്ജരന്മാരും സർവകാമസമൃദ്ധന്മാരും സർവസിദ്ധിസമന്വിതന്മാരുമായിത്തീരട്ടെ!'

വിഷ്ണു:—'യശസ്വിനിയായ ദേവമാതാവേ, ഭവതിക്കുമംഗളം! വരം വരിച്ചുകൊള്ളുക; വേണ്ടുന്നതൊക്കെ ഞാൻ തീർച്ചയായും തന്നുകൊള്ളാം.'

അദിതി:—'മാധവാ, ഇവിടുത്തെ പ്രസാദത്താലാണല്ലോ ഞാൻ മുമ്പു പുത്രവതിയായതു്; ഈ പുണ്യതൽപരന്മാരായ മൽപുത്രന്മാരെല്ലാം അമരരും നിർജ്ജരരുമായിച്ചമയുകയും ചെയ്തു. വിശേഷിച്ചു്, സർവകാമസമൃദ്ധികളും നൽകുന്ന ഭവാൻ എന്റെ ഗർഭത്തിൽ വസിച്ചു് എന്റെ പുത്രനായി ജനിക്കണം. അങ്ങനൊക്കുന്ന പുത്രനെക്കൊണ്ടു് എനിയ്ക്കു നിത്യാനന്ദം ലഭിയ്ക്കുമാറാകണം. നാഥ, എന്റെ ഈ മഹോദയമായ മനോരഥം നിറവേറിത്തന്നാലും!'

Digitized By Kerala Sahitya Akademi

വിഷ്ണു:—'ഭവതി ദേവകാര്യത്തിനു മനുഷ്യസ്ത്രീയാകേണ്ടിയിരിയ്ക്കുന്നു; അതു ഞാൻ തീർച്ചയായും ഭവതിയുടെ ഗർഭത്തിൽ വസിച്ചുകൊള്ളാം. പതിനേഴാമത്തെ യുഗത്തിൽ, ക്ഷത്രിയവംശമൊടുക്കി ഭൂമിയുടെ ഭാരം നീക്കാനായി, ഞാൻ ജമദഗ്നിപുത്രനായ രാമൻ എന്ന പേരിൽ, തേജഃപ്രതാപവാനും ആയുധധാരികളിൽ അഗ്രഗണ്യനുമായിട്ടു, ഭവതിയുടെ പുത്രനായി ജനിയ്ക്കും; പിന്നെ ഇരുപത്തിനാലാം ത്രേതായുഗത്തിൽ, രാമനെന്നപേരിൽ ഭവതിയുടെ മകനായി പിറക്കും ഇരുപത്തെട്ടാം ദ്വാപരയുഗത്തിൽ അസുരന്മാരെ കൊന്നൊടുക്കി ഭൂഭാരം നീക്കാൻ വാസുദേവനായിട്ടും ജനിയ്ക്കും. ദേവി, ഇപ്പോൾ ഞാൻ പറയുന്ന ധർമ്മം ചെയ്യുക: സർവ്വലക്ഷണസമ്പന്നനായി സർവ്വധർമ്മനിരതനായി സർവ്വജ്ഞനായി സർവ്വനായി സുന്ദരനായിരിക്കുന്ന ഒരു പുത്രനെ ഉൽപാദിപ്പിയ്ക്കുക; അവനു ഞാൻ ഇന്ദ്രത്വം കൊടുക്കാം. അവൻ ഇന്ദ്രനായിവരും.'

ഇതു കേട്ടിട്ടു, 'ദേവദേവപ്രസാദത്താൽ മകൻ ഇന്ദ്രനാകുമല്ലോ' എന്ന മഹാസന്തോഷത്തോടെ, 'അങ്ങിനെ യാകാ'മെന്നു് അദിതി സമ്മതിച്ചു. അതിൽ സന്താപം നീങ്ങി സന്തുഷ്ടരായ ദേവന്മാരെല്ലാം വിഷ്ണുവിനോടൊന്നിച്ചു സ്വസ്ഥാനങ്ങളിലേക്കു തിരിയ്ക്കുകയും ചെയ്തു.

ഗർഭകാലത്തു്, മനസ്വിനിയായ അദിതി കശ്യപനോടുപേക്ഷിച്ചു:—'ഭഗവാനേ, എനിയ്ക്കു് ഐന്ദ്രപദാർഹനായ പുത്രനെ തന്നാലും.' കശ്യപൻ ക്ഷണനേരം ആലോചിച്ചിട്ടു, 'മഹാഭാഗേ, അങ്ങിനെയാകട്ടെ: വേദിയ്ക്കു ത്രൈലോക്യനാഥനും യജ്ഞഭോക്താവുമായ പുത്രൻ ഉണ്ടായിവരും.' എന്നിങ്ങിനെ, അദിതിയുടെ തലയിൽ കൈവെച്ചു.

ഒരു തേജസ്വിയായ ബ്രാഹ്മണൻ വിഷ്ണുലോകത്തിൽ വസിച്ചു തപസ്സു ചെയ്തിരുന്നു; അദ്ദേഹത്തിനു പുണ്യക്ഷയത്താൽ വിഷ്ണുലോകത്തിൽ നിന്നു വിച്യുതി സംഭവിച്ചു. ആ തപസ്വിബ്രാഹ്മണൻ പുണ്യകർമ്മത്താൽ ഇന്ദ്രത്വം അനുഭവിപ്പാനായി അദിതിയുടെ ഗർഭത്തിൽ പ്രവേശിച്ചു. ഗർഭം ധരിച്ച അദിതി കാട്ടിൽ പോയി തപസ്സിലിരുന്നു: ഒരു ആയിരം ദിവ്യവർഷം ദേവമാതാവു സുരാസുരന്മാർക്കുമായ തീവ്രതപസ്സനുഷ്ഠിച്ചു. ആ പരമധ്യാനനിഷ്ഠയായ തപസ്വിനി സൂ

Digitized By Kerala Sahitya Akademi

യ്ത്തൊത്ത തേജസ്സോടേ നമുജ്ജ്വലിച്ചു. ലയധ്യാനത്തിൽ മുഴുകിയും കാറും കോളും തപസ്സു ചെയ്യുന്ന ആ ഭക്ഷപുത്രിക്കു സൌന്ദര്യവും തേജസ്സും വർദ്ധിച്ചുവന്നു. മഹർഷിജസ്സുകളായ സിദ്ധവേഷ്ടികളെല്ലാവും ആ പുത്രത്നപരയായ മഹാഭാഗയെ സ്തുതിയ്ക്കയും രക്ഷിയ്ക്കയും ചെയ്തു. ഒരു നൂറാണ്ടു ചെന്നതിൽപ്പിന്നെ, വിഷ്ണു അവിടെ എഴുന്നള്ളി തപസ്വിനിയായ അദിതിയോടരുളിച്ചെയ്തു:—'ദേവി, ഗർഭം പൂർണ്ണമായി; പ്രസവസമയം സമീപിച്ചു. ദേവതിയുടെ തപസ്സാലും തേജസ്സാലും പോറ്റി വളർത്തപ്പെട്ട ഈ ഗർഭത്തെ ഇപ്പോൾതന്നെ പുറത്താക്കുക.' ഇതരുളിച്ചെയ്തിട്ടു ദേവേശൻ സ്വർഗ്ഗത്തിലേക്കു തിരിച്ചു.

(ശ്ലോകങ്ങൾ)

ജാതനായദിതിയ്ക്കനല്ലൊരു നന്ദനൻ ശുഭവേളയിൽ
സ്ഫീതദീപ്തി ചുഴന്നമറെറാരു ഭാനുമാലികണക്കിനേ
ശ്രീതഴച്ചുഴകൊത്ത മെയ്യൊടു ദിവ്യലക്ഷണപൂർത്തിമാൻ
ശീതരശ്മിസമാനനൻ ധൃതപത്മചക്രയുതർജ്ജനൻ.
ലോകപാലകനന്മയർനാഥനഭീഷ്ണവൈഷ്ണവവാഴ്വസൻ
ധീകവിഞ്ഞതവനം ബുജാക്ഷനവൻ പിറന്നളശാന്തനേ
ആകമാനമകംകളിത്തിഹ സപ്തദിവ്യമുനീന്ദ്രരും,
നാകവാസികരും സിദ്ധചാരണഗുഹ്യകാദ്യർ, ഭൂജംഗരും,
വന്നണഞ്ഞുമഹോത്സവങ്ങളും തുടങ്ങിനാർ മുനിമുഖ്യരും
വൻനദീഗിരിസാഗരങ്ങളുമന്യലോകവുമാകവേ;
അന്നവോളിതദിവ്യബാലനെ വാഴ്ത്തിനാർ മറയക്കരെ-
ച്ചെന്നവിപ്രരുമംഗമന്ത്രയുതങ്ങളാം നിഗമങ്ങളും.
അല്ലമല്ല മുഴങ്ങിമംഗളവാദ്യഘോഷമുടക്കൽനി-
ന്നപ്സരസ്സുകളാടിനാർ, സുരലോകഗായകർ പാടിനാർ;
അർക്കനാദ്യ പേർവിളിച്ചു തുടന്നതൊക്കെനടത്തിനാ-
നബ്ജജാച്യുതശർവ്വശിഷ്ടപതിമാരുമായ് മുനികശ്യപൻ.

'മകനേ, നിനക്കു വസുക്കളെൻഎന്നും വസുകൾ എന്നും, ആദിത്യന്മാർ എന്നും മരുത്തുകൾ എന്നും അശ്വിവാവെന്നും ഐന്ദ്രജസ്സെന്നും പാകശാസനനെന്നും, ശക്രനെന്നും ഇന്ദ്രനെന്നും പേരുകൾവരും.'

Digitized By Kerala Sahitya Akademi

ഇങ്ങിനെ ആ മഹാത്മാവിന്റെ പേരുകേട്ടിട്ട, മനംകലിഞ്ഞ ദേവകളെല്ലാം വന്നു ക്രൂടി സ്നാനാദിസംസ്കാരങ്ങളും കഴിപ്പിച്ചു; വിശ്വകർമ്മാവിനെ വിളിച്ചു ദിവ്യാഭരണങ്ങളും ഉണ്ടാക്കിച്ചുകൊടുത്തു. ആ മഹാഭാഗനായ ദേവരാജാവു സംജാതനായതിൽ ദേവകളെല്ലാവും കൂടപോലെ ആഘോഷിച്ചു. പിന്നീടു നല്ല നാളും പക്കവും നോക്കി, കൂടെ സുമുഹൂർത്തത്തിൽ, അദ്ദേഹത്തെ ഇന്ദ്രപദത്തിൽ മംഗളപൂർവ്വം അഭിഷേചിയ്യുകയും ചെയ്തു.

വിഷ്ണുപ്രസാദത്താൽ ഇന്ദ്രപട്ടംനേടിയ ആ വജ്രപാണികശായുധനായ വസുദേവനെന്ന സുദേശപരന്റെ പിന്നെ കൊട്ടംതപസ്സുചെയ്തു. ആ തപസ്സിന്റെ പ്രഭാവം കണ്ടിട്ട് ശുകൻ ഇങ്ങിനെ പാടുകയുണ്ടായി:—

(കുചുശ്ലോകി രീതി)

'ഈ വസുദേവനെപ്പോലുള്ളനായ് തപമു-
ണ്ടാവില്ല മറ്റൊരാരും പാരിലെങ്ങും.
ഗോവിന്ദപ്രീതിതപസ്സിനാൽസ്സമ്പാദി-
ച്ചേവം ലഭിച്ചല്ലോ ദിവ്യൈശ്വര്യം!
ഉഗ്രമാം വൻതപോവീര്യത്താലിന്ദ്രനു-
മൊക്കുമൊരുത്തനുണ്ടാകാ പാരിൽ!!'

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകരണം,
ഇന്ദ്രദേവോപാഖ്യാനം' അദ്ധ്യായമധ്യായം.

———(o)———

ആറാമദ്ധ്യായം

സൂതൻ:—കശ്യപന്റെ മറ്റൊരു ഭാര്യയായ ദനു എന്ന പതിവ്രത പുത്രശോകത്താൽ സന്താപപൂണ്ടു ദിതിയുടെ ഗൃഹത്തിൽചെന്നെത്തി; കരഞ്ഞുംകൊണ്ടു തന്നെ കാല്പൽ വണങ്ങിയ ആ പാവമല്ലാഖിതയെ ദിതി സമാശ്വസിപ്പിച്ചു:—'ഭദ്രേ, ഭവതിക്കിങ്ങിനെ കരയാനെന്തുള്ളൂ? ഒരുണ്ണിയുണ്ടായാൽത്തന്നെ സ്ത്രീകൾ പുത്രവതികളായി; ഭവതിയോ, സുഖമേ തുടങ്ങിയ നൂറു ശ്രേഷ്ഠപുത്രന്മാരുടെ അമ്മയാണ്! പിന്നെ ദുഃഖത്തിനു കാരണമെന്താ

Digitized By Kerala Sahitya Akademi

ണ്? കരുത്തേറിയ രാജാവായ ഹിരണ്യകശിപുവിന്റേയും ഹിരണ്യാക്ഷന്റേയും അമ്മക്ക് ഒരു മഹാദുഃഖം സംഭവിയ്ക്കുകയോ? ദേവതി കരയുന്നതിന്റെ കാരണമെല്ലാം പറകതന്നെ.'

ദനു:— 'നോക്കൂ, മഹാഭാഗേ നോക്കൂ: സപത്നിയുടെ മനോരഥം അവിഷ്ണു നിറവേറ്റികൊടുത്തു: ഗോവിന്ദൻ മുമ്പ് അദിതിക്കു വരം നൽകിയില്ലയോ; അതുപോലെ ഇപ്പോൾ അവളുടെ മകനും മികച്ച വരം കൊടുത്തിരിക്കുന്നു: കശ്യപനിൽനിന്നു പിറന്ന മൂന്നുലോകൃപാലനായ പുത്രന് ഇന്ദ്രപദം ദേവതിയുടെ മകനിൽ നിന്നൊഴിപ്പിച്ച് കൊടുത്തുകഴിഞ്ഞു. അദിതി പൂർണ്ണ മനോരഥയായി സുഖിയ്ക്കുന്നു; അവളുടെ ഇളയമകനായ വസുദേവൻ ഉഷ്ണപ്രാപമായ മഹേന്ദ്രപദത്തെ ദേവകളോടൊപ്പം അനുഭവിയ്ക്കുകയും ചെയ്യുന്നു.!'

ദിതി:— 'എന്റെ ബുദ്ധിമാനായ മകൻ എങ്ങിനെ സ്ഥാനഭ്രഷ്ടനായി? തോഴി, മറ്റു ദൈത്യേശ്വരന്മാർക്കും തേജോഹാനി വന്നതെങ്ങനെ? വിവരം വിസ്തരിച്ചു പറയുക.'

അതിദുഃഖിതയായ ദിതി ഇതുമും പറഞ്ഞു വിരമിച്ചു.

ദനു:— 'ദേവന്മാരും മാനവന്മാരും അഭിശത്താലൊത്തൊരുമിച്ചു പടയ്ക്കിറങ്ങി. ആ മഹായുദ്ധത്തിൽ അസുരന്മാർക്കാണ് ഉടവു പറ്റിയതു്: വിഷ്ണുവും ദേവകളും കൂടി എന്റെയും ദേവതിയുടേയും പുത്രന്മാരെകൊന്നു വീഴിയ്ക്കുകയാണ്. കാട്ടിൽ ഗജങ്ങളെ സിംഹം എപ്രകാരമോ, അപ്രകാരം നമ്മുടെ പുത്രന്മാരെ ചക്രപാണി സ്വതേജസ്സാൽ കൊന്നൊടുക്കിക്കളഞ്ഞു. ദേവന്മാർക്കോ അസുരന്മാർക്കോ ജയിക്കാവതല്ലാത്ത ആ കാലനേമിപ്രമുഖമായ സൈന്യം മുഴുവനും മർദ്ദിക്കപ്പെട്ടും മണ്ണിക്കപ്പെട്ടും നശിച്ചുപോയി. കാട്ടുതീ അതിന്റെ ജ്വാലകൾ കൊണ്ടു പുല്ലുകളെ എന്നപോലെ, കേശവൻ അസുരന്മാരെയെല്ലാം ചുട്ടെരിച്ചുകളഞ്ഞു. ദേവി, നമ്മുടെരണ്ടുപേരുടേയും വളരെ പുത്രന്മാർ മരിച്ചുപോയി. ചെന്തിയ്യിലണഞ്ഞാൽ പാറാറകൾഎപ്രകാരമോ, അപ്രകാരം വിഷ്ണുവിനോടേറ്റിട്ട് ദാനവന്മാർ മുച്ചൂടും മുടിഞ്ഞുപോയി.'

ദിതി:— 'അയ്യോ, വജ്രപാതം പോലുള്ള ഒന്നാണല്ലൊ വേതി പറയുന്നതു്!'

Digitized By Kerala Sahitya Akademi

ഇത്രയും പറഞ്ഞു് ആ ദേവി മോഹാലസ്യപ്പെട്ടു വീണു. അവളുടെ സ്ഥിതി വലിയകഷ്ടത്തിലായി: അവൾ പുത്രദുഃഖാർത്ഥിതയായിട്ടു കരുണമാംവണ്ണം നിലവിളിച്ചു. അതുകണ്ടിട്ടു് മഹർഷി സാന്ത്വനപ്പെടുത്തി:— 'കരയാതിരിക്കു: നിന്നെപ്പോലെ ലോകമോഹഹിതരായ സാത്വതിക ജനങ്ങൾ ഇങ്ങിനെ ദുഃഖിയ്ക്കയില്ല. സംസാരത്തിൽ ആരുണ്ടു് മക്കൾ? ആരുണ്ടു് ബന്ധുക്കൾ? ആരും ആരോടും ഒന്നും പറയുന്നില്ല. ദക്ഷന്റെ മക്കളാണു് സുന്ദരിമാരായ നിങ്ങൾ; നിങ്ങൾക്കു ഭർത്താവും അഭീഷ്ടകർത്താവും പോഷകനും പാലകനും രക്ഷിതാവുമാണു് ഞാൻ. അടക്കമില്ലാതെ നിഷ്ഠുരന്മാരായ അസുരന്മാർ മത്സരം തുടങ്ങിയതെന്തിനു്? ഭദ്രേ, നിന്റെ പുത്രന്മാർക്കു സത്യവും ധർമ്മവുമില്ല. ആ ദോഷത്താലത്രെ, അവരെല്ലാം നിന്റെ ഭഗ്നേക്ഷയംമൂലം ദേവാപചിതനായ വാസുദേവനാൽ കൊന്നു വീഴിക്കപ്പെട്ടതു്. അതിനാൽ സത്യസൌഖ്യനാശനമായ ദുഃഖം കൊള്ളേണ്ട; ദുഃഖം പുണ്യത്തെ നശിപ്പിക്കും; പുണ്യം നശിച്ചാൽ നാശവുമായി; സുമുഖി, ആരുകൊണ്ടു ദുഃഖിക്കാതിരിക്കു. മാനവന്മാർ നശിച്ചുപോയതു അവരുടെ ദോഷത്താൽത്തന്നെയാണു്; ദേവകോപം കാരണം മാത്രം! മഹാഭാഗേ, ഇതോടുകൂടി സമാശ്വസിച്ചാലും.'

ആ മഹായോഗി ദുഃഖിതയായ പ്രിയതമയോടു് ഇത്രയും പറഞ്ഞു വിരമിച്ചു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, ദേവർഷിപുത്രശോകവർണ്ണനം ആറാമധ്യായം.

———(o)———

ഏഴാമദ്ധ്യായം

ഭീതി:—'നാഥ, ഇവിടുന്നു പറഞ്ഞതൊക്കെ പരമാർത്ഥം തന്നെ; സംശയമില്ല. ഞാൻ ഭർത്തൃസ്നേഹംവിട്ടു്, അഭിമാനത്താൽ സപത്നീമത്സരം കൈക്കൊണ്ടുപോയി. തൻമൂലം വന്നുചേർന്ന മാനഹാനിയാലും മഹാദുഃഖത്താലും വെറുത്തുകൊണ്ടു ഞാൻ പ്രാണത്യാഗം ചെയ്കയാണു്.'

കശ്യപൻ:—'കോപം കളക, ശാന്തിമാർഗ്ഗം ഞാൻ പറഞ്ഞുതരാം:

Digitized By Kerala Sahitya Akademi

ആർ ആരുടെ മകനായില്ല, അമ്മയാകില്ല, അച്ഛനാകില്ല, ഭ്രാതാവാകില്ല, ബന്ധുവാകില്ല, സ്വജനമാകില്ല? ഈ സംസാരബന്ധം മായാമോഹത്താലുള്ളതത്രേ. സനാതനനായ താൻ തന്നെ അച്ഛനും അമ്മയും ബന്ധുവും സ്വജനവും—സർവ്വവും—ആയിത്തീരുന്നു.

ദേവി, ആചാരത്താലാണ് മനുഷ്യന്നു സുഖം ഉളവാകുന്നതു്. അനാചാരത്താൽ നാശമേ വരൂ; തീർച്ചയായും ക്രൂരയോനിയിൽ പതിച്ചുപോകും. സത്യഹീനമായ മഹാപാപകർമ്മത്താൽ മനുഷ്യൻ പ്രാണികൾക്കു ശത്രുവായിത്തീരുന്നു; സത്യത്തിൽ വർത്തിക്കുന്നതായാലോ, ലോകത്തിലെങ്ങും മിത്രങ്ങൾ ഉണ്ടായിവരും. കൃഷിക്കാരൻ വയലിൽ എന്തൊരു വിത്തു വിതയ്ക്കുന്നുവോ, അതിന്റെ ഫലം നേടുന്നു. നിന്റെ പുത്രന്മാരാകട്ടെ, സജ്ജനങ്ങളോടു മത്സരിക്കുകയാണ് ചെയ്യുന്നു; അതിന്റെ ഫലം നീ അനുഭവിച്ചുകൊൾക. നിന്റെ പുത്രന്മാർക്കു സത്യമില്ല, ശാന്തിയില്ല. ആ പാപത്താലത്രേ അവരെല്ലാം ഉന്നതപദത്തിൽനിന്നു ഭ്രഷ്ടരായിപ്പോയതു്. ഇതോർത്തു ശമം കൊള്ളുക; ദുഃഖവും സുഖവും കൈവിടുക. പുത്രന്മാരും മിത്രങ്ങളും ബന്ധുക്കളും ആർക്കുണ്ടു്? പ്രാണികൾ സ്വകർമ്മത്തിനൊത്തു ഫലം അനുഭവിക്കുന്നു. ദേവി, തത്ത്വജ്ഞാനികളായ മഹാത്മാക്കൾ പരാർത്ഥചിന്തനം ചെയ്യാറില്ല; അതു നിഷ്പ്രയോജനമാകുന്നു. പഞ്ചഭൂതാത്മകമായ ശരീരം കേവലം നശ്വരമായ ഒന്നാണ്. അതു ആത്മാവിനെ മിത്രമാക്കിയാൽ എല്ലാവരും മിത്രങ്ങളായി! ആത്മാവു മഹാപുണ്യനും, സർവ്വഗനും, സർവ്വസാക്ഷിയും സർവ്വരൂപനും, സാത്വികനും സച്ചിദാനന്ദനുമാണ്.

സർവ്വമയനായി നിരഞ്ജനനായി ഏകനായ അവൻ വിജനത്തിൽ സഞ്ചരിക്കുകയായിരുന്നു; അങ്ങിനെ ചുറ്റിനടക്കെ തേജസ്വികളായ നാലു ബുദ്ധിമാന്മാരെ കണ്ടെത്തി; അജ്ഞാതനായിട്ട്, അവരുടെ മിത്രമായ വായുവുമുണ്ടായിരുന്നു. ജ്ഞാനമാകുന്ന തുണക്കാരനോടുകൂടി വന്നതിനാൽ ആത്മാവു് അവരെ കണ്ടിട്ടു ജ്ഞാനത്തോടു പറഞ്ഞു:—'ജ്ഞാനമേ, നോക്കൂ: അജ്ഞാതചരിതാ തമ്മിൽ എന്തോ ആലോചിക്കുന്നു. പോൻപെന്നു, 'നിങ്ങളാരാണെ'ന്നു ചോദിയ്ക്കുക.' ഇതുകേട്ടിട്ടു് ആരാധ്യനായ ആത്മാവിനോടു ജ്ഞാനം ചോദിച്ചു:—'ഇവരെക്കൊണ്ടു് അങ്ങേക്കെന്തുവേണം? അതു ശരിയ്ക്കു പറയുക. അങ്ങു സർവ്വജ്ഞനാണല്ലോ.'

Digitized By Kerala Sahitya Akademi

ആത്മാവ്:—'ഇവരെവരും മഹാബുദ്ധിമാന്മാരും സുന്ദരന്മാരും മനസ്വികളുമാണ്. എനിയ്ക്ക് ഇവരെപ്പോലെ കണ്ട് സംസാരിച്ച്, ഇവരോട് ചേരണമെന്നുണ്ട്. ജ്ഞാനമേ, ദൂതകർമ്മത്തിൽ കുശലനായ ഭവാൻ ദൂതനായി ചെല്ലുക.'

ജ്ഞാനം:—'ആത്മാവേ, സത്യം, സത്യമാണ് ഞാൻ പറയുന്നത്. നന്മ വേണമെന്നുണ്ടെങ്കിൽ അങ്ങ് ഒരിക്കലും ഈ അബ്ബുപേരോട് ചേർന്നുകൂടാ. പരിശുദ്ധനായ അങ്ങയുടെ ഈ ചോദ്യത്തെ അജ്ഞാനമേ സമ്മതിക്കുള്ളൂ.'

ആത്മാവ്:—'പണ്ഡിത, ഇവരോടുള്ള ചേർച്ചയെ ഭവാൻ വിലക്കുന്നതെന്താണ്? അതിന്റെകാരണം ശീഘ്രം പറയുക.'

ജ്ഞാനം:—'ഇവരോട് ചേർന്നുപോയാൽ ഉടനടി വമ്പിച്ച ദുഃഖം വന്നുകൂടും: അബ്ബുപേരും ലോകസന്താപകാരികളാകുന്നു.'

'മഹാപ്രാജ്ഞനേ, അങ്ങിനെയാകട്ടെ, ഭവാന്റെ വാക്കു ഞാൻ കൈക്കൊള്ളാം.' എന്നു സമ്മതിച്ച് ആത്മാവു ധ്യാനത്തോട് ചേർന്നു.

ഉടനേ അവരെവരും അവിടെ ആത്മാവിനെ കണ്ടിട്ട് ബുദ്ധിയെ വിളിച്ചുപറഞ്ഞു:—'ദേവീ, നീ ആത്മാവിന്റെ അടുക്കൽ ഞങ്ങളുടെ സന്ദേശം എത്തിക്കുക: 'വിശ്വത്തെ താങ്ങുന്ന മഹാത്മാക്കളായ പഞ്ചഭൂതപദങ്ങൾ അങ്ങയെ മിത്രമാക്കാൻ ആഗ്രഹിക്കുന്നു' എന്ന് ആ ബുദ്ധിമാനോട് ചെന്നു പറയൂ. ഇപ്പോൾതന്നെ ചെന്നു കാര്യം സാധിക്കണം.' 'മഹാഭാഗന്മാരേ, അങ്ങിനെയാകട്ടേ; ഞാനിതു ചെയ്തുകൊള്ളാം' എന്നു സമ്മതിച്ചിട്ട് ബുദ്ധി ആത്മാവിന്റെ അടുക്കൽ ചെന്നു. 'മഹാഭാഗ, ബുദ്ധിയെന്ന ഞാൻ മഹത്തുക്കളുടെ അടുക്കൽനിന്നു കുറെ മൈത്രം കൊണ്ടുവന്നിരിക്കയാണ്.' അവർ ആവശ്യപ്പെട്ടതു കേൾക്കുക. ആ പഞ്ചഭൂതപദങ്ങൾ അങ്ങയുടെ അക്ഷയമായമൈത്രിയെ ആഗ്രഹിക്കുന്നു; അങ്ങ ധ്യാനത്തെ അകലെത്തള്ളി, അവരോട് സഖ്യം ചെയ്താലും.'

ജ്ഞാനം:—'ആത്മാവേ, അങ്ങ് ഇവരോട് ചേർന്നുപോകരുതേ: ഇവരോടുചേർന്നാൽ കഴിഞ്ഞു, വമ്പിച്ചദുഃഖം വന്നുകൂടും! ജ്ഞാനമാകുന്ന എന്നെക്കൂടാതെ അങ്ങ് എന്തുചെയ്യും? അതിനാൽ ഇവരോട് സംഗമിക്കരുതേ. അങ്ങയുടെ ഗർവ്വാസം പറഞ്ഞുപോകും; ജ്ഞാനമാകുന്ന ഞാൻ വേർപെട്ടാൽ അങ്ങ് അജ്ഞാനത്തിൽ ചെന്നുപെടുകയും ചെയ്യും.'

Digitized By Kerala Sahitya Akademi

ഇപ്രകാരംപറഞ്ഞു ജ്ഞാനം വിരമിച്ചു. അതിനുശേഷം ആത്മാവ് ആഗതയായ ബുദ്ധിയോടു തിരിച്ചുപറഞ്ഞു:— 'ആത്മാവായ എനിയ്ക്കു മഹാത്മാക്കളായ ജ്ഞാനധ്യാനങ്ങളെ പിരിഞ്ഞുകൂടായ്കയാൽ അങ്ങോട്ടുപോരുവാൻ തരമില്ല. ഞാനെന്തുചെയ്യട്ടെ?' ഇതു കേട്ടിട്ടു ബുദ്ധി അവരുടെ അടുക്കൽ ചെന്നു, ജ്ഞാനധ്യാനങ്ങൾ പറഞ്ഞതൊക്കെ അറിയിച്ചു. ഉടനെ അവരെല്ലാവരും ആത്മാവിന്റെ അടുക്കൽ വന്നപേക്ഷിച്ചു:—'ലോകനാഥ, ഞങ്ങൾ എന്നെന്നും വോന്റെ മൈത്രിയെ ആഗ്രഹിയ്ക്കുന്നു. വോൻ ശ്രേഷ്ഠനാണല്ലൊ; അതുകൊണ്ടാണ് ഞങ്ങൾ അങ്ങയുടെ അടുക്കൽ വന്നതു്. സ്വയം ആലോചിച്ചു് ഒരു മാർഗ്ഗം തരുമാറാകണം!'

ആത്മാവ്:—'എന്നോടു സഖ്യം ചെയ്വാനാണല്ലോ നിങ്ങളെല്ലാവരും വന്നിരിയ്ക്കുന്നതു്. അവരവരുടെ ഗുണവും പ്രഭാവവും പറഞ്ഞു കേൾപ്പിക്കുവിൻ.'

ഭൂമി:—'മഹാശയ, സർവകാര്യസാധകവും ചർമ്മമാംസാദിമയവുമായ ശരീരത്തിലാണ് എന്റെ പ്രഭാവം; നാസികാഗോചരമായ ഗന്ധം എന്റെ ഭൃത്യനത്രേ.'

ആകാശം:—'ആകാശമാകുന്ന ഞാൻ പരബ്രഹ്മംപോലെ പുറത്തും അകത്തും വ്യാപിച്ചു ശൂന്യത്തിൽ വസിയ്ക്കുന്നു; എന്റെ പ്രഭാവം ദേഹത്തിലാണ്. എന്റെ ഭൃത്യരാണ്, കേൾവിയ്ക്കായിട്ടുള്ള ശ്രവണങ്ങൾ.'

വായു:—'ഞാൻ ശ്വാസത്തിൽ നന്മയും തിന്മയും നൽകുന്നു; ശരീരത്തിലാണ് എനിയ്ക്കു ജോലി. സ്പർശമാകുന്ന എന്റെ ഗുണം.'

തേജസ്സ്:—'ഞാൻ എന്നെന്നും സൂര്യന്റെ ദേഹത്തിൽ വർത്തിച്ചു, പുറത്തും അകത്തുമുള്ള നല്ലതും തീയതുമായ സകലവും പ്രകാശിപ്പിക്കുന്നു; കാഴ്ചയ്ക്കുള്ള കണ്ണുകൾ എന്റെ ഭൃത്യരാകുന്നു.'

ജലം:—'ഞാൻ ദേഹത്തിൽ സ്ഥിതിചെയ്തു, സന്ധികളിലെ രക്തം-മാംസം-ലാല-മജ്ജ-ശുക്ലം എന്നിവയെ പ്രേഷണം ചെയ്യുന്നു; അമൃതംകൊണ്ടു ദേഹത്തെ പോഷിപ്പിയ്ക്കുന്നു. രസങ്ങളെ അനുഭവിയ്ക്കുന്ന നാവ് എന്റെ മന്ത്രിയാണു്.'

നാസിക:—'മഹാഭോഗ, ഞാൻ ബുദ്ധിയോടുചേർന്നിണങ്ങിയിട്ടു സുഗന്ധംകൊണ്ടു ശരീരത്തിനു മികച്ച തുഷ്ടി നൽകുന്നു. സ്വാമി

Digitized By Kerala Sahitya Akademi

കാര്യത്തിനുവേണ്ടി, ശരീരത്തിൽ നിശ്ചലനായി സ്ഥിതിചെയ്യുന്നയാണ് ഞാൻ, രണ്ടുതരം ഗന്ധമാണ് എന്റെ ഗുണം.'

ശ്രുതഞ്ജരം:—'ഞങ്ങളെ ദേഹത്തിലിരുന്നു, ലോകങ്ങളെപറയുന്ന കാര്യകാര്യവും ഗുണാഗുണവും സത്യാസത്യവും പ്രിയാപ്രിയവുമായ ശബ്ദം ശ്രവിച്ചുപോരുന്നു. ശബ്ദമാണ് ഞങ്ങളുടെ ഗുണം. ബുദ്ധി സഹായിച്ചേ ഞങ്ങൾക്കു സപ്തകൃത്യം നടത്താൻ സാധിയ്ക്കൂ.'

ത്വക്ക്:—'വായു അഞ്ചുരൂപങ്ങളെ പൂണ്ട് ദേഹത്തിൽ വർത്തിക്കുന്നു; അവയെവരുടേയും ബാഹ്യാഭ്യന്തരചേഷ്ടകൾ അറിയുന്നതു ഞാനാണ്: ശീതോഷ്ണങ്ങളും വർഷാതപങ്ങളും കാറ്റും ആശ്ലേഷം മുതലായതുമൊക്കെ സ്പർശത്താൽ ഞാൻ അറിയുന്നു. സ്പർശം തന്നെയാണ് എന്റെ ഗുണം.'

നേത്രങ്ങൾ:—'സത്തമ, ഞങ്ങൾ സംസാരത്തിലെ നല്ലതും തീയതുമായ രൂപമൊക്കെ, ബുദ്ധിപ്രേരിപ്പിക്കുമ്പോൾ, കണ്ടറിയുന്നു. ദേഹത്തിലാണ് ഞങ്ങളുടെ ഇരിപ്പ്. ഗുണം രൂപംതന്നെ.'

നാവ്:—'ശ്രീമാൻ, ഞാൻ ബുദ്ധിയോടുചേർന്നിട്ട് മധുരാമ്ലാദി രസവിശേഷങ്ങളെ ആസ്വദിച്ചറിയുന്നു. ഇതേ ജോലിചെയ്തുകൊണ്ടു ശരീരത്തിൽ വസിക്കുകയാണ് ഞാൻ. ബുദ്ധിയെ ഇന്ദ്രിയങ്ങൾക്കെല്ലാം തലയാക്കാം.'

പ്രിയതമ, ഇപ്രകാരം അഞ്ചിന്ദ്രിയങ്ങളും വന്നുചൊന്ന സപ്തകൃത്യങ്ങൾ അറിയിച്ചു. പിന്നിട്ട ബുദ്ധി അട്ടഹാസംചെന്നു പറഞ്ഞു:—'ഞാൻ പിരിഞ്ഞാലുടനേ ശരീരം നശിച്ചുപോകും ദേഹം. അതിനാൽ എന്നെ കൈവിടാതെപ്രവർത്തിച്ചാലും.' ഉടനേ കർമ്മം അട്ടഹാസംചെയ്തു:—'മഹാഭാഗ, ഞാൻ കർമ്മമാണ്. അങ്ങയെ എപ്പോഴുവഴിക്കും ഞാൻ കൊണ്ടുനടക്കാം.' ഇതൊക്കെകേട്ടിട്ട് ആത്മാവ് അവരോടുചോദിച്ചു:—'നിങ്ങൾക്കു എല്ലാവർക്കും തുല്യമായിട്ടാണല്ലൊ; പിന്നെയെന്താണ്, അഞ്ചുപേരും എന്റെമാത്രം സഖ്യമിച്ചിയ്ക്കുന്നതു?

പഞ്ചേന്ദ്രിയങ്ങൾ:—'ഞങ്ങൾ ഒത്തൊരുമിച്ചാൽ പിണ്ഡമേ ഉണ്ടാകയുള്ളൂ; ആ പിണ്ഡത്തിൽ ഇവിടുന്നു സ്ഥിതിചെയ്യുന്നതായാൽ, ഇവിടത്തെ പ്രാസാദത്താൽ ഞങ്ങൾക്കും അതിങ്കൽ വസിക്കാം, ഇതുകൊണ്ടാണ്, ഞങ്ങൾ എന്നെന്നും അങ്ങയുടെ സൌഹാർദ്ദമിച്ഛിക്കുന്നതു.'

Digitized By Kerala Sahitya Akademi

ആത്മാവ്:—'അങ്ങിനെയാകട്ടെ; ഞാൻ തീർച്ചയായും നിങ്ങൾക്ക പ്രിയംചെയ്യാം: സൌഹാർദ്ദം പ്രീതികാരണമാണല്ലൊ.'

മഹാത്മാവായ ജ്ഞാനവും ധ്യാനവും തടുത്തിട്ടും ആത്മാവ് അവരോടുചെന്ന് ഇങ്ങിക്കളഞ്ഞു. ആ പഞ്ചഭൂതസംയോഗം നിമിത്തം ഭഗവാൻ രാഗദ്വേഷാദികളാൽ മോഹിതനായിട്ട് ദേഹത്തെ പ്രാപിച്ചുപോയി. അങ്ങിനെ, മലമൂത്രങ്ങൾ നിറഞ്ഞുകൊഴുത്ത ഉത്കടമായ ഗർഭത്തിൽ പതിച്ചു വ്യാകുലാംഗനായിത്തീർന്ന ഘട്ടത്തിൽ ആത്മാവു പഞ്ചഭൂതങ്ങളോടുപറഞ്ഞു:—'ഹാ, ഹാ, പഞ്ചഭൂതങ്ങളെ, നിങ്ങളുടെ സസംഗ്രഹംമൂലം ഞാൻ വന്നിച്ചുകൂടിയതാൽ മയങ്ങി, ഈ ഘോരപിണ്ഡിലമായ ഉത്കടത്തിൽ പതിച്ചുപോയല്ലോ!'

പഞ്ചഭൂതങ്ങൾ:—'രാജാവേ, ഗർഭം പൂർണ്ണമാകുന്നതുവരെ ഇരിക്കുക തന്നെ. പിന്നീടു പുറത്തേയ്ക്കു പോകാറാകും. ഇവിടുന്നു ഞങ്ങളുടെ തമ്പുരാനായി ശരീരദേശത്തിൽ വാഴുകയാണ്. ഈ രാജ്യഭോഗത്താൽ ഇവിടേയ്ക്കു സുഖാനുഭവം ലഭിയ്ക്കും.'

ഇതുകേട്ടിട്ടും, ദുഃഖപീഡിതനായ ആത്മാവു് അതിൽനിന്നു പുറത്തേയ്ക്കോടുവാൻ ശ്രമിച്ചുനോക്കുകയായി.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, ദിനികാശ്യപസംവാദം, ആത്മപ്രയാണോപായവൃത്താന്തം എഴാമദ്ധ്യായം.

——(o)——

എട്ടാമദ്ധ്യായം.

കശ്യപൻ:—ദിവസംപ്രതി വാട്ടവും വല്ലായ്മയും വളർന്നും തുല്യാപചിതകർമ്മം ആധിവ്യാധികർമ്മം അഭിപെട്ടും, അതിസംകടത്താൽ ബോധംകെട്ട് അവ്വു അവ്വു എന്നനിലവിളിച്ചും മോഹനിയന്ത്രിതനായി അധോമുഖനായി ഗർഭത്തിൽ സ്ഥിതിചെയ്യുന്ന ആ ആത്മാവു ജ്ഞാനത്തോടു് ആവലാതിപറഞ്ഞു:—'മഹാപ്രാജ്ഞ, ഭവാൻ അന്നു പറഞ്ഞതുഞാൻ കേൾക്കാഞ്ഞില്ല. ധ്യാനവും എന്നെ തടുത്തു; എന്നിട്ടും ഞാൻ മോഹസംകടത്തിൽ

Digitized By Kerala Sahitya Akademi

പ്പെട്ടുപോയി. ഈ അതിഭാരണമായ ഗർഭവാസത്തിൽ നിന്ന് എന്നെ വേർപെടുത്തണേ!'

ജ്ഞാനം:—'ഞാൻ അങ്ങയോട് അന്നതെന്ന പറകയുണ്ടായല്ലോ; അതിപിടിന്ന ക്രൂരാക്കിയില്ല. മഹാ ക്രൂരായ പഞ്ചേന്ദ്രിയങ്ങൾ അങ്ങയെ ഗർഭസംകടത്തിൽ വീഴിച്ചു കളഞ്ഞു. ഇനി ധ്യാനത്തെ ആശ്രയിച്ചാലും; എന്നാൽ ഇവിടെയും തീർച്ചയായും ഗർഭവാസത്തിൽ നിന്ന വിടുതിയും സുഖവും ലഭിയ്ക്കും.'

ജ്ഞാനം പറഞ്ഞതു വാസ്തവമാണെന്ന തോന്നിയതിനാൽ ആത്മാവു ധ്യാനത്തെ വിളിച്ചുപേക്ഷിച്ചു:—'ധ്യാനമേ, ഞാൻ വേഗനെ ശരണം പ്രാപിയ്ക്കുന്നു; എന്നെ രക്ഷിക്കണേ!' ധ്യാനം, 'അങ്ങിനെയാകട്ടെ' എന്ന സമ്മതിച്ചു. അയുക്തകാരം ആത്മാവു ധ്യാനത്തോടുചേർന്ന, മോഹത്തിൽ നിന്നൊഴിഞ്ഞു, സച്ചിദാനന്ദത്തെ ചിന്തിച്ചുകൊണ്ടു ഗർഭത്തിൽ വസിച്ചു. 'ഇതിൽനിന്ന പുറത്തുകടന്നാൽ അതേ നിമിഷത്തിൽ ഞാൻ പഞ്ചാത്മക ദേഹം ഉപേക്ഷിയ്ക്കും' എന്നായിരുന്ന എപ്പോഴും അവിടത്തെ വിചാരം. ദേഹി, പ്രസവത്തിന്ന സമയമായപ്പോൾ, പ്രാണനെക്കാളും ശ്രേഷ്ഠനായ പ്രാജാപത്യവായു ഗർഭത്തെ ചലിപ്പിച്ചു. അപ്പോൾ യോനിക്കു ഇരുപത്തിനാലു വിരൽ വിസ്താരം വെച്ചു; ഗർഭമോ ഇരുപത്തഞ്ചുവിരൽ വലുപ്പമുള്ളതാണ്. അതിനാൽ ഞെരുക്കം വന്ന ക്രൂരി. അങ്ങിനെ ഞെരുങ്ങി മയങ്ങി, ആ ജ്ഞാനധ്യാനസമന്വിതമായ ഗർഭം പ്രാജാപത്യരീതിവ്യവായുവിനാൽ വേറെയാക്കപ്പെട്ടിട്ട ഭൂമിയിലേയ്ക്കു വീണു.

ഭൂമിയെ സ്പർശിച്ചതോടു ക്രൂരി ആത്മാവു ജ്ഞാനധ്യാനങ്ങളെ വിസ്മരിച്ചുപോയി. സംസാരതാപവും ദുഃഖദോഷങ്ങളും വന്നിച്ച വ്യാമോഹവും അവനെ ബാധിച്ചു. നാരംതോറും സ്നാനപാനാദികളും വേണമെന്നായി. പഞ്ചേന്ദ്രിയങ്ങളോടൊപ്പം വളർന്നവരുംതോറും പാപകാരികളായ ഇന്ദ്രിയ വിഷയങ്ങളാൽ വ്യാപിക്കപ്പെട്ടുകയായി, മാതൃബന്ധുജനങ്ങളെച്ചൊല്ലി പ്രതിദിനം വല്ലായ്മ വർദ്ധിച്ചു വന്നു. നദിയിലെ മത്സ്യം മുക്കുവന്റെ വലയിലെന്നപോലെ, ആത്മാവു മോഹജാലത്തിൽ കുടുങ്ങി കഴങ്ങിത്തുടങ്ങി. ഈ അഴിയാത്ത കെട്ടിൽ അകപ്പെട്ടിട്ട് അനങ്ങാൻകൂടി വയ്യാതായിപ്പോയി. ഇങ്ങിനെ പ്രപഞ്ചത്താൽ വ്യാപ്തനായ ആത്മാവിന്ന ജ്ഞാനവും വിജ്ഞാനവും ന

Digitized By Kerala Sahitya Akademi

ശിച്ചു; രാഗദ്വേഷകാമക്രോധങ്ങളാൽ വന്നുകൂടി; അവൻ പ്രകൃത്യാ കർമ്മബദ്ധനായി മഹാമൂഢനായിത്തീർന്നു: കാമക്രോധങ്ങൾകൊണ്ടിപ്പെട്ട ലോഭരോഗാദിഗ്രസ്തന്മാരെയെല്ലാം വ്യാപ്തനായപ്പോൾ, 'ഇതു ഭാര്യ, ഇതു മകൻ, ഇതു സ്നേഹിതൻ, ഇതു ഗൃഹം' എന്നീ സംസാരജാലത്തിൽ കുടുങ്ങുകയും ചെയ്തു. പുത്രശോകാദിദുഃഖങ്ങൾ അവനെ പീഡിപ്പിച്ചു; ആധിവ്യാധികളും ജരയും ഗ്രസിച്ചു; അഭിമാനവും മാനഭംഗവും അഭിതപിപ്പിച്ചു. വാർദ്ധക്യത്തോടുകൂടി പലതരം ദുഃഖങ്ങൾ അടിച്ചുകേറി, സർവ്വദാ മനോരാജ്യത്തിൽ മയങ്ങിച്ചു. രാത്രിയിൽ സ്വപ്നങ്ങൾ കാണും; പകൽ ചൈതന്യമില്ലാതാവും. വൈകല്യവും വ്യാമോഹവും നിറഞ്ഞുകൊണ്ടു അവനിൽ തിങ്ങിനിറഞ്ഞു.

ഈ ആത്മാവു സംസാരത്തിൽ മൂഢനിടക്കെ, നിസ്സംഗനും നഗ്നനും ശാന്തനും ദൃഷ്ടനുമായ വൈരാഗ്യത്തെ കണ്ടെത്തി; ഉടനേ ആ കാമക്രോധരഹിതനോടു ചോദിച്ചു:—'ഭവാനാരാണ്? നഗ്നനായി നടക്കാൻ നാണമില്ലയോ? ലോകങ്ങളുടേയും വൃദ്ധകളും യുവതികളും മാതാക്കളുമായ സ്ത്രീകളുടേയും ഇടയിൽക്കൂടി, ഭവാൻ വസ്ത്രം ധരിക്കാതെ നടക്കുന്നതു കഷ്ടം തന്നെ!'

വൈരാഗ്യം:—'ആരെയാണിവിടെ നഗ്നനായി കാണുന്നതു? ഞാനൊരിക്കലും നഗ്നനല്ല: ജ്ഞാനമാകുന്ന വസ്ത്രം ഞാൻ ശരിയായി ധരിച്ചിട്ടുണ്ടു. അതിനാൽ ഞാൻ നഗ്നനല്ലതന്നെ. ഇന്ദ്രിയാർത്ഥങ്ങൾക്കു വശപ്പെട്ട മനുഷ്യരാണിതന്നായ ഭവാനാണു് നഗ്നനായി കാണപ്പെടുന്നതു!'

ആത്മാവു്:—'സുവ്രത, എന്താണു് പുരുഷന്റെ മനുഷ്യർ? അങ്ങുകരിയാതെങ്കിൽ വിസ്തരിച്ചുപറയുക.'

വൈരാഗ്യം:— 'മനസ്സുസതാസുഖദുഃഖങ്ങളിൽ സുസ്ഥിരമായിരിക്കുക; എത്ര ക്ലേശം നേരിട്ടാലും ആ നില വിടായ്ക; ഇതാണു് മനുഷ്യർ. ഇനി മനസ്സിനെ ബാധിയ്ക്കുന്ന ലജ്ജയെ പറയാം: 'ഞാൻ നഗ്നനായി നടന്നതു നന്നായില്ലെ'ന്നു പശ്ചാത്താപപ്പെട്ടു മൂടുന്നതത്രേ ലജ്ജ. ഞാൻ ആരിൽ നിന്നു ലജ്ജിയ്ക്കണം? രണ്ടാമനായി ആരുമില്ലല്ലോ: ഏകനും ദിവ്യനുമായ പുരുഷൻ ആ രൂപം ഒന്നും നശിപ്പിക്കുന്നില്ല. പിന്നെ ലോകങ്ങളെപ്പറ്റിയാണല്ലോ ഭവാൻ പറഞ്ഞതു: കലാലൻ മൺകട്ടവെച്ചു ച

Digitized By Kerala Sahitya Akademi

രട്ടകൊണ്ടു വട്ടം മുറിച്ചു പലതരം പാത്രങ്ങൾ യഥേഷ്ടം ഉണ്ടാക്കുന്നതുപോലെ, അപ്രകാരം സൃഷ്ടാവു പലദേഹങ്ങൾ നിർമ്മിക്കുന്നു; അവ വല്ലകാരണത്താലും നശിയ്ക്കുകയും ചെയ്യുന്നു. എന്നാൽ, എന്നെന്നും നശിക്കാതെ നില്ക്കുന്നവമാത്രമാണു് ലോകങ്ങൾ. അവയെച്ചൊല്ലി ലജ്ജിക്കേണ്ടതില്ല; അവ ഭൂമിയിലില്ലല്ലോ. പൃഥിവ്യപ് തേജോവായ്വാകാശങ്ങളാകുന്നു, ലോകങ്ങൾ എന്നു പറയപ്പെടുന്നവ; അവ എല്ലാടത്തുമുണ്ടുതാനും. പിന്നെ എന്തിനാണ് ലജ്ജ?

സ്ത്രീകളുടെ കാര്യം കേൾക്കു: ഏകനായ ചന്ദ്രൻ അനേകായിരം നീർക്കുടങ്ങളിൽ നിഴലിയ്ക്കുന്നതുപോലെ, മോഹബദ്ധനായ ഭവാൻ സർവ്വചരാചരങ്ങളിലും ഉറഞ്ഞുനിലിയ്ക്കുന്നു. മായാമോഹമയമായ യോനിദ്വാരവും, ഉയർന്ന കുചങ്ങളുമാണ് സ്ത്രീകൾക്കുള്ള വേർതിരിയ്ക്കുന്നതു് തപ്പ്മാംസങ്ങളും വളർന്നുവരുന്നതും, ലോകങ്ങൾ അധഃപതിയ്ക്കുന്നതും കാണ്മാനായിട്ടാണ്, ഇത മോഹരൂപത്തെ വിധാതാവു വെളിപ്പെടുത്തിയതു്! ഭവാൻ പറഞ്ഞവർ സ്ത്രീയല്ല: സ്രഷ്ടാവു നേരംപോക്കിനായി നിർമ്മിച്ച എന്നുമാത്രം! സ്ത്രീയുടെ എന്നപോലെ പുരുഷന്റേയും ജീവൻ സർവ്വവ്യാപിയാണു്. ജീവൻവിട്ടുവക്ക് കുചവുമില്ല, യോനിയുമില്ല. നാൻ പുരുഷനും നാകി പ്രകൃതിയുമത്രേ. പ്രകൃതി പുരുഷനെന്നിച്ച് ഒരിക്കലും പിരിയാതെ രമിക്കുന്നു. പ്രകൃതിസംയുക്തനായ ഭവാൻ സ്ത്രീയിലും പുരുഷനിലും കാണപ്പെടുന്നു. പിന്നെ, ആർ ആരെച്ചൊല്ലി ലജ്ജിയ്ക്കണം? ഇതോർത്തു സമചിത്തരാകൊള്ളുക. ദേഹംമുഷിച്ചിലുളവാകയും, തലമുടി നരച്ചുവെളുക്കുകയും, ബലം ക്ഷയിച്ചു വയ്യായ്മവന്നുകൂടുകയുംചെയ്യാൽ ആ സ്ത്രീ വൃദ്ധയായി! വാസ്തവത്തിൽ ഇവരാരും വൃദ്ധയല്ല. ജീവപാർശ്വത്തിൽ വന്നിച്ച ജ്ഞാനത്താൽ വർദ്ധിയ്ക്കുന്ന സുമതി എന്നതാണു് യുവതി. അവരും സർവ്വത്ര സ്ഥിതിചെയ്യുന്നവളായിരിയ്ക്കും, അവളെച്ചൊല്ലി ലജ്ജിപ്പാനുണ്ടോ? ഇനി മാതാവിനെപ്പറ്റിയും പറയാം:

പ്രാണികളുടെ ദേഹത്തിൽ സദാ സ്ഥിതിചെയ്യുന്ന പരമജ്ഞാനദാത്രിയായ ചേതനയെ പ്രജ്ഞ എന്നു പറയുന്നു; അതത്രേ മാതാവ്. അവർ സർവ്വലോകങ്ങളേയും പോറ്റി വളർത്തി നാമനൽകുന്നു. മുൻപറഞ്ഞ സുമതിതന്നെയാണ് അമ്മയെന്നു പറയപ്പെടുന്നതു്. സം

Digitized By Kerala Sahitya Akademi

സഭയിലേയ്ക്ക കടത്തിവിടുന്ന ശരീരങ്ങളല്ല മാതാക്കൾ; അവർ വള രെ വളരെ ദുഃഖങ്ങളെ ഉണ്ടാക്കുന്നവരാകുന്നു.'

ആത്മാവ്:—'എന്റെ സന്താപം നീക്കാനായി വന്നുചേർന്ന ഭവാൻ ആരാണ്? ഭവാന്റെ സത്യാവസ്ഥ വിസ്തരിച്ചു പറഞ്ഞാലും.'

വൈരാഗ്യം:—'ആരിൽനിന്നു, കാമങ്ങളെല്ലാം ആശകെട്ട പിന്മാറുന്നവോ; ആരാൽ ശ്രുതിവന്നവൻ ഇഹ കർമ്മങ്ങളെ മിഥ്യയായി കാണുന്നവോ; ആരുടെ അടുക്കലേക്ക് ആശകൾ ഒരിക്കലും വരികയില്ലയോ; ആരെ പേടിച്ചിട്ട ക്രോധലോഭമോഹങ്ങൾ അകന്നുപ്പെടുന്നവോ; ആ വൈരാഗ്യമാണ് ഞാൻ. വിവേകമാകുന്ന എന്റെ ഭ്രാതാവ്.'

ആത്മാവ്:—'വിവേകമെന്ന ഭവൽസോദരൻ എങ്ങിനെയുള്ളാളാണെന്നുകൂടി പറഞ്ഞാൽ കൊള്ളാം.'

വൈരാഗ്യം:—'ഭ്രാതാവിന്റെ ലക്ഷണവും രൂപവും ഞാൻ പറയുന്നില്ല; ആയാളെത്തന്നെ ഇങ്ങോട്ട വിളിക്കാം. ഹേ ഹേ അവിദ്യാ, വിവേകമേ, എനിക്ക വേണ്ടി, ഇതുത്തോളം വരൂ.'

ആർ സർവ്വസാക്ഷിയായി സർവ്വവ്യാപിയായി സർവ്വസത്തുപരായണനായി സർവ്വസംശയസംഛേത്താവായി ജ്ഞാനവത്സലനായി നിർമ്മലനായി നിരഹങ്കാരനായി നിർവ്വിഘ്നനായി നിസ്സംശയനായി നിർദ്വന്ദ്വനായി നിത്യപ്രസന്നനായി സ്ഥിതിചെയ്യുന്നവോ; ഇങ്ങനെ താലംകൃതനായ യാതൊരു മഹാപ്രാജ്ഞനെ മോക്ഷം മഹാത്മാവും, മായ്മാർ ശാന്തിക്ഷമകളും, യോഗം സീമന്തപുത്രനും, ധാരണാദികം പുത്രിമാരും, സത്യധർമ്മങ്ങൾ അമാത്യന്മാരുമാകുന്നവോ; ആ വിവേകം ശാന്തിക്ഷമകളോടൊരുമിച്ചു വന്നെത്തി, വൈരാഗ്യത്തോടു പറഞ്ഞു:—'ജ്യേഷ്ഠ, ഞാൻ ഇതാ, വന്നിരിയ്ക്കുന്നു. എന്തിനാണെന്നെ വിളിച്ചത്?' വിവരമൊക്കെ പറകതന്നെ.'

വൈരാഗ്യം:—'സഹോദര, സംസാരബന്ധനങ്ങളായും മാരണങ്ങളായ മോഹമഹാപാശങ്ങളാലും ബന്ധിക്കപ്പെട്ട ഭവാന്റെ മുമ്പിൽ നില്ക്കുന്ന ഈ പുരുഷൻ സർവ്വവ്യാപിയും എന്നിയ്ക്കുകൂടി സ്വാമിയുമായ ആത്മാവാണ്; ഇദ്ദേഹം പഞ്ചഭൂതങ്ങളാൽ ആവേശിക്കപ്പെട്ടതിനാൽ ജ്ഞാനത്തോടും ധ്യാനത്തോടും ചേർപിരിഞ്ഞുപോയി. തത്ത്വപണ്ഡിതനായ ഭവാൻ തന്നെ ഇദ്ദേഹത്തോടു വിവരം ചോദിക്കു.'

Digitized By Kerala Sahitya Akademi

വിവേകം: —'വിശ്വനായകനായ ദേവ, ഇവിടെയുള്ള കുശലമല്ലയോ? ഭവാൻ സംസാരത്തിൽ വന്നിട്ട് എന്തെല്ലാസുഖവും നന്മയുമാണനുഭവിച്ചുള്ളൂ?'

ആത്മാവു്: —'ഞാൻ ഗർഭവാസത്തിൽ ഘോരമായ മഹാദുഃഖം അനുഭവിച്ചു; ലോകത്തിൽച്ചെന്നതോടുകൂടി ജ്ഞാനഭ്രഷ്ടനായിത്തീർന്നു; ബാല്യത്തിൽ അറിവില്ലായ്മയാൽ അകൃത്യം പലതും ചെയ്തു; യൌവനത്തിൽ അനേകം മോഹമൊന്നിച്ചു ഭവിച്ചു; വാർദ്ധക്യം വന്നപ്പോൾ പുത്രശോകാദികളാൽ സന്തപ്തനായി; മോഹമുതൽപേരുടെ വിരഹത്താൽ രാപ്പകൽ എരിപൊരികൊണ്ടു; നാംക്കനാഥം പലതരം ദുഃഖങ്ങൾക്കധീനനായി. പകലാകട്ടെ, രാത്രിയാകട്ടെ, ഒരുസുഖവും എനിയ്ക്കു കിട്ടുന്നില്ല. ഇങ്ങിനെ ദുഃഖംകൊണ്ടു വെന്തുരുകുന്ന ഞാൻ എന്തുചെയ്യേണ്ടൂ? മഹാമതേ, സുഖലബ്ധിയ്ക്കുള്ള ഒരുപായം എനിയ്ക്കു പറഞ്ഞുതരിക; ഈ സംസാരവലക്കെട്ടിൽനിന്ന് എന്നെ മോർപെടുത്തുക!'

വിവേകം:—'ജഗദീശ, ഭവാൻ ശുദ്ധനാണ്, നിർല്ലപ്തനാണ്, പാപരഹിതനാണ്; മഹാത്മാവായ വൈരാഗ്യത്തെ ശരണം പ്രാപിച്ചുകൊൾക. നഗ്നതനിമിത്തം അനാചാരഹീനനായി അങ്ങയാൽ ഭർത്സിക്കപ്പെട്ട ഇദ്ദേഹം സർവ്വദുഃഖങ്ങളും നീക്കി സുഖംകാണിച്ചുതരും.'

ഇതുകേട്ടിട്ടു, വ്യാകുലാത്മാവായ ആത്മാവു വീണ്ടും വൈരാഗ്യത്തിന്റെ അടുക്കൽച്ചെന്ന്, 'എനിയ്ക്കുസുഖപ്രാപ്തിയ്ക്കുള്ള വഴികാട്ടിത്തരണേ' എന്നപേക്ഷിച്ചു.

വൈരാഗ്യം:—'അങ്ങിനെയാകട്ടെ. ഭവാൻ വീണ്ടും വിവേകത്തിന്റെ അടുക്കൽച്ചെല്ലുക. സുഖമാണല്ലൊ അങ്ങയ്ക്കുവേണ്ടതു്; സുഖമാർഗ്ഗം അയാൾപറഞ്ഞുതരും.'

വൈരാഗ്യത്താൽ അയക്കപ്പെട്ട സ്വാമി മഹാത്മാവായി ശുദ്ധസത്തമനായിരിക്കുന്ന വിവേകത്തോടുചെന്നു പറഞ്ഞു:—'എനിക്കു സുഖം കാട്ടിത്തരിക. വൈരാഗ്യം പറഞ്ഞയച്ചിട്ടു ഭവാന്റെ ശരണം പ്രാപിച്ചിരിക്കയാണ് ഞാൻ. എന്നെ സംസാരദുഃഖത്തിൽനിന്നു രക്ഷിച്ചാലും.'

Digitized By Kerala Sahitya Akademi

വിവേകം:—'ജ്ഞാനത്തിന്റെ അടുക്കൽച്ചെല്ലു; അയാൾ എല്ലാം പറഞ്ഞുതരും.'

ആത്മാവു ജ്ഞാനത്തോടു ചെന്നപേക്ഷിച്ചു:—'ഹേ സർവ്വോപ്രദർശകമായ ജ്ഞാനമേ, ഭവാനെ ശരണംപ്രാപിച്ചവനാണ് ഞാൻ; എനിയ്ക്കു സുഖമാർഗ്ഗം കാട്ടിത്തരണേ!'

ജ്ഞാനം:—'ലോകേശ്വര, ഇവിടത്തെ ഭൃത്യനാണ് ഞാൻ; എന്നെ അങ്ങ് അറിയില്ലയോ? അന്നു ഞാനും ധ്യാനവും ഭവാനെ പലവുരു വിലക്കുകയുണ്ടായല്ലോ; എന്നിട്ടും ഭവാൻ പഞ്ചാത്മകരോടുചേർന്ന് ആപത്തിലകപ്പെട്ടുപോയി. അതുകൊണ്ടു, ധ്യാനത്തിന്റെ അടുക്കൽച്ചെല്ലു; അയാൾ അങ്ങയ്ക്കു സുഖം നൽകും.'

ജ്ഞാനംചൊല്ലിവിട്ട ആത്മാവു ധ്യാനത്തിന്റെ അടുക്കൽ ചെന്നപേക്ഷിച്ചു: —'ധ്യാനമേ, എനിക്ക് അക്ഷയമായ സുഖം കാട്ടിത്തരണം, ശരണാഗതനായ എന്നെ രക്ഷിയ്ക്കണേ!' ഇതു കേട്ടിട്ടു ധ്യാനം ആത്മാവിനോടു സ്നേഹിതനെന്നോണം മെല്ലെ പറഞ്ഞു:—'ശ്രീമൻ, അങ്ങയ്ക്കാകട്ടെ, വൈരാഗ്യത്തിനാകട്ടെ, വിവേകത്തിനാകട്ടെ, ഏതു കർമ്മത്തിലും ഉപേക്ഷിക്കാവുന്നവനല്ല ഞാൻ. ഭവാൻ എന്നോടു ചേർന്ന് ആത്മാവിനെ ദർശിച്ചാലും; എന്നാൽ ദുഃഖങ്ങളും വികല്പങ്ങളും നീങ്ങി സ്ഥിരനായിച്ചമഞ്ഞിട്ടു, കാറില്ലാത്തേടത്തു കത്തുന്ന വിളക്കു മഴിയെ എന്നപോലെ, ദോഷങ്ങളെ പുറത്തുകളഞ്ഞു ഭവാൻ നിർവ്വാണംപ്രാപിക്കും. ചന്ദനങ്ങളും, മറ്റു സകലവും വിട്ടു നിരാഹാരനോ, മിതഭോജിയോ ആയി ഏകാന്തത്തിലിരുന്നു നിശ്ചലോപാസനം ശീലിക്കുക—സ്ഥിരബുദ്ധിയായ എന്നോടുചേർന്ന് ആത്മാവിനെ ആത്മാവിൽ ധ്യാനിക്കുക. എന്നാൽ അങ്ങയ്ക്ക് വിഷ്ണുവിന്റെ ആ പരമപദത്തിൽ ചെന്നുചേരാം.'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ചിത്തശീതീകരണം,
മിതികശ്വപസംവാദേ, ആത്മദൃഢനിവൃത്തികഥനം, എട്ടോമധ്യായം.

———(൮)———

Digitized By Kerala Sahitya Akademi

ഒമ്പതാമദ്ധ്യായം

കശ്യപൻ:—ധ്യാനപ്രകൃതികനും ഇപ്രകാരം ഉപദേശിച്ചുകൊടുത്ത ആത്മാവു പഞ്ചാത്മകബന്ധത്തിൽനിന്നു വിട്ടൊഴിയാൻ തക്കം നോക്കിക്കൊണ്ടിരുന്നു. ക്രമേണ, വീണ ദേഹത്തെ തിരിഞ്ഞുനോക്കാതെ വിട്ടുപോകയുംചെയ്തു.

ആ പ്രാണദേഹങ്ങൾക്കുതന്നെ സംബന്ധമൊന്നുമില്ല; പിന്നെയല്ലേ, പുത്രകളത്രവിത്തങ്ങളോടുള്ള സംബന്ധം? ഓരോന്നെ, ഇതോർത്തു സമാധാനംകൊള്ളുക—വ്യസനിക്കാതിരിയ്ക്കുക. ഈ ആത്മാവുതന്നെയാണ് ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും: ഈ ധർമ്മാത്മാവായ ജനാർദ്ദനൻ ലോകങ്ങളെ സൃഷ്ടിക്കുന്നു, രക്ഷിക്കുന്നു, സംഹരിക്കുന്നു. ദേവേതരവന്ദ്യനും തൻതിരുവടിയാൽ സൃഷ്ടിക്കപ്പെട്ടവർതന്നെ. എന്നാൽ ദേവകൾ ധർമ്മിഷ്ഠന്മാരും, നിൻറെ പുത്രന്മാർ ധർമ്മഹീനന്മാരുമാണ്. സർവ്വദേവ സംരക്ഷിതമായ വിഷ്ണുവിൻറെ അംഗമാകുന്നു ധർമ്മം. ദേവി, ധർമ്മത്തെ ചിന്തിക്കണം; ധർമ്മത്തെ പാലിക്കുകയുംവേണം. എന്നാൽ, ധർമ്മാത്മാവായ വിഷ്ണു എന്നെന്നും പ്രസന്നനായിരിയ്ക്കും. ദേവന്മാർ ധർമ്മത്തിലും സത്യത്തിലും തപസ്സിലും വർത്തിച്ചുപോരുന്നു—അവർ ധർമ്മത്തെ സംരക്ഷിക്കുന്നു; അവരിൽ വിഷ്ണു പ്രസാദിച്ചുമിരിക്കുന്നു. ധർമ്മം വിഷ്ണുവിൻറെ ശരീരവും, സത്യം വ്രതയുമാകുന്നു. അവയെ സദാ പാലിക്കുന്നവനിൽ വിഷ്ണു പ്രസന്നനായിരിക്കും. സത്യധർമ്മങ്ങളെ കെടുത്തുന്ന പാപം അനന്തിച്ചാലോ, അവനെ വീര്യവാനായ വിഷ്ണു അതിശം കൊണ്ടു നശിപ്പിച്ചുകളയും! ദേവകൾ തപസ്സുത്യനിരതരായി ധർമ്മത്തെ രക്ഷിച്ചുപോരുന്നു; അവരെ ധർമ്മാത്മാവായ വിഷ്ണു കനിഞ്ഞനുകാത്തരുളുകയും ചെയ്യുന്നു.

നിൻറേയും, നമ്മുടേയും, സിംഹികയുടേയും പുത്രന്മാരാകട്ടെ, അധർമ്മംപൂണ്ട പാപചേതസ്സുകളായി പാപംചെയ്തുപോന്നതിനാലത്രെ ചക്രപാണിയായ വാസുദേവനാൽ യുദ്ധത്തിൽ വധിക്കപ്പെട്ടതു്.

Digitized By Kerala Sahitya Akademi

ഞാൻ നിന്നോട് മുമ്പു പറഞ്ഞ ആത്മാവുതന്നെയാണ്, ധർമ്മരൂപനും സർവ്വപാലകനുമായ വിഷ്ണു. സ്വസ്ഥനായ അവിടുന്നു ദൈന്യങ്ങളുടെ പാപദേഹങ്ങളിൽ സ്ഥിതിചെയ്യും; അവിടുന്നുതന്നെ അരിശംകൊണ്ടു മാനവരെ നിഗ്രഹിക്കുകയും ചെയ്യും. തന്തിരുവടികരത്തും പുറത്തും നിന്നു നിന്റെ പുത്രന്മാരെ കൊന്നുവീഴിച്ചു—ആർ സൃഷ്ടിച്ചുവോ; അവൻതന്നെ സംഹരിച്ചു. അവരെക്കുറിച്ചു് വ്യസനിപ്പാനില്ല. പാപംചെയ്തുപോരുന്നവരാണ് ഇപ്രകാരം നാശം പാറിപ്പോകും. അതിനാൽ വ്യാമോഹം വെടിഞ്ഞു ധർമ്മത്തെ ആശ്രയിച്ചുകൊൾകെ.'

കശ്യപമഹർഷിയാൽ ഇങ്ങിനെ ഉപദേശിക്കപ്പെട്ട മിതി, 'മഹാഭാഗ, ഞാൻ, ഇവിടുന്നു പറഞ്ഞവിധം ചെയ്തുകൊള്ളാം'എന്നു സമ്മതിച്ചു്, ദുഃഖം വെടിഞ്ഞു സമാശ്വസിച്ചു."

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
കശ്യപകൃതദിതിസംബോധനം നൈമാഷികാഖ്യാനം

———:0:———

പതിനാറാമദ്ധ്യായം

———

ഋഷിമാർ:—"യുദ്ധത്തിൽത്തോറ്റതിനുശേഷം ഹിരണ്യകശിപുപുത്രന്മാരായ മാനവന്മാർ, എന്താണു ചെയ്തതു്? അവരുടെ കഥ വിസ്തരിച്ചു കേട്ടാൽക്കൊള്ളാമെന്നുണ്ടു്."

സൂതൻ:—"പോരിൽത്തോറ്റു ബലവും മദവും കെട്ടു് അതിദുഃഖിതരായിത്തീർന്ന ദൈത്യന്മാർ എല്ലാവരുംകൂടി താതകശ്യപന്റെ അടുക്കൽച്ചെന്നു്, ഭക്തിപൂർവ്വം വന്ദിച്ചുണർത്തിച്ചു:—'അച്ഛ, അസുരന്മാരായ ഞങ്ങളും അമരന്മാരും ഇവിടുത്തെ വീര്യത്തിൽനിന്നു ജനിച്ചവരാണു്. അസുരന്മാരായ ഞങ്ങൾക്കെല്ലാവർക്കും ബലവീര്യപരാക്രമങ്ങളുണ്ടു്, ഉപായജ്ഞാനമുണ്ടു്, ധൈര്യമുണ്ടു്, ഉത്സാഹമുണ്ടു്; ഞങ്ങളെ അധികംപേരുണ്ടുതാനും. മേവകരും

Digitized By Kerala Sahitya Akademi

കറച്ചുപേരേ ഉള്ളൂ. എന്നിട്ടും അവർ യുദ്ധത്തിൽ ജയിക്കുകയും, ഓജസ്സും തേജസ്സുമുള്ള ഒരുപാടുപേരെ തോൽക്കുകയും ചെയ്തതെന്തുകൊണ്ടായിരിക്കാം? ദൈത്യരിൽ കാരോരുത്തന്നും അനേകായിരം മദഗജങ്ങളുടെ മെയ്ക്കരുത്തുണ്ട്; ദേവകൾക്കു അതുപോലൊന്നുമില്ല. എന്നാലും, അവർക്കുതന്നെയാണു് യുദ്ധത്തിൽ ജയം കാണുന്നതു്? ഇതെന്തുകൊണ്ടാണെന്നു പറഞ്ഞുതന്നാലും.'

കശ്യപൻ:—'ഉണ്ണികളേ, ദേവകളെല്ലാം യുദ്ധത്തിൽ വിജയികളാവുന്നതു് ഇന്നതുകൊണ്ടാണെന്നു ഞാൻ പറയാം:

അച്ഛൻ ബീജാവാപം ചെയ്യുന്നു; ക്ഷേത്രമായ അമ്മ ധരിച്ചും പോറ്റിരക്ഷിച്ചും പോരുന്നു. പുത്രന്റെ വിഷമാവസ്ഥയിൽ, പിതാവോ മാതാവോ എന്തുചെയ്യും? ഇതിൽ പ്രധാനം കർമ്മമാകുന്നു. പാപം, പുണ്യം എന്നു രണ്ടുതരത്തിലുണ്ടു് കർമ്മം. സത്യത്തെ അവലംബിച്ചു തപോധ്യാനങ്ങളോടുകൂടി ഉൽകൃഷ്ടധർമ്മം അനുഷ്ഠിച്ചാൽ, അതു ഊർധ്വഗതി വരുത്തും; പാതകമോ തീർച്ചയായും കീഴ്പതിപ്പിക്കും. ഉണ്ണികളേ, ബലം, പരിവാരം, ആഭിജാത്യം എന്നിവയൊക്കെ പുണ്യമില്ലെങ്കിൽ നിഷ്ഫലമായിപ്പോകും. ഗിരിശൃങ്ഗത്തിൽ തറച്ചുനിൽക്കുന്ന വന്മരങ്ങളും കാറിന്റെ ഊക്കിനാൽ വേർപുഴുങ്ങി വീഴുന്നതുപോലെ, സത്യവും ധർമ്മവുമില്ലാത്തവർ പെട്ടന്നു യമാലയത്തിൽ പതിച്ചുപോകും. ധർമ്മം പ്രാണികൾക്കൊക്കെ ക്ഷേമമേ കഴിയൂ: അതു ഇഹത്തിലും പരത്തിലും ഉൽഗതി നൽകുന്നു. അതു ധർമ്മത്തേയും സത്യത്തേയും നിങ്ങളും ത്യജിച്ചുകളഞ്ഞു—നിങ്ങൾ സത്യംവിട്ടു് അധർമ്മത്തെ കൈക്കൊണ്ടുകളഞ്ഞു; സത്യവും ധർമ്മവും തപസ്സുമില്ലായ്കയാൽ ദുഃഖസമുദ്രത്തിൽ വീഴുകയുംചെയ്തു. ദേവകളാകട്ടെ, സത്യവും നന്മയും തപസ്സും ശമവും ദമവും ഉള്ള നിഷ്ക്കന്മഷരായ സുകൃതികളാണു്. സത്യവും, ധർമ്മവും, തപസ്സും, പുണ്യവും എവിടെയോ; വിഷ്ണു എവിടെയോ; അവിടയേ ജയം കാണൂ. സനാതനനായ വാസുദേവൻ അവർക്കു സഹായമായുണ്ടു്; അതിനാലത്രേ,സത്യധർമ്മസ്ഥരായദേവകൾ ജയംനേടുന്നതു്.

സഹായവും ബലവും പൌരുഷവുമുണ്ടെങ്കിലും നിങ്ങൾക്കു തപസ്സും സത്യവുമില്ല. ബലത്താലാണു് നിങ്ങൾ മുമ്പു് ഇന്ദ്രപദം കൈക്കലാക്കിയതു്. തപസ്സും ധർമ്മവും യശസ്സുമില്ലാത്തവർക്കു് ഇന്ദ്രപദം

Digitized By Kerala Sahitya Akademi

കിട്ടിയാലും കൈവിട്ടുപോകും. അതിനാൽ, ഉണ്ണികളേ, നിങ്ങൾ തപസ്സു ചെയ്യുവിൻ—വിരോധം വെടിഞ്ഞു ജ്ഞാനവും ധ്യാനവും കൈക്കൊള്ളുവിൻ. വിഷ്ണുവിനോടു് ഒരിക്കലും വൈരമരുതു്. ഇപ്രകാരം സുകൃതികളായിച്ചമഞ്ഞാൽ, നിങ്ങൾക്കെല്ലാം തീർച്ചയായും ഉൽകൃഷ്ടസിദ്ധി ലഭിക്കും.

അച്ഛന്റെ ഈ ഉപദേശം കേട്ടിട്ടു് ആ ഓജസ്സേറിയ ദാനവന്മാരെല്ലാം കശ്യപനെ കൈവിട്ടുവാ നമസ്കരിച്ചു വെമ്പലോടേ പോന്നിട്ടു്, തങ്ങളിൽ ഒത്താലോചിച്ചു് ആലോചന നടത്തി. രാജാവായ ഹിരണ്യകശിപു ദാനവന്മാരോടു പറഞ്ഞു:—'നമുക്കു സർവസിദ്ധിക്കായി ഉഷ്കരമായ തപസ്സനുഷ്ഠിക്കാം.' ഹിരണ്യാക്ഷനും അതു സമ്മതിച്ചു:—'ഞാൻ ദാരുണമായ തപസ്സുചെയ്തു മൂന്നു ലോകവും ബലേന കൈക്കലാക്കുന്നുണ്ടു്—ആ ദുരാത്മാവായ ഗോവിന്ദനെ പോരിൽ ജയിച്ചു, ദേവകളെ കൊന്നൊടുക്കി, ഇന്ദ്രനായി വാഴുന്നുണ്ടു്!'

ബലി:—'ദൈത്യേശ്വരന്മാരേ, അതു ചെയ്യുക്കൂടാ: വിഷ്ണുവിനോടുള്ള വൈരം നാശകരമാകുന്നു. ദാനൽധർമ്മങ്ങളാലും പുണ്യതപസ്സുകളാലും യജ്ഞയാഗങ്ങളാലും വൃഷീകേശനെ ആരാധിച്ചിട്ടാണു് മനുഷ്യർ സുഖം നേടുന്നതു്.'

ഹിരണ്യകശിപു:—'വിഷ്ണുവിനെ ആരാധിക്കുക എന്നതു ഞാൻ ഒരിക്കലും ചെയ്യുകയില്ല: സ്വന്തം അവസ്ഥ വിട്ടു ശത്രുവിനെ സേവിക്കൽ മരണത്തേക്കാൾ കഷ്ടമായിട്ടാണു് അഭിജ്ഞന്മാർ കരുതുന്നതു്. ഞാനോ മറ്റു ദാനവന്മാരോ വിഷ്ണുവിനെ സേവിച്ചുക്കൂടാ.'

ബലി വീണ്ടും പിതാമഹനായ ആ മഹാത്മാവിനോടിപ്രകാരം പ്പെട്ടു:—'തത്ത്വജ്ഞന്മാരായ മുനിമാർ ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ളതും, രാജനീതിക്കു ചേർന്നതുമാണു്, ശത്രുവിനെ വശത്താക്കുക എന്നതു്. തനിക്കു ബലം കുറഞ്ഞും ശത്രുവിനേറിയും കണ്ടാൽ, അവന്റെ അരികിൽച്ചെന്നുകൂടി, ദിപത്തിന്റെ നിഴലിൽ ഇരുട്ടെന്നപോലെ, ജയിപ്പാനുള്ള തക്കംനോക്കിക്കൊണ്ടിരിക്കണം. വിളക്കു 'പടുതിരികത്തി' അധികം പ്രകാശിക്കുന്നതോടുകൂടി, ഇരുട്ടു വീണ്ടും വലിക്കുന്നതുപോലെ, ധർമ്മപരന്മാരായ സുരന്മാരോടു സ്നേഹം ആചരിച്ചു, ശത്രുവിനെ വശത്താക്കണം. മഹാരാജാവേ, മുമ്പു കശ്യപമഹർഷി

Digitized By Kerala Sahitya Akademi

ഒരു ശ്രേഷ്ഠമന്ത്രം ഉപദേശിച്ചിട്ടില്ലയോ; ആ മന്ത്രംകൊണ്ട്, ആത്മവാനായ ഭവാൻ തന്റെ കാര്യം സാധിച്ചാലും.'

ഇതുകേട്ടിട്ട് പ്രതാപശാലിയായ ദൈത്യൻ പറഞ്ഞു:—'പൊയ്, ഇതു ഞാൻ ചെയ്യില്ല: എന്റെ മാനം പോയ്പോകും.' മറ്റു മാനവന്മാരും ഒത്തൊരുമിച്ച് ആ ശാസ്ത്രജ്ഞനായ മാബലിയോടിപ്രകാരപ്പെട്ടു:—'ദേവകൾക്കു പ്രിയവും, ശത്രുവിനു മാനവും, നമുക്കു ഭയവും വരുത്തുന്ന ഒന്നാണ് ബലി പറഞ്ഞതു്. നാമെല്ലാവരും തപസ്സുചെയ്കതന്നെയാണു് ഉത്തമം. തപസ്സുകൊണ്ടു ദേവകളെ ജയിച്ച് സ്വസ്ഥാനം കൈക്കലാക്കാം.'

ഇങ്ങിനെ നിശ്ചയിച്ച് ബലിയെത്തള്ളി, വിഷ്ണുവിന്റെ പേരിൽ വമ്പിച്ച വൈരം ഉൾക്കൊണ്ട്, ആ ദൈത്യമുഖ്യന്മാരെല്ലാം ഗിരിഗർത്തസാനുക്കളിൽ തപസ്സുചെയ്കയായി. എല്ലാവരും കാമക്രോധരാഗാദികളും വെടിഞ്ഞു, ഭക്ഷണമില്ലെങ്കിലും വാട്ടമേൽക്കാതെ, ദൃഢനിശ്ചയരായി സ്ഥിതിചെയ്തു."

ശ്രീപ്രജാപതിയുടനെ, ഭൃഗ്വന്ധാം, പിളർത്തിപ്പുകടന്നേം,
ദൈത്യരപ്രതിയുള്ളവണ്ണം പത്താമധ്യായം.

———(0)———

പതിനൊന്നാമദ്ധ്യായം

ഋഷിമാർ:—"ദൈത്യദാനവന്മാരുടെ ഏർപ്പാട് സർവജ്ഞനായ ഭവാൻ പറഞ്ഞുവല്ലോ; ഇനി, സൂതന്റെ കഥ കേൾക്കേണമെന്നുണ്ട്. ആ ബ്രാഹ്മണൻ ആരുടെ മകനാണ്? ഗോത്രം ഏതാണ്? എന്തു തപസ്സുകൊണ്ടാണു് വിഷ്ണുവിനെ ആരാധിച്ചതു്?"

സൂതൻ:—"മഹാത്മാവായ സൂതന്റെ ശ്രേയസ്കരവും ദിവ്യപാവനവുമായ വൈഷ്ണവചരിതമെല്ലാം ഞാൻ മുമ്പു കേട്ടിട്ടുള്ളതുപോലെ വിഷ്ണുപ്രസാദത്താൽ നിങ്ങളോട് പറയാം:

Digitized By Kerala Sahitya Akademi

മഹാഭാഗന്മാരേ, മൻകല്പത്തിൽ, പ്രാപനാശനക്ഷേത്രമായ നമ്മരോതീരത്തു് അമരകണ്ടകതീർത്ഥത്തിന്നടുക്കൽ കൌശികവംശനായി സോമശർമ്മാവ് എന്നൊരു ബ്രാഹ്മണശ്രേഷ്ഠൻ ഉണ്ടായിരുന്നു. സന്തതിയും സമ്പത്തുമില്ലായ്കയാൽ സർവ്വദാ ദുഃഖപീഡിതനായിരുന്ന അദ്ദേഹം പുത്രനും ധനവും ഉണ്ടാകാനുള്ള മാർഗ്ഗം രാപ്പകലൊരുപോലെ ആലോചിച്ചുപോന്നു. ഒരു ദിവസം, അദ്ദേഹത്തിന്റെ ഭാര്യ, സുമന എന്ന യശസ്വിനിയായ സാധ്വി, ഭർത്താവു വിചാരത്തിൽപ്പെട്ട് മുഖവും കുനിച്ചിരിക്കുന്നതു കണ്ടിട്ട് അദ്ദേഹത്തോടു പറഞ്ഞു:—'അങ്ങയുടെ വൃദ്ധത്വം അസംഖ്യം ദുഃഖങ്ങളാൽ ബാധിക്കപ്പെട്ടിരിക്കുന്നുവല്ലോ! അങ്ങയുടെ വല്ലാത്ത ബുദ്ധിമാന്ദ്യം നോക്കിട്ടിരിക്കുന്നു. മനോരാജ്യംവെടിഞ്ഞു്, സ്വസ്ഥനായിട്ടു ദുഃഖമിന്നതാണെന്ന് എന്നോടു പറകതന്നെ. ചിന്തപോലെ ഒരു ദുഃഖമില്ല; അതു ദേഹത്തെ വരട്ടിക്കളയും. അതുപേക്ഷിച്ചാലേ സുഖമുണ്ടാകയുള്ളൂ.'

സോമശർമ്മാവു്:—'ഭദ്രേ, അശകൊണ്ടുള്ള ചിന്തയാണു്; ചിന്ത ദുഃഖത്തിനു കാരണംതന്നെ. എല്ലാം ഞാൻ പറയാം; മനസ്സിലാക്കിക്കൊൾകെ: സുചരിതേ, എന്തു പാപത്താലാണു് ഞാൻ ഭരിദ്രനും പുത്രഹീനനുമായിത്തീർന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഇതുകൊണ്ടുതന്നെയാണു് ദുഃഖം.'

സുമന:—'സംശയങ്ങളെല്ലാം തീർത്തു വിജ്ഞാനമെല്ലാം കാട്ടിത്തരുന്ന ഉപദേശസ്വരൂപം ഞാൻ പറയാം; കേട്ടാലും:

(കാളിപ്പാട്ടു്)

വിത്തത്രൈലോക്യപാപത്തിനതിൻവേരാംമോഹം:
പത്രങ്ങളാം ചതിഡംഭം; സ്കന്ധമാണസൂയാപോൽ;
കൊമ്പുകരുമായം; പൂക്കരം ദുർമ്മതി; ഗന്ധം ക്രൌര്യം;
വൻഫലമജ്ഞാനം; സപാദധർമ്മം മഹാബുദ്ധേ.
സൈരമീമരത്തിന്റെ കൊമ്പത്തുവാഴ്വു, ചോരക്രൂനാസ്തികേർഷ്യാലുവഞ്ചകവിഹംഗങ്ങളാം
അത്രയേയിതിന്നുള്ളു; തൃഷ്ണാംബുനിഷേകത്താ-
ലത്രമാം വളരുമീ ലോഭപാപത്തിന്റെ
അണുവിലിരുന്നിതിൻ പഴുത്തഫലങ്ങളാം തി-

Digitized By Kerala Sahitya Akademi

ന്ന,വതൻ മധുരമായ്ത്തോന്നുന്നരസഞ്ഞാലേ
നിത്യവും സംതൃപ്തമായ്സ്സുഖിച്ചുമരുവുന്ന
മർത്ത്യവൃന്ദത്തിൻഗതികേവലം കീഴ്പോട്ടത്രേ.
ആകയാൽധനപുത്രകളത്രവിചിന്തയു-
ണ്ടാകരുതിയുവിഷന്മാർക്കുമല്ലജ്ഞനേറെതാം.
എങ്ങിനെ നൽഭോഗ്യയും പുത്രരുണ്ടാമെനി-
യ്യെന്ന രാപ്പകൽ ചിന്തിച്ചിരിക്കെ ക്ഷണനേരം
ചിന്തകൾക്കിടയിലായ്ക്കണ്ടേക്കാമൊരുസുഖം.;
അന്തരാവീണ്ടുംവന്ന കേറുന്നമഹാദുഃഖം.
ആരോടുണ്ടിഹമാർച്ച്? പുത്രബാന്ധവപിതൃ-
ദാരാദ്യരാകുന്നതു പൂർവ്വബന്ധത്താലത്രേ.

സോമശർമ്മാവു്:—'ഭദ്രേ, എങ്ങിനെയുള്ള ബന്ധത്താലാണ്, പുത്രമിത്ര ബാന്ധവാദികളായിത്തീരുന്നതു് എന്നു വിസ്തരിച്ചുപറയു.'

സുമന:—'ചിലർ കടത്താലും, ചിലർ ന്യാസാപഹാരത്താലും, ചിലർ ശത്രുതയാലും, ചിലർ മിത്രതയാലും—ഇങ്ങനെ നാലുതരത്തിൽ—പുത്രകളത്രാദികളായി വരുന്നു. ഭാര്യയും അച്ഛനമ്മമാരും ഭൃത്യരും സഹജനങ്ങളും ബന്ധുക്കളുമായിത്തീരുന്നതു് അവരവരുടെ ബന്ധത്താലത്രേ: ഒരാൾ സൂക്ഷിപ്പാനേല്പിച്ച മുതൽ മറ്റൊരാൾ അപഹരിച്ചാൽ, മുതലുടമസ്ഥൻ, അപഹർത്താവിന്റെ കാമനമകനായി തൽഗൃഹത്തിൽവന്നു ജനിയ്ക്കുന്നു; പുത്രനായിനിന്നു നാനാതോറും പ്രിയമായും മധുരമായും സംസാരിച്ചു ഭക്തിയും സ്നേഹവും കാട്ടുന്നു; അങ്ങിനെ മികച്ച പ്രീതിയുണ്ടാക്കിത്തീർത്തിട്ടു, പൊടുന്നനെ മരിച്ചു തന്റെ ദ്രവ്യം കൈക്കലാക്കി, മുമ്പു ന്യാസാപഹരണത്താൽ തനിക്കു നേരിട്ടുവിച്ച ശോകദുഃഖം തിരിയെ നൽകുകയും ചെയ്യുന്നു—വീണ്ടും വീണ്ടും ജനിച്ചു്, അല്പായുസ്സായി മരിച്ചു് ദുഃഖംനൽകിതിരിയെ പൊയ്ക്കളയുന്നു. മകനെ, മകനെ എന്ന വാത്സല്യത്തോടെ വിളിക്കുമ്പോഴും അവൻ ചിരിക്കുന്നു. 'അയ്യോ ആകെ പുത്രനല്ലി ഈ പാപി, മുമ്പു ഞാൻ സൂക്ഷിപ്പാനേല്പിച്ച മുതൽ അപഹരിച്ചുകളഞ്ഞു; മുതൽപോയതോടുകൂടി, സഹിച്ചുകൂടാ

Digitized By Kerala Sahitya Akademi

ത്ത മഹാദുഃഖത്താൽ എന്റെ പ്രാണനും പോയി. അതേമട്ടിൽ ഇവന്റെ ധനം കൈക്കലാക്കി ദുഃഖിപ്പിച്ച ഞാൻ തിരിയെ പോകും. ഇതിനായി വന്ന ഞാൻ അരുടെ മകനാണ്? ഇ ശ്വരാ എന്റെ അച്ഛനല്ല. പണ്ടേ അതുതേയും മകനല്ല ഞാൻ. ഈ ദുഷ്ടൻ എനിക്കൊരു പിശാചാണ്!" ഇങ്ങിനെ ആത്മഗ തംചെയ്യ വീണ്ടും വീണ്ടും ചിരിക്കുന്നു; അതേപ്രകാരം ഘോര മായ ദുഃഖംപിണച്ചു നടകൊള്ളുകയുംചെയ്യുന്നു.

ഇത്തരക്കാരാണ് ന്യാസം കൈക്കലാക്കാൻ പിറക്കുന്ന പുത്ര ന്മാർ; ഇവരാലുള്ള ദുഃഖം പ്രപഞ്ചത്തിൽ പലേടത്തും കാണുന്നില്ല യോ? ഇനി കടക്കാരുടെ മട്ടുപറയാം:

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃനിന്ദ്രപ്രകരണം,

സുമേധോപാഖ്യാനം സുമേധോമുനിരേവരാത്മോപദേശം പതിനൊന്നാമദ്ധ്യായം.

——(o)——

പതിനൊന്നാമദ്ധ്യായം

സുമന:—ഒരാൾ കടംവീട്ടാതെ മരിച്ചുപോയാൽ, കടംകൊടുത്തവൻ അയാളുടെ മകനോ, ഭ്രാതാവോ, പിതാവോ, ഭാര്യയോ ആയി ജനിക്കുന്നു; അവൻ സദാ സ്നേഹം നടിക്കും; എന്നാൽ, ഉള്ളിൽ വലിയ കറയായിരിക്കും. അതുക്രൂരൻ ഗുണം കാൺകയേ ഇല്ല; എപ്പോഴും സപ്രജനങ്ങളോടു പരുഷമേ പറയൂ. ഉടൻ ഒന്നാ ന്തരമാകണം; മറവു സുഖവൃത്തികളും പതിവായി വേണം! പൂജ കളിമുറയ്ക്കുടങ്ങും; മോഷണം നടത്തും; തറവാട്ടമുതൽ കയ്യേ റും; തട്ടത്താൽ ചൊടിയ്ക്കും; അച്ഛനമ്മമാരെ കണക്കിനു ശകാ രിക്കും, പേടിപ്പിക്കും, തല്ലോടിക്കും. ഇങ്ങിനെ അവ്യേം അ നവിധിച്ചു സുഖിച്ചുകൂടുന്നു.

ബാല്യത്തിൽ ജാതകർമ്മത്തിന്നും മറ്റുമായി ദ്രവ്യം കൈക്ക ലാക്കുന്നു; പിന്നെ വിവാഹംമുതലായ പലതിന്നും. 'ദ്രവ്യം ഇങ്ങിനെ ഉണ്ടാകുന്നു; ഇങ്ങിനെ ചിലവുംചെയ്യുന്നു. ഗൃഹം, വയൽ മുതലാ യതൊക്കെ എന്റെ തന്നെ' എന്നായിരിക്കും അവന്റെഭാവം. അച്ഛ

Digitized By Kerala Sahitya Akademi

അമ്മമാരെ നാലുതോറും വടികൊണ്ടും, ഉലക്കകൊണ്ടും, ചമ്മട്ടികൊണ്ടും മറ്റും കഠിനമായി പ്രഹരിക്കും. അച്ഛൻമരിച്ചാലോ, അതുകാഹരി മുഷ്ക്കും വക്കാണവുംകൂടി അമ്മയോടാവും. ശ്രാദ്ധകർമ്മമൊന്നും അവൻ ഒരിക്കലും ചെയ്യുകയില്ല.

ദ്വിജപുംഗവ, ഇനി ശത്രുവായ പുത്രനെ പറയാം: അവൻ ബാല്യത്തിൽത്തന്നെ ശത്രുവായിരിക്കും; വീണ്ടും വീണ്ടും കള്ളിയായി അച്ഛനമ്മമാരെ തല്ലും; എന്നിട്ടു ചിരിച്ചുകൊണ്ടോടിപ്പോകും. അങ്ങിനെ സങ്കടപ്പെട്ടുന്നതിനു പുറമേ, അച്ഛനമ്മമാരിൽ സദാ ക്രോധത്തോടും വൈരത്തോടുംകൂടിയാണ് മുതിർന്നവരിക; മുൻജന്മവൈരത്താൽ അവരെ കൊല്ലുകകൂടി ചെയ്തു തിരിയെ പോയ്ക്കളയും!

മിത്രതയാൽ പ്രിയം ചെയ്വാനായി പിറക്കുന്ന പുത്രനാകട്ടെ, അച്ഛനമ്മമാക്ക് ബാല്യത്തിൽകളിച്ചും പിച്ചനടന്നും പ്രീതി വരുത്തും; പ്രായംതികഞ്ഞതാൽ, ഭക്തികൊണ്ടും സ്നേഹംകൊണ്ടും പ്രിയോഷണംകൊണ്ടും അവരിരുവരേയും ആനന്ദിപ്പിക്കും; സദാ സംരക്ഷിക്കും. അച്ഛനോ അമ്മയോ മരിച്ചുപോയാൽ ദുഃഖിച്ച കണ്ണീർ വാക്കും; അവക്ക് ഉർദ്ധ്വഗതിക്കായി ശേഷക്രിയകളെല്ലാം ശരിക്കുചെയ്യും. സ്നേഹത്താൽ കടംമൂന്നും വീട്ടും. പ്രിയം ആരിൽനിന്നു കിട്ടാനുണ്ടോ, അവൻ പുത്രനായിപ്പിറന്ന് ഇപ്രകാരം ചെയ്തുതരികതന്നെ ചെയ്യും!

ഉദാസീനൻ (മിത്രമോ ശത്രുവോ അല്ലാത്ത) ആയ മകൻ എപ്പോഴും ഉദാസീനനായിത്തന്നെ ഇരിക്കും: കൊടുക്കില്ല, വാങ്ങില്ല; കോപിക്കില്ല, പ്രസാദിക്കില്ല; ഉപേക്ഷിച്ചുപോവുകയില്ല.

ഇങ്ങിനെയൊക്കെയാണ് പുത്രന്മാരുടെ നില. ഓഹ്, മാതാപിതാക്കൾ, ബന്ധുക്കൾ, ഭൃത്യർ എന്നിവരും—എന്നവേണ്ടാ ഗജാശ്വഗോമഹിഷങ്ങൾപോലും—പുത്രന്മാരെപ്പോലെ കടത്താൽ ചാർച്ചപ്പെട്ടവരത്രേ. നാമിരുവരും മുൻജന്മത്തിൽ ആരോടും ഒരു കടവും വാങ്ങിയിട്ടില്ല; ആരുടേയും ന്യാസവും അപഹരിച്ചിട്ടില്ല; ആർക്കും കടപ്പെട്ടിട്ടില്ല. ആരുടെ പേരിലും വൈരമുംകൊണ്ടിട്ടില്ല. ആരോടുമൊന്നും വാങ്ങിയിട്ടില്ല. അതിനാൽ പാഴായ മനോരാജ്യം വിട്ടു സമാശ്വസിച്ചാലും. പുത്രന്മാരും പ്രിയപത്നിമാരും ആർക്ക്? ആർക്ക സജ്ജനങ്ങളും ബന്ധുക്കളും? അങ്ങ് ആരുടേയും അപഹരിച്ചിട്ടില്ല, കൊടുത്തിട്ടുമില്ല; പിന്നെ എങ്ങിനെയാണ് ധനം ഉണ്ടായിവരിക?

Digitized By Kerala Sahitya Akademi

ഇതിൽ ആശ്ചര്യപ്പെടാനില്ല. സ്ത്രൈണസ്വഭാവമുള്ള, കിട്ടാനുള്ള ദ്രവ്യം അൽപം അനായാസേന കയ്യിൽ വന്നുചേർന്നുകൊള്ളും. എത്ര പണിപ്പെട്ട് രക്ഷിച്ചാലും, സമ്പത്തു പോകേണ്ടപ്പോൾ പോവുകതന്നെ ചെയ്യും; നിൽക്കില്ല. 'എന്റെ ഗൃഹം, എന്റെ മകൻ, എന്റെ ഭാര്യ' എന്നിങ്ങിനെ അന്ധാളിച്ചു മനുഷ്യർ പാപികളായിപ്പോകുന്നു; നോക്കൂ, സംസാരത്തിന്റെ മിഥ്യാബന്ധനം!'

പ്രിയപത്നിയാൽ ഇപ്രകാരം പ്രബോധിതനായ സോമശർമ്മാവു ജ്ഞാനോപദേശം ചെയ്യുന്ന പ്രണയിനിയോട് വീണ്ടും പറഞ്ഞു:—'ഭദ്രേ, സംശയമെല്ലാം തീരുമാറു നീ പറഞ്ഞതു വാസ്തവം തന്നെ; എന്നാലും, സത്യം കണ്ടറിഞ്ഞിട്ടുള്ള സജ്ജനങ്ങൾ വംശം നിലനിൽക്കാൻ ആഗ്രഹിക്കുമല്ലൊ. ഇതിനാലാണ് എനിയ്ക്കു പുത്രചിന്തയും ധനചിന്തയും. വല്ല ഉപായവുംകൊണ്ടു ഞാനൊരു പുത്രനെ ജനിപ്പിയ്ക്കേണ്ടിയിരിയ്ക്കുന്നു.'

സുമന:—'മഹാഭാഗ, പുത്രനെക്കൊണ്ടാണ് ലോകങ്ങളെ ജയിക്കുന്നതു്. സൽപുത്രൻ മാതാപിതാക്കൾക്കും മറ്റും ഊർജ്ജസ്വലത വരുത്തുന്നു. വളരെ നിർഗ്ഗുണപുത്രന്മാർക്കു പകരം ഒരു നല്ലപുത്രൻ മതി: അവൻ വംശത്തെ കരയേറിക്കൊള്ളും; മറവർ—ഞാൻ മുമ്പു പറഞ്ഞപ്രകാരം കടത്താൽ ചാർച്ചപ്പെട്ടവർ—ഒച്ചക്കാരികളാകുന്നു. പുണ്യംകൊണ്ടേ പുത്രനുണ്ടാകൂ; പുണ്യംകൊണ്ടേ വംശം നിലനിൽക്കൂ. പുണ്യംകൊണ്ടേ സൽസന്താനം കൈവരൂ. അതിനാൽ പുണ്യം ആചരിക്കുക. ജനിച്ചവന്നു മരണവും, മരിച്ചവന്നു ജനനവും സാധാരണമാണു്; എന്നാൽ പുണ്യംകൊണ്ടു നല്ല ജനനവും നല്ല മരണവും സിദ്ധിയ്ക്കും. കാന്ത, പുണ്യം ചെയ്തേ സുഖംനേടാൻ കഴികയുള്ളൂ.'

സോമശർമ്മാവു:—'പ്രിയേ, പുണ്യാചരണവും ജന്മങ്ങളും വിവരിക്കുക: എങ്ങിനെയുള്ളതാണു് നല്ല പുണ്യം? പുണ്യത്തിന്റെ ലക്ഷണം പറഞ്ഞുതരിക.'

സുമന:—'ഭർത്താവെ, പുരുഷനോ സ്ത്രീയോ ഇന്നപ്രകാരം പുണ്യംചെയ്താൽ പുത്രധനയശസ്സുകളെ നേടുമെന്നും, പുണ്യത്തിന്റെ ലക്ഷണമെന്തെന്നും, ഞാൻ കേട്ടിട്ടുള്ളപ്രകാരം ഒട്ടൊഴിയാതെ പറയാം:

Digitized By Kerala Sahitya Akademi

ബ്രഹ്മചര്യം, തപസ്സ്, പഞ്ചയജ്ഞാനുഷ്ഠാനം, ദാനം, നിയമം, ക്ഷമ, ശൌചം, അഹിംസ, ശാന്തി, അസ്തേയം എന്നീ പത്തംഗങ്ങൾകൊണ്ടു ധർമ്മം, അന്നകബളങ്ങൾകൊണ്ടു് ഉദരമെന്നപോലെ പരിപൂർണ്ണമായിത്തീരുന്നു. തികയാത്തങ്ങൾകൊണ്ടും ധർമ്മമനുഷ്ഠിക്കുന്ന ബുദ്ധിമാനിൽ ധർമ്മം പ്രസാദിയ്ക്കും; അവൻ നിനച്ചതൊക്കെ, ദുർല്ലഭമായാൽപോലും നിറവേറുകയും ചെയ്യും.'

സോമശർമ്മാവു്:—'മാമിനി, ധർമ്മത്തിന്റെ സ്വരൂപം എങ്ങിനെയാണു്? അംഗങ്ങൾ എന്തെല്ലാമാണു്? എനിക്കു കേൾക്കേണമെന്നുണ്ടു്. ദയചെയ്തു പറയുക.'

സുമന:—'ദ്വിജോത്തമ, ധർമ്മത്തിന്റെ സ്വരൂപം ലോകത്തിൽ ആരും കണ്ടിട്ടില്ല; അളവുമുറ്റിയായ ആ സത്യാത്മാവിനെ ദേവാസുരന്മാർപോലും കണ്ടിട്ടില്ല. അത്രിക്കു് അനസൂയയിൽ ജനിച്ച മകനും, ദത്താത്രേയനും മാത്രമേ ധർമ്മത്തെ കണ്ടിട്ടുള്ളു.

ദുർവ്വാസസ്സു്, ദത്താത്രേയൻ എന്നീ മഹാത്മാക്കളിരുവരും ധർമ്മനിഷ്ഠയോടേ കാട്ടിൽപ്പാർത്തു നൂറായിരം സംവത്സരം മികച്ചതപസ്സുചെയ്തു: വേനൽക്കാലത്തു പഞ്ചാഗ്നിമധ്യത്തിലും, തണുപ്പുകാലത്തു വെള്ളത്തിലും നിന്നും കാറുമാത്രം ഭക്ഷിച്ചുമാണു് അവർ തപസ്സുചെയ്തിരുന്നതു്. തപസ്സിനാൽ ചേച്ചെ ധർമ്മാവാത്മായ ദുർവ്വാസസ്സുമഹർഷിയാകട്ടേ, ധർമ്മത്തെ കാണാഞ്ഞതിനാൽ അതിന്റെ നേരെ കോപിച്ചുകളഞ്ഞു. ഉടനെ, ധർമ്മം മൂർത്തിമാനായി ആ മുനീന്ദ്രന്റെ അടുക്കൽ വന്നെത്തി. ബ്രഹ്മചര്യാദികളും ധർമ്മത്തോടൊന്നിച്ചുണ്ടായിരുന്നു: ബ്രഹ്മചര്യം, സത്യം, തപസ്സു്, ദമം, നിയമം, ദാനം എന്നിവ അഗ്നിഹോത്രി സ്വരൂപരായും, ക്ഷമ-ശാന്തി-ലജ്ജ-അഹിംസ-ബുദ്ധി-പ്രജ്ഞ-ദയ-ശ്രദ്ധ-മേധ-സൽകൃതി എന്നിവ സ്ത്രീകളായും, പഞ്ചാഗ്നികർമ്മ-സാഗവേളങ്ങൾ-അഗ്ന്യാധാനാശ്വമേധാദികർമ്മം എന്നിവ സ്വസ്വരൂപം പൂണ്ടും ആത്രേയന്റെ സമീപത്തു വന്നുചേർന്നു. അവരെല്ലാംനല്ല സൌന്ദര്യവും ചേർന്നു ദിവ്യവസ്ത്രാഭരണമാല്യങ്ങളണിഞ്ഞും ദിവ്യഗന്ധങ്ങളും പൂശിയും തേജസ്സു പുഴുന്നും പരിശോഭിച്ചു. ഇങ്ങനെ പരിവാരങ്ങളോടുകൂടിയാണു്, ദുർവ്വാസസ്സു കോപിച്ചുകാലനെപ്പോലെ നിൽക്കുന്നേടത്തു ധർമ്മം വന്നുചേർന്നതു്.

Digitized By Kerala Sahitya Akademi

ധർമ്മം:—'ബ്രാഹ്മണ, തപസ്സിലിരിക്കുന്ന ഭവാൻ് എന്തിനാണ് കോപിച്ചതു്? ക്രോധം ശ്രേയസ്സിനേയും തപസ്സിനേയും നശിപ്പിച്ചുകളയും. എല്ലാറിനേയും കെടുക്കുന്ന ക്രോധം തപസ്സിൽ വർജ്ജ്യമാകുന്നു. അതിനാൽ ക്രോധം വെടിഞ്ഞാലും: ഉൽകൃഷ്ടമായതാണല്ലൊ തപസ്സിന്റെ ഫലം.'

ഋർവ്വാസസ്സ്:—'ഭവാനും, ഈ ചിജ്യോതിസ്സുമാരും, ഈ മനുഷ്യനിലുള്ള സുന്ദരിമാരും ആരാണു്? വിവരിച്ചുപറയു.'

ധർമ്മം:—'കയ്യിൽദണ്ഡും കമണ്ഡലുവും ധരിച്ചു പ്രസന്നനായി ഭവാന്റെ മുമ്പിൽ വന്നുനിൽക്കുന്ന ഈ തേജസ്സു തികഞ്ഞ ബ്രാഹ്മണൻ ബ്രഹ്മചര്യമെന്നവനാകുന്നു; കപിലവർണ്ണനും പിംഗളാക്ഷനുമായ മറേറ ചിജ്ജ്യോതിർമൻ സത്യമത്രെ. അതേമട്ടിൽ വിശേഷദേവതേജസ്സായ മറവൻ, അങ്ങു സദാ സേവിച്ചുപോരുന്ന തപസ്സാണു്. പ്രസന്നവദനനും സർവജീവികളിലും ദയാലുവായ ദാനമാണു്, അങ്ങയുടെ പാർശ്വത്തിൽ നിൽക്കുന്ന ഈ തേജസ്വി. ജട തൂങ്ങി കക്ഷത്തായി പിംഗളവർണ്ണനായി അതിതീവ്രനായി കയ്യിൽ വാളുമായി വന്നു നിൽക്കുന്ന ഈ മഹാപ്രഭ പാപങ്ങളെ സംഹരിയ്ക്കുന്ന ദേമമാകുന്നു. നിത്യക്രിയകളോടുകൂടിയ ഈ ശാന്തനായ ചിജ്ജ്യോത്തമൻ നിയമമെന്നവനത്രെ. വെള്ളം നിറച്ചു കിണ്ടിയും പല്ലുതേപ്പാനുള്ള കോലും കയ്യിൽ ധരിച്ചു, തനിപ്പുളുങ്കിന്നൊത്ത വെളുപ്പോടെ മിന്നിത്തിളങ്ങുന്ന ഈ ബ്രാഹ്മണൻ ശൌചമാണു്.

(ശ്ലോകങ്ങൾ)

ക്ഷമയാണിവനം ദിവ്യശ്രീയാണം
ലോകകല്യാണമിയന്നശാന്തയാണം
വരദിവ്യമണിപ്രഭാധരം
പെടമീജ്ജനാനമയാംഗി ശാന്തിയാം.
മിതവാണി പരോപകാരതൽ-
പരയാംപ്രജ്ഞയിതത്ര്യ സത്യയാണം
തെളിവാന്നവനംതുരുക്ഷണോ-
ജ്ജ്വലയാണംസുന്ദരിമേചകാംഗിയാണം.

Digitized By Kerala Sahitya Akademi

ഒളിമിന്നിയ സത്യഭ്രഷ്യാ-
മിവരം ശ്രുശ്രൂഷനിതാന്തസാധ്വിയാരം.
തുടചേലയുടുത്തുനില്പൂമീ-
യമലപ്പൊന്നരലോളഹിംസയാം.
അറിവും മതിയും വളന്നപേർ
പുകഴും ശ്രുതനിതാ, തവാന്തികേ
അസിതത്തുകിൽ ചാത്തിയോരപ്പുഥു-
സ്തനി കല്യാണിനി ഗൌരഗാത്രിയാരം.
ഇവരംമേധ, മരാളചന്ദ്രസു
പ്രഭയാരം മുത്തണിമാലഞാന്നവരം
ധൃതപങ്കജപൂകാക്ഷനാരം
ധവളപ്പട്ടയോരം മനസ്വനി.
മണികുണ്ഡലകങ്കണാംഗുലീ-
യകകേയൂരകഹാരഭ്രഷ്യാരം
ധൃതപിംഗളപുഷ്പമാലയീ
ത്തനിമഞ്ഞത്തുകിൽ പൂണ്ട മേവിയോ.
ഭയയാണു,ലകങ്ങളം മൂന്നിനും
പ്രിയമേ ചെയ്തു ശരിക്കുപോറുവോരം,
മഹിതവ്രത,ഭാവരോഷ്യാരം
മമ മാതാവു;—യി ധർമ്മമാണു ഞാൻ.''

ഉദ്ധവസ്സ്:—'ഭവാൻ ധർമ്മമാണെങ്കിൽ, എന്റെ അടുക്കൽ വന്നതെന്തിനാണെന്നു പറക തന്നെ; ധർമ്മമെ, ഭവാനു ഞാൻ എന്തുചെയ്യണം?

ധർമ്മം:—'ബ്രാഹ്മണശ്രേഷ്ഠനായ ഉദ്ധവസ്സേ, എന്തിനാണു് ഭവാൻ കോപിച്ചതു്? ഇവരുടെ അപ്രിയം വല്ലതും ചെയ്തുണ്ടായോ? പറയാമെങ്കിൽ പറയുക.'

ഉദ്ധവസ്സ്:—'ഞാൻ കോപിച്ചതിന്റെ കാരണം കേട്ടുകൊൾക: ഞാൻ ഏറവും കഷ്ടപ്പെട്ടു മനസ്സുകൊണ്ടു ദേഹത്തെ വരുത്തി തപസ്സുചെയ്തു തുടങ്ങിയിട്ടു് ഒരു ലക്ഷം കൊല്ലമായി; എന്നിട്ടും എന്റെ സ്ഥിതി മൻമട്ടിൽത്തന്നെ. ഭവാനു ഭയമോന്നുമില്ലല്ലോ! അതുകൊണ്ടാണു് ഞാൻ കോപിച്ചതു്; അങ്ങയെ ഞാൻ ഇപ്പോൾ തന്നെ മൂന്നു ശാപം തന്നുകളയും.'

Digitized By Kerala Sahitya Akademi

ധർമ്മം:—'മഹാപ്രാജ്ഞ, ഞാൻ നിനച്ചാൽ ലോകം മുഴുവൻ നശിച്ചുപോകും. അതല്ല ഞാൻ അറിയുന്നതും ദുഃഖമുണ്ടാക്കും; അതിൽ സത്യത്തെ കൈവിടാതിരുന്നാൽ, പിന്നീട് സുഖം നൽകും—ഇഹത്തിലും പരത്തിലും സുഖം വരുത്തും, സംശയമില്ല.'

ഉഗ്രശ്രവസ്സ്:—'യാതൊന്നും സുഖത്തിനായി ദുഃഖം കൊള്ളുന്നവോ; ആ ദേഹത്തെ വിട്ട് മറ്റൊന്നുകൊണ്ടാണ് മനുഷ്യൻ സുഖമന്വേഷിയ്ക്കുന്നത്. ആ സുഖം ആരറിയും? അന്യായമാണ് അങ്ങു ചെയ്യുന്നത്! ഇവൻ പുണ്യം ചെയ്യുക, ഇവൻ തന്നെ ഫലം അനുഭവിയ്ക്കുക; ഇതാണ് ധർമ്മശാസ്ത്രത്തിന്റെ ക്രമമായിട്ടുള്ളത്: കർമ്മം യാതൊന്നുകൊണ്ടു ചെയ്യുന്നവോ, ആ ദേഹത്തിന്നു ദുഃഖമേ ഉള്ളൂ; സുഖം മറ്റൊന്നിന്നാണ്. ഭവാൻ ആലോചിച്ചു നോക്കൂ: പാതകം ചെയ്യുന്ന കള്ളന്മാർ അതേദേഹത്താൽത്തന്നെയല്ലേ, മാരണമായ തീവ്രദുഃഖം അനുഭവിയ്ക്കുന്നത്? അതു ഹേതുവല്ല സുഖം എന്തുകൊണ്ടില്ല?

ധർമ്മം:—'പാതകം ഏതുദേഹംകൊണ്ടു ചെയ്യുന്നവോ, അതുകൊണ്ടുതന്നെയാണ് പീഡയനുഭവിയ്ക്കുന്നത്. ബന്ധമൊന്നാണ്, പാപത്തിന്റെ ഫലമായിട്ട് ധർമ്മശാസ്ത്രവിശാരദന്മാർ കണ്ടുവെച്ചിട്ടുള്ളതു്. അതു് അന്യായമല്ല; ധർമ്മയുക്തം തന്നെയാണ്.'

ഉഗ്രശ്രവസ്സ്:—'ധർമ്മരാജാവെ, ഇതു ന്യായമാണെന്നെനിയ്ക്കു തോന്നുന്നില്ല. ക്രുദ്ധനായ ഞാൻ അങ്ങയ്ക്കു മുന്നം ശാപം തരികതന്നെചെയ്യും!'

ധർമ്മം:—'ഭവാൻ ക്രോധം വെടിഞ്ഞു് എന്നിയ്ക്കു മാപ്പുതരണം! അല്ലെങ്കിൽ എന്നെ രാജാവോ ദാസീപുത്രനോ ചണ്ഡാലനോ ആക്കാതിരിപ്പാൻ ചെയ്യണമാകണം!'

അരിശം കൊണ്ട ഉഗ്രശ്രവസ്സ ധർമ്മത്തെ ശപിയ്ക്കുകതന്നെ ചെയ്തു:—'ധർമ്മമേ, ഭവാൻ എന്റെ ശാപത്താൽ രാജാവും ദാസീപുത്രനും ചണ്ഡാലനുമായിത്തീരുക!'

ഇങ്ങിനെ മുന്നം ശാപം നൽകി ബ്രാഹ്മണോത്തമൻ നടകൊണ്ടു. ഈസന്ദർഭത്തിലാണ് പണ്ടു ധർമ്മത്തെ കാണ്മാൻ കുന്തിയുണ്ടായതു്.

Digitized By Kerala Sahitya Akademi

സോമാശർമ്മാവു്:— 'ആ മഹാത്മാവിന്റെ ശാപത്താൽ ധർമ്മം എങ്ങിനെ ജനിച്ചു? എന്തായിരുന്നു സ്ഥിതി? അറിവുണ്ടെങ്കിൽ പറയു.'

സുമനസ്സ്:—'ധർമ്മം ഉപരിചരശാപത്താൽ ഭരതവംശത്തിൽ യുധിഷ്ഠിരൻ എന്ന രാജാവായും, ദാസിയുടെ ഗർഭത്തിൽ നിന്നു വിദുരനായും, ഹരിശ്ചന്ദ്രനെ വിശ്വാമിത്രൻ കഷ്ടപ്പെടുത്തിയ കാലത്തു ചണ്ഡാലനായും പിറന്നു.'

ശ്രീപരമേശ്വരപൂജനം, ഭൂമിഖണ്ഡം, പിതൃതീർത്ഥകഥനം
സുമനാസോമശർമ്മസംവാദം ഉപരിചരോപാഖ്യാനം പാണ്ഡവേയോപാഖ്യാനം

———(o)———

പതിമൂന്നാം അദ്ധ്യായം

സോമാശർമ്മാവ്:—'മാമിനി, വേദിക്കുറിയാമെങ്കിൽ, ബ്രഹ്മചര്യത്തിന്റെ ലക്ഷണം വിസ്തരിച്ചു പറയുക.'

സുമനസ്സ്:—'എപ്പോഴും സത്യത്തിൽ താല്പര്യം, സച്ഛ്രദ്ധമായ പുണ്യകർമ്മം, ഋതുകാലത്തുമാത്രം സ്വഭാര്യാഗമനം, ദോഷങ്ങളെ വർജ്ജിയ്ക്കുക, സകലാചാരം കരിക്കലും വിടായ്ക; ഇതൊക്കെയാണു് ഗൃഹസ്ഥന്റെ ബ്രഹ്മചര്യം. ഇതു ഗൃഹസ്ഥനു മുക്തി നൽകും. സന്ന്യാസിയുടെ ബ്രഹ്മചര്യം കേട്ടുകൊൾക. ദമം, സത്യം, പാപഭീതി എന്നിവ എപ്പോഴും വേണം; സ്ത്രീസംഗം പാടില്ല; ധ്യാനവും ജ്ഞാനവും ഉറപ്പിക്കണം. വാനപ്രസ്ഥൻ കാമക്രോധങ്ങൾ വിട്ടു പരോപകാരത്തിന്നായി വിഹിതകർമ്മം ചെയ്യണം; ഉഞ്ഛം (കൊഴിഞ്ഞുകിടക്കുന്ന ധാന്യം) കൊണ്ടുവേണം നിത്യവൃത്തി.

ഇനി സത്യത്തിന്റെ സ്വരൂപം പറയാം: പരദ്രവ്യത്തേയും പരസ്ത്രീയേയും കണ്ടാൽ അഗ്രഹം തോന്നുന്നില്ലയോ; അവനത്രേ സത്യവാൻ. ഇനി ദാനസ്വരൂപം കേൾക്ക: ദാനം മനുഷ്യനെ ജീവിപ്പിക്കുകയും ആത്മസൗഖ്യം നൽകുകയും പരമപദം പ്രാപിപ്പിയ്ക്കുകയും ചെയ്യുന്നു. സുഖകരവും ആസ്വാദ്യവുമായ അന്നം നൽകുക എന്നതിനു

Digitized By Kerala Sahitya Akademi

മഹിമകൂട്ടും. വിശപ്പുള്ളവന്ന് ഒരുരുളയെങ്കിലും കൊടുക്കണം; എന്നാൽ എന്നെന്നും മഹത്തായ പുണ്യാമൃതം ഭുജിക്കാം. നാമം തോറും യഥാശക്തി വല്ലതും ദാനം ചെയ്യണം. പുല്ലോ, തൃണമോ, തണുപ്പുള്ള ഗൃഹത്തണലോ, ഭൂമിയോ, ജലമോ, അന്നമോ, പ്രിയവാക്കോ, ആസനമോ, വസ്ത്രമോ, പാദ്യമോ ആത്മജീവനത്തിന്നായി കളവില്ലാതെ ദാനം ചെയ്തുകൊണ്ടിരുന്നാൽ ഇഹത്തിലും പരത്തിലും സുഖം കിട്ടും. ദാനാധ്യയന കർമ്മങ്ങളോടുകൂടി ഓരോ ദിവസത്തേയും സഫലമാക്കുന്ന മനുഷ്യൻ തീർച്ചയായും ദേവനാകുന്നു!

ദേവബ്രാഹ്മണഗുരുജനങ്ങളിൽ ശുശ്രൂഷക്കാന്തി, ദാനങ്ങളിലും മറ്റുപകാരങ്ങളിലും നിത്യവ്യവസ്ഥ, ഇതാണ് നിയമം. ക്ഷമയുടെ സ്വരൂപം, മറ്റാരാളുടെ ക്ഷോഭിച്ചാൽ ക്രോധം തോന്നായ്കയാണ്"; ഇങ്ങോട്ടു തല്ലിയാലും അങ്ങോട്ടു തല്ലുന്നത്. അതു സ്വഭാവത്തിലാക്കി വീതരാഗനുമായിട്ടുള്ള ധാർമ്മികൻ ഇഹത്തിലും പരത്തിലും പരമസൗഖ്യം അനുഭവിയ്ക്കും. സ്നാനാചമനങ്ങൾകൊണ്ടു പുറത്തും രാഗവർജ്ജനത്താൽ അകത്തുമുള്ള ശുദ്ധി യാരൊന്നോ, അതാണ് ശൌചം. തന്നെ എന്നപോലെ അന്യനേയും ഹിംസിക്കാതെ അടങ്ങിയിരിയ്ക്കുകയെന്നതാണ് അഹിംസ; ഒരു പുൽക്കൊടിപോലും വെറുതേ നശിപ്പിക്കുന്നത്. ക്ഷമിക്കായ്കയും, പൂർവ്വവൈരത്തെ സ്മരിക്കായ്കയുമാകുന്നു, സുഖദായിയായ ശാന്തി പരദ്രവ്യത്തേയും പരസ്ത്രീയേയും മനസാ വാചാ കർമ്മണാ അപഹരിക്കാത്തതാൽ അസ്തേയമായി. ഇന്ദ്രിയങ്ങളെ മനസ്സുകൊണ്ടു നടക്കിനിർത്തുക (അടക്കിനിർത്തുക) മാണ്; അവയുടെ തള്ളിച്ചയെ വിവേകംകൊണ്ടു നിശ്ചിക്കണം. ശ്രീകൃഷ്ണന്റെ സ്വരൂപവും ധർമ്മശാസ്ത്രങ്ങളിൽ പൂർവ്വാചാര്യന്മാർ പറഞ്ഞിട്ടുണ്ട്: തിരുമണങ്ങാംകൊണ്ടും ഇങ്ങനെയുള്ള അനുഷ്ഠാനം കൈവരുമാറു പരിചരിയ്ക്കുകയെന്നു ശ്രീകൃഷ്ണൻ.'

ഓ ജ്യോത്സ്നാ, ധർമ്മത്തേയും തദംഗങ്ങളേയും ഞാൻ വിവരിച്ചുവല്ലോ. ഇപ്രകാരമുള്ള ധർമ്മത്തിൽ സദാ വർത്തിയ്ക്കുന്നവന്നു സംസാരത്തിൽ പുനർജ്ജന്മമുണ്ടാകയില്ല: ധർമ്മത്താൽ സച്ചിപ്രാപ്തി സുനിശ്ചിതമാകുന്നു. ധർമ്മം പ്രസാദിച്ചാൽ, ഭൂമിയിൽ അസാദ്ധ്യമായിട്ടുള്ളതുപോലും നിറവേറും. അതിനാൽ ഇവിടുന്നു ധർമ്മത്തെത്തന്നെ അനുഷ്ഠിക്കുക.

Digitized By Kerala Sahitya Akademi

രോഗിയുടെ ഉപദേശം കേട്ടിട്ട്, ബുദ്ധിമാനായ സോമശർമ്മാവു ധർമ്മവാദിനിയായ ആ സുമനയോടു വീണ്ടും ചോദിച്ചു:—

ശ്രീപഞ്ചമഹാപുരുഷം, ത്രിമിഷണ്ഡം, പിതൃതീർത്ഥപ്രകരണം,
സുമനഃസോമശർമ്മസംവാദം, ധർമ്മാംശഖർണ്ണനം പതിമൂന്നാമദ്ധ്യായം.

പതിനാലാമദ്ധ്യായം

സോമശർമ്മാവ്:— 'ഇത മഹാപുണ്യമായ ധർമ്മാഖ്യാനം ഭവതിയുടെ എങ്ങിനെ മനസ്സിലായി? ആരുടെ അടുക്കൽ നിന്നാണ് കേട്ടതു?'

സുമന:—ഭൂതവർത്തമാനായ എന്റെ അച്ഛൻ, സർവ്വശാസ്ത്രപണ്ഡിതനായ ച്യവനമഹർഷി, എന്നെ പ്രാണനിലുമധികം സ്നേഹിച്ചിരുന്നു. അവിടുന്നു തീർത്ഥരാമങ്ങളിലേയ്ക്കോ മുനിസദസ്സുകളിലേയ്ക്കോ ക്ഷേത്രങ്ങളിലേയ്ക്കോ മറ്റവിടേയ്ക്കെങ്കിലുമോ പോകുമ്പോഴൊക്കെ, ഞാനും നേരംപോക്കിനു കൂടെപ്പോവുക പതിവായിരുന്നു.

ഒരു ദിവസം, അച്ഛന്റെ സ്നേഹിതനായ കൈശികഗോത്രത്തിലെ വേദശർമ്മാവെന്ന മഹാശയൻ വന്നിച്ച ദുഃഖവും ചിന്തയും പൂണ്ടു വെമ്പലോടേ വന്നെത്തി. അദ്ദേഹത്തിനോടു് അച്ഛൻ ചോദിച്ചു:— 'സുവ്രത, പറയുന്നു വലുതായ സന്താപമുള്ളതായിതോന്നുന്നു. എന്തുകൊണ്ടാണ് അങ്ങയ്ക്കു വ്യസനം?' മഹാപ്രാജ്ഞനായ വേദശർമ്മാവു ദുഃഖകാരണമെല്ലാം അച്ഛനോടറിയിച്ചു:—'എന്റെ പരമസാധുവായ മോഷ്ടിയ്ക്കു പുത്രനുണ്ടായിട്ടില്ല; എന്റെ വംശം മുടിഞ്ഞുപോകുമല്ലോ! ഇതുകൊണ്ടാണ് എനിക്കു സങ്കടം.'

ഇതേസമയത്തു് ഒരു സിദ്ധൻ വന്നുചേർന്നു. അച്ഛനും വേദശർമ്മാവും എഴുന്നേറ്റ് അദ്ദേഹത്തെ ഉപചാരങ്ങളാകൊണ്ടും മധുരങ്ങളായ വാക്കുകൾകൊണ്ടും ഭോജ്യാദികൾകൊണ്ടും ഭക്തിപൂർവ്വം പൂജിച്ചു. എന്നിട്ട്, രണ്ടുപേരുംകൂടി, അവൻ ചോദിച്ചചോദ്യം ചോദിയ്ക്കയാൽ, ആ ധാർമ്മികൻ ധർമ്മസർവ്വസ്വമെല്ലാം, ഞാൻ പറ

Digitized By Kerala Sahitya Akademi

ത്തതിൻവണ്ണം തന്നെ അവക്ക് പറഞ്ഞുകൊടുത്തു: — 'പുത്രനും ഭാര്യയും ധനധാന്യങ്ങളുമൊക്കെ ധർമ്മത്താൽ കൈവരും'. അതുപ്രകാരം വേദശർമ്മാവു ധർമ്മത്തെ പൂർണ്ണമായി അനുഷ്ഠിയ്ക്കുകയും, തന്നിമിത്തം അദ്ദേഹത്തിന്നു മഹത്തായ സന്താനസൌഖ്യം ലഭിക്കുകയും ചെയ്തു.

അതുകൊണ്ടു സമാധാനത്തോടുംകൂടെ, എനിക്കീ അറിവുണ്ടായതു്. സംശയമെല്ലാം തീരുമാറ് ആ മഹാസിദ്ധൻ പറഞ്ഞുകേട്ടതിനെ ഞാൻ ഭവാനോടറിയിച്ചുതു്. ഇവിടുന്നു സദാ ധർമ്മത്തെ അവലംബിച്ചുകൊണ്ടാലും.'

സോമശർമ്മാവ്: — 'പ്രിയേ, ധർമ്മത്താലുള്ള മരണവും ജനനവും എങ്ങിനെയായിരിയ്ക്കും? രണ്ടിന്റേയും ലക്ഷണമെല്ലാം ശാസ്ത്രത്തിനൊത്തു വിചരിയ്ക്കുക.

സുമന: — 'സത്യം, ശൌചം, ക്ഷമ, ശാന്തി, തീർത്ഥപുണ്യം മുതലായവകൊണ്ടു ധർമ്മത്തെ സംരക്ഷിക്കുന്നവന്നു മരണം എങ്ങിനെയായിരിക്കുമെന്നു ഞാൻ പറയാം: അവന്നു രോഗമോ ദേഹത്തിൽ വേദനയോ തളർച്ചയോ വാട്ടമോ വിയർപ്പോ തലതിരിച്ചിലോ ഉണ്ടാകയില്ല; ദിവ്യഗന്ധർവന്മാരും ബ്രാഹ്മണരും അവന്റെ അരികിൽ വന്നു ഭംഗിയിൽ പാട്ടുപാടിയും കൊണ്ടുചൊല്ലിയും സ്തുതിക്കും; ആടാൻ തീർത്ഥവും കിട്ടും. അഗ്നിഗൃഹം, ഗോശാല, ക്ഷേത്രം, ആരാമം, തടാകം, അരയാലിന്റേയോ പേരാലിന്റേയോ പിലാശിന്റേയോ ശ്രീവൃക്ഷത്തിന്റേയോ അശോകത്തിന്റേയോ മാവിന്റേയോ സമീപം, ബ്രാഹ്മണസന്നിധി, ആനപ്പുന്ത, കുതിരലായം, പോക്കളം, മുൻജന്മത്തിലെ മരണസ്ഥലം എന്നിവിടങ്ങളിൽ വെച്ചോ, സുഖമായിയിരുന്നുകൊണ്ടോ ദേവപൂജ ചെയ്യുമ്പോഴോ ആണു്, ധർമ്മിഷ്ഠൻ മരിയ്ക്കുക.'

പുണ്യസ്ഥലത്തുവെച്ചു അവൻ മരിയ്ക്കുന്നു. സൽക്കർമ്മനിരതൻ മരണകാലത്തു ഗോഗൃഹത്തിലോ അമ്മകേണ്ടകത്തിലോ മറ്റൊരു പുണ്യദേശം. സുകൃതികളായ അച്ഛനമ്മമാർ, സോദരന്മാർ മുതലായ ബന്ധുജനങ്ങളെ കാണും; പാപികളെ കാണുകയില്ല; പുണ്യശാലികളായ വന്ദികൾ വീണ്ടും വീണ്ടും പുകഴ്ത്തും; ഗന്ധർവന്മാർ പാട്ടുപാടും; സ്തുതിപാഠകന്മാർ സ്തുതിയ്ക്കും; ബ്രാഹ്മണർ മന്ത്രം ചൊല്ലും;

Digitized By Kerala Sahitya Akademi

അമ്മയും അച്ഛനും സഹജനങ്ങളും സ്നേഹിച്ചു ശ്രദ്ധിക്കുന്നതുണ്ടാകാ. ദുഃഖകരമായ സഹവാസമോ മോഹമോ ഉണ്ടാകില്ല; 'ധർമ്മരാജൻ തിരുമേനി അങ്ങയെവിളിക്കുന്നു; വരൂ, മഹാഭാഗ, ധർമ്മസന്നിധിയിലേയ്ക്കു വരൂ' എന്നിങ്ങിനെ സന്ദേഹം പൂണ്ടിരിക്കെണ്ടു പറയുന്ന ദൂതന്മാരെ പ്രത്യക്ഷമായി കാണും; മോഹാലസ്യമോ, ക്ഷീണമോ, കർമ്മകേടോ നേരിടാതെ പ്രസന്നനായി ജ്ഞാനവിജ്ഞാനസമ്പന്നനായി വിഷ്ണുവിനെ ധ്യാനിച്ചു മനംകളിത്തുംകൊണ്ടു് അവരോടൊന്നിച്ചു നടകൊള്ളും. ദേഹത്യാഗത്തോടുകൂടി അവന്നു് വൈകുണ്ഠപ്രാപ്തി. ചതുർത്ഥമത്തെ പോരഞ്ഞിലുടയോണു് അവന്റെ പ്രാണൻ പോവുക.

അവന്നായി പല്ലക്കോ, മനോഹരമായ വിമാനസഞ്ചാരമോ വന്നുചേരും. വിമാനത്തിലേറി, കടപിടിച്ചുപ്പെട്ടം തുലവട്ടം വെൺചാമരങ്ങളംകൊണ്ടു വീശപ്പെട്ടം പണ്ഡിതവന്ദിവിവ്യഭൂഷണരാലും വേദപാരഗരായ ബ്രാഹ്മണരാലും സജ്ജനങ്ങളാലും സ്തുതിക്കപ്പെട്ടം ധാർമ്മികൻ വൈഷ്ണവധാമത്തിലേയ്ക്കു ഗമിക്കും; പൂന്തോട്ടത്തിൻ നടുവിലുടെ സുഖമായിട്ടാവും അവന്റെ യാത്ര. ദിവ്യകളായ അപ്സരസ്ത്രീകൾ മംഗളദ്രവ്യങ്ങളുമായി മുമ്പേ വന്നുകൂടും. ദേവകൾ സ്തുതിച്ചുംകൊണ്ടു ധർമ്മരാജാവിനോടുകൂടി മുന്നിലേൽക്കും; 'വരൂ, മഹാഭാഗ, വരൂ; വേണ്ടുന്ന ഭോഗങ്ങൾ ഭുജിച്ചുകൊള്ളുക.' എന്നിങ്ങിനെ ധർമ്മരാജനാൽ, അനുഭവിക്കപ്പെട്ട് അവൻ സ്വർഗ്ഗത്തെത്തുന്ന സുപുണ്യപ്രഭാവത്താൽ അനുഭവിയ്ക്കും. ഭോഗക്ഷയത്തിൽ ആ ധാർമ്മികൻ ധർമ്മപ്രസാദത്താൽ ബ്രാഹ്മണനോയോ ക്ഷത്രിയനോയാ ധനികനായ വൈശ്യനോയാ സൽകുലത്തിൽ ജനിയ്ക്കുകയും, വീണ്ടും ധർമ്മനിരതനായി പുണ്യഭോഗങ്ങൾ നേടുകയും ചെയ്യും.

ശ്രീപരമേശ്വരാപുരുണം, ഭൂമികാണ്ഡം, പിതൃതീർത്ഥപ്രകരണം,
സുമതിസോമശർമ്മസംവാദേ, ധാർമ്മികമരണജന്യയമിയുപനാമം
പതിനാലുമദ്ധ്യായം

——(o)——

Digitized By Kerala Sahitya Akademi

ചതുർനവത്യാമദ്ധ്യായം

സോമശർമ്മാവ്:—'ഭദ്രേ, പാപികളുടെ മരണം എങ്ങിനെയാണ്? അറിയാമെങ്കിൽ വിസ്തരിച്ചു പറയുക.?'

സുമന:—'അച്ഛനേ, ഈ സിദ്ധാങ്കൽ നിന്നു കേട്ടപ്രകാരം, പാപികളുടെ മരണലക്ഷണം ഞാൻ പറയാം:

മലമൂത്രാമേധ്യങ്ങളേറെ ചേർന്നേടത്തോ, പാപികളെ നിറഞ്ഞേടുത്തോ, ചണ്ഡാളച്ചേരിയിലോ, കഴുതകളെ പൂഴ്ന്നേടത്തോ, വേശ്യാഗൃഹത്തിലോ, തോൽപ്പണിക്കരേന്റെ കുടിയിലോ, അസ്ഥിചർമ്മനഖങ്ങളെ നിറഞ്ഞേടത്തോ മറ്റു കെട്ടസ്ഥലങ്ങളിലോ ചെച്ചാണ് ഒരാത്മാവായ പാപി കഷ്ടപ്പെട്ടുചാവുക. കഴുത്തിരുണ്ടു നീണ്ടു, വയർ തൂങ്ങി, മാംസം വരണ്ടു തൊലി ചുളുങ്ങി വികൃതരൂപമായി, കട്ടത്ത പല്ലുകളോടും കരാളസിംഹമുഖങ്ങളോടും കയ്യിൽ പാമ്പുകളോടും ക്രൂരന്മാരായ ദൂതന്മാരായിരിയ്ക്കും കൊണ്ടുപോവാൻ വരിക; അവരെക്കണ്ടിട്ട് അവൻ തെരുതെരെ വിറയ്ക്കുകയും വിയർക്കുകയും ചെയ്യും.

പരദ്രവ്യാപഹരണം, പരസ്ത്രീഗമനം, കള്ളം വാങ്ങിയതു ലോഭംനിമിത്തം തിരിച്ചുകൊടുക്കായ്ക, എന്നീവക പൂർവപാപങ്ങളെല്ലാം മരണസമയത്തു് അവന്റെ തൊണ്ടയിൽ കടന്നക്കുടും; അപ്പോഴും കഫംകെട്ടിനിന്ന ഘുരുഘുരുശബ്ദം പുറപ്പെടും; അവൻ കഠിനപീഡകളാൽകഷ്ടപ്പെട്ട നിലവിളിയ്ക്കും; വല്ലാതെ വിറയ്ക്കും; അച്ഛനമ്മമാരേയും സഹോദരേയും ഭാര്യാപുത്രരേയും ക്രുദ്ധരുടെ സ്മരിയ്ക്കും; വീണ്ടും ബോധംകെടും. എന്തായാലും പ്രാണൻ വിട്ടുപോകയില്ല; അവൻ വേദനേ മുഴുത്തു കിടന്നരറ്റും തളർന്നും മോഹാലസ്യപ്പെട്ടും 'പ്രാണസങ്കടം' കൊള്ളും. പ്രിയതമ, പെരുംക്ലേശങ്ങളാൽ ഇളക്കിമറിയ്ക്കപ്പെട്ട് അതിസങ്കടത്തോടും ഘോരഭയത്തോടും ക്രൂരയേ അവന്റെ പ്രാണൻ പോകയുള്ളൂ.

ലോഭമോഹാനുചിതനായ ആ മൂഢന്റെ യമദൂതന്മാർ കൊണ്ടുപോകുമ്പോൾ നേരിട്ടുന്ന കഷ്ടപ്പാടോ! തീക്കനൽ വിരിച്ചു വഴിയിൽ വിട്ടിഴയ്ക്കപ്പെടുമ്പോൾ ആ ദുഷ്ടൻ മുട്ടുപൊള്ളി തെരുതെരെ കിടന്നു

Digitized By Kerala Sahitya Akademi

പിടയും; പന്തിരണ്ടാദിത്യന്മാരുടെ തീവ്രകിരണങ്ങളാൽ വ്യാപിച്ച വഴിയിലൂടെ കൊണ്ടുപോകപ്പെട്ടുമ്പോൾ വെയിലേറ്റ് എരിപൊരികൊള്ളും; തണലില്ലാത്ത പർവതമുകളിലെത്തുമ്പോൾ പൊരിവെയിലുകൊണ്ട് പുഴുക്കലാകും; മഞ്ഞുനിറഞ്ഞ മാർഗ്ഗത്തിൽ കാറ്റുകൊണ്ട് തണുത്തു കോച്ചിപ്പോകും. പോരെങ്കിൽ ദൂതന്മാർ അവനെ പഴിച്ചുകൊണ്ട് ഗദ-ദണ്ഡ്-ചമ്മട്ടി എന്നിവയാൽ പ്രഹരിയ്ക്കുകയും, മഴകൊണ്ടു വെട്ടുകയും ചെയ്യും.

ദുഷ്ടൻ കണ്ടെത്തുന്ന ധർമ്മരാജാവോ, അഞ്ജനക്കുന്നുപോലെ കറുത്തും ഭീഷണരായ യമദൂതന്മാരാലും സപ്തവ്യാധികളാലും ചുറ്റപ്പെട്ടും ഭയങ്കരനായിരിയ്ക്കും. മുകന്ന കുറിക്കുട്ടം മാലയുമണിഞ്ഞു, മഞ്ഞവസ്ത്രം ധരിച്ചു, വലിയ കയ്യിൽ ഗദയേന്തി, ദംഷ്ട്രാകരാളവക്ത്രനായി, പോത്തിൻപുറത്തിരിക്കുന്ന ഈ ചിത്രഗുപ്തപ്പോപാസിതനായ കാലൻ സമീപപ്രാപ്തനായ പാപിയെ കണ്ടാൽ, അവന്റെ ദുഷ്കൃതങ്ങളും നോക്കിച്ചു, കട്ടംകത്തികൊണ്ടു കൊത്തിനുറുക്കിയും മറവും ഓരായിരം യുഗം നരകങ്ങളിലിട്ടു വലയ്ക്കും.

ഇങ്ങിനെ പാപം മുക്കാലും തീർന്നാൽ, ആ ദുഷ്ടന്റെ നായ്-നരി-കഴുത-പൂച്ച-പന്നി പാമ്പു മുതലായവയുടേയും ദുഷ്ടപക്ഷികളുടേയും ചണ്ഡാലജില്ലപുള്ളിന്മുതലുടേയും ജാതിയിൽ പലവുരു ജനിച്ചു വീണ്ടും പാപമനുഭവിക്കുകയായി. കാന്ത, സുകൃതികളുടേയും പാപികളുടേയും മരണ ജനനങ്ങൾ ഞാൻ പറഞ്ഞു കഴിഞ്ഞു; ഇനി വേറെ വല്ലതും ചോദിച്ചാൽ, അതും പറയാം.'

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം
സുധാസോമശർമ്മസംവാദം, പാപിമരണജനനവർണ്ണനം പരിസമാപ്തമധ്യായം.

——(o)——

പതിനാറാമദ്ധ്യായം

സോമശർമ്മാവ്:—'ഭോഗി, ധർമ്മസത്രുപമെല്ലാം പറഞ്ഞുവല്ലോ. എന്തുചെയ്താലാണ്, എനിയ്ക്കു സർവ്വജ്ഞനും ഗുണവാനുമായ പുത്രൻ ഉണ്ടാവുക?'

Digitized By Kerala Sahitya Akademi

സുമനഃ—'ചെന്ന വസിഷ്ഠമഹർഷിയോട് ചോദിക്കുക. ധർമ്മിഷ്ഠനായ പുത്രനുണ്ടാകാനുള്ള വഴി അദ്ദേഹം പറഞ്ഞുതരും.'

'ഉത്തമം, വേഗം പറഞ്ഞതുപോലെ ചെയ്യാം' എന്നും പറഞ്ഞു സോമശർമ്മദ്വിജോത്തമൻ, ഗംഗാതീരത്തുള്ള പുണ്യാശ്രമത്തിൽ തപസ്സുചെയ്യുന്ന സർവ്വജ്ഞനായ വസിഷ്ഠന്റെ അടുക്കൽച്ചെന്ന്, ഉണ്ടാമതായ സൂര്യനോ എന്നതോന്നും വണ്ണം തേജസ്സുമുഴുന്നജ്ഞാലിക്കുന്ന ആ മഹാത്മാവായ ബ്രാഹ്മണേന്ദ്രനെ പലവുരു ഭക്തിയോടേ സാഷ്ടാംഗം നമസ്കരിച്ചു. കല്മഷമില്ലാത്ത ബ്രഹ്മപുത്രൻ സോമശർമ്മാവിനോട് ഇരിക്കാൻ പറഞ്ഞതിനുശേഷം കുശലം ചോദിച്ചു:—'വത്സ, ഗൃഹത്തിലും പുണ്യകർമ്മങ്ങളിലും അഗ്നികളിലുമൊക്കെ ക്ഷേമമല്ലേ? ദോഹത്തിനു സുഖക്കേടൊന്നുമില്ലല്ലോ? എപ്പോഴും ധർമ്മത്തെ രക്ഷിക്കുന്നില്ലേ? എന്തൊരു പ്രിയമാണ് ഞാൻ ചെയ്തു തരേണ്ടതു?'

ഇതുയും പറഞ്ഞു വസിഷ്ഠൻ വിരമിച്ചു. ഉടനെ, മഹാപ്രാജ്ഞനായ സോമശർമ്മാവ് ആ താപസശ്രേഷ്ഠനോടറിയിച്ചു:—'ഭഗവാനേ, ഇവിടുന്നു മനം തെളിഞ്ഞു് എനിക്കു പ്രിയം ചെയ്കയാണെങ്കിൽ, എന്റെ സംശയം തീർത്തുതരിക: എന്തുപാപത്താലാണ് ദാരിദ്ര്യം വരുന്നതു? പുത്രസുഖമില്ലാതാകുന്നതു് എന്തു പാപത്താലാണ്? ഇതു പറഞ്ഞുതന്നാലും. ബ്രാഹ്മണശ്രേഷ്ഠ, മഹാപാപമോഹിതനായ ഞാൻ, മോഹം ഉപദേശിച്ചുയർത്തുന്നതിനാൽ ഇവിടുത്തെ അടുക്കൽ വന്നതാണേ. എന്റെ സംശയം നീങ്ങുമാറു് എല്ലാം പറഞ്ഞുതരിക; എന്നെ സംസാരബന്ധനത്തിൽ നിന്നു മോചിപ്പിക്കുക.'

വസിഷ്ഠൻ:—'പുത്രൻ, മിത്രം, കളത്രം, ഭ്രാതാവ്, സ്വജനം എന്നീ യെവർ പൂർവബന്ധത്താലാണ് മനുഷ്യന്നുണ്ടായി വരുന്നതു എന്നു സുമനയോടോട് പറഞ്ഞുവല്ലോ; കടത്താൽ ചാർച്ചപ്പെടുന്നവരൊക്കെ കുപുത്രന്മാരാണ്. സൽപുത്രന്റെ ലക്ഷണം ഞാൻ പറയാം:

പുണ്യസത്യധർമ്മങ്ങളിൽ തല്പരനും, ബുദ്ധിമാനും, ജ്ഞാനിയും, വാഗ്മിയും, തപസ്വിയും, കർമ്മങ്ങളിലൊക്കെ നിഷ്കപടനും, ധീരനും, വേദപാഠനിരതനും, സർവശാസ്ത്രജ്ഞനുമായവനും, ദേവദ്വിജ

Digitized By Kerala Sahitya Akademi

പൂജകനും, സർവ്വയജ്ഞയാജകനും, ദാതാവും, ത്യാഗിയും, പ്രിയംവദനും, വിഷ്ണുധ്യാനനിഷ്ണാതനും, ശാന്തനും, മാന്തനും, ജപസക്തനും, പിതൃഭക്തനും, സജ്ജനപ്രിയനും കലത്തിന്ന് ഉൽഗതിയും ദുഷ്ടിയും വരുത്തുന്നവനുമത്രേ സൌഖ്യംനൽകുന്ന സൽപുത്രൻ. മറു പുർവ്വപുണ്യത്താൽ ജനിക്കുന്നവർ ശോകവും താപവും ഉണ്ടാക്കിത്തീർക്കും. ഇങ്ങിനെയുള്ളവനെക്കൊണ്ടെന്താണ് ഫലം? അത്തരക്കാർ അതി ക്ലേശമായ ദുഃഖം ചെടുത്തിവച്ചു വരികയും പോകയും ചെയ്യുന്നു; അവരൊക്കെ പുത്രന്മാരായിവന്ന സംസാരത്തിൽ ദുഃഖം വളർത്തുന്നു. ഒരുവൻ മൻജന്മത്തിൽ ചെയ്തുവെച്ച കർമ്മവും കൊട്ടാഴിയാതെ കേട്ടുകൊൾക:

മുൻജന്മത്തിൽ ഞാൻ കൃഷിക്കാരനായ ശൂദ്രനായിരുന്നു. അങ്ങനെയാണ് കുറെ മാസ്സുയും വളരെ പുത്രന്മാരും ഉണ്ടായിരുന്നു. അറിവില്ലാത്തവനും ഒരു മൂഢതയുമായ ഞാൻ അന്യരെ ദ്രോഹിച്ചുപോന്നു; ദാനമില്ല, ധർമ്മമില്ല; സത്യം എന്നതു കേട്ടിട്ടേയില്ല; തീർത്ഥയാത്രയും ചെയ്തുകയുണ്ടായിട്ടില്ല. കൃഷിക്കായി കാള, പശു, എരുമ, കുതിര എന്നിവരെയ രക്ഷിയ്ക്കുകമാത്രമേ ചെയ്തിരുന്നുള്ളൂ. അങ്ങിനെ ധനം വളരെ സമ്പാദിച്ചു; എന്നാൽ ലോഭം നിമിത്തം ആ ധനം കൊണ്ടു കുറിക്കലും പുണ്യം നേടിയില്ല: പാത്രത്തിൽ ദാനംചെയ്തിറില്ല; പാവപ്പെട്ടവനെകണ്ടാൽ ഒന്നേതാന്നി വല്ലതും കൊടുക്കാറുമില്ല. ഉപ്പും നെയ്യും മോരും തൈരും വലിയ വിലയുള്ളവിറകു പണം വളരെ നേടിവെച്ചു. മായാമോഹത്താൽ ഉദാഗ്രഹം മുഴുത്തുവന്നു. നിർദ്ദയത്വത്താൽ കുറിക്കലും കൊടുക്കുകയില്ല; ദേവപൂജ നടത്തുകയില്ല; വിശേഷദിവസങ്ങളിൽ ബ്രാഹ്മണർക്ക് ദ്രവ്യം ദാനംകയില്ല; ശ്രാദ്ധം ശ്രദ്ധയോടെ കഴിക്കില്ല. സാധ്വിയായ ഭാര്യ 'ഇന്ന് അച്ഛന്റെ ശ്രാദ്ധമാണു'; ഇന്ന് അമ്മയുടെ ശ്രാദ്ധമാണു'.' എന്നൊക്കെ അങ്ങയോടു പറയും; ഇതുകേട്ടാൽ ഭവാൻ വീട്ടിൽനിന്ന് കടിച്ചുപറിയുകയായിരുന്ന പതിവു്. ധർമ്മമാർഗ്ഗം അങ്ങു കണ്ടിട്ടില്ല, കേട്ടിട്ടുമില്ല. അച്ഛനും അമ്മയും സോദരനും സജനങ്ങളുമൊക്കെ ലോഭം തന്നെ! സദാ ലോഭമൊന്നിനെത്തന്നെ ധർമ്മം വെടിഞ്ഞു സംരക്ഷിച്ചുപോന്നു. അതിനാലത്രേ അങ്ങു ദാരിദ്ര്യപീഡിതനായി ജനിച്ചുത്. ദിനംപ്രതി തറവാട്ടിൽ മുതൽ ക്ഷയിക്കുകയും ഒരു വർദ്ധിച്ചുവരുന്നു. തിയ്യുപോലുള്ള ദുഷ്ടയാൽ എരിപൊരികൊണ്ടിട്ട രാത്രിയിൽ

Digitized By Kerala Sahitya Akademi

ഉറങ്ങാറില്ല. ഗ്രഹത്തിൽ പണം എന്നെന്നുള്ളാണ് ആയിരവും ലക്ഷവും കോടിയും അർബുദവും ഖർവവും നിഖർവവുമാവുക എന്ന മനോരാജ്യമാണ് എല്ലായ്പോഴും. അങ്ങിനെ ആയിരമായി, ലക്ഷമായി, കോടിയായി, അർബുദമായി, ഖർവമായി, നിഖർവമായി. ഉദയാകട്ടെ, അങ്ങയുടെ മോഹം വിട്ടുപോയില്ല; വർദ്ധിച്ചുതേടുള്ളൂ! ദാനമോ യജ്ഞമോ അവൻ ചെയ്തില്ല; അനുഭവിച്ചതുമില്ല. മക്കളറിയാതെ പണമൊക്കെ ഭൂമിയിൽ കുഴിച്ചിട്ടു. എന്നിട്ടും പണം സമ്പാദിപ്പാൻ വേറെ ഉപായം തേടുകയായി: എപ്പോഴും ആളുകളോട് ഖനിത്രം, (നിധികിളയ്ക്കൽ) മജ്ജനം, (മുങ്ങിയെടുക്കൽ) മഷിനോട്ടം, രസവാദം എന്നിവയെപ്പറ്റി ചോദിച്ചുംകൊണ്ടു തന്നിയേ ചുറ്റിനടക്കുകയായി. സ്പർശം, സിദ്ധികരങ്ങളായ കല്പങ്ങളം സുഷിരപ്രവേശം എന്നിവയെപ്പറ്റിയും അന്വേഷിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ ഭവാൻ ദുശ്ചെന്തിയിൽ വെന്തു വിവശനായിപ്പോയി. ഒടുവിൽ കാലധർമ്മംപ്രാപിച്ചു. ആ പണം എവിടെയാണെന്നു ഭാര്യാപുത്രന്മാർ ചോദിച്ചുവെങ്കിലും, അവരോടു പറകയോ കൊടുക്കുകയോ ചെയ്യാതെയാണ് ഭവാൻ പ്രാണനുപേക്ഷിച്ചു യമന്റെ അടുക്കലേയ്ക്കു പോയതു്.

ഇതാണ്, അങ്ങയുടെ പൂർവജന്മചരിത്രം. ഇതിനാലാണ് ഭവാൻ ഒരുമുതലുമില്ലാത്ത ഭിക്ഷുവായതു്. സംസാരത്തിൽ, സൌശീല്യവും ജ്ഞാനവും സത്യധർമ്മശ്രദ്ധയും കേതിയുമുള്ള സൽപുത്രന്മാർ ആകുന്നതോ; അവരുടെ വിഷ്ണുപ്രസാദിയ്ക്കും. വിഷ്ണുപ്രസാദിച്ചാലോ, അനവധി ധനവും ധാന്യവും കളത്രപുത്രപൌത്രങ്ങളും ഇഹത്തിൽ അനുഭവപ്പെടുകയും ചെയ്യും. വിഷ്ണുപ്രസാദം കൂടാതെ, ഭാര്യാപുത്രങ്ങൾ സൽക്കുലജനനവും പരമമായ മൌഷ്ണവപദവും കൈവരികയില്ല.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
സോമശർമ്മവസിഷ്ഠസമാഗമം പതിനാറാമധ്യായം.

—(o)—

പതിനേഴാമദ്ധ്യായം

സോമശർമ്മാവ്:—ജ്ഞാനാതിശയത്തെ മഹർഷേ, എന്റെ പൂർവജന്മകർമ്മം അങ്ങുപറഞ്ഞുതന്നുവല്ലോ. ശൂദ്രനും ധർമ്മവർജ്ജിത

Digitized By Kerala Sahitya Akademi

നമായിരുന്ന ഞാൻ ബ്രാഹ്മണനായി ജനിച്ചതെന്തുകൊണ്ടാ ണെന്നുകൂടി പറഞ്ഞുതരിക.'

വസിഷ്ഠൻ:—മുൻജന്മത്തിൽ വോൻ ഒരുധർമ്മം ചെയ്തുണ്ടായിട്ടുണ്ട്; അതു ഞാൻ വേണമെങ്കിൽപറയാം, കേൾക്കുക:

സത്യതപനും പണ്ഡിതനും വിഷ്ണുഭക്തനും മഹാധാർമ്മികനുമായ ഒരു ബ്രാഹ്മണൻ തീർത്ഥയാത്രയായി തനിയേ ഭൂമിയിൽ ചുറ്റിനടക്കെ, വോന്റെ ഗൃഹത്തിൽ വന്നുചേർന്നു, വിശ്രമിപ്പാൻ ഒരു സ്ഥലം ചോദിച്ചു. 'ഇന്നു ഞാൻ ധന്യനായി! ഇന്നു ഞാൻ ഒരു പുണ്യതീർത്ഥം പ്രാപിച്ചു! പണ്ഡിത, അങ്ങയെ കണ്ടതിനാൽ ഇന്നെനിയ്ക്കു തീർത്ഥഫലം കിട്ടി!' എന്നിങ്ങനെ വോൻ, ആ ബ്രാഹ്മണനെ പുണ്യമായ ഗോശാലയിൽ ഒരു നല്ലസ്ഥലത്തിലിരുത്തി, അദ്ദേഹത്തിന്റെ കാൽ തലോടുകയും കാൽ കഴുകിച്ചു് ആ വെള്ളം തലയിലാട്ടുകയും ചെയ്തു; അനന്തരമേഷം മോയ്യോടുകൂടി, പാലും നെയ്യും തൈരും മോരും ചോറും കൊണ്ടുകൊടുത്തു് ആ മഹാഭാഗനായ വിഷ്ണുഭക്തനെ സന്തുഷ്ടനാക്കി.

പിറേന്നാൾ വിഷ്ണു പള്ളിക്കുറുപ്പുകൊള്ളുന്ന ആഷാഢശുക്ലൈകാദശിയായിരുന്നു. നോം പുലർന്നതോടുകൂടി ബ്രാഹ്മണരൊക്കെ ഗൃഹകൃത്യങ്ങളും വെടിഞ്ഞു വിഷ്ണുവിനെ ധ്യാനിക്കുകയും സുഗന്ധലേപനാദ്യങ്ങളും ചൊല്ലി സ്തുതിയ്ക്കുകയുമായി. ഈ പുണ്യമഹോത്സവത്തിൽ ചേർന്ന് ആ ബ്രാഹ്മണശ്രേഷ്ഠൻ ഏകാദശിമാഹാത്മ്യം അവിടെവച്ചു വായിച്ചുകേട്ട വോൻ മോയ്യാപുത്രന്മാരോടുകൂടി ശ്രവിച്ചു. ആ പുണ്യാഖ്യാനം ആ ബ്രാഹ്മണന്റെ സംസർഗ്ഗംമൂലം കേട്ടതിനാൽ, 'ഇവിടുന്ന് ഈ വ്രതം അനുഷ്ഠിക്കണ'മെന്നു മോയ്യാപുത്രന്മാർ വോനെ പ്രേരിപ്പിച്ചു. അങ്ങിനെയാക്കാമെന്നു നിശ്ചയിച്ച വോൻ മോയ്യാപുത്രന്മാരോടുകൂടി രാവിലെ കുളിച്ചു ഗന്ധപുഷ്പാക്ഷതാദികളെല്ലാമൊരുക്കി മധുവൈരിയെ മനംകളിത്തു പൂജിച്ചു; രാത്രിയിൽ ഒട്ടുവും പാട്ടും മേളമായി ഉറക്കമിളിച്ചു; പിറേന്നാൾ നദിയിൽ സ്നാനംചെയ്തു വീണ്ടും പുഷ്പധൂപാദിമംഗളദ്രവ്യങ്ങൾകൊണ്ടു ദേവദേവനെ പൂജിച്ചു. ആ മഹാത്മാവായ ബ്രാഹ്മണൻ ഗോവിന്ദനെ ഭക്തിപൂർവ്വം വണങ്ങി പലവുരു അഭിഷേകം കഴിച്ചു്, ആ നിർവ്വാണകരമായ തീർത്ഥം അനുഷ്ഠാനം. ഭക്ഷിണകൊടുത്തു് അദ്ദേഹത്തെ ഭക്തിയോടെ നമസ്കരി

Digitized By Kerala Sahitya Akademi

രിച്ചിട്ട് മറ്റുപുത്രന്മാരൊന്നിച്ചു ഭവാൻ പാരണയും കഴിച്ചു. അങ്ങ യുടെ കീർത്തി ആ ബ്രാഹ്മണനെ സന്തോഷിപ്പിച്ചു.

ഇങ്ങിനെ കുറച്ചു കാലം ആ ബ്രാഹ്മണന്റെ സംസർഗ്ഗത്താലും വിഷ്ണുപ്രസാദത്താലും ഭവാൻ അനശ്വരനായിട്ടുണ്ട്. അതി ന്റെ പ്രഭാവത്താലത്രെ, ഭവാൻ സത്യവും ധർമ്മവുമുള്ള ബ്രാഹ്മണനാ യിപ്പിറന്നത്. ആ വൈശ്യവൃദ്ധബ്രാഹ്മണനായ ഭവാൻ സുസംസ്കൃതമാ യ അന്നം ത്രിജഗന്നാഥനായ വിഷ്ണുവിനു നൽകുകയുണ്ടായല്ലോ; ആ ദാനത്തിന്റെ മ ഹിമയാലാണ് അങ്ങയ്ക്കു മിഷ്ടാന്നം കിട്ടിവരുന്നതു്, ഭവാൻ മുൻജന്മ ത്തിൽ ദുരയാൽ മനസ്സുവച്ചു ധനം നേടിവെയ്ക്കുകയല്ലാതെ, ബ്രാഹ്മ ണർക്കോ ദരിദ്രർക്കോ മരിയ്ക്കുന്നേരം മറ്റുപുത്രർക്കു പോലുമോ കൊടുക്ക കയുണ്ടായില്ല; ആ പാപത്താൽ ദാരിദ്ര്യം അങ്ങയെ ബാധിച്ചുകള ഞ്ഞു. പുത്രന്മാരെ സ്നേഹിക്കാതിരുന്ന പാപത്തിന്റെ ഫലമാ ണ് ഈ അനപത്യത.

നല്ലപുത്രനും നല്ലവംശവും ധനധാന്യഭൂമികളും സ്ത്രീകളും നല്ല ജനനമരണങ്ങളും ഭോഗസുഖങ്ങളും രാജ്യവും സ്വർഗ്ഗവും മോക്ഷ വും— ഉത്തമമായിട്ടുള്ളതെന്തും—വിഷ്ണുഭഗവാന്റെ പ്രസാദംകൊ ണ്ടേ കൈവരികയുള്ളു. നിരാമയനായ നാരായണനെ ആരാധിച്ചാൽ അങ്ങയ്ക്കു സൽപുത്രനും ധനധാന്യസുഖഭോഗങ്ങളും ഉണ്ടായിവരും; ഒടുവിൽ ആ പരമമായ വിഷ്ണുപദവും കിട്ടും. ഭവന്റെ പൂർവ്വജ ന്മചരിതം മുഴുവനും ഞാൻ പറഞ്ഞുതന്നുവല്ലോ; ഇതു മനസ്സിലാക്കി, വിഷ്ണുവിനെ ഭജിച്ചുകൊൾകെ.'

(ശ്ലോകങ്ങൾ)

ഇതുവാസിഷ്ഠോപദേശാൽ പ്രമുദിതമതിയായ് ബ്രഹ്മദത്തൻ പുണ്യാഖ്യാനാർ മൈലിഭക്ത്യാമുനിയൊടുവിടയും വാങ്ങിവേഗാൽമങ്ങി സ്വാവാസംപൂക്കുചൊന്നൻ പ്രിയയൊടു: — 'ഉരിതംനീങ്ങിമേ നിൻ പ്രസാദാ-ലാവാഗ്വിബ്രാഹ്മണേന്ദ്രൻ മുഴുവനുമരുളിച്ചെയ്തിതെൻ പൂർവ്വവൃത്തം.

മുരമഥനനെയാരാധിച്ചു ഞാൻ മോക്ഷമേകം
പരമപദമണഞ്ഞീടുന്നതു'ണ്ടെന്നിരുന്നാ
ലുരുതരമൊഴി കേട്ടിട്ടുള്ളിൽ നിർന്നുവോനെ'-
ന്നുരുമയൊടിനനന്ദിച്ചോതിനാളോമലാളും.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, സോമശർമ്മപൂർവ്വജന്മകഥനം പതിനേഴാമധ്യായം.

—o—

Digitized By Kerala Sahitya Akademi

പതിനെട്ടാമദ്ധ്യായം

സൂതൻ:— മഹാപ്രാജ്ഞനായ സോമശർമ്മാവു സുമനയോടുകൂടി, അതിപുണ്യമായ നർമ്മദാകപിലാസംഗമത്തിൽ ചെന്നു സ്നാനം ചെയ്തു ദേവപിതൃക്കളെ തൃപ്തിപ്പെടുത്തി, കാമക്രോധങ്ങളെ വെടിഞ്ഞു ശാന്തനായി തപസ്സുതുടങ്ങി: പ്രാണായാമമന്ത്രം ജപിച്ചു ഭഗവാനെ ധ്യാനിയ്ക്കുന്ന ആ മഹാശയൻ ഇരിപ്പിലും കിടപ്പിലും നടപ്പിലും കിനാവിലുമൊക്കെ കേശവനെത്തന്നെ ദർശിയ്ക്കുകയായി. പാതിവ്രത്യശാലിനിയായ സുമനയോ, തപസ്സിലിരിക്കുന്ന ഭർത്താവിനെ ശുശ്രൂഷിച്ചും പോന്നു.

ധ്യാനസ്ഥനായ ആ ബ്രാഹ്മണനെ വിഘ്നങ്ങളെ ഒന്നുപ്പെടുത്തിനോക്കി: വിഷം വമിയ്ക്കുന്ന കാളസർപ്പങ്ങളെ അദ്ദേഹത്തിന്റെ അടുക്കൽ ഇഴഞ്ഞുനടന്നു; സിംഹവ്യാഘ്രാദിമൃഗങ്ങളും രാക്ഷസവേതാളപ്രേതങ്ങളെയെല്ലാം ക്രൂരാണ്ഡജം വല്ലാതെ പേടികാട്ടുകയായി. ദംഷ്ട്രാകരാളവക്ത്രരായ പലതരം ഘോരസിംഹങ്ങളും വന്ന് അതിഭീഷണമാംവണ്ണം ഗർജ്ജിച്ചു. എന്നാൽ, ഇതുകൊണ്ടൊന്നും സോമശർമ്മാവു ധ്യാനത്തിൽനിന്നിളകുകയുണ്ടായില്ല. അപ്പുറം ഒരു മഹാഘോരമായ സിംഹം അലറിക്കൊണ്ടു വന്നെത്തി. അതുകണ്ടിട്ട് അദ്ദേഹം ഭയത്താൽ നരസിംഹത്തെ സ്മരിച്ചു..

(കർണ്ണപർയ്യരീതി)

സുരേന്ദ്രനീലനേർനിറമൊത്ത പീതാം-
ബരനായ്, ശ്രീശംഖാബ്ജഗദാധരനായ്,
തിരുമാറിൽത്തിങ്കളൊളി മുത്തുമാല
സുതാരമാലകം മണികൈയ്യുഭവും
വരശ്രീവത്സവുമണിഞ്ഞ,വിണ്ണുപു-
ഷ്പിരിക്കൊണ്ടു മിന്നും സരസിജാക്ഷനായ്,
സമസ്തഭ്രഷ്ടാണ്ഡനാഥനാം കൃഷ്ണനെ
സപദി സിദ്ധമണച്ചു തന്തണൻ.

Digitized By Kerala Sahitya Akademi

സോമശർമ്മാവ്:—

(കിളിപ്പാട്ട്—കേര)

'ശരണം മമ നീയേ ശരണാഗതപ്രിയ;
സുരനായക, രതാഴാ! യേമെന്തെനിക്കേറ്റും?
പാർമുന്നമേഴുംതിരുവയറിൽപ്പാക്കം മഹാ-
സ്വാമി നീ മമാശ്രയം; ഭയമെന്തെനിക്കേറ്റും?
ഞാരയോ പേടിക്കുന്ന കെല്പേറും കൃത്യാകിക-
ളാപ്പുവ്പ്രഹത്താവെശ്വരണം പൂകുന്നേൻ ഞാൻ.
ദേവാസുരക്കം ക്ലിഷ്ടകേതക്കുമെല്ലാം ഗതി-
യേവനാണവനെ ഞാൻ ശരണം പ്രാപിയ്കുന്നേൻ.
അയേൻ ഭയം നീക്കാനദിജ്ഞൻ പാപം നീക്കാ-
നാരേകൻ ബ്രഹ്മത്തപ്പനിലവനേ ശരണം മേ!
രോഗക്കേം മാറാൻ മരുന്നേവനോ നിരാമയ-
നാകിയ നിരാനന്ദനവനേ ശരണം മേ!
ഞാചലലോകം തമസ്സിലെച്ചെച്ചിട്ടിയ്കു-
മനാഘൻ ശരണം മേ! ഭയമെന്തെനിക്കേറ്റും?
സത്തുക്കൾക്കെല്ലാം ത്രാതാവംബുജനാഭൻ വിശ്വ-
മുയും കാക്കും വിശ്വരൂപനെ ശരണം മേ!
എൻനേക്കു മൃഗേന്ദ്രനായ് വന്നവൻപേടിച്ചിച്ചി-
തനാരസിംഹം ഭീതിനാശനൻ ശരണം മേ!
ഞാലോട്ടപടയ്ക്കേറെ മത്തുപോയ് മഹാഗജം
വാരണലീലാഗരുനട്ടേവൻ ശരണം മേ!
ഗണപൻ മഹാജ്ഞാനി ഗൃഹീതപാശാംകുശൻ
ഗജനേർമുഖൻ കാലവരനൻ ശരണം മേ!
ശരണം ഹിരണ്യാക്ഷമാഥിയാം വരാഹം മേ!
ശരണാഗതപ്രിയൻ വാമനൻ ശരണം മേ!
പ്രേതക്രൂശ്മാണ്ഡാദികരം വാമനകുശകൂർ
ഭീതികാട്ടുന്ന മമ മൃത്യുരൂപികരം മാറും;
അമൃതൻ ബ്രഹ്മജ്ഞാനവിഗ്രഹൻ ബ്രഹ്മപ്പേ-
നജിതൻ ശരണം മേ! ഭയമെന്തെനിക്കേറ്റും?
അഭയൻജഗത്തിനഭയതൻമാംപാഹി-
നവനെശരണംമേ!ഭയമെന്തെനിക്കേറ്റും?
പാപിനാശകൻ സർവപുണ്യതാരകൻധർമ്മ-
രൂപിയാം ജനാർദ്ദനസ്വാമി താൻ ശരണം മേ!

Digitized By Kerala Sahitya Akademi

ക്രൂരമായ് ചീറും കാറ്റെൻമെയ്യിൽവന്നടിയ്ക്കുന്നു;
തെരിസംശ്രിതനീ ഞാനവൻ മേ സദാ ഗതി!
ഭീമമാം തണുപ്പായും ചൂടേറും വെയിലായും
പേമാരിയായും മേവുമട്ടേവൻ ശരണം മേ!
ഇക്കാലസചരുപർ മേ മീതി ചേത്തിയറുന്നി-
തുരംക്കമ്പം; സദാശ്രയമീ ഹരിരൂപങ്ങൾ മേ.
കേവലജ്ഞാനമയൻ പ്രധാനം പരമേശൻ
ദേവേശനാദി സിദ്ധൻ സിദ്ധേശൻ ശരണംമേ!'

ഇപ്രകാരം അദ്ദേഹം ക്ലേശനാശനനായ കേശവനെ സദാ കേതിപൂർവം ധ്യാനിച്ചും സ്തുതിച്ചും തന്റെ മനസ്സിൽ ഉറപ്പിച്ചു. സോമശർമ്മാവിന്റെ ഈ മനസ്സാപ്പു കണ്ടിട്ട് ഹൃഷീകേശൻ പ്രത്യക്ഷീഭവിച്ചു് അദ്ദേഹത്തെ സന്തോഷിപ്പിച്ചുകൊണ്ടരുളിച്ചെയ്തു:—'മഹാപ്രാജ്ഞനായ സോമശർമ്മാവേ, അങ്ങു മറ്റെയും കേട്ടുകൊൾക: വാസുദേവനാണ് ഞാൻ. വരം ചോദിക്കാം.' ഇതുകേട്ടിട്ട ബ്രാഹ്മണൻ കണ്ണുരണ്ടുംമിഴിച്ചു; അപ്പോൾ കാർവർണ്ണനായി താമരക്കണ്ണനായി സുസ്മേരണഭൂഷിതനായി ശംഖചക്രാദി സർവായുധധാരിയായി ദിവ്യലക്ഷണപൂർണ്ണനായി മഞ്ഞപ്പട്ടുടുത്തവനായി ഗരുഡാരൂഢനായി ബ്രഹ്മാവു മുതല്ലുള്ള ലോകത്തിന്റെ സൃഷ്ടികർത്താവായി വിശ്വരൂപനായി അരൂപനായി രൂപാതീതനായി വിശേഷശരീരനായി സുശേഷരനായിരിയ്ക്കുന്ന ജനാർദ്ദനൻ തിരുവടിയേ കണ്ടിട്ട വന്ദിച്ചു ഹർഷത്തോടേ സുമനയോടൊപ്പം ദണ്ഡനമസ്കാരം ചെയ്തു തൊഴുകൈപൂണ്ടുനിന്നു, കോടിസൂര്യതേജസ്സായ ലക്ഷ്മീപതിയെ സ്തുതിച്ചു തുടങ്ങി:—

(ശ്ലോകങ്ങൾ)

ജയ യോഗീശ, യോഗീന്ദ്ര! ജയ യജ്ഞപതേ, ഹരേ!
ജയയജ്ഞേശ, യജ്ഞാത്മൻ! ജയ ശാശ്വത, സർവഗ!
ജയ സർവേശ്വരാനന്ത! ജയരൂപ, നമോസ്തുതേ!
ജയജ്ഞാനികളിൽശ്രേഷ്ഠ! ജയ നീ ജ്ഞാനനായക!
ജയസർവ്വ, സർവ്വജ്ഞ! ജയ സത്താവിഭാവന!
ജയജീവസചരുപേശ! മഹാജീവ, നമോസ്തുതേ
ജയയജ്ഞാംഗ, യജ്ഞാംഗ! ജയപ്രാണപ്രദായക

Digitized By Kerala Sahitya Akademi

ജയപാപഘ്നേ, പുണ്യേശ! ജയപുണ്യപതേ, ഹരേ!
ജയജ്ഞാനസ്വരൂപേശ! ജ്ഞാനഗമ്യ നമോസ്തുതേ!
ജയപദ്മപലാശാക്ഷ! പദ്മനാഭ നമോസ്തുതേ!
ജയഗോവിന്ദ, ഗോപാല! ജയശംഖഗദാമല!
ജയചക്രധരാവ്യക്ത! വ്യക്തരൂപ, നമോസ്തുതേ!
ജയ വിക്രമശോഭാംഗ! ജയ വിക്രമനായക!
ജയ വിദ്യാവിലാസാംഗ! വേദരൂപ, നമോസ്തുതേ!
ജയപ്രോദ്യമശോഭാംഗ! ജയപ്രോദ്യമനായക!
ജയപ്രോദ്യമകാലജ്ഞ! പ്രോപ്രോദ്യമ നമോസ്തുതേ!
ജയപ്രോദ്യമശക്തജ്ഞ! ജയപ്രോദ്യമകാരക!
യുഗപ്രോദ്യമമേന്നുന്ന സർവാത്മാവേ, നമോസ്തുതേ!
തൊഴാം ഹിരണ്യതേജസ്സു! തേജോമയകനെ, തൊഴാം!
അതിതേജോരൂപ, സ്വതേജോമയ, തൊഴാം തൊഴാം!
മൈത്രതേജോഹരേ, തൊഴാം പാപിതേജോവിനാശന!
ഗോബ്രാഹ്മണഹിതം ചെയ്യും പരാത്മാവേ, നമോസ്തുതേ!
തൊഴാം തേ ഹൃതശോകത്വമേ! കൈതൊഴാം ഹവ്യവാഹതേ!
കവ്യവാഹ, നമസ്കാരം! സ്വധാരൂപ, നമോസ്തുതേ!
സ്വാഹാരൂപ, മഖാത്മാവേ, തൊഴാം തേ യോഗബീജമേ!
തൊഴാംശാർച്ചം വഹ്നിച്ഛായേ, പാപസംഹാരിയാം ഹരേ!
സദ്സച്ചോദനതൊഴാം! വിജ്ഞാനജലധേ, തൊഴാം!
തൊഴാം ശ്രുതിതരുന്നോനേ! തൊഴാം വേദസ്വരൂപനേ!
ഹൃഷികേശ, നമസ്കാരം സർവ്വക്ലേശവിനാശന!
പരനെ, കേശവ, തൊഴാം! പാർത്താങ്ഗന്നവനെ,തൊഴാം!
കരുണാമയനേ, ഹൃഷ്ടമയനേ, തവ കൈതൊഴാം!
അനന്ത, കൈതൊഴാം നിത്യമഴൽതീർക്കും വിശ്രുതനേ!
തൊഴാമാനന്ദമയനേ, ദിവ്യവിഗ്രഹ, ദിവ്യനേ!
അർക്കർ കാൽപണിയുന്നോനേ, പിതാമഹനമസ്കൃത,
സുരാസുരേന്ദ്രപ്രണതപാദപദ്മ, നമോസ്തുതേ!
സുശോഭരാമൃതാത്മാവേ, തൊഴാമമൃതനേ, തൊഴാം!
തൊഴാം പാലാഴി വാഴുന്ന മലർമാതിൻമണാളനേ!
കാങ്കാരമേ, നിശ്ചലനെ, തൊഴാം തേ പരിശ്രുതനേ!
വ്യാപിൻ, തൊഴാം വ്യാപകനേ, സർവവ്യസനനാശന!

Digitized By Kerala Sahitya Akademi

തൊഴാം തൊഴാം സുകരമേ! തൊഴാം പെരിയക്രർമ്മമേ!
തൊഴാംതേ വാമനാത്മാവേ! തൊഴാം പര, നൃസിംഹമേ!
തൊഴാം ക്ഷത്രിയവംശത്തെ മുടിച്ച ഭൃഗുരാമനേ!
സർവജ്ഞാനേ, തൊഴാം മത്സ്യരൂപനേ! രാമ, തേ തൊഴാം!
തൊഴാം കൃഷ്ണ! തൊഴാം ബുദ്ധ! തൊഴാം ക്ലേശഹർത്തനേ!
തൊഴാം കപിലയോഗീന്ദ്ര! ഹയഗ്രീവ, തൊഴാം തൊഴാം!
പാരാശര്യാത്മക, തൊഴാം! സർവാത്മാവേ, തൊഴാം തൊഴാം!'
ഏവം വാഴ്ത്തി ഹൃഷീകേശസ്വാമിയോടോതിവീണ്ടുമേ:—
'നിൻഗുണത്തിൻ മഹത്വം കാണുന്നീല വിരിഞ്ചനും;
വാഴ്ത്താനാളല്ല സർവേശ നിന്നെ ഗ്രുവ്നമിന്ദ്രനും.
പിന്നെയാക്കെങ്കിലോ, മെത്രയുള്ളൊന്നിക്കറിവൻ പ്രഭോ?
നല്ലതോ തീയതോ ചൊന്നേൻ കൃഷ്ണ, തൽസ്തോത്രമൊന്നഞാൻ
സർവേശ, വിപ്രാത്മനാമജ്ഞയുള്ടിമയാണിവൻ.
ഏതുജന്മത്തിലും നാഥ, യേ ചെയ്യടിയനേറ മേൽ!'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
സോമശർമ്മകൃതവിഷ്ണുസ്തുതം പതിനെട്ടുമദ്ധ്യായം.

———(o)———

പതിനെട്ടാമദ്ധ്യായം

വിഷ്ണു:—'ബ്രാഹ്മണ, അങ്ങയുടെ ഈ തപസ്സിനാലും, ഈ സത്യത്തിനാലും, ഈ പാവനമായ സ്തോത്രത്തിനാലും ഞാൻ സന്തോഷിച്ചിരിയ്ക്കുന്നു. വരം ചോദിച്ചുകൊൾക. ദുർല്ലഭമായിട്ടുള്ളതും ഞാൻ അങ്ങയ്ക്കു തരാം—അങ്ങയുടെ ഏതഭീഷ്ടവും ഞാൻ നിറവേറ്റിത്തരാം.'

സോമശർമ്മാവ്:—'ഭഗവാനേ, എങ്കൽ ദയയുണ്ടെങ്കിൽ, തിരുവുള്ളം തെളിഞ്ഞ് ഇയൊരു വരം തന്നാമതായി കല്പിച്ചു നൽകുക. ഏതു ജന്മത്തിലും എനിയ്ക്കു നിന്തിരുവടിയിൽ ഭക്തിയുണ്ടാകണം. ഇല്ലാത്ത പരമമുക്തിസ്ഥാനം കാട്ടിത്തരിക. എന്റെ വംശസ്ഥിതിക്കായി, സപുത്രത്തെ ഉയർത്തുന്നവനും, ദിവ്യലക്ഷണസംയുക്തനും, വിഷ്ണുഭക്തനും, സർവജ്ഞനും,

Digitized By Kerala Sahitya Akademi

സർവജ്ഞനും, ഭാന്തനും, തപസ്സേജസ്സുമനചിതനും, ദേവബ്രാഹ്മണ ലോകങ്ങളെ പൂജിച്ചു പാലിയ്ക്കുന്നവനും, ദേവസുവൃത്തും, പുണ്യ ശീലനും, ഭാതാവും, ശാസ്ത്രജ്ഞനുമായ ഒരു പുത്രൻ എനിയ്ക്കുണ്ടാ യിവരട്ടേ! കേശവ, എന്റെ ദാരിദ്ര്യവും തീർത്തു തരുമാറാകണം!'

വിഷ്ണു:—അങ്ങിനെയാകട്ടെ—ദ്വിജശ്രേഷ്ഠ, എന്റെ പ്രസാദത്താൽ അങ്ങയുടെ വംശതാരകനായ ഒരു സൽപുത്രൻ ഉണ്ടായിവരും. ദേവാൻ പുത്രജനനത്താൽ അതിസുഖിതനായിട്ടു മാനുഷങ്ങളും ദിവ്യങ്ങളുമായ ഭോഗങ്ങളും ഭുജിയ്ക്കും; യാവജ്ജീവം യാതൊരു ദുഃ ഖവും അൽപ്പമുണ്ടാകയില്ല; ഭാതാവും ഭോക്താവും ഗുണഗ്രാഹിയുമാ യി ഭവിയ്ക്കും; പുണ്യതീർത്ഥത്തിൽവെച്ചു മരിയ്ക്കും; പരമഗതി യും പ്രാപിയ്ക്കും!'

ഇങ്ങിനെ സന്തോഷനായ ബ്രാഹ്മണന്നു വരംകൊടുത്തിട്ടു ദേവൻ, ഒരു സ്വപ്നമെന്നപോലെ മറഞ്ഞു. അനന്തരം സുമനാനചിതനാ യ സോമശർമ്മദ്വിജോത്തമൻ ആ നർമ്മദാതീരത്തു പുണ്യതീർത്ഥ മായ അമരകണ്ടകത്തിൽവെച്ചു ദാനധർമ്മം ആചരിയ്ക്കയായി. വ ളരെനാൾക്കുശേഷം ഒരിയ്ക്കൽ സോമശർമ്മാവു് നർമ്മദാകപിലാസം ഗമത്തിൽ സ്നാനംകഴിച്ചു പോരുമ്പോൾ നല്ല ലക്ഷണങ്ങളും അഴ കുമുള്ള ഒരു പെണ്ണാനയെ മൻവശത്തായി കണ്ടെത്തി. പലതരം കോപ്പുകളണിയിച്ചു മസ്തകത്തിൽ സിന്ദൂരവും കുങ്കുമവും പൂശിച്ചു ചെവികളിൽ നീലോല്പലങ്ങൾ ചാർത്തിച്ചു കൊടി നാട്ടപ്പെട്ടിട്ടുള്ള ആ ആനയുടെ പുറത്തു ദിവ്യമന്ത്രനായ ഒരു ദിവ്യപുരുഷൻ സ്ഥിതിചെ യ്തിരുന്നു: ദിവ്യലക്ഷണസമ്പന്നനും സർവാഭരണഭൂഷിതനും ദിവ്യവസ്ത്ര മാല്യാനുലേപനനുമായി, ആനപ്പുറത്തുകയറി, പൂർണ്ണചന്ദ്രനൊത്ത വെ ള്ളക്കുടയും വെൺചാമരങ്ങളുമിണങ്ങി, സിദ്ധചാരണഗന്ധർവരാൽ സുമംഗലമായി സ്തുതിക്കപ്പെട്ടുകൊണ്ടു പ്രയാണംചെയ്യുന്ന ആ സുന്ദ രനായ സൽപുരുഷനെ കണ്ടിട്ടു സോമശർമ്മാവിനു വളരെ അത്ഭു തംതോന്നി. 'എന്റെ വഴിയിൽച്ചേന്നു നടകൊള്ളുന്ന ഈ ദിവ്യൻ ആരായിരിയ്ക്കും' എന്നിങ്ങിനെ അദ്ദേഹം ചിന്തിക്കെ, അദ്ദേഹ ത്തിന്റെ ഗൃഹത്തിലേയ്ക്കുതന്നെയാണു് ആ പുരുഷൻ കേറിയതു്. ദേ വരൂപൻ പടി കടക്കുന്നതുകണ്ടിട്ടു, വല്ലാതെ മനംകളിത്ത സോമ ശർമ്മാവു സഹൃഹത്തിലേയ്ക്കു പാഞ്ഞുചെന്നു. പക്ഷേ, പടിക്ക ലെത്തിയപ്പോഴേയ്ക്കും ആളെ കാണാതായി.

Digitized By Kerala Sahitya Akademi

മാറ്റു മണംതിരണ്ട ദിവ്യപുഷ്പങ്ങളും കറുകനാക്കുകളും ചിതറിക്കിടന്നിരുന്നു; ചന്ദനാദിഗന്ധദ്രവ്യങ്ങൾ തെയ്ക്കുകയും ചെയ്തിരുന്നു. ഇതൊക്കെ കണ്ടിട്ട് സോമശർമ്മാവിനു വിസ്മയവും സന്തോഷവും അടിയ്ക്കടി വർദ്ധിച്ചു. സുമനയും ദിവ്യമംഗളയുക്തയായിട്ടാണ് കാണപ്പെട്ടത്.

സോമശർമ്മാവ്:—'ഭദ്രേ, ഈ ദിവ്യങ്ങളായ വസ്ത്രാഭരണങ്ങളും സൌന്ദര്യവും ശൃംഗാരവും ആരാണ് തന്നത്? സംഗതിയൊക്കെ പറയൂ.'

സുമന:—കാന്ത, കേട്ടാലും: ദിവ്യാഭരണഗന്ധാനുലേപനായി ദിവ്യശ്രീചേന്ന ഒരു ദേവശ്രേഷ്ഠൻ ഇവിടെ വരികയുണ്ടായി; ആരാണെന്ന് എനിയ്ക്കു മനസ്സിലായില്ല. ഗന്ധർവന്മാരും ദേവകിന്നരചാരണന്മാരും അദ്ദേഹത്തെ സ്തുതിച്ചിരുന്നു. ശുചൃംഗാരം ചെന്ന് ആഭരണങ്ങളെല്ലാമണിഞ്ഞു പൂർണ്ണമനോഹരമായും കൂടെയുണ്ടായിരുന്ന ദിവ്യസ്ത്രീകളോടുംകൂടി അദ്ദേഹം മഹാത്മാവു്, ഞാൻ കാണ്കെ ഒരു മണ്ഡപത്തിനു ദ്രവ്യങ്ങൾ നിറച്ചുലങ്കരിച്ചു. അവിടെ ഒരു ദേവീരൂപത്തിനുമേലിരുത്തി എന്നെ ആ സ്ത്രീകൾ വസ്ത്രാഭരണങ്ങളണിയിച്ചു; എന്നിട്ട് അവരെല്ലാവരുംകൂടി മംഗളമന്ത്രങ്ങളും പുണ്യങ്ങളായ ശാസ്ത്രഗീതങ്ങളും ചൊല്ലി എന്നെ അഭിഷേകംചെയ്തു മറയുകയുംചെയ്തു. 'ഭദ്രേ, ഞങ്ങൾ എന്നും ഭവതിയുടെ ഗൃഹത്തിൽ വസിയ്ക്കും; ഭവതി ഭർത്താവൊന്നിച്ചു സുഖമായിരിക്കുക.' എന്നിങ്ങിനെ എന്നോടു പറഞ്ഞുംവെച്ചാണ്, ചുഴച്ചുഴന്ന അവരെല്ലാം ബദ്ധപ്പെട്ടു തിരിച്ചുപോയത്. ഇങ്ങിനെയായിരുന്നു ഞാൻ കാണുകയുണ്ടായി.'

ഭാര്യ പറഞ്ഞതൊക്കെ കേട്ടിട്ട് മഹാബുദ്ധിമാനായ സോമശർമ്മാവ്, 'ഇതു ദേവകോപം ചെയ്തതായിരിക്കുമോ' എന്നു വീണ്ടും വിചാരിച്ചു. പിന്നെ ആ ബ്രഹ്മകർമ്മനിരതൻ യഥാവിധി സഹധർമ്മചാരിണിയോടു ചേർന്നു. അദ്ദേഹത്തിൽനിന്നു മഹാഭാഗയായ ആ പതിവ്രത ഗർഭം ധരിച്ചു. ഗർഭത്തേജസ്സു് അദ്ദേഹം പൂർവ്വാധികം പരിശോഭിച്ചു; തേജസ്സു ചുഴന്നു മിന്നിത്തിളങ്ങുന്ന ഒരു ദേവതുല്യനായ സൽപുത്രനെ പ്രസവിയ്ക്കുകയുംചെയ്തു.

അപ്പോൾ അകാശത്തു വാനവർപ്പടയകം മുഴങ്ങി; ശംഖനാദം കേൾക്കുമാറായി; ഗന്ധർവന്മാർ ഭംഗിയിൽ പാടി; അപ്സര

Digitized By Kerala Sahitya Akademi

സ്സുകളൊക്കെ സന്തോഷിപ്പു നന്നാവെപ്പു. ഉടനേ ബ്രഹ്മാവു ദേവകളോടൊന്നിച്ചു വന്നെത്തി കട്ടിയുള്ള സുവ്രതൻ എന്ന പേരിട്ടു. നാമകരണംചെയ്ത നാകവാസികളൊക്കെ പോയതിന്നശേഷം, സോമശർമ്മാവ് ഉണ്ണിയുടെ ജാതകർമ്മവും മറ്റും കഴിച്ചു.

ദേവനിന്ദിതപുത്രനായ സുവ്രതമഹാഭാഗൻ പിറന്നതോടുകൂടി, ആ ഗൃഹത്തിൽ ലക്ഷ്മീദേവി വിളയാടിത്തുടങ്ങി! രത്നകാഞ്ചനധനങ്ങളും ധാന്യങ്ങളും ആന-കുതിര-എരുമ-പശുക്കളും നിറഞ്ഞു സോമശർമ്മാവിന്റെ ഗൃഹം, രത്നപൂർണ്ണമായ കുബേരഭവനം പോലെ ശോഭിച്ചു. ആ ബ്രാഹ്മണോത്തമനോ, ദാനധർമ്മാദിപുണ്യങ്ങൾ അനുഷ്ഠിക്കയായി: തീർത്ഥയാത്രചെയ്തു പലതരം പുണ്യങ്ങളും നേടുകയും പലതരം യാഗങ്ങൾ കഴിയ്ക്കുകയും ചെയ്തു.

സ്വഭാഗ്യം മകനെക്കൊണ്ടു വേളികഴിപ്പിച്ചു. പുത്രന്നും ലക്ഷണമൊത്ത സൽപുത്രന്മാർ ഉണ്ടായിവന്നു. സതാ സത്യദാനധർമ്മങ്ങളിൽ സകതരായ ആ പൌത്രന്മാർക്കും സോമശർമ്മാവു പുണ്യകർമ്മങ്ങൾ നടത്തി. തേജസ്സുകൊണ്ടു രാജരാജനെപ്പോലെയായി, അദ്ദേഹം സർവ്വസുഖങ്ങളും അനുഭവിച്ചു സുവ്രതജസ്സിയായ അദ്ദേഹത്തിന്റെ ശരീരം ഇരുപത്തഞ്ചു വയസ്സിലെന്നപോലെ പരിലസിച്ചു. വിശാലാക്ഷിയായ ഭാര്യ സുമനയും പതിനാറു വയസ്സുചെന്നവളെപ്പോലെ താരുണ്യംപൂണ്ടു, പുണ്യമംഗളയായ പുത്രപൌത്രരാലും മാനസം യജ്ഞവ്രതങ്ങളാലും പാതിവ്രത്യാദിഗുണങ്ങളാലും നിസ്തുല്യയായി വിളങ്ങി. ഏതോയേതും മഞ്ജുതരമായ ആ ദമ്പതിമാർ മനം കളിരെ സുഖിച്ചുവാണു.

ഇങ്ങിനെയാണു്, അവരുടെ മഹാപുണ്യമായ ചരിത്രം. ഇനി, സുവ്രതൻ നിരാമയനായ നാരായണനെ ആരാധിച്ചു തപസ്സുചെയ്തതും പറയാം:

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
സുവ്രതജന്മകഥനം പതിനാൻപതാദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

ഇരുപതാമദ്ധ്യായം

സൂതൻ:—ഒരുനാൾ വ്യാസമഹർഷി ജഗദീശനായ ബ്രഹ്മാവിനോടു സുവ്രതോപാഖ്യാനമെല്ലാം സവിസ്മയം ചോദിക്കുകയുണ്ടായി:—'ലോകങ്ങളെ സൃഷ്ടിച്ചുവെച്ച മഹാപ്രഭോ, എനിയ്ക്കു സുവ്രത ചരിതം കേൾക്കേണമെന്നുണ്ട്.'

ബ്രഹ്മാവ്:—'മഹാഭാഗനായ പരാശരപുത്ര, കേൾക്കു; സുവ്രതബ്രാഹ്മണന്റെ തപശ്ചര്യ്യ ഞാൻ പറയാം:

സുമേധസ്സായ സുവ്രതൻ ബാല്യംമുതൽക്കേ വിഷ്ണുവിനെ ധ്യാനിച്ചുപോന്നു. അവൻ പൂർവ്വജന്മപ്രഭാവത്താൽ ഗർഭത്തിൽവെച്ചു പുരുഷോത്തമനെ കണ്ടിട്ടുണ്ട്. അതിനാൽ, എപ്പോഴും ശംഖചക്രധരനായ പദ്മനാഭന്റതിരുവടിയെ ധ്യായിയ്ക്കുകയായി. ദാമോദരനെ ധ്യാനിച്ചുകൊണ്ടാണ്, ആ ശ്രേഷ്ഠനായ ബ്രാഹ്മണബാലൻ കട്ടികളോന്നിച്ചു് ഓടിപ്പാടിക്കളിയ്ക്കുകയും പഠിക്കുകയും മറ്റും ചെയ്തിരുന്നത്. കുട്ടികൾക്കൊക്കെ ആ ബുദ്ധിമാൻ വിഷ്ണുവിന്റെ പേരുകളിട്ടു: 'കേശവ, വരു വരു. മാധവ നിൽക്കു. പുരുഷോത്തമ, നീതന്നെ എന്നോടുകൂടി കളിയ്ക്കുക. മധുസൂദന, നമുക്കു രണ്ടുപേർക്കുംകൂടി കാട്ടിലേയ്ക്കു പോകാം.' ഇങ്ങിനെ ഹരിനാമങ്ങൾ കൊണ്ടാണ് അവൻ ചങ്ങാതികളെ വിളിച്ചിരുന്നതു്. കളിയിലും ചിരിയിലും പാട്ടിലും ക്രുത്തിലും പഠിപ്പിലും നടപ്പിലും ഇരിപ്പിലും കിടപ്പിലും ധ്യാനത്തിലും മന്ത്രത്തിലും കർമ്മങ്ങളിലും അവൻ ജഗദീശനായ ജനാർദ്ദനനെത്തന്നെ ഓർത്തും കീർത്തിച്ചും പോന്നു. പുല്ലും കല്ലും മരവും ശുഷ്കവും ആർദ്രവുമൊക്കെ അവന്നു് അരവിന്ദാക്ഷനായ ഗോവിന്ദൻതന്നെ. അകാശത്തും ഭൂമിയിലും, പർവതങ്ങളിലും വനങ്ങളിലും, വെള്ളത്തിലും കരയിലും, ജീവികളിലും സുവ്രതൻ നരസിംഹസ്വാമിയെ ദർശിക്കുകയായി. നാരംതോറും കിടാങ്ങളോടുകൂടി കളിയാടുമ്പോഴും, സുമനാസുതൻ വിഷ്ണുവിനെപ്പറ്റി, രാഗവും ശ്രുതിയും താളവുമൊപ്പിച്ചു മധുരമായിപ്പാടാറുണ്ടായിരുന്നു:—

(വൃത്തപ്പാട്ടു്)

'വാനോർ നിത്യം ധ്യാനിപ്പോനായെല്ലാറ്റിന്നുമാധാരമായ്
യേതോവിധ്വംസിയാം വിഷ്ണുദേവനെ ക്രുപ്പും.

Digitized By Kerala Sahitya Akademi

പാരിലെങ്ങുമുണർവാൻതു, പാരംചേർന്നു, ഗുണികരംക്ക
പാർപ്പിടമായ്, ക്കേടറൊഴും പോറ്റിയെക്കുപ്പാം.
നിർമ്മലജ്ഞാനികരം വാഴ്ത്തും നിരപായവീര്യനായി
നന്മയ്ക്കിരിപ്പിടമായ് നാരായണനെ,
ഉൽക്കടമായപാരമാംഭർഗ്ഗസംസാരാബ്ധിത-
ന്നക്കരയിലണവാനാശ്രയിയ്ക്കുന്നേൻ.
യോഗിവരമാനസാബ്ജപ്പൊയ്കയെ, രാഗകളഹംസ-
മാകിയശ്രുലോലഭാവമാളുംദേവനെ,
പാവനമാംപദപത്മംപണിയുന്നേനനിശമീ-
പ്പാവത്തെപ്പാലിക്കേണമേ പാപമേൽക്കാതേ!
ലോകംകാപ്പാൻസത്യധർമ്മമാകെനിലനിർത്തുംസവ്വ-
ലോകഗുരുഭൂതനായ ദേവദേവനെ
തുഷ്ടിവരുമാറുസ്തുതികൊട്ടിപ്പാടിസ്സേവിക്കുന്നേൻ;
ദുഷ്ടരിപോ, രക്ഷിക്കെന്നെ ശ്രീവത്സധാരിൻ!
പാരിങ്കലജ്ഞാനഭൂഖേക്കുരിരുട്ടു സൂര്യചന്ദ്ര-
ന്മാരെന്നപോലകറുന്ന മാഹാത്മ്യവാനായ്
ആനന്ദത്തിൻകന്ദമാകുമഖിലജഗദീശനെ
മാനസത്തിൽബ്ഭക്തിചൂഴ്ന്നു ധ്യാനിക്കുന്നേൻ ഞാൻ.
ഏകനായിച്ചരാചരലോകനിത്യസാക്ഷിയായി
യോഗക്രിയാസംയുക്തനായ് സ്സത്യദൃഷ്ടിയായ്
അമൃതാത്മാവായിക്കലാനിലയമാമവനെഞാ-
നനിശമവിചാരനായ്പ്പാടിവാഴ്ത്തുന്നേൻ.
ഏതാരാളെയൊരിക്കലും പാതകികരംകാണുകയി-
ല്ലേകനാമാജ്ഞനാർട്ടനെനിയ്ക്കാലംബം!'

ഇങ്ങിനെ, കൈകളാൽ താളംപിടിച്ചു വിഷ്ണുവിനെ പാടിസ്തുതിച്ചുംകൊണ്ടു കുട്ടികളുമായി സാഹ്ലാദം വിഹരിക്കുകയായിരുന്നു, ബാല്യത്തിലേ വിഷ്ണുധ്യാനനിരതനായ സുവ്രതന്റെ പതിവു്. കളിക്കുന്നതിനിടയിൽ മഞ്ജുലക്ഷണനായ മകനെ അമ്മ, 'ഉണ്ണി, ഉണ്ടുകഴിയ്ക്കു. നീ വിശന്നു ക്ഷീണിച്ചുപോകുമല്ലോ!' എന്നിങ്ങനെ ഉണ്മാൻ വിളിച്ചാൽ സുവ്രതൻ പറയും:—'അമ്മേ, വിഷ്ണുധ്യാനാമൃതത്താൽ എന്റെ വയർ നിറഞ്ഞിരിക്കുന്നു. ഉണ്ണാനിരുന്നവൻ യാ

Digitized By Kerala Sahitya Akademi

തൊരു മൃഷ്ടാന്നം കാണുന്നുവോ; അതു വിഷ്ണുതന്നെയാണ്. അതുമാവ് അന്നത്തെ അതുയിച്ചാണല്ലോ ഇരിക്കുന്നത്. ആ അതുമാവായ വിഷ്ണു ഈ അന്നം കൊണ്ടു തൃപ്തനാകട്ടെ! പാലാഴിയിൽ പള്ളികൊള്ളുന്ന ലക്ഷ്മീ വല്ലഭൻ ഈ വെള്ളംകൊണ്ടു തൃപ്തനാകട്ടെ! ഈ മനോഹരങ്ങളായ താംബൂലചന്ദനഗന്ധപുഷ്പങ്ങൾകൊണ്ട് ആത്മസ്വരൂപനായ ഗോവിന്ദൻ തൃപ്തനാകട്ടെ!' കിടക്കാൻതുടങ്ങുമ്പോഴും ആ ധാർമ്മികൻ 'യോഗനിദ്രകൊള്ളുന്ന ഭഗവാനെ ഞാൻ ശരണം പ്രാപിക്കുന്നു' എന്നിങ്ങനെ വിഷ്ണുവിനെ ധ്യാനിക്കും. ഉണ്ണുമ്പോഴും ഉടുക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും വാസുദേവനെ സ്മരിച്ചു', എല്ലാം തൻതിരുവടിക്കായി സമർപ്പിക്കും'.

യൌവനമായപ്പോൾ സുവ്രതൻ കാമഭോഗങ്ങളിലേർപ്പെടാതെ വൈദൂര്യമാമലയിലെ സിദ്ധേശ്വരനെന്ന വിശ്രുതമായ വിഷ്ണുലിംഗത്തേയും, ഓംകാരരൂപമായുള്ള മഹേശ്വരനേയും, നമ്മദയുടെ തെക്കേത്തീരത്തുള്ള ബ്രഹ്മദേവനേയും ധ്യാനിച്ചു സിദ്ധേശ്വരത്തുവാണു തപസ്സുചെയ്തു'.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
സുവ്രതതപശ്ചര്യ്യാകഥനം ഇരുപത്തൊന്നാമധ്യായം.

———— :o: ————

ഇരുപത്തൊന്നാമദ്ധ്യായം

വ്യാസൻ:—'തിരുമേനി, ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ: സുവ്രതൻ പൂർവ്വാസനയാലാണ് വിഷ്ണുധ്യാനനിരതനായിത്തീർന്നതെന്നാണല്ലോ ഇവിടുന്ന് അരുളിച്ചെയ്തത്; ഏതു ജാതിയിലായിരുന്നു സുവ്രതന്റെ പൂർവ്വജനനം? എങ്ങിനെയാണ് നാരായണനെ ആരാധിച്ചത്? ഇതെനിക്കു പറഞ്ഞുതരിക'.

ബ്രഹ്മാവ്:—'സമൃദ്ധവും വിശ്രുതവുമായ വിദിശാനഗരത്തിൽ ശ്രുതധരജന്റെ മകനായിട്ട് ശത്രുഞ്ജയൻ എന്നൊരു മഹാരാജാവുണ്ടായിരുന്നു. അദ്ദേഹത്തിനു സന്ധ്യാവലി എന്നു പേർ പുകഴ്ന്ന ധർമ്മപത്നിയിൽ ആത്മസദൃശനായ ഒരു പുത്രനുണ്ടായി. ആ രാജകുമാരനു ധർമ്മാംഗദൻ എന്നു പേരിട്ടു. ലക്ഷണമൊ

Digitized By Kerala Sahitya Akademi

ക്കെ തികഞ്ഞവനും പിതൃഭക്തനും മഹാശ്രീമാനുമായിരുന്ന ശ്രുമാംഗദപുത്രൻ അച്ഛന്റെ സുഖത്തിനുവേണ്ടി മോഹിനിക്ക തന്റെ തലപോലും കൊടുത്തു. ആ പിതൃഭക്തിയാലും വൈഷ്ണവധർമ്മത്താലും വിഷ്ണുഭഗവാൻ പ്രസാദിക്കുകയും, ധർമ്മാംഗദനെ ഉടലോടേ വൈകുണ്ഠത്തിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്തു. ആ പരമസാത്ത്വികനായ വൈഷ്ണവൻ അവിടെ ദിവ്യഭോഗങ്ങളും യഥേഷ്ടം അനുഭവിച്ചു വാഴുകയായി. അനേകായിരം സംവത്സരങ്ങൾക്കുശേഷം അദ്ദേഹം ആ വൈഷ്ണവപദത്തിൽനിന്നു ഭ്രംശിച്ചു, സുമനാസോമശർമ്മപുത്രനായ സുവ്രതനായി ജനിച്ചു.

ആ ബുദ്ധിമാനായ സുവ്രതൻ കാമക്രോധാദി ദോഷങ്ങളും കൈവിട്ട് ഇന്ദ്രിയങ്ങളെ അടക്കി, വിഷ്ണുധ്യാനം ചെയ്തുകൊണ്ടു വിജനമായ വൈഭ്രാജമഹാരണ്യത്തിൽ സിദ്ധാശ്രമസമീപത്തായി തപസ്സിലിരുന്നു. ഒരു നൂറാണ്ടുമുഴുവൻ മനസ്സിനെ വിഷ്ണുവിനോടുചേർത്ത് ഒന്നാക്കി ധ്യാനത്തിലിരുന്ന ആ മഹാശയന്റെ പേരിൽ പ്രസാദിച്ചു, ശംഖചക്രഗദാധരനായ ജഗദീശൻ ലക്ഷ്മിയോടൊത്തെഴുന്നള്ളി അവനു വരം കല്പിച്ചുകൊടുത്തു:—'ധർമ്മിഷ്ഠനായ സുവ്രത, സമാധി നിർത്താം. വരം ചോദിച്ചുകൊൾക. വിഷ്ണുവാണ് ഞാൻ.' ഈ മഹാവാക്യം കേൾക്കുകയാലും വൈകുണ്ഠദേവനെ ദർശിക്കുകയാലും മനസ്സു തുലോം കളിത്ത സുവ്രതൻ തൽക്ഷണം കൈകൂപ്പി നമസ്കരിച്ചു.

(ശ്ലോകങ്ങൾ)

സുവ്രതൻ:—

'നാനാവിമോഹകടനോമ്മികരം ഘോരം ദോഷ-
യാദോഗണങ്ങളിടതിങ്ങിയപാരമായി
ഗംഭീരമാകിയ ഭവാംബുധിയിൽക്കുഴങ്ങു-
മെന്നെക്കനിഞ്ഞു കരേറുക ചക്രപാണേ!

എൻകർമ്മമേഘമിടിവെട്ടി മുഴങ്ങുന്ന മാരി
പെയ്യുന്നു; മിന്നലിളകുന്നിതലോൽക്കരത്തുൽ;
കൺകാഴ്ചവിട്ടു മറിവാമിരുളിൽക്കിടന്നു
ചുറവെന്നെനിയ്ക്കരുകിലുക്കുമെൻ മുരാരേ!

വ്യാമോഹകേസരികളും ബഹുദുഃഖവൃക്ഷ-
സ്തോമങ്ങളും ചുഴലുമീ ഭവകാനനത്തിൽ

Digitized By Kerala Sahitya Akademi

ഭീമാമയാഗ്നി പിടിപെട്ടു ദഹിക്കുമെന്നെ-
പ്പുമാനിനീരമണ, കാത്തരുളേണമേ നീ!
ആയാസശോകമയശാഖകരം, മായയാം വേർ,
ജായാദ്യരാമിലകളന്നിവയൊത്തു പൊങ്ങി
കായ്പൂണ്ടു നിൽക്കുമതിജീർണ്ണഭവദ്രുമത്തിൽ-
പ്പോയ് ക്കേറി വീണിതടിയൻ; പരിപാഹിവിഷ്ണോ!

മോഹപ്പെരുംപുക, വിഷയാഗമുതി വൃഥോഗ-
ജ്വാലാകലാപമിവചേർന്ന ഭവാഗ്നിയാലേ
വേകുന്നതാനനിശമെന്തിരുമേനിയെങ്കൽ
ജ്ഞാനാംബുതൂകി മമ നൽക വിമുക്തിവിഷ്ണോ!

എല്ലായ് പൊഴും പെരിയ മോഹതമസ്സു പൂഴും
സംസാരവൻകുഴിയിൽ വീണുകിടക്കയാം ഞാൻ;
പേടിച്ചരണ്ടുഴലുമെന്നെയിതിങ്കൽനിന്നു
നീ താൻ വലിച്ചു കരയേറണമേ കൃപാലോ!

പൂകുന്ന സൽഗതി, നിരന്തരമങ്ങയെത്താൻ
ധ്യാനിച്ചനന്യപരരായി വസിയ്ക്കുവോരും,
ഗീർവ്വാണകിന്നരഗണങ്ങളും നിനച്ചുപോരും
നിൻപൊന്നടിവടികളും തന്നെ വണങ്ങുവോരും.

ചൊൽവീല മറ്റൊരുവനെപ്പ് ഭഗവൻ, ഭജിപ്പീ-
ലോപ്പീല; നിൻചരണമേ പണിയുന്നവൻ ഞാൻ;
പാലിയ്ക്കുകങ്ങു ശരണാഗതനാകുമെന്നെ;
പാപപ്രജങ്ങളം മമ പാത്തൊഴിയട്ടെ മുറവും!

ഭൃത്യൻ കണക്കടിമ ഞാൻ തവ; നിത്യമേയു
ജന്മത്തിലും തിരുവടിത്തളിർ കൈതൊഴാവൂ!
എങ്കൽപ്പ് ഭവാനു തിരുവുള്ളമലിഞ്ഞുവെങ്കി-
ലുൽകൃഷ്ടമീയൊരു വരം മമ നൽകിയാലും:

എൻമാതൃതാതരുമധീശ, കുടുംബിഞാനു-
മിമ്മെയ്യൊടൊത്തണയണം തവ മന്ദിരത്തിൽ!'

ഇവന്റെ ഭക്തിയാൽ സന്തുഷ്ടനായ വാസുദേവൻ അരുളിച്ചെയ്തു:—'ഭവാന്റെ ഈ ആഗ്രഹം തീർച്ചയായും നിറവേറും' അതുപ്രകാരം സത്യവ്രതൻ സുമനാസോമശർമ്മാക്കളോടുകൂടി, താ

Digitized By Kerala Sahitya Akademi

പവും നാശവുമില്ലാത്ത വിഷ്ണുലോകം പ്രാപിച്ചു രണ്ടു കല്പകാലം മുഴുവൻ പുണ്യലോകങ്ങളേയും ഭോഗങ്ങളേയും അനുഭവിച്ചു; അതി നുശേഷം, വിഷ്ണുവിന്റെ അരുളപ്പാടിനാൽ ആ മഹാപ്രാജ്ഞൻ ദേവകാര്യത്തിനുവേണ്ടി കശ്യപഗൃഹത്തിൽ അവതരിക്കുകയും ചെയ്തു. അദ്ദേഹം ഇപ്പോൾ വസുദേവൻ എന്ന പേരോടേ, വിഷ്ണുപ്രസാദത്താൽ സർവ്വദേവനമസ്കൃതനായി ഇന്ദ്രപദം അനുഭവിച്ചുപോരുന്നു. ഈ സൃഷ്ടിസംബന്ധമെല്ലാം ഭവാനോടു ഞാൻ പറഞ്ഞു; മറ്റുവല്ലതും ചോദിച്ചാൽ അതും പറയാം.'

വ്യാസൻ:—'മഹാപ്രാജ്ഞനായ ശുക്രാചാര്യപുത്രൻ ധർമ്മാംഗദൻ ജനിച്ചതു കൃതയുഗാരംഭത്തിലല്ലയോ? ആ ധർമ്മാംഗദൻ സൃഷ്ടികാലത്തു വാസവനായതെങ്ങിനെ? മറ്റൊരു ശുക്രാംഗനോ ധർമ്മാംഗദനോ ഉണ്ടായിരുന്നു എന്നതോടോ? ഇക്കാര്യത്തിൽ ഒരു സംശയം എനിയ്ക്കു തോന്നുന്നു; ഇതു തീർത്തുതരുകയാകണം!'

ബ്രഹ്മാവ്:—'നിന്റെ സംശയമൊക്കെ തീർത്തുതരാം. ഭവാന്റെ ഒരു ലീലയായി സൃഷ്ടിയുടനീളം കൊണ്ടിരിയ്ക്കുന്നു. ആഴ്ചകളും പക്ഷങ്ങളും മാസങ്ങളും ഋതുക്കളും സംവത്സരങ്ങളുമെന്നപോലെ മന്വന്തരങ്ങളും യുഗങ്ങളും കല്പങ്ങളും വന്നുംപോയുമിരിയ്ക്കുന്നു. ഞാനും ചരാചരങ്ങളും വിഷ്ണുവിങ്കൽ ചെന്നു ലയിക്കുന്നു. വീണ്ടും യോഗാത്മാവു വിശ്വത്തെ സൃഷ്ടിക്കുന്നു; വീണ്ടും ഞാനും, വീണ്ടും വേദങ്ങളും, വീണ്ടും ദേവബ്രാഹ്മണരും, വീണ്ടും രാജാക്കന്മാരും, വീണ്ടും പ്രജകളും ഉണ്ടായിവരുന്നു. ഇതിൽ അന്ധാളിപ്പൊന്നുമില്ല. ഈ ശുക്രാംഗദധർമ്മാംഗദന്മാർ പൂർവ്വകല്പങ്ങളിലും ഉണ്ടായിരുന്നു. ഇപ്പോലെ രാമൻ, നഹുഷൻ, യയാതി, മന്വന്തരം മുതലായ മഹാത്മാക്കളും ജനിച്ചുകൊണ്ടും മരിച്ചുകൊണ്ടുമിരിക്കുന്നു; ധർമ്മിഷ്ഠന്മാരായ രാജാക്കന്മാർ ധർമ്മാംഗദനെപ്പോലെ ഇന്ദ്രപദവും അനുഭവിക്കുന്നു. ഇതേമട്ടിൽത്തന്നെയാണു്, ദേവകളും വേദങ്ങളും പുരാണങ്ങളും സ്മൃതികളും.

സദ്ഗതിപ്രദമായ ഈ സുവ്രതചരിതം ഞാൻ അങ്ങയോടു പറഞ്ഞുകഴിഞ്ഞു.'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം
സുവ്രതോപലബ്ധി കഥയാ നൂറ്റിമൂന്നാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

ഇരുപത്തിരണ്ടാമദ്ധ്യായം

ഋഷിമാർ:—"സർവധർമ്മകരവും സർവപാപഹരവും പവിത്രവും വിചിത്രവുമായ ഈ കഥ ഭവാൻ പറഞ്ഞുകഴിഞ്ഞുവല്ലോ; ഇനി സൃഷ്ടിയുടെ അനുബന്ധം വിസ്തരിച്ചുപറഞ്ഞാൽക്കൊള്ളാം. സൂതകുമാര, എങ്ങിനെയാണ് മുമ്പു മരൽസൃഷ്ടി?"

സൂതൻ:—സൃഷ്ട്യനുബന്ധം ഞാൻ വിസ്തരിച്ചു പറയാം; ഇതുകേട്ടാൽ എല്ലാം അറിയാറാകും:

ഹിരണ്യകശിപു എന്നവൻ തപസ്സുചെയ്ത ബ്രഹ്മാവിനെ പ്രസാദിപ്പിച്ചിട്ട്, ആ മഹാ ഭോഗങ്ങൾനിന്നു സുദുർല്ലഭമായ വരം നേടി, ദേവലോകങ്ങളേയും ഒന്നായി ജയിച്ചു ത്രൈലോക്യാധിപത്യം കൈക്കലാക്കിക്കളഞ്ഞു. അതിനാൽ, ദേവകളും യക്ഷകിന്നരഗന്ധർവനാഗസിദ്ധരും മറകളുടെ മറുകരകണ്ട മഹർഷിമാരും ബ്രഹ്മാവിനെ മുന്നിലാക്കിച്ചെന്നു, പാലാഴിയിൽ യോഗനിദ്രചൂണ്ടയുള്ള നാരായണസഖാമിയെ പള്ളിയുണർത്തുന്നതിനായി മഹാസ്തോത്രങ്ങൾചൊല്ലി, കൈതൊഴുതുനിന്നു; തന്തിരുവടി ഉറക്കമുണർന്നപ്പോൾ, ആ ദുഷ്ടന്റെ ചരിതം അറിയിക്കുകയും ചെയ്തു. അതുകേട്ടിട്ട ജഗദീശൻ നാരസിംഹരൂപം പൂണ്ടു ആ ദൈത്യേന്ദ്രനെ കൊലചെയ്തു; അതുനിമിത്തം പൊരുതാനാട്ടത്ത മറ്റു ദോഷാസുരന്മാരേയും തന്തിരുവടി ഒക്കൊന്നൊടുക്കി.

ഇങ്ങിനെ ആ ക്രൂരന്മാരായ ദാനവന്മാർ ഒടുതിപ്പെട്ടുകയും, മഹാത്മാക്കളായ ദേവകൾ സ്ഥാനം വിണ്ടെടുക്കുകയും, യജ്ഞാദിധർമ്മകർമ്മങ്ങളൊക്കെ നന്നേയുടങ്ങുകയും, ലോകങ്ങൾ സ്വസ്ഥതയിലാവുകയും ചെയ്തതിനുശേഷം ദുഃഖപീഡിതയായ ദിതി പുത്രശോകത്തീയിൽ വെന്തുരുകി ഖേദംകെട്ടു നിലവിളിച്ചുകൊണ്ടു ഭർത്താവായ കശ്യപന്റെ അടുക്കൽച്ചെന്നു, തപസ്തേജസ്സിനാൽ സൂര്യനെപ്പോലെ സമുജ്ജ്വലിയ്ക്കുന്ന ആ മഹാത്മാവിനെ കേതിപൂർവം വന്ദിച്ചുപറഞ്ഞതു:—'ഭഗവാനേ, വിഷ്ണുദേവൻ എന്നെ പുത്രശോകക്കടലിൽത്തീർത്തിരിയ്ക്കുന്നു: ദൈത്യദാനവന്മാരെയെല്ലാം ദേവകൾ കൊന്നുകളഞ്ഞു; ഞാൻ പുത്രശോകാഗ്നിയിൽ വെന്തുരുകിപ്പോകുന്നു. മുനീന്ദ്ര,

Digitized By Kerala Sahitya Akademi

എനിയ്ക്ക് ഒരോമനപുത്രനെ തന്നാലും. തപസ്സേജസ്സിനാൽ സൂര്യനെപ്പോലെ തിളങ്ങുന്നവനും, എല്ലാത്തേജസ്സിനേയും ഹരിക്കുന്നവനും, കൃതാത്മാവും, സർവ്വാഗസുന്ദരനും, ബുദ്ധിമാനും, മഹാപണ്ഡിതനും വേദജ്ഞനും, സർവ്വജ്ഞനും, സർവജ്ഞനാവും സർവലക്ഷണശാലിയുമായ ഒരു പുത്രൻ എനിയ്ക്കുണ്ടാകുമാറാകട്ടെ!'

ഇതുകേട്ടിട്ട് കരളലിഞ്ഞ കശ്യപപ്രിയോത്തമൻ, ദുഃഖത്താൽ ദീനമാനസയായ ദിതിയോട്, 'സുഭഗേ, ഭവതി ആഗ്രഹിയ്ക്കുന്നപ്രകാരമുള്ള പുത്രൻ ഉണ്ടായിവരും' എന്നിങ്ങനെ പറഞ്ഞ്, അവളെ തൊടുന്നിടത്തിൽ കൈവെച്ചു ഉടനേ, ആ സർവധർമ്മജ്ഞയായ ദിതി മഹാമേരുപർവതത്തിൽപോയി നിരാലംബയായി തപസ്സുതുടങ്ങി. അന്ന് ആ മനസ്വിനിയ്ക്ക് ഗർഭമുണ്ടായിരുന്നു. അവൾ ഒരു നൂറാണ്ടു ശുചിയായി വസിയ്ക്കുകയും പിന്നീട് ബ്രഹ്മതേജസ്സുള്ള ഒരുപുത്രനെ പ്രസവിയ്ക്കുകയും ചെയ്തു.

ബുദ്ധിമാനായ കശ്യപൻ അതിസന്തോഷത്തോടെ വന്നെത്തി മകന്റെ വ(ബ)ലൻ എന്ന് അനന്വർത്ഥമായ പേർ വിളിച്ചു. നാമകരണാനന്തരം ഉപനയനം കഴിച്ചിട്ട്, 'ഉണ്ണീ, ബ്രഹ്മചര്യം സാധിയ്ക്കുക' എന്നുപദേശിയ്ക്കുകയും ചെയ്തു. 'അങ്ങിനെതന്നെ' എന്ന് ആ ഉപദേശം കൈക്കൊണ്ട വലൻ ബ്രഹ്മചര്യവ്രതത്തോടേ വേദാധ്യയനം ചെയ്തുപോന്നു. ഒരുനൂറാണ്ടിനിടയ്ക്കുശേഷം തപസ്സുജയിച്ചയാ അവൻ അമ്മയുടെ അടുക്കൽ തിരിച്ചെത്തി. മഹാത്മാവായ മകന്റെ തേജോവീര്യമയമായ ദിവ്യബ്രഹ്മചര്യം കണ്ടിട്ട് മനസ്സുതുള്ളിക്കളിത്തമാതാവു സുമേധസ്സും സുപണ്ഡിതനും തപസ്വിയുമായ തനയനോട് പറഞ്ഞു:—'ഉണ്ണീ, നീ ജീവിച്ചിരിക്കുമ്പോൾ, ചക്രപാണിയാൽ നിഗ്രഹിക്കപ്പെട്ട ഹിരണ്യകശിപുപുത്രന്മാരായ എന്റെ പുത്രന്മാരും ജീവിച്ചിരിക്കുന്നവർ തന്നെ! മകനെ, ശത്രുക്കളായ ദേവകളെ യുദ്ധത്തിൽ വധിച്ചു വൈരനിര്യാതനം സാധിയ്ക്കുക.' ഉടനേയും മഹാബലനായ വലനോട് പറഞ്ഞു:—'കൊച്ചുമകനേ, ഒന്നാമതായി ദേവരാജാവായ ഇന്ദ്രനെ ക്ഷണത്തിൽ മർദ്ദിക്കുക; പിന്നെ ദേവകളേയും, അയുക്തിഞ്ഞിട്ട് ഗരുഡധ്വജനേയും വീഴിക്കാം.'

ഇതുകേട്ടിട്ട് പതിവ്രതയായ അദിതിദേവി വല്ലാത്ത ദുഃഖംപൂണ്ട് മകനായ മഹേന്ദ്രനോട് പറഞ്ഞു:—'ദേവേന്ദ്രാ, മുതിർന്ന ക്രൂരനായി തേജസ്സു മുഴുത്ത ദിതിപുത്രൻ ദേവകളെ വധിപ്പാനായി വന്നിച്ച

Digitized By Kerala Sahitya Akademi

തപം ചെയ്തിരിക്കുന്നു. ക്ഷേമം വേണമെന്നുണ്ടെങ്കിൽ, അവനെ നിഗ്രഹിച്ചുകൊൾകിൽ! അമ്മയുടെ വാക്കുകേട്ടിട്ട പാകശാസനൻ വല്ലാതെ പേടിച്ചു, 'വേദധർമ്മങ്ങളെ ദൂഷിപ്പിക്കുന്ന ഇവനെ എങ്ങിനെ കൊല്ലേണ്ടൂ?' എന്ന ചിന്തയിൽ മുഴുകിപ്പോയി; ഒടുവിൽ ഇങ്ങിനെയാകാമെന്നു തീർച്ചപ്പെടുത്തി.

ഒരു ദിവസം വലൻ സായംസന്ധ്യ വന്ദിപ്പാൻ സമുദ്രത്തിലേയ്ക്കു പോയി. മാൻതോലുകൊണ്ടും ദിവ്യമായ ദണ്ഡുകൊണ്ടും പുണ്യനിർമ്മലമായ ബ്രഹ്മചര്യതേജസ്സുകൊണ്ടും ശോഭിക്കുന്ന ആ ദൈത്യൻ സമുദ്രതീരത്തു ജപിച്ചുംകൊണ്ടു സന്ധ്യോപാസനം ചെയ്യുന്നതു ദേവേന്ദ്രൻ കണ്ടെത്തി. ഉടനെ വാസവൻ വജ്രംകൊണ്ടു വലനെ പിളർത്തിക്കളഞ്ഞു; അവൻ നിഷ്പ്രാണനായി നിലത്തുപതിച്ചു. ഇങ്ങിനെ ദിതിനന്ദനൻ ചത്തുവീണതു കണ്ടിട്ട മനസ്സന്തോഷം മുഴുത്ത മഹേന്ദ്രൻ സ്വാസ്ഥ്യത്തോടേ ഉത്സവം കൊണ്ടാടി.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
വലാസുരവധാഖ്യാനം ഇരുപത്തിരണ്ടാമധ്യായം.

—o—

ഇരുപത്തിമൂന്നാമധ്യായം

സൂതൻ:— മഹാബ്രാഹ്മണരേ, പുത്രനെ പുരന്ദരൻ കൊന്നതു കേട്ടിട്ട് ദുഃഖിതയായ ദിതി ഭയനീയമാംവണ്ണം ക്രന്ദനംകൊണ്ടു ഭർത്താവിന്റെ അടുക്കൽച്ചെന്നു സങ്കടം പറഞ്ഞു:—'ഇവിടുത്തെ മകൻ, മാപാപിയായ ദേവേന്ദ്രൻ, എന്റെ പുത്രനായ വലനെ, സമുദ്രതീരത്തു ജപിച്ചുകൊണ്ടിരിക്കെ, വജ്രംകൊണ്ടു പിളർത്തിക്കളഞ്ഞു!' ഇതുകേട്ടിട്ടു മരീചിതനയൻ മഹാക്രോധത്താൽ ചെന്തീയിനാലെന്നപോലെ സമുജ്ജ്വലിച്ചു. ആ ബ്രാഹ്മണശ്രേഷ്ഠൻ, ജടയുടെ ഒരിഴപറിച്ചെടുത്ത്, 'ഇന്ദ്രനെ കൊല്ലുന്നതിനു ഞാൻ ഒരു പുത്രനെ ഉല്പാദിപ്പിച്ചേയ്ക്കാം, എന്നിങ്ങിനെ, അഗ്നിയിൽ ഹോമിച്ചു. ഉടനെ അഗ്നികുണ്ഡത്തിൽ നിന്ന് അ

Digitized By Kerala Sahitya Akademi

ജ്ഞനഃപോലെ കറുത്തിരുണ്ട ഒരു മഞ്ഞക്കണ്ണനായ പൊങ്കുറാർ ഉണ്ടായിവന്നു. മാൻതോൽ ധരിച്ചു, കയ്യിൽ വാളേന്തി, ഭയങ്കരാകാരമുള്ളവനായി, തേജസ്സിനാൽ തിളങ്ങുന്ന, ആ കരുത്തനായ ലോകമഹേശ്വരൻ കരിംകാറിനെപ്പോലെ സഭയിൽ കശ്യപനോടുണർത്തിച്ചു:—'മഹർഷേ, എനിക്കാജ്ഞയെന്തുതന്നാലും: എന്തിനായി എന്നെ ഉൽപാദിപ്പിച്ചുവോ, അത് ഇവിടുത്തെ പ്രസാദത്താൽ ഞാൻ നിറവേറ്റിക്കൊള്ളാം.'

കശ്യപൻ: —'വൃത്ര, ഇവളുടേയും എന്റേയും മനോരഥം സാധിപ്പിക്കുക: അദിതിയുടെ മകനായ ഉഗ്രപരാക്രമനെ നിഗ്രഹിക്കുക; അണ്ടർകോനെ വധിച്ച് വെണ്ണുപദം അനുഭവിക്കുകയും ചെയ്തുകൊൾക.'

മഹാത്മാവായ കശ്യപനാൽ ഇപ്രകാരം ആജ്ഞപ്പെട്ടവനായ വൃത്രൻ പൊരുഷത്തോടേ പുരാകൃതവധത്തിനെന്നാരുമ്പെട്ട് ധനുർവേദം പരിശീലിച്ചു. വൃത്രാസുരന്റെ വീര്യവും ബലവും ക്ഷാത്രതേജസ്സും ധൈര്യവും കണ്ടിട്ട സഹസ്രാക്ഷൻ പേടിച്ചുരണ്ടു മഹാത്മാവായ അവനെ കൊലപ്പെടുത്താൻ ഉപായം ചിന്തിയ്ക്കുകയായി. ദേവരാജാവ് സപ്തർഷികളെ വിളിച്ച് വൃത്രാസുരേന്ദ്രന്റെ അരികിലേയ്ക്കയച്ചു:—'മുനിശ്രേഷ്ഠന്മാരേ, നിങ്ങടം വൃത്രന്റെ അടുക്കൽ ചെന്നു, ഞാനും അവനും തമ്മിൽ സന്ധി ചെയ്യിയ്ക്കുവിൻ.' ഉടനെ സപ്തർഷികം വൃത്രാസുരന്റെ അടുക്കൽച്ചെന്നു പറഞ്ഞു:—'ദൈത്യോത്തമ, സഹസ്രാക്ഷൻ ഭവാനോടു സഖ്യം അപേക്ഷിയ്ക്കുന്നു: 'വീര, ഇന്ദ്രപത്നിയിൽ നേർപകുതി ഭവാൻ സുഖമായി അനുഭവിച്ചുകൊൾക' എന്നു ദേവേന്ദ്രൻ ഭവാനോടു പറയുന്നു; ദേവാസുരരൊക്കെ സമ്മതിച്ചുമിരിയ്ക്കുന്നു. അതിനാൽ വൈരം വെടിഞ്ഞു് അവരെല്ലാവരുമായി സ്നേഹത്തിലിരിയ്ക്കുക.'

വൃത്രൻ:—'സത്തമന്മാരേ, നിർവ്യാജമായിട്ടാണ് സഹസ്രാക്ഷൻ സഖ്യമിച്ഛിക്കുന്നതെങ്കിൽ, സത്യമവലംബിച്ച് അതു ഞാൻ ചെയ്യാം. ഇതെപ്പോഴും കളവു മുൻനിന്നു ശക്രൻ ദ്രോഹിയ്ക്കുന്നതായാലോ? ഇതിലേയ്ക്കുറപ്പെന്താണ്?'

ഉടനേ സപ്തർഷിമാർ ഇന്ദ്രനോടു പറഞ്ഞു:—'ഉറപ്പു കൊടുക്കുക: സഖ്യം വേണ്ടെന്നുണ്ടെങ്കിൽ ഭവാൻ ഒരു കരാറു ചെയ്യുക.'

Digitized By Kerala Sahitya Akademi

ഇന്ദ്രൻ:—'ഞാൻ വ്യാജത്താൽ വഞ്ചനം ചെയ്യുകയാണെങ്കിൽ, ബ്രഹ്മഹത്യാദിപാപങ്ങൾ ഏറ്റുകൊള്ളാം.'

മഹർഷിമാർ വീണ്ടും വൃത്രാസുരേന്ദ്രനോട് പറഞ്ഞു:—'ബ്രഹ്മഹത്യാദിപാപങ്ങൾ താൻ ഏറ്റുകൊള്ളാമെന്നു പുരന്ദരൻ പറയുന്നു. മഹാപ്രാജ്ഞനേ, ഈയൊരാപ്പിന്മേൽ സത്യം ചെയ്യുകൊള്ളുക.'

വൃത്രൻ:—'ദേവിജോത്തമന്മാരേ, നിങ്ങളുടെ ധർമ്മോപദേശത്താലും സത്സാക്ഷിയുടെ സത്യത്താലും അദ്ദേഹത്തോട് ഞാൻ സത്യം ചെയ്തുകൊള്ളാം.'

ബ്രഹ്മണപുംഗവന്മാർ വൃത്രനെ ഇന്ദ്രന്റെ അടുക്കലേയ്ക്കു കൊണ്ടുപോയി. മിത്രമാകാൻ വന്ന വൃത്രനെ കണ്ടിട്ട് പുരന്ദരൻ ബദ്ധപ്പെട്ട് സിംഹാസനത്തിൽ നിന്നെഴുന്നേറ്റ് അവനു് അർഘ്യം കൊടുത്തു. 'ദൈത്യസത്തമ, പകുതി ഇന്ദ്രപദം ഭവാൻ അനുഭവിച്ചുകൊള്ളുക. നമുക്കിതുപേക്ഷം ക്രീഡിച്ചു സുഖമായി വസിക്കാം.'

ഇങ്ങിനെ കപടത്താൽ വൃത്രനെ വിശ്വസിപ്പിച്ചു സത്യം ചെയ്യിച്ചു, ദുർവിചാരം പൂണ്ട വാസവൻ രാവും പകലും മഹാത്മാവായ വൃത്രനെ വധിപ്പാൻ പഴുതു നോക്കിക്കൊണ്ടിരിക്കയായി. ഒരിക്കൽ ഉമ്മർകോൻ അസുരനെ മോഹിപ്പിക്കാനായി രംഭയെ നിയോഗിച്ചു:—'സുന്ദരി, എങ്ങിനെയെങ്കിലും എനിക്കുവേണ്ടി കൊല്ലാൻ ഇടവരുമാറു നീ അസുരവൈരിയെ മയക്കുക.' ഉടനേ മാരുഹാസിനിയായ രംഭ എല്ലാരും അപ്സരസ്ത്രീകളോടുകൂടി നന്ദനോദ്യാനത്തിൽ പോയി സവിലാസം വിഹരിയ്ക്കുകയായി.

(ശ്ലോകങ്ങൾ)

ചെമ്മേ പൂകായ്കകൾ നിറഞ്ഞ പുണ്യമാ-
മരങ്ങളും പക്ഷിമൃഗോൽക്കരങ്ങളും
മഹാത്ഭുത സ്തോഷ്ടവിമാനപംക്തിയും
ചുഴന്നു ശോഭിച്ചിതു ദിവ്യമാവനം.

അതീവ സർവർത്തു സുമാവകീർണ്ണമാ-
മതിന്നകം മണ്ടിനടന്നു വണ്ടുകൾ;
മുഴങ്ങി സാമംഗ മയൂരനിസ്വനം;
മനോജ്ഞമായ് ക്രൂകി കുയിൽക്കുലങ്ങളും.

വിളങ്ങി പാടീരമരങ്ങളും നീളവേ;
വിരിഞ്ഞുദിച്ച നളിനാങ്കരം പൊ[illegible]ൽ;

Digitized By Kerala Sahitya Akademi

മനം കവർന്നു മധുരം പളുങ്കൊളി-
ജ്ജലം നിറഞ്ഞൊന്തിയ ക്രൗഞ്ചവാപികയും.

മണിക്കൊടിക്രൂരകരം താഴികക്കുടം
സഖീമരുദ്ധൃതുവുമൊത്തു ഭംഗിയിൽ,
വരാപ്സരസ്ത്രീകരം പലേതരം രമി-
ച്ചുഴന്ന പൊന്മേടകളാൽ പരീതമായ്.

ഒരേടമോത്തൊരുമരശബ്ദവും,
പരസ്പരം ഗന്ധർവരുതിത്ത പാട്ടുമായ്,
സുരർഷി കിംപുരുഷചാരണാദ്യരാൽ
നിറഞ്ഞു ശോഭിച്ചിരു ദിവ്യമാ വനം.

വിശ്വാസം പൂണ്ട വൃത്രൻ ഒരിയ്ക്കൽ ഏതാനും മനോവന്മാരോടുകൂടി നേരംപോക്കിന്നായി നന്ദനവനത്തിലേയ്ക്കു നടകൊണ്ടു. ആ മഹാത്മാവിന്റെ മഹത്വത്തായി, പഴയ്ക്കുനോക്കുന്ന പാകശാസനനും ശങ്കയോടേ ഒളിച്ചുനടന്നിരുന്നു. വൃത്രനാകട്ടേ, ശക്രൻ സ്നേഹിതനാണല്ലോ എന്ന വിശ്വാസംമൂലം ഒരു കാര്യത്തിലും ഇന്ദ്രനെ ശങ്കിച്ചിരുന്നില്ല. അദ്ദേഹം, കാമിനിമാർ നിറഞ്ഞു കമനീയമായ കേളീവനം സന്ദർശിച്ചുംകൊണ്ടു് എല്ലായിടത്തും ചുറ്റിനടന്നു.

ഒരു ചന്ദനവൃക്ഷത്തിന്റെ കളിർത്തണലിലാണു്, വിശാലാക്ഷിയായ രംഭ വിഹരിച്ചിരുന്നതു്. സഖിമാരോടുകൂടിയ ആ സുകുമാരിലോകമെല്ലാം മയങ്ങിപ്പോകുമാറു മധുരമായി പാട്ടു പാടിക്കൊണ്ടു് ഉയ്ഞ്ഞാലാടുകയായിരുന്നു. അവിടെ ചെന്നപ്പോൾ വൃത്രൻ ഉയ്ഞ്ഞാലാടുന്ന രമണീയാംഗിയായ രംഭയേക്കണ്ടിട്ടു് കാമാതുരനായിച്ചമഞ്ഞുപോയി.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകരണം,
വൃത്രവൃത്താന്തം ഇരുപത്തിമൂന്നാമധ്യായം

——(൦)——

Digitized By Kerala Sahitya Akademi

ഇരുപത്തിനാലാമദ്ധ്യായം

(ഭചരുശ്രേരി രീതി)

വൃത്രൻ:—

'ആരാണീപ്പാഴ്ന്ന സുന്ദരി, ലാവണ്യ-
പൂരത്താൽ പൂന്തോട്ടം മിന്നിയ്ക്കുന്നോരം?
നൂതനമാകും വിലാസശതങ്ങളാൽ
ചേതസ്സു തീരെ മയക്കിടുകാണേ
മന്മഥലീലയിലാശ വളർത്തുന്ന
നന്മധുരാംഗിയിപ്പെണ്മണിയാരം.
കാണുന്ന കാമവിമോഹമിവളിലും;
ഞാനി,താരെന്നെ പോയ്ച്ചോദിയ്ക്കുന്നേൻ.'
കാമവിമോഹത്താലിത്തരം ചിന്തിച്ചു
കാലപ്രചോദിതനായ ദൈത്യൻ
ചാരുവിലോചനയാകിയ രംഭേതൻ
ചാരത്തുസതപരംചെന്നു ചൊന്നാൻ:—
'ആരുടെയാണെ നീ,യാർ നിന്നെസ്സേവിപ്പൂ,
പേരെന്തുതാവകം ധന്യധന്യം?
തനുഭംഗി, മിന്നിത്തിളങ്ങുന്ന നിൻവടി-
വെന്നെ മയക്കുന്നു; ചേരുകെങ്കിൽ!'

ഇതുകേട്ടിട്ട്, ആ കാമാതുരനോട് വിശാലാക്ഷി പറഞ്ഞു:—'മഹാഭാഗ, രംഭയാണ് ഞാൻ; തോഴിമാരോടൊപ്പം വിഹരിപ്പാനായി കാമദായകമായ ഈ നന്ദനവനത്തിലേയ്ക്കു പോന്നതാണ്. അവൻ ആരാണ്? എന്തിനാണ് എന്റെ അടുക്കൽ വന്നിരിയ്ക്കുന്നത്?

വൃത്രൻ:—'പെൺകിടാവേ, കേൾക്കുക; ഞാൻ ഇന്ന ആളാണെന്നു പറയാം: അഗ്നിയിൽ നിന്നു ജനിച്ച കശ്യപപുത്രനാം ദേവേന്ദ്രന്റെ സ്നേഹിതനാണ് ഞാൻ. സുമുഖി, ഇന്ദ്രപദത്തിന്റെ പകുതി ഭാഗം എനിയ്ക്കുള്ളതാകുന്നു. ദേവി, വൃത്രനായ എന്നെ അവതി അറിയില്ലെന്നോ? ലോകം മുന്നും എനിയ്ക്കു കീഴടങ്ങിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

ഞാൻ കാമത്താൽ വേതിയെ ശരണം പ്രാപിച്ചിരിക്കുകയാണ്. ഓമനേ, വിശാലാക്ഷി, കാമപീഡിതനായ എന്നോടുകൂടി രമിച്ചാലും.'

രംഭ:—'വീര, ഞാൻ ഇപ്പോൾതന്നെ അങ്ങയ്ക്കധീനയായിക്കൊള്ളാം; എന്നാൽ, ഞാൻ പറയുന്നതൊന്നും ഭവാൻ തട്ടരുത്.'

'സുഭഗേ, അങ്ങിനെയാകട്ടെ; യാതൊന്നും ഞാൻ തട്ടുകയില്ല.' എന്നിങ്ങിനെ സമ്മതിച്ച്, ആ കാമാതുരനായ ദൈത്യശ്രേഷ്ഠൻ അവളോടുകൂടി ആ മഹാപുണ്യമായ വനത്തിൽ രമിച്ചുപോന്നു. അവളുടെ പാട്ടും കൂത്തും കളിയും ചിരിയും മറവും ആ ജ്ഞാനശ്രേഷ്ഠനെ അത്യന്തം മയക്കിക്കളഞ്ഞു. അങ്ങേഹത്തോട്, 'മധുപാനംചെയ്യൂ' എന്നാണ് രംഭ അവശ്യപ്പെട്ടത്. അപ്പോൾ ആ ചന്ദ്രമുഖിയോടവൃത്രൻപറഞ്ഞു:—'ഭദ്രേ, ഞാൻ ബ്രാഹ്മണന്റെ പുത്രനാണല്ലോ; നിന്ദിതമായമദ്യപാനം എങ്ങിനെയാണ് ചെയ്യുക?'

രംഭ അങ്ങേഹത്തെ നിർബന്ധിച്ചു മദ്യം കഴിപ്പിക്കുകതന്നെ ചെയ്തു; അവളുടെ മെരട്ടുകൊണ്ട് അങ്ങേഹം മദ്യം കുടിച്ചുപോയി. മദ്യപാനശേഷം മതിമയങ്ങി ജ്ഞാനഭ്രഷ്ടനായിത്തീർന്ന ലാക്കിൽ വൃത്രനെ ദേവേന്ദ്രൻ വജ്രംകൊണ്ടു വധിക്കുകയും ചെയ്തു. തൽക്ഷണം വൃത്രഹത്യാവു ബ്രാഹ്മഹത്യാദി പാപങ്ങളാൽ ബാധിതനായിത്തീർന്നു. അപ്പോൾ ബ്രാഹ്മണൻ പറഞ്ഞു:— 'ഇന്ദ്ര, ഭവാൻ പാതകം ചെയ്തുപോയി; ഞങ്ങളുടെ വാക്കിനാൽ വിശ്വസിച്ച മഹാബലനായ വൃത്രനെ ഭവാൻ കൊന്നുകളഞ്ഞുവല്ലോ; ഇതു പാപംതന്നെ!'

ഇന്ദ്രൻ:—'ശത്രുവിനെ എപ്പോഴും എന്തുപായംകൊണ്ടെങ്കിലും കൊല്ലുകതന്നെ വേണം. ഇവൻ ജ്ഞാനവാനോ, ദേവബ്രാഹ്മണദ്വേഷിയും ജഗദ്ധ്വംസകനും ലോകം മുടിയ്ക്കുന്ന ദുഷ്ടനുമായിരുന്നു. അതിനാൽ ഇവനെ കൊന്നതിൽതെറ്റില്ല. നിങ്ങളന്തിയ കോപിയ്ക്കുന്നു. ബ്രാഹ്മണശ്രേഷ്ഠന്മാരേ, നിങ്ങൾ ആലോചിച്ചിട്ടുവേണംഅരിശം കൊള്ളുവാൻ. ന്യായാന്യായങ്ങളും വിചാരിച്ചുനോക്കുവിൻ.'

ഇങ്ങിനെ ഇന്ദ്രനും ബ്രാഹ്മാദിദേവകളും വൃത്രനെക്കൊന്നതു ധർമ്മാത്മാവാണെന്നു ബോധപ്പെടുത്തുകയാൽ ആ മഹാത്മാക്കൾ, സ്വസ്ഥാനങ്ങളിലേയ്ക്കു തിരിച്ചു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡംപിതൃതീർത്ഥകരണം,
വൃത്രവധം ഇന്ദ്രപത്നിഹരണാദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

ഇരുപത്തെട്ടാമദ്ധ്യായം

സൂതൻ:—വൃത്രനെ കൊന്ന വൃത്താന്തം കേട്ടിട്ട്, ആ പുത്രദുഃഖത്താൽ വെന്തു വിവശയായിഞ്ഞീന്ന് ദിതി മഹാത്മാവായ കശ്യപമഹർഷിയോടപേക്ഷിച്ചു:—'മുനിപുംഗവ, പരമപുരുഷനോടു പാകശാസനനെ കൊല്ലാൻ ബ്രഹ്മതേജസ്സിനാൽ ദേവകളിലാക്കും സഹിച്ചുക്രോധമുള്ളവനായ ഒരു പുത്രനെ, ഞാൻ ഇവിടേയ്ക്ക് പ്രിയപ്പെട്ടവളാണെങ്കിൽ, എനിയ്ക്ക് ദാനം ചെയ്താലും.'

കശ്യപൻ:—'മഹാബലരായ വലവൃത്രന്മാരോടുന്ന എന്റെ ഉണ്ണികളിരുപേരേയും, ദേവനെങ്കിലും ദുരാത്മാവായ വാസവൻ ചതിച്ചുകൊന്നകളഞ്ഞുവല്ലൊ; അതിനാൽ അവനെ കൊല്ലുന്നതിന്ന് ഒരു പുത്രനെ ഞാൻ തന്നേയ്ക്കാം. യശസ്വിനി, ഒരു നൂറാണ്ടുകാലം നീ ശുദ്ധിമതിയായിരിക്കണം.'

എന്നിങ്ങിനെ പറഞ്ഞു ദിതിയുടെ തലയിൽ കൈവെച്ചിട്ട്, ആ യോഗീന്ദ്രൻ അവളോടു കൂടി മഹാമേരുവിലുള്ള തപോവനത്തിലേയ്ക്ക് പോയി. അവിടെ ആ ദേവി പുത്രാർത്ഥമായി ശുദ്ധിയോടേ പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സു തുടങ്ങി. ദിതിയുടെ ഈ സമുദ്യമം അറിഞ്ഞിട്ട് സഹസ്രാക്ഷൻ അവളിൽ ലാക്കുനോക്കുകയായി. അദ്ദേഹം ഇരുപത്തെട്ടു വയസ്സുചെന്ന ഒരു ബ്രാഹ്മണന്റെ വേഷംപൂണ്ടു തപസ്വിനിയായ ആ മാതാവിന്റെ അടുക്കൽച്ചെന്ന നമസ്കരിച്ചു. ധർമ്മം നടിയ്ക്കുന്ന ദേവേന്ദ്രനോടു, 'ബ്രാഹ്മണോത്തമ, ഭവാൻ ആരാണെന്നു ദിതി ചോദിച്ചു. സഹസ്രാക്ഷൻ പറഞ്ഞു:—'ഭദ്രേ, ഭവതിയുടെ പുത്രനാണ് ഞാൻ. വേദജ്ഞനായ ബ്രാഹ്മണനായ എനിക്കു ധർമ്മം അറിയാം: ഞാൻ തീർച്ചയായും ഭവതിയുടെ തപസ്സിന്നു സാഹായ്യം ചെയ്യാം.'

അദ്ദേഹം ആ തപസ്വിനിയായ അമ്മയെ ശുശ്രൂഷിയ്ക്കുകയായി. ആ ദുഷ്കൃതം ചെയ്യാൻ വന്ന ശക്രനാണെന്നു ദിതി അറിഞ്ഞില്ല; ധർമ്മത്താൽ പുത്രനായ് ഒരു ശുശ്രൂഷകനെന്നേ കരുതിയുള്ളൂ. ഇന്ദ്രൻ എല്ലായ്പോഴും അവളുടെ പ്രീതിക്കായി ദേഹം തഴോടിക്കൊട്ടക്കും; കാൽ കഴുകിയ്ക്കും; കായും പൂവും ഇലയും വെള്ളവും മരവുരിയും മാനീന്റെതോലും കൊണ്ടു കൊടുക്കും. ശുശ്രൂഷകന്റെ ഭക്തിയാൽ സന്തു

Digitized By Kerala Sahitya Akademi

ഷ്ണോയ ദിതി അവനെ അനുഗ്രഹിച്ചു:— 'എനിയ്ക്കു മഹാധനനായ മകൻ ഉണ്ടായി മഹേന്ദ്രനെ കൊന്നതിനു ശേഷം നീ എന്റെ പുത്രനോടുകൂടി ദേവരാജ്യം വാഴുക.' പാകശാസനനാകട്ടേ, 'ശ്രീമതി, ഇവിടുത്തെ പ്രസാദത്താൽ അങ്ങിനെ വരട്ടേ' എന്നും പറഞ്ഞു് അവളിൽ ലാക്കു നോക്കിക്കൊണ്ടിരുന്നു.

ഒരു നൂറാണ്ടു ചെന്നതിൽപ്പിന്നെ, ഇന്ദ്രനു് ഒരു തക്കം കിട്ടി: ദിതി ക്ഷീണനിമിത്തം കാൽ കഴുകാതെ അഴിഞ്ഞ തലമുടിയുമായി പടിഞ്ഞാട്ടു തലവെച്ചു കിടന്നുറങ്ങിപ്പോയി. അപ്പോൾ വജ്രപാണി അവളുടെ വയറ്റിൽ കടന്നു മുപ്പുയേറിയ വജ്രംകൊണ്ടു ഗർഭത്തെ ഏഴായി നുറുക്കിക്കളഞ്ഞു. ആ ബാലൻ വയറ്റിൽക്കിടന്നു കരഞ്ഞുതുടങ്ങി. വീണ്ടും വീണ്ടും നിലവിളിയുന്ന കുട്ടിയോടു മഹാതേജസ്സായ മഘവാവു് രോദിക്കരുതു്, എന്നായി പറഞ്ഞു. വീണ്ടും ഓരോ തുണ്ടിനേയും ഏഴായി നുറുക്കി. ആ കുഞ്ഞുങ്ങളെല്ലാം, മഹേന്ദ്രൻ 'മാരോദീഃ' (രോദിക്കരുതു്) എന്നു പറഞ്ഞതിനാൽ മരുത്തുക്കളായിത്തീർന്നു. അവർ വായുമഹാശരീരരായി തീവ്രതേജഃപരാക്രമരായ ആ മരുത്തുക്കൾ നാല്പത്തൊമ്പതുപേരും ഇന്ദ്രന്റെ കീഴിൽത്തന്നെ വാണു.

മഹത്തായ ജഗത്തിനെ പ്രകാശിപ്പിക്കുന്ന ഭൂതങ്ങൾക്കെല്ലാം പ്രജാനാഥനായ വിഷ്ണു ദേവസ്ഥാനം നൽകി; ക്രമേണ പൃഥു മുതൽപേരെ രാജ്യം വാഴിച്ചു. സർവ്വവ്യാപിയായി ജഗൽഗുരുവായി തേജിഷ്ണുവായി മഹാതേജസ്സായി ഏകനായി പ്രജാപാലകനായി പർജ്ജന്യനായി പാവകനായി സർവരൂപനായിരിക്കുന്ന പുരുഷൻ ആരേ; ആ വിഷ്ണുവിന്റേതത്രേ ഈ ചരാചരലോകം മുഴുവനും.

ദ്വിജശ്രേഷ്ഠന്മാരെ, ഈ ഭൂതസർഗ്ഗം വഴിപോലെ ശ്രവിച്ചാൽ ഇഹത്തിലോ പരത്തിലോ ഭയം നേരിടുകയില്ല. ഈ മഹാപുണ്യമായ ഈ സൃഷ്ടി ഭക്തിപൂർവം ശ്രവിക്കുന്നവൻ പാപനിർമ്മുക്തനാകും. ഈ സൃഷ്ടി ശ്രവിയ്ക്കുന്നവൻ തന്നെയാണു് ധന്യനും സുകൃതിയും സത്യവാനും; അവൻ പാപമെല്ലാമൊഴിഞ്ഞു പരിശുദ്ധനായി വിഷ്ണുലോകമാകുന്ന പരമപദം പ്രാപിക്കും.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃനിർഗ്ഗമനം,
മരുദുൽപത്തികഥനം എന്ന പത്തൊമ്പതാമധ്യായം.

——(o)——

Digitized By Kerala Sahitya Akademi

ഇരുപത്താറാമദ്ധ്യായം

സൂതൻ:—ആ മഹാപ്രഭാവനായ ദേവദേവൻ മഹാഭാഗനായി മഹാത്മാവായി വേനതനയനായ പൃഥുവിനെ, സുരേശ്വരനെ എന്നപോലെ, സർവരാജ്യപാലകനായി അഭിഷേകം ചെയ്തു. പിന്നെ ബ്രഹ്മാവു ക്രമേണ ഓരോ രാജ്യത്തേയും അതിന്നതുക്കു തക്കവണ്ണം കൊടുപ്പാൻ ഒരുങ്ങി: വൃക്ഷങ്ങൾക്കും ബ്രാഹ്മണർക്കും ഗ്രഹനക്ഷത്രങ്ങൾക്കും പുണ്യയജ്ഞധർമ്മങ്ങൾക്കും രാജാവായി ചന്ദ്രനെ വാഴിച്ചു; ജലങ്ങൾ, തീർത്ഥങ്ങൾ, രത്നങ്ങൾ എന്നിവയ്ക്കു വരുണദേവനേയും, യക്ഷന്മാർക്കു വൈശ്രവണനേയും, ആദിത്യർക്കു വിഷ്ണുവിനേയും, പ്രജാപതികൾക്കു സമസ്തധർമ്മരക്ഷനായ രക്ഷനേയും, ദൈത്യദാനവന്മാർക്കു വൈഷ്ണവതേജസ്സുള്ള പ്രഹ്ലാദനേയും, പിതൃക്കൾക്കു വൈവസ്വതനായ യമനേയും രാജാവാക്കി; യക്ഷരക്ഷഃപിശാചന്മാർക്കും യോഗിനികൾക്കും വേതാളങ്ങൾക്കും കങ്കാളക്രൂരമാണ്ഡർക്കുമൊക്കെ സ്ഥൂലപാണിയായ ഗിരിശനെ പെരുമാളായി വാഴിച്ചു; പർവതങ്ങൾക്കെല്ലാം ഹിമവദ്ഗിരീന്ദ്രനേയും, നദീതടാകവാപീസാഗരങ്ങൾക്കു പുഷ്കര മഹാതീർത്ഥത്തേയും, ഗന്ധർവർക്കു പുണ്യാത്മാവായ ചിത്രരഥനേയും, നാഗന്മാർക്കു വാസുകിയേയും, സർപ്പങ്ങൾക്കു തക്ഷകനേയും, ഗജങ്ങൾക്കു ഐരാവതത്തേയും, അശ്വങ്ങൾക്കു ഉച്ചൈശ്രവസ്സിനേയും, പക്ഷികൾക്കു ഗരുഡനേയും, മൃഗങ്ങൾക്കു സിംഹത്തേയും, ഗോക്കൾക്കു വൃഷത്തേയും, വനസ്പതികൾക്കു അത്തിയേയും പെരുമാളായി നിയമിച്ചു.

ഇവ്വിധം രാജ്യങ്ങളെ സ്ഥാപിച്ചതിന്നു ശേഷം നാന്മുഖൻ ദിക്പാലന്മാരെ ഏല്പിച്ചുതുടങ്ങി: കിഴക്കേദിക്കിൽ വൈരാജപുത്രനായ സുധന്വാവിനേയും, തെക്കേദിക്കിൽ കർദ്ദമ പ്രജാപതിയുടെ പുത്രനായ ശംഖപദനേയും, പടിഞ്ഞാറെദിക്കിൽ വരുണപ്രജാപതിയുടെ പുത്രനായ പുഷ്കരനേയും, വടക്കേദിക്കിൽ നളകൂബരനേയും പാലകനാക്കി വെച്ചു. ഇവരെയും ഇന്ദ്രനും ഏഴു ദ്വീപങ്ങളോടും പട്ടണങ്ങളോടും കൂടിയ ഈ ഭൂമിയെ സപ്തസപ്തദേശങ്ങളിൽ വാണ് ധർമ്മത്താൽ രക്ഷിച്ചു പോരുന്നതു്.

Digitized By Kerala Sahitya Akademi

അഭിഷേകം ചെയ്യപ്പെട്ട പൃഥുനരേന്ദ്രൻ ശാസ്ത്രവിധിപ്രകാരം രാജസൂയാദിയജ്ഞങ്ങൾ കഴിച്ചു രാജ്യംഭരിച്ചുപോന്നു. മഹായജസ്സായ ചാക്ഷുഷമന്വന്തരാവസാനം രാജ്യം വൈവസ്വതമനുവിനെ ഏല്പിച്ചു. മഹാത്മാവായപൃഥുവിന്റെ ചരിതം, വിസ്തരിച്ചുകേൾക്കേണമെന്നുണ്ടെങ്കിൽ, ഞാൻ മടിക്കൂടാതെ പറയാം. എല്ലാ പുരാണങ്ങളിലും ഇതിൻ വണ്ണംതന്നെ കീർത്തിക്കപ്പെട്ടിരിക്കുന്ന ഈ മഹാപുണ്യമായ രാജ്യസ്ഥാപനം കേൾക്കയോടേ ശ്രവിച്ചാൽ യശസ്സും ആയുസ്സും സമ്പത്തും സന്തതിയും സമ്പത്തും വിദ്യുദ്ധിയും കിട്ടും. അതിനും പുറമേ അശ്വമേധത്തിന്റെ പുണ്യവും ലഭിക്കും''.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, പൃഥുചരിതപ്രസ്താവം ഇരുപത്തിനാലാമദ്ധ്യായം.

—(o)—

ഇരുപത്തേഴാമദ്ധ്യായം

ഋഷിമാർ:—''മഹാഭാഗ, ആ മഹാത്മാവായ പൃഥുവിന്റെ ചരിതം വിസ്തരിച്ചുപറയുക; ഞങ്ങൾക്കു കേൾപ്പാൻ അഭിലാഷമുണ്ട്. ആ രാജാവ് ഈ ഭൂമിയെ കറന്നതെങ്ങിനെ? പണ്ടു ദേവകൾ, പിതൃക്കൾ, തപോധനരായ മഹർഷിമാർ, ദൈത്യന്മാർ, നാഗരാജാക്കന്മാർ, പർവതങ്ങൾ, വൃക്ഷങ്ങൾ, ബ്രാഹ്മണർ, സിദ്ധന്മാർ, ഭീമവിക്രമരായ രക്ഷസ്സുകൾ മുതൽപേരും എങ്ങിനെ കറന്നു? അവരുടെയൊക്കെ പാത്രം എന്തായിരുന്നു? പാൽക്കൊണ്ടെന്തുചെയ്തു? അതിന്റെ വൃത്താന്തവും പറഞ്ഞുതരിക. വേന രാജാവിന്റെ ഒരു കൈ മഹർഷിമാർ കോപിച്ചു കടയുകയുണ്ടായല്ലോ; അതിനു കാരണമെന്താണ്? ഈ വിചിത്രവും പവിത്രവുമായ കഥ കേട്ടിട്ടു ഞങ്ങൾക്കു തൃപ്തിവരുന്നില്ല.''

സൂതൻ:—''വൈന്യനായ പൃഥുവിന്റെ ജനനവും, ക്ഷാത്രവീര്യവും, പൌരുഷവും—ചരിതം മുഴുവനും—ഞാൻ വിസ്തരിച്ചുപറയാം; മഹാഭാഗന്മാരായ ബ്രാഹ്മണോത്തമന്മാരേ, കേട്ടുകൊൾവിൻ: ഇതു് അഭൂതപൂർവമായ ശ്രവണസുഖവും ശ്രദ്ധയും മുഖ്യവും മുദ്രയും ചീത്ത

Digitized By Kerala Sahitya Akademi

നിഷ്പന്നം ഉദാസീനനന്നം വയ്യകനന്നം ധർമ്മദേഷ്ടിക്കും പറഞ്ഞു കൊടുക്കരുത്; ചൊല്ലിപ്പോയാൽ നരകത്തിൽ വീഴും. നിങ്ങൾ കേതന്മാരും സത്യധർമ്മ സകേതന്മാരുമാണല്ലോ; നിങ്ങളുടെ അടുക്കൽ, ശ്രോതാക്കൾക്കു യശസ്സും ആയുസ്സും സപത്നവും നൽകുന്ന ആ വേദതുല്യമായ സച്ചരിതം ഒട്ടൊഴിയാതെ ഞാൻ പറയാം. ഋഷിമാർ രഹസ്യമായി വെച്ചിരിക്കുന്ന ഈ പൃഥുകഥാവിസ്തരം പതിവായി ബ്രാഹ്മണരെ വന്ദിച്ചു ചൊല്ലുന്നവനും ദുഃഖം വരികയില്ല; ഏഴുജന്മത്തിലെ പാപം ശ്രവണമാത്രത്താൽ നശിയ്ക്കും. ബ്രാഹ്മണൻ വേദകോവിദനും, ക്ഷത്രിയൻ വിജയിയും, വൈശ്യൻ ധനസമൃദ്ധനും, ശൂദ്രൻ സുഖിയുമായിഭവിക്കും. പാപനാശനവും പവിത്രവുമാണ് പൃഥുവിന്റെ ജന്മവും ചരിത്രവും.

പണ്ടു് അത്രിവംശജാതനും അത്രിതുല്യനുമായിട്ടു് അംഗൻ എന്നൊരു പ്രജാപതിയുണ്ടായിരുന്നു; ധർമ്മപാലകനും, മഹാപ്രാജ്ഞനും, വേദശാസ്ത്രാത്ഥവിദഗ്ദ്ധനും, സർവധർമ്മസൃഷ്ടാവുമായ ആ ദേഹത്തിന്റെ പുത്രനായിരുന്നു വേനൻ. ആ രാജാവിന്റെ നടപ്പു ധർമ്മം വെടിഞ്ഞതായിരുന്നു. മൃത്യുവിന്റെ പുത്രിയായ സുനീഥയെയാണു് മഹാഭോഗനായ അംഗൻ വേട്ടിരുന്നതു്. അവളിൽജ്ജനിച്ച വനായ വേനൻ—കാലന്റെ ദൌഹിത്രൻ—മാതാമഹദോഷത്താൽ സദ്ധർമ്മം വിട്ടു് അധർമ്മനിരതനായിത്തീർന്നു. കാമലോഭമോഹമദമത്സരങ്ങൾ പൂണ്ടു് ആ നരേന്ദ്രൻ വേദാചാരധർമ്മം വെടിഞ്ഞു പാപംതന്നെ ആചരിച്ചുപോന്നു. ആ രാജാവിന്റെ കാലത്തു ബ്രാഹ്മണർ വേദാധ്യയനം ചെയ്തിരുന്നില്ല. നാട്ടിൽ സ്വാധ്യായവും വഷട്കാരവും ഇല്ലാതായി. ദേവകർക്കു യജ്ഞങ്ങളിലെ സോമം കുടിപ്പാൻ കിട്ടിയിരുന്നില്ല.

ആ ഉഷ്ണ്യപൻ പതിവായി ബ്രാഹ്മണരോടു കല്പിച്ചിരുന്നതാവിതു്:—'ഓത്തുചൊല്ലിപ്പോകരുതു്; ഹോമിയ്ക്കരുതു്; മാനം ചെയ്യരുതു്; യജിക്കരുതു്; ജപിക്കയുമരുതു്' ഇതു ക്രൂരമായിരുന്നു. ആപത്തടുക്കുകയാൽ, ആ പ്രജാപാലന്റെ ആജ്ഞ. 'എനിക്കായി യജ്ഞം ചെയ്യണം; എനിക്കായി ഹോമിക്കണം. ഞാൻ തന്നെയാണു് സനാതനനായ വിഷ്ണു; ഞാൻ തന്നെ ബ്രഹ്മാവു്; ഞാൻ തന്നെ ഇന്ദ്രൻ;

Digitized By Kerala Sahitya Akademi

ഞാൻതന്നെ ശിവനും സൂര്യനും വായുവും. എന്നെന്നും ഭാവുകവൃദ്ധിക്കു ശ്രമിച്ചുകൊള്ളുന്നവൻ ഞാൻ തന്നെ; മറ്റൊരുവനല്ല!' എന്നിങ്ങിനെ വേനൻ ഘോഷിച്ചുപോന്നു. അതിൽ അരിശംകൊണ്ട മഹർഷിമാർ എല്ലാവരും കൂടിച്ചെന്ന് ആ പാപബുദ്ധിയായ പാർത്ഥിവനോടു പറഞ്ഞു:—'പ്രജകളെ സദാ രക്ഷിക്കുന്നവനാണ് രാജാവു്; അദ്ദേഹം ധർമ്മത്തിന്റെ മൂർത്തിയത്രേ. അതിനാൽ ധർമ്മത്തെ പരിപാലിച്ചുകൊള്ളണം. ഞങ്ങളെ പന്തിരണ്ടുകൊല്ലംകൊണ്ടവസാനിക്കുന്ന ഒരു യാഗം ആരംഭിക്കുകയാണു്; വേന, അധർമ്മം ചെയ്യരുതേ: ഇതു സജ്ജനങ്ങൾക്കു ചേർന്നതല്ല. മഹാരാജാവേ, ധർമ്മം നടത്തുക; സത്യപുണ്യം അനുവർത്തിക്കുക. 'ഞാൻ പ്രജകളെ പാലിച്ചുകൊള്ളാം' എന്നാണല്ലോ ഭവാൻ പ്രതിജ്ഞ ചെയ്തിട്ടുള്ളതു്.'

മഹർഷിമാർ ഇപ്രകാരം പറയുമ്പോൾ, മറ്റാരുന്തുകനോ എന്ന തോന്നുംവണ്ണം ക്രൂരനായിത്തീർന്ന ആ ദുർവൃത്തൻ അവരോടു ധർമ്മംവിട്ടു ഗർജ്ജിച്ചു:—'ഞാനും, വീര്യം, തപസ്സു്, സത്യം എന്നിവകൊണ്ടു് എനിക്കു തുല്യനായി ഭൂമിയിൽ ആരുണ്ടു്? എല്ലാ ഭൂതങ്ങളുടേയും, വിശേഷിച്ചു ധർമ്മജ്ഞരുടേയും ഉല്പത്തിതന്നെ എങ്കൽ നിന്നാകുന്നു. കഥയില്ലാത്ത മൂഢന്മാരായ നിങ്ങൾ തീർച്ചയായും എന്നെ അറിയുന്നില്ല. ഈ ഭൂമിയെ ഞാൻ ചുട്ടെരിക്കാം; അല്ലെങ്കിൽ വെള്ളത്തിൽ മുക്കാം! ദ്യോവിനേയും ഭൂവിനേയും ഞാൻ രോധിക്കാം!!'

മന്നവനെ മദമോഹങ്ങളിൽനിന്നു വേർപെടുത്താൻ കഴിയായ്കയാൽ മഹർഷിമാർ അവനിൽ അരിശംകൊണ്ടു. കുപിതരായ അവർ കുതറുന്ന വേനനെ ബലാൽക്കാരേണ പിടിച്ചുനിർത്തി, അവന്റെ ഇടത്തേ തുട മഥനം ചെയ്തു. അതിനേൽ നിന്നു അഞ്ജനംപോലെ കറുത്തിരുണ്ടു കുലോം കുറിയവനായ ഒരു വിലക്ഷണപുരുഷൻ ഉണ്ടായിവന്നു. നീണ്ട മുഖം, വിരൂപങ്ങളായ കണ്ണുകൾ, പരന്ന ചെവികൾ, തുങ്ങിയ വയർ, കറുത്തകൂപ്പായം എന്നിവയോടുകൂടിയ അവനെ കണ്ടിട്ടു മഹർഷിമാർ, 'നിഷീദ' (ഇരിയ്ക്കുക) എന്നു പറകയും, അവൻ പേടിച്ചുണ്ടു നിഷീദിയ്ക്കുകയും ചെയ്തു. അവന്റെ വംശം പർവ്വതങ്ങളിലും വനങ്ങളിലും സ്ഥിതിചെയ്യുന്നു: നിഷാദർ, കിരാതർ, ഭില്ലർ, നാഹലകർ, ഭ്രമരർ, പുളിന്ദർ തുടങ്ങിയ ദുരാചാരരായ ഘോരജാതികൾ അവനിൽനിന്നു ജനിച്ചുവരത്രേ.

Digitized By Kerala Sahitya Akademi

അതിൽ വേനമഹാരാജാവിന്റെ കല്മഷം നീങ്ങിയതായി കണ്ടിട്ട് മനം തെളിഞ്ഞ മഹർഷിമാർ പിന്നെ ആ മഹാത്മാവിന്റെ വലത്തേക്കയ്യു മഥനം ചെയ്തു. അതിൽ അത്ഭുതം വിയർപ്പു ഉണ്ടായുള്ളൂ; വീണ്ടും ബ്രാഹ്മണർ കടയുകയാൽ ആ ശോണനേകരത്തിൽ നിന്നു, പന്തിരണ്ടാദിത്യന്മാരൊത്ത ഒരു തങ്കനിറത്തിലുള്ള ശ്രേഷ്ഠപുരുഷൻ ഉത്ഭവിച്ചു. സൂര്യപ്രഭയായ കിരീടം, കുണ്ഡലങ്ങൾ മുതലായ ദിവ്യാഭരണങ്ങളെല്ലാമണിഞ്ഞു, ദിവ്യഗന്ധം പൂശി, ദിവ്യമാല്യാംബരങ്ങൾ ചാർത്തി, ചട്ടയിട്ട വില്ലും അമ്പും വാളും കൈക്കൊണ്ടു, സർവ്വലക്ഷണസമ്പന്നനായി നിസ്തുല്യപ്രഭാവനായി മഹാരാജനായിരുന്ന ആ മഹാപ്രഭ തേജസ്സുകൊണ്ടും ജ്വലകൊണ്ടും അതുകാലത്തു ചന്ദ്രനെന്നപോലെ ഭൂമിയിൽ പരിശോഭിച്ചു. ആ മഹാഭാഗനായ വേനപുത്രൻ ജനിച്ചസമയത്തു ദേവകളും മഹർഷിമാരുമൊക്കെ ഉത്സവം കൊണ്ടാടി. രക്ഷയ്ക്കുവേണ്ടി അത്ഭുതമായ അജഗവധനുസ്സും ദിവ്യശരങ്ങളും കൈക്കൊണ്ടു കാന്തിമത്തായ കവചം ധരിച്ചിരുന്ന വേനതനയൻ സാക്ഷാൽ അഗ്നിയോ എന്നു തോന്നുംവണ്ണം മിന്നിത്തിളങ്ങി. ബ്രാഹ്മണശ്രേഷ്ഠന്മാരേ, ആ മഹാത്മാവായ പൃഥുവീരന്റെ അവതാരത്തിൽ ഭൂതങ്ങളെല്ലാം അത്യന്തം സന്തോഷിച്ചു.

പലതരം പുണ്യതീർത്ഥജലങ്ങൾ കൊണ്ടു ബ്രാഹ്മണരെല്ലാവരും കൂടി അദ്ദേഹത്തെ അഭിഷേകംചെയ്തു: പിതാമഹനും ദേവകളും സ്ഥാവരജംഗമങ്ങളായ നാനാഭൂതങ്ങളും മഹാവീരനായ പൃഥുവിനെ പ്രജാപാലനാക്കി അഭിഷേകം കഴിച്ചു. അപ്രകാരം ദേവകളാലും ബ്രാഹ്മണരാലും നാഗത്താന്മാരാലും—സർവചരാചരങ്ങളാലും—ചക്രവർത്തിയായി അഭിഷേചിക്കപ്പെട്ട പ്രതാപവാനായ പൃഥു രാജ്യം ഭരിക്കുകയായി. ഇദ്ദേഹത്തിന്റെ അച്ഛൻ പ്രജകളെ ഒരിക്കലും രഞ്ജിപ്പിക്കുകയുണ്ടായില്ലല്ലൊ; എന്നാൽ ഇദ്ദേഹം അവരെയൊക്കെ രഞ്ജിപ്പിയ്ക്കുകയും, അവർ സുഖിച്ചു സന്തോഷിയ്ക്കുകയും ചെയ്തു. അനന്തരഞ്ജനം നിമിത്തം ആ വീരനു രാജരാജൻ എന്ന പേർ ലഭിച്ചു.

ആ മഹാത്മാവിനെ പേടിച്ചിട്ട് സമുദ്രത്തിൽപ്പോലും രത്നം ഇളകാതെനിന്നു! അദ്ദേഹം തേരിലേറി ചെല്ലുമ്പോൾ പർവ്വതങ്ങൾപോലും ഒഴുക്കുമർഗ്ഗം കളഞ്ഞു സന്മാർഗ്ഗം നൽകിപ്പോന്നു; ഗിരികടക്കുക്കി അദ്ദേഹത്തിന്റെ ആജ്ഞയ്ക്കു ഭംഗംവരുത്തിയിരുന്നില്ല!

Digitized By Kerala Sahitya Akademi

ഭൂമി ഉഴാതെതന്നെ വിളവുള്ളതായി. പൈക്കളെല്ലാം കാമധേനുക്കളായി. മേഘം, വേണ്ടപ്പോൾ മഴപെയ്തു. ബ്രാഹ്മണരും ക്ഷത്രിയരും മറ്റെല്ലാവരും ദേവയജ്ഞങ്ങളും മഹോത്സവങ്ങളും നടത്തിപ്പോന്നു. മരങ്ങൾ സർവകാമങ്ങളേയും കറന്നു. ആ രാജാവിന്റെ വാഴ്ചക്കാലത്തു ഒർദ്ദിക്ഷമില്ല; രോഗമില്ല; അകാലമരണമില്ല. എല്ലാ ജനങ്ങളും ധർമ്മപരായണരായി സുഖത്തോടേ ജീവിച്ചു.

അക്കാലത്തു് ഒരു ശ്രേഷ്ഠമായ ബ്രാഹ്മയജ്ഞത്തിൽ ഒരു സ്തസ്ത്രീയിൽ മഹാബുദ്ധിമാനായ സൂതനും, മാഗധനും ജനിച്ചു. അവരിരുവരേയും പൃഥുവിനെ സ്തുതിപ്പാനായി മഹർഷിമാർ വിളിച്ചുവരുത്തി. ദ്വിജോത്തമന്മാരേ, സൂതന്റെ ലക്ഷണം പറയാം: ശിഖയും പൂണൂനൂലുമുള്ളവനും, സ്തുതിപഠനത്തിലും ദാനാധ്യയനാഗ്നിഹോത്രബ്രാഹ്മണാചാരങ്ങളിലും തല്പരനും, സദ്ശാസ്ത്രവിശാരദനും ദേവദ്വിജപൂജകനും, യാജകസ്മാവകവേദമന്ത്രങ്ങൾകൊണ്ടു യജിക്കുന്നവനും സദാ സദാചാരവാനുമാണ് സൂതൻ; അവനു ബ്രാഹ്മണരൊന്നിച്ചു പന്തിഭോജനമാവാം. മാഗധനു വേദാധ്യയനമില്ല; മറ്റു വർണ്ണാചാരണവും ബ്രാഹ്മണാചാരവർജ്ജിതരാകുന്നു.

സ്തുതിപാഠത്തിന്നായി സൃഷ്ടിക്കപ്പെട്ടവരായ ആ സൂതമാഗധന്മാരോടു മഹർഷിമാർ ആവശ്യപ്പെട്ടു:—'ഈ രാജാവിനെ സ്തുതിക്കുവിൻ—ഇദ്ദേഹത്തിന്റെ കർമ്മവും അവസ്ഥയും എങ്ങിനെയാണെന്നു വർണ്ണിക്കുവിൻ.' അപ്പോൾ സൂതമാഗധന്മാരിരുവരും മഹർഷിമാരെല്ലാവരോടുമായി പറഞ്ഞു:—'ഞങ്ങളിരുവരും സ്വകർമ്മത്താൽ ദേവകളേയും ഋഷികളേയും പ്രീതിപ്പെടുത്താം; ഇദ്ദേഹത്തിന്റെ കർമ്മവും സുസ്ഥിരമായ യശസ്സും ഞങ്ങളറിഞ്ഞുകൂടാ—ഇന്ന കർമ്മം അവലംബിച്ചാണ് ഇദ്ദേഹത്തെ സ്തുതിക്കേണ്ടതെന്നു ഞങ്ങൾ അറിയുന്നില്ല. ഞങ്ങൾക്കജ്ഞാതമാകുന്ന ഈ രാജാവിന്റെ ഗുണം. വരാൻപോകുന്ന സൽഗുണങ്ങളും അറിയണമല്ലൊ സ്തുതിയ്ക്കുവാൻ.'

പൃഥുവിന്റെ ദിവ്യഗുണങ്ങളും മാനുഷഗുണങ്ങളും മഹർഷിമാർ അവർക്കു പറഞ്ഞുകൊടുത്തു:— 'സത്യവാനും, ജ്ഞാനിയും, ബുദ്ധിമാനും, വിഖ്യാതവിക്രമനും, ശൂരനും, ഗുണഗ്രാഹിയും, പുണ്യവാനും, ത്യാഗിയും, ധാർമ്മികനും, സത്യപ്രിയവാദിയും, യജ്ഞവും, ദാന്തനും, ധനധാന്യസമൃദ്ധനും; ഗുണജ്ഞനും, കൃതജ്ഞനും, ധർമ്മജ്ഞനും, സർവ്വവ്യാ

Digitized By Kerala Sahitya Akademi

പിയും, സർവ്വജ്ഞതയും, ബ്രാഹ്മണ്യവും, വേദവേദാംഗവിദഗ്ദ്ധത്വവും, പ്രജകളെ രക്ഷിക്കുന്നവനും, പോരിൽ ജയിയ്ക്കുന്നവനുമാണ് ഈ മഹാരാജാവ്; ഭൂമിയിലെ ഏകസ്വാമിയായ ഇദ്ദേഹം രാജസൂയാദിയാഗങ്ങളും വഴിപോലെ നടത്തും.' ഋഷിമാരാൽ നിയോഗിയ്ക്കപ്പെട്ട സൂതമാഗധന്മാർ മായിച്ചുണങ്ങളും ക്രടി ചേർത്തു പൃഥുവിനെ സ്തുതിക്കുകയായി.

ജനങ്ങളും സ്തുതികൊണ്ടു സന്തോഷിക്കുകയും സ്തോത്രഗുണംകൊണ്ടു് മോഹക്കുന്നവരായി ഭവിയ്ക്കുകയുംചെയ്തു. ബ്രാഹ്മണേന്ദ്രന്മാരേ, അനന്തരമുൽക്കൃഷ്ടനും, ഈ ലോകത്തിൽ മാഗധാദികളെ സ്തുതിപാഠകന്മാരാക്കി മാനിച്ചുതുടങ്ങിയതും. പൃഥുസൂതമാഗധവന്ദിചാരണന്മാക്കു വളരെ ദ്രവ്യം കൊടുത്തു; സൂതനു മികച്ച കലിംഗദേശവും, മാഗധനു മഹോദയമായ ഹേമയവും ദാനം ചെയ്തു.

നരേന്ദ്രൻ നർമ്മദാതീരത്തു തന്റെ പേരിൽ ഒരു രാജധാനി പണിയിച്ചു; ബ്രാഹ്മണർക്കു വളരെ ധനം കൊടുത്തു നൽകി. അദ്ദേഹത്തിന്റെ സർവ്വജ്ഞതയും സർവ്വാനുഭവവും ധർമ്മവീര്യവും കണ്ടിട്ടു പ്രജകളും മഹർഷിമാരുമൊക്കെ തങ്ങളിൽ സംസാരിച്ചു:—'ഈ ബുദ്ധിമാനായ രാജാവ് മഹാസുകൃതിയാണ്; ദേവകീകുമാരം വിശേഷിച്ചു നമുക്കും വേണ്ടതൊക്കെ നൽകുകയും, പ്രജകളെ ശരിയ്ക്കു രക്ഷിക്കുകയും ചെയ്യും.'

മഹാപ്രാജ്ഞന്മാരേ, പണ്ടു് ഈ ഭൂമി, ഉപജീവനത്തിനായി പ്രജകൾ വിതച്ച വിത്തിനെ വിഴുങ്ങിയുംവെച്ചു് അനങ്ങാതെ നില്പായി. അതിനാൽ പ്രജകൾ മഹർഷിമാർ ഉപദേശിച്ച പ്രകാരം പൃഥുവിനെ ചെന്നു കണ്ടു, 'ഞങ്ങൾക്കു് ജീവനോപായം നൽകേണം'മെന്നും, 'ഭൂമി വിത്തുകളെ വിഴുങ്ങിയും വെച്ചു് അനങ്ങാതെ നിൽക്കയാണെ'ന്നും അറിയിച്ചു. നാട്ടുകാക്കു നേരിട്ട മഹാഭയം കണ്ടതിനാലും, മഹർഷിമാർ പറഞ്ഞുകൊടുക്കുകയാലും ആ രാജസത്തമൻ ചൊടിച്ചു വില്ലും അമ്പുമെടുത്തു് ഉടനേതന്നെ ഭൂമിയുടെ നേർക്കു പാഞ്ഞടുത്തു. മേദിനിയാകട്ടെ, അദ്ദേഹത്തെ പേടിച്ചിട്ടു് ഒരാനയുടെ രൂപം പൂണ്ടു ഉത്തുംഗനഗങ്ങളിൽ ഒളിച്ചു നടക്കുകയായി. പൃഥു പൃഥിവിയെ കണ്ടെത്തിയില്ല; അപ്പോൾ മഹർഷിമാർ പറഞ്ഞുകൊടുത്തു, 'അനുനയിച്ചു നടക്കുകയാണെ'ന്നു്. ഉടനേ രാജാവു കുംഭിരൂപയായ ഭൂമിനിയോടു പാഞ്ഞടുത്തു; അദ്ദേഹത്തിന്റെ ക്രുദ്ധരൂപം കണ്ടിട്ടു് അവൾ

Digitized By Kerala Sahitya Akademi

സിംഹരൂപം ധരിച്ചു പായുവാൻ തുടങ്ങി. അവളെ വേഗത്തിൽ പിൻതുടർന്നു അതിരുത്താൻ കണ്ണുകടം തുടത്ത പാർത്ഥിവൻ കൃത്തു മൂർത്ത തരങ്ങടം കൊണ്ടെയ്തു. അനുകടം തറച്ചു വശംകെട്ടഴന്നു ഭൂമി ഒരു പോന്തിൻവടിവേന്തി പാഞ്ഞിലാനി. അപ്പോഴും, ചാപബാണപാണിയായ ഭൂപാലൻ പിന്തുടർന്നു. അപ്പോഴും അവടം ഒരു പക്ഷുവായിച്ചമഞ്ഞു സ്വർഗ്ഗത്തിലേയ്ക്കോടി, മഹാത്മാക്കളായ ബ്രഹ്മവിഷ്ണുമഹേശ്വരാദിദേവകളെല്ലാം തന്നെടം പ്രാപിച്ചു നോക്കി; എങ്ങടം രക്ഷ കിട്ടാത്തതിനാൽ തരംകീഡിതയായ അവടം തിരിയേ പൃഥുവിന്റെ അടുക്കൽത്തന്നെ പന്തരംചെന്നു, തൊഴുകയ്യുമായിനിന്ന അദ്ദേഹത്തോടപേക്ഷിച്ചു:—'രക്ഷിക്കണേ, മഹാരാജാവേ, രക്ഷിക്കണേ! മഹാപ്രാജ്ഞ, സർവ്വാധാരവും വസുന്ധരയുമായ ധാത്രിയാണ്ടോ ഞാൻ. ഞാൻ നശിച്ചാൽ ഏഴ്ലോകവും നശിച്ചു! എന്നെന്നടം ത്രൈലോക്യപൂജ്യയായ ഞാൻ മരാനാന്തരം അങ്ങയെ തൊഴുതു രക്ഷിച്ചുകൊള്ളുന്നു: സ്ത്രീയെ ഒരിയ്യലും വധിച്ചുകൂടാ. സ്ത്രീവധം മഹാപാപമാണെന്നത്രേ പണ്ടുള്ള മഹാത്മാക്കടം പറഞ്ഞിട്ടുള്ളത്. ഗോവധവും മഹാപാപം തന്നെ. എന്നെക്കൂടാതെ ഇവിടുന്നു പ്രജകളെ എങ്ങിനെ പുലർത്തും? ഞാനുണ്ടെങ്കിലേ ചരാചരജഗത്തുകളുമുള്ളു—ഞാൻ നിലനിന്നേ അവയെല്ലാം നിലനിൽക്കൂ. ഞാനില്ലാതായാൽ ലോകങ്ങടമെല്ലാം മുടിഞ്ഞുപോകും. അതിനാൽ, എന്നെ ഇവിടുന്നു രക്ഷിച്ചുകളയരുതു്. പ്രജകടംക്കു നന്മവരുത്തേണ്ടതെന്നുണ്ടെങ്കിൽ എന്റെ വിനീതവചനം കേട്ടുകൊടുക്കുക: ഉപായങ്ങടം കൊണ്ടാണല്ലോ ഉദ്യമസിദ്ധിയുണ്ടാവുന്നതു്. അതിനാൽ ഉപായം ആലോചിച്ചു പ്രജകടംക്കു സ്വാസ്ഥ്യം വരുത്തുക. എന്നെ വധിച്ചാൽ പ്രജകളെ നിലനിർത്താനും പോറ്റാനും രക്ഷിപ്പാനും ഇവിടുന്നു തരമുണ്ടാകുമോ? പ്രജകളെ നിലനിർത്തണമെങ്കിൽ കോപം അടക്കുക. ഞാൻ അന്നമയിയായിത്തീരുകയും പ്രജകളെ ധരിയ്ക്കുകയും ചെയ്തുകൊള്ളാം. ഞാൻ സ്ത്രീയാകയാൽ അവധ്യയാകുന്നു: തിര്യക്കുജാതികളിലുള്ള സ്ത്രീയെപ്പോലും വധിച്ചുകൂടാ എന്നാണല്ലോ ആപ്തവാക്യം. മഹാരാജാവേ, ധർമ്മംകരുതി, എന്നെ വിട്ടയയ്ക്കുമാറാകണം.'

ഇങ്ങിനെ പലതരത്തിലും ഭൂമി ഭൂപാലനോടരിയാടി:—'ഭാരുണമായ ഈ കോപത്തെ ഉപേക്ഷിച്ചാലും. രാജേന്ദ്ര, ഇവിടുന്നു പ്രസാദിച്ചാലേ എനിക്കു സ്വാസ്ഥ്യം വരൂ.' ഭൂമി ഇപ്രകാരം അപേക്ഷിച്ചു

Digitized By Kerala Sahitya Akademi

പ്പോൾ, ക്ഷത്രപശാലിയായ പൃഥുനരേന്ദ്രൻ ആ മഹാഭാഗയോട് പറഞ്ഞു:—

ശ്രീപരമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, പൃഥൂപാഖ്യാനം, ഭൂമിക്കുമേയപ്രാർത്ഥന ഇരുപത്തേഴാമധ്യായം.

—(o)—

ഇരുപത്തേഴാമദ്ധ്യായം

പൃഥു:—'കുറെ പാപിയെ കൊന്നാൽ സജ്ജനങ്ങൾക്കൊക്കെ സുഖത്തോടേ ജീവിച്ചിരിക്കാറാകുമെന്നു വരുമ്പോൾ, ആ ഉണ്ടുജിയായ പാപിയെ ഹനിയ്ക്കുകതന്നെവേണം. അതിനാൽ, സർവ്വാത്മനാ ശിനിയായ നിന്നെ ഞാൻ ഹനിച്ചുകളയും! നീ വിത്തുകളൊക്കെ വിഴുങ്ങിയുംവെച്ച് അനങ്ങാതിരിക്കയല്ലയോ ചെയ്യുന്നത്? പ്രജകളെ നശിപ്പിച്ചിട്ടു നീ എവിടെപോകും! ദുർവൃത്തനായ പാപിയെ കൊന്നേ സത്തുക്കൾക്കു സുഖംകിട്ടൂ. അതിനാൽ തീർച്ചയായും പാപിയെ സംഹരിച്ചു, ധർമ്മം നടക്കുമാറു രക്ഷ ചെയ്യണം. ലോകദ്രോഹിയെ കൊന്നവന്ന് ഒരു പാപവും വരാനില്ല. സ്വകീയനോ പരകീയനോ ആയ ഒരു പാപിയെ കൊന്നാൽ അനേകം പേർക്കു സുഖംലഭിക്കുമെങ്കിൽ, ആ ദുഷ്ടനെ കൊല്ലുന്നതിൽ പാപമില്ല. എന്റെ നല്ലവാക്കു നീ കേൾക്കാഞ്ഞ പക്ഷം, പ്രജകൾക്കുവേണ്ടി, ഞാൻ നിന്നെ കൊല്ലുകതന്നെ ചെയ്യും—വസുന്ധരെ, എന്റെ വാക്കു കേൾക്കാതിരുന്നാൽ നിന്നെ ലോകഹിതത്തിന്നായി ഞാൻ ക്രുദ്ധനുകരംകൊണ്ടു വധിച്ചുകളയും! മൂന്നുലോകത്തുമുള്ള പ്രജകളെ ഞാൻ, എന്റെ തേജസ്സുകൊണ്ടും ധർമ്മംകൊണ്ടും നിലനിൽക്കുമാറാക്കും! നീ ധർമ്മയുക്തമായ എന്റെ ശാസനം കൈക്കൊണ്ട്, എന്റെ ഈ പ്രജകളെഎന്നെന്നും ജീവിപ്പിച്ചുകൊള്ളണം; എന്റെ ഈ ശാസനം നീ അനുഷ്ഠിയ്ക്കുന്നതായാൽ ഞാൻ പ്രസാദിക്കാം; സദാ നിന്നെയും മറ്റുള്ള വരേയും സംരക്ഷിയ്ക്കുകയും ചെയ്തുകൊള്ളാം.'

Digitized By Kerala Sahitya Akademi

ശരീരത്തിൽ ശരങ്ങളേറ്റു തറച്ചിട്ടുള്ള ആ ഗോരൂപിണിയായ ദേവി ധർമ്മാത്മാവായ പൃഥുവിനോട് ഇപ്രകാരം പറഞ്ഞു:—'മഹാരാജാവേ, പ്രജകൾക്കുവേണ്ടി അങ്ങയുടെ സത്യപുണ്യസംയുക്തമായ ശാസനം ഞാൻ തീർച്ചയായും നിറവേറ്റിക്കൊള്ളാം. പരിശ്രമമായ ഉദ്യമവും ഉപായവും കൊണ്ടല്ലോ പ്രയോജനങ്ങൾക്കു സിദ്ധിവരുന്നതു.' അതിനാൽ, ഭവാൻ സത്യവാനായി ഈ പ്രജകളെയെല്ലാം നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഉപായം ചിന്തിച്ചാലും: രാജശ്രേഷ്ഠ, എന്റെ ദേഹത്തിൽ തറഞ്ഞുനില്ക്കുന്ന ഈ തീക്ഷ്ണബാണങ്ങളെല്ലാം പറിച്ചെടുക്കുക; എങ്കിൽ, പയസ്സുനില്ക്കുമാറു് എനിയ്ക്കു നിരപ്പുവരുത്തുകയും ചെയ്യുക.'

ഉടനെ വേനതനയൻ വിവിധങ്ങളായ മഹാഗിരികളെ വില്ലിൻതലകൊണ്ടു തോണ്ടിയെറിഞ്ഞു, ഭൂമിയെ നിരപ്പാക്കി നിലയിലാക്കി; അന്നു് ആ പർവ്വതങ്ങളും വളർന്നുനില്ക്കുകയായിരുന്നു. ഭൂമിയുടെ ദേഹത്തിൽ നിന്നു തന്റെ ബാണങ്ങളെല്ലാം സദയം പറിച്ചെടുത്തു്, ആ പുണ്യവർഷനായകൻ കഴിയും സ്നേഹവും ശരങ്ങൾകൊണ്ടു നികത്തി ധരിത്രിയുടെ നിരപ്പുവരുത്തി. പിന്നെ വീണ്ടും വീണ്ടും ആലോചിച്ചു് കന്യാമതായി സ്വായംഭുവമനുവിനെ ഇവർക്കു വത്സനാക്കി.

മന്വന്തരങ്ങളെല്ലാം കഴിഞ്ഞുപോയപ്പോൾ, ഭൂമി നിരപ്പില്ലാതെ കിടക്കുകയായിരുന്നു. മാറ്റം ഒരേടത്തും ഇല്ലായിരുന്നു. പണ്ടു ചാക്ഷുഷമന്വന്തരത്തിൽ ഉടലിട്ടകാലത്തു, നിമ്നോന്നതമായിരുന്ന ഭൂതലത്തിൽ ഗ്രാമം, പുരം, പത്തനം, രാജ്യം, ക്ഷേത്രം എന്നിവയ്ക്കു് അതിരൊന്നും ഉണ്ടായിരുന്നില്ല. കൃഷിയോ ഗോരക്ഷയോ കച്ചവടമോ നടന്നിരുന്നില്ല. ആരും പൊളി പറഞ്ഞിരുന്നില്ല. ലോഭം, മത്സരം, അഭിമാനം, പാപാചരണം എന്നിവയും ഇല്ലായിരുന്നു.

വൈവസ്വതന്മന്വന്തരത്തിൽ, പൃഥു ജനിക്കുന്നതിനുമുമ്പുതന്നെ പ്രജകൾ ജനിച്ചിരുന്നു; അവരെല്ലാം വാസസ്ഥാനം അന്വേഷിച്ചു, ഭൂമിയിലും പർവ്വതങ്ങളിലും നദീസമുദ്രതീരങ്ങളിലും, നികുഞ്ജങ്ങളിലും തീർത്ഥങ്ങളിലും മറ്റും പുണ്യനിരതരായി പാർപ്പുറപ്പിച്ചു. പൂവും കായും തേനുമായിരുന്നു അവർക്കാഹാരം; അതുതന്നെ വളരെ ബുദ്ധിമുട്ടിയേ കിട്ടിയിരുന്നുള്ളൂതാനും. പ്രജകളുടെ ഈ കഷ്ടപ്പാടു കണ്ടിട്ടു പുരുഷകേസരിയായ വൈന്യനൃപാലൻ സ്വായംഭുവമനുവിനെ വത്സനാക്കി

Digitized By Kerala Sahitya Akademi

സപ്തമം കൈതന്നെ പാത്രവുമാക്കി ഭൂമിയെ കറന്നു, സർവസസ്യാന്ന മയമായ പാൽ സങ്കല്പിച്ചു; ആ സുധാസദൃശമായ അന്നംകൊണ്ടു പ്രജകളേയും പിതൃക്കളേയും ബ്രഹ്മാദി ദേവകളേയും സംതൃപ്തരാക്കുകയും ചെയ്തു. പൃഥുവിന്റെ ഈ പ്രസാദത്താൽ പ്രജകൾക്കു സുഖേന ജീവിക്കാമെന്നായി. അവർ ആ അന്നം ദേവകർക്കും പിതൃക്കർക്കും ബ്രാഹ്മണർക്കും വിശേഷിച്ചു അതിഥികർക്കും നൽകുകയും, പിന്നീടു സ്വയം ഭക്ഷിക്കുകയും ചെയ്തുപോന്നു; ആ അന്നംകൊണ്ടുതന്നെ യജ്ഞം കഴിച്ചു ദേവേശനായ വിഷ്ണുവിനേയും ദേവകളേയും തൃപ്തിപ്പെടുത്തുകയുമായി. വീണ്ടും, വിഷ്ണുവിനാൽ നിയോഗിക്കപ്പെട്ട മേഘം മഴപെയ്കയാൽ നല്ല നല്ല സസ്യങ്ങൾ ഉണ്ടായിത്തുടങ്ങി. സസ്യങ്ങളൊക്കെ ഉണ്ടായിത്തുടങ്ങിയതു പൃഥുവിന്റെ കാലം മുതൽക്കത്രേ. ആ അന്നം കൊണ്ടാണ്, ഇന്നും പ്രജകളെല്ലാം പുലരുന്നതു്.

വീണ്ടും, മഹാഭാഗരായ ബ്രാഹ്മണമഹർഷിമാർ ഈ വസുന്ധരയെ കറക്കുകയുണ്ടായി. സത്യവാന്മാരായ ദേവകർ കറന്നപ്പോൾ വത്സൻ ചന്ദ്രനും, ദോശ്ധാവു ബൃഹസ്പതിയുമായിരുന്നു; അതിൽ കിട്ടിയ ഊർജ്ജസ്വിയമത്രേ അമരന്മാക്കു് ആഹാരം. അവരുടെ പുണ്യസത്യത്താൽ ജന്തുക്കളെല്ലാം ജീവിച്ചുപോരുന്നു. മഹർഷിമാർ സത്യവും പുണ്യവുമാണു് കറന്നെടുത്തതു്. പിതൃക്കർ യമനെ വത്സനും അന്തകനെ ദോശ്ധാവുമാക്കി ഭൂമിയിങ്കൽ നിന്നു, സ്വധയാകുന്ന പാൽ വെള്ളിപ്പാത്രത്തിൽ കറന്നെടുത്തു. നാഗങ്ങളും സർപ്പങ്ങളും തക്ഷകനെ വത്സനാക്കി ചുരത്താണ്ടിൽ വിഷമാകുന്ന പാൽ കറന്നു. നാഗസർപ്പങ്ങൾക്കു ധൃതരാഷ്ട്രനായിരുന്നു കറവുകാരൻ. ആ അത്യുഗ്രമായ വിഷം കൊണ്ടത്രേ അവർ പുലരുന്നതു്. അതാണവക്കു് ക്രൂരതയും ദീർഘവും പരാക്രമവും. സർവശത്രുവിനാശനമായ മായയാകുന്ന പാലാണു്, ദൈത്യദാനവന്മാർ ഒത്തൊരുമിച്ചു കറന്നെടുത്തതു്. അവക്കു പാത്രം ഇരുമ്പുകൊണ്ടുള്ളതും, വത്സൻ വിരോചനനും, ദോശ്ധാവു ദൈത്യരുടെ സ്തുതിപാഠകനായി ദുർമ്മുഖനായ മധുവുമായിരുന്നു. ആ അസുരിമായയാണു് അവക്കു ജീവനവും പ്രജ്ഞയും ദേഹപുഷ്ടിയും തേജസ്സും പരാക്രമവും, ബലവും പൌരുഷവുമൊക്കെ; അതുകൊണ്ടതുമന്നായാണു്, അവരെല്ലാം ഇന്നും മായാകുശലരായിരിക്കുന്നതും.

Digitized By Kerala Sahitya Akademi

യക്ഷന്മാർ സർവ്വാധാരമായ മേരിനിയിങ്കൽ നിന്ന് അന്തർദ്ധാനമാകുന്ന പാൽ ഇരുമുപ്പാത്രത്തിൽ കറന്നു. വൈശ്രവണനായിരുന്ന വത്സൻ; ദോഗ്ദ്ധാവോ, മണിഭദ്രന്റെ അച്ഛനും മഹാബുദ്ധിമാനുമായ രജതനാഭനായിരുന്നു. ആ യക്ഷരാജചക്രവർത്തി സർവജ്ഞനും സർവധർമ്മജ്ഞനും കരുത്തനും മഹാതേജസ്വിയും മഹാതപസ്വിയും രണ്ടുതലയും എട്ടുകൈകളുമുള്ള വനുമത്രേ. അതാണ് യക്ഷന്മാർക്ക് ജീവനം. കരുത്തേറിയരാക്ഷസന്മാർ, പിശാചുക്കൾ, ഉന്മാദികളായ മാനുഷർ എന്നിവർ രജതനാഭനെ ദോഗ്ദ്ധാവും സുമാലിയെ വത്സനുമാക്കി ശവകപാലമാകുന്ന പാത്രത്തിൽ രക്തമാകുന്ന പാൽ കറന്നെടുത്തു. രക്ഷസ്സുകളും യാതുധാനരും പിശാചുക്കളും യക്ഷരും ഘോരവ്രതങ്ങളും അനുകൊണ്ടു ജീവിക്കുന്നു.

ഗന്ധർവരും അപ്സരസ്സുകളും കൂടി സംഗീതമാണ് വസുധയിങ്കൽനിന്നു കറന്നതു്. അവക്കു പാത്രം പദ്മവും, വത്സൻ വിഭ്രാജനായ ചിത്രരഥനും, ദോഗ്ദ്ധാവു സുരഭിയെന്ന സുകൃതാത്മാവായ ഗന്ധർവനുമായിരുന്നു. അതാണ് ഗന്ധർവക്കും അപ്സരസ്സുകൾക്കും ഉപജീവനം. പർവതങ്ങളും ഭൂമിയിങ്കൽ നിന്നു പലതരം രത്നങ്ങളും അമൃതിനൊത്ത ഔഷധികളും കറന്നു. മഹാഭാഗനായ ഹിമവാനായിരുന്നു വത്സൻ; ദോഗ്ദ്ധാവു മഹാമേരു; പാത്രം താഴ്വര. ആ പാൽ കൊണ്ടത്രേ, പർവതങ്ങളെല്ലാം പൊങ്ങിവളരുന്നതു്. കല്പദ്രുമാദികളായ പുണ്യമഹാവൃക്ഷങ്ങളും സാലത്തെ ദോഗ്ദ്ധാവും പ്ലക്ഷത്തെ വത്സനുമാക്കി പലാശപാത്രത്തിൽ ഛർദ്ദനദോഗ്ദ്ധ്രപ്രരോഹണം (വെട്ടിയാലും കരിഞ്ഞാലും വീണ്ടും പൊടിച്ചുവരിക) അനുകന്നു പാൽ കറന്നെടുത്തു.

സിദ്ധഗന്ധർവചാരണവിദ്യാധരന്മാരും ഈ സർവകാമപ്രദാത്രിയായ ധാത്രിയെ ദോഹനംചെയ്കയുണ്ടായി. ഓരോരുത്തരും വേവ്വേറെ പാത്രവത്സാദികളെ കല്പിച്ചു കറന്നതു എന്തെന്നിപ്പറയിച്ചിട്ടുണ്ടോ; അതാതിനെ ഇവരം അവക്ക്'ദാനംചെയ്യ: ഇങ്ങിനെയാണല്ലോ സൽസ്വഭാവം.

(ശ്ലോകങ്ങൾ.)

കറവിലുപ്സിതമൊക്കയുമേകിടും
സുരഭിയീലോക ധാത്രി വിധാത്രിയാം;
സകലസസ്യവിവർദ്ധിനി, സൃഷ്ടിയും
പ്രജയുമാസ്പദവും പെരിയോളിവരം.

Digitized By Kerala Sahitya Akademi

ലക്ഷ്മിയിവരം വിശ്വമയി;വിശ്വയിവരം;നന്മ-
യെസ്സാക്കയുമൊരമ്മയിവരം പുണ്യമണിയുന്നോരും;
പാവനി,വിയൽ പ്രകൃതിഭ്രതപരിഷത്തിൻ
ദിവ്യവടിവീയഖിലലോകധരയത്രേ.

ഈ ഭൂമി സമുദ്രമായിക്കിടക്കുകയായിരുന്നപ്പോൾ. മധുകൈടഭന്മാരുടെ മേദസ്സുകൊണ്ടു നിർമ്മിക്കപ്പെട്ടതാകയാൽ ഇതിനെ മേദിനി എന്നു പറഞ്ഞുവരുന്നു; പിന്നീടു പ്രീതിയാൽ പൃഥുരാജാവിന്റെ പുത്രിയായിച്ചമഞ്ഞതുകൊണ്ടു പൃഥ്വി എന്നു പറയപ്പെടുന്നു. ആ രാജാവു് ഗ്രഹഗ്രാമപുരപത്തനാലംകൃതയായ ഈ വസുന്ധരാദേവിയെ സസ്യസമൃദ്ധയാക്കി സംരക്ഷിച്ചുപോന്നു.

ഈപ്രകാരമത്രേ പൃഥുവിന്റെ പ്രഭാവം പുരാണങ്ങളിൽ ചൊല്ലിയിട്ടുള്ളതു്. ആ മഹാഭാഗൻ സർവ്വധർമ്മപ്രകാശകനായിരുന്നു. സനാതനനായ ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനുമാകുന്ന ത്രിമൂർത്തികളോടൊരുമിക്കുന്നു എപ്രകാരമോ; അപ്രകാരം ബ്രഹ്മവാദികളായ മഹർഷി ബ്രാഹ്മണർക്കു നമസ്കാരമുണ്ടാകുന്ന ആ രാജശ്രേഷ്ഠൻ. അദ്ദേഹമത്രേ, വർണ്ണാശ്രമങ്ങളെ സ്ഥാപിച്ചു ലോകമെല്ലാം നിലനിർത്തിയതു്. മഹാരാജാക്കന്മാരും രാജതപം ആഗ്രഹിയ്ക്കുന്നവരും ധനുർവേദം പഠിപ്പാൻ തുടങ്ങുന്നവരും ജയേച്ഛുക്കളും മഹീഭർത്തൃകർക്കു വൃത്തിദാതാവായി ആദിരാജാവായിരിക്കുന്ന പൃഥുവിനെ വന്ദിക്കണം.

ദ്വിജോത്തമന്മാരേ, ഭൂമിയെ കറന്നവർ ആരെല്ലാമെന്നും, വത്സങ്ങൾ ആരെല്ലാമെന്നും, പാത്രങ്ങൾ ഇന്നിന്നവയെന്നും, പാൽ എന്തെന്തെന്നും ഇതാ, ഭവാന്മാരോടു ഞാൻ പറഞ്ഞു. ധന്യവും പുണ്യവും യശസ്കരവും ആരോഗ്യപ്രദവുമായ ഈ പൃഥുചരിതം ശ്രവിയ്ക്കുന്നവൻ, നാരായണോത്തമ ഗംഗാസ്നാനം കഴിച്ചാലുള്ള ഫലം നേടും; പാപമെല്ലാം നീങ്ങി വിഷ്ണുലോകം പ്രാപിയ്ക്കുകയും ചെയ്യും."

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം പിതൃതീർത്ഥപ്രകരണം പൃഥുപാഖ്യാനം,
ഭൂമിദോഹയവർണ്ണനം ഇരുപത്തെട്ടാമദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

ഇരുപത്തൊൻപതാമദ്ധ്യായം

ഋഷിമാർ:—"വേനൻ പാപം ചെയ്തുകൊണ്ടാണല്ലോ ജീവിച്ചിരുന്നത്; ആ പാപത്തിന്നെങ്ങിനെ നിവൃത്തിവന്നു? എന്തുഫലം നേടി? പണ്ഡിതശ്രേഷ്ഠ, ആ വേനന്റെ ചരിതം ശരിയായി വിസ്തരിച്ചുപറയുക."

സൂതൻ:—"മഹാത്മാവായ വേനന്റേയും വൈന്യന്റേയും പുണ്യചരിതം കേട്ടിട്ടുള്ളതിൻവണ്ണം ഞാൻ പറയാം:

മഹാഭാഗനായ മകൻ—പൃഥു—ജനിച്ചതിന്നശേഷം വേനൻ നിർമ്മലനും ധർമ്മശീലനുമായിത്തീർന്നു: മനുഷ്യർ മാപാപം ചെയ്യുവെച്ചുതാക്കയും പരിശുദ്ധസംസർഗ്ഗത്താൽ നശിച്ചുപോകും. സൽസംഗത്താൽ പുണ്യവും, പാപിസംസർഗ്ഗത്താൽ പാപവും സംഭവിയ്ക്കുന്നു. പാപികളുടെ സംസർഗ്ഗം, സംഭാഷണം, ദർശനം, സ്പർശനം, ആസനം, ഭോജനം എന്നിവയാൽ പാപം പകരുന്നു; പുണ്യവാന്മാരിൽ നിന്നോ, പുണ്യം പകരുന്നു. തീർത്ഥഭൂതന്മാരുടെ സംസർഗ്ഗത്താൽ പാപം നീങ്ങി പുണ്യഗതി കിട്ടാതിരിയ്ക്കയില്ല."

ഋഷിമാർ:—"പാപികർക്കു പാപമകലാൻ കൈവരുന്നതെങ്ങിനെയാണ്? മഹാമതേ, വിസ്തരിച്ചു പറയു. കേൾപ്പാനാഗ്രഹമുണ്ട്."

സൂതൻ:—"മഹാപാപികളായ ലുബ്ധകന്മാരുദ്ധിവരന്മാർ നർമ്മദയിലും യമുനയിലും ഗംഗയിലും വസിയ്ക്കുന്നുണ്ടല്ലോ; അവർ അറിഞ്ഞോ അറിയാതെയോ അവയിൽ നീന്തിക്കളിയ്ക്കുകയും മഹാനദീസംസർഗ്ഗത്താൽ പരമഗതി പൂകുകയും ചെയ്യുന്നു. നിത്യസ്നാനത്താലും പുണ്യജലസംസർഗ്ഗത്താലും അവർക്കെല്ലാം പാപസഞ്ചയം വിട്ടൊഴിയുന്നു. ഗംഗയുടേയും മറ്റു നദികളുടേയും സുകൃതിജനങ്ങളുടേയും സംസർഗ്ഗത്താലും ദർശനസ്പർശനങ്ങളാലും പാപികർക്കു തീർച്ചയായും പാപമോചനം കിട്ടും. ഇതിലേയ്ക്ക് ഒരു പഴയ ഇതിഹാസം കേട്ടിട്ടുണ്ട്; ഏറ്റവും പുണ്യപ്രദമായ അതു ഞാൻ പറയാം.

പണ്ട് ഒരു മൃഗവ്യാധൻ ഉണ്ടായിരുന്നു. ആ വേടൻ നാടും തോറും നായ്ക്കളും വലകളും ശരചാപങ്ങളുമായി നടന്നു മൃഗങ്ങളെ

Digitized By Kerala Sahitya Akademi

ഒന്നര മാസം കഴിച്ചുപോന്നു. ഒരു ദിവസം ആ ദുഷ്ടൻ വില്ലും ശരങ്ങളും കൈക്കൊണ്ടു ശപാക്കളാൽ പരിവൃതനായി ഒരു കൊടുംകാട്ടിൽ കടന്നു, ഭയപ്പെട്ട മാനുകളേയും പന്നികളേയും കൊന്നുകൂട്ടുകയായി. അപ്പോൾ വേടനെപേടിച്ചു പ്രാണരക്ഷയ്ക്കായി പായുന്ന ഒരു മാമ്പേട, നർമ്മദാതീരത്തു ചെന്നു മീൻപിടിച്ചു മടങ്ങിപ്പോരുന്ന ഒരു മത്സ്യഘാതകന്റെ മുമ്പിൽ ചെന്നുപെട്ടു. നായ്ക്കളാൽ കാടിക്കുപ്പട്ടം അമ്പേറും മുറിഞ്ഞു വേദനപൂണ്ടും ഭയത്താൽ ഖേദംകെട്ടും കതിച്ചോടിക്കിതച്ചുംകൊണ്ടു നമ്മോതീരത്തണഞ്ഞ ആ മൃഗിയെ മൃഗവ്യാധൻ പിന്തുടരുന്നുണ്ടായിരുന്നു. അതിനെ കണ്ട ക്ഷണത്തിൽ, ബാണപാണിയായ മീൻ പിടുത്തക്കാരൻ അതിന്റെ നേരെ ഒരു കെടുബാണം എയ്വാൻ തുടങ്ങി. അപ്പോഴേയ്ക്കും നായ്ക്കളുമായി അടുത്തെത്തിയ മൃഗവ്യാധൻ, 'എനിക്കു വേട്ടയിൽ കിട്ടിയ ഇതിനെ ഞാൻ തന്നെ വേണം കൊല്ലുവാൻ' എന്നു വിലക്കി. അയ്യ ക്രൂരാക്കാതെ, ദുഷ്ടനായ മീൻപിടുത്തക്കാരൻ മാംസക്കൊതിമൂലം മാമ്പേടയുടെ നേർക്കു ശരം അയ്ക്കയ്തു കളഞ്ഞു; വേടനും ഒരു ക്രൂരനുവിട്ടു.

ക്രൂരപാപികളുടേയും ഓരോ ബാണമേറ് ആ മാമ്പേട ചാവുകയും, വിരുതേറിയ നായ്ക്കരും പാഞ്ഞു മേൽക്കേറിയതിനാൽ തീരത്തുനിന്ന പാപനാശനമായ രേവാജലത്തിലേയ്ക്കു വീഴുകയും ചെയ്തു. ഉടനേടി നായ്ക്കളും ആ നിർമ്മലതീർത്ഥത്തിലേയ്ക്കു ചാടി.

'ദുഷ്ട, എന്റെ മാൻപേടയെ നീ അമ്പെയ്തുകൊന്നതെന്തിന്?' എന്നിങ്ങിനെ മൃഗവ്യാധൻ കലികൊണ്ടു ചോദിക്കെ, മീൻപിടുത്തക്കാരൻ മറുവടി പറഞ്ഞു: — 'ഇതു തീർച്ചയായും എന്റെ വകയാണ്; നീ മേനി പുലമ്പുന്നതോ!' അങ്ങിനെ ക്രോധവും ലോഭവും മൂലം ആ ക്രൂരന്മാരിരുവരും തമ്മിൽ പൊരുതിപ്പിടിച്ചു നിർമ്മലനദിതിലേയ്ക്കു വീണു. അന്നു ഒരു അമാവാസിപുണ്യകാലമായിരുന്നു. അതേ സമയത്തു നദിയിൽ മുങ്ങിയതിനാൽ, ജ്ഞാനമോ ധ്യാനമോ സത്സ്വഭാവമോ സത്യമോ ഇല്ലാത്തവരെങ്കിലും ആ മാമ്പേടയും ശപാക്കളും വേട്ടക്കാരും പാപമെല്ലാം വേർപെട്ടു പരമഗതിയെ പ്രാപിച്ചു. ബ്രാഹ്മണശ്രേഷ്ഠന്മാരേ, തീർത്ഥപ്രഭാവവും സജ്ജനസംസർഗ്ഗവും പാപികളുടെ പാപത്തെ, അഗ്നി വിറകിനെ എന്നപോലെ ഭസ്മീകരിയ്ക്കുന്നു. ആ മഹാത്മാക്കളായ ഋഷിമാരുടെ ദർശനം, സംസർഗ്ഗം, സംഭാഷണം, സ്പർശനം എന്നിവയാലത്രേ പണ്ടു വേനരാജാവിനു ദോഷ

Digitized By Kerala Sahitya Akademi

മെല്ലാം നീങ്ങിയത്. അത്യുത്തമായ പാപം പോലും പുണ്യ സംസർഗ്ഗത്താൽ നശിച്ചുപോകും; വേനന്നാകട്ടേ മാതാമഹദോഷമേ ഉണ്ടായിരുന്നുള്ളു വല്ലൊ."

ഋഷിമാർ:—"മാതാമഹനെന്താണ് ദോഷം? വിസ്തരിച്ചു പറഞ്ഞുതരിക. മൃത്യുവ് കാലനും യമനും ധർമ്മനുമായ അദ്ദേഹം ആരേയും ഹിംസിക്കുമില്ല. പിന്നെ എന്താണ് പാപം? ചരാചരങ്ങളായ ലോകങ്ങളെല്ലാം സ്വകർമ്മവശഗരായിട്ട് ജനിയ്ക്കുന്നു; മരിയ്ക്കുന്നു. സ്വകർമ്മങ്ങളനുഭവിയ്ക്കുകയും ചെയ്യുന്നു. പാപികളേ അദ്ദേഹത്തെ ഭയാനകനായി ഭർത്സിയ്ക്കുന്നുള്ളു; അവരുടെ കർമ്മം ആലോചിച്ചു സത്യധർമ്മാത്മാവായ അദ്ദേഹം അവരെ ഭയാനകങ്ങളിലിട്ട് ഉണ്ടിപ്പിയ്ക്കുന്നു. പുണ്യവാന്മാരെയോ, പുണ്യലോകങ്ങളിൽ പോക്കുന്നു. അദ്ദേഹത്തിനു ദോഷമൊന്നും കാണുന്നില്ല; പിന്നെ, കാലന്റെ എന്തു ദോഷത്താലാണ് വേനൻ പാപിയായതു?"

സൂതൻ:—"ആ കാലരൂപനായ മൃത്യു ഉർബുദ്ധികളായ പാപികളെ മാത്രമേ ഉണ്ടിപ്പിക്കാറുള്ളു. അദ്ദേഹം അവരുടെ കർമ്മത്തെപ്പറ്റി വിചാരണചെയ്യുന്നു. ദുഷ്കൃതം ചെയ്യുവൻ നരകത്തിൽ പതിയ്ക്കും; അവന്റെ പാപം നോക്കിയറിഞ്ഞിട്ട് യമൻ അവനെ ഉണ്ടിപ്പിക്കുകതന്നെ ചെയ്യുന്നു. സുകൃതംചെയ്യുവൻ സ്വർഗ്ഗം പൂകും. മഹാബലനായ യമനൊരാൾതന്നെ സുകൃതികളെയെല്ലാം ഗീതമംഗളഭാനഭോഗാദികളാലുള്ള മഹാസൌഖ്യത്തിൽ മേത്തിണക്കുന്നു. പാപികളേയോ, അതിശയം പുണ്ട പലതരം പീഡകളിലും ഘോരങ്ങളായ കഷ്ടപ്പാടുകളിലുമിട്ട വലയ്ക്കുന്നു. അതിനാൽ, കർമ്മംകൊണ്ടു മൃത്യുവിന്റെ വ്യാപാരത്തിനു വ്യത്യാസം വരുത്തേണം.

ആ മഹാത്മാവിനുണ്ടായ സുനീഥ എന്ന പെൺകിടാവാകട്ടെ, എപ്പോഴും അച്ഛന്റെ ഉണ്ടനരകത്തിൽ അനുകരിച്ചു കളിയാടിപ്പോന്നു. അവൾ ഒരു ദിവസം തോഴിമാരോടുകൂടി കാട്ടിൽ കളിച്ചുകൊണ്ടുപോയപ്പോൾ, ഗീതകോലാഹലൻ എന്ന ഗന്ധർവ്വന്റെ പുത്രനായ ശ്രീമാൻ സുശംഖനെ കണ്ടെത്തി. ആ സർവ്വാംഗസുന്ദരൻ സംഗീതവിദ്യാസിദ്ധിക്കായി സരസ്വതിയെ ധ്യാനിച്ചുംകൊണ്ടു തപസ്സുചെയ്കയായിരുന്നു. സുനീഥ ആ യുവാവിനെ നാനാതോറും ഉപദ്രവിക്കുകയായി.

Digitized By Kerala Sahitya Akademi

സുശംഖൻ എല്ലാം ക്ഷമിച്ചുപോന്നു; പോവൂ, പോവൂ എന്ന പറകയേ അദ്ദേഹം ചെയ്തിരുന്നുള്ളൂ. പോകാൻ പറഞ്ഞാൽ അവൾ പോവുകയില്ല; ഉപദ്രവിച്ചുനിൽക്കുകയേ ചെയ്യൂ. ഒരിക്കൽ പോകാൻ പറഞ്ഞപ്പോൾ, ആ തപസ്വിനിയെ അവൾ അരിശംപൂണ്ടു തല്ലുകയും ചെയ്തുകളഞ്ഞു!! അതിൽ കുപിതനായ സുശംഖൻ പറഞ്ഞു:—'എടീ ദുഷ്ടേ, ദുർവൃത്തേ, എന്തിനാണ് നീ ഉപദ്രവിക്കുന്നത്? അടിച്ചതിന്നു പകരം അടിക്കുകയും പഴിച്ചതിന്നു പകരം പഴിക്കുകയും ചെയ്യുക സജ്ജനധർമ്മമല്ല. നീ തപസ്സിലിരിക്കുന്ന എന്നെ വൃഥാവിൽ പ്രഹരിച്ചുവല്ലോ!' ആ ധാർമ്മികൻ ഇത്രയും പറഞ്ഞിട്ട്, ഒരു പെണ്ണല്ലേ എന്നോർത്തു, ക്രോധത്തെ ഉപസംഹരിച്ചു.

ഉടനെ, പാപവ്യാമോഹത്താലോ ചെറുപ്പത്താലോ അവൾ തപസ്വിനിയായ സുശംഖനോട് മറുപടി പറഞ്ഞു—'മുന്നേ ലോകത്തുള്ളവരെയും പ്രഹരിക്കുന്ന ആളാണ് എന്റെ അച്ഛൻ. ദുഷ്ടരെ താഡിക്കും; ശിഷ്ടരെ കഷ്ടപ്പെടുത്തുകയില്ല. അതിനാൽ അദ്ദേഹം തിന്മയൊന്നുമില്ലാതെ, നന്മയോടുകൂടി വാഴുന്നു.' സുനീഥ പിന്നെ അച്ഛനോടറിയിച്ചു:—'അച്ഛ, ഞാൻ കാട്ടിൽ വെച്ച് ഒരു ഗന്ധർവ്വയുവാവിനെ അടിച്ചു; കാമക്രോധങ്ങളെ വെടിഞ്ഞു തപസ്സുചെയ്യുകയാണല്ലോ ഞാൻ. അപ്പോൾ, കാമവും രാഗവുമില്ലാത്ത ആ ധാർമ്മികൻ, 'അടിച്ചതിന്നു പകരം അടിക്കരുത്'; പഴിച്ചതിന്നു പകരം പഴിക്കരുത്' എന്നു പറകയേ ചെയ്തുള്ളൂ! അയാൾ എന്തുകൊണ്ടായിരിക്കാം?' ധർമ്മാത്മാവായ യമൻ സുനീഥയുടെ ചോദ്യത്തിന്നു മറുപടിയൊന്നും പറഞ്ഞില്ല.

ആ ദുഷ്ട വീണ്ടും കാട്ടിൽച്ചെന്നു, തപസ്സിലിരിക്കുന്ന സുശംഖനെ ചമ്മട്ടികൊണ്ടടിച്ചു. ബ്രാഹ്മണരേ, മൃത്യുപുത്രിയുടെ തല്ലേറിട്ട് അരിശംകൊണ്ട തേജസ്വിയായ സുശംഖൻ ആ സുന്ദരിയെ ശപിച്ചു:—'ദുഷ്ടേ, തപസ്സിലിരിക്കുന്ന നിരപരാധനായ എന്നെ നീ പ്രഹരിച്ചുകളഞ്ഞുവല്ലോ; അതിനാൽ നിന്നെ ഞാൻ ശപിക്കുന്നു: നീ ഗൃഹസ്ഥാശ്രമംപൂണ്ട ഭർത്താവിനോട് ചേർന്നാൽ, നിനക്ക് വേണ്ടുവോളമനുഭവിച്ചിരിക്കുന്ന ഒരു പാപിയായ പുത്രനാണുണ്ടാവുക——നിന്റെ വയറ്റിൽനിന്നു, സർവ്വപാപവും ചെയ്യുന്ന ഒരു ദുഷ്ടൻ പിറക്കുമാറാകട്ടെ!' ഇങ്ങിനെ ശപിച്ചിട്ട് അദ്ദേഹം തപസ്സിന്നായിത്തന്നെ നടകൊണ്ടു.

Digitized By Kerala Sahitya Akademi

ഉടനെ സുനീഥ ഗൃഹത്തിലേയ്ക്കു തിരിച്ചു, മഹാത്മാവായ അച്ഛനോട് ആ ഗന്ധർവ്വപുത്രൻ ശപിച്ചവിവരം അറിയിച്ചു. അതെല്ലാം കേട്ടിട്ടു യമൻ ചോദിച്ചു:— 'നിർദ്ദോഷനായ ആ തപസ്വിയെ നീ തല്ലിയതെന്തിനാണു'? അദ്ദേഹത്തെ അടിച്ചതു കഷ്ടം നന്നായില്ല!' ഇതുമുതലായി പറഞ്ഞിട്ടു, പരമദുഃഖിതനായ യമൻ അവളുടെ ദൈവയോഗം ചിന്തിച്ചുംകൊണ്ടിരിപ്പായി.

അക്കാലത്തൊരിക്കൽ, അത്രിപുത്രനായ അംഗൻ നന്ദനവനത്തിൽ ചെന്നെത്തി.

(ശ്ലോകങ്ങൾ)

പാകാരിയുണ്ടവിടെ വാണതുമില്ല, വാനോ-
ക്കേകാധിപൻ, മിഴികളായിരമുള്ളവേൻ,
രാകാശശാങ്കവദിവാം കളഹംസവർണ്ണ-
പ്രാകാശ്യമാർന്നകടചൂടിമഹാനുഭാവൻ,

ഗന്ധർവ്വകിന്നരമുനിപ്രവരാപ്സരസ്ത്രീ-
സംഘങ്ങളാൽ പലതരം പരിഗീയമാനൻ
വെൺചാമരങ്ങൾസുരഭിവ്യജനങ്ങളേന്തി
വിൺചാരുഗാത്രികനം യഥാവിധിവീശിടുന്നോൻ.

ചേലോലുമുത്തമപതിവ്രതയായ്പുകഴ്ന്ന
പെരലോമിയാം സുഭഗ തത്സവിധേവിളങ്ങീ;
ആലോലലോചനയുമായ്ക്കളിയാടിവാണാൻ
തൈലോക്യനാഥനിഹകാമസമൃദ്ധനിന്ദ്രൻ.

ഇന്ദ്രന്റെ മീല കണ്ടിട്ട് അത്ഭുതം പൂണ്ട അംഗരാജാവു് വിചാരിച്ചു:—'ഇവരാലെല്ലാം പരിവൃതനായ ഈ ദേവരാജാവു മറ്റുവാൻ തന്നെ: അഹഹാ, ഇദ്ദേഹത്തിന്റെ തപശ്ശക്തി.; ഇതു വലിയ സ്ഥാനം ലഭിച്ചുവല്ലോ! ഇദ്ദേഹത്തെപ്പോലെ സർവ്വോൽകൃഷ്ടനായ ഒരു പുത്രൻ എനിയ്ക്കുണ്ടായെങ്കിൽ, മികച്ച സുഖാനുഭവിക്കാമായിരുന്നു!' ഇപ്രകാരം വിചാരിച്ചുംകൊണ്ട് അദ്ദേഹം ബഹുപ്പെട്ട സ്വഗൃഹത്തിലേയ്ക്കു തിരിച്ചു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം
യമനോപാഖ്യാനപ്രാരംഭം ഇരുപത്തൊമ്പതാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

മൂന്നാമദ്ധ്യായം

സൂതൻ:—മഹാത്മാവായ മഹേന്ദ്രന്റെ സമ്പത്തും സമൃദ്ധിയും ലീലയും വിലാസവും കണ്ടിട്ട തുംഗതേജസ്സായ അംഗൻ, 'ഇതുപോലെ ഒരു പുത്രൻ എങ്ങിനെ ഉണ്ടായിവരും' എന്ന മനോരാജ്യത്താൽ ഖിന്നനായിട്ട്, അച്ഛനായ അത്രിയോട് താണവണങ്ങി ചോദിച്ചു:—'സുകൃതത്താൽ ഇന്ദ്രപട്ടം നേടിയിരിയ്ക്കുന്ന ഈ മഹാൻ ആരാണ്? എന്തൊരു ധർമ്മത്തിന്റെ ഫലമാണിതു്? ഇതിനു തക്കതായി എന്തൊരു ധർമ്മമാണ് ഇദ്ദേഹം ചെയ്തിട്ടുള്ളതു്? അതെയാണ് ആരാധിച്ചതു്? വിസ്തരിച്ചു പറഞ്ഞു തരുമാറാകണം.'

അത്രി:—'ഉണ്ണി, കൊള്ളാം! ആ ദേവന്റെ ധർമ്മത്തെപ്പറ്റിയാണല്ലോ നീ ചോദിച്ചതു്. അതു ഞാൻ പറയാം; കേൾക്കുക: പണ്ടു സുവ്രതൻ എന്നൊരു ബുദ്ധിമാനായ ബ്രാഹ്മണശ്രേഷ്ഠൻ ഉണ്ടായിരുന്നു. അദ്ദേഹം തപസ്സുചെയ്തു ഹൃഷീകേശനെ പ്രസാദിപ്പിച്ചതിനാൽ കശ്യപനിൽ നിന്ന് അദിതിയുടെ പുത്രനായി ജനിച്ചു; വിഷ്ണുപ്രസാദത്താൽ വിഷ്ണുവപ്പുരുമാളുമായി.'

അംഗൻ:—'പുത്രവത്സല, പുരന്ദരനെപ്പോലെയുള്ള ഒരു പുത്രൻ എങ്ങിനെ ഉണ്ടായിവരും? അതിനുള്ള ഉപായം പറഞ്ഞുതരിക. ഇവിടുന്നു സർവ്വജ്ഞനാണല്ലോ.'

അത്രി:—'ആ മഹാത്മാവായ സുവ്രതന്റെ പുണ്യചരിതം തന്നെ ചുരുക്കത്തിൽ ആലോചിച്ചുനോക്കു: സുവ്രതൻ പണ്ടു നാരായണനെ ആരാധിച്ചു. അദ്ദേഹത്തിന്റെ ഭക്തിയും ധ്യാനവും കണ്ടിട്ട ജഗദീശൻ സർവ്വഭോഗങ്ങളും ചേർന്ന മഹേന്ദ്രപദം കല്പിച്ചു നൽകുകയും ചെയ്തു. അങ്ങിനെ വിഷ്ണുപ്രസാദം നിമിത്തം അദ്ദേഹം ചരാചരാനന്ദിതമായ ത്രൈലോക്യൈശ്വര്യം അനുഭവിച്ചു പോരുന്നു.

ഇങ്ങിനെ ഇന്ദ്രചരിതമെല്ലാം ഭവാനു ഞാൻ പറഞ്ഞു തന്നു. ഭക്തിധ്യാനങ്ങൾകൊണ്ടു ഭഗവാൻ പ്രസാദിയ്ക്കും; പ്രസാദിച്ചാൽ

Digitized By Kerala Sahitya Akademi

സർവ്വം കല്പിച്ചുതരികയും ചെയ്യും. അതുകൊണ്ടു സർവ്വോത്തമവും സർവ്വഭവനും സർവ്വനാഥനുമായ ആ പരമപുരുഷനെ ആരാധിച്ചുകൊള്ളുക; മകനേ, എന്നാൽ നിനക്കുള്ളതൊക്കെ നിറയ്ക്കും. സുഖവും അത്ഥവും മോക്ഷവും ജഗദീശ്വരൻ തന്നരുളും. തന്തിരുവടിയെ ചെന്ന് ആരാധിച്ചുകൊണ്ടാൽ, ഭവാനു ശക്രതുല്യനായ പുത്രൻ ഉണ്ടായിവരും.

മഹാത്മാവായ ഋഷിയുടെ ഈ പരമാത്ഥവചനം കേട്ടിട്ട് ആ മഹാത്മാവായ അംഗൻ സനാതനനായ ഭഗവാനെ ആരാധിപ്പാൻ വേണ്ടി, ബ്രഹ്മപുത്രനായി ബ്രഹ്മസദൃശനായിരിയ്ക്കുന്ന അച്ഛനോടു വിടവാങ്ങി, കനകരത്നമയമായ മഹാമേരുശൃംഗം പ്രാപിച്ചു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥമാഹാത്മ്യകരണം, വേനോപഖ്യാനം, അംഗരാജകുലോത്പത്തിവർണ്ണനം, മുപ്പത്താമദ്ധ്യായം.

——(o)——

മുപ്പത്തൊന്നാമദ്ധ്യായം

സൂതൻ:—

(കിളിപ്പാട്ട്—കേകി)

നാനാമണിസപർണ്ണപൂർണ്ണം മഹാമേരു
ഭാനുമാൻപോലെ വിളങ്ങുന്നകാന്തിയാൽ.
ശീതളാശോകത്തണലിലിളക്കമി-
ല്ലാതങ്ങു വാഴ്വു സമാധിയിൽ യോഗികൾ;
വൻതപംചെയ്വു മുനിമാർ; മുഴങ്ങുന്ന
സന്തതം പുണ്യമാം ദിവ്യവേദസ്വനം.
ചേണാർന്ന ചന്ദനത്തോപ്പിലിരുന്നങ്ങു,
വീണകൾ കൈക്കൊണ്ട ഗന്ധർവ്വകിന്നരർ
സപ്തസ്വരമയ മൂർച്ഛനാതാളങ്ങ-
ളൊത്തസംഗീതം മുതിർക്കുന്ന ഭംഗിയിൽ.
ഉത്തമാടനു സുരസ്ത്രീകൾ നിർജ്ജര-
സിദ്ധാദിസേവിതമാമമ്മഹാദ്രിയിൽ.

Digitized By Kerala Sahitya Akademi

ചന്ദനാശോകപുന്നാഗനാഗങ്ങളും
മന്ദാരസന്താനമധ്യവൃക്ഷങ്ങളും
മന്ദാകിനീജലസികതങ്ങളായിത്തതു
നന്നായ് വളർന്ന വിലസുന്ന നീളവേ.
നാനാതരം രത്നധാതുക്കളുണ്ടങ്ങു,
നാനാവിനോദവും, നാനാശ്രുതങ്ങളും,
മാനും, ശരഭവും, മാമലപോലെഴു-
മാനകരം, സിംഹങ്ങളും, ക്രൂരന്മാർ നരികളും.
പൊൻതാമരകളും വെൺതാമരകളും
ചെന്താമരകളും ചേർന്നസരസ്സുകൾ
ഹംസകാരണ്ഡവപക്ഷിവർഗ്ഗങ്ങളാൽ
സംസേവിതങ്ങളായ് ശ്ലോഭിപ്പു നീളവേ.
ചാരുതരം തെളിനീരുറവും, കളിർ-
നീരുനിറഞ്ഞുള്ള കൂപം കളങ്ങളും,
വെള്ളിയുംപൊന്നും പളുങ്കുമാം വിസ്താര-
മുള്ള സൂര്യാഗ്നിതേർപ്പാറപ്പുറങ്ങളും,
ചന്ദ്രഹംസാഭമാം പൊൻപിടിച്ചാമര-
വൃന്ദവും താഴികക്കുടവുമൊത്തതായ്
പർവ്വതപ്രായമാം പ്രാസാദപംക്തിയും,
ദിവ്യങ്ങളായ വിമാനശതങ്ങളും
തിങ്ങിവിളങ്ങുന്ന, നാനാഗുണങ്ങളാൽ
ത്രൈലോക്യം സുരർ മേവുമാപ്പർവ്വതം.
ആ മഹാശൈലത്തിൽ നിന്നൊഴുകുന്നിയ
താമരപ്പൂക്കളും ഹംസവൃജവുമായ്
മഹാമുനിസേവിതമംഗലതീർത്ഥമാം
ത്രിപഥഗേറിടിന ഗംഗാമഹാനദി.

ഇപ്രകാരം പുണ്യകേതുകമംഗളമായ ആ മഹാഗിരിയിൽ ചെന്നെത്തിയിട്ട് അത്രിപുത്രനായ ഭഗവൻ അവിടെ പുണ്യമായ ഗംഗാതീരത്ത് ഒരു വിജനമായ രതകന്ദരത്തിൽ സ്ഥിതിചെയ്തു, കാമക്രോധങ്ങളെ വിട്ട സർവ്വേന്ദ്രിയങ്ങളും അടക്കി, ക്ലേശനാശനനായ കേശവസ്വാമിയെ മനസ്സിലുറപ്പിച്ചു ധ്യാനിയ്ക്കുകയായി. ഇരിപ്പിലും

Digitized By Kerala Sahitya Akademi

കിടപ്പിലും നടപ്പിലും ധ്യാനത്തിലും ആ യോഗയുക്തനായ യാമ്മികൻ ഭാമോദരനെ ഭജിച്ചുപോന്നു. ചരവും അചരവും ആർദ്രവും ശുഷ്കവും മറ്റു സകലവും അദ്ദേഹത്തിനു വിഷ്ണുമയമായിച്ചമഞ്ഞു. ഇങ്ങിനെ തപംചെയ്തുകൊണ്ട് ഒരു നൂറാണ്ടു കഴിഞ്ഞു. വളരെ ഘോരവിഘ്നങ്ങൾ പതിവായി നേരിട്ടിരുന്നുവെങ്കിലും, അവയെ അദ്ദേഹം മഹാത്മാവായ നരസിംഹദേവന്റെ തേജസ്സിനാൽ, അഗ്നി വിറകിനെ എന്നപോലെ ഭസ്മീകരിച്ചുപോന്നു. യമനിയമങ്ങളും ഉപവാസങ്ങളും നിമിത്തം ചടപ്പു പറ്റിയിരുന്നുവെങ്കിലും, അദ്ദേഹം സ്വതേജസ്സുകൊണ്ടു സൂര്യാഗ്നികൾക്കൊപ്പം സമുജ്ജ്വലിച്ചു.

ഇങ്ങിനെ ധ്യാനിച്ചുകൊണ്ടു തപസ്സിലിരിക്കുന്ന അംഗനോട്ട്, ഭഗവാൻ പ്രത്യക്ഷീഭവിച്ചു, 'മാനദ, വരംചോദിച്ചുകൊൾക' എന്നരുളിച്ചെയ്തു. പദ്മനാഭനെ കണ്ടതിനാൽ പരമനിർവൃതിയടഞ്ഞു മനംതെളിഞ്ഞ മഹർഷി തന്തിരുവടിയെ താണുവണങ്ങി സ്തുതിച്ചു:—

(ശ്ലോകങ്ങൾ)

ഭൂതത്തിനെല്ലാം ഗതി നീ ഭൂതഭാവന, പാവന
ഭൂതാത്മാ സർവ്വഭൂതേശൻ; പുണ്യാത്മാവേ, നമോസ്തുതേ!

പുണ്യരൂപ, മഹാഭാഗ്യ, പുണ്യാതീത, നമോസ്തുതേ!
പുണ്യമേ, പുണ്യകർത്താവേ, പുണ്യാത്മാവേ, പുണ്യാഢ്യനേ!

ഭവനേ, ഭവകർത്താവേ, ഭക്തർക്കു ഭവഹാരക,
ഭവോത്ഭവ, ഭവം ചോക്കുന്നോനേ, ഹൃഷ്യനമോസ്തുതേ!

നമോസ്തുതേ! യജ്ഞപതേ, യജ്ഞവിഗ്രഹ, യജ്ഞമേ!
യജ്ഞകർമ്മാഭിരതനേ, ശംഖധാരിൻ, നമോസ്തുതേ!

ഹിരണ്യവർണ്ണനേ, ചക്രം കൈരക്കാർംവോനേ, നമോസ്തുതേ!
ഹേസത്യമേ, സത്യരേവ, സർവസത്യമയ, പ്രഭോ!

ധർമ്മമേ, ധർമ്മകർത്താവേ, സധ്കാരിൻ നമോസ്തുതേ!
ധർമ്മാംഗനെ, മഹാവീര, ധർമ്മധാര, നമോസ്തുതേ!

അപുത്രനും പുത്രനുമാം പുണ്യാത്മാവേ, നമോസ്തുതേ
മായാമോഹം മുടിപ്പോനേ, സർവമായാവിധായക!

Digitized By Kerala Sahitya Akademi

അമൃത്തനും മൃത്തനുമാം മായാധര, നമോസ്തുതേ!
സർവമുത്തിക്കുപോന്ന ഹേ ശങ്കര, നമോസ്തുതേ!
ബ്രഹ്മാത്മൻ, ബ്രഹ്മമായോനേ, പരബ്രഹ്മസ്വരൂപനേ!
നമസ്തേ സച്ചിദാനന്ദമാവേ! ധാമധാരിൻ, നമോസ്തുതേ!
ശ്രീമാനേ, ശ്രീധര, ഹരേ, ശ്രീനിവാസ, നമോസ്തുതേ!
പാലാഴിയിൽപ്പുത്തരുളി മൂതാത്മൻ നമോസ്തുതേ!
പരമപുരുഷനുമേ, ധീര, മഹാപ്രജ്ഞോപരായണ,
അക്രൂരനേ, മഹാമേധ്യ, മേധ്യാധീശ, നമോസ്തുതേ!
അനന്തനേ, അനഘനേ, നമസ്തുഭ്യം ശേഷനേ!
പക്ഷിരൂപ, നമസ്തുഭ്യം കാശത്തിൽ പ്രകാശമേ!
ഋതമേ, ഋതലോകത്വമേ, ഹവിർമൂർത്തേ, നമോസ്തുതേ!
ബുധസ്വരൂപനേ, ബുധ, സദാബുധ, നമോസ്തുതേ!
സപ്തഹോതാരേ, മഹാത്മാവേ, ഗ്രഹാവ്യക്ത നമോസ്തുതേ!
വാസവ, വ്യാസനായോനേ, വസുരൂപ, നമോസ്തുതേ!
വാസുദേവ, ജഗൻമൂർത്തേ, വഹ്നിരൂപ, നമോസ്തുതേ!
ഇവിടെയുള്ള നമസ്കാരം പിഴച്ചാൽ കപില, വാമന!
നൃസിംഹദേവനേ, സത്യപ്രസംരക്ഷക, നമോസ്തുതേ!
ഗോവിന്ദ, ഗോപ, സത്യമേകാക്ഷര, നമോസ്തുതേ!
സവ്യക്ഷര, നമസ്കാരം! ഹംസരൂപ, നമോസ്തുതേ!
ശ്രീതത്വമേ, നമസ്കാരം! പത്മതത്വ, നമോസ്തുതേ!
പഞ്ചവിംശതിതത്വാത്മൻ, തത്വാധാര, നമോസ്തുതേ!
കൃഷ്ണസ്വരൂപനേ, കൃഷ്ണ, ലക്ഷ്മീനാഥ, നമോസ്തുതേ!
താരവിന്ദപലാശാക്ഷ, പരാനന്ദ, നമോസ്തുതേ!
വിശ്വംഭര, നമസ്കാരം! പാപാപഹ, നമോസ്തുതേ!
പുണ്യാതിപുണ്യനായോനേ, സത്യധർമ്മ, നമോസ്തുതേ!
നമോ നമഃ ശ്രുതാത്മ, നാശഹീന!
നമോ നമസ്സുവനസ്വരൂപിൻ!
മഹേശനേ, കേശവ, പത്മനാഭ,
നിൻപാദപത്മത്തിൽവണങ്ങിടുന്നേൻ.
ജനാർദ്ദനേശ, കമലാപ്രിയ, വാസുദേവ,
സർവേശ, രോഗമിവനേകുക കൈടഭാരേ!

Digitized By Kerala Sahitya Akademi

തുക്കാൽവണങ്ങുമിവനിൽ കൃപ ചെയ്യുകേട്ടു
ജന്മങ്ങളിലും ശമവിധായക, ശംഖപാണേ!

പുത്രാഭിബന്ധമരണാദിമയതാപമേറും
സംസാരമായ കൊടുതാമെരിതിയ്യിലയ്യോ
വല്ലാതെ ഒന്തുതകി വിഹ്വലനാമിവങ്കൽ
ജ്ഞാനാംബുപെയ്യുജിത,കാത്തരുളേണമേ,നീ!'

അംഗന്റെ ഈ സ്തുതികേട്ടിട്ട, സർവദേവോത്തമനായ വാസുദേവൻ കാർകൊണ്ടൽവർണ്ണംതിരണ്ട തിരുവുടൽ അദ്ദേഹത്തിന്നു കാണുമാറാക്കി സ്ഥിതിചെയ്തു. തൃക്കൈകളിൽ ശംഖചക്രഗദാപത്മങ്ങളേന്തി, ഹാരകുണ്ഡലകങ്കണാദിസർവാഭരണങ്ങളുമണിഞ്ഞു, ശ്രീവത്സകൌസ്തുഭവനമാലാങ്കിതവക്ഷസ്സായി, വൈനതേയന്റെ പുറത്തു വാണരുളുന്ന ഹൃഷീകേശൻ, 'ഭോ ഭോ മഹാബ്രാഹ്മണ,' എന്നിങ്ങിനെ മേഘഗംഭീരസ്വരത്തിൽ അഭിസംബോധനംചെയ്ത് ആ മഹാത്മാവായ അംഗനോടരുളിച്ചെയ്തു:—'അങ്ങയുടെ അപസ്സിനാൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; വേണ്ടുന്ന വരം ചോദിച്ചുകൊള്ളുക.'

പരിതുഷ്ടനായ പത്മാവല്ലഭനെ കണ്ടിട്ട് അങ്ങേയറ്റം പ്രഹർഷനായ അംഗൻ ആ മിന്നിത്തിളങ്ങുന്ന വിശ്വമൂർത്തിയുടെ തൃപ്പാദാംബുജത്തിൽ വീണ്ടും വീണ്ടും നമസ്കരിച്ചുണർത്തിച്ചു:—'ദേവേശ, ശംഖചക്രഗദാധര, നിന്തിരുവടിയുടെ ദാസനാണ് ഞാൻ. എനിയ്ക്കു വരംതരാമെങ്കിൽ, ഒരു കുലീനനായ പുത്രനെ തന്നാലും—സപ്തർഷികളിൽ സർവതേജസ്സും തികഞ്ഞു വിളങ്ങുന്ന ശക്രനെപ്പോലെ സർവജഗത്താവായ ഒരു പുത്രനെ എനിക്കു കല്പിച്ചുതന്നാലും. ദേവ, സർവദേവപ്രിയനും, ബ്രഹ്മണ്യനും, യജ്ഞതേജസ്സുള്ളവനും, ധർമ്മമൂർത്തിയും, ദാതാവും, ജ്ഞാനിയും, ത്രൈലോക്യപാലകനും, സത്യധർമ്മസംരക്ഷകനും, മികച്ച യജ്വാവും, ശൂരനും, മുപ്പതിനായിരണ്ടും, ജിതേന്ദ്രിയനും, സർവജേതാവും, അജിതനും, വിഷ്ണുതേജസ്സിയും, വൈഷ്ണവപുണ്യകർത്താവും, പുണ്യലക്ഷണനും, ശാന്തനും, തപസ്വിയും, സർവശാസ്ത്രവിശാരദനും, സുശീലനും, സർവധർമ്മജ്ഞനും, നിന്തിരുവടിയുടെ ഗുണങ്ങളെ ചേർന്നവനുമായ ഒരു മകൻ എനിക്കുണ്ടായി വരട്ടെ!'

Digitized By Kerala Sahitya Akademi

വിഷ്ണു:—'ഈ ഗുണങ്ങളോടുകൂടി, അത്രിവംശത്തേയും ഈ വിശ്വത്തേയും നിലനിർത്തുന്ന ഒരു പുത്രൻ അങ്ങയ്ക്കുണ്ടായിവരും; അവൻ തേജസ്സാലും യശസ്സാലും പിതൃപിതാമഹന്മാരെ ഉജ്ജ്വലിക്കും. ഭവാനു എന്റെ സ്ഥാനമായ ആ പരമവിഷ്ണുപദം കൈവരികയും ചെയ്യും.'

ഇത്രയുമരുളിച്ചെയ്തിട്ടു വീണ്ടും ദേവദേവൻ അംഗനോടു കഥിച്ചു:—'ഭവാൻ ഒരു പുണ്യവാന്റെ നല്ല പെൺകിടാവിനെ വേളികഴിച്ചു്, അവളിൽ ശ്രേഷ്ഠനായ പ്രിയപുത്രനെ ഉല്പാദിപ്പിച്ചുകൊടുക്കുക. അവൻ, എന്റെ പ്രസാദത്താൽ, അങ്ങാഗ്രഹിക്കുന്നതുപോലെ ധാർമ്മികനും സർവ്വജ്ഞനുമായിത്തീരും.' ഇങ്ങിനെ വരംകൊടുത്തിട്ട് ഗോവിന്ദൻ അന്തർദ്ധാനംചെയ്തു."

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
വേനോപാഖ്യാനം; അംഗിരസലബ്ധി കൂടെത്തന്നെ മധ്യമം.

——(o)——

മുപ്പത്തിരണ്ടാമദ്ധ്യായം

ഋഷിമാർ:—"ഗന്ധർവയുവാവായ സുശംഖൻ സുനീഥയെ ശപിക്കുകയുണ്ടായല്ലോ? ആ ശാപമെങ്ങിനെയായി? അവർ എന്തൊക്കെ ചെയ്തു? ശാപംമൂലം, അവർ എങ്ങിനെയുള്ള പുത്രനെയാണ് പെറ്റത്? അവളുടെ കഥവിസ്തരിച്ചു പറയുക".

സൂതൻ:—സുശംഖനാൽ ശപിക്കപ്പെട്ട ആ കുശേശയിയായ സുനീഥ വന്ദിച്ചു ഭഗവതിയോടെ അച്ഛന്റെ അടുക്കൽച്ചെന്നു തന്റെ വൃത്താന്തമൊക്കെ അറിയിച്ചു. അതുകേട്ടിട്ടു ധാർമ്മികോത്തമനായ യമൻ മകളോടു ചോദിച്ചു:—'ഭദ്രേ, എന്തിനാണ് നീ ധർമ്മതേജസ്സിനെ കെടുത്തുന്ന ദുഷ്കർമ്മം ചെയ്തത്? ആ മുനിയെ തച്ചതു വലിയ തെറ്റായിപ്പോയി! കാമക്രോധങ്ങൾ വെടിഞ്ഞു പ്രശാന്തനായി പരമാത്മത്തിൽ ലയിച്ചുകൊണ്ടുതപസ്സിലിരിക്കു

Digitized By Kerala Sahitya Akademi

ന്ന ഒരു ധർമ്മിഷ്ഠനെ ആർ പ്രഹരിക്കുമോ, അവൻ പാപിയായിത്തീർന്ന് ഉടനെതന്നെ മരിക്കും. മകളെ, തച്ചതിനും തല്ലുകയും പഴിച്ചതിനും പഴിക്കുകയും ചെയ്യുവൻ ആ തല്ലോറവന്റെ പാപം കയ്യേൽക്കുന്നു; ശാന്തനും ജിതേന്ദ്രിയനുമായിട്ടുള്ളവൻ തച്ചവനെ തല്ലുകയില്ല. ഒരു നിരപരാധിയെ ആരെങ്കിലും പ്രഹരിക്കുന്നതായാൽ, ആയാളും മതിമറന്നു പകരം പ്രഹരിച്ചുപോകും; അപ്പോൾ പ്രഹർത്താവിന്റെ പാപം ആ നിരപരാധിയിലും പകരുന്നു. അതിനാൽ അപരാധിയെപ്പോലും പ്രഹരിച്ചുപോകരുത്.

കണ്ണേ, നീ ഒരു മഹാപാപമാണ് ചെയ്യുന്നത്; അതിനു ശാപവും പറഞ്ഞതുവല്ലോ. ഇനിയെങ്കിലും പുണ്യം ചെയ്യുക: എപ്പോഴും സജ്ജനസംസർഗ്ഗവും യോഗധ്യാനവും ദാനവും സാധിച്ചുകൊള്ളുക. മഹാപുണ്യവും വളരെ ക്ഷേമം നൽകുന്നതുമാകുന്നു സജ്ജനസംസർഗ്ഗം. സത്സംഗഗുണം അറിവാൻ ഒരു ദൃഷ്ടാന്തം നോക്കുക: ജലത്തിന്റെ ദർശനസ്പർശനസ്നാനപാനങ്ങൾകൊണ്ടു മുനിമാർ പുറത്തും അകത്തും അഴുക്കറ്റു സിദ്ധിയടയുന്നു. ഈ ചരാചരലോകങ്ങളൊക്കെ ജീവിച്ചിരിയ്ക്കുന്നതുതന്നെ. അപ്പുകാരം തെളിവും മൃദുഗതിയും പ്രിയംകരത്വവും പങ്കഹരത്വവും പുണ്യവീര്യവും സരസതയുമുള്ള സജ്ജനം പരക്കെ സൌഖ്യമുളവാക്കുന്നു. തീയോടുള്ള ചേർച്ചയാൽ സ്വർണ്ണത്തിന് അഴുക്കു നീങ്ങുന്നതുപോലെ, സത്സംസർഗ്ഗത്താൽ മനുഷ്യന്റെ പാപം നീങ്ങും. സത്യത്താൽ ഭീതിയും ജ്ഞാനത്താൽ നൈർമ്മല്യവും ധ്യാനത്താൽ കടംചൂടും പുണ്യം, പാപികൾക്കു തൊട്ടുകൂടാത്തതായി, പുണ്യതേജസ്സിനാൽ ഉജ്ജ്വലിക്കുന്ന സജ്ജനാഗ്നി പാപമാകുന്ന വിറകിനെ ഭസ്മീകരിക്കുന്നു: അതിനാൽ നീ സത്സംസർഗ്ഗമെ ചെയ്യാവൂ. മകളെ, മാധവനെ ധ്യാനിക്കുക; പാപബുദ്ധിവിട്ട പുണ്യം സമ്പാദിക്കുക.'

ഇങ്ങിനെ പിതാവിനാൽ പ്രതിബോധിതയായ സുനീഥ അദ്ദേഹത്തിന്റെ കാൽക്കൽ നമസ്കരിച്ചു നിർജ്ജനമായ വനത്തിലേയ്ക്കു നടകൊണ്ടു. അവിടെ ചെന്നപ്പുത്തിലെ കാമക്രോധങ്ങളും മോഹദ്വേഷങ്ങളും മായയും വെടിഞ്ഞു ഒരേകാന്തത്തിൽ തപസ്സുചെയ്യുകയായി. കളിപ്പാനായി വന്ന തോഴിമാരായ വിശാലാക്ഷിമാർ സുനീഥ

Digitized By Kerala Sahitya Akademi

യെ ദുഃഖിതയായി കണ്ടിട്ട്, ധ്യാനവും ചിന്തയും പൂണ്ട അവളോട് ചോദിച്ചു:—'ഭദ്രേ, നിനക്കെന്താണ് ഇത്ര വിഷാദം? സന്താപത്തിന്റെ കാരണം പറയൂ. ദുഃഖപ്രദമൊന്നല്ലോ ചിന്ത. ധർമ്മപത്നി, ധർമ്മത്തെപ്പറ്റിയുള്ളതൊന്നും, യോഗികൾ ചെയ്യുന്നതൊന്നും, ഈ രണ്ടു ചിന്തയേ സപ്രയോജനമായിട്ടുള്ളൂ; മറ്റു ചിന്തകളെല്ലാം നിരർത്ഥങ്ങളത്രേ. ചിന്ത ശരീരത്തേയും സൌന്ദര്യത്തേയും ബലതേജസ്സുകളേയും, സർവസൌഖ്യങ്ങളേയും നശിപ്പിച്ചുകളയും; തൃഷ്ണാമോഹലോഭങ്ങളേയും പാപത്തേയും ഉളവാക്കും. നാംതോറും ശീലിക്കപ്പെട്ട ചിന്തയാൽ രോഗവും നരകവും വന്നുകൂടുന്നു. അതിനാൽ നീ ചിന്തകൂടാതിരിക്കുക: മുൻജന്മത്തിൽ ചെയ്തുവെച്ച കർമ്മമേ ദേഹിക്കനുഭവപ്പെട്ടൂ. പിന്നെ എന്തിനാണ് ചിന്ത? നീ ചിന്ത കൈവിട്ട വിവരമെല്ലാം പറയുക.'

ശ്രീപത്മപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
വേദോപായ്യാനം, സുധീരാചരിതം മുപ്പത്തിരണ്ടോമദ്ധ്യായം.

———(o)———

മുപ്പത്തിമൂന്നാമദ്ധ്യായം

സൂതൻ:—മുമ്പു കാട്ടിൽവെച്ചു താൻ ചെയ്തതും മഹാത്മാവായ സുശംഖൻ ശപിച്ചതുമൊക്കെ ദുഃഖപീഡിതയായ സുനീഥ ആ സഖിമാരെ അറിയിച്ചു.

സുനീഥ:—'സഖിമാരേ, മറ്റൊന്നുകൂടി പറയാനുണ്ട്'; കേൾക്കുവിൻ: എന്റെ സൌന്ദര്യവും യൌവനവും കണ്ടിട്ട് അച്ഛൻ എന്നെപ്പറ്റി ചിന്തയിലകപ്പെട്ടു. ആ കീർത്തിമാൻ എന്നെ വേകടം മഹർഷിമാർക്കും കൊടുപ്പാൻ തുടങ്ങുകയുണ്ടായി: എന്നെ കൈക്കുപിടിച്ചു് അദ്ദേഹം വേകടനോട് പറഞ്ഞു:—'മഞ്ജുളാക്ഷിയും ഗുണവതിയുമായ എന്റെ ഈ കൊച്ചുമകളെ നിങ്ങളിൽ ഗുണവാനായ ഒരു മാന്യനു നൽകിയാൽ കൊള്ളാമെന്നുണ്ടു്.

Digitized By Kerala Sahitya Akademi

ഇതുകേട്ടിട്ട്, ക്ഷിമാരോടുകൂടിയ ഇന്ദ്രാദി ദേവന്മാർ യമനോട പറഞ്ഞു:—'അങ്ങയുടെ ഈ മകൾ ഗുണവതിയാണ്, സൌശീല്യത്തിന്റെ പരമകാഷ്ഠയാണ്; പക്ഷേ, ക്ഷിശാപം എന്നൊരു ദോഷം പററിയിട്ടുണ്ട്: ഇവളിൽ ഒഷ്ടവീര്യനായ പുത്രനുണ്ടല്ലോ ഉണ്ടാവുക. അവൻ മഹാപാപിയായി പുണ്യവംശത്തെ കെടുത്തുകളയും. ഗംഗാജലം നിറച്ച ഒരു കടത്തിൽ ഒരു തുള്ളി മദ്യം ഇററിച്ചാൽ, അതു മദ്യകുംഭമായി! അതുപോലെ, ഒരു പാപിമൂലം വംശം മുഴുവൻ പാപവത്തായിത്തീരും. കിറുകൂടി മതി പാലിനെ കെടുത്തു പുളിപ്പിക്കാൻ; അതേ പ്രകാരം ഒരു ദുഷ്പുത്രൻ വംശത്തെ കെടുത്തുകളയും. ഈയൊരു ദോഷത്താൽ പാപഭാഗിനിയായിരിക്കുന്ന അങ്ങയുടെ ഈ പുത്രിയെ പോയി വേറെ ആർക്കെങ്കിലും കൊടുത്തുകൊൾകെ.'

ഗന്ധർവ്വമഹർഷിമാരും ഇപ്രകാരവിധം പറഞ്ഞുപേക്ഷിച്ചതിനാൽ എന്റെ അച്ഛൻ വലിയ വ്യസനത്തിലായി. എന്റെ അമ്മകളാരും എനിക്കൊരു പ്രതിവിധിചെയ്യുന്നുമില്ല. ഇങ്ങിനെ ഒരു പാപം എനിക്ക പററിപ്പോയല്ലോ; അതിനാൽ സ്വയം കാട്ടിൽതന്നെ പാർത്തു തപസ്സുചെയ്തു ദേഹം ശോഷിപ്പിച്ചേയ്ക്കാം. ഇതാണ് എന്റെ മനോരാജ്യം. നിങ്ങാം ചോദിച്ചതിനാൽ സംഗതിയൊക്കെ ഞാൻ തുറന്നു പറഞ്ഞു.'

സഖിമാർ:—'സൌഭാഗ്യവതി, ദേഹനാശനമായ ദുഃഖം ത്യജിക്കുകതന്നെ വേണം. ദേവകം പറഞ്ഞ ദോഷം ഏതു വംശത്തിലാണില്ലാത്തത്? ബ്രഹ്മാവു പണ്ടു വിഷ്ണുസന്നിധിയിൽ ധാടി പറഞ്ഞു; ആ ബ്രഹ്മാവിനെ ദേവകം ഉപേക്ഷിക്കുകയുണ്ടായില്ല. അവിടുന്നു പൂജ്യതമനായി സ്ഥിതിചെയ്യുന്നു. ദേവേന്ദ്രനെ ബ്രഹ്മഹത്യ ബാധിച്ചു; എന്നിട്ടും അവിടുന്നു മഹാഭാഗരായ ദേവകളോടുകൂടി ത്രൈലോക്യം വാഴുന്നു. ഇട്ടേഹം പണ്ടു ഗൌതമന്റെ പ്രിയപത്നിയായ അഹല്യയെ ഗമിച്ചുവല്ലോ. പരദാരഗമനം ദേവന്മാരുടെ പതിവാണ്! ശിവൻ. ഭയങ്കരമായ ബ്രഹ്മഹത്യചെയ്തതിനാൽ ഇന്നും ബ്രഹ്മകപാലത്തോടു വേർപെട്ടിട്ടില്ല. നിമിയുടെ ശാപത്താൽ ദേഹം നശിച്ചിട്ട്, വീണ്ടും കടഞ്ഞിൽനിന്നുണ്ടായവനാണ്, തിരുവനന്തപുരത്തുള്ള അഗസ്ത്യൻ!

Digitized By Kerala Sahitya Akademi

ലോകത്തിലെ ചരാചരപൂജകർക്കും ദേവാദികൾക്കുകൂടിയും മേലാളായ വിഷ്ണുഭഗവാന്റെ മഹാശാപം അനുഭവിച്ചുപോരുന്നു. ചന്ദ്രൻ ഗുരുദാരഗമനത്താൽ ക്ഷയക്കാരനായി; എന്നാലും, പ്രതാപവാനായ ആ തേജസ്വി രാജരാജനായി വാണരുളുന്നു. പാണ്ഡുവിന്റെ മകൻ, ധർമ്മാത്മാവായ യുധിഷ്ഠിരനും, ഗുരുവിനെ കൊല്ലാൻ പൊളി പറയും!

ഈ മഹാത്മാക്കളിൽക്കൂടി മഹാപാപം സ്ഥിതിചെയ്യുന്നു. അതുകൊണ്ട് ഗുണഹാനിയില്ലാത്തതു്? ആരിലാണ് കളങ്കമില്ലാത്തതു്? സുമുഖി, നിനക്ക് ഈയൊരു സല്ലക്ഷണമേ ഉള്ളുവല്ലോ. നിന്നെ ഞങ്ങൾ സഹായിക്കാം. നിങ്കൽ പരിശോഭിക്കുന്ന സ്ത്രീഗുണങ്ങൾ മറ്റാരിലും ഞങ്ങൾ കാണുന്നില്ല: ഉത്തമസ്ത്രീകൾക്ക് കന്യാമത്തെ അനുരേണം സൌന്ദര്യം തന്നെ; രണ്ടാമതു സൌശീല്യം; മൂന്നാമതു സത്യം; നാലാമത്തേതു് അനുവ്രതം; അഞ്ചാമതു ധർമ്മം; ആറാമതു പാതിവ്രത്യം; ഏഴാമതു സ്നേഹം; എട്ടാമതു സാഹസം; ഒമ്പതാമതു മംഗളഗാനം; പത്താമതു വ്യവസായം; പതിനൊന്നാമതു കാമാധിക്യം; പന്തിരണ്ടാമതു മധുരോഷ്ണം. ഇതെല്ലാം ഭവതിക്കുണ്ടു്. ഭവതി ഭയപ്പെടേണ്ട. നിനക്കു ധർമ്മിഷ്ഠനായ ഭർത്താവുണ്ടായിവരാനുള്ള ഉപായം ഞങ്ങൾ കണ്ടിട്ടുണ്ടു്. സ്വസ്ഥയായി സാഹസം ചെയ്യാതിരിക്കൂ.'

ഇതുകേട്ടിട്ടു സുനീഥ വീണ്ടും സഖിമാരോടു പറഞ്ഞു:—'എനിക്കു ഭർത്താവുണ്ടാകാൻ ഉപായംപറഞ്ഞുതരുവിൻ. അതു രംഭയുടങ്ങിയ രമണീയാംഗിമാർ സുലോചനയായ സുനീഥയോടു പറഞ്ഞു:—'ഭദ്രേ, സർവ്വമായകളേയും തോന്നിയ്ക്കുന്നതും സർവ്വസുഖങ്ങളേയും നൽകുന്നതും പുരുഷന്മാരെ മയക്കുന്നതുമായ ഒരു വിദ്യ ഞങ്ങൾ ഉപദേശിച്ചുതരാം. ദേവാദികളിൽ ആരെയാരെ മോഹിപ്പിക്കേണമോ അവനെയവനെ ക്ഷണത്തിൽ മോഹിപ്പിച്ചുകൊൾക.' എന്നിങ്ങനെ അവർ വിദ്യയുപദേശിച്ചുകൊടുത്തു. അവൾ അതു കൈക്കൊണ്ടു.

വിദ്യ കൈവന്നതിൽ സുസന്തുഷ്ടയായ സുനീഥ സഖിമാരോടുകൂടിത്തന്നെ പുരുഷന്മാരെ തിരഞ്ഞുനടന്ന പുണ്യമായ നന്ദനവനത്തിൽ ചെന്നെത്തി. അവിടെ ഗംഗാതീരത്തു് ആ അത്രിവംശാ

Digitized By Kerala Sahitya Akademi

ലങ്കാരമായ സുന്ദരബ്രാഹ്മണൻ തപസ്സിലിരിക്കുന്നത് അവർകണ്ടു. ലക്ഷണംതികഞ്ഞവനായി സൂര്യതേജസ്വിയായി, രണ്ടാമത്തെ മന്മഥനൊ എന്നു തോന്നുമാറു നിസ്തുല്യരൂപനായി, വിഷ്ണുവിനൊത്ത തേജഃപരാക്രമങ്ങളുള്ള വൈഷ്ണമഹാഭാഗനായി, കാമക്രോധങ്ങൾ വിട്ട തപസ്വിയായി, ദിവ്യപ്രഭാവനായി, ദേവരൂപനായിരിക്കുന്ന ആ ഭാഗ്യശാലിയെ കണ്ടിട്ട് അവാം സഖിയായ രംഭയോടു ചോദിച്ചു:— 'ആരാണ് ഈ സഭയിൽ വാസിപ്പുവരൻ?'

ശ്രീപദ്മമഹാപുരാണം ഭൂമിഖണ്ഡം പിതൃതീർത്ഥപ്രകരണം വേതോപാഖ്യാനം, സുധീരയുടെ ചിത്രപ്രാപ്തി മുപ്പത്തിമൂന്നാമദ്ധ്യായം.

——(o)——

മുപ്പത്തിനാലാമദ്ധ്യായം

രംഭ:—'ഭദ്രേ, അവ്യക്തസംജ്ഞനായ ബ്രഹ്മാവിങ്കൽ നിന്നുജനിച്ച അത്രിപ്രജാപതിയുണ്ടല്ലോ; ആ ധർമ്മാത്മാവിന്റെ പുത്രൻ അംഗനാണ്, നന്ദനവനത്തിൽ വന്നുചേർന്നിരിക്കുന്ന ഈ മഹാശയൻ. ഇന്ദ്രന്റെ നാനാപ്രഭാവങ്ങളൊന്നു സമ്പാദിക്കുകണ്ടിട്ട് ഇദ്ദേഹത്തിന്നും ഇന്ദ്രതുല്യമായ പദത്തിൽ അഗ്രഹംതോന്നി. 'ഇതുപോലെ വംശവർദ്ധനനായ ഒരു പുത്രൻ എനിയുണ്ടായെങ്കിൽ, എന്റെ ജന്മം യശസ്സും കീർത്തിയും ചേർന്നു സുമംഗളയായിത്തീരുമായിരുന്നു!' എന്നിങ്ങനെ നിനച്ചു ഇദ്ദേഹം തപോനിയമങ്ങൾകൊണ്ടു വിഷ്ണുവിനെ ആരാധിച്ചു പ്രസാദിപ്പിച്ചു വരം യാചിച്ചു:—'മധുസൂദനേ, എനിക്കു സർവ്വപാപങ്ങളും പോക്കുന്ന വൈഷ്ണവനും വിഷ്ണുപ്രഭാവനും ഇന്ദ്രതുല്യനുമായ ഒരു പുത്രനെ മാനംചെയ്യുക!' 'ഇതുപോലെസർവ്വംസഹിക്കുകനായ ഒരു പുത്രനെ ഞാൻ തന്നിരിയ്ക്കുന്നു' എന്നു വിഷ്ണു വരംകല്പിച്ചു നൽകുകയുംചെയ്തു. അപ്പോഴുംമുതൽ ഈ ബ്രാഹ്മണോത്തമൻ, ഭവതിയെപ്പോലെ സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീരത്നകന്യയെ തേടിക്കൊണ്ടിരിക്കുകയാണ്. ഭവതി ഇദ്ദേഹത്തെ ചെന്നുവരിച്ചുകൊൾക. ഇദ്ദേഹത്തിങ്കൽനിന്നു പുണ്യാത്മാവും സർവ്വധർമ്മജ്ഞനും വിഷ്ണുപ്രഭാവനുമായ പുത്രൻ ഭവതിക്കുണ്ടായിവരും,

Digitized By Kerala Sahitya Akademi

ഇതാ, ദേവതി ചോദിച്ചതൊക്കെ ഞാൻ പറഞ്ഞുതന്നു. ഇട്ടേഹം നിനക്കു ശ്രേയസ്കരത്തോവായിരിക്കും. ഈവിധം ധർമ്മിഷ്ഠനായ പുത്രൻ ഉണ്ടാവുമ്പോൾ സുശംഖന്റെ ശാപം പാഴായിപ്പോകയും സുഖം ലഭിക്കുകയുംചെയ്യും. ഞാൻ പറയുന്നതു പരമാർത്ഥമാണ്. ഒരു കൃഷിക്കാരൻ നല്ല വയലിൽ വിത്തിനെയുള്ള വിത്തുവിതയ്ക്കുന്നുവോ; അങ്ങിനെയുള്ള ഫലം അനുഭവിക്കുന്നു. വിത്തിനൊത്തിരിക്കും ഫലം. ഒരിക്കലും മറിച്ചാവുകയില്ല. ഈ മഹാഭാഗനായ തപസ്വി പുണ്യവീര്യനാകുന്നു; ഇട്ടേഹത്തന്റെ വീര്യത്തിൽനിന്നുണ്ടാകുന്ന പുത്രനും, ഇട്ടേഹത്തിന്റെ ഗുണസമൃദ്ധിയാൽ അതിതേജസ്വിയും സർവ്വധാർമ്മികാഗ്രിമനും യോഗതത്പരജ്ഞനുമായിരിക്കും.'

ഇപ്രകാരം രംഭയുടെ ശ്രേയസ്കരമായ് ഭാഷിതംകേട്ടിട്ടു സുനീഥ സഭയം ആലോചിച്ചുനോക്കിയതിൽ, സഖി അഭിപ്രായപ്പെട്ടതെല്ലാം പരമാർത്ഥംതന്നെയാണെന്നുതോന്നി.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
വേനോപാഖ്യാനം, രംഭാസുഭാഷിതം, മുപ്പത്തിനാലാമധ്യായം.

(o)

മുപ്പത്തഞ്ചാമധ്യായം

സുനീഥ:—'ഭദ്രേ, ദേവതി പറഞ്ഞതു ശരിയാണ്. ഞാൻ ഇതുപ്രകാരം ചെയ്യാം: ഈ വിദ്യകൊണ്ടു ബ്രാഹ്മണനെ മോഹിപ്പിച്ചുകളയാം. എനിയ്ക്കു നന്മവരുമാറു നീ സഹായിക്കണം.'

ഇതുകേട്ടിട്ടു പേർപുകഴ്ന്ന രംഭ ചോദിച്ചു:—'എങ്ങിനെയാണ് ഞാൻ സഹായിക്കേണ്ടതു? സുനീഥ പറഞ്ഞു:—'ഇട്ടേഹത്തിന്റെ ഭാടകത്തിൽ എന്റെ ദുഹിതയായിചെല്ലുക.' ഉമ്പർനാരിയായ രംഭ അതുകേട്ടുറച്ചു:—'ഞാൻ ദേവതിയുടെ സാഹായ്യം ചെയ്യാം; സന്ദേശംതന്നാലും.

(കിളിപ്പാട്ട്—കളകാഞ്ചി)

മധുരതരതരുണമതേ തടവിന സുനീഥയോ
മായയാൽ ദിവ്യസരൂപയായ്ത്തീർന്നതിൻ

Digitized By Kerala Sahitya Akademi

മിന്നസമെഴുമസിതരുചി സുവസനമുടുത്തൊരെ
മിന്നം റവുക്കയിട്ടശ്ശ്യാംഗാരയായ്
എതിരകലുമുടലഴകിലുലകകം മയങ്ങുമാ-
റിഷ്ടസഖീജനമൊത്തു വിളങ്ങിനാൾ.
ചുടലസുമസുരവിടാ വിവിധമണിധാരുക്കൾ,
ചന്ദനാശോകരുണൽപ്പുരപ്പുങ്ങിനെ
ഗതകലുഷശ്ശ്രുതി ഗ്രഹകളിവ ചുഴലുമപ് സരോ
ഗന്ധവ്വമേളിത മേതശ്ശ്യാംഗാന്തരേ
മുളഹസിത മുഖമനഘനിനമൊടുവീണയും
മീട്ടിയുഞ്ഞാലിലിരുന്നവൾ പാടിനാൾ.

അപ്പോൾ, കാമക്രോധരഹിതനായ അംഗൻ ഒരു പുണ്യമായ വിജനകന്ദരത്തിൽ വിഷ്ണുവിനെ ധ്യാനിച്ചുകൊണ്ടിരിക്കുകയായിരുന്നു. സർവ്വപ്രാണികളേയും ആകർഷിക്കുന്ന താളസ്വരസമന്വിതമായ മധുരഗാനം കേട്ടിട്ട് അദ്ദേഹത്തിനു മനസ്സിളകിപ്പോയി. മായാഗീതമോഹിതനായ ആ മഹാശയൻ ക്ഷണത്തിൽ ആസനത്തിൽനിന്നെഴുന്നേറ്റു തെരുതെരെ നോക്കുന്നതിനിടയിൽ, ഒരുഞ്ഞാലിന്മേൽ വീണയും കോലും കൈക്കൊണ്ടു പുഞ്ചിരിയും തൂകി പാട്ടുപാടുന്ന പാർവ്വണേന്ദുമുഖിയെ കണ്ടെത്തി. തൽക്ഷണം, ഗാനത്താലെന്നപോലെ ശ്രുതിസ്ഥാലം മനസ്സിളകിയ മഹർഷിപുത്രൻ അങ്ങോട്ടോടിച്ചെന്നു. ലജ്ജാഭരമന്ദാരം, അദ്ദേഹം അവളുടേ അഴകുമൂലം മദനബാണമേറ്റു വല്ലാതെ വശംകെട്ടപോയി. ആ മഹാവിശാലാക്ഷിയായ മൃത്യുകന്യകയെ കണ്ടിട്ട് അംഗൻ മനംമറന്നു പുലമ്പുകയും മേൽക്കുമേൽ കോട്ടുവായിടുകയും വിയർക്കുകയും വിറയ്ക്കുകയും എരിപൊരികൊള്ളുകയും മൂർച്ഛിക്കുകയും നെഞ്ചുപിടയ്ക്കുകയും ശോഷിച്ചു വാടിത്തളരുകയും ചെയ്തു; ഒടുവിൽ അദ്ദേഹം സുമന്ദഹാസയായ സുനീഥയോടു ചോദിച്ചു:—'വരാരോഹേ, ഭവതി ആരാണ്? എന്തിനാണ് സഖിമാരൊന്നിച്ചു കാട്ടിൽവന്നതു? ആരാനനം അയച്ചതാണോ? സുമുഖി, ഭവതിയുടെ ശരീരം സർവ്വാംഗസുന്ദരമായി വിളങ്ങുന്നു! ഭയമെന്തെല്ലാമുണ്ടെന്നുള്ളതും പറഞ്ഞാലും. അവളുടെ മായയാൽ മഹർഷി വെളിവില്ലാത്തവനായിത്തീർന്നിരുന്നു; പോരെങ്കിൽ കാമശരാഹതനുമായിരുന്നു!

Digitized By Kerala Sahitya Akademi

ഈ ചോദ്യം കേട്ടിട്ട സുനീഥ മറുപടിയൊന്നും പറഞ്ഞില്ല; അവർ സഖിമാരുടെ മുഖത്തുനോക്കി, രംഭയുടെ നേരെ ഒരാംഗ്യം കാണിച്ചു. ഉടനെ രംഭ ആ ബ്രാഹ്മണശ്രേഷ്ഠനോട് താഴ്മയിൽ അറിയിച്ചു:—'മഹാത്മാവായ യമന്റെ മകൾ സുനീഥയാണ് ഈ സൌഭാഗ്യവതി. ലക്ഷണമെല്ലാം തികഞ്ഞ ഈ കന്യക ധർമ്മിഷ്ഠനും തപസ്വിയും ശാന്തനും ദാന്തനും മഹാപ്രാജ്ഞനും വേദവിദ്യാവിശാരദനുമായ ഒരു ഭർത്താവിനെ അന്വേഷിക്കുകയാണ്.'

അപ്പോൾ അംഗൻ അപ്സരശ്രേഷ്ഠയായ രംഭയോട് പറഞ്ഞു:—'ഭദ്രേ, ഞാൻ വിശ്വത്രുപനായ വിഷ്ണുവിനെ ആരാധിച്ചു സർവ്വസിദ്ധിദമായ പുത്രവരം വാങ്ങിയിരിക്കുന്നു; അതിനാൽ പുത്രാർത്ഥമായി, ഒരു പുണ്യവീര്യന്റെ മകൾ കിടാവിനെ ഞാൻ പത്നിവായി അന്വേഷിച്ചുപോന്നു. എനിക്കുവേണ്ടി ഒരുത്തിയെ കണ്ടെത്തിയില്ല. ധർമ്മകന്യകയായ ഈ സുന്ദരി ധർമ്മവതിയായിരിക്കുമല്ലോ; ഇവരെ, ഭാര്യാവിധിനെ തേടുകയാണെങ്കിൽ എനിക്കു വരിക്കട്ടെ. ഇവരെക്കൊണ്ടു വേണ്ടുന്നതൊക്കെ, കൊടുത്തുകൂടാത്തതുപോലും, ഞാൻ തീർച്ചയായും കൊടുത്തുകൊള്ളാം.' രംഭ പറഞ്ഞു:—'ബ്രാഹ്മണശ്രേഷ്ഠ, ഇങ്ങനെതന്നെ ചെയ്യണം. ധർമ്മപത്നിയായ ഇവളെ ഒരിക്കലും അങ്ങുപേക്ഷിക്കരുത്. ഇതിലേയ്ക്ക് ഒരുറപ്പുകൊടുക്കുക—ഈ കരംനിന്മേൽ കൈകൊടുക്കുക.'

അംഗൻ:—'അങ്ങിനെയാകട്ടെ, ഞാനിതാ, ഇവരുടെ കൈകൊടുക്കുന്നു.'

ഇങ്ങിനെ വിശ്വാസത്തിന്നായി കരാറുചെയ്തിട്ട് അംഗൻ സുനീഥയെ ഗാന്ധർവവിധിയിൽ വിവാഹംചെയ്തു. സുനീഥയെ അംഗനെ കൊടുത്തിട്ട് മനംകളിത്ത രംഭ അവളോട് യാത്രപറഞ്ഞു സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു. സന്തുഷ്ടമാരായ മറ്റു സഖികളും സ്വസ്ഥാനങ്ങളിലേയ്ക്കു ഗമിച്ചു.

സഖിമാരെല്ലാം പോയതിന്നശേഷം, ഭാഗ്യപുംഗവനായ അംഗൻ ആ പ്രിയഭാര്യയോട് കൂടി രമിച്ചുവാൻ തുടങ്ങി. അവളിൽ ലക്ഷണമെല്ലാം തികഞ്ഞ ഒരു പുത്രൻ ഉണ്ടായിവന്നു. ആ മകനു വേനൻ എന്നു പേരുമിട്ടു. തേജസ്സേറിയ സുചീന്ദ്രനായൻ ക്രമേണ മുതിർന്നു വേദശാസ്ത്രങ്ങളും പുണ്യവത്തായ ധനുർവേദവും പഠിച്ചു. മേധാശാലിയായ അവൻ എല്ലാ വിദ്യകളുടേയും മകരയെത്തി. വേനൻ സ

Digitized By Kerala Sahitya Akademi

ദ്ധത്തനായിത്തന്നെ വർത്തിച്ചു; എന്നാൽ ക്ഷത്രിയാചാരങ്ങളിലായിരുന്നു അദ്ദേഹം താൽപര്യം. സ്വഭാവത്തിൽ തേജസ്സെല്ലാം തികഞ്ഞ ശുക്രൻ എപ്രകാരമോ, അപ്രകാരം ആ മഹാപ്രാജ്ഞൻ ബലപരാക്രമങ്ങൾകൊണ്ടു ശോഭിയ്ക്കുകയായി.

വൈവസ്വതമനുവിന്നശേഷം വാക്ഷുഷമനുപന്തരത്തിൽ, ഒരു രാജാവില്ലായ്കയാൽ ലോകത്തിലെ പ്രജകൾക്കു സദാ സങ്കടം നേരിട്ടുകൊണ്ടിരുന്നു. അതിനാൽ, ധർമ്മതത്പരന്മാരായ തപോധനന്മാർ പ്രജകൾക്കു വേണ്ടി സത്യധർമ്മകുശലനായ ഒരു രാജാവിനെ അന്വേഷിയ്ക്കുകയായി. അവർ ലക്ഷണപൂർണ്ണനായ വേനനെത്തന്നെ കണ്ടുപിടിച്ചു രാജാവായി വാഴിച്ചു. അംഗപുത്രനെ അരചനായി വാഴിച്ചതിന്നശേഷം ആ മഹർഷിമാരൊക്കെ തപോവനത്തിലേയ്ക്കു തിരിക്കുകയും ചെയ്തു. തദനന്തരം വേനൻ, രാജ്യം ഭരിച്ചുപോന്നു.

പുത്രൻ രാജ്യമെല്ലാം ശരിയ്ക്കു രക്ഷിയ്ക്കുന്നുണ്ടെങ്കിലും, സുനീഥയ്ക്കു ആ മഹാത്മാവിന്റെ ശാപത്താൽ ശങ്ക തോന്നിക്കൊണ്ടിരുന്നു. 'എന്റെ മഹാഭാഗനായ മകൻ ധർമ്മം രക്ഷിയ്ക്കുകതന്നെ ചെയ്യില്ലയോ' എന്നായിരുന്നു പൂർവ്വപാപശങ്കിതയായ അവർക്കു സദാ വിചാരം. അവർ പുത്രങ്കൽ പുണ്യതരങ്ങളായ ധർമ്മാംഗങ്ങളെ പരീക്ഷിച്ചു: സത്യംവാദിച്ചുകൊണ്ടുള്ള നടപ്പിനെ വെളിപ്പെടുത്തിക്കൊടുക്കുക; നാംതന്നെ ഇങ്ങിനെ ഉപദേശിച്ചിക്കും:—'മകനേ, ഞാൻ ധർമ്മന്റെ പുത്രിയാണ്; നിന്റെ അച്ഛനും സത്യധർമ്മതത്പരനത്രേ. അതിനാൽ നീ ധർമ്മമേ ചെയ്യുവൂ.' അമ്മയും അച്ഛനും പറഞ്ഞുകൊടുത്തതിൽവണ്ണം തന്നെ വേനൻ ശ്രദ്ധിച്ചു നടന്നു.

ഇങ്ങിനെ അദ്ദേഹം ഭൂമിയ്ക്കൊക്കെ രാജാവായി വാണു. ആ മഹാത്മാവായ വേനനന്നവന്റെ വാഴ്ചക്കാലത്തു പ്രജകൾ ധർമ്മരഞ്ജിതരായി സുഖേന ജീവിച്ചു. ധർമ്മം വർദ്ധിച്ചും വന്നു."

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
വേനോപാഖ്യാനം, വേനചരിതോദ്ദിഷ്കം, രണ്ടധ്യായോത്തരമദ്ധ്യായം

—(o)—

Digitized By Kerala Sahitya Akademi

മുപ്പത്താറാമദ്ധ്യായം

ഋഷിമാർ:—"മഹാത്മാവായ വേനനന്നവന്റെ ഉൽപത്തിതന്നെ ഇങ്ങിനെയാണെങ്കിൽ, അദ്ദേഹം ധർമ്മം വിട്ട പാപപരനായിത്തീർന്നതെങ്ങിനെ?"

സൂതൻ:—"ജ്ഞാനവും വിജ്ഞാനവുമേറിയ തത്ത്വജ്ഞന്മാരേ, നല്ലതാകട്ടേ തീയതാകട്ടേ, കർമ്മം മറിച്ചാവില്ലല്ലോ. ആ തപസ്വിയായ സുധാംഗൻ നൽകിയ ശാപം എങ്ങിനെ ഫലിയ്ക്കാതെ പോകും? വേനൻ പാപിയായിത്തീർന്നു് ഒട്ടൊഴിയാതെ ഞാൻ പറയാം:

ആ ധർമ്മജ്ഞൻ പ്രജകളെ പാലിച്ചു വാഴുന്ന കാലത്തു, സന്ന്യാസിവേഷത്തിൽ വെറും നഗ്നനായ ഒരുത്തൻ വന്നുചേർന്നു. കൊഴുത്ത മെയ്യും വെളുത്ത മൊട്ടത്തലയും കനത്ത കാന്തിയുമുള്ള അവൻ ഒരു പീലിക്കെട്ട കക്ഷത്തിലും, ചിരട്ടകൊണ്ടുള്ള ഒരു പാനപാത്രം കയ്യിലും ധരിച്ചിരുന്നു. വേദരഹസ്യങ്ങളുഷകമായ മന്ത്രപ്പൊരുൾ ചൊല്ലിക്കൊണ്ടാണു്, അവൻ വേനമഹാരാജാവിന്റെ അടുക്കൽ വന്നെത്തിയതു്. ആ പാപി വെമ്പലോടേ വേനന്റെ സഭയിലേയ്ക്കു കടന്നു. അവനെ കണ്ടിട്ടു വേനൻ ചോദിച്ചു:—'ഈ വേഷത്തിൽ എന്റെ ആസ്ഥാനത്തു വന്നുചേർന്നിരിക്കുന്ന ഭവാൻ ആരാണു്? എന്തിനാണു്, എന്റെ അടുക്കൽ വന്നതു്? ഭവാന്റെ വേഷം എന്തു്? പേരെന്തു്? ധർമ്മമെന്തു്? കർമ്മമെന്തു്? വേദമെന്തു്? ആചാരമെന്തു്? നയമെന്തു്? ഉപാസന എന്തു്? ജ്ഞാനമെന്തു്? പ്രഭാവമെന്തു്? സത്യധർമ്മം എന്തു്? എല്ലാം പരമാർത്ഥമായി എന്നോടു പറയുക.'

വേനവചനം കേട്ടിട്ടു് ആ പാപി പറഞ്ഞു:—'ഭവാൻ വെറുതേ അന്തസ്സു നടിക്കയാണു്. അങ്ങയ്ക്കു യാതൊന്നും അറിഞ്ഞുകൂടാ. ധർമ്മത്തിന്റെ സർവസ്വമാണു് ഞാൻ; ദേവകാംക്ഷ പൂർത്തമനാണു് ഞാൻ. ജ്ഞാനമാണു് ഞാൻ; സത്യമാണു് ഞാൻ; സനാതനനായ ധാതാവാണു് ഞാൻ; ധർമ്മമാണു് ഞാൻ; മോക്ഷമാണു് ഞാൻ; സർവദേവമയനാണു് ഞാൻ. ഞാൻ ബ്രഹ്മലോകത്തിൽ നി

Digitized By Kerala Sahitya Akademi

ന്ന ജനിച്ച സത്യസന്ധനാകുന്നു. ഞാൻ സത്യധർമ്മമുൾക്കിയായ ജിനനാകുന്നു. എന്റെ രൂപമായ ജ്ഞാനത്തൽപരന്മാരായ യോഗികളാൽ ധ്യാനിച്ചുപോരുന്നത്.'

വേനൻ:—'എങ്ങിനെയുള്ളതാണ് അങ്ങയുടെ ധർമ്മം? ശാസ്ത്രമെന്താണ്? ആചാരമെന്താണ്? പറകതന്നെ.'

ജൈനൻ:—'എന്റെ ശാസ്ത്രത്തിൽ അർഹന്തനാണ് ദേവത; നിർഗ്രന്ഥനത്രേ ഗുരു; ദയയാകുന്നു മോക്ഷസാധകമായ പരമധർമ്മം. ആചാരവും പറയാം: യജനമില്ല; യാജനമില്ല; വേദാധ്യയനമില്ല; സന്ധ്യാവന്ദനമില്ല; തർപ്പണങ്ങളില്ല; സ്വധാസ്വാഹാഹവ്യകവ്യാദികളില്ല; പിതൃതർപ്പണമില്ല; അതിഥിപൂജയില്ല; വൈശ്വദേവമില്ല; വിഷ്ണുപൂജയില്ല. അർഹന്തധ്യാനം മാത്രമേ ഉള്ളൂ. ഇതാണ് ജൈനമതത്തിലെ ആചാരം.'

വേനൻ:—'വേദോക്തധർമ്മങ്ങളായ യജ്ഞങ്ങളും പിതൃതർപ്പണവും ശ്രാദ്ധവും വൈശ്വദേവവും മാനവും തപസ്സുമൊന്നുമില്ലെങ്കിൽ, പിന്നെയെന്താണ് ധർമ്മത്തിന്റെ ലക്ഷണം? പരമാർത്ഥം പറയുക: ഏതുധർമ്മം കൊണ്ടിങ്ങിനെയുള്ളതാണ്?'

ജൈനൻ:—'പ്രാണികളുടെ ദേഹം പഞ്ചഭൂതികവും, ആത്മാവു വായുസ്വരൂപവുമാകുന്നു; രണ്ടിനും തമ്മിൽ ചേർച്ചയൊന്നുമില്ല. വെള്ളത്തിൽ കുമിളകളുടേതിനൊപ്പമാണ് പ്രാണികളുടെ സമാഗമം. പ്രഥിവി രജസ്സിലും, ജലം ജലത്തിലും, തേജസ്സു തേജസ്സിലും സ്ഥിതിചെയ്യുന്നു; വായു മൂന്നിലും വർത്തിച്ച് ആകാശത്തെ ആവരണം ചെയ്യുന്നു. ജലമധ്യത്തിൽ കുമിള വ്യത്യാകാരമായി ക്ഷണനേരം തോളിച്ചു തൽക്ഷണം നശിക്കുന്നതെപ്രകാരമോ, അപ്രകാരമാണ് സർവ്വപ്രാണിസമാഗമം കാണപ്പെടുന്നത്. അവസാനത്തിൽ ആത്മാവു നടകൊള്ളുന്നു; പഞ്ചഭൂതപഞ്ചകം പഞ്ചഭൂതപഞ്ചകത്തിലും ലയിയ്ക്കുന്നു. അജ്ഞാനത്താലത്രേ മനുഷ്യർക്കു പരസ്പരസംബന്ധം. രാജാവേ, മരിച്ചനാളിൽ പിതൃക്കൾക്കായി ചാത്തമൂട്ടുന്നുണ്ടല്ലോ; മരിച്ച ആൾ എവിടെയായിരിക്കും? എങ്ങിനെ ഉൺകഴിക്കും? ഇതെന്തു ജ്ഞാനമാണ്? ഏതുതരം കർത്തവ്യമാണ്? ആർ കണ്ടുപിടിച്ചു? പറഞ്ഞാൽക്കൊള്ളാം! മിഷ്ടാന്നം സാപ്പിട്ട ബ്രാഹ്മണർ വയറു

Digitized By Kerala Sahitya Akademi

നിറയ്ക്കുന്നു! ആര്‍ക്കാണ് ശ്രേയോം കഴിയ്ക്കുന്നത്? ഈ വിശ്വാസം വെറുതെയല്ലയോ?

വേറെ വേദപ്രോക്തമായിട്ടുള്ള ഘോരകര്‍മ്മവും പറയാം; ഒരതിഥി ഗൃഹത്തില്‍ വന്നാല്‍ കാളയെ കൊന്നു പചിക്കുകയായി; അങ്ങിനെ ഹിംസ ചെയ്തിട്ടുവേണം അതിഥിയെ ഊട്ടുവാന്‍! അശ്വമേധത്തില്‍ അശ്വത്തെയും, ഗോമേധത്തില്‍ കാളയേയും, നരമേധത്തില്‍ നരനേയും, വാജപേയത്തില്‍ ആടിനേയും, രാജസൂയത്തില്‍ പല പ്രാണികളേയും, പുണ്ഡരീകത്തില്‍ മൃഗത്തേയും, ഗജമേധത്തില്‍ കുഞ്ഞരത്തേയും, സൌത്രാമണിയില്‍ വെളുത്ത ആടിനേയും ഹിംസിക്കണം! കാരോ യജ്ഞത്തിന്നും ഓരോതരം പശുക്കളേ കൊന്നു കഴിയൂ! പിന്നെ ദാനം കൊടുക്കയായി. എന്താണ് ദാനത്തിന്റെ ലക്ഷണം? വഞ്ചിച്ചു സ്വന്തം കഴിക്കുന്നതു് ഒരു ദാനമല്ല. മഹായജ്ഞത്തില്‍ വെച്ചു് ആ നിര്‍ദ്ദോഷജന്തുക്കളെ ഹിംസിക്കുന്നതില്‍ എന്തു ധര്‍മ്മമാണുള്ളതു്? എന്താണ് ഫലം? വേദജ്ഞന്മാര്‍ പശുഹിംസയാണല്ലൊ നിര്‍ദ്ദേശിച്ചിട്ടുള്ളതു്; അതില്‍ ധര്‍മ്മമില്ല, മോക്ഷപ്രദമായ പുണ്യവുമില്ല.

ദയയോട്ടു ക്രൂരത്ത ധര്‍മ്മം യാതൊന്നോ; അതു നിഷ്ഫലമത്രേ. ജീവജാലങ്ങളെരക്ഷിക്കുകയെന്നതാണ്, ധര്‍മ്മവും സദാചാരവും സദ്ധാകാരവും. തപസ്സും. ദയയില്ലാത്ത കര്‍മ്മമൊക്കെ നിഷ്ഫലം; അതില്‍ധര്‍മ്മമില്ല. ഈ വേദം വേദമേല്ല; ഇതില്‍ ദയ കാണപ്പെടുന്നില്ലല്ലോ. ആര്‍ എല്ലായ്പോഴും ദയാദാനപരനായിട്ടു പ്രാണിരക്ഷ ചെയ്യുന്നവോ; ശൂദ്രനാകട്ടേ, ചണ്ഡാലനാകട്ടേ, അവനാകുന്നു ബ്രാഹ്മണന്‍. ദയയില്ലാതെ ജന്തുഹിംസ ചെയ്യുന്നവന്‍, ബ്രാഹ്മണനായാലും, പാപിയും ക്രൂരനമത്രേ. വേദമാണെന്നു പറയുന്നതുകൊണ്ടു, ജ്ഞാനരഹിതമായ ഒന്നു വേദമാകയില്ല; ജ്ഞാനം യാതൊന്നിലുണ്ടോ, അതാണ് വേദം. ദയയില്ലാത്ത വേദങ്ങളിലും ബ്രാഹ്മണരിലും സത്യമോ കര്‍മ്മമോ തീരെയില്ലതന്നെ. മഹാരാജാവേ, ഈ വേദം വേദമല്ല; ബ്രാഹ്മണര്‍ സത്യഹീനന്മാണു്. അതിനാല്‍ ദാനം നിഷ്ഫലമാകയാല്‍ അനാവശ്യമാകുന്നു. ശ്രാദ്ധത്തിന്റേയും, ദാനത്തിന്റേയും ലക്ഷണവും ശ്രേഷ്ഠമുക്തിപ്രദമായ ജിനധര്‍മ്മവും അങ്ങയ്ക്കു ഞാന്‍ പറഞ്ഞുതരാം: ഒന്നാമതായി, ശമം പൂണ്ട ദയ ഉള്‍ക്കൊള്ളണം; ചരാചരാത്മാവായ ജിനദേവനെ മാത്രം മനസ്സുകൊണ്ടു് ആരാധിയ്ക്കണം—

Digitized By Kerala Sahitya Akademi

പരിശുദ്ധമായ മനസ്സുകൊണ്ടു ജിനനെ മാത്രം പൂജിക്കണം. തന്തി രുവടിയെ മാത്രമേ നമസ്കരിക്കാവൂ; അന്യനമ്മമാരുടെ കാൽക്കൽ പ്പോലും തൊഴുകയും അഭിവാദ്യംചെയ്തുപോകയുമരുത്. പിന്നെ, മറ്റു ള്ളവരുടെ കഥ പറയാനില്ലല്ലോ'.

വേനൻ:—'ഈ ബ്രാഹ്മണരും അശുദ്ധന്മാരുമൊക്കെ ഗംഗാദിനദി കളെ മഹാപുണ്യതീർത്ഥങ്ങളെന്നു പറയുന്നു; അതെന്തുകൊണ്ടാണ്? ഭവാൻ ധർമ്മം തേടുന്നവനാണെങ്കിൽ പരമാർത്ഥം പറയുക.'

വേനൻ:—'മഹാരാജാവെ, ആകാശത്തുനിന്നു മേഘങ്ങൾ മഴപെയ്യുന്നു; ഭൂമിയിലെ മലകളിലുമൊക്കെ വെള്ളംവന്നു വീഴുന്നു; അതു നദികളിൽ ചെന്നുചേരുന്നു. അതു വെള്ളമായതു നദികളിൽ ഒഴുകുന്നതു്; അപ്പോഴിലുണ്ടോ പിന്നെ തീർത്ഥം? തടാകസമുദ്രാദിജലാശയങ്ങളും, ശിലോച്ചയങ്ങളായ പർവ്വതങ്ങളും ഭൂമിയെ ധരിക്കുന്നവ മാത്രമാകുന്നു; അവയിൽ തീർത്ഥമൊന്നുമില്ല. മഴവെള്ളമാണെല്ലാം മുല്ലാഹറിലും മികച്ചതു; അതിൽ കളിച്ചാൽ പുണ്യമില്ലാത്തതു് മുങ്ങുകൊണ്ടായിരിക്കാം! അഥവാ നദീസ്നാനംകൊണ്ടു മോക്ഷം കിട്ടുമെങ്കിൽ, മത്സ്യങ്ങൾക്കു കിട്ടുന്നില്ലല്ലോ!!

ജിനൻ എവിടേയോ, അവരുടെയാരുടെ തീർത്ഥവും സനാതനധർമ്മവും തപോജ്ഞാനാദിപുണ്യവുമൊക്കെ സ്ഥിതിചെയ്യുന്നതു്. രാജേന്ദ്ര, സത്യവും ഏകനായ ജിനനുകേവം. അതിനുമീതെ പരധർമ്മമില്ല; തീർത്ഥമില്ല. തന്തിരുവടിയല്ലോ ലോകത്തിൽ ആത്മജ്ഞാനം. അവിടുത്തെ പതിവായി ധ്യാനിച്ചുകൊണ്ടാൽ അങ്ങയ്ക്കു സുഖം ലഭിയ്ക്കും.'

ഇങ്ങനെ ആ പാപി വേദത്തേയും ധർമ്മത്തേയും ജ്ഞാനയജ്ഞാദി പുണ്യാനുഷ്ഠാനങ്ങളെയുമെല്ലാം നിന്ദിച്ചുകൊണ്ടു്, അഹംഗർവ്വനായ രാജാവിന്റെ പല ദുഷ്പ്രശ്നങ്ങളും ചെയ്തുകൂട്ടുകയും.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ചിന്തനിർണ്ണയകരണം.
വേനോപാഖ്യാനം; വേന രാജസമാഗമം മുതലായവയെപ്പറ്റിയും.

——(o)——

Digitized By Kerala Sahitya Akademi

മുപ്പത്തേഴാമദ്ധ്യായം

സൂതൻ:—ഇങ്ങിനെ, ആ മഹാപാപിയായ ജൈനപുരുഷൻ പറഞ്ഞു മയക്കിയതിനാലത്രേ വേനൻ പാപപരനായിപ്പോയത്. ഈ ശ്ലോകം ആ ഉഷ്ടന്റെ കാൽക്കൽ നമസ്കരിച്ചു, വേദധർമ്മവും സത്യപുണ്യാദികളും ഉപേക്ഷിച്ചു: യജ്ഞങ്ങളും വേദങ്ങളും വിലക്കപ്പെട്ടു; ശാസ്ത്രപ്രോക്തമായ ധർമ്മം നടക്കാതായി രാജാജ്ഞയാൽ ലോകമെല്ലാം പാപമയമായിത്തീർന്നു. ബ്രാഹ്മണരേ, ആ രാജാവിന്റെ വാഴ്ചയിൽ യജ്ഞവും വേദവും ധർമ്മശാസ്ത്രവും മാനവും ആധ്യാത്മനവും ഇല്ലാതായി. ഇങ്ങിനെ ധർമ്മം നശിക്കുകയും പാപം തഴയ്ക്കുകയും ചെയ്തു. അംഗൻ തടഞ്ഞാലും, വേനൻ മറിച്ചേ ചെയ്തിരുന്നുള്ളൂ. ആ ദുരാത്മാവു് അച്ഛനേയോ അമ്മയേയോ സ്നേഹബ്രാഹ്മണന്മാരേയോ വന്ദിച്ചിരുന്നില്ല. താൻ മഹാരാജാവു് പ്രതാപവാനായിട്ടുള്ളു! അച്ഛനമ്മമാർ നിർബന്ധിച്ചാലും, ദുർബുദ്ധിയായ മകൻ തീർത്ഥദാനാദിപുണ്യങ്ങൾ അനുഷ്ഠിക്കാതായി.

വംശത്തിനു വന്നുചേർന്ന ഈ കളങ്കം കണ്ടിട്ട്, പ്രജാപതിപുത്രനായ അംഗൻ, 'പണ്ടത്തെ സ്വഭാവമെല്ലാം വിട്ട് ഇവൻ പാപിയായതെങ്ങിനെ' എന്നു വീണ്ടും വീണ്ടും വിചാരിച്ചു. പിന്നീട് ആ ശ്ലോകം യമപുത്രിയോടു ചോദിച്ചു: 'പ്രിയേ, എന്തൊരു ദോഷത്താലാണ് ഇങ്ങിനെയായത്? എന്നോടു വിസ്തരിച്ചു പറയൂ.'

സുനീഥ:—'ചെറുപ്പകാലത്തിൽ ഞാൻ തപസ്സിലിരിക്കുന്ന മഹാത്മാവിനെ സുശംഖനെ ഉപദ്രവിച്ചുപോയി; മഹാഭാഗ, മറ്റൊരു പാപമെന്നും ഞാൻ ചെയ്തിട്ടില്ല. അദ്ദേഹം അതിശയകോപത്തോടെ, 'നിന്റെ സന്താനം പാപിയായ്വരും' എന്നിങ്ങിനെ എന്നെ ശപിച്ചുകളഞ്ഞു. അതിനാലായിരിക്കും ഇവൻ ദുഷ്ടനായിത്തീർന്നത്.'

ഇതുകേട്ടിട്ട് അംഗൻ 'ദൈവയോഗം' എന്നു സമാധാനിച്ചു. പിന്നീട സപ്തർഷിമാർ വേനന്റെ അടുക്കൽവന്ന്, ആ അംഗപുത്രനോടു നല്ലവാക്കു പറഞ്ഞുനോക്കി:—'വേനരാജാവേ, സാമസം

Digitized By Kerala Sahitya Akademi

ചെയ്യരുത്. പ്രജകളുടെ രക്ഷിതാവണല്ലോ ഭവാൻ. ഇത സചരാചര മായ ത്രൈലോക്യം മുഴുവൻ ഞങ്ങളിങ്കലാണിരിക്കുന്നത്. ധർമ്മത്തി നേലത്രേ ലോകത്തിന്റെ നിലനില്പ്. അതിനാൽ പാപം വിട്ട ധ ർമ്മം അനുഷ്ഠിച്ചാലും.' ഋഷിമാരുടെ അപ്രീതം വേനൻ ചിരിച്ചുംകൊണ്ട പറ ഞ്ഞു:—'പരമമായ ധർമ്മം ഞാൻ തന്നെ; ഞാൻ തന്നെ സനാതനൻ; ഞാൻതന്നെ ധാതാവ്; ഞാൻ തന്നെ ഗോപ്തൃവ്; ഞാൻ തന്നെ സ ത്യം; സനാതനമായ ജൈനധർമ്മമാണ് ഞാൻ! ബ്രാഹ്മണരേ, നി ങ്ങടെ ധർമ്മരുചനായ എന്നെത്തന്നെ കർമ്മംകൊണ്ട സേവിച്ചുകൊൾ വിൻ.'

ഋഷിമാർ:—'ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്ന മൂന്ന ജാ തിദ്വിജന്മാരുണ്ടല്ലോ; അവക്കെല്ലാം വേദമാണ പ്രമാണം. അ വരുടെ വൈദികാചാരത്താലത്രേ മറ്റു ജീവികൾ ജീവിക്കുന്ന ത്. ബ്രഹ്മവംശജനായ ഭവാൻ സ്വതേ ബ്രാഹ്മണനാണ്; പി ന്നീട്ട ഭൂമിയിൽ രാജാവായി. രാജേന്ദ്ര, രാജാവിന്റെ പുണ്യ ത്താൽ പ്രജകൾ സുഖമായി ജീവിക്കുന്നു; പാപത്താലോ, മടിഞ്ഞു പോകയും ചെയ്യുന്നു. അതിനാൽ സത്യം അനുഷ്ഠിയ്ക്ക. നരേന്ദ്ര, വേദം അനുഷ്ഠിച്ചവരുന്ന ധർമ്മം ത്രേതായുഗത്തിന്റെ തല്ല, ദ്വാപരത്തിന്റെതുമല്ല; കലികാലത്താണ്, മനുഷ്യർ പാപമോഹിതരായി വേദാചാരം വെടിഞ്ഞു ജൈനധർമ്മം കൈ ക്കൊണ്ട പാപികളായിത്തീരുക. തീർച്ചയായും പാപത്തിന്റെ മൂടാകുന്ന ജൈനധർമ്മം അതിൽ മുങ്ങി മനുഷ്യർ പാപതാ ത്പരികളായിത്തീരും അപ്പോൾ അവരെ സംഹരിപ്പാൻ, സർവ്വപാ പാപഹാരിയായ ഗോവിന്ദൻ അവതരിക്കാതിരിക്കില്ല; അവിടു ന്ന ശ്ലേച്ഛരേശംപോലും പാപികളെ കൊന്നൊടുക്കും. പാപങ്ങൾ വർദ്ധിച്ചാൽ, ശിവൻ തീർച്ചയായും ശ്ലേഛനാശനത്തിനു കല്ക്കിയായി പിറക്കും. ഭവാൻ കലിവ്യവഹാരം വിട്ട പു ണ്യം അനുഷ്ഠിയ്ക്കുക—സ്വയം ജീവിച്ചിരുന്ന പ്രജകളെ രക്ഷി യ്ക്കുക.'

വേനൻ:—'ശത്രുക്കളിൽവെച്ച ശ്രേഷ്ഠനാണ് ഞാൻ; എല്ലാം എ നിക്കറിയാം. മറിച്ച കരുതുന്നവനെ ഞാൻ തീർച്ചയായും ശി ക്ഷിക്കും!'

Digitized By Kerala Sahitya Akademi

പാപപരനായ പ[illegible]വിവന്റെ ഈ 'അധികപ്രസംഗം' ആ മഹാത്മാക്കളായ ബ്രഹ്മ[illegible]രെയെല്ലാം കോപിപ്പി[illegible]. ആ മഹാ ശയന്മാർ അരിശംകൊണ്ടു[illegible], വേനരാജാവു്, അവർ ശപിച്ചേ യ്യുമെന്ന ഭയത്താൽ ഒരു പുറന്തള്ളിൽ കണ്ണിരുന്നു. കോപി തരായ മഹർഷിമാർ വേനനെ എല്ലാടത്തും തിരഞ്ഞുനോക്കയാ യി. ഒടുവിൽ അവൻ പുറന്തോളിച്ചിരിക്കുകയാണെന്നു അവർക്കു മനസ്സിലായി. ഉടനെ അ പാപിയെ അവർ കണ്ടെത്തി, രാജാക്കാ രേന്ന പുറത്തേയ്ക്കു കെണ്ടുപോന്നു, അവന്റെ ഇടത്തേക്കയ്യു സക്രോധം കടഞ്ഞു. അതിൽ നിന്നു് തുലോം കറിയവനായി കറുത്തിരു ണ്ടു കണ്ണുകുന്ന ഭയംകരനായ നീചൻ ഉണ്ടായിവന്നു. ചാപബാണ പാണിയായ അവൻ പാപികളായ നിഷാദർക്കു—വിശേഷിച്ചും ഭീ ലന്മാർക്കു—മേലാളും രക്ഷിതാവും രാജാവായുമായി. അവൻ പാപക ർമ്മാവാണെന്നു കണ്ടതിനാൽ മഹർഷിമാർ ഉരാത്മാവായ വേനന്റെ വലംകയ്യു കടഞ്ഞു. അതിൽനിന്നു, ഭൂമിയെ കാന്ന മഹാത്മാവായ പൃഥുചക്രവർത്തി സംജാതനായി. അദ്ദേഹത്തിന്റെ പ്രാവേത്തൽ വേനൻ ധർമ്മാത്മകലോകനായി ചക്രവർത്തിപദേ അനുഭവിയ്ക്കുകയും, വിഷ്ണുപ്രസാദം മൂലം വൈഷ്ണവലോകമടയുകയും ചെയ്തു."

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, യോനിപാഖ്യാനം, വേനപാണിമഥനം മുപ്പത്തഴാമദ്ധ്യായം.

———(o)———

മുപ്പത്തെട്ടാമദ്ധ്യായം

ഋഷിമാർ:— "അതിഘോരമായ പാപത്തെ ചെയ്തു വേനനു സ്വർഗ്ഗം കിട്ടി യതെങ്ങിനെയാണു്? സത്യവൽപ്രഭോ, അതിനെ വിസ്തരിച്ചുപറയുക."

സൂതൻ:—"ദ്വിജോത്തമന്മാരേ, ഋഷിമാരുടെ പുണ്യസംസർഗ്ഗത്താലും സംശ്ലേഷണത്താലും ദേഹമഥനത്താലും വേനനു പാപമെല്ലാം വേർപെട്ടു. പിന്നെ പുണ്യാത്മാവായ വേനൻ, സനാതനലോകനാവും നേടി. അദ്ദേഹം നമ്മളുടെ ഉത്തരക്കിരുയ്യെ തുണച്ചിരുന്നു നിയുടെ പാപനാശനമായ ഈ ത്രിമത്തിൽ കരുത്താറാണ്ടുമുഴുവൻ

Digitized By Kerala Sahitya Akademi

കാമക്രോധരഹിതനായി തപസ്സിലിരുന്നു. ആ പാപമകന്നായ പാർത്ഥിവന്റെ തപസ്സിനാൽ ശംഖചക്രഗദാപാണിയായ ദേവൻ പ്രസാദിയ്ക്കുകയും, 'വേണ്ട വരം ചോദിക്കാ'മെന്നു കല്പിച്ചരുളുകയും ചെയ്തു.

വേനൻ:—'ദേവേ, തിരുവുള്ളംതെളിഞ്ഞുവെങ്കിൽ, ഈ വരം എനിയ്ക്കു കല്പിച്ചു തരികെ: ഞാനും എന്റെ അച്ഛനമ്മമാരും നിന്തിരുവടിയുടെ തേജസ്സിനാൽ ഇതേ ദേഹത്തോടുകൂടി നിന്തിരുവടിയുടെ പരമപദം പ്രാപിക്കുമാറാകണം!'

ഭഗവാൻ:—'രാജാവേ, യാതൊന്നു ഭവാനെ മയക്കി തമോമാർഗ്ഗത്തിൽ വീഴിച്ചുവോ, ആ വ്യാമോഹം എവിടെപ്പോയി?'

വേനൻ:—'തിരുമേനി, മുൻജന്മപാപത്താലാണ് ഞാൻ വ്യാമോഹത്തിൽപ്പെട്ടുപോയതു്. നിന്തിരുവടി ആ ഘോരപാപത്തിൽ നിന്നു് എന്നെ കരേറ്റിയാലും. ദയചെയ്തു് ഒരുൽകൃഷ്ടമായ സ്തോത്രം ചൊല്ലിത്തരിക.'

ഭഗവാൻ:— 'മഹാഭാഗനായ രാജാവേ, കൊള്ളാം. ഭവാനു പാപം നശിച്ചിരിക്കുന്നു. തപസ്സുകൊണ്ടും ശ്രുതി വന്നിരിക്കുന്നു. അതിനാൽ പുണ്യമായിട്ടുള്ളതു ഞാൻ പറയാം. ഭവാനപ്പോലെതന്നെ, പണ്ടു ബ്രഹ്മാവു എന്നോടാവശ്യപ്പെട്ടുകയുണ്ടായി; ആ ദേഹത്തിനു ഞാൻ പറഞ്ഞുകൊടുത്തതു് ഒട്ടൊഴിയാതെ ഭവാനോടു പറയാം;

ഒരിയ്ക്കൽ, എന്റെ നാഭിപദ്മത്തിൽ ധ്യാനത്തോടെ സ്ഥിതി ചെയ്യുന്ന ബ്രഹ്മാവിനു വരം കൊടുക്കുന്നതിനായി ഞാൻ പ്രത്യക്ഷീഭവിച്ചു. അപ്പോഴാകട്ടെ, സൽഗതിതേടുന്ന അദ്ദേഹം പാപനാശനവും പാവനവുമായ വാസുദേവമഹാസ്തോത്രം എന്നോടാവശ്യപ്പെട്ടു. ഉടനെ ഞാൻ, ചൊല്ലുകയോ ജപിക്കുകയോ ചെയ്യുന്നവക്കു സർവ്വസുഖങ്ങളേയും നൽകുന്ന ആ വിഷ്ണുപ്രീതികരമായ പരമസ്തവം ഉപദേശിയ്ക്കുകയും ചെയ്തു:—

(ശ്ലോകങ്ങൾ)

'അവ്യക്തനായിട്ടിപ്രപഞ്ചമെങ്ങും വ്യാപിച്ചിരിക്കയാൽ
വിഷ്ണുവെന്നെന്നെയോതുന്നു വിഷ്ണുഭക്തർ മഹർഷിമാർ
ഭൂതങ്ങളെന്നിൽ വാഴുന്നു, ഭൂതവുമെന്നിലാണു; ഞാനുമേ;
അതിനാൽ വാസുദേവൻ ഞാനെന്നോർപ്പു വിജ്ഞാനരാൽ.

Digitized By Kerala Sahitya Akademi

ജീവങ്ങളെച്ചില്പ്പലത്തെയ്ക്കാകർഷിപ്പതുമൂലമായ്
വിളസംകർഷണൻ ഞാനെന്നറിയേണം സമാശ്രിതർ.
ബഹുതപം വേണമെന്നുള്ളോരിപ്പുഴിൽക്കാമരൂപി ഞാൻ;
തന്മൂലമെന്ന പ്രദ്യുമ്നനെന്നു കാണുക സുതാത്മികം.
സർവേശർ വിഷ്ണുവുന്മാരൊഴിഞ്ഞിപ്പാരിലാരുമേ
യോഗശക്ത്യാ നിരോധിക്കാത്തുള്ള ഞാനനിരുദ്ധനാം.
വിശ്വവ്യാപനശക്തനും ജ്ഞാനവിജ്ഞാനശാലി ഞാൻ,
അഹമെന്നഭിമാനിപ്പോൻ ജാഗ്രച്ചിന്താസമാകുലൻ.
തൈജസൻ ഞാൻ ജഗച്ചേഷ്ടാമയനിന്ദ്രിയവിഗ്രഹൻ
ജ്ഞാനകർമ്മസമൃദ്ധികരൻ സ്വപ്നാവസ്ഥയിൽ നില്പവൻ,
പ്രാജ്ഞൻ ഞാനധിദൈവാത്മാവുലകിന്നൊരിപ്പിടം
സുഷുപ്തിസ്ഥനഭാസീനൻ പാരിൽ നിന്നു വിലക്ഷണൻ.
തുരീയൻ നിർവികാരൻ ഞാൻ ത്രിണാവസ്ഥകരം വിട്ടവൻ
അലിപ്പൻ സാക്ഷിയായ്നില്പോൻ വിശുദ്ധിഞ്ചിതവിഗ്രഹൻ
ചിദാഭാസൻ ചിദാനന്ദൻ ചിന്മയൻ ചിത്സ്വരൂപി ഞാൻ
നിത്യാക്ഷരം പരബ്രഹ്മമീമട്ടറികെയെന്നെ നീ.'

ഇപ്രകാരം തന്റെ രൂപത്തെ പണ്ടു ബ്രഹ്മാവിനു പറഞ്ഞു കൊടുത്തിട്ടു വിഷ്ണു അന്തർദ്ധാനംചെയ്തു. വിശ്വവ്യാപ്തി അറിയായ്കയാൽ ബ്രഹ്മാവു് ക്ഷണനേരം കൃതാത്മാവുമായി. രാജാവേ, ഭവാനും, പൂർവികന്റെ ജനനത്താൽത്തന്നെ പരിശുദ്ധനായിരിക്കുന്നുവെങ്കിലും, ഈ സ്തോത്രംകൊണ്ടു വിഷ്ണുവിനെ ആരാധിച്ചുകൊൾക.'

വീണ്ടും വിഷ്ണു സസന്തോഷം അരുളിച്ചെയ്തു:—'ശ്രീമൻ, വരം വാങ്ങിക്കൊള്ളുക.'

വേനൻ:—'വിഷ്ണോ, എനിയ്ക്കു സൽഗതി തരിക. എന്നെ ഘോരനരകത്തിൽ നിന്നു കരയേറ്റുക. ഞാൻ നിന്തിരുവടിയെ ശരണം പ്രാപിച്ചവനാണ്. എനിയ്ക്കു സൽഗതിയുള്ള വഴി പറഞ്ഞു തരിക!'

വിഷ്ണു:—'മഹാഭാഗ, മുമ്പുതന്നെ മഹാത്മാവായ അംഗൻ എന്നെ ആരാധിക്കുകയും, ഞാൻ അദ്ദേഹത്തിനു', 'തന്റെ പൂർവപു

Digitized By Kerala Sahitya Akademi

ണ്യകർമ്മത്താൽ ഭവാൻ പരമോൽകൃഷ്ടമായ വിഷ്ണുലോകം പ്രാപിയ്ക്കും' എന്ന വരംകൊടുക്കുകയും ചെയ്തിരിയ്ക്കുന്നു. മഹാരാജാവേ, പൂർവ്വവൃത്താന്തം കേട്ടുകൊൾക.

ഭവാന്റെ അമ്മയായ സുനീഥയെ പണ്ടു ചെറുപ്പത്തിൽ, മഹാത്മാവായ സുശംഖൻ കോപിച്ചു ശപിച്ചിരുന്നു. അതറിഞ്ഞുകൊണ്ടുതന്നെ ഞാൻ അംഗന്ന വരം കൊടുത്തതു്, ഭവാനെ ഉജ്ജീവിപ്പാൻ വേണ്ടിയാകുന്നു. 'അങ്ങയുടെ സൽപുത്രനാകും' എന്നാണ് ഭവാന്റെ അച്ഛനോടു സ്നേഹവത്സലനായ ഞാൻ പറഞ്ഞതു്. ഭവാന്റെ ദേഹത്തിൽ നിന്നു ജനിച്ചതു ഞാൻ തന്നെയാണ്; ഞാൻ ലോകരക്ഷയ്ക്കുവേണ്ടി, സ്വർഗ്ഗത്തിൽ ഇന്ദ്രനെന്നപോലെ, ഭൂമിയിൽ വാഴുന്നു. 'താൻതന്നെയാണ് പുത്രനായി പിറക്കുന്നതു്' എന്നാണല്ലോ ശ്രുതി. അതുകൊണ്ടു, ഭവാൻ എന്റെ വരത്താൽ സൽഗതിയടയും. സുനീഥയുടെ പാപത്താൽ ഒരു നഗ്നനായി വന്നുപദേശിച്ചു ഭവാനെ അധർമ്മത്തിൽ ചാടിച്ചതും ഞാൻ തന്നെ; ഇല്ലെങ്കിൽ സുശംഖന്റെ വാക്കു തെറ്റിപ്പോകുമല്ലൊ. അതിനാൽ വിധിയും നിഷേധവും ഞാൻ തന്നെ. കർമ്മത്തിനൊത്ത ഫലം നൽകുന്നവനും ബുദ്ധിതന്നുണർത്തുന്നവനുമാണ് ഞാൻ.

രാജാവേ, ആത്മഗതിക്കായി ദാനംമാത്രം ചെയ്തുകൊൾക. ദാനമാണ് പരമോത്തമം; ദാനംതന്നെയാണ് എന്തിനും തുണിയുള്ളതു്. അതിനാൽ ഭവാൻ ദാനം അനുചരിച്ചുകൊള്ളുക. ദാനത്താൽ പുണ്യം മുതിരുന്നു; ദാനത്താൽ പാപം മുടിയുന്നു. രാജകുമാരേ, അശ്വമേധാദി യജ്ഞങ്ങൾ കഴിച്ചു ബ്രാഹ്മണർക്കു ഭൂമിയും മറ്റും കൊടുക്കുന്നതു ശ്രേയസ്സുമാകുന്നു. ദാനത്താൽ ഭോഗവും യശസ്സും കീർത്തിയും സുഖവും സ്വർഗ്ഗവും കിട്ടുന്നു; അവിടേ, ശ്രദ്ധയോടേ ദാനം ചെയ്യുന്നതിന്റെ ഫലം സഭാ അനുഭവപ്പെടുകയും ചെയ്യുന്നു. യഥാകാലം തീർത്തുമാടുകയും വേണം. ഇതും പുണ്യപ്രദമത്രേ. പാരിഭ്രമനായ ബ്രാഹ്മണന്നു ഗോഭ്രമികനകാനാടി മഹാദാനം ശ്രദ്ധയോടെ നൽകുന്നവന്നു വാഞ്ഛിച്ചതൊക്കെയും ഞാൻ കൊടുക്കും.'

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം യോഗേശ്വരസംവാദം, വേനപിഷ്ണുസരാഗമം മുപ്പത്തേഴാമധ്യായം.

(൦)

Digitized By Kerala Sahitya Akademi

മുപ്പത്തൊന്നദ്ധ്യായം

വേനൻ:—'ജഗദീശ, കാലം, തീർത്ഥം, പാത്രം എന്നിവയുടെ ലക്ഷണവും ദാനവിധിയും തിരുവുള്ളം തെളിഞ്ഞു വിസ്തരിച്ചരുളിച്ചെയ്യുക. കേട്ടാൽ കൊള്ളാമെന്നുണ്ട്.'

ഭഗവാൻ:—'മഹാരാജാവേ, നിത്യനൈമിത്തികകാമ്യപ്രായികങ്ങളാകുന്ന നാലു ദാനങ്ങൾക്കുള്ള കാലം ഞാൻ പറയാം:

സൂര്യോദയത്തിൽ സർവ്വ പാപം നശിക്കുന്നു; ഈ തേജോനിധിയായ സൂര്യൻ, ഘോരമായ അന്ധകാരത്തെയും മറവും നശിപ്പിയ്ക്കുന്നതിന്നായി ആകാശത്തു കല്പിക്കപ്പെട്ടിരിയ്ക്കുന്ന എന്റെ ഒരംശമാകുന്നു. അവന്റെ തേജസ്സിനാൽത്തന്നെ കന്മഷമെല്ലാം വെന്തുവെണ്ണീറായിപ്പോകും. എന്റെ അംശം ഉദിച്ചുവരുന്ന സമയത്തു വെറുംവെള്ളമെങ്കിലും ദാനംചെയ്യാലത്തെ പുണ്യസമൃദ്ധി എന്തു പറയേണ്ടു! ആ സമുഹൂർത്തത്തിൽ കളിച്ചു പിറുപിറേകകളെ തപ്പിച്ചു, ശ്രോത്രോത്രികളോടും മെയ്യോടും കൂടി അന്നമോ വെള്ളമോ പൂവോ കായോ വസ്ത്രമോ താംബൂലമോ ആഭരണമോ ഒരുകരത്നാദികളോ യഥാശക്തി ദാനം ചെയ്യാലത്തെ പുണ്യത്തിന്നു് അവസാനമില്ല. അതുപോലെ മദ്ധ്യാഹ്നപരാഹ്നങ്ങളിലും എന്നെ ഉദ്ദേശിച്ചു ദാനംചെയ്യുന്നവന്റെ പുണ്യം അനന്തമത്രെ. മിഷ്ടാന്നപാനങ്ങളും ലേപനകുങ്കുമകർപ്പൂരാദികളും വസ്ത്രാഭരണങ്ങളുമൊക്കെ ഇടവിടാതെ നൽകുന്നതു ഭോഗസമൃദ്ധികരമാകുന്നു.

മുന്നമേതും ശക്തിയുള്ള ദാനംചെയ്യണം. ഹിതമിച്ഛിക്കുന്നവൻ ഭിക്ഷുവത്തെ പാഴാക്കരുതെയുള്ളൂ. എപ്പോഴെങ്കിലും എന്തെങ്കിലും ദാനം ചെയ്യുവൻ, അതിന്റെ മഹിമയാൽ മഹാപ്രാജ്ഞനും വളരെ ത്രാണിയുള്ളവനും ധനികനും ഗുണവാനും പണ്ഡിതനുമായി വരും. ഒരു പക്ഷമോ മാസമോ ഭിക്ഷുവിനു അന്നം നൽകാതിരുന്നാൽ, ആ മനുഷ്യനെ ഞാൻ അനുഗ്രഹിപ്പാനായുകയില്ല. ദാനം നൽകാത്തവർ സ്വന്തമെല്ലാമാണ് ഭക്ഷിക്കുന്നതു്! അവരുടെ ദേഹത്തിൽ ഞാൻ സർവരോഗനിവാരണവും ബാധാപീഡാകരവുമായ രോഗം ഉണ്ടാക്കും. തിഥിസന്ധികളിൽ ഇരുപേർക്കും ദേഹികൾക്കും നൽകാ

Digitized By Kerala Sahitya Akademi

തെ സ്വയം മിഷ്ടഭോജനം കഴിയ്ക്കുന്നവൻ മഹാപാപമാണ് ചെയ്യുന്നത്; അവനെ ശുദ്ധിപ്പെടുത്താൻ കൃശമായ പ്രായശ്ചിത്തം വേണം—ദേഹത്തെ ശോഷിപ്പിക്കുന്ന ഉപവാസവും മറ്റും വേണം. ഒരു തോൽപ്പണിക്കാരൻ തോലിനെ തീക്കഴിയ്ക്കു മീതെവെച്ചു മരുന്നുകളും പ്രയോഗിച്ചും കടുകഷായങ്ങളിൽ മുക്കിയും ചുട്ടു പള്ളത്തിൽ തിളപ്പിച്ചും കാറത്തിട്ടും നിർദ്ദയമായി പിഴിഞ്ഞിയും വേട്ടുപ്പാക്കുന്നതെപ്പോലെയാണു; അപ്രകാരമാണ് പാപിയെ ഞാൻ ശുദ്ധിപ്പെടുത്തുക. അവൻ മേലിൽ അനീഷ്ടങ്ങളായ പുണ്യഭോഗങ്ങളെ സുഖമായനുഭവിയ്ക്കും. കഴിവുണ്ടായിരിക്കെ, ശ്രേഷ്ഠമായ ദാനമൊന്നും ചെയ്യാത്തവനെ ഞാൻ ഇങ്ങിനെ പാപരോഗംകൊണ്ടു വലയ്ക്കും. നിത്യകാലത്തു ആത്മാർത്ഥമായി യാചകന്നു സന്തോഷം ദാനംചെയ്യാത്തവരെ ആരോ, അവരെ ഞാൻ ഘോരങ്ങളായ പ്രായശ്ചിത്തങ്ങൾ കൊണ്ടാണ് കരയ്ക്കേറ്റുക.

നരശ്രേഷ്ഠ, നൈമിത്തിക പുണ്യകാലങ്ങളും ഞാൻ പറയാം; സന്തോഷം കേട്ടുകൊൾകിം: അമാവാസി, പൌർണ്ണമാസി, സംക്രമം, വ്യതീപാതം, വൈധൃതം, ഏകാദശി, വിശേഷിച്ചും മാഘാഷാഢവൈശാഖകാർത്തികങ്ങളിലെ ഏകാദശി, മനപന്തീയുഗാരംഭദിവസങ്ങൾ, ഞായറാഴ്ചയോടുകൂടിയ കറുത്തവാവ്, ഗജച്ഛായ, പിതൃമരണതിഥി എന്നിവയാകുന്നു നൈമിത്തികകാലങ്ങൾ. ഭൂവയിൽ, എന്നെ ഉദ്ദേശിച്ചു ബ്രാഹ്മണന്നു ദാനം നൽകുന്നവനു ഞാൻ മഹത്തായ സുഖവും സദ്ഗതിമോക്ഷാദിയും കൊടുക്കും; സംശയമില്ല. വ്രതം, ദേവപൂജാമുതലായതത്രേ, കാമ്യദാനത്തിന്നുള്ള ഫലദായകമായ പുണ്യകാലം.

അഭ്യുദയിക (പ്രായിക) ദാനകാലവും പറയാം: വിവാഹം, പുത്രന്റെ ജനനം, ചൌളം, ഉപനയനം, പ്രാസാദധ്വജദേവപ്രതിഷ്ഠ, വാപീകൂപതടാക ഗൃഹാരാമസ്ഥാപനം, മാഘപൂജ മുതലായ ശുഭാവസരങ്ങളിൽ ചെയ്യുന്നതത്രേ അഭ്യുദയികദാനം. ഇതു സർവ്വസിദ്ധിപ്രദമാകുന്നു. പാപപീഡകളെ തടുക്കുന്ന മറ്റൊന്നുകൂടി പറഞ്ഞുതരാം: മരണസമയം വന്നാൽ, അവസാനമായി എന്നറിഞ്ഞിട്ടു ദാനം അനുഷ്ഠിക്കണം; അതു യമമാർഗ്ഗത്തിൽ സുഖമുളവാക്കും. നിത്യനൈമിത്തിക കാമ്യപ്രായികങ്ങൾക്കു പുറമെ, അന്ത്യദാനകാലം കൂടി അങ്ങയോടു ഞാൻപറഞ്ഞുവല്ലോ. ഈ കാലങ്ങളെല്ലാം സൽകർമ്മഫലം നൽകുന്നവയാകുന്നു.

Digitized By Kerala Sahitya Akademi

ഇനി തീർത്ഥലക്ഷണം പറയാം: ഗംഗ, സരസ്വതി, നർമ്മദ, യമുന, താപി, ചർമ്മണ്വതി, സരയൂ, ഘർഘര, വേണ, കാവേരി കപില, വിശാല, ഗോദാവരി, തുംഗഭദ്ര, എന്നീ പാവന നദികളിലൊക്കെ പുണ്യകാലംതോറും അനേകം തീർത്ഥങ്ങൾ ഉണ്ടായിരിയ്ക്കും. ഗ്രാമത്തിലാകട്ടെ, വനത്തിലാകട്ടെ, നദികൾ എവിടെയും പരിപാവനങ്ങളാകുന്നു; അവയിലെല്ലാം സ്നാനദാനാദികൾ ചെയ്യാം. കാരോന്നിലേയും തീർത്ഥത്തിന്റെ പേർ അറിയപ്പെടാതെ വന്നാൽ വിഷ്ണുതീർത്ഥം എന്ന പേരിട്ടുകൊള്ളണം. ഞാൻ തീർത്ഥങ്ങളിലും തീർത്ഥങ്ങൾ എങ്കലും സ്ഥിതിചെയ്യുന്നു. തീർത്ഥദേവതകളിൽ എന്നെ ഉച്ചരിയ്ക്കുന്നതായാൽ ആ സാധകനു എന്റെപേർ ചൊന്നതുകൊണ്ടുതന്നെ പുണ്യമായി; തീർത്ഥങ്ങളുടേയും ദേവതകളുടേയും പേർ അറിയാതിരുന്നാൽ, സ്നാനദാനങ്ങളിൽ എന്നെപേർ ഉച്ചരിച്ചാൽ മതി. ഇതു പോരാണ് തീർത്ഥങ്ങൾക്കു ഇത്രമാവു നൽകിയിരിയ്ക്കുന്നതു്. ഭ്രമണ്ഡലം വ്യാപിച്ചു കിടക്കുന്ന സമുദ്രങ്ങൾ ഏഴും പുണ്യങ്ങളാകുന്നു. അവയിലേതിലെങ്കിലും സ്നാനദാനാദികൾ ചെയ്താൽ സുതീർത്ഥപ്രസാദത്താൽ അക്ഷയഫലം കിട്ടും. രാജാവേ, മഹാസമുദ്രങ്ങളേഴും, തീർത്ഥങ്ങളത്രേ; അതുപോലെ തന്നെയാണ്, മാനസാദിസരസ്സുകളും. അവ വെള്ളമില്ലെങ്കിൽ കൃഷി തീർത്ഥങ്ങളാണ്. ചെരുപുഴകൾ, കിണറൊഴിയെയുള്ള കഴികൾ എന്നിവയിലും തീർത്ഥം സ്ഥിതിചെയ്യുന്നുണ്ട്.

മേരുമുതലായ പർവ്വതങ്ങളും തീർത്ഥങ്ങളാകുന്നു. യജ്ഞഭൂമി, അഗ്നിഹോത്രമുള്ളേടം, ഗോഷ്ഠമി, ദേവശാല, ഹോമശാല, വേദപാഠശാല എന്നിവയിലും, ഗൃഹങ്ങളിലെ പുണ്യസ്ഥാനമായ ഗോശാലയിലും, സോമപായി വസിയ്ക്കുന്നേടത്തും, ഇരാമശ്വത്ഥവടബ്രഹ്മവൃക്ഷങ്ങളുള്ളേടത്തും, പുരാണം വായിയ്ക്കുന്നേടത്തും, ഗുരുവിരിയ്ക്കുന്നേടത്തും, നല്ല ഭാര്യയുള്ളേടത്തും, നല്ല പുത്രനുള്ളേടത്തും തീർത്ഥം സ്ഥിതിചെയ്യുന്നു. അച്ഛനമ്മമാരും തീർത്ഥംതന്നെയാണ്.'

വേനൻ:—'ദേവേശനായ മാധവ, മയെച്ചെയ്ത തിരുവുള്ളം തെളിഞ്ഞു ദാനയോഗ്യമായ പാത്രത്തിന്റെ ലക്ഷണം അരുളിച്ചെയ്യുവിലും.'

ഭഗവാൻ:—'മഹാപ്രജ്ഞനായ രാജാവേ, ശ്രദ്ധയോടെ ദാനം ചെയ്യുവാൻ തക്ക പാത്രത്തിന്റെ ലക്ഷണവും കേട്ടുകൊള്ളുക:

Digitized By Kerala Sahitya Akademi

കുലീനനും വേദപുരുഷനും ജ്ഞാനിയും ദാനശീലനും ദയാലുവും വിശേഷിച്ചും പരിശുദ്ധനും സദാചാരസമ്പന്നനും ദേവപൂജാനിരതനും തപസ്വിയും ഭൂതദയയില്ലാത്തവനും ധർമ്മജ്ഞനും പാഷണ്ഡരോടു ചേരാത്തവനുമായ വൈഷ്ണവബ്രാഹ്മണനെ കണ്ടെത്തിയാൽ ദാനം അനുഷ്ഠിക്കണം. ഈ ഗുണങ്ങളുണ്ടെങ്കിൽ ഭാഗിനേയനെയെങ്കിലും ജാമാതാക്കളും പാത്രങ്ങൾ തന്നെ. ഗുരുദക്ഷിണനൽകാനും ദാനയോഗ്യരാകുന്നു. വേദാചാരങ്ങളും അറിയുന്നവൻ പാത്രമായിരിയ്ക്കും. ഇതൊക്കെയാണ് ശ്രേഷ്ഠങ്ങളായ ദാനപാത്രങ്ങൾ.

പുത്രകളിക്കാരൻ, ചെറുക്കണ്ണൻ, നഖം കടിക്കുന്നവൻ, കപിലവർണ്ണൻ, ഞരമ്പുകണ്ണൻ, അതിനീലൻ, പല്ലു കടിച്ചുവാളിച്ചോ കടിച്ചോ ഇരിയ്ക്കുന്നവൻ, നിന്ദിതൻ, വാതരോഗി, അംഗങ്ങൾക്കു കുറവോ കൂടുതലോ ഉള്ളവൻ, കുഷ്ഠരോഗി, കഴിനഖമുള്ളവൻ, ത്വഗ്ദോഷമുള്ളവൻ, കക്ഷണിക്കാരൻ എന്നിവരെക്കൊണ്ടായ ബ്രാഹ്മണന് ദാനംചെയ്യരുതു്. ഉർവ്വരയായ ഭാര്യയോടുകൂടിയ ബ്രാഹ്മണൻ, ബ്രഹ്മതുല്യൻതന്നെയായാലും ദാനയോഗ്യനല്ല. സ്ത്രീജിതൻ, ശോകാതുരൻ, വ്യാധിതൻ, മൃതഭോജി (ചാത്തമുണ്ണുന്നവൻ) എന്നിവർക്കും ദാനം പാടില്ല. ചോരനു ദാനം ചെയ്താൽ, ദാതാവും തൽക്ഷണം ചോരതുല്യനായിത്തീരുകും. തൃപ്തിയില്ലാതവനും ശഠനും ദാനം ചെയ്യുകൂടാ. വേദശാസ്ത്രജ്ഞനായാലും, സദാചാരമില്ലാത്തവൻ ശ്രാദ്ധത്തിനോ ദാനത്തിനോ ഒരിക്കലും തകുവനല്ല.

കാലത്തു തീർത്ഥങ്ങളിൽവെച്ചു പാത്രങ്ങൾക്കായി ശ്രദ്ധയോടേ നൽകുന്ന ദാനമെല്ലാം പുണ്യകരമാകുന്നു. ലോകത്തിൽ പ്രാണികൾക്കു ശ്രദ്ധയെന്നുള്ള ഒരു പുണ്യമില്ല; ശ്രദ്ധയെന്നുള്ള ഒരു സുഖമില്ല; ശ്രദ്ധയെന്നുള്ള ഒരു തീർത്ഥമില്ല. ശ്രദ്ധാപൂർവ്വം എന്നെത്തന്നെ സ്മരിച്ചുകൊണ്ടുവേണം പാത്രപാണിയിൽ ദ്രവ്യം സമർപ്പിക്കുവാൻ. ഇപ്രകാരം വിധിപോലെ ദാനം അനുഷ്ഠിച്ചാൽ, എന്റെ പ്രസാദംകൊണ്ടു് അനന്തമായ ഫലവും സുഖവും ലഭിക്കും.'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകരണം, വേനോപാഖ്യാനം, വേനചരിത്രസംഗ്രഹം, മനുകാലാതിക്രമം, ഭൂപ്പത്തോരോത്തരമദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

നാൽപ്പത്തഞ്ചാമദ്ധ്യായം

ധേനൻ:—'നിത്യനൈമിത്തികഫലം മുമ്പേ അരുളിച്ചെയ്തുവല്ലോ. നൈമിത്തികദാനത്തിന്റെ ഫലംകൂടി മുഴുവനും അരുളിച്ചെയ്യുമാറാകണം! ജഗദീശ, കേട്ടിട്ട് എനിയ്ക്ക് മതിവരുന്നില്ല; ആഗ്രഹം വർദ്ധിക്കയാണ്.'

ഭഗവാൻ:—'സുരോത്തമ, നൈമിത്തികദാനഫലവും പറയാം:

പുണ്യകാലത്തു സൽപാത്രങ്ങൾക്കായി ഗജത്തേയോ രഥത്തേയോ അശ്വത്തേയോ ശ്രദ്ധാപൂർവ്വം ദാനംചെയ്യുവൻ തീർച്ചയായും എന്റെ പ്രസാദത്താൽ ഒരു പുണ്യദേശത്തു ഭൂത്വസംയുക്തനായ രാജശ്രേഷ്ഠനായി ജനിക്കും; അവൻ ധർമ്മാത്മാവും ജ്ഞാനിയും ബലവാനും സൽബുദ്ധിയും തേജസ്സേറിയവനും ആകും ജയിച്ചടക്കുന്നവനുമായിരിയ്ക്കയും ചെയ്യും. വിശേഷദിവസത്തിൽ പുണ്യവാനായ ബ്രാഹ്മണനു ഭൂദാനമോ ഗോദാനമോ ചെയ്യുന്നവനു സർവഭോഗങ്ങളും സിദ്ധിയ്ക്കും. പുണ്യകാലത്തു തീർത്ഥത്തിൽവെച്ചു മഹാദാനം ചെയ്താൽ രാജത്വം കിട്ടും; ഗൃഹദാനം ചെയ്താൽ അക്ഷയമായ നിധി കിട്ടും; പൊന്നും പട്ടും കൊടുത്തവനു, ദേവപാരഗത്വം ആയുസ്സ് മാന്മാത്വം സന്താനയുക്തത്വമാത്രാ പുണ്യശ്ലോകത്വമാത്രാ യജ്വാക്കളും തത്ത്വജ്ഞത്വമായ വളരെ സൽപുത്രന്മാർ ഉണ്ടായിവരും; അവൻ രസവദ്ധ്യപുണ്യങ്ങൾ നേടി ധർമ്മിഷ്ഠനാകും. പുണ്യകാലത്തു പണിപ്പെട്ടു തീർത്ഥത്തിൽ ചെന്നുചേർന്നു സപ്തർഷികൊണ്ടുള്ള പയിനെ മഹാത്മാവായ ബ്രാഹ്മണനു കൊടുത്തവൻ, ബ്രഹ്മാവു ജീവിച്ചിരിയ്ക്കുന്നേടത്തോളം കാലം മഹത്തായ സുഖം അനുഭവിക്കും. പുണ്യകാലത്തു ഒരു പശുവിനെ ചമയിച്ചു വസ്ത്രകാഞ്ചനാഭരണങ്ങളോടുകൂടി ദാനംചെയ്തവനു ഭോഗവും ദാനവുംചേർന്നു മഹാസമ്പത്തുണ്ടായിവരും; എന്നല്ല, അവൻ എല്ലാവിധ കർമ്മങ്ങളും അധിഷ്ഠിതിയായി വിഷ്ണുകേതനായിത്തീർന്നു പ്രളയംവരെ വിഷ്ണുലോകത്തിൽ വാഴുകയും ചെയ്യും. തീർത്ഥത്തിൽവെച്ചു ബ്രാഹ്മണർക്ക് ആഭരണം നൽകിയാൽ, ഇന്ദ്രനോടുകൂടി മഹാഭോഗങ്ങളും അനുഭവിച്ചു വിഹരിക്കാം. പുണ്യദിവസത്തിൽ, സൽപാത്രമായ ബ്രാഹ്മണപുംഗവനു വസ്ത്രവും അന്നവും ഭൂമിയും ശ്രദ്ധയോടെ ദാനംചെയ്യുവൻ വിഷ്ണു

Digitized By Kerala Sahitya Akademi

തുല്യപരാക്രമനായി വൈകുണ്ഠത്തിൽ സുഖിയ്ക്കും; വസ്ത്രവും സ്വർണ്ണവും സുശീലസ്ത്രീപുരുഷന്മാരെ ദാനം ചെയ്യുവൻ അഗ്നിതുല്യനായി യഥേഷ്ടം വൈകുണ്ഠത്തിൽ വാഴും.

ഒരു പൊന്നിൻകുടത്തിൽ നെയ്യുനിറച്ചു വെള്ളിയടപ്പിട്ട് അതിനെ വസ്ത്രാഭരണപുഷ്പമാലകളും പൂജാദ്രവ്യങ്ങളുംചേർത്തു പ്രതിഷ്ഠിച്ചു, വേദമന്ത്രങ്ങളും ചൊല്ലി ഷോഡശോപചാരങ്ങളും കൊണ്ടു പൂജിച്ചു ബ്രഹ്മണനെ ദാനംചെയ്യുക; വസ്ത്രാലംകാരത്തിനുള്ളതായ പതിനാറു പൈക്കളെ കറവുപാത്രത്തോടുകൂടി പൂജിച്ചു, നാലെണ്ണത്തിനെ കനകഭൂഷണങ്ങളോടുകൂടി ഒരുമിക്കും, പന്തീരണ്ടെണ്ണത്തിനെ മറ്റൊരാൾക്കുമായി ദാനംചെയ്യുക. ഇപ്രകാരം ദാനങ്ങളൊക്കെയാണ് യഥാകാലം തീർത്ഥത്തിൽവെച്ചു സൽപാത്രത്തെ തിരഞ്ഞെടുത്തു സമ്പൂർണ്ണം ചെയ്യേണ്ടതു്. അതു തുലോം പുണ്യകരമാകുന്നു. വിഷ്ണുവിനെ ഉദ്ദേശിച്ചുചെയ്യുന്ന കാര്യമാണമാകട്ടേ, ദാതാവു കാമിച്ചതിനെയെല്ലാം തീർച്ചയായും നിറവേറും.

യജ്ഞാദികളിൽ നൽകുന്നതാണല്ലോ അത്യുത്കൃഷ്ടദാനം. ആ ദാനം ശ്രേഷ്ഠമായിരുന്നാൽ, ദാതാവു മഹാപ്രാജ്ഞനായി, ധർമ്മാത്മാവായി, ദുഃഖം നേരിടാതെ ഇഹത്തിൽ ഭോഗങ്ങളും ഭുജിച്ചുവാഴും; കൂടുവിൽ ദിവ്യഗതിനേടി ഐന്ദ്രഭോഗങ്ങളും അനുഭവിയ്ക്കും; അയിരം കല്പം മുഴുവൻ സ്വകുടുംബത്തോടും സ്വർഗ്ഗത്തിൽ വസിച്ചിരിയ്ക്കും.

ഇനി അന്തിമദാനം പറയാം: വാർദ്ധക്യമേറുമ്പോൾ നരിക്കാറായി എന്നുകണ്ടാൽ ദാനംചെയ്യണം. 'ഞാൻ മരിച്ചുപോയാൽ എന്റെമക്കളും സ്വജനബന്ധുക്കളും മറ്റും എങ്ങിനെ കഴിച്ചുകൂട്ടും' എന്നിങ്ങിനെ അതോർത്തുവ്യസനിയ്ക്കരുതു്: ഇതിൽ മയങ്ങിപ്പോയാൽ യാതൊന്നും കൊടുക്കുകയുണ്ടാവില്ല. ഒരാൾ മരിക്കാൻതുടങ്ങുമ്പോൾ, ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെ മായാമോഹത്താൽ ദുഃഖപീഡിതരായിട്ടു ദാനംനോക്കുകയും നിവൃത്തിപിന്തിക്കുകയും ചെയ്യുന്നു; എന്നാൽ അയാളുടെ മരണത്തോടുകൂടി, അവർ മായാമോഹംനീങ്ങി ദാനം മറവിലായിക്കഴിയും! പിന്നെ ലോഭംമൂലം യാതൊന്നും കൊടുക്കുകയില്ല. മരിച്ചവനോ, യമമാർഗ്ഗത്തിൽ പൈശാചങ്ങളും വളർന്ന ദുഃഖങ്ങളും മുഴുത്തു കഷ്ടപ്പെടുകയായി!! അതിനാൽ, ദാനം താൻതന്നെ ചെ

Digitized By Kerala Sahitya Akademi

യ്തുകൊള്ളണം. മഹാരാജാവേ, ആക്ക പുത്രർ? ആക്ക പൌത്രർ? ആക്ക ഭാര്യ? സംസാരത്തിൽ ആർക്കും ആരുമില്ലാ. അതിനാൽ, അറിവുള്ളവൻ ദാനം താൻതന്നെ ചെയ്തുകൊള്ളണം: അന്നം, പാനം, താംബൂലം, ജലം, സപ്തന്നം, കട്ടിയോട്ടക്രീയ പാത്രം, ഭൂമി, പലതരം കുയ്കർം. ജലപാത്രങ്ങൾ, മോടകങ്ങൾ, വിചിത്രങ്ങളായ യാനവാഹനങ്ങൾ, കർപ്പൂരാദിനാനാഗന്ധങ്ങൾ, കാലിന്നു സുഖംകൊടുക്കുന്ന ചെരിപ്പ് എന്നീവക ദാനംചെയ്യാൽ, യമമാർക്കും സുഖദാനകർമ്മപോകമാറകും; സംശയമില്ല.'

ശ്രീപരമഹാപുരുഷം, ദ്രവിണസ്പർശം, പിളർതീർപ്പുകണ്ടോം, യോഗപാശ്യായം, യേയയിച്ചസംവാദം, മൈനമിതികഥയിരുപത്തൊന്നാമദ്ധ്യായം.

—o—

നാൽപ്പത്തൊന്നാമദ്ധ്യായം

വേതാൻ:—'പുത്രനും, ഭാര്യയും, അച്ഛനും, അമ്മയും, ഗുരുവും എങ്ങനെ തീർത്ഥമാകും? അതു വിസ്തരിച്ചരുളിച്ചെയ്യാലും.'

ഭഗവാൻ:— 'ഗംഗാപ്രവാഹത്താൽ മനോജ്ഞമായി വാരാണസി എന്നൊരു മഹാനഗരമുണ്ടല്ലോ; അവിടെ കൃകലൻ എന്ന പേരായി ഒരു വൈശ്യൻ പാർപ്പുണ്ട്. അയാളുടെ ഭാര്യ സുകല എന്ന സുന്ദരി, മികച്ച സാധ്വിയും സത്യത്തയും ധർമ്മിഷ്ടയും സദാ ഭർത്തുശുശ്രൂഷയിൽ ശ്രദ്ധാലുവുമായവൾ. സത്യവാദിനിയും പ്രിയകാരിണിയും സുശീലയും സൌഭാഗ്യവതിയും സൽപുത്രയുമാണ്.

നല്ലവാഗ്മിയും, ജ്ഞാനിയും ധർമ്മിഷ്ഠനും പുരാണജ്ഞനും ശ്രുതധർമ്മങ്ങളും ശ്രവിയുന്നതിൽ ശ്രദ്ധാലുവുമായ ആ വൈശ്യൻ, തീർത്ഥയാത്രയുടെ പുണ്യകരത്വം ബ്രാഹ്മണർ ചൊല്ലിക്കേട്ടതിനാൽ, വണിഗ്ജനത്തോടൊന്നിച്ചു പുണ്യദേശങ്ങളായ തീർത്ഥയാത്ര ചെയ്വാൻ പുറപ്പെട്ടു. അപ്പോഴാം, ഭർത്തൃസ്നേഹകുലയായ ആ പതിവ്രത ധർമ്മമാർഗ്ഗത്തിലേയ്ക്കിറങ്ങുന്ന ഭർത്താവിനോട പറഞ്ഞു:—'പ്രിയതമ, അങ്ങയുടെ സഹധർമ്മചാരിണിയായ പത്നിയല്ലേ ഞാൻ? ഞാൻ ഭർത്താവിന്റെ വഴിയേ നടക്കേണ്ടു; ഭർത്താവിനെ ദേവനായി കരുതി പൂജിക്കു

Digitized By Kerala Sahitya Akademi

ന്ന. എന്നെ ഒരിക്കലും അങ്ങയ്ക്ക് ഉപേക്ഷിച്ചുകൂടാ. ഞാനും അങ്ങയുടെ നിഴൽപിടിച്ചു ശ്രേഷ്ഠവ്രതം ആചരിക്കട്ടെ! സ്ത്രീകൾക്കു പാതിവ്രത്യമത്രേ പാപംനീക്കി ഗതിനൽകുന്നത്. ഭർത്തൃപരായണയായ സ്ത്രീയാണ് ലോകത്തിൽ സുകൃതിനി. സ്ത്രീകൾക്കു ലോകത്തിൽ ഭർത്താവൊഴിഞ്ഞു, സുഖസമ്പൽമോക്ഷപ്രദമായ ഒരു തീർത്ഥം വേറെയില്ല. സത്തമ, യാതൊരു സ്ത്രീ ഭർത്താവിന്റെ വലംകാലിനെ പ്രയാഗമായും ഇടംകാലിനെ പുഷ്കരമായും സങ്കല്പിയ്ക്കുന്നുവോ; അവർക്ക്, ആ കാലുകൾ കഴുകിച്ച വെള്ളം തലയിലാഴിയാൽ പ്രയാഗപുഷ്കരസ്നാനപുണ്യം തീർച്ചയായും ലഭിയ്ക്കും. സ്ത്രീയ്ക്ക് എല്ലാ തീർത്ഥവും ഭർത്താവുതന്നെ! എല്ലാ ധർമ്മവും പ്രാണനാഥൻ തന്നെ! ഒരു ഭിക്ഷിതനെ യജ്ഞത്താൽ കിട്ടുന്ന പുണ്യം സ്ത്രീയ്ക്ക് ഭർത്തുശുശ്രൂഷയാൽ കിട്ടും. പ്രയാഗത്തിലും പുഷ്കരത്തിലും പോയാലത്തെ ഫലം പതിശുശ്രൂഷയാൽ കൈവരും. ചുരുക്കത്തിൽ പറയാം: ഭർത്തുശുശ്രൂഷയൊഴിഞ്ഞു വേറെ ഒരു ധർമ്മം സ്ത്രീയ്ക്കില്ല. അതിനാൽ, കാന്ത, ഞാനും അങ്ങയെ സുഖമായ്വണ്ണം സഹായിച്ചുകൊണ്ട് അവനെറ നിഴൽപിടിച്ചു പോന്നുകൊള്ളട്ടെ!'

ഭാര്യയുടെ ശീലഗുണവും ഭക്തിയും കണ്ടു കൃകലൻ അവളുടെ ഗാത്രസൗകുമാര്യത്തെപ്പറ്റി വീണ്ടും വീണ്ടും വിചാരിക്കയായി:—

(ശ്ലോകങ്ങൾ)

'ഇവർക്കുടെ വന്നതാകിൽ, മാ-
ലിയലും ഉത്പലഗന്ധംതോറുമേ
കളിർ ചൂടിവമൂലമാകുല-
പ്പെട്ടമല്ലോ മലർമെയ്യിതരുയും!

അരവിന്ദ ദളത്തിനൊക്കുമീ
വരവർണ്ണം തിരളും കളേബരം
കളികെട്ട കുതിരണ്ടുപോം
കളിർ ക്രൂരം കൊടുതായ കാറിനാൽ!

വഴിയിൽക്കഠിനോപലങ്ങൾകൊ-
ണ്ടിവർതൻ കോമളപാദപല്ലവം

Digitized By Kerala Sahitya Akademi

കൊടുവേദനയേല്ക്കില്ലയോ
നടകൊൾവാനതുതായാം വിധം!
ഇവളേതൊരു മട്ടിലുഴ്വതും
പതിയും മോഹവുമാകിയുള്ളവേ!
സുഗോത്രനു സുന്ദരാംഗിയാ-
ളിവരം മേ താങ്ങി,വരം ധർമ്മസംശ്രയം!
ഇവളെന്നമനിയുള്ള ജീവിത-
പ്രിയ, ധർമ്മത്തിനു താങ്ങുമിങ്ങിവരം!
ഹഹാ, തങ്കുമിവരംക്കപായമേ-
ല്ക്കുകിലിന്നെൻ കഥയും കഴിഞ്ഞുപോം!
ഇവരം താനനുലകിൽപ്പൊരുപ്പെനി-
യ്ക്കി,വരം താൻ മാമക ജീവിതേശ്വരി!
ഇവളെബ്ബുത, കെണ്ടുപോക വ-
യ്യധുനാ ഞാൻ തനിയേ ഗമിക്കുവൻ.'

മാഹാത്മാവായ കുകലൻ ഇങ്ങിനെ ചിന്തിക്കേ, സകല അയാളുടെ അന്തർഗ്ഗതം അറിഞ്ഞിട്ട യാത്തോല്യകുതനായ മത്തംവി നേടേ വീണ്ടും അവശ്യപ്പെട്ടു:—'നിർദ്ദോഷയായ ഭാര്യയെ പുരുഷന്മ പേക്ഷിപ്പാൻ പാടില്ല; അവളാണ് പുരുഷനു ധർമ്മമുഖം എന്നതോ ത്തിട്ട്, എന്നെയും കൊണ്ടുപോകുമാറാകണം.'

പ്രിയതമ പലതും പറഞ്ഞതൊക്കെ കേട്ടിട്ട കുകലൻ പുഞ്ചി രിക്കൊണ്ടു പറഞ്ഞു:—'അയ്യോ, ഇങ്ങിനെ പറയരുതേ! എന്റെ ഓമ നേ, ധർമ്മത്താൽ വേട്ടഭാര്യയെ ഒരിക്കലും ഉപേക്ഷിച്ചുകൂടാ: ധർമ്മചാ രിണിയായി കൂടിവെച്ചുപോന്ന ഭാര്യയെ പരിത്യജിക്കുന്നവൻ പത്തംഗ ങ്ങളോടുകൂടിയ ധർമ്മത്തെയാണ് പരിത്യജിയ്ക്കുന്നതു! അതിനാൽ, നിന്നെ ഞാൻ ഒരിക്കലും ത്യജിയ്ക്കയില്ല. ഇങ്ങിനെ വീണ്ടും വീണ്ടും പറഞ്ഞു വിശ്വസിപ്പിച്ചും വെച്ചു', അയാൾ അവളറിയാതെ വണി ക്സുമുഹൂത്തോടുന്നിച്ചു പൊയ്ക്കളഞ്ഞു.

ദേവപൂജയുടെ സമയമായിട്ടും മത്തംവു ഗൃഹത്തിലേയ്ക്ക വരുന്നതു കാണായ്കയാൽ, സുമുഖിയായ സകല മത്തശോകത്താൽ കര ഞ്ഞുംകൊണ്ടു വെമ്പലോടേ പുറത്തേയ്ക്കിറങ്ങി അന്വേഷിക്കയാ യി:—'മാന്യന്മാരേ, എന്റെ പ്രാണേശ്വരനായ കുകലൻ എങ്ങോട്ടോ

Digitized By Kerala Sahitya Akademi

പോയ്ക്കളഞ്ഞു; നിങ്ങളിലാരാനും അദ്ദേഹത്തെ കാണുകയുണ്ടായോ? ഉടനെ പറയുവിൻ : നിങ്ങൾ എന്റെ ബന്ധുക്കളാണല്ലോ.' അതുകേട്ടിട്ട് അവർ പറഞ്ഞു:—'ദേവീ, വേതിയുടെ മദ്ധ്യഭാഗത്തായി കുകലൻ ധർമ്മാർത്ഥമായി തീർത്ഥയാത്ര പോയിരിക്കയാണ്. വേഗം എന്തിനു വ്യസനിക്കുന്നു? അദ്ദേഹം മഹാ തീർത്ഥസ്നാനംകഴിച്ചു തിരിച്ചെത്തുമല്ലോ.' ഇപ്രകാരം സുഹൃത്തുക്കളാൽ ആശ്വസിപ്പിക്കപ്പെട്ട ഗൃഹത്തിലേയ്ക്കു തിരിച്ചുപോന്ന സുശോഭിനിയായ സുകല ഭർത്താവിനെത്തന്നെ ചിന്തിച്ചുകൊണ്ടു ദയനീയമട്ടിൽ കരഞ്ഞു.

'എന്റെ ഭർത്താവു വരുന്നതുവരെ ഞാൻ നിലത്തെ കിടക്കും. നെയ്യോ എണ്ണയോ പാലോ തൈരോ ഉപയോഗിക്കുകയില്ല; ഉപ്പ്, താംബൂലം, ഇളംമെഴുകുലേപനം എന്നിവയും ഞാൻ ഉപേക്ഷിച്ചു. ഒരു നേരമേ ഭക്ഷണം കഴിക്കുകയുള്ളൂ.' എന്നിങ്ങനെ നിശ്ചയിച്ച് അവൾ തലമുടി ഒന്നായി മെടഞ്ഞിട്ട് ഒരു മുഷിഞ്ഞ റവുക്കയും ഒരു മുഷിഞ്ഞ വസ്ത്രവും മാത്രം ധരിച്ചുപോന്നു. വിരഹത്തീയിൽ വെന്തുരുകി അയ്യോ അയ്യോഎന്ന നിലവിളിച്ചും, അതി ദുഃഖത്തോടെ നെടുവീർപ്പിട്ടും, ദേഹമെല്ലാം അഴുക്കു പുരണ്ടു കരുവാളിച്ചും സുവർത്തുലയായിത്തീർന്ന സുകല രാപ്പകൽ കരയുകതന്നെയായി; രാത്രി ഉറക്കമില്ല, വിശപ്പുമില്ല! അങ്ങനെ ദുഃഖവിഷീർണ്ണയായ സുകലയോടു സഖിമാർ വന്നു ചോദിച്ചു:—'സർവ്വാംഗസുന്ദരിയായ സുകലേ, എന്തിനാണ് നീ കരയുന്നതു? ദുഃഖത്തിന്റെ കാരണം പറയൂ.'

സുകല:—'അദ്ദേഹം, എന്റെ ഭർത്താവ്, എന്നെ വിട്ടുപോയ്ക്കളഞ്ഞു; ആ ധർമ്മിഷ്ഠൻ ധർമ്മത്തിന്നായി തീർത്ഥയാത്രയിലേർപ്പെട്ട ഭൂമിയിൽ സഞ്ചരിക്കുകയാണ്. എന്റെ നാഥൻ യാതൊരു ദോഷവും പാപവുമില്ലാത്ത എന്നെ വെടിഞ്ഞു പോയ്ക്കളഞ്ഞു; ഏതുപ്പോഴും ഭർത്താവിനെ ജീവിക്കുന്ന സാധ്വിയാണ് ഞാൻ. എന്നിട്ടും, അദ്ദേഹം തീർത്ഥയാത്രയ്ക്കായി എന്നെ വിട്ടു പോയ്ക്കളഞ്ഞു! സഖിമാരെ, അതിനാൽ ഞാൻ ദുഃഖിതയും വിരഹപീഡിതയുമായിത്തീർന്നിരിക്കുന്നു. വിഷംകുടിച്ചോ തീയ്യിൽ ചാടിയോ ദേഹം ശോഷിപ്പിച്ചോ പ്രാണൻ കളകയാണിനി നല്ലതു! ഭയമില്ലാത്ത ഭർത്താവേ പ്രിയയായ സ്ത്രീയെ വിട്ടുപോകയുള്ളൂ. ഭർത്താവോടു പിരിയുന്നതിലും ദേഹം പ്രാണനോടു പിരിയുകയാണ്! നാരീതോചിതമായി വന്നു വിരഹം സഹിപ്പാൻ ഞാനാളല്ല.'

Digitized By Kerala Sahitya Akademi

സഖിമാർ:—'തീർത്ഥയാത്രപോയ ഭർത്താവു് തിരിച്ചുവരില്ലയോ? വെറുതെയാണ് നീ ശരീരം ശോഷിപ്പിക്കുന്നതു്; വെറുതെയാണ് നീ ദുഃഖിയ്ക്കുന്നതു്; വെറുതെയാണ് നീ സന്തപിയ്ക്കുന്നതു്; വെറുതെയാണ് നീ ഭോഗ്യങ്ങളെ വെടിയുന്നതു്. നീ മുൻജന്മത്തിൽ കടംകൊടുത്തിട്ടുള്ള അന്നപാനങ്ങളെ വാങ്ങി ഭുജിച്ചുകൊള്ളുക. ഭർത്താവു് ആരുമില്ലേ? മക്കളെ ആരുമില്ലേ? സ്വജനബന്ധുക്കളെ ആരുമില്ലേ? സംസാരത്തിൽ ആർക്കും ആരോടും ബന്ധമില്ല. ബാലേ, ഭക്ഷിയ്ക്കുക, ഭുജിയ്ക്കുക എന്നിതാണ് സംസാരത്തിന്റെ ഫലം. മരിച്ചാൽ ആർ ഭക്ഷിയ്ക്കുന്നു? ആർ ആ ഫലം കാണുന്നു? പാനംചെയ്ക, ഭുജിക്ക ഇതാണ് സംസാരത്തിൽ സാരം.'

സകലഃ—'നിങ്ങളുടെ അഭിപ്രായം വേദസമ്മതമായിട്ടുള്ളതല്ല. ഭർത്താവിനെ വിട്ട് ഒരുകയായി വസിയ്ക്കുന്ന സ്ത്രീ പാപിനിയത്രേ; അവളെ സജ്ജനങ്ങൾ വകവയ്ക്കുകയില്ല. സഖിമാരേ, സതീ ഭർത്താവോടുള്ള ചേർച്ച പുണ്യംകൊണ്ടെ കൈവരൂ എന്നാണ് വേദങ്ങളിൽ കണ്ടിട്ടുള്ളതു്. എന്നെന്നാൽ സ്ത്രീകൾക്കു തീർത്ഥം ഭർത്താവാണെന്നും ശാസ്ത്രങ്ങൾ ഘോഷിയ്ക്കുന്നു. അവർ സത്യനിരതമായി അവനെത്തന്നെ മനോവാക്കായങ്ങൾകൊണ്ടാരാധിച്ചു പ്രസാദിപ്പിക്കണം. ഒരു മഹത്തായ തീർത്ഥത്രേ, ഭർത്താവിന്റെ വലത്തുഭാഗം; അതിനെ ആശ്രയിച്ചു ഗൃഹത്തിൽ വസിച്ചുംകൊണ്ടു ദാനപുണ്യങ്ങൾ അനുഷ്ഠിച്ചാലുള്ള ഫലം, കാശിയിലെ ഗംഗയിലോ പുഷ്കരത്തിലോ പ്രയാഗയിലോ അവന്തിയിലെ കേദാരത്തിലോ ശശിഭ്രക്ഷണത്തിലോ നിത്യയജ്ഞം ചെയ്യുന്നവർക്കു കൂടി കിട്ടുകയില്ല.

മികച്ച സുഖവും പുത്രസൗഭാഗ്യവും സ്നാനപാനഭോജനങ്ങളും വസ്ത്രാലംകാരവും ശുചൗണവും തേജസ്സും യശസ്സും കീർത്തിയും, എന്നുവേണ്ടാ സർവവും, ഭർത്തൃപ്രസാദത്താൽ ലഭിയ്ക്കും;സംശയമില്ല. ഭർത്താവുണ്ടായിരിക്കെ, ഒരു സ്ത്രീ മറെറാരു ധർമ്മം അനുഷ്ഠിക്കയാണെങ്കിൽ, അതു നിഷ്ഫലമായിപ്പോകും; അവർ കൂടയാണെന്നു ജനങ്ങൾ പറകയും ചെയ്യും. സ്ത്രീകളുടെ രൂപവും യൌവനവും ജനനംതന്നെയും ഭൂമിയിൽ ഭർത്താവൊരാൾക്കു വേണ്ടിയത്രേ. ഭർത്താവു പ്രസാദിച്ചേ, ലോകത്തിൽ സ്ത്രീ ശ്ലാഘ്യയും സൽപുത്രയും യശസ്വിനിയുമായി വർത്തിക്കയുള്ളൂ. ഭർത്താവില്ലാത്ത സ്ത്രീയുടെ ഭൂമിയിൽ സുഖമെ

Digitized By Kerala Sahitya Akademi

വിടെ? രൂപമെവിടെ? യശസ്സെവിടെ? കീർത്തിയെവിടെ? സന്താനമെവിടെ? അവരം സദാ ദൈർഭാഗ്യമഹാഭയം അനുഭവിക്കേണ്ടിവരും; പാപിനിയായി ഭർവ്വത്തയായിത്തീരുകയും ചെയ്യും. ഭർത്താവു ശ്ലാഘിച്ചാലോ, അവളിൽ എല്ലാദേവകളും ശ്രീമാരും മനുഷ്യരും പ്രശംസിയ്ക്കും. ഭർത്താവാണ് സ്ത്രീക്കു നാഥൻ; ഭർത്താവാണ് ഗുരു; ഭർത്താവാണ് ഈശ്വരൻ; ഭർത്താവാണ് പുണ്യതീർത്ഥം. ഭർത്താവുള്ളപ്പോഴേ അവരം ശൃംഗാരഭൂഷണങ്ങൾകൊണ്ടു ശോഭിയ്ക്കൂ; ഭർത്താവില്ലെങ്കിൽ, അതെല്ലാം പാമ്പിന്റെ വായിൽ പകർന്ന പാലുപോലായിപ്പോകും. ഭർത്താവിനുവേണ്ടിയാണ് ഉത്തമസ്ത്രീ ആഭരണങ്ങളണിയുന്നത്. ഭർത്താവു പോയിരിയ്ക്കെ ഒരുവരം മോടി കൂട്ടുന്നതായാൽ അവളുടെ അഴകും നിറവുമൊക്കെ തീരേ നിഷ്പ്രയോജനം! അവളെ ജനങ്ങൾ തേവിടിശ്ശി എന്നു പഴിയ്ക്കുകയും ചെയ്യും. അതിനാൽ, ഭർത്തൃഹിതയായ സ്ത്രീ ഒരിക്കലും സുഖമനുഭവിച്ചുകൂടാ. ഒരുത്തമഭാര്യയ്ക്കു മികച്ച ധർമ്മം ഭർത്താവെന്നതെ ശാസ്ത്രവാക്യം; ആ സനാതനധർമ്മം ഒരിക്കലും ഭാര്യയ്ക്കു ത്യജിക്കാവുന്നതല്ല. ഇത ധർമ്മം അറിഞ്ഞിരിക്കെ, ഞാനെങ്ങിനെ ഭർത്താവിനെ വിട്ടിരിയ്ക്കും? ഇത വിഷയത്തിൽ, സുദേവയുടെ പാപനാശനമായ ഒരു പുരാണകഥ കേട്ടിട്ടുണ്ട്.'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രഭാവം, ദേവോപാഖ്യാനം, വേനവിഷ്ണുസംവാദം, സുകലാചരിതാരംഭം മുതലുള്ളഅന്നോമധ്യായം.

— o —

നാൽപ്പത്തിരണ്ടാമദ്ധ്യായം

സഖിമാർ:—'ദേവതി പറഞ്ഞ സുദേവ എങ്ങിനെയുള്ളവളായിരുന്നു? ഞങ്ങൾക്കു ശരിയായി പറഞ്ഞുതരിക.'

സൂതൻ:—'അയോദ്ധ്യയിൽ, മനുവിന്റെ മകനായി ഇക്ഷ്വാകുവെന്നൊരു മഹാരാജാവുണ്ടായിരുന്നു. സർവധർമ്മാത്മനിരതനായി സർവജ്ഞനായി ദേവബ്രാഹ്മണപൂജകനായ ആ മഹാഭാഗന്റെ ഭാര്യയായിരുന്നു, പതിവ്രതയും സത്യാചാരശാലിനിയുമായ സുദേവ. ദേവരാജൻ എന്നമഹാവീരനായ കാശിരാജാവിന്റെമകളായആ സർവ്വാംഗസുന്ദരിയെ പരിണയിച്ചിട്ട് ഇക്ഷ്വാകുനരേന്ദ്രൻ അവ

Digitized By Kerala Sahitya Akademi

മെന്നിട്ടു പലതരം യജ്ഞങ്ങളും കഴിക്കുകയും അരമനയിൽ രമിച്ചുവാഴുകയും ചെയ്തു.

ഒരിക്കൽ ആ മഹാരാജാവു പ്രിയതമയോടുകൂടി, ഗയയിൽ ഗംഗാതീരത്തുള്ള കാനനത്തിൽചെന്നു സിംഹമഹിഷഗജവരാഹാദികളെ നിഗ്രഹിച്ചു വേട്ടയാടുകയായിരുന്നു. അപ്പോൾ പുത്രപൌത്രാദിയായ ഒരു വലിയ പന്നിക്കൂട്ടത്തോടുകൂടി ഒരു വരാഹം അദ്ദേഹത്തിന്റെ അടുക്കൽ വന്നെത്തി; അതിന്റെ ഭാര്യയെ ഒരു പെൺപന്നിയും ഒത്തുചേർന്നവളായിരുന്നു.

പുത്രപൌത്രാദിസ്നേഹത്തേയും ദയയേയും മറന്നു സ്വവീര്യത്താൽ രക്ഷിച്ചുംകൊണ്ടു ഭാര്യയുമായി പർവതത്തിൽവസിയ്ക്കുന്ന ആ വരാഹം, വേട്ടയാടുന്ന രാജാവിനെ കണ്ടപ്പോൾ അദ്ദേഹത്താൽ ആ മൃഗങ്ങൾക്കു വലിയ ആപത്തുപറ്റുമെന്നുകരുതിയിട്ടു ഭാര്യയോടുംപുത്രപൌത്രന്മാരോടുമായി പറഞ്ഞു:—'പ്രിയേ, മനുവിന്റെവംശജനും മഹാബലനുമായ കോസലരാജാവിതാ, വളരെ മൃഗങ്ങളെ സംഹരിച്ചുകൊണ്ടുവേട്ടയാടുന്നു. അദ്ദേഹം എന്നെ കണ്ടാൽ തീർച്ചയായും നേരിട്ടുവരും. മറവനാണ്ടികളിൽനിന്ന് എനിക്കു പ്രാണഭയം തീരെയില്ല. എന്നാൽ രാജാവ് എന്റെ ദേഹംകണ്ടാൽ ക്ഷമിയ്ക്കുകയില്ല; വമ്പിച്ച സന്തോഷത്തോടെ വില്ലുമമ്പും കൈക്കൊണ്ടു, നായ്ക്കളും വേടന്മാരുമായി പുറപ്പെട്ട്, എന്നെ കൊല്ലുകതന്നെചെയ്യും.'

പെൺപന്നി:—'വൻകാട്ടിൽ ആയുധപാണികളായ വേടന്മാരെ കാണുമ്പോഴൊക്കെ, ഭവാൻ എങ്കിൽ ഈ പുത്രപൌത്രന്മാരോടുകൂടി, ധൈര്യവും ബലപൌരുഷവും വിട്ടു വല്ലാതെ പേടിച്ചുരണ്ടു് അകലത്തേയ്ക്കു പാഞ്ഞുപോവുകയാണല്ലോ ചെയ്യാറുള്ളതു്; മഹാരാജാവിനെ കണ്ടപ്പോൾ അങ്ങു മികച്ചപൌരുഷം കൈക്കൊള്ളുന്നതെന്തുകൊണ്ടാണ്?'

ഭാര്യയുടെ ചോദ്യം കേട്ടിട്ടു സൂകരപ്പെരുമാൾ ഉത്തരംപറഞ്ഞു:—'വേടന്മാരെ കണ്ടാൽ ഞാൻ പേടിച്ചോടുന്നതിനു കാരണം പറയാം: വേടന്മാർ മഹാപാപികളാണ്; ഉർവ്വരകന്ദരങ്ങളിൽമുറിനടന്നു പാതകംചെയ്യുവാണ്, ആ പാപപരാശജന്മാരുടെയെല്ലാം പതിവ്. അവരുടെകൈകൊണ്ടു മരണംവരുന്നതിൽ എനിയ്ക്കു പേടിയുണ്ടു്. അങ്ങിനെ മരിച്ചാൽ ഞാൻ പിന്നെയും പാപത്തിൽ പതിച്ചുപോകും. ആ അപായത്തിനെ പേടിച്ചിട്ടാണ്, ഞാൻ അകലെ പർവ്വതഗുഹകളിലേയ്ക്കു

Digitized By Kerala Sahitya Akademi

പാഞ്ഞുപോകാനുള്ളൂ. ഈ വന്നിരിയ്ക്കുന്ന വിശപനാഥനായ മഹാരാജാവാകട്ടെ, വിഷ്ണുവിനെപ്പോലുള്ള കരുപുണ്യപുരുഷനാണ്; ഈ മഹാത്മാവിനോടു ഞാൻ പൌരുഷവിക്രമംപൂണ്ടു പോരാടുക തന്നെ ചെയ്യും. സ്വന്തം തേജസ്സുകൊണ്ടു രാജാവിനെ ഞാൻ ജയിക്കുമെങ്കിൽ എനിക്കു ഭൂമിയിൽ കിടയറാ കീർത്തിയുണ്ടാകും; അതല്ലാ യുദ്ധത്തിൽ വീരവരനാൽ കൊല്ലപ്പെടുകയാണെങ്കിൽ എനിയ്ക്കു വിഷ്ണുലോകം പ്രാപിക്കാം. എന്റെ മാംസമേദസ്സുകൊണ്ടു ഭൂപാലൻ അത്യന്തം തൃപ്തിയേയും; ലോകദേവതകളും സംതൃപ്തരായി വരും. സുന്ദരി, ആയുധപാണിയായി എഴുന്നള്ളിയിരിക്കുന്ന ഇദ്ദേഹത്തിന്റെ കൈകൊണ്ടു മരണം വന്നാൽ അതെനിയ്ക്കു വലിയ ഒരു ലാഭമാണ്. ഒന്നുകിൽ മുന്നലകിലും മികച്ച കീർത്തി, അല്ലെങ്കിൽ വിഷ്ണുലോകം എനിയ്ക്കു കിട്ടും. ഇതിനാലത്തേ എനിയ്ക്കു ഭയമോ ക്ഷോഭമോ ഇല്ലാത്തത്. പാപഭയത്താലാണ് ഞാൻ പാർത്തസാരഥിക്കുനേരെ പായാതുള്ളൂ; ഇന്നു ധർമ്മം കാക്കയാൽ ഞാൻ അനങ്ങാതെ നില്ക്കുന്നു. സുകരജാതിയിൽ ജനിപ്പാൻ തക്കവണ്ണം എന്തൊരു പാപമാണ് മൻജന്മത്തിൽ ഞാൻ ചെയ്തുവച്ചിട്ടുള്ളതെന്ന് എനിക്കറിഞ്ഞുകൂടാ; എന്തായാലും, ആ ഘോരപാതകത്തെ ഞാൻ ക്രൂരവിൻനിയോഗം വെളുപ്പെടുത്തുകൊണ്ടു കഴുകിക്കളയുന്നുണ്ടു്.

നീ എന്നെപ്പറ്റിയുള്ള മിത്ഥ്യാമോഹം വെടിഞ്ഞു, പുത്രപൌത്രരേയും കന്യകയേയും, ആബാലവൃദ്ധാകുടുംബത്തേയുംകൊണ്ടു പാർത്തിയേയ്ക്കു പോയ്ക്കൊൾകെ. ഞാൻ മിത്ഥ്യാമോഹം വെടിഞ്ഞു കഴിഞ്ഞു. ഇതാ, വിഷ്ണു എഴുന്നള്ളിയിരിക്കുന്നു; ഇദ്ദേഹത്തിന്റെ തൃക്കൈകൊണ്ടു മരിച്ചു ഞാൻ പരമമായ വിഷ്ണുപദം പ്രാപിക്കട്ടെ! ഇപ്പോഴം ഒട്ടേവം എനിക്കു സപർയ്യോപകരണങ്ങളുറന്നുവച്ചിരിക്കുന്നു; ഞാൻ ആ മഹത്തായ ലോകത്തിലേയ്ക്കു പോവുകയാണ്.'

ആ മഹാത്മാവായ വരാഹത്തിന്റെ മോഹിതം കേട്ടിട്ടു രാജ്ഞി മനംതളർന്നുകൊണ്ടു പറഞ്ഞു:—'പുത്രപൌത്രഭ്രാതൃമിത്രാദികളാൽ പരിവൃതനായ ഭവാനാണ്, ഈ ക്ഷത്രത്തിനു നായകൻ. ഇവിടത്തെക്കൊണ്ടേ ഈ ക്ഷത്രം ശോഭിയ്ക്കുന്നതു്; ഭവാനോടു വേർപെട്ടാൽ ഇതിന്റെ അവസ്ഥ എന്തായിപ്പോകും! കാന്ത, അങ്ങയുടെ ബലത്താലാണല്ലോ, എന്റെ മക്കളായ ഈ കൊച്ചുപന്നികളും ഗർജ്ജിച്ചുംകൊണ്ടു ഗിരികളിൽ സഞ്ചരിയ്ക്കുന്നതു്. ഭവർ ഉർവ്വരവനകുഞ്ജങ്ങളിലും ഗിരിഗഹനങ്ങളിലും ഭയമെന്നിയേ നടന്നു കിഴങ്ങുകളും തിന്നുന്നതും അങ്ങയുടെ

Digitized By Kerala Sahitya Akademi

തേജസ്സോലയേ. അങ്ങയുടെ തേജസ്സാലുള്ള രക്ഷമൂലമല്ലയോ, ഇവർ ഈ പർവതത്തിൽ സിംഹങ്ങളേയോ മനുഷ്യരേയോ മതല്ലും പേടിക്കാതിരിക്കുന്നത്? ഇവിടുന്നു വിട്ടുപോയാൽ ഈ ചെറുപൈതങ്ങളെല്ലാം വാടി വഴഞ്ഞു വശംകെട്ടുപോകും; ഒരിക്കലും ഒരു സുഖവും കണ്ടെത്തുകയില്ല!

തൻതാവില്ലാത്ത ഒരു സ്ത്രീ, രത്നകാഞ്ചനാലങ്കാര ദിവ്യവസ്ത്രാഡംബരങ്ങൾ കൊണ്ടു മോടി കൂട്ടിയാലും തൊഴിക്കുകയില്ലല്ലോ; മാതാപിതൃസഹോദരരെക്കൊണ്ടോ ശത്രുശത്രുരാജികളെക്കൊണ്ടോ ഒരു തൻതൃരഹിതയായ സ്ത്രീ രോഷിയ്ക്കുകയില്ലല്ലോ; അതുപോലെയും ചന്ദ്രനില്ലാത്ത രാത്രിപോലെയും സന്താനമില്ലാത്ത തറവാട്ടുപോലെയും വിളക്കില്ലാത്ത വീടുപോലെയും നിഷ്പ്രഭമായിപ്പോകും, ഭവാനോടു വേർപെട്ടാൽ ഈ ക്ഷേത്രം, ഇവിടുന്നില്ലെങ്കിൽ ഈ പന്നിക്കൂട്ടം, ആചാരമില്ലാത്ത മനുഷ്യനെപ്പോലെയും ജ്ഞാനമില്ലാത്ത സന്ന്യാസിയെപ്പോലെയും മന്ത്രിയില്ലാത്ത രാജ്യം പോലെയും കടലിൽ കപ്പിത്താനില്ലാത്ത നിറകപ്പൽപോലെയും മേലാളില്ലാത്ത വണിക്സമൂഹംപോലെയും പടനായകനില്ലാത്ത പടപോലെയും ഓത്തില്ലാത്ത ബ്രാഹ്മണൻ പോലെയുമായിപ്പോകും!

മരണം എളുപ്പമാണെന്നറിഞ്ഞിട്ടും ഭവാൻ കുടുംബഭാരം എങ്കൽ ചുമത്തിയുംവെച്ചു പോവുകയാണല്ലോ; ഇതെന്തുനിശ്ചയമാണ്? പ്രാണനാഥ, അങ്ങയെക്കൂടാതെ ജീവിച്ചിരിപ്പാൻ ഞാനാളല്ല; അങ്ങയോടൊപ്പം സ്വർഗ്ഗമോ ഭൂമിയോ നരകമോ ഞാൻ അനുഭവിച്ചുകൊള്ളാം. സത്യമാണ് ഞാൻ പറയുന്നത്. അതിനാൽ, യൂഥനാഥ, ഈ പൂതപൈതങ്ങാനന്ദിതമായ വന്മിച്ചുകൂട്ടത്തെയുംകൊണ്ടു നാമിരുവരും കൂടി ഒരു ഗുഹയിലേയ്ക്കു പോവുക. അങ്ങു ജീവിതമുപേക്ഷിച്ചു മരണത്തോടെതിരിടുകയാണല്ലോ; മരണത്തിൽ എന്താണ് അത്ര മെച്ചം? പറകതന്നെ.'

വരാഹം:—'വീരധർമ്മം നിനക്കറിഞ്ഞുകൂടാ; കേട്ടുകൊൾക: ഒരു വീരൻ മറ്റൊരു വീരന്റെ അടുക്കൽചെന്ന്, 'എനിയ്ക്കു യുദ്ധാന്തരിക; ഞാൻ യുദ്ധത്തിനുവേണ്ടി വന്നിരിക്കയാണ്' എന്നിങ്ങനെ യാചിച്ചാൽ, കാമത്താലോ ലോഭത്താലോ ഭയത്താലോ മോഹത്താലൊ യുദ്ധം നൽകാതിരിയ്ക്കുന്നവൻ കായിരം യുഗം മുഴുവൻ കുംഭീപാകനരകത്തിൽ കിടക്കേണ്ടിവരും. യുദ്ധം യാചിച്ചുകൊണ്ടു പോർക്കളത്തിലിറങ്ങിയവനോടു യുദ്ധംചെയ്യുക എന്നതു ക്ഷത്രി

Digitized By Kerala Sahitya Akademi

യക്ക മികച്ച ധർമ്മമത്രേ. അതിൽ എതിരാളിയെ ജയിച്ചാൽ യശസ്സും കീർത്തിയും കിട്ടും; അതല്ല, നിർഭയമായി പൊരുതിക്കൊണ്ടു യുദ്ധത്തിൽ വധിക്കപ്പെടുകയാണെങ്കിൽ, വീരലോകംപൂകി ദിവ്യഭോഗങ്ങൾഅനുഭവിക്കാം— ഇരുപതിനായിരംവർഷം ദേവവീരന്മാരാൽ പൂജിക്കപ്പെട്ടുകൊണ്ടു വീരലോകത്തിൽ വസിക്കാം.

വീരനായ മനുപുത്രൻ താൻതന്നെ യുദ്ധം യാചിച്ചുകൊണ്ടു വന്നെത്തിയിട്ടുള്ള സ്ഥിതിയിലും, ഞാൻ തീർച്ചയായും പോർ നൽകേണ്ടിയിരിയ്ക്കുന്നു. സനാതനനായ വിഷ്ണുവിനെപ്പോലുള്ള ആളാണ് യുദ്ധാതിഥിയായി വന്നിരിയ്ക്കുന്നത്; ഭദ്രേ, അതിനാൽ ഞാൻ യുദ്ധംകൊണ്ടു സൽക്കരിയ്ക്കുകയും ചെയ്യണം.'

പെൺപന്നി:—'ഭർത്താവേ, ഭവാൻ മഹാത്മാവായ രാജാവിനോട് യുദ്ധംചെയ്യുക തന്നെയാണെങ്കിൽ, അങ്ങയുടെ പ്രയോജനം എങ്ങിനെ എന്നു് എനിയ്ക്കു കണ്ടറിയണം.'

പിന്നെ അവർ ബഹളപ്പെട്ടു് ഓമന മക്കളെ വിളിച്ചുപറഞ്ഞു:—'കുഞ്ഞുങ്ങളേ, കേൾപ്പിൻ: വിഷ്ണുവിനെപ്പോലുള്ള ഒരാൾ യുദ്ധാതിഥിയായി വന്നിരിയ്ക്കുന്നു; നിങ്ങളുടെ രക്ഷിതാവായ അച്ഛനോടൊരുമിച്ചു എനിയ്ക്കും പോകണം. നിങ്ങൾ അകലത്തു ഒട്ടുമായ പിവൻതറയിലേയ്ക്കു പോയ്ക്കൊൾവിൻ; വേടന്മാരുടെകയ്യിൽപ്പെടാതെ സുഖമായി ജീവിച്ചിരിപ്പിൻ! എനിയ്ക്ക്, ഇട്ടേച്ചു പോകുന്നേടത്തേയ്ക്കു പോകണം. നിങ്ങൾക്കെല്ലാവർക്കും ജ്യേഷ്ഠനായ ഇവൻ യൂഥപാലനായിവാഴട്ടെ. ഇതു് അച്ഛന്മാരെല്ലാം നിങ്ങളെ നോക്കിക്കൊള്ളും. പൊന്നിൻകിടാങ്ങളേ, എല്ലാവരും എന്നെവിട്ടു ദൂരത്തേയ്ക്കു പോയ്ക്കൊൾവിൻ.'

മക്കൾ:—'അമ്മേ, ഈ ശ്രേഷ്ഠപർവ്വതത്തിൽ കായ്കനികളും വെള്ളവും ധാരാളമുണ്ടു്; സുഖമായി ജീവിയ്ക്കാം. ഞങ്ങൾ ഭയപ്പെടാനില്ല. യഥാർത്ഥമായ ഭയങ്കരമായ യുദ്ധത്തെപ്പറ്റി നിങ്ങളിരുപേരുംകൂടി സംസാരിച്ചുവല്ലോ; അതിനു കാരണമെന്താണെന്നു പറയുക.'

പെൺപന്നി:—'ഇതാ, കാലനെപ്പോലെ അതിഭയങ്കരനായ മനുപുത്രൻ, ഇക്ഷ്വാകുരാജാവു വന്ന വൻകാട്ടിൽ മൃഗങ്ങളെ കൊന്നുകൊണ്ടു വേട്ടയാടുന്നു; രണ്ടിച്ച ബലത്താൽ ഉദാരധർമ്മനായ ഈ കാലൻ കൊന്നുകളയും; എന്റെ തങ്കക്കിടാങ്ങളും കൂടിപ്പോയ്ക്കൊൾവിൻ!'

Digitized By Kerala Sahitya Akademi

മകനേ:—'അയ്യോ അച്ഛനമ്മമാരെ ത്യജിച്ചുപോകുന്നവരേ; ആ പാപി ഘോരഘോരമായ നരകം പൂകാതിരിക്കയില്ല. അമ്മയുടെ നവം മുലപ്പാൽ കഴിച്ചു വളർന്നിട്ടു നന്ദിയില്ലാതെ അമ്മയേയും അച്ഛനേയും വെടിഞ്ഞു പോവുകയാണെങ്കിൽ, നരകത്തിൽ കൃമികളും ഒട്ടകവും നിറഞ്ഞ മലം കുടിക്കേണ്ടിവരും! അമ്മേ, അതിനാൽ ഞങ്ങളേ ഇരുജനനത്തെ വിട്ടുപോവുകയില്ല.'

ഇപ്രകാരം ധർമ്മാനുരൂപമായി പറഞ്ഞിട്ട്, രാജസ്സും തേജസ്സും പൌരുഷവും പൂണ്ട ആ പുത്രന്മാരെല്ലാം വൃദ്ധൻ ചേർത്തുനിന്ന, സാഹസോത്സാഹത്താൽ സഹർഷരായി രാജകുമാരനെ നോക്കി ഗർജ്ജിച്ചുകൊണ്ടു കാട്ടിൽ കളിയാടുകയായി.

ശ്രീപരമേശ്വരപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകഥനം, ദേവേശ്വരസ്തുതി, ദേവവിഷ്ണുസംവാദം, സുകൃതകഥനമെന്നുദേവകിയുടെകഥ
നാല്പത്തിരണ്ടാമധ്യായം.

——(0)——

നാൽപ്പത്തിമൂന്നാമദ്ധ്യായം

സൂതൻ:—ഇങ്ങിനെ ആ സൂതപുത്രന്മാരെല്ലാം യുദ്ധത്തിന്നൊരുങ്ങി നില്പായി. അപ്പോഴാകട്ടെ വേടന്മാർ തിരുമുമ്പിൽ ചെന്നണഞ്ഞിട്ടു:—'പൊന്നരചനുരാനേ, ഒരു പന്നിക്കുടിയൻ മലയുടെ താഴ്വാരത്തിൽ ഒരു വയിച്ച പന്നിക്കുട്ടത്താൽ വൃഥാമിട്ട തിരിപ്പുണ്ട്; കഴുതക്കഴുത്തിൻനിറത്തിൽ തടിച്ചുരുണ്ട മെയ്യും വയിച്ച ഒംഷുകളും വലിയ മോന്തയുമുള്ള ആ കൊടുംപന്നി അതിഘോരമായി ഞെളവനുമുണ്ട്. അതാ, സാലതാലവനത്തിൽ; തൃക്കൺപാർത്താലും.' അവരുടെ ഈ അറിയിപ്പു കേട്ടിട്ട മഹാനുഭാവനായ മനുപുത്രൻ, 'ബലക്കുറവുള്ള വരാഹവീരനെ പിടിപ്പിൻ, എയ്യുവിൻ' എന്നിങ്ങിനെ അവരോടാജ്ഞാപിച്ചു. ഉടനേ, വേട്ടയിൽ ലഹരിപിടിച്ച ആ വേടന്മാരെല്ലാം ചാടിയിട്ട് ആയുധങ്ങളുമായി നായ്ക്കളോടൊപ്പം നടകൊണ്ടു.

മനസ്സു തുടിച്ചു കളിത്ത മഹാബലനായ ചക്രവർത്തിയും കതിരൊപ്പുറത്തുകേറി ചതുരംഗസൈന്യത്തോടൊന്നിച്ചു ഗംഗാതീരത്തിലൂടെ മഹാമേരുപർവ്വതത്തിലേയ്ക്കു ഗമിച്ചു.

Digitized By Kerala Sahitya Akademi

(ശ്ലോകങ്ങൾ)

പാരം പൊങ്ങി നഭസ്സുണഞ്ഞു വിലസീ
നാനാമണീധാതുമ-
ത്താരോഗ്യദീപ്തമൊക്കെയുള്ളം
കല്പദ്രുമത്തോപ്പൊടും,
ദൂരത്തുള്ളഴുകുന്ന ദിവ്യനദിതൻ
കല്ലോലമാലോലള-
ന്നീരത്തുള്ളികരം മുത്തുപോലെ വിതറും
പാറപ്പുറച്ചാതിടം.

സൈവം തത്ര രമിപ്പതുണ്ടതിരസം
ഗന്ധർവ്വവിദ്യാധര-
ന്മാരും ചാരണകിന്നരർഷിഗണവും
നാഗാപ്സരസ്സിദ്ധരും;
ഏറെച്ചോലയുമാറൊഴുക്കുമുറവും
തുനീരണിപ്പൊയ്കയും
ചേരുന്നംഗിരിമൌലിതൻ ഗുഹകളിൽ-
പ്പാർക്കുന്ന യോഗീശ്വരൻ.

താലം, തെങ്ങു, കവുങ്ങു, പൂന, ചരളം,
പൂളുമ്പകം, ചന്ദനം,
സാലം, പാതിരി, വാഴ, കൈതയിവയും,
നാനാലതാകുഞ്ജവും,
ആലക്ഷിപ്പു പളുങ്കുപാറകളുമാം-
ദിവ്യാന്നഭോവാഹ്യമാം
ശൈലത്തിൽ ക്ഷിതിപൻ സുവർണ്ണകലശം
മിന്നും വിമാനങ്ങളും.

പോത്തും കൃഷ്ണമൃഗം മടേഭശരഭ-
വ്യാഘ്രങ്ങളും സാനുവിൽ-
ക്രുത്താടുന്ന സുമേരു പൃക്ഷ പടയും
പൂഴെസ്സുയോഗ്യൻ നൃപൻ;
മുത്തോരും ചെറിയോരുമാം കിടികളെ-
ന്നപ്പുന്നി നിൽക്കുന്നൊടം
പാത്തോടീ തിരുമുമ്പിലായ് പ്രണപെടും
കാട്ടാളരും നായ്ക്കളും.

Digitized By Kerala Sahitya Akademi

അപ്പോൾ മനംകലിത്ത് വരാഹനായകൻ വല്ലഭയോട് പറഞ്ഞു:— 'ഓമനേ, നോക്ക: വേട്ടയാടി വിഹരിക്കുന്ന കോസലപ്പെരുമാളിതാ, എന്റെ നേക്കേഴുന്നള്ളുന്നു. ഞാൻ ഒറ്റയ്ക്കുതന്നെ ദേവാസുരന്മാരെ അടുക്കുംവിധിച്ചുകൊണ്ടു യുദ്ധം ചെയ്യുകൊള്ളാം.' വില്ലമ്പും കൈക്കൊണ്ടു തേജസ്വിയായ രാജാവും ആ സത്യധർമ്മമൂർത്തിയായ സൂകരനോട് സഹർഷം അരുളിച്ചെയ്തു:—'പ്രിയതമേ, കാറിന്നൊപ്പം ഗർജ്ജിക്കുന്ന പന്നിക്രൂറനെ നോക്കു; വേട്ടക്കാക്ക് അടുത്തു ക്രൂരാത്മാവായി പരിവാരങ്ങളാൽ ചുറ്റപ്പെട്ടുനില്ക്കുന്ന ഇവനെ ഞാൻതന്നെ ക്രമേണ കരംകൊണ്ടു സംഹരിക്കാം. എന്നോടുതന്നെയായിരിയിക്കട്ടെ, ഈ മഹാശൂരൻ പൊരുതാനാടുക്കുക'. പ്രിയപത്നിയോട് ഇതുമാത്രം പറഞ്ഞിട്ട്, അരചൻ വേട്ടരോടാജ്ഞാപിച്ചു:—'തക്ക പുണ്ണായുള്ള നായ്ക്കളെ പന്നിയുടെ നേക്കു വിടുവിൻ.'

ഉടനെ ചൊല്ലിവിടപ്പെട്ട ബലതേജഃപരാക്രമികളായ നായ്ക്കളെല്ലാം കരുത്തുംകൊണ്ടു പന്നിയുടെ നേരെ വായുവേഗത്തിൽ പാഞ്ഞെത്തി; ആ കാട്ടാളരും ക്രൂരസ്വരൂപംകൊണ്ടും വെണ്മയുള്ള വിവിധായുധങ്ങൾകൊണ്ടും വരാഹവീരനെ പ്രഹരിപ്പാൻ തുടങ്ങി.

(വഞ്ചിപ്പാട്ട്)

വേടർ ബാണതോമരൌഘം പാടേ തൂകീ കിടീന്നുകലീടററുകുന്നിന്മേൽക്കാർകറം പേമഴപോലെ.
ശസ്ത്രപ്രഹരങ്ങളേറിട്ടുഗർജ്ജിതനാപ്പോതി
പുത്രപൌത്രബാന്ധവരോടൊത്തടക്കെത്തി,
തേറകൊണ്ടും വട്ടമിട്ടുള്ളോട്ടംകൊണ്ടും കാട്ടാളരെ-
യേറമേറം പരിക്കേല്പിച്ചുഴിയിൽ വീഴ്ത്തി,
തേജസ്സേറും മന്മഥരാജനുടെ സമീപത്തെ-
ത്താജിക്കായക്കേറിച്ചെന്നാനാഹവഹർഷത്തൻ.
തുണ്ഡത്തലപ്പാലും ശീതോച്ചണ്ഡത്തേനഖത്താലും
മണ്ണുകിളച്ചുത്തുംകൊണ്ടാ മന്നനനേരേ
ക്രൌഞ്ചംപൂണ്ടുപോരിനെത്തും കോലേന്ദ്രനെറ വിഷ്ണുതുല്യ-
വീര്യംകൊണ്ടു യുഗപൻ തുഷ്ട്യാ കോരുമയിൽക്കൊണ്ടാൻ.
പന്നിയായിട്ടൊരു ദൈത്യൻ വന്നതാമോ ബലാൽക്കാരം-
ചെന്നുമോർത്തു മഹാത്മാവാമിക്ഷ്വാകുപ്രഭുപൻ

Digitized By Kerala Sahitya Akademi

മെത്തുംബലപൌരുഷത്തിൽ നിസ്തുല്യനാ മാ വൈരിയെ
ശ്രോപംസിപ്പാൻ ചൊല്ലിവിട്ടു പേത്തും സൈന്യത്തെ.
ഖഡ്ഗ ബാണ മുസ്സണ്ടികരം മൽഗരങ്ങരം പാശങ്ങളും
കൈക്കൊണ്ടാസ്ത്ര പൂപ്പെട്ട കാട്ടാളന്മാരും
തേരാനകതിരകളും നേരിട്ടാത്തു ചുഴന്നിട്ടും
ക്രൂരനാമാകിടിക്കൊത്ത ക്രൂസലേശീലാ.
ചിലരിക്കിൽ കാണാതാകും, ചിലരിക്കിൽ കാണായ്വതും,
ചിലരിക്കിൽബ്ബയപ്പാട്ട കാട്ടുമീവണ്ണം
ശ്രൂരഭടന്മാരബ്ബലാൽ പോരിലരുച്ചവിനാൻ
സ്ഫാരരോഷാൽ കൺമുകന്ന സൂകരവീരൻ.
ഉന്മത്തനാൽ പോരിൽച്ചുറ്റി വന്മുകിൽ പോലാക്കം കിടി-
തൻമുഖത്തുമിന്നീ തേറ്റ തുമിന്നൽപോലേ.
പാരംഭീർജ്ജയനീത്തുംഗാകാരനെന്നു കണ്ടുഗ്രപൻ
ക്രൂരമ്പോറാരഭ്യനോക്കി ക്രുദ്ധരോടൊപ്പം.
ധീരതയാൽ പോരിവീണ്ടും പോരിനണയവേ തന്നാരം-
ക്കാരോടേവം കഥിച്ചിതു കോസലാധീശൻ:—
'നായ്ക്കളെന്തുപിടിയ്ക്കാത്ത നോക്കിനിൽപ്പു! കുടുംക്രൂ-
മൃക്കിലെയ്തുകൊണ്ടിതിന്റെ നേർക്കെല്ലുവിൻ.'
ആരിശമോടരചനിതരുമെയ്തു നിമിഷത്തി-
ലൊരുപോട പടയാളരൊന്നിച്ചുകൂടി,
ഞരിന്നായണഞ്ഞു നാലിടത്തിലും ചുഴന്നനി-
ന്നിടവിടാതസ്ത്രം വിട്ടാരക്കിടീന്ദ്രകൽ;
ചിലർ നെടുംബാണമെയ്തു, ചിലർ ചക്രം, ചിലർ വജ്രം;
ചില ഭടർ കയറിനാൽ വരിഞ്ഞുകെട്ടീ.
കയത്തവൻ കരത്തിനാലാക്കയറുമൊഴിഞ്ഞുനി-
ന്നയർകിടികളോടൊത്തു മോരയിൽമുങ്ങി,
തുണ്ഡഘാതാൽ ഗജഹയഷണ്ഡങ്ങളെപ്പിളർത്തിനാൻ
ചണ്ഡമായ തേറ്റകൊണ്ടു കാലാൾകളേയും.
വേടന്മാക്കിടികളം ക്രൂടിപ്പോന്ന തമ്മിലട-
രാടിക്കൊണ്ടാർ കോപത്തുടുപ്പാന്ന കണ്ണുമായ്.
പന്നികരം കാട്ടാളരേയും, പന്നികളെക്കാട്ടാളരും
കൊന്നവിഴ്ത്തീ കടുംഘോരയാലിയുംവണ്ണം.
വിശ്വംഭരേന്ദ്രനിൽ പ്രാണൻ വിട്ടു വീണ്ടു വരാഹരും
വിശ്വകർത്രുക്കളും ഹതനായ വേലയും.

Digitized By Kerala Sahitya Akademi

മില്ലർ ചത്തുവീണതിക്കിലെല്ലാമേറെപ്പന്നികളും
കൊല്ലപ്പെട്ട നിലംപതിച്ചിടന്നിരുന്നു.
ചിലർ ചത്തു; കിടികളിൽച്ചിലർപാഞ്ഞു ഒറ്റുമഹാ-
തലലതാനികഞ്ഞങ്ങളുംപ്പുക്കൊളിച്ചു.
കാട്ടാളരിൽച്ചിലർ പന്നിത്തേറ്റയേറ്റു തുണ്ടു തുണ്ടായ്-
ക്രൂട്ടിൽനിന്നു ജീവനംപോയ് സ്വർഗ്ഗം പ്രാപിച്ചവർ.
ക്രൂടകളും വലകളും കുഴൽ കയറിവയോട്ട
ക്രൂടിയങ്ങു മന്നിടത്തിൽ ച്ചിന്നിക്കാണായി.

മറ്റുള്ളയോടും ഏഴഴട്ട പുത്രന്മാരോടും ക്രൂടിയ പന്നിത്തലവനാകട്ടെ, ബലപ്പെട്ടാൽ മാറയ്ക്കും പൊരുതാതൊന്നുങ്ങി നില്ക്കുകയായി. അപ്പോൾ സൂകരി വീണ്ടും തത്തോവിനോടപേക്ഷിച്ചു:—'പ്രിയതമ, ഭവാൻ ഇനിയുള്ള കുഞ്ഞുങ്ങളോടും എന്നോടും ക്രൂടി പിന്തിരിയുന്നോ!' വാത്സല്യവാനായ വരാഹേന്ദ്രൻ വല്ലഭയോട് പറഞ്ഞു:—'ഭദ്രേ, തോൽവിപെട്ട ഞാൻ എങ്ങോട്ടുപോകും? എനിയ്ക്ക ഭൂമിയിൽ ഇടമില്ല! ഞാൻ പാഞ്ഞൊളിച്ചാൽ പന്നിക്രൂട്ടവും പാഞ്ഞൊളിച്ചുകളയും. ഒരു പന്നി രണ്ടുസിംഹങ്ങളുടെ ഇടയിൽ നിന്നു വെള്ളംകുടിയ്ക്കും; എന്നാൽ ഒരു സിംഹം രണ്ടുപന്നികളുടെ ഇടയിൽനിന്നു വെള്ളംകുടിയ്ക്കുകയില്ല. ഇങ്ങിനെ ഒരു മികച്ച കരുത്തുണ്ട് സൂകരജാതിക്ക്; അതിനെ നശിപ്പിയ്ക്കുകയാവും ഞാൻ തോറ്റോടുന്നതു്.

സുഭഗേ, ഏറ്റവും ശ്രേയസ്കരമായ ധർമ്മം എനിക്കറിയാം: പൊരുതുന്നതിനിടയിൽ കാമമോ ലോഭമോ ഭയമോ മൂലം യുദ്ധത്തെ വിട്ട പാഞ്ഞൊളിയ്ക്കുന്നവൻ തീർച്ചയായും പാപിയായിപ്പോകും; മൂർച്ചയേറിയ ആയുധക്രൂട്ടം കണ്ടാൽ മനം കുളിർത്ത് ആ സിന്ധുവിലിറങ്ങി തീർത്ഥസ്നാനം ചെയ്യുന്നവനാകട്ടെ, വളരെ പുത്രന്മാർക്ക് ഉൽഗതി വരുത്തി വിഷ്ണുലോകം പ്രാപിയ്ക്കും. ആയുധങ്ങളാൽ നിറഞ്ഞു വീരന്മാർക്കാനന്ദം നൽകുന്ന യുദ്ധം കണ്ടാൽ മനംകുളിർത്ത് അതിലേയ്ക്ക പോകുന്നവന്ന് ഓരോ കാൽവെപ്പിലും ഗംഗാസ്നാനം സിദ്ധിയ്ക്കുന്നു; പോരിൽ തോറ്റു കാമത്താലോ ലോഭത്താലോ ഗൃഹത്തിലേയ്ക്ക തിരിയുന്നവനോ, അമ്മയെ ഉഷ്ടിപ്പിയ്ക്കുകയും ക്രിയാജാതൻ എന്ന പേർ നേടുകയും ചെയ്യുന്നു. വീരത്വം പ്രകാശിപ്പിക്കപ്പെടുന്നതെവിടെയോ, അവിടെയത്രേ യജ്ഞങ്ങളും തീർത്ഥങ്ങളും കാജസ്സേറിയ ദേവകളും; അവിടെയത്രേ ലോകം മുന്നും; അവിടെയത്രേ മുനി സിദ്ധചാരണ

Digitized By Kerala Sahitya Akademi

ന്മാർ രസിയ്ക്കുന്നതും. യുദ്ധത്തിൽ തോറ്റ നിർല്ലജ്ജനായ പാപിയെ കണ്ടാൽ ത്രൈലോക്യവാസികളാരെങ്കിലും ശപിക്കും; വീണ്ടും വീണ്ടും പരിഹസിക്കുകയും ചെയ്യും. അവന്നു ഒന്നിനും ധർമ്മാർത്ഥം നൽകുകയുള്ളൂ. യുദ്ധത്തിൽ നേരിട്ടുനിന്നു പൊരുതി, സമരഭൂമിയിൽനിന്നു രക്തം പൊഴിക്കുന്നവനോ, അശ്വമേധഫലമനുഭവിച്ച് ഇന്ദ്രലോകത്തിൽ വാഴും.

സുമുഖി, യുദ്ധത്തിൽ ശത്രുക്കളെ ജയിക്കുന്നതായാൽ, ആ ശൂരനു ലക്ഷ്മിയോടു ചേർന്നു നാനാഭോഗങ്ങളും അനുഭവിക്കാം; പിന്മാറാതെ നിന്നു പ്രാണനെക്കളഞ്ഞാലോ, ഉൽകൃഷ്ടലോകം പുക്കു ദേവസ്ത്രീകളോടു ചേരാം. ഈ ധർമ്മം മനസ്സിലാക്കിയിട്ടുള്ള ഞാൻ എങ്ങിനെ തോറ്റു പിന്മാറുന്നു? ഈ മനുപുത്രനായ ഇക്ഷ്വാകുരാജവീരനോടു പൊരുതാൻ തന്നെയാണ് ഞാൻ നിശ്ചയിച്ചതു്. നീ കിടാങ്ങളേയുംകൊണ്ടു പോയി സുഖമായി ജീവിച്ചുകൊള്ളുക.'

അതുകേട്ടിട്ട് അവൾ പറഞ്ഞു: —'പ്രാണനാഥ, അങ്ങയുടെ സ്നേഹവും സൽക്കാരവും രതിലീലാവിനോദങ്ങളുമാകുന്ന പാശങ്ങൾകൊണ്ടു ബന്ധിക്കപ്പെട്ടവളാണ് ഞാൻ. ഞാൻ മക്കളോടുകൂടി അങ്ങയുടെ മുമ്പിൽ വെച്ചു മരിച്ചുകൊള്ളാം.'

ഇങ്ങിനെ സംസാരിച്ചിട്ടു, പരസ്പരഹിതേച്ഛുക്കളായ ആ വരിരുവരും യുദ്ധത്തിന്നൊരുങ്ങി, ആ ശത്രുവായ കോസലേശ്വരവീരനെ നോക്കി നിൽക്കുകയായി. മഴക്കാലത്തു് മിന്നൽ പ്രകാശങ്ങളോടുകൂടിയ മേഘം ആകാശത്തുനിന്നു് ഇടിവെട്ടുന്നതുപോലെയും, അപ്രകാരം ഭീഷ്മരോഷനായ ആ വരാരോഹേന്ദ്രൻ കാന്തയോടൊപ്പം ഗർജ്ജിച്ചുകൊണ്ടു രാജശ്രേഷ്ഠനെ പോരിന്നുവിളിച്ചു. പൌരുഷത്താൽ ആത്മലക്ഷ്മി പന്നിത്തലവനെ കണ്ടിട്ട് ആ മഹാത്മാവായ ഭൂപവീരൻ താൻതന്നെ അവന്റെ നേർക്കു സത്വരം പാഞ്ഞടുത്തു.

ശ്രീപത്മമഹാപുരാണം, ക്രിയാഖണ്ഡം, പിതൃതീർത്ഥകഥനം, യയാതിപാഖ്യാനം, ചൈത്രവിഷ്ണുസംവാദം, സുകലാകാന്യുമായ സുദേവചരിതം, ധർമ്മകൃത്തേക്ഷ്വാകരസന്ത്യപരാജയം തുല്യത്തിരുന്നാമദ്ധ്യായം.

Digitized By Kerala Sahitya Akademi

നാൽപ്പത്തിനാലാമദ്ധ്യായം

സൂകരം:—തന്റെ കരുത്തേറിയ ദൈത്യം തോല്പിയ്ക്കപ്പെട്ടതു കണ്ടിട്ട് ആ വരാഹത്തിന്റെ പേരിൽ അഭിശംകൊണ്ട നരപാലൻ വേഗത്തിൽ വില്ലും അന്തകനെന്നാത്ത അമ്പുംകൈക്കൊണ്ടു കതിരപ്പുറത്തേറി, അതിന്റെ നേർക്കു പാഞ്ഞടുത്തു. പറവലരെ ഒട്ടുനേരം ഭൈരവക്ഷോഭിയായ പാർത്ഥിവൻ കതിരപ്പുറത്തേറി വന്നതു കണ്ടിട്ടു പന്നിത്തലവനും പടക്കളത്തിൽ നേർത്തണഞ്ഞു. ഉടനെ അരചൻ കരുത്തരുദ്രം എയ്തുവിട്ടു. തൽക്ഷണം കിടിശ്രേഷ്ഠൻ കതിരയുടെ കാൽക്കൽ ചെന്ന്, അതിനെ കടുത്ത വേഗത്തിൽ മേല്പോട്ടുതള്ളുകയും, കാൽനിലം തൊടുന്നതിനു മുമ്പു, മോന്തകൊണ്ടിടിച്ചു വീഴിക്കുകയും ചെയ്തു. രാജാവു ക്ഷണത്തിൽ കരുതേരിൽ കേറി, പന്നികളുടെ സ്വാഭാവികശബ്ദത്തിൽ ഗർജ്ജിച്ചുംകൊണ്ടു പനോടുമിൽനിന്നിരുന്ന സൂകരേന്ദ്രനെ ഗദകൊണ്ടു് ഒരടിയടിച്ചു. അതോടുകൂടി, ആ വരാഹപ്പുത്രമാർഗ്ഗം വിട്ടു ഹരിമന്ദിരത്തിലേയ്ക്കു ഗമിച്ചു.

ആ നരേന്ദ്രനോടൊത്തു പടചൊരുതിയ പന്നിത്തലവൻ, കാറേററ വൃക്ഷമെന്നപോലെ ഭൂമിയിൽ വീണപ്പോൾ, ആകാശത്തുനിന്നു പുഷ്പവർഷമുണ്ടായി: മണം പുലർന്ന മന്ദാരകുസുമങ്ങൾ അവന്റെമേൽ ക്രമത്തിൽ കൂടിക്കിടക്കാൻതുടങ്ങി. സന്തുഷ്ടരായദേവന്മാർ കൈകൊട്ടിച്ചിരിയും വർദ്ധിച്ചുതുടങ്ങി.

രാജാവു നോക്കിക്കൊണ്ടു നിൽക്കെ, ആ വരാഹശ്രേഷ്ഠൻ ചതുർബാഹുവും ദിവ്യാംബരശ്രീഷണാലംകൃതനുമായ ഒരു ദിവ്യ പുരുഷനായിച്ചമഞ്ഞ്, ആകാശത്തു സൂര്യനെപ്പോലെ പരിശോഭിച്ചു: തന്റെ മൻദേഹത്തെ ഇവിടെ ത്യജിച്ചിട്ടു വീണ്ടും ഗന്ധർവ്വപ്രഭുവായിത്തീർന്ന അവൻ ദിവ്യവാഹനത്തിൽ കേറി, ശക്രാദിദേവകളാൽ സൽക്കരിക്കപ്പെട്ടുകൊണ്ടു സ്വർഗ്ഗം പൂകുകയും ചെയ്തു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകരണം, വേനോപാഖ്യാനം, വേനയജ്ഞസംവാദം, സൂകരക്ഷത്രിയസുദ്ധോദ്ധരിതം, വരാഹസ്വർഗ്ഗഗമനം നാല്പത്തിനാലാമദ്ധ്യായം.

(o)

Digitized By Kerala Sahitya Akademi

നാൽപ്പത്തഞ്ചാമദ്ധ്യായം

സുകല:—പിന്നീട്, ആ ഭയങ്കരന്മാരായ വേടന്മാരെല്ലാം പാശവും മറവും കൈക്കൊണ്ടു, ഘോരങ്ങളായ നായ്ക്കളോടും കൂടി പെൺപന്നിയുടെ നേർക്കു ചെല്ലുകയായി. നാലു പുത്രന്മാരാൽ പരിവൃതയായ ആ സുകരി, മഹായുദ്ധത്തിൽ കടുംബത്തോടൊപ്പം കൊലപ്പെട്ട കാന്തനെക്കണ്ടിട്ട് ഇങ്ങിനെ നിശ്ചയിച്ചു:—'എന്റെ ഭർത്താവിന്ന് അഭീഷ്ടം നിറവേറി: ആ മഹാത്മാവ് ഈ വീരകർമ്മത്താൽ മുനിദേവപൂജിതനായി സ്വർഗ്ഗം പ്രാപിച്ചുവല്ലോ. എനിയ്ക്കും അങ്ങേഹം വാഴുന്ന സ്വർഗ്ഗത്തിലേയ്ക്കു പോകണം.'

പുത്രന്മാരെപ്പറ്റിയായി, അവളുടെ പിന്നത്തെച്ചിന്ത:—'ഈ നാലു കുട്ടികളും ജീവിച്ചിരുന്നാൽ മതി, ആ മഹാവീരന്റെ വംശം നിലനിർത്താൻ! ഇവരെ ഞാൻ എങ്ങിനെ രക്ഷപ്പെടുത്തേണ്ടു?' ഈയൊരു ചിന്തയിൽപ്പെട്ട അവൾ, ഓടിപ്പോകാൻ തക്ക ഒരു വിശാലമായ ഗിരിദർശം കാട്ടിക്കൊടുത്തിട്ടു, സ്നേഹവ്യാമോഹംമൂലം മക്കളോടുപദേശിച്ചു:—'കഞ്ഞുങ്ങളേ, ഞാൻ നിന്നുകൊള്ളാം; നിങ്ങളും പാഞ്ഞുപോകുവിൻ.' അവരിൽവെച്ചു മൂത്തമകൻ പറഞ്ഞു:—'എന്റെ ജീവനെ രക്ഷിപ്പാനായി, അമ്മയെ വെടിഞ്ഞു ഞാൻ എങ്ങിനെ പോകും? അമ്മേ, എന്റെ ആ ജീവിതം എത്ര നിന്ദ്യം! ഞാൻ അച്ഛന്റെ വൈരികളെ ഹിംസിച്ച പക വീട്ടിക്കൊള്ളാം; അമ്മ അനുജന്മാരെ മൂന്നുപേരേയുംകൊണ്ടു ഗുഹയിലേയ്ക്കു പോവുക. അമ്മയേയും അച്ഛനേയും ഉപേക്ഷിച്ചു പോകുന്നതായാൽ, ആ പാപി കൃമികളും തിങ്ങിനിറഞ്ഞ നരകത്തിൽ വീഴുകയേ ഉള്ളൂ.'

അപ്പോൾ, ദുഃഖം മുഴുത്ത മാതാവു പറഞ്ഞു:—'മകനേ, മാപാപം പൂണ്ട ഞാൻ എങ്ങിനെ നിന്നെവിട്ടു പോകേണ്ടു? അതിനാൽ, മൂന്നു പുത്രന്മാർ കാടിപ്പോകട്ടെ!' അനുജന്മാർ മൃഗങ്ങൾ ഗിരികന്ദരത്തിലേയ്ക്കോടി. അമ്മയും മൂത്തമകനുംകൂടി പോർക്കളത്തിലേയ്ക്കു മിറങ്ങി. ഉടനേ, വേടന്മാർ തെരുതെരെ ക്രൂരിയാത്തുംകൊണ്ടു, ആ മൂന്നുപേർ പോയ വഴിയ്ക്കു ചുണയോടേ പാഞ്ഞടുത്തു; അമ്മയും മകനും അവരെ തടുത്തുനിൽക്കുകയായി. അപ്പോൾ കാട്ടാളന്മാർ വാരം വില്ലമ്പുകളും കൊണ്ടും തീക്ഷ്ണങ്ങളായ ചക്രതോമര മുസലങ്ങളും കൊണ്ടും പ്രഹരിച്ചുതുടങ്ങി.

Digitized By Kerala Sahitya Akademi

മകൻ അമ്മയെ പിന്നിലാക്കി അവരോടു യുദ്ധം ചെയ്തു: ചില ശ്രുതന്മാരെ തേരോടുകൊണ്ടു ഹനിച്ചു; ചിലരെ മോന്തകൊണ്ടും കളമ്പുകൊണ്ടും കൊന്നു വീഴിച്ചു. അവന്റെ അടർ കണ്ടിട്ട്, 'ഇവൻ അർജ്ജുനനെക്കാളും ശൂരനാണെന്നു കരുതി മനുപുത്രമഹാരാജാവു താൻതന്നെ നേരിട്ടടുത്തു, ഒരു മൂർച്ചയേറിയ അർദ്ധചന്ദ്രബാണം പ്രയോഗിച്ചു. അതു മാറുന്നു തറച്ചു മാത്രയിൽ അതു സൂകരം മുതിപ്പെട്ടു വീണുപോയി.

പുത്രദുഃഖം പൊറാതെ അതിന്റെ മേൽ വീണുരുണ്ട സൂകരിയും കാട്ടാളരെ തുണ്ടപ്രഹാരങ്ങൾകൊണ്ടു നിഹനിപ്പാൻ തുടങ്ങി. ചില ശൂരന്മാർ ചത്തു വീണു; ചിലർ പാഞ്ഞൊളിച്ചു. അവർ, അപ്പോൾ പുറപ്പെട്ട ഒരു കൃത്യ എന്നപോലെ മഹായേകരിയെയിച്ചു മഞ്ഞു പെരുംപടയെ ഓടിക്കുകയായി. അപ്പോൾ ദേവരാജാത്മജയായ സുദേവ പ്രിയതമനോടു ചോദിച്ചു:—'ഈ പെൺപന്നി അങ്ങയുടെ ഒരു വമ്പിച്ച പടയെ കൊന്നുകളഞ്ഞുവല്ലോ. അങ്ങെന്തുകൊണ്ടാണ് അമാന്തിക്കുന്നതു?'

മഹാരാജാവു പറഞ്ഞു:—'പെണ്ണാകകൊണ്ടാണ് ഇതിനെ ഞാൻ കൊല്ലാഞ്ഞത്. സ്ത്രീയേ, സ്ത്രീവധം വലിയദോഷമാണെന്നത്രേ ദേവകളുടെ മതം. അതിനാൽ സ്ത്രീയെ ഞാൻ കൊല്ലുകയില്ല; ഇതിനെ കൊല്ലാൻ അന്യരേയും നിയോഗിക്കുകയുമില്ല. പാപം പറഞ്ഞുപോകും!' മഹാപ്രാജ്ഞനായ മനുവൻ ഇതുപോലും പറഞ്ഞു വിരമിച്ചു.

മികച്ച ദന്തമുക്കുപോലും തട്ടുന്നു കൂസാതെ അവരെയിട്ടു നട്ടം തിരിക്കുന്ന ശൂരസൂകരിയെ കണ്ടപ്പോൾ, ഭാർഗ്ഗവൻ (ഭൃഗുവാൻ) എന്നൊരു വേടൻ അവളുടെനേർക്കു ഒരു മൂർച്ചയേറിയബാണം അയച്ചയച്ചു. അതു ശരം തറച്ചു ചോരയിൽ മുങ്ങി, വീരസ്ത്രീകൊണ്ടു വിളങ്ങുന്ന അവർ വീണ്ടും ഝർഝരൻ എന്നൊരുത്തനെ പാഞ്ഞേറും മോന്ത കൊണ്ടു കരിയിടിച്ചു. അവൻ വീഴുന്നതോടുകൂടി, ഝണംഝണൻ എന്നൊരുത്തൻ അവളെ ഒരു നിശിതമായ വാരംകൊണ്ടു വെട്ടിക്കളഞ്ഞു; അതേറും ദോഷം പിളർന്ന അവർ വമ്പിച്ച വേദനയാൽ മോഹാലസ്യപ്പെട്ടു പോർക്കളത്തിൽ വീണു കിതച്ചും കൊണ്ടു കിടപ്പായി.

ശ്രീപരമേശ്വരാപുരാണം, ഭൂമിഖണ്ഡം, പ്രതിസർഗ്ഗപ്രകരണം, യയോപഖ്യാനം, വേടവിജ്ഞാനസംവാദം, സുകഥാകഥനമാനസുദേവചരിതം, ശൂരസൂകരീഷ്ടനം നാല്പത്തെയ്യോമദ്ധ്യായം.

—(o)—

Digitized By Kerala Sahitya Akademi

നാൽപ്പത്താറാമദ്ധ്യായം

സുകല:—വീണുകിടന്നു കിതയ്ക്കുന്ന സുതവത്സലയായ സുകരിയെ കണ്ടിട്ടു മനസ്സലിഞ്ഞ സുദേവ ആ ദുഃഖിതയുടെ അടുക്കൽച്ചെന്നു അവളുടെ മുഖത്തു തണുത്തവെള്ളം തളിച്ചു. യുദ്ധപീഡിതമായ ദേഹത്തിലെല്ലാം വീണ്ടും നല്ല തണുപ്പുള്ള വെള്ളം തളിയ്ക്കുന്ന രാജപത്നിയോട് ആ പെൺപന്നി മനുഷ്യഭാഷയിൽ സസംഭ്രമമായി പറഞ്ഞു:—'തമ്പുരാട്ടി, ഇവിടെയ്ക്കു നല്ലതു വരട്ടെ! ഇവിടുന്ന് എന്റെ മേൽ വെള്ളം തളിയ്ക്കയാണല്ലോ; ഇവിടത്തെ സ്പർശനത്താലും ദർശനത്താലും എന്റെ പാപമെല്ലാം അകന്നുപോയി.' ഇതുകേട്ടിട്ടു സുദേവ അത്ഭുതപ്പെട്ടു:—'ഇതെന്തൊരത്ഭുതം: മൃഗജാതിയിൽപ്പെട്ട ഇവർ സംഭാഷണങ്ങൾക്കു ഭംഗം കൂടാതെ എത്ര വെടിപ്പായും സ്പഷ്ടമായും സംസാരിയ്ക്കുന്നു!' ഹർഷവും വിസ്മയവുംപൂണ്ട ആ സൌഭാഗ്യവതി അവടെത്തന്നെ നിന്നുകൊണ്ടു ഭർത്താവിനോടു പറഞ്ഞു:—'ഭർത്താവേ, നോക്കൂ: ഇതു സാധാരണ സുകരിയല്ല; 'മൃഗജാതിയിൽപ്പെട്ട ഇവർ ഒരു മനുഷ്യസ്ത്രീപോലെ വളരെ വെടിപ്പായി സംസാരിയ്ക്കുന്നു!'

അതുകേട്ടിട്ടു, സർവജ്ഞന്മാരിൽ മുഖ്യനായ രാജാവു പ്രിയതമയായ സുദേവയോടരുളിപ്പാടായപ്പെട്ടു:—'ഇതൊരത്യത്ഭുതം തന്നെ; ഞാൻ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. വല്ലമേ, ഇവർ ആരായിരിക്കാം? ചോദിയ്ക്കൂ.' സുദേവ സുകരിയോടു ചോദിച്ചു:— 'ഭദ്രേ, നീ ആരാണ്? മൃഗജാതിയിൽപ്പെട്ട നീ മനുഷ്യഭാഷയിൽ വെടിപ്പോടും വകതിരിവോടും കൂടി സംസാരിക്കുന്നതു വലിയ അത്ഭുതമായി തോന്നുന്നു. നിന്റേയും വലിയ പോരാളിയായ ഭർത്താവിന്റേയും പൂർവചരിത്രം പറകതന്നെ. പരാക്രമങ്ങൾകൊണ്ടു സപ്തർഷികളെ ആ മഹാവീരൻ ആരായിരുന്നു? നിന്റേയും ഭർത്താവിന്റേയും പൂർവകഥയൊക്കെ എനിയ്ക്കു പറഞ്ഞുതരിക.'

സുകരി:—'ഭദ്രേ, എന്റേയും ആ മഹാത്മാവിന്റേയും പൂർവചരിത്രമെല്ലാം കേൾക്കണമെന്നുണ്ടെങ്കിൽ ഞാൻപറയാം:

ആ മഹാപ്രാജ്ഞൻ മനു, സംഗീതത്തിലും മറ്റുസർവശാസ്ത്രങ്ങളിലും നിപുണനായ രംഗവിദ്യാധരൻ എന്നൊരു ഗന്ധർവനായി

Digitized By Kerala Sahitya Akademi

ത്തെ. അദ്ദേഹം സോപാധ്യായം, ചാരുകന്ദരനിർജ്ജരമായ മേരുമാമല യിൽ നിരാകുലചിത്തനായി തപസ്സുചെയ്തിരുന്ന തേജസ്വിയായ പുല സ്ത്യമഹർഷിയുടെ അടുക്കൽ, ഒരു മരത്തണലിലിരുന്നു, സപരാളലയ മാനങ്ങളോടുകൂടി പാട്ടുപാടാൻ തുടങ്ങി. അതുകേട്ടിട്ടു ധ്യാനമിളകിയ മഹർഷി ആ ഗായകനായ രംഗവിദ്യാധരനോടു പറഞ്ഞു:—'വിദ്വാൻ, തല്ലസ്വരവും താളവും മാനവും ലയവും ഭാവവും മൂർച്ഛനകളും മേന്മ പോരാത്ത ഈ ഭിന്നഗാനം ദേവകളെക്കൂടി മയക്കാതിരിക്കുകയില്ല; ഇതുകേട്ടിട്ട് എനിയ്ക്കും ധ്യാനം ഇളകിപ്പോയി. ഭവാൻ ഇവിടം വിട്ടു മറ്റാരേടത്തേയ്ക്കു പോയാൽക്കൊള്ളാം.'

രംഗവിദ്യാധരൻ:—'എന്റെ ജാതിക്കുള്ള വിദ്യ ഇവിടെവെച്ചു ശീലിക്കയാണ് ഞാൻ; ലോകത്തിൽ അതുതന്നെയും ദുഃഖമോ സുഖമോ ഞാനതു ഗണിക്കുന്നില്ല. ഈ ഭിന്നഗാനം ദേവന്മാരെയെല്ലാം സന്തോഷിപ്പിക്കും; ശിവനെപ്പോലും ഈ പാട്ടിന്റെ ശബ്ദം ആകർഷിക്കും. സർവരസാനുഗതമാണ് സംഗീതം; ആനന്ദമായകമാണ് സംഗീതം; ശൃംഗാരാദി രസങ്ങളൊക്കെ, സ്ഥിതിചെയ്യുന്നതു സംഗീതത്തിലാണ്. ബ്രഹ്മനോടൊത്തം, സംഗീതത്തോടെയെ വേദം നാലും ശോഭിക്കുന്നതു്. സംഗീതത്താൽ സന്തോഷിക്കാത്ത ദേവകളില്ല. അങ്ങിനെയുള്ള സംഗീതത്തെ ഭവാൻ ഇങ്ങിനെ നിന്ദിക്കുന്നതു യുക്തമല്ല; ഇത് അങ്ങുമാത്രമേ ചെയ്കയുള്ളൂ.'

പുലസ്ത്യൻ:—'ബുദ്ധിമാൻ, വാസ്തവമാണ് ഭവാൻ പറഞ്ഞതു്: ഗീതം വളരെ പുണ്യകരം തന്നെ. എന്നാൽ ഞാൻപറയുന്നതു കേൾക്കുക; ഭവാൻ തട്ടിക്കയറരുതു്. ഞാൻ പാട്ടിനെ നിന്ദിക്കുന്നവനല്ല; നേരേമറിച്ചു, വന്ദിക്കുന്നവനാണ്. വിദ്യകളും പതിനാലും, മനസ്സു് ഏകാഗ്രമാക്കിയ മനുഷ്യർക്കു കൈവരികയുള്ളൂ; അതുപോലെ തന്നെ, തപസ്സു് മന്ത്രം എന്നിവയും ഏകാഗ്ര്യംകൊണ്ടേ സിദ്ധിപ്പെട്ടു. ഈ ഇന്ദ്രിയവർഗ്ഗം തുലോം ചപലമായ തന്നാണു്; അതു സദാ മനസ്സിനെ വിഷയങ്ങളിലേയ്ക്കെല്ലാം കൊണ്ടുപോയി ധ്യാനത്തിന്നു് ഇളക്കം വരുത്തിക്കളയും. അതിനാലത്രെ, മഹർഷിമാർ തപസ്സിളക്കുവേണ്ടി, ശബ്ദമോ രൂപമോ സ്ത്രീയോ ഇല്ലാത്തേടത്തേയ്ക്കു പോകുന്നതു്. ഭവാന്റെ ഈ പാട്ടു് എപ്രകാരമോ സുഖകരംതന്നെ; എന്നാൽ തപസ്സിനാണല്ലോ ഞങ്ങടെ എന്നെന്നും കാട്ടിൽ പാർക്കുന്നതു്. ഭവാൻ മറ്റാരേടത്തേയ്ക്കു പോവുക; അല്ലെങ്കിൽ, ഞങ്ങടെ പോയ്ക്കൊള്ളാം.'

Digitized By Kerala Sahitya Akademi

ശംഗവില്ല്യാധൻ:—'ഇന്ദ്രിയവർഗ്ഗത്തെ ജയിച്ച മഹാത്മാവാരോ അവനത്രേ തപസ്വി; അവനത്രേ യോഗി; അവനത്രേ ധീരൻ; അവനത്രേ സാധകൻ! ഒരു ശബ്ദം കേൾക്കുകയോ ഒരു രൂപം കാണുകയോ ചെയ്യാൻ ധ്യാനമിളകാത്തവനാരോ, അവനത്രേ തപസ്സാധകൻ; നിങ്ങളൊക്കെ തേജസ്സു കുറഞ്ഞവരും അജിതേന്ദ്രിയന്മാരുമായിരിക്കും! എന്റെ ഗീതത്തെ ഒഴിപ്പാൻ ത്രാണിയുള്ളവർ സ്വർഗ്ഗത്തിൽപ്പോലുമില്ല. വീണ്ടും കെട്ടുകൂട്ടത്തെ നല്ലതൊക്കെ ഉപേക്ഷിയ്ക്കുന്നു. ദേവകർമ്മം, മറ്റു ദേഹികർമ്മം, എനിക്കും, അങ്ങയ്ക്കും, എല്ലാവർക്കും, പൊതുവായിട്ടുള്ളതാണ് ഈ കാട്; ഇതുവിട്ടു ഞാൻ എന്തിനുപോകണം? നിങ്ങൾ പോവുകയോ, നിൽക്കുകയോ, ഇഷ്ടംപോലെ ചെയ്തുകൊൾവിൻ!'

ശംഗവില്ല്യാധരന്റെ ഈ മറുവടികേട്ടിട്ട് ആ മേധാശാലിയായ മുനിസത്തമൻ, 'എന്തു വേണ്ടു' എന്നിങ്ങനെ ഒന്നുമില്ലെന്നാലോചിച്ചു; ഒടുവിൽ ക്ഷമപൂണ്ട മനോവാക്കായത്തെയും നന്നാക്കൊണ്ടു, കാമക്രോധലോഭമോഹങ്ങളെ വെടിഞ്ഞു, ചഞ്ചലേന്ദ്രിയങ്ങളേയും മനസ്സിനേയും അടക്കി, യോഗാസനസ്ഥനായി തപസ്സനുഷ്ഠിച്ചുപോന്നു.

പുരുഷ്യന്മഹർഷി പോയതിൽപ്പിന്നെ, ആകാലമോളിതനായ ശംഗവില്ല്യാധൻ വളരെ നാൾ തേടി നടന്നു—'ആയാൾ എന്നെ വേടിച്ചിട്ടുപോയൊളിച്ചുകളഞ്ഞു. എങ്ങോട്ടായിരിക്കാം പോയത്? ഏതിടത്തെയായിരിക്കും ഇരിപ്പു? എന്തായിരിക്കാം ജോലി? മഹർഷിയുടെ ഏകാന്തവാസം മനസ്സിലായപ്പോൾ ഗന്ധർവ്വൻ ഒരു പന്നിയായി അദ്ദേഹത്തിന്റെ ആശ്രമത്തിൽ ചെന്നു കേറി, ആസനസ്ഥനായ ആ പരമതേജസ്വിയുടെ മേന്തേക്കൊണ്ടു കുത്തിയും മറ്റും ഉപദ്രവിക്കുകയായി. ആ തെമ്മാടിത്തരമൊക്കെ, 'മൃഗമല്ല, എന്ന കരുതി അദ്ദേഹം ക്ഷമിച്ചുപോന്നു. മുഖത്തുനിന്നു മലമൂത്രങ്ങൾ വിസർജ്ജിക്കുക, ഭക്ഷണം വെയ്ക്കുക, കളിക്കുക, മുറവുണ്ടാക്കുക എന്നിവയൊക്കെ ചെയ്താലും 'മൃഗമല്ല, എന്ന വിചാരത്താൽ മഹർഷി അനങ്ങാതിരിയ്ക്കയേ ചെയ്തുള്ളു.

ഒരു ദിവസം, പന്നിയായിത്തന്നെ ചെന്നുകേറിയ ശംഗവില്ല്യാധൻ ക്രമേണ ഞരമ്പുകളറിയും പൊട്ടിച്ചിരിച്ചും നിലവിളിച്ചും മുറുക്കെ പാട്ടുപാടിയും ബ്രാഹ്മണന്റെ മനസ്സിളക്കുകയായി. ആ പന്നിത്തരം കണ്ടിട്ട്, 'ഇതു ഒരു പന്നിയായിരിക്കില്ല. ഒരു പന്നി ഇങ്ങിനെ ഉപദ്രവിക്കുമോ? മൃഗമല്ലേ എന്നോർത്തിട്ടാണ്, ഞാൻ ഈ അരുളപ്പാടനെ

Digitized By Kerala Sahitya Akademi

വെറുതെവിട്ടതു.' ആശ്ചര്യപ്പെടാതിരിക്കുന്നതെങ്ങനെയാണിതു!' എന്നിങ്ങിനെ, ആ മുനിയുടെ അറിഞ്ഞ മുനിപുംഗവൻ കോപപൂർണ്ണനായി ഒരു ശാപം കൊടുത്തു:—'പത്നിയുടെ രൂപമെടുത്തിട്ടാണല്ലോ നീ എന്റെ തപസ്സിളക്കുന്നതു; അതിനാൽ ശപിച്ചു, നീ പന്നിയായിത്തന്നെ പിറക്കുക!'

ഇപ്രകാരം ശപിക്കപ്പെട്ടു ആ ഗന്ധർവ്വൻ മഹാത്മാവായ മുനിയുടെ അടുക്കൽച്ചെന്നു വിറച്ചുംകൊണ്ടുകൊണ്ടു പറഞ്ഞു:—'സഖാവേ, കേട്ടാലും. ഇവിടത്തെ കാര്യത്തിനാണു ഞാൻ യത്നിച്ചതു; ആ മുനീന്ദ്രൻ അതിഘോരമായ തപസ്സു ചെയ്യുകയായിരുന്നു; അതിനു, ഞാൻ ഉപദ്രവിച്ചു ഇളക്കം വരുത്തി. അതിനാൽ അദ്ദേഹം എന്നെ ശപിച്ചുകളഞ്ഞു. ദിവ്യരൂപം നശിച്ചു മൃഗജാതിയിൽ പതിച്ചുപോയ എന്നെ ഇവിടുന്നു കാത്തു രക്ഷിക്കണം!' രംഗവിദ്യാധരന്റെ വൃത്താന്തം അറിഞ്ഞ മഹേന്ദ്രൻ ആയാളോന്നിച്ചു, ആ മഹർഷിയോടു ചെന്നപേക്ഷിച്ചു:—'ദ്വിജശ്രേഷ്ഠ, അനുഗ്രഹം നൽകണേ! ഇവിടുന്നു പരമസിദ്ധനാണല്ലോ. ഇയാൾ ചെയ്തുപോയ അപരാധം ക്ഷമിക്കുമാറാകണം!'

പുലസ്ത്യൻ:—'ദേവേന്ദ്ര, അങ്ങാവശ്യപ്പെട്ടാൽ ഞാൻ ക്ഷമിക്കണമല്ലോ. മനുവിന്റെ പുത്രനായിട്ട്, ഇക്ഷ്വാകു എന്നൊരു പേർ; മഹാത്മികനായ മഹാരാജാവ് ഉണ്ടായിവരും. അദ്ദേഹത്തിന്റെ കൈകൊണ്ടു മരിക്കുന്നതോടുകൂടി, ഇയാൾ മുൻനിലയിലായിത്തീരും; സംശയമില്ല.'

ത്രോവിന്റെ ചരിത്രം, ഇതാ, ഭവതിയോടറിയിച്ചു കഴിഞ്ഞു; ഇനി, എന്റേതും പറയാം. ഞാനും പണ്ടു ത്രോവാന്നിച്ചു ചെയ്തുപോയ പാതകം കേട്ടുകൊള്ളുക."

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ചിത്രലിംഗപ്രകരണം, വേനോപാഖ്യാനം,
വേനവിക്രമം സംഭവം, സൂകരകുമാരനായ സുദേവചരിതം,
സൂകരപുനർജ്ജന്മകഥനം നാല്പത്തൊന്നാമദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

നാൽപ്പത്തേഴാമദ്ധ്യായം

സൂകരഃ—സുന്ദരസർവാംഗിയായ സുദേവേ സൂകരസ്ത്രീയോടു ചോദിച്ചു:—'മൃഗജാതിയിൽ ജനിച്ച മവതി ഇത്ര വലിയ ജ്ഞാനം മവതിക്ക് എങ്ങിനെയാണ് സിദ്ധിച്ചതു്? എങ്ങനെയാണ് മത്താവിന്റേയും തന്റേയും പൂർവചരിതം അറിയുമാറായതു്?

സൂകരി:—'ചരവർണ്ണിനി, എന്റെ ജ്ഞാനം മൃഗത്വത്താൽ നശിച്ചിരുന്നു. ഇപ്പോൾ ഘോരത്വമുള്ള വാളം അമ്പുമേറ്റു മൂർച്ഛിച്ചു ബോധംകെട്ടവീണ എന്റെമേൽ മവതി, പരിശുദ്ധമായ സ്വന്തംകൈകൊണ്ടു വെള്ളം തളിച്ചുവല്ലോ; മവതിയുടെ കയ്യിൽനിന്നു തണുത്ത ശുദ്ധജലം എന്റെ ദേഹത്തിൽ വീണതോടുകൂടി അജ്ഞാനം എന്നെവിട്ടു പിരിഞ്ഞു. സൂര്യരശ്മിയാൽ അന്ധകാരം അകലുന്നതെപ്രകാരമോ, അപ്രകാരം മവതിയുടെ ജലസേചനത്താൽ എന്റെ പാപം നീങ്ങിപ്പോയി. സുന്ദരീ, മവതിയുടെ പ്രസാദത്താൽ എനിക്കു പണ്ടത്തെ ജ്ഞാനം ലഭിച്ചു; ഇനി ഞാൻ പുണ്യലോകവും പ്രാപിക്കുമെന്നു് എനിക്കറിയാം.

മവതി എന്റെ പൂർവചരിതവും കേട്ടുകൊൾക; പാപിനിയായ ഞാൻ എന്തെല്ലാം ദുഷ്കൃതമാണ് ചെയ്തുപോയതെന്നു പറയാം:

ശ്രീമത്തായ കലിംഗരാജ്യത്തു, സർവസിദ്ധികളും നിറഞ്ഞു നാലുജാതികളും നിവസിക്കുന്നതായി ശ്രീപുരം എന്നൊരു പട്ടണമുണ്ടു്; അവിടെ വസുമത്തൻ(വാസുദേവൻ)എന്നൊരു ബ്രാഹ്മണൻ വസിച്ചിരുന്നു. ബ്രഹ്മചാരങ്ങളിലും സത്യധർമ്മങ്ങളിലും തല്പരനംവേദോക്തജ്ഞാനവാനും വിശ്രുതനുമായ ആ ഗുണവാനു സമ്പത്തും സന്തതിയും ധാരാളമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകളായിരുന്നു ഞാൻ. മഹാമനസ്കനായ അച്ഛൻ എനിക്കു സുദേവ (വസുദേവ) എന്നു പേരിട്ടു. സോദരന്മാരും സ്വജനബന്ധുക്കളുമൊക്കെ എന്നെ മംഗിയേറിയ ആഭരണങ്ങൾ അണിയിച്ചുപോന്നു; അച്ഛനും എന്നെ എപ്പോഴും കാമനിച്ചിരുന്നു.

സൌന്ദര്യംകൊണ്ടു് എന്നെപ്പോലൊരുത്തി ലോകത്തിൽ ഉണ്ടായിരുന്നില്ല. ലാവണ്യംകൊണ്ടും താരുണ്യംകൊണ്ടും ഞാൻ ഗർവി

Digitized By Kerala Sahitya Akademi

ക്ഷ്യയെയിത്തിന്റെ. അഴകും സർവ്വാഭരണമോഭിയും പൂണ്ട കന്യകയായ എന്നെ കണ്ടിട്ട സ്വജനങ്ങളൊക്കെ വിവാഹത്തിന്നപേക്ഷിക്കുകയായി. ബ്രാഹ്മണരെല്ലാം എന്നെ യാചിച്ചു; എന്നാൽ അച്ഛൻ സ്നേഹവ്യാമോഹത്താൽ ആർക്കും കൊടുത്തില്ല. സവിലാസമായ യൌവനം എന്റെ ബാല്യത്തെ ആക്രമിച്ചു; ആ നിലകണ്ടിട്ട് അമ്മ വ്യസനത്തോടെ അച്ഛനോട് ചോദിച്ചു :—'എന്താണ് മകളെ കൊടുക്കാത്തത്? നല്ലബ്രാഹ്മണരിൽ ആരെക്കിലും കൊടുക്കുകതന്നെ. കുട്ടിക്ക യൌവനമായല്ലോ. അതുകേട്ടിട്ട വസുത്തേദിജേന്ദ്രൻ മറുവടി പറഞ്ഞു:—'മറന്നതുമല്ല; സ്നേഹത്താൽ എനിയ്ക്കു മകളെ വിട്ടിരിക്ക വയ്യ. കൂടെ ബ്രാഹ്മണൻ നമ്മുടെ ഗൃഹത്തിൽത്തന്നെ താമസിയ്ക്കുമെങ്കിൽ അയാളെ ജാമാതാവാക്കി മകളെ കൊടുക്കാമായിരുന്നു.'

അങ്ങിനെയിരിക്കെ, കൌശികഗോത്രക്കാരനും അച്ഛനമ്മമാരില്ലാത്തവനും സവ്വിദ്യാവിശാരദനും സുശീലനും സുരൂപനുമായ ഒരു വിശിഷ്ടബ്രാഹ്മണൻ നല്ലസ്വരത്തിൽ ഒരുത്തൻ ചൊല്ലിക്കൊണ്ടു ഭിക്ഷയ്ക്കായി പടിക്കൽ വന്നുചേർന്നു. അദ്ദേഹത്തെ കണ്ടിട്ട് അച്ഛൻ ചോദിച്ചു:—'ഭവാൻ ആരാണ്? ചേരനെന്ത്, കുലമേത്, ഗോത്രമേത്, ആചാരമെന്ത്? പറഞ്ഞാൽക്കൊള്ളാം.' അദ്ദേഹം പറഞ്ഞു:—'ഞാൻ കൌശികഗോത്രക്കാരനാണ്; വേദവേദാംഗങ്ങളും മുഴുവനും അറിയാം; ശിവശർമ്മാവ് എന്നാണ് പേര്; എനിക്ക് അച്ഛനും അമ്മയുമില്ല; വേറെപോരെന്മാരായ ഭ്രാതാക്കൾ നാലുപേരുണ്ട്. ഇങ്ങിനെ വിവരമെല്ലാം ശിവശർമ്മാവ് അച്ഛനെ ഗ്രഹിപ്പിച്ചു.

പിന്നീട്, നല്ല തിഥിയും ഗ്രഹനക്ഷത്രവും ചേർന്ന ഒരു സമുഹൂർത്തത്തിൽ, അച്ഛൻ എന്നെ ആ ബ്രാഹ്മണനു നൽകി; ആ മഹാത്മാവോടൊരുമിച്ചു ഞാൻ പിതൃഗൃഹത്തിൽത്തന്നെ വസിക്കുകയുമായി. എന്നാൽ, അച്ഛനമ്മമാരുടെ ധനസമൃദ്ധിയാലുള്ള ഗർവ്വിനാൽ മതിമറന്ന ഞാൻ ഭർത്താവിനെ ശുശ്രൂഷിക്കാറില്ലായിരുന്നു; അദ്ദേഹത്തിന്റെ രോഗം തലോടുകയോ, സ്നേഹാനുരാഗങ്ങളോടു കൂടി സംസാരിക്കുകയോ കരിക്കലും ഞാൻ ചെയ്തിരുന്നില്ല; എപ്പോഴും ക്രൂരയായിട്ടേ പെരുമാറിയിരുന്നുള്ളൂ. ഭദ്രേ, ഞാൻ കപടമോടുകൂടിയ സംസർഗ്ഗത്താൽ അവരുടെ മിടുക്കായിപ്പോയി! അച്ഛനമ്മമാരുടേയോ ഭർത്താവിന്റേയോ സോദരന്മാരുടേയോ ഹിതം ഞാൻ തീരേ നോക്കാതായി; തോന്നിയതൊക്കെ ഞാൻ നടക്കും. എന്റെ ഈ തോന്നിവാസം കണ്ടിട്ടും,

Digitized By Kerala Sahitya Akademi

എന്റെ ഭർത്താവ്, ആ മഹാമതിയായ ശിവശർമ്മാവ്, ശത്രുവർഗ്ഗത്തോടുള്ള സ്നേഹത്താൽ ഒന്നും പറയാറില്ലായിരുന്നു; എല്ലാം അദ്ദേഹം ക്ഷമിച്ചുപോന്നു. ശിവശർമ്മാവിന്റെ ആ ശീലഗുണം അറിഞ്ഞിട്ട് കുടുംബക്കാർ എന്റെ ഉദ്ദേശ്യത്തിനെ തടുക്കാറുണ്ട്; എന്നാൽ, എന്റെ ഉന്നടപ്പ് അച്ഛനമ്മമാർ മുതൽപേരെയെല്ലാം വേണ്ടെന്നുവയ്പിക്കുകതന്നെ ചെയ്തു.

കടുവിൽ, ഭർത്താവ്, എന്റെ ഉർവ്വഞ്ഞികണ്ടിട്ട്, ഞങ്ങളുടെ ഗൃഹത്തിൽനിന്നു നിർഗ്ഗമിച്ചു, ആ രാജ്യവും ഗ്രാമവും വിട്ടുപോയ്ക്കളഞ്ഞു. അതിൽ അച്ഛനു വലിയ വിചാരമായി; എന്റെ ദുരാചാരത്താൽ അച്ഛൻ, കഷ്ടരോഗം പിടിപെട്ടവനെപ്പോലെ ദുഃഖിതനായിത്തീർന്നു. ഞാപ്പോഴും അമ്മയോടു ചോദിച്ചു:—'അമ്മയേ, എന്താണ് ഇത്ര വിചാരം? ദുഃഖമിന്നതാണെന്ന് എന്നോടു പറഞ്ഞാലും' അച്ഛൻ അമ്മയെ നോക്കിപറഞ്ഞു:—'പ്രിയതമേ, ജാമദഗ്ന്യനായ ബ്രാഹ്മണൻ മകളെ വിട്ടു പോയ്ക്കളഞ്ഞു! ഇവനും നാണംകെട്ട ഉന്നടപ്പുകാരിയാണ്; ഇവളുടെ ശിവശർമ്മാവിനെ പരിത്യജിച്ചുവല്ലോ. ആ ബുദ്ധിമാനായ ബ്രാഹ്മണൻ എന്റെ കുടുംബത്തോടൊക്കെയുള്ള സ്നേഹത്താൽ സുഭേവയോട് ഒന്നും പറയാറില്ലായിരുന്നു; സൌമ്യതയോടെ പെരുമാറുകയല്ലാതെ, ഉർവ്വഞ്ഞിയായ സുഭേവയെ നിന്ദിയ്ക്കുകയോ ശകാരിയ്ക്കുകയോ ആ പണ്ഡിതൻ ചെയ്തിരുന്നില്ല. ഇവ ഉണ്ണിയായ സുഭേവ കലഹമുണ്ടാക്കുകയും.; ബ്രാഹ്മണാചാരം കെടുത്തുന്ന ഇവളെ ഞാൻ പരിത്യജിയ്ക്കുകയാണ്!'

ബ്രാഹ്മണി:—'കാന്ത, മകളുടെ ദോഷം ഇപ്പോഴും അങ്ങയ്ക്കു ബോധപ്പെട്ടുവല്ലൊ. അങ്ങയുടെ അതിസ്നേഹത്താലാണ്, ഇവൾ കെട്ടുപോയതു; കുട്ടികളെ അഞ്ചോവയസ്സുവരെയ്ക്കേ ലാളിക്കാവൂ; പിന്നെ ശിക്ഷിച്ചുവളർത്തണം—സ്നാനാചാരാദനങ്ങളും ഭോജ്യപേയങ്ങളും ശരിയ്ക്കു നൽകി, നല്ലതു പറഞ്ഞുകൊടുക്കുകയും വിദ്യാഭ്യാസത്തിൽ മുട്ടുപ്പെടുത്തുകയും ചെയ്യണം. നന്മ ശീലിപ്പിയ്ക്കാതെ അച്ഛൻ സദാ ലാളിച്ചുവളർത്തുകയാണെങ്കിൽ, അത് അനർത്ഥകരമായേ വരൂ.

മകന്റെ ഗുണം വർണ്ണിക്കേണ്ടതുതന്നെ; എപ്പോഴും ശകാരിക്കുകയും പഴിക്കുകയും തന്നെ ചെയ്യണം. എന്നാലേ, അവൻ അഭിമാനവും അഴിമതിയും വിട്ട് ജ്ഞാനതല്പരനായി വിദ്യയഭ്യസിക്കുകയും വിദ്വൽ

Digitized By Kerala Sahitya Akademi

ളിൽ നിപുണനും ഗുണവാനുമായിത്തീരുകയും ചെയ്കയുള്ളൂ. അമ്മ മകളേയും, ശാസ്ത്രം സ്നേഹയേയും, ഗുരു ശിഷ്യനേയും, ഭർത്താവു ഭാര്യയേയും, രാജാവു മന്ത്രിയേയും, യന്താവു കുതിരയേയും, പാപ്പാൻ ആനയേയും അടിക്കുകതന്നെ വേണം; അല്ലാഞ്ഞാൽ കണക്കിലായില്ല. അടിച്ചു പേടിയാലേ അഭ്യാസം നിറവേറൂ.

ഇവളെ കെട്ടത്തയ്യൻതന്നെ; സംശയമില്ല: ശിവശർമ്മ ബ്രാഹ്മണനോടു ചേർത്തതിനു ശേഷവും ഇവളെ ഭവാൻ ഗൃഹത്തിൽ സ്വതന്ത്രയായി വിട്ടുകളഞ്ഞു; അതിനാലത്രേ കെട്ടുപോയതു്. വല്ല, എട്ടുവയസ്സുകഴിഞ്ഞവരേയും പെൺകുട്ടിയെ അച്ഛൻ സ്വഗൃഹത്തിൽ താമസിപ്പിക്കരുതു്. പിതൃഗൃഹത്തിൽ ചെയ്യുന്ന പാപം രണ്ടുപേരേയും ബാധിക്കുന്നതാണു്. അതിനാൽ പ്രായപൂർത്തി വന്ന മകളെ സ്വഗൃഹത്തിൽ നിർത്തരുതു്; ഭവതി കഴിച്ചവന്റെ ഗൃഹത്തിൽ വേണം അവളെ പുലർത്തുവാൻ. അവിടെ അവൾ കേറിപ്പറ്റി നന്മ സാധിച്ചാൽ കുലത്തിനു കീർത്തിയും അച്ഛനു സുഖവും ഭവിക്കും; അവിടെവെച്ചു പാപം ചെയ്താലോ, ആപാപം ഭർത്താവത്രേ അനുഭവിക്കുക. അവിടെപ്പോയ്ട്ടു അവൾ സഭോഗപുരുഷയായിരുന്നതായാൽ, മകളുടെ സൽഗുണങ്ങൾമൂലം അച്ഛനു യശസ്സുണ്ടാകും. അതിനാൽ, വേളികഴിഞ്ഞ മകളെ സ്വഗൃഹത്തിൽ നിർത്തിക്കൂടാ.

ഈ വിഷയത്തിൽ, ഈ രൂപത്തെട്ടാം പോപയുഗത്തിലെ ഒരിതിഹാസം കേട്ടിട്ടുണ്ടു്; യദുജ്യേഷ്ഠനായ ഉഗ്രസേനവീരന്റെ മകളായ അല്ലഞാൻ പറയാം. സശ്രദ്ധം കേട്ടുകൊൾക:

ശ്രീപാണ്ഡോപുരാണം, ത്രിഖണ്ഡം, പിതൃതീർത്ഥപ്രകരണം, വേതോപഖ്യാനം, വേതോവിശ്വസ്ഥവേദം, സുകഥോകഥ്യമന്ത്ര സൂദേവകേളികം, സുകഥിതവിവൃത്തരുദ്രം

അല്ലത്തെഴുത്തധ്യായം

———(o)———

നാൽപ്പത്തെട്ടാമദ്ധ്യായം

ബ്രാഹ്മണി:—മനോജ്ഞമായ മാഥുരരാജ്യത്തു മഥുരയിൽ, ശത്രുവീരപ്രമഥിയായി ഉഗ്രസേനൻ എന്നൊരു യാദവരാജാവു വാണിരുന്നു. സർവ്വധർമ്മജ്ഞനും വേദജ്ഞനും ശ്രുതവാനു

Digitized By Kerala Sahitya Akademi

ബലവാനും ബുദ്ധിമാനും മാതാവും ദോകശ്രീയും പുണ്യവേദിയും പുണ്യശ്രുതിയുമായ ആദ്ദേഹം പ്രജകളെ യഥാവിധി രക്ഷിച്ചു പോന്നു. ഉഗ്രസേനനെപ്പോലെതന്നെ പ്രതാപശാലിയായ സത്യകേതുവാണ് അന്നു വിദർഭരാജ്യം ഭരിച്ചിരുന്നത്. സത്യകേതുവിന്റെ പത്മാക്ഷിയെന്നും പത്മമുഖിയെന്നും പത്മാവതി എന്നൊരു മകളുണ്ടായിരുന്നു. സത്യധർമ്മപരായണയായ ആ സൗമ്യശ്രീവതി, സ്ത്രീകൾക്കുള്ള ഗുണമെല്ലാം തികഞ്ഞതു, രണ്ടാമത്തെ ലക്ഷ്മിയോ എന്നു തോന്നുംവണ്ണം പരിശോഭിച്ചു.

ആ സുമുഖിയെ വിവാഹം ചെയ്യ മഹാനുഭാവനായ മഥുരേശ്വരൻ അവളോടൊന്നിച്ചു സുഖമായി രമിച്ചു. അവളുടെ ഗുണങ്ങൾ ആദ്ദേഹത്തെ അത്യന്തം സന്തോഷിപ്പിയ്ക്കുകയും സുഖിപ്പിയ്ക്കുകയും ചെയ്തു. അവളിലുള്ള സ്നേഹത്താലും പ്രീതിയാലും ഉഗ്രസേനൻ മതിമറന്നുപോയി. പത്മാവതി ആദ്ദേഹത്തിനു പ്രാണനെക്കാൾ പ്രിയപ്പെട്ടവളായി. അവളോടുകൂടാതെ ആദ്ദേഹം ഉണ്ണുക കുടി ചെയ്തിരുന്നില്ല. എപ്പോഴും ഒന്നിച്ചു വിഹരിച്ചുകൊണ്ടിരിക്കും. അവളോടു വേർപെട്ടാൽ ആദ്ദേഹത്തിനു ഒരു സുഖവുമില്ലെന്നായി.

ഇതുപോലെ സ്നേഹത്തോടുകൂടി അവരിരുവരും പരസ്പരം സുഖവും സന്തോഷവും നൽകിക്കൊണ്ടു രമിച്ചുവാഴുന്ന കാലത്തു, സത്യകേതുവിനു പത്മാവതിയെ കാണ്മാൻ താൽപര്യം തോന്നി; അവളുടെ അമ്മയും സുഭഗയായ പുത്രിയെ കാണായ്കയാൽ വ്യസനമായി. ദ്വിജശ്രേഷ്ഠ, ആ വിദർഭരാജ്ഞി ഉടനേവോടെ മഥുരാധിപനായ ഉഗ്രസേനന്റെ അടുക്കലേയ്ക്കു ഒരാളെ അയച്ചു. ആ ദൂതൻ മഥുരയിൽ ചെന്നു രാജാവിനോടു വിദർഭനാഥന്റെ സ്നേഹത്തെ സവിനയം ഉണർത്തിച്ചു:—'മഹാരാജാവേ, സത്യകേതുരാജനിരുമേനി ഇവിടുത്തോടു സ്നേഹം തന്റെ കുശലം അറിയിയ്ക്കുകയും ഇവിടുത്തെ കുശലം ചോദിക്കുകയും ചെയ്യുന്നു, തമ്പുരാനേ, അവിടുത്തെ പ്രീതിയും സ്നേഹത്തിനുമായി, വിരോധമില്ലെങ്കിൽ, മകൾ പത്മാവതിയെ ഒന്നു കാണ്മാൻ അങ്ങോട്ടയച്ചാൽക്കൊള്ളാം. മഹാരാജ്ഞിയും ഉൽകണ്ഠയാൽ മനസ്സുഖമില്ലാതായിരിയ്ക്കുന്നു.' ഇതുകേട്ടിട്ട് ഉഗ്രസേനനരേന്ദ്രൻ, സത്യകേതുവിന്റെ പേരിലുള്ള സ്നേഹപ്രീതികളാലും, ഭാക്ഷിണ്യങ്ങളാലും, പ്രിയപത്നിയായ പത്മാവതിയെ പറഞ്ഞയയ്ക്കുന്നതെന്നു ചെയ്തു.

Digitized By Kerala Sahitya Akademi

പതിവ്രതയായ പദ്മാവതി, തന്റെ പൂർവഗൃഹത്തിൽ എത്തിച്ചേർന്ന്, അച്ഛൻ മുതലായ കുടുംബത്തെ അതിസന്തോഷത്തോടുകൂടി ദർശിച്ചു. അവർ അച്ഛന്റെ കാൽക്കൽ തലകുനിച്ചു വണങ്ങി പദ്മാവതി വന്നതേയുള്ളൂ എന്നതിൽ വിദർഭപ്രഭുവിനുണ്ടായ സന്തോഷം കുറച്ചൊന്നുമല്ല. ആ ഭൂപോത്തമൻ അവളെ വസ്ത്രാഭരണങ്ങളും മറ്റും നൽകി സവിശേഷം കൊണ്ടാടി. അവർ അച്ഛന്റെ ഗൃഹത്തിൽ സുഖമായി പാർത്തു, മുമ്പത്തെപ്പോലെ തന്നെ തോഴിമാരോടുകൂടി പുഷ്പം വിഹരിയ്ക്കുകയായി. വീണ്ടും കട്ടിയേയിച്ചുമണത്തപോലെ ലജ്ജയും ശങ്കയും വിട്ട്, ആ സെയരോഗ്യവതിയായ സാധ്വി സഖീജനങ്ങളോടുകൂടി വനത്തിലും ഗൃഹത്തിലും തടാകങ്ങളിലും പ്രാസാദങ്ങളിലും വച്ചു ഹർഷത്തോടെ കളിയാടിപ്പോന്നു. 'അച്ഛന്റെ ഗൃഹത്തിലെ സുഖം ശ്വശ്രൂഗൃഹത്തിൽ കിട്ടുകയില്ല; ഇനി എന്നാണ് ഈ തു സാധിയ്ക്കുക?.' എന്നിങ്ങനെ മതിമറന്ന് ആ സുമുഖി സഖീതോഴിമാരോടൊന്നിച്ചു വനങ്ങളിലും ഉപവനങ്ങളിലും കളിച്ചു നടന്നു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, യയാതിപുത്രോത്പത്തി, യയാതിവിഷ്ണുസംവാദം, സുകലാകല്പതരുസദൃശവർണനം, സുകലിപൂർവപുണ്യവിശേഷണം, പദ്മാവത്യുഗ്രസേചരിതപ്രാരംഭം എന്നിവ നാല്പത്തൊമ്പതാമധ്യായം.

—— (0) ——

നാൽപ്പത്തൊമ്പതാമദ്ധ്യായം

ബ്രഹ്മമുനി:—ഒരു ദിവസം പദ്മാവതി രമണീയമായ കാനനം കണ്ടിട്ട് പുഷ്പവൻ എന്ന മഹാഗിരിയിൽ ചെന്നെത്തി. അതു കണ്ടിവാഴ, പയൻ, കരിമ്പന, പച്ചിലമരം, ഉയർന്തെങ്ങ്, കവുങ്ങ്, മാതളനാരകം, ഞാവൽ, പൂത്തചമ്പകം, പാതിരി, കൈത, അശോകം, ഇലഞ്ഞി മുതലായ പലതരം വൃക്ഷങ്ങളാലും പലതരം ധാന്യക്കളാലും അലംകൃതമായി പരിലസിച്ചു. അവടെ സച്ഛജലം നിറഞ്ഞു സർവതോഭദ്രം എന്നൊരു പൊയ്കയും രാജകുമാരിക്കു കാണ്മാറായി. അതിൽ പൊൻതാമരകളും ചെന്താമരകളും വെൺതാമരകളും കൽഹാരകുവലയാദികളും വിരിഞ്ഞു നിന്നിരുന്നു. അരയന്നം, നീർക്കോഴി മുതലായ പക്ഷികുലം നിറഞ്ഞു, കയിലുകളുടെ കളകൂജിതവും മയിലുകളുടെ മധു

Digitized By Kerala Sahitya Akademi

രസപ്രദവും വണ്ടുകളുടെ ഝങ്കാരവും ചേർന്ന് സർവതോഭദ്രം തന്നെയായി ശോഭിക്കുന്ന ആ സരസ്സും സർവത്ര പുഷ്പഭരം നിറഞ്ഞ രമ്യകാനനവും ആളീസമേതയായി കേളിയാടുന്ന വൈദർഭിയെ ആകർഷിച്ചു. അവർ സ്വീചാപലത്താലും പ്രേമത്താലും കളിതപത്താലും ആ പൊയ്കയിൽവെച്ചു ജലക്രീഡയാടിയും പാടിയും ചിരിച്ചും തിമർക്കുകയായി.

അതേ സമയത്ത് ആ തടാകത്തിന്റെ മീതെ ആകാശത്തിലൂടെ വൈശ്രവണഭൃത്യനായ ഗോളിലൻ എന്നൊരസുരൻ സർവഭോഗൃങ്ങളോടുംകൂടി ഒരു വിമാനത്തിലേറി പോകുന്നുണ്ടായിരുന്നു. വിശാലാക്ഷിയായ വൈദർഭി അവന്റെ ദൃഷ്ടിയിൽപ്പെട്ടു. ആ ഉശീനരപുത്രിണിയിൽ ലോകത്തിൽ എതിരില്ലാത്ത സർവാംഗസൗന്ദര്യത്താൽ എല്ലാ സ്ത്രീകളിലും മീതെയായിരുന്നുവല്ലോ.

(ശ്ലോകങ്ങൾ)

'ഇവളാരലർബാണകാന്തയോ
മലർമാതോ, ശചിയോ, മുഡാനിയോ?
ഇതുപോലതിയായ മെച്ചമാ-
ത്തിഹരണ്ടാമതൊരുത്തിയില്ലതാൻ!

സ്ഫുടശശകലാഭ്രണങ്ങളാ-
ലുഡുമധ്യേമുഴുതിങ്കൾപോലെയും
വിലസുന്നസുമന്ദഹാസയാ-
നളിനച്ഛായിൽ മരാളി പോലെയും.

ഹഹ,ശോഭനേത്രപേസനഭഗം!
ഹഹ തെല്ലുല്ലവിലാസഭംഗികം!
കളിർകൊങ്കയുരണ്ടുയർന്ന പെൺ-
കൊടിയാളാരുടെയോയ്വരാമിവൾ?'

ഇങ്ങിനെ, പദ്മാവതിയെ കണ്ടിട്ടു ക്ഷണനേരം ചിന്തിച്ചു ഗോളിലാസുരന്ന ദിവ്യജ്ഞാനത്താൽ, അയ്യൊവൈദർഭിയാണെന്ന മനസ്സിലായി. 'ശരി, ഉശീനരന്റെ പ്രിയതമയാണ് ഈ പതിവ്രത. ആത്മബലത്താൽ സംരക്ഷിതയായ ഇവൾ ഒഴിഞ്ഞുപോകയുമില്ല. ഉശീനരൻ അനുവിന്ദ്യനിയാണ്. വൈൺകിടാവിനേ അച്ഛന്റെ ഗൃഹത്തിലേയ്ക്കു പറഞ്ഞയച്ചുവല്ലോ. അയാൾ ഭാഗ്യംകെട്ടവൻ തന്നെ! ഇവ

Digitized By Kerala Sahitya Akademi

ളെപ്പിരിഞ്ഞു് അയാൾഎങ്ങിനെ ജീവിയ്ക്കും? അതു കഷ്ടമാണോ? അതോ, ഇവളെ വിട്ടയ്ച്ചു അതു രാജാവു് ഒരു നപുംസകമായിരിയ്ക്കുമോ?' പത്മാവതിയെ കണ്ടക്ഷണത്തിൽത്തന്നെ ഗോഭിലൻ കാമാന്ധനായിപ്പോയി. 'ഒരു പതിവ്രതയാണ് ഈ ചെറുപ്പക്കാരി; പരന്മാർക്ക് അടുക്കാവുന്നവളല്ല. ഇവളെ എങ്ങിനെ ചെന്നടവിക്കേണ്ടു? മന്മഥന്റെ മർദ്ദനം കൂടാതില്ല. അടവിയ്ക്കുമെതെ പോകയാണെങ്കിൽ ഞാൻ ചത്തുപോകും. ഇപ്പോൾതന്നെ കാമന്റെ കത്തുകൂടിയിരിയ്ക്കുന്നു!' എന്നിങ്ങിനെ ചിന്തിച്ചു് അവൻ ഒരുപായം കണ്ടുപിടിച്ചു.

ഗോഭിലൻ മായകൊണ്ടു് ഉഗ്രസേനരാജാവിന്റെ രൂപം ധരിച്ചു: അംഗങ്ങളും, ഉപാംഗങ്ങളും, സ്വരം, ഭാഷ, വസ്ത്രം, വേഷം. പ്രായം എന്നിവയിലെല്ലാം ഉഗ്രസേനന്റെ നേർപകർപ്പായിത്തീർന്നു; എന്നിട്ടു മഠാധിപനെപ്പോലെ തന്നെ ദിവ്യാഭരണവസ്ത്രമാല്യങ്ങളണിഞ്ഞു ദിവ്യഗന്ധം പൂശി. ഇങ്ങിനെ മികച്ച മായയാൽ ഉഗ്രസേനനായിച്ചമഞ്ഞു, അഴകും യൌവനവും പൂണ്ട ആ ഉദ്യാനവൻ മലമുകളിൽ ഒരു അശോകത്തിന്റെ തണലിൽ പാറപ്പുറത്തിരുന്നു, വീണ മീട്ടിക്കൊണ്ടു വിശ്വമോഹനമായി പാട്ടുപാടാൻ തുടങ്ങി.

സപ്തസ്വരങ്ങളും താളമാനലയങ്ങളും ചേർന്ന ആ മധുരഗാനം സഖീപരിവൃതയായ പത്മാവതിയുടെ കേൾക്കുമാറായി. ഉടനെ, 'ഏതു വിശിഷ്ടനാണ് ഇതു സുഖകരമായി പാട്ടു പാടുന്നതു്?' എന്നിങ്ങിനെ, ഉൽകണ്ഠപൂണ്ട രാജകുമാരി തോഴിമാരോടന്വേഷിച്ചു അങ്ങോട്ടു നടകൊണ്ടു. അപ്പോൾ അശോകത്തണലിൽ ഒരു തെളിഞ്ഞ പാറപ്പുറത്തു, രാജാവിന്റെ വേഷം പൂണ്ടു സ്ഥിതിചെയ്യുന്ന ഗോഭിലമൈത്ര്യാധമനെ പതിവ്രതയായ പത്മാവതി കണ്ടു. 'ധർമ്മശീലനായ മഠാധിപൻ, എന്റെ മഹാത്മാവായ തോവ്', രാജ്യം വിട്ടു ദൂരത്തുനിന്നു എപ്പോളായിരിക്കാം വന്നെത്തിയതു!' എന്നിങ്ങിനെ വിചാരിക്കുമ്പോഴെയ്ക്കും അവളെ ആ പാപി, 'എന്റെ കാമനേ, വരൂ' എന്നായി സമീപത്തേയ്ക്കു വിളിച്ചു. 'തോവുവന്നു ചേർന്നതറിഞ്ഞില്ലെന്നു' എന്ന ശങ്കയാലും ഭീതിയാലും ലജ്ജയാലും ദുഃഖത്താലും അവൾ തല കുനിച്ചു. 'ഇവൾ ക്രൂസലില്ലാത്ത ഉന്മാദപ്പുകാരിയാണെന്നു അവിടെയ്ക്കു അറിഞ്ഞതോന്നും; സംശയമില്ല!' എന്നു ചിന്തിക്കുമ്പോഴെയ്ക്കും അവളെ, ആ പാപി, 'എന്റെ കാമനേ വരൂ, വരൂ' എന്നിങ്ങിനെ രണ്ടാമതും വിളിച്ചു:—'ദേവി, ദേഹിയോടു ക്രൂരതെ കാണിയ്ക്കരുതു; പ്രാണദാ

Digitized By Kerala Sahitya Akademi

രണം ചെയ്വാൻ ഞാനാളല്ല. ഭവൽസ്നേഹത്താൽ മോഹിതനായവനാണ് ഞാൻ. ഭവതിയെ പിരിഞ്ഞിരിക്കുക എനിക്കുസാധ്യം തന്നെ!'

ഇതുകേട്ടിട്ട് അവൾ ലജ്ജയോടേ അരികിലേയ്ക്കുചെന്നു. ഉടനെ ഗോഭിലാസുരൻ ആ സതിയായ സത്യകേതുകുമാരിയെ ആലിംഗനം ചെയ്തു ഒരു വിജനസ്ഥലത്തേയ്ക്കു കൊണ്ടുപോയി യഥേഷ്ടം ഉപഭോഗിച്ചു! രതികേളിയിൽ അവന്റെ മട്ടു മാറുകയാൽ ശങ്കിതയും ദുഃഖിതയുമായിത്തീർന്ന പത്മാവതി തന്റെ വസ്ത്രം ധരിച്ചു്, കോപത്തോടുകൂടി ഗോഭിലനോടു ചോദിച്ചു:—'പാപിയും നിർദ്ദയനും മായംകരാകൃതിയുമായ നീ ആരാണ്?' കനത്ത ദുഃഖത്താൽ പീഡിതയായി, കണ്ണുകൾ കലങ്ങി, വിറച്ചുകൊണ്ടു് അവൾ അവനെ ശപിപ്പാനൊരുമ്പെട്ടു:—'ദുരാത്മാവായ നീ എന്റെ ഭർത്താവിന്റെ വേഷത്തിൽ വന്നു, എന്റെ ധർമ്മിഷ്ഠമായ ദേഹവും മികച്ച പാതിവ്രത്യവും നശിപ്പിച്ചു കളഞ്ഞുവല്ലോ! മധുസ്വരം പ്രയോഗിച്ചു് എന്റെ ജന്മം നീ കെടുത്തുവല്ലോ! എന്റെ ബലം ഇപ്പോൾതന്നെ കണ്ടുകൊൾക: നിനക്കു ഞാൻ അതിഘോരമായ ശാപം നൽകുന്നുണ്ടു്!!'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകഥനം, വേനോപാഖ്യാനം, വേനയിശ്ചസംവാദം, സുകലാകന്യകാജനനസൂചനം, സുകലീചൂർണ്ണനിരൂപണം, പത്മാവതീചാതിരൂപജ്ഞാനം നാല്പത്തൊമ്പതാമദ്ധ്യായം.

(൦)

അമ്പതാമദ്ധ്യായം

ബ്രാഹ്മണി:—പത്മാവതി പറഞ്ഞതുകേട്ടിട്ടു ഗോഭിലൻ ചോദിച്ചു:—'ഭദ്രേ, ഭവതി എന്നെ ശപിപ്പാൻ തുടങ്ങുന്നതെന്തിന്? ശപിപ്പാൻ തക്കവണ്ണം എന്തൊരു ദോഷമാണ് എനിയ്ക്കു പറ്റിയിട്ടുള്ളതു്? വൈശ്രവണന്റെ ഭൃത്യനായ ഗോഭിലൻ എന്ന ദൈത്യനാണ് ഞാൻ. അസുരക്കൊത്തിരിക്കും എന്റെ നടപടി. ഞാൻവേണ്ടുംവണ്ണം വിദ്യാഭ്യാസം ചെയ്തിട്ടുണ്ടു്. വേണ്ടുവോളം ശാസ്ത്രങ്ങളും കലകളുമൊക്കെ എനിയ്ക്കറിയാം. മനോവചോമനസഭിച്ചാണ് ഞാൻ പ്രധാനത്തേയും പ്രസ്താവികളേയും ബലാൽക്കാരേണ അനുഭവിക്കാറുള്ളതു്. ഞങ്ങൾ അങ്ങനെയാകയാൽ

Digitized By Kerala Sahitya Akademi

ദൈത്യാചാരം അനുഷ്ഠിച്ചുപോരുന്നു: ഞങ്ങൾ പതിവായി ബ്രാഹ്മണരിൽ പഴുതു നോക്കിക്കൊണ്ടിരിക്കും; പഴുതു കണ്ടെത്തിയാൽ അവരുടെ തപസ്സു മുടക്കുകയും ചെയ്യും. ബ്രാഹ്മണരെന്നപോലെ, യജ്ഞധർമ്മങ്ങളേയും ഞങ്ങൾ നശിപ്പിച്ചുകളയും; എന്നാൽ വിശിഷ്ടബ്രാഹ്മണരോടും ശ്രീ നാരായണൻതിരുവടിയോടും മത്തുഭക്തയും മഹാപതിവ്രതയോടും ഞങ്ങൾ അടുക്കാറില്ല. ദേവി, വിശിഷ്ടബ്രാഹ്മണന്റേയും മഹാത്മാവായ വിഷ്ണുവിന്റേയും മികച്ച പതിവ്രതയുടേയും തേജസ്സു സഹിപ്പാൻ ഒരുത്യന്മാർ ശക്തരല്ല. പതിവ്രത, വിഷ്ണു, വിശിഷ്ടബ്രാഹ്മണൻ എന്നിവരിൽനിന്നു, ദാനവന്മാരും രാക്ഷസന്മാരും പേടിച്ചു പാഞ്ഞൊളിക്കുകയാണ് പതിവ് അസുരധർമ്മം പൂണ്ട ലോകത്തിൽ സഞ്ചരിക്കുന്നവനാണ് ഞാൻ. ഭവതി എന്തിനു ശപിപ്പാൻ തുടങ്ങുന്നു? എനിക്കു ദോഷം എന്താണെന്നാലോചിക്കൂ!'

പത്മാവതി:—'എന്റെ ധർമ്മവും പരിശുദ്ധമായ ദേഹവും നീ നശിപ്പിച്ചുകളഞ്ഞു. ഞാൻ പാതിവ്രത്യമുള്ള സാധ്വിയും മത്തുഭക്തയും തപസ്വിനിയുമാണ്. ദുഷ്ടേ, സ്വധർമ്മസ്ഥിതിയായ എന്നെ നീ മായകൊണ്ടു നശിപ്പിച്ചില്ലയോ! അതിനാൽ നിന്നെ ഞാൻ തീർച്ചയായും ചുട്ടെരിച്ചുകളയും.'

ഗൗതമൻ:—'രാജകുമാരി, ഭവതിക്കു വേണ്ടതെങ്കിൽ ധർമ്മം ഞാൻ പറഞ്ഞുതരാം; കേൾക്കുക: മുന്നേരം ഹോമിക്കുന്നവനും, അഗ്നിശാല വിട്ടുപോകാത്തവനുമത്രേ അഗ്നിഹോത്രി. അവൻ നേരം തോറും യജ്ഞഫലം നേടുന്നു. മനസാ വാചാ കർമ്മണാ നിഷ്കളങ്കനായി അതിഥിപൂജ നിർവ്വഹിക്കുകയും അതിഥി കാത്തുനിൽക്കുകയും ചെയ്യുന്നവനത്രേ ഭാഗ്യവാൻ; അവൻ തീർച്ചയായും പുണ്യമനുഭവിക്കും. അച്ഛനേയും, വിശേഷിച്ച് അമ്മയേയും മനോവാക്കായങ്ങളാൽ രക്ഷിക്കുന്നവനത്രേ അഭിജ്ഞനായ സൽപുത്രൻ; അവനു നാൾതോറും ഗംഗാസ്നാനഫലം കിട്ടും. മറിച്ചു ചെയ്യുന്നവനൊ മാപാപിതന്നെ! തിരുകണങ്ങളാലും മത്തോവിനെ പ്രതിദിനം ശുശ്രൂഷിക്കുകയും, മത്തോവു സന്തോഷിച്ചാൽ സന്തോഷിക്കുകയും കോപിച്ചാൽ ഉപേക്ഷിക്കാതിരിക്കുകയും, മത്തോവിന്റെ ദോഷം വകവെയ്ക്കാതിരിക്കുകയും, മത്തോവു തച്ചാൽ ക്ഷമിക്കുകയും ചെയ്യുന്ന സ്ത്രീയത്രേ പതിവ്രത.

Digitized By Kerala Sahitya Akademi

എത്രദോഷമുണ്ടായാലും, ദ്രഷ്ടനായാലും, ക്ലീബനായാലും, കുഷ്ഠരോഗിയായാലും അച്ഛനെ പുത്രന്മാർ ത്യജിച്ചുകൂടാ. ഇങ്ങിനെ അച്ഛനമ്മമാരെ ശുശ്രൂഷിക്കുന്ന പുത്രന്മാർ വിഷ്ണുവിന്റെ പരമപദമോകുന്ന പുണ്യലോകം പ്രാപിക്കും; ഇങ്ങിനെ സ്വാമിയെ ഉപചരിച്ചുപോരുന്ന ഭൃത്യന്മാർ സ്വാമിപ്രസാദത്താൽ സ്വാമിലോകത്തുചെന്നണയും; അഗ്നിയെ ത്യജിക്കാത്ത ബ്രാഹ്മണൻ ബ്രഹ്മലോകമണയും; അഗ്നിയെത്യജിച്ച ബ്രാഹ്മണൻ വൃഷലീഭർത്താവത്രേ. സ്വാമിയെ ത്യജിച്ചാൽ ഭൃത്യൻ സ്വാമിദ്രോഹിയായിത്തീരും. അഗ്നിയും അച്ഛനും സ്വാമിയും കുലസ്ത്രീയും ത്യാജ്യരല്ലതന്നെ; ത്യജിയ്ക്കുന്നവർ നരകസമുദ്രത്തിൽ വീണുപോകും. ഭ്രഷ്ടനോ കുഷ്ഠരോഗിയോ അംഗഹീനനോ യാതൊരു ധർമ്മവുമില്ലാത്തവനോ വളരെപ്രാപഞ്ചം ചെയ്യുവനോ ആയാലും ഭർത്താവിനെ ശുശ്രൂഷിക്കുന്നതായ സ്ത്രീ ഉപേക്ഷിക്കരുത്; കാന്തനെ വെടിഞ്ഞു മറ്റു കായ്ത്തിൽ ഏർപ്പെടുന്നവളാകട്ടേ, ലോകത്തിൽ സർവ്വധർമ്മബഹിഷ്കൃതയായി കുലടയായിപ്പോകും. ഭർത്താവു വല്ലേടത്തേയ്ക്കും പോയിരിക്കെ, ചാപല്യത്താൽ മോടിക്കൂട്ടുന്നതേവരോ, അവളെ ഞാളകം തേവിടിശ്ശി എന്നു പറയും! ഇങ്ങിനെ വേദശാസ്ത്രസമ്മതമായ ധർമ്മം എനിക്കറിയാം.

മാനവരേയും രാക്ഷസരേയും പ്രേതങ്ങളേയും ധാതാവു സൃഷ്ടിച്ചതെന്തിനാണെന്നു പറഞ്ഞുതരാം: മാനവരാക്ഷസപിശാചക്കൂട്ടങ്ങൾക്കു ധർമ്മാധർമ്മഫലം പറഞ്ഞുകൊടുത്തിട്ടുണ്ട്; അവർ പഠിച്ചിട്ടുമുണ്ട്. എല്ലാമറിഞ്ഞിരുന്നാൽത്തന്നെയും മനുഷ്യർ മുറവിട്ട പ്രവൃത്തിച്ചുകൂടുകയും; അങ്ങിനെ മുറവിട്ടഅന്യായംചെയ്യുന്നവരെ ശൂലിപ്പെടുത്താനാണു അവരെപ്രമാവുസൃഷ്ടിച്ചിരിക്കുന്നതു്. മുറവിട്ടനക്കേണ്ടതെവരോ, ആ നികൃഷ്ട മനുഷ്യരെ ഞങ്ങൾ വധിച്ച ദണ്ഡത്താൽ ശാസിച്ചുപോരുന്നു. നീ ചെയ്യുന്നതു് ഒരു നിഷ്ഠുരമായ ഘോരകർമ്മമാണെന്നായാകട്ടെ; ഗാർഹസ്ഥ്യം വിട്ട് ഇങ്ങോട്ടു പോന്നതെന്തിന്? 'ഞാൻ പതിവ്രതയാണെ'ന്നു നീ വായ്കൊണ്ടു പറയുന്നതേ ഉള്ളൂ; ആ പാതിവ്രത്യം പ്രവർത്തിയിൽ കാണ്മാനില്ല! നീ സംകോചം കൂടാതെ പർവതാരണ്യത്തിൽ അലഞ്ഞുനടക്കുകയാണെല്ലോ; ഈ അപരാധത്തിന്നു, വധിച്ച ദണ്ഡത്താൽ ശാസിക്കുകയാണ് ഞാൻ ചെയ്യുന്നു. നെറികെട്ടവളേ, എന്തിനാണു്, നീ ഭർത്താവിനെ വിട്ട് ഇവിടെവന്നു ശൃംഗാരവേഷവും കെട്ടി നിലക്കൊള്ളുന്നതു്.? നിന്റെ ആ പാതിവ്രത്യം എവിടെ? എനിക്കൊന്നുകാട്ടിത്തരിക! സ്വന്തം ഭർത്താവിനെ വിട്ടുപോന്ന നീ ഒരു കുലടയാണു്: ഒരു

Digitized By Kerala Sahitya Akademi

സ്ത്രീ ചേറേ കിടക്കുന്നതുതന്നോ, അന്ന അവർ കുലടയായി! ഒരു നേര ഭോജനം ഉണ്ടതല്ലേ നീ പെരുമാറുന്നത്. തേവിടിശ്ശിത്തൊഴിൽ ക്കേമി, നിന്റെ ചരിത്രം എവിടെ? നാണവും തൊറിയും കെട്ട ഒന്നേ, എന്റെ മുഖത്തു നോക്കി നീ എന്തുപറയുന്നു! എവിടെയാണ് നിന്റെ തപസ്സും തേജസ്സും ഓജസ്സും ഇരിക്കുന്നത്? എന്നിക്കൊന്നു കാട്ടിത്തന്നാൽക്കൊള്ളാം!'

പത്മാവതി:—'അസൂയാധമ, എന്നെ ഭർത്തൃഗൃഹത്തിൽ നിന്നു അച്ഛൻ സ്നേഹത്താൽ വരുത്തുകയാണ് ചെയ്തത്. അതിലെന്താണൊരു തെറ്റ്? കാമമോ ലോഭമോ മോഹമോ മത്സരമോ മൂലം ഭർത്താവിനെ ത്യജിച്ചു പോന്നിരിക്കയല്ല ഞാൻ. നീയോ, ഭർത്താവിന്റെ വേഷം ധരിച്ചു എന്നെ ചതിച്ചുകളഞ്ഞു! നീ അങ്ങേഹമാണെന്നു തെറ്റിദ്ധരിച്ചിട്ടത്രേ ഞാൻ നിന്റെ മുമ്പിൽ വന്നത്; മായാവിയാണെന്നറിഞ്ഞിരുന്നെങ്കിൽ, ഒരൊറ്റ പ്രാകാരംകൊണ്ടു നിന്നെ ഞാൻ വെണ്ണീറാക്കുമായിരുന്നു!'

ഗൗതമൻ:—'കണ്ണില്ലാത്തവർക്കു കാഴ്ചയില്ല. ധർമ്മചക്ഷുസ്സില്ലാത്ത നീ എന്നെ എങ്ങിനെ കണ്ടറിയും? എപ്പോൾ നിനക്കു ഭർത്താവിനെ വിട്ടുപിരിഞ്ഞഹല്യയെക്കുറിച്ചു അല്പവും തോന്നിയോ, അപ്പോൾ തന്നെ നിന്നെ വെടിഞ്ഞുകഴിഞ്ഞു! ധൈര്യവും നഷ്ടപ്പെട്ടതോടുകൂടി മൗനസ്സും കെട്ടുപോയി!! ജ്ഞാനക്കണ്ണു പൊട്ടിപ്പോയ നീ എങ്ങിനെയാണ് എന്നെ കണ്ടറിയുക? ഏതൊരു മാതൃസ്ത്രീയാണ്, അച്ഛനോ അമ്മയോ സോദരനോ മറ്റു ബന്ധുക്കളോ ഉള്ളതു? അവർക്കു സകലതും ഭർത്താവു ഒരാൾ തന്നെ!'

ഇത്രയും പറഞ്ഞിട്ടു, ഗൗതമാസുരൻ ചിരിച്ചുംകൊണ്ടരിയാടി:—'കുലടേ, എനിക്കു നിന്നെപ്പേടിയില്ല. നീ കോപിച്ചാൽ എനിക്കെന്തുവരും? നീ വിറയ്ക്കുന്നതു വെറുതെയാണ്. എന്റെ ഗൃഹത്തിലേയ്ക്കു പോരുന്നു, വേണ്ടുന്ന സുഖങ്ങൾ അനുഭവിച്ചു കൊള്ളുക.'

പത്മാവതി:—'പോ, നാണംകെട്ട മാപാപി! നീ എന്തുപറയുന്നു? പാതിവ്രത്യത്തോടേ സതീനിലയിലിരിയ്ക്കുന്നവളാണ് ഞാൻ. ഇപ്രകാരം പുലമ്പുകയാണെങ്കിൽ നിന്നെ ഞാൻ ചുട്ടെരിച്ചുകളയും!'

ഭർത്താവേ ഇപ്രകാരം പറഞ്ഞിട്ട് അവർ വന്ദിച്ചു ഭയത്തോടേ നിലത്തിരിപ്പായി. അപ്പോൾ ഗൗതമൻ പറഞ്ഞു:—'ഭദ്രേ, നിന്റെ

Digitized By Kerala Sahitya Akademi

വയറിൽ ഞാൻ വീണ്ടുധാനം ചെയ്തിരിക്കുന്നു. അതിൽനിന്നു, മൂന്നുലോകത്തെയും ക്ഷോഭിപ്പിയ്ക്കുന്ന ഒരാൺകുട്ടി ഉണ്ടായിവരും.

ഇതുമും പറഞ്ഞ്, ആ ദുർവൃത്തനായ അസുരൻ നടകൊണ്ടു. രാജകുമാരിയോ, വന്നിച്ച ദുഃഖത്താൽ കരഞ്ഞുതുടങ്ങി.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകഥനം, വേനവ യജ്ഞ സംവാദം, സകലാകഥനത്തോടെ സുദേവചരിതം, സുകലീപൂർവവൃത്തകഥനം, പത്മാവതി രോഹിണീസംഭാഷണം അമ്പത്തെട്ടധ്യായം.

——(o)——

അൻപത്തൊന്നാമദ്ധ്യായം

ബ്രഹ്മാവു:—മഹാരാജശ്രേഷ്ഠ, പത്മാവതിയുടെ കരച്ചിൽകേട്ടിട്ടു സഖിമാരെല്ലാവരും ഓടിച്ചെന്നു് ആ രാജകുമാരിയോടു ചോദിച്ചു:—'എന്തിനാണു് കരയുന്നതു? ദയചെയ്തു വിവരം പറഞ്ഞാലും. ഭവതിയെ 'കാമനേ' എന്നുവിളിച്ചു മഥുരാപതിമഹാരാജാവു് എവിടെപ്പോയ്ക്കളഞ്ഞു?' പത്മാവതി തേങ്ങിത്തേങ്ങിക്കരഞ്ഞുംകൊണ്ടു്, അനന്തരം പിണഞ്ഞതെല്ലാംതോഴിമാരെ അറിയിച്ചു.

ദുഃഖം വളർന്നു വിറക്കൊള്ളുന്ന അവളെ ആ സ്ത്രീകൾ പിതൃഗൃഹത്തിലേയ്ക്കു കൊണ്ടുപോന്നു്, ധർമ്മമയുടെ അടുക്കൽചെന്നു വിവർമ്മെല്ലാം കേൾപ്പിച്ചു. ആ റാണി തോഴിമാരുടെ അടുക്കലെത്തി, മകളുടെ അവസ്ഥ അദ്ദേഹത്തെ ധരിപ്പിച്ചു. രാജാവു വലിയ വ്യസനത്തിലായി. ഉടനെ അദ്ദേഹം വാഹനവും മറ്റും നൽകി ആറുകോടുകുടി മകളെ മഥുരയിലേയ്ക്കയച്ചു. പുത്രിയുടെ ദോഷം അച്ഛനമ്മമാർ മൂടിവെച്ചുകളഞ്ഞു.

പത്മാവതി പതിമന്ദിരത്തിൽ ചെന്നെത്തി. തിരിച്ചെത്തിയ പ്രിയതമയെ കണ്ടിട്ടു ധർമ്മശീലനായ ഉഗ്രസേനൻ വളരെ സന്തോഷിച്ചു. 'സുമുഖി, ഭവതിയെക്കൂടാതെ ജീവിപ്പാൻ ഞാനാളല്ല. സൌശീല്യം, സത്യം, ഭക്തി, പാതിവ്രത്യംമുതലായ ഗുണങ്ങൾകൊണ്ടു ഭവതി എന്നെന്നും എനിയ്ക്കു പ്രിയപ്പെട്ടവളാണെനിക്കു്!' ഇങ്ങിനെ പറഞ്ഞുകൊണ്ടാടി, ആ നരേന്ദ്രൻ പത്മാവതിയോടുകൂടി സുഖമായി വസിച്ചു.

Digitized By Kerala Sahitya Akademi

സവ്യസാചിയേക്കാളുമായ ഘോരമായ ഗർഭം പത്മാവതിയുടെ വയറ്റിൽ വളർന്നുവന്നു. ഗർഭം എങ്ങിനെ ഉണ്ടായി എന്ന് അവരാരും ചോദിച്ചില്ലോ! അതിനാൽ, ലോകത്തിലുള്ള അതിനെപ്പറ്റിയറിയാവുന്ന സ്ത്രീകൾക്കു താപ്പുകൾ വിചാരം:—'ഈ ദുഷ്ടപുരുഷനെക്കൊണ്ട് എനിക്കെന്തുകാര്യം?' അവരാരും ഗർഭമലസിപ്പിക്കാനുള്ള മരുന്ന് അന്വേഷിക്കുകയാണ്ടി. അതുകൊണ്ട് അവർ പതിവായി ഉപയോഗിച്ചു; എന്നാലോ, ഗർഭമലസിപ്പാൻ പല ഉപായങ്ങളും ചെയ്തുനോക്കി. പക്ഷേ, ആ ഘോരഗർഭം വളരുകതന്നെയാണുണ്ടായത്. വയറ്റിലെക്കുട്ടി മാതാവിനോടുപറഞ്ഞു:—'അമ്മ എന്തിനാണ് നാനാതോരും മരുന്നുപയോഗിച്ചു സാകല്യപ്പെടുന്നത്? ആയുസ്സു പുണ്യത്താൽ വർദ്ധിക്കുന്നു; പാപത്താൽ ക്ഷയിക്കുന്നു. സ്വകർമ്മമനുസരിച്ചത്രേ ജീവിതവും മരണവും. ചിലർ ആമ ഗർഭാവസ്ഥയിൽത്തന്നെ, മൂപ്പെത്തുന്നതിൻമുമ്പു, മരിക്കുന്നു; വേറെ ചിലർ ജനിച്ചുടനെ മരിക്കുന്നു; ചിലർ ബാല്യത്തിലും, ചിലർ കൌമാരത്തിലും, ചിലർ യൌവനത്തിലും, ചിലർ വാർദ്ധക്യത്തിലും മരണമടയുന്നു. എല്ലാവരും സ്വകർമ്മഫലത്താലത്രേ ജീവിക്കുന്നതും മരിക്കുന്നതും; മരുന്നും മന്ത്രവും മഠവും കാരണം മാത്രം!

ഞാൻ ഇന്നവനാണെന്നു വേതി അറിഞ്ഞിരിക്കയില്ല: കാലനേമി എന്നൊരു കരുത്തേറിയ മൈത്രുനെ വേതി മുമ്പു കേട്ടിട്ടുണ്ടാവും; ആ ത്രിലോക ദ്വിഷണനായ മഹാ വീരനാണ് ഞാൻ. എന്നെ പണ്ടു ദേവാസുരയുദ്ധത്തിൽ വിഷ്ണു കൊലപ്പെടുത്തിക്കളഞ്ഞു; ആ പക വീട്ടാൻ വേതിയുടെ വയറ്റിൽ പുക്കിരിക്കയാണ് ഞാൻ. അമ്മ നാനാതോരും സാഹസം ചെയ്ത ബുദ്ധിമുട്ടേണ്ട!'

ഗർഭശിശു ഇതുയും പറഞ്ഞു വിരമിച്ചു. അമ്മ അത്യന്തം ദുഃഖിതയായി ഉദ്യമം നടത്തുകയും ചെയ്തു. പത്തുകൊല്ലം കഴിഞ്ഞതിൽപ്പിന്നെ, പത്മാവതി കരുത്തേറിയ കംസനെ പ്രസവിച്ചു. തേജസ്വിയായ അവൻ ത്രൈലോക്യവാസികളെയെല്ലാം വിറപ്പിക്കുകയും, വാസുദേവനാൽ വധിക്കപ്പെട്ടു മോക്ഷം പ്രാപിയ്ക്കുകയുംചെയ്തു.

കാന്ത, ഞാൻ ഇങ്ങിനെ ഒന്നു കേട്ടിട്ടുണ്ട്. വരാനുള്ളതു വരിക തന്നെചെയ്യും. പുരാണങ്ങളിലെല്ലാം എഴുതിയിട്ടുള്ളതത്രേ ഞാൻ നിങ്ങളോടു പറഞ്ഞതു്. പിതൃഗൃഹത്തിൽ വസിച്ചാൽ പെൺകിടാങ്ങൾക്ക് ക്ഷേത്രം കെടുത്തി പറഞ്ഞുപോകും. അതിനാൽ മകളെ സ്നേ

Digitized By Kerala Sahitya Akademi

ഥാധിക്യത്താൽ സഹ്യഗ്രഹത്തിൽ പാർപ്പിച്ചുകൂടാ. ഭവാൻ ഈ മാപാപം പൂണ്ട ദുഷ്ടയെ ഉപേക്ഷിച്ചു സ്വൈരസ്ഥത്തോടേ വസിച്ചാലും. മഹാപാപികളും ഘോരദുഃഖം അനുഭവിക്കുകതന്നെ വേണമല്ലോ. ഈ വിടുന്ന എന്നോടുകൂടി, ലോകത്തിൽ ശ്രേയസ്സുണ്ടായിട്ടുള്ളതു ചെയ്തുകൊള്ളുക.'

സൂകരി:—ഈ സാരവത്തായ അഭിപ്രായം കേട്ടിട്ട് അസ്ഥൂൻ എന്നെ ത്യജിപ്പാൻ തന്നെ നിശ്ചയിച്ചു. ആ ബ്രഹ്മരക്ഷോന്ദ്രൻ എന്നെ വിളിച്ചു, എന്റെ വസ്ത്രാഭരണാദികളൊക്കെ തന്നു. 'കലഹം കെട്ടത്ത ദുഷ്ടേ, നിന്റെ ദുർന്നടപ്പാൽ തന്നെയാണ്, ബുദ്ധിമാനായ തിവശർമ്മദ്വിജോത്തമൻ പോയ്ക്കളഞ്ഞതു്. നീ നിന്റെ ഭർത്തൃവിന്റെ പാർപ്പിടത്തിലേയ്ക്കു തന്നെ പോ; അല്ലെങ്കിൽ, നിനക്കു തോന്നിയേടത്തേയ്ക്കു'! ഇങ്ങ്നേപോലെ ചെയ്തുകൊൾക.' എന്നിങ്ങിനെ പറഞ്ഞു അസ്ഥൂനും അമ്മയും ശേഷക്രിയ ചെയ്തു എന്നെ പുറത്തു തള്ളി.

നാണംകെട്ട് ഞാൻ വേഗത്തിൽ അവിടെനിന്നു നടകൊണ്ടു. ഒരു സുഖവാസസ്ഥലം എനിക്കു കിട്ടാതായി. അയൽകക്കാരൊക്കെ, 'ഇതാ, തേവിടിശ്ശി' എന്നു എന്നെ പഴിച്ചുതുടങ്ങി. ഞാൻ തറവാട്ടിനു വിട്ട പുലയ്ക്കുള്ളും അനുഭവിച്ചു. അങ്ങിനെ ഗുർജ്ജരരാജ്യത്തു, ചിവർന്തിനഗരിയിൽ, സുരാഷ്ട്രത്തിൽ, വനസ്ഥലം എന്ന സമൃദ്ധഗ്രാമത്തിൽ ചെന്നു ചേർന്നു. അപ്പോൾ എനിക്കു സഹിച്ചുകൂടാത്ത വിശപ്പുണ്ടായിരുന്നു. അതിനാൽ ഒരു മൺപാത്രമെടുപ്പാളി കയ്യിലെടുത്തു പിച്ചു തെണ്ടാൻ തുടങ്ങി: പരമദുഃഖിതയായ ഞാൻ ഓരോ ഗൃഹത്തിന്റേയും വാതിൽക്കൽ ചെല്ലുമ്പോഴെല്ലാം, അയൽകക്കാർ എന്നെ നോക്കി, 'ഇവൾ ദുഷ്ടയാണെ'ന്നു ശകാരിച്ചതല്ലാതെ, ഭിക്ഷതരികയുണ്ടായില്ല!

ഞാൻ ഇപ്രകാരം ദുഃഖിതയായും രോഗപീഡിതയായും സഞ്ചരിക്കെ, ഒരു വലിയ ഭവനം കാണ്മാറായി. ഉയർന്ന മതിലാൽ ചുറപ്പെട്ടു, വേദശാലകളും വേദധ്വജങ്ങളും വളരെ സുഗന്ധവും ധനധാന്യങ്ങളും ഭാസിതാസനും ചേർന്നു, ലക്ഷ്മീവിളയാട്ടത്താൽ രമണീയമായ ആ ഭവനത്തിലേയ്ക്കു കണ്ടു, 'ഭിക്ഷതരണേ' എന്നു ഞാൻ വിളിച്ചുപറഞ്ഞു. ആ സർവ്വോത്തമമായ സദനം നമ്മുടെ ശിവശർമ്മാവിന്റേതായിരുന്നു. എന്റെ ഭിക്ഷവിളി ആ ബ്രാഹ്മണശ്രേഷ്ഠൻ കേട്ടു. ഉടനെ ആ ധർമ്മിഷ്ഠൻ സസ്നേഹത്താൽ

Digitized By Kerala Sahitya Akademi

ലക്ഷ്മീദേവിയുടെ തുല്യയായ മംഗല എന്ന മാസ്ത്രയെ വിളിച്ചു, പഞ്ചിരിക്കൊണ്ടുപറഞ്ഞു:—'പ്രിയേ, ഭിക്ഷയുംകൊണ്ടു പടിവാതുൽവന്നു നിൽക്കുന്ന ആ പാവപ്പെട്ടവളെ വിളിച്ചു ഭക്ഷണംകൊടുക്കൂ.' എന്നെ അറിഞ്ഞതിനാൽ ഏറ്റവും കരുണാർദ്രനായിരുന്ന കാന്തനോടു 'ഭക്ഷണംകൊടുത്തുകൊള്ളൂ'മെന്നുപറഞ്ഞിട്ട്, മംഗലാപതിയായ മംഗല വല്ലാതെ വശംകെട്ടിരുന്ന എന്നെ വെട്ടപ്പുറത്തു ഉൗൺകഴിപ്പിച്ചു.

അതിനുശേഷം, ബുദ്ധിമാനായ ശിവശർമ്മാവ് എന്നോടു ചോദിച്ചു:—'നീ ആരാണ്? ഇവിടെ വന്നുചേർന്നതെങ്ങിനെ? എന്തിനായിട്ടാണ് നാരദരുടെ നക്കേണ്ടതു? പറയുക. കേട്ടിട്ടുപോരാണ്. എന്റെ മിത്രാവരുണദേഹമെന്ന ഭ്രേയായ എനിയുടെ മനസ്സുല്ലായത്. തൽക്ഷണം ലജ്ജകൊണ്ടു എന്റെ മുഖം കനിഞ്ഞുപോയി. അപ്പോൾ, മഹാഭാഗസമ്പന്നയായ മംഗല മനോഭരനോടു ചോദിച്ചു:—'ഇവളാരാണ്? അങ്ങയെ കണ്ടിട്ടു ലജ്ജിയുന്നവല്ലോ; ദയചെയ്തു പറഞ്ഞാലും; ഇവളാരായിരിക്കാം?

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, 'വേൾവീണ്ടുസംഭാഷം
സുകലാകാത്ര്യമനസുദേവോചരിതം, സുകലീപുഷ്പപുണ്യാനുഭവനിരൂപണം,
സുദേവാത്രേയഗൃഹപ്രവേശനം അന്നദാനാന്നാദ്ധ്യായം.

———(o)———

അൻപത്തിരണ്ടാമദ്ധ്യായം

ശിവശർമ്മാവ്:—'മംഗലേ, ഇവളാരാണെന്നു ഞാൻ പറയാം കേൾക്കൂ:

ഭിക്ഷക്കാരിയായി വന്നുചേർന്ന ഈ സാധുസ്ത്രീ വസുഭൂതിബ്രാഹ്മണന്റെ മകനും സുവേദയാണ്. എന്റെ പ്രിയപത്നിയാണിവൾ. ഞാൻ സംഗതിവശാൽ ആ രാജ്യംവിട്ടപ്പോഴും; എന്റെ വിരഹത്താലുള്ള ദുഃഖത്തിൽ വെന്തുരുകിയിട്ടായിരിക്കും ഇവൾ ഈവണ്ണം അനാഥയായി. ഇവൾ ഗൃഹത്തിൽ ഭിക്ഷക്കാരിയായിവന്നതു് അതിനാൽ ഭവതി, എന്റെ പ്രീതിക്കുവേണ്ടി, തീർച്ചയായും ഇവളെ വേണ്ടതിൻവണ്ണം സൽക്കരിക്കണം.'

മിത്രാവിന്റെ വാക്കുകേട്ടിട്ട പതിദേവതയായ മംഗലയുടെ വളരെ സന്തോഷമായി. ആ സമാഗത താപസനെ എനിക്കു സ്നാനവസന

Digitized By Kerala Sahitya Akademi

ഭോജ്യങ്ങളും എർപ്പെടുത്തുകയും, എന്നെ സ്വർണ്ണരത്നാദികളാലും അണിയിക്കുകയും ചെയ്തു. മത്തൃപ്രീതിക്കായി ആ പതിവ്രത എന്നെ എല്ലാവിധത്തിലും സുഖിപ്പിച്ചു; തീരെയും എന്നെ അത്യന്തം ആദരിച്ചു. പക്ഷേ, എന്റെ നെഞ്ചിൽ അതിതീവ്രമായ ഒരു പ്രാണവേദനയുണ്ടായിവന്നതു്: മംഗലയുടെ സുകൃതവും എന്റെ ദുഷ്കൃതവും കണ്ടിട്ടു, ഞാൻ പ്രാണൻ പോയ്പോകുമെന്നുള്ള ഒരു ഭീതിയും വിഷാദവുമായി:— 'ഈ ബ്രാഹ്മണശ്രേഷ്ഠനോടു ദ്രോഹവൃത്തിയായ ഞാൻ ഒരിക്കലും ഒരു നല്ലവാക്കു പറകയുണ്ടായിട്ടില്ലല്ലോ! ഞാൻ ഈ മഹാത്മാവിന്റെ കാൽ കഴുകിച്ചിട്ടില്ല; ദേഹം തലോടിക്കൊടുത്തിട്ടില്ല; എന്നല്ല, രഹസ്സുമാഗമം നൽകുകയും ചെയ്തിട്ടില്ല! ഇതു തെറ്റുകാരിയായ ഞാൻ ഇദ്ദേഹത്തോടെങ്ങിനെ സംസാരിക്കും?' എന്നിങ്ങിനെ അന്നു രാത്രിയിൽത്തന്നെ ഞാൻ ദുഃഖസമുദ്രത്തിൽ പതിച്ചുപോയി.

ദേവി, ഈ ചിന്താഭാരം എന്റെ ഹൃദയത്തെ പിളർത്തുകയും പ്രാണൻ എന്റെ ദേഹംവിട്ടു പോയ്ക്കളയുകയും ചെയ്തു. ഉടനെ കാലദൂതന്മാർ വന്നെത്തി. ഗദയും ചക്രവും ഖഡ്ഗവും കൈക്കൊണ്ട ആ ക്രൂരഭാവങ്ങളായ വീരന്മാർ എന്നെ ചങ്ങലകൊണ്ടു വരിഞ്ഞുകെട്ടി യമപുരത്തിലേയ്ക്കു കൊണ്ടുപോവുകയായി. അതിവേഗത്തിൽ നടന്നുവരുന്ന എന്നെ അവർ മുഷ്ടികളാൽ തല്ലിക്കൊണ്ടും പഴിച്ചുകൊണ്ടും ഉഗ്രമാർഗ്ഗത്തിലൂടെ യമന്റെ മുമ്പിൽ എത്തിച്ചു. മഹാത്മാവായ ധർമ്മരാജൻ എന്നെ ക്രോധത്തോടുകൂടിയാണു നോക്കിപ്പാർത്തതു്.

ഞാൻ തീക്ഷ്ണമായ നിന്ദയിലൂടെയും പരിഭവപ്പെട്ടു; ഭർത്താവിനെ വഞ്ചിച്ചതിനു ഇരുമ്പുകൊണ്ടുള്ള ഒരു പുരുഷപ്രതിമ തീയിൽ പഴുപ്പിച്ചു് എന്റെ മാറോടു ചേർത്തു. അങ്ങനെ എണ്ണപ്പാത്തിയിലിട്ട നരകത്തിയുകൊണ്ടു തിളപ്പിച്ചു; കരംഭോലുകത്തിൽ കൊണ്ടു തള്ളി; അസിപത്രങ്ങൾ കൊണ്ടരിഞ്ഞു; ജലയന്ത്രത്തിലിട്ടു വട്ടം ചുറ്റിച്ചു; കൂടശാല്മലി വൃക്ഷങ്ങളിൽ വീഴിച്ചു. രാജകിങ്കരർ, എന്നെ ആ മഹാത്മാവു് പീഡയേറിയ എല്ലാ നരകങ്ങളിലും ഇടിവിച്ചു. ഞാൻ ഈ ഭൂവാളകം മുഴുവനുമുള്ള പുഴുക്കളെക്കൊണ്ടു പ്രഹരിക്കപ്പെട്ടു. ചോര, ചലം, മലം, പുഴുക്കൾ എന്നിവ നിറഞ്ഞ നരകങ്ങളിലും യോനിവൈകൃതം, ദുഃഖങ്ങൾ മുതലായ മറ്റു നരകങ്ങളിലും കിടന്നു കഴിഞ്ഞിതിനുശേഷം ഞാൻ പല യോനികളും പുക്കു ഘോരദുഃഖം അനുഭവിക്കയായി:

Digitized By Kerala Sahitya Akademi

ആളും തൊഴുത കൈയായി ജനിച്ചു; പിന്നെ ശപാവായി; പിന്നീട് പാമ്പു; കോഴി, പൂച്ച, എലി എന്നിവയായി പിറന്നു; ഈവിധം, പീഡാകരങ്ങളായ എല്ലാ തിര്യഗ്യോനികളിലും എന്നെ ധർമ്മരാജാവു തള്ളിവിട്ടു. അങ്ങിനെ ഞാൻ ഭൂമിയിൽ പന്നിയായും പിറന്നു.

മഹാഭാഗേ, ഭവതിയുടെ കരതലത്തിൽ അനേകം തീർത്ഥങ്ങളുണ്ട്. ആ ജലം ഭവതിതന്നെ എന്റെ മേൽ തളിച്ചുവല്ലോ! ഇവിടത്തെ പ്രസാദത്താൽ എനിക്കു പാപം നീങ്ങി. ഇവിടത്തെ പുണ്യതേജസ്സിനാൽത്തന്നെയാണ് ജ്ഞാനം ലഭിച്ചതും. ഇനി ദേവി എന്നെ നരകപീഡയിൽ നിന്നു കരയേറ്റുമാറാകണം; അതു ചെയ്യാഞ്ഞാൽ, വീണ്ടും ഞാൻ ഘോരമായ പാപയോനിയിൽ പതിച്ചുപോകും. ഇവിടുന്ന് എന്റെ ദുഃഖംതീർത്തു രക്ഷിക്കണേ! ഞാൻ പാപത്താൽ പന്നിയായിരിക്കുന്നു; എനിക്കു മറ്റൊരാശ്രയമില്ല.'

സുദേവഃ—'ഭദ്രേ, ഭവതിയെ കരയേറ്റാൻ തക്കവണ്ണം എന്തൊരു സുകൃതമാണ് ഞാൻ ചെയ്തിട്ടുള്ളത്? അതുകൂടി പറഞ്ഞുതന്നാൽക്കൊള്ളാം.'

സുകരിഃ—'ഈ മനുപുത്രനായ ഇക്ഷ്വാകുമഹാരാജാവു സാക്ഷാൽ വിഷ്ണുവാണ്; ഭവതി ലക്ഷ്മിയുമാണ്. ദേവി, എല്ലായ്പ്പോഴും പാതിവ്രത്യൈകതാനയായ ഭവതി സർവപുണ്യമയിയും സർവതീർത്ഥമയിയുമാകുന്നു. ലോകത്തിൽ ഏകമഹാപാതിവ്രത്യയാണ് രാജപത്നിയായ വേതി. അതുകൊണ്ടു ഭവതി ആനന്ദചിത്തയായി ശ്രുശ്രൂഷിച്ചിട്ടുണ്ടല്ലോ; ആ ഭർതൃശുശ്രൂഷയുടെ ഒരംശം വസുമതി പുണ്യം തന്നാൽമതി, എനിയ്ക്കുപകാരത്തിനു്. എനിയ്ക്ക് അച്ഛനും അമ്മയും ഗുരുവും ബന്ധുവും മിത്രവും ഇവിടുന്നുതന്നെ! സത്യവും ജ്ഞാനവുമില്ലാത്ത ഒരു പാപിനിയും ദുഷ്ടയുമാണ് ഞാൻ. ശ്രീമതി, എന്നെ കരയേറ്റണേ! അന്തകതാഡനത്തിൽ ചേർത്തുകൊള്ളണേ!'

സുകലഃ—ഇതുകേട്ടിട്ടു രാജ്ഞി രാജാവിനോടു ചോദിച്ചു:—'ദേവാ, ഞാൻ എന്തുചെയ്യണം? ഇവളെന്താണ് പറയുന്നതു?'

ഇക്ഷ്വാകുഃ—'പാപയോനിയിൽ പതിച്ചു സങ്കടപ്പെടുന്ന ഈ സാധുവിനെ വേഗം സ്നാനം പുണ്യതീർത്ഥം കൊണ്ടു കരയേറ്റിക്കൊടുക്കുക. അതുവഴിയ്ക്കു ശ്രേയസ്സായിരിയ്ക്കും.'

Digitized By Kerala Sahitya Akademi

ഇതിൻമണ്ണം, സുമംഗലയായ സുദേവാദേവി, 'എന്റെ ഒരു കൊല്ലത്തെ പുണ്യം ഭേതിയ്ക്കു തന്നു' എന്നുപറകയും, ആ സുകരി ആ ഴകും യൌവനവും തേജസ്സുമേറിയ ഒരു ദിവ്യസ്ത്രീയായിത്തീർകയും ചെ രേനിമിഷത്തിൽക്കഴിഞ്ഞു പലതരം രത്നാഭരണങ്ങളും ദിവ്യമാല്യങ്ങ ളുമണിഞ്ഞു, ദിവ്യഗന്ധംപൂശി, ദിവ്യവിമാനത്തിലേറി ആകാശമണ ഞ്ഞുവിളങ്ങിയ ആ സാധ്വി വിനയസമ്പന്നയായി രാജ്ഞിയോട പറ ഞ്ഞു:—'സൌഭാഗ്യശാലിനി, ഇവിടേയ്ക്കു സന്തോഷത്തോടെ ഇവിടത്തെ പ്രധാനമായ പാപപരിഹാരകർമ്മങ്ങൾ ഞാൻ പലപുണ്യലോകങ്ങളിലേയ്ക്കും പോകുന്നു.'

അവർ സുദേവയെ വണങ്ങി, സുരലോകത്തേയ്ക്കു ഗമിച്ചു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, മേനകാവിശ്വാമിത്രസംവാദം, സുകലാചരിതം, സുകലീസപത്നീകഥയും അന്ത്യത്തിരുത്തലധ്യായം.

—(o)—

അമ്പത്തിമൂന്നാമദ്ധ്യായം

സുകല:—ഇങ്ങനെയാണ് ഞാൻ മുമ്പു പുരാണങ്ങളിൽ കേട്ടിട്ടുള്ള ധ മ്മം. അതിനാൽ, ഭർത്താവിനോടുകൂടാതെ ഞാൻ സുഖമനുഭവി യ്ക്കുന്നതു പാപമല്ലയോ? കാന്തനെക്കൂടാതെ ഞാൻ പ്രാണധാര ണം ചെയ്കയില്ല!'

വിഷ്ണു:—ഇപ്രകാരം, സ്ത്രീകൾക്കു സദ്ഗതിപ്രദമായ പാതിവ്രത്യ പുണ്യധർമ്മം വർണ്ണിച്ചുകേട്ടിട്ട്, ആ ധർമ്മിഷ്ഠയായ സുകലയെ ആ സഖിമാരും മറവത്തസ്ത്രീകളും ബ്രാഹ്മണരുമൊക്കെ വന്ദിച്ചു സന്തോഷത്തോടേ മധുരസ്വരത്തിൽ സ്തുതിക്കുകയായി.

നാരദോപരി, ആ സുകലയുടെ തീവ്രസ്നേഹമഹിമയും ധ്യാനൈ കതയും നിശ്ചലമായ ധൈര്യവും കണ്ടിട്ടു, ദേവപ്രേരിതമായ കാമന, താൻകീഴ്പതിച്ചേയ്ക്കുമോ എന്ന വലിയ വിചാരമായി. തൽക്ഷണം തന്നെ മഹാവീര്യവാനായ മന്മഥനെ സ്മരിച്ചു. ഉടനേ, കരുത്തേറിയ കാമൻ പൂവില്ലും കൈക്കൊണ്ടു, പ്രിയതമയായ രതിയേയുമൊന്നിച്ചു, സഹസ്രാ ക്ഷന്റെ സന്നിധിയിലെത്തി, കൈതൊഴുതുണർത്തിച്ചു:—'സ്വാമിൻ,

Digitized By Kerala Sahitya Akademi

തിരുമേനി എന്തിനാണ് എന്നെ സ്മരിച്ചതു്? എന്തിനായാലും, ഞാ ഇതെതരികതന്നെ.'

ഇന്ദ്രൻ:—'കാമദേവേ, ഈ സകല കര്യവും വലിയ പതിവ്രതയാണ്. പു ണ്യമംഗളയായ ഈ സൌഭാഗ്യവതിയെ എനിയ്ക്കാണ്ട പരീ ക്ഷിക്കണം! അതിനു മുമ്പാൻ എന്നെ സഹായിച്ചാൽക്കൊള്ളാം.'

'ദേവദേവേശ, അങ്ങിനെയാവാം: ഇവിടത്തെ വിനോദത്തിനു ഞാൻ തീച്ചയായും സഹായം ചെയ്തുകൊള്ളാം.' എന്നുസമ്മതിച്ചിട്ട് മുനികർക്കടപോലും ജയിച്ചുകൂടാത്ത കന്ദർപ്പൻ കഥിച്ചു:—'ദേവന്മാരേ യും ഋഷിമുഖ്യന്മാരെക്കൂടിയും ജയിച്ചതു് എനിയ്ക്കു തുണിയുണ്ട്; പി ന്നെയാണോ, ഞാലയായ കര്യത്തിനെ? എന്റെ വാസംതന്നെ, അംഗനമാരുടെ അംഗങ്ങളിലാണ്. അവരുടെ സ്തനം, തലമുടി, ക ണ്ണ്, കവിൾ, പൊക്കിൾ, അരക്കെട്ട്, പൂറ്റ്, ജഘനം, ഗുഹ്യസ്ഥലം, മു ണ്ട്, പല്ല്, കക്ഷം എന്നീ അംഗങ്ങളിലും പ്രത്യംഗങ്ങളിലും ഞാൻ നി വസിക്കുന്നു. എന്റെ ശത്രുവാണ് സ്ത്രീ. എന്നെന്നും അവിടെ വസിച്ചു കൊണ്ടു ഞാൻ പുരുഷന്മാരെയെല്ലാം സംഹരിച്ചുപോരുന്നു. എന്റെ ബാണമേറ്റാൽ, പ്രകൃത്യാ അബലയായ സ്ത്രീ ഏതു സുന്ദരപുരുഷനേ യും, അച്ഛനായാലും ആങ്ങളയായാലും മറ്റു സ്വജനമായാലും ശരി, കണ്ടുചലിച്ചുപോകും. പാപം ഗണിക്കുകയേ ഇല്ല! അവർക്കു യോ നിയും കുലങ്ങളും തൽക്ഷണം സ്പന്ദിക്കും; സുരേശ്വര, നാരിമാർക്കു ധൈര്യം ഇല്ലതന്നെ. സകലയെ ഞാൻ കെടുത്തുന്നതാണ്!'

ഇന്ദ്രൻ:—'ഞാൻ സുന്ദരനും സുശീലനും ധനികനുമായ ഒരു മനുഷ്യനാ യിത്തീരാം. മനോഭവേ, നേരംപോക്കിനായിട്ടാണ് ഞാൻ ഇവ ളെ ഇളക്കിനോക്കുന്നതു്; സത്യമായിട്ടും, കാമത്താലോ ലോഭത്താ ലോ ഭയത്താലോ മോഹത്താലോ ക്രോധത്താലോ അല്ല. ഇവർക്കു നിർവ്വാജമായ ചാരിത്രം എത്രത്തോളമുണ്ടെന്നു, ചെന്നൊന്നു പരീക്ഷിക്കാമെന്നുമായി! ഇതിനു മുമ്പാന്റെ ഒത്താശ വേണം.

മഹേന്ദ്രൻ ഇങ്ങിനെ പറഞ്ഞു മന്മഥനെ അയച്ചിട്ടു താനും പുറപ്പെട്ടുപോയി. അദ്ദേഹം കാമദേവനെന്നത്തെ ഒരു സവ്യാംഗസുന്ദരനായി ച്ചമഞ്ഞു, ആഭരണങ്ങളെല്ലാമണിഞ്ഞു, സർവ്വസൌഭാഗ്യങ്ങളോടും ശൃംഗാര വിലാസങ്ങളോടുംകൂടി, സകല വല്ലഭയുടെ അടുക്കൽ ചെന്നുചേർന്നു, ത ന്റെ വിലാസവും അഴകും നന്മയും വെളിപ്പെടുത്തുകയായി. എന്നാൽ,

Digitized By Kerala Sahitya Akademi

അവർ ഈ സുന്ദരപുരുഷനെ നോക്കിയതേ ഇല്ല; അതിനാൽ, അവർ നടക്കുന്നേടത്തൊക്കെച്ചുറ്റി സഹസ്രാക്ഷൻ അവളെ സസ്പൃഹമായി വീക്ഷിക്കുകയും, സർവ്വദേവന്മാരുമായി കാമഭോഗങ്ങൾ കണിക്കുകയും ചെയ്തുപോന്നു. തെരുവിലോ വഴിയിലോ തീർത്ഥത്തിലോ, അവർ പോകുന്നേടത്തൊക്കെ, പുരന്ദരൻ അവളെത്തന്നെ നോക്കിനില്ക്കുകയായി.

ഒടുവിൽ ഇന്ദ്രൻ ഒരു ദൂതിയെ അയച്ചു. അവൾ സുഗ്രീയായ സകലയുടെ അടുക്കൽ ചെന്നു പുഞ്ചിരിക്കൊണ്ടു പ്രശംസിച്ചു:—'ഹാ, എന്തു ചാരിത്രം! എന്തു ധൈര്യം! എന്തു കീർത്തി! എന്തു ക്ഷമ! ഇതുപോലെ അഴകുള്ള ഒരു സുമുഖി ലോകത്തിലില്ല. ദേവി, ദേവി ആരാണ്? ആരുടെ ഭാര്യയാണ്? ഗുണവതിയായ ദേവി യാതൊരാളുടെ ഭാര്യയോ, ആ ധന്യനാണ് ഭൂമിയിൽ ഭാഗ്യവാൻ!' ഇതുകേട്ടിട്ടു സകല പറഞ്ഞു:—'ഞാൻ ധാർമ്മികനും സത്യസന്ധനുമായ കൃകലൻ എന്ന വൈശ്യശ്രേഷ്ഠന്റെ പ്രിയപത്നിയാണ്. അദ്ദേഹം തീർത്ഥയാത്ര പോയിരിക്കുന്നു; പോയിട്ടു രണ്ടുപ്രാഴെയ്ക്കു മുന്നു സംവത്സരമായ്. ആ മഹാത്മാവിനോടു വേർപെട്ടകയാൽ ദുഃഖിച്ചിരിക്കയാണ് ഞാൻ. എന്റെ വൃത്താന്തമെല്ലാം ഞാൻപറഞ്ഞു. എന്നാൽ, ദേവി ആരാണ്? പറഞ്ഞാൽക്കൊള്ളാം.' സകലയുടെ ചോദ്യം കേട്ടിട്ടു ദൂതി വീണ്ടും പറഞ്ഞു:—'ദേവി, എല്ലാം ഞാൻ പറയാം. ഒരു കാര്യത്തിനായി ദേവിയുടെ അടുക്കൽ വന്നതാണ് ഞാൻ. അതു കേൾക്കുക; കേട്ടിട്ടാലോചിക്കുകയും ചെയ്യുക:

ദേവിയുടെ ഭർത്താവു ദേവിയെ നിർദ്ദയം ഉപേക്ഷിച്ചു പോയ്ക്കളഞ്ഞുവെല്ലോ; പ്രിയയെ ഹിംസിക്കുന്ന ആരായാലുമൊക്കൊള്ളാം ദേവിക്കെന്തുകാര്യം? പെൺകിടാവേ, പാതിവ്രത്യത്തിലിരിക്കുന്ന ദേവിയെ പരിത്യജിച്ച ആരായാലും ഒരു പാപിയാണു്. അയാൾ എവിടെപ്പോയി? ജീവിച്ചിരിപ്പുണ്ടോ ചത്തുവോ ആവോ? ദേവി വെറുതെ വ്യസനിയ്ക്കുന്നു! ഈ തങ്കംപോലെ വിളങ്ങുന്ന ശരീരം എന്തിനനാശിപ്പിയ്ക്കുന്നു? മഹാഭാഗെ, മനുഷ്യന്നു കുട്ടിക്കാലത്തു കളി എന്നതൊഴിച്ചു സുഖമേ ഉള്ളൂ; വാർദ്ധക്യത്തിലോ, ജരപിടിപെട്ടു ദുഃഖങ്ങളും വന്നുകൂടുന്നു. അതിനാൽ യൌവനത്തിൽ വേണം എല്ലാസുഖവുമനുഭവിക്കുക. യൌവനം നിലനിൽക്കുന്നേടത്തോളം കാലമേ യഥേഷ്ടം സുഖമനുഭവിപ്പാൻ തരമുള്ളൂ, താരുണ്യം കഴിഞ്ഞാൽ പിന്നെ ദേവി എ

Digitized By Kerala Sahitya Akademi

ണ്ടുകാട്ടം? വാർദ്ധക്യത്തിൽ കണ്ണംസാധിക്കയില്ല. വാർദ്ധക്യംവന്നാൽ തപസ്സുചെയ്യാമെന്നല്ലാതെ, സുഖോപഭോഗം കൈവരികയില്ല. വെള്ളം വാന്നതിൽപ്പിന്നെ ചിറകെട്ടുന്നതുപോലെയാവും, യൌവനം പോയാൽ ഈ ദേഹത്തിന്റെ സ്ഥിതി. ആകയാൽ, ആസക്തിയുള്ളവനോടൊന്നിച്ച മധുരകൻകൊടുക്കുക. സുലോചനേ, മതിയുടെ ഈ ശരീരം കാമൻ ദഹിപ്പിയ്ക്കുകയണല്ലോ ചെയ്യുന്നത്'.

ഉടനെ, ഒരു സുന്ദരനായ പുരുഷശ്രേഷ്ഠൻ വന്നിരിയ്ക്കുന്നു; ഈ ദേഹം സർവ്വജ്ഞനാണ്, സമ്പന്നനാണ്. മതിയുടെ പേരിൽ അത്യന്തം പ്രേമമുള്ളവനുമാണ്. സ്വയം സിദ്ധനും സിദ്ധിപ്രദനുമാകയാൽ ഈ ദേഹത്തെ വാർദ്ധക്യമോ ജരയോ ബാധിക്കുകയില്ല. താൻ അകാമനാകിലും, തന്റെ ഇച്ഛയാൽ കാമഭോതാവാണീദേഹം.'

സകല:—'ധൃതി, ജീവന്ത ബാല്യമില്ല, യൌവനമില്ല, വാർദ്ധക്യമില്ല; അവയെല്ലാം ദേഹത്തിനാണ്. ദേഹം ബാല്യത്തിൽ അറിവില്ലാത്ത ഓരൊന്നു ചെയ്യുന്നു. ആഹാരസങ്ങർഷംകൊണ്ടു് അകത്തും പുറത്തും അംഗപ്രത്യംഗങ്ങർക്കെല്ലാം തഴപ്പും കൊഴുപ്പും വരുമ്പോർം യൌവനമായി; അപ്പോർം ദേഹം അധികം അഴകുള്ളതായിത്തീരുകയും, വസ്തുഭൂഷാൻലേപതാംബൂലാദികളാലുള്ള സുഖോപഭോഗത്തെ തേടുകയും ചെയ്യുന്നു. രസം, മാംസം എന്നീ ക്രമേണ്ണം കൊണ്ടേയ്ക്കു ദേഹം വളരുന്നതും തുപവത്തായിത്തീരുന്നതും; അങ്ങിനെയുള്ള ദേഹത്തിനു് എന്നാണൊരു രസന്തരുള്ളത്? മലമൂത്രങ്ങളുടെ 'ഉറപ്പ'ും എപ്പോഴും അഴുക്കുകളെ ഒഴുക്കുന്നതുമായ ശരീരം സുന്ദരമെന്നുപറയാമോ? അതിന്റെ അവസ്ഥയൊ, നീർപ്പോളയ്ക്കൊപ്പം: അന്ത്യകാലത്തോളം ഉറപ്പിൽ നിന്നേയ്ക്കുക; പിന്നീടു നാംതോറും ഉടവായി: പല്ലുകർ കൊഴിയുന്നു; വായിൽനിന്നു വെള്ളം ചെയ്യുന്നു; കണ്ണിനു കാഴ്ചയും ചെവിയ്ക്കു കേർവിയും നശിക്കുന്നു; കൈകാലുകർ കൊണ്ടു പണിയെടുക്കുകടാ; നടക്കുകടാ; ഇങ്ങിനെ, വാർദ്ധക്യം പിടിപെടുമ്പോർം ദേഹം ക്ഷീണം കൊള്ളുന്നതായിത്തീരുന്നു. അതിനെ രസം ജംരാഗ്നിയാൽ ശോഷിപ്പിക്കപ്പെടുന്നു.

ഒരു ഗൃഹത്തിന്റെയുപോലെയാണ് ദേഹത്തിന്റെ അവസ്ഥ: തൂണും തുലാങ്കറി തറപ്പു്, കല്ല്—പലതരം മരത്തടി—മണ്ണ്—

Digitized By Kerala Sahitya Akademi

വെള്ളം എന്നിവകൊണ്ടു് അളവൊപ്പിച്ചു പണിതുടങ്ങുന്നു; ഇതു ഗൃഹത്തിന്റെ ബാല്യമത്രേ. പിന്നീടു നാലംതൊഴും മേപനാഭികം കൊണ്ടു പുഷ്ടിപ്പെടുത്തി ചായവും മറ്റുമിട്ടു ഭംഗിപിടിപ്പിച്ചാൽ കൗമാരവയസ്സായി. കുറേടിച്ചു് അഴക്കുപൂണ്ടു നിറംകെടുന്നതു് മദ്ധ്യവയസ്സു്; അന്നു ഗൃഹത്തിന്റെ ഉടമസ്ഥൻ തേപ്പുപണിയാലും മറ്റും വെട്ടിപ്പു വരുത്തിക്കൊണ്ടിരിയ്ക്കും. കാലപ്പഴക്കത്താൽ കല്ലും മരവും മറ്റും സ്ഥാനങ്ങളിൽനിന്നു തെറ്റുകയും ഇളകുകയും ചെയ്തു, തൊട്ടാൽ വീഴുമെന്നാവുക, ഉത്തരത്തിന്മേൽ നിർത്തേണ്ടിവരിക, ഇതാണു് ഗൃഹത്തിന്റെ വാർദ്ധക്യം. ആ വീഴാറായ ഗൃഹത്തെ ഉപേക്ഷിച്ചു് ഉടമസ്ഥൻ മറ്റൊരു ഗൃഹത്തിലേയ്ക്കു പോകുന്നതെപ്രകാരമോ, അപ്രകാരം ജീവനും ജീർണ്ണദേഹത്തെ ഉപേക്ഷിച്ചുപോകുന്നു. ഒരു പഴകിയഗൃഹം എപ്രകാരമോ, ഈപ്രകാരംതന്നെ വാർദ്ധക്യഗ്രസ്തമായ ശരീരവും നശിക്കുകയേ ഉള്ളു.

ദ്യുതി, ഇങ്ങിനെയുള്ള ദേഹത്തിലുണ്ടോ സൗന്ദര്യം? എന്റെ രൂപസൗന്ദര്യത്തെ ഭവതി ശ്ലാഘിക്കുന്നുണ്ടല്ലോ; എന്തുകൊണ്ടാണെനിക്കു സൗന്ദര്യം? ജീർണ്ണഗൃഹംപോലെ നശിക്കുന്ന ആ പുരുഷനെന്തുകൊണ്ടാണ് ശക്തി? ഭവതി എങ്ങുവേണ്ടി ഇവിടെ വന്നവൊ, ആരെ പ്രശംസിക്കുന്നവോ, ആ പുരുഷന്റെ ദേഹത്തിലുള്ളതിലധികം എന്തോന്നാണ് ഭവതി എന്റെ ദേഹത്തിൽ കണ്ടതു്? ഭവതിയും ആ മനുഷ്യനും എങ്ങിനെയോ, അങ്ങിനെതന്നെ ഞാനും രൂപം സ്ത്രീക്കു ഉള്ളതെന്നില്ല; ആക്കാണില്ലാത്തതു്? അരൂപനായ ആത്മാവു രൂപംപൂണ്ടതുവ്വരെ വ്യാപിച്ചിരിക്കുന്നു: ആ പരിശുദ്ധൻ ഏകനെങ്കിലും, ചരാചരങ്ങളിലെല്ലാം, ഘടങ്ങളിൽ ജലമെന്നപോലെ സ്ഥിതിചെയ്യുന്നു; ഘടനാശത്തിൽ ജലം തന്നാകുന്നതുപോലെ, തൈക്യമടയുകയും ചെയ്യുന്നു. ഈ ഒരൊറ്റ രൂപമേ പ്രപഞ്ചത്തിൽ ഞാൻ കാണുന്നുള്ളു; എന്നെ അന്വേഷിക്കേണമെന്നുണ്ടെങ്കിൽ, അസാധാരണമായ ഒരു രൂപം കാട്ടിത്തരുവാൻ, ഭവതിയെ അയച്ച ആളോടു ചെന്നു പറയുക!

വല്ല വ്യാധിയും പിടിപെടുകയും, കഫംകെട്ടി നിൽക്കുകയും ചെയ്യാൽ രക്തം ചലിച്ചു സ്വസ്ഥാനത്തിൽ നിന്നു ഭ്രംശിച്ചു ദേഹസന്ധികളിലെല്ലാം വ്യാപിച്ചു ഉള്ളിൽ മാംസമായിച്ചമയുന്നു; അതു പിന്നെ നിജരൂപം വെടിഞ്ഞു മലമാകുന്നു; അതിൽ കൃമികൾ നിറയുന്നു; ആ കൃമികൾ സർവ്വാംഗം അരിച്ചു നല്ല വലിയ വേദനയും ഭയാനകമായ ചൊറിച്ചിലും ഉണ്ടാക്കുന്നു. ആ ചൊറിച്ചിൽ നഖംകൊണ്ടു മാ

Digitized By Kerala Sahitya Akademi

ന്തിയാൽ ശമിക്കുമല്ലോ; അതുപോലെ കണ്ണ് മാത്രമാണ് സുരതം! മനുഷ്യൻ തിന്നുന്നതും കുടിക്കുന്നതും പ്രാണവായുവിനാൽ പചിപ്പിക്കപ്പെടുന്നു; അവയിലെ നിസ്സാരഭാഗം മലമായി പുറത്തു പോകുകയും, സാരാംശം രസമായി, രക്തമായി ശുക്ലമായി പരിണമിക്കയുംചെയ്യുന്നു; ആ ശുക്ലത്തെ സമാനവായു കണ്ടേയ്ക്കുന്ന നിലക്കൊള്ളുന്നതായല്ലാതെ ചലിപ്പിച്ചു കളയുന്നു.

പ്രാണികളുടെ തലയോട്ടിൽ വാൽ പുകുന്നവയായി ചെവിയിൽ വലുപ്പത്തിൽ അഞ്ചു കൃമികളുണ്ട്; കണ്ണുമൂലം, നേത്രമധ്യം, നാസികാഗ്രം ഇവയിലും കായാംപൂപോലെ കറുത്ത വാലോടുകൂടിയ ഇരുപതു കൃമികളുണ്ട്: പിംഗല ശൃംഗലി എന്നിവ കണ്ണുമൂലങ്ങളിലും, ചപലം പിപ്പലം എന്നിവ നാസികാഗ്രങ്ങളിലും, ശംഖലി ജംഗലി എന്നിവ നേത്രമധ്യത്തിലും സ്ഥിതിചെയ്യുന്നു. അതേമട്ടിൽ കടുകോളം പോന്ന നൂറായിരം കൃമികൾ ചെന്നികളിലും വർത്തിക്കുന്നു. ഇവയൊക്കെ വികാരമുണ്ടായാൽ കപാലരോഗങ്ങളെ ഉണ്ടാക്കും. തലമണിയുടെ വലുപ്പത്തിലും നിറത്തിലുമുള്ളതാണ്, മുഖത്തു രണ്ടു രോമത്തോടുകൂടിയ പ്രാജാപത്യം എന്ന മഹാകൃമി; അതിനു നാശംവന്നാൽ പ്രാണി നശിച്ചുപോകും. ആ പുത്തോല്പാടേകമായ കൃമി സ്വസ്ഥാനത്തിരിക്കയാണെങ്കിൽ, അതിന്റെ വായിലത്തേ ശുക്ലം പതിക്കുക; ആ ശുക്ലം കുടിച്ചു മരിച്ചിട്ട് അതു അണ്ണാക്കിൽ കുത്തി ഇളകിക്കൊണ്ടിരിക്കും. അതിന്റെ ഇളക്കത്താൽ ഇഡ, പിംഗല, സുഷുമ്ന എന്നീ നാഡികളും ഇളകും.

അപ്പോൾ, എല്ലാ പ്രാണികൾക്കും കാമച്ചൊറിച്ചിൽ ഉണ്ടാകും; പുരുഷന്റെ ലിംഗവും സ്ത്രീയുടെ യോനിയും ചൊട്ടകയുംചെയ്യും. അപ്പോൾ ആ സ്ത്രീപുരുഷന്മാർ പ്രേമത്തോടെ തങ്ങളിൽ ചേർന്നു, അംഗംകൊണ്ടു അംഗത്തെ ചൊറികുന്നു. ഇതത്രേ മൈഥുനമെന്നത്! ഇതുകൊണ്ടുള്ള സ്വസ്ഥത ക്ഷണനേരത്തേയ്ക്കു മാത്രമാണ്. വീണ്ടും മൻമട്ടിൽ ചൊറിതുടങ്ങും. ഗൃത്സമതി, ഇതത്രേ പരമ്പരകണ്ടുവരുന്ന സമ്പ്രദായം. ഭവതി സ്വസ്ഥാനത്തേയ്ക്കു തിരിച്ചുകൊൾക. ഇതിൽ അസാധാരണതയൊന്നുമില്ല; ഉണ്ടെങ്കിൽ, ഞാൻ തീർച്ചയായും ഭവതി പറഞ്ഞതിൻവണ്ണം ചെയ്യാം!'

സ്ത്രീപുരുഷമഹാപുരോണം, ഉമിയമ്മ, പിളർത്തിപ്പുകരണം, മേരയിക്ക്‌നാസേയുടെ, സുകലാചരിതം, സുകലകൂട്ടുതീസരമാനം അമ്പത്തിമൂന്നാമധ്യായം.

(൦)

Digitized By Kerala Sahitya Akademi

അനുവൃത്തിനാലാമദ്ധ്യായം

വിഷ്ണു:—സുകല ഈ വിധം പറകയാൽ ദുഃഖിതി തീരിയേ പോന്നു, അവളുടെ സത്യധർമ്മാനുഷ്ഠിതമായ ഭാഷിതങ്ങളെല്ലാം സുരേശ്വരനെ ചുറ്റുകത്തിൽ അറിയിച്ചു. സുകലയുടെ ക്രൂരഭർത്തൃത്വമയം മനസ്സിലാക്കുവാനും അറിവും ആലോചിച്ചിട്ട വിണ്ണവർ രാജാവിനെ വിസ്മയപ്പെട്ടുപോയി. ലോകത്തിൽ ഒരു സ്ത്രീയും ഇങ്ങിനെ പറയുകയില്ല. ഇവർക്കു യോഗം സിദ്ധിച്ചിരിയ്ക്കുന്നു; ജ്ഞാനജലത്താൽ കഴുകപ്പെട്ടതാണു് ഇവളുടെ വായ്. ഇവർ പതിവ്രതയുംതന്നെ,സംശയമില്ല. ത്രൈലോക്യംമുഴുവനും മരിപ്പാൻ പോന്നവളാണ് ഈ മഹാഭാഗ്യവതി!' എന്നിങ്ങിനെ ചിന്തിച്ചു പുരന്ദരൻ കന്ദർപ്പനോടു കഥിച്ചു:—'ആ കുകലപതിയെ കാണ്മാൻ നാമിരുവരുംകൂടി പോവുക.' ബലമേർപ്പെട്ടതായ കന്ദർപ്പൻ ദേവേന്ദ്രനോടുപറഞ്ഞു:—'ദേവേശ, ഇവിടന്ന് ആ പതിവ്രതയുടെ അടുക്കലേയ്ക്ക് എഴുന്നള്ളികൊള്ളുക. അവളുടെ അറിവും വീര്യവും ധൈര്യവും ബലവും സത്യവും പാതിവ്രത്യവും ഞാൻ ചെന്നു നശിപ്പിച്ചുകൊള്ളാം; ഇതെന്റെ സാരം.'

ഇന്ദ്രൻ:— 'എടോ, എടോ, ദൂത, അധികപ്രസംഗമാണ് നീ പറഞ്ഞതു്. ചാരിത്രത്തിലും ധർമ്മത്തിലും സുസ്ഥിരയായ സുകലയെ ജയിപ്പാൻ നീ ആളല്ല; നിന്നെറ മിടുക്ക് അവിടെ നടക്കില്ല!'

അലമ്പൻ ചൊടിച്ചുകൊണ്ടരിശാടി:—'ഋഷിമാരുടേയും ദേവകളുടേയും ക്രൂരബലംകെടുത്തുന്ന എനിയ്ക്ക് ഇവളുടെബലം എത്രയുണ്ടാവാം? തിരുമേനി കണ്ടുകൊള്ളുക: ആ പെണ്ണിനെ ഞാൻ കെടുത്തേയ്ക്കാം—എന്റെ തേജസ്സുകൊണ്ട് അവളെ ഞാൻ, അങ്ങയെ മുമ്പിൽ കണ്ടാൽ പാഞ്ഞുവരുമാറാക്കിത്തീർത്തേയ്ക്കാം. അങ്ങേക്കെഴുന്നള്ളികതന്നെ. തീച്ചയായും കാര്യംസാധിയ്ക്കും. മൂന്നുലോകത്തേയും മൂടിക്കുന്നതായ എന്റെ തേജസ്സിനെ ചെറുക്കുന്നതെന്തിന്?

ഇന്ദ്രൻ:—'കാമ, ധർമ്മവും വീര്യവും ചാരിത്രവും സദാചാരവും ധരിയ്ക്കുമുള്ള ഈ സുകൃതിനി നിനക്കു കീഴടങ്ങില്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട, നിന്റെ തേജസ്സും കരുത്തും ചുണയും കാണാമല്ലോ.'

Digitized By Kerala Sahitya Akademi

ഇങ്ങിനെ പറഞ്ഞു ദേവേന്ദ്രൻ ആ വില്ലാളിയോടും രതിയോടും ദ്യുതിയോടും കൂടി സുകലയുടെ അടുക്കൽ ചെന്നെത്തി. അപ്പോഴും ആ വൈശ്യപതി, സഹ്യാദ്രിയിൽ ഒരു വിജനസ്ഥലത്തു തപോവിനെത്തന്നെ നിശ്ചലമായി ധ്യാനിച്ചുംകൊണ്ടു തനിയേ ഇരിക്കയായിരുന്നു. അത്യത്ഭുതമായ സൌന്ദര്യവും അസാധാരണമായ തേജസ്സും അറ്റുപോകാതെ മായ മോഹവിലാസവും പൂണ്ട ഒരു മഹാപുരുഷൻ മന്മഥനെ കണ്ടിട്ടു മുൻവശത്തു സലീലമായി മാറിനിന്നതു് അവൾ കണ്ടു. എന്നാൽ ആ സൌന്ദര്യവും തേജസ്സും ആ സാധ്വിയെ വശപ്പെടുത്തിയില്ല. ഒരു താമരയിലയിൽ വീണജലബിന്ദു അതിൽനിന്നുരുണ്ടു പോകുന്നതുപോലെ, ആ വൽപതിവ്രതയുടെ മനസ്സു ക്ഷണത്തിൽ വിട്ടുമാറി. അവൾ ഇങ്ങിനെ ശങ്കിച്ചു:— 'ഇയാളായിരിക്കുമോ മന്മഥൻ ദ്യുതിയെ അന്വേഷിച്ചുവരുന്നതു്? അവൾ ഉദ്ദേശിച്ചതു ഇയാളെത്തന്നെയായിരിക്കാം: ഇയാൾ, തന്റെ രൂപവും വിലാസവുമൊക്കെ എന്റെ അടുക്കൽ പ്രദർശിപ്പിക്കുന്നുണ്ടല്ലോ! തപോവനത്തോപോയ തരംനോക്കി, തന്റെ ഉന്മാദഗന്ധകരംകൊണ്ടു് എന്റെ ദേഹം ബന്ധിക്കുകയാണെങ്കിൽ, ഒരു സതിയുടെ മനോബലത്താൽ മർദ്ദിക്കപ്പെട്ട മനോൻ എങ്ങിനെ ജീവിക്കും? സുബോധത്തോടേ എന്നെ കീഴടക്കി ജീവിച്ചാൽത്തന്നെ എന്തുകണ്ടു ജീവിക്കും? എന്റെ ശാപശക്തിയാൽ കാമൻ പെട്ടെന്നു നിശ്ശേഷിച്ചുപോകും. സ്വർഗ്ഗത്തിനെ സഹായിപ്പാൻ ഒരുങ്ങിയതിനാൽ കാമന്റെ ഗ്രാമത്തിലെ പ്രജകളെക്കൂടി നശിക്കാറായി! ഇവൻ ഇയ്യാളെ എന്റെ കാന്തനോടൊപ്പം അതു കാന്തിമാനാക്കിത്തീർത്തിരിക്കുന്നു; സ്തുതിവചനങ്ങളാൽ മനംകളിയ്ക്കുന്നതും തുടങ്ങിക്കൊണ്ടു്, എന്നെ അനുഭവിപ്പാൻ കൊതിക്കുന്നു പുരുഷൻ ഇയ്യാളോടു സംസാരിക്കുന്നുമുണ്ടു്.'

ഇപ്രകാരം ചിന്തിച്ചു, സത്യപാശത്താൽ ബദ്ധമാനസയായ ആ മഹാസതി, തന്റെ കാന്തനെത്തന്നെ സാനുരാഗം ധ്യാനിച്ചുകൊണ്ടു ഗുഹാന്തർഭാഗത്തിലേയ്ക്കു ഗമിച്ചു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, വൈശ്യിഷ്ഠസംവാദം, സുകലാചരിതം ഇന്ദ്രകന്ദർപ്പസമീപം അമ്പത്തിനാലാമധ്യായം.

—— (o)——

Digitized By Kerala Sahitya Akademi

അൻപത്തഞ്ചാമദ്ധ്യായം

വിഷ്ണു:— സകലയുടെ അന്തർഗതം അറിഞ്ഞ സുരേശ്വരൻ മുമ്പിൽ നിൽക്കുന്ന കാമനോട് പറഞ്ഞു:—'മന്മഥ, സകലയെ ജയിപ്പാൻ സാധിക്കയില്ല. ഇവൾ സത്യമാകുന്ന ചട്ടയിട്ടു, ധർമ്മമാകുന്ന വില്ലും മനസ്സുറപ്പാകുന്ന മഹാബാണവും കൈക്കൊണ്ടു, ബലർപ്പിതനായ കാമവീരനപ്പോലെ വിജിഗീഷുവായി പോർ ചെയ്തതാൻ നിൽക്കുകയാണ്. നിന്റെ പ്രയത്നം വേണമെങ്കിൽ പ്രയോഗിച്ചുനോക്കിക്കൊൾക; എന്നാൽ, സകലയെ ജയിക്കാൻ ദേവകൾക്കും ശേഷിയില്ല. ഇയ്യിടെ മുമ്പുതന്നെ കണ്ടതിയിട്ടുള്ളതാണ്.

നീ പണ്ടു ശിവനോട് കലഹിക്കുകയാൽ തന്തിരുവടി നിന്നെ ചുട്ടെരിച്ചുകളഞ്ഞു—ആ വേണ്ടാതെഴിവിന്റെ ഫലമായിട്ടു നീ വെണ്ണീറായിപ്പോയി. ഇയ്യിടെയും അന്നത്തേപ്പണിപോലെതന്നെ ആപത്കരമായിത്തീർന്നേയ്ക്കും. എന്നോടുള്ളതിനി ഇവ സാധുവിയെ കോപിപ്പിക്കുന്നതായാൽ നിനക്കു തീർച്ചയായും ഉഷ്ക്കിത്തിനേരിടും. കഥയില്ലാത്തവരേ മഹത്തുക്കളോട് പിണങ്ങുകയുള്ളൂ! ശാപായുധമായ ഇവർക്കു തപോമാഹാത്മ്യത്തിയാൽ നാം മുമ്പുപേക്ഷം അവസ്ഥാനമില്ലാത്ത ദുഃഖം അനുഭവിക്കേണ്ടിവരും, അതിനാൽ,നാം ഇയസാധുവിയെവിട്ടു മടങ്ങിപ്പോവുക. പണ്ടു തെപതിവ്രതയെ സംഗചതിനാൽ എനിക്ക് അസഹനീയമായ ഒരിതം സംഭവിച്ചു. ആ കഥ നിനക്കറിയാമല്ലോ: അന്നു ഗൌതമന്റെ ശാപത്താൽ എന്റെദേഹത്തിലെങ്ങും ലിംഗങ്ങളുണ്ടായി. നീയോ, അന്ന് എന്നെവെടിഞ്ഞുപോകയാണ് ചെയ്തതു്!

എതിരില്ലാത്ത കന്നാണ് പതിവ്രതമാരുടെ തേജസ്സു്; അതു താങ്ങാൻ ബ്രഹ്മസൃഷ്ടന്മാർപോലും ശക്തരല്ല. പണ്ടു്, കണ്ണുപോയിരുന്ന ഭർത്താവിനെ തൃപ്തിപ്പെടുത്തിയ ആ സാധ്വി, മാണ്ഡവ്യനാൽ ശപിക്കപ്പെട്ട ഭർത്താവിന്റെ മരണം പറഞ്ഞുമെന്നു കണ്ടിട്ടു സൂര്യോദയം നിരോധിച്ചുകളഞ്ഞു! അത്രിയുടെ പതിയായ പരമപതിവ്രത മുമ്മൂർത്തികളെ തന്റെ പുത്രരാക്കിയതും നീ കേട്ടിട്ടില്ലയോ? ക്ഷമാസേനന്റെ പുത്രിയും സത്യവാന്റെ പതിയുമായ സാവിത്രി കാലന്റെ പാശത്തിൽ നിന്നപോലും കണവനെ വീണ്ടെടുത്തുവല്ലോ; ഇയ പ്രഭാവമുള്ളതാണ് പാതിവ്രത്യം! തിജ്വാല കൈക്കൊണ്ടു പിടിക്കയും;

Digitized By Kerala Sahitya Akademi

കഴുത്തിൽ വലിയ കല്ല കെട്ടിഞ്ഞാത്തി കടൽ നീന്തുകയുമായ ഒരു സ തിയുടെ വ്രതമിളക്കുക എന്നതു്!!'

പല നീതിവാക്യവും കാമന്റെ അറിവിനായി പുരുഹൂതൻ ഉപന്യസിച്ചു. അതിന മകരധ്വജന്റെ മറുപടി ഇതായിരുന്നു:— 'അങ്ങ് ആജ്ഞാപിച്ചതിനാലാണല്ലൊ ഞാൻ പോന്നതു്; ഇപ്പോഴം, ധൈര്യവും സൌഹാർദ്ദവും പൌരുഷവും വിട്ട്, ഉപംക്കത്തില്ലാത്തവ നെപ്പോലെ പേടിച്ചുരുണ്ട സംസാരിക്കുന്നതെന്താണ്? വെറുതേ തിരി ച്ചുപോകുന്നതായാൽ, എനിക്ക ലോകത്തിലുള്ള കീർത്തി നശിച്ചുപോ കും: ഇവളോട തോറ്റ എന്നെ, മേനികാട്ടിയവൻ മാനംകെട്ടപോന്ന എന്ന സകലരും പഴിച്ചുതുടങ്ങും; മുമ്പുഞാൻ ജയിച്ചിട്ടുള്ള ദേവാസു രന്മാരും തപസ്വികളും, കേമനായ കാമനെ ഒരു പെണ്ണ തോല്പിച്ചു വിട്ട, എന്ന പരിഹസിച്ചുകളയും. അതിനാൽ മഹേന്ദ്ര, മാനധന നായ ഞാൻ ഇവിടത്തേക്കൊന്നിച്ചു പെന്ന്, ഇവളുടെ കലവും ധൈ ര്യവും തേജസ്സും കെട്ടടുങ്ങുകതന്നെ ചെയ്യും. ഇവിടന്നെന്തിന പേടിക്ക ന്നു? ഈവദ്ധം ഉന്മർകോനെ ഉത്സാഹപ്പെടുത്തി, പൂവില്ലും അമ്പും കൈക്കൊണ്ട കന്ദർപ്പൻ മുമ്പിൽ നിൽക്കുന്ന സഖിയായ ക്രൂഡയോടാ ജ്ഞാപിച്ചു:—'നീ മായ പൂണ്ട്, ചാരിത്രധർമ്മശാലിനിയും ഗുണജ്ഞ യുമായ സുകലയുടെ അടുക്കൽ ചെന്ന്, എനിയ്ക്ക വേണ്ടുന്ന കത്താര യൊക്കെ ചെയ്യണം; പിന്നെ സമീപസ്ഥിതയായ പ്രീതിയെവിളിച്ചു:— 'നി സുകലയെ സൌഹൃദംകൊണ്ട കീഴടക്കി എന്റെ വശ്യിച്ചുകായ്യം നിറവേറുക. ആ സുലോചന സുരേചരനെ കണ്ണാൽ അനുരക്ത യായിത്തീരണം; അതിന തക്കവണ്ണം നല്ല നല്ല വാക്കുകൾപറഞ്ഞു അവളെ പാട്ടിലാക്കുക.

'സ്നേഹിത, സ്നേഹിത, ഭവാൻ വേഗത്തിൽ ചെന്ന പുഷ്പ ഫലസമൃദ്ധവും ഭൃംഗകോകിലനിനാദിതവുമായ ഒരു നന്ദനോപമവ നം മായകൊണ്ട നിർമ്മിക്കുക.' എന്നിങ്ങിനെ വസന്തൻ മാധ്യശാലി യായ മകരന്ദവീരൻ എന്നിവരേയും വിളിച്ചു, തന്റെ ആജ്ഞാകരന്മാ രായ മാത്രാശികളോടുകൂടി നിയോഗിച്ചയച്ചിട്ട, കാമദേവൻ ദേവേ ന്ദ്രനൊന്നിച്ചു, ആ പരമപതിവ്രതയെ മോഹിപ്പിപ്പാൻ നടകൊണ്ടു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, വേനയജ്ഞസംഭവം, സുകലാചരിതം, മന്ഥരസമുദ്ദേശം അഞ്ചദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

അൻപത്തഞ്ചാമദ്ധ്യായം

വിഷ്ണു:—സകലയുടെ ചരിത്രം കേട്ടുകഴിഞ്ഞതിനു പുഷ്പദന്തനാകട്ടെ പുരന്ദരനും പുറപ്പെട്ട സമയത്തു സത്യം ധർമ്മത്തോടു പറഞ്ഞു:—'മഹാപ്രാജ്ഞനായ ധർമ്മമേ, മന്മഥന്റെ പുറപ്പാടു നോക്കൂ: അങ്ങയുടേയും, എന്റേയും, മഹാത്മാവായ പുണ്യശ്ലോകന്റേയും സുഖവാസസ്ഥലമാണല്ലോ, സത്യവും ബ്രഹ്മജ്ഞാനവും നല്ല രാജാവും; ആ ശ്രേഷ്ഠഗൃഹത്തെ കണ്ടുപിടിച്ചു മുടിയ്ക്കുന്ന ഈ അറിഞ്ഞിട്ടായ കാമൻ നമ്മുടെ ശത്രുവാകുന്നു. അപരിച്ഛിന്നമായ ബ്രഹ്മജ്ഞാനം പതിവ്രതയായ ദയയും സത്യവാനായ ധർമ്മനന്ദനന്റെ എന്റെ ഭവനം. ഞാൻ എവിടെ രമിക്കുന്നുവോ, അവിടെത്തന്നെയാണു ഭവാനും ചേർപ്പു്. പുണ്യവും അവിടെവന്നു ശ്രദ്ധയെന്നിച്ചു കളിയാടുന്നു. ക്ഷമ,ശാന്തി, സന്തോഷം, മൈത്രി, ദയ, സൌഹൃദം, പ്രജ്ഞ, ആലോചന, ശൌചം, ആസ്തേയം, അഹിംസ, തിതിക്ഷ, ബുദ്ധി എന്നിവരും എന്റെ ഗൃഹത്തിൽ വന്നു നിവസിക്കുന്നു; ഇവരൊക്കെ എന്റെ ബന്ധുക്കളാണല്ലോ. മോക്ഷമാർഗ്ഗം കാട്ടിക്കൊടുക്കുന്ന ജ്ഞാനവും ഔദാര്യവുമുള്ള ഗുരു, അച്യുതനമ്മമാർ, ലക്ഷ്മീസഹിതനായ വിഷ്ണു, അഗ്ന്യാദിദേവകൾ എന്നിവരും എന്റെ ഗൃഹത്തെ ധന്യമാക്കുന്നു.

മഹാഭാഗ, ആ സജ്ജനങ്ങളാകുന്ന ഗൃഹങ്ങളിലൊക്കെ ഞാൻ ക്രോധം കടുംബത്തോടും കൂടെത്തന്നായ മോഹത്തോടുകൂടി വസിക്കുകയും സൌഖ്യമായി സഞ്ചരിക്കുകയും ചെയ്യുന്നു. എനിക്കു ഭ്രമമായിട്ടാണു നിർമ്മിക്കപ്പെട്ട സങ്കേതങ്ങളാകുന്നു. ആ സജ്ജനങ്ങൾ. ത്രിലോകേശനും ത്രിശൂലപാണിയും വൃഷഭവാഹനനും പാവതീവല്ലഭനുമായ ശിവൻ എന്റെ കള ഗൃഹമാണു്; ഞാൻ ആ ശങ്കരഗൃഹത്തിൽ വസിക്കെ, ഈ മന്മഥൻ അതിനെ കെടുതിവരുത്തി. പണ്ടു്, ഉത്തമതപം ചെയ്യുന്ന മഹാത്മാവായ വിശ്വാമിത്രനു് ഇവൻ മേനകയെ മുൻനിറുത്തി തകരാറു പിണച്ചു; ഗൌതമന്റെ ഭാര്യയായ അഹല്യ എന്ന സൽപതിവ്രതയെ ഈ ഉഷ്ടൻ സത്യത്തിൽ നിന്നു തെറ്റിച്ചു. ഇങ്ങിനെ സത്യധർമ്മജ്ഞരായ പല മഹർഷിമാരേയും സതിമാരേയും ഈ കാമാഗ്നി സസ്പ്രമാരാക്കി മറിപ്പിച്ചിരിക്കുന്നു. ഒരിക്കലും ഉറച്ചുനിൽക്കാൻ സത്യശീലികളിൽ

Digitized By Kerala Sahitya Akademi

കൃത്തമായ ഇയ പാപി മറ്റുവിടയോയാലും എന്നെത്തന്നെ ചൊടിച്ചു നോക്കിക്കൊണ്ടിരിയ്ക്കും; എന്നെ കണ്ടെത്തിയാൽ വില്ലുമമ്പുമായി വന്ന് എന്റെ ഗൃഹത്തെ അഗ്നിയുല്യക്കളുടെ അമ്പുകൊണ്ടു കരിയാക്കുകയും ചെയ്യും.

പാപികളിൽ കൂടിലതും പാഷണ്ഡതമനാണ് ഇവന്റെ കാര്യം ലോകത്തിലുള്ളവർ; പടത്തലവൻ അസത്യത്തെന്നെ. അക്രമത്തോടൊപ്പം വന്നുകേറി ഇവൻ എന്റെ ഭവനത്തെ ഒന്നായടക്കിക്കൊണ്ടു മർദ്ദിച്ചു വീഴ്ത്തുന്നു. ഇങ്ങിനെ എന്നെ ദ്വേഷിക്കയാണ്, മഹാബലനായ മനോജന്റെ പതിവ്. ഇവന്റെ ചേർക്കൊണ്ടതാണെന്നു ഞാൻ വെറുതെ മിണ്ടിപ്പോകുന്നു. ഇപ്പോൾ ഒരു പുതിയ ഗൃഹത്തിലെത്തെ ഞാൻ വസിക്കുന്നുള്ളൂ: കുബേരവൈശ്രവണന്റെ പ്രിയതമയായ സുകല എന്ന സുമംഗലയാണ് എന്റെ ആ ദയനീയഭവനം. ആതിഥ്യം കൊള്ളിവെപ്പുകൻ, ഇതാ, കാമനോട്ടക്കുഴി കുത്തുന്നു സഹസ്രാക്ഷൻ വന്നെത്തിയിരിക്കുന്നു! കാമൻ നിമിത്തം പണ്ടു പറഞ്ഞിയ മഹേന്ദ്രൻ കൊക്കുന്നില്ല: അഹല്യയെ സംഗിച്ചതിനാൽ ഇയ്യാരംകെ പുരുഷത്വം ഇടിഞ്ഞു—എന്നെ പീഡിപ്പിച്ചതിനാൽ പൌരുഷം മുടിഞ്ഞുപോയി. അന്നു കാമന്റെ ദോഷത്താൽ കെട്ട് ഇയ്യാരം കനത്ത ദുഃഖത്തോടേ കടുത്തശാപം അന്നേവിച്ചു. ഇപ്പോൾ ആ സഹസ്രാക്ഷൻ കാമസഹിതനായി, കുകലപത്നിയെ—സുധർമ്മിഷ്ഠയായ സുകലയെ—കൈക്കലാക്കാൻ ഒരുമ്പെട്ടിരിക്കയാണ്! ധർമ്മരാജ, അവനും ഇന്ദ്രനെ വശപ്പെടുത്തിയ വിധം മനോജൻ പ്രയത്നിക്കണം. ബുദ്ധിമാന്മാരിൽ മുമ്പനാണല്ലോ അങ്ങുണ്ട്.'

ധർമ്മം: 'കാമനെ തേജോനാശമോ, മരണം തന്നെയോ ഞാൻ വരുത്താം. അതിനുപായം ഞാൻ കണ്ടിട്ടുണ്ട്: ഇപ്പോൾ പ്രജ്ഞ ഒരു അപ്സരസ്ത്രീയുടെ രൂപം പൂണ്ടു ചെന്ന ഭംഗിയിൽ ശബ്ദിച്ചു അത്മാവിന്റെ വാഴ്വിനെ സൂചിപ്പിക്കട്ടെ; സുനിമിത്തത്താൽ ഭർതൃപ്രത്യാഗമനം വിശ്വസിച്ചു സന്തോഷിച്ച് അവരം സ്ഥിരചിത്തയെത്തിനിന്നുകൊള്ളും.'

ധർമ്മപുത്രിതയായ പ്രജ്ഞ സുകലയുടെ ഗൃഹത്തിൽച്ചെന്ന മംഗളങ്ങളും പുറപ്പെടുവിച്ചു. ഉടനേ അവരം പ്രജ്ഞയെ ധൂപഗന്ധാദികൾകൊണ്ടു സൽക്കാരം പൂജിച്ചിട്ട്, ഒരു ജ്യോത്സ്യ ബ്രാഹ്മണനോട്, 'എന്റെ തോഴി എപ്പോൾവരും' എന്നുചോദിച്ചു.

Digitized By Kerala Sahitya Akademi

ബ്രാഹ്മണൻ:—'ഭദ്രേ, അമ്മാവിന്റെ ആഗമനമാണ് ഇതു സൂചിപ്പിക്കുന്നതു്; ഏഴുനാൾക്കകം തീച്ചയായും വരുന്നുണ്ടും.'

ഈ സുമംഗളവചനം കേട്ടിട്ടു, ധർമ്മജ്ഞനും ഗുണവാനുമായ ബ്രാഹ്മണൻ തിരിച്ചെത്തിയതായിത്തന്നെ കരുതി സുകല അത്യന്തം സന്തോഷിച്ചു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃനിന്ദാപ്രകരണം, ദേവയജ്ഞസംവാദം, സുകലാചരിതം, സത്യധർമ്മനിരൂപണം എന്നിവയടങ്ങിയ നാലാമധ്യായം.

—(൦)—

അഞ്ചാമധ്യായം

വിഷ്ണു:—ക്രീഡ ഈ സതിയുടെ വടിവു പൂണ്ട സുകലയുടെ സമീപത്തിൽ ചെന്നെത്തി; മുൻപിൽ വന്നുനിന്ന ആ രൂപവതിയെ പതിവ്രതയായ വൈശ്യപത്നി അമ്മയോടെന്നപോലെ നല്ലവാക്കുകൾ പറഞ്ഞു പചരിച്ചു. വിശ്വമോഹിനിയായ ക്രീഡയോ, മായയാൽ വന്നുവന്നതു് ഒരു ബ്രാഹ്മണസ്ത്രീയാണെന്നു തോന്നിച്ചുകൊണ്ടു്, സുകലയോടു പുഞ്ചിരിതൂകിപ്പറഞ്ഞു:—'എന്റെ ഭർത്താവു സാധുവായ എന്നെ ഉപേക്ഷിച്ചുപോയ്ക്കളഞ്ഞു; കുലധനം, ഗുണജ്ഞത്വം, ധീരത്വം, പണ്ഡിതത്വം, മഹാത്മഭാവത്വം, പുണ്യശ്ലോകത്വമാണല്ലോ!'

ക്രീഡ പറഞ്ഞതു കേട്ടിട്ടു് അവൾ നല്ലവളാണെന്നു തോന്നുകയാൽ സുകല അവളോടു ചോദിച്ചു:—'ഭവതിയുടെ ഭർത്താവു സത്തായും പതിവ്രതയുമായ ഭവതിയെ ത്യജിച്ചുപോയ്ക്കളഞ്ഞതെന്തുകൊണ്ടാണ്? എല്ലാം പറകതന്നേ: ഗുഹ്യമായതെങ്കിലും ഭവതിയെ ഞാൻ ഒരു സഖിയായിട്ടാണ് കരുതുന്നതു്.'

ക്രീഡ:—'കേൾക്കൂ; പരമാർത്ഥമെല്ലാം പറയാം: ഞാൻ എപ്പോഴും ഭർത്താവിന്റെ പാദം നോക്കുന്നവളായിരുന്നു. അദ്ദേഹത്തിനു വേണ്ടതൊക്കെ ഞാൻ തിരിച്ചുപിടിക്കും: തേവാരത്തിനു സകലവും മനസ്സിരുത്തി തയ്യാറാക്കും. ഗുണനിധിയായ അദ്ദേഹം യജ്ഞത്തിൽ ചെന്നിരുന്നാൽ, ഞാൻ അവിടെ എത്തി നല്ലവാക്കുകൾ പറഞ്ഞു സേവിപ്പിക്കും. എന്നിട്ടും, നിരാശ്രയയായ എന്നെ

Digitized By Kerala Sahitya Akademi

ഒഴിഞ്ഞു പോവുകയാണ് ഭേദം ചെയ്യുന്നത്. ഇത്, എന്റെ കർമ്മഫലമെന്നേ പറയേണ്ടൂ! തോഴി, പ്രാണധാരണത്തിന്ന് ഞാനാളല്ല: കർക്കശമായാൽത്തന്നെയും സ്ത്രീകൾ ഭർത്താവിനോട് ക്ഷമാതെ എങ്ങിനെ ജീവിക്കും? സ്ത്രീകൾക്ക് അഴകും രസയോഗ്യവും ശൃംഗാരവും സുഖവും സമ്പത്തും ഭർത്താവിനെക്കൊണ്ടാണെന്നല്ലേ ശാസ്ത്രവാക്യം?'

ക്രീഡ പറഞ്ഞതൊക്കെ പരമാർത്ഥം തന്നെ എന്ന സകല വിശ്വസിച്ചു. അതിനാൽ ആ മഹാഭാഗയായ മനസ്വിനി തന്റെ ചരിത്രമെല്ലാം—ഭർത്താവു പുണ്യത്തിന്നായി തീർത്ഥയാത്രപോയതുംമറ്റും—ചുരുക്കത്തിൽ അവളെ ധരിപ്പിച്ചു. തന്റെ സുഖദുഃഖങ്ങൾ പറഞ്ഞു വിശ്വസിച്ച ആ പതിവ്രതയെ ക്രീഡ സാന്ത്വനങ്ങൾ കൊണ്ടു സമാശ്വസിപ്പിച്ചുപോന്നു.

രണ്ടിവസം ക്രീഡ സകലയോട് പറഞ്ഞു:—'തോഴി, നോക്കൂ, ദിവ്യവൃക്ഷാലംകൃതമായ ഒരുദ്യാനം; അവിടെ, പുഷ്പിതങ്ങളായ പലതരം വള്ളിപ്പടർപ്പുകളാൽ ചുറ്റപ്പെട്ട ഒരു പാവനാന്തരമായ പുണ്യതീർത്ഥമുണ്ട്. സുഭഗേ, നമുക്കും പുണ്യത്തിനായി അങ്ങോട്ടുപോകാം.' ഇതുകേട്ടിട്ട സകല ആ മായാമയിയോടുകൂടി നന്ദനസദൃശമായ ആ ദിവ്യവനത്തിൽച്ചെന്നുചേർന്നു. അവിടെ മന്ദാരം മുതലായ ശ്രേഷ്ഠവൃക്ഷങ്ങൾ ചുറ്റുന്നിൽക്കുന്നു; എല്ലാ ഋതുക്കളിലേയും പുഷ്പഫലങ്ങൾ. പരിമളം പരത്തുന്നു; കുയിലുകൾ പാട്ടുപാടുന്നു; മറ്റുപക്ഷികളുടേയും കളകൂജിതം നീളെ മുഴങ്ങുന്നു; വണ്ടുകൾ മധുരമാംവണ്ണം മൂളുന്നു. ഇങ്ങിനെ എല്ലാം തികഞ്ഞു സുഖകരമായി ശോഭിയ്ക്കുന്ന ആവനത്തിൽ ക്രീഡയോടൊപ്പം പ്രവേശിച്ച സകല അവിടെയുള്ള അനേകം രമണീയപദാർത്ഥങ്ങൾ നോക്കിക്കാണുകയായി; അത് ഒരു മായയാണെന്ന് കരുതുകയുണ്ടായില്ല. എന്നാൽ, സകലയെ മയക്കുന്നതിന്നായി, വസന്തം വസന്തലക്ഷ്മിയോടൊന്നിച്ചു അവിടെ മുറിനടന്നിരുന്നു.

ഉടനെ ഉന്മാദകോൻ ശൃംഗാരംതികഞ്ഞ ഒരു മഹാസന്ന്യാസിയുടെ വേഷത്തിൽ, രതിസമന്വിതനായ കന്ദർപ്പനോടുകൂടി അവിടെ വന്നെത്തി, കാമദേവനോടുപറഞ്ഞു:—'ഇതാ, ക്രീഡുമായ പ്രയോഗിച്ച സകലയെ നിന്റെയടുക്കൽ കൊണ്ടുവന്നിരിക്കുന്നു. ക്രീഡയുടെ മുൻവശത്തുനിൽക്കുന്ന ഇവളെ അമ്പയയ്ക്കുക. നിനക്കു പൌരുഷമുണ്ടെങ്കിൽ ഇപ്പോഴും കാണിക്കുക!'

Digitized By Kerala Sahitya Akademi

കാമൻ:—'സഹസ്രാക്ഷ, ചതുരവിലാസങ്ങളോടുകൂടി ഇവിടത്തെ രൂപം അവളെ കാണിക്കുക; അതോടുകൂടി, ഞാൻ അമ്പുബാണവും എയ്യാം.'

ഇന്ദ്രൻ:—'എടാ വിഡ്ഢി, ലോകത്തെ വഞ്ചിച്ചു നിന്റെ പൌരുഷം എവിടെ? എന്നെ അവലംബിച്ചു പൊരുതാനാണോ ഭാവം?'

കാമൻ:—'എന്റെ ശരീരം തിന്തുലായുധൻതിരുവടി പണ്ടേ ഛേദിച്ചിരിക്കുന്നു; എനിക്കു ദേഹമില്ല. ഒരു സ്ത്രീയെ എയ്യേണമെന്നു വരുമ്പോൾ, പുരുഷന്റെ ശരീരത്തിൽപ്പറ്റിനിന്നു സ്വരൂപം കാണിക്കുകയാണ് എന്റെ പതിവ്; പുരുഷനെ ഞാൻ എയ്യുന്നതോ, സ്ത്രീദേഹത്തിൽ പറ്റിനിന്നാണ്. മുമ്പ് ഒരു പെണ്ണിനെക്കണ്ട പുരുഷൻ അവളുടെ രൂപംതന്നെ വീണ്ടും വീണ്ടും സ്മരിച്ചുകൊണ്ടിരിക്കയാണെങ്കിൽ, ഞാൻ ആ കാണപ്പെട്ടോ രൂപത്തെ അവലംബിച്ചുനിന്ന് അവനെ ഭ്രാന്തുപിടിപ്പിയ്ക്കും; ഇപ്രകാരംതന്നെ പെണ്ണിനേയും ഭ്രാന്തുപിടിപ്പിക്കും. സ്മരണതാമരയ്ക്കു, എനിക്ക് സ്മരൻ എന്നപേർ ഉണ്ടായത്. രൂപഹീനനായഎനിക്ക് ഒരു രൂപത്തെ അന്വേഷിച്ചുവേണം, സപ്തതേജസ്സുകൊണ്ടു പ്രഹരിപ്പാൻ. (ഞാൻ സ്ത്രീയെ അന്വേഷിച്ചു പുരുഷനേയും, പുരുഷനെ അന്വേഷിച്ചു സ്ത്രീയേയും മയക്കുകയാണു പതിവ്) അതിനാൽ, ഇന്ദ്ര, അങ്ങയുടെ രൂപം അന്വേഷിച്ചു ഞാൻ ഇവളെ പാട്ടിലാക്കാം.'

ഇങ്ങിനെ ദേവേന്ദ്രനോടു പറഞ്ഞിട്ട്, ആ മഹാത്മാവിന്റെ രൂപം അവലംബിച്ചു, വസന്തസുഖനായ കുസുമായുധൻ പുണ്യസമാധിയായ കുലമാതൃകയെ എയ്യുവാൻ ബാണം തൊടുക്കാനെടുത്ത്, അവളുടെ കണ്ണാകുന്ന ലാക്കിലേക്കു നോക്കി നിൽക്കുകയായി.

സ്ത്രീപുത്തമഹാപുരാണം, ഇരിയണ്ടൻ പിള്ളനീലകണ്ഠരുടെ, മോഹവിഷ്ണുസംഭവം, സുകലാചരിതം, ക്രീഡാസുകയാസന്ധ്യം അന്വേഷണമെന്നിവയിൽ.

———(o)———

Digitized By Kerala Sahitya Akademi

അൻപത്തെട്ടാമദ്ധ്യായം

വിഷ്ണു:—ക്രീഡയുടെ പ്രേരണയാൽ വസന്തമഹോത്സവം വൈശ്യപതി അതിമനോഹരമായ വസന്തത്തെല്ലാം കണ്ടിട്ട് സഖിയോട് ചോദിച്ചു:—'തോഴി, എവിടേയുള്ളതും നിറഞ്ഞു, മന്മഥന്റെ ഉദ്യാനംപോലെ മനോഭിരാമമായിരിക്കുന്നതീ ദിവ്യകാനനം ആരുടെയാണ്?'

ക്രീഡ:—'മന്മഥന്റെ അല്ലെന്നായാണ്, വസന്തനിർമ്മിതമായ ഈ ദിവ്യോദ്യാനം. പുഷ്പങ്ങളും കാമഫലങ്ങളും ഇതിങ്കൽ സമൃദ്ധമായിട്ടുള്ള ഇതു മറ്റാരുടെ വേതി നോക്കിക്കണ്ടാലും.'

ഉടനെത്തന്നെ കാമദേവന്റെ മനോഹരങ്ങളിട്ടസകലയും ദേഹം തകിടംമറിച്ചുപോയി. അവിടെ കാറ്റ് അതിസുഗന്ധത്തോടേ വീശിയിരുന്നു; പവനൻ കൊണ്ടുവരുന്ന ആ പരിമളം അവർ ഘ്രാണിക്കയുണ്ടായില്ല—അത്ര കളിയായിരുന്നിട്ടുകൂടിയും ഘ്രാണിക്കുന്നതു നാശകരമായിത്തീരുന്നതുകയാൽ ആ സുമുഖി കുസുമസൗരഭം തൊടുക്കാണ്ടതേ ഇല്ല. ഫലങ്ങളുടെ രസവും ആസ്വദിച്ചില്ല. അതിനാൽ, മനോഹരന്റെ സഖിയായ മകരന്ദൻ താണിറ്റു വീണതായി, മൂർഖവയസ്സെന്നപോലെ പഴങ്ങളിൽനിന്നും പൂങ്കുലകളിൽ നിന്നും നിലത്തു വീണ് ഈച്ചകളാൽ തിന്നപ്പെട്ടുകയായി. ഈച്ചകളും തിന്നുകൊണ്ടുള്ള പ്രവർത്തിക്കുന്ന അവരുടെ ആ വനത്തിലുള്ള പക്ഷികളും പലതരം ശബ്ദത്തിൽ, 'ഇവൻ ഇതാ, സുകലയോടുതോറും നീചമാർഗ്ഗമണഞ്ഞു' എന്നിങ്ങിനെ പരിഹസിപ്പാൻ തുടങ്ങി.

കാമഭാര്യയായ രതി പ്രീതിയെന്നിച്ചു സകലയോട് ചെന്നു പുഞ്ചിരിക്കൊണ്ടുപറഞ്ഞു:—'ഭദ്രേ, വേതിക്കു സമീപത്തു പ്രീതിയോടും ഈ രതിയോടും ക്രീഡിച്ചു രമിച്ചുകൊള്ളുക'. ആ രണ്ടു സ്ത്രീകളോടുമായി സകല പറഞ്ഞു;—'എന്റെ രതി മഹാശയനായ എന്റെ മനോഹരൻ കൊണ്ടുപോയിരിക്കുന്നു! അദ്ദേഹം എവിടെയോ, അവിടെ മാത്രമേ എനിക്കു രതിയും പ്രീതിയും കാമവുമുള്ളൂ. ഈ ദേഹം നിരർത്ഥമാകുന്നു.' ഇതുകേട്ടിട്ടു രതിയും പ്രീതിയും ലജ്ജിച്ചു തലതാഴ്ത്തിക്കൊണ്ടു, കണ്ടതനായ കാമദേവന്റെ അടുക്കലേയ്ക്കുതന്നെ മടങ്ങി; ഇന്ദ്രനെ ഞെരുടിയിട്ടു കണ്ണിനെ ലക്ഷ്യമാക്കി, വില്ലുവലിക്കുന്ന ആ മഹാ

Digitized By Kerala Sahitya Akademi

വീരനോട് അവൾ അഭിപ്രായപ്പെട്ടു:—'മഹാപ്രാജ്ഞ, ഇവരെ ജയിക്കാവുന്നവളല്ല. അവന്റെ ചെയ്തതെറ്റ് ഒഴിഞ്ഞുകൊള്ളുക. പതിയെമാത്രം കാമിക്കുന്ന ഒരു വലിയ നിഷ്പാപിനിയാണിവൾ.'

കാമൻ:—'ദേവി, അവൾ മഹാത്മാവായ മഹേന്ദ്രന്റെ ആകൃതി ഒന്നു കണ്ടുവെങ്കിൽ, ഞാൻ തീർച്ചയായും എഴുകുളയും.'

പിന്നീടു പുരന്ദരൻ, ദിവ്യമായ വസ്ത്രമാല്യങ്ങളണിഞ്ഞു ദിവ്യഗന്ധം പൂശി മികച്ച വേഷപ്പകിട്ടു കൂട്ടി, സപരിഗ്രഹസമേതനായി സമീപനായി; അതിയൊന്നിച്ചു സുഖാനുഭൂതിയായ സുകലയുടെ അടുക്കൽച്ചെന്നു പറഞ്ഞു:—'സുമുഖി, ഭർത്തിയുടെ അടുക്കലേയ്ക്കു ഞാൻ പ്രീതിയെ ദൂതിയായി അയച്ചിരുന്നു; എന്തേ അവളിതുവരാഞ്ഞതു? ഇപ്പോൾ സ്വയം വന്നെത്തിയ എന്നോടു ചോൻകൊണ്ടാലും!'

സുകല:—'ശ്രീമൻ, ഭർത്താവിന്റെ പുത്രന്മാരും മഹാത്മന്മാരുമായ അറുപതുകാർ ഏകാകിനിയായ എന്നെ സർവ്വദാ കാത്തുപോരുന്നുണ്ടു; എനിക്കു മറ്റൊരുത്തരേയും പേടിയില്ല. ഏറെപ്പറയുന്നില്ല. കണ്ണിന്റെ ചലനമുള്ളേടത്തോളം കാലം, ഞാൻ ഭർത്തൃഹിതത്തിന്റെ പരിചാരികയാണു്! ഭവാനെന്നാണമില്ലയോ എന്നോടിതു പറവാൻ? മരണത്തിൽക്കുറഞ്ഞു പേടിയില്ലാത്ത ഭവാൻ ആരാണു?'

ഇന്ദ്രൻ:—'നിറയുന്നതെല്ലാം വേഗം കാട്ടിൽവച്ചു നിൽക്കുന്നതു്; ക്രൂരന്മാരായ ഭർത്തൃപുത്രന്മാരെയും മറന്നു ഞാൻ കാണുന്നില്ല.'

സുകല:—'ഇളക്കമില്ലാത്ത സകല യമങ്ങളേയും കൂടിയ മഹാനായ എന്റെ ഭർത്താവു സഗൃഹത്തെ അപവർഗ്ഗത്തിൻകീഴിലാക്കി ധൃതിമതിഗതിയായാനാ പ്രകൃതികളോടു കൂടിയ സത്യത്തേയും ശമമോടുകൂടിയ ധർമ്മത്തേയും എന്റെ രക്ഷയ്ക്കായി നിർത്തിയിട്ടുണ്ടു. ദമമടികളോടു കൂടിയ ആ ധർമ്മം എന്നെ സദാ കാത്തുപോരുന്നു. നോക്കു: ശാന്തിക്ഷമാനുചിതമായ സത്യം ഇതാ, എന്റെ മുമ്പിൽ നിൽക്കുന്നു. ഈ പൃഥുയശസ്സായ സത്യമെന്ന മഹാബലൻ എന്നെ ഒരിക്കലും വിട്ടുപോകയില്ല. ഇപ്രകാരം ദൃഢബന്ധനങ്ങൾകൊണ്ടു എന്നെ ബന്ധിച്ചിട്ടുണ്ടു് അദ്ദേഹം ധർമ്മത്തിനുവേണ്ടി പോയിരിക്കുന്നതു്. കാവൽ നിൽക്കപ്പെട്ട സത്യധർമ്മാദികളുള്ളിടം മേലുദ്യോഗികളോടുകൂടിയെന്നെ പുഴുന്നോക്കി

Digitized By Kerala Sahitya Akademi

കൊണ്ടു നിൽക്കെ, ചോൻ ബലാൽക്കാരേണ എന്നെ കാംക്ഷിക്കുന്നതെന്തുകൊണ്ട്? ഭയം ലേശമെന്യേ ധൃതിയുമായി പുണ്ഡരീകനിരിക്കുന്ന ചോൻ ആരാണ്? സത്യധർമ്മജ്ഞാനാദികളുടെ, ഉത്തമവിഗ്രഹം കണക്കേറിയ ഗുണക്കുരായ പുരുഷന്മാർ; അവർ എന്നെ എല്ലായ്പോഴും കാത്തുരക്ഷിക്കുന്നു. ഇപ്രകാരം രക്ഷിതയും മേൽ മാനിതയുമാണ് ഞാൻ. എന്നെ കയ്യേൽക്കുന്നതിനു സാക്ഷാൽ ശചീകാന്തനുപോലും ശക്തനാകയില്ല. മഹാവീര്യനായ മന്മഥൻതന്നെ വന്നാലും, സത്യജ്ഞാനാനുകൂലിതയായ എന്നെ അയാളുടെ ബാണങ്ങളെ പാഴായിപ്പോകുകയുള്ളൂ. ഋഷിമാരികളായ മഹാബലർ അങ്ങനെ ധരിച്ചുകളഞ്ഞു; ഉറപ്പുള്ളതുതന്നെ. എന്റെ മുമ്പിൽനിന്നു കേൾക്കേണ്ട. അതുകൊണ്ടു പറഞ്ഞിട്ടു നിൽക്കുകയാണെങ്കിൽ ചോൻ ഭസ്മമായിപ്പോകും. ഭർത്തൃവിയുക്തയായ എന്നെ ചോൻ നോക്കുകയാണെങ്കിൽ അഗ്നി മരത്തെ എന്നപോലെ, ഞാൻ അങ്ങനെ ചുട്ടെരിക്കും; സംശയമില്ല.'

ഇതു കേട്ടിട്ടു മഹേന്ദ്രൻ മന്മഥനെ ശോകിച്ചുപറഞ്ഞു:—'നോക്കു, ഇവളുടെ പുരുഷാഭിമാനം! നീ ഉശിരുണ്ടെങ്കിൽ പൊരുതുകിൽ' രാജേന്ദ്രൻ, ഇന്ദ്രാദികളെല്ലാം, വന്നിച്ച ശാപം പേടിയുമെന്ന ഭയത്താൽ, വന്ന പാടേ മടങ്ങി അവരവരുടെ പാർപ്പിടങ്ങളിലേയ്ക്കു പോകയാണുണ്ടായതു്. അതിനു ശേഷം, പുണ്യവതിയും പതിവ്രതയുമായ സുകല ഭർത്തൃവിനെത്തന്നെ ധ്യാനിച്ചുകൊണ്ടു, സർവ്വതീർത്ഥമയവും സർവ്വയജ്ഞമയവുമായതുമായ പുണ്യാശ്രമത്തിലേയ്ക്കു പോന്നു.

ശ്രീപരമേശ്വരപുരുഷം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രഭാവം, വേദവിഷ്ണുസംവാദം, സുകലാചരിതം, ഇന്ദ്രകോപോപശമം എന്നീ അന്തർഭാഗങ്ങളോടുകൂടിയതു.

——(o)——

അമ്പത്തൊമ്പതാമദ്ധ്യായം

വിഷ്ണു:—കുകലൻ സാഷ്ടാംഗനമസ്കാരം ചെയ്തു തീർത്ഥങ്ങളെല്ലാമാടി പരമാനന്ദത്തോടെ സപ്തർഷിമണ്ഡലത്തിലേക്കു തിരിച്ചു. ഇതാകുന്നു അയാളുടെ ആത്മഗതം:—'എന്റെ ജന്മം സഫലമായി:തീർച്ചയായും, എന്റെ പിതൃക്കൾക്കെല്ലാം സദ്ഗതികിട്ടിയിരിക്കും!' അപ്പോൾ

Digitized By Kerala Sahitya Akademi

ഏതോ ഒരു ദിവ്യനായ മഹാത്മാവു് അയാളുടെ പിതാമഹനെ ബന്ധിച്ചു് അയാളുടെ മുമ്പിൽ കൊണ്ടുവന്നു പറഞ്ഞു:—'നിനക്കു മികച്ച പുണ്യമൊന്നുമില്ല. തീർത്ഥയാത്രയ്ക്കായി ശ്രമം ചെയ്യുക വെറുതേ!' ഇതുകേട്ടു ദുഃഖപീഡിതനായിട്ടു കുബേരൻ ചോദിച്ചു:—'ഇപ്രകാരം പറയുന്ന ഭവാൻ ആരാണു്? എന്റെ പിതാമഹനെ ബന്ധിച്ചതെന്തിനു്? എന്തുകൊണ്ടാണു്? എനിക്കു തീർത്ഥയാത്രാഫലം ഇല്ലാത്തതെന്തുകൊണ്ടാണു്, അറിയുമെങ്കിൽ, സ്പഷ്ടമായി പറയുക.'

ധർമ്മം:—വിനിതയും വിമലയും സാധ്വിയുമായ ഭാര്യയെ ഉപേക്ഷിച്ചുപോകുന്നവന്നു് ഏതു മഹാപുണ്യവും വെറുതെയാകയേയുള്ളു. യജ്ഞങ്ങളിലും സത്രങ്ങളിലും പാത്രവൃത്തങ്ങളിലും പുണ്യങ്ങളിലും ആസക്തയായി ഇവ ചരിച്ചുകൊണ്ടിരുന്ന ഭാര്യയെ തൃജിച്ചു ഏവൻ ധർമ്മംചെയ്യാനായി പോകുന്നുവോ; അവന്റെ ധർമ്മമൊക്കെ തീർച്ചയായും വൃഥാതന്നെ.

സർവധർമ്മാചാരങ്ങളിലും സന്തീർത്ഥത്തിലും തുല്യയായി സർവജ്ഞയായിരിക്കുന്ന സൽഭാര്യ അല്ലയോ; അവളുടെ ഹൃദയത്തിൽ, ഭാര്യാസേവിയായ ദേവകർമ്മം പിതൃസന്നിധി ചെയ്യുന്നു; പിന്നെയും അവിടെ വസിച്ചു് അവന്നു യജ്ഞപ്രശംസകളുണ്ടു; ഗംഗാദിനദികളും സമുദ്രങ്ങളുമാകുന്ന നാനാപുണ്യതീർത്ഥങ്ങളും കുന്നാഴിയാതെ അവിടെ കുടികൊള്ളുന്നു. സൽഭാര്യ ഗാർഹസ്ഥ്യത്തെ ശോഭനമാക്കുക മാത്രമല്ല ഗാർഹസ്ഥ്യത്തെ ആശ്രയിച്ചുള്ള സർവജന്തുക്കളും ജീവിക്കുന്നതു്. ശ്രുതിയൊപ്പം ശ്രേഷ്ഠമായി മറ്റൊരാശ്രമമില്ല. മന്ത്രവും അഗ്നിഹോത്രവും വേദവും ദാനാചാരാദി സനാതനധർമ്മങ്ങളുമൊക്കെ ഗൃഹാശ്രമത്തിലേ നടക്കുകയുള്ളു. ഭാര്യയില്ലാത്തവന്റെ വേദനം വനംപോലെയിരിക്കും, യജ്ഞം, ദാനം, മഹാവ്രതം മുതലായ നാനാപുണ്യധർമ്മങ്ങളിലൊന്നും ഭാര്യാരഹിതന്നു സാധിക്കയില്ല. കേവലം ഗൃഹസ്ഥന്നു ധർമ്മം സാധിപ്പാൻ ഭാര്യയെപ്പോലെ ഒരു തീർത്ഥം സ്വീകരിക്കേണ്ടതായിട്ടില്ല. സർവധർമ്മസാധനമായ ഭാര്യ ഏവർക്കുമേയുള്ളു; നാട്ടിലായാലും കാട്ടിലായാലും, അവിടമാണു് പുരുഷന്നു ഗൃഹം. ഭാര്യയെപ്പോലെ ഒരു തീർത്ഥമില്ല; ഭാര്യയെപ്പോലെ ഒരു സുഖമില്ല; മേൽഗതിക്കും നന്മയ്ക്കും ഭാര്യയേപ്പോലെ ഒരു പുണ്യമില്ല! ധർമ്മപത്നിയും സത്യയുമായ ഭാര്യയെ വിട്ടുപോകുന്ന നരാധമൻ ആരോ; ആ ഗൃഹസ്ഥധർമ്മത്യാഗിക്കു് ഏവർക്കുമെ

Digitized By Kerala Sahitya Akademi

ണ് ധർമ്മഫലം? അവളോടുക്രൂരതെയാണല്ലോ, നീ തീർത്ഥത്തിൽ ശ്രാദ്ധമാനാദികം ചെയ്യുന്നു'; ആ ദോഷത്താലത്രേ, നിന്റെ പൂർവ്വപിതാമഹന്മാർ വേണ്ടിക്കപ്പെട്ടതു്. അവളോടുക്രൂരതെ പിണ്ഡംവെച്ച നീ തെ ചോരനായിപ്പോയി; ആ കൊതിയോടേ മുച്ചിച്ചതിനാൽ അവതും ചോരന്മാരായിത്തീർന്നു തെ സൽപുത്രർ മാംസ കൊണ്ടുകൊടുത്ത പിണ്ഡംവെച്ചു ശ്രദ്ധയോടേ ശ്രാദ്ധം നൽകുന്നതായാലോ, പിതൃക്കൾക്ക പീയൂഷപാനത്താലെന്നപോലെ സംതൃപ്തി വരും. മാംസത്തേ ഗൃഹസ്ഥധർമ്മത്തിനെന്നല്ലാം സ്വാമിനി; മൂഢ, അവളോടുക്രൂരതെ നീ വൃഥാവിൽ കള്ളത്തൊഴിൽ ചെയ്തുകളഞ്ഞതു; ആ കൈക്കൊണ്ട് ഈ പിതൃക്കളും കള്ളന്മാരായിപ്പോയി മാംസ സ്വന്തം കൈകൊണ്ടു പാകംചെയ്യുന്ന അമൃതുപോലുള്ള അന്നം വേണം പിതൃക്കൾക്ക കൊടുപ്പാൻ; അതുകൊണ്ടെ അവർക്കും സംതൃപ്തിയും സന്തോഷവും വരികയുള്ളൂ.'

അതിനാൽ മാംസത്തോടുക്രൂരതെ പുരുഷനു യമ്മസിദ്ധിയില്ല. മാംസത്തോടുക്രൂരതെ ചെയ്യുന്ന ധർമ്മം നിഷ്ഫലമായിപ്പോകയേ ഉള്ളൂ.

ശ്രീപരമേശ്വരാനുഗ്രഹം, ഇഷ്ടസിദ്ധി, പിതൃതൃപ്തികരണം, മോക്ഷപ്രാപ്തിസംഭവം, സുകൃതചരിതം, ധർമ്മകഥാസമാഗമം ഇവയെന്തൊന്നുമെന്നുമുള്ളതു.

— (0)—

അഷ്ടാദശമദ്ധ്യായം

കുകുരൻ:—'ധർമ്മരാജ, എങ്ങിനെയായാൽ എനിയ്ക്കു സിദ്ധിയും പിതൃക്കൾക്ക മുക്തിയും വരും എന്നുകൂടി വിവരിച്ചു പറഞ്ഞുതരുമാറാകണം!'

ധർമ്മം:—'ശ്രീമൻ, സഹധർമ്മത്തിലേയ്ക്കു പോവുക. ഭാര്യയോടു പിരികയാൽ സകല സുഖഭിതയായിത്തീർന്നിരിയ്ക്കുന്നു; ആ ധർമ്മചാരിണിയായ സഭാര്യയെ തൃപ്തിപ്പെടുത്തുക, ഗൃഹത്തിൽ വെച്ചു് അവളുടെ കൈകൊണ്ടു ശ്രാദ്ധം കഴിക്ക. പുണ്യതീർത്ഥങ്ങളെ സ്മരിച്ചു ദേവപൂജയും ചെയ്യ. എന്നാൽ ഭാര്യതീർത്ഥയാത്ര സഫലമാകും. ധർമ്മംനോക്കായി, ഭാര്യയെ വിട്ട ഗൃഹസ്ഥധർമ്മം നടത്തിപ്പിച്ചു', ഏകാകിയായി കാട്ടിൽ നടന്നാൽ ഒരു ഫലവും കിട്ടില്ല; നേരെമറിച്ചു', അവന്റെ അന്നം ദേവകൾ ഭുജിക്കാതാവും,

Digitized By Kerala Sahitya Akademi

ഗൃഹണിയില്ലാത്ത ഗൃഹത്തിൽ യജ്ഞങ്ങളും നിറവേറുന്നതല്ല. ഏകാകിയായ ഗൃഹസ്ഥൻ ധർമ്മാർത്ഥങ്ങളും നേടാൻ തുടങ്ങുവില്ല.'

ഇപ്രകാരം പറഞ്ഞു ധർമ്മരാജൻ വന്നവഴിയേ തിരിച്ചുപോയി. ധർമ്മാത്മാവായ കൃകലനാകട്ടേ, സാർത്ഥവാഹകന്മാരിൽ ഒരുത്തനിലെങ്കിലുമെത്തിച്ചേരുന്നതിനായി ആ പതിവ്രതയെ കണ്ടു് അത്യന്തം സന്തോഷിച്ചു. ധർമ്മകുശലനായ തൻ്റെ ഭർത്താവിൻ്റെ ആഗമനം കണ്ടിട്ടു് അവൾ മറ്റേ കർമ്മം അവസാനിപ്പിച്ചു. അവളെ ആ ധാർമ്മികൻ ധർമ്മത്തിൻ്റെ ഉദ്ദേശ്യം അറിയിച്ചു; അതുകേട്ടിട്ടു് ആ മഹാഭാഗ്യവതി യമ്മവചനത്തെ കൊണ്ടാടുകയും, അതുപോലെ ചെയ്യാമെന്നു് അനുവദിയ്ക്കുകയും ചെയ്തു.

പിന്നീടു കൃകലൻ ഗൃഹത്തിൽവെച്ചു് അവളോടു കൂടി പുണ്യതരമായ ശ്രാദ്ധവും ദേവപൂജയും സത്രുക്കൾ കഴിച്ചു. ഉടനേ, പിതൃക്കളും ദേവഗന്ധർവന്മാരും മുനികളും വിമാനങ്ങളിലൂടെ വന്നു് ആ മഹാത്മാക്കളായ ദമ്പതിമാരെ സ്തുതിച്ചു ഞാനും ബ്രഹ്മാവും ദേവിയോടുകൂടിയ മഹേശ്വരനും, ദേവകളെല്ലാവരും, സകലയുടെ സത്യത്താൽ സന്തുഷ്ടരായിട്ടു്, ആ മഹാത്മാക്കളോടിങ്ങനെ പ്രത്യേകം വരം ചോദിച്ചു കൊടുവാൻ പറഞ്ഞു

കൃകലൻ:—'ദേവശ്രേഷ്ഠന്മാരേ, ഏതു പുണ്യത്താലും തപസ്സുകൊണ്ടാണു്, എനിയ്ക്കും ഭാര്യയ്ക്കും വരം തരാനായി നിങ്ങൾ എഴുന്നള്ളിവന്നതു്?

ഇന്ദ്രൻ:—ഈ സുമംഗലയായ സകല കർമ്മവതിയായ പതിവ്രതയാണു്; ഇവളുടെ സത്യത്താൽ സന്തോഷിച്ചിട്ടായതു ഞങ്ങൾ വരം നൽകാൻ തുടങ്ങുന്നതു്.'

വൃത്താന്തമൊക്കെ ഇന്ദ്രൻ പുരുക്കത്തിൽ പറഞ്ഞു; അവളുടെ ചാരിത്രപ്രഭാവം കേട്ടിട്ടു തൻ്റെ മനം കുളിർത്തു. ആ ധർമ്മികൻ ഹർഷം നിറഞ്ഞ കണ്ണോടേ അവളോടുമിങ്ങനെ ദേവകളുടെയെല്ലാം പ്രഭുവുമുദ്ഘനമസ്കാരം ചെയ്തു. 'സനാതനരായ മുമ്മൂർത്തികളും മറ്റുള്ളവരും മഹർഷിമാരും എൻ്റെ പേരിൽ ഭക്തിപൂജ്യമാകട്ടെ; നിങ്ങളുടെ പ്രസാദത്താൽ ഏതുജന്മത്തിലും എനിക്കു് ഇപ്രകാരം ദേവഭക്തിയും സത്യധർമ്മങ്ങളിൽ സക്തിയും ഉണ്ടാകട്ടെ! ദേവന്മാരേ, മഹൈശ്വര്യസ്കരായ ദേവന്മാരുടെ തിരുവുള്ളം ഇതിലുണ്ടെങ്കിൽ, ഭർത്താവിനുസമ

Digitized By Kerala Sahitya Akademi

നിത്യനായ എനിക്ക് കേവലം വിഷ്ണുലോകം പ്രാപിപ്പാനും ഇവരെ കണ്ടേ!'

ദേവന്മാർ:—'മഹാഭാഗ, എല്ലാം സാധിക്കും! ഭവാന്റെ ഭാര്യയായ ഇവ പേർപുകഴ്ന്ന സകല സതീ പുണ്യവതിയാണ്.'

ഭൂമിപാല, ഇങ്ങിനെ പറഞ്ഞു ദേവകൾ അവരുടെ മേൽ പുഷ്പവർഷം ചെയ്തു; ഗീതസാരജ്ഞരായ ഗന്ധർവന്മാർ ലളിത മധുരമായ മംഗളഗാനം പാടി; അപ്സരസ്ത്രീകൾ നൃത്തം വെച്ചു. ദേവഗന്ധർവന്മാർ വരം നൽകി, പതിവ്രതയെ സ്തുതിച്ചുംകൊണ്ട് അവരവരുടെ സ്ഥാനങ്ങളിലേയ്ക്കു തിരികെപോകുകയും ചെയ്തു.

ഭാഗ്യാതീർത്ഥം ഭവാനു പറഞ്ഞുതന്നു; ഇനി എന്താണ് പോറഞ്ഞുതരേണ്ടത്? രാജാവേ, ഈ പുണ്യചരിതം ശ്രവിച്ചാൽ സർവപാപങ്ങളും വിട്ടൊഴിയും. സകലാചരിതം ശ്രദ്ധയോടേ ശ്രവിയ്ക്കുന്ന സ്ത്രീകൾക്കെട്ടേ, സൗഭാഗ്യവും സത്യവും സന്താന സമൃദ്ധിയും സമ്പത്തും ഭർത്തൃസുഖവും ഉണ്ടായിരിക്കും. എന്നല്ല, ഓരോ ഏഴുജന്മത്തിലും പതിവ്രതയുമായിരിയ്ക്കും; ബ്രാഹ്മണൻ വേദജ്ഞനും, ക്ഷത്രിയൻ വിജയിയും വൈശ്യൻ ധനവാനുമാകും; ശൂദ്രൻ ധർമ്മജ്ഞനും സർവ്വജ്ഞനും സുഖിതനും സന്താനശാലിയും ധനധാന്യങ്ങൾ നിറഞ്ഞവനുമായിച്ചമയും.

ശ്രീപുരുഷോത്തമാവതാരം, ഭൃഗുശാപം, പിതൃതീർത്ഥപ്രകരണം, വേദവിഷ്ണുസംവാദം, സുകലാചരിതശ്രവണഫലം എന്നിവ അവതാരമധ്യത്തിൽ.

(0)

അവതാരം ഒന്നാം അദ്ധ്യായം

വേന്നൻ:—'സർവതീർത്ഥങ്ങളിലും വെച്ചു ശ്രേഷ്ഠമായ ഭാഗ്യതീർത്ഥം അങ്ങിരിച്ചെയ്തുവല്ലോ; ഇനി, പുത്രന്മാക്ക് ഉൽഗതി വരുത്തുന്ന പിതൃതീർത്ഥം അരുളിച്ചെയ്യുവാൻ!'

വിഷ്ണു:—'മഹാപുണ്യമായ കുരുക്ഷേത്രത്തിൽ കുണ്ഡലൻ എന്ന മഹാബ്രാഹ്മണന്നു സുകർമ്മാവ് എന്നൊരു പുത്രനുണ്ടായിരുന്നു. മഹാപ്രാജ്ഞനും ശാസ്ത്രകോവിദനുമായ സുകർമ്മാവിന്റെ അച്ഛൻ

Digitized By Kerala Sahitya Akademi

നമ്മമാർ വാർദ്ധക്യം വളർന്ന ജരാപീഡിതരായിത്തീർന്ന. ആ യ മ്മജ്ഞരിരുപേരെയും സുകമ്മാവ് ഉറ കേതിയോടെ രാപുക ൽ ഗ്രഷ്ക്കാന്തിപൂണ്ട ശുശ്രൂഷിച്ചു പോന്ന അച്ഛനമ്മമാക്ക് താ ൻതന്നെ ഭോഷ തലോടിക്കൊട്ടക്കും; കാൽ കഴുകിക്കും; കളിപ്പി ക്കും, ഊൺകഴിപ്പിക്കും; ഇങ്ങിനെ കേതിയാൽ എപ്പോഴും അ വരിൽത്തന്നെ മനസ്സു വെച്ചുകൊണ്ട് ഉപചരിച്ചുപോന്ന. സ ത്യവാചാരപരനും സത്യവാനും ദാന്തനും ജ്യേഷ്ഠോപചരണരായ സുകമ്മാവ് അച്ഛന്റെ അടുക്കൽ നിന്നതന്നെയാണ് വേണ്ട ളും അനേകം ശാസ്ത്രങ്ങളും പഠിച്ചുള്ളത്.

ഇപ്രകാരം, അക്കാലത്തു തന്നെ കശ്യപഗോത്രത്തിൽ പിപ്പ ലൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്ന. അദ്ദേഹം ആത്മാവിനെ ജയിച്ചു നിർമ്മത്സരനായി കാമക്രോധങ്ങളെ വിട്ട മേൽമണ്ണുകളോടും ശുചി തപത്തോടും കൂടി തപസ്സുചെയ്തു പോന്ന. ദശാബ്ദത്തിലാണ് ജ്ഞാനവും ശാന്തിയും തേടുന്ന ആ ബുദ്ധിമാനായ മഹാമനസ്കൻ ത പസ്സുചെയ്തിരുന്നതു്. അദ്ദേഹത്തിന്റെ തപഃപ്രഭാവത്തിൽ ആ വന ത്തിലെ ജന്തുക്കൾ അന്യോന്യ വൈരം വിട്ട്, ഒരേവയറിൽ നിന്നു പിറന്നവരെപ്പോലെയായി! ആ തപസ്സു കണ്ടിട്ട് ഋഷിമാർ, 'ഇ മുനിയെപ്പോലെ ആരും തപസ്സു ചെയ്തുകയുണ്ടായിട്ടില്ല.' എന്നിങ്ങി നെ വിസ്മയപ്പെട്ടുപോയി. ഇന്ദ്രാദിദേവകരംക്കും 'അയ്യോ, ഇദ്ദേഹ ത്തിന്റെ തീവ്ര തപസ്സും മനോ ഇന്ദ്രിയസംയമവും!' എന്ന് അത്യാ ശ്ചര്യം തോന്നി.

ആ ദ്വിജശ്രേഷ്ഠൻ വിഷയവും കാമക്രോധാദിവികാരങ്ങളും ഉദ്വേഗവും വിട്ടു, കാറും വെയ്ലും തണുപ്പും സഹിച്ചുകൊണ്ട്, ഒരു പർവ്വതമെന്നപോലെ സ്ഥിതിചെയ്തു. ഒന്നിനേയും ശബ്ദംകേൾക്കാ ത്തവിധത്തിൽ, അദ്ദേഹത്തിന്റെ ഹൃദയം മനോതീതമായ വസ്തു വിൽത്തന്നെ ഉറച്ചു നിന്ന. ബ്രഹ്മധ്യാനത്താൽ മുഖപദ്മം ആന ന്ദഭേദിതമായി. അതിശ്രദ്ധാലുവും അനസൂയനുമായ ആ ധർമ്മി ഷ്ഠൻ തപസ്സിനാൽ ദേഹം മെലിഞ്ഞു, ഒരു മരമോ കുറ്റി യോ കല്ലോ എന്നപോലെ തീരെ നിശ്ചേഷ്ടനായി നിശ്ചലനാ യി കാണപ്പെട്ടു. ഇങ്ങിനെ ഓരായിരം സംവത്സരം കഴിഞ്ഞു. എ ണ്ണമില്ലാത്ത ഏറുമ്പുകൾ അദ്ദേഹത്തിന്റെമേൽ മണ്ണു കൊണ്ടുപോലെ കൂട്ടിക്കൊണ്ടിരുന്നു. ആ പുറ്റിനുള്ളിലായി അനക്കമില്ലാത്ത അദ്ദേ ഹത്തിന്റെ ഇരിപ്പു്. ഉഗ്രതപസ്സായ ആ പിപ്പലബ്രാഹ്മണ

Digitized By Kerala Sahitya Akademi

നെ വിഷമേറിയ കൃഷ്ണസർപ്പങ്ങൾ നാലുപാടും ചുറ്റുകയും, കടിയ്ക്കുകയും ചെയ്തു; എന്നാൽ വിഷം അദ്ദേഹത്തിന്റെ അവയവങ്ങളിലണഞ്ഞു തപക്കിനെ പിളർക്കുകയുണ്ടായില്ല. അദ്ദേഹത്തിന്റെ തേജസ്സിനാൽ സർപ്പങ്ങൾ ശാന്തരായിപ്പോയി! ആ തേജസ്വിയുടെ ദേഹത്തിൽ നിന്ന്, അഗ്നിയിങ്കൽ നിന്നെന്നപോലെ പലതരം ജ്വാലകൾ വെവ്വേറെ പുറപ്പെട്ടുകൊണ്ടിരുന്നു. മൺപുറ്റിലിരിയ്ക്കുന്ന പിപ്പലപ്രജാപതിയുടെ തേജസ്സു, കാറ്റിന്നുള്ളിൽ കടന്ന കൃതിയവന്റേതു പോലെ ശോഭിച്ചു.

രാജാവേ, ഇങ്ങിനെ മൂവായിരം കൊല്ലം ചെന്നപ്പോൾ, ദേവകൾ അദ്ദേഹത്തിന്റെ ശരീരത്തിൽ പുഷ്പവർഷം ചെയ്തു. 'മഹാഭാഗ, അവിടുന്നു സപ്തകർമ്മത്താൽ ബ്രഹ്മജ്ഞനും ധർമ്മജ്ഞനും സർവ്വജ്ഞാനമയനുമായിരിക്കുന്നു; സംശയമില്ല. എന്തൊക്കെ വേണമോ, അതൊക്കെ അങ്ങയ്ക്കു കൈവരാതിരിക്കില്ല. സർവകാമസിദ്ധിയും അവനവൻതന്നെ സംഭവിച്ചുകൊള്ളും!'

ഇതുകേട്ടിട്ടു, ഏറ്റവും മനം കളിഞ്ഞ പിപ്പലൻ ദേവന്മാരെയെല്ലാം വണങ്ങി പറഞ്ഞു:—'ദേവന്മാരേ, ഈ ലോകമെല്ലാം എനിയ്ക്കു വശപ്പെട്ടതായി വരുമാറു നിങ്ങൾ പ്രസാദിച്ചാലും. ഞാൻ ഒരു വിദ്യാധരനായി ഭവിക്കട്ടെ!' ഇതുമുച്ചരിച്ചു വിമാനമേറിയ ആ ബുദ്ധിമാനായ പിപ്പലശ്രേഷ്ഠനോടു്, 'അങ്ങിനെതന്നെ' എന്നു പറഞ്ഞു വരംകൊടുത്തു നാകവാസികൾ നടകൊണ്ടു.

അന്നുമുതൽ പിപ്പലപ്രജേന്ദ്രൻ വിദ്യാധരപദംനേടിയതോടും എവിടെയും സഞ്ചരിപ്പാൻ ശക്തിയുള്ളവനായിച്ചമഞ്ഞു. ഇങ്ങിനെ ദേവകളുടെ വരത്താൽ വിദ്യാധരത്വം പ്രാപിച്ച ആ ബ്രാഹ്മണന്നു് സർവ്വവിദ്യകളിലും അവഗാഢ്യം കൈവന്നു. ഒരിക്കൽ ആ തേജസ്വി, 'ലോകമെല്ലാം വശത്താകുമെന്നു എനിക്കു വരം തന്നിട്ടുണ്ടല്ലോ' എന്നുകരുതി, അതു പരീക്ഷിച്ചറിവാൻതുടങ്ങി: എന്തൊക്കെ വശത്താകുന്നുമെന്നു താൻ വിചാരിച്ചുവോ, അതൊക്കെയും വശത്താവുകതന്നെചെയ്തു. അതിനാൽ വിശ്വാസംവന്നിട്ടു്, എന്നപ്പോലെ ഒരു പുരുഷശ്രേഷ്ഠൻ ലോകത്തിൽ വേറെയില്ലെന്നു് അദ്ദേഹം തീർച്ചപ്പെടുത്തി.

മഹാത്മാവായ പിപ്പലന്റെ ഈ അന്തർഗതം അറിഞ്ഞിട്ടു, നളിനീരൂപത്തെവെച്ചു് ഒരു സാരസം സപ്രാപ്തജ്ഞനസൌഷ്ഠവത്തോടെ

Digitized By Kerala Sahitya Akademi

അദ്ദേഹത്തോടായി പറഞ്ഞു:—'പിപ്പല, ആരാൻ എന്തുകൊണ്ടാണ്, തന്റെ കേമത്തം കരുതി ഗർവിയ്ക്കുന്നാകുന്നു? സർവ്വജ്ഞീകരണസിദ്ധി അങ്ങയ്ക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വജ്ഞീകരണപ്രക്രിയ അർവാചീനമാണ്; പരാചീനം പാമരനായ ആരാന്നറിഞ്ഞുകൂടാ. മുപ്പായിരംകോല്പം തപസ്സുചെയ്തു എന്നുവെച്ചു ആരാൻ കഥയില്ലാതെ ഗർവിക്കുകയാണ്! കുണ്ഡലന്റെ പുത്രനായ സുകർമ്മാവ് എന്ന ബുദ്ധിമാനുണ്ടല്ലൊ; ആ ധീരന്നത്രേ ലോകമെല്ലാം വശപ്പെട്ടിട്ടുള്ളത്. പരാചീനവും അർവാചീനവും അദ്ദേഹത്തിന്നറിയാം. അദ്ദേഹത്തിനൊത്ത ഒരു മഹാജ്ഞാനി ലോകത്തിലില്ല. സുകർമ്മാവു് ദാനമൊന്നും നൽകിയിട്ടില്ല; ധ്യാനം ശീലിച്ചിട്ടില്ല; യജ്ഞമോമാദികർമ്മം അനുഷ്ഠിച്ചിട്ടില്ല; തീർത്ഥയാത്ര പോയിട്ടില്ല; ഉപാധ്യായന്മാരെ ഉപാസിച്ചിട്ടില്ല. ഈവക ധർമ്മമൊന്നും ഒരിക്കലും ചെയ്യുകയുണ്ടായിട്ടില്ല. എന്നാൽ, എന്നെന്നും അക്ഷുണ്ണമായ ശുശ്രൂഷിക്കുന്ന അദ്ദേഹം സച്ഛൂദ്രസഞ്ജ്ഞനാരിയാണ്, വേജ്ഞനാണ്, സർവശാസ്ത്രവിശാരദനാണ്. കേട്ടിയാണെങ്കിലും അദ്ദേഹത്തിനുള്ളേടത്തോളം ജ്ഞാനം, അങ്ങേയ്ക്കില്ലതന്നെ. അങ്ങു വെറുതെ ഗർവിക്കുന്നു!'

പിപ്പലൻ:—'പക്ഷിയുടെ രൂപംപൂണ്ട് എന്നെ ഇങ്ങിനെ നിന്ദിക്കുന്ന ആരാണ്? എന്റെ ജ്ഞാനത്തെ പഴിക്കുന്നതെന്തുകൊണ്ട്? പരാചീനം എങ്ങിനെയുള്ളതാണ്? അർവാചീനത്തിന്റെ സത്രുപവും വിസ്തരിച്ചുപറയുക. ആരുടെ ജ്ഞാനം എങ്ങിനെയുണ്ടായി? വിഹംഗമശ്രേഷ്ഠ, ആരാൻ ബ്രഹ്മാവോ ശിവനോ അഥവിഷ്ണുവോ?

സാരസം:—'ആരാന്റെ പഠിപ്പിന്നും തപസ്സിന്നും ഫലമൊന്നുമില്ല. കുണ്ഡലപുത്രൻ ബാലനാകിലും, അദ്ദേഹത്തിന്നുള്ള പരാചീന ജ്ഞാനം അങ്ങയ്ക്കു കിട്ടിയിട്ടില്ല. അദ്ദേഹത്തോടടുക്കണം ചോദിയ്ക്കുക, ഞാനാരാണെന്നു്. എല്ലാജ്ഞാനവും അങ്ങയ്ക്ക് ആ ധാർമ്മികൻ പറഞ്ഞുതരും.'

സാരസം പറഞ്ഞതെല്ലാം കേട്ടിട്ടു പിപ്പലൻ ക്ഷണത്തിൽ ആ ബ്രാഹ്മണന്റെ അടുക്കലേയ്ക്കു ഗമിച്ചു.

ശ്രീചന്ദ്രമഹാപുരാണം, ത്രിതീയഖണ്ഡം, ചിത്രലിപ്തകരണം, ചേതയിഷ്ണുസംവാദം, സുകർമ്മചരിതപ്രസ്താവം അഷ്ടചത്വാരിംശദ്ധ്യായം.

———(o)———

Digitized By Kerala Sahitya Akademi

അഷ്ടപത്തിരണ്ടാമദ്ധ്യായം

വിഷ്ണു:—പിപ്പലൻ സത്യധർമ്മങ്ങളും നിറഞ്ഞ കണ്ഡലാശ്രമത്തിലെത്തി, മാതാപിതാക്കന്മാരുടെ കാല്ക്കൽ അത്യാദരത്തോടേ സ്ഥിതിചെയ്യുന്ന സർവ്വജ്ഞാനമഹാനിധിയായ സുകർമ്മാവിനെ ദർശിച്ചു. ആ ശാന്തനായ കണ്ഡലപുത്രൻ പിപ്പലനെ പടിക്കൽ കണ്ടിട്ട് സത്വരം എഴുന്നേറ്റെതിരേറ്റു, 'ശ്രീമൻ, വിദ്യാധരാ, വന്നാലും' എന്നു, പാദ്യാസനാർഘ്യങ്ങളും നൽകി അനാമയം ചോദിച്ചു:—'മഹാപ്രാജ്ഞ, മുടക്കമില്ലല്ലോ? കുശലം തന്നെയല്ലേ? ഭവാൻ എന്തിനായി വന്നുവോ, അതെല്ലാം ഞാൻ പറയാം: ഭവാൻ മുപ്പായിരംവർഷം തപസ്സുചെയ്തു ദേവകളോടു, വശീകരണവും സപ്തബ്രഹ്മർഷിത്വമാകുന്ന വരം വാങ്ങി; അതിനാൽ, എന്നെക്കാൾ മീതെ ആരുമില്ലെന്നുള്ള ഗർവ് അങ്ങയെ ബാധിച്ചു. അങ്ങയുടെ മട്ടെല്ലാം കണ്ടിട്ട മഹാത്മാവായ സാരസം, എന്നിക്കാണ് ഏറെ ജ്ഞാനമെന്നഭിപ്രായപ്പെട്ടു.'

പിപ്പലൻ:—'ബ്രാഹ്മണ, നദീതീരത്തുവെച്ച് ഇതെല്ലാം എനിക്കു പറഞ്ഞുതന്ന സാരസം ആരാണ്? ഈശപ്രജാപതിമാരിൽ ആരെങ്കിലും തന്നെയോ?'

സുകർമ്മാവ്:—'നദീതീരത്തുവെച്ച് അങ്ങയോട് സംസാരിച്ച സാരസം പരമേശപ്രജാപതിയായ ബ്രാഹ്മണനായിരുന്നു. ഇനിയെന്താണ് ഭവാനു ചോദിപ്പാനുള്ളത്? അതും ഞാൻ പറയാം.

പിപ്പലൻ:—'അങ്ങയ്ക്കു ലോകമെല്ലാം വശത്താക്കാമെന്നു കേട്ടിട്ടുണ്ട്. രസകരമായ അതൊന്നു കാട്ടിത്തരിക.'

'അങ്ങനെതന്നെ; വശീകരണംകണ്ടുകൊള്ളുക' എന്നിങ്ങിനെ പറഞ്ഞു, ധർമ്മശീലനായ സുകർമ്മാവു പിപ്പലനു വിശ്വാസം വരുത്താനായി ശക്രാദിലോകപാലന്മാരേയും അഗ്ന്യാദിദേവന്മാരേയും നാഗവിദ്യാധരന്മാരേയും സ്മരിച്ചു. വിളിച്ച ഉടനേ അവരെല്ലാം വന്നുചേർന്ന്, 'എന്തിനാണ് ഭവാൻ ഞങ്ങളെ സ്മരിച്ചത്' എന്നു ചോദിച്ചു.

സുകർമ്മാവ്:—'ഈ പിപ്പലവിദ്യാധരൻ എന്റെ അതിഥിയായി വന്നിരിക്കയാണ്. വിശ്വവശീകരണം കാണണമെന്ന് ഇദ്ദേഹം

Digitized By Kerala Sahitya Akademi

ആവശ്യപ്പെട്ടു. അതു കാട്ടിക്കൊടുപ്പാനാണ് നിങ്ങളെ വിളിച്ചതു്. ഇനി; സ്വസ്ഥാനങ്ങളിലേയ്ക്കു പോയ്ക്കൊൾവിൻ.'

അപ്പോൾ, മഹാമതിയായ സുകർമ്മാവിനോടു ദേവകർ പറഞ്ഞു:—'വിപ്ര' ഞങ്ങളെക്കണ്ടതു വെറുതെയാകുന്നതല്ല. വരം വല്ലതും ചോദിയ്ക്കു. ഭവാനു വേണ്ടതു ഞങ്ങൾ തീച്ചയായും തരാം.' ഉടൻ ജ്യോത്തമൻ ദേവന്മാരെ ഭക്തിപൂർവം വണങ്ങി വരം ആവശ്യപ്പെട്ടു:—'ദേവശ്രേഷ്ഠന്മാരെ, എനിക്കു മാതാപിതാക്കളിൽ എന്നെന്നും ഇളകാത്ത അനന്യഭക്തിയെ തന്നാലും; ഇതത്രേ മികച്ചവരം. [ദേവേശ്വരന്മാരേ, നിങ്ങളുടെ വഞ്ചനാൽ എന്റെ അച്ഛനും അമ്മയും വിഷ്ണുലോകം പ്രാപിക്കുമാറാകട്ടെ! വേറെ വരമൊന്നും എനിക്കു വേണ്ട.]' ദേവന്മാർ:—'ദ്വിജശ്രേഷ്ഠനായ സുകർമ്മാവേ, ഭവാൻ പിതൃഭക്തൻ തന്നെ. ഭവാനു നല്ല ഭക്തിയുണ്ടാകട്ടെ! ഞങ്ങൾ എപ്പോഴും ഭവാങ്കൽ പ്രീതരായിരിക്കും.'

രാജാവേ, ഇപ്രകാരം പറഞ്ഞു ദേവന്മാർ നാകത്തിലേയ്ക്കു നടകൊണ്ടു. സുകർമ്മാവു കാട്ടിക്കൊടുത്ത ഈ അസ്കരമായ അത്ഭുതവും കണ്ടിട്ടു, ധർമ്മശീലനായ പിപ്പലൻ കുണ്ഡലകർണനോടു ചോദിച്ചു:—'ഇതു് അർവാചീനമാണല്ലോ; പരാചീനം എങ്ങിനെയാണ്? വാഗ്മിപ്രവര, രണ്ടിനേയും പ്രകാരം വർണ്ണിച്ചാലും.'

സുകർമ്മാവു്:—'ഇന്ദ്രാദികളേയും, ചരാചരലോകങ്ങളേയും മോഹിപ്പിക്കുന്നതു യാതൊന്നുകൊണ്ടോ, അതത്രേ അർവാചീനം.

സർവ്വവ്യാപിയായ സാക്ഷാൽ ജഗദീശ്വരനുണ്ടല്ലോ; തന്തിരുവടിയുടെ രൂപം ഒരു യോഗിയും കണ്ടിട്ടില്ല. ശ്രുതിതന്നെ, 'അവിടുന്നു അനിർവചനീയനെന്നാണ് പറയുന്നതു്. അവിടേയ്ക്കു കാലില്ല, കയ്യില്ല, മൂക്കില്ല മറവിയില്ല, മുഖമില്ല. ത്രൈലോക്യവാസികൾ ചെയ്യുന്നതൊക്കെ അവിടുന്നു കാണുന്നു. അവർ പറയുന്നതു, കേവിയില്ലെങ്കിലും അവിടുന്നു ശ്രദ്ധിക്കുന്നു; നടക്കലില്ലെങ്കിലും അവിടുന്നു സർവ്വത്ര സഞ്ചരിക്കുന്നു; കയ്യില്ലെങ്കിലും തൊഴിൽചെയ്യുന്നു; കാലില്ലെങ്കിലും ഓടുന്നു.

ദേവശ്രേഷ്ഠന്മാരും, തത്ത്വദർശികളായ മുനിമാർ ക്കുടിയും തന്തിരുവടിയെ കാണുന്നില്ല; സത്യാസത്യപദസ്ഥിതനായ തന്തിരുവടിയോ, എല്ലാവരേയും കാണുന്നു. വ്യാപിയായി നിർമ്മലനായി സിദ്ധനായി സിദ്ധിദനായിരിക്കുന്ന ആ സർവ്വാധാരനെ ധർമ്മാത്മാവേ!യും

Digitized By Kerala Sahitya Akademi

മഹായോഗിയുമായ വ്യാസനും മാർക്കണ്ഡേയനുമേ അറിയുന്നുള്ളൂ. ഏക വർണ്ണവും അനന്തവുമായ അകാശമത്രേ ആ തേജോമയൻ. ഏകാഗ്രചിത്തനായി കേൾക്കുക: ആ ബ്രഹ്മാത്മാവായ പ്രജാനാഥൻ കറുപ്പും വെളുപ്പുമായ തന്നിലെ കൈകൊണ്ടു വെള്ളത്തിൽ ശേഷനാകുന്ന മെത്തമേൽ വളരെക്കാലം പള്ളിക്കൊള്ളുകൊള്ളുന്നുവോ, അതാകുന്നു പരാചീനം.

ജലാന്ധകാരത്തിൽ ചുറ്റിത്തിരിഞ്ഞു കഴിഞ്ഞിരുന്ന മാർക്കണ്ഡേയ മഹർഷി, കുറച്ചുകാലം അതുകണ്ടുനടക്കുമ്പോൾ, ശേഷം ചുരുങ്ങിത്തന്നെ യോഗനിദ്രപൂണ്ടു ശയിയ്ക്കുന്ന ശംഖചക്രഗദാധരനായ ജഗത്പരനെ കണ്ടെത്തി, ദിവ്യാരേണുഖസ്പർശമാല്യങ്ങളണിഞ്ഞ് ഒരുകോടിസൂര്യന്മാർക്കൊപ്പം വിളങ്ങുന്ന തന്തിരുവടിയുടെ അരികിൽ, അഞ്ജനക്കുന്നുപോലെ കറുത്തിരുണ്ട ഒരു ക്രൂരാകൃതി നിൽപ്പുണ്ടായിരുന്നു. ദംഷ്ട്രാകരാളവക്ത്രയായ ആ ഭയങ്കരി, 'ഭോജിക്കേണമോ' എന്നുച്ചരിച്ചു, മഹർഷിയെ, അഞ്ചു യോജന വിസ്താരമുള്ള ഒരു താമരയിലയിട്ടുകൊടുത്തു. അതിൽ സുഖമാംവണ്ണം ഇരുത്തി. ഇവിടെ ഭവാനു ഭയപ്പെടാനൊന്നുമില്ല' എന്നിങ്ങിനെ ആശ്വസിപ്പിച്ചു ആ മഹാദേവിയോടു മാർക്കണ്ഡേയയോഗീന്ദ്രൻ, 'മാമിനി, ഭവതിയാരാണെ'ന്നു ചോദിച്ചു. അപ്പോൾ ദേവി പറഞ്ഞു:—'സർപ്പമെത്തമേൽ കിടക്കുന്നതു വിഷ്ണുവാണ്; തന്തിരുവടിയുടെ ശക്തിയായ കാളരാത്രിയാണ് ഞാൻ. ബ്രഹ്മരുദ്രന്മാരുൾപ്പെടെ എല്ലാ മായകളുമുള്ള എന്നെത്തന്നെയാണ്, ലോകങ്ങളെമയക്കുന്ന മഹാമായയായി പുരാണങ്ങളിൽ പറഞ്ഞുവരുന്നതു്. ഇതുപറഞ്ഞു് ആദേവി അന്തർദ്ധാനംചെയ്തു. അപ്പോൾവിഷ്ണുവിൻറെനാഭിയിൽനിന്നൊരു താമരപ്പൂവുണ്ടായിവന്നതു മാർക്കണ്ഡേയൻ കണ്ടു. അതിൽനിന്നു തേജസ്സേറിയ ബ്രഹ്മാവ് അവതരിച്ചു. ആ ലോകപിതാമഹനിൽനിന്നു ചരാചരജഗത്തുകളും ഇന്ദ്രാഗ്ന്യാദിദേവകളുമൊക്കെ ഉളവായി.

പിപ്പലാ, അതിനാൽ, ബ്രഹ്മാദികളൊക്കെ അവ്വാചീനരാകുന്നു. അവ്വാചീനസ്വരൂപം ഞാൻ കാണിച്ചുതന്നുവല്ലോ. യാതൊരു പരിശുദ്ധനായ സിദ്ധാത്മനെ അവ്യക്താക്ഷരപരബ്രഹ്മമോക്ഷരുപനായി യോഗികൾ ദർശിക്കുന്നുവോ, ആ വിശ്വാത്മാവത്രേ പരാചീനൻ. വിദ്യാധരാ, പരാചീനസ്വരൂപമെല്ലാം ഭവാനോടു പറഞ്ഞുകഴിഞ്ഞു; ഇനിയെന്താണ് ഞാൻ പറയേണ്ടതു്?'

പിപ്പലൻ:—'സുവ്രതാ, ഇതു വലിയ ജ്ഞാനം അങ്ങയ്ക്കുണ്ടായതെങ്ങിനെ? അവ്വാചീനവും പരാചീനവും ഭവാനറിയാം. മുന്നുകിലും മികച്ച ജ്ഞാനം അങ്ങയ്ക്കുണ്ടല്ലോ; അതുമല്ല അപസ്സു കാണെ

Digitized By Kerala Sahitya Akademi

നില്ലതാനും! ഇങ്ങിനെ സർവ്വജ്ഞനാവും എന്നുകൊണ്ടുണ്ടായി എന്നുപറഞ്ഞാൽക്കൊള്ളാം.'

സുകർമ്മാവ്:—'ശരിയാണ്: ഞാൻ ശരീരശോഷണം ചെയ്യിട്ടില്ല; യജിച്ചിട്ടില്ല; യജിപ്പിച്ചിട്ടില്ല: തീർത്ഥയാത്രപോയിട്ടില്ല; മറ്റു പുണ്യവും യാതൊന്നും അനുഷ്ഠിച്ചിട്ടില്ല. അച്ഛനമ്മമാരെ ശുശ്രൂഷിക്കുക എന്നതൊന്നേ എനിക്കറിഞ്ഞുകൂടൂ: അവരിരുപേരുടേയും തൃക്കാൽ ഞാൻ തന്നെയാണ് കഴുകിക്കാറു; ശരീരം തടവിക്കൊടുക്കുക, കളിപ്പിക്കുക, ഉറങ്കുകഴിപ്പിക്കുക എന്നിവയും പ്രതിദിനം ത്രികാലങ്ങളിൽ സമാഹിതചിത്തനായി ഞാൻ നമസ്കരിച്ചുപോരുന്നുണ്ട്. മാതാപിതാക്കന്മാരുടെ കാൽകഴുകിച്ചുവെള്ളം സേവിയ്ക്കുകയും, അവരെ പരിചരിക്കുകയും എന്റെ പതിവാണ്. എന്റെ അച്ഛനും അമ്മയും ജീവിച്ചിരിപ്പുള്ളേടത്തോളംകാലം, ഇതരത്തൊരു നിസ്തുല്യമായ ലാഭം എനിക്കു കിട്ടിക്കൊണ്ടിരിക്കും! അവരെ മുന്നേറെയും ഭക്തിയോടെ പൂജിക്കുന്നതിനാലത്രേ, എനിക്കു യഥേഷ്ടസഞ്ചാരസിദ്ധി കൈവന്നതു്.

എന്തിനാണ് എനിക്കു വേറെ തപസ്സു്? എന്തിനാണ് ഭേഷം വരട്ടെന്നതു്? തീർത്ഥയാത്ര മുമ്പായ മറ്റു പുണ്യങ്ങളും എന്തിനാണെനിക്ക്? അഭിജ്ഞന്മാർ എല്ലാ യാഗങ്ങൾകൊണ്ടും എത്രഫലം നേടുന്നുവോ, അത്രയും പുണ്യഫലം പിതൃശുശ്രൂഷയാൽ സിദ്ധിക്കും. അമ്മയും അച്ഛനും എവിടെയിരിക്കുന്നുവോ, അവിടെയാണ് മകന്നു ഗംഗയും ഗയയും പുഷ്കരവും മറ്റു പലതരംപുണ്യതീർത്ഥങ്ങളും: അവ പിതൃശുശ്രൂഷകനായ പുത്രൻ വന്നണയും. വിദ്യ, ജ്ഞാനം, തപസ്സു് എന്നിവയുടെ ഫലം സൽപുത്രന്നു പിതൃശുശ്രൂഷയാൽ കൈവരും; അതിനാൽ മറ്റൊന്നും ചെയ്യേണ്ടതില്ല. പിതൃശുശ്രൂഷകൊണ്ടുതന്നെ പുത്രന്നു് ഇഹത്തിലും പരത്തിലും എല്ലാടത്തും പുണ്യം ലഭിക്കും.

ജീവിച്ചിരിക്കുന്ന അച്ഛനമ്മമാരാകുന്ന രണ്ടു ഗുരുജനങ്ങളെ ഭക്തിപൂർവം ശുശ്രൂഷിച്ചുപോരുന്ന പുത്രന്നുള്ള പുണ്യഫലം കേട്ടുകൊൾക: അവർക്കൽ, പുണ്യവത്സലന്മാരായ വിണ്ണവരും ഋഷിമാരും, എന്നുവേണ്ട ലോകങ്ങളും മുന്നം പ്രസാദിക്കും. പതിവായി മാതാപിതാക്കന്മാരുടെ കാൽകഴുകിക്കുന്ന മകൻ പ്രതിദിനം ഗംഗാസ്നാനമാണു ചെയ്യുന്നതു്! അച്ഛനമ്മമാർക്കു വ്യത്യങ്ങളായ മിഷ്ടാന്നപാനങ്ങൾ പതിവായി നൽകുന്ന പുത്രന്നു അശ്വമേധയാഗത്തിന്റെ ഫലം കിട്ടും.

Digitized By Kerala Sahitya Akademi

ജനനീജനകന്മാരെ മധുരങ്ങളായ അന്നപാനങ്ങൾകൊണ്ടും വസ്ത്രതാംബൂലാദികൾകൊണ്ടും പ്രതിദിനം പൂജിക്കുന്നവൻ സർവ്വജ്ഞനും യശസ്വിയും കീർത്തിമാനുമായിവരും. അച്ഛനമ്മമാരോട് പ്രീതിയോടേ സംസാരിക്കുന്ന പുത്രന്റെ പേരിൽ നിധികൾ സന്തോഷിക്കും; അവർ സൗഹൃദബുദ്ധരായി എന്നെന്നും അവന്റെ ഗൃഹത്തിൽ വസിച്ചു, അവനെ സുഖിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, യോഗേശ്വരസംവാദം, സൂക്ഷ്മപിപ്പലസമാഗമം അറുപത്തിരണ്ടാമദ്ധ്യായം.

(൦)

അറുപത്തിമൂന്നാമദ്ധ്യായം

സൂക്ഷ്മാവ്:—[ദ്വിജശ്രേഷ്ഠ, മാതാപിതാക്കന്മാരെ കളിപ്പിക്കുമ്പോഴും മകന്റെ മേലെയ്ക്കു തെറിക്കുന്നവെള്ളം അവനെ സർവതീർത്ഥസ്നാനനാക്കുന്നു.] ദുഷ്ടനോ അംഗഹീനനോ ഒന്നിനുമരുതാത്ത കിഴവനോ രോഗിയോ കുഷ്ഠരോഗിതന്നെയോ ആയ അച്ഛനേയും, അതേ മട്ടിലായ അമ്മയേയും ഉപചരിയ്ക്കുന്ന പുത്രൻ തീർച്ചയായും വിഷ്ണുപ്രസാദംനേടി, യോഗികൾക്കും കിട്ടാത്തവിഷ്ണുലോകംപ്രാപിക്കും. അംഗഹീനരും ദീനരും വൃദ്ധരും ദുഃഖിതരും മഹാരോഗപീഡിതരുമായ മാതാപിതാക്കളെ വെടിഞ്ഞാലോ, ആ പാപിയായ പുത്രൻ കൃമികൾനിറഞ്ഞ ഘോരനരകത്തിൽ പതിയ്ക്കും. വാർദ്ധക്യഗ്രസ്തരായ അച്ഛനമ്മമാർ വിളിച്ചാൽ ചെല്ലാത്തമൂഢപുത്രൻ ഓരായിരം ജന്മം, മലംതിന്നുന്ന പീപ്പുന്നിയായിപിറക്കും; പിന്നെയുപാവാകും. വൃദ്ധരായ മാതാപിതാക്കൾ സഹൃഹത്തിലുണ്ടായിരിക്കെ, അവരോടുകൂടാതെ സ്വയം ഊൺകഴിയ്ക്കുന്ന മകൻ ആയിരംജന്മം മലമൂത്രാദിയായ കൃമിയായി ജനിയ്ക്കും; പിന്നെ മനുഷ്യജന്മം കുഷ്ഠസർപ്പമാവും. വൃദ്ധരായ അച്ഛനമ്മമാരെ അനാദരിച്ചുനടക്കുന്ന ദുഷ്ടൻ നൂറുകോടിപ്രാവശ്യം വ്യാഘ്രമായിപിറക്കും. അച്ഛനമ്മമാരെ തീക്ഷ്ണവാക്കുകൾകൊണ്ടു ശകാരിക്കുന്ന പാപിയും വ്യാഘ്രമായിട്ടാണ് ജനിയ്ക്കുക; പിന്നെ ദുഃഖിതനായി പിറക്കും. അമ്മയേയും അച്ഛനേയും വണങ്ങാത്ത പാപി ഓരായിരം യുഗം കുംഭീപാകത്തിൽ കിടക്കും.

Digitized By Kerala Sahitya Akademi

മക്കൾക്ക മാതാപിതാക്കളിൽ മീതെ ഒരുതീർത്ഥമില്ല; ഇഹത്തിലും പരത്തിലും വിഷ്ണുതുല്യരാണവർ. അതിനാൽ ഞാൻ അച്ഛനേയും അമ്മയേയും പതിവായി പാകം നോക്കി യഥോചിതം പൂജിച്ചുപോരുന്നു. അവരുടെ പ്രസാദത്താലത്രേ എനിയ്ക്ക മികച്ച ജ്ഞാനം ഉണ്ടായതും, ത്രൈലോക്യമെല്ലാം വശത്തായതും. അതീചീനപരാചീനജ്ഞാനം മാത്രമല്ല, സർവജ്ഞാനവും എനിയ്ക്കുകൈവന്നതു മാതാപിതൃപ്രസാദത്താൽത്തന്നെ. ഈവിധമുള്ള ഏതൊരുത്തൻ മാതാപിതാക്കളെ ശുശ്രൂഷിയ്ക്കുകയില്ല? അച്ഛനെ ശുശ്രൂഷിക്കാത്തവനു, സാംഗോപാംഗങ്ങളായ വേദങ്ങളും ശാസ്ത്രങ്ങളും പഠിച്ചിട്ടെന്താണ്? അമ്മയെ ശുശ്രൂഷിക്കാത്തവനു വേദം വെറുതേ; യജ്ഞതപോദാനപൂജനങ്ങളും നിഷ്ഫലങ്ങൾ തന്നെ. ഗൃഹത്തിൽ ജീവിച്ചിരിക്കുന്ന ജനനീജനകന്മാരെ പൂജിയ്ക്കുക എന്നതാകുന്നു, പുരുഷധർമ്മവും യജ്ഞവും ദാനവും. നാംതോറും അച്ഛനമ്മമാരെ ഭക്തിപൂർവം ശുശ്രൂഷിച്ചു പൂജിച്ചാൽ മുൻപറഞ്ഞ ജ്ഞാനമെല്ലാം ഉണ്ടായ്വരും; ദാനതീർത്ഥയജ്ഞങ്ങളുടെ ഫലവും ലഭിക്കും. അച്ഛനമ്മമാരെ ഭക്തിയോടേ പ്രതിദിനം ഉപാസിച്ചാൽ, യജ്ഞാദി സകല സൽക്കർമ്മവുമായി!

പിപ്പല, പുരുഷൻ പിതൃഭക്തനായിരിക്കണമെന്നുള്ളതിലേയ്ക്ക് കശ്യധർമ്മശാസ്ത്രം ഞാൻ മുമ്പു കേട്ടിട്ടുണ്ട്: പിതൃപ്രസാദത്താൽ യദുരാജാവു പണ്ടു സുഖം നേടി; പൈതൃവനായ അച്ഛൻ കോപിച്ചു ശപിച്ചതിനാൽ മഹാപാപിയായും തീർന്നു. ഇതു മനസ്സിലാക്കിയിട്ടത്രേ ഞാൻ ഇവരിരുപേരെയും വഴിപോലെ ശുശ്രൂഷിക്കുന്നതു; ഇവരുടെ പ്രസാദത്താൽ എനിയ്ക്ക ശ്രേഷ്ഠഫലം ലഭിയ്ക്കുകയും ചെയ്യും.'

ശ്രീഛത്തമഹാപുരാണം, ഭക്തിലക്ഷണം, പിതൃതീർത്ഥപ്രകരണം, ധർമ്മവിശ്വസംവാദം, സൂക്ഷ്മചരിതം, പിതൃഭക്തിമഹിമ വർണ്ണനം, അറുപത്തിമൂന്നാമദ്ധ്യായം.

——(o)——

അറുപത്തിനാലാമദ്ധ്യായം

പിപ്പലൻ:—'ദ്വിജോത്തമ, അച്ഛന്റെ പ്രസാദത്താൽ പു(പൂ)രുമഹത്തായ സുഖം നേടിയതെങ്ങിനെ? യദുപാപം അനുഭവിച്ചതെങ്ങിനെ? കുണ്ഡലാത്മജ, അതെല്ലാം വിസ്തരിച്ചുപറഞ്ഞുതരിക.

Digitized By Kerala Sahitya Akademi

സൂകമ്മാച്ച്:—'കേൾക്കു; ധന്യനായ നഹുഷന്റേയും മഹാത്മാവായ യയാതിയുടേയും പാപനാശനമായ ചരിത്രം ഞാൻ പറയാം:

ചന്ദ്രവംശജനായ നഹുഷരാജാവൻ നിസ്തുല്യങ്ങളായ ദാന ധർമ്മങ്ങളും വളരെ ചെയ്തുപോന്നു. തുടർന്നിതം അശ്വമേധയജ്ഞാദിയ ങ്ങളും അനേകം മറ്റുയാഗങ്ങളും കഴിച്ചു ആ രാജശ്രേഷ്ഠൻ, ത ന്റെ പുണ്യപ്രഭാവത്താൽ ഇന്ദ്രപട്ടം സമ്പാദിച്ചു; സത്യധർമ്മസമ്പ ന്നനും മഹാമതിയുമായ യയാതി എന്ന മകനെ നാടുവാഴിച്ചിട്ടാണ് ആ ദ്ദേഹം ഐശ്വര്യപദത്തെ അനുഭവിക്കാൻചെയ്തത്. പരന്തപനായ യ യാതി പ്രജകളെ ധർമ്മാനുസാരേണ പാലിച്ചുപോന്നു. ആ ധർമ്മാത്മാ വായ നഹുഷനന്ദനനും യജ്ഞതീർത്ഥാനാദിയായ പുണ്യമെല്ലാം അനുഷ്ഠിച്ചു; അദ്ദേഹം പ്രജകളെ ക്ഷത്രധർമ്മത്താൽ രക്ഷിച്ചുംകൊ ണ്ട് എൺപതിനായിരം വർഷം നാടുവാണു. മഹാത്മാവായ യയാ തിക്ക്, അദ്ദേഹത്തിനൊപ്പോലെ ബലവീര്യവിക്രമികളായ നാലുപുത്ര ന്മാരുണ്ടായി: സീമന്തപുത്രൻ തുർവ്വസു; രണ്ടാമൻ പുരു; മൂന്നാമൻ കുരു; നാലാമൻ യദു. നാലുപേരും തേജസ്സുകൊണ്ടും പൗരുഷംകൊ ണ്ടും പിതൃതുല്യർതന്നെയായിരുന്നു. ഇപ്രകാരം ധർമ്മത്താൽ നാടുവാ ണ യയാതിയുടെ, യശസ്സും കീർത്തിയും ത്രൈലോക്യത്തിലെല്ലാം വളർന്നു.

അന്നൊരിക്കൽ നാഗുഷപുത്രനായ നാരദമഹർഷിശ്രേഷ്ഠൻ വി ണ്ണവരുപുത്രന്മാരായ പുരന്ദരനെ കാണ്മാൻ ഇന്ദ്രലോകത്തു ചെന്നെത്തി അഗ്നിക്കൊപ്പം തേജസ്സുള്ള ആ സർവ്വജ്ഞനായ ബ്രാഹ്മണന്റെ ആ ഗമനം കണ്ട വാസവൻ അദ്ദേഹത്തെ കേതിയോടെ വണങ്ങി, മധുപ ർക്കാദികൾകൊണ്ടു പൂജിച്ചു, പുണ്യപീഠത്തിന്മേലിരുത്തി, ചോദിച്ചു:— 'മഹർഷേ, ഏതു ലോകത്തിൽനിന്നാണ് വരുന്നത്? ഇവിടെ വന്ന കാര്യം എന്താണ്? അങ്ങയ്ക്കു ഞാനിപ്പോൾ എന്തൊരു പ്രിയം ചെ യ്യേണ്ടു?'

നാരദൻ:—'ദേവരാജാവേ, കേതിപൂർവമായ ഭാഷിതങ്ങൾകൊ ണ്ടെല്ലാം ചെയ്തുകഴിഞ്ഞു; എനിയ്ക്കു സന്തോഷമായി. ഭൂലോക ത്തിൽനിന്നാണ് ഞാനിപ്പോൾ വരുന്നത്. ശ്രേഷ്ഠനായ യയാ തിയെ കണ്ടിട്ട്, അങ്ങയെ കാണ്മാനായി അങ്ങയുടെ ഗൃഹത്തി ലേയ്ക്കു പോന്നതാണ്.'

Digitized By Kerala Sahitya Akademi

ഇന്ദ്രൻ:—'ഏതു രാജാവാണ്', സകല സത്യധർമ്മത്തോടേ പ്രജാപാലനം നടത്തുന്നത്? സത്യധർമ്മസ്ഥനും വേദശാസ്ത്രാഭിജ്ഞനും ദ്രുണവാനും ബ്രാഹ്മണഭക്തിയനും ശൂരനും ദാതാവും യജ്വാവും കീർത്തിമാനുമായ രാജാവു ഭൂമിയിൽ ആരാണ്?'

നാരദൻ:—'ഇതാ ദ്രുണങ്ങളും തികഞ്ഞ ആളാണ്', ബലവാനായ നഹുഷപുത്രൻ. അദ്ദേഹത്തിന്റെ സത്യവീര്യങ്ങളാൽ ലോകങ്ങളെല്ലാം ഉറപ്പിക്കപ്പെട്ടിരിക്കുന്നു. അങ്ങയെപ്പോലെയുള്ള രാജാവാണ്, നാഹുഷനായ യയാതി: അങ്ങു സ്വർഗ്ഗത്തിലും, അദ്ദേഹം ഭൂമിയിലും സമശിവതേജസ്സി. അപ്പുണ്യശ്ലോകനായ യയാതിനൃപൻ നൂറശ്വമേധവും നൂറു വാജപേയവും കഴിച്ചിരിക്കുന്നു. പലതരം ദാനങ്ങളും കീർത്തിയോടേ ചെയ്തിരിക്കുന്നു: വളരെ നൂറുകോടിയും വളരെ ആയിരം ലക്ഷവും പശുക്കളേയും, ഭൂമിയേയും മറും അദ്ദേഹം ബ്രാഹ്മണർക്കു നൽകിയിട്ടുണ്ട്; ഹോമങ്ങളും കോടിയും ലക്ഷവും നടത്തിയിട്ടുണ്ട്. അംഗോപാംഗങ്ങളോടു കൂടിയ ധർമ്മത്തെ അദ്ദേഹം സംരക്ഷിച്ചിരിക്കുന്നു. ഏതാദൃശ ഗുണശാലിയായ നഹുഷനന്ദനൻ ഭൂമിയിൽ എൺപതിനായിരം വർഷം, പോരുന്നേറ മട്ടിൽ യഥാവിധി രാജ്യം ഭരിച്ചിരിക്കുന്നു.'

നാരദമഹർഷിയുടെ അഭിപ്രായം കേട്ടിട്ട്, ആ ബുദ്ധിമാനായ ദേവേന്ദ്രൻ ധർമ്മസംരക്ഷണത്താൽ ഭയപ്പെട്ട് ആലോചനയുടങ്ങി:—'നഹുഷൻ മുമ്പു നൂറു യാഗങ്ങളിന്റെ മഹിമയാൽ എന്റെ ഇന്ദ്രപദം കൈക്കലാക്കിക്കളഞ്ഞു; ശചിയുടെ ബുദ്ധിശക്തിയാലാണ്, ആയാൾ ദേവരാജസ്ഥാനത്തുനിന്നു ഭ്രംശിച്ചതു. ഈ മഹാരാജാവും അപ്പുണ്യതുല്യനായി കാണപ്പെടുന്നു; തീർച്ചയായും ഐന്ദ്രപദത്തിൽ കേറിയേയ്ക്കും. വല്ല ഉപായത്താലും ആയാളെ സ്വർഗ്ഗത്തിൽ വരുത്തണം!' യയാതിരാജാവിനെ പേടിച്ചിട്ടിപ്രകാരം ചിന്തിച്ചുറച്ച സുരേശ്വരൻ, നാഹുഷനെ കൂട്ടിക്കൊണ്ടു വരുവാനായി, സർവ്വശോഭനങ്ങളും ഉറപ്പുള്ള വിമാനത്തോടുകൂടി സാരഥിയായ മാതലിയെ നിയോഗിച്ചയച്ചു.

മാതലി നഹുഷപുത്രന്റെ അടുക്കൽ വന്നെത്തി. നാഹുഷൻ ആകാശത്തു ചന്ദ്രനെന്നപോലെ, വാണുകൊണ്ടിരിക്കുന്നതിന്റെ സഭയിൽ എഴുന്നള്ളിയിരിക്കയായിരുന്നു. ആ സത്യശ്ലോകനായ മഹാരാജാവിനോടു ദേവേന്ദ്രസാരഥി പറഞ്ഞു:—'രാജാവേ, അങ്ങയുടെ അടുക്ക

Digitized By Kerala Sahitya Akademi

ലോകപാലകരോടുകൂടിയിരുന്നുകൊണ്ട് ഞാൻ. വിണ്ണവപ്പെരുമാൻ അരുളിച്ചെയ്യുന്നതെല്ലാം പ്രീതിയോടെ കേട്ടാലും: ഭവാൻ തീർച്ചയായും ഇപ്പോൾതന്നെ, രാജ്യം പുത്രനെ ഏല്പിച്ചു തന്റെ ചിന്തയും കഴിച്ചു്, ഇന്ദ്രലോകത്തെയ്ക്കു പോരണം. നഹുഷനന്ദനനു, തേജസ്സേറിയ ഇളൻ എന്നരാജാവും പുരുരവസ്സും പ്രതാപശാലിയായ വിപ്രചിത്തിയും ശിബിയും ഇക്ഷ്വാകുവംശജനായ മനുവും സൽബുദ്ധിയായ സഗരനും അങ്ങയുടെ അച്ഛൻ നഹുഷനും കൃതജ്ഞനായ കൃതവീര്യനും മഹാമനസ്കനായ യയാതിയും രന്തിദേവനും യുവനാശ്വനും കാർത്തവീര്യാർജ്ജുനനും പലതരത്തിൽ യജ്ഞങ്ങളും ചെയ്തതിനാൽ സ്വർഗ്ഗത്തിൽ സുഖമായി വസിച്ചുപോരുന്നു; മറ്റു കരുത്തേറിയ യജ്വാക്കളായ മന്നവന്മാരും സുകർമ്മത്താൽ ഇന്ദ്രനൊന്നിച്ചു സ്വർഗ്ഗത്തിൽ വിഹരിക്കുന്നുണ്ടു്. അതുപോലെ, ഇപ്പോൾ ഭൂമിയിൽ സധർമ്മനിരതനായി വാഴുന്ന ഭവാനും അതിനോടുകൂടി സ്വർഗ്ഗലോകത്തിൽ സുഖിച്ചാലും.'

യയാതി:— എന്നെ ഇന്ദ്രന്റെ ദേവരാജ്യത്തെയ്ക്കു ക്ഷണിപ്പാൻ തക്ക വണ്ണം എന്തുകർമ്മമാണു് ഞാൻ ചെയ്തിട്ടുള്ളതു്. അതെല്ലാം ചുരുക്കിപ്പറഞ്ഞുതരിക.'

മാതലി:—'ഗുഹനന്ദനനേ, എൺപതിനായിരം സംവത്സരം ഭവാനയജ്ഞാദികർമ്മം ഭവാൻനടത്തിയിരിക്കുന്നു. ആ കർമ്മങ്ങളാൽ, ഇപ്പോൾ സ്വർഗ്ഗത്തിലേക്കുപോന്നു, സഹസ്രാക്ഷനുമായി സഖ്യംചെയ്യാലും. ഈ പാഞ്ചഭൌതികശരീരം ഭൂമിയിൽവെടിഞ്ഞു, ദിവ്യദേഹം പൂണ്ടു മനോരമങ്ങളായ ഭോഗങ്ങൾ ഭുജിച്ചുകൊള്ളുക. ഭൂമിയിൽ എത്രയെത്ര തപോയജ്ഞദാനങ്ങൾ ഭവാൻ ചെയ്തിട്ടുണ്ടോ, അത്രയത്ര സ്വർഗ്ഗഭോഗങ്ങൾ അങ്ങയെ കാത്തിരിയ്ക്കുന്നു.'

യയാതി:—'ഭൂലോകത്തു് ഏതു ദേഹം കൊണ്ടു സുകൃതമോ ദുഷ്കൃതമോ നേടുന്നുവോ, അതുവെടിഞ്ഞിട്ടുവേണമോ, പരലോകം അനുഭവിപ്പാൻ?'

മാതലി:—'ഔതികശരീരം ഏവിടെ നേടിയോ അതു് അവിടെത്തന്നെ വെടിഞ്ഞു ദിവ്യദേഹം പൂണ്ടിട്ടാണ് സ്വർഗ്ഗം പൂകുമാറുള്ളതു്. പാപമോ പുണ്യമോ നേടിയ മനുഷ്യരൊക്കെയും ആ ദേഹം വെടിഞ്ഞേ അധോലോകത്തേയ്ക്കോ സ്വർല്ലോകത്തേയ്ക്കോ പോകാപതിവുള്ളൂ.'

യയാതി:—'മാതലി, പാഞ്ചഭൌതികദേഹം കൊണ്ടു പുണ്യമോ പാപമോ ചെയ്ത മനുഷ്യർ മേല്പോട്ടോ കീഴ്പോട്ടോ പോകുവാൻ ദേഹം

Digitized By Kerala Sahitya Akademi

വെടിയണമെന്നാണെങ്കിൽ, പുണ്യവും പാപവും തമ്മിൽ വ്യത്യാസമെന്തുള്ളൂ? രണ്ടും ദേഹത്തെ വീഴിയ്ക്കുന്നു; യമ്മപുണ്യത്തിനു മാത്രമെച്ചവും ഞാൻ കാണുന്നില്ല. മനുഷ്യൻ യാതൊരു ശരീരം കൊണ്ടു സത്യധർമ്മാദിപുണ്യം സാധിയ്ക്കുന്നുവോ, അതിനെ എന്തിനു ത്യജിക്കണം? ദേഹം, ആത്മാവ് എന്നീ രണ്ടുപേർ മിത്രങ്ങളായിട്ടാണിരിയ്ക്കുന്നത്; ആത്മാവു മിത്രമായ ദേഹത്തെ തീച്ചയായും വിട്ടുപോകുന്നതാണ്.'

മാതലി:—'രാജാവേ, ഞാൻ പറഞ്ഞതു ശരിതന്നെ: ആത്മാവുദേഹത്തെവിട്ടു പോയ്ക്കളയും. ആത്മാവിനു് ഈ ദേഹത്തോടു സംബന്ധമൊന്നുമില്ല. പഞ്ചഭൂതികമായതു്, ജരപിടിപെട്ടു സന്ധികൾക്കു കെല്പില്ലാതായാൽ ജീവനെ ത്യജിപ്പാൻ നോക്കിത്തുടങ്ങും; ജരാഗ്രസ്തിതമായ ഇതിനുൾ സ്ഥിതിചെയ്വാൻ അവന്നും ആഗ്രഹമില്ലാതാവും. അങ്ങനെ തീരെ വശംകെട്ടിട്ടു് അവൻ ദേഹത്തെപ്പോഴും ഉപേക്ഷിയ്ക്കുതന്നെ ചെയ്യുന്നു. സത്യധർമ്മദാനങ്ങൾ, യമനിയമങ്ങൾ, അശ്വമേധാദിയാഗങ്ങൾ, തീർത്ഥസ്നാനം എന്നീപുണ്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ ജര ബാധിയ്ക്കുകയില്ല; പാപങ്ങൾ ചെയ്താൽ അയ്യോ ശരീരത്തെ വേവിക്കുതന്നെ ചെയ്യും.'

യയാതി:—'സൂതസത്തമ, ജര ഉണ്ടാവുന്നതും ദേഹത്തെ പീഡിപ്പിക്കുന്നതും മൃത്യുകൊണ്ടാകുന്നു, വിസ്തരിച്ചു പറയുക.'

മാതലി:—'രാജോത്തമ, കൊള്ളാം. ജര ശരീരത്തിൽ വന്നുകൂടുന്നതെങ്ങിനെ മൃത്യു ഞാൻ പറഞ്ഞുതരാം:

പഞ്ചഭൂതാത്മകവും പഞ്ചവിഷയങ്ങളാൽ പരിവൃതവുമാണ് ദേഹം. അതിനെ ആത്മാവു ത്യജിച്ചാൽ, അതു ദഹിപ്പിയ്ക്കപ്പെടുന്നു. തീ പിടിച്ചാൽ ആ സ്നിഗ്ദ്ധതകൊണ്ടു കത്തിജ്വലിപ്പാൻ തുടങ്ങും; അപ്പോൾ പുകപൊങ്ങുന്നു; പുകയിൽനിന്നു മേഘവും, മേഘത്തിൽനിന്നു ജലവും പുറപ്പെടുന്നു. ആ ജലത്താൽ ഭൂമി, ഒരു രജസ്വലസ്ത്രീ എന്നപോലെ ആർത്തവടയുന്നു; അതിൽനിന്നു ഗന്ധവും, ഗന്ധത്തിൽനിന്നു രസവും, രസത്തിൽനിന്നു് അന്നവും, അന്നത്തിൽനിന്നു ശുക്ലവും, ഉളവാകുന്നു. ശുക്ലത്തിൽനിന്നു ദേഹം ഉണ്ടാകുന്നു. പൃഥിവീമയം തന്നെയാണ് ദേഹം. പൃഥിവി ഗന്ധത്തെ ഉളവാക്കുകയും രസത്തോടുകൂടി സഞ്ചരിക്കുകയും ചെയ്യുന്നതുപ്രകാരമോ, അപ്രകാരം രസാധാരമായ ശരീരവും സദാ പരമ്പരെ സഞ്ചരിക്കുന്നു. അതിൽനിന്നു വീണ്ടും ഗന്ധവും,

Digitized By Kerala Sahitya Akademi

ഗന്ധത്തിൽനിന്നു രസവും പുറപ്പെടുന്നു; രസത്തിൽനിന്ന് അഗ്നി ജനിക്കുന്നു. മരത്തിൽനിന്നുണ്ടായ തീ വീണ്ടും മരത്തെ ജ്വലിപ്പിക്കുന്നതുപോലെ, രസത്തിൽനിന്നു ദേഹമജ്ജത്തിലുണ്ടായ അഗ്നി ദേഹത്തിൽസഞ്ചരിച്ച് അതിനെ പോഷിപ്പിക്കുന്നു. രസത്തിന് അധികമുള്ളപ്പോൾ, ജീവി ആരോഗ്യവാനായിരിക്കും. അഗ്നി അപ്രകാരം സമമിച്ചിട്ടു വിശപ്പായിത്തീരുന്നു; തീവ്രമായിത്തീർന്ന അഗ്നിക്ക് അന്നപാനങ്ങൾ അത്യാവശ്യങ്ങളായി വരുന്നു.

അന്നപാനങ്ങളാണ് അഗ്നിക്ക് പ്രധാനാഹാരം. അഗ്നി രക്തത്തിലും ശുക്ലത്തിലും വ്യാപിക്കുമ്പോൾ സർവ്വദേഹനാശനമായ ക്ഷയരോഗം പിടിപെടുന്നു. രസം അധികമായി ഏറിയാൽ അഗ്നികെട്ടുപോകും; രസപീഡിതമായ അഗ്നിയെ ജ്വരമായിച്ചമയുന്നു. ആ അഗ്നി പിൻകഴുത്തിലും അരക്കെട്ടിലും ദേഹത്തിലെ എല്ലാ സന്ധികളിലും മാറ്റൊലിയുണ്ടാക്കും. അപ്പോൾ ദേഹത്തിൽ ചൂടുപുറപ്പെടുന്നു. പ്രകൃതിസ്ഥമായ രസം പ്രവൃദ്ധമായ അഗ്നിയെ വ്യാപിച്ചു വളരുകയും, ദേഹത്തെ പോഷിപ്പിയ്ക്കുകയും ബലമായിച്ചമയുകയുംചെയ്യുന്നു; അങ്ങിനെ വർദ്ധിച്ച രസം വീണ്ടുത്താൽ മജ്ജാദികളെ ജ്വലിപ്പിക്കും. അതുനിമിത്തം കാമം ഉണ്ടായിവരുന്നു, മനുഷ്യനുസന്തോഷം ഉളവാക്കുന്നു. ബലത്തെനശിപ്പിയ്ക്കുന്നതുമായ ഈ കാമാഗ്നി: മൈഥുനപ്രസക്തിയാൽ ദേഹം ക്ഷയിച്ചുപോകുന്നു. കാമാഗ്നിപീഡിതൻ സ്ത്രീകളുടെ കൈ പിടിക്കയായി; മൈഥുനമോ, മെയ്ക്കരുത്തും മജ്ജാതേജസ്സും വരുത്തുന്നു; ദേഹത്തിന്റെ തേജസ്സിനേയും ബലത്തിനേയും കെടുക്കുകയുംചെയ്യുന്നു.

['ആ കാമാഗ്നി ദേഹത്തിലെ രക്തത്തിലും ശുക്ലത്തിലും വ്യാപിക്കുന്നു; അതിനാൽ രക്തശുക്ലങ്ങൾ നശിച്ചു ദേഹം ശൂന്യമാവുകയും തന്മൂലം വായു ദോഷം വർദ്ധിച്ചു രോഗമായിപ്പുറപ്പെടുകയും ചെയ്യുന്നു. അപ്പോൾ മനുഷ്യൻ നിറംകെട്ടു ദുഃഖസന്തപ്തനായി ശൂന്യചിത്തനായിത്തീരുന്നു.] കാമാഗ്നി പിടിപെട്ടവൻ കണ്ടിട്ടോ കേട്ടിട്ടോ ഉള്ള സ്ത്രീയെത്തന്നെ ചിന്തിച്ചുകൊണ്ടു പുറിയലയുകയായി; മനസ്സിലെ കൊതിമൂലം മതിവരികയില്ലതാനും. അവരെ ചിന്തയാൽ ഇടയ്ക്കു രാജോഹീനനും ഇടയ്ക്കു രാജോയുക്തനുമായിത്തീരുന്നു. മാംസരക്തക്ഷയത്താൽ കാമിയുടെ ബലനാശം പറയുമ്പോൾ കാമാഗ്നിപീഡിതമായ കളേബരത്തിൽ, ജ്വരം വന്നുകൂടുന്നു. അങ്ങിനെ വൃദ്ധനായാലും അവനു കാമം നാൾക്കുനാൾ ഏറിവരും. വാർദ്ധക്യം പുക്കവനു എഴുപതോളം സ്ത്രീ

Digitized By Kerala Sahitya Akademi

സംഗച്ഛ വർദ്ധിയുന്നവോ, അതുതോളം തേജസ്സു ക്ഷയിയുന്നു; അതിനാൽ തീർച്ചയായും നാശകരമത്രേ കാമം. അതു് ഒടുവിൽ പ്രാണികൾക്കന്തകനായ മൃത്യുരജ്ജുവായിത്തീരുന്നു: ആ പനിപിടിച്ച ചാമ്പരങ്ങളൊക്കെയും വളരെ വളരെ കഷ്ടപ്പെട്ട് അവതിയടഞ്ഞുപോകുന്നു. നരേശ്വര, ഇങ്ങിനെയാണ് ജര ഉണ്ടായിവരുന്നതു്. ഇനിയെന്താണ് ഞാൻ പറഞ്ഞുതരേണ്ടതു്?

ഇതു കേട്ടിട്ടു മഹാരാജാവു മാതലിയോടു ചോദിച്ചു:—

സ്ത്രീപർവ്വമഹാപുരാണം, ഭൂമിഖണ്ഡം, പിതൃനിർണ്ണയകരണം,
യയാതിവിജയസംവാദം, സുകർമ്മചരിതം, യയാതിചരിതാരംഭം
അഞ്ചപഞ്ചാശദധ്യായം.

—— (൦)——

അറുപത്തഞ്ചാമദ്ധ്യായം.

യയാതി:—'മാതലി, ദേഹമല്ലേ, ധർമ്മങ്ങളെ പാലിയുന്നതു്; എന്നിട്ടും ഇതു് ആത്മാവിനോടൊപ്പം സ്വർഗ്ഗത്തിലേയ്ക്കു പോകുന്നില്ലല്ലോ. അതിനെന്താണ് കാരണം?'

മാതലി:—'പഞ്ചഭൂതങ്ങൾക്കു് ആത്മാവിനോടു സാധർമ്മ്യമുണ്ടാകില്ല—അവയെല്ലാംകൂടി എന്നും ശരീരത്തിൽ മേൽനിൽക്കുകയില്ല. ജരപിടിപെട്ടാൽ ഓരോന്നും സ്വസ്ഥാനങ്ങളെ പ്രാപിക്കും. രാജാവു പൃഥിവി രസായികയേയും; അന്തിന്ന രസങ്ങളെത്തൊൽ പുളിപ്പുവരും; അന്തിങ്കൽ എരിവും ചൂടുമായി ഭവിയുണ്ടാക്കും; പുറകേ പൊങ്ങും. ഞരമ്പുകളെല്ലാം ദേഹത്തിൽ പൊറി, മുഴ മുതലായവ വന്നുകൂടുന്നു. അന്തിനെ കൃമികൾ പിളർത്തുകയും ചെയ്യുന്നു. [പീഡാകരമായ ഇൽമം പൊട്ടുന്നാകുമിയുന്നു. ഈവക ദോഷങ്ങളുള്ള ശരീരം എങ്ങിനെയാണ് പ്രാണനോടുകൂടി സ്വർഗ്ഗം പൂകുക?] ദേഹം പൃഥിവീമയവും തത്തുല്യവുമാകുന്നു. അതു പൃഥിവിയെ പ്പോലിരിക്കയല്ലാതെ, സ്വർഗ്ഗം പൂകുന്നതല്ല. ഇങ്ങിനെ ശരീരത്തിനർഹമായ ദോഷങ്ങളെല്ലാം ഞാൻ അങ്ങയോടു പറഞ്ഞു.'

സ്ത്രീപർവ്വമഹാപുരാണം, ഭൂമിഖണ്ഡം, പിതൃനിർണ്ണയകരണം, യയാതിവിജയസംവാദം, സുകർമ്മചരിതം, യയാതിചരിതാരംഭം സമാപ്തം
അറുപത്തഞ്ചാമദ്ധ്യായം.

—— (൦) ——

Digitized By Kerala Sahitya Akademi

അഷ്ടചത്വാരിംശത്തമധ്യായം

യയാതി:—'മാതലി, പാപം ചെയ്താലും പുണ്യം ചെയ്താലും ദേഹം വീണ്ടുപോകുന്നു! പിന്നെ പുണ്യത്തിനെന്താണ് വ്യത്യാസം? അതുകൊണ്ടു, രണ്ടാമതൊരു ദിവ്യശരീരം ഉണ്ടാകുന്നതെങ്ങിനെ? അതു വിസ്തരിച്ചു പറയുക.'

മാതലി: —'അധർമ്മം മാത്രം ചെയ്ത നരകാർഹന്മാർക്കു ക്ഷണനേരത്താൽ ക്ലേശാത്മകമായ ശരീരം ഉണ്ടായ്വരുന്നു. ധർമ്മംമാത്രം ചെയ്ത സ്വർഗ്ഗാർഹന്മാർക്കാകട്ടെ, ക്ലേശരാഹിത്യാത്മകമായ ദിവ്യശരീരം ഉണ്ടായിവരുന്നു. സമ്മിശ്രമായ കർമ്മത്താൽ ഉണ്ടാകുന്ന ശരീരങ്ങൾ നാലുതരത്തിലുണ്ട്: പുഴു, പാമ്പു മുതലായ സ്വേദജങ്ങൾ; കൃമി കീടശലഭാദികളാകുന്ന സേദജങ്ങൾ; പക്ഷി മത്സ്യാദികളാകുന്ന അണ്ഡജങ്ങൾ; മനുഷ്യന്മാൽക്കാലികളുമാകുന്ന ജരായുജങ്ങൾ.

മഴയേറ്റു് ഊറി പുറപ്പെട്ടു് അനിലാദ്യന്മാതമായ ഭൂമി, ഉഴുതു സികതമായ സ്ത്രീയോനി എന്നപോലെ, ക്ഷേത്രത്തിൽ (വയലിൽ) ബീജത്തെ ഉരുക്കൊള്ളുന്നു; അതു പിന്നു് ആവിയാൽ മുളയായി ചേരുന്നു; വേരിൽനിന്നു മുളയും, മുളയിൽനിന്നു ഇലയും, ഇലയിൽനിന്നു തണ്ടും, തണ്ടിൽനിന്നു തടിയും, തടിയിൽനിന്നു കതിരും, കതിരിൽനിന്നു പാലും, പാലിൽനിന്നു തണ്ഡുലവും ഉണ്ടാകുന്നു; തണ്ഡുലം വിളഞ്ഞാൽ ഓഷധികളാകുന്നു. ഈ ഫലപാകാന്തങ്ങളായ ഓഷധികളിൽ യവശാല്യാദി പതിനേഴിനം ശ്രൌതവും, ബാക്കിയുള്ളവ ക്ഷുദ്രങ്ങളുമത്രേ. ഇവ കൊയ്തു മെതിച്ചു് മുറം മുതൽ മുതലായവകൊണ്ടു വെടുപ്പാക്കി, പാത്രത്തിലിട്ടു വെള്ളവും തീയുംകൊണ്ടു പാകം ചെയ്താൽ, ഭക്ഷ്യം- ഭോജ്യം- പേയം- ലേഹ്യം- പോഷ്യം- മെന്നിങ്ങിനെ അന്നം പലതരത്തിലായിത്തീരുന്നു; നമുക്കുള്ള പരമ്പരായോഗത്താൽ മധുരാദിഷഡ്രസങ്ങളെ വഹിക്കുകയും ചെയ്യുന്നു. ദേഹികളാൽ പിണ്ഡകബളഗ്രാസങ്ങളായി ഭക്ഷിക്കപ്പെട്ട ആ അന്നം ക്രമേണ അകത്തു ചെന്നു പ്രാണനെ നിലനിർത്തുന്നു.

ആ പ്രാണവായു ഭുജിക്കപ്പെട്ട അന്നാദികളെ, അന്നമയാദിയിൽ പ്രവേശിച്ചു പചിപ്പിച്ചു വേർതിരിക്കുന്നു: വെള്ളത്തെ അഗ്നിക്കു മീതെയും, അന്നത്തെ വെള്ളത്തിൻമീതെയും നിർത്തി, വെള്ളത്തിൻ

Digitized By Kerala Sahitya Akademi

ചുവട്ടിലെ ഉദരാഗ്നിയെ ചതുരക്ക ഉയർത്തിക്കത്തിക്കുന്നു; അപ്പോൾ അവ ള്ളം തിളയ്ക്കുകയും, ആ തിളച്ചവെള്ളത്താൽ അന്നംമുഴുവൻ വീണ്ടും പാകപ്പെട്ടുകയും ചെയ്യുന്നു; പാകപ്പെട്ട അന്നം രണ്ടായി— കിട്ടമായും രസമായും വേർതിരിയുന്നു. കിട്ടം കണ്ണ്, മൂക്ക്, നാസിക, ചെവി, തൊലി, നഖം, രോമം എന്നിവയുടെ അഴുക്കായും കഫം, സ്വേദം, മലം, മൂത്രം എന്നിവയായും— ഇങ്ങിനെ പതിനാലായി— പുറത്തേയ്ക്കു പോകുന്നു; രസത്തെയാകട്ടെ, പ്രാണൻ നാഡികളുടെയെല്ലാം മുഖത്തിൽ സൂക്ഷ്മമായി വെച്ച്, അവയെ നിറയ്ക്കുന്നു. ആ നിറഞ്ഞ നാഡികൾ ദേഹത്തെയെല്ലാം പോഷിപ്പിക്കുന്നു. നാഡികളുടെ ഇടയിൽ ചെന്നുചേർന്ന രസം (സത്ത്) വീണ്ടും ശരീരത്തിലെ ചൂടിനാൽ പചിപ്പിക്കപ്പെടുന്നു. രസത്തിൽനിന്നു രക്തവും, രക്തത്തിൽനിന്നു മാംസവും, മാംസത്തിൽനിന്നു മേദസ്സും, മേദസ്സിൽനിന്ന് അസ്ഥിയും, അസ്ഥിയിൽനിന്നു മജ്ജയും, മജ്ജയിൽനിന്നു ദേഹോല്പാദകമായ ശുക്ലവും ഉണ്ടാകുന്നു.

ഇങ്ങിനെ അന്നം ശുക്ലമായി പരിണമിയ്ക്കുന്നു; ശുക്ലത്തിൽനിന്നു ശരീരം ഉണ്ടാകുന്നു: ജന്തുകാലത്തു സ്ത്രീയോനിയിൽ ചെന്നു പോറ്റി നിർദ്ദോഷമായ ശുക്ലം വായുസ്പർശത്താൽ ആർത്തവത്തോടു് ഐക്യമടയുന്നു. ശുക്ലവിസർജ്ജനത്തോടൊപ്പം, സ്വകർമ്മപ്രേരിതനായ ജീവൻ യോനിയിൽ പ്രവേശിയ്ക്കും. ഒന്നാമത്തെന്ന ശുക്ലരക്തങ്ങൾ ഒരുദിവസം കൊണ്ടു കലലമാകും; കലലം അഞ്ചുനാൾകൊണ്ടു ബുദ്ബുദമാകും. ഒരുമാസംകൊണ്ടു കഴുത്ത്, ശിരസ്സ്, ചുമൽ, നട്ടെല്ല്, വയർ എന്നീ അഞ്ചംഗങ്ങൾ ഉണ്ടാകും; കൈകൾ, കാലുകൾ, പാർശ്വങ്ങൾ, അരക്കെട്ട്, ഉടൽ എന്നിവയെല്ലാം ക്രമേണ രണ്ടുമാസംകൊണ്ടുണ്ടാകും; [മൂന്നുമാസംകൊണ്ടു് അംഗരങ്ങൾ ഉണ്ടാകും; നാലുമാസംകൊണ്ടു വിരൽമുതലായതും.] അഞ്ചുമാസംകൊണ്ടു മുഖനാസാകർണ്ണങ്ങളും ദന്തപംക്തിയും നാവും നഖങ്ങളുമുണ്ടാകും; ആറുമാസത്തിനിടയിൽ കണ്ണുസൂക്ഷ്മം, മലദ്വാരം, ഗുഹ്യം എന്നിവയും, ഏഴുമാസംകൊണ്ടു സന്ധികളും ഉണ്ടാകും; എട്ടാംമാസത്തിൽ അവയവങ്ങൾ വേർതിരിഞ്ഞു ശരീരം പൂർണ്ണവും സ്പഷ്ടവുമായി ഭവിയ്ക്കും; തലയിൽ രോമവും മുളയ്ക്കും.

പാപ്പരെയെതിർക്കേഹം പുണ്ട ആജീവനെ, നാരീതോന്നും അമ്മയുടെ ഷഡ്രസവത്തായ ആഹാരത്തിന്റെ വിയ്യും മെപ്പോക്കിരുക്കൊടിയിലൂടെ ചെന്നു പോറ്റിവളർത്തുന്നു. ശരീരം പൂർണ്ണമായാൽ അവനു്

Digitized By Kerala Sahitya Akademi

ബുദ്ധിയെയുണ്ടാക്കും. സുഖദുഃഖങ്ങളും മുൻജന്മങ്ങളിലെ കർമ്മവും അറിയാറാകും. 'മരിച്ചുതാൻ വീണ്ടും ജനിച്ചു; ജനിച്ച ഞാൻ വീണ്ടുംമരിച്ചു. ഞാൻ പലവുരു പലതരം യോനികളിൽ പുകിയിരിക്കുന്നു. ഇക്കുറി, ജനിച്ചു സംസ്കാരങ്ങളാൽ ചെയ്തുപോയ കഴിഞ്ഞാലപ്പോകം, വീണ്ടും ഗർഭവേദം പാറാതിരിപ്പാൻ വേണ്ടതു ഞാൻ ചെയ്യും. ഞാൻ ഗർഭത്തിൽ നിന്നു പുറത്തായാൽ സംസാരമോചനത്തിനുള്ള മഹാജ്ഞാനം സമ്പാദിയ്ക്കും'. എന്നുറച്ചിരിയ്ക്കും ഗർഭസ്ഥിതന്റെ വിചാരം. കർമ്മവശാൽ ഗർഭം പുക്ക വല്ലാതെ കഷ്ടപ്പെടുന്ന ആ ജീവൻ എപ്പോഴും മോക്ഷോപായം ചിന്തിച്ചുകൊണ്ടിരിയ്ക്കും.

മന്ത പാവ്തയിൽ അകപ്പെട്ടവനുള്ള സങ്കടത്തോടു കൂടിയാണ് ജീവൻ ഗർഭത്തിൽ വസിയ്ക്കുന്നതു്. ഗർഭജലത്തിൽ ദേഹം നനഞ്ഞ അവൻ, സമുദ്രത്തിൽ വീണുപോയാലെന്നപോലെ വശംകെട്ട വലയുന്നു. കരളെ ലോകകാരണത്തിലിട്ട തീകൊണ്ടു വറുക്കുന്നതെപ്രകാരമോ, അപ്രകാരം ഗർഭക്ലേശത്തിലെ ജീവൻ ജഠരാഗ്നിയാൽ വറുക്കപ്പെടുന്നു. തിയ്യിൽ പഴുപ്പിച്ച സൂചികൊണ്ടു ഇടവിടാതെ കുത്തിയാലുള്ള സങ്കടത്തിന്റെഎട്ടിരട്ടിയുണ്ടാകും ഗർഭസ്ഥന്നു്! ഗർഭവാസത്തെക്കാൾ കഷ്ടമായ മറ്റു വാസം എങ്ങുമില്ല. ഈ അതിഘോരമായ ഗർഭദുഃഖം ചരാചരങ്ങൾക്കൊക്കെയും സഹജമാണെന്നുപമയിട്ടു സംവേദിയ്ക്കുന്നതാണു്.

ജനിയ്ക്കുമ്പോഴത്തെ സങ്കടമോ കോടിമടങ്ങും: യോനിയിൽ ഇടുങ്ങി, പാപമുൾഗർഭത്താൽ കരിയെന്നപോലെ മർദ്ദനപ്പെട്ടുകൊണ്ടു കഷ്ടത്തോടെ പുറത്തേയ്ക്കു പോരുന്ന ജീവന്റെ സംകടം വളരെ വമ്പിച്ചുതാണു്; രക്ഷയില്ലുതാനും! യന്ത്രത്തിലിട്ട ഞെക്കുന്ന കരിമ്പുപോലെ, യോനിയന്ത്രനിപീഡിതമായിട്ടത്രേ ദേഹം താഴെ വീഴുന്നതു്!! അസ്ഥികളാകുന്ന തൂണുകളും, പെരുന്തോലുകളാകുന്ന കെട്ടുകളും, രക്തമാംസവസകളാകുന്ന ലേപനം, പല്ലും നാവുമാകുന്ന തഴപ്പുകളുള്ള പുണ്ണുകളാകുന്ന രണ്ടു വാതിലുകളോടു കൂടിയ വായയാകുന്ന മഹാദ്വാരം, എട്ടു ജനലുകളാകുന്നിവയോടു കൂടിയതും, കേശലോമനഖങ്ങളാകുന്ന മേഞ്ഞതും, വിയർപ്പാകുന്ന കൊഴുപ്പുള്ളതും മലമൂത്രങ്ങളാകുന്ന സാമാനങ്ങൾ നിറഞ്ഞതുമായ കഷ്ട രോഗമന്ദിരമാകുന്ന, കഫപിത്ത വ്യാപ്തമായ ശരീരം. അതു ജരാരോഗകാമക്രോധരാഗദ്വേഷസമാക്രാ

Digitized By Kerala Sahitya Akademi

ന്തമായി ഭോഗതൃഷ്ണാതുരമായി വാതപീഡിതമായി കാലവക്ത്രാഗ്നിയിൽ സ്ഥിതിചെയ്യുന്നു! ജരായുവേഷ്ടിതവും, ഇടുങ്ങിയ അശുചിയോനിയിലൂടേ പുറത്തേയ്ക്കുവന്നതുമായ ഈ ശരീരത്തിന്മേൽ അറുകോടങ്ങളും മുന്നൂററുപതു് അസ്ഥികളും അഞ്ഞൂറു പേശികളുമുണ്ടായിരിക്കും; രോമങ്ങളും, സൂക്ഷ്മങ്ങളായ നാഡികളും മൂന്നരക്കോടിവീതമത്രെ; പല്ലു മുപ്പത്തിരണ്ടു്; നഖം ഇരുപത്; പിത്തം നാഴി; കഫം രണ്ടിടങ്ങഴി; വസ ഇരുപതു പലം; കലലം പത്തുപലം; വാതം കോടിപ്പലം; മേദസ്സു് പത്തുപലം; മഹാരക്തം മൂന്നുപലം; മജ്ജ അതിൽനാലിലൊട്ടി; ശുക്ലം ഉരി; ബലം ഒഴക്കു്; മാംസം നൂറിരുപലം; രക്തം നൂറുപലം; മലമൂത്രങ്ങൾക്കു കണക്കില്ല.

ഇങ്ങിനെയുള്ള അശുചിമയമായ ദേഹാഭിമാനം വിശുദ്ധനായ ആത്മാവിനു പാർശ്വവർത്തിയുടെ കർമ്മബന്ധത്താൽ നിർമ്മിക്കപ്പെട്ടതാണു്! [ശുക്ലശോണിതയോഗത്താലുണ്ടാകുന്നതും മലമൂത്രങ്ങൾ നിറഞ്ഞതുമായ ശരീരം തീരേ അശുദ്ധം തന്നേ: ഉള്ളിൽമലം നിറച്ചുകൊണ്ടു പുറമേയും അശുദ്ധം തന്നെയല്ലയോ?] പഞ്ചഗവ്യം കൊണ്ടു കഴുകിയാലും ദേഹം ശുദ്ധമാകയില്ല. പഞ്ചഗവ്യം, പരിശുദ്ധമായ ഹവിസ്സു് എന്നിവപോലും ഏതിനെയാണു സ്പർശിച്ചാൽ ക്ഷണേന അശുദ്ധിപ്പെടുന്നുവോ, അതിനേക്കാൾ അശുദ്ധമായി മറ്റെന്തുള്ളു? [മൃദ്വന്നങ്ങളും സുരഭിലങ്ങളുമായ അന്നപാനങ്ങൾ കൂടി ഏതിനെ സ്പർശിച്ചാൽ ക്ഷണേന അശുദ്ധിപ്പെടുന്നുവോ, അതിനേക്കാൾ അശുദ്ധമായി മറ്റെന്തുള്ളു?] അല്ലയോ മനുഷ്യരെ ദേഹത്തിൽ നിന്നു പ്രതിദിനം ഉദ്ഗമിക്കുന്ന മലം പുറപ്പെടുന്നതു നിങ്ങൾ കണ്ടറിഞ്ഞില്ലയോ? അതിനേറെ ഇരിപ്പിടമായ ദേഹം എങ്ങിനെ ശുചിയാകും? പഞ്ചഗവ്യം, ഭർജ്ജലം എന്നിവകൊണ്ടു കഴുകിയാലും ശരീരം, ചാണകം വെയ്ക്കുന്ന കരിക്കട്ടപോലെ, നിർമ്മലത്വം നേടുകയില്ല. ക്ഷണംപ്രതി കഫമൂത്രാദിയെ ഒഴുക്കുന്ന സ്രോതസ്സുകളോടുകൂടിയ അന്യന്തമശുദ്ധമായ ശരീരത്തിന്നു് എങ്ങിനെ ശുദ്ധിവരും? എല്ലാ അശുദ്ധികളും ചേർന്ന ശരീരത്തിൽ ശുദ്ധിമത്തായിട്ടു് ഒരു ഭോഗവുമില്ല. ദേഹത്തിലെ സ്രോതസ്സുകൾ തൊട്ടുപോയാൽ ആ കയ്യിനെ മണ്ണും വെള്ളവും കൊണ്ടു ശുദ്ധിപ്പെടുത്തണം; അതു അശുചികരം ചേർന്നെങ്കിലും ദേഹത്തിൽ അളുകുത്തുക വിരക്തി തോന്നുന്നില്ലല്ലോ! അകിൽപുകയും മറ്റുമേല്പിച്ചാലും ശരീരത്തിന്റെ സ്വഭാവം മാറുകയില്ല: നായ്വാലിന്റെ വളവുണ്ടോ തീരുന്നു? സ്വർണ്ണത്തെ കറുത്ത അട്ടിൻതോലുകൊണ്ടു മൂടിയാൽ തിളക്കം വെളുക്കുകയില്ല; അ

Digitized By Kerala Sahitya Akademi

തുപോലെ, വെട്ടുപ്പ് വഞ്ചിയാലും ദേഹം നിർമ്മലമാകുന്നതല്ല. തന്റെ ദുർഗന്ധം തന്റെ നാസികയെ പീഡിപ്പിക്കുന്നു; തന്റെ മല ത്തെ താൻ കാണുന്നു; എന്നിട്ടും തൊലിക്കറുപ്പ് വരുന്നില്ല! അഹോ, അജ്ഞാനത്തിന്റെ മഹിമ: തന്റെ ദേഹത്തിലെ ദോഷങ്ങളെ ഗ്രഹിച്ചിട്ടും കണ്ടിട്ടും ലോകം വിരക്തിയടയുന്നില്ലല്ലോ! സ്വദേഹത്തിലെ ദുർഗ്ഗന്ധം മതി, മനുഷ്യനു വിരക്തിവരാൻ; പിന്നെവിരക്തിക്കു വേറെ കാരണം അവനോടുപദേശിപ്പാനുണ്ടോ? ലോകത്തെല്ലാം പരിശുദ്ധമാണു; ദേഹമെ ജന്മനാ അശുദ്ധമായിട്ടുള്ളൂ. അവയവം തൊട്ടാൽ ശുചിയും അശുചിയായിപ്പോകും!

ദേഹത്തിനെ നാറ്റവും അഴുക്കും നീങ്ങാനാണല്ലോ ശൌചം. അവ നീങ്ങിയാൽ പോരാ; മനഃശുദ്ധിയുണ്ടെങ്കിലേ ശുദ്ധിവരൂ. എല്ലാ ഗംഗാജലംകൊണ്ടും കഴുകിയാലും, വളരെവളരെ മണ്ണുകൊണ്ടു ലേപനം ചെയ്താലും, ഉണ്ടദേഹനായ മനുഷ്യൻ, മനസ്സു ശുദ്ധിചെയ്തില്ലെങ്കിൽ, ശുദ്ധനാവുകയില്ല. തീർത്ഥസ്നാനം കൊണ്ടോ തപസ്സുകൊണ്ടോ ഉണ്ടാകുന്ന ശുദ്ധിവരല്ല. ദേഹം തീർത്ഥത്തിൽ കഴുകിയാൽ ശുദ്ധിപ്പെടുന്നതല്ല. അകം ശുദ്ധിചെയ്തവൻ അഗ്നിയിൽ ചാടിയാലും സ്വർഗ്ഗാപവർഗ്ഗങ്ങൾ ലഭിക്കുകയില്ല; ദേഹശുദ്ധിമാത്രം! മനഃശുദ്ധിയത്രേ എല്ലാകർമ്മങ്ങളിലും പ്രധാനമായ ശൌചം: ഭാര്യയെ പുണരുന്നതു വേറെ; മകളെ പുണരുന്നതു വേറെ ഓരോ വസ്തുവിലും മനോവൃത്തി വ്യത്യാസപ്പെടുത്തിയുണ്ടു. വേറെവേറെ തരത്തിലാണല്ലോ പുത്രനേയും ഭാര്യാവിനേയും സ്നേഹിയ്ക്കുന്നതു. മഹാഭോഗ, മനംപോലെ മംഗല്യം. ഉപേക്ഷിക്കപ്പെട്ട ഭാര്യ കാമിക്കാതായിത്തീരുന്നു; മനസ്സുമാറ്റമില്ലാത്തവൻ എല്ലാ അമൃതമായ ഭോജ്യങ്ങളേയും പോലും ഭുജിയ്ക്കുകയില്ല. അതിനാൽ എല്ലാറ്റിനും പ്രമാണം മനസ്സാണു.

മുങ്ങിനനയുകിലും അകം ശുദ്ധപ്പെടുത്തുക; പുറം വെട്ടുപ്പാക്കിയിട്ടെന്തുവേണ്ടു? മനഃശുദ്ധിവന്നവനെ സ്വർഗ്ഗവും മോക്ഷവും കിട്ടും. അജ്ഞാനമാകുന്ന നിർമ്മലജലവും വൈരാഗ്യമാകുന്ന നല്ലമണ്ണും ഉപയോഗിച്ചു മനുഷ്യൻ അജ്ഞാനവും രാഗവുമാകുന്ന മലമൂത്രലേപം നീക്കണം. ഈ ശരീരം പ്രകൃത്യാ അശുദ്ധവും, അധ്യാത്മമാകുന്ന സാരത്തൊട്ടുകിടയുള്ള സ്വർഗ്ഗപ്രദോനിസ്സാരവും, വഴിയുടെ കാതൽ പോലുള്ളതുമത്രേ; ദേഹത്തിന്റെ ഈ ദോഷം മനസ്സിലാക്കിയിട്ട് അതിൽ സക്തി വിട്ടുന്നതാരോ, അവൻ സംസാരത്തെ പിന്നിട്ടു സ്ഥിരമായുള്ള തിനെപിടിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ജനനത്തിലെ വമ്പിച്ച കഷ്ടപ്പാട് പറഞ്ഞുവല്ലോ. യോനിയന്ത്രത്തിൽ ഇടുങ്ങി, ദുഃഖത്താൽ മയങ്ങി ഭൂമിയിലേയ്ക്കു വീഴുന്നതോടുകൂടി, മനുഷ്യന്റെ ഗർഭത്തിലിരിക്കെ ഉണ്ടായിരുന്ന വിചാരം, അജ്ഞാനത്താലും കർമ്മങ്ങളാലും നശിച്ചുപോകുന്നു. പുറമേയുള്ള കാറ്റു തട്ടുന്ന മാത്രയിൽ ഒരു ഘോരമായ ജ്വരം അവനെ ബാധിക്കുന്നു; ആ മഹാജ്വരത്താൽ വമ്പിച്ച അന്ധാളിത്തവും, അന്ധാളിത്തത്താൽ മറവിയും വന്നുകൂടുന്നു; മറവിമൂലം അതേജന്മത്തിൽ പൂർവവാസനയാലുള്ള രാഗം തികച്ചും ഉണ്ടായിവരുന്നു; രാഗത്താൽ മതിമറന്നിട്ട് അകൃത്യത്തിൽപ്പെട്ടുകയുംചെയ്യുന്നു. അവൻ തന്നെയും അന്യനേയും ഈശ്വരനേയും അറിയാതാകും; നല്ലതിനെ കേൾക്കില്ല; കണ്ണുണ്ടെങ്കിലും കാണുകയില്ല; നിരന്നവഴിയിൽ പതുക്കെ നടന്നാലും കൂടക്കൂടെ കാലിടറുന്ന മട്ടിലാകും; അഭിജ്ഞന്മാരാൽ ഉണർത്തപ്പെട്ടാലും ഉറക്കമുണരുകയില്ല. അതിനാൽ, ലോഭത്തിനു കീഴ്പെട്ടു സംസാരത്തിൽക്കിടന്നു വലയുകയായി!

ഗർഭത്തിലെ സ്മരണ പോയ്പോയാലും, ആ ദുഃഖം പറഞ്ഞുകൊടുപ്പാനായി, സ്വർഗ്ഗമോക്ഷങ്ങൾക്കുതകുന്ന ശാസ്ത്രം ശിവനാൽ നിർമ്മിക്കപ്പെട്ടിട്ടുണ്ടല്ലോ; ധർമ്മാർത്ഥകാമസാധകമായ അതു പഠിച്ചറിഞ്ഞിട്ടും മനുഷ്യൻ, തനിക്കു ശ്രേയസ്കരമായിട്ടുള്ളതു ചെയ്യുന്നില്ല. അതാണ് അത്യാശ്ചര്യം!

ബാല്യത്തിൽ, അപൂർണ്ണേന്ദ്രിയതയാൽ വീണ്ടും മഹാദുഃഖം തന്നെ: വല്ലതും പറവാനോ ചെയ്വാനോ തോന്നിയാൽ അതിനു ബാലൻ ശക്തനാവില്ല; എന്തിലും അജ്ഞാനം, പലതരം ബാല്യരോഗങ്ങൾ, ബാലഗ്രഹപീഡകൾ എന്നിവയാൽ വല്ലാതെ കഷ്ടപ്പെടുന്നു; പൈദാഹങ്ങൾ മൂഴുത്തു് എവിടെയെങ്കിലും നടക്കുന്നു, നിൽക്കുന്നു; അറിഞ്ഞുകൂടായ്കയാൽ മലമൂത്രങ്ങളിൽ മുഴുകുക കൂടി ചെയ്യുന്നു. കായ്കനി, അപ്പനമ്മമാരുടെതല്ല്, എഴുത്തും മറ്റും പഠിപ്പിക്കുന്ന ആശാന്റെ ശാസനം എന്നിവകൊണ്ടു കൊടുമരവും ദുഃഖമയം!

യൌവനത്തിലോ, കാമവും രാഗവും മൂലം ഇന്ദ്രിയങ്ങൾക്കു ലഹരി പിടിക്കുന്നു. എപ്പോഴും രാഗം മൂഴുത്തവന്നു സുഖം എവിടെ? ഈർഷ്യ, മോഹം, ക്രോധം എന്നിവയെക്കൊണ്ടു രാഗം വമ്പിച്ച ദുഃഖത്തെ ഉണ്ടാക്കിത്തീർക്കുന്നു. രാത്രിയിൽ കാമാഗ്നി താപത്താൽ ഉറക്കമില്ലാതാവും. പണംസമ്പാദിപ്പാനുള്ള ചിന്തയാൽപകലും സ്വസ്ഥതയില്ല.

Digitized By Kerala Sahitya Akademi

പുരുഷനു സുരതത്തിൽ ശുക്ലസ്രവത്തിനുശേഷം പുറപ്പെടുന്നതുകൊണ്ടു വല്ലതും സുഖം? അതു വിശദീകരിച്ചു പറയുന്നതിനൊപ്പം! പുഴുക്കടിയുള്ള കുഷ്ഠരോഗിക്കോ ചൊറി പിടിച്ചവനോ ചൊറിഞ്ഞാലുണ്ടാകുന്ന സുഖമേ സ്ത്രീസംഗത്താലുള്ളൂ. ധനാർജ്ജനചിന്തയാലുള്ളതിലധികം സുഖം സ്ത്രീയാലില്ല. അവൾ പുരുഷനു് ഒരു വേദനയാണു്; അവളെ വിട്ടാൽ മനസ്സിനു സുഖമായി. ആളിയിൽ സുഖം തന്നവർ തന്നെ അവസാനത്തിൽ മറിച്ചുവെക്കുന്നു!

വാർദ്ധക്യം വന്നാൽ പല ദുഃഖങ്ങളായി; ജരാപീഡയാൽ സ്വദേഹം മുൻകെട്ടിലല്ലാത്തതായി കണ്ടിട്ടും ആർക്കു വിരക്തി തോന്നുന്നില്ലേ, അവനെക്കാൾ മൂഢൻമാരാരുള്ളൂ? ജര പിടിപെട്ടവൻ ശേഷിക്കേടാൽ ഭാര്യാപുത്രാദികളുടേയും ഭൃത്യരുടേയും മുഷിച്ചിൽ സഹിക്കേണ്ടിവരുന്നു. ധർമ്മമോ അർത്ഥമോ കാമമോ മോക്ഷമോ സാധിപ്പാൻ വൃദ്ധൻ ആളാകയില്ല. അതിനാൽ യൌവനത്തിൽവേണം ധർമ്മം ചെയ്യുക. വാതപിത്തകഫാദികൾക്കു വിഷമതവന്നാൽ രോഗമായി. വാതാദിസമൂഹത്താലത്രേ ഈ ദേഹം നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. അതിനാൽ രോഗമയം തന്നെയാണ് ശരീരം. വാതപിത്താദികളുടെ വിഷമതയാൽ പലതരം വ്യാധികളും പിടിപെട്ട ദേഹി പലതരം ദുഃഖത്തിൽപതിക്കുന്നു; അതൊക്കെ സ്വാനുഭവൈകവേദ്യമെന്നല്ലാതെ മറ്റൊന്നുപറയട്ടേ!

മറ്റൊന്നു മൃത്യുക്കരം ഈ ദേഹത്തിലിരിപ്പുണ്ടു്: അവയിൽ ഒന്നു കാലമൃത്യുതന്നെ; ബാക്കിയുള്ളവ ആഗന്തുക്കളത്രേ. ആഗന്തുക്കരം മരുന്നുകൊണ്ടും ജപഹോമദാനങ്ങൾകൊണ്ടും ശമിക്കും; കാലമൃത്യു ശമിക്കുകയില്ല. കാലത്തിനു മുമ്പേ, വിഷത്താലും മറ്റും നേരിട്ടുന്ന മരണത്തെ അപമൃത്യു എന്നു പറയുന്നു. പലതരം വ്യാധികരം, പാമ്പുമുതലായ പ്രാണികരം, വിഷം, ആളിചാരം എന്നിവ മൃത്യുവിന്റെ ഉപരങ്ങളാകുന്നു. രോഗാദിപീഡിതനായ കാലഗതനെ ചികിത്സിപ്പാൻ സാക്ഷാൽ ധന്വന്തരിപോലും ശക്തനല്ല. മരുന്നാലോ മന്ത്രത്താലോ തപസാലോ ദാനത്താലോ ബന്ധുക്കളാലോ കാലപീഡിതനു രക്ഷ കിട്ടുന്നതല്ല; രസായനം, തപസ്സു്, യജ്ഞം, യോഗസിദ്ധി എന്നിവയാലൊന്നും ശമം കിട്ടാതെ അവൻ മരിക്കുതന്നെചെയ്യും! മരിച്ചാലോ, വീണ്ടും കർമ്മവശാൽ കോടി കോടി യോനികളിൽ പിറക്കയായി. കർമ്മക്ഷയത്തിൽ ഒരുദേഹത്തോടു വേർപെടുക എന്നതല്ലാതെ വാസ്തവത്തിൽ നശിക്കലല്ല മരണം. മഹത്തായ തത്ത്വസിദ്ധികളുള്ള

Digitized By Kerala Sahitya Akademi

മമ്മങ്ങളും നരകങ്ങളിലുള്ളതുപോലെ മരണമടയുന്നവൻ അനുഭവിക്കുന്ന ദുഃഖത്തിനു തുല്യമായിട്ടുള്ളതായ ലോകത്തിലൊന്നുമില്ല. അവൻ, 'അയ്യോ, അച്ഛ, അമ്മേ, പ്രിയേ!' എന്നിങ്ങിനെ പരമസങ്കടത്തോടെ നിലവിളിക്കും. പാമ്പു തവളയെ എന്നപോലെ, മൃത്യു ജഗത്തിനെ വിഴുങ്ങിക്കളയുന്നു!

ചുഴന്നുനിൽക്കുന്ന പ്രിയബന്ധുക്കൾ അവനെ വെടിയുകയായി. അവൻ ഭീർഘമായും ഉഷ്ണമായും ശ്വാസം വലിയ്ക്കുന്നു; വായ് വരളുന്നു; കിടക്കയിൽ ഉരുളുന്നു; ക്ഷീണിച്ചുകൊണ്ടു ബോധം കെടുന്നു; കൈകാലുകൾ അങ്ങോട്ടും ഇങ്ങോട്ടും എറിയുന്നു; കിടക്കയിൽ നിന്നു നിലത്തേയ്ക്കും നിലത്തുനിന്നു കിടക്കയിലേയ്ക്കും അവശനായി വീണ്ടും വീണ്ടും പതിയ്ക്കുന്നു; നാണം നീങ്ങിപ്പോകുന്നു; മലമൂത്രങ്ങൾ ദേഹത്തിൽ പുരളുന്നു; തൊണ്ടയും ചുണ്ടും അണ്ണാക്കും ഉണങ്ങുകയാൽ വെള്ളം ചോദിയ്ക്കുന്നു; 'ഞാൻ മരിച്ചാൽ ഇതാർക്കായിരിയ്ക്കും' എന്നു മുതലിനെപ്പറ്റി ചിന്തിക്കുന്നു; തൊണ്ടയിൽ കഫശ്വാസങ്ങൾ പുറപ്പെടുന്നു; ഊർദ്ധ്വശ്വാസം വലിയ്ക്കുന്ന ഉടനേ യമകിങ്കരന്മാർ കാലപാശം കൊണ്ടു കെട്ടിയിഴച്ചു കൊണ്ടുപോവുകയായി! ഇങ്ങിനെ ജീവൻ ഒരു ജന്മം കൊണ്ടു ദേഹത്തിൽ നിന്നു ദേഹത്തിലേയ്ക്കു പകരുന്നു—പൂർവ്വദേഹത്തെ വിട്ട് ഉത്തരദേഹം ഉപാദിയ്ക്കുന്നു. പ്രാണികൾക്കെല്ലാം പ്രകൃത്യാ ഉള്ളതാണ്, ഈ ദുഃഖമെല്ലാം. പക്ഷേ, നാലുദിവസംകൊണ്ട് ഇതെല്ലാം മറന്നുപോകുന്നു! അതിനാലത്രേ, മനുഷ്യർ ജനനത്തെക്കുറിച്ചു ദുഃഖിക്കാത്തതും വിരക്തിയടയാത്തതും.

അധികം ക്ഷീണിച്ചാൽ വലിയ ദുഃഖം; ക്ഷീണിക്കുമ്പോഴും മഹാദുഃഖം. ക്ഷീണങ്ങൾ തൊണ്ടപൊട്ടുന്നു. പിന്നെ, എവിടെയാണ് സുഖം? എല്ലാരോഗത്തിലും മീതെയായ ഒരു വ്യാധിയാണ് വിശപ്പ്: അതു തക്കമരുന്നുകൊണ്ടു ക്ഷണനേരത്തേയ്ക്കു തീർക്കുന്നു ക്ഷുത്തിനെക്കുന്ന രോഗത്താലുള്ള തീവ്രവേദന സർവ്വബലത്തേയും നശിപ്പിക്കുന്നു. അതു പിടിപെട്ടവൻ മറ്റുരോഗങ്ങളാലെന്നപോലെതന്നെ മരിച്ചുപോകും. അഹോരാത്രത്തിലും സുഖമെന്തുണ്ട്? നാക്കത്തിരിയ്ക്കുമ്പോഴോ മാത്രം; അതുനിമിഷംകൊണ്ടു തൊണ്ടയിലേയ്ക്കിറങ്ങുന്നതോടുകൂടി, കഴിഞ്ഞുതാനും! ക്ഷുത്താകുന്ന രോഗത്തിനുള്ള ഒരു മരുന്നുമാത്രമാണ് ഭക്ഷണം; അതു വാസ്തവത്തിൽ സുഖത്തിനുതകുമെന്ന് അജ്ഞന്മാർ വിചാരിച്ചുപോകുന്നു. ഇവനിതാ, എല്ലാ കായ്വും വിട്ടു മരിച്ചുകിടക്കുന്നു; അതിലും, വെളിവില്ലായ്കയാൽ സുഖമില്ല. വെളിവുള്ളപ്പോഴാകട്ടേ,

Digitized By Kerala Sahitya Akademi

കൃഷിവാണിജ്യഗോരക്ഷാസേവാദികൾക്കുള്ളിൽ കണ്ണിയ്ക്കുന്നവന്നേതാ
സുഖം? രാവിലെ മലമൂത്രങ്ങളാലും, മച്ചുയുള്ള ഭക്ഷണങ്ങളാലും,
വയർനിറഞ്ഞാൽ കാമത്താലും, രാത്രിയിൽ നിദ്രയാലും ദേഹികം
പീഡിപ്പിക്കപ്പെടുന്നു!

(കിളിപ്പാട്ട്—കാകളി)

വിത്തമുണ്ടാക്കുവാൻ ദുഃഖം, മുണ്ടാക്കിയാ-
ലുത്തരക്ഷിക്കുവാൻ ദുഃഖമതിൻവിധം;
നാശം വരിക്കുകിൽ ദുഃഖം; ചിലവുവ-
ന്നാശിയാൽ ദുഃഖം; ധനത്തിലുണ്ടോ സുഖം?
നീരുഗ്ദിയെന്നിവയിങ്കൽനിന്നുംജ്ഞാന
ഘോരരിൽനിന്നും ഗുപങ്കൽനിന്നുംഭയം
ചേരുന്ന സമ്പന്നനപഹാ: ദേഹിക്ക
വാരാറാ മൃത്യുവിൽ നിന്നെന്ന പോലവേ.
വ്യോമനി പക്ഷികൾക്കുള്ളിയിൽ ശ്യേനഭ-
യ്ക്കോമത്തിനംഭസി മത്സ്യവർഗ്ഗത്തിനും
എങ്ങിനെതീനായ് വരുന്നുവോ മാംസമു-
ണ്ണ, ങ്ങിനെ സർവ്വത്രതീനാം ധനാപിതൻ!
ഏറാത്തിലുള്ളം മയക്കു, മിറക്കത്തി-
ലേറാം മനസ്സുപേടുണ്ടാക്കിവെച്ചിട്ടു,
സമ്പാദനത്തിലും ക്ലേശമേല്പിക്കു, മീ-
സമ്പത്തുകൊണ്ടു സുഖപ്രാപ്തിയെങ്ങിനെ?
മല്പാടഴൽപ്പെട്ടു നേടിട്ടനുധനം;
പില്പാടയുപ്പുനായ് ഞീരുന്നിതെന്തിലും;
വിത്താഗമംകൊണ്ടു സൌഖ്യം ഭവിക്കിലും
മത്യുന്നതു തന്നെ നൽകുന്ന ദുഃഖവും.
വേനലിൽ ഗ്രീഷ്മമാം ചൂടിനാൽ, വർഷത്തി-
ലുനത്തിരികതങ്ങളാകും മഴകളാൽ,
ഹേമന്തനാളിൽത്തണുപ്പിനാലും ഇലോ-
മാമയം! കാലത്തിനാലുമെങ്ങും സുഖം?
വേളിക്കു വട്ടങ്ങൾ കൂട്ടുന്നതിലഴൽ;
മേളിപ്പു ഗർഭസന്ധാരണത്തിലഴൽ;
പേറിലൊ വിൺമുതലേപോടിയാലഴൽ;
ചോരാ,കിടാവിനുലീനമായാലഴൽ!

Digitized By Kerala Sahitya Akademi

'എന്തുചെയ്യേണ്ടു, മുടിഞ്ഞുപോയ് കന്നാലി!
ഹന്ത,കഷ്ടം, കൃഷി തീരെമോശത്തിലായ്!
പത്നി,ചാടിപ്പോയതിഥിവന്നാനിതാ!
പന്തിയല്ലാതേ പിഴച്ചുഗ്രഹസ്ഥിതി!
ജായ, പൊടിക്കുഞ്ഞിവക്കെന്തൊരാശ്രയം!
പ്രായമായ് പെണ്ണിന്നു; വേഗംക്കുവാനേവനോ!'
ഇവകച്ചിന്തകൾ ചിന്തുംകുട്ടംബിക്ക
കേവലമെങ്ങുനിന്നുണ്ടായ്വരുന്നു സുഖം?
ആലയചിന്തകളാളിനമത്രയ്ക്ക
ശീലഗുണങ്ങളം പഠിപ്പെന്നിതൊക്കയും,
പച്ചക്കടത്തിൽപ്പുകന്ന നീർപോലവേ,
നിശ്ചയമായുടലോടേ മുടിഞ്ഞുപോം!
ഇല്ലസൗഖ്യം പെരുമാളായി വാഴ്വോനു-
മെല്ലായ്പ്പോഴും സന്ധിവിഗ്രഹചിന്തയാൽ;
പുത്രനാലും ഭയം ചേരുന്നതല്ലയോ
പുത്രപീശപരസ്ഥനു,മെന്തതിങ്കൽസ്സുഖം?
ആകയ്കും സഗോത്രനാലാണു മാദരം ഭയം:
നായ്ക്കൾക്കു പോലെയാരേ വസ്സുവിലുറ്റവാൽ.
കൈവെടിഞ്ഞുവനെ പോയ്സ്സുഖംവാണു
വിഖ്യാതനായ്ത്തീർന്ന ഭ്രപന്നരുണ്ടോളമി?
നൂറായിരം നീർക്കുടത്താലിടർക്കൊണ്ട
വീരസമ്രാട്ടും വിഭവനൈകസ്ഥാതൻ!
ഭേരിയടിക്കുന്നഘോഷം പുലച്ചീയ്യു
പെരുമരപ്പേരുമനുവേറിയുണ്ണുന്നതും;
'കൊട്ടുന്നിതെന്റെ കൊട്ടാരത്തിലെന്നവെ-
ച്ചിട്ടഭിമാനിയ്യുകയുണ്ട ഭ്രപൻ വൃഥാ.
ആലേപഭ്രമണശൃംഗാരസംഗീത-
ലീലാവിനോദാഭിരാജദ്ഭോഗങ്ങളാൽ
എന്തുള്ളു സൗഖ്യ,മന്യോന്യജയേച്ഛയാൽ
സന്തതം പോരോത്തിരിയുന്ന ദമ്പതിക്കൾക്കഹോ?
സമ്പത്തുകൊണ്ടുള്ള ഗർവിനാൽ, പ്രായേണ
വമ്പരായ്വാണ നഹുഷാദിഭ്രപരും
സമ്പതിച്ചില്ലയോ വീണ്ടിൽനിന്നു,വനീ-
സ്സമ്പത്തിനാലൊരു സൗഖ്യമുണ്ടായ്വരും?

Digitized By Kerala Sahitya Akademi

രണ്ടുടയായിടഞ്ഞിച്ചോരിവ-
കൊണ്ടുസംപ്രീതി വരുന്നനരേന്ദ്രനേ!

ശ്രീകാർത്തവീര്യന്റെയായിരം കൈകളും
വീർകൊണ്ടുവീഴ്ത്തിനാൻ പോരിൽ മുനിസുതൻ;
രാമമഹർഷിതൻനിസ്തുല്യവീര്യത്തെ
രാമൻ മടിച്ചാൻ ഒരുഭഥനന്ദനൻ;
രാമന്റെ കീർത്തി ജരാസുതൻ പോക്കിനാൻ;
ഭീമൻകരുത്താൽ ജരാസുതകീർത്തിയും;
ഭീമന്റെകീർത്തി ഹനുമാൻ; ഹനുമാനെ-
യീമന്നിൽവീഴിച്ചു തേജസാ ഭാസ്കരൻ!
പരംകരുത്താൽ കൃഷ്ണൻ മാനവ-
ന്മാരാം നിവാതകവചരെയൊക്കെയും
പോരിൽജയിച്ചാൻ വിജയനുവനെയും
കേരിജയിച്ചീയ കാലിമേയ്ക്കുന്നവർ!
കാറിനം മൂടുന്ന തേജസചി സൂര്യനെ;-
ക്കാറിനെച്ചിന്നിച്ചുതള്ളുന്ന മാരുതൻ;
മാരുതൻതന്നെത്തടുക്കുന്ന കുന്നകം;
തീയെക്കെടുന്നകം വേകുന്നവഹ്നിയാൽ
വഹ്നിയെ വെള്ളംകെടുത്തുന്നു; വെള്ളത്തെ
വാറിച്ചുകൊള്ളുന്ന തെറന്നഭാസ്കരൻ;
അബ്ഭാസ്കരത്തെ വിരിഞ്ചിനാത്തഞ്ചി-
ലിപ്പാൽകരം മുന്നൊരു വതിപ്പെടുന്നതേ!
ദേവകളാലുള്ള വിരിഞ്ചനും ലീനനായ്-
പ്പോവുന്ന കല്പാന്തകാലത്തു തദ്ദിനം!!
ഏവം പ്രപഞ്ചത്തിൽ, നിത്യനേകൻ പരാ-
ത്മാവൊഴിഞ്ഞൊക്കുള്ള സർവ്വോത്തമം പരം?
കാലധർമ്മത്തെയടയുന്ന വാനവർ-
പോലുമെല്ലാവരും നീക്കപോക്കെന്നിയേ.

ആരിഹപണ്ഡിതൻ? സർവ്വജ്ഞനാരുമി-
ല്ലാരുമില്ലൊന്നുമറിഞ്ഞുകൂടാതെയും;
ഭൂതിൽപ്പിറപ്പാക്കതിലവൻ പണ്ഡിത-
നേവർക്കുമെല്ലാം പ്രഭവമൊരേവിധം!

Digitized By Kerala Sahitya Akademi

ഏറാംപ്രഭാവമരിക്കലൊരുത്തനും:
പോരിൽജയിപ്പു നിലിയ്പതൊരാവർ;
മാനവന്മാരെജയിപ്പു നിലിയ്പരും;
തുനംജയാജയം മാഗ്യാനുവർത്തിയാം!
വന്നിടാവിണ്ണിലും സൌഖ്യം സുരന്മാരി-
ലൊന്നിനൊന്നേറിയ ലക്ഷ്മിയെക്കാങ്കയാൽ
വിണ്ണിങ്കൽ വേരുത്തുതേ ഭുജിയ്പുന്ന
പുണ്യഫലങ്ങളീ,ഗ്ഘോരദോഷത്തിനാൽ
നിഷ്പുണ്യരായ് നരർ വീഴുന്ന വിണ്ണിൽനി-
ന്നിപ്പുവിൽ വേരറ്റ വൃക്ഷങ്ങൾപോലവേ.
സൌഖ്യലോലാൽ ദിവിഭോഗ്യം ഭുജിക്കെ,യി-
ങ്ങോക്കാതെ വീഴുന്നതെത്രകഷ്ടം പ്രഭോ!
സ്വർഗ്ഗഭോഗങ്ങളാൽ പുണ്യംനശിച്ചുവ-
രുഗ്രനരകാഗ്നിപുക്കു തപിക്കയായ്!

കോടാലികൊണ്ടാഞ്ഞുവെട്ടും; ചിലർമയ-
ക്രോതെമേൽതൊലി ചെത്തിയെടുത്തിട്ടും;
കൊമ്പിലകയ്കൾ വൻകാറേറാരു വിണ്ണപോലം;
കൊമ്പൻതുടന്നോർ കടയും പറിച്ചിട്ടും
കാട്ടുതീ മഞ്ഞിവയേൽക്കു;-മീമട്ടഴൽ-
ക്രൂട്ടംനഗപുരിഷയ്യ സാധാരണം!
ചൂരൽ ചമ്മട്ടി വടികളാൽ തല്ലുക,
ചൂടിടൽ, മൂക്കുതുളയ്ക്കൊ,ടയ്ക്കുക,
ക്രൂട്ടംപിരിച്ചാഴ്ച കൊണ്ടുപോയ് കെട്ടുക,
വാട്ടമേകുമഴൽ മാടുകൾക്കിങ്ങിനെ!
മറവും ക്ഷുധോർഷ്യകരംകൊണ്ടുപായിന്നഴൽ!
കനവാളിക്കഴൽബന്ധബന്ധങ്ങളാൽ!
തെറ്റാത്ത ചാക്കും പിറപ്പും തെരുതെരെ-
പ്പുറപ്പെടുന്നതിനാൽ പുഴുക്കൾക്കമിഞ്ഞഴൽ!
മഴ കളിർ വെയിലെന്നിവയേറ്റിട്ട
ക്ലേശിഷ്ടഖാത്തരായ്ത്തീരുന്ന പക്ഷികൾ!
ഗർഭോസത്തിലും ദുഃഖം, പിറപ്പിലു-
മർഭകത്വത്തിലും ദുഃഖം നരക്കഷ്ടം;

Digitized By Kerala Sahitya Akademi

കേവലമാകുമേ ഇയശിക്ഷയാലഴൽ;
കാമാഭിയാലഴൽ യൌവനവേളയിൽ;
വാർദ്ധാനിഷേവാദികർമ്മങ്ങളാലുമേ
പേർത്തുമഴൽപ്പെട്ടിടുന്ന യുവജനം;
വാർദ്ധകത്തിൽഭൂരിരോഗ്യാധികളാലഴൽ;
ചീർത്തുകൂടുമഴൽ മൃത്യുശാന്തരേ;
മൃത്യുദുഃഖത്തിലും മീതേ പരാത്മയം!
മർത്ത്യനിക്കേതുമന്യനോടൊട്ടാത്തമേ:
ഇഷ്ടയാൽ പറയുമിളപ്പം; ജഗല്പതി
വിഷ്ണുവും വാമനനായനേരക്കലാൽ!
മൃത്യുദുഃഖം ക്ഷണനേരക്കിനാൽ തീരും;-
മർത്ഥനാളുഃഖമതിയില്ലാത്തതാം.
നേടാനഴൽ;വെച്ചു കാക്കാനഴൽ; നശി-
ച്ചീടിലഴൽ; ധനമേറിയാലുമഴൽ:
ചോരാഗ്നിതോയാരി ഭൂപാലരാൽഖ്യേയം
ചോരുന്നഖല്ലോ പണക്കാക്കനീളവേ;
അത്രയല്ലേറമകായ്ക പ്രാസക്തിയും
സ്പർദ്ധയും മുഖ്യമുമിക്കുന്ന ഗർവവും
ഭൃത്യതപ്പുണ്ടികയേർപ്പാടിമത്ത-
മുത്തമാനന്ദമേളമജ്ഞതാവും
നിത്യം പ്രിയാപ്രിയയോഗവിയോഗങ്ങൾ
വിത്തശൂന്യതാവും മർത്ത്യന്ന ദുഃഖദം.
തങ്ങളിൽത്തോല്പിക്കു, തങ്ങളിൽക്കോപിക്കു-
കിങ്ങിനെയന്യോന്യദുഃഖികരം മന്നവർ.
കർമ്മജപ്രാഭവത്തിൻറെയനിത്യത,
കലർമഷമൂലമാം മോഹവും, ലോഭവും,
തങ്ങളിൽ മമ്മം പിളർത്തുവാനായിട്ട
തങ്ങളിൽ ശത്രുവെയ്യും, തമ്മിൽ വിഴുങ്ങലും
ഇവ്വേകദുഃഖങ്ങൾകൊണ്ടു നിറഞ്ഞതാം
ദേവാദിമർത്ത്യാന്തമിജ്ജഗത്താകയാൽ
ഒക്കെ ത്യജിക്കണം പണ്ഡിതൻ; പ്രാജ്ഞികം
ദുഃഖമൊന്നന്യദുഃഖത്താൽ കെടുക്കയാം:
മാറാപ്പൊരു തോളിൽനിന്നു മറുതോളിൽ
മാറിയിട്ടിട്ട സമാശ്വസിക്കും വിധം.

Digitized By Kerala Sahitya Akademi

ഇഷ്ടാറ രോഗ്യസമ്പത്തോ, പരസ്പരം
ക്ലേശമല്ലാതെ ക്ലേശമായിട്ടുകാണ്മതാം.
ധർമ്മക്ഷയത്തിൽ, മാലോകർ പലപല
ജന്മം ജനിക്കുന്നു വിണ്ണിൽ വാഴ്വോരുമേ.

വാനവന്മാരുടെ രാജ്യത്തുമുണ്ടല്ലോ,
നാനാപ്രകാരങ്ങളായ രോഗങ്ങളും:
പഞ്ചയജ്ഞത്തിൽ ശിരസ്സുമുറിഞ്ഞുപോയ്;
രണ്ടാമതൊട്ടിച്ചുവെച്ചുരതശ്ചികം;
അക്കേടിനാൽ യജ്ഞമിന്നും ശിരോരോഗി!-
യുൽക്കടകഷ്ടത്തിരയ്ക്കു ദിവാകരർ!
ചല്ലുപോയ് പൂഷാവിനി,ന്ദ്രനോ വൃഷ്ണത്തെ,-
മല്ലിൻമണാളനു രാജയക്ഷ്മാമയം!
ഹന്തവരുണൻ ജലോദരക്കാരനാ-
ണെന്തും ജിയ്ക്കുവോനല്ലോ ഹുതാശനൻ!
വൻപനിക്ഷുപ്രജാപതിയ്ക്കു,ഗ്ര്യരോ-
മുഷ്ണരുചാകുന്നു കല്പകാലങ്ങളിൽ!
രണ്ടുപരാർദ്ധമാം കാലം കഴിയുമ്പൊ-
ഴുണ്ടുവിനാശം വിരിഞ്ചനുപോമുമേ!!

കാമിച്ചുദക്ഷനേറ്റു പുത്രിയാംദേവിതൻ-
പുമകൻക്രോധാൽഗ്രഹിച്ചിതുചണ്ഡിയെ;
കാമവും ക്രോധവുമേടമാപത്തു-
മാമയക്ലേശവും വന്നുകൂടും ദൃഢം!
ജന്മമൃത്യുനാശിതൻ സ്വീഹിംസകൻ വിഷ്ണു
മന്മഥപീഡിതൻ ഫല്ഗുനസാരഥി!
മുപ്പുരംചുട്ടു, മടിച്ചു ദക്ഷാധ്വരം,
നിർമ്മലം സ്വന്തിതസ്തുക്കുനമായ് ശിവൻ!
ഇങ്ങിനെ രാഗാദിദോഷഗണത്തോട്ടു
സംഗതരല്ലോ ത്രിമൂർത്തികൾപോലുമേ.
ഇപ്പടിക്കല്ലാതെ സംപൂർണ്ണനായുള്ള-
മപ്പുരമേശനേ ശാന്തൻ വിമുക്തിദൻ.

കുന്നാഴിയാതെയിപ്പാരാകെയീവിധ-
മെന്നിനൊന്നേറിയ മേച്ചംകലർന്നതും,

Digitized By Kerala Sahitya Akademi

ഉപാകൃതിയുമറിഞ്ഞിട്ട
മുത്തമം നിർവേദമുൾക്കൊള്ളണം ബുധൻ.
നിർവേദയോഗാൽവിരക്തിയുണ്ടാവുന്നു;
നിർവ്യാജമാം ജ്ഞാനമുണ്ടാം വിരക്തിയാൽ;
ജ്ഞാനമാർന്നുഖാപ്പുംപേപോൽത്തറി-
ഞ്ഞനമില്ലാതെ വിമുക്തിയും നേടിടാം.
സർവദുഃഖങ്ങളും വേർപെട്ടുപോകയാൽ,
സർവജ്ഞനായും പരിപൂർണ്ണനായുടൻ
സച്ചിദാനന്ദമാത്മ സദാ സൃഷ്ടിക്കുന്നവ-
നായ് വിമുക്തനിളേന്ദ്രചൂഡാമണേ!

ഇമ്മട്ടുചൊല്ലിനോൻ ചോദിച്ചതൊക്കെയും;
ധർമ്മത്തെ ഹിക്കാമിതിൽനിന്നധർമ്മവും
ജ്ഞാനങ്ങളെല്ലാമിതിലുണ്ടു;നിഷ്പ്രയോൻ
വാമവനാട്ടിന പോലെകിന്നാജ്ഞയാൽ.'

ശ്രീപരമേശ്വരപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകരണം, വേദവിഷ്ണുസംവാദം, സുകർമ്മനിരൂപണം, മനുഷ്യീകൃതമഹോല്ലൂരാദിയുദ്ധം അഗ്നിപ്രണേയാദ്ധ്യായം.

——(o)——

അഗ്നിപ്രണേയാദ്ധ്യായം

യയാതി:—'ദേവേന്ദ്രസൂത, ഇയ്യുള്ളവരുടെ മാഹാത്മ്യമാണ്, ഭവാനെ കണ്ടുകിട്ടിയതു; ഇതിൽ എനിക്കു നിസ്തുല്യമായ നന്മ സിദ്ധിച്ചു.

മനുഷ്യർ ഭൂമിയിൽ ഘോരമായ പാപം ചെയ്യുന്നുണ്ടല്ലോ; അതിൻറെയൊക്കെ ഫലം എന്താണെന്നുകൂടി പറഞ്ഞുതരിക.'

മാതലി: —'കേൾക്ക ഉഷ്കമ്മത്തിൻറെ ലക്ഷണം പറയാം; ഇതുകേട്ടാൽതന്നെ വലിയ ജ്ഞാനം ഉണ്ടായിവരും.

വേദത്തേയും ബ്രാഹ്മണാചാരത്തേയും നിന്ദിക്കുക എന്നതു തന്നെ മഹാപാപമെന്നാണ് ആദിജന്മാർ കരുതേണ്ടതു്. സജ്ജനങ്ങളെ ദ്രോഹിച്ചാലുള്ള മഹാപാപം പ്രായശ്ചിത്തംകൊണ്ടും നീങ്ങുന്നതല്ല. സ്വന്തം വംശത്തിലെ ആചാരം വിട്ട് അന്യാചാരം തെക

Digitized By Kerala Sahitya Akademi

ക്കൊള്ളുക, അച്ഛനമ്മമാരെ നിന്ദിക്കുക, പെങ്ങളെ തല്ലുക, അച്ഛൻ പെങ്ങളെ കൊരിക്കുക എന്നിവയും പാപങ്ങൾതന്നെ. ശ്രാദ്ധം വന്നാൽ അഞ്ചു വിളിപ്പാടിനുള്ളിൽ വസിക്കുന്ന ജാമാതാവിനേയും സഹോദരീഭർത്താവിനേയും സഹോദരിയേയും കാമമോ ക്രോധമോ ലോഭമോ മൂലം ക്ഷണിക്കാതെ, മറ്റൊരാളെ ഉയർത്തുന്നതായാൽ ആ ശ്രാദ്ധം പിതൃക്കൾ ഭുജിക്കുകയില്ല. ശ്രാദ്ധം മുടക്കുന്നതോ, പിതൃഹത്യയ്ക്കുതുല്യമായ മഹാപാപമത്രേ.

ദാനസമയത്തു ബ്രാഹ്മണർ വന്നാൽ, കരാർമുമ്പായും കൊടുക്കുക, മറ്റുള്ളവർക്കു കൊടുക്കുമെന്നിരിക്കുക എന്നതു ദാനത്തെ നശിപ്പിക്കുന്ന ഒരു ഘോരമഹാപാപമാകുന്നു. യാഗം ചെയ്യുന്ന ആൾ സ്വഗൃഹത്തിലേക്കു പുറപ്പെട്ട ബ്രാഹ്മണനെ പിരിച്ചയക്കുമ്പോൾ വല്ലതും കൊടുക്കാമെന്നുള്ള ഒരു ദാനമല്ല. എല്ലാ ധർമ്മങ്ങളും പുണ്യങ്ങളും ആചരിച്ചുവരുന്ന അശ്രോത്രിയനായ ബ്രാഹ്മണനെ പല ദാനങ്ങളും കൊണ്ടു് ആരാധിച്ചിട്ടുവേണം, ഒരു വിദ്വാനായ ബ്രാഹ്മണൻ വന്നാൽ അദ്ദേഹത്തെ പൂജിപ്പാൻ; അങ്ങനല്ലാതെ, മുമ്പേത്തവനെ വിട്ടു പിന്നത്തവനെ ദാനം കൊടുക്കുന്നതായാൽ, ആ തീർച്ചയായും നിഷ്ഫലമാകും. ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും സ്ത്രീയും പുണ്യകാലങ്ങളിലെല്ലാം അശ്രോത്രിയബ്രാഹ്മണനെ (അവൻ മൂർഖനായാലും വിദ്വാനായാലുംശരി) വേണം പൂജിക്കുവാൻ; എന്നാൽ അശ്വമേധഫലം കിട്ടും. ശ്രാദ്ധത്തിൽ, തൽക്കാലം മറ്റൊരു ബ്രാഹ്മണൻക്ഷണിക്കാതെ വന്നുചേർന്നാൽ രണ്ടുപേരെയും പിതൃപ്രീതിക്കായി ഭോജനവസ്ത്രതാംബൂലാലിംഗനം കൊണ്ടു സാദരം പൂജിക്കണം. എന്നാൽ ശ്രാദ്ധമുണ്ട ബ്രാഹ്മണന്നുതന്നെ ദക്ഷിണ കൊടുക്കരുതു്; കൊടുത്താൽ ഗോഹത്യാദിക്കൊത്ത പാപം പറയും. രണ്ടാളേയും പൂജിപ്പാൻ വകയില്ലെങ്കിൽ, തൽക്കാലം വന്നവനെയാണ് പൂജിക്കേണ്ടതു്. ഇങ്ങിനെ, ബ്രാഹ്മണനാകിയ സപിണ്ഡനോടുകൂടി, വ്യതീപാതം - വൈധൃതം - അമാവാസി - മരിച്ചനാളിലെ അപരാഹ്നം എന്നിവയിൽ ശ്രാദ്ധം കഴിക്കണം. മഹാരാജാവേ, യാഗത്തിന്നു് ക്ഷണിക്കപ്പെട്ട ബ്രാഹ്മണരുടെ, അപ്രകാരംതന്നെ ശ്രാദ്ധത്തിനു ബ്രാഹ്മണരെ ക്ഷണിക്കണം. അജ്ഞാതനെ ക്ഷണിച്ചുകൂടാ. അവരുടെ വംശവും ആചാരവും മുന്നതലമുറയും അറിയപ്പെട്ടതാവോ, ആ ബ്രാഹ്മണനെ വേണം ക്ഷണിപ്പാൻ. കലാ അജ്ഞാതമായാൽ, ആചാരം അന്വേഷിച്ചറിയണം; മൂഢനായാലും വിദ്വാനായിട്ടുള്ളവൻ ശ്രാദ്ധത്തിനർഹനാണ്. അജ്ഞാതനായ ബ്രാഹ്മണൻ വേദവേദാംഗപാരഗനാ

Digitized By Kerala Sahitya Akademi

നാണെങ്കിൽ, അദ്ദേഹത്തെ ചാത്തമണ്ണാൻ ക്ഷണിക്കാം. അതിഥിയെയാകട്ടെ, അസാധാരണമട്ടിൽ ആദരിക്കണം; മറിച്ചു ചെയ്യുന്ന പാപി തീർച്ചയായും നരകത്തിൽ വീഴും.

അതിനാൽ, പുണ്യകാലങ്ങളിലെ ശ്രാദ്ധാനങ്ങൾക്കു വിപ്രനെ ക്ഷണിയ്ക്കുകയും, ക്രമമതായി പരീക്ഷിച്ചുറിയുകയും വേണം. ബ്രാഹ്മണനില്ലാത്ത ശ്രാദ്ധം പിതൃക്കൾ കൈക്കൊള്ളുകയില്ല; ശപിച്ചു തിരിയെ പോകയേ ഉള്ളൂ. ആ ശ്രാദ്ധക്കാരനോ, ബ്രഹ്മഹത്യാപാപം പറ്റുകയും ചെയ്യും. പിതൃക്കളെ ശരിയ്ക്കു പൂജിക്കാത്തവൻ സർവ്വധർമ്മബഹിഷ്കൃതനായ മഹാപാപിതന്നെ. ദ്വേഷിപ്രദമായ വൈഷ്ണവാചാരം വെടിഞ്ഞു വിഷ്ണുവിനെ നിന്ദിയ്ക്കുക, ബ്രാഹ്മണധർമ്മങ്ങളെ ദ്വേഷിക്കുക, ശൈവാചാരം വെടിഞ്ഞു ശിവഭക്തരെ ദ്വേഷിക്കുക, ബ്രാഹ്മണരെ ദ്രോഹിക്കുക എന്നിവയും വമ്പിച്ച മഹാപാപങ്ങളാകുന്നു.

ഒന്നാമതായി പൂജിക്കേണ്ടുന്ന വൈഷ്ണവ മഹാഗ്രന്ഥമായ ഭാഗവതം, ഹരിവംശം, മാത്സ്യം, കൂർമ്മം, പദ്മം എന്നിവയെ ആർ പൂജിയ്ക്കുന്നവോ; അവനുള്ള നന്മ ഞാൻ പറയാം: അവൻ മധുസൂദനൻ തിരുവടിയെ നേരെകണ്ടു പൂജിച്ചു കഴിഞ്ഞു! അതിനാൽ വിഷ്ണുപ്രിയമായ വൈഷ്ണവഗ്രന്ഥത്തെ ദേവാലയത്തിൽ വെച്ചു പൂജിക്കണം; അതുചെയ്താൽ വിഷ്ണുപൂജയായി. പൂജിക്കാതെ വൈഷ്ണവഗ്രന്ഥം ചൊല്ലുക, എഴുതുക, ആളെന്നു കൊടുക്കുക, കേൾക്കുക, ധരിയ്ക്കുക, ദയയാലോ അനാദരത്താലോ വിൽക്കുക, വെട്ടുപ്പില്ലാത്തേടത്തു തോന്നിയപോലെ വെയ്ക്കുക, ശരിയല്ലാത്തേടത്തു വെളിപ്പെടുത്തുക, കേമമായി വായിച്ചു സമ്മാനം വാങ്ങുക, അശുദ്ധനായി അശുദ്ധസ്ഥലത്തുവെച്ചു ചൊല്ലുകയോ കേൾക്കുകയോ ചെയ്യുക—ഇങ്ങനെയെല്ലാം പുരുഷത്തിൽ ഇരുമ്പിനെയും തുല്യമത്രേ. ഗുരുവിനെ പൂജിക്കാതെ ശാസ്ത്രം കേൾപ്പാൻ ഇരുന്നവൻ, ഗുരുവിനെ ശുശ്രൂഷിക്കാത്തവൻ, ഗുരുവിന്റെ ആജ്ഞ അനുഷ്ഠിക്കാത്തവൻ, ഗുരു ചോദിച്ചതിന്ന് ഉത്തരം പറയാത്തവൻ, ഗുരുകർമ്മത്തിൽ അനുമന്ത്രിക്കുന്നവൻ, രോഗിയോ അശുദ്ധനോ മറ്റൊരാൾ ചൊവ്വരുതാ വൈരിപീഡിതനോ ആയ പുരാണം വായിക്കുന്നു ഗുരുവിനെ തൃജിക്കുന്നവൻ എന്നീ പാപികൾ പതിനാലിരുപതുകോടി കാലത്തോളം കുംഭീപാകത്തിൽ കിടക്കും. വായിക്കുന്ന ഗുരുവിനെ വിട്ടുപോകുന്നതും, വളരെക്കാലത്തേയ്ക്കു നരകം നൽകുന്ന ഘോരപാതകം തന്നെ. പുസ്തകമുതൽമുതുക്കളെ പുലർത്താതിരിക്കുന്നതും ഗുരുനിന്ദയ്ക്കൊത്ത മാപാപമാകുന്നു.

Digitized By Kerala Sahitya Akademi

ബ്രഹ്മഹത്യ, സ്വർണ്ണമോഷണം, ഗുരുഭാര്യഗമനം, ഗോഹത്യ, യോഗധ്വംസനം എന്നിവ അഞ്ചും മഹാപാതകങ്ങളത്രേ. ക്രോധത്താലോ, ദ്വേഷത്താലോ, ഭയത്താലോ, ലോഭത്താലോ ബ്രാഹ്മണന്റെ മർമ്മം പിളർത്തുന്നവൻ ബ്രഹ്മഘ്നനെന്നു പറയപ്പെടുന്നു. യാചിയ്ക്കുന്ന ദരിദ്രബ്രാഹ്മണനെ വിളിച്ചുവരുത്തിയിട്ട്, 'ഇല്ല' എന്നു പറയുന്നവനും ബ്രഹ്മഘ്നൻ തന്നെ. സഭയിൽ വെച്ചു ദാനിയ്ക്കുന്ന ബ്രാഹ്മണനെ വിദ്യാമദത്താൽ ഇടിച്ചു പറയുക; ഇല്ലാത്ത ഗുണങ്ങൾ കൊണ്ടു തനിയ്ക്കു മേന്മ വരുത്തുക; ഗുരുവിനോട് ഉപദേശിയ്ക്കുക; കപടാഹങ്കാരങ്ങളാൽ ക്ഷീണിച്ചവർ വല്ലതും കഴിപ്പാൻ ഉണ്ടെന്നോർമ്മ, അതു മുടക്കുക; ഏഷണി പറയുക; എല്ലാവരിലും പഴുതു നോക്കുക; ഉപദേശം ഉണ്ടാക്കുക; ക്രൌര്യം; ദേവബ്രാഹ്മണഗോക്കൾക്കായി മുൻനൽകപ്പെട്ട ഭൂമി, കാലത്താൽ ഉടമസ്ഥനില്ലാതായാലും, തിരിച്ചെടുക്കുക; സൂക്ഷിപ്പാൻകൊടുത്ത ബ്രഹ്മസ്വം പിടിയ്ക്കുക എന്നിവയും ബ്രഹ്മഹത്യയ്ക്കൊത്ത മഹാപാപങ്ങളാകുന്നു.

അഗ്നിഹോത്രാദി പഞ്ചയജ്ഞങ്ങളും മാതാപിതൃശുശ്രൂഷയും ചെയ്യായ്ക; കള്ളസ്സാക്ഷി പറയുക; ശിവകേശവന്മാരെ ദ്വേഷിയ്ക്കുക; തിന്നരുതാത്തതു തിന്നുക; കാട്ടിലെ നിരപരാധജന്തുക്കളെ കൊല്ലുക; ഗോശാല, ദേവാലയം, പട്ടണം, ഗ്രാമം എന്നിവ കൊള്ളിവെയ്ക്കുക ഇവയും മുൻചൊന്നതിനൊത്ത മഹാപാപങ്ങളത്രേ.

പരസ്ത്രീകളേയും അന്യ കുതിര മാടുകളേയും ഭൂമി-ഭവനം-വെള്ളി-ഔഷധികൾ-രത്നം- വസ്ത്രം-ചന്ദനം-അകിൽ-കർപ്പൂരം-കസ്തൂരി-അപ്പം-വസ്ത്രം- സൂക്ഷിപ്പാനേല്പിച്ച മുതൽ-എന്നിവയേയും അപഹരിയ്ക്കുന്നതും, പാപങ്ങളുടെ സർവ്വസ്വവും തട്ടിയെടുക്കുന്നതും സ്വർണ്ണസ്തേയത്തിനു തുല്യമാകുന്നു.

വേളിയ്ക്കു പ്രായമായ കന്യകയെ തക്ക വരനു കൊടുക്കാതിരിക്കുക, പുത്രന്റേയും സ്നേഹിതന്റേയും ഭാര്യയേയും സോദരിയേയും സഗോത്രയേയും ഗമിയ്ക്കുക, കന്യകയെ ബലാൽ സംഗിയ്ക്കുക, അന്യസ്ത്രീയെ പുണരുക എന്നിവ ഗുരുതല്പഗമനത്തിനൊക്കും. മഹാപാപങ്ങളും പാപങ്ങളും മുമ്പു പറഞ്ഞുവല്ലോ; അവ കൂടാതെ ഉപപാപങ്ങളുമുണ്ട്: [ഒരു ബ്രഹ്മണനു ദ്രവ്യം കൊടുക്കാമെന്നേറ്റു പറഞ്ഞിട്ട് കൊടുക്കാതിരിക്കുകയും, അതു തീരെ മറന്നുകളകയും ചെയ്യുന്നതു് ഒരുപപാപമാകുന്നു.]

Digitized By Kerala Sahitya Akademi

ബ്രഹ്മസ്വാപഹരണം, മദ്യാദാലംഘനം, അതിമാനം, അതികോപം, ദാംഭികത്വം, കൃതഘ്നത, വിശ്വാസങ്ങളിൽ അത്യാസക്തി, പിശുക്ക്, സജ്ജനങ്ങളോടു മത്സരം, പരസ്ത്രീഗമനം, സതിയേയും കന്യകയേയും ഉപേക്ഷിക്കുക, അനുജൻ വേട്ടിട്ടും വേറൊരുത്തനോ ജ്യേഷ്ഠനോ ജ്യേഷ്ഠനുവേട്ട അനുജനോ കന്യകയെ കൊടുക്കുക, അവരെ യജിപ്പിക്കുക, ഉർജ്ജിക്കുന്നതിൽ പുത്രകളത്രമിത്രങ്ങളേയും സ്വാമിയേയും ത്യജിയ്ക്കുക, സാധുക്കളായ തപസ്വികളേയും ഗോക്കളേയും ക്ഷത്രിയരെയുംസ്ത്രീബാലരേയും ഹിംസിക്കുക, ദേവാലയത്തിലെ വൃക്ഷങ്ങളും പൂന്തോട്ടവും വെട്ടിക്കളയുക, അത്രമവാസികളേയും തൽഭൃത്യരേയും ഉപദ്രവിക്കുക, ബ്രഹ്മനിൽത്താന്നവരുടെ പോലും വസ്തുധാന്യപശുക്കളെ അപഹരിക്കുക, യാചിച്ചുകൂടാത്തവരോടു യാചിയ്ക്കുക, യജ്ഞം-തോട്ടം - തടാകം-കിണ്ടി-പുത്രൻ-തീർത്ഥയാത്രോപവാസവ്രതസുകൃതങ്ങൾ— എന്നിവയെ വിൽക്കുക, സ്ത്രീധനംകൊണ്ടുപജീവിക്കുക, അന്ത്യജാതികളുടെ അന്നംകൊണ്ടു നാൾകഴിയ്ക്കുക, സ്വധർമ്മം വിൽക്കുക, സ്വധർമ്മം വർജ്ജിയ്ക്കുക, പരനെ പഴിയ്ക്കുക, പരർ പഴുതുനോക്കുക, പരദ്രവ്യാഹരണം, പരസ്ത്രീ വീക്ഷണം എന്നതൊക്കെ ഗോഹത്യയ്ക്കു തുല്യമത്രേ. സർവ്വശാസ്ത്രവും അപഹരിയ്ക്കുന്നവൻ, പുത്രകളെ വിൽക്കുകയും ഉപേക്ഷിയ്ക്കുകയും ചെയ്യുന്നവൻ, ഭൃത്യരിൽ തീരെ ദയയില്ലാത്തവൻ, ഇല്ലാത്തതുപറയുന്നവൻ, അനുകരിക്കുന്നവൻ, സ്വാമിമിത്രബന്ധുദ്രോഹി, മായാവി, ചപലൻ, ക്രൂരൻ, [ബുദ്ധിമതിയായ പുത്രകളത്രമിത്രങ്ങൾക്കും ഭൃത്യർക്കും ബന്ധുക്കൾക്കും അതിഥികൾക്കും ബാലവൃദ്ധരോഗിനന്മാർക്കും കൊടുക്കാതെ മിഷ്ടാന്നം ഭുജിക്കുന്ന ബ്രാഹ്മണഗർഹിതനായ പൃഥക്കാകി,] നിയമങ്ങൾ സ്വയം കൈക്കൊണ്ടിട്ടു പിന്നീടുപേക്ഷിയ്ക്കുന്ന അജിതേന്ദ്രിയൻ, ക്രൂരത്തെ ചതിക്കുന്നവൻ, മദ്യപന്മാരോടു സംസർഗ്ഗം ചെയ്യുന്നവൻ, മൈഥുനങ്ങളാൽ വലയുന്ന ക്ഷത്രജാതിയായ പുത്രനെ പണികൊടുത്തു രക്ഷിക്കാത്തവൻ എന്നിവർ ഗോഹത്യാപാപികളാകുന്നു. മദ്യപാനത്തിനുഗ്രഹിക്കുക, ഉപയോഗത്തിൽ വയൽ പൊളിക്കുക, സാധുപ്രജകളേയും ഗോക്കളേയും നിർദ്ദോഷയായ പതിവ്രതസ്ത്രീയേയും തല്ലുക, വീണ്ടും വീണ്ടും പുരുഷനെ കിന്നരങ്ങുക, ഉർവ്വരയായ പുത്രകളെ ഉത്തരമെടുത്തു നടത്തുക—പെരുംചുമടേറ്റിയ്ക്കുക—മുറിപ്പെട്ടവരെ വണ്ടിയിൽ പൂട്ടുക—കാളകളെ 'ഒടി'യ്ക്കുക, കാളക്കുട്ടികളെക്കൊണ്ടു ഉഴുക എന്നിവയും ഗോഹത്യയ്ക്കൊത്ത പാപം തന്നെ.

Digitized By Kerala Sahitya Akademi

ഒപ്പമഹങ്ങളാൽ അല്ലൻ, വല്ലതും കിട്ടാൻ കൊതിച്ചുവന്നെത്തിയ അതിഥിയെ മാനിക്കാത്തവർ നരകത്തിൽ പതിച്ചുപോകും. അനാഥൻ, അംഗഹീനൻ, ബാലൻ, ദീനൻ, വൃദ്ധൻ, ക്ഷുധാർത്തൻ എന്നിവരിൽ അലിവു തോന്നാത്ത മൂഢന്മാർ നരകസമുദ്രത്തിൽ നീന്തും. ആടുമാടുകളെ മേയ്ക്കുന്നവനും ശൂദ്രസ്ത്രീയേയോ ദാസിയേയോ ഭാര്യയാക്കുന്നവനും കൈവേല- ആശാരിപ്പണി- വൈദ്യവൃത്തി-ശാന്തി- ഭിന്നപ്പവൃത്തി-ദൂത്യം എന്നിവ ചെയ്യുന്നവനുമായ ബ്രാഹ്മണൻ, ബ്രാഹ്മണനേറെയോ ക്ഷത്രിയനേറെയോ ആചാരമനുഷ്ഠിക്കുന്ന ശൂദ്രൻ എന്നിവരും നരകഗാമികളാകുന്നു. നിശ്ചയിച്ചതിലേറെ നികുതിവാങ്ങുകയും വേറെ ശിക്ഷകല്പിക്കുകയുംചെയ്യുന്ന രാജാവു നരകത്തിൽവേവിക്കപ്പെടും. ആയുക്തനാട്ടിലാണോ പ്രജകളും കൈക്കൂലി വാങ്ങുന്ന അധികാരികളും, തസ്കരന്മാരാലും കഴുത്തറുന്നു; ആ രാജാവും നരകങ്ങളിൽ കിടന്നു തകരും. നീതിയില്ലാത്ത രാജാവിനോട് ദാനം വാങ്ങുന്ന ബ്രാഹ്മണർ പോലും ഘോരനരകങ്ങളിൽ കിടക്കേണ്ടിവരും. പരദ്രോഹം പാപം ചെയ്യൽ രാജാവും പാപിയാകും; അതുകൊണ്ടു നൃപൻ പ്രജകളെ നേർവഴിക്കു നടത്തണം. ചോരനെ ചോരനല്ലാതെയും, ചോരനല്ലാത്തവനെ ചോരനെപ്പോലെയും കരുതുന്ന രാജാവും നരകത്തിൽ പതിയ്ക്കും.

അന്യന്മാരുടെ നെയ്യ്, എണ്ണ, മധു, മാംസം, സുര, ആസവം, വെല്ലം, കരിമ്പ്, പാൽ, ശാകം, തയിർ, കയ്യുനികരം, പുല്ല്, വിറക്, പൂവ്, ഇല, ഓട്ട്, വെള്ളി, ചെമ്പ്, കാരീയം, വെള്ളീയം, ശംഖ്, ചെരിപ്പ്, കുട, വണ്ടി, പല്ലക്ക്, ആസനം, വേണ്ടുവംശാദിദ്രവ്യങ്ങളും, ഗൃഹോപകരണങ്ങളും, രോമം- പത്തിനുതൽ- പുഴുതൽ—മുതലായവകൊണ്ടുള്ള നേത്ര വസ്ത്രങ്ങളും എന്നിവയും മറ്റും അപഹരിയ്ക്കുന്നവരും സർവ്വരും നരകശാമികളാകുന്നു. വലുതാകട്ടെ ചെറുതാകട്ടെ പരകീയമായിട്ടുള്ളതു ലോഭം മൂലം അപഹരിച്ചാൽ തീർച്ചയായും നരകവാസം പറഞ്ഞിട്ടുണ്ട്.

ഈ വക പാപപ്രവർത്തികൾ ചെയ്യുവർ മരണാനന്തരം നരകപീഡയനുഭവിപ്പാൻ മൻമുട്ടിലുള്ള ഒരു ശരീരം നേടുന്നു; ആ ശരീരത്തോടെ അവർ യമഭടന്മാരെയനുസരിച്ചു മഹാഘോരരായ യമദൂതന്മാരാൽ വലിച്ചിഴയ്ക്കപ്പെട്ടു സുഖദുഃഖരഹിതരായി യമലോകത്തെയ്ക്കു ഗമിക്കുന്നു. അധർമ്മം ചെയ്യുന്ന ദേവകന്യാപതിവ്രതകളെ പലതരം പീഡനങ്ങൾകൊണ്ടു നാസിപ്പാൻ യമരാജാവായ്തു. വിനയവും ആചാരവുമുള്ള വരെ ക്ഷീരാബ്ധിസമുദ്രത്തിൽനിന്നു പ്രായശ്ചിത്തങ്ങൾ കൊണ്ടു ഇങ്ങു നാസിച്ചുകൊള്ളു

Digitized By Kerala Sahitya Akademi

ണം; അവ യമനെ കണ്ടുകയില്ല. ചണ്ഡാളീഗമനം, ചൊയ്യും, അന്യാ
യവ്യാപാരം എന്നിവ ചെയ്യുന്ന പാപികൾക്കു ധർമ്മപാലകനായ യ
മാവന്റെ ത്താസിതാവു്. ചെയ്യപോയപാപത്തിനു പ്രായശ്ചിത്തം നട
ത്തുകതന്നെ വേണം; അല്ലാത്തതിൽ പാപം നൂറുകോടി കല്പങ്ങൾകൊ
ണ്ടും നശിയ്ക്കയില്ല. മനസാ വാചാ കർമ്മണാ താൻ ചെയ്തതിന്റെ
ഫലം താൻതന്നെ വേണം അനുഭവിപ്പാൻ!

നരേന്ദ്ര, ഇങ്ങിനെ മുന്നതരം പാപങ്ങളെ പുരുഷത്തിൽ പറ
ഞ്ഞു. പാപികളുടെ ഗതികളെ പലതരത്തിലായിരിക്കും [ഇതാ, അധർമ്മ
ഫലം ഞാനോടു ഞാൻ വിസ്തരിച്ചുപറഞ്ഞു.] ഇനി എന്താണ് ഞാൻ
പറയേണ്ടതു്? [അധർമ്മഫലം പറഞ്ഞുകഴിഞ്ഞുവല്ലോ; ധർമ്മഫല
വും വേണമെങ്കിൽപറയാം'] ധർമ്മിഷ്ഠനായ രാജാവിനോടു് ഇതുമു
പറഞ്ഞു മാതലി വിരമിച്ചു.

ശ്രീപരമഹംസപരിവ്രാജകനും, ത്രിദണ്ഡിയും, ചിത്തശുദ്ധിപ്രകരണം, വേദയിഷ്ട
സംയാദം, സൂക്ഷ്മചരിതം, മാതലികൃതധർമ്മഫലയിജ്ഞാപനം
അഷ്ടപഞ്ചാശത്തമധ്യായം

(൦)

അഷ്ടപഞ്ചാശത്തമധ്യായം

യയാതി:—'മാന്യനായ സൂത, ഭവാൻ അധർമ്മത്തിന്റെ ഫലം മുഴു
വൻ പറഞ്ഞുതന്നുവല്ലോ; ധർമ്മത്തിന്റെഫലംകൂടി കേൾപ്പാൻ
എനിക്കാഗ്രഹമുണ്ടു്.'

മാതലി:—'പാപികൾ, മഹാപാപികൾ, സുമഹാപാപികൾ, ഉപ
പാപികൾ എന്ന നാലുതരക്കാരും അവശരായിട്ടു ഭയാനകവും
ഘോരവുമായ യമലോകത്തെയ്ക്കു ഗമിക്കുന്നു; ഗർഭസ്ഥരും, ജനി
ക്കുന്നവരും, ബാലത്തണ്ണ മദ്ധ്യമ വൃദ്ധരും സ്ത്രീകളും പുരുഷ
ന്മാരും നപുംസകങ്ങളും—സകലരും—ഗമിക്കുകതന്നെ വേണം;
അവിടെ ചെന്നാൽ, സർവ്വസാക്ഷികളായ ചിത്രഗുപ്തപ്രഭൃതികൾ
രേഖികളുടെ സകൃത ദുഷ്കൃതങ്ങളെപ്പറ്റി വിചാരണ ചെ
യ്യും. യമാലയത്തിലേക്കു പോകാത്ത പ്രാണികൾ ഈ ലോക
ത്തിലില്ല. ഇവിടെ വെച്ചു ചെയ്ത കർമ്മത്തെപ്പറ്റി അവിടെ മറ
യ്ക്കു വിചാരണയും നടക്കും.

Digitized By Kerala Sahitya Akademi

നല്ലതുചെയ്യുവതും, സൌഹൃദചിത്തതും ദയാലുക്കളുമായവർ സൌമ്യമാർഗ്ഗത്തിലൂടെയാണ് യമേന്ദ്രനഗരത്തിലേക്കു ഗമിക്കുക. ബ്രാഹ്മണന്മാർക്കു ഛത്രവും മെതിയടിയും കൊടുത്താൽ യമാലയത്തിലേക്കുള്ള കതിരുപുറത്തേറി സുഖമായിപ്പോകാം; കുടകൊടുത്താൽ വൃക്ഷങ്ങളാൽ നിറഞ്ഞ വഴിയിലൂടെ പോകാം; വസ്ത്രം കൊടുത്താൽ ദിവ്യവസ്ത്രം ധരിച്ചു നടകൊള്ളാം; പല്ലക്കു കൊടുത്താൽ വിമാനത്തിലേറി പോകാം; സുഖാസനം കൊടുത്താൽ സുഖയാത്രചെയ്യാം; തോട്ടമുണ്ടാക്കുന്നവൻ കളിർ തണലിലൂടെയും പുഷ്പമാല്യം കൊടുത്തവൻ പുഷ്പകത്തിലൂടെയുമായിരിക്കും യമാലയത്തിലേക്കു പോവുക. ക്ഷേത്രം, സന്ന്യാസികൾക്കുള്ള ആശ്രമം, അന്നപ്രദാനശാലകൾ എന്നിവ തീർപ്പിച്ചവർ മികച്ച ഭവനങ്ങളിൽ രമിക്കും. ദേവാഗ്നിപൂജയേയും അച്ഛനമ്മമാരേയും ആരാധിക്കുന്നവനും, ഇഷ്ടികളായ ദിനജീവജന്തുക്കൾക്കു പാർപ്പിടം നൽകുന്നവനും സർവകാമപൂർണമായ ബ്രഹ്മസദനം പ്രാപിക്കും. ഒരാൾ ഒരു ചില്ലയെങ്കിലും ബ്രഹ്മണന്നു സശ്രദ്ധം ദാനം ചെയ്തിട്ടുണ്ടെങ്കിൽ ആ കീർത്തിമാൻ സ്വർഗ്ഗത്തിൽ ദേവകൾക്കു അതിഥിയായി ഭവിക്കും. അതിനാൽ സശ്രദ്ധമായി ദാനം ചെയ്യണം; അതിന്റെ ഫലം അക്ഷയമത്രേ'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, സൂക്ഷ്മചരിതം മാതലി കൃഷ്ണധർമ്മഫല തത്ത്വകഥനം, അറുപത്തെട്ടാമദ്ധ്യായം.

(൦)

അറുപത്തൊമ്പതാമദ്ധ്യായം

മാതലി:—'കർമ്മയോഗദ്വേഷം ശിവധർമ്മം സ്വീകരിച്ചിൽ ശിവൻതന്നെ അരുളിച്ചെയ്ത ധർമ്മങ്ങളും അരിഞ്ഞെന്മാർ ശിരസ്സിലാക്കേണ്ടതാണ്. ഹിംസാദിദോഷങ്ങളും ക്ലേശായാസങ്ങളുമില്ലാത്തവയായി സർവ്വത്രഹിതങ്ങളായി, ശുഭാങ്ങളും ശാന്തങ്ങളും എന്നാൽ കരുത്തേറിയവയുമായിട്ടുള്ള ആ സനാതന ശിവധർമ്മങ്ങൾ അസംഖ്യം ശാഖകളോടും ജ്ഞാനധ്യാനങ്ങളാകുന്ന പുഷ്പങ്ങളോടുകൂടി ശിവനാകുന്ന ഒരേമൂലത്തെ ആശ്രയിച്ചു നിൽക്കുന്നവയത്രേ. ശിവനെ ധരിയ്ക്കുന്നതുകൊണ്ടും ശിവവചനത്താൽ

Digitized By Kerala Sahitya Akademi

ധരിക്കപ്പെട്ടതുകൊണ്ടുമാകണം, സംസാരസാഗരത്തെ കടത്തിവിടുന്ന അവയ്ക്ക് ശിവധർമ്മങ്ങൾ എന്നപേര്.

അഹിംസ, ക്ഷമ, സത്യം, ലജ്ജ, ശൗചം, ഇന്ദ്രിയസംയമം, ദാനം, യജ്ഞം, ദമം, ധ്യാനം എന്നിങ്ങിനെ പത്താകുന്ന ധർമ്മത്തിന്റെ അംഗങ്ങളാണ്. ഈ ശിവധർമ്മങ്ങളിൽ ഓരോന്നായോ രണ്ടെണ്ണമായോ അനുഷ്ഠിച്ചാൽ ശിവലോകപ്രാപ്തിയാകുന്ന ഒന്നു തന്നെയാണ് ഫലം. ഭൂമി എപ്രകാരം എല്ലാപ്രാണികൾക്കും പൊതുപാപ്പിടമായിരിയ്ക്കുന്നുവോ, അപ്രകാരം ശിവഭക്തന്മാർക്കു പൊതുവിലുള്ളതത്രെ ആ നിസ്സീമമായ ലോകം. ഇവിടെ പ്രാണികൾക്കൊക്കെ മികച്ചഭോഗങ്ങൾ എപ്രകാരമോ, അപ്രകാരം തന്നെയാണ് പുണ്യവാന്മാർക്കു ശിവലോകത്തും. ഇവിടെ നന്മയുടെയും തിന്മയുടേയും ഫലം ഭേദികരൂപേണ അനുഭവിച്ചുപോരുന്നു; അവിടെയൊക്കെട്ടെ, ശിവധർമ്മമൊന്നിന്റെ ഫലമേ അനുഭവിയ്ക്കൂ. ശ്രുതിയുടേയും പാതിവ്രത്യത്തിന്റേയും വൃത്യാസത്തായുള്ള പുണ്യത്തിന്റെ മട്ടനുസരിച്ചിരിയ്ക്കും ശിവലോകത്തിലെ ഭോഗങ്ങളും. സ്ഥാനപ്രാപ്തി ഒരുപോലെതന്നെ; ഭോഗങ്ങൾ ശക്തിക്കൊത്തിരിക്കും. മഹായോഗം സാധിച്ചവർക്ക് അവിടെ, ദേവശ്രേഷ്ഠരാൽ സഭാവിതവും സർവ്വോപരിയുമായ മഹാസ്ഥാനവും ആത്മയോഗാധിപത്യവും സർവ്വജഗദീശനായ ശിവനാൽ നൽകപ്പെടും. [ചിലർ ജ്ഞാനയോഗശക്തിയാൽ അവിടെത്തന്നെ മുക്തിയടയുന്നു; മറ്റുചിലർ ഭോഗവാഞ്ഛയാൽ വീണ്ടും സംസാരത്തിലേയ്ക്കു പോരുന്നു.] അതിനാൽ, മുക്തിതേടുന്നവൻ ഭോഗത്തെ ആഗ്രഹിക്കാതെ, വിശേഷിച്ചു ജ്ഞാനമായി ശിവധർമ്മം സമ്പാദിക്കണം.

അന്യാസക്തരായി സംഗതിവശാൽ ശിവനെ യജിയ്ക്കുന്നവർക്കുപോലും തക്ക ഒരു സ്ഥാനം ശിവൻ കല്പിച്ചു നൽകും. ഉച്ഛിഷ്ടം കൊണ്ടു തൃപ്തനെ ഒരു തവണ ആരാധിയ്ക്കുന്നവർക്ക് ശിവൻ പിശാചലോകങ്ങളിൽ ഭോഗം കൊടുത്തരുളുന്നു. പശുമുഴത്താൽ പ്രാണികളൊക്കെ ചത്തുപോകും; അന്നം നൽകുന്നവൻ പ്രാണനെയത്രെ നൽകുന്നതു്; പ്രാണദാതാവോ, സർവ്വോത്തമനുമല്ലോ. അതിനാൽ, അന്നം കൊടുത്താൽ, സർവ്വം കൊടുത്താലത്തെ ഫലംകിട്ടും. [മൂന്നുലോകത്തുമുള്ള രത്നങ്ങളും, ഭോഗങ്ങളും, സ്ത്രീകളും, വാഹനങ്ങളും എന്നിവയെ മാനം പെയ്യാലത്തെ ഫലം അന്നദാതാവിനു് ഇങ്ങും അങ്ങും കൈവരുന്നു.] ഒരാൾ അന്നംകൊണ്ടു പുലന്നിട്ടു പുണ്യം നേടുന്ന

Digitized By Kerala Sahitya Akademi

വോ, ആ അന്നമാതാവിന്നായിരിക്കും അതിന്റെ നേർ പകുതി. ധർമ്മാർത്ഥകാമമോക്ഷങ്ങൾക്ക ശരീരമാണ് പരമസാധനം; അതു നിലനിൽക്കുന്നതു് അന്നപാനങ്ങളാലാണല്ലോ. അതിനാൽ അന്നം സർവ്വസാധനമത്രേ. സാക്ഷാൽ ബ്രഹ്മാവും വിഷ്ണുവും ശിവനുമാകുന്ന അന്നം; അതുകൊണ്ടു്, അന്നദാനത്തിനാണു് ഒരു ദാനം ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല. മുന്നലോകത്തിനും ജീവനമത്രേ ജലം. സർവരസങ്ങൾക്കും ഇരിപ്പിടമായ ജലം പർത്തുലോവും ദിവ്യവുമാകുന്നു. അന്നം, പാനം, അശ്വം, ഗോവു്, വസ്ത്രം, ഭൂമി, തൈൽ, ആസനം എന്നീ എട്ടുകൂട്ടം ദാനം ചെയ്യുന്നതു പരലോകത്തേയ്ക്കു വിശേഷിച്ചും നല്ലതാണു്.

ഇത്തരം ദാനങ്ങൾ ചെയ്യുവൻ സുഖത്തോടുകൂടിയാണു് യമലോകത്തേയ്ക്കു പോവുക. കരിയ്ക്കലും ദാനം ചെയ്യാത്ത ക്രൂരകർമ്മക്കാരോ, നരകത്തിൽ തീവ്രദുഃഖം അനുഭവിയ്ക്കും. ദാനം ചെയ്യുന്നതിനു തുല്യമായ സുഖം അനുഭവിയ്ക്കാം. ആ കർമ്മയോഗനിരതന്മാർക്കു സുഖം താനേ വന്നുചേർന്നുകൊള്ളും. ആ രുദ്രപുരം അമേയഗുണങ്ങളും സർവകാമസമൃദ്ധങ്ങളും പ്രാണികൾക്കു് ഉപകരിയ്ക്കുന്നവയുമായ അസംഖ്യം നിധികളാൽ ചുറ്റപ്പെട്ടതും, ആയിരം സൂര്യചന്ദ്രന്മാർക്കുള്ള തേജസ്സോടുകൂടിയതും, ഗുണങ്ങളൊക്കെ തികഞ്ഞതുമത്രേ. ആ നഗരത്തിലാണു് ശിവഭക്തന്മാരും, രുദ്രക്ഷേത്രത്തിൽവെച്ചു മരിയ്ക്കുന്ന ചരാചരങ്ങളും ചെന്നുചേരുക. ഒരൊറ്റദിവസം ശങ്കരനെ പൂജിച്ചവൻ പോലും ശിവപദം പ്രാപിയ്ക്കും; പിന്നെ പലവുരു പൂജിച്ചവന്റെ കാര്യം പറയേണ്ടതുണ്ടോ? വിഷ്ണുവിനെ സ്മരിക്കുന്ന വിഷ്ണുഭക്തന്മാരായ വൈഷ്ണവന്മാർ വൈകുണ്ഠത്തിൽ ചക്രപാണിയുടെ അടുക്കൽ ചെന്നെത്തും; ബ്രഹ്മവാദിയായ ധർമ്മിഷ്ഠൻ ബ്രഹ്മലോകവുമായും; പുണ്യം ചെയ്യൽ ആ പുണ്യംകൊണ്ടു പുണ്യലോകം കിട്ടും. മഹാരാജാവേ, അതിനാൽ മനുഷ്യൻ സർവാത്മനാ ദോഷങ്ങൾ വെടിഞ്ഞു, യോഗവും ജ്ഞാനവും നേടി, ശിവനേയോ വിഷ്ണുവിനേയോ കേന്ദ്രീകൃതസ്വാത്മാവിൽ ഉറപ്പിച്ചു ധ്യാനിച്ചുകൊള്ളണം.

ഇപ്രകാരം സൽക്കർമ്മം ചെയ്താൽ, മനുഷ്യർക്കു വിഷ്ണുപ്രസാദത്താൽ ആകൃതിയുള്ളതും പ്രകൃതിയുള്ളതുമൊത്ത സ്ഥാനം ലഭിയ്ക്കും. ഇപ്പറഞ്ഞ ശ്രീമഹാശിവലോകം കർമ്മനിരതരായ ദേഹികൾക്കു പുനരാവൃത്തി നൽകുന്നതത്രേ ശിവലോകത്തിലും മീതെയാകുന്ന വിഷ്ണുലോകം. വിഷ്ണുധ്യാനനിരതരായ വൈഷ്ണവന്മാർ അവിടെ ചെന്നുചേരും.

Digitized By Kerala Sahitya Akademi

സഭ്യത്തരും യജ്വാക്കളുമായ ബ്രാഹ്മണർ ബ്രഹ്മലോകവും, ദാന ചൊയ്തുള്ള ക്ഷത്രിയന്മാർ ഇന്ദ്രലോകവും, മറ്റു പുണ്യവാന്മാർ മറ്റു പുണ്യലോകങ്ങളും പ്രാപിയ്ക്കും'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിഴുതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, സൂകർമ്മഹത്മ്യം, മഹാലിംഗശിവാനമധർമ്മനിരൂപണം അവസാനിയ്ക്കുന്നു.

———(o)———

ഏഴാംപതാമദ്ധ്യായം

———

മൈത്രേയൻ:—

(പദ്യം)

മേദിനീപതേ, വജ്രനാഭ ബ്രഹ്മഹത്യാദിപാപങ്ങളെ പൊയ്ക്കവയ്ക്കയും
സൂനന്ദനനേകം സുസ്സഹമോരുപീഡകളൊട്ടു ചൊല്ലുമിനിഃ
തിണ്ണിലിട്ട വരുക്കം ചിലരിൽ;
മെയ്യിൽ വീഴ്ത്തുമിടിവാരം ചിലരിൽ;
വ്യാഘ്രസിംഹങ്ങളും, ചെന്നായ്കളെന്നിവ
നേക്കുചാടിക്കടിയ്ക്കും ചിലരിൽ;
ഞാട്ട, കാട്ടീച്ച, യീച്ച, പുഴുവിവ
നിഷ്ഠുരം കടിക്കുട്ടും ചിലരിൽ;
വായിലാക്കും പെരുമ്പാമ്പുകളും, തുലോം
വ്യായതവിഷർ പാമ്പുകളും കൊത്തിടും;
മത്തമഹസ്തികളിട്ടു മർദ്ദിച്ചിടും;
കത്തുമേ ചൂരമാളുന്ന കാളകളും;
പോത്തുകളും പെരുംകൊമ്പിനാൽ വെട്ടുമങ്ങാത്തവൻകാറനടിച്ചുപറപ്പിയ്ക്കും;
വായ് പൊഴും തുറുകണ്ണുരക്കരും
പേപ്പിടിച്ചുകളുമ്പ രോഗങ്ങളും
ലാക്കിലേറുമവയ്ക്കും; തുലാന്തിന്മേൽ
തൂക്കിവല്ലാതെയാട്ടും ചിലരിൽ;

Digitized By Kerala Sahitya Akademi

തീക്കനൽ, പെരുംകല്ലിവ വഷ്ടിച്ചു
പോക്കുടിയുമയ്യേ! ചിലർ ശി;
താഡിയുമെടികൊള്ളിനിരകളുണ്ട്;
മുട്ടഞ്ഞു സാവൻ പൊടിമാറിയാണ്ട്.
പാതകംചെയ്ത ദുഷ്ടരവം പല
യാതനകളുമേൽപ്പുനരുകത്തിൽ.
നന്മതിന്മകളം വേർതിരിച്ചോതിനോൻ
ധർമ്മസാരമെന്തോ,തെണ്ടു ഞാനിനി?'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം,
യയാതിവിഷ്ണുസംവാദം, സുകൃതമഹിമം, മാതലീകൃതരകപീഡാഹർഷണം,
എഴുപതാമദ്ധ്യായം.

——(o)——

എഴുപത്താന്നാമദ്ധ്യായം

യയാതി:—'മാതലി, ദേവൻ പറഞ്ഞ ധർമ്മോപദേശമെല്ലാം കേട്ടിട്ട് എനിയ്ക്കു ശ്രദ്ധയും പൂർണ്ണവും വർദ്ധിച്ചിരിക്കുന്നു. ഇനി, ദേവലോകങ്ങൾ എത്രയുണ്ടെന്നും, അവ എന്തെന്തു പുണ്യത്താൽ പ്രാപിയ്ക്കാമെന്നും പറഞ്ഞുതരിക.'

മാതലി:—'തപസ്സിനാൽ നേടുന്ന സുഖഭോഗപ്രജ്ഞോയ ദേവവാസസ്ഥാനങ്ങൾ ഞാൻ വിവരിക്കാം; ഉപരി ലോകങ്ങളുടെ സ്വരൂപവും മറ്റും പറയാം:'

എട്ടിരട്ടി ഭൂമിയ്ക്കുതാഴെ കിടക്കുന്നതത്രേ രാക്ഷസലോകം. അതിനു മീതെയുള്ളതു ഗന്ധർവ്വലോകം; അതിനു പല ലോകങ്ങളും പതിനാറു ഗുണങ്ങളുമുണ്ട്. ഗന്ധർവ്വലോകം വായുമയമാകുന്നു. രാക്ഷസന്റെ ഗുണങ്ങളുള്ളതും പഞ്ചഭൂതാത്മകവുമാണ് ഇന്ദ്രലോകം. സോമന്റേതു മനോമയം; വിശ്വദേവകളുടേതു പഞ്ചഭൂതാത്മകം; പ്രജാപതിയുടേതു സൗമ്യം; അവിടെ അഹംകാരഗുണം കൂടും. ബ്രഹ്മത്തിനു പതിനാലു ഗുണങ്ങളുണ്ട്. ബുധലോകം മികച്ച ഐശ്വര്യമുള്ളതത്രേ. പ്രധാനവും സൂക്ഷ്മവുമാണ് വിഷ്ണുവിന്റേതു. ശിവന്റേതു് ആത്മഗതം; അതു ആദിമധ്യാന്തരഹിതവും വിശുദ്ധ

Digitized By Kerala Sahitya Akademi

വും തത്ത്വാത്മകവും സർവാതിശായിയും സൂക്ഷ്മവും നിസ്തുല്യവും പരാൽപരവും പരിപൂർണ്ണവും ജഗത്തിന്റെ കാരണവും പശുക്കൾക്ക പാശം വേർപെടുത്തുന്നതുമാകുന്നു.

ആർ ഏതുസ്ഥാനം പ്രാപിച്ചുവോ, അവന്ന് അവിടുത്തെ ഭോഗവും അവിടെയുള്ള ചേന്ന വിമാനവും ഈശ്വര പ്രസാദത്താൽ കൈവരും. ഇങ്ങിനെ പലമാതിരിയിലായി മീതെ മീതെ ഈരേഴുപതിനാ ലു പുണ്യലോകങ്ങളുണ്ട്.

സംസ്കൃതത്താലോ കെയ്യുകത്താലോ ലോകത്താലോ വല്ലേടത്തും ശിവനെ കണ്ട നമസ്കരിച്ചാൽ, അവക്ക തൽക്ഷണവടിയുടെ വിമാനം കിട്ടും. സംഗതിവശാലെങ്കിലും ശിവന്റെ തിരുനാമം ജപിക്കുകയോ തന്തിരുവടിയെ നമസ്കരിക്കുകയോ ചെയ്താൽ, അതു വെറുതെയാവുകയില്ല. ഈ വക മഹാഗതികളുയ്യേ, മനസാ വാചാ കർമ്മണാ ശിവനെ ആരാധിക്കുന്നവക്ക മഹേശ്വര പ്രാവത്താൽ സിദ്ധിക്കുക. സംഗതിവശാൽ ശ്രീകണ്ഠനെ സ്മരിക്കുന്നവന്ന പോലും നിസ്തുല്യമായ സൌഖ്യം ലഭിക്കും; പിന്നെ തൽഭക്തന്മാരുടെ കഥ പറയേണ്ടതുണ്ടോ? വിഷ്ണുവിനെ മനസ്സു നിത്തി ധ്യാനിക്കുന്നവരാകട്ടെ, വിഷ്ണുവിന്റെ ആ പരമപദം പ്രാപിക്കും. നരേശ്വര, ശിവലോകവും വിഷ്ണുലോകവും ഒരുപോലെതന്നെയാണ്; രണ്ടിനും തമ്മിൽ വ്യത്യാസമൊന്നുമില്ല. ശിവൻ വിഷ്ണുരൂപനും, വിഷ്ണു ശിവരൂപനുമാകുന്നു ശിവന്റെ ഹൃദയത്തിൽ വിഷ്ണുവും വിഷ്ണുവിന്റെ ഹൃദയത്തിൽ ശിവനും വാണരുളുന്നു. ബ്രഹ്മ വിഷ്ണു മഹേശ്വരന്മാരാകുന്ന മൂർത്തികളും ഒന്നുതന്നെയാണ്; ഗുണത്താൽ മാത്രമേ വ്യത്യാസമുള്ളൂ.

ആരാൻ ശിവഭക്തനാകയാൽ ഭാഗവതനുമാകുന്നു. അതിനാൽ ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ അങ്ങയുടെ പേരിൽപ്രസാദിച്ചിരിക്കുന്നു—അങ്ങയുടെ കർമ്മത്താൽ സന്തോഷിച്ചു വരം തന്നിരിക്കുന്നു. സുവ്രത, ഇന്ദ്രന്റെ ആജ്ഞയാലാണ് ഞാൻ വേത്രസന്നിധിയിൽ വന്നിരിക്കുന്നതു്. അങ്ങനെ ഈ എങ്ങും സഞ്ചരിക്കുന്ന ദിവ്യവിമാനത്തിലേറി ഇന്ദ്രപദത്തിലേക്ക പോയാലും; പിന്നെ ബ്രഹ്മപദവും, മഹേശ്വരപദവും മോഹപ്പെടുത്തരഹിതമായ വിഷ്ണുപദവും പ്രാപിച്ചാലും. രാജാവേ, വോൻ സുഖമാംവണ്ണം സഞ്ചരിക്കുന്ന പുഷ്പകവിമാനത്തിൽ കയറി ദേവകളുടെ ദിവ്യഭോഗങ്ങളും യഥേഷ്ടം അനുഭവിച്ചുകൊള്ളുക.'

Digitized By Kerala Sahitya Akademi

ഇപ്രകാരമുണ്ടായത്തമ, ഇപ്രകാരം പറഞ്ഞമാതലിയെ ധർമ്മിഷ്ഠനായ യയാതിരാജാവ് ആദരവോടെ പൂജിച്ചു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ചിത്രകിന്മുപാഖ്യാനം, ദേവവിഷ്ണുസംവാദം, സൂക്ഷ്മചരിതം, മാതലികൃതോദ്വാഹലോകവർണ്ണനം എന്നീ പതിനാലാമധ്യായം.

(൦)

പതിനഞ്ചാമധ്യായം

പിപ്പലൻ:—'മാതലിഭാഷിതം കേട്ടിട്ട്, മഹാപ്രാജ്ഞനായ നാഗരാജനായ നഹുഷനന്ദനൻ എന്താണ് ചെയ്തത്?' അതു വിസ്തരിച്ചുപറഞ്ഞുതരിക. പാപനാശനവും സർവ്വപുണ്യമയവുമായ ഈ സത്കഥ കേട്ടിട്ട് എനിയ്ക്കു തെല്ലും തൃപ്തിവരുന്നില്ല.'

സുകർമ്മാവ്:—'എല്ലാധർമ്മികന്മാരിലും ശ്രേഷ്ഠനായ യയാതി മഹാരാജാവ് ആ ദൂതനായി വന്ന മഹേന്ദ്രസാരഥിയോട് മറുവടി പറഞ്ഞു:—'ദൂതാ, ഞാൻ ശരീരം ഉപേക്ഷിയ്ക്കുകയില്ല; തീർച്ചയായും ഈ പൃഥിവ്യാത്മകശരീരത്തോട് കൂടാതെ പുരന്ദരന്റെ അടുക്കലേയ്ക്കു പോകികയില്ല. ഭവാൻ ഗുണദോഷങ്ങളൊക്കെ എനിക്കിപ്പോൾ പറഞ്ഞുതന്നുവല്ലോ; ദേഹത്തന്ന് ഇപ്രകാരം വന്നിച്ച ദോഷങ്ങളുണ്ടെങ്കിലും, ഞാൻ ശരീരംവെടിഞ്ഞു സ്വർഗ്ഗത്തിലേയ്ക്കു പോകികയില്ല. ഈ വിവരം, ദേവരാജാവായ പുരന്ദരനോട് ഭവാനറിയിച്ചേയ്ക്കുക.

മഹാപ്രാജ്ഞ, ജീവനാകട്ടേ, ദേഹമാകട്ടെ, റെയ്ക്കുയേൽ ഈ സംസാരത്തിൽ സിക്കിനേടുകയില്ല: ജീവനോട് വേർപെട്ടാൽ ദേഹമില്ല; ദേഹത്തോട് വേർപെട്ടാൽ ജീവനമില്ല; ഇങ്ങനെ തമ്മിലുള്ളൈയെന്നെ ഞാൻ നശിപ്പിയ്ക്കുകയില്ല. യാതൊന്നിന്റെപ്രസാദത്താലാണോ, പ്രാണൻ എല്ലുങ്ങളായ ദോഷങ്ങളം നിർബ്ബാധം ഭുജിയ്ക്കുന്നത്, ആ ശരീരത്തെ വെടിഞ്ഞിട്ടുള്ള സ്വർഗ്ഗസുഖം എനിയ്ക്കു വേണ്ടി ദേവദൂത, ഉഗ്രപ്രകൃതികളായ മഹാവ്യാധികളും ജരാനുതലായതും ഉണ്ടാകുന്നതു പാപത്താലാണ്; എന്നാൽ, നോക്കു, പുണ്യവത്തായ എന്റെ ദേഹം പതിനായിരംവയസ്സിലാണ് സ്ഥിതിചെയ്യുന്നത്. ഞാൻ ജനിച്ചിട്ട് കാലം വളരെയായിട്ടുണ്ടെങ്കിലും, ശരീരം പുത്തനായിത്തന്നെ ഇരിയ്ക്കുന്നു. എനിയ്ക്കു വയസ്സ് ഒരുലക്ഷമായി; എന്നിട്ടും, എന്റെ ശരീരം പതിനായിരംവയസ്സായവരുടേതുപോലെ, ബലവീര്യാനാമിതമായി പരിലസിയ്ക്കു

Digitized By Kerala Sahitya Akademi

ണ്ട. എനിയ്ക്കു വാട്ടമില്ല, കോട്ടമല്ല, ബുദ്ധിയ്ക്കു മറിവില്ല, രോഗമില്ല; എന്റെ ശരീരം ധർമ്മാത്മാക്കളാൽ പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുന്നു. പാപവ്യാധിശാന്തിക്കായി പരമ കല്പിക്കപ്പെട്ടിട്ടുള്ള ഒരു സ്വാമൃതമായ പരമഭിഷ്വൈഷധമാണല്ലോ ധർമ്മം അതിനാൽ ശുദ്ധീകൃതമായ എന്റെ ദേഹത്തെ രോഗദോഷം തീണ്ടുന്നില്ല.

നാരായണൻ തിരുവടിയുടെ നാമം ഉച്ചരിക്കുക എന്നതു തന്നെ ശ്രേയസ്സായനമാകുന്നു; അതു താൻ പതിവായി ശീലിക്കുന്നുണ്ടു്. അതുനിമിത്തം എനിക്കു പാപപരിവ്യാധിദോഷങ്ങൾ പേടിപ്പെടുവാനിരിക്കുന്നു. വിഷ്ണുനാമമാകുന്ന മഹൌഷധം ഉണ്ടായിരിക്കെ, ലോകത്തിൽ മനുഷ്യർ പാപവ്യാധികളാൽ പിടിപെട്ടു മരിയ്ക്കുന്നുവല്ലോ! അവർ അവിമൂഢതയാൽ ഹരിനാമമഹൌഷധം സേവിക്കുന്നില്ല!! ആ ജ്ഞാനവും ധ്യാനവും പൂജയും സത്യവും ദാനപുണ്യവും നിമിത്തമത്രേ എന്റെ ദേഹം ഈരോഗമായിരിക്കുന്നതു്. തീർച്ചയായും പാപചികിത്സാലാകുന്നു, പ്രാണികളിൽ രോഗപീഡകളും, പീഡകളാൽ മരണവും സംഭവിയ്ക്കുന്നതു്. അതിനാൽ മനുഷ്യൻ ധർമ്മവും സത്യപുണ്യവും സമ്പാദിക്കണം.

അനേകം പക്ഷിഭൂതശരീരങ്ങൾ കീറിച്ചീന്തി പൊൻപണിക്കാരനാൽ വള എന്നപോലെ നിർമ്മിക്കപ്പെട്ടതത്രേ പ്രാണികളുടെ ശരീരം. അതിനു വാസനയാണു് എപ്രകാരം വിഷ്ണുപൂജ, ധ്യാനം, നിയമം, സത്യം, ദാനം എന്നിവകൊണ്ടു ദേഹം ശുദ്ധിപ്പെടുന്നു; ദോഷങ്ങളും വ്യാധികളും വിട്ടൊഴിയും; ബാഹ്യവും ആഭ്യന്തരവുമായ ശൌചങ്ങൾ ഒന്നുപോലും നീങ്ങുന്നു. അങ്ങിനെ വിഷ്ണുപ്രസാദത്താൽ ശരീരം വിശുദ്ധമായിച്ചമയും. [ഞാൻ സ്വർഗ്ഗത്തിലേക്കു പോരികയില്ല; തപസ്സുകൊണ്ടും കേതിയാഗം ധർമ്മത്താലും സ്വർഗ്ഗം ഞാൻ ഇവിടെ നിർമ്മിക്കും; വിഷ്ണുപ്രസാദത്താൽ ഞാൻ ഭൂമിയെ സ്വർഗ്ഗസദൃശമാക്കും.] ഇതു, ഉചിതം പുണ്ഡരീകനോടറിയിച്ചേക്കുക.

ഈ വിധം രാജാവു പറഞ്ഞതു കേട്ടിട്ടു് ആ ദൂതൻ അദ്ദേഹത്തെ ആശീർവാദങ്ങൾ കൊണ്ടഭിനന്ദിച്ചു വിടവാങ്ങി മടങ്ങിപ്പോയി വിവരമെല്ലാം വിണ്ണവർകോനെ അറിയിച്ചു; മഹാത്മാവായ യയാതിയുടെ മകനായ കേട്ടമേഘന്ദ്രൻ അദ്ദേഹത്തെ സ്വർഗത്തിലേക്കാനയിപ്പാനുള്ള ഉപായം ആലോചിക്കുകയായി.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, വേനരിഷ്ണുസംവാദം, യയാതിചരിതം, യയാതിയ്ക്കു പുണ്യലോകം എഴുപത്തിരണ്ടാമധ്യായം.

(o)

Digitized By Kerala Sahitya Akademi

എഴുപത്തിമൂന്നാമദ്ധ്യായം

പിപ്പലൻ:—'മഹാഭോഗനായ ദേവേന്ദ്രദൂതൻ തിരിയേപോയതിന്നു ശേഷം, ധർമ്മാത്മാവായ നഹുഷനന്ദനൻ എന്തുചെയ്തു?'

സുകർമ്മാവ്:—'ഇന്ദ്രദൂതൻ പോയ ഉടനെ യയാതി എന്തോ ചിന്തിച്ചുറച്ചിട്ട്, ദൂതശ്രേഷ്ഠന്മാരെ വിളിച്ചു, ധർമ്മാർത്ഥകമായ ഒരാജ്ഞകൊടുത്തു:—'ദൂതന്മാർ സപ്തദ്വീപങ്ങളിലും വിദ്വേശങ്ങളിലും നടന്നു, എന്റെ ധർമ്മാനുചിതമായ വിളംബരം പ്രജകളെയെല്ലാം അറിയിക്കുവിൻ:

(വഞ്ചിപ്പാട്ട്)

സന്മാർഗ്ഗത്തിൽ ചരിക്കട്ടെ സർവജനങ്ങളും, നല്ല
കർമ്മം ചെയ്യുന്നതപോധ്യാനജ്ഞാനശീലരായ്;
പുണ്ഡരീകാക്ഷന്റെ പേരിൽപ്പുതുസുധരഷ്ടുതിരായ
പുണ്യക്ഷേത്രപ്പുതുമയും പുലർത്തീടട്ടേ.
ദേഹേയജ്ഞാഹുതികരംകൊണ്ടു ദേവവാസുകരനന്തരന്നു
സാനന്ദരായ് പൂജിക്കട്ടേസംഘമെന്നിയേ.
ഭൂവിങ്കലും, ദ്യോവിങ്കലു,മാർദ്രത്തിലും, ശുഷ്കത്തിലും,
സ്ഥാവരചരങ്ങളിലും, സകലത്തിലും
ദോഷശൂന്യാ ദർശിക്കട്ടേ കേവലനാം ജനാർദ്ദന
ദേവനെത്താൻ ജീവനായ് ത്താൻദേഹങ്ങളിലും.
പൈതൃകാതിഥ്യങ്ങളെ മാശ്രീധരനെയോർത്തു ചെയ്തിൻ;
വീതദോഷരാകും നിങ്ങൾ വിഷ്ണുപൂജയാൽ.

ആചരിക്കില്ലെൻചൊല്ലിതു ലോഭമോഹാലെവനവൻ
നീചചാരൻപോലെ മമദണ്ഡമേറീടും!'

അങ്ങളുപ്പാടിതു മുറയും കരവും കളിഞ്ഞൂതന്മാ-
രറിയിച്ചു നാട്ടിലെങ്ങുമഖിലരെയും:—
'പൊന്നരയന്നരുളിപ്പുണ്യവൈഷ്ണവാമൃതത്തെ
മന്നിൽ നാലുജാതിക്കാരുമാസ്വദിയ്ക്കുവിൻ:
പരിണാമസുഖപ്രദം, പെരികെ നിർദ്ദോഷം, ദോഷ-
പ്പരിഷയെ നശിപ്പിപ്പൊന്നിതെന്നറിവിൻ.

Digitized By Kerala Sahitya Akademi

'ശ്രീമാധവൻ, മാൽപോക്കുന്നോൻ, സത്യനേത്രൻ, വരേണ്യ'നീ
നാമാമൃതം ഗുപ്തൻതന്നതാസ്വദിക്കുവിൻ—
'താമരാക്ഷൻ, പത്മനാഭൻ, പാരിലുണ്ട മഹേശ'നീ
നാമാമൃതം ഗുപ്തൻ തന്നതാസ്വാദിക്കുവിൻ—
'ക്ഷേമപ്രനേ, സുരാരി, പാപവ്യാധിഹരനെ'ന്നീ
നാമാമൃതം ഗുപ്തൻ തന്നതാസ്വാദിക്കുവിൻ—
['ക്ഷേമപുണ്യാനന്ദാവ,നന്ദൻ, ചക്രപാണി, യജ്ഞാംഗ'ന്നീ
നാമാമൃതം ഗുപ്തൻ തന്നതാസ്വാദിയ്ക്കുവിൻ—]
'മുരമഥ്യൻ, ജഗന്നിവാസൻ, രമ്യൻ, സച്ചിദ വിരമ'മീ
നാമാമൃതം ഗുപ്തൻ തന്നതാസ്വാദിക്കുവിൻ—
'ഭീമതരമോഹരനക്കൻ, കരളാമ്പൽക്കുമിളി'യീ
നാമാമൃതം ഗുപ്തൻ തന്നതാസ്വാദിക്കുവിൻ—
'ശ്രീമന്നിരം, ഗുണി, ഖഡ്ഗി, മധുമഥി, സുരേശ'നീ
നാമാമൃതം ഗുപ്തൻ തന്നതാസ്വാദിക്കുവിൻ]

നാമാമൃതം ദോഷഹരം നാരംതോമുഷ്ടസ്സിൽച്ചെല്ലും
രാമരാമരാ കേതൻ ഭവം നീങ്ങി മുക്തനാം.'

ശ്രീപദ്മപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, സൂക്ഷ്മചരിതം, യയാതിയിലംഭവം എഴുപത്തിനാലധ്യായം സമാപ്തം.

——(0)——

എഴുപത്തിനാലാമദ്ധ്യായം

സൂക്ഷ്മാവ':—

(മിശ്രവൃത്തം)

ഗ്രാമനഗരങ്ങളിലും ചിപിടദേശങ്ങളിലുമ-
ബ്ജ്മിപാലാജ്ഞയെട്ടുതരൽഘോഷിക്കയായ':—
'ദേനധർമ്മയജ്ഞാദിയാം നാനാസൽക്കർമ്മത്താലേക-
താനരായിമുരാരിയെപ്പൂജിപ്പിൻനാട്ടാർ!
ധ്യാനംചെയ്‌വിൻമുകുന്ദനെത്താനെ'ന്നതിപുണ്യമാമീ
മാനവേശനാജ്ഞകേട്ടു മാലോകരെല്ലാം
ധ്യാനിക്കയായ്‌വിഷ്ണുവിനെ, ധ്യാനംചെയ്കയായിചെവി-
ക്കാനന്ദനാമൃതമാകംവേദസൂക്തങ്ങൾ;

Digitized By Kerala Sahitya Akademi

മനവ്രതനിയമത്താൽ പൂജിക്കയായ് മാധവനെ
മനസമുറപ്പിച്ചെല്ലാദ്ദോഷവുംനീക്കി;
പാർമുഴുവൻവരംപ്പേന്നഴംശ്രീമണവാളൻറതിരു-
നാമംകേട്ടും ജപിക്കയായ്;തപംചെയ്കയായ്.

യയാതിരാജാവിൻറ ആ വിളംബരത്താൽ സകലരും വൈഷ്ണവരായ് പുണ്യ വിഷ്ണുവിൻറെ നാമം ജപിക്കുകയും, സ്തുതിക്കുകയും, ധ്യാനിക്കുകയും, പൂജിക്കുകയും ചെയ്തുപോന്നു— ഭൂമണ്ഡലത്തിൽ സൂര്യരശ്മി തട്ടുന്നേടത്തെല്ലാമുള്ള സർവ്വമനുഷ്യരും ഗോവൽക്കരായിച്ചമഞ്ഞു; അവർക്കു വിഷ്ണുപ്രസാദത്താൽ ആധിയും വ്യാധിയും ദോഷവും രോഷവും ഇല്ലാതായി;പുണ്യവും തപസ്സും ധനധാന്യാദി സമ്പത്തുകളും സന്താനങ്ങളും വർദ്ധിച്ചു; ജരാമരണങ്ങളൊന്നും അവരെയും ബാധിച്ചില്ല; എല്ലുംകാമങ്ങളെയും കായ്ക്കുന്ന കല്പകവൃക്ഷങ്ങളും കാമധേനുക്കളും ചിന്താമണികളും സദാകാലവുമവരുടെ ഗൃഹപരിസരങ്ങളിൽ സന്നിധിചെയ്തു. അവർ ഐശ്വര്യമെല്ലാം തികഞ്ഞു, പുണ്യമംഗളശാലികളായി, മനസ്സാനധ്യാനനിരതരായി സ്ഥിതിചെയ്തു.

ധർമ്മജ്ഞനായ യയാതി നാട്ടുവാഴുന്ന കാലത്തു പ്രജകൾക്കു രോഗമില്ല; ദോഷമില്ല; അകാലമരണമില്ല. മനുഷ്യരെല്ലാം വൈഷ്ണവരായി വിഷ്ണുവ്രതം അനുചരിച്ചും വിഷ്ണുനാമം ജപിച്ചും വിഷ്ണുവിനെ ധ്യാനിച്ചും വിഷ്ണുവിനെ സ്തുതിച്ചും പോന്നു. അവരുടെ പുണ്യഗൃഹങ്ങൾ ശംഖചക്രഗദാപത്മാങ്കിതങ്ങളായ സച്ചക്രധ്വജപതാകകളോടും നല്ല ചിത്രങ്ങൾ വരയ്ക്കപ്പെട്ട ചുമരുകളോടുംകൂടി, ദിവ്യവിമാനങ്ങളെന്നപോലെ ശോഭിച്ചു. എല്ലാഗൃഹങ്ങളുടേയും മുൻവശത്തു, പച്ചപ്പുല്ലിൻനിറം പോന്ന തുളസീവനങ്ങൾ, വിഷ്ണുക്ഷേത്രങ്ങൾ എന്നിവയും പരിലസിച്ചിരുന്നു. എവിടെയും എപ്പോഴും വൈഷ്ണവചിഹ്നസമംഗളമാംവണ്ണം കാണപ്പെട്ടു. [ദോഷവും പാപവും നീക്കുന്ന ശംഖനാദങ്ങൾ ഭൂമിയിലെങ്ങും തമ്മിലലച്ചുകൊണ്ടു കേൾക്കപ്പെട്ടിരുന്നു.] പിന്നോത്തമ, വിഷ്ണുഭക്തകളായ സ്ത്രീകൾ ഗൃഹപരിസരങ്ങളിൽ ശംഖസംസ്കൃതപത്മങ്ങൾ എഴുതുക പതിവായിരുന്നു. ജനാർദ്ദനധ്യായികളായ ജനങ്ങൾ വിഷ്ണുവിനെ രാഗവും താളവുമൊപ്പിച്ചു മധുരമായ പാട്ടിസ്തുതിച്ചുപോന്നു. ചിലർ ഹരേരാമ എന്നും, മറ്റുചിലർ അച്യുതലക്ഷ്മീശ എന്നും, ചിലരെപ്പിന്നെ നാരായണനരസിംഹമുരാരേ എന്നും, വേറെചിലർ ശ്രീവീര രാമകൃഷ്ണ

Digitized By Kerala Sahitya Akademi

എന്നും ജപിയ്ക്കുകയും, പൂജിയ്ക്കുകയും, വടിപോലെ വീണവണങ്ങുകയും, ധ്യാനിയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകരണം, വേനവിഷ്ണുസംവാദം, സുകർമ്മചരിതം, യയാതികൃത വൈഷ്ണവധർമ്മവ്യാപനം എഴുപത്തിനാലാമദ്ധ്യായം.

(൦)

എഴുപത്തഞ്ചാമദ്ധ്യായം

'സുകർമ്മാവ്':—

[ശ്ലോകങ്ങൾ]

'ഹരി, കൃഷ്ണൻ, വിഷ്ണു, രാമൻ, മുകുന്ദൻ, മധുസൂദനൻ, നാരായണൻ, ഹൃഷീകേശൻ, നാരസിംഹാഗ്രജൻ, ച്യുതൻ വാസുദേവൻ, പദ്മനാഭൻ, കേശവൻ, രാഘവൻ, വാമനൻ, വരാഹം, കമഠം, മത്സ്യം, കപിലൻ, വിബുധാധിപൻ, വിശ്വേശ്വരൻ, വിശ്വാത്മാവ്, നന്ദനൻ, നളിനൻ, ശുചി, പുരുഷൻ, പുണ്ഡരീകാക്ഷൻ, ശ്രീപതി, ശ്രീധരൻ, വിഭു, ശ്രീനേതാവ്, ശ്രീശൻ, ശ്രീനിവാസൻ, മുക്തിദായകൻ, വിമുക്തിദൻ'.

എന്നിങ്ങനെ തിരുനാമങ്ങൾ ഉച്ചരിച്ചുംകൊണ്ടു, ഭൂമിയിലെ ജനങ്ങളെല്ലാം—ബാലന്മാർ തരുണന്മാർ വൃദ്ധന്മാർ—വിഷ്ണുവിനെ ഭജിയ്ക്കുകയായി. സ്നാനം ചെയ്യുമ്പോഴും ഭക്ഷിയ്ക്കുമ്പോഴും കിടക്കുമ്പോഴും നടക്കുമ്പോഴും ലക്ഷ്മീവല്ലഭനെ ധ്യാനിച്ചുപോന്നു. കളിയാട്ടുന്ന കുഞ്ഞുങ്ങളും കൽപ്പണ്ണനെ കൈവണങ്ങുകയും, മാപ്പുകൾ ഭഗവന്നാമം മധുരമായി പാടുകയും ചെയ്തു. ബ്രാഹ്മണശ്രേഷ്ഠർ, വിഷ്ണുനാമോച്ചാരണം സഹിക്കില്ലാ കോപംകൊണ്ടാരായി. മനുഷ്യരെല്ലാം വൈഷ്ണവന്മാരായി വർത്തിച്ചു!

മാളികകളുടെ താഴികക്കുടങ്ങൾമേലും, ക്ഷേത്രങ്ങളിലും, സൂര്യബിംബങ്ങളെന്നപോലെ ചക്രങ്ങൾ മിന്നിത്തിളങ്ങി; ഭൂമിയിലെങ്ങും വൈഷ്ണവചിഹ്നങ്ങൾ കാണ്മാറായി. ആ പുണ്യകർമ്മാവായ മഹാരാജാവിനാൽ ഭൂലോകം വിഷ്ണുലോകത്തിനു തുല്യമാക്കപ്പെട്ടു—വൈഷ്ണവനായ നഹുഷപുത്രൻ യൌവനവും വസുധാതലവുമാകുന്ന ഇരുലോകങ്ങളെ ഒരുപോലെയാക്കിത്തീർത്തു'. അവസ്ഥ

Digitized By Kerala Sahitya Akademi

തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നായി: വൈകുണ്ഠത്തിൽ വൈഷ്ണവന്മാർ വിഷ്ണുനാമം ജപിയ്ക്കുന്നുണ്ടെങ്കിൽ, ഭൂമിയിൽ മനുഷ്യരും അതു ജപിക്കുന്നുണ്ട്; മനുഷ്യരെ ജരാമരണങ്ങളോ, രോഗമോ ബാധിച്ചിരുന്നില്ല; രണ്ടുലോകങ്ങളുടേയും അവസ്ഥ ഒന്നായി! എന്നാൽ മാനവും ഭോഗവും പുണ്യമായ പുത്രപൌത്രസുഖവുംകൊണ്ടു ഭൂമിയിലായിരുന്നതെല്ലാം. രാജാവിന്റെ ഉപദേശത്താൽ വൈഷ്ണവരായിച്ചമഞ്ഞ മനുഷ്യർ വിഷ്ണുപ്രസാദംമൂലം ഒരുതരം വ്യാധിയും പിടിപെടാതെ, തങ്ങൾക്കുള്ളവ സുഖമംവണ്ണം അനുഭവിച്ചുപോന്നു.

ഇങ്ങിനെ ആ പരീക്ഷിവൻ സ്വർഗ്ഗലോകം നിസ്സാരമെന്നാക്കിക്കളഞ്ഞു! കലിയുഗത്തെയുകൊല്ലംകൊണ്ടു ഭൂമിയിലെ സകലമനുഷ്യരും ആ രാജാവിന്റെ ഉപദേശത്താൽ വൈഷ്ണവരായിച്ചമഞ്ഞു—സകലരും, യജ്ഞദാനധർമ്മങ്ങൾ ആചരിച്ചുപോന്നു; സകലരും ദയാലുക്കളായി; സകലരും പരോപകാരത്തിൽ ശ്രദ്ധിച്ചു; സകലരും വിഷ്ണുധ്യാനം ഇടവിടാതെ അനുഷ്ഠിച്ചു; സകലരും സുകൃതികളും ഭാഗ്യവാന്മാരുമായി!!

വിഷ്ണുകേതനായ യയാതി എല്ലായ്പോഴും എല്ലാ ധർമ്മങ്ങളിലും ശ്രദ്ധിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്നു വയസ്സു് ഒരുലക്ഷമായി; എന്നിട്ടും ശരീരം, വിഷ്ണുപ്രസാദത്താൽ, ഇരുപതുവയസ്സുമാത്രം കഴിഞ്ഞവന്റേതുപോലെ പ്രശസ്തവും പ്രഗൽഭവുമായി ശോഭിച്ചു. ഭൂമിയിലെ മനുഷ്യർ യമന്റെ അടുക്കൽ ചെല്ലാതായി. അവരെല്ലാം രാഗദ്വേഷകാമക്രോധങ്ങൾ വേർപെട്ടും, ജ്ഞാനപുണ്യാദിധർമ്മങ്ങളിലൊക്കെ ശ്രദ്ധിച്ചുകൊണ്ടും സുഖമായിവസിച്ചു; സന്തതികൊണ്ടു വർദ്ധിച്ചുവന്നു —ഭൂമിയിൽ കോടികോടിപ്പുല്ലുകളും പേരാലുകളും തഴച്ചുപടർന്നതുപ്രകാരമോ, അപ്രകാരം ആളുകളെല്ലാം പുത്രപൌത്രരാൽ വർദ്ധിച്ചു. സർവ്വജനങ്ങളും രോഗമോ ജരയോ മരണമോ കൂടാതെ ചിരഞ്ജീവികളായിത്തീർന്നു; എന്നാൽ അവരുടെ ശരീരം ഇരുപതുവയസ്സായവരുടേതുപോലെ സുദൃഢമായിത്തന്നെ കാണപ്പെട്ടു!

ഈവിധം, അന്നത്തെ ആളുകളെല്ലാം സത്യാച്യുതവിഷ്ണുധ്യാനനിരതരായി, വിഷ്ണുപ്രസാദത്താൽ മാനവും ഭോഗവും സാധിച്ചുകൊണ്ടു സുഖമായി സ്ഥിതിചെയ്തു. ഭൂലോകത്തിൽ ഒരേടത്തും ഒരാരും മരിച്ചതായി കേട്ടിരുന്നില്ല; ദുഃഖം കണ്ടിരുന്നില്ല; ദോഷവും നേരിട്ടിരുന്നില്ല. വിഷ്ണുപ്രസാദത്താൽ ഭൂലോകം സ്വർഗ്ഗലോകത്തിന്റെ നേർപകർപ്പായി എന്നേ പറയേണ്ടൂ!

Digitized By Kerala Sahitya Akademi

അധികാരഭ്രഷ്ടരായ യമദൂതന്മാരെല്ലാം വിഷ്ണുദൂതന്മാരുടെ തല്ലേറും നിലവിളിച്ചുംകൊണ്ടു ധർമ്മരാജാവിന്റെ അരികിൽ ചെന്ന്, ഭൂമിയിലെ സ്ഥിതിയെല്ലാം ഉണർത്തിച്ചു :—'സൂര്യപുത്ര, ഭൂലോകം ഭാനഭോഗത്താൽ മരണമില്ലാതായിത്തീർന്നിരിക്കുന്നു. നഹുഷന്റെ മകൻ, വിഷ്ണുഭക്തനായ യയാതി, ഭൂമിയെ സ്വർഗ്ഗമാക്കിത്തീർത്തിരിക്കുന്നു.' ഇങ്ങിനെ ദൂതന്മാരിൽനിന്നു യയാതിചരിതമെല്ലാം കേട്ടറിഞ്ഞ ധർമ്മരാജാവു കോപാകുലനായി ആലോചനയിൽ സ്ഥിതിചെയ്തു.

ശ്രീപ്രമഥാപേക്ഷണം, ഭൂമിഭണ്ഡം, പിതൃതീർത്ഥകരണം, യയോയിഷ്ണുസംവാദം, സുകർമ്മചരിതം, യയാതികൃതയജ്ഞയധർമ്മോപദേയജ്ഞം എഴുപത്തഞ്ചാമധ്യായം.

——(o)——

എഴുപത്താറാമദ്ധ്യായം

സുകർമ്മാവ്:—അനന്തരം ധർമ്മരാജാവു ദൂതന്മാരെല്ലാവരോടും ക്രുദ്ധി, സഹസ്രാക്ഷനെ കാണ്മാനായി സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു. യമൻ വരുന്നതുകണ്ടിട്ടു, ദേവപരിവൃതനായ മഹേന്ദ്രൻ ബഹുമാനപ്പെട്ടെഴുന്നേറ്റു ശ്രേഷ്ഠമായ അർഘ്യം നൽകുകയും, ആഗമനോദ്ദേശം എന്താണെന്നു ചോദിക്കുകയും ചെയ്തു. ഉടനെ വൈവസ്വതൻ യയാതിയുടെ മഹാചരിതമെല്ലാം ദേവരാജാവിനെ അറിയിച്ചു:—'ദേവദേവേശ, കേട്ടാലും; എന്നാണിപ്പോൾ വന്നതു് ഇന്നതിനാണെന്നു പറയാം:

വലിയ വിഷ്ണുഭക്തനായ നഹുഷപുത്രൻ ഭൂവാസികളെയെല്ലാം വൈഷ്ണവരാക്കിത്തീർത്തിരിക്കുന്നു— മനുഷ്യലോകത്തിനു വൈകുണ്ഠത്തിന്റെ തൽസദൃശം വന്നിരിയ്ക്കുന്നു. മർത്ത്യർ ജരയും രോഗവും വിട്ടു് അമർത്ത്യരായിച്ചമഞ്ഞിരിക്കുന്നു. അവർ പാപം ചെയ്യാറില്ല; പൊളി പറയാറില്ല; എല്ലാവരും കാമക്രോധലോഭമോഹങ്ങളെ വെടിഞ്ഞു ജ്ഞാനധർമ്മപ്രവണരും മഹാത്മാക്കളുമായിത്തീർന്നു, സർവാത്മനാ നിരാമയനായ നാരായണനെ ആരാധിച്ചുപോരുകയാണു്. ആ വൈഷ്ണവധർമ്മത്താൽ, ഭൂമിയിലെ മനുഷ്യർക്കാർക്കും ഭയമേതുമില്ല, ഭീതിയില്ല; യൌവനഹാനിയില്ല. ദേവ, കൂകകളും പേരാലുകളും തഴച്ചുപടർന്നതെത്രകാരമോ, അത്രകാരം അവർ പുത്രപൌത്രപ്രപൌത്രരെ

Digitized By Kerala Sahitya Akademi

ക്കൊണ്ടു വർത്തിച്ചുവരുന്നു—അവർ പുരുചൈത്രാലികളെക്കൊണ്ടു് ക്ര വംശത്തിൽ നിന്നും മറ്റാരാ വംശത്തിൽ കടക്കുന്നു. ഇങ്ങിനെ മ്ലേച്ഛവധർമ്മത്താൽ ആ നഹുഷപുത്രൻ മനുഷ്യലോകത്തെ മുഴുവൻ അരാജകഭയരഹിതമാക്കിത്തീർത്തിരിയ്ക്കുന്നു. ഞാൻ സ്ഥാനഭ്രഷ്ടനായിപ്പോയി; എനിയ്ക്കു ജോലിയൊന്നുമില്ല.

സഹസ്രാക്ഷ, എനിയ്ക്കു തൊഴിലില്ലാതായ സംഗതിയെല്ലാം, ഇതാ, ഇവിടെ അറിയിച്ചു; ഇതറിഞ്ഞിട്ട് ഈ ലോകത്തിനു ഹിതമായിട്ടുള്ളതു ചെയ്യാലും. ഇതു പറവാനാണ്, ഞാൻ അങ്ങയുടെ അടുക്കൽ വന്നതു്.'

ഇന്ദ്രൻ:—'ധർമ്മരാജ, മുമ്പുതന്നെ യയാതിയെ ഇങ്ങോട്ടു കൊണ്ടുപോരുന്നതിനു ഞാൻ തന്നെ അയയ്ക്കുകയും, അതു അവിടെച്ചെന്നു പറകയുമുണ്ടായി. 'എനിയ്ക്കു സ്വർഗ്ഗം വേണ്ട; ഞാൻ സ്വർഗ്ഗത്തിലേയ്ക്കു പോരുകയില്ല. ഭൂമണ്ഡലം മുഴുവനും ഞാൻ സ്വർഗ്ഗമാക്കിക്കളയാം' എന്നായിരുന്നു രാജാവിന്റെ മറുപടി; അയാൾ നാടുവാഴിച്ച നിത്യനുമില്ല. അയാളുടെ യമ്മമഹിമയാൽ, സർവ്വത്ര പേടിച്ചുകൊണ്ടാണ് എന്റെ ഇരിപ്പ്.'

ധർമ്മരാജൻ:—'മഹാഭോഗനായ ദേവരാജാവേ, എനിയ്ക്കുവേണ്ടി, വല്ലകണക്കിലും ആ രാജാവിനെ ഇങ്ങോട്ടു വരുത്തുമാറാകണം!'

പിള്ളപ്പു, ഇപ്രകാരം ധർമ്മന്റേയും അപേക്ഷ കേട്ടിട്ടു, ദേവേന്ദ്രൻ, ഉള്ള ബുദ്ധിശക്തിയെല്ലാം ഉപയോഗിച്ചു് ആലോചന ചെയ്തു; ഒടുവിൽ കാമൻ, രതി, മകരന്ദൻ എന്നിവരേയും ഗന്ധർവ്വന്മാരേയും വിളിച്ചുവരുത്തി അവരോടു പറഞ്ഞു:—'നിങ്ങളും ഭൂലോകത്തിൽ ചെന്നു, തീർച്ചയായും യയാതി ഇങ്ങോട്ടു പോരുമാറാകണം.'

ഇപ്രകാരം, ആ കാമാദികളെല്ലാം കൂടി ക്ഷണം നാടകക്കാരെന്ന മട്ടിൽ നഹുഷനരേന്ദ്രന്റെ അടുക്കലെത്തി, ആശിസ്സുകളും കൊണ്ടാടിനന്ദിച്ചു്, അവരുടെ നാടകമെന്തെന്നു ശ്രദ്ധിപ്പാൻ പ്രാർത്ഥിപ്പിച്ചു. ഉടനെ യയാതി ദേവസഭയ്ക്കുള്ള ഒരു വിശേഷവേഷം കെട്ടി; ജഗന്നാഥനായ നാരായണനായ താനും സഭയിൽ സന്നിഹിതനായി, അവരുടെ നാടകം കണ്ടുകൊണ്ടിരുന്നു. കഥ, വിപ്രചിത്തിയായ വാമനന്റെ അവതാരമായിരുന്നു. ജര എന്നവൾ, ലോകത്തിൽ എതിരില്ലാത്ത സൌന്ദര്യത്തോടെ അപ്സരസ്ത്രീയുടെ വേഷംകെട്ടി, അതിമധുരമായ്വണ്ണം പാട്ടുപാടി. അവളുടെ പാട്ടും ആട്ടവും നാട്യഭംഗിയും മധുരഭാഷണവും, മന്ത്ര

Digitized By Kerala Sahitya Akademi

ഥന്റെ മായയും, കഥയുടെ ഗിവൃത്തവും എല്ലാംകൂടി—രാജാവിനെ മയക്കിക്കളഞ്ഞു. മാബലി, വിന്ധ്യാവലി, മാബലിയെ ഖണ്ഡിച്ചു വാമനൻ എന്നിവരുടെ വേഷം തൽസദൃശമായി അരങ്ങത്തു പ്രദർശിപ്പിക്കപ്പെട്ടു. കാമദേവൻ താൻതന്നെയായിരുന്ന സൂത്രധാരൻ; വസന്തൻ പാരിപാർശ്വികന്റേയും മന്മഥപ്രിയയായ രതി നടിയുടേയും വേഷം ധരിച്ചു. എല്ലാവരും ആ നാടകത്തിൽ വേണ്ടതിൻവണ്ണം വേഷംകെട്ടി. മഹാപ്രാജ്ഞനായ മകരന്ദൻ രാജാവിനെ ഇളക്കിമറിച്ചു. ഒന്നാംതരമായി പ്രയോഗിച്ച ആട്ടം കാണുകയും പാട്ടു കേൾക്കുകയും ചെയ്തും തോറും ആ മഹാനുഭവനായ മന്നവൻ മയക്കത്തിന്നടിപ്പെടുകയായി.

ശ്രീപത്മമഹാപുരാണം, ഭൈരണ്ഡ, പിതൃതീർത്ഥപ്രകരണം, യോഗവിക്ഷേപദർശം സുകർമ്മചരിതം, യയാതിസന്നിധിയിൽ ഇന്ദ്രപ്രേഷിത കാമദേവി നാടക പ്രദർശനം എഴുപത്തൊമ്പതാമദ്ധ്യായം.

——(o)——

എഴുപത്തേഴാമദ്ധ്യായം

സുകർമ്മാവു്:—നടരൂപനായ കാമന്റെ പാട്ടും ആട്ടവും നാട്യഗീതിയും നിമിത്തം മതിമയങ്ങിയ യയാതിമന്നവൻ മലമൂത്ര വിസർജ്ജനം ചെയ്യിട്ടു കാൽ കഴുകാതെ സിംഹാസനത്തിൽ ചെന്നിരുന്നു. ആ ലാക്കിൽ ജരയും കാമനും രാജാവിനെ ബാധിച്ചുകളഞ്ഞു. ഇങ്ങിനെ അവർ, ഇന്ദ്രകാര്യം സാധിച്ചു നാടകം നിർത്തി നടകൊള്ളുകയും ചെയ്തു. ധർമ്മാത്മാവായ നാഹുഷനോ, ജരാകാമാവേശത്താൽ വിവശനും വികലേന്ദ്രിയനും വിമോഹിതനുമായിത്തീർന്ന വിഷയങ്ങൾക്കടിപ്പെട്ടുപോയി.

ബ്രാഹ്മണ, കാമൻ ബാധിക്കയാൽ രാഗമോഹങ്ങൾക്കധീനനായിരുന്ന അദ്ദേഹം ഒരുനാൾ കാട്ടിൽച്ചെന്നു വേട്ടയാടൻ തുടങ്ങി. അപ്പോഴോ, നാലുകൊമ്പുള്ള ഒരുസാധാരണമൃഗം അദ്ദേഹത്തിന്റെ മുമ്പിൽ വന്നെത്തി. അതിന്റെ രോമം സ്വർണ്ണമയവും ശിരസ്സു രത്നമയവുമായിരുന്നു; ദേഹത്തിൽ പല നിറത്തിലുള്ള പുള്ളികളും ഉണ്ടായിരുന്നു. കാണികളുടെ കരളം കവരുന്ന ആ സർവ്വാംഗസുന്ദരമായ മൃഗത്തെ കണ്ടിട്ട് അരചൻ വില്ലുമമ്പുമായി ക്ഷണത്തിൽ പാഞ്ഞെത്തി. ഇതു

Digitized By Kerala Sahitya Akademi

ഒരു മൈത്രനായിരിക്കാം' എന്നായിരുന്ന ആ ബുദ്ധിമാന്റെ വിചാരം. മൃഗം രാജാവിനെ അതിദൂരം ആകർഷിച്ചു; അദ്ദേഹം തേരോട്ടത്താൽ ക്ഷീണിച്ചുപോയി. മൃഗമോ ഇവന്റെ കൺമുമ്പിൽ മറയുകയും ചെയ്തു.

(ശ്ലോകങ്ങൾ)

നരവരനേത്രകണ്ഡനന്ദനംപോ-
ലൊരുവനമദ്ധിപദ്മഭൃതമ്യം;
മലയജ,മകിലീ,ത്ത, പൂന്ന, നാനാ-
കളളി,യിലഞ്ഞി, കവുങ്ങു; തെങ്ങു, ശോകം,
പുതുമണമേറിയുന്ന കൈത,പൂപ്പൂ-
തിരി, തെമ, പാല,പതാച്ചി, കൊങ്ങു, മുന്നായ്
സതതസുമഫലങ്ങളാമനേകം
വിടപികളങ്ങിതേറ്റിനിന്നിരുന്നു.
അരുണായവളനീലപത്മകൽഹാ-
രകകനകോല്പലമണ്ഡലംചുഴന്നും,
കളിർവിമലജലംനിറഞ്ഞുഹംസ-
പ്ലവമുഖപക്ഷിനികാരമ്യമായും,
മരുതരളമധുവ്രതങ്ങളെങ്ങും
മുരളുമൊരുമ്പൈസരസ്സുമങ്ങുകാണായ്;
അതുവിലസിയൊരപ്പൊയോജനപ്പു-
ട്ടയെപറ്റിപ്പൊടിരട്ടിനീളമോട്ടം.

തേരോട്ടത്താൽ തെല്ലുംതന്നെ വലഞ്ഞിരുന്ന മഹാരാജാവു് ആ സവ്വതോഭദ്രമായ ദിവ്യതടാകത്തിന്റെ തീരത്തു് ഒരു കളിർതണലിൽ സ്ഥിതിചെയ്തു. തണ്ടലർമണം തിരഞ്ഞ ശീതളജലത്തിൽ കളിക്കുകയും, അമൃതിനു തുല്യമായ അതു കുടിക്കുകയും ചെയ്തതിനാൽ അദ്ദേഹത്തിനു ക്ഷീണമെല്ലാം വിട്ടുമാറി. അങ്ങിനെ കളിർതണലിരിക്കുമ്പോൾ, അതാ പാട്ടുപാടുന്ന ശബ്ദം കേൾക്കുന്നു. ഒരു ദിവ്യസ്ത്രീ പാടുംപോലുള്ള ശബ്ദമാണല്ലൊ ഈ കേൾക്കുന്നതു്!' എന്നിങ്ങിനെ, ഗാനരസികനായ രാജാവു ക്ഷണനേരം ചിന്തിയ്ക്കുമ്പോഴേയ്ക്കും, ഒരു പീനോന്നതസ്തനിയായ പെണ്മണി ആ ധർമ്മാവിന്റെ ദൃഷ്ടിപഥത്തിൽ വന്നെത്തി.

Digitized By Kerala Sahitya Akademi

സ്വാരോണേന്ദ്രക്ഷിതയായിരുന്ന ആ സുലക്ഷണാംഗി കാട്ടിൽ രാജാവിന്റെ മുമ്പിലായി വന്നുനിന്നു. അപ്പോൾ അദ്ദേഹം അവളോടു ചോദിച്ചു:—'ഹേ വിശാലാക്ഷി, നീ ആരാണ്? എന്തിനാണ് വന്നതു്? എല്ലാം പറയൂ.' ആ സുമുഖിയാകട്ടെ, നാണം നിമിത്തം നഖപാലനോടു യാതൊന്നും ഉരിയാടിയില്ല; പുഞ്ചിരിക്കൊള്ളുകമാത്രം ചെയ്തു, വീണ മീട്ടിക്കൊണ്ടു, ക്ഷണത്തിൽ പോയ്ക്കളഞ്ഞു. രാജേന്ദ്രന് അത്യുത്കണ്ഠതോന്നി. 'ഞാൻ ചോദിച്ചതിനു് അവൾ ഉത്തരം പറഞ്ഞില്ലല്ലോ!' എന്നായി ചിന്തയിൽപ്പെട്ടു:—'ഞാൻ കണ്ട നാലുകൊമ്പുള്ള കനകപർവ്വതത്തിൽ നിന്നാണ് ഇവൾ ഉണ്ടായതെന്നതോന്നുന്നു; ഇതു തീർച്ചയായും ഋഷിമാരുടെ മായയായിരിക്കണം!' ഇപ്രകാരം ചിന്തിക്കുമ്പോഴേയ്ക്കും, ആ സ്ത്രീ രാജാവിനെ നോക്കി ചിരിച്ചു വൻകാട്ടിൽ മറഞ്ഞു കഴിഞ്ഞു.

വീണ്ടും, മൂർച്ഛനാതാളങ്ങളോടെ ചേർന്ന ഒരു സുസ്വരഭിന്നഗാനം രാജാവിനു കേൾക്കുമാറായി. അദ്ദേഹം ഇക്ഷുപ്പെട്ടു, പാട്ടു കേൾക്കുന്ന ദിക്കിലേയ്ക്കു ചെന്നു. അപ്പോൾ, ജലമധ്യത്തിൽ ഒരു മികച്ച താമരപ്പൂവിന്മേൽ, ശീലഗുണങ്ങളും ദിവ്യലക്ഷണങ്ങളും തികഞ്ഞു ദിവ്യാരോണേന്ദ്രക്ഷിതയായ ഒരു സുന്ദരി തനിയെ ഇരിക്കുന്നതു കാണുമാറായി. അവൾ വീണ മീട്ടിക്കൊണ്ടു താളമാനലയങ്ങളോടെ ചേർന്ന മനോഹരഗാനം പാടുകയായിരുന്നു. ദേവകളും അസുരന്മാരും മുനികളും ഗന്ധർവ്വന്മാരും കിന്നരന്മാരും—ചരാചരങ്ങളും മൃഗവനം—മയക്കംകൊള്ളുമാറു പാട്ടുപാടുന്ന ആ സുന്ദരിയുടെ തേജസ്സിനിയെ കണ്ടപ്പോൾ, 'ഈ ചരാചരപ്രപഞ്ചത്തിൽ ഇതുപോലൊരുത്തി വേറെയില്ലെ'ന്നു രാജാവിനു തോന്നിപ്പോയി. മുമ്പു നടനായ കാമൻ ജരയോടുകൂടി അദ്ദേഹത്തിൽ ആവേശിക്കുകയുണ്ടായല്ലോ; അവൻ ഇപ്പോൾ വെളിപ്പെട്ടുനിന്നു—തെ വീണാൽ അഗ്നി ജ്വലിക്കുന്നതെപ്രകാരമോ, അപ്രകാരം അവളെ കാൺകയാൽ രാജേന്ദ്രനിൽ കാമൻ ഉദ്ദീപിച്ചു.

ആ സുലോചനയെ കണ്ടിട്ടു മന്മഥാകൃഷ്ടഹൃദയനായ മന്നവൻ വിചാരിച്ചു:—'ഇതു വിശ്വമോഹിനിയായ ഒരു യുവതിയെ ഞാൻ കണ്ടിട്ടില്ല!' അതോടുകൂടി, അവളുടെ വിരഹം സഹിച്ചുകൂടാത്തതായും നരേന്ദ്രനു തോന്നി. അദ്ദേഹം കാമാഗ്നിയിൽ വേവുകയായി—കാമജ്വരത്താൽ കഷ്ടപ്പെടുകയായി.

Digitized By Kerala Sahitya Akademi

(ശ്ലോകം)

'ഇവളെങ്ങിനെയെന്റെയായ്ത്തീരും
കനിവെൻപേരിലിവർക്കളിക്കുമോ?
ദുഷ്ടമിക്കമലാക്ഷി പുൽകിയേ
മമ ജന്മം സഫലമായിച്ചിട്ട!'

എന്നിങ്ങിനെ ചിന്തിച്ചുകൊണ്ടു നൃപുഷ്കാത്മജൻ ആ നിതംബിനിയോടു ചോദിച്ചു:—'ഭദ്രേ, നീ ആരാണ്? ആരുടെയാണ്?' തൽക്ഷണം, മുമ്പുകണ്ട സ്ത്രീ രണ്ടാമതും അവിടെ കാണപ്പെട്ടു; അവളെപ്പറ്റിയും അദ്ദേഹം ചോദിച്ചു:—

(ശ്ലോകങ്ങൾ)

'ഇവളാർ തവ പാർശ്വസംസ്ഥയാരും?
ത്രിജഗദ്വിശ്രുതനാം യയാതി ഞാൻ,
വരഗാത്രി, തുരുത്തിനേഴിനം
പൊരുമാരം നാഹുഷനിന്ദുവംശജൻ.

അണയുന്നിതുനിങ്കലെന്മന-
സ്സലിവെന്നിൽത്തവ തോന്നിടേണമേ!
പ്രിയമാംപടി പുൽകുകെന്നെനീ;
തരുവൻ ഞാൻ തവ വേണ്ടതെന്തുമേ.

വരവർണ്ണിനി, വാരിജായുധൻ
പൊരുതെന്നെക്കൊലചെയ്വു ദുർജ്ജയൻ;
ശരണാഗതനേഷനിങ്കൽ ഞാൻ;
പരിപാലിക്ക കൃപാമൃതെന്നെനീ!

മമ നാട്ടു,മശേഷഭൂവു,മീ-
യുടലും, മുന്നുലകങ്ങളും കൂടിയും
ഭവതിയ്ക്കു തരുന്നതുണ്ടു ഞാൻ,
മടിയാതെന്നൊടു ചേർന്നിണങ്ങുകിൽ!'

അവനീന്ദ്രന്റെ ഈ അപേക്ഷ കേട്ടിട്ട് ആ താമരപ്പൂവിലിരിക്കുന്ന സ്ത്രീ തന്റെ സഖിയായ വിശാലയോടു ചോദിച്ചു: 'ഭദ്രേ, എന്റെ പേരും കുലവും അച്ഛനമ്മമാരെയും രാജാവിനു പറഞ്ഞുകൊടുക്കു; ഞാനും കാമമോഹിനയാണെന്നും ഇദ്ദേഹത്തെ ധരിപ്പിക്ക.' അവൾ

Digitized By Kerala Sahitya Akademi

ടെ ഇംഗിതം അറിഞ്ഞിട്ടു വിശാല മന്നവനോടു മധുരമാംവണ്ണം ഉരിയാടി:—'മഹാരാജാവേ, കേൾക്ക: കാമദേവനെ പണ്ടു കൺകണ്ണൻതിരുവടി ദഹിപ്പിച്ചുവല്ലോ; അന്നു കർത്തൃരഹിതയായിത്തീർന്ന രതി ദുഃഖത്തൽ ഉറക്കെക്കരഞ്ഞുതുടങ്ങി. ഈ സരസ്സിലാണിന്നു രതിയുടെ വാസം. അവൾ സങ്കടത്തോടേ ഉച്ചത്തിൽ പ്രലപിക്കുന്നതു കേട്ടിട്ട് മനസ്സലിഞ്ഞ മഹേശ്വരി ശങ്കരനോടപേക്ഷിച്ചു:—'മഹാദേവ, മനോദേവനെ പുനർജ്ജീവിപ്പിക്കണേ! ഈ സാധുസ്ത്രീ ഭർത്തൃവിരഹത്താൽ സങ്കടപ്പെടുന്നു; എന്നെ വിചാരിച്ച്, ഇവളെ കാമനോടു ചേർത്താലും!' അതു കേട്ടിട്ട് ഹരൻ അരുളിച്ചെയ്തു:—'ഞാൻ മന്മഥനെ ജീവിപ്പിക്കാം. ഇവൻ അനംഗനായെങ്കിലും, വീണ്ടും ദിവ്യശരീരംപൂണ്ടു, പഞ്ചബാണനായി വസന്തസഖനായി വരും.' ത്രിലോചനൻ തിരുവുള്ളം തെളിഞ്ഞു മീനകേതനനെ ജീവിപ്പിച്ചു, ദേവിയോടുകൂടി അനുഗ്രഹിച്ചു:—'മനോദേവേ, പോയ്ക്കൊൾക; തേജസ്സേറിയ നീ പ്രീയതമയോടുകൂടി, മനുഷ്യലോകത്തിൽ എന്നെന്നും സ്ഥിതിസംഹാരകർത്താവായി വർത്തിക്കുക.'

കാമദേവൻ വീണ്ടും, ദുഃഖിതയായ രതി വസിയ്ക്കുന്ന സരസ്സിൽ വന്നെത്തി. മഹാഭാഗനായ മന്മഥൻ ദഹിച്ചതിനുശേഷം, ദുഃഖപീഡിതയായ രതി ഈ കാമസരസ്സിലാണ് വസിച്ചിരുന്നതു്. രതിയുടെ കോപത്തിൽ [കണ്ണുനീർ] നിന്ന് ഒരു ഘോരമായ ചെന്തീ ഉണ്ടായിവന്നു; അതിനാൽ ദഹിപ്പിക്കപ്പെട്ടകയാലും അവൾ അത്യന്തം മൂർച്ഛിച്ചുപോയി. ആ വിധവയുടെ കണ്ണിൽനിന്നു കണ്ണുനീർത്തുള്ളികൾ വെള്ളത്തിൽവീണു. അവയിൽനിന്നു, സപ്തസ്വരങ്ങളേയും നശിപ്പിക്കുന്ന ശോകവും, വിയോഗമെന്ന ഉമ്മതിയും ഉണ്ടായിവന്നു. വിയോഗത്തിൽനിന്നു മാരണമായ മൂർച്ഛയും, ശോകത്തിൽനിന്നു കാമജ്വരവും ജനിച്ചു. വിരാമം, പ്രലാപം, ഉന്മാദം, മരണം എന്നീ വിശ്വനാശനാരും അവളുടെ ഇപ്സിതപകരണങ്ങളിൽനിന്നു് ഉല്പന്നരായി. മഹാരാജാവേ, ദുഃഖപ്രദരായ അവരെല്ലാം മൂർത്തിമത്തുക്കളായി അവളുടെ അടുക്കൽ സ്ഥിതിചെയ്യുന്നു.

അപ്പോൾ, 'കാമദേവൻ, ഇതാ, വന്നു' എന്നു് ആരോ അറിയിച്ചു. ആഗതനായ കന്ദർപ്പനെ കണ്ടപ്പോൾ, അവർക്ക് അത്യാനന്ദാശ്രുമുഖം കൺനിറയുകയും, ഏതാനും അശ്രുബിന്ദുക്കൾ വെള്ളത്തിൽ വീഴുകയും ചെയ്തു. അവയിൽനിന്നു പ്രീതി, ദ്യുതി, ലജ്ജ, ആ

Digitized By Kerala Sahitya Akademi

നന്ദം, ശാന്തി എന്നീ സന്തതികളെ ജനിച്ചു; ലീല, ക്രീഡ എന്നിങ്ങനെ സുഖസൗഭാഗ്യം നൽകുന്ന രണ്ടു പെൺകിടാങ്ങളും പിറന്നു; സംഭോഗം എന്ന മഹാനന്ദം അവതരിച്ചു. രതിയുടെ ഇടത്തേക്കണ്ണിൽ നിന്ന വെള്ളത്തിൽ, ഇരിപിരുവീണ ആനന്ദബാഷ്പത്തിൽനിന്ന് ഒരു നല്ല താമരപ്പൂവ് ഉണ്ടായിവന്നു. ആ താമരപ്പൂവിൽനിന്ന് പിറന്ന വളരെ ഈ സുമുഖി. അശ്രുബിന്ദുമതി എന്നാകുന്ന ഈ രതിപുത്രിയുടെ നാമധേയം. താൻ ഇവളിലുള്ള പ്രീതിയാലും സ്നേഹത്താലും മനംകളിത്തു, എപ്പോഴും സഖി എന്ന നിലയിൽ ഒത്തമിച്ചു താമസിയ്ക്കുകയാണ്; വരുണന്റെ മകനും, വിശാലയാണ് ഞാൻ. രാജേന്ദ്ര, ഇതൊക്കെയേ ഞങ്ങളിരുപേരുടേയും വൃത്താന്തം. ഈ മനസമോഹ്യവതി ഒത്തുവാങ്ങിനായി തപസ്സുചെയ്യുകയാണ്.'

യയാതി:—'ഭവതി പറഞ്ഞതെല്ലാം ഞാൻ ശ്രദ്ധിച്ചുകേട്ടു. എന്നാൽ, ഈ രതിപുത്രിയായ സുമുഖി എന്നെ വരിയ്ക്കുമാറാകട്ടേ! ഇവർക്ക് എന്തു വേണമോ, അതു ഞാൻ കൊടുത്തുകൊള്ളാം. ഭദ്രേ, ഈ പെൺകിടാവിനെ എനിയ്ക്കു ധീനയാക്കിത്തരിക.'

വിശാല:—'രാജാവേ, ഇവളുടെ നിശ്ചയം കേട്ടുകൊള്ളുക: യുവാവും വീരനും വിഷ്ണുപരാക്രമനും ധർമിഷ്ഠനും ദാതാവും സർവ്വജ്ഞനും വേദകോവിദനും യജ്വാക്കളിൽ മുഖ്യനും ഭോഗ്യരാമണീയനും തേജസ്വിയും ദേവേന്ദ്രനെപ്പോലെ സർവൈശ്വര്യസമ്പന്നനും വിഷ്ണുതുല്യനും തെറ്റുലോകൈപൂജിതനുമായ പുരുഷനെയാണ് ഇവർ ഭർത്താവാക്കുവാൻ ആഗ്രഹിക്കുന്നതു.'

യയാതി:—'ഇപ്പറഞ്ഞ ഗുണങ്ങളെല്ലാമുള്ളവനാണ്, ഈ വന്നുചേർന്നിരിക്കുന്ന ഞാൻ; തീർച്ചയായും, ഇവർക്കുവേണ്ടി ഭർത്താവായിട്ടാണ് എന്നെ ദൈവം സൃഷ്ടിച്ചിരിക്കുന്നതു!'

വിശാല:—'ഭവാൻ മുന്നുലോകത്തിലും വെച്ചു പുണ്യവാനാണെന്ന് എനിക്കറിയാം; ഞാൻ പറഞ്ഞ ഗുണങ്ങളെല്ലാം അങ്ങയ്ക്കുണ്ടെന്നാനും. അങ്ങു വിഷ്ണുതുല്യനായ ഒരു നൃപൻതന്നെ! എന്നാൽ ഒരുദോഷമുള്ളതുകൊണ്ടു ഭവാൻ ഇവർക്കു സമ്മതനാകില്ലെന്നു എനിയ്ക്കു തോന്നുന്നു.'

യയാതി:—'സുന്ദരി, ഇവർക്കു സമ്മതനാകാതെവരാൻ തക്കവണ്ണം എനിക്കുള്ള ദോഷം ഇന്നതാണെന്നു ദയചെയ്തു പറകതന്നെ'.

Digitized By Kerala Sahitya Akademi

വിശാല:—'രാജാവേ, എന്തുകൊണ്ടാണ്, ഭവാൻ സപത്നം ദ്വേഷം അറിയാത്തത്? അങ്ങയുടെ ദേഹം ജരയാലും, കാമത്താലും വ്യാപിക്കപ്പെട്ടതു കാണുന്നില്ലയൊ?'

ഈ അസുഖകരമായ വചനം കേട്ടിട്ട് വസുധേശ്വരൻ വമ്പിച്ച ദുഃഖത്തോടെ അവളോട് മുഖപടി പറഞ്ഞു: —'ഭദ്രേ, ജരാദോഷം എനിക്കില്ല; എപ്പോഴെങ്കിലും എന്തുകൊണ്ടോ പറഞ്ഞുപോയതായിരിക്കാം. അല്ലാതെ, ജരപിടിപെട്ടതു ഞാൻ അറിഞ്ഞിട്ടില്ല. ത്രൈലോക്യത്തിൽ ദുർല്ലഭമായിട്ടുള്ളതും ഇവർ ആവശ്യപ്പെട്ടാൽ കൊടുക്കാൻ ഞാൻ തയ്യാറാണ്. മികച്ച വരം വരിച്ചുകൊള്ളട്ടെ.' വിശാല:—'ജരയില്ലാതായാലേ അങ്ങയ്ക്കിവർ തുല്യയാകയുള്ളു. ജര പുത്രങ്കലോ ഭ്രാതാവിങ്കലോ ഭൃത്യങ്കലോ പകർത്തിയാൽ പകരമെന്ന സ്മൃതിയുണ്ടല്ലൊ. അതുപ്രകാരം ജരകൊടുത്തു യൌവനം മാറിവാങ്ങിക്കൊൾകെ. എന്നാലേ നിങ്ങളും തമ്മിലേച്ചുവ് ശോനേമാക. രാജാവേ, ഭവാൻ ജയാൽ തന്റെ പുണ്യത്തെ ദാനംചെയ്യുന്നതായാൽ, അതിന്റെ ഫലം തീർച്ചയായും അക്ഷയമായിരിക്കും. കഷ്ടപ്പെട്ട സമ്പാദിച്ച പുണ്യം മറെറാരാൾക്കു കൊടുക്കുക എന്നതു് ഒരു മഹത്തായ പുണ്യമാകുന്നു. ഭവാൻ ജര മകന്നു കൊടുത്ത്, അവനോട് യൌവനം വാങ്ങി സുന്ദരനായിക്കൊൾക— ഇവർക്കു അനുരാഗംതോന്നുമാറു പ്രവർത്തിച്ചുകൊൾക.'

വിശാല ഇപ്രകാരം പറഞ്ഞു വിരമിച്ചു. 'മഹാഭാഗേ, ഭവതിപറഞ്ഞതുപോലെ ഞാൻ ചെയ്തുകൊള്ളാം'മെന്നു യയാതി സമ്മതിക്കുകയും ചെയ്തു. കാമാന്ധനായ അദ്ദേഹം ഉടനെ അരമനയിലേയ്ക്കുപോന്നു, തുർ- കുരു- പുരു- യദു എന്നീ പിതൃഭക്തന്മാരായ പുത്രന്മാരെ വിളിച്ചുവരുത്തിച്ചെയ്തു:—'ഉണ്ണികളെ, നിങ്ങളെനിക്കു സുഖംവരുത്തിയാലും.'

പുത്രന്മാർ:—'അച്ഛ, നല്ലതായാലും തീയതായാലും പിതൃവാക്യം പുത്രന്മാർ അനുഷ്ഠിക്കണം. അതിനാൽ വേഗം അരുളിച്ചെയ്ക. ഞങ്ങളം അനുഷ്ഠിച്ചുകഴിഞ്ഞതായിത്തന്നെ വിശ്വസിച്ചുകൊൾക.'

പുത്രന്മാരുടെ ഈ വാക്കുകേട്ടിട്ട് ഹർഷം നിറഞ്ഞ മനസ്സോടേയയാതി വീണ്ടും അവരോടുപറഞ്ഞു:—

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകഥനം, യയാതിചരിതം, സൂകർക്ഷചരിതം, യയാതിതിരിച്ചുവരവിസമാഗമം എഴുപത്തേഴാമധ്യായം.

—(o)—

Digitized By Kerala Sahitya Akademi

പതിനാറാമദ്ധ്യായം

യയാതി:—'ഉണ്ണികളേ, എന്റെ ദുഃഖപ്രദമായ ജര നിങ്ങളിലൊരാൾ മേടിച്ചുകൊണ്ടു പോകുക. നിങ്ങൾക്കു തന്നാലും സന്തോഷത്തോടെ എനിക്കു തരിക. എന്റെ അസ്ഥിരമായ യൗവനം ഇപ്പോൾ ഒരു സ്ത്രീയിൽ ചെന്നു പറ്റിയിരിക്കുന്നു. പാത്രത്തിലെ വെള്ളത്തെ തിന്നു എന്നപോലെ, എന്റെ മനസ്സിനെ കാമാഗ്നി തിളപ്പിച്ചിരിക്കുന്നു. അതിനാൽ, ദുഃഖപ്രദമായ എന്റെ ജര മകനാരെങ്കിലും വാങ്ങി സന്തോഷത്തോടെ യൗവനം എനിക്കു തന്നാലും; ഞാൻ യഥേഷ്ടം സുഖിക്കട്ടെ! ജര കയ്യേൽക്കുന്ന സൽപുത്രന് എന്റെ നാടുവാഴാം. വില്ലും ധരിക്കാം; സുഖം, ധനധാന്യാദി സമൃദ്ധി, സന്താനസമൃദ്ധി, യശസ്സ്, കീർത്തി എന്നിവയുണ്ടായിവരികയും ചെയ്യും.'

പുത്രന്മാർ:—'പ്രജകളെ ശരിയ്ക്കു രക്ഷിക്കുന്ന ഒരു ധർമ്മിഷ്ഠനായ രാജാവാണല്ലോ, ഇവിടുന്ന്; ഈ മാതിരി മനശ്ചാഞ്ചല്യം ഇവിടെയുണ്ടായതെന്തുകൊണ്ടാണ്?

യയാതി:— മുമ്പ്, തെക്കുഭാഗം നാടുകാക്കാർ എന്റെ അടുക്കൽ വരികയുണ്ടായല്ലോ; അവർ മൂലമത്രേ ഇത്തരം കാമമോഹം എന്നെ ബാധിച്ചതു്. എന്റെ ദേഹത്തിൽ ജര പറ്റിക്കൂടി; ശ്രേഷ്ഠപുത്രന്മാരെ, മനസ്സു മന്മഥാവേശത്താൽ അതികലമായും തീർന്നു. ഞാൻ ഒരു സുന്ദരിയായ ദിവ്യസ്ത്രീയെ കണ്ടെത്തി, സംസാരിച്ചു; ആ മാനിനി ഒന്നും ഉരിയാടിയില്ല. അവളുടെ സഖിയായ വിശാല എന്ന വിശാലാക്ഷിയാകട്ടെ, 'ജരയില്ലാതായാൽ, അങ്ങയുടെ കാമം നിറവേറും' എന്നു പറഞ്ഞ് എന്നെ സമാശ്വസിപ്പിച്ചു. അതിനാലാണ്, ജര പോക്കുന്നതിനു നിങ്ങളോടിതാവശ്യപ്പെട്ടതു്. പൊന്നുണ്ണികളേ, ഇതു മനസ്സിലാക്കി, എനിക്കു സുഖം വരുത്തുവിൻ.'

തുർവ്വസു:—'പുരുൻ അച്ഛനമ്മമാരുടെ പ്രസാദത്താൽ ശരീരം നേടുന്നു; അറിവുള്ളവൻ ശരീരംകൊണ്ടു ധർമ്മം ആചരിയ്ക്കുകയും ചെയ്യുന്നു: വിശേഷിച്ചും മാതാപിതൃശുശ്രൂഷണം പുത്രന്റെ കർത്തവ്യമാകുന്നു. നരേന്ദ്ര, എന്റെ യൗവനം കൊടുത്തുകളയേണ്ട കാലമല്ല ഇതു്. യൗവനത്തിലാണ് മനുഷ്യർ വിഷയം അനുഭവിക്കേ

Digitized By Kerala Sahitya Akademi

ണ്ടതു്; അതിനുള്ള കാലമല്ല അങ്ങയ്ക്കിപ്പോൾ. അച്ഛൻ ജരാമരണങ്ങളെക്കൊട്ടുത്തു മഹാസുഖം അനുഭവിയ്ക്കുക എന്നതു ധർമ്മത്തിനൊത്തതുമല്ല. അതിനാൽ ഇവിടത്തെ വാക്കു ഞാൻ കൈക്കൊള്ളുകയില്ല.'

ഇങ്ങിനെയാണു്, സീമന്തപുത്രനായ ഇന്ദ്രമഹർഷിപറഞ്ഞതു്. ഇതുകേട്ടപ്പോൾ രാജാവു കുപിതനായി. അതിശയാൽ കണ്ണുകൾ ചുകന്ന ആ ധർമ്മികൻ തുലയിനെ ശപിച്ചു:—'ഒമ്മതേ, എന്റെ ആജ്ഞ നീ തള്ളിക്കളഞ്ഞതുവല്ലോ; അതിനാൽ നീ സർവ്വധർമ്മബഹിഷ്കൃതനായ പാപിയായിത്തീരുക: നീ തീർച്ചയായും ശിവാസ്ത്രവേദാംഗരഹിതനും സർവ്വപാപവിഹീനനുമായിത്തീരും—നരാധമനായ നീ ബ്രഹ്മഘ്നനും ദേവദ്രോഷിയും മദ്യപനും സത്യമില്ലാത്തവനും ക്രൂരകർമ്മവുമായിത്തീരും—നീ മദ്യപാനം, ഗോഹത്യ, ബ്രാഹ്മണദ്വേഷം എന്നിവചെയ്യുന്ന പാപിയും, അശുഭവും അമംഗളമയനുമായിത്തീരും—ദുർമ്മതിയായ നീ പരസ്ത്രീഗാമിയും മഹാദുഷ്ടനും അതിലോഭിയും എന്നും ദിനംപ്രതവനമായിത്തീരും—നീ സഗോത്രിയായ സ്ത്രീയെ സംഗിക്കും—എല്ലാധർമ്മവും കെടുക്കും—പുണ്യജ്ഞാനഹീനനും കുഷ്ഠരോഗിയുമായിത്തീരും! നിന്റെ പുത്രപൌത്രന്മാരും എന്റെ ശാപത്താൽ ഇങ്ങനെ പാപികളായിപ്പോകും!'

ഈ വിധം തുലയിനെ ശപിച്ചിട്ടു യദു എന്ന പുത്രനോടായ് പ്പറഞ്ഞു:—'എന്റെ ജര നീ വാങ്ങുക; നിന്നുപതപമായ രാജ്യവും അനുഭവിച്ചുകൊൾക.' അപ്പോൾ യദു കൈകൂപ്പി നിന്നുണർത്തിച്ചു:—'അച്ഛൻ, അയ്യോ! ഞാനോ! ജരാരോഗം ചുമക്കുവാൻ എനിക്കു ശേഷിയില്ല. തണുപ്പ്, വഴിനടക്കൽ, ചീത്ത ഭക്ഷണം, വൃദ്ധസ്ത്രീ സംഗമം, വൃദ്ധയോടു സഹവാസം എന്നിവ അങ്ങയ്ക്കു ജരയുടെ ദോഷങ്ങൾ. യൌവനപ്രായത്തിൽ ജരാദുഃഖം സഹിപ്പാൻ ആർ ശക്തനാവും? അച്ഛൻ ഇതിൽ എനിക്കു മാപ്പുതരണം!' മഹാരാജാവു കോപിച്ചു യദുവിനേയും ശപിച്ചു:—'നിന്റെ വംശത്തിനു രാജ്യപദം ഇല്ലാതാകും; എന്റെ ആജ്ഞ തട്ടുകയാൽ നീയും നിസ്സംശയം ക്ഷത്രധർമ്മവിഹീനനായിത്തീരും, സംശയമില്ല!'

യദു:—'മഹാരാജാവേ, എന്തിനാണ്, നിരപരാധനായ എന്നെ ഇവിടത്തെ ശപിച്ചതു്? അയ്യോ!—അതിദീനനായ എങ്കൽ തിരുവുള്ളം തെളിഞ്ഞരുളിനാലും!'

Digitized By Kerala Sahitya Akademi

യയാതി:—'മകനേ, നിന്റെ കുലത്തിൽ മഹാദേവൻ സപ്തംശ
ൽ അവതരിക്കും; അന്നു നിന്റെ കുലത്തിനു ശ്രേയിവരും'.

പുരു:—'അച്ഛൻ നിരപരാധനായ മകനെ ഇവിടുന്നു ശപിച്ചുകളഞ്ഞുവ
ല്ലോ; എങ്കിൽ ദയയുണ്ടെങ്കിൽ എനിക്കും അനുഗ്രഹം നൽകുക.'

യയാതി:—'അച്ഛന്റെ ദുഃഖം പോക്കുന്ന പുത്രനെ രണ്ടും അനുഭ
വിക്കുകയുള്ളൂ; അവനേ മരണത്തിന്നുവകാശിയാകൂ. നീ യാതൊ
രു അപരാധവും ചെയ്തില്ലല്ലോ; തീർച്ചയായും നിന്നോടു സംസാരിയ്ക്കുകയേ
പാടില്ല. എന്റെ ശാസനം തള്ളുകയാൽ നിന്നെ ശിക്ഷിയ്ക്കു
യാണു് ഞാൻ ചെയ്യുന്നു്. അതിനാൽ അനുഗ്രഹമൊന്നുമില്ല.
നീ സന്തോഷത്തെ ചെയ്തുകൊൾകിൽ'

പുരു:— രാജാവേ, എന്റെ രാജത്വവും വംശവും ഭവാൻ കെടുത്തുവ
ല്ലോ; അതിനാൽ ഞാൻ അങ്ങയുടെ വംശത്തിന്നു് ഉച്ചിപ്പൊന്നു
മായിത്തീരും: അങ്ങയുടെ വംശത്തിൽ പിറക്കുന്ന പലതരം
രാജാക്കന്മാരുടെ ഗ്രാമങ്ങളും ദേശങ്ങളും രത്നങ്ങളും ധനവും അ
ങ്ങയുടെ ഘോരശാപത്താൽ കെട്ടഴിഞ്ഞുപോയി മഹാശ്മശാനമായ
ഭൂമിയുടെ ഉപരിഭാഗത്തിൽ കിടക്കുന്ന മഹാക്രൂരന്മാർ ബന്ധുക്ക
ളാകും!'

അതിശയപൂർണ്ണമായ ഈ ഉപകാരം പറഞ്ഞപ്പോൾ, മഹാരാജാ
വു വീണ്ടും കോപിച്ചു ശപിച്ചു:—'നിന്റെ വംശത്തിൽ പിറക്കുന്നവ
ർ എന്റെ പ്രജകളെ നശിപ്പിയ്ക്കുകയാണെങ്കിൽ, ആ മ്ലേച്ഛന്മാർ,
സൂര്യചന്ദ്രന്മാരും നക്ഷത്രതാരങ്ങളും ഭൂമിയുമുള്ളേടത്തോളംകാലം, ര
ൗരവനരകത്തിലിട്ടു പചിയ്ക്കപ്പെടട്ടെ!'

ശർമ്മിഷ്ഠയുടെ മകൻ, പുരു, കുലിയാടി കൺകുളിർപ്പിയ്ക്കു
ന്ന ഒരു കുട്ടിയായിരുന്നു; മുലകുടിമാറാത്ത പൈതലാണെന്നുവെച്ചു്,
അവനോടു രാജാവു് ആവശ്യപ്പെടുകയുണ്ടായില്ല. അദ്ദേഹം ശർമ്മിഷ്ഠ
യുടെ മറ്റൊരു മകനായ പുരുവിനെ വിളിച്ചു് അരുളിച്ചെയ്തു:—'മ
കനേ, എന്റെ ജര ഏറ്റുവാങ്ങുക; ഞാൻ തരുന്ന നിസ്സപത്നമായ
രാജ്യം സുഖമായി അനുഭവിയ്ക്കുകയും ചെയ്തുകൊൾകെ.'

പുരു:—'അച്ഛൻവാങ്ങിയ രാജ്യം, ഭാഗ്യമുണ്ടെങ്കിൽ അനുഭവിക്കാം. ഇ
വിടുത്തെ ആജ്ഞയാണ് എനിയ്ക്കു വലുതു്. ജര എനിയ്ക്കു ത
ന്നേയ്ക്കുക. അച്ഛൻ ഇപ്പോൾതന്നെ എന്റെ യൗവനത്താൽ

Digitized By Kerala Sahitya Akademi

സുന്ദരാംഗനായിച്ചമഞ്ഞു, വിഷയാസക്തനായി ഭോഗങ്ങളെ ഭുജിച്ചുകൊള്ളുക—വേണ്ടേടത്തോളം കാലം, ആ സ്ത്രീയോടുകൂടി രമിച്ചുകൊള്ളുക.'

ഉടനേ, മനം തെളിഞ്ഞ മന്നവൻ പുരുവിനോടു പറഞ്ഞു:—'ഉണ്ണി, ഞാൻ ആവശ്യപ്പെട്ടതു നീ പാഴാക്കിയില്ലല്ലോ; അതിനാൽ നിനക്കു ഞാൻ വരം തരാം: ധീമൻ, എന്റെ ജര വാങ്ങി സ്വന്തം യൗവനം എനിയ്ക്കു തന്ന നീ, ഞാൻ തന്നു രാജ്യം അനുഭവിച്ചുകൊൾക.' അച്ഛനും മകനും തമ്മിൽ വയസ്സു കൈമാറിയ നിമിഷത്തിൽ വാർദ്ധക്യം പുരുവിന്റെ ശരീരത്തിൽ കാണുമാറായി; യയാതിയോ, പതിനാറുവയസ്സുചെന്ന തരുണനായിത്തീർന്നു, രണ്ടാമതൊരു മന്മഥനോ എന്നു തോന്നുംവണ്ണം പരിലസിച്ചു.

അദ്ദേഹം വില്ല്, കടകൊടി, വെൺചാമരം, ആലവട്ടം, വസ്ത്രാഭരണങ്ങൾ, ബന്ധുരം, ഗജാശ്വാദി ചതുരംഗസൈന്യം എന്നിവയോടുകൂടി രാജ്യം മഹാത്മാവായ പുരുവിന്നു ഒഴിഞ്ഞുകൊടുത്തു. പിന്നീട്, ആ കാമാസക്തനായ നഹുഷനന്ദനൻ, അശ്രുബിന്ദുമതിയെത്തന്നെ ചിന്തിച്ചുകൊണ്ടു്, അവളുടെ വാസസ്ഥാനമായ മഹാസരസ്സിലേയ്ക്കു സത്വരം നടകൊണ്ടു. ആചാരപീനസ്തനിയായ വിശാലാക്ഷിയേയും വിശാലയേയും കണ്ടപ്പോൾ മഹാരാജാവിന്റെ മനസ്സു മദനബാധയാൽ വട്ടംചുറ്റിപ്പോയി! അദ്ദേഹം ചോദിച്ചു:—'ഭദ്രേ, വിശാലേ, സുലോചനേ, ഞാൻ ഇതാ, വന്നിച്ച ജരാദോഷം പോക്കി യൗവനയുക്തനായി വന്നിരിക്കുന്നു; ഇനിയെന്താണ് ഞാൻചെയ്യേണ്ടതു്? [ഞാൻ ഇതാ, യുവാവായി വന്നിരിയ്ക്കുന്നു; ഇനി, ഇവൾ എന്നെ വരിയ്ക്കട്ടെ; ഇവൾക്ക് എന്തുവേണമോ, അതൊക്കെ ഞാൻ തീർച്ചയായും കൊടുത്തുകൊള്ളാം.]

വിശാല:—'ഭവാനെ ജരാദോഷം നീങ്ങിയെങ്കിലും, വേറെ ഒരു ദോഷമുള്ളതുകൊണ്ടു ഇവൾ സമ്മതിയ്ക്കുകയില്ല.'

യയാതി:—'സുന്ദരി, എന്റെ ദോഷം ഭവതിക്കറിയാമെങ്കിൽ ഉടനെ പറയുക; ആ ദോഷവും ഞാൻ കളഞ്ഞുകൊള്ളാം.'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥകരണം, മേരുസ്കന്ദസംവാദം, സൂക്ഷ്മചരിതം, യയാതിജരാപ്രാപ്തിവർണ്ണനം എന്നിവയിൽ ഏഴുപരിച്ഛേദം മധ്യമം.

——(o)——

Digitized By Kerala Sahitya Akademi

എഴുപത്തൊമ്പതാമദ്ധ്യായം

ശിശുക:—'ശർമ്മിഷ്ഠ, ദേവയാനി എന്ന രണ്ടു സുന്ദരിമാരായ സ്ത്രീമാർ അങ്ങയ്ക്കില്ലയോ? പിന്നെ എങ്ങിനെയാണ്, ഭവാൻ ഇവർക്കധീനനാവുക? ഭവാനെ ഭർത്താവാക്കിയാൽ സപത്നീദുഃഖം നേരിടും. മഹാരാജാവേ, ഭവാങ്കൽ, ചന്ദനവൃക്ഷത്തിന്മേലെന്നപോലെ പാമ്പുകളുണ്ട്; ചന്ദനവൃക്ഷത്തിന്മേൽ സർപ്പങ്ങളെന്നപോലെ അങ്ങയുടെമേൽ സപത്നീസർപ്പങ്ങൾ പുറന്നിയിരിക്കുന്നു. ചെന്നീയിൽ പതിക്കാം; മലമുകളിൽനിന്നു കീഴ്പ്പോട്ടു ചാടാം; ശ്രുപയോഗിയായാലും സപത്നീസഹിതനായ ഭർത്താവിനോടു ചേരുകവയ്യ! ഇണങ്ങുപിയാണെങ്കിലും അവിധം സപത്നീവിഷമുള്ളവനാകയാൽ, അങ്ങനെ ഇവർ വരിക്കുകയില്ല.'

യയാതി:—'ഭദ്രേ, എനിയ്ക്കു ദേവയാനിയും വേണ്ടാ, ശർമ്മിഷ്ഠയും വേണ്ടാ ഇതിലേയ്ക്കു സത്യധർമ്മാനുഷ്ഠിതമായ എന്റെ രഥമോ തരാട്ട് അണഞ്ഞിടാം.'

അശ്രുബിന്ദുമതി:—'പാർത്ഥിവ, അങ്ങയുടെ രാജ്യവും ശരീരവും അനുഭവിപ്പാൻ ഞാനാവണം; ഞാൻ പറയുന്നതെന്തും ഭവാൻ തീർച്ചയായി ചെയ്യുകയും വേണം; ഇതിലേയ്ക്കുറപ്പായി, ധർമ്മമൂലവും സല്ലക്ഷണാനുഷ്ഠിതവുമായ അങ്ങയുടെ കൈതരിക!'

യയാതി:—'വരവർണ്ണിനി, ഭവതിയെയല്ലാതെ, മറ്റൊരുത്തിയെ ഞാൻ തൊടുകയില്ല. എന്റെ രാജ്യവും ഭൂമിയും ഭണ്ഡാരവും ദേഹവും ഭവതിതന്നെ അനുഭവിച്ചുകൊൾക; സുന്ദരി, ഇതാ, ഞാൻ കൈതന്നു! ഭവതി ആവശ്യപ്പെട്ടതെന്തും ഞാൻ ചെയ്തുകൊള്ളാം.'

അശ്രുബിന്ദുമതി:—'മഹാരാജാവേ, എന്നാൽ ഞാൻ ഭവാന്റെ ഭാര്യയാകാം.'

ബ്രാഹ്മണശ്രേഷ്ഠ, ഇതുകേട്ടിട്ടു ഹർഷത്താൽ കൺനിറഞ്ഞ യയാതിമഹാരാജാവ് ആ മന്മഥപുത്രിയെ ഗാന്ധർവമുറയ്ക്കു പേളികഴിച്ചു. പിന്നീട്, ആ യുവാവായ ഭൂപാലൻ അവളൊന്നിച്ചു സമുദ്രതീരങ്ങളിലും വനങ്ങളിലും ഉപവനങ്ങളിലും രമ്യങ്ങളായ പർവതങ്ങളിലും നദികളിലും രമിക്കുകയായി. ഇങ്ങിനെ, ഇന്ദ്രനുവേണ്ടി കന്യ

Digitized By Kerala Sahitya Akademi

പ്പുൻ കൈയേലത്താൽ മയക്കിക്കളഞ്ഞ യയാതിക്ക് ഇരുപതിനാ യിരം സംവത്സരം കഴിഞ്ഞു. കാമനന്ദിനിയുടെ ലളിതലീലകളാലും കാമ മോഹങ്ങളാലും മതി മറന്നിരുന്ന അദ്ദേഹം രാവോ പകലോ ഏർതിരിച്ചറികയുണ്ടായില്ല.

ഒരു ദിവസം, അടിമപ്പെട്ട താണവണങ്ങിനിൽക്കുന്ന രാജാ വിനോട് മഞ്ജുലോചനയായ മന്മഥപുത്രി ആവശ്യപ്പെട്ടു:—'കാന്ത, എനിക്ക ഗർഭത്താൽ ക്ലാന്തതോന്നുന്നു; അതു സാധിപ്പിച്ചുതരണം—അങ്ങുന്ന് ക്രതുശ്രേയമഹായാഗം കഴിയ്ക്കുക.' 'മഹാഭാഗേ, അങ്ങിനെയാകട്ടെ; ഞാൻ ഭവതിയുടെ പ്രിയം ചെയ്യാം.' എന്നു സമ്മതിച്ചിട്ട് യയാതി രാജഭോഗനിസ്പൃഹനായ പുരു എന്ന പുത്രനെ വിളിച്ചു. ഉടനെ പുരു വന്ന ഭക്തിപൂർവം തലതാഴ്ത്തി തൊഴുത നമസ്കരിച്ചു; അതു സുരഭിയുടെ കാൽക്കലും സവിനയം കുമ്പിട്ട.

പുരു:—'അച്ഛൻ വിളിച്ചതിനാൽ, ഞാനിതാ, വന്നിരിക്കുന്നു. മഹാരാജാവേ, ആജ്ഞാപിച്ചാലും: ഇവിടുത്തെ ദാസനായ ഞാൻ എന്തുചെയ്യണം?

യയാതി:—'മകനെ, ക്രതുശ്രേഷ്ഠയാഗത്തിനുള്ള വട്ടം കൂട്ടു. ജ്യോതിഷ്കരുള്ള സൽബ്രാഹ്മണരേയും രാജാക്കന്മാരേയും ക്ഷണിക്കുകയും ചെയ്യു.'

തേജസ്സേറിയ മഹാധർമ്മിഷ്ഠനായ പുരു, അച്ഛൻ പറഞ്ഞ പ്രകാരം സകലവും തെയ്യാറാക്കി. മനംകുളിർത്ത യയാതിമഹാരാജാവ് കാമകമലിനിയോടൊരുമിച്ചു, ബ്രാഹ്മണർക്കും—വിശേഷിച്ചും ഭിന്നന്മാർക്കും—ധാരാളം ദാനങ്ങൾ വളരെ ചെയ്തു ക്രതുശ്രേഷ്ഠയാഗത്തിനു ദീക്ഷിച്ചു. യാഗം കഴിഞ്ഞതിനുശേഷം അദ്ദേഹം തന്റെ സുമുഖിയോട് ചോദിച്ചു:—'ദേവി, ഇനി എന്തിഷ്ടമാണു ഞാൻ ചെയ്യേണ്ടതു്?' പറയു. അതൊക്കെ സാധ്യമായാലും, അസാധ്യമായാലും, ഞാൻ ചെയ്തുതരാം, അവർ അരുമയോട് മറുപടി പറഞ്ഞു:—'വല്ലഭ, എനിക്കു ഇന്ദ്രലോകവും ബ്രഹ്മലോകവും വിഷ്ണുലോകവും കണ്ടാൽകൊള്ളാമെന്നുണ്ട്.' ഇതുകേട്ടിട്ട് പൃഥിവീശ്വരൻ പ്രിയതമയോട് പറഞ്ഞു:—'കൊള്ളാം, കൊള്ളാം: സൗഭാഗ്യവതി, പുണ്യവതിയാണ് ഭവതി ഇങ്ങിനെ ആവശ്യപ്പെട്ടതു്. എന്നാൽ, സ്ത്രീചാപല്യവും കൊതുകവുംമൂലം ഭവതി ഇപ്പറഞ്ഞതു് അസാധ്യമെന്നു എനിക്കു തോന്നുന്നു. പുണ്യവാനായ്ത്തപസ്സുകൊണ്ടല്ലാതെ, ഭവതി ആ

Digitized By Kerala Sahitya Akademi

വശ്യപ്പെട്ടതു സാധിക്കുകയില്ല. എത്ര സുകൃതിയായാലും കോടി ശ്ലോകത്തിൽ നിന്നു ഉടലോടെ സ്വർഗ്ഗം പുക്കതായി ഇതേവരെ കണ്ടിട്ടും കേട്ടിട്ടുമില്ല. അതിനാൽ ഭവതി ഇപ്പറഞ്ഞതു എനിക്കസാധ്യം തന്നെ: മറ്റെന്തെങ്കിലും അഭീഷ്ടം സാധിപ്പിക്കാം; പറഞ്ഞു കൊൾകെ.'

അശ്രുബിന്ദുമതി:—'മഹാരാജാവേ, മറ്റുള്ളവർക്ക് അസാധ്യം തന്നെ. എന്നാൽ ഇവിടുത്തേയ്ക്കു തീർച്ചയായും സാധിക്കാവുന്നതാണ്. തപസ്സുകൊണ്ടും യശസ്സുകൊണ്ടും വീര്യംകൊണ്ടും അന്യനെടാത്ത യജ്ഞങ്ങൾകൊണ്ടും അങ്ങയ്ക്കൊത്ത ഒരു മനുഷ്യൻ ഈ ലോകത്തിൽ വേറെയില്ല. സുഹോത്രാത്മജ, ക്ഷത്രിയരുടെ തേജസ്സും കാന്തിയുമെല്ലാം ഭവാങ്കൽ വേരറ്റു നിൽപ്പുണ്ട്. അതിനാൽ എന്റെ മനോരഥം നിറവേറ്റിത്തരിക.'

ശ്രീപത്മമഹാപുരാണം. ഭൂമിഖണ്ഡം, പ്രീതിതീർത്ഥപ്രകരണം, വേതവിഷ്ണുസംവാദം, സൂക്ഷ്മചരിതം, യയാത്യുത്തരതീർത്ഥാടനം എഴുപത്തൊമ്പതാമദ്ധ്യായം.

——(o)——

എൺപതാം അദ്ധ്യായം

പിപ്പലൻ:—'ദേവിജോത്തമേ, യയാതി രതിപുത്രിയെ വേട്ടപ്പോൾ, ദേവയാനിയും വൃഷപർവ്വാത്മജയായ ശർമ്മിഷ്ഠയുമാകുന്ന സുശീലമാരായ പൂർവഭാര്യമാരിരുവരും എന്തുചെയ്തു? അവരുടെ കഥിതവും കേട്ടാഴിയാതെ പറഞ്ഞുതരിക.'

സുകർമ്മാവ്:—'അരമൻ കാമപുത്രിയെ അരമനയിൽ കൊണ്ടുവന്നപ്പോൾ ഏറെ സ്പർദ്ധ തോന്നിയതു മനസ്വിനിയായ ദേവയാനിക്കാണ്; അവളുടെ നേരെ പുത്രന്മാരാണല്ലോ ക്ഷോണായ രാജാവിനാൽ കൃപിക്കപ്പെട്ടതു്. അവർ ശർമ്മിഷ്ഠയേയും വിളിച്ചു ആലോചന തുടങ്ങി. അങ്ങിനെ അവരിരുവരും, രൂപംകൊണ്ടും തേജസ്സുകൊണ്ടും ദാനസത്യപുണ്യവ്രതങ്ങൾകൊണ്ടും രതിപുത്രിയോട് മത്സരിച്ചുപോന്നു. അവരുടെ ഉത്സാഹഭാവം കണ്ടറിഞ്ഞ കാമനന്ദിനി, അതെല്ലാം ഉടനേ രാജാവിനെ ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം യദു എന്ന പുത്രനെ വിളിച്ചാജ്ഞാ

Digitized By Kerala Sahitya Akademi

പിച്ചു:—'ഉണ്ണി, നീയീ അമ്മമാരിരുപേരുടേയും തല വെട്ടിക്കളയണം; നന്മ വേണമെന്നുണ്ടെങ്കിൽ, എനിയ്ക്കു പ്രിയം ചെയ്യുക.'

അച്ഛന്റെ ഈ ഭാഷണം കേട്ടിട്ടു യദു മറുവടി പറഞ്ഞു:—'അച്ഛ, നിർദ്ദോഷമായ മാതാക്കളെ കൊന്നുകൂടാ: മാതൃവധം മഹാപാപമെന്നതു വേദജ്ഞന്മാർ പറഞ്ഞിട്ടുള്ളതു്. അതിനാൽ ഇവരെ ഞാൻ കൊല്ലുകയില്ല. കാരണമിതു ദോഷങ്ങളുണ്ടായാൽക്കൂടി, അമ്മ, മകനും, സോദരി എന്നിവരെ പുത്രനോ അച്ഛനോ സോദരനോ വധിച്ചുകൂടാ. മഹാരാജാവേ, മാതൃവധം ഞാൻ ചെയ്യുകയില്ല.' യദുവിന്റെ മറുവടി യയാതിയെ കോപിപ്പിച്ചു. അദ്ദേഹം വീണ്ടും ആ പുത്രനെ ശപിച്ചുകളഞ്ഞു:—'എന്നെ അനാദരിച്ചതിനാൽ നീ പാപിയായിത്തീരും. എന്റെ ശാപത്താൽ കലുഷിതനായ നീ മാതാവിന്റെ പങ്കേൽക്കുക!'

ഇപ്രകാരം പുത്രനെ ശപിച്ചിട്ടു വിഷ്ണുഭക്തനായ യയാതിമഹാരാജാവു അശ്രുമതിയെ കൊണ്ടുപോന്നു വിഷയസുഖം ഭുജിയ്ക്കുകയായി. ആ സർവാംഗസുന്ദരിയും അദ്ദേഹത്തോടുകൂടി യഥേഷ്ടം വിവിധസുഖങ്ങൾ അനുഭവിച്ചുപോന്നു. ഇങ്ങിനെ കാലം വളരെക്കഴിഞ്ഞു. അന്നു പ്രജകളെല്ലാം വിഷ്ണുധ്യാനവും തപസ്സും സത്യനിഷ്ഠയും മൂലം ജരാമരണങ്ങളില്ലാതെ സുഖിയ്ക്കുന്നവരും സജ്ജനങ്ങളെ സേവിയ്ക്കുന്നവരുമായിരുന്നു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, യയാതിചരിത്രസംഗ്രഹം, സുകർമ്മമഹിമം, യയാതികൃതയദുശാപം എന്നിവ കൂടി കാണുക.

—(o)—

എൺപത്തൊന്നാമദ്ധ്യായം

സുകർമ്മാവു:—മഹാത്മാവായ യയാതിയുടെ ദാനപുണ്യാദി സമൃദ്ധികണ്ടിട്ടു പേടിച്ചുകൊണ്ടിരുന്ന മഹേന്ദ്രൻ, പിന്നീടു മേനക എന്ന സ്വർവേശ്യയെ ഉത്തിന്നയച്ചു:—'ഭദ്രേ, നീ ചെന്നു കാമപുത്രിയോടു, 'നീ വല്ലവിധത്തിലും രാജർഷിയെ ഇങ്ങോട്ടു കൊണ്ടുവരിക' എന്നു ദേവേന്ദ്രൻ ആജ്ഞാപിച്ചതായി അറിയിയ്ക്കുക. മേനക മഹേന്ദ്രനുദ്ദേശമെല്ലാം മതിപുത്രിയോടു പറഞ്ഞു. ആ യശസ്വിനി 'അങ്ങിനെയാകട്ടെ' എന്നു, മേനകയെ തിരിച്ചയച്ചിട്ടു, ധർമ്മ

Digitized By Kerala Sahitya Akademi

നിധിയായ ധാതൃശനോടാവശ്യപ്പെട്ടു:—'രാജാവേ, ഇവിടുന്നു പണ്ടു് സത്യധർമ്മാനുഷ്ഠിതമായ സഹസ്രം എന്റെ ഹസ്തത്തിൽ സമർപ്പിച്ചു പ്രതിജ്ഞ ചെയ്യിട്ടുണ്ടല്ലോ; അതുപ്രകാരം, ഞാൻ ആവശ്യപ്പെടുന്നതെന്തും അവൻ ചെയ്യേണ്ടതായിരിയ്ക്കുന്നു. എന്നാൽ, വീര, ഞാൻ പറഞ്ഞതു് അവൻ സാധിപ്പിച്ചുതന്നിട്ടില്ല. അതിനാൽ ഞാൻ അങ്ങയെ വിട്ടു് അച്ഛന്റെ ഗൃഹത്തിലേയ്ക്കു പോകുന്നു.'

രാജാവു്:—'ഭദ്രേ, ഞാൻ പറഞ്ഞവണ്ണം, തീർച്ചയായും ചെയ്യാം. എന്നാൽ, അസാധ്യമല്ലാതെ സാധ്യമായിട്ടുള്ളതു പറയൂ.'

അത്രേ:—'അങ്ങയ്ക്കു് എന്തും സാധ്യമാകുമെന്നു കരുതിയിട്ടാണു്, സർവലക്ഷണങ്ങളും സർവധർമ്മങ്ങളും ചേർന്ന പോലെ ഞാൻ വരിച്ചതു്— അങ്ങു സർവസമ്പത്തുകളും ജയിക്കുന്നവനും സർവധർമ്മപ്രവർത്തകനും പുണ്യകർമ്മവും ലോകം മുഴുവൻ കീഴടക്കിയവനും മുപ്പാരിൽ നിസ്തുല്യനും വൈഷ്ണവന്മാരിൽ ശ്രേഷ്ഠനുമായ വിഷ്ണുഭക്തനുമാണെന്നു വിശ്വസിച്ചു കൊതിച്ചിട്ടത്രേ, പണ്ടു ഞാൻ അങ്ങയെ ഭർത്താവായി കൈക്കൊണ്ടതു്. വിഷ്ണുപ്രസാദം ആർക്കുണ്ടോ, അവനു സർവ്വത്ര സഞ്ചരിയ്ക്കാം; അവനു ദുർല്ലഭമായിട്ടൊന്നും ചരാചരങ്ങളുൾപ്പെട്ട ത്രൈലോക്യത്തിലെങ്ങും ഉണ്ടാകയില്ല. വിഷ്ണുപ്രസാദത്താൽ സ്വർഗ്ഗവും ഇവിടെയുള്ള സുഗമം തന്നെ! അങ്ങു ഭൂമിയിലെ മനുഷ്യരെ ജരാപീഡയും മരണവുമില്ലാത്തവരാക്കിത്തീർത്തിരിയ്ക്കുന്നു. എല്ലാ അളകളുടേയും ഗൃഹദ്വാരങ്ങളിൽ അനേകം കല്പവൃക്ഷങ്ങളെ അവൻ ഏർപ്പെടുത്തിയിരിക്കുന്നു. സർവഗൃഹങ്ങളിലും ചിന്താമണികളേയും കാമധേനുക്കളേയും അവൻ സ്ഥാപിച്ചിരിക്കുന്നു. മനുഷ്യരെ അവൻ സർവകാമങ്ങൾകൊണ്ടും സുഖിതരാക്കിത്തീർത്തിരിക്കുന്നു. ഒരുകോടതവണ്ടിൽത്തന്നെ ആയിരം അംഗങ്ങളെ കാണാം; ഇതുപോലെ വംശാഭിവൃദ്ധി മനുഷ്യർക്കു അവൻ വരുത്തിയിരിക്കുന്നു. യമനും ഇന്ദ്രനും എതിരായി, അവൻ മനുഷ്യലോകത്തെ രോഗപീഡാരഹിതമാക്കിത്തീർത്തിരിക്കുന്നു. മഹാരാജാവേ, മികച്ച സ്വഭാവം തേജസ്സുകൊണ്ടു അവൻ ഭൂമിയെ സ്വർഗ്ഗമാക്കിച്ചമച്ചിരിക്കുന്നു. അങ്ങയെപ്പോലെ ഒരു രാജാവില്ലതന്നെ. പുരാണം മുഴുവൻ നോക്കിയാലും, അങ്ങയെപ്പോലെ ഒരാളെ കാണുകയില്ല. അവൻ സർവ്വ

Digitized By Kerala Sahitya Akademi

യമ്മയുടെ ഭർത്താവാണെന്നാണ് എന്റെ അറിവ്; അതുകൊണ്ടാണ് ഇത്രയധികം ഭയപ്പെടുത്തിയതും. എന്നോട് വേറൽ പ്രതിജ്ഞചെയ്തു കളിയായിട്ടായിരിക്കുമോ? അങ്ങയുടെ സത്യവും ധർമ്മവുമുണ്ടെങ്കിൽ, എനിക്ക് ദേവലോകങ്ങളിൽ സഞ്ചരിച്ചുകൂടാ എന്നു വരുമോ? മേലാൽ സത്യംവിട്ട് സ്വർഗ്ഗത്തിലേയ്ക്ക് പോകാതിരിക്കയാണെങ്കിൽ, അങ്ങയുടെ പ്രതിജ്ഞ തീർച്ചയായും മോഷ്കായിപ്പോകും; മുമ്പു ചെയ്തിട്ടുള്ള സുകൃതവും വെണ്ണീറായിപ്പോകും!'

യയാതി:—'ദേവീ, വേതിപറഞ്ഞതു വാസ്തവംതന്നെ: സാധ്യം, അസാധ്യം എന്ന വ്യത്യാസം എനിക്കില്ല; ജഗദീശപ്രസാദത്തോൽ സ്വർഗ്ഗലോകത്തിലും എല്ലാം സാധ്യം തന്നെ. പക്ഷേ, ഞാൻ സ്വർഗ്ഗത്തിലേയ്ക്ക് പോരാതിരിക്കുന്നതിനു കാരണമുണ്ട്: മൃത്യുവും ദേഹക്ലേശം എനിക്കു ഭാഗം തരികയില്ല. എന്നോട് വേർപെട്ടാൽ, ഇവിടെ എന്റെ പ്രജകളെല്ലാം മരണമുള്ളവരായിപ്പോകും. ഇതുനിമിത്തമാണ്, വാസ്തവത്തിൽ, ഞാൻ സ്വർഗ്ഗത്തിലേയ്ക്ക് പോരാത്തത്.'

അഷ്ടാവിന്ദുമതി:—'ഞാൻ ലോകങ്ങൾ കണ്ടിട്ട് ഭൂമിയിലേയ്ക്ക് തിരിയേ പോരണമെന്നുള്ളതും. മേലാൽ എന്റെ പുണ്യത്തിനോടുകൂടി എനിക്കു അതിയായ ആഗ്രഹമുണ്ട്.'

യയാതി:—'അതെങ്കട്ടെ, വേതിപറഞ്ഞതൊക്കെ ഞാൻ നിറവേറിക്കുന്നതാണ്.'

വല്ലയേട്ട് ഇതുയും പറഞ്ഞിട്ട് വസുധേശ്വരൻ വിചാരിച്ചു:—

[കിളിപ്പാട്ട്—കേക]

നീരുറപ്പുകഴ്ന്നീ മീനം വലയിൽക്കുടുങ്ങുന്നു!
മാനുതന്നൊപ്പം മണ്ടും മാനുഷമേൽക്കുന്നൂ ബന്ധം!
ഏറെ യോജനപറന്നിര തിന്നീടും പക്ഷി
മോഹമോഹത്താൽ കാണാ കാലിനടിയിൽ വീഴുംപാശം!
ഇതു മാനുഷക്രൂരമാകുന്നകാല;-മതു
സുസ്ഥിതിയിരിക്കുന്നു; നിരപ്പില്ലാതാകുന്നു:
മാതാവയിരുപ്പാളിയാകുന്നൊരീടും, ലോക-
ഹേയുവായനാദ്യന്തമാകിയ കലഹം താൻ താൻ!

Digitized By Kerala Sahitya Akademi

ദ്രോഹിയായാലും ദ്രുഹിയായാലും ശരീരിക-
ളേവരും കാലാധീനർ; കാലം താനിപ്പാരെല്ലാം
ശാശ്വതകം തന്മേലുണ്ടാം കാര്യമെന്നതുപോലെ
ലോകരിലെങ്ങും മുഴുപഴുത്തീടുന്ന കാലം.
മന്ത്രമോ, പ്രഭാവമോ, തപസ്സോ, വയസ്സുമോ,
ബന്ധുവോ മതിയാകാ കാലഭഗ്നതടുക്കാൻ.
ആർക്കുമെന്നിട്ടും പോക്കാനാവാതെല്ലുള്ളം, കാലം
വേർക്കുന്ന മുപ്പാശ്രയം—ജനനം, മൃതി, വേള്വി.
ആകാശേ പക്ഷിയെപ്പോലെത്തെക്കാറുപോലീലോകത്തെ-
യാകവേ പാറിക്കുന്ന കർമ്മയുക്തമാം കാലം.

കർമ്മസംയുക്തം കാലം: കാലമേ തൻകീഴ് നിൽക്കേ-
മിമ്മനുഷ്യരെക്കൊണ്ടു ചെയ്യിപ്പൂ പലകർമ്മം;
കർമ്മത്താൽ ബാധിയ്ക്കുന്ന വ്യാധ്യുപദ്രവാഘാത-
ത്തിന്മകം, സുഖങ്ങളിൽസ്വാദകം മനുഷ്യനെ.
സൌഖ്യഹേയത്വം പുണ്യോപാദേയവും കർമ്മാധീനം;
നേർക്കുകർമ്മികംകാണാ ദ്രുവുമ്ദ്രുഹുവും
കർമ്മംതാൻ മിത്രം ബന്ധു; കർമ്മംതാൻ ശരീരിക്കു
ശർമ്മവുമശർമ്മവുമുണ്ടാക്കിത്തീർത്തീടുന്നു.
വെള്ളിപൊന്നിവ പലശുദ്ധിയിലാക്കപ്പെട്ട-
ന്നില്ലയോ, സുകർമ്മത്താൽ ദേഹിയുമാമട്ടാകും!
അഞ്ചിവടത്തെങ്ങളാം ഗർഭത്തിൽവെച്ചേ ദേഹി-
ക്കായുസ്സു, കർമ്മം, വിത്തം, വിദ്യയും, മരണവും.
മൂൽപിടിസ്ഥം, കലാലനെന്നിവ്വിധതായ്ത്തീരും.
മറ്റുടി മൻകർമ്മത്തിന്നായത്തർ ശരീരികം:
ദേവത്വം, നരത്വംതാൻ, പശുപക്ഷ്യാദിത്വം താൻ
സ്ഥാവരത്വംതാൻ ദേഹിനേടുന്ന സ്വകർമ്മത്താൽ.
താൻചെയ്യുന്നതനുഭവപ്പെടുന്നു നിർന്തരം;
താൻവരുത്തുന്നു ദുഃഖം; താൻവരുത്തുന്നു സുഖം.
ഗർഭമായ്ത്തീർന്ന ദേഹിക്കുന്നി,യ്യു പുരാകർമ്മം,
മറ്റൊപ്പോഴും സ്വകർമ്മത്തെ വിട്ടുനിന്നിടാ ദേഹി.
വിത്തമോ വിജ്ഞാനമോ കൊണ്ടു തൻ കർമ്മം മാറ്റാൻ
ശക്തനല്ലാരും; സുഖദുഃഖങ്ങൾ ഭുജിക്കതാൻ!

Digitized By Kerala Sahitya Akademi

ഹന്ത, മോനിയിലുള്ള കർമ്മമാം കയർകൊണ്ടു
ബന്ധിക്കപ്പെട്ടുകയും ചെയ്യുന്ന നിത്യം ജീവൻ.
ആയിരം ജന്മനിന്നാലും, തള്ളയോടെന്നയും കു-
ന്നാ,വിധം കർത്താവിനെപ്പിന്തുടരുന്ന കർമ്മം;
അന്തമായതിനേൽക്കാ താനനമവിക്കാതെ:
ബന്ധമാം പുരാകർമ്മം മാറുവാനാരാളാകും?
നിൽക്കുമ്പോഴും നിൽക്കും, പിമ്പേനടക്കും നടക്കുമ്പോഴും,
ചിക്കനെപ്പായുംനേരം പിന്നാലെപ്പാഞ്ഞുവരും,
കിടക്കുംപോഴുമൊപ്പം കിടക്കും,നിഴലെന്ന-
പോലുള്ള കർത്താവിനെയനുവർത്തിപ്പൂ കർമ്മം.
തമ്മിൽ വേർപിരിയാതേ ചേർന്നുവാഴുന്ന സഖാ
കർമ്മവും, കർത്താവും: ഹാ, നിഴലും വെയിലും പോലേ.
പ്രാക്കർമ്മം പീഡിപ്പിച്ചുതുടങ്ങിയാൽ പിന്നെപ്പിന്നെ
പ്രാണിയെയ്യുമവിടുന്നാകിനീ രോഗാദികളും.
എങ്ങനെയവിക്കണം സുഖദു:ഖങ്ങളാരോ-
ളങ്ങോട്ടായാളെയ്ക്കെട്ടിവലിച്ചുകൊണ്ടുപോകുന്നു ദൈവം!
ദൈവംപോൽ സുഖദു:ഖമേകുവാനൊരുവനു
മൈവരുത്തുന്നതു കർമ്മം ജാഗ്രത്തിൽ സ്വപ്നത്തിലും;
അന്യനെക്കർമ്മമനുഭവിക്കുന്നു; വിശേഷിച്ചു-
മവന്യസൃങ്ങളിൽനിന്നു രക്ഷയുണ്ടാകുന്നു.
ദൈവരക്ഷിതം നിന്നുപോം രക്ഷയില്ലാതേ തന്നെ;
ദൈവമാശിതത്തിനോ, രക്ഷയില്ലൊരേടത്തും.
മന്നിലുൾവിതയ്ക്കുന്ന വിത്തെന്നകണക്കിനേ
തന്നിൽ മേവുന്നു കർമ്മം, കാലത്തുവിളയുന്നു.
എണ്ണതീരുമ്പോൾ ദീപം പൊലിഞ്ഞുപോകുന്നതിൻ-
വണ്ണമേ, കർമ്മം തീർന്നാൽ ദേഹിക്കുമൃതിയായ്;
തത്വജ്ഞർ ചൊല്ലുന്നു കർമ്മനാശത്തിൽ മൃതിയെന്നു;
തത്കാരണമത്രേ പ്രാണിയ്ക്കു നാനാരോഗം.
അവിധം മമപൂർവകർമ്മത്തിൻവിപാകമാ-
ണീവന്മഖലതൻമെയ്യോടേ ഉഗ്രമാം ദൈവാൽ!
മുമ്പുമൽഗ്രഹേവന്നു ചേർന്നു നാടകക്കാർതൻ
സമ്പർക്കംനിമിത്തമെൻ ദേഹത്തിൽജ്ജരകേറി.
എന്നാടകകർമ്മജ്ഞാൽത്താൻ സംവേദിച്ചതാണെല്ലാം;
എന്തിലും മീതേ കർമ്മം! വ്യർത്ഥമല്ലുപായങ്ങളും.

Digitized By Kerala Sahitya Akademi

മുമ്പുമാതലിയാകും ദൂതനെയയച്ചാനി-
ങ്ങയ്യർകോനാര്യന്റെ വാക്കെങ്ങാൻ ക്ലൃാക്കീലാ;
ഇന്നതിൻഫലമാണിക്കാണ്മതു; കാന്താവാക്യം
നന്മയിൽച്ചെയ്യാഞ്ഞാലെൻ സത്യധർമ്മങ്ങളും കെടും!
ഒത്തവണ്ണമേവന്നും കർമ്മത്താൽ വരാതുള്ള-
തൊക്കില്ലില്ലാ, മൈവം ഒരുതിക്രമമല്ലോ.'

ഇപ്രകാരം ചിന്തയിൽപ്പെട്ട യയാതിമഹാരാജാവു ക്ലേശനാശനനായ കേശവൻതിരുവടിയെ മനസ്സുകൊണ്ടു ശരണംപ്രാപിച്ചു, 'ലക്ഷ്മീവല്ലഭ, ഞാൻ നിന്തിരുവടിയെ ശരണം പ്രാപിയ്ക്കുന്നു; എന്നെ രക്ഷിക്കണേ!' എന്നിങ്ങിനെ, ധ്യാനിച്ചു വണങ്ങി സ്തുതിച്ചു.

ശ്രീഭാഗവതമഹാപുരാണം, ദ്വിതീയസ്കന്ധം, പിതൃനിർമ്മൂപകരണം, യോഗവിഭൂതിസംവാദം, സൂക്ഷ്മശരീരം, യയാതിചരിതം, എന്നിങ്ങനുള്ളൊരധ്യായം.

(൦)

പതിനെട്ടാമദ്ധ്യായം

സൂക്ഷ്മാവു:—ആ പരമധാർമ്മികൻ ഇപ്രകാരം ചിന്തിച്ചുകൊണ്ടിരിക്കേ, രമണീയാനനയായ രതിപുത്രീദേവി ചോദിച്ചു:—'മഹാപ്രാജ്ഞനായ രാജാവേ, എന്താണിപ്പോൾ ഭവാൻ ആലോചിയ്ക്കുന്നതു? പ്രായേണ, പെണ്ണുങ്ങളെല്ലാം ചപലകളായിരിക്കാം; എന്നാൽ, ഞാൻ ചാപല്യം കൊണ്ടല്ല അങ്ങയോടു നിർബന്ധിക്കുന്നതു—മറ്റു പെണ്ണുങ്ങൾ ചാപല്യത്താൽ മോഹവും ലോഭവും മുഴുത്തു് അകൃത്യത്തിനു പ്രേരിപ്പിക്കുമ്പോലെയല്ല, ഞാൻ അങ്ങയുടെ അടുക്കൽ ചെയ്യുന്നതു്. എനിയ്ക്കു ലോകങ്ങൾ ദർശിയ്ക്കുന്നതിൽ ഒരു താല്പര്യം തോന്നിപ്പോയി! ലോകങ്ങളെ ദർശിയ്ക്കുക എന്നതു സജ്ജനങ്ങൾക്കും സുസാധമായ ഒരു പുണ്യമാണല്ലൊ. ആ ദർശനമാണു് ഞാൻ ഭവാനോടാവശ്യപ്പെട്ടതു്. എന്റെ സംസർഗ്ഗത്താൽ ഇവിടെ ദോഷമോ പാപമോ വല്ലതും പറ്റിയിട്ടുണ്ടെങ്കിൽ, അതു പ്രകടനെന്നെ!

ഭവാൻ, ഏതോ കഥയില്ലാത്ത ഒരുത്തന്റെ മട്ടിൽ, മഹത്തായ ധർമ്മത്തിൽപ്പെട്ടുകയോ മോഹഗർത്തത്തിൽ വീണുപോകയോ ചെയ്യാ

Digitized By Kerala Sahitya Akademi

ലാതെപ്പോലെ ചിന്തിച്ചു ദുഃഖിയ്ക്കുന്നതെന്തിനാണ്? മഹാരാജാവേ, ചിന്ത വെടിയുക. സപ്തർഷിലോകത്തിലേയ്ക്കാണ്, ഭവാൻ പോകേണ്ടതു്. ഇവിടെയുള്ള ദുഃഖകരമായിട്ടുള്ളതു് ഒരിക്കലും ഞാൻ ചെയ്യുകയില്ല.'

ഇതുകേട്ടിട്ട് നരേന്ദ്രൻ തന്റെ സുമുഖിയോടു പറഞ്ഞു:—'ദേവി, ഞാൻ വിചാരിച്ചതിന്നതാണെന്നു കേട്ടുകൊള്ളുക. എനിയ്ക്കുള്ള ദോഷം വന്നതെന്നല്ല, എന്റെ വിചാരം; ഞാൻ സപ്തർഷിലോകത്തിലേയ്ക്കു പോന്നാൽ, എന്റെ പ്രജകളെ കഷ്ടത്തിലാകും, അവരെ ഉപദ്രവിയ്ക്കുന്ന ക്രൂരന്മാരായ വ്യാധികളെക്കൊണ്ടു വലച്ചുകളയും. ഓമനേ, ഞാൻ ഭവതിയോടൊന്നിച്ചു സപ്തർഷിലോകത്തിലേയ്ക്കു പോരുകതന്നെ ചെയ്യാം.'

ഇപ്രകാരം അവളോടു പറഞ്ഞിട്ടു പിന്നീടവൻ, തന്റെ കയ്യിലെ സൽപുത്രനെ—സർവ്വധർമ്മജ്ഞനും മഹാപ്രാജ്ഞനുമായ പുരുവിനെ—വിളിച്ചു:—'വത്സ, സർവ്വധർമ്മജ്ഞ, വത്സ. നിനക്കു തീർച്ചയായും ധർമ്മം അറിയാം. എന്റെ ശാസനത്താൽ നീ ധർമ്മം സംരക്ഷിച്ചുവല്ലോ. മകനേ, ഇനി സപ്തനം ചെയ്വാനം വാങ്ങി, ഈ എനിയ്ക്കു തന്നെ തന്നേയ്ക്കുക. ഭണ്ഡാരങ്ങളും സൈന്യങ്ങളും വാഹനങ്ങളും ചേർന്ന എന്റെ ഈ രാജ്യം നീ വാങ്ങിക്കൊൾക—സമുദ്രംവരെയുള്ള സഗ്രാമവനപത്തനമായും സസ്യസമൃദ്ധിയുമായ ഭൂമി ഞാൻ തന്നതു നീ അനുഭവിച്ചുകൊള്ളുക; പ്രജകളെ എപ്പോഴും നീ നന്നായി രക്ഷിക്കണം; ധർമ്മശാസ്ത്രമനുസരിച്ചു ദുഷ്ടന്മാരെ ശിക്ഷിയ്ക്കുകയും, ശിഷ്ടന്മാരെ രക്ഷിയ്ക്കുകയും ചെയ്യണം. ബ്രാഹ്മണർ തമായ പ്രഭാവത്താൽ ഭക്തന്മാരെ യഥാവിധി പാലിക്കണം; അവർ ത്രൈലോക്യപൂജ്യന്മാരത്രേ. അല്ലയോ ഏഴേഴു നാടും ക്ഷുദ്രയോധരും, കോശസ്ഥിതി നോക്കി, ധനസമ്മാനവും ശമ്പളവും ക്ഷണവും കൊടുത്തു സൈന്യങ്ങളെ തൃപ്തിപ്പെടുത്തണം. നീ ചാരചക്ഷുസ്സായും, ദാനതല്പരനായും വർത്തിക്കണം. ശത്രുവിനോടിപ്പെടരുതു്. എപ്പോഴും അജിതേന്ദ്രിയന്മാരാൽ ഉപേക്ഷനായിരിക്കണം. ആത്മാവിനെ നിയന്ത്രിക്കണം. വേട്ടയാടാൻ പോകരുതു്. സ്ത്രീകളേയും ഭണ്ഡാരത്തേയും സൈന്യത്തേയും ശത്രുവിനേയും വിശ്വസിക്കരുതു്. മോഷ്ടാക്കളേയും, ധൈര്യങ്ങളേയുമൊഴിവാൻ വശത്താക്കണം. യജ്ഞങ്ങൾകൊണ്ടു വിഷ്ണുവിനെ പൂജിച്ചു് എപ്പോഴും പുണ്യാത്മാവായിരിയ്ക്കുക. നാടുതോറും പ്രജകൾക്ക് ആഭീഷ്ടമെല്ലാം നൽകണം. ഉണ്ണീ, പ്രജകളെ സുഖിപ്പിക്കണം; പ്രജകളെ പുലർത്തണം. സദ്വംശം വളർത്തണം. പരദോഷങ്ങളിലും പരസ്ത്രീ

Digitized By Kerala Sahitya Akademi

ളിലും മനസ്സു വെയ്ക്കരുത്. ശത്രുക്കളുടെ ബലം എപ്പോഴും മിന്തിക്കണം. പതിവായി വേദശാസ്ത്രങ്ങളും പരിശീലിക്കണം. ആയുധങ്ങളും പയറ്റണം. ആനപ്പുറത്തും തേരിലും കേറി സഞ്ചരിപ്പാൻ പഠിക്കണം. എപ്പോഴും സന്തുഷ്ടനായിരിയ്ക്കുക. തന്റെ ശയ്യയിൽ കിടക്കുക. ഞാൻ പറഞ്ഞവിധം ചെയ്യുക.'

യയാതി ഇങ്ങിനെ ഉപദേശിച്ച് അയിസ്സുകളെകൊണ്ടനുഗ്രഹിച്ചിട്ട്, ഉണ്ണിയെ ഇടക്കൈകൊണ്ടു തന്നെ തന്റെ സിംഹാസനത്തിൽ പിടിച്ചിരുത്തി, യൌവനം അവനു കൊടുത്തു ജരയെ വാങ്ങി, സപർയ്യത്തിലേയ്ക്കു പോകുകയും ചെയ്തു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പിതൃതീർത്ഥപ്രകരണം, യയാതിവിസ്സസംഭേദം, സുകർമ്മചരിതം, അയംനിസപ്തമയനിശ്ചയം എൻപത്തിരണ്ടാമധ്യായം.

(൮)

എണ്പത്തിമൂന്നാമദ്ധ്യായം

സുകർമ്മാവ്:—പിന്നെ ഭീഷ്മകളിലും ക്രൂരിയുള്ള പ്രജകളെയെല്ലാം വരുത്തി, മനസ്സു തുലോം കളിഞ്ഞ മന്നവൻ അവരോടു ഇപ്രകാരം അരുളിച്ചെയ്തു:—'മാന്യന്മാരേ, ഞാൻ ഇവളോടുകൂടി, ഇന്ദ്രലോകവും ബ്രഹ്മലോകവും ശിവലോകവും പ്രാപിക്കുകപോലും നീക്കി ഗതിനൽകുന്ന വിഷ്ണുലോകവും കാണ്മാനായി പോകയാണ്. ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരുമാകുന്ന എന്റെ പ്രജകളും കുടുംബത്തോടുകൂടി സുഖമായിവസിപ്പിൻ. നിങ്ങളെയെല്ലാം, ഈ മഹാരാജ്യം പുത്രനെ പരിപാലിച്ചുകൊള്ളും.'

ഇതുകേട്ടിട്ട പ്രജകളെല്ലാവരും കൂടി ഉണർത്തിച്ചു:—'മഹാരാജാവേ, വേദങ്ങളിലും പുരാണങ്ങളിലുമെല്ലാം പറഞ്ഞു കേട്ടിട്ടുള്ളതല്ലാതെ, ധർമ്മത്തെ മുമ്പു ഞങ്ങളാരും കാണുകയുണ്ടായിട്ടില്ലല്ലോ; എന്നാൽ പഞ്ചഭൂതങ്ങളോടുകൂടിയ ആ സനാതനധർമ്മത്തെ ഞങ്ങളെ നേരിട്ടു കണിച്ചുതരണം: അതു ചന്ദ്രവംശത്തിൽ നഹുഷന്റെ അരമനയിൽ കൽപതരുണാളികളോടുകൂടെ അവതരിച്ച് എല്ലാ ആചാരങ്ങളേയും പ്രചരിപ്പിച്ചു! നീപോത്തമ, ജ്ഞാനവിജ്ഞാനശാലിയും, പുണ്യങ്ങളുടെ മഹാനിധിയും, ഗുണങ്ങളുടെ ആധാരവും, സത്യ

Digitized By Kerala Sahitya Akademi

പണ്ഡിതന്മാരാണ് തിരുമേനി. രാജസ്സിനിയ സത്യവാന്മാർ വന്ദിച്ചു ധർമ്മത്തെ നേടുന്നതല്ലോ; ഈ കാമരൂപിയായ ഇവിടുത്തെക്കാൾ മീതെയാണെന്നു ഞങ്ങൾ വിചാരിയ്യുന്നില്ല. ഈ ധർമ്മകർത്താവും സത്യവാദിയുമായ തിരുമേനിയെ തൃക്കണ്ണുകൊണ്ടും വിട്ടിരിപ്പാൻ ഞങ്ങൾ ശക്തരല്ല. സുഖമായാലും ശരി, ദുഃഖമായാലും ശരി, തിരുമേനി എവിടെയോ അവിടെ ഞങ്ങളും. നരകത്തിലായാലും, ഇവിടുന്നുള്ളേടത്തുവേണം ഞങ്ങൾക്കു വാസം! പൊന്നതിരുമേനിയെ ക്രൂടാതെ, ഞങ്ങൾക്കു ജീവിയ്യുയെന്തിന്? ധനമെന്തിന്? സുഖമെന്തിന്? ജീവിതംകൊണ്ടു നിഷ്പ്രയോജനമാകുന്നു. അതിനാൽ ഞങ്ങൾ ഇവിടുത്തോടൊരുമിച്ചു പോരികതന്നെ ചെയ്യും!' പ്രജകളുടെ ഈ അപേക്ഷ കേട്ടിട്ട പരമസന്തുഷ്ടനായ പാർത്ഥിവൻ, 'സുകൃതികളെല്ലാം എന്റെകൂടെ പോന്നുകൊൾവിൻ' എന്നരുവടിച്ചു.

(കിളിപ്പാട്ട്—കാകളി)

എന്നിട്ടുകാന്തയൊത്തു,ന്നവണ്ണമെഴും
ചന്ദ്രബിംബാകാരമായ തേരേറിനാൻ;
മാലറാ മന്നനുവീൽനിന്നാർ സേവക-
രാലവട്ടങ്ങളും വെൺചാമരങ്ങളും
ഇമ്പംവളർത്തുന്ന വെള്ളക്കൊടിയുമാ-
യുമ്പർകോൻപോലവേ ശോഭിച്ചുകീർത്തിമാൻ
വന്ദികരും ബാണനാമാത്മമുഷികളും
വണ്ണിച്ചുവാഴ്ത്തീ പ്രജകളുഭൂപനെ.
അരണക്ഷത്രിയവൈശ്യരും ശൂദ്രരും
നാരായണാച്യുതർ മറുജനങ്ങളും
ഹസ്തിരഥാശ്വാദിയോടും യയാതിയോ-
ടൊത്തുവിണ്ണിനു ഗമിച്ചാരഖിലരും.
പങ്കവിഹീനരാമാ വൈഷ്ണവരുടെ
പൊൻകാലിണങ്ങിയ വെൺകൊടിക്കുറകളും
ശംഖചക്രാങ്കങ്ങളും നാനാജനത്തിര-
ക്കിങ്കൽ മണത്തേറുപാറിവിളങ്ങിതേ.
ദിവ്യമാല്യങ്ങളും തുളസീളങ്ങളും
ദിവ്യവസ്ത്രങ്ങളും ദിവ്യാരേണുവും
ദിവ്യമാംചന്ദനഗന്ധാനുലേപവും
ചൊവ്വിലണിഞ്ഞതിരോദനരൂപരായ്

Digitized By Kerala Sahitya Akademi

അവ്ഖവ്യയതലക്ഷകോടിനര-
ശ്രഷ്ഠാധീശന്റെ പിമ്പേ ഗമിക്കയായ്.
ഏവരും വൈഷ്ണവർ വിഷ്ണുസ്മൃതിപര.
ദേവനും പുണ്യജപലാനശാലികം.

ഇപ്രകാരം, പുത്രനായ പുരുവിനെ സ്വരാജ്യത്തിൽ അഭിഷേകംചെയ്തിട്ടു യയാതിമഹീന്ദ്രൻ മഹേന്ദ്രലോകത്തെത്തിച്ചേർന്നു. അദ്ദേഹത്തിന്റെ തപസ്സേജഃപുണ്യധർമ്മങ്ങളാൽ നാട്ടുകാർക്കുമെല്ലാവർക്കും വിഷ്ണുലോകത്തേയ്ക്കു പോകാനിടയായി. ഉടനേ ദേവരാജാവു ദേവഗന്ധർവ്വകിന്നരചാരണന്മാരോന്നിച്ച് ആ രാജശ്രേഷ്ഠനെ എതിരേറ്റു സൽക്കരിച്ചു.

ഇന്ദ്രൻ:—'മഹാഭാഗ, അങ്ങയ്ക്കു സ്വാഗതം; എന്റെ ഗൃഹത്തിലേയ്ക്കു വരിക. വേണ്ടുവോളം മനോരമങ്ങളും പുണ്യങ്ങളുമായ ദിവ്യഭോഗങ്ങളും ഭുജിച്ചുകൊൾകെ.'

യയാതി:—'മഹാരാജാവേ, സഹസ്രാക്ഷ, ഞങ്ങൾ അങ്ങയുടെ പാദപത്മത്തിൽ നമസ്കരിച്ചു സനാതനമായ ബ്രഹ്മലോകത്തിലേയ്ക്കു പോകുന്നു.'

ദേവന്മാരാൽ സ്തുതിക്കപ്പെട്ടുകൊണ്ട് അദ്ദേഹം ബ്രഹ്മലോകത്തേയ്ക്കു ഗമിച്ചു. പരമതേജസ്സായ പത്മസംഭവൻ മഹർഷിമാരോടുകൂടി അദ്ദേഹത്തിന്ന് അർഘ്യാദിവിഭവങ്ങൾകൊണ്ട് ആതിഥ്യം കഴിച്ചു; പിന്നീടു, 'നീ സകർമ്മത്താൽ വിഷ്ണുലോകം പ്രാപിച്ചാലും' എന്നു കല്പിച്ചു ചൊല്ലുകയും ചെയ്തു. ഉടനെ, യയാതി ശിവലോകത്തേയ്ക്കു നടകൊണ്ടു. പരമേശ്വരനും പാർവതിയോടുകൂടി രാജാവിന്ന് ആതിഥ്യം നൽകി സൽക്കരിച്ചിട്ട്, ഇപ്രകാരം അരുളിച്ചെയ്തു:—'രാജേന്ദ്ര, നീ വിഷ്ണുഭക്തനാകയാൽ എനിക്കും പ്രിയതനാകുന്നു. അങ്ങ് എന്റെ ഗൃഹത്തിൽത്തന്നെ വസിച്ചു മനുഷ്യർക്കു ദുഷ്പ്രാപങ്ങളായ സർവ്വഭോഗങ്ങളും ഭുജിച്ചുകൊൾക. ഞാനും വിഷ്ണുവും തമ്മിൽ വ്യത്യാസമൊന്നുമില്ല: വിഷ്ണുതന്നെയാണ് രുദ്രൻ; രുദ്രൻതന്നെയാണ് വിഷ്ണു! ഇയ്യും പുണ്യവാനായ വിഷ്ണുഭക്തനെ ഈ സ്ഥാനമാകുന്നു. അതിനാൽ, അങ്ങയ്ക്ക് ഇവിടെ സ്ഥിതിചെയ്യാം.' ശിവന്റെ അരുളപ്പാടു കേട്ടിട്ടു, വിഷ്ണുഭക്തനായ യയാതി തന്നിരുവടിയെ കേതിപൂർവം താണു വന്ദിച്ചുണർത്തിച്ചു:—'മഹാദേവ, നിന്തിരുവടി അരുളിച്ചെയ്യുന്നതു വാസ്തവം തന്നെ: നിങ്ങൾ ഇരുവരും തമ്മിൽ

Digitized By Kerala Sahitya Akademi

വ്യത്യാസമൊന്നുമില്ല; ഒരേ മൂർത്തി മൂന്നായി സ്ഥിതിചെയ്യുന്നു. എന്നാലും, വിഷ്ണുലോകത്തെയ്ക്കു പോകാൻ എനിക്കാഗ്രഹമുണ്ട്. ഉപ്പാങ്ങരംകുന്നമസ്കാരം!' അപ്പോൾ ശിവൻ, 'എന്നാൽ അങ്ങിനെയാകട്ടെ; വിഷ്ണുലോകത്തെയ്ക്കു പോയ്ക്കൊൾക' എന്നിങ്ങിനെ വിടനൽകി.

ശിവനേയും സപ്തമഹർഷികളേയും വന്ദിച്ചു വസുദേവപുത്രൻ തന്റെ വിഷ്ണുപ്രിയന്മാരായ ധന്യവൈഷ്ണവന്മാരോടൊന്നിച്ചു യാത്രയായി.

(കിളിപ്പാട്ട്—കാകളി)

ശംഖാലങ്കരിയാം വാദ്യഗണത്തിന്റെ
ശബ്ദംമുഴങ്ങീ ധരേശന്റെമുന്നിലായ്;
ക്ഷത്താടിപോലൊക്കുമപ്സരസ്ത്രീജനം;
ശാസ്ത്രജ്ഞപാഠകികിന്നരന്മാരും
പാടിനാർ ഭംഗിയിൽപ്പാട്ട ഗന്ധർവ്വരും;
പാടേപുകഴ്ത്തിനാർ വാനോളുഷികളും.
സിദ്ധവിദ്യാധര ചാരണാധ്യക്ഷരും
ഒട്ടവസുമരുദാദിത്യവർഗ്ഗവും
ദിക്പാലകന്മാരെന്നല്ല മൂലോകവും-
മക്കാര്യപീശനെ വാഴ്ത്തിനാർ നീളവേ.

ക്ഷോണീപതിക്കഥ നിസ്തുല്യരൂപമായ്-
ക്കാണായി വൈഷ്ണവലോകം നിരാമയം:
മന്ദേതരാങ്കുരം പൊൻവിമാനങ്ങളും,
കുന്ദേന്ദുഹംസനേർവെൺവിമാനങ്ങളും
തത്ര ലസിപ്പു നടേയിലുദ്ഭൂപ്പെട്ടി,
പൊൽത്താഴികക്കുടംചെച്ച ശൃംഗങ്ങളാൽ
താരാപഥത്തിലുയരുന്നമന്ദര-
മേരുപ്രതിമമാം പ്രാസാദപംക്തിയും.
മുറ്റുന്നതേജഃകണങ്ങൾകൊണ്ടുള്ളുരം
ചുറ്റുമേനോക്കുന്ന കൺകളാൽപോലവേ;
പല്ലുകൾകൊണ്ടെന്നപോലേചിരിയ്ക്കുന്ന
നല്ലനല്ല പലജാതിരത്നങ്ങളാൽ.
മാടിവിളിയ്ക്കുന്ന കാറ്റാടുംകൊടി-
യാടത്തലപ്പിനാൽ വൈഷ്ണവധന്യരെ.

Digitized By Kerala Sahitya Akademi

തങ്കധ്വജങ്ങളും രത്നതോരണശതങ്ങളും
ചെങ്കതിരോനൊത്ത ഗോപുരാട്ടങ്ങളും
ജാലഗവാക്ഷങ്ങളും വാതായനങ്ങളും
ചേലുറ്റപാതകളും പൊന്മതിൽക്കെട്ടുവും
തോരണവൈജയന്ത്യക്കാചക്രാങ്ക-
ത്രിദണ്ഡാതപത്രാഗ്ര്യകംങ്ങളും
ചാരുസ്യമന്തകച്ചാത്തുമയേ് ശ്ലോഭിപ്പു
താരകംചേർന്ന നഭസ്സുപോലപ്പുരം.
കാർകൊണ്ടൽ നേർന്നികേതങ്ങളും നൂറായിരം;
കാഞ്ചനസൗധോത്തമങ്ങളും നൂറായിരം;
വെള്ളപ്പുളകിൻ ഗൃഹങ്ങളുംനൂറായിരം;
എല്ലാമശേഷോപഭോഗ്യസംശോഭികളും.
ശംഖചക്രഗദാപാണിയെപ്പൂജിച്ചു
പങ്കജം നീങ്ങിയ ധന്യരേസഭാ
വാഴുന്നതട്ടിവ്യപുണ്യാലയങ്ങളിൽ
വാസുദേവന്റെ കൃപാതിരേകത്തിനാൽ.
നാനാഗ്രഹസേപനംകൊണ്ടു മുഴുങ്ങുന്ന
താനാനികേതങ്ങളും പൂഴമപ്പത്തനം.
കാമങ്ങളും കായ്കളും മരങ്ങളും ചന്ദനാ-
രാമങ്ങളുമെവിടെയെല്ലാടവും.
തങ്കക്കമലസഹസ്രശതപത്ര-
പങ്കജസൗഗന്ധികേന്ദിവരങ്ങളും
കാരണ്ഡവകളഹംസാദികങ്ങളും
ചേരും സരസ്സുകളും, ക്രൗഞ്ചങ്ങളും, വാപികളും,
ദേവതോദ്യാനങ്ങളെന്നിവ ചേർന്തായ്,
ശ്രീവൈഷ്ണവന്മാർ സുഖിച്ചു വസിപ്പതായ്,
മോക്ഷപദമായ് വിളങ്ങുന്നവൈകുണ്ഠ-
മീക്ഷിച്ചു നാഗാക്ഷൻ മാപനസ്തുതമം.

സർവ്വതാപോജ്ഝിതം സദ്വിതാനാങ്കിതം
ദിവ്യമാമപ്പുരം ദേവവൃന്ദാവൃതം
ഉൾപ്പുക്കു, ദുഃഖങ്ങളൊക്കവേപോക്കുന്ന
ചിൽപുമാൻതന്നെയും കണ്ടു നാരേപനേ.
ശ്രീവത്സലാഞ്ഛനനായ നാരായണൻ

Digitized By Kerala Sahitya Akademi

ദേവകീദേവ്യല്ലാം ശരണമനാമേയൻ
പൂമേയിലെല്ലായിടത്തും ചരിത്തിയും
തൂമഞ്ഞളാടയുടുത്തും ചരാച്ചരൻ
താർമകളൊത്തു വിളങ്ങീമഹാഗതി
താർക്ഷ്യാധിരൂഢൻ ചാനന്ദവിഗ്രഹൻ
ദേവഗന്ധർവ്വമഹ്സ്സരസ്ത്രീകളും
പാവനശീലരാം വൈഷ്ണവശ്രേഷ്ഠരും
സേവനംചെയ്യുമാക്കേവലാത്മാവിനെ-
ക്കൈവണങ്ങീടിനാൻ കുന്തഭോത്തുഴിലൻ.
ഭൂപനോടൊന്നിച്ചു പോരയാത്രമേവനും
ശ്രീപതിപാദാബ്ജരേണുക്കൾ ക്രൂപ്പിനാർ.

നമസ്കാരംചെയ്യുന്ന ദീപ്തതേജസ്സായ മഹാരാജാവിനോടു ഹൃഷീകേശൻ അരുളിച്ചെയ്തു:—'സുവ്രതാ, എനിയ്ക്കു സന്തോഷമായി. വരംവാങ്ങിക്കൊള്ളുക. ദുർല്ലഭമായതും ഞാൻ തരുന്നുണ്ട്. രാജേന്ദ്ര, നീയാൻ എന്റെ ഭക്തനാണല്ലൊ.'

യയാതിഃ—'ജഗദീശ, മധുസൂദന, നിന്തിരുവടി പ്രസാദിച്ചുവെങ്കിൽ, എനിയ്ക്ക് എന്നെന്നും ഇവിടത്തെ മാസ്യം കല്പിച്ചുതരിക!'

വിഷ്ണുഃ—'മഹാഭാഗ, അങ്ങിനയാകട്ടെ: നീയാൻ എന്റെ ഭക്തൻ തന്നെ, സംശയമില്ല. ഇവളോടുകൂടി നീയന്ത്യകാലത്തിൽ എന്റെ ലോകത്തിൽ വസിക്കാം.'

അനുഗ്രഹകാരം, ആ യയാതിമഹാരാജാവു, തന്തിരുവടിയുടെ തിരുവുള്ളത്താൽ, ഇന്നും പരമോത്തമമായ വിഷ്ണുലോകത്തിൽ നിവസിയ്ക്കുന്നു.

ശ്രീപതിമഹാപുരാണം, ദ്രവിണഖണ്ഡം, പിതൃതീർത്ഥകഥനം, യയാതിവിജയസംവാദം, സുകർമ്മചരിതം, യയാതിദേവകന്യാസമാഗമം എൺപത്തിമൂന്നാമദ്ധ്യായം.

——(o)——

എൺപത്തിനാലാം അദ്ധ്യായം

സുകർമ്മാവു്.—ഈ പാപനാശനമായ യയാതിചരിതമെല്ലാം അവനോടു ഞാൻപറഞ്ഞു; ദിവ്യമായ ഇതു പുത്രന്മാക്കു് ഉൽഗതിയും വളരെ ശ്രേയസ്സും നൽകുന്ന തൊണ്ണ്. പിതാവു് പ്രസാദിച്ചാൽ

Digitized By Kerala Sahitya Akademi

ഞ്ഞേയും കോപിച്ചുമാലുഞ്ഞേയും ഫലം യയാതിചരിതത്തിൽ നിന്ന സ്പഷ്ടമായറിയാം: പുരുവിന്ന രാജ്യവും കുരുവിന്ന സപ ർഗ്ഗവുംകിട്ടി. തുരു, യദു എന്നിവരാകട്ടെ, ശപിക്കുന്നവരായിപ്പു മണ്ടു!

അച്ഛനമ്മമാരെപ്പോലെ അഭിഷ്ടപ്രദമായ മറ്റു തീർത്ഥമില്ല. അച്ഛനും അമ്മയും മകനേ, മകനേ, എന്നിങ്ങിനെ വാത്സല്യപൂർവ്വം വിളിച്ചാൽ, അവരുടെ അടുക്കലേയ്ക്ക ഹർഷത്തോടേ ചെല്ലുന്ന പു ത്രന ഗംഗാസ്നാനഫലം കിട്ടും; അവരിരുവരുടേയും കാൽകഴുകിയ്ക്കു ന്ന മകനു തൽപ്രസാദത്താൽ സർവ്വതീർത്ഥഫലവും ലഭിയ്ക്കും; ദേ ഹം തലോടിക്കൊടുത്താൽ അശ്വമേധഫലം കൈവരും; അച്ഛനമ്മ മാർക്ക് ഊണും ഉടുപ്പും നൽകിയാൽ ഭൂമിദാനപുണ്യം അനുഭവപ്പെടും. മാതാവു സർവ്വതീർത്ഥമയിയായ ഗംഗയും, പിതാവു ബ്രഹ്മപുണ്യമയ മായ സിന്ധുവുമാണെന്നത്രേ പുരാണപണ്ഡിതന്മാർ പറയുന്നത്.

അച്ഛനമ്മമാരോട് മറുത്തു പറയുകയും ശകാരിയ്ക്കുകയും ചെ യ്യുന്ന പുത്രൻ ബ്രഹ്മഘാതിയായ നരകത്തിൽ വീണുപോകും. അച്ഛ നമ്മമാരെ പുലർത്താത്ത ഗൃഹസ്ഥനായ പുത്രൻ തീച്ചയായും നരകം പുക്കു വേദനയനുഭവിയ്ക്കും. ബുദ്ധിമോഷിച്ചാൽ ഗുരുജനത്തെ നിന്ദി ക്കുന്ന പാപത്തിന്ന് ഒരു പ്രായശ്ചിത്തവും പുരാണപണ്ഡിതന്മാർ ക ണ്ടിട്ടില്ല. ഇതറിഞ്ഞിട്ടുതന്നേ, ഞാൻ നാലുതോറും അച്ഛനമ്മമാരെ കാൽതലോടിയും മറവും കേൾപ്പിച്ചും ശുശ്രൂഷിച്ചുപോരുന്നത്. എന്റെ അച്ഛൻ എന്നെവിളിച്ചു കയ്യുമോ അകായ്യുമോ പറഞ്ഞാൽ, അതുഞാൻ സംശയം കൂടാതെ യഥാശക്തി അനുഷ്ഠിക്കേണ്ടതാണ്. അതിനാൽ അ ച്ഛനമ്മമാർ പ്രസാദിച്ചതുനിമിത്തമാണ്, എനിയ്ക്ക സൽഗതിപ്രദമാ യ പരമജ്ഞാനം ഉണ്ടായിവന്നത്. എങ്കിലും, ഇവിടെയുണ്ടതന്നേ, സ്വർഗ്ഗത്തിലേയോ പാതാളത്തിലേയോ വൃത്താന്തം കൂടി അറിയാം. നോക്കൂ, പിതൃപ്രസാദത്താൽ എനിയ്ക്ക ലഭിച്ച ജ്ഞാനം വിദ്യാധര ശ്രേഷ്ഠ, ഭവാൻ പോയി വിഷ്ണുവിനെ പൂജിച്ചുകൊൾകെ.'

വിഷ്ണു:— ഇപ്രകാരം സൂക്ഷ്മാഭിപ്രായത്താൽ ഉൽബോധിതനായ വിപ്ര മുനി ലജ്ജയോടേ ആ ബ്രാഹ്മണശ്രേഷ്ഠനെ വന്ദിച്ചു സ്വർഗ്ഗത്തി ലേയ്ക്ക ഗമിച്ചു. ആ ധർമ്മജ്ഞനായ സുകർമ്മാവാകട്ടേ, വീണ്ടും മാതാപിതാക്കളെ ശുശ്രൂഷിച്ചുവരുന്ന മുദ്ധിമാനായ വേന,

Digitized By Kerala Sahitya Akademi

പിതൃതീർത്ഥത്തെ സംബന്ധിച്ചു ഇതുമുഴുവനും ഞാൻ ഭവാനോടു പറഞ്ഞു; ഇനി, എന്താണ് പറഞ്ഞുതരേണ്ടതു?'

ശ്രീപരമേശ്വരോപാഖ്യാനം, ഭൃഗ്വിഷ്ണുസംവാദം, പിതൃതീർത്ഥകഥനം, മോക്ഷപ്രാപ്തിസംവാദം, സൂകൽപ്പക്ഷിജന്മം, പിതൃതീർത്ഥസമാപ്തി എൺപത്തിരണ്ടാമധ്യായം.

(൦)

എൺപത്തഞ്ചാമധ്യായം

വേനൻ:—'ഗോവാനേ, ദേവദേവേശ, നിന്തിരുവടി എങ്കൾ പ്രസാദിച്ചു, ബഹുപുണ്യപ്രദമായ ഭാസ്കരതീർത്ഥവും പിതൃതീർത്ഥവും മാതൃതീർത്ഥവും അങ്ങരുളിച്ചെയ്യുവല്ലോ. ഇനി, ദയചെയ്തു ഇന്ദ്രതീർത്ഥം പറഞ്ഞുതന്നാലും!'

വിഷ്ണു:—'രാജാവേ, സർവപാപഹരവും ശിഷ്യക്ക് ഗതിനൽകുന്നതുമായ ഇന്ദ്രതീർത്ഥം ഞാൻ പറയാം. അതുകൊണ്ട പ്രസാദത്താൽ ഇഹത്തിലും പരത്തിലും സുഖവും തേജസ്സും കീർത്തിയും ലഭിയ്ക്കുമോ, ആ മഹാത്മാവായ ഇന്ദ്രൻ പ്രസാദിച്ചാൽ ശിഷ്യക്ക് സചരാചരമായ മൂന്നുലോകവും പ്രത്യക്ഷമായി കാണുമാറാകും; ലോകവ്യവഹാരം, ആചാരം എന്നിവയും അറിയുമാറാകും: ഒടുവിൽ മുക്തിയും കൈവരും. ലോകങ്ങളെയെല്ലാം സൂര്യൻ പ്രകാശിപ്പിയ്ക്കുന്നതെപ്രകാരമോ, അപ്രകാരം ശിഷ്യനെ ഇന്ദ്രൻ ബുദ്ധിജ്ഞാനത്താൽ പ്രകാശിപ്പിയ്ക്കുന്നു. രാത്രിയിൽ ചന്ദ്രൻ സ്വതേജസ്സുകൊണ്ട് ഇരുട്ടുനീക്കി ലോകത്തെ പ്രകാശിപ്പിയ്ക്കുന്നതുപോലെയും, ദീപം ഗൃഹത്തെ പ്രകാശിപ്പിക്കുന്നതുപോലെയും, ഇന്ദ്രൻ അജ്ഞാനതമസ്സു പോക്കി ശിഷ്യനെ പ്രകാശിപ്പിയ്ക്കുന്നു. എന്നാൽ, സൂര്യൻ പകൽസമയത്തും, ചന്ദ്രൻ രാത്രിയിലുമേ പ്രകാശിയ്ക്കുന്നുള്ളു; ദീപം ഗൃഹത്തിലെ ഇരുട്ടുമാത്രമേ അകറ്റുന്നുള്ളു. ഇന്ദ്രനോ, രാവും പകലും എല്ലായ്പോഴും ഗൃഹത്തിനു പുറത്തും ശിഷ്യനെ പ്രകാശിപ്പിക്കുന്നു—അവന്റെ അജ്ഞാനതമസ്സുകളെ ഇന്ദ്രൻ നശിപ്പിക്കുന്നു. അതിനാൽ, ശിഷ്യക്ക് ഒരു മഹാതീർത്ഥമത്രേ ഇന്ദ്രൻ. ഇതറിഞ്ഞു ശിഷ്യൻ ഇന്ദ്രനെ തൃകരണങ്ങളും കൊണ്ടും പ്രസാദിപ്പിച്ചുകൊള്ളണം.

Digitized By Kerala Sahitya Akademi

ഇതിനുദാഹരണമായി, മഹാത്മാവായ ച്യവനന്റെ സർവ പാപഹരമായ ഒരു പുരാണകഥ കേട്ടിട്ടുണ്ട്: ഭൃഗുകുലത്തിൽ ജനിച്ച ഒരു മഹർഷിയാണ് ച്യവനൻ. അദ്ദേഹം ഒരിക്കൽ ഇങ്ങിനെ വിചാരിച്ചു:— 'ഞാൻ എന്നാണ്, ഭൂമിയിൽവെച്ചു ജ്ഞാനിയായിത്തീരുക?' ഓവുംപോകലും ഇതായി ആ ബ്രാഹ്മണശ്രേഷ്ഠന്റെ വിചാരം. അങ്ങിനെ ചിന്തിച്ചുകൊണ്ടിരിക്കെ, ആ മഹാത്മാവിനു തോന്നി:—'തീർത്ഥയാത്ര ചെയ്യാൽ അഭീഷ്ടം സാധിയ്ക്കും.' അതു മൂലകാരണം അദ്ദേഹം ഭാര്യാപുത്രന്മാരേയും ഗൃഹക്ഷേത്രധനാദികളേയും ത്യജിച്ചു, തീർത്ഥയാത്രയിലേർപ്പെട്ട ഭൂമിയിൽ സഞ്ചരിക്കുകയായി. ഗംഗ, നർമ്മദ, സരസ്വതി, ഗോദാവരി മുതായ നദികളിലും, സമുദ്രങ്ങളിലും, മറവ തീർത്ഥങ്ങളിലും, പുണ്യദേവാലയങ്ങളിലുമൊക്കെ ആ മഹർഷി അനുലോമമായും പ്രതിലോമമായും നടകൊണ്ടു. അങ്ങിനെ ചുറ്റിനടന്നു തീർത്ഥസ്നാനം ചെയ്യയാൽ അദ്ദേഹത്തിന്റെ ശരീരം സുനിർമ്മലമായി സൂര്യനെപ്പോലെ തേജസ്സോടെ വിളങ്ങി.

ഈ പരിശുദ്ധകർമ്മത്താൽ ദീപ്തിമാനായ ച്യവനൻ, അങ്ങിനെ ചുറ്റിനടക്കെ, നർമ്മദയുടെ തെക്കേതീരത്തുള്ള അമരകണ്ടകമെന്ന മഹാക്ഷേത്രത്തിൽ എത്തി, സർവ്വർക്കും ഗതി നൽകുന്ന മഹാലിംഗത്തെ ദർശിച്ചു വണങ്ങി പൂജിച്ചു സ്തുതിച്ചു. പിന്നെ സിദ്ധേശ്വരനേയും മഹേശ്വരനേയും ജ്വാലേശ്വരനേയും അമരേശ്വരനേയും ഭദ്രേശ്വരനേയും കപിലേശ്വരനേയും മാർക്കണ്ഡേയേശ്വരനേയും ദർശിച്ചു യാത്രചെയ്തു വിണ്ടും ഓംകാരത്തിലെത്തിച്ചേർന്നു. അവിടെ ആ മഹർഷി കുരുകുലത്തുപോയിൻതണലിൽ തളർച്ചതീർത്തു സുഖമായിസ്ഥിതിചെയ്തു; അപ്പോൾ എതാനും പക്ഷികൾ ജ്ഞാനവിജ്ഞാനങ്ങളോടുകൂടി ദിവ്യഭാഷയിൽസംസാരിക്കുന്നതുകേൾക്കുമാറായി.

അവിടെ കണ്ഡുലൻ എന്നൊരു ജ്ഞാനിയായ തപസ്സിശ്രേഷ്ഠൻ ഭാര്യാപുത്രനൊന്നിച്ചുനിവസിച്ചിരുന്നു. ആ മഹാത്മാവിനു മാതാപിതൃകളായ നാലുപുത്രന്മാരുണ്ട്:കന്നാമൻ ഉജ്ജ്വലൻ; രണ്ടാമൻ സമുജ്വലൻ; മൂന്നാമൻ വിജ്വലൻ; നാലാമൻ കപിഞ്ജലൻ. ആ സോദരന്മാർ, വിശക്കുമ്പോൾ ഗിരികുഞ്ജങ്ങളിലും തുരുത്തുകളിലുംനിന്നുതേടിനടന്നു, മധുരഫലങ്ങൾകൊണ്ടും അമൃതിനൊത്ത വെള്ളംകൊണ്ടും ഒപ്പമാഹാരം തമിഴ്പ്പിയ്ക്കും;അച്ഛനമ്മമാർക്കു ഭക്ഷിപ്പാൻ പതിവായി സാദരോദിയ പഴങ്ങൾതേടിസ്സമ്പാദിച്ചു കൊണ്ടുകൊടുക്കുകയും ചെയ്യും. ഇങ്ങിനെ ആ സൽപുത്രന്മാർ മാതാപിതാക്കളെ ഭക്തിയോൽ സന്തോ

Digitized By Kerala Sahitya Akademi

ഷിപ്പിക്കുകയും, ഇതേതിനിസംസന്തോഷം ഭക്ഷിയ്ക്കുകയും, പഠിയ്ക്കുകയും കളിക്കുകയുംചെയ്തുപോന്നു. സന്ധ്യയായാൽ, തുരുജനങ്ങൾക്കുള്ള ഭക്ഷ്യവും കൊണ്ടു് അച്ഛന്റെ അടുക്കൽ വന്നുചേരും. അന്നു് അവർ നാൽവരും, ച്യവനമഹർഷി കാൺകെയാണു് അച്ഛന്റെ അതിശോഭനമായ ക്ലേശിൽ വന്നെത്തിയതു്. ഉടനേ അച്ഛനേയും അമ്മയേയും വന്ദിച്ചു്, അവർക്കു ഭക്ഷ്യം നൽകി, അവരുടെ മുൻഭാഗത്തായി നിന്നു. മാതാപിതാക്കന്മാർ അവരെയെല്ലാം വാത്സല്യയുക്തങ്ങളായ വചനങ്ങൾകൊണ്ടു് സമയം അഭിനന്ദിച്ചു. അവർ അച്ഛനമ്മമാരെ ചിറകുകൊണ്ടു വീശിസുഖിപ്പിച്ചു. ആ ദമ്പതിമാർ പുത്രന്മാരെ അനുഗ്രഹിച്ചു്, അവരാൽ സമർപ്പിതമായ അമൃതിനൊത്ത ഭക്ഷ്യം ഭക്ഷിക്കുകയും, തീർത്ഥങ്ങളിൽനിന്നു് ജനിതമായ നിർമ്മലജലം കുടിക്കുകയുംചെയ്തു സുഖസന്തുഷ്ടരായിത്തീർന്നവരായി സപ്രസ്ഥാനത്തു സ്ഥിതിചെയ്തു. ഒരുമിച്ചോടുക്കു ഭക്ഷണം കഴിച്ചു സന്തുഷ്ടരായ കണ്ണലൻ പുത്രന്മാരൊത്തു ദിവ്യവും പുണ്യവുമായ കഥ പറയുകയായി.

അച്ഛനായ കണ്ണലൻ ഉജ്ജ്വലനെന്നമകനോടു ചോദിച്ചു:— 'മകനേ, നീ എവിടെയ്ക്കാണു് പോയിരുന്നതു്? അവിടെ അപൂർവമായി വല്ലതും കാണുകയോ കേൾക്കുകയോ ഉണ്ടായെങ്കിൽ പറയുക.' ഉജ്ജ്വലൻ അച്ഛനു ഭക്തിയോടെ വണങ്ങി, ഒരു മനോഹരമായ കഥ പറയാൻ തുടങ്ങി:—

'അച്ഛ, ഞാൻ നിത്യവും അദ്ധ്വാനിക്കുന്നവനായി, വളരെ ബുദ്ധിമുട്ടുണ്ടെങ്കിലും, പ്ലക്ഷദ്വീപിലേക്കാണു് പോകാറുള്ളതു്. പ്ലക്ഷദ്വീപിൽ, പർവതങ്ങളും നദികളും സരസ്സുകളും ഉദ്യാനങ്ങളും വനങ്ങളും ഗ്രാമങ്ങളും നഗരങ്ങളും വളരെയുണ്ടു്; അവിടത്തെ പ്രജകളും സദാ സുഖസന്തുഷ്ടരും ദാനപുണ്യനയശീലരും ശ്രദ്ധാലുക്കളുമാകുന്നു. ആ ദ്വീപിൽ, സ്വതേ പുണ്യസത്യധർമ്മനിരതനായി മേധാതിഥി എന്നൊരു മഹാരാജാവുണ്ടു്. അദ്ദേഹത്തിനു നിസ്തുല്യസൗന്ദര്യയായ ഒരു പുത്രി ജനിച്ചു. രൂപലാവണ്യശാലിനിയും, സുശീലയും, ചാരുശൃംഗലയുമായ ആ പെൺമണിക്കു ദിവ്യാദേവി എന്നാണു് പേരു്. ദിവ്യലാവണ്യയായ ദിവ്യാദേവി യൗവനത്തിൽ പ്രവേശിച്ചപ്പോൾ, മേധാതിഥിമഹാരാജാവു് ഏതൊരു മഹാനുഭാവനാണു് വിവാഹം ചെയ്തുകൊടുക്കേണ്ടതെന്ന വിചാരമായി. അതുകൊണ്ടു്, രൂപശോഭിയുമായ ചിത്രസേനനാണു് മഹാരാജാവിനു രുചിച്ചതു്. അദ്ദേഹം പെണ്ണിനെ ചിത്രസേനനുകൊടുക്കുകയുംചെയ്തു. എന്നാൽ, വിവാ

Digitized By Kerala Sahitya Akademi

ഫകർമ്മത്തിനുള്ള മുഹൂർത്തമായപ്പോൾ, ചിത്രസേനൻ പെട്ടെന്നു മരിച്ചുപോയി. ഉടനെ, ധർമ്മാത്മാവായ ദിവോദാസപുരോഹിതൻ ബ്രാഹ്മണരെ വിളിച്ചുചോദിച്ചു:—'ഇവളുടെ വിവാഹസമയത്തു ചിത്രസേനൻ അന്തരിച്ചുപോയല്ലോ; ഇനി എങ്ങിനെ വേണം? അതു പറഞ്ഞുതരുവിൻ.'

ബ്രാഹ്മണൻ:—'രാജാവേ, കന്യകയുടെ വിവാഹം ശരിക്കു നടത്തേണം. ഭർത്താവു മരിക്കുകയോ, സംഗമിക്കാതിരിക്കുകയോ, മഹാരോഗത്തിൽപ്പെടുകയോ, ഉപേക്ഷിച്ചുപോവുകയോ, സന്ന്യസിക്കുകയോ ചെയ്താൽ, വീണ്ടും വിവാഹമാകാമെന്നാണ് ധർമ്മശാസ്ത്രങ്ങളിൽ കാണുന്നതു്. രജസ്വലയാകുന്നതുവരെയും, കന്യകയ്ക്കു വേറെ ഭർത്താവു വിധിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ അച്ഛൻ വിവാഹം ശരിക്കു നടത്തുകതന്നെവേണം.'

ധർമ്മശാസ്ത്രവിശാരദന്മാരായ ബ്രാഹ്മണശ്രേഷ്ഠന്മാർ ഇങ്ങിനെ അഭിപ്രായപ്പെട്ടതിനാൽ ദിവോദാസനു പെൺകൊടിയ്ക്കു വട്ടം കൂട്ടി. ശ്രുപസേനൻ എന്ന മഹാരാജാവിന്നാണ് ദിവ്യാദേവി രണ്ടാമതു കൊടുക്കപ്പെട്ടതു്. ആ രാജാവും വിവാഹസമയത്തു ചരമഗതിയടഞ്ഞുപോയി. എത്രയോ രാജാക്കന്മാർ ദിവ്യാദേവിയെ വേട്ടുവോ, അവരൊക്കെയും വിവാഹലഗ്നത്തിൽ മരിക്കുകയാണുണ്ടായതു്. ഇങ്ങിനെ ഇരുപത്തൊന്നു ഭർത്താക്കന്മാർ അടുപ്പുപ്പോം അന്തരിച്ചുപോയി. ഇതിൽ, ദിവോദാസനു വലിയ ദുഃഖമായി; ആ വിദ്വത്തേവികുമൻ മന്ത്രിമാരോടുകൂടി ആലോചിച്ചു സ്വയംവരം നടത്താൻ നിശ്ചയിച്ചു. സ്വയംവരത്തിന്നു്, ഭൂലക്ഷദ്വീപിലെ ധർമ്മിഷ്ഠരായ രാജാക്കന്മാരെയെല്ലാം ക്ഷണിച്ചുവരുത്തിയിരുന്നു. ദിവ്യാദേവിയുടെ സൌന്ദര്യംകേട്ടിട്ട മതിമറന്നിരുന്ന ആ മന്നവന്മാർ മൃത്യുചോദിതരായിട്ടു തങ്ങളിൽ പോർതുടങ്ങുകയും, പടക്കളത്തിൽ മരിച്ചുവീഴുകയും ചെയ്തു. ഇങ്ങിനെ, മഹാന്മാരായ ക്ഷത്രിയർ അനേകംപ്പേർ മരിച്ചുപോയി. ബാലയും മനസ്വിനിയുമായ ദിവ്യാദേവിയാകട്ടേ, വന്ദിച്ചു ദുഃഖമൂലം ഒരു പർവ്വതഗുഹയിൽ ചെന്നിരുന്നു് ഭയനീയമാംവണ്ണം കരഞ്ഞുതുടങ്ങി.

അച്ഛ, ഇങ്ങിനെ അസാധാരണമായ ഒന്നു ഞാൻ കാണുകയുണ്ടായി. അവർക്കു് ഇങ്ങിനെ വരാനുള്ള കാരണം വിസ്തരിച്ചുപറഞ്ഞുതന്നാലും.'

ശ്രീപത്മമഹാപുരാണം. ഭൂമിഖണ്ഡം, ഗതശീർഷകരണം, വേതാളിസ്തുസംവാദം, ദ്യുമതോപാഖ്യാനം, ഉജ്ജയിനീകുമാരിവ്യുത്പത്തിയുടെ കഥാശേഷം, ഏൺപത്തഞ്ചാമധ്യായം.

———(o)———

Digitized By Kerala Sahitya Akademi

എൺപത്തൊന്നാമദ്ധ്യായം

കഞ്ചുകൻ:—ആ ദിവ്യാദേവിയുടെ മുൻജന്മകർമ്മമെല്ലാം ഞാൻ പറഞ്ഞുതരാം; കേട്ടുകൊൾക:

പദ്മപുരാണിനിയായ വാരാണസി എന്നൊരു പുണ്യനഗരിയുണ്ട്; അവിടെ, മഹാധനികനും വലിയ ബുദ്ധിമാനുമായ സുവീരൻ എന്നൊരു വൈശ്യൻ നിവസിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ, ചിത്ര എന്നവൾ കുലാചാരം വിട്ട് അനാചാരത്തിലേർപ്പെട്ടുകളഞ്ഞു. അവൾ ഭർത്താവിനെ ക്ലേശിക്കുന്നതു, തോന്നിയപോലെ നടക്കുകയായി. ധർമ്മമില്ല, പുണ്യമില്ല, പാപമേ ചെയ്യുകയുള്ളൂ; എപ്പോഴും ഭർത്താവിനെ ഭർത്സിക്കും; എപ്പോഴും കലഹിക്കും; എപ്പോഴും അന്യഗൃഹത്തിൽ ചെന്നിരിയ്ക്കും; വീട്ടുജോലിയൊന്നുമെടുക്കില്ല; അന്യരിൽ പഴുതുനോക്കും; പ്രാണികളെ ദ്വേഷിക്കും; സജ്ജനങ്ങളെ പഴിക്കും; ഉറക്കേ ചിരിക്കും. ഈവക ഉന്മത്തപ്രകൃതം കാണുകയാൽ ആ പാപഭർത്തൃയെ ഉപേക്ഷിച്ചു്, സുമഹാമതിയായ സുവീരൻ മറ്റൊരു വൈശ്യകന്യകയെ വേട്ട് അവളോടുകൂടി ധർമ്മവും പുണ്യവും സാധിച്ചു വാണു.

അദ്ദേഹത്താൽ ത്യക്തയായ ചിത്രയാകട്ടേ, നാടെങ്ങും അലഞ്ഞുനടക്കുകയായി. അവൾ എപ്പോഴും പാപികളും ദുഷ്ടന്മാരുമായ പുരുഷന്മാരോടു സംസർഗ്ഗംചെയ്തുപോന്നു: അവർക്കുവേണ്ടി ദൂതികർമ്മം നടത്തും; സജ്ജനങ്ങളുടെ ഗൃഹത്തിനു കെടുതിവരുത്തും; പതിവ്രതമാരായ സ്ത്രീകളെ വിളിച്ചു ദുർബോധനകർമംകൊണ്ടു പ്രലോഭിപ്പിക്കും; പറഞ്ഞു വിശ്വസിപ്പിച്ചിട്ട് ആരാമോദ്യാനവേശ്മങ്ങളിൽ; വിശിഷ്ടന്മാരുടെ ഭാര്യമാരെ വശീകരിച്ചു പരപുരുഷന്മാർക്കു കൊടുക്കും. ഇങ്ങിനെ അനേകം ഗൃഹങ്ങൾക്ക് ആ പാപിനി ദോഷംവരുത്തി. ഭാര്യയെക്കൊണ്ടു ഭർത്താവിനോടും പുത്രന്മാരോടും കലഹിപ്പിയ്ക്കുക; സ്ത്രീകളെക്കുറിച്ചു പുരുഷന്മാരുടെ മനസ്സിളക്കുക; കാലന്തരത്തിനെ അഭിവൃദ്ധിപ്പെടുന്ന കലഹം ഉണ്ടാക്കിത്തീർക്കുക; ഈ വകകൊണ്ട് അവൾ അനേകം ഗൃഹങ്ങളെ അകമേറിലാക്കിക്കളഞ്ഞു.

മകനേ, ഒടുവിൽ അവൾ ചത്തു. അപ്പോൾ ധർമ്മരാജാവു് അവളെ വളരെ അന്വേഷിപ്പിച്ചു: രൌരവാദിനരകങ്ങളിലിട്ട പലതരം വേദനകളും ദുഃഖങ്ങളും അനുഭവിപ്പിച്ചു. ചെയ്തതനുഭവിച്ചേ തീരൂ.

Digitized By Kerala Sahitya Akademi

അവരം അനേകം ഗൃഹങ്ങൾക്ക് കെടുതി വരുത്തിയതിനാലാണ് ദുഃഖ മനുഭവിയ്ക്കുന്നത്. വിവാഹസമയത്തായിരുന്ന കമ്മത്തിനു മുപ്പ് തികഞ്ഞതേ. അതിനാൽ ഭർത്താവു വിവാഹലഗ്നത്തിൽ മരിച്ചുപോയി. എത്ര ഗൃഹങ്ങൾ നശിപ്പിച്ചുവോ, അത്ര വരന്മാർ സ്വയംവരത്തിൽവെച്ചും, ഇരുപത്തൊന്നുപേർ വിവാഹസമയത്തും മൃതിപ്പെട്ടു. ഇതൊക്കെയാണ്, ദിവ്യാദേവിയുടെ മുൻജന്മകമ്മം. ഗൃഹഭംഗം എന്ന ഘോരപാപം ചെയ്തവളാണവൾ.'

ഉജ്ജ്വലൻ:—'പ്ലക്ഷദ്വീപരാജാവായ ദിവോദാസന്റെ മകളാണല്ലോ അവൾ; എന്തൊരു പുണ്യത്താലാണ്, അവൾ വലിയ വംശത്തിൽ പിറന്നതു? അച്ഛ, ഇങ്ങിനെ ഒരു സംശയം എനിയ്ക്കുണ്ടായിരിക്കുന്നു: ഇത്ര പാപം ചെയ്തവൾ ഒരു രാജാവിന്റെ മകളായി ജനിച്ചതെങ്ങിനെ?'

കുണ്ഡലൻ:—'ചിത്രപൂർവജന്മത്തിൽ ചെയ്തിട്ടുള്ള പുണ്യവും ഞാൻ പറഞ്ഞുതരാം; എല്ലാം ബുദ്ധിവെച്ചു കേട്ടുകൊള്ളുക:

ഭൂമിയിലെങ്ങും സഞ്ചരിയ്ക്കുന്ന ഒരു ജിതേന്ദ്രിയനായ സിദ്ധൻ ചിത്രയുടെ ഗൃഹദ്വാരത്തിൽ വന്നു സ്ഥിതിചെയ്തു. സർവതത്വങ്ങളും കണ്ടവനായ ആ ജിതാത്മാവു യാതൊന്നും സംസാരിക്കില്ല; വസ്ത്രമായിട്ട് ഒരു കൌപീനമേ ഉള്ളു; ശിരസ്സു മുഴുവൻ മുണ്ഡനം ചെയ്തിരിക്കുന്നു; കക്ഷത്തിൽ ഒരു ദണ്ഡുണ്ട്. പാത്രം കൈതന്നെ! മകനേ, വളരെ വഴി നടക്കുകയാലും വെയിൽ കൊള്ളുകയാലും ദാഹിച്ചു പൊരിഞ്ഞു വശംകെട്ടിരുന്ന ആ മഹാത്മാവു പടിഞ്ഞാൽവന്നു തണലത്തിരിയ്ക്കുന്നതു ചിത്ര കണ്ടെത്തി. ഉടനേ അവൾ, ഭാഗ്യത്താൽ പ്രേരിതയായിട്ട് അദ്ദേഹത്തെ ചെന്നുപചരിച്ചു: കാൽ കഴുകിച്ചു നല്ല ആസനം നൽകി. 'ബ്രാഹ്മണ, ഈ മൃദുലമായ ആസനത്തിന്മേൽ സുഖമായി ഇരുന്നാലും; പൈദാഹങ്ങളും മാറുന്നതിനു ശ്രേഷ്ഠമായ അന്നം സന്തോഷത്തോടെ ഭക്ഷിയ്ക്കുകയും യഥേഷ്ടം ശീതളജലം കുടിയ്ക്കുകയും ചെയ്യുക.' എന്നിങ്ങനെ പറഞ്ഞു അവൾ അദ്ദേഹത്തെ ഒരു ദേവനെ എന്നപോലെ പരിപൂജിച്ചു; ശ്രമം തലോടിക്കൊടുത്തു തളർച്ചയും പോക്കി. അവൾ കൊണ്ടുകൊടുത്ത അന്നപാനങ്ങളും ഉപയോഗിച്ചു അവളിൽ സുപ്രസന്നനായിച്ചമഞ്ഞ ആ ദ്വിജോത്തമൻ കുറച്ചുകാലം അവളുടെ ഗൃഹത്തിൽ താമസിച്ചു. പിന്നീടു വന്നവിധം തന്നെ എങ്ങോട്ടോ നടകൊള്ളുകയും ചെയ്തു.

Digitized By Kerala Sahitya Akademi

ആ മഹാഭാഗൻ പോയ ഉടനെയാണ് ചിത്ര മരിച്ചത്. സ്വകർമ്മം അനുസരിച്ച് അവർ ധർമ്മന്റെ സുദ്ദസ്സഹങ്ങളായ മഹാഭൂതങ്ങളിൽക്കുകയായി; ഓരായിരം യുഗം നരകത്തിൽക്കിടന്നു തീവ്രവേദനകൾ അനുഭവിച്ചു; അതിനുശേഷം, പിന്നെയും മനുഷ്യജാതിയിൽ ജനിയ്ക്കുകയും ചെയ്തു. മാനുഷ, മുമ്പ് ആ സ്ത്രീയെ ശ്രുതമാനസയായി ചൂജിയ്ക്കുകയുണ്ടായല്ലോ; ആ പുണ്യാത്മാവുതന്നെ, അവർ ക്ഷത്രിയ മഹാരാജാവായ ശിവോശനന്റെ മകൾ ദിവ്യാദേവിയായി ജനിച്ചു തു. ഒരു മഹാത്മാവിനു് അന്നവും വെള്ളവും കൊടുത്ത പുണ്യത്തിന്റെ മാഹാത്മ്യത്താലാണ്, അവർക്കു സൽക്കുലത്തിൽപ്പിറക്കുവാനും, ദിവ്യഭോഗങ്ങൾ ഭുജിച്ചുകൊണ്ടു പിതൃഗൃഹത്തിൽ വസിയ്ക്കുവാനും ഇടവന്നതു്. ആ ബ്രഹ്മർഷിയുടെ പ്രസാദത്താൽ ചിത്രരാജകുമാരിയായി ജനിച്ചു; ഗർഭഭംഗപാപംമൂലം വൈധവ്യം അനുഭവിക്കേണ്ടിവന്നു. കുഞ്ഞേ, ഇങ്ങിനെയാണ് ദിവ്യാദേവിയുടെ പൂർവചരിതം. ഇനി എന്താണ് ഞാൻ പറഞ്ഞുതരേണ്ടതു്? ചോദിച്ചാൽ പറയാം.'

ഉജ്ജ്വലൻ:—'ആ പെൺകിടാവ് എങ്ങിനെയാണ് മഹാദുഃഖത്തിൽനിന്നു മോചിക്കപ്പെടുക? അവളുടെ സ്ഥിതി എന്താകും? അവർക്കു സുഖം എങ്ങിനെ ലഭിയ്ക്കും? അച്ഛ, എന്റെ ഈ സംശയം തീർത്തുതരിക. അവർക്കു മോക്ഷം കിട്ടാൻ എന്താണുപായം? പാവം ഒറ്റയ്ക്കു വൻകാട്ടിലിരുന്നു നിലവിളിക്കയാണല്ലോ ചെയ്യുന്നതു്!'

മകന്റെ മഹത്തായ ചോദ്യം കേട്ടിട്ടു, മഹാപ്രജ്ഞനായ കുഞ്ജലൻ ക്ഷണനേരം ആലോചിച്ചതിനുശേഷം മറുപടി പറഞ്ഞു:—'മഹാഭാഗനായ മകനേ, ഞാൻ പരമാർത്ഥം പറയാം: ഞാൻ പ്രാഗ്ജന്മകർമ്മംമൂലം തിര്യഗ്യോനിയിൽ ജനിച്ചുപോയി എങ്കിലും, ഈ പരിശുദ്ധമായ മഹാവൃക്ഷത്തിന്റെ സംസർഗ്ഗവും നമ്മളയുടേയും വിഷ്ണുവിന്റേയും പ്രസാദവുംനിമിത്തം എന്റെ ജ്ഞാനം നശിക്കാതെ നിൽപ്പുണ്ടു്; അതിനാൽ, അവർക്കു ജ്ഞാനവും മുക്തിസ്ഥാനവും കിട്ടാനുള്ള ഉത്തമമാർഗ്ഗം ഞാൻ ഉപദേശിക്കാം. അഗ്നിസംസർഗ്ഗംകൊണ്ടേ കനകം കറയറ്റതായിത്തീരുകയുള്ളൂ; അതുപോലെ, വിഷ്ണ്വാരാധനജപവ്രതങ്ങൾകൊണ്ടേ അവർ പാപമുക്തയായി ഭവിയ്ക്കൂ. സിംഹമെങ്കിൽ ഗജേന്ദ്രൻ നിർമ്മദനാകുന്നതെപ്രകാരമോ, അപ്രകാരം വിഷ്ണുനാമോച്ചാരണത്താൽ പാപം പിന്മാറിപ്പോകുന്നു. ഗരുഡന്റെ വീശുത്താൽ സർപ്പങ്ങൾ നിർവിഷങ്ങളാകുന്നതുപോലെ, വി

Digitized By Kerala Sahitya Akademi

ഷ്ണനാമജപത്താൽ ബ്രഹ്മഹത്യാദിപാപങ്ങൾപോലും ശമിയ്ക്കുന്നു. അവൻ കാമക്രോധങ്ങൾ വിട്ട് സർവേന്ദ്രിയങ്ങളേയും അടക്കി മനസ്സു നിറുത്തി ധ്യാനിച്ചുകൊണ്ടു, പാപനാശനമായ വിഷ്ണുനാമശതം എപ്പോൾ ജപിയ്ക്കുമോ, അപ്പോൾ അവൻറെ പാപം വിട്ടൊഴിയും; യോഗംപൂണ്ടു തന്മനസ്സായി തല്പരഞ്ഞിൽ ലയിച്ചാൽ, ജ്ഞാനവും മോക്ഷവും സിദ്ധിയ്ക്കുകയും ചെയ്യും.'

ഉജ്ജ്വലൻ:—'അച്ഛ, ഒന്നാമതു ജ്ഞാനവും, പിന്നെ ധ്യാനം, പുണ്യവ്രതം, നാമശതം എന്നിവയും പറഞ്ഞുതരിക.'

കണ്വൻ:—''പുത്ര, കേൾക്ക: ജ്ഞാനത്തെ അതുകൊണ്ടിട്ടില്ല. ഉപദേശിതമായ കൈവല്യം തന്നെയാണ് ജ്ഞാനം. കാറില്ലാത്തേടത്തിരിയ്ക്കുന്ന ദീപം ജ്വലിച്ച് അന്ധകാരത്തെയെല്ലാം അകറ്റുന്നതെപ്രകാരമോ, അപ്രകാരം മോഹത്തെ ദൂരീകരിച്ചു, നിരാശ്രയനും നിരാശനും നിശ്ചലനുമായി ഭവിയ്ക്കണം. അങ്ങിനെ, മിത്രശത്രുക്കളെന്നും ശോകഹർഷങ്ങളെന്നും സുഖദുഃഖങ്ങളെന്നുമുള്ള ഭേദം വിട്ട്, ലോഭമത്സരസംഭ്രമാദ്യുപമോഹനിർമ്മുക്തനായി, യാതൊന്നു വിഷയത്തിലും ഇന്ദ്രിയങ്ങൾ ചെല്ലാതെ കേവലനായിത്തീരുക എന്നതത്രേ കൈവല്യം. നിവാതസ്ഥമായ ദീപം തീ കൊള്ളാത്തിയ തിരികൊണ്ടു് എണ്ണ വറ്റിയ്ക്കുകയും, മഷി പുറത്താക്കി നിർമ്മലതേജസ്സായിത്തീരുകയും ചെയ്യുന്നുണ്ടല്ലോ; അതുപോലെ, ദേഹത്തിരികൊണ്ടു കർമ്മതൈലം വറ്റിച്ചു വിഷയമഷി പുറത്തുതള്ളി, കാമക്രോധാദിവായുവേൽക്കാതെ നിശ്ചലനായി സ്വയം തേജസ്സുകൊണ്ടുജ്ജ്വലിയ്ക്കുണം. ഇതാണ് ജ്ഞാനത്തിൻറെ രൂപം. ഈ ജ്ഞാനമാകുന്ന ചക്ഷുസ്സുകൊണ്ടു ത്രൈലോക്യം മുഴുവനും സ്വസ്ഥാനത്തിരുന്നു കാണാം.

ധ്യാനം രണ്ടു പ്രകാരത്തിലുണ്ട്: തത്ത്വനിഷ്ഠരായ മഹായോഗികൾ സർവ്വദർശകനായ യാതൊരു സർവ്വജ്ഞനെ ദർശിച്ചുപോരുന്നുവോ, ആർ കൈകാലുകളില്ലെങ്കിലും കർമ്മം നടത്തുകയും, ചരാചരത്രിജഗത്തിലെങ്ങും സഞ്ചരിയ്ക്കുകയും ചെയ്യുന്നുവോ; യാതൊരു ലോകനാഥൻ മുഖനാസികകളില്ലെങ്കിലും ഭുജിയ്ക്കുകയും ഘ്രാണിക്കുകയും, ചെവിയില്ലെങ്കിലും സകലം കേൾക്കുകയും, നാവില്ലെങ്കിലും വേദോസ്സാനസാരത്തെ സംസ്മരിക്കുകയും, ത്വക്കില്ലെങ്കിലും സ്പർശമനുഭവിക്കുകയും ചെയ്യുന്നുവോ; ആർ അരൂപനെങ്കിലും പഞ്ചഭൂതങ്ങളോടു ചേർന്നു രൂപവാനാകുന്നുവോ; ആരാണോ സർവ്വലോകത്തിനും പ്രാണൻ;

Digitized By Kerala Sahitya Akademi

ഞാൻ ചരാചരപൂജിതനായി സദാനന്ദനായി, ഏകരൂപനായി നിരാ
ശ്രയനായി, വിരക്തനായി, നിർമ്മമനായി, നിർമ്മലനായി, നിർജ്ജര
നായി, സഗുണനായാലും, നിർഗ്ഗുണനായി, സർവവശ്യനായാലും അവ
ശ്യനായി, സർവഗനായി, സർവിത്തമനായി, സർവ്വത്ര വ്യാപിച്ചു സ
ർവ്വമയനായിരിയ്ക്കുന്നവോ; ആ ധ്യാനഗോചരനല്ലാത്ത വിഭുവിനെ ധ്യാ
നത്താൽ ദർശിയ്ക്കുന്നവൻ അമൃത്വവും അമൃതതുല്യവുമായ പരമസ്ഥാ
നം പ്രാപിക്കും. ഇപ്പറഞ്ഞതു നിരാകാരധ്യാനമാണ്; രണ്ടാമത്തേതു
സാകാരധ്യാനം.

(കിളിപ്പാട്ട്—കേക)

വാസനയുണ്ടെത്രാലീ ബ്രഹ്മാണ്ഡമെല്ലാമേറെ
വാസനപ്പെട്ടുത്തുന്ന വാസുദേവാഭിധ്യനായ്
കാറിനെക്കൊണ്ടു മഴപെയ്യിയ്ക്കുവോനായ് സ്വയ്-
ഭൂരിതേജസ്സായ് ജ്ജയത്തമനായ് വിജയനായ്
ദേവനാഥനായ് ജ്ജഗദീശനാം ജനാർദ്ദന-
ദേവന്റെ കിരീടവും, നൽഗ്ഗദാകേയൂരങ്ങളും,
തണ്ടലരിതഴപോലെ നീണ്ടരുക്കണ്ണുകളും,
തൊണ്ടിവായ് മലർകളും, രത്നാഭരണങ്ങളും,
പങ്കജാഭസ്തുതി കണ്ഡവങ്ങളും, മുഴ-
തിങ്കൾ നേർവദനവും, ശംഖൊളിയുള്ളതണ്ടും,
അക്ഷിഖേത്തിനൊത്ത ചക്രവും സുരഭിയാം
തുക്കമലവുംചേന്ന രണ്ടു തുവലുകയും,
ഭൈത്യാഹ്ലകൌമോദകീഗദയും പൊന്നും കല്പം
ചാത്തിയ ശംഖും പൂണ്ട രണ്ടിടംകരങ്ങളും,
രത്നമോതിരങ്ങളാൽ മിന്നുമംഗുലികളും,
രത്നകങ്കണാംഗദശ്ലേഷിതഭുജങ്ങളും
കൌസ്തുഭം നക്ഷത്രാളമുത്തുമാലകളിവ
ചാർത്തുമുത്തമശ്രീവത്സാങ്കിതത്തിരുമാറും,
ദിവ്യകാഞ്ചനപ്പട്ടാലാവൃതമരക്കെട്ടും—
ദിവ്യഭൂഷാലങ്കൃതമായ രമയ് മുഴുവനും—
നിശ്ലേഷായുധയുക്തം താർക്ഷ്യവാഹനസംസ്ഥം
നിശ്ചലഹൃദയനായ് നിത്യവും ധ്യാനിയ്ക്കുണം.
ഇന്ദ്രിയാധിഷ്ഠാതാവാകിയ ഗോവിന്ദനാം
പൂമകംമണാളനെച്ചേതസിചേർക്കും മർത്ത്യൻ

Digitized By Kerala Sahitya Akademi

സർവ്വപാപവും നീങ്ങി വൈകണ്ഠം പ്രാപിച്ചീടും;
സർവ്വപാപഹരണങ്ങളാം വ്രതങ്ങൾ ചൊല്ലാമിനി.

ശ്രീചക്രമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാപകരണം; വേനവിശ്ലേഷം വാദം, ച്യവനോപാഖ്യാനം, കഞ്ജലകൃത വിഷ്ണുധ്യാന നിരൂപണം എൺപത്തിനാലാമധ്യായം

(0)

എൺപത്തേഴാമധ്യായം

കഞ്ജലൻ:—വിഷ്ണുവിനെ ആരാധിപ്പാൻ പല വ്രതങ്ങളുണ്ട്: ജയ, വിജയ, ജയന്തി, പാപനാശിനി, തിലസപ്തമി, വഞ്ജുളി, തിലഗന്ധ, അഖണ്ഡദ്വാദശി, മനോരക്ഷ എന്നിവ ദിവ്യപ്രഭാവങ്ങളുള്ളതെ; അത്തുന്യശയന, ജന്മാഷ്ടമി മുതലായ തിഥികളും സന്തതിയുള്ളം കൊള്ളാം. മകനേ, ഈ വ്രതങ്ങളും നോറ്റാൽ മനുഷ്യർക്ക് പാപമെല്ലാം മകലുമെന്ന നിസ്സംശയം പറയാം.

ഇനി പാപം പോക്കി സദ്ഗതി നൽകുന്ന നാമശതസ്തോത്രം കേട്ടുകൊൾകം: വിഷ്ണുനാമശതമന്ത്രത്തിന്ന് ഋഷി ബ്രഹ്മാവും, ഛന്ദസ്സ് അനുഷ്ടുപ്പും, ദേവത ഓങ്കാരവുമാകുന്നു. സർവ്വാഭീഷ്ടസിദ്ധിയുള്ളം മോക്ഷത്തിനും വിനിയോഗം.

(ശ്ലോകങ്ങൾ)

'പ്രസാദിയ്യ ഹൃഷീകേശൻ കേശവൻ മധുസൂദനൻ
സർവ്വാനവസംഹാരി നാരായണനനാമയൻ
ജയന്തൻ വിജയൻ കൃഷ്ണനനന്തൻ വാമനാത്മകൻ
വിഷ്ണു വിശേഷശ്രവസ്സ് പുണ്യൻ വിശ്വാത്മാവു സുരാർച്ചിതൻ
അപാപൻ പാപഹന്ത്രാവു നാരസിംഹൻ രമാപ്രിയൻ
ശ്രീകരൻ ശ്രീധരൻ ശ്രീദൻ ശ്രീനിവാസൻ മഹോദയൻ
ശ്രീരാമൻ മാധവൻ മോക്ഷകൃന്മാത്രുപൻ ജനാർദ്ദനൻ
സർവ്വജ്ഞൻ സർവ്വവേത്താവു സർവ്വേശൻ സർവ്വായകൻ
മുരാരി ഹരി ഗോവിന്ദൻ പദ്മനാഭൻ പ്രജാപതി
ആനന്ദൻ ജ്ഞാനസംപന്നൻ വിജ്ഞാനം ജ്ഞാനദായകൻ

Digitized By Kerala Sahitya Akademi

അച്യുതൻ സബലൻ ചന്ദ്രവക്ത്രൻ വ്യാപ്തപരാപരൻ
യോഗേശ്വരൻ ജഗദ്യോനി ബ്രഹ്മരൂപൻ മഹേശ്വരൻ
മുകുന്ദനഥ വൈകുണ്ഠനേകരൂപൻ കവി ധ്രുവൻ
വാസുദേവൻ ഹരോദേവൻ ബ്രഹ്മണ്യൻ ബ്രാഹ്മണപ്രിയൻ
ഗോപ്രിയൻ ഗോഹിതൻ യജ്ഞം യജ്ഞാംഗംയജ്ഞവർജ്ജനൻ
യജ്ഞം നന്നായ് ഖ്യജിയ്ക്കുന്നോൻ വേദവേദാംഗപാരഗൻ
വേദാദിജ്ഞൻ വേദരൂപൻ വിദ്യാവാസം സുരേശ്വരൻ
അവ്യക്തൻ സുമഹാമാനസൻ ശംഖപാണി പുരാതനൻ
പുഷ്കരൻ പുഷ്കരക്ഷണ്ണൻ വാരാഹൻ ധരണീധരൻ
രുദ്രമന്യുവ്യൻ കാമപാദ്യൻ വ്യാസധ്യാതൻ മഹേശ്വരൻ
സർവ്വസംഖ്യൻ മഹാസംഖ്യൻ സാംഖ്യാത്മാ പുരുഷോത്തമൻ
യോഗരൂപൻ മഹായജ്ഞാംഗൻ യോഗിപ്രിയനനിർജ്ജിതൻ
അസുരാരി ജഗന്നാഥൻ പദ്മനാഭൻ ഗദാധരൻ
ഗുഹാവാസൻ സർവ്വവാസൻ പുണ്യവാസൻ മഹാജനൻ
[വൃന്ദാനാഥൻ ബൃഹൽകായൻ പാവനൻ പാപനാശനൻ
ഗോപീശ്വരൻ ഗോപസഖൻ ഗോപാലൻ ഗോഗണാശ്രയം
പാരാധീശൻ പരാത്മാവു കപിലൻ കാശ്യപനഷൻ]
പ്രസാദിയ്ക്കട്ടെ നിഖിലൻ; തൊഴാം തൃകരങ്ങളാൽ!'

ശതപത്രദളാക്ഷനെ സ്മരിച്ചീ
ശ്ലതനാമസ്സുമമാകൽ ജപിപ്പോൻ
ഗതകല്മഷനായ് സ്സുപുണ്യപാളീ-
യുതനായ് ഒടുവിൽ പരമ്പദം ഗമിയ്ക്കും.
കരതംവെച്ചുഖിലാഘഹാരിനാകം-
പരമേസ്തോത്രമിതനവഹം ജപിച്ചാൽ
സുരവാഹിനിയിൽക്കുളിക്കിലുണ്ടാം
വരപുണ്യം മനുജന്നു കിട്ടുമത്രേ;
ദിവസം പ്രതി മുന്നനേകമേതു-
ന്നവനോ, ഒരുകോടിയശ്വമേധപുണ്യം;
തുളസിക്കതിരൊരണ്ണമൊന്നാ-
ലുലുവാം മത്സ്യനു രാജസൂയപുണ്യം.
ഹരിസന്നിധിയിങ്കൽ വെച്ചു, മന്ദാ-
രമേകാദശിനോറനിദ്രനായി

Digitized By Kerala Sahitya Akademi

തിരുനാമശതം ജപിച്ചുകൊള്ളും
നരനാൽ സാധിതമായി പുണ്ഡരീകം!
സാളഗ്രാമശിലാകോഗ്രവപുർദ്ധരേ
നീളെ സ്തുതിച്ചിടുവാൻ ചൊല്ലുവോനോ,
മേളിച്ചീടും ഭൂരിസൗഖ്യങ്ങളും; തൊറാ-
നാളത്തീർണ്ണമാശമാംതൽക്കലത്തിൽ
കാത്തികക്കുളികഴിച്ചു, കൌസ്തുഭേ
ചാർത്തിടുന്നവനു പൂജചെയ്യുമാറും
പേർത്തുതന്തിരുവടിക്കടക്കലീ
സ്തോത്രമോതുകിൽ മഹാപദസ്ഥനാം.

മാഘസ്നായിയിതച്യുതനെകപരനായ്ക്കീർത്തിയ്ക്കുകിൽകേൾക്കുതാൻ
ചെയ്തിൽ സൈപരമണഞ്ഞിടും പരപദം പാനാദിപാപങ്ങളും പോയ്;
ശ്രാദ്ധക്കാരിയു, വിപ്രഭക്തിസമയത്തോതീടിലോ, രൂപ്പരായ്-
പ്പേർത്തും ഹർഷിതരായ്പ്പിതൃക്കളനഘസ്ഥാനംപ്രവേശിയ്കുമേ.
വിപ്രൻവേദജ്ഞനാകും;ന്യപതിവിജിയിയാം;വൈശ്യനോ വിത്തവാനാം
ശൂദ്രൻസൌഖ്യംഭജിച്ചിട്ട,തുമറയറിയും വിപ്രനാം പിൻപിറപ്പിൽ;
രോഗത്തിന്നും വിമോക്ഷത്തിനുമുതകുവതാമീസ്തവത്തെജപിച്ചാ-
ലേതും സാധിയ്കുമത്രേ മലർമകരംമണവാളന്റെ സംപ്രീതിയാലേ.

ശ്രീപുരുഷോത്തമമാഹാത്മ്യം, ഭൂമിഖണ്ഡം, ശ്രുതകീർത്തിപ്രകരണം, യോഗവിഷ്ണുസംവാദം,
ച്യവനോപാഖ്യാനം, കണ്ഡലകഥിതയാമശതസ്തോത്രം, എന്ന പതിനേഴാമധ്യായം.

(൬)

പതിനെട്ടാമദ്ധ്യായം

കണ്ഡലൻ:—'മകനേ, വൈഷ്ണവമായ വ്രതവും സ്തോത്രവും ധ്യാനവും ജ്ഞാനവും ഞാൻ നിനക്കു പറഞ്ഞുതന്നുവല്ലോ; പാപനാശനമായ ഇതു നാലും അനുചരിക്കുന്നതായാൽ അവർ സർവ്വസൌഖ്യങ്ങളും നൽകുന്ന വിഷ്ണുലോകം പ്രാപിയ്കും. ഉണ്ണി, നീ ചെന്നു ദിവ്യദേവിയെ ഉൽബോധിപ്പിയ്കുക—അനന്തശയനം എന്ന ശ്രേഷ്ഠവ്രതം പറഞ്ഞുകൊടുത്തു് ആ യശസ്വിനിയായ രാജകുമാരിയെ മഹാപാപ

Digitized By Kerala Sahitya Akademi

ത്തിൽനിന്നു കരേറുക. നീ ചോരിച്ചുതിനാൽ പാപകരവും പുണ്യകരവുമായിട്ടുള്ളതു ഞാൻ പറഞ്ഞുതന്നവല്ലോ. ചെല്ല, ചെല്ല.'

ഇപ്രകാരം പറഞ്ഞു കണ്ണലൻ വിരമിച്ചു. ധർമ്മാത്മാവായ ഉജ്ജ്വലനാകട്ടെ, അച്ഛനമ്മമാരുടെ ചരണങ്ങളിൽ വണങ്ങി, ബദ്ധപ്പെട്ടു പുക്ഷദ്വീപിലേയ്ക്കു നടകൊണ്ടു. പലതരം ധാതുക്കളും നിർമ്മലങ്ങളായ നീരൊഴുക്കുകളും നിറഞ്ഞു, നാനാരത്നമയങ്ങളായ കൊടുമുടികളാൽ ശോഭിതമായി, സുരസിദ്ധചാരണാപ്സരസ്സുകളാലും മഹർഷിമാരാലും ചുറ്റപ്പെട്ടു, ഗന്ധർവ്വകിന്നരന്മാരുടെ സുസ്വരഗാനങ്ങൾകൊണ്ടും പലതരം പക്ഷികളുടെ കൂജനംകൊണ്ടും മുഖരിതമായി സർവ്വതോഭദ്രമായിരിയ്ക്കുന്ന ആ പർവ്വതത്തിൽ ക്ഷണേന പറന്നെത്തിയിട്ട്, ആ പ്രാജ്ഞൻ, അവിടെയിരുന്നു ഉറക്കെ കരയുന്ന ദിവ്യാദേവിയോടു ചോദിച്ചു:—'ഭദ്രേ, ഭവതി ആരാണ്? എന്തിനാണു കരയുന്നതു? എന്താണു ദുഃഖം? ഭവതിക്കപ്രിയം ചെയ്തതാരാണ്? ദുഃഖകാരണമെല്ലാം പറഞ്ഞാലും.'

ദിവ്യാദേവി:—'മഹാഭാഗ, എന്റെ കർമ്മങ്ങൾക്കു് ഇപ്പോൾ മൂപ്പുതികഞ്ഞിരിയ്ക്കുന്നു. എനിയ്ക്കു വൈധവ്യം പിണഞ്ഞുപോയി. അതിനാൽ ദുഃഖിച്ചിരിക്കയാണിവിടെ. എന്റെ പേരിൽ അലിവുതോന്നിയ ഭവാൻ ആരാണ്? ഒരു പക്ഷിയായ ഭവാൻ വെട്ടപ്പായി സംസാരിക്കുന്നവല്ലോ!'

രാജമാരിയുടെ ചോദ്യമെല്ലാം കേട്ടിട്ടു ഉജ്ജ്വലൻ ഉരിയാടി:—'സൗഭാഗ്യവതി, ഞാനൊരു പക്ഷിതന്നെയാണു്; സിദ്ധനല്ല, ജ്ഞാനിയുമല്ല. ഭവതി അവലാതി പറഞ്ഞു കരയുന്നതു കണ്ടിട്ടു ചോദിക്കയാണു്; ദുഃഖകാരണം പറഞ്ഞാൽ കൊള്ളാം.' അച്ഛന്റെ അരമനയിൽവെച്ചു നടന്നേ ദുഃഖകരമായ സംഭവമെല്ലാം അവൾ മുറയ്ക്കു പറഞ്ഞറിയിച്ചു. അതുകേട്ടിട്ടു് ഉൽകൃഷ്ടാശയനായ ഉജ്ജ്വലമഹാപക്ഷി ദുഃഖം മുഴുത്ത ദിവ്യാദേവിയോടു പറഞ്ഞു:—'വിവാഹത്തിൽ ഭവതിയുടെ തേജോക്കന്മാർ മരിച്ചുപോയതും, സ്വയംവരകാരണമായി ക്ഷത്രിയന്മാർ അവതിപ്പെട്ടതുമൊക്കെ ഞാൻ എന്റെ അച്ഛനെ ധരിപ്പിയ്കയുണ്ടായി. അപ്പോൾ അദ്ദേഹം ഭവതിയുടെ മുൻജന്മപാപം ഇങ്ങനെ പറഞ്ഞുതന്നു.

(ഇടെ, കണ്ണലൻ പറഞ്ഞതൊക്കെ ഉജ്ജ്വലൻ വിവരിച്ചു.)

ഭവതിയാൽ പറ്റി നില്പുന്നതു്; അതിന്റെ ഫലം

Digitized By Kerala Sahitya Akademi

ഭവതി ഇനിയുവേയ്ക്കുണമല്ലൊ.' ഇതു കേട്ടിട്ട ശിവോദ്ഭവപുത്രി മഹാത്മാവായ പക്ഷിയോട്ട വീണ്ടും പറഞ്ഞു:—'ഭവാൻ ഒരു മാന്യനാണ്; പക്ഷിപ്രവരേ, എങ്കൽ ദയ ചെയ്യുക—എന്റെ പാപത്തിനുള്ള പ്രായശ്ചിത്തം പറഞ്ഞുതരിക. എന്തുചെയ്യാലാണ്, എനിയ്ക്ക, ദുരിതമെല്ലാം നീങ്ങി പുണ്യം ലഭിയ്ക്കുക.'

ഉടനെ പക്ഷി:—'സുഭഗേ, ഭവതിയ്ക്ക വേണ്ടി ഞാൻ കണ്വമഹർഷിയോടു ചോദിച്ചു. നല്ല പ്രായശ്ചിത്തവും അദ്ദേഹം പറഞ്ഞുതന്നിട്ടുണ്ട്; അതു ചെയ്യാൽ സകലപാപവും നശിയ്ക്കും: ഭവതി വാസുദേവനെ ധ്യാനിയ്ക്കുക; നാരായണസ്തോത്രം ജപിയ്ക്കുക; അതോടുകൂടി അശ്വത്ഥപ്രദക്ഷിണം എന്ന ശ്രേഷ്ഠവ്രതവും അനുഷ്ഠിയ്ക്കുക. എന്നാൽ മഹാപാപങ്ങളും നീങ്ങും.'

സർവ്വജ്ഞാനത്തെയും പ്രകാശിപ്പിയ്ക്കുന്ന വിഷ്ണുധ്യാനവും സ്തോത്രവും വ്രതവും ആ ധർമ്മിഷ്ഠൻ അവർക്കുപദേശിച്ചുകൊടുത്തു. അതെല്ലാം ഗ്രഹിച്ച് അവർ നിർജ്ജനമായ വനത്തിൽ, കാമക്രോധമോഹരഹിതയായി ഇന്ദ്രിയങ്ങളെ അടക്കി എല്ലാ ഭോഗങ്ങളും വിട്ട തപസ്സു തുടങ്ങി. ആഹാരമില്ലാതെ വ്രതവും അനുചരിച്ചുപോന്നു.

'നാലാമത്തെ ആണ്ടിൽ, നാരായണപ്രതിമയടി, അവർക്ക വരം നൽകാനായി പ്രത്യക്ഷീഭവിച്ചു. ഇന്ദ്രനീലവർണ്ണനായി സർവ്വാഭരണഭൂഷിതനായിരിയ്ക്കുന്ന ആ ശംഖചക്രഗദാപത്മപാണിയോട്, അവർ തൊഴുകയ്യുമായി വണങ്ങി, വിറച്ചുകൊണ്ട ഗൽഗദാക്ഷരത്തിൽ ഉണർത്തിച്ചു.' ഇവിടത്തെ ദിവ്യതേജസ്സുമൂലം എനിയ്ക്ക നില്പാൻ വയ്യ. പ്രഭോ, ദിവ്യമൂർത്തിയായ ഭവാൻ ആരാണ്? എന്തിനാണിവിടെ എഴുന്നെള്ളിയത്? എല്ലാം ദയചെയ്തരുളിച്ചെയ്യാലും. ഭോഗൻറെ തേജസ്സുകൊണ്ടും ചോദ്യകർത്താവുകൊണ്ടും, ഭവാൻ ഒരു ദേവനാണെന്നു ഞാൻ വിചാരിയ്ക്കുന്നു. അജ്ഞയായ എനിയ്ക്ക രൂപമോ പേരോ മനസ്സിലാകുന്നില്ല. നിന്തിരുവടി ബ്രഹ്മാവോ, വിഷ്ണുവോ, ശിവനോ?'

ഇപ്രകാരം പറഞ്ഞു നിലത്തു ദണ്ഡനമസ്കാരം ചെയ്ത ആ രാജപുത്രിയോട ജഗദീശ്വരൻ അരുളിച്ചെയ്തു:—'ഭദ്രേ, മൂർത്തികൾ മൂവരും തമ്മിൽ ഭേദമൊന്നുമില്ല. ബ്രഹ്മാവിനേയോ ശിവനേയോ പൂജിച്ചവൻ, എന്നേയും സദാ പൂജിച്ചുകഴിഞ്ഞു; അവർ എങ്കൽ നിന്നു ഭിന്നരല്ല; വാസുദേവനായ ഞാൻ തന്നെ മൂന്നു മൂർത്തികളും പൂണ്ട വ

Digitized By Kerala Sahitya Akademi

ത്തിയ്യുന്നു. നിങ്കലുള്ള കരുണയാലാണ് ഞാൻ വന്നിരിയ്യുന്നതു്. ഇതു പുണ്യമായ സ്തവംകൊണ്ടും ധ്യാനനിയമംകൊണ്ടും നിന്റെ പാപങ്ങളം നശിച്ചുപോയി. ഇനി, വരം ചോദിച്ചുകൊൾക.'

ദിവ്യാദേവി:—'അജിത, ഹൃഷീകേശ, കൃഷ്ണ, ക്ലേശനാശന ജയിപ്പൂതാക! ഞാൻ തൃക്കാൽക്കൽ നമസ്കരിക്കുന്നു. എന്നെ സംസാരസമുദ്രത്തിൽനിന്നു കരയേറ്റണേ! എനിയ്ക്കു് ഇതൊന്നേ ആഗ്രഹമുള്ളു; എന്നെ തുപ്പാദം ഭജിക്കുമാറാകണം! തിരുവുള്ളം തെളിഞ്ഞു് എനിയ്ക്കു ഭക്തിയെ കല്പിച്ചുതന്നാലും! നിരാമയമായ മോക്ഷമാർഗ്ഗം കാട്ടിത്തന്നാലും! ജനാർദ്ദന, നിന്തിരുവടി പ്രസാദിച്ചു എങ്കിൽ, എന്നെ വൈകുണ്ഠത്തിൽ ഒരു ദാസിയാക്കിയാലും!'

ഭഗവാൻ:—'സുഭഗേ, അങ്ങിനെയാകട്ടെ: എല്ലാ ദോഷങ്ങളും നീങ്ങിയ നീ എന്റെ പ്രസാദത്താൽ, യോഗികൾക്കും ദുഷ്പ്രാപമായ വൈഷ്ണവമഹാലോകത്തിലേയ്ക്കു പൊന്നുകൊൾക, പോന്നുകൊൾക.'

മഹാത്മാവായ മാധവൻ ഇതു വിധം അരുളിച്ചെയ്തതോടുകൂടി, സൌഭാഗ്യവതി ദിവ്യാദേവി സൂര്യനൊത്ത തേജസ്സുള്ള ഒരു ദിവ്യയായിച്ചമഞ്ഞു. ദിവ്യാഭരണങ്ങളും ദിവ്യമാല്യങ്ങളും ദിവ്യാംബരങ്ങളും അണിഞ്ഞ അവർ, ലോകമെല്ലാം കാൺകെ, താപവും ദാഹവുമില്ലാത്ത വിഷ്ണുലോകത്തേയ്ക്കു ഗമിയ്ക്കുകയുംചെയ്തു. ഉജ്ജ്വലനാകട്ടെ ഉള്ളം കളിഞ്ഞു സപ്തഹത്തിൽ തിരിച്ചെത്തി, വൃത്താന്തമെല്ലാം അച്ഛനെ അറിയിച്ചു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗൃഹസ്ഥിതിപ്രകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, ദിവ്യാദേവീവിമുക്തികഥനം എൺപത്തൊമ്പതാമദ്ധ്യായം.

—(o)—

എണ്പത്തൊമ്പതാമധ്യായം

വിഷ്ണു:—പിന്നെ കുഞ്ജലൻ രണ്ടാമത്തെമകനോടു ചോദിച്ചു:—'നീ അപൂർവ്വം വല്ലതും കാണുകയോ കേൾക്കുകയോ ഉണ്ടായോ? ഉണ്ടെങ്കിൽ എല്ലാം പറയു. എനിക്കു കേട്ടാൽ കൊള്ളാമെന്നുണ്ടു്.' ഇങ്ങിനെകുഞ്ജലൻ ആവശ്യപ്പെട്ടപ്പോൾ, സമുജ്ജ്വലൻ അച്ഛനെ സവിനയം വണങ്ങി അറിയിച്ചു:—

Digitized By Kerala Sahitya Akademi

'അപ്പാ, ഞാൻ, ഇവിടെയുള്ളം എന്നിയുള്ളം ഇരുസന്ധ്യാദിപ്പാൻ, ദേവസേവിതമായ ഹിമവച്ഛൈലമഹാഗിരിയിലേയ്ക്കാണ് പോകാനുള്ളത്. അവിടെ, ഋഷിഗന്ധർവാപ്സരോനിഷേവിതവും, പുഷ്പഫലസമൃദ്ധങ്ങളായും വിവിധവനങ്ങളാൽ പരിവൃതവും, പല കാഴ്ചകളോടുകൂടിയതും നിത്യമംഗലവുമായ മാനസസരസ്സിൽ കരപൂർവം ഞാൻ കാണേകയുണ്ടായി: വളരെ അരയന്നങ്ങളോടുകൂടി ഒരു അരയനം അവിടെ വന്നെത്തി; അവയൊക്കെ കറുത്തവകയാണ്. വേറെ മുന്ന് അരയന്നങ്ങളും ഉടനേ വന്നുചേർന്നു. അവയുടെ കൊക്കും കാലും മാത്രം കറുത്തതും മറ്റാക്കെ വെളുത്തതുമായിരുന്നു. പിന്നാലേ അവരുടെ മൂപ്പുമാർ നാലുപേർ മാനസസരസ്സിൽ വന്നണഞ്ഞു. അവർ ഘോരാകൃതികളും ദംഷ്ട്രാകരാളകളും ഊർദ്ധ്വകേശികളും ഭയംകരികളുമാണ്. കൃഷ്ണഹംസങ്ങൾ എന്റെ മൻവശത്തായി സരസ്സിൽ കളിച്ചു. മറവർ പുറം പറന്നതല്ലാതെ കളിയുകയുണ്ടായില്ല. കൃഷ്ണഹംസങ്ങൾ കളിച്ചതിനെപ്പറ്റി പെണ്ണുങ്ങൾ പരിഹസിച്ചിരുന്നു. പിന്നീട് ഒന്നാമത്തെ മഹാഹംസം തിരിയേപോയി. ഉടനേ, പിന്നെവന്ന മുവ്വരും എന്നെ വിട്ട് ആകാശത്തിലൂടെ തമ്മിൽ വാരിപ്പുണർന്നുകൊണ്ടു പറന്നുപോയി. ആ സ്ത്രീകളാകട്ടേ, വല്ലാതെ പേടിച്ച് ആകാശത്തിൽ പുറപ്പുറക്കുകയായി.

ആ ആൺപക്ഷികളെല്ലാം ഘോരരൂപത്താൽ സന്തപ്തരായി, വിന്ധ്യന്റെ മുകളിൽ വൃക്ഷത്തണലുകളിൽ ചെന്നിരുന്നു. അപ്പോഴാം, അവർ കാൺകെ വേട്ടയാടിയിരുന്ന ഒരു വേടൻ വില്ലുമമ്പുമായി വന്നുചേർന്ന് ഒരു പാറപ്പുറത്തു വിശ്രമിച്ചു. ഉടനെ, ചോരം വെള്ളവും കൊണ്ടുവന്ന വേടത്തി, തന്റെ ഭർത്താവിന്റെ അടയാളങ്ങളോരോന്നായി നോക്കുകയായി. അവൾക്ക് അത്യത്ഭുതമായ ഒരു മാറ്റം വന്നിരിയ്ക്കുന്നു: ആകാശത്തു സൂര്യനെപ്പോലെ ദിവ്യതേജസ്സാൽ വിളങ്ങുന്നവനായിട്ടാണ്, അവനെ അവൾ കണ്ടതു! ഇതു വേറേ ആരോ ആണെന്നു കരുതി, അവൾ പിന്മാറി.

വേടൻ:—'കാമനേ, വരു, വരു നീ എന്നെ കാണാഞ്ഞില്ലയോ? എന്നിയുള്ള വല്ലാതെ വിശക്കുന്നു. ഞാൻ നിന്നെ കാണാഞ്ഞുണ്ട്.'

ഇതു കേട്ട വേടത്തി വേഗത്തിൽ ഭർത്താവിന്റെ അടുക്കലേയ്ക്കു ചെന്നു. 'ഒരു ദേവനെപ്പോലെ തേജസ്വിയായ ഇദ്ദേഹം ആരായിരിയ്ക്കാം' എന്ന്, അവൾ പകച്ചുപോയി. പിന്നീട്, തേജസ്സു തിളങ്ങു

Digitized By Kerala Sahitya Akademi

ന്ന ഭർത്താവിനോട് അവൾ ചോദിച്ചു:—'വീര, ഇവിടെ എന്താണ് ഭവാൻ ചെയ്യുന്നത്? ഭവാൻ കരുണാമൂർത്തിയല്ലെന്നുവരുന്നുവല്ലോ!' വ്യാധൻ പ്രിയയോടുപറഞ്ഞു:—'പ്രിയേ, ഞാൻ നിന്റെ വല്ലഭനാണ്; നീ എന്റെ ദയിതയുമാണ്. എന്നെ നി അറിയാത്തതെന്തുകൊണ്ടാണ്? എന്താണ് ശങ്ക? ഞാൻ വിശന്നു പൊരിയുന്നു; ചോറും വെള്ളവും ഇങ്ങുതരിക.'

വേടത്തി:—'കരുത്തിരുണ്ടു, കണ്ണു തുടുത്തു, കറുത്ത ഉടുപ്പുമിട്ടു, സർവ്വപ്രാണികൾക്കും ഭയം തോന്നിയ്ക്കുന്ന ഒരാളാണല്ലൊ എന്റെ ഭർത്താവു്; ദിവ്യരൂപനായി, പ്രിയേ എന്നു വിളിയ്ക്കുന്ന ഭവാനായിരിയ്ക്കാം എന്നു് എനിയ്ക്കു ശങ്ക തോന്നുന്നു. നേരുപറയുക.'

തന്റെ കുലം, പേരു്, ഗ്രാമം, നാടയാളം എന്നിതൊക്കെ അവൻ പ്രിയതമയോടു പറഞ്ഞു. അപ്പോൾ വേടത്തിയ്ക്കു വിശ്വാസം വന്നു. അവൾ മനം കളിത്തു മണാളനോടു ചോദിച്ചു:—'എങ്ങിനെയാണ് ഭവാന്റെ ഉടുപ്പു വെളുത്തതും, ഭവാൻ വലിയ തേജസ്വിയായിത്തീർന്നതും?' മാംസ്യയുടെ ചോല്യം കേട്ടിട്ടു, മൃഗഘാതകനായ കിരാതൻ ആ സുഖദായിനിയായ പ്രിയതമയോടു മറുവടി പറഞ്ഞു:—'സുവ്രതേ, നമ്മുടെ വടക്കേത്തിരുത്തു് ഒരു സംഗമമുണ്ടല്ലോ; വെയിൽകാരണ്ടു തളർന്നിരുന്ന ഞാൻ അവിടെച്ചെന്നു കയ്യിലുള്ള വെള്ളം കുടിച്ചിട്ടാണ് ഇങ്ങോട്ടു പോന്നതു്. അപ്പോൾമുതൽ എന്റെ, ദേഹം ഇതു തേജസ്സും ശോഭയുമുള്ളതായിത്തീർന്നു; ഉടുപ്പു വെളുക്കുകയും ചെയ്തു.'

അവൻ കാര്യം മാത്രം പറഞ്ഞതു ശരിയായിരുന്നതിനാൽ, ഈ സംഗമത്തിന്റെ പാവനതയാലായിരിക്കണമെന്നു നിശ്ചയിച്ചിട്ടു് അവൾ ഭർത്താവിനോടാവശ്യപ്പെട്ടു:—'സുവ്രത, ആ സംഗമം എനിയ്ക്കു കാട്ടിത്തരിക; പിന്നീടു ഞാൻ ആദരവോടേ ഭക്ഷണം തന്നുകൊള്ളാം.' വ്യാധൻ വല്ലഭയോടുക്കൂടി വേഗത്തിൽ നടന്നുകൊണ്ടു, പാപനാശനമായ ആ സംഗമം അവൾക്കു കാട്ടിക്കൊടുത്തു. അപ്പോൾ, മാംസ്യാപിതരായ ആ പക്ഷികളും, ഞാനും വേഗത്തിൽ പറന്നു്, അവരിരുവരോടുംകൂടി ശ്രേഷ്ഠമായ നമ്മുടെ സംഗമത്തിൽ ചെന്നെത്തി. ആ പക്ഷികളും ഞാനും കണ്ടുനിൽക്കേ, അവൾ ഭർത്താവിനോടുകൂടി വീണ്ടും സ്നാനം ചെയ്തു; അവളും സ്നാനംചെയ്തു. അതോടുകൂടി, ആ ദമ്പതിമാരിരുവരും ദിവ്യരൂപരായി, ദിവ്യതേജസ്വികളായി, ദിവ്യവസ്ത്രമാല്യഗന്ധാനുലേപന

Digitized By Kerala Sahitya Akademi

ങ്ങളണിഞ്ഞു, മുനികളാലും ഗന്ധർവ്വരാലും സ്തുതിക്കപ്പെട്ടുകൊണ്ടു വൈ ഷ്ണവവാഹനത്തിൽ കേറി സപ്തർഷികളും ഗമിയ്ക്കുന്നതു കണ്ടുമാറി! തീർത്ഥത്തിന്റെ മാഹാത്മ്യം കണ്ടിട്ട പക്ഷികൾപോലും കളിത്തു ക്രുകിത്തുടങ്ങി.

ഉടനെ, ആ കൃഷ്ണഹംസങ്ങൾ നാലുപേരും പാപനാശനമായ സംഗമത്തിൽ സ്നാനംചെയ്തു. അവരും തൽക്ഷണം നിർമ്മലാകൃതികളായി തേജസ്വികളായിച്ചമഞ്ഞു. കളിച്ചു വെള്ളംകുടിച്ചു് അവർ കരയ്ക്കേറി. അപ്പൂ, അവരുടെ കറുത്ത മേനിമാരാകട്ടെ, അതിൽ കളിച്ചു നിമിഷത്തിൽ ഹാഹാരവം പുറപ്പെടുവിച്ചു പിടഞ്ഞുംകൊണ്ടു ചാവുകയാണുണ്ടായതു; അവർ യമലോകത്തേയ്ക്കു നടകൊണ്ടു. ഹംസങ്ങൾ പറന്നു സ്വസ്ഥാനത്തേയ്ക്കും തിരിച്ചു.

ഇതു ഞാൻ പ്രത്യക്ഷമായി കണ്ടതാണു് ആ കറുത്ത മഹാഹംസങ്ങളും, കൊക്കും കാലും മാത്രം കറുത്തവയും, അവരുടെ മേനിമാരും അരയിരിക്കാം. ഭയപ്പെടുത്തിപ്പറഞ്ഞുതന്നാലും അവർ എങ്ങിനെ കറുത്തു? രണ്ടാമതു വെളുത്തതെങ്ങിനെ? സ്നാനം കളിച്ചു ക്ഷണത്തിൽ ചത്തുപോയതെന്തുകൊണ്ടു്? എന്നിയ്ക്കു തോന്നിയ ഈ മഹാസംശയം, ജ്ഞാനവിശ്രുതനായ ഭഗവാൻ വിനീതനായ എങ്കൽ പ്രസാദിച്ചു് 'ഇപ്പോൾതന്നെ തീർത്തുതരാമാകണം!' അപ്പൂനോടു് ഇതുമുപറഞ്ഞു സമുജ്ജ്വലൻ വിരമിച്ചു. ഉടനേ, ആ കുഞ്ഞുലുത്തകം പറവാൻ തുടങ്ങി.

ശ്രീചന്ദ്രമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രഹതീർത്ഥപ്രകരണം, വേദവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, സമുജ്ജ്വലകൃതയുദ്ധകിരാതവർണ്ണനം എൺപത്തൊമ്പതാമദ്ധ്യായം.

(൦)

തൊണ്ണൂറാമദ്ധ്യായം

വിഷ്ണുഃ—സമുജ്ജ്വലന്റെ പുണ്യവത്തായ ചോദ്യം കേട്ടിട്ടു്, ധർമ്മാത്മാവായ കുഞ്ജലൻ പുത്രനോടു മറുപടി പറഞ്ഞു: —'മകനേ, എല്ലാസ്സംശയവും ഞാൻ തീർത്തുതരാം; ഇന്ദ്രലോകത്തു, ദേവോദ്യാനസദസ്സിൽവെച്ചുതന്നെ, ദേവകർക്കു രസംതോന്നുമാറു, നടന്ന പാപനാശനമായ സംവാദം മനസ്സു നിറ്റി കേട്ടുകൊള്ളുക:

Digitized By Kerala Sahitya Akademi

ഒരുനാൾ, മഹാപ്രാജ്ഞനായ നാരദമഹർഷി സഹസ്രാക്ഷനെ കാണ്മാൻ ബദ്ധപ്പെട്ടുചെന്നു. സൂര്യനെപ്പോലെ തിളങ്ങുന്ന അദ്ദേഹത്തെ കണ്ടിട്ട മഘോന്ദ്രൻ മനംകുളിർത്തെഴുന്നേറ്റു ഭക്തിയോടെ വണങ്ങിത്തൊഴുതു, പാദ്യാർഘ്യങ്ങൾ നൽകി, മുദ്രലമായ ആസനത്തിന്മേലിരുത്തി, തഴ്മയോടും തഴച്ച ശ്രദ്ധയോടുംകൂടി, എവിടെനിന്നാണ് വരുന്നതെന്നും ആഗമനോദ്ദേശം എന്താണെന്നും ചോദിച്ചു. മഹർഷിപറഞ്ഞു:—'ഞാൻ ഭൂലോകത്തു പല പുണ്യതീർത്ഥങ്ങളിൽ സശ്രദ്ധം സ്നാനംചെയ്തു പിതൃദേവകളെ തൃപ്തിച്ചു പല ക്ഷേത്രങ്ങളും ദർശിച്ചിട്ട്, അങ്ങയെ കാണ്മാൻ ഇങ്ങോട്ടു പോന്നതാണ്.'

ഇന്ദ്രൻ:—'ദേവർഷേ, പുണ്യങ്ങളായ പല തീർത്ഥക്ഷേത്രങ്ങളും ഭവാൻ ദർശിച്ചുവല്ലോ; ഏതു തീർത്ഥംകൊണ്ടാണ്, ബ്രഹ്മഹത്യ, ഗോഹത്യ, സുരാപാനം, സ്വർണ്ണസ്തേയം, മിത്രദ്രോഹം, ഭാര്യാഹരണം എന്നിവയാലുള്ള മഹാപാപം നീങ്ങുക?'

നാരദൻ:—'സുരേശ്വര, ഗയ മുതലായി യാവചില തീർത്ഥങ്ങളുണ്ടോ, അവയൊക്കെത്തമ്മിൽ വ്യത്യാസമൊന്നും ഞാൻ കാണുന്നില്ല; എല്ലാം ഒരുപോലെ പാപനാശനങ്ങളും പുണ്യങ്ങളും ദിവ്യങ്ങളുമാണ്. കുറവോ കൂടുതലോ ഉള്ളതായി എനിയ്ക്കു തോന്നുന്നില്ല. വേണമെങ്കിൽ, തീർത്ഥങ്ങളുടെ ഗതിരോധകത്വം പരീക്ഷിച്ചു നോക്കാമല്ലോ.'

മഹാത്മാവായ നാരദന്റെ ഈ അഭിപ്രായം കേട്ടിട്ടു മഘോന്ദ്രൻ ഭൂമിയിലുള്ള എല്ലാ തീർത്ഥങ്ങളേയും വിളിച്ചുവരുത്തി. തൽക്ഷണം അനുകൂല മൂർത്തിമത്തുക്കളായി—സ്ത്രീകളുടേയും പുരുഷന്മാരുടേയും രൂപത്തിൽ—ദിവ്യവസ്ത്രാഭരണങ്ങളണിഞ്ഞു മിന്നിത്തിളങ്ങിക്കൊണ്ടു സഭയിൽ വന്നെത്തി, തൊഴുകയ്യുമായി സ്ഥിതിചെയ്തു. ചിലതു ചന്ദ്രന്റേയും, ചിലതു ഹംസത്തിന്റേയും, ചിലതു തങ്കത്തിന്റേയും, ചിലതു പദ്മത്തിന്റേയും, ചിലതു സൂര്യന്റേയും, ചിലതു മിന്നലിന്റേയും, ചിലതു വെള്ളിയുടേയും നിറംപൂണ്ട, ഹാരകേയൂരകങ്കണമാലാലംകൃതങ്ങളായി, കമണ്ഡലുവും കൈക്കൊണ്ടു പരിശോഭിച്ചു.

ഗോമതി, നർമ്മദ, ചന്ദ്രഭാഗ, സരസ്വതി, ദേവിക, ബിംബിക, [വേദിക] കുബ്ജ, കുഞ്ജല, മഞ്ജുള, സ്രുത, രംഭ, ഗന്ധമതി, പാര, ഘർഘ്മര, ശോണ, സിന്ധു, സൌവീര, കാവേരി, കപില, മുകുന്ദ,

Digitized By Kerala Sahitya Akademi

ദേവിനി, മഹേശ്വരി, ചാമുണ്ഡാപതി, ലോഹ, കൌശികി, സുഹംസ, ഹംസവാഹ, ഹംസവേഗ, മനോരഥ, സുരഥ, അരുണ, വേഗ [വേണ] സുഷേണ, സുപത്മിനി, വാഹിനി, സുരാല, പുളിന്ദിക, ഹിമ, [ഹേമ] ചന്ദ്രിക, വേഗസംക്രമ, ജ്വാല, ഹുതാശനി, സ്വാഹ, കാല, കപിഞ്ജലി, സ്വധ [ശ്രുഖ] സുകാല, കാലിംഗ, ഗംഭീര, ഹിമ വാഹിനി, ദേവഗുഹ, വീരവാഹ, ലക്ഷഹോമ, അഗ്നിജിഹ്വ, ഘോരരൂപി, വേഗധർഭ [ഹേമധർഭ], ഹേമവേഷ, സുപുൺഡകി എന്നീ പുണ്യനദികളും മുഖ്യതീർത്ഥങ്ങളായി സർവ്വപാപങ്ങളും മണിഞ്ഞു കൂടവും കൈക്കൊണ്ടു വിളങ്ങി.

പ്രയാഗം, പുഷ്കരം, സർവതീർത്ഥം, ബ്രഹ്മഹത്യയെപ്പോലും നശിപ്പിയ്ക്കുന്ന വാരാണസി, ദ്വാരക, പ്രഭാസം, അവന്തി, നൈമിശം, ദണ്ഡകം, ദണ്ഡാരണ്യം, മഹേശ്വരം, കളേബരം, കാലഞ്ജരം, ബ്രഹ്മ ക്ഷേത്രം, മധുരം, വാരാഹകം, മായ, കാഞ്ചി തുടങ്ങി പലതരത്തിലുള്ള അനുപത്തെട്ടുകോടി ദിവ്യതീർത്ഥങ്ങളും, ഗോദാവരി മുതലായി പത്തു കോടി നദികളും, ദ്വീപുകളിലെ മഹാതീർത്ഥങ്ങളുമെല്ലാം മുഖ്യമായുള്ളവയായി സപ്തസപ്തചിഹ്നങ്ങൾ ധരിച്ചു, ദേവേന്ദ്രന്റെ ആജ്ഞയാൽ ആ ദേഹത്തിന്റെ അടുക്കൽ വന്നെത്തി, തലതാഴ്ത്തി വണങ്ങി, സവിനയം ഉണർത്തിച്ചു:—'സർവ്വേശ്വര, എന്തിനാണ് തിരുമേനി ഞങ്ങളെ വിളിച്ചതെന്ന് അരുളിച്ചെയ്താലും! തിരുമേനിയുടെ നമസ്കാരം!'

ആ തീർത്ഥങ്ങളോട് ദേവരാജാവ് ചോദിച്ചു:—'മാന്യരേ, ബ്രഹ്മഹത്യ, ഗോഹത്യ, സ്ത്രീഹത്യ, സ്വാമിദ്രോഹം, മദ്യപാനം, കനകസ്തേയം, ഗുരുനിന്ദ, ഭ്രൂണഹത്യ, പലപീഡയുംവരുത്തുന്ന രാജദ്രോഹം, എല്ലുവിശ്വാസവുംകെടുക്കുന്ന മിത്രദ്രോഹം, ദേവദ്വേഷം, ലിംഗഭേദം, ബ്രാഹ്മണന്റെ ജീവനം മുടക്കുക, ബ്രഹ്മക്കളുടെ മേച്ചിൽസ്ഥലം അടയ്ക്കുക, പുര കൊള്ളിവെയ്ക്കുക, ഗ്രാമം ചുട്ടുപൊടിയ്ക്കുക എന്നീ പതിനാറു മഹാപാപങ്ങളെ നശിപ്പിപ്പാൻനിങ്ങളിലാക്കാണ് ശേഷിയുള്ളതു്? അഗമ്യാഗമനം, സ്വാമിത്യാഗം, മോക്ഷത്തിൽനിന്നു പിന്തിരിഞ്ഞുപോവുക എന്നിവയാലുള്ള പാപങ്ങളേയും പ്രായശ്ചിത്തംകൂടാതെ പോക്കുവാൻ നിങ്ങളിൽ ആർക്കുകഴിയും? ദേവകളുടേയും നാരദന്റേയും മുമ്പിൽവെച്ചു്, അതുലോചിച്ചു തീർച്ചപറയുവിൻ.'

വിണ്ണവരൊത്തമാർ സഭയിൽവെച്ചു് ഇപ്രകാരം അരുളിച്ചെയ്ത പ്പോൾ, തീർത്ഥങ്ങൾ പരസ്പരം ആലോചിച്ചു മറുവടിയറിയിച്ചു:—

Digitized By Kerala Sahitya Akademi

'തിരുമേനിയുടെ നമസ്കാരം! എല്ലാ തീർത്ഥങ്ങളും സർവ്വപാപഹരങ്ങൾ തന്നെ; എന്നാൽ, ഇവിടുന്നരുളിച്ചെയ്ത ബ്രഹ്മഹത്യാദിഘോരമഹാപാപങ്ങൾ പോക്കുവാൻ ഞങ്ങൾ ശക്തരല്ല. പ്രയാഗം, പുഷ്കരം, സർവ്വതീർത്ഥം, വാരാണസി ഇവ നാലിന്നുമേ മഹാപാപങ്ങൾ നശിപ്പിക്കാൻ ശക്തിയുള്ളൂ. ഉപപാപശമനത്തിന്നായ്തന്നെ ഞങ്ങളെ ബ്രഹ്മാവു് സൃഷ്ടിച്ചിരിക്കുന്നു; മഹാപാപങ്ങൾക്കും, ഉപപാപങ്ങൾക്കും അവതിവരുത്താൻ സൃഷ്ടിക്കപ്പെട്ടതു പുഷ്കരംതന്നെയാണു്.' തീർത്ഥങ്ങളുടെ അറിയിപ്പു കേട്ടിട്ടു മഹേന്ദ്രൻ അവരെ അത്യന്തം അഭിനന്ദിച്ചു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാണകരണം, വേനയിജ്ഞസംവാദം, ച്യവനോപാഖ്യാനം; കഞ്ജലകഥിതേന്ദ്രതീർത്ഥസമാഗമം തൊണ്ണൂറാമധ്യായം.

(൦)

തൊണ്ണൂറൊന്നാമദ്ധ്യായം.

കഞ്ജലൻ:—ഇന്ദ്രനെ പിടികൂടിയ ബ്രഹ്മഹത്യയും, ഗൗതമപത്നീസംഗത്താൽ അഗമ്യാഗമനപാപവും ബാധിച്ചു. തദുപശാന്തിയ്ക്കുവേണ്ടി സഹസ്രാക്ഷൻ നിരാലംബനും നിരാശ്രയനുമായി തപസ്സുചെയ്തു. പിന്നീടു ദേവേന്ദ്രനെ ദേവകിന്നരയക്ഷന്മാരും മഹർഷിമാരുംകൂടി മാളവദേശത്തുകൊണ്ടുപോയി തീർത്ഥകലശങ്ങൾകൊണ്ടു നീരാടിച്ചു. ഒന്നാമതു വാരാണസിയിലും, പിന്നെ പ്രയാഗത്തിലും, അനന്തരം സർവ്വതീർത്ഥത്തിലും, ഒടുവിൽ പുഷ്കരത്തിലും പുരന്ദരൻസ്നാനംചെയ്യിക്കപ്പെട്ടു. ബ്രഹ്മദിദേവകളും, ബ്രഹ്മർഷിശ്രേഷ്ഠന്മാരും നഗനാഗഗന്ധർവ്വകിന്നരന്മാരും ഒത്തുചേർന്നു വേദമന്ത്രങ്ങൾ ജപിച്ചുകൊണ്ടു സ്നാനംചെയ്യിച്ചതിനാൽ വൃത്രാന്തകൻ ബ്രഹ്മഹത്യയും അഗമ്യാഗമനപാപവും നീങ്ങി പരിശുദ്ധനായിത്തീർന്നു. അതിൽ മനംതെളിഞ്ഞ മാളവാവു തീർത്ഥങ്ങൾക്കു വരം കല്പിച്ചുകൊടുത്തു:—'നിർമ്മലരായ നിങ്ങൾ എന്നെ ഘോരകൃത്യത്തിൽനിന്നു വേർപെടുത്തിയല്ലോ; അതിനാലുള്ള എന്റെ പ്രീതിനിമിത്തം, നിങ്ങൾ പരിശുദ്ധങ്ങളായ പാരമതീർത്ഥങ്ങളായിഭവിയ്ക്കുവിൻ!' മാളവത്തിനും മഹേന്ദ്രൻ വരം നൽകുകയുണ്ടായി:—'നീ താൻതന്നെ എന്റെ ഈ പാതകം വഹിച്ചുവെല്ലൊ; അതിനാൽ, നി എന്റെ പ്രസാദത്താൽ, തീർച്ചയായും അന്നപാനധനധാന്യാലയം കൃതമായിത്തീരും; ദുഷ്കാലമൊന്നും നിന്നെ തീണ്ടുകയില്ല.'

Digitized By Kerala Sahitya Akademi

പിന്നീട് പുരുഷോത്തമം തീർത്ഥങ്ങളും ക്ഷേത്രങ്ങളും മാളവരാജ്യത്തിനിന്ന സ്ഥാനങ്ങളിലേയ്ക്കു തിരിയ്ക്കുകയും ചെയ്തു. അന്നുമുതൽക്കത്രേ പ്രയാഗവും പുഷ്കരവും വാരാണസിയും സർവതീർത്ഥവും സർവോത്തമമായ സ്ഥാനത്തായത്.

പണ്ടു പാടലിപുരരാജ്യത്തു വിദൂരൻ എന്നൊരു ക്ഷത്രിയനുണ്ടായിരുന്നു. അയാൾ ദുർനിമിത്തം ഒരു ബ്രാഹ്മണനെ വധിച്ചുപോയി. പിന്നെ അയാൾ കുട്ടമെയും പുണ്യതീർത്ഥവും തിരകയുമില്ലാതെ പിച്ചതെണ്ടുകയായി. 'ഇതാ, ബ്രഹ്മഹത്യക്കാരനായ ഞാൻ വന്നിരിക്കുന്നു; കള്ളുകുടിയനായ ബ്രഹ്മഹന്താവിനു ഭിക്ഷതരണേ!' എന്നിങ്ങിനെയാണു്, അയാൾ ഗൃഹങ്ങൾതോറും നടന്നു യാചിച്ചിരുന്നതു്. ഇക്കൂട്ടത്തിൽ സർവതീർത്ഥങ്ങളിലും അയാൾ സഞ്ചരിയ്ക്കുകയുണ്ടായി. എന്നിട്ടും അയാൾക്കു ബ്രഹ്മഹത്യ നീങ്ങിയില്ല.

ആ പാപിയായ വിദൂരൻ ദുഃഖശോകങ്ങളാൽ മനം വെന്തുരുകിക്കൊണ്ടു് ഒരു മരത്തണലിലിരിക്കേ, മഗധരാജ്യക്കാരനായ ചന്ദ്രശർമ്മാവു് എന്നൊരു ബ്രാഹ്മണൻ അവിടെ വന്നുചേർന്നു. വ്യാമോഹംമൂലത്തു ഗുരുഹിംസ ചെയ്തതിനാൽ സജ്ജനങ്ങളും ബന്ധുക്കളും പരിത്യജിച്ച ഒരു ദുഷ്ടനായിരുന്ന ഈ ബ്രാഹ്മണൻ.ശിഖാസൂത്രാദിബ്രാഹ്മണചിഹ്നങ്ങളൊന്നും അയാൾക്കണ്ടായിരുന്നില്ല. വിദൂരൻ ചോദിച്ചു:—'ഭവാനാരാണു്? ബ്രാഹ്മണചിഹ്നങ്ങളില്ലാതെ ഉദ്വിഗ്നനായി ശ്വാസിച്ചിത്തനായി ചുറ്റിനടക്കുന്നതെന്താണു്?' മുമ്പു താൻ ചെയ്തുപോയ ഘോരപാതകമെല്ലാം ചന്ദ്രശർമ്മാവു വിദൂരനെ അറിയിച്ചു:—'ഞാൻ, മുമ്പു ഗുരുഗൃഹത്തിൽ വസിയ്ക്കുന്ന കാലത്തു, മഹാമോഹത്തിൽപ്പെട്ടു് അരിശം മൂഴുകയാൽ ഗുരുവിനെ കൊന്നുകളഞ്ഞു; അതിനാൽ വെന്തുരുകയാണിപ്പോഴും!' ഇങ്ങിനെ സ്വവൃത്താന്തം അറിയിച്ചിട്ടു ചന്ദ്രശർമ്മാവു ചോദിച്ചു:—'മഹാദുഃഖത്തോടേ മരത്തണലിലിരിയ്ക്കുന്ന ഭവാൻ ആരാണു്?' വിദൂരനും തന്റെ പാപം മുഴുക്കത്തിൽ പറഞ്ഞറിയിച്ചു.

അപ്പോഴേയ്ക്കും, മൂന്നാമതൊരാൾ ക്ഷീണിച്ചു വന്നെത്തി; വേദശർമ്മാവ് എന്ന പേരായ ആ ദ്വിജനും വളരെ പാപം ചെയ്തുവനായിരുന്നു. വിദൂരചന്ദ്രശർമ്മാക്കൾ ചോദിച്ചു:—'ഒരു പാപിയെപ്പോലിരിയ്ക്കുന്ന ഭവാൻ ആരാണു്? എന്താണിവിടെ നടക്കുന്നതു്? ഭവാന്റെ വൃത്താന്തം പറകതന്നെ.' വേദശർമ്മാവ്, താൻ ചെയ്ത

Digitized By Kerala Sahitya Akademi

തൊക്കെ രണ്ടുപേരോടുമായി പറഞ്ഞു: — 'ഞാൻ അഗമ്യാഗമനം ചെയ്യുവോയി; അതുമൂലം സ്വജനങ്ങളും ബന്ധുക്കളും മറ്റു സകലരും എന്നെ തള്ളിക്കളഞ്ഞു. ആ പാപം പറിയതിനാലാണ് ഇങ്ങിനെ ചുറ്റിനടക്കുന്നതു്!'

ഉടനേ, വഞ്ചുളൻ എന്നൊരു വൈശ്യനാ വന്നുചേർന്നു; അയാൾ മദ്യപാനത്തിനു പുറമേ ഗോവധവും ചെയ്യുവനായിരുന്നു. മുമ്പുചെയ്ത കുടി അയാളോടു വൃത്തമാത്രം ചോദിച്ചു; അയാൾ തന്റെ പാപമെല്ലാം പറഞ്ഞറിയിച്ചു. ഇങ്ങനെ നാലു മഹാപാപികളും ഒരേതരത്തുള്ളവരായി. എന്നാൽ അവർ സംസാരിയ്ക്കുകയല്ലാതെ തമ്മിൽ തൊടുകയോ ഒരുമിച്ചു ഭക്ഷണം കഴിക്കുകയോ ഒരേ ആസനത്തിൽ ഇരിയ്ക്കുകയോ ഒരേ വിരിപ്പിൽ കിടക്കുകയോ ചെയ്യാറില്ലായിരുന്നു. മകനേ, ദുഃഖാക്രാന്തരായിരുന്ന വിദ്വാന്മാർ പല തീർത്ഥങ്ങളിലും പോയിനോക്കി; എന്നിട്ടും അവരുടെ മഹാപാപങ്ങൾ നീങ്ങിയില്ല. ആ തീർത്ഥങ്ങൾക്കു മഹാപാപം പോക്കാൻ ശക്തിയില്ലായിരുന്നു. കടുവിൽ അവർ കാലഞ്ജരഗിരിയിലേയ്ക്കു നടകൊണ്ടു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, മുനിതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, കഞ്ചുലകഥിതമിശ്രാദി പാപിഷ്ടസമാഗമം തൊണ്ണൂറാമ്നാരണ്ടാമ്യായം.

—(o)—

തൊണ്ണൂറിരണ്ടാമ്ധ്യായം

കഞ്ചുകൻ:—വന്മിച്ചുദുഃഖത്താൽ വശംകെട്ടിരുന്ന ആ മഹാപാപികളും കാലഞ്ജരത്തിൽ ചെന്നു പാർക്കുകയായി. അവിടെ ഒരു സിദ്ധനായ ബ്രാഹ്മണശ്രേഷ്ഠൻ വന്നുചേർന്നു. അദ്ദേഹം ആ ദുഃഖിതരോടു, 'നിങ്ങൾക്കെന്താണിത്ര ദുഃഖം?' എന്നു ചോദിച്ചു. അവർ ആ സർവജ്ഞനായ പുണ്യവാനോടു സകലവും പറഞ്ഞറിയിച്ചു; അവരുടെ മഹാപാപങ്ങൾ കേട്ടപ്പോൾ, അദ്ദേഹത്തിന്നു് ഒരലിവു തോന്നി.

Digitized By Kerala Sahitya Akademi

സിദ്ധൻ:—'പാപികളായ നിങ്ങൾ നാൽവരും അമാവാസിയിൽ, പ്രയാഗം, പുഷ്കരം, സർവതീർത്ഥം, വാരാണസി എന്നിവിടങ്ങളിൽ പോയി, ഗംഗയിൽ സ്നാനംചെയ്യുവിൻ; എന്നാൽ നിങ്ങൾ പാപനിർമ്മുക്തരായി നിർമ്മലരായിത്തീരും, സംശയമില്ല.'

ഉടനെ, ആ പാപാർദ്ദിതരെല്ലാവരും അദ്ദേഹത്തെ നമസ്കരിച്ചു കാലഞ്ജരഗിരിയിൽനിന്നു വെമ്പലോടെ പോന്ന്, അമാവാസിനാൾ വാരാണസിയിലും പ്രയാഗത്തിലും പുഷ്കരത്തിലും സർവതീർത്ഥത്തിലും ചെന്ന സ്നാനംചെയ്തു. ആ പുണ്യകാലത്തു ഗംഗയിൽ മുഴുകിയതോടുകൂടി അവർ പാപനിർമ്മുക്തരായി.

വിദുരൻ, ചന്ദ്രശർമ്മാവു, വേദശർമ്മാവു്, വഞ്ജുളൻ എന്നിവരുടെ ബ്രഹ്മഹത്യയും ഭ്രൂണഹത്യയും അഗമ്യാഗമനവും ഗോവധസുരാപാനങ്ങളുമാകുന്ന പാപങ്ങളും പകർന്നതിനാൽ പുഷ്കരവും സർവതീർത്ഥവും പ്രയാഗവും വാരാണസിയുമാകുന്ന പവിത്രതീർത്ഥങ്ങളും നാലും കൂടിത്തിരണ്ടു് അരയന്നങ്ങളുടെ രൂപത്തിൽ സർവ്വത്ര പറന്നനടക്കുകയായി. എല്ലാ പുണ്യതീർത്ഥങ്ങളിലും സ്നാനം ചെയ്തിട്ടും അവയുടെ പാപത്താൽ സംഭവിച്ച കറുപ്പു നീങ്ങിയില്ല. വീണ്ടും അവ പുണ്യതീർത്ഥങ്ങളിലെല്ലാം സ്നാനം തുടങ്ങി. അവ ഏതേതു തീർത്ഥങ്ങളിൽ ചെല്ലുന്നുവോ, ആ തീർത്ഥങ്ങളും ഉഷാപൂണ്ട ഹംസരൂപികളായി അവയെ പിൻതുടർന്നുപോന്നു. പാപങ്ങൾ മായ്മാരായിട്ടും മാറിനടക്കുകയായി.

ഹംസരൂപികളായ അറുപത്തെട്ടുകോടി തീർത്ഥങ്ങളോടുകൂടി അവ മാനസമഹാതീർത്ഥത്തിൽ ചെന്ന സ്നാനംകഴിച്ചു. എന്നിട്ടും പാപം നീങ്ങിയില്ല. അതിൽ ലജ്ജ തോന്നിയ മാനസവും കറുത്തിരുണ്ടു് കരയുന്നമാതിരിത്തീർന്നു. അതിനെയാണ്, നീ മനുകണ്ടതു്. പിന്നിടവർ നിന്നോടുകൂടി, പാപനാശനമായ നർമ്മദാതീരത്തെയ്തി നടകൊണ്ടു; സുരസിദ്ധോസവിതമായ കബ്ജാസംഗമത്തിൽ മുങ്ങിയതോടുകൂടി, അവ പാപം നീങ്ങി, കറുപ്പുവിട്ടു വെണ്മ നേടുകയും ചെയ്തു. അവ കാരോ തീർത്ഥത്തിലുംചെന്ന സ്നാനം ചെയ്യുമ്പോൾ, കറുപ്പു നീങ്ങാതെയുള്ള കണ്ടിട്ടാണ് പെണ്ണങ്ങൾ ചിരിച്ചിരുന്നതു്. കബ്ജാശ്രമം കന്ന ചെന്നികൊണ്ടു മഹാപാപമെല്ലാം വെണ്ണീറായതോടുകൂടി, ആ പെണ്ണങ്ങളും മുതിർപ്പെട്ടുപോയി — മദ്യപാനം, ബ്രഹ്മഹത്യ, ഗുരുഹത്യ,

Digitized By Kerala Sahitya Akademi

അഗസ്ത്യാഗമനം, സുരാപാനം എന്നിവ നമ്മളാകുഖ്ജാജലത്താൽ വെൺചായ്വലായതോടുകൂടി, ആ സ്ത്രീകളും നദീതീരത്തു ചത്തുവീണു.

ഹംസരൂപികളായ അറുപത്തെട്ടുകോടി തീർത്ഥങ്ങളോടുകൂടി പോന്ന ഹംസം മാനസതീർത്ഥമായിരുന്നു. പ്രയാഗം, പുഷ്കരം, സരസ്വതീതീർത്ഥം, പാതകവാരണമായ വാരാണസി എന്നിവയ്ക്കായിരുന്നു മറ്റു നാലു കൃഷ്ണഹംസങ്ങൾ. ബ്രഹ്മഹത്യാദികളെൽക്കയാൽ ഈ തീർത്ഥങ്ങൾ ഭൂമിയിലെ തീർത്ഥങ്ങളിലൊടുക്കം ചുറിനടന്നു. എന്നിട്ടും അവയ്ക്കു ഘോരപാപം വിട്ടുമാറിയില്ല; കുഖ്ജാസംഗമസ്നാനം കൊണ്ടേ കൽമഷമുക്തിയും ചൈന്മല്യവും കൈവന്നുള്ളൂ! പ്രയാഗമാണെപോൽ, ഇന്ദ്രന്റെ മുമ്പിൽവെച്ചു പുണ്യതീർത്ഥങ്ങൾക്കെല്ലാം രാജാവായി വാഴിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ, തീർത്ഥങ്ങളുടെ മേന്മ നമ്മളെയെ ഉശിയ്ക്കുന്നതുവരെ! തീർത്ഥങ്ങളുടെ ഗർജ്ജനം നമ്മളെയെ ഉശിയ്ക്കുന്നതുവരെ! ബ്രഹ്മഹത്യാശാന്തിക്കായി പ്രതിഷ്ഠിക്കപ്പെട്ടതത്രേ അതു്. കപിലാസംഗമം, കുഖ്ജാസംഗമം, മേഘനാദസംഗമം, ഉത്തരസംഗമം, ഓംകാരം, ഭദ്രക്ഷേത്രം, മാഹിഷ്മതി, വിടങ്കാസംഗമം, കീടകം, മംഗലേശ്വരം എന്നിവിടങ്ങളിലെല്ലാം മനുഷ്യർക്കു ഉഷ്പ്രേക്കുടിയാണ്, പാപമെല്ലാംപോക്കുന്ന തീർത്ഥമാതാവായ നമ്മളാമഹാദേവി! എവിടെയെങ്കിലും ഒരൊറക്കുളികുളിച്ചാൽ മതി, മനുഷ്യനു അശ്വമേധഫലം കിട്ടാൻ!!

ഇതാ, നീ ചോദിച്ചതൊക്കെ ഞാൻ പറഞ്ഞുതന്നു. ഇതു കേട്ടാൽത്തന്നെ, പാപംനീങ്ങി സൽഗതി ലഭിക്കും.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗുരുതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, കുഞ്ജലകഥികവിടുരാദി പാപമോചനം, തൊണ്ണൂറിരണ്ടാമദ്ധ്യായം.

(൦)

തൊണ്ണൂറിമൂന്നാമദ്ധ്യായം

കുഞ്ജലൻ:—വിജ്വല, നിന്റെ സഞ്ചാരത്തിൽ അത്ഭുതമായിട്ടെന്താണ് കണ്ടതു്? നിനക്കാഗ്രഹം തോന്നിപോകുമാറുള്ളതിൽ ആശ്ചര്യകരമായോ, കൌതുകപ്രദമായോ വല്ലതും കാണുകയുണ്ടായെങ്കിൽ, പറയുക.'

Digitized By Kerala Sahitya Akademi

വിജ്വലൻ:—'മഹാമേരുപർവ്വതത്തിന്റെ മുകളിൽ, പുഷ്പഫലങ്ങളും നിറഞ്ഞ ദിവ്യവൃക്ഷങ്ങളാലും ചന്ദന കമ്പകാദി നാനാവൃക്ഷങ്ങളാലും പരിവൃതമായി ആനന്ദം എന്നൊരു മഹാവനമുണ്ട്. അവിടെ ദേവഗന്ധർവന്മാരുടെ സുന്ദരിമാരായ അപ്സരസ്ത്രീകളും മഹർഷിമാരും മാത്രം നിവസിച്ചുപോരുന്നു. വാപീക്രമതടാകങ്ങളാലും നദീപ്രവാഹങ്ങളാലും ഹംസകാരണ്ഡവവളങ്ങളായ അനേക ലക്ഷം വിമാനങ്ങളാലും അലംകൃതമായ ആ വനത്തിൽ ഗീതനാലാഹലങ്ങളും, വേദധ്വനികളും മധുകരങ്ങളുടെ മധുരധ്വംകാരങ്ങളും പലതരം പക്ഷികളുടെ നിനാദങ്ങളും മുഴങ്ങിക്കൊണ്ടിരിയ്ക്കും. നിർമ്മലജലം നിറഞ്ഞു, സാരസസൌഗന്ധികങ്ങൾ പൂഴ്ന്നു, ജലജന്തുക്കളും ഹംസകാരണ്ഡവങ്ങളും മേൽ, സമുദ്രതുല്യമായ ഒരു സരസ്സും ആ വനത്തിന്റെ നടുവിൽ കാണാം.

അവിടെ, താഴികക്കുടങ്ങൾകൊണ്ടും ഛത്രധ്വജപതാകകൾകൊണ്ടും ഭാസമാനമായി സർവ്വഭോഗാഢ്യമായ ഒരു വിമാനത്തിലേറി, തത്തദ്വജങ്ങളായ മഹാസിദ്ധന്മാരാൽ സ്തുതിക്കപ്പെട്ടുകൊണ്ട്, ഒരു നിസ്തുല്യസുന്ദരൻ വന്നുചേരാറുണ്ട്. അത്ര അഴകുള്ള ഒരാളെ ഞാൻ മറ്റൊരുദാ കണ്ടിട്ടില്ല. സർവ്വരേണുഭ്രക്ഷിതനായ അദ്ദേഹത്തിന്റെ മാറത്തു് ഒരു വലിയ രത്നമാല മിന്നിത്തിളങ്ങുന്നുണ്ടാവും. അദ്ദേഹത്തോടൊന്നുമിച്ചു്, ഒരു സുന്ദരസ്ത്രീകൊണ്ടനുരൂപയായി, പീനനിതംബസ്തനിയായി, ഹാരകങ്കണാദി സർവ്വാഭരണങ്ങളും അണിഞ്ഞു, ദിവ്യവസ്ത്രം ധരിച്ചു, ചന്ദനാദ്യനുലിപ്തയായി, രതിദേവിക്കൊത്ത ഒരു സുന്ദരിയുമുണ്ടായിരിക്കും.

രൂപലാവണ്യമാധുര്യശാലികളായ ആ ദമ്പതിമാരിരുവരും വിമാനത്തിൽനിന്നു സരസ്സിന്റെ തീരത്തിറങ്ങി, അതിൽ സ്നാനം കഴിക്കും; എന്നിട്ടു്, രണ്ടുപേരും കൂടെ ആയുധം കയ്യിലെടുക്കും. ആ പൊയ്കയുടെ കരയ്ക്കു് ഒരു പുരുഷന്റേയും ഒരു സ്ത്രീയുടേയും ശവം കിടപ്പുണ്ടു്; പുരുഷശവം ആ സുന്ദരന്റേയും, സ്ത്രീശവം ആ സുന്ദരിയുടേയും ആകൃതിയിൽതന്നെയാണുതാനും. സ്ത്രീശവത്തിന്റെ രക്തംപുരണ്ട, മാംസം ആയുധംകൊണ്ടരിഞ്ഞെടുത്ത സ്ത്രീയും, പുരുഷശവത്തിന്റേയും പുരുഷനും ഭക്ഷിച്ചുതുടങ്ങും. അപ്പൂ, ക്ഷുധാർത്തിതരായ ആ സ്ത്രീപുരുഷന്മാർ മാംസം മതിയാകുവോളം തിന്ന സരസ്സിൽനിന്നു വെള്ളവും കുടിച്ചു് കുറെനേരം വിശ്രമിക്കും; പിന്നീടു വിമാനത്തിൽ കയറി മടങ്ങിപ്പോകയും ചെയ്യും.

Digitized By Kerala Sahitya Akademi

വേറൊ, രൂപസൗഭാഗ്യവതികളായ രണ്ടു സ്ത്രീകളെക്കൂടി ഞാൻ അവിടെ കാണാറുണ്ട്. അവർ, ആ ദമ്പതിമാർ ശവമാംസം തിന്നുന്ന സമയത്ത് ഉറക്കെച്ചിരിക്കും; ദൃഷ്ടാകരാമവക്ത്രമായ വേറെ രണ്ടു ഭയങ്കരസ്ത്രീകളും, 'ഞങ്ങൾക്കും തരൂ, തരൂ' എന്നു യാചിക്കുകയും ചെയ്യും.

വിമാനത്തിൽ വന്നിറങ്ങുന്ന ദമ്പതിമാർ, രണ്ടു സുന്ദരിമാർ, രണ്ടു ഭയങ്കരിമാർ എന്നിവരോടു ഈ പ്രവൃത്തി ഞാൻ പതിവായി കാണാറുണ്ട്. ഇതാണു, ഞാൻ കണ്ട അത്ഭുതം. എനിക്കു വലിയ ആശ്ചര്യം തോന്നുന്നു. എന്റെ സംശയമെല്ലാം തീർത്തുതരിക: ആ ദമ്പതിമാരും, ചിരിയുന്ന സ്ത്രീകളും, തരൂ തരൂ എന്നിരക്കുന്നവരും ആരാണ്?' മൂന്നാമത്തെ മകനായ വിജ്വലൻ ഇപ്രകാരം ചോദിച്ചപ്പോൾ കഞ്ചലൻ വൃത്താന്തമൊക്കെ, ച്യവനൻ കേൾക്കെ, പറഞ്ഞുകൊടുത്തു:—

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാപകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, വിജ്വലദുഷ്ടാത്മകഥനം എന്നിവ ഉൾക്കൊള്ളുന്നതായ തൊണ്ണൂറിനാലാമധ്യായം.

(൦)

തൊണ്ണൂറിനാലാമദ്ധ്യായം

കഞ്ചലൻ:—മകനേ, അപ്രകാരമുള്ള അവതിരുവതാം സ്വമാംസഭോജികളാകാനുള്ള കാരണമെല്ലാം കേട്ടുകൊൾക: നല്ലതും തീയതുമായ കർമ്മമത്രേ സകലത്തിനും കാരണം. ദേഹി നല്ല കർമ്മംകൊണ്ടു സുഖവും, ചീത്തക്കർമ്മംകൊണ്ടു ദുഃഖവും അനുഭവിയ്ക്കുന്നു. മനസ്സുവെച്ചു സൂക്ഷ്മധർമ്മത്തെയും സ്ഥൂലധർമ്മത്തെയും ശാസ്ത്രജ്ഞാനചക്ഷുസ്സുകൊണ്ടു കണ്ടുവച്ചിട്ടുവേണം കർമ്മം തുടങ്ങുവാൻ. ശില്പി ലോഹത്തെ എരിതീയിലിട്ടുരുക്കിയിട്ട്, അവൻ കരുതിയ സാധനം ഉണ്ടാക്കിത്തീർക്കുന്നു; ഏതു മാതിരി രസവത്തായ ഭോജ്യം ഭുജിക്കുന്നുവോ, അതേ മാതിരിയായിത്തീരുന്നു രൂപം. അതിനാൽ ജീവികർക്കു കർമ്മംതന്നെയാണു പ്രധാനം. ഒരു കൃഷിക്കാരൻ വയലിൽ എന്തു വിത്തു വിതയ്ക്കുന്നുവോ, അതിനൊത്ത ഫലം, കൊയ്തുകൂട്ടുന്നു. കർമ്മത്തിനൊത്തിരിക്കും ഫലം. കർമ്മം പോക്കിയാൽ പോകില്ല. നാം എല്ലാ

Digitized By Kerala Sahitya Akademi

വരും കർമ്മാധീനരാകുന്നു. ആ ദമ്പതിമാർ കർമ്മഫലം അനുഭവിക്കുകയാണ്. അവരുടെ ഘോരപ്രേഷ്ടിതം ആനന്ദത്തിൽവെച്ചു നീക്കുവല്ലോ; അല്ല പൂർവകർമ്മവിപാകമാകുന്നു. മകനോ ഈ ലോകം കർമ്മഭൂമിയും, സഞ്ചാരികം ഭോഗഭൂമികളുമത്രേ; ചെയ്യുവൻ ചെന്നനുഭവിയ്ക്കുന്നു.

ഭോളഭേശത്തു സുഖാഹ്വ എന്നൊരു രാജാവുണ്ടായിരുന്നു. അതു രുപത്നികളും ധെയ്ര്യവുമുള്ള ഒരാൾ ഭൂമിയിലില്ല. വിഷ്ണുഭക്തനും വൈഷ്ണവപ്രിയനും മഹാജ്ഞാനിയുമായിരുന്ന ആ നരപാലൻ ത്രികരണങ്ങൾകൊണ്ടും പുരുഷോത്തമനെ പൂജിക്കുകയും, അശ്വമേധാദിയാഗങ്ങളാൽ അനുഷ്ഠിയ്ക്കുകയും ചെയ്തുപോന്നു. ജൈമിനി എന്ന ബ്രാഹ്മണനായിരുന്നു, സുഖാഹ്വന്റെ പുരോഹിതൻ. അദ്ദേഹം രാജാവിനോടുപദേശിച്ചു:—'രാജാവേ, സുഖലബ്ധികരുതുകുന്നുവെങ്കിൽ ദാനം ചെയ്യുക. ദാനം ചെയ്യുന്നവനു, മരിച്ചാൽ, ദിവ്യപ്രാപഞ്ചങ്ങളായ ലോകങ്ങളിൽ ചെന്നു വസിക്കാം. ദാനംകൊണ്ടു സുഖം കിട്ടും; അക്ഷയമായ കീർത്തിയുണ്ടാകും. എന്നല്ല, ദാനംകൊണ്ടു ഭൂലോകത്തു കീർത്തിയുണ്ടാകുന്നു. ഇവിടെ കീർത്തി നിലനിൽക്കുന്നേടത്തോളം കാലം സ്വർഗ്ഗത്തിൽ വസിക്കാം. എന്നാൽ, ആ ദാനം അത്ര സുസാധമല്ല; അതിനാൽ സർവപ്രകാരേണയും പ്രയത്നിച്ചു മനുഷ്യൻ ദാനം നടത്തണം.'

സുഖാഹ്വ:—'ദാനവും തപസ്സുമായാൽ, ദിവ്യരതവും ഫലവും എതിനാകുന്നു? ബ്രാഹ്മണശ്രേഷ്ഠ, അതു പറഞ്ഞുതരിക.'

ജൈമിനി:—'രാജാവേ, നോക്കുന്നേടത്തോളം ദിവ്യരമായി യാതൊന്നും ഭൂമിയിലില്ല. കണ്ണു നാം പ്രത്യക്ഷമായി കാണുന്നില്ലേ: ധനത്തിനുവേണ്ടി, ആളുകൾ പ്രിയപ്പെട്ട പ്രാണനെപ്പോലും ത്യജിച്ചു, കാട്ടിലും കടലിലും സഞ്ചരിക്കുന്നു. ചിലർ പരാശ്രയം ചെയ്യുന്നു; മറ്റു ചിലർ പഠിച്ചു പണ്ഡിതന്മാരാകുന്നു; ചിലർ ഹിംസ നടത്തുന്നു; ചിലർ വളരെ ക്ലേശിച്ചു കൃഷി നടത്തുന്നു. അങ്ങിനെ കഷ്ടപ്പെട്ടു നേടിയതും പ്രാണനെക്കാൾ വലുതുമായ ധനം കൈവിടുക എന്നാൽ എത്ര ദുഷ്കരമായിരിക്കും! വിശേഷിച്ചും, ന്യായാർജ്ജിതമായ ദ്രവ്യം ശ്രദ്ധയോടേ പാത്രത്തിൽ ദാനം ചെയ്കയാണെങ്കിൽ, അതിനു ക്ഷയമില്ലതന്നെ, പാവനിയും വിശ്വദേവിനിയും സാവിത്രിയും പ്രസവിത്രിയും സംസാരസമുദ്ര

Digitized By Kerala Sahitya Akademi

ത്തെ കടത്തുന്നവളുമത്രേ, ധർമ്മപുത്രിയായ ശ്രദ്ധാദേവി. ശ്രദ്ധകൊണ്ടാണ്, ആത്മജ്ഞരായ വിദ്വാന്മാർ ധർമ്മം സാധിക്കുന്നതു്. ശ്രദ്ധകൊണ്ടാണ് ഒരു മുതലുമില്ലാത്ത മഹർഷിമാർ സ്വർഗ്ഗം നേടിയതു്.

ദാനങ്ങളിൽ പലതരത്തിലായി വളരെയുണ്ടു്. എന്നാൽ, പ്രാണികൾക്കു ഗതി കിട്ടാൻ, അന്നദാനത്തിൽപരം ഒന്നുമില്ല. അതിനാൽ, നിർമ്മലമധുരമായ ഗീരോടും നീരോടുംകൂടി അന്നം നൽകിക്കൊണ്ടിരിക്കണം. ഇഹപരങ്ങളിൽ മേന്മയ്ക്കും നന്മയ്ക്കും സുഖത്തിനും അന്നദാനത്തിൽപരം യാതൊന്നുമില്ല. ശ്രദ്ധയോടും നിർമ്മലമായ മനസ്സോടുംകൂടി പാത്രത്തിൽ ദാനം ചെയ്യുന്നതുകൊണ്ടു് ആ ഒരൊറ്റ അന്നദാനത്തിന്റെ ഫലം മനുഷ്യന്ന് എന്നെന്നേക്കും ലഭിക്കും. ശ്രദ്ധാഹീനമോ, മുഷ്ടിയോ, പ്രസ്ഥമോ വേണ്ടാതനം ദാനം ചെയ്യുക. അതിന്റെ മഹാഫലം അക്ഷയമായിരിക്കും. പ്രസ്ഥവും മുഷ്ടിയും പതിവായി കൊടുക്കാൻ തരുണിയില്ലെങ്കിൽ, ഒരു പുണ്യദിനത്തിൽ ശ്രദ്ധയോടും ഭക്തിയോടുംകൂടി ഒരൊറ്റ ബ്രാഹ്മണനെ ഊട്ടിയാൽ മതി; ആ ഏകദാനത്തിന്റെ ഫലം മനുജന്മത്തിൽ പതിവായി അനുഭവപ്പെടും. മനുജന്മത്തിൽ, ഒരുപാത്രത്തിൽ കരിയ്ക്കുൽ ദാനംചെയ്തിട്ടുണ്ടെങ്കിൽ ആ അന്നം മനുജന്മത്തിൽ നാംതോറും ഭുജിയ്ക്കും. നാംതോറും ബ്രാഹ്മണന്ന് അന്നം നൽകുന്നവരാകട്ടെ, മിഷ്ടാന്നപാനം ഭുജിച്ചു സ്വർഗ്ഗത്തിൽ വസിയ്ക്കയും ചെയ്യും. അമൃതിൽനിന്നുണ്ടായതത്രേ അന്നം; അമൃതന്നെയാണ് പ്രാണൻ എന്നു, മറയുടെ മുകരപുക്ക മഹർഷിമാർ അഭിപ്രായപ്പെടുന്നു. അന്നം നൽകുന്നവൻ പ്രാണനെയാണ് കൊടുക്കുന്നതു്. അതിനാൽ അങ്ങു പണിപ്പെട്ടും അന്നദാനം നടത്തുക.'

ഈ മഹത്തായ ഉപദേശം കേട്ടിട്ടു രാജാവു വീണ്ടും, ശാസ്ത്രജ്ഞനായ ജൈമിനി ബ്രാഹ്മണനോടു ചോദിച്ചു:—

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, മുനിതീർത്ഥപ്രകരണം, ധേനവിഷ്ണുസംവാദം, ന്യായതോപാർജ്ജനം, കണ്ണലകഥിതസുബാഹുചരിതാരംഭം മതാണ്ണൂറിനാലുമദ്ധ്യായം.

Digitized By Kerala Sahitya Akademi

തൊണ്ണൂറഞ്ചാമദ്ധ്യായം

സുമാഹ്വ:—'ദേവിയുടേയും, സ്വർഗ്ഗത്തിന്റെ ഗുണങ്ങളും കൂടി പറഞ്ഞുതരിക. അങ്ങുപദേശിച്ചതെല്ലാം ഞാൻ സന്തോഷം ചെയ്യുകയുള്ളൂ.'

ജൈമിനി:—'സ്വർഗ്ഗത്തിൽ, നന്ദനം മുതലായ പലതരം രമണീയതിവ്യോദ്യാനങ്ങളുണ്ട്; കല്പവൃക്ഷങ്ങളാൽ പരിവൃതങ്ങളായ അതുകളം സർവകാമങ്ങളേയും പ്രദാനം ചെയ്യുന്നു. തങ്ങൾ സൂര്യന്റേയോ ചന്ദ്രന്റേയോ നിറം പൂണ്ടു, മുത്തിൻതൊങ്ങലണിഞ്ഞു, കനകമയങ്ങളായ ശയ്യാസനങ്ങളം ഉരുവ്വേന്ന്, അപ്സരസ്ത്രീകളിണങ്ങി, സർവ്വത്ര യഥേഷ്ടം സഞ്ചരിയ്ക്കുന്ന വിചിത്രവിമാനങ്ങളും സ്വർഗ്ഗത്തെ അലങ്കരിയ്ക്കുന്നുണ്ട്; അവയിൽ, സുകൃതികളായ മനുഷ്യർ സർവകാമസമൃദ്ധരായി, യാതൊരു ദുഃഖവുമില്ലാതെ, സുഖമാംവണ്ണം സഞ്ചരിച്ചുപോരുന്നു. അവിടെ നാസ്തികരില്ല, ചോരരില്ല, അജിതേന്ദ്രിയരില്ല, ദുശംസരില്ല, ഏഷണിക്കാരില്ല, കൃതാല്മരില്ല, അഭിമാനികളില്ല; സത്യനിഷ്ഠരും ശൂരരും ദയാലുക്കളും ക്ഷമാശീലരും യജ്വാക്കളും ദാതാക്കളുമായ മനുഷ്യരേ അവിടെ ചെല്ലുകയുള്ളൂ. രോഗം, ജര, മരണം, ശോകം, മത്സരം, വൈരം, ക്ഷുത്ത്, ദാഹം, വാട്ടം എന്നിവയൊന്നും അവിടെ കാണ്മാനില്ല. ഇങ്ങിനെ പല ഗുണങ്ങളും സ്വർഗ്ഗത്തിനുണ്ട്; ദോഷങ്ങളും അതിനുണ്ട്. അവ കേട്ടുകൊൾകം: സൽക്കർമ്മത്തിന്റെ ഫലം മുഴുവനും അവിടെ അനുഭവിച്ചു കഴിയും; അവിടെ സൽക്കർമ്മം ചെയ്യുവാൻ പാടില്ലെന്നതാണ്, അവിടുത്തെ ഒരു വലിച്ച ദോഷം. ഇതിനുപുറമേ, അന്യന്മാരുടെ മികച്ച ഐശ്വര്യം കണ്ടിട്ട് അസന്തോഷം ഉണ്ടായിക്കൊണ്ടിരിയ്ക്കും. സുഖത്തിൽ മുഴുകിയിരിയ്ക്കുമ്പോൾ, അധഃപതനവും വന്നുചേരുന്നു. ഇവിടെ ചെയ്യുന്നതിന്റെ ഫലം അവിടെ അനുഭവിയ്ക്കുന്നു; രാജാവേ, ഇതു കർമ്മഭൂമിയും, അതു ഫലഭൂമിയുമാകുന്നു.'

സുമാഹ്വ:—'സ്വർഗ്ഗത്തിന്റെ ഈ ദോഷങ്ങൾ വലിച്ചുവച്ചതന്നെ; വേറെ നിർദ്ദോഷങ്ങളായ നിത്യലോകങ്ങളും ഉണ്ടെങ്കിൽ, പറഞ്ഞുതരിക.'

Digitized By Kerala Sahitya Akademi

ജൈമിനി:—'നരേന്ദ്ര, ദേവേന്ദ്രൻ ബ്രഹ്മലോകംവരെയുള്ളതുണ്ട്; അതിനാലത്രേ, ബുദ്ധിമാന്മാർ സ്വർഗ്ഗത്തെ ആഗ്രഹിക്കാത്തത്. ബ്രഹ്മലോകത്തിനും മുകളിലായി, വിഷ്ണുവിന്റെ പരമപദം വിളങ്ങുന്നു. അതുതന്നെയാണ്, ശുദ്ധമായ സനാതന ജ്യോതിസ്സെന്നും പരബ്രഹ്മമെന്നും പറയപ്പെടുന്നതു്. മദം, ലോഭം, ഭയം, ക്രോധം, ദ്രോഹം, മോഹം എന്നിവയുള്ള വിഷയികളായ മൂഢന്മാർ അവിടെ ചെല്ലുകയില്ല; നിർമ്മലരും നിരഹങ്കാരരും നിർദ്വന്ദ്വരും നിയന്ത്രിതേന്ദ്രിയരും ധ്യാനയോഗനിരതരുമെ അവിടെ ചെല്ലുകയുള്ളൂ. ഇതാ, അങ്ങു ചോദിച്ചതെല്ലാം ഞാൻ പറഞ്ഞുതന്നു.'

ഇങ്ങിനെ സ്വർഗ്ഗത്തിലെ അവസ്ഥകളും കേട്ടിട്ടു സുബാഹുവായ പൻവാഗ്മിയായ ജൈമിനിയോടു പറഞ്ഞു:—'മഹർഷേ, ഞാൻ സ്വർഗ്ഗത്തിലേയ്ക്കു പോകയില്ല; എനിയ്ക്കു വേണ്ടതാണും. വീണ്ടും അധഃപതനം വരുമെന്നല്ലേ പറഞ്ഞതു്? അത്തരം കർമ്മം ഞാൻ ചെയ്കയില്ല—ഞാൻ ഒരിക്കലും ദാനം അനുഷ്ഠിക്കാൻ വിചാരിയ്ക്കുന്നില്ല. ദാനം ഫലാപേക്ഷയോടുകൂടിയതാകയാൽ, പതനം വരും; സംശയമില്ല! ഞാൻ ധ്യാനയോഗംകൊണ്ടു ലക്ഷ്മീവല്ലഭനെ ആരാധിച്ചു, ദുഃഖവും നാശവുമില്ലാത്ത വിഷ്ണുലോകം പൂകുന്നുണ്ടു്.'

ജൈമിനി:—'രാജാവേ, എല്ലാ ശ്രേയസ്സുകളും അടങ്ങിയതും സത്യവുമാണ് ഭവാൻ പറഞ്ഞതു്. എന്നാൽ, രാജാക്കന്മാർ ദാനശീലരായി മഹായജ്ഞങ്ങളും ചെയ്തുകൊണ്ടിരിയ്ക്കും. യജ്ഞങ്ങളിൽ എല്ലാ ദാനവും പതിവുണ്ടല്ലോ: ഒന്നാമതായി അന്നം, പിന്നെ വസ്ത്രം, താംബൂലം, കാഞ്ചനം, ഭൂമി, ഗോവു് എന്നിവയെല്ലാം നൽകപ്പെടുന്നു; ആ സുകൃതത്താൽ അവർ വിഷ്ണുലോകം പ്രാപിയ്ക്കുകയും ചെയ്യുന്നു.'

തപസ്വികൾപോലും, ഭിക്ഷവാങ്ങി സ്വസ്ഥാനത്തു തിരിച്ചെത്തിയാൽ, ഭിക്ഷാന്നത്തെ പകുത്തുവെയ്ക്കാറുണ്ടു്: ഒരുപങ്കു ബ്രാഹ്മണനും, ഒരുപങ്കു ഗോക്കൾക്കും, ഒരു പങ്കു സമീപസ്ഥനും നൽകുന്നു. അതിനാൽ അന്നദാനം വെറുതെയാവില്ല; അതു ചെയ്യുവർ പൈതൃകങ്ങളെ നേരിടാതെ വിഷ്ണുലോകത്തു ചെന്നുചേരും. മഹാരാജാവേ, ഭവാനും ന്യായാർജ്ജിതമായ ധനംകൊണ്ടു ദാനം ആചരിച്ചുകൊൾക. ദാനത്താൽ ജ്ഞാനവും, ജ്ഞാനത്താൽ സിദ്ധിയുമടയാം.

Digitized By Kerala Sahitya Akademi

ഈ ശ്രേഷ്ഠമായ പുണ്യ ധ്യാനം ആർ ശ്രവിയ്ക്കുന്നവോ, അവൻ പാപമെല്ലാം വേർപെട്ട വിഷ്ണുലോകം പ്രാപിയ്ക്കും.

ശ്രീപദ്മമഹാപുരാണം, ക്രിയായോഗം, ഗ്രന്ഥതീർത്ഥകരണം, വേദവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, സപ്തർഷിലോകഗ്രഹണദോഷകഥനം, തൊണ്ണൂറാമധ്യായം.

———(o)———

തൊണ്ണൂറാമധ്യായം

സുബ്രഹ്മ:—'ഏതുതരം ദുഷ്കർമ്മംകൊണ്ടാണ് നരകം പോകുക? ഏതുതരം സൽക്കർമ്മം കൊണ്ടാണ് സ്വർഗ്ഗം പോകുക? അതെനിയ്ക്ക് പറഞ്ഞുതരുമാറാകണം.'

ജൈമിനി:—

[ശ്ലോകങ്ങൾ]

സത്ബ്രാഹ്മണ്യംവെടിഞ്ഞേറ്റം ലുബ്ധരായ് ഭവിച്ച [വേലയാൽ
നാൾകഴിയ്ക്കുന്നതെവനാവിപ്രൻ നരകമാണ്ടുപോം.

മദ്യാദവിട്ടോർ, വിഷയഭോഗക്കൊതിയർ, നാസ്തികർ,
ദാംഭികന്മാർ, കൃതഘ്നന്മാരെല്ലാം നരകമാണ്ടുപോം.

യിപ്രരോടേറെരച്ചിട്ട ധനം നൽകാത്ത ക്രൂരം,
ബ്രഹ്മസ്വം കയ്യടക്കീടുന്നോരും നരകമാണ്ടുപോം.

മേനിക്കാരേ,ഷണിക്കാരും, ദോഷംചൊല്ലുന്ന ക്രൂരരും
പേരാത്തയ്യ പുലമ്പീടുന്നോരും നരകമാണ്ടുപോം.

പരന്മാരെദ്വേഷിയ്ക്കുന്നോർ, പരസ്വം കൈക്കലാക്കുവോർ,
പരശ്രീകണ്ടു ദുഃഖിക്കുന്നോരും നരകമാണ്ടുപോം.

പ്രാണികൾക്കെപ്പൊഴും പ്രാണസങ്കടം നൽകുവോർകളും,
പരന്മാരെപ്പഴിച്ചീടുന്നോരും നരകമാണ്ടുപോം.

ക്രൂപം, തോട്ടം, കുളം, തണ്ണീർപ്പന്തലും പാഴ്പെടുത്തുവോർ
പൊയ്കവെട്ടിത്തുറന്നീടുന്നോരും നരകമാണ്ടുപോം.

Digitized By Kerala Sahitya Akademi

ശിഷ്ടസ്ത്രീധികളുപുലത്താത്ത ജനങ്ങളും
ചിത്രാഭോക്തൃമുടിപ്പോരും നരകമാണ്ടുപോം.
സന്ധ്യാസമയത്തുദിക്കുന്നോരാദിത്യനെത്തുദിക്കുവോർ,
സഖാക്കളെട്ടിപ്പോരുമെല്ലാം നരകമാണ്ടുപോം.
ഞരിതരാടിപുരുഷർ പാരിനെല്ലാം മഹേശ്വരൻ,
ആ വിഷ്ണുവെ സ്മരിക്കാത്തോർ നൂനം നരകമാണ്ടുപോം.
യജ്ഞായജ്ഞാക്ഷരം, സാധുക്കരം, കന്യ, ശുദ്ധാശയൻ, ഗുരു
ഇവരേ ദൂഷണംചെയ്യും നരൻ നരകമാടുപോം.
മരത്തിൻതടിയാൽ, കല്ലാൽ ശൂലത്താൽ കറിക്കൊണ്ടുതാൻ
എവൻ വഴിമുടക്കുന്നിതവൻ നരകമാണ്ടുപോം.
അതിലും ചെറു വിശ്വാസമില്ലാത്തോരും സ്മരാർത്തരും
എല്ലാരുടേയും ചോരണ്ണുന്നോരും നരകമാണ്ടുപോം.
വകയില്ലാഞ്ഞു കൊറിന്നായ് വന്നുചേരുന്ന വിപ്രരിൽ
അതരം വിട്ടപെരുമാറുന്നോർ നരകമാണ്ടുപോം.
ക്ഷേത്രം, വൃത്തി, ഗൃഹം, പ്രീതി,യാശയെന്നിവയെസ്വയം
ചേരടിച്ചുകളയും ക്രൂരർ നൂനം നരകമാണ്ടുപോം.
ശല്യശസ്ത്രങ്ങളും വില്ലുമുണ്ടാക്കുന്ന ജനങ്ങളും,
വില്ക്കുന്നക്രൂരരും രാജമൌലേ, നരകമാണ്ടുപോം.
അനാഥരുവെഷ്ണവാതങ്കിടീനവൃദ്ധാജനങ്ങളിൽ
ദയതോന്നാത്ത മൂഢന്മാരെല്ലാം നരകമാണ്ടുപോം.
നിയമംമുൻപു കൈക്കൊണ്ടിട്ടജിതേന്ദ്രിയതവശാൽ
പിന്നെത്തെറ്റിനടക്കുന്ന നരൻ നരകമാണ്ടുപോം.

ഇങ്ങിച്ചൊല്ലിത്തരാം സ്വർഗ്ഗം ഗമിക്കുന്ന ജനങ്ങളെ;
ഇന്നിനിവക്കുംസ്വർല്ലോകഭോഗമെന്നായ കേൾക്ക നീ:
സത്യജ്ഞാനതപോധ്യാനദയാദ്യനശീലരായ്
ധർമ്മത്തെയനവത്തിക്കും നരർ വിണ്ണിലണഞ്ഞിടും.
ഹോമതല്പരരും ധ്യാനദേവതാർച്ചനശീലരും
ശ്രുത്യാചാരരും മഹാന്മാരും നൂനം വിണ്ണിലണഞ്ഞിടും.
ശ്രുത്യാചാര്യശ്ശ്രുതിശ്രേത്തിൽ വിഷ്ണുധ്യാനനിലീനരായ്
വിഷ്ണുഗായത്രിചൊല്ലുന്നോരെല്ലാം വിണ്ണിലണഞ്ഞിടും.

Digitized By Kerala Sahitya Akademi

മാതാപിതാക്കളെബ്ഭക്ത്യാ ശുശ്രൂഷിയ്ക്കുന്ന മത്സ്യങ്ങം
പകൽനേരത്തുറങ്ങാടാത്തോരും വിണ്ണിലണഞ്ഞിടും.

സഹിംസാനിവൃത്തന്മാരെവർ സ്വഹിതൈഷികരും
സാധുസംസർഗ്ഗികളെവരവർ വിണ്ണിലണഞ്ഞിടും.

ദുഷ്കർമ്മമാരെ മാനിച്ചു ശുശ്രൂഷിയ്ക്കും ജനങ്ങളും,
ദാനം വാങ്ങാതെയുള്ളോരും ന്യൂനം വിണ്ണിലണഞ്ഞിടും.

മൻകർമ്മത്താലതല്ലെങ്കിൽക്കാമാക്രോശയേങ്ങളാൽ
നിസ്പരായോമെനിന്ദിക്കാത്തവൻ വിണ്ണിലണഞ്ഞിടും.

ന്യായിരംപേർക്ക് ചോറേകിയവരായിരമേകിയോർ
ന്യായിരംപേരെ രക്ഷിച്ചോർവർ വിണ്ണിലണഞ്ഞിടും

ന്യത്മസപ്തപമറിവോൻ ക്ഷമാവാൻ യൌവനത്തിലും
ജിതേന്ദ്രിയനെവൻ വീനവൻ സപ്തർഷിമണിഞ്ഞിടും.

അന്നവസ്ത്രങ്ങളേം കനകം ഗോക്കളേം ഭൂവെന്നിവറിനെ
ദാനംചെയ്യവരെപ്പോരും ന്യൂനം വിണ്ണിലണഞ്ഞിടും.

ഇരിപ്പിടങ്ങളേം, ധാന്യങ്ങളേം ധനങ്ങളിവ നന്മയിൽ
താൻതാനണ്ടാക്കി നൽകുന്ന ധന്യൻ വിണ്ണിലണഞ്ഞിടും.

ശത്രുക്കളോടേയുംദോഷമൊചെയ്യാത്തഹൃദന്തം
ഗുണം വണ്ണിച്ചുപറയുന്നവൻ വിണ്ണിലണഞ്ഞിടും.

വിജ്ഞതമകനെങ്കിൽമോടിച്ചു ദാനം നൽകി പ്രിയോക്തിയായ്
ദാനത്തിൻഫലമിച്ഛിക്കാത്തവൻ വിണ്ണിലണഞ്ഞിടും.

പാപ്രീകനെങ്കിലഴലും സ്വർഗ്ഗവും തോന്നിടാതെ താൻ
മനംകളിത്തു കൊണ്ടാടുന്നവർ വിണ്ണിലണഞ്ഞിടും.

പ്രവൃത്തിയിങ്കലും രാജൻ, നിവൃത്തിയിലുമേതവൻ
മുനിശ്രേഷ്ഠകർമമേ ചെയ്യുമവൻ വിണ്ണിലണഞ്ഞിടും.

ഒരാളോടും വിപ്രിയമൊന്നരപ്പാൻ പടുവല്ലവൻ,
പ്രിയമാം വാക്യമേ ചൊല്ലുമവൻ വിണ്ണിലണഞ്ഞിടും.

അന്നത്തിലൊരു പങ്കേവൻ ശ്രാന്തക്കാന്ത് നീക്കിവെപ്പിതോ,
ഫന്തകാരപ്രദാതാവാമവൻ വിണ്ണിലണഞ്ഞിടും.

കള്ളും കിണറും തണ്ണീർപ്പന്തലും പാർപ്പിടങ്ങളും
തോപ്പും പൊയ്കയുമുണ്ടാക്കിപ്പുവർ വിണ്ണിലണഞ്ഞിടും.

Digitized By Kerala Sahitya Akademi

അസത്യന്മാരിലും സത്യം, വക്രന്മാരിലുമാർജ്ജവം,
ദാനം,പ്രിയോക്തിയിവയുള്ളവൻ വിണ്ണിലണഞ്ഞിടും.
കലമേതാകിലും, ഭീർഘ്ഘായസ്സുംവളരെമക്കളും
സദ്വൃത്തിയുംകനിവുമുള്ളവൻ വിണ്ണിലണഞ്ഞിടും.
ധർമ്മമൊന്നിനാൽ സർവ്വനാളും സഫലമാക്കുവോർ
മുടങ്ങാതെ വ്രതംകൊരംവോരവർവിണ്ണിലണഞ്ഞിടും.
ശത്രുമിത്രങ്ങളെത്തുല്യദൃഷ്ട്യാകണ്ടുപുകഴ്ത്തുവോർ
ശാന്താത്മാക്കളും ജിതാത്മാക്കളവർ വിണ്ണിലണഞ്ഞിടും.
ഭയാതുരരെയും വിപ്രന്മാരെയും സ്ത്രീജനത്തെയും
വണിക്സംഘത്തെയും രക്ഷിപ്പവർ വിണ്ണിലണഞ്ഞിടും.
ഗംഗയിൽപുഷ്കരത്തിങ്കൽവിശേഷാൽ ഗയയിങ്കലും
പിണ്ഡം പിതൃക്കൾക്കർപ്പിക്കുന്നവർ വിണ്ണിലണഞ്ഞിടും.
ഇന്ദ്രിയങ്ങൾക്കടിപെടാതവയെസ്സംയമിപ്പവർ
ന്യക്കുതലോളമെയക്രോധരവർ വിണ്ണിലണഞ്ഞിടും.
മെയ്യിൽക്കടിയ്ക്കും പേനീച്ച മുട്ട തൊട്ടവയേയുമേ
മക്കളെപ്പോലെ രക്ഷിക്കുന്നവർ വിണ്ണിലണഞ്ഞിടും.
ചിത്തേന്ദ്രിയങ്ങളെയവർ നിയന്ത്രിക്കുന്നിതെപ്പോഴും,
പരോപകാരികളെവരവർ വിണ്ണിലണഞ്ഞിടും.
യജ്ഞങ്ങളെ ന്മഥാശാസ്ത്രമാചരിപ്പവർ, ദാനശീ
ലവന്ദ്യങ്ങളൊട്ടുക്ക സഹിപ്പോരും വിണ്ണിലണഞ്ഞിടും.
കർമ്മണാ മനസാ വാചാ പരനാരീജനങ്ങളെ
സ്പർശിക്കാത്തവർ സത്പഥസ്ഥർ ശൂരർ വിണ്ണിലണഞ്ഞിടും.
അന്യതോക്തവ ചെയ്യാത്തോരവർ വേണ്ടതു ചെയ്യുവോർ
ആത്മശക്തിയറിഞ്ഞോരാരവർ വിണ്ണിലണഞ്ഞിടും.

രാജാവേ, ഇന്നയിന്നകർമ്മങ്ങൾകൊണ്ടു ഗർഹ്യതിയും സൽഗതിയും ലഭിക്കുമെന്നുള്ളതു ഞാൻ ശരിയ്ക്കു ഭവാനോടു പറഞ്ഞു കഴിഞ്ഞു. പരമാർത്ഥപ്രതികൂലം ചെയ്യുന്നവൻ മഹാദുഃഖദമായ ഘോരനരകത്തിൽ പതിയ്ക്കും; മറ്റുള്ളവയ്പ്പോഴും പ്രാണികളിൽ ആനുകൂല്യനായിരിക്കുന്നവനാകട്ടെ, സുഖകരമായ മോക്ഷം അകലത്തല്ല.'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗുരുതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, ദുഷ്കർമ്മസൽകർമ്മയിരൂപണം തൊണ്ണൂറാറാമധ്യായം.

(o)

Digitized By Kerala Sahitya Akademi

തൊണ്ണൂറേഴാമദ്ധ്യായം

കഞ്ജലൻ:—ജൈമിനി പറഞ്ഞ ധർമ്മാധർമ്മഗതിയെല്ലാം കേട്ടിട്ട് രാജാവു പറഞ്ഞു:—'ബ്രാഹ്മണശ്രേഷ്ഠ, ഞാൻ ധർമ്മം ചെയ്യുന്നുണ്ട്; പാപം ചെയ്യുകയില്ല. ജഗദ്യോനിയായ ജനാർദ്ദനനെ ഞാൻ ശ്രദ്ധാഭക്തിയോടെ സേവിക്കും.'

പിന്നീട് ആ ഭൂപാലൻ അതേ ധർമ്മംകൊണ്ടു നാരായണനെ ആരാധിക്കുകയും, പലതരം യജ്ഞങ്ങൾ കഴിക്കുകയും ചെയ്തിട്ട്, സർവ്വകാമസമൃദ്ധനായി സസന്തോഷം വിഷ്ണുലോകം പ്രാപിച്ചു. എന്നാൽ വൈകുണ്ഠത്തിൽ ചെന്നിട്ടും അദ്ദേഹത്തിന്നു ദേവദേവനെ കണ്ടുകിട്ടിയില്ല; വിശപ്പും മോഹവും സഹിച്ചുകൂടാതെയുമായി. രാജാവും മറ്റുള്ളവരും പൈശാചങ്ങളാൽ പരവശരായിപ്പോയി; വിഷ്ണുവിനെ കാണായ്കയാലും വന്നിച്ച സങ്കടം നേരിട്ട്. ഫാരകണ്ഡലാദി സർവ്വാഭരണങ്ങളും വസ്ത്രങ്ങളും പുഷ്പമാലകളുമണിഞ്ഞു, ചന്ദനം പൂശി, രത്നകിരണങ്ങളാൽ സൂര്യസമാനശരീരനായ രാജാവും പ്രിയതമയും ക്ഷുൽപീഡയാൽ വാടിത്തളർന്ന് അവിടവിടെ പാഞ്ഞുനടക്കുകയായി. പാഠകന്മാർ അദ്ദേഹത്തെ സ്തുതിച്ചുകൊണ്ടിരുന്നു. ഒടുവിൽ, ദുഃഖവും ശോകവും മൂഴുത്ത വസുധേശ്വരൻ വല്ലഭയോടു പറഞ്ഞു:—'ഭദ്രേ, ഞാൻ ഭക്തിയോടുകൂടി വിമാനത്തിലേറി, മഹർഷിമാരാൽ സ്തുതിക്കപ്പെട്ടുകൊണ്ടു വിഷ്ണുലോകത്തിൽ വന്നെത്തിക്കഴിഞ്ഞു; എന്നിട്ടും വല്ലാതെ വിശക്കുന്നു! എന്തുകർമ്മത്താലായിരിക്കാം? വിഷ്ണുലോകത്തിൽ വന്നിട്ടും തന്തിരുവടിയെ കണ്ടതുമില്ല! എന്തുകൊണ്ടാണ് സുകർമ്മത്തിന്റെ മഹാഫലം എനിക്കനുഭവപ്പെടാത്തത്? ദുഃഖമാണല്ലോ വന്നുകൂടുന്നതു!

ഇപ്രകാരം സുഭാഷിതവചനം കേട്ടിട്ടു മറ്റുള്ളവർ പറഞ്ഞു:—'ഇവിടുന്നു പറഞ്ഞതു ശരിതന്നെ: ധർമ്മത്തിന്നു ഫലമില്ല. മഹാത്മാവായ ചക്രപാണിയുടെ ധ്യാനത്താലും, നാമോച്ചാരണമാത്രത്താലും മനുഷ്യർ ദുഃഖശോകങ്ങളും സർവ്വദോഷങ്ങളും വിട്ടു പുണ്യാത്മാക്കളായിത്തീരുമെന്നു വേദശാസ്ത്രപുരാണങ്ങളിൽ പറഞ്ഞുകാണുന്നുണ്ട്; ശംഖചക്രഗദാധരൻതിരുവടിയെ ഇവിടുന്ന് ആരാധിക്കുകയും ചെയ്തി

Digitized By Kerala Sahitya Akademi

ഭിക്കുന്നു. എന്നാൽ, ബ്രാഹ്മണപ്രീതികരമായ അന്നാദിദാനം ഭവാൻ ചെയ്തിട്ടില്ലല്ലോ. അതിനാലായിരിക്കാം, വിഷ്ണുഭക്തിയെ ദർശിക്കാത്തത്. മറ്റൊരു, വിശപ്പും ദാഹവും എന്നെ വരട്ടിക്കളയുന്നു.'

പ്രിയതമ പറഞ്ഞതു കേട്ടിട്ട നരേന്ദ്രൻ ചിന്താവിവശനായിത്തീർന്നു. ഉടനെ, അതിമനോഹരമായ ഒരു പുണ്യാശ്രമം കാണുമാറായി. സർവകാമപ്രദങ്ങളായ ദിവ്യവൃക്ഷങ്ങളാലും, സുരഭിലമായ ചന്ദനം തൂകിയ പലതരം പാദപങ്ങളാലും കാച്ചുനിൽക്കുന്ന കള്ളിവനങ്ങളാലും പരിവൃതമായി, വിവിധ കുസുമങ്ങളുടെ മനോജ്ഞസൗരഭ്യം വീശുന്ന ആ മഹാകീർത്തിമയമായ ആശ്രമത്തിൽ ദേവർഷിതുല്യനായ മഹർഷിമാരും യോഗിയോഗീന്ദ്രന്മാരും ബ്രഹ്മർഷിശ്രേഷ്ഠരും നിവസിയ്ക്കുന്നുണ്ട്; ഹംസകാരണ്ഡവാദി നാനാവിഹംഗങ്ങളും ഇടയ്ക്കിടെ നിർമ്മലജലം നിറഞ്ഞ വാപീകൂപതടാകങ്ങളും ആനന്ദനൃത്യമായ വാതത്തെ അലംകരിയ്ക്കുന്നുണ്ട്. സുബാഹുവും മറ്റുള്ളവരും അതിലേയ്ക്കു കടന്നു. വൈഷ്ണവശ്രേഷ്ഠനായ വാമദേവമഹർഷിയുടെ വാസസ്ഥാനമാണത്. ആ മഹാത്മാവായ മുനിപുംഗവൻ മികച്ച തേജസ്സിനാൽ സൂര്യനെന്നപോലെ സർവർക്കുമുള്ളിൽ മിന്നിത്തിളങ്ങിക്കൊണ്ടും, ഭക്തിമുക്തിപ്രദായകനായ ഹൃഷീകേശനെ ധ്യാനിച്ചുകൊണ്ടും, യോഗപട്ടം ധരിച്ചു യോഗാസനത്തിൽ സ്ഥിതിചെയ്യുന്നതു് ആ ദമ്പതിമാർ ദർശിച്ചു. ഉടനെ അവർ അടുത്തുചെന്ന് അദ്ദേഹത്തെ നമസ്കരിച്ചു. വാമദേവൻ അവരെ ആശ്ലേഷകരം കൊണ്ടെടുത്തിച്ചു, പാദ്യവും അർഘ്യവും ആസനവും മറ്റും നൽകി സൽക്കരിച്ചു; അതിനുശേഷം, മറ്റുള്ളോടുകൂടി സുഖമായി സ്ഥിതിചെയ്യുന്ന ആ ശ്രോത്രിയവതനായ മഹീപതിയോടു ചോദിച്ചു:— 'നരോത്തമ, ഭവാൻ വിഷ്ണുഭക്തനായ ഒരു വിഷ്ണുകേതനാണെന്നും ചോളരാജ്യത്തിലെ രാജാവാണെന്നും എനിയ്ക്കു ദിവ്യജ്ഞാനത്താൽ മനസ്സിലായി. അങ്ങയ്ക്കും പ്രിയപത്നിയ്ക്കും കുശലം തന്നെയല്ലോ?'

സുബാഹു:—'ഭഗവാനേ, വിഷ്ണുവിന്റെ പരമപദം പ്രാപിച്ച ഞങ്ങൾക്കു കുശലം തന്നെ. ജഗദീശനായ ജനാർദ്ദനന്തിരുവടിയെ ഞാൻ ഉറച്ച ഭക്തിയോടെ ആരാധിയ്ക്കുകയും, ആ ദേവേശന്റെ പ്രസാദിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. എന്നാൽ എനിയ്ക്കുണ്ടായ ലക്ഷ്മീവല്ലഭനെ ഞാൻ അവിടുത്തെ കാണുകയുണ്ടായില്ല; എനിയ്ക്കു വല്ലാത്ത

Digitized By Kerala Sahitya Akademi

വിശപ്പും ദാഹവും വർദ്ധിയ്ക്കുകയാൽ ഒരു പൊരുതിയുമില്ലതാനും! ഈ ദുഃഖത്തിനു കാരണമെന്താണെന്നു സമയം അന്വേഷിച്ചെയുമാറാകണം.'

വാമദേവൻ:—'മഹാരാജാവേ, ഭവാൻ വിഷ്ണുഭക്തനാണ്; എന്നെന്നും ഉറച്ചഭക്തിയോടേ, സ്നാനഗന്ധപുഷ്പാല്പചാരങ്ങളാൽ കൊണ്ടു മധുസൂദനനെ ആരാധിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. എന്നാൽ, ജഗദീശനെ നൈവേദ്യങ്ങൾകൊണ്ടും ഫലങ്ങൾകൊണ്ടും പൂജിയ്ക്കുകയുണ്ടായിട്ടില്ല. ഭവാൻ പതിവായി ഭൂമിനാളിൽ ഒരിയ്ക്കലേ ഉണ്ണാറുള്ളുവെങ്കിലും, ബ്രാഹ്മണനെ ഊട്ടിയിട്ടില്ല; ഏകാദശി നോറ്റിരുന്നുവെങ്കിലും, വിഷ്ണുവിനെ ഉദ്ദേശിച്ചു വിപ്രന്നു ഭോജനം നൽകിയിരുന്നില്ല. വിശേഷിച്ചും, അന്നദാനം ഭവാൻ ഒരിക്കലും ചെയ്തിട്ടില്ല. അന്നം ഭൂമിയിലെ അമൃതത്തേ: കട്ട, തിക്തം, കഷായം, ലവണം, അമ്ലം, മധുരം എന്നിങ്ങനെ പലതരം സസ്യങ്ങൾ ഭൂമിയിലുണ്ടല്ലോ; ആ പോഷകവസ്തുക്കളെല്ലാം അമൃതിൽ നിന്നുണ്ടായവയാണ്. അവയെ വ്യഞ്ജനങ്ങളാക്കി അന്നത്തോടുകൂടി, ദേവകർമ്മം പിതൃകർമ്മം ബ്രാഹ്മണകർമ്മം പിതൃകർമ്മം അതിഥികർമ്മം പരിജനങ്ങൾക്കും, ഇവരെ വിഷ്ണുവായി സങ്കല്പിച്ചു ദാനം ചെയ്യണം; എന്നിട്ടുവേണം ആ പീയൂഷതുല്യമായ അന്നം താൻ ഭുജിയ്ക്കുവാൻ. എന്നാൽ, പരലോകത്തു സുഖമല്ലാതെ ദുഃഖം സംഭവിക്കുകയില്ല.

രാജാവേ, ബ്രാഹ്മണരും, പിതൃക്കളും, ദേവകളും ഓരോ വയലാണ്: ഒരു കൃഷിക്കാരൻ നന്നായി കൃഷി ചെയ്യുന്നതുപോലെ, ബ്രാഹ്മണാലികളാകുന്ന വയലിൽ കൃഷി നടത്തണം. ഒന്നാമതായി സത്സംഭാവമാകുന്ന കലപ്പകൊണ്ടു ഉഴുക: അതിന്നുള്ള രണ്ടു കാളകളാണ് ബുദ്ധിയും തപസ്സും; സന്ന്യാസജ്ഞാനങ്ങളാണ് നുകത്തണ്ടുകൾ; ശുദ്ധമായ അന്തഃകരണമാണ് ചാട്ടവാർ. കൃഷിക്കാരൻ കണ്ണത്തിലെ കളപറിച്ചുനീക്കി വെട്ടുപുക്കാറുണ്ടല്ലോ; അതുപോലെ ശുഭവചനങ്ങൾകൊണ്ടു ബ്രാഹ്മണനെ പ്രസാദിപ്പിയ്ക്കണം. വിശേഷദിവസവും തീർത്ഥസമാഗമവും വൃഷ്ടിപ്രായംമേതേ; അപ്പോൾ, വയലുടമസ്ഥൻ വിതകഴിയ്ക്കാറുള്ളതുപോലെ സൽ ബ്രാഹ്മണനിൽ ധനം വാരി വിതറണം. വയലിൽ വിതച്ചതിന്റെ ഫലം വയലുടമസ്ഥനു കിട്ടുമല്ലോ; അതുപോലെ, ദാനഫലം ദാതാവിനും അനുഭവപ്പെടും—ഇഹത്തിലും പരത്തിലും നിത്യസംതൃപ്തി കൈവരും—സംശയമില്ല. ബ്രാഹ്മണരും, പിതൃക്കളും ദേവകളുമാകുന്ന വയലുകൾ, വിതയ്ക്കു

Digitized By Kerala Sahitya Akademi

ന്നവക്ക് തക്ക ഫലം നൽകാതിരിക്കില്ല. [രാജാവേ, എരുവുള്ളതിൽ നിന്നു മധുരവും, മധുരത്തിൽനിന്ന് എരുവുള്ളതും ഒരിക്കലും വിളയാറില്ലല്ലോ; വിതച്ച വിത്തിനൊത്തിരിയ്ക്കും ഫലം. വയലിൽ വിതയ്ക്കാതിരുന്നാലോ, ഫലം അനുഭവപ്പെടുകയുമില്ല. അതുപോലെതന്നെ, വയലുകൾപോലുള്ള ദേവദ്വിജപിതൃക്കൾ നമുക്കുപ്പെട്ടതിന്റെ ഫലം തീർച്ചയായും കാണിയ്ക്കും.]

ദേവന്മാർ, താൻചെയ്ത ശുഭാശുഭകർമ്മത്തിനൊത്ത ഫലം അനുഭവിച്ചുകൊള്ളുക: അങ്ങു സുശീലനാണെങ്കിലും, ദേവദ്വിജപിതൃക്കൾക്കു മിഷ്ടാന്നപാനങ്ങൾ ഒരിക്കലും നൽകുകയുണ്ടായിട്ടില്ല. പോഷ്യപോഷകാദിമധുരഭക്ഷ്യങ്ങൾ സ്വയം ഭുജിച്ചതല്ലാതെ, ഞങ്ങൾക്കൊട്ടുകൊടുക്കയുണ്ടായിട്ടില്ല. അതിൽനിന്നുതരവിച്ചതായ അന്നംകൊണ്ടു സ്വന്തം ശരീരം പോഷിപ്പിക്കുകയേ ചെയ്തിട്ടുള്ളൂ; അതിനാലാണ് വിശപ്പ് ബാധിക്കുന്നതു്. ദേഹികൾക്കു സുഖദുഃഖങ്ങൾക്കും ജനനമരണങ്ങൾക്കുമൊക്കെ കർമ്മമാണ് കാരണം. അതിനാൽ കർമ്മഫലം അനുഭവിയ്ക്കുകതന്നെവേണം. പണ്ടും പല മഹാത്മാക്കളും സൽകർമ്മങ്ങൾകൊണ്ടു സ്വർഗ്ഗമടയുകയും, കർമ്മക്ഷയത്തിൽ വീണ്ടും ഭൂമിയിലേയ്ക്കുതന്നെ പോകയും ചെയ്തിട്ടുണ്ടു്. നളൻ, ഗയൻ, ഗാധിപുത്രൻ, വിശ്വാമിത്രൻ, യുധിഷ്ഠിരൻ എന്നിവർ യഥാകാലം സ്വർഗ്ഗം പ്രാപിച്ചതു കർമ്മങ്ങൾകൊണ്ടുതന്നെയാണു്. ദൈവം എന്നതു പൂർവ്വകർമ്മമത്രേ. അതു സുഖത്തേയും ദുഃഖത്തേയും നൽകുന്നു. അതിനെ ലംഘിപ്പാൻ ഈശ്വരനും കഴിയില്ല. സ്വർഗ്ഗത്തിൽ വന്നു ചേർന്നിട്ടും അങ്ങയ്ക്കു ഭൈമാഹങ്ങൾ ബാധിച്ചതിനു കാരണം, അങ്ങയുടെ ദുഷ്കർമ്മം തന്നെയാണ്. വിശപ്പ് അടയ്ക്കേണമെങ്കിൽ, അനന്തവനത്തിൽ കിടപ്പുള്ള അങ്ങയുടെ ശവം ചെന്നു ഭക്ഷിച്ചുകൊൾക. അങ്ങയുടെ ഈ മഹാറാണിയും വിശന്നു വലഞ്ഞിരിക്കുന്നവല്ലോ!'

സുധാഹൃ:—'മഹാപ്രാജ്ഞനായ മുനിശ്രേഷ്ഠ, എന്തുദാനം കൊടുത്താൽ എന്തു പുണ്യം കിട്ടും? ഇതു, സദയം പറഞ്ഞുതരിക.'

വാമദേവൻ:—'ധീമൻ, അന്നപാനങ്ങൾ ദാനംചെയ്യാൽ മനുഷ്യനു സ്വർഗ്ഗത്തിൽ മഹാസുഖം അനുഭവിക്കാം; പാതകങ്ങൾ പറകയില്ല. സാധാരണമായി ദാനം ചെയ്തില്ലെങ്കിലും, മരണസമയത്തു് എല്ലാദാനവും ചെയ്യണം. ഒന്നാമതായി അന്നപാനങ്ങൾതന്നെയാണ് നൽകേണ്ടതു്; നല്ല കട, ചെരിപ്പ്, ജലപാത്രം, ഭൂമി, സപ്തധാന്യം, പ

Digitized By Kerala Sahitya Akademi

ശ്ര എന്നിവയേയും നൽകണം. ഇവ എട്ടും ദാനംചെയ്യുവനെ സ്വർഗ്ഗത്തിൽ പൈതാഹങ്ങളും മറ്റും ബാധിക്കുകയില്ല. അന്നപാനപ്രദോതാവ് എപ്പോഴും പൈതാഹങ്ങളെ പിടിപെടാതെ സംരക്ഷിക്കുന്നവനായിരിക്കും; ഛത്രദാനംകൊണ്ടു നല്ല തണലും, ചെരുപ്പു നൽകിയാൽ വാഹനവും കിട്ടും; ഭൂമിദാനം ഭോഗസമൃദ്ധിയെ ഉളവാക്കും; പശുദാനം ചെയ്യുവൻ മനുഷ്യങ്ങളാൽ പുഷ്ടനായി സ്വർഗ്ഗത്തിൽ സുഖിച്ചു വാഴും; തൃപ്തി, ആരോഗ്യം, സുഖം, സന്തോഷം, അധഃപതനമില്ലായ്മ എന്നിവയും പശുദാനത്താൽ സിദ്ധിക്കും; സ്വർണ്ണം കൊടുത്താൽ വർണ്ണം നന്നാകും; രഥം കൊടുത്തവനു ശ്രുതഞ്ജത്വവും ശ്രീയും ഔദാര്യവും ഉണ്ടായിവരും; മരണസമയത്തു് എള്ളു ദാനംചെയ്യുവൻ സർവ്വഭോഗങ്ങളും നേടി വിഷ്ണുലോകം പ്രാപിയ്ക്കും.

ഈ വക ദാനങ്ങളാൽ കൊണ്ടതേ ഉൽകൃഷ്ടസുഖം കിട്ടുന്നു്. രാജേന്ദ്ര, പോനോ, ശോവിനെയാകട്ടെ ഭ്രവിനെയാകട്ടെ അന്നമാകട്ടെ വെള്ളമാകട്ടെ ആയുഷ്കാലത്തും കൊടുത്തിട്ടില്ല; മരണസമയത്തും കൊടുത്തിട്ടില്ല. അതിനാലാണ് വിശപ്പു പിടിപെട്ടതു്. ചെയ്ത കർമ്മത്തിനൊത്തിരിയ്ക്കും അനുഭവം.

സുബാഹു:—'മഹർഷേ, എങ്ങിനെയാണ് എനിക്കു വിശപ്പുമാറുക? ഇതു് എന്റെ ദേഹത്തെ വല്ലാതെ വരട്ടി വലയ്ക്കുന്നു! അതിനാൽ ക്ഷുന്നിവൃത്തിക്കായി ഇതിലേതാരുകർമ്മത്തിനു് ഒരു പ്രായശ്ചിത്തം പറഞ്ഞുതരിക.'

വാമദേവൻ:—'നരേന്ദ്ര, അനുഭവിച്ചു തീരുകയല്ലാതെ പ്രായശ്ചിത്തമൊന്നുമില്ല. അതിനാൽ കർമ്മഫലമെല്ലാം അങ്ങു് അനുഭവിക്കുകതന്നെ. അങ്ങയുടേയും ഭാര്യയുടേയും ദേഹം എവിടെ കിടക്കുന്നുവോ; അവിടെ സ്മരണപൂർവ്വം ചെന്നതിങ്കൽ രണ്ടുപേരും അവരവരുടെ ശവം ഭക്ഷിക്കണം; അതു രണ്ടും അക്ഷയമായിത്തന്നെയിരിക്കും.'

സുബാഹു:—'എത്രകാലം ഞങ്ങൾ അതു തിന്നണം? അതുകൂടി ഉപദേശിച്ചാലും: അങ്ങയുടെ വാക്കാണ് എനിയ്ക്കു പ്രമാണം.'

വാമദേവൻ:—'മാപാപങ്ങളെ നശിപ്പിക്കുന്ന വാസുദേവസ്തോത്രം എന്നെ ഭവാൻ ശ്രവിയ്ക്കുമോ, അന്നു മുക്തനാകും. എല്ലാം ഞാൻ പറഞ്ഞുതരുന്നു; യഥേഷ്ടം ചെന്നു് അതു ചെയ്തുകൊൾക.'

Digitized By Kerala Sahitya Akademi

ഇപ്രകാരം, ആ രാജാവു ഭാര്യയോടുകൂടി വന്നു, നാരീതോഷം തന്റെ ശരീരം ഭക്ഷിച്ചുപോരുന്നു. അയ്യ എപ്പോഴും പൂർണ്ണമായിരുന്നെങ്കിൽ. രാജാവിന്റെ ഈ കഥ കേട്ടിട്ടു ദേവേന്ദ്രനും ദേവകളും ചിരിയ്ക്കുകയായി. ഒരു നൂറാണ്ടിന്നു ശേഷം, രാജാവു വാമദേവമഹർഷിയെ സ്മരിച്ചു, ആത്മാവിനെ നിന്ദിച്ചു:—'ഞാൻ ഒരിക്കലും ദേവകളേയും പിതൃക്കളേയും ബ്രാഹ്മണരേയും അതിഥികളേയും പൂജിയ്ക്കുകയുണ്ടായില്ല; അതിന്റെ ഫലമാണ് ഈ അനുഭവിച്ചുപോരുന്നതു്. ഭീനർ, ആതുരർ എന്നിവർക്കും ഞാൻ മനസ്സലിഞ്ഞു ഒന്നും നൽകിയിട്ടില്ല!' എന്നിങ്ങനെ തന്റെ കർമ്മത്തെ നിന്ദിച്ചുകൊണ്ടു് അദ്ദേഹം സ്വശരീരം ഭക്ഷിയ്ക്കുകയായി.

വിശപ്പുമൂത്ത രാജാവും രാജ്ഞിയും തങ്ങളുടെ ശവം തിന്നുമ്പോൾ, അതുകണ്ടു ചിരിക്കുന്ന സ്ത്രീകൾ പ്രജ്ഞയും ശ്രദ്ധയുമാണു്. 'എന്റെ സംസർഗ്ഗമുണ്ടായിട്ടും പാപി ജ്ഞാനം പ്രാപിച്ചില്ലല്ലോ' എന്നിങ്ങനെ പ്രജ്ഞ രാജാവിനെ ഉപഹസിയ്ക്കുന്നു. 'രാജാവേ, നിന്നെ മയക്കിയ വ്യാമോഹം എവിടെപ്പോയി? നീ മേഹലോഭങ്ങളാൽ ഇരുട്ടുകുഴിയിൽ വീണുപോയി. ജ്ഞാനമാർഗ്ഗം വിട്ടു ലോഭമാർഗ്ഗത്തിൽ ചെന്നണഞ്ഞു നീ വന്നിച്ച വിശപ്പുമൂലം വല്ലവിധേനയോടാന്നിച്ചു സ്വന്തം ശവം തിന്നുകൊള്ളുക' എന്നു, ശ്രദ്ധയും സതീനായ സുബാഹുവിനെ പരിഹസിച്ചുപോരുന്നു. ദേഹദേഹിയായ രാജാവിനോടു 'ദേഹി, ദേഹി' എന്നിരക്കുന്ന മറേറ രണ്ടു പെണ്ണഴകും ക്ഷുധയും തൃഷ്ണയുമത്രേ ആ ഭയങ്കരാകാരമായിരുവരും നരേന്ദ്രനോടു് അന്നപാനങ്ങൾ യാചിയ്ക്കുകയാണു് ചെയ്യുന്നതു്.

മകനേ, നീ ചോദിച്ചതെല്ലാം ഞാൻ പറഞ്ഞു കഴിഞ്ഞു. ഇനി യെന്താണ് പറയേണ്ടതു്? ആവശ്യപ്പെട്ടുകൊൾക'

വിജ്വലൻ:—'അച്ഛ, ക്ഷണത്തിൽ വിഷ്ണുവിന്റെ പരമപദമാക്കുന്ന മോക്ഷത്തെ പ്രാപിപ്പിക്കുന്നതായ വാസുദേവസ്തോത്രം എനിയ്ക്കൊല്ലിഞ്ഞാലും.'

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ശ്രുതിസ്മൃതിപ്രകരണം, യോഗിഷ്ഠസംവാദം, ച്യവനോപാഖ്യാനം സുബാഹ്വാദികഥാത്മകമായ ഒന്നാം തെറ്റുറവഴിമലപ്പുറം.

(o)

Digitized By Kerala Sahitya Akademi

തൊണ്ണൂറെട്ടാമധ്യായം

വിഷ്ണു: —വിശിഷ്ടനായ വിജ്വലൻ ഇങ്ങനെ അറിയിക്കപ്പെട്ടപ്പോൾ, വാഗ്മികളിൽ ശ്രേഷ്ഠനായ കുഞ്ജലൻ സർവ്വക്ലേശനാശനനും സർവ്വമംഗളദാതാവുമായ വാസുദേവനെ ധ്യാനിച്ചുവണങ്ങി, പുണ്യമായ വാസുദേവസ്തോത്രം ഉപദേശിച്ചുകൊടുത്തു. ശാന്തിയും പുഷ്ടിയും ജ്ഞാനവും—സർവകാമങ്ങളും—നൽകുന്ന ആ മോക്ഷസുഖദായകമായ സ്തോത്രമെല്ലാം അച്ഛനിൽനിന്നു ഗ്രഹിച്ച വിജ്വലവിഷ്ടംശേന്ദ്രൻ അങ്ങോട്ടുപോകാൻ നിശ്ചയിച്ച്, അച്ഛനോടു വിടചോദിച്ചു. ഇങ്ങിനെ ഉപകാരം ചെയ്വാനൊരുങ്ങിയ മഹാജ്ഞാനിയായ മകനോടു ധർമ്മശീലനായ കുഞ്ജരൻ പറഞ്ഞു:—'മകനേ, ആ സുബാഹുരാജാവിന്റെ പാപം വളരെ വലുതാണ്. നീ ചെന്ന് ഈ വിശിഷ്ടമായ ശ്രീവാസുദേവസ്തോത്രം, അദ്ദേഹം കേൾക്കെ ചൊല്ലിക്കൊടുക്ക. കേൾക്കുന്തോറും അദ്ദേഹത്തിനു വിഷ്ണുപ്രസാദത്താൽ ജ്ഞാനം വർദ്ധിക്കും; സംശയമില്ല.'

സന്തുഷ്ടനായ വിജ്വലൻ അച്ഛനോടു വിടവാങ്ങി, ക്ഷണത്തിൽ പറന്നുപോയി പുണ്യമായ ആനന്ദവനത്തിൽ ചെന്നെത്തി ഒരു മരത്തിന്റെ കൊമ്പത്തു, രാജാവു വിമാനത്തിൽ വരുന്നതും കാത്തിരിപ്പായി. 'എപ്പോഴാണ് സുബാഹുവനം ഭാഗ്യവും വന്നെത്തുക? അവിടെ എപ്പോൾ ഈ സ്തോത്രംകൊണ്ടു ഞാൻ പാപമുക്തരാക്കും!' എന്നിങ്ങിനെ ചിന്തിച്ചുകൊണ്ടിരിക്കെ, ഗന്ധവാഹസമ്സ്പർശനമനോഹരമായ കിങ്കിണിച്ചാർത്തണിഞ്ഞ വിമാനം വന്നുചേർന്നു. അന്നപാനങ്ങളൊഴിച്ചു മറ്റെല്ലാ ഭോഗ്യങ്ങളുമുള്ള ആ വിമാനത്തിൽ സ്ഥിതിചെയ്തിരുന്ന രാജാവു ഭാര്യയോടൊന്നിച്ചു സന്തുഷ്ടിൻ തീരത്തിറങ്ങി; എന്നിട്ടു മൂർച്ചയുള്ള ആയുധമെടുത്തു ശവം മുറിച്ചുതുടങ്ങിയപ്പോഴേയ്ക്കും വിജ്വലൻ വിലക്കി:— 'ഹേ ഹേ പുരുഷപുംഗവ, ദേവതുല്യനായ അവിടുന്നു വെറും ദുരാസക്തികൊണ്ടു ചെയ്യരുതാത്ത ഈ കർമ്മം അറിഞ്ഞുകൂടാതെ ചെയ്യുന്നുവല്ലോ! അതുകൊണ്ടു ചോദിക്കയാണ്—ഇതെന്തൊരു ദൈവദോഷമാണ്? എന്തുകൊണ്ടാണ്, സർവദാ ലോകനിന്ദ്യവും വേദോചാരവിരുദ്ധവുമായ ഈ ദുഷ്കൃതം ചെയ്യാൻ അങ്ങുന്നൊരുമ്പെട്ടത്തു? ഇതിന്റെ കാരണമെല്ലാം ശരിയ്ക്കു പറഞ്ഞാൽക്കൊള്ളാം.'

Digitized By Kerala Sahitya Akademi

മഹാത്മാവായ വിജ്വലന്റെ ഈ ചോദ്യം കേട്ടിട്ട് രാജേന്ദ്രൻ ഭയിത്രയോടു പറഞ്ഞു:—'പ്രിയേ, പാപിയായ ഞാൻ ഒരു ആറാണ്ടായല്ലോ, ഇതു തിന്നുതുടങ്ങിയിട്ട്; ഇതുപോലെ ഒരിക്കലും ചോദിയ്ക്കുകയുണ്ടായിട്ടില്ല. സർവ്വഭക്ഷനാശനമായ ഈ വചനം കേട്ടിട്ട്, ക്ഷുൽപീഡിതനായ എനിയ്ക്ക് മനസ്സിന്നൊരു ശമവും ആശ്വാസവും തോന്നുന്നു. ചാരുഹാസിനി, ഇതാരായിരിക്കാം—യമനോ, വരുണനോ, വാസവനോ? അല്ലെങ്കിൽ ഒരു സിദ്ധനായ മുനിശ്രേഷ്ഠനാണെന്നു വരാം!' ഭർത്തൃഭാഷിതം കേട്ടിട്ട് പതിവ്രതയായ പത്നി പറഞ്ഞു:—'പ്രാണനാഥ, അങ്ങു പറഞ്ഞതു സത്യംതന്നെ. എനിയ്ക്കും ഇതൊരത്യത്ഭുതമായി തോന്നുന്നു. ഹിതം ചെയ്യുന്ന ഒരാളെപ്പോലെ ചോദിയ്ക്കുന്ന ഈ പക്ഷി ആരായിരിക്കാം?'

രാജാവു മതാഴികയുമായിനിന്ന പക്ഷിയോടു പറഞ്ഞു:—'പക്ഷിശ്രേഷ്ഠനായ പ്രഭോ, അങ്ങയ്ക്കു സ്വാഗതം! മഹാപ്രാജ്ഞ, ഞാൻ ഭാര്യയോടുകൂടി അങ്ങയുടെ പാദാംബുജത്തിൽ നമസ്കരിച്ചുകൊള്ളുന്നു. ഭവാന്റെ പ്രസാദത്താൽ ഞങ്ങൾക്കു പുണ്യം സിദ്ധിയ്ക്കട്ടേ! ഈ ജന്മത്തിൽ സംസാരിയ്ക്കുന്ന പക്ഷിശ്രേഷ്ഠനായ ഭവാൻ ആരാണ്? സത്തമ, നല്ലതാകട്ടേ തീയതാകട്ടേ മുൻപു ചെയ്തവച്ചതെന്തോ; അതിന്റെ ഫലം അനുഭവിച്ചേ തീരൂ.' മുമ്പു താർക്ഷ്യൻ പറഞ്ഞു കേട്ടിട്ടുള്ളതിൻവണ്ണം, വിവരമെല്ലാം സുഭാഹു വിജ്വലനെ അറിയിച്ചു, അപ്പോൾ പക്ഷീന്ദ്രൻ മറുപടി പറഞ്ഞു:—'കുഞ്ജലൻ എന്ന ഒരു തപസ്വിയാണ്, എന്റെ അച്ഛൻ; ഞാൻ അദ്ദേഹത്തിന്റെ മൂന്നാമത്തെ മകനാണ്. വിജ്വലനെന്നാണ് പേര്. മഹാരാജ, ദേവനോ, ഗന്ധർവ്വനോ, സിദ്ധനോ അല്ല ഞാൻ. ഈ ലോകമ്മം പതിവായി ഞാൻ കാണാറുണ്ട്. എത്രകാലം ഈ മഹാസാഹസം അങ്ങനെ ചെയ്യണമെന്നാണ് നിശ്ചയം?'

സുഭാഹു:—'ഭദ്രേ, മുമ്പു ബ്രാഹ്മണർ ചൊന്നതായ വാസുദേവസ്തോത്രം എന്നു ഞാൻ കേൾക്കുമോ, അന്ന് എനിയ്ക്കു ശതിവരുമെന്നാണ് ജിതാത്മാവായ മഹർഷി അരുളിച്ചെയ്തിട്ടുള്ളത്. അന്നു തീർച്ചയായും ഞാൻ പാപമുക്തനാകും.'

വിജ്വലൻ:—'അതു ഞാൻ അങ്ങയ്ക്കുവേണ്ടി അച്ഛനോടു ചോദിയ്ക്കുകയും, അദ്ദേഹം എനിയ്ക്കുപദേശിച്ചു തരികയും ചെയ്തിട്ടുണ്ട്.

Digitized By Kerala Sahitya Akademi

സത്തമ, സനാതനനമായ അഥ ഞാൻ ഇപ്പോൾതന്നെ അങ്ങയെ കേൾപ്പിക്കാം:

ഓം അസ്യ ശ്രീവസുദേവാഭിധാനസ്യോത്തരസ്യാനന്തഷ്ടുപ് ഛന്ദഃ; നാരദ ഋഷിഃ; ഓങ്കാരോ ദേവതാ. സർവ്വപാതകനാശായ ചതുർവ്വിധസാധനാർത്ഥേ ച വിനിയോഗഃ. ഓം നമോ ഭഗവതേ വാസുദേവായ ഇതി മന്ത്രഃ.

പരമം പാവനം പുണ്യം വേദാംഗം വേദമന്ദിരം
വിദ്യാധാരം മഖാധാരം പ്രണവം തം നമാമ്യഹം.
നിരാവാസം നിരാകാരം സൂക്ഷ്മാകാശം മഹോദയം
നിർഗ്ഗുണം ഗുണകർത്താരം നമാമി പ്രണവം പരം.
ഗായത്രീ സാമഗായന്താ ഗീതജ്ഞം ഗീതസുപ്രിയം
ഗന്ധർവ്വഗീതലോകാനാം പ്രണവാ തം നമാമ്യഹാ.
മഹാകാന്തം മഹോത്സാഹം മഹാമോഹവിനാശനം
ഋഗ്വിനാശാ ജഗൽസർവം ഗുണാതീതം നമാമ്യഹം.
ശ്രുതി സർവ്വശ്രുയോ ശ്രുതാ ശ്രുതാനാം ശ്രുതിവർദ്ധനഃ
സമഭാഗായ സർവ്വാത്മം നമാമി പ്രണവം പരം.
വിചാരം വേദശ്രുപം തം യജ്ഞാഖ്യം യജ്ഞവല്ലഭം
യോനിം സർവസ്യ ലോകസ്യ ഓംകാരം പ്രണമാമ്യഹം.
താരകം സർവലോകാനാം നൊശ്രുപേണ വിരാജിതം
സംസാരാർണ്ണവമഗ്നാനാം നമാമി പ്രണവം ഹരിം.
വസതേ സർവശ്രുതേഷു ഏകശ്രുപേണ നൈകധാ
ധാമരൈകവല്യശ്രുപേണ നമാമി വരദം സുഖം.
സൂക്ഷ്മം സൂക്ഷ്മതരം ശുദ്ധം നിർഗ്ഗുണം ഗുണനായകം
വർജ്ജിതം പ്രാകൃതൈർദ്ദേവൈർവേദാഖ്യം തം നമാമ്യഹം.
ദേവദൈത്യവിയോഗൈശ്ച വർജ്ജിതം തുഷ്ടിദിസ്മൃഗാ
വേദൈശ്ചയോഗിഭിർധ്യേയം തമോങ്കാരം നമാമ്യഹം.
വ്യാപകം വിശ്വവേത്താരം വിജ്ഞാനം പരമംപദം
ശിവം ശിവഗുണം ശാന്തം വന്ദേ പ്രണവമീശ്വരാ.
യസ്യ മായാം പ്രവിഷ്ടാസ്സ്മ ബ്രഹ്മാദ്യാശ്ച സുരാസുരാഃ
ന വിന്ദന്തി പരം ശുദ്ധം മോക്ഷദ്വാരം നമാമ്യഹം.

Digitized By Kerala Sahitya Akademi

(പദ്യം)

അയതാനന്ദവേരായ് പുരാവര-
നായ കേവലഹംസനെ കൈതൊഴാം!
ശ്രുജനായ് ഗുണാഢനായ് സ്വപ്രഭോ-
യുക്തനാം വാസുദേവനിങ്ങാശ്രയം.
അക്കനെപ്പോലെ മിന്നും സുദർശന-
മുദ്രപോലെ ജനുവുമേന്തിയോൻ,
ഇച്ഛരാചരങ്ങൾക്കൊരുന്നോത്തിനു
മച്ചകം, വാസുദേവനിങ്ങാശ്രയം.
സൽഗുണനിധി, സൂക്ഷ്മാലൃതി,
സന്തതമിരുട്ടില്ലാമകറുവാൻ
മീതെയക്നായ് മിന്നും യതിധർമ്മ
ഹേതുവാം വാസുദേവനിങ്ങാശ്രയം.
ദേവമുഖ്യരേതാനന്ദമുത്തിയെ-
സ്സേവനംചെയ്യ നാകം പുലർത്തുന്നിതോ,
ആസ്സുധാങ്കിയാകുന്ന ചന്ദ്രമ-
സ്സായെഴും വാസുദേവനിങ്ങാശ്രയം.
ഓങ്ങുമേ ജലം പെയ്തുമുണക്കിയും
തുംഗരോസ്കരതേജസാമിന്നവോൻ
പ്രാണിവർഗ്ഗത്തിനുള്ളിലെ വായുവായ്
വാണിടും വാസുദേവനിങ്ങാശ്രയം.
ദേവദേവനീസ്സർവലോകത്തെയു-
മാവഹിയ്ക്കും മഹാശയനാലിമൻ
തോണിപോലെ താനൊറാക്കടലിലും
വാണിടും വാസുദേവനിങ്ങാശ്രയം.
സ്ഥാവരചരങ്ങൾക്കകത്തെപ്പൊഴു-
മാവസിയ്ക്കുന്ന സർവജഗന്മയൻ
ദേവകീരുക്മിതിരുമുഖമാകുന്ന
പാവകൻ വാസുദേവനിങ്ങാശ്രയം.
പുണ്യരസൗമ്യസമസ്തരസങ്ങളാൽ
പുഷ്ടികൊള്ളുവോൻ പാരിൽഗുണപ്രദൻ
സച്ചിത്തേജസ്സിയന്ന രതാധിപ-
നച്യുതൻ വാസുദേവനിങ്ങാശ്രയം.

Digitized By Kerala Sahitya Akademi

സർവനാശനൻ സർവവും താങ്ങുവോൻ
സർവഗൻ സർവമായുമിരിപ്പവൻ
ഇന്ദ്രിയങ്ങളും ക്ലേശമെതെ ഭോഗം ഭുജി-
പ്പുന്നവൻ വാസുദേവനിങ്ങാശ്രയം.
ഏവരേയും ചരാചരലോകത്തിൽ-
ജീവരൂപനായ് നിന്നു ഭരിപ്പവൻ
കേവലൻ മഹാജ്ഞാനരൂപൻ പരി-
പാവനൻ വാസുദേവനിങ്ങാശ്രയം.
ആത്തഫലല്ലാമകറ്റുവോൻ ഭാവ-
മർദ്ദനൻ മഹാശക്തിരൂപൻ പരൻ
ദേവകരം ചെന്നാണഞ്ഞു ലയിപ്പവൻ
കേവലൻ വാസുദേവനിങ്ങാശ്രയം.
ജ്ഞാനസിന്ധു സുഖാപ്തൻ സുഖൻ സുരേ-
ശാനനോടെസ്സുഹിതൻ ഹിതൻ സുഹൃൽ
സത്യസംശ്രയൻ സത്യഗുണോപരി-
സംസ്ഥിതൻ വാസുദേവനിങ്ങാശ്രയം.
ശ്രീപതി യജ്ഞരൂപൻ പുരുഷാർത്ഥ-
രൂപനന്തമൻ സത്യസമനിതൻ
ജ്ഞാനരൂപൻ ജഗത്തുകരംക്കൊക്കയും
സ്ഥാനമാം വാസുദേവനിങ്ങാശ്രയം.
പാൽക്കടലിൽപ്പ ഫണീന്ദ്രാംഗമാം പര-
പ്പാന്ന മെത്തമേൽ പള്ളികൊള്ളുന്നവൻ
പൂമകൾ പരിപ്പായ്ത്തീർന്നാർ തലോടുവോൻ
ശ്രീമഹാവാസുദേവനിങ്ങാശ്രയം.
ചാരുപുണ്യം സതോഷി സുഖപ്രദം
ഭൂരിതീർത്ഥപ്രജ്ഞാൽ നിഷേവിതം
ശ്രീമഹാവാസുദേവന്റെ തൃപ്പദ-
ത്താരമലർ കൈവണങ്ങുന്നു ഞാൻ.
അംബുജധ്വജചക്രരേഖാങ്കിതം
കല്മഷാപഹം നൃപുരാലംകൃതം
സന്തതം വാസുദേവന്റെ തൃപ്പദ-
ച്ചെന്താളിരിണ കൈവണങ്ങുന്നു ഞാൻ.

Digitized By Kerala Sahitya Akademi

സിദ്ധനാഗേന്ദ്രദേവമഹർഷിമാർ
നിത്യമേതിനെ വാഴ്ത്തുന്ന കേതിയാൽ
ആ മഹാവാസുദേവന്റെ തൃപ്പദ-
ത്താമരമലർ കൈവണങ്ങുന്ന ഞാൻ.
അരുടെ പാദനീരിൽ മുഴുകിയോർ
ദുരിതാലരായ് ദ്യോവിലണയുന്ന,
മുക്തി നേടുന്ന തുഷ്ട്യാ മഹർഷിമാർ
നിത്യമാവാസുദേവനിങ്കാശ്രയം.
എങ്ങുവാൻ വാസുദേവന്റെ പാദനീ-
രങ്ങുതാൻ സദാ ഗംഗാദിതീർത്ഥങ്ങൾ;
അങ്ങതിൽ വിട്ടവോരോ വിശുദ്ധരായ്
മംഗലം ഹരിമന്ദിരം പൂകുമേ.
അരുടെ പദനീരാടിയാലതി-
ക്രൂരപാതകപങ്കിലന്മാരുമേ
മുക്തരായ് വരും, മാപ്പുരമേശന്റെ
പൊൽത്തിരുവടി കൈവണങ്ങുന്ന ഞാൻ.
അന്തളസീധരന്ന നിവേദിച്ച
വസ്തുക്ഷിക്കുകൊന്നതുകൊണ്ടുതാൻ
മത്സ്യനേൽക്കുന്ന വാജപേയഫല-
മത്രയല്ലഖിലാത്മ സമൃദ്ധിയും,
മായ തീണ്ടാതെ പൂർണ്ണനാകുമെവൻ
മാലകറ്റുന്ന ഹോറി നാരായണൻ
ധ്യാനവാന്മാക്ക സൽഗതി നൽകുന്ന,
തനമാവാസുദേവനെക്കുമ്പുന്നോൻ.
സിദ്ധചാരണദേവമഹർഷിമാർ
നിത്യമേതൊരു വന്ദ്യനെപ്പൂജിപ്പു;
ഭൂതസൃഷ്ടിവിധാനത്തിലേതവൻ
ധാതുമുഖ്യർക്കുമധ്യക്ഷനാകുന്ന;
ആർ കനിഞ്ഞുകരേറുന്ന സംസാര-
ഭീകരാബ്ധിയിലാണ്ടു കിടപ്പോരെ;
അബ്ജഭവാന്റെ സിദ്ധികളെല്ലാം
തൃപ്പദത്തെബ്ഭക്ത്യാ വണങ്ങുന്നോൻ.

Digitized By Kerala Sahitya Akademi

വാമനനെവൻ ത്രൈലോക്യനായകൻ
സാമഗാധിയായ് മണ്ഡപം കേറിയോ;
പാപഭീതിതൻപാട്ടിനാൽ പോക്കുമാ-
ശ്രീപതിയുടെ തുപ്പടം ക്രുപ്പുന്നോൻ.
ബ്രഹ്മതേജസ്സാടിന്ദ്രനീലപ്രഭ-
നമ്മഹായജ്ഞമണ്ഡപം പുക്കവൻ
ദാനനീർ വാങ്ങി മാബലിവീരനെ
വാനവക്കായടിമപ്പെടുത്തിയോ;
ആ വിഭുവായ വാമനമൂർത്തിയെ-
ക്കൈവണങ്ങുന്ന തദ്ദാസ്യകാംക്ഷി ഞാൻ.
ആരെയ്ക്കനിൽക്കണ്ട ദിവ്യർഷികൾ-
ഉം,ണ്ട ചന്ദ്രാർക്കരാരുടെ തേജസ്സിൽ
ആരുടെ സവ്വലോകക്കുവറ-
യായമെയ്യോട്ട ചേന്നിതോ ദേവകൾ
നിസ്സീലനായ് സ്സദർശനപാണിയാ-
മതി വിക്രമസ്വാമിയെക്രുപ്പുന്നോൻ.'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥതീർത്ഥപ്രകരണം, വേദവിഷ്ണുസംവാദേ ച്യവനോപാഖ്യാനം, വസുദേവസ്യോത്കടകഥനം എന്ന് രണ്ടാമദ്ധ്യായം.

(൦)

തൊണ്ണൂറാമ്പത്താമദ്ധ്യായം

(ശ്ലോകങ്ങൾ)

വിഷ്ണു:—

പാപാപഹം പുണ്യമയം പുരാണം
പവിത്രമീസ്സോത്രമുദാരസൂക്തം
ശിവം വിശിഷ്ടം കപരികെജ്ജുപാർഹം
ശ്രവിക്കയാൽ നിർവൃതനായ് നരേന്ദ്രൻ.
പിപാസയും ക്ഷുത്തുമൊഴിഞ്ഞുമാറി
ഗുപാലകൻ ദേവസമാനനായി;

Digitized By Kerala Sahitya Akademi

സുബാഹുവിൻഭായ്യയുമാനിലസ്സുമയ്;
വിപാപരായ്ത്തീന്നിതു രണ്ടുപേരും.

അഹങ്കാരം വേർപെട്ട സുചന്റെ മുമ്പി-
ലാവിർഭവിച്ചുനാഥ വിഷ്ണുദേവൻ
സതൈലക്ഷ്ണവബ്രാഹ്മണരോടുകൂടി
ശ്രീശംഖചക്രാബ്ജഗദാസിഹസ്തൻ.

ശ്രീനാരദവ്യാസവസിഷ്ഠഗർഗ്ഗർ,
വാല്മീകി,ജാബാലി, മുകണ്ഡുപുത്രൻ,
ഭൃഗുപ്രഭാൻ, കാശ്യപരൈഭ്യരെന്നീ
മുകുന്ദകൃപാഗ്രഗമങ്ങണഞ്ഞു.

മുരദ്വിപാദാംബുജകേതിലീന-
രാജന്യരാം ഭാഗവതോത്തമന്മാർ
ഭഗവാനെത്തുടുഴന്നനിന്നാ-
ക്ഷണോചിതാസനപ്പുല മട്ടിൽ വാഴ്ത്തീ.

ചതുർമ്മുഖൻ,വഹ്നിമുഖാമരന്മാ-
രും,ദേവദേവൻ ത്രിപുരാരിതാനും,
ഗന്ധർവ്വരാജാദികളും മനോജ്ഞ-
ദിവ്യങ്ങളാം പാട്ടുകളും പാടി ഭംഗ്യാ.

സുരർഷിമാരും പരമാർത്ഥദിവ്യ-
സ്തവങ്ങളാലുച്ചതരസ്വരത്തിൽ
ഭൃകാന്തനെത്തുതി പുകഴ്ത്തിനിൽക്കേ
ശ്രീകാന്തനീവം മധുരോക്തി ചൊന്നാൻ:—

'വേണ്ടും വരം ഭൃഗു, വരിച്ചുകൊൾകം;
തരാം ഭവാങ്കൽപ്പുരിയുന്നുനീഞാൻ'
ഗദാരവിന്ദാസിരഥാരിധാരി
മുരാരി നീലോല്പല തുല്യവർണ്ണൻ

ലക്ഷ്മീസമേതൻ ഗുരുപന്നഗേശൻ
തോളുജ്ജ്വലൻ കങ്കണഹാരഭൂഷൻ
സുദിവ്യഗന്ധപ്രവരാനുലേപ-
നേനം കഥിച്ചുൻപൊട മുൻചിൽ നിൽക്കേ,

Digitized By Kerala Sahitya Akademi

കേട്ടു നരേന്ദ്രൻ വടിപോലെ വീണു
നമിച്ചുരച്ചാൻ ജയശബ്ദപൂർവ്വം:—

'സുരേശ, ദാസൻ തവഭൃത്യനേഷ ഞാൻ;
അറിഞ്ഞുകൂടാമമ താപകർച്ചനം;
സദാരനായ് തവ കഴലാശ്രയിക്കുമി-
ജ്ജനത്തെ രക്ഷിച്ചരുളേണമേ വിഭോ!

ധ്യാനത്തിലാണച്യുത കേശവേതി
ജപിക്കയാൽ കന്മഷമൊക്കെ നീങ്ങി
വൈകുണ്ഠലോകത്തിലണഞ്ഞിടുന്ന
ഹാ, ധന്യരാമാളുകൾ തമ്പുരാനേ!

ഭവാന്റെ തൃക്കാൽ കഴുകിച്ച ദിവ്യമാം
ജലത്തെ മൂർദ്ധാവിൽ വഹിച്ചു മർത്ത്യരും
സമസ്തതീർത്ഥങ്ങളിലും കളിച്ചപോ-
ലധോക്ഷജൻതൻ പുരി പൂകിടുന്നതേ.

യോഗമില്ലി,ല്ല മേളകേതി, ജ്ഞാനമില്ലി,ല്ല കർമ്മവും;
ഇപ്പാപിക്കെന്തു പുണ്യത്താലരുളുന്നു വരം ഭവാൻ?'

ഭഗവാൻ:—'രാജാവേ, ഭവാൻ, മഹാ പാപനാശനമായ വാസുദേവസ്തോത്രം വിശിഷ്യ്ടനായ വിജ്വലൻ ചൊല്ലി കേട്ടുവല്ലോ; അതിനാൽ ഭവാൻ മോക്ഷത്തിന്നവകാശിയായിരിക്കുന്നു. എന്റെ ലോകത്തിൽ വസിച്ചു ദിവ്യഭോഗങ്ങൾ യഥേഷ്ടം അനുഭവിച്ചുകൊൾകെ.'

സുബാഹു:—'തിരുമേനി, ദീനനായ എനിക്കു വരം കല്പിച്ചു തരുമെങ്കിൽ, ഒന്നാമതായി വിജ്വലന്നു ശ്രേഷ്ഠമായ വരം നൽകുമാറാകണം.'

ഭഗവാൻ:—'വിജ്വലന്റെ അച്ഛൻ, ധന്യനും ജ്ഞാനിയുമായ കഞ്ചുകൻ, നാരം തോറും വാസുദേവസ്തോത്രം ജപിക്കാറുണ്ടു; അതിനാൽ ഭാര്യയോടും പുത്രന്മാരോടുംകൂടി എന്നെ പ്രാപിച്ചുകൊള്ളും. ഈ സ്തോത്രം ജപിക്കുന്നവർക്കൊക്കെ മഹത്തായ ഫലം ഞാൻ കൊടുക്കും.'

ഇതു കേട്ടിട്ടു മന്നവൻ മാധവനോടപേക്ഷിച്ചു:—'ഭഗവാനെ, ഈ മഹാപുണ്യസ്തോത്രത്തിന്റെ ഫലം നിർണ്ണയിച്ചാലും?'

Digitized By Kerala Sahitya Akademi

ഭഗവാൻ:---'മഹാരാജാവെ, കൃതയുഗത്തിൽ ഇതു ജപിച്ചവനു ഞാൻ തൽക്ഷണം മോക്ഷം കൊടുക്കും; ത്രേതയിൽ ഒരു മാസവും, ദ്വാപരത്തിൽ ആറു മാസവും, കലിയുഗത്തിൽ ഒരു കൊല്ലവും ജപിച്ചാൽ വൈഷ്ണവലോകം പ്രാപിക്കാം. ബ്രാഹ്മണൻ ഒരു നേരമോ മൂന്നുനേരമോ കളിച്ചു ജപിച്ചാൽ അഭീഷ്ടമെന്തും സാധിക്കും; ക്ഷത്രിയൻ ജയം നേടും; വൈശ്യൻ ധനധാന്യസമൃദ്ധനാകും; ശൂദ്രൻ സുഖമടയും. ഈ സ്തോത്രം ചൊല്ലിക്കേൾപ്പിച്ചവനും പാപമകന്നായിവരും; ഒരിക്കലും ഘോരനരകം കാണേണ്ടിവരില്ല. എന്റെ ഈ സാരത്താൽ സർവ്വസിദ്ധിമാനായും ഭവിയ്ക്കും.

ശ്രാദ്ധത്തിൽ, ബ്രാഹ്മണർ ഊൺ കഴിയുമ്പോൾ ഇതു ചൊല്ലിയാൽ, പിതൃക്കൾ സംതൃപ്തരായി വിഷ്ണുലോകം പൂകും. തർപ്പണം കഴിച്ചിട്ട ബ്രാഹ്മണനോ ക്ഷത്രിയനോ ജപിച്ചാൽ, ആ തർപ്പണജലം പിതൃക്കൾക്ക് അമൃതായിരിയ്ക്കും! ഹോമയജ്ഞങ്ങളിൽ കേതിപൂർവം ജപിച്ചാൽ വിഘ്നമൊന്നും നേരിടുകയില്ല; എല്ലാസിദ്ധിയും ഉണ്ടാകയും ചെയ്യും. ഒറ്റവിഷമങ്ങളിലും, സങ്കടത്തിലും, സിംഹവ്യാഘ്രചോരഭയങ്ങളിലും ഈ സ്തോത്രം ജപിച്ചാൽ അഭയം കിട്ടും. കാമക്രോധങ്ങൾ വിട്ട ബ്രഹ്മചാരിയായി, കളിച്ചു വാസുദേവനെ പൂജിച്ചു രണ്ടുവക്ഷം ക്രമപ്രകാരമതനെയും തൽനാമവും ചേർത്തു ഹോമിയ്ക്കുക, പിന്നെ മനസ്സടക്കി, ഓരോദ്ദേശകത്തിനും ഓരോ ഹോമംചെയ്യുക. ഇതുചെയ്യുന്നവന്റെ അരികിൽ ഞാൻ എപ്പോഴും ദൃശ്യനായി നിൽക്കും. കലിയുഗത്തിൽപോലും ഈ സ്തോത്രം എന്നെ ദാസനാക്കിക്കളയും! ഇതു വല്ലവർക്കും ഉപദേശിച്ചു കൊടുത്താൽ വേദഭംഗം വന്നേയ്ക്കും. പതിവായി ജപിച്ചാൽ സർവ്വാഭീഷ്ടങ്ങളും സാധിയ്ക്കും.

രാജാവേ, ഇങ്ങിനെയാണ് ഈ സ്തോത്രത്തിന്റെ ഫലം. ഇതു പണ്ടു ബ്രഹ്മാവു നിർമ്മിച്ചതും, രുദ്രൻ ജപിച്ചതുമത്രെ. ഇതു ജപിച്ചിട്ടാണ് ഇന്ദ്രൻ ബ്രഹ്മഹത്യയിൽ നിന്നു മുക്തനായതും ദേവമുനി സിദ്ധനാഗവിദ്യാധരന്മാരെല്ലാം അഭീപ്സിതസിദ്ധി നേടിയതും. എന്റെ സ്തോത്രംചൊല്ലുന്നവൻ ഭാഗ്യവാനും പുണ്യവാനും ഉദാരനും സന്താനസമൃദ്ധനുമായി ഭവിയ്ക്കും; സംശയം വേണ്ട. ഇപ്രകാരം, ഭഗവാൻ മാർക്കണ്ഡേയോടുകൂടി എന്റെ പാപ്പിത്തേരിലേയ്ക്കു പോരുക.'

ഭഗവാൻ രാജാവിന്റെ കൈയ്ക്കുപിടിച്ചു. അപ്പോൾ പെരുമ്പറകൾ മുഴങ്ങി; ഗന്ധർവർ മധുരമായി പാട്ടുപാടി; അപ്സരസ്ത്രീമാർ

Digitized By Kerala Sahitya Akademi

ഉത്തംവെച്ചു; പൂമഴ പൊഴിഞ്ഞു; ദേവകളും ഋഷിമാരുമൊക്കെ ദിവ്യസ്തോത്രങ്ങൾകൊണ്ടു സ്തുതിയ്ക്കുകയായി. രാജാവും മറ്റുള്ളവരോടുമിച്ചു ഗമിച്ചു. അതുകണ്ടിട്ടു മനം കലിത്ത മഹാമഹാവനായ വിജപലൻ വേഗത്തിൽ അച്ഛനമ്മമാരുടെ അരികിലേയ്ക്കു പറന്നുപോന്നു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗൗതീർത്ഥപ്രകരണം; വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, സുബാഹുമുക്തികഥനം എന്നിവയുൾപ്പെടുന്ന ഒന്നാമദ്ധ്യായം

—(൦)—

ഒന്നാമദ്ധ്യായം

വിഷ്ണു:—ഭൂമിയായ നമ്മളാതീരത്തു പോയിട്ടുമേൽ നിവസിക്കുന്ന കഞ്ജലന്റെ അടുക്കൽ തിരിച്ചെത്തിയ വിജപലൻ അച്ഛനെ വന്ദിച്ചു. വാസുദേവസ്തോത്രത്തിന്റെ മാഹാത്മ്യം വർണ്ണിച്ചു—ഗോവാൻ എഴുന്നള്ളിവന്ന സുബാഹുവിനു നല്കുവരം കല്പിച്ചു കൊടുത്തതും മറവും അതിസന്തോഷത്തോടെ അറിയിച്ചു. കഞ്ജലനും രാജാവിന്റെ വൃത്താന്തം കേട്ടിട്ട് ഏറ്റവും പ്രീതിയോടെ പുത്രനെ കെട്ടിപ്പുണർന്ന് ഇപ്രകാരം പറഞ്ഞു:—'ഉണ്ണി, നീ വാസുദേവകീർത്തനത്താൽ മഹാത്മാവായ രാജാവിനു വലിയൊരുപകാരം ചെയ്തതു സുകൃതമായി!' ഇങ്ങിനെ, ച്യവനൻ കാൺകെ, വിജപലനെ അഭിനന്ദിച്ചു, കഞ്ജലൻ ആ പേരാലിന്മേൽ സ്ഥിതിചെയ്തു.

മഹാരാജാവേ, ആ മഹാത്മാക്കളായ വൈഷ്ണവരുടെ വൃത്താന്തമെല്ലാം ഞാൻ അങ്ങയോടു പറഞ്ഞു; ഇനി എന്താണ് പറഞ്ഞുതരേണ്ടതു?'

വേനൻ:—'എനിയ്ക്കു കുടിപ്പാൻ അമൃതു ശംഖിൻപാത്രത്തിലാക്കിത്തരികയാണു നിന്തിരുവടി ചെയ്തതു; [അപ്പോൾ, ഭൂമിയിൽ ആർക്കെങ്കിലും പാനേച്ഛ ഉണ്ടാകാതിരിക്കുമോ?] എന്നെന്നും പാനങ്ങളിൽവെച്ചു മീതെയുള്ള വൈഷ്ണവജ്ഞാനം. നിന്തിരുവടിയുടെ അനുഗ്രഹപ്പാട്ടു നുകർന്നിട്ട് എനിയ്ക്കു മതി വരുന്നില്ല; കേൾപ്പാൻ അത്യുത്സാഹം വർദ്ധിക്കുന്നുണ്ട്. ദേവദേവേശ, ദയ ചെയ്തു കഞ്ജലന്റെ കഥ വീണ്ടും

Digitized By Kerala Sahitya Akademi

അരുളിച്ചെയ്യുക. ആ മഹാത്മാവു നാലാമത്തെ മകനോട് എന്തു പറഞ്ഞു? അതു വിസ്തരിച്ചു കഥിച്ചാലും.'

വിഷ്ണു:—നാരദാ, കേട്ടുകൊള്ളുക; കഞ്ജലന്റേയും, ച്യവനന്റേയും നന്മയേറിയ ചരിതം ഞാൻ പറയാം. ഈ പാപനാശനമായ പുണ്യോപാഖ്യാനം കേൾക്കയോടേ ശ്രവിച്ചാൽ ആയിരം പശുക്ഷാനത്തിന്റെ ഫലം കിട്ടും.'

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗുരുശിഷ്യപ്രകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, കഞ്ജലകൃതഭഗവദാരാധനം എന്നിവയടങ്ങിയ ഒരുനൂറാമദ്ധ്യായം.

(൭)

ഒരുനൂറൊന്നാമദ്ധ്യായം

സൂതൻ:—വൃഷ്ണീകേശൻതിരുവടി അംഗപുത്രനായ നൃപശ്രേഷ്ഠനോടു പാപനാശനമായ സച്ചരിതം അരുളിച്ചെയ്യാൻതുടങ്ങി.

വിഷ്ണു:—'കേൾക്കുക; ച്യവനന്റേയും മഹാത്മാവായ കഞ്ജലന്റേയും ശ്രേയസ്കരമായ ചരിതം ഞാൻ പറയാം: കഞ്ജലൻ നാലാമത്തെ മകനായ കപിഞ്ജലനെ വിളിച്ചു സന്തോഷത്തോടേ ചോദിച്ചു:—'മകനേ, നീ കണ്ടതോ കേട്ടതോ ആയ അത്ഭുതം എന്താണ്? ഏവിടെയ്ക്കാണ് നീ ഇരയ്ക്കു പോകാനുള്ളത്?'

കപിഞ്ജലൻ:—'അച്ഛ, ഞാൻ കണ്ട അത്ഭുതം പറയാം; അമ്മേ, കേട്ടുകൊള്ളുക—ജ്യോത്സ്നാരാത്രിയല്ലാവരും കേൾക്കുവിൻ:

(ശിതകുൻ തുള്ളൽ)

ചേലാന്ന ചന്ദ്രനെപ്പോലെ വെളുത്തതായ്—
മൈക്കലാസമെന്നൊരു മാമലയില്ലയോ,
ധാതുവിചിത്രിതം നാനാദ്രുമാവൃതം
പൂതഗംഗാജലക്ഷാളിതം നീളവേ;
നാനാനദീസഹസ്രങ്ങളുണ്ടാശിശി-
സ്ഥാനാലൊഴുകുന്ന വെള്ളച്ചാലായിരം,

Digitized By Kerala Sahitya Akademi

വൻതടാകവ്രജം, സാരസഹംസങ്ങൾ
സന്തതം മേവുന്ന പുണ്യസരസ്സുകം,
പച്ചപ്പുമരക്കാട്ടുകളെന്നിവ
മെച്ചത്തിലങ്ങു വിളങ്ങുന്ന പുറമേ.
ദേവസിദ്ധാപ്സരോ ഗന്ധർവചാരണ-
സേവിതം, കിന്നരന്മാരാൽ സമാവൃതം,
ദിവ്യവൃക്ഷങ്ങളും ദിവ്യഭോഗങ്ങളും
ദിവ്യഗന്ധങ്ങളും ചേരുമപ്പുറം
വെള്ളിപ്പുളകം കലർന്നുള്ളൊരാത്മക്കൊടാം-
ത്തുള്ള തേജസ്സു പൊഴിയുന്ന പുറമേ.
കായാമ്പിലഞ്ഞിയും മറു പലതരം-
മായവൃക്ഷങ്ങളും പൂത്തങ്ങു നിൽപ്പതേ.
സുന്ദരമായി മുരളുന്ന വണ്ടുകൾ;
ചന്തമാർന്നുള്ള ഗാനം ചിന്തുന്ന നീളവേ;
കൂകുന്ന ദിവ്യവിഹംഗങ്ങൾ കേഴിയിൽ;-
ക്കോകിലഗീതവും പൊങ്ങുന്ന കോമളം.
തത്രകാണാം മഹാദേവന്റെ മന്ദിര-
മെത്രയോ ലക്ഷാ ഗണങ്ങളാലാവൃതം,
വിണ്ണിനെക്കാളും മനോഹരം, പാവനം,
പുണ്യദമുന്നതക്കന്മതിൽ പുറമായ്.
ദിഗ്ഗജവ്യൂഹിതമങ്ങു മുഴങ്ങുന്ന
തൽഗോപുരതോരണം മയൂരസദനങ്ങളും;
കോലാഹലിനാനാമൃഗങ്ങൾ കപികളും
ലീലയാടുന്ന ക്രിരാതപുളിന്ദരും.
നാനാതരം നീരുറവും, ചെടികളും,
സാനുക്കൾ, നിമ്നോന്നതങ്ങൾ ശൃംഗങ്ങളും,
ദിവ്യവിനോദങ്ങൾ, നാനാസുമങ്ങളും,
ദിവ്യഗുണങ്ങളും, ദിവ്യധാതുക്കളും-
ഏവം ലസിയ്ക്കുന്ന സല്ലോകസേവിത-
മാം വെൺമഹാഗിരി പുണ്യപുഞ്ജോപമം.

അങ്ങുണ്ടു, യോജന പത്തു പരന്നൊരു
ഗംഗാമഹാഹ്രദം പുണ്യോദമൂർജിതം;

Digitized By Kerala Sahitya Akademi

ശ്രീമേരുശൃംഗത്തിൽനിന്നു പുറപ്പെട്ട്
പാൽമഞ്ഞൊളിയെഴുക്കൊന്ന സിതാദ്രിമേൽ
വീണുരു കെട്ടിനിന്നേറെപ്പരപ്പാർന്ന-
താണീക്കളഹംസസന്നാദി ജലാശയം.
കണ്ടേനതിന്റെ കരയ്ക്കു പാറപ്പുറ-
ത്തണ്ടർമാതൊത്തൊരു പെൺതയ്യിരുപ്പതും:
കൊണ്ടൽനേർ കുന്തലഴിച്ചിട്ടിരുന്നതൽ
പ്പിണ്ടങ്ങളം ചാർത്തിയ സുന്ദരിപ്പൂൺപവം.
ആരെന്നറിഞ്ഞീല, ലക്ഷ്മണപൂണ്ണയാം
താരിൽമാതോ? കളിർ മാലമകയോ?
അല്ലെങ്കിലഗ്നിയോ ചന്ദ്രനോ ബ്രഹ്മനോ
സർവ്വലോകനാഥനോ വേട്ടവളായ്വരേ!
ഇല്ലെന്നുടിവ്യവധൂടിമാക്കിതുയും
നല്ലസന്ദേഹം ത്രിലോകവിമോഹനം—
അപ്പോൾ സരസ്സീകളിൽപ്പോലുമേ കാണുകി-
ല്ല വടിവിൽ വിളങ്ങുന്ന സൌന്ദര്യവം.
പാറപ്പുറത്തിരുന്നങ്ങൽ പൊഴുക്കാതെ
പാരം കരകയാണേകയാപ്പൊൺകൊടി.
അപ്പൊഴിവെള്ളത്തിൽ വീഴ്വു തെന്നതെടെ
മുത്തുമണിപ്പൊത്ത കണ്ണുനീർത്തുള്ളികൾ;
തുമണം വീശും മനോജ്ഞങ്ങളാം പുതു-
ത്താമരപ്പൂക്കളായ് ത്തീർന്നവയൊക്കയും
ഗംഗാപ്രവാഹത്തിൽ നീന്തിക്കളിയ്ക്കയാം
ഭംഗിയിലന്നപ്പരിഷയോടൊപ്പമേ!

അതനശൈലത്തിലീശൻ സുരാസുര-
ന്മാരാൽ സുപൂജിതൻ വാണരുളുന്നേടം
കണ്ടേൻ പെരുംചിടക്കെട്ടോയ്ട്ടണ്ഡു കൈ-
ക്കൊണ്ടൊരു നഗ്നനാം ധന്യമുനിയെയും.
നല്ല തുമ്പിൽത്തപസ്സുമൂലം മെലി-
ഞ്ഞെല്ലും തൊലിയുമായ് ത്തീർന്നെയുകവേ
ദേഹവും പൂശിയിട്ടണ്ടാസ്സുദുർബലൻ;
ലക്ഷണം, വാടിക്കൊഴിയുമിലകൾ താൻ.

Digitized By Kerala Sahitya Akademi

അശ്ലീവകേതനാഗ്രംഗംഗാസ്രോതസ്സിൽനി-
ന്നശ്രുജാതങ്ങളാം വ്യാപ്തപത്മങ്ങളെ
കൊണ്ടുവന്നീശനെപൂജിച്ചിട്ടും; ശിതി-
കണ്ഠാലയദ്വാരി പാടിയാടും ചിരം.
അങ്ങുവന്നെത്തിയിട്ടുമമ്മശീലന്തം
ഭംഗ്യന്തരത്തിൽക്കരയുമാറുണ്ടഹോ!

ഇങ്ങിനെയൊന്നു ഞാൻ കണ്ടേൻ; കനിഞ്ഞൊരു-
കാര്യമിതിൻ കാരണമെങ്കിൽ മേ:
ആരവം കേഴുന്നതെന്തുകൊണ്ടീന്തിനാ-
ലുരഷൻ ശവ്വനെപൂജിപ്പതും സദാ?'

'അച്ഛ, ഇതു വിസ്മരിച്ചു പറഞ്ഞു്, എന്റെ സംശയമെല്ലാം തീർത്തുതരണേ' എന്നിങ്ങിനെ, പുത്രനായ കപിഞ്ജലൻ ആവശ്യപ്പെട്ടതിനാൽ, മഹാപ്രാജ്ഞനായ കണ്വമഹർഷി, ചോദിച്ച കേൾക്കാകുന്ന വിധം വിവരിപ്പാൻ തുടങ്ങി:—

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാണകരണം, വേദവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, കപിഞ്ജലദുഷ്ടപൂർവ്വനിവേദനം ഒരുനൂറാറാന്നാമദ്ധ്യായം.

ഒരുനൂറനിരണ്ടാമധ്യായം

കണ്വമഹർഷി:—'ഉണ്ണി, നീ ചോദിച്ചതെല്ലാം ഞാൻ പറഞ്ഞുതരാം; പാർവതീപരമേശ്വരന്മാരുടെ സങ്കല്പത്താൽ ജനിച്ചവളാണവൾ:

ഒരു നാൾ മാമലമേൽ കളിയാടുന്ന ശ്രീപാർവതീദേവി പരമേശ്വരനോടുചോദിച്ചു:—'മഹാദേവ, എനിയ്ക്കു വല്ലതായ ഒരാഗ്രഹം തോന്നുന്നു: കാനനങ്ങളിൽവെച്ചു മികച്ച ഒരു കാനനം എനിയ്ക്കു കാട്ടിത്തരിക.' 'ദേവി, അങ്ങിനെതന്നെ: ദേവർഷിജനസിദ്ധസേവിതമായ നന്ദനവനം ദേവിയ്ക്കു കാണിച്ചുതരാം.' എന്നു ശിവൻ അനുവദിയ്ക്കുകയും ചെയ്തു. ഉടനേ അവരിരുവരും ഗണങ്ങളോടുകൂടി നന്ദനവനത്തി

Digitized By Kerala Sahitya Akademi

ലേയും പുറപ്പെട്ടു, ചന്ദ്രഖണ്ഡവും ചാതുലക്ഷണവുമായ കാളയുടെ പുറത്തു കയറി, സർവ്വാംഗസുന്ദരനായ ആ വൃഷഭം വസ്ത്രപുഷ്പമാല്യ ങ്ങൾകൊണ്ടും കടമണികൾകൊണ്ടും കിങ്ങിണികൾകൊണ്ടും മുത്തുമാ ലകൾകൊണ്ടും അലങ്കരിച്ചുപുറപ്പെട്ടിരുന്നു. നന്ദി, ഭൃംഗി, മഹാകാളൻ, സ്കന്ദൻ, ചണ്ഡൻ, കുംഭോദരൻ വീരഭദ്രൻ, ഗണേശൻ, പുഷ്പദ ന്തൻ, ജനേശ്വരൻ, സുബലൻ, അതിബലൻ, മേഘനാദൻ, ഘടോത്ക ചൻ, ഘണ്ടാകർണ്ണൻ, കാളിന്ദൻ, പുളിന്ദൻ, വീരബാഹു, കേശരി, കിങ്കരൻ, ചന്ദ്രഹാസൻ, പ്രജാപതി തുടങ്ങിയ നൂലക്ഷം പാരിഷദ ങ്ങൾ, സനകാദിതാപസന്മാരും പാർവ്വതീപരമേശ്വരന്മാരെ പുഴ ന്നാകെയുണ്ടു.

ഗണാവൃതനായ ഗൌരീവല്ലഭൻ സേവകിന്നരനിഷേവിതമായ ന ന്ദനവനത്തിലെത്തി, കാമിച്ചതെല്ലാം കായ്പുകൊടുക്കുന്ന കല്പാണ മരങ്ങളായ കല്പവൃക്ഷങ്ങൾകൊണ്ടു കമനീയമായ ആ സ്ഥലം ദേ വിക്കു കാണിച്ചുകൊടുത്തു:

(ശ്ലോകങ്ങൾ)

കടമ്പു, കായാമ്പു, ഫലാവനമ്രമാം
കവുങ്ങു, തെങ്ങീ,ത്തു,പിലാവു,മാവുകം,
സുമാഢ്യചാമ്പേയമുദാരസൗരഭം
പടീര,മാലാ,ഞ്ഞിലി,വാഴ,നാരകം,

അശോകമഗ്നിപ്രഭപുഷ്പപാടലം,
പയൻ,ലവംഗം,ചരളം,വിളാർമരം,
പനച്ചി,നാഗം,കരനൊച്ചി,മാതളം,
സുദ്രു,വേപ്പുഞ്ഞികരം,ഞാവൽകൊന്നയും,

മരങ്ങളാകമ്രലതാവയംസദാ പി
നിറഞ്ഞൊഴിഞ്ഞുകമല്ലികാളിയും
പുഴന്നനാനാമൃഗവർഗ്ഗയുക്തമായ്
വിളങ്ങിവണ്ടിണ്ടിണമുണ്ടനന്ദനം.

മധുവ്രതപ്പൈങ്കൊടിമാർകളുമ്പൂ-
മധുളിയിൽപ്പുറിമയങ്ങിമേവിനാർ;
സുകോമളംകോകിലകാകളീരുതം
മുഴങ്ങിനാനാഖഗമഞ്ജുനാദവും

Digitized By Kerala Sahitya Akademi

കമാരവൃക്ഷങ്ങളിൽനിന്നിടയ്ക്കിടെ-
ക്കൊഴിഞ്ഞ നൽത്തുമണമുള്ളപൂക്കളാൽ
വികീർണ്ണമായ് ഭൂതലവിളങ്ങിമന്നിടം
രചിയ്ക്കു പുഷ്പാഞ്ജലി ചെയ്യതിൻവിധം.

മരാളകാണ്ഡവഷണ്ഡമണ്ഡിതം
മണം പെരും തണ്ടലർ ചേന്ന് പൊയ്കയും,
സ്ഫടോദപൂർണ്ണം കടൽനേർതടാകവും,
സുരക്ഷിഗന്ധർവ്വവിഹാരഭൂമിയും,

സുവർണ്ണദണ്ഡോജ്ജ്വല കുംഭശോഭിതം
വിമാനസൌധധ്വജവും ചൂഴ്ന്നതായ്,
വരാപ്സരഃകിന്നരർ വാണനന്ദനം
സുഖാകരം കണ്ടു ശിവൻ ശിവാനിതൻ.

സുപുണ്യവാന്മാർ മരുവുന്നതാകമാ
പ്രശാന്തമാ നന്ദനപുഷ്പവാടിയിൽ
രവിയ്ക്കു നേരായ് ക്കനകാദ്രിശീർഷ നി-
ന്നിരുന്ന കല്പദ്രുമമിഷ്ടദായകം.

ആ വൃക്ഷത്തെ കണ്ടിട്ട് പാർവതി പരമേശ്വരനോട് ചോദിച്ചു:—'ഈ ശ്രേഷ്ഠവൃക്ഷത്തിന്റെ പേരെന്താണ്? ഇതിന്റെ മാഹാത്മ്യവും പറഞ്ഞുതരിക.'

ശിവൻ:—'ഇതിന്റെ മഹിമാവു കാരെച്ചാണ്ടുമല്ല: ദേവകളിൽ വാസുദേവനും, നദികളിൽ ഗംഗയും, സൃഷ്ടികർത്താക്കന്മാരിൽ ബ്രഹ്മാവും, സുഖപ്രദരിൽ ചന്ദ്രനും, പഞ്ചഭൂതങ്ങളിൽ പൃഥിവിയും, പർവതങ്ങളിൽ ഹിമവാനും, ജലാശയങ്ങളിൽ സമുദ്രവും, ഔഷധികളിൽ അന്നവും, വിദ്യകളിൽ ആത്മവിദ്യയും, ജനങ്ങളിൽ രാജാവും എപ്രകാരമോ, അപ്രകാരം വൃക്ഷങ്ങളിൽവച്ചു ശ്രേഷ്ഠമാകുന്നു ഈ കല്പകവൃക്ഷം.'

പാർവതി:— 'കല്പകവൃക്ഷത്തിന്റെ സൽഗുണങ്ങളും വർണ്ണിക്കുക.'

ശിവൻ:—'ദേവി, ദേവകളും ദേവതുല്യരായ സുകൃതികളും എന്തൊന്നാവശ്യപ്പെട്ടാലും, അതിനെയെല്ലാം ഈ വൃക്ഷം കായ്പു കൊടുക്കും. ഇതിൽനിന്നു ലഭിയ്ക്കാത്തായി യാതൊന്നുമില്ല. ദേവ

Digitized By Kerala Sahitya Akademi

കളും മഹാത്മാക്കളായ തപസ്വികളും ഇവ കനകമയമായ ദിവ്യവൃക്ഷത്തെ അനുഭവിച്ചു പോരുന്നു.'

വേതാളന്റെ അരുളപ്പാടു കേട്ടിട്ട് ദേവി അവിടത്തെ അനുമതിയോടു കൂടി, ഒരു സർവാംഗസുന്ദരിയായ സ്ത്രീയെ കല്പകവൃക്ഷത്തിനോടാവശ്യപ്പെട്ടു; തൽക്ഷണം തന്നെ, ലോകത്തെ മയക്കുന്നതിൽ കാമദേവനെ സഹായിപ്പാനെന്നപോലെ ഒരു സ്ത്രീരത്നം ഉളവായിവന്നു.

(ചേരി)

തങ്കത്താൽത്തീർത്തൊരു ബിംബമായ്ത്തോന്നുമ-
പ്പുങ്കജലോചനയാളെക്കണ്ടാൽ.
പട്ടപോലുള്ള പുരികക്കരിംകെഴൽ
സുഷ്ഠുവായ്ത്തുന്നിത്തുന്നു കെട്ടിയതിൽ
തുമണം വീശുന്ന പൂക്കളം തിരുകിച്ചെ-
ഞ്ചോമനക്കുപ്പിങ്കൊടി ലാലസിച്ചു.
അമൃശ്യസീമന്തവീഥിയിൽ നല്ലൊരു
തുമുത്തുമാലയണിഞ്ഞിരുന്നു;
സീമന്തവീഥിയുടെ താഴെയായ്, ശ്രീകൃഷ്ണ
തോല്മയണ്ണത്തിനു പൊട്ടുമിന്നി,
വെൺനിലാവോലും കളിർമുഴുത്തിങ്കളാൻ
സുന്ദരിതൻമുഖം വിശ്വരമ്യം;
എന്നാൽക്കളങ്കമാദി ദോഷങ്ങളി-
ലൊന്നുമാവക്ത്രത്തിന്നില്ലതാനും!
തണ്ടലരെന്നോണ്ട, മസ്സുഗന്ധാനന്ദം
കണ്ടു നാണിച്ചുതേ നീരിൽ വാഴ്വൂ!
ആ മുഖത്തിങ്കലെ മാരുതൻ പാരിങ്കൽ-
ത്താമരത്താർമണം വ്യാപിപ്പിച്ചു!
പുരികിരിക്കൊള്ളുമ്പോഴും, മുഖത്തിരി ദന്തശ്രീ
ചെറുമ്പോടിത്താരികൽച്ചിന്നിക്കാണായ്.
കണ്ണിനാനന്ദദം കന്യതൻനാസിക;
കണ്ണങ്ങളം മതവിഭ്രമിതങ്ങളം;
സപർണ്ണത്തിൻ വർണ്ണത്തിൽ മിന്നിത്തിളങ്ങുന്ന
പുണ്ഡരീകാക്ഷിതൻ ഗണ്ഡയുഗം;

Digitized By Kerala Sahitya Akademi

സെന്തെയ്യും, ശൃംഗാരം, ശ്രീയിവമുന്നിലൻറ
മുന്നവരകളിണങ്ങക്കണ്ണെത്തിൽ;
ക്രുവളക്കായകരംകൊപ്പുമുണ്ടുള്ള
പീവരക്കശ്ലേഷ്ടാർകൊങ്കകരം,
ചങ്കജബാണാളിമോചനത്തിനുള്ള
തങ്കക്കുടങ്ങളാകണ്ണതോന്നം;
തോംകളുതീവ സമങ്ങരം; വടിവൊത്ത
കൈകരം മിന്നുത്തുരുണ്ടുജ്ജ്വലങ്ങരം;
ഹസ്തം സുശീതളാംബുജകോമളം
സ്വസ്തികപത്മാലി രേഖാങ്കിതം;
നീപ്പൂവിതരം പോലുജ്ജ്വലരം വിരലുകരം;
നീർപ്പോള പോലെ മണിനഖങ്ങരം.
താമരത്താരകത്തിന്നൊത്ത മെയ്നിറം;
താമരത്താർമണം മെയ്യിലെങ്ങും;
താമരമങ്കയാരം പോലാസ്സുലക്ഷ്മീ-
മാമരമങ്കയാളുല്ലസിച്ചു.
രകേതാല്പലാംഭോജം കോമളപാദങ്കരം;
രതാംഗുളിപ്രുങ്കരം കാൽനഖങ്കരം.
ശാസ്ത്രോക്തലക്ഷണമെല്ലാമിണങ്ങിയ
ഗാത്രത്തിൽക്കണ്ടാഹാരാദ്ധ്യങ്കരം
ചാത്തിയും, കാഞ്ചനകാഞ്ചി കിലുങ്ങിയും
നേരത്തരമേചകപ്പുട്ടുത്തും,
പാടലളിവ്യാവുക ധരിച്ചുമ-
പ്പാപേകന്യ വിളങ്ങി പാരം.

കാംക്ഷിച്ചയ പോലെതന്നെ ഗുണവത്തായ പദാർത്ഥം കല്പകവൃക്ഷത്തിൽനിന്നു കൈവന്നതിനാൽ സന്തോഷം പൂണ്ടു, പാർവ്വതി ഭർത്താവിനോടു പറഞ്ഞു:— 'ദേവ, ഇവിടുന്നു പറഞ്ഞതു് എനിക്കനുവദിപ്പാൻ: സങ്കല്പിച്ചതെന്തും കല്പകവൃക്ഷത്തിൽ നിന്നു ലഭിയ്ക്കുമല്ലോ!'

ആ സത്യഗേസുന്ദരി പാർവ്വതീ പരമേശ്വരന്മാരുടെ അടുക്കൽ ചെന്നു, രണ്ടു പേരുടേയും തൃക്കാല്കൽ ഭക്തിപൂർവം വന്ദിച്ചു; പിന്നെ, സ്നിഗ്ധവും വാത്സല്യവും മനോഹരവുമംവണ്ണം ചോദിച്ചു:—'അ

Digitized By Kerala Sahitya Akademi

മ്മേ, എന്നെ എന്തിനാണ് ഇവിടുന്നു സൃഷ്ടിച്ചത്?' അങ്ങളിച്ചെയ്താലും.'

പാർവതി:— 'മകളേ, ഞാൻ കൈലാസത്തിൽ വൃക്ഷത്തെ കണ്ണുപരീക്ഷിച്ചു നോക്കി എന്നേയുള്ളൂ; നിന്റെ സൗന്ദര്യസമ്പത്തിനാൽ തൽക്ഷണം ഫലം കിട്ടി! സൗഭാഗ്യം തികഞ്ഞ നീ എന്റെ മകൾ തന്നെ. നീ അശോകസുന്ദരി എന്നപേരിൽ ലോകത്തിൽ പുകൾപെട്ടും. ചന്ദ്രവംശത്തിലെ ഇരുപത്തിയാറായ നഹുഷമഹാരാജേന്ദ്രൻ നിന്റെ ഭർത്താവുമായിവരും.'

ഇങ്ങിനെ അവർക്കു വരം കൊടുത്തിട്ട് പരമസന്തുഷ്ടയായ പാർവതി പരമേശ്വരനോടൊപ്പം കൈലാസത്തിലേയ്ക്കു മടങ്ങി.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗൗരീതീർത്ഥപ്രകരണം, വേദവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, അശോകസുന്ദരീജനനകഥനം എന്നീ നൂറിരണ്ടാമദ്ധ്യായം.

—(o)—

ഒരുനൂറിമൂന്നാമദ്ധ്യായം

കുജനലൻ:— അംഗനാമണിയായ അശോകസുന്ദരി ശൃചവതിക്കുമായ ദേവകന്യകമാരൊന്നിച്ചു, സർവകാമസമൃദ്ധമായ നന്ദനവനത്തിൽ, ഭോഗ്യവസ്തുക്കളെല്ലാം ഭുജിച്ചും പാടിയും ആടിയും രമിച്ചുപോന്നു. ഒരു നാൾ, വിപ്രചിത്തിയുടെ മകൻ, ഹ്ലാദൻ എന്ന സേവപ്പുചാരിയായ ഘോരാസുരൻ നന്ദനത്തിൽ കടന്നുവന്നു. ആ മഹാകാമി സർവാഭരണഭൂഷിതയായ അശോകസുന്ദരിയെ കണ്ട മാത്രയിൽത്തന്നെ കന്ദർപ്പശരങ്ങൾക്കു ലക്ഷ്യമായിത്തീർന്നു. ക്രൂരനായ അവൻ അവളോടു ചോദിച്ചു:— 'സുന്ദരി, നീ ആരാണ്? ആരുടെയാണ്? എന്തിനാണ് ഈ ശ്രേഷ്ഠവനത്തിൽ വന്നത്?'

അശോകസുന്ദരി:— 'ഞാൻ പുരുഷോത്തമനായ ശിവന്റെ മകളാണ്; കാഞ്ചികേയന്റെ പെങ്ങളാണ് ഞാൻ. പാർവതിയാണ് എന്റെ അമ്മ. കുട്ടിയാകയാൽ കളിപ്പാനായി നന്ദനവനത്തിൽ വന്നു. അവൻ ആരാണ്? എന്തിനാണ് എന്നോടിതു ചോദിയ്ക്കുന്നത്?'

Digitized By Kerala Sahitya Akademi

ഹുണ്ഡൻ:— 'സുമുഖി, ഞാൻ വിപ്രചിത്തിയുടെ മകൻ ഹുണ്ഡനാണ്. ദുർലക്ഷണശാലിയും ബലവീര്യവാന്മാരായ ഞാൻ അസുരന്മാരിൽ തലവനാകുന്നു. തപസ്സ്, ശൗര്യം, ആഭിജാത്യം, സമ്പത്ത് എന്നിവകൊണ്ട് എനിയ്ക്കു തുല്യനായി, ദേവലോകത്തിലോ ഭൂലോകത്തിലോ നാഗലോകത്തിലോ ഞാനുമില്ല. വിശാലാക്ഷി, നിന്നെ കണ്ടതിനാൽ ഞാൻ കാമബാണങ്ങൾകൊണ്ടു പീഡിതനായിരിയ്ക്കുന്നു. നിന്നെ ശരണംപ്രാപിച്ചിരിക്കയാണ് ഞാൻ. ദയചെയ്ത് എന്റെ പ്രിയപത്നിയാവുക. എനിയ്ക്കു പ്രാണനിലും പ്രിയപ്പെട്ടവളാണ് നീ.'

അശോകസുന്ദരി:—'കേവലം, വിവാഹകാര്യം പറയാം. ലോകത്തിൽ പുരുഷനായി ജനിച്ചവനു് ഒരു സ്ത്രീ വേണം; സ്ത്രീക്കു പുണ്യങ്ങൾകൊണ്ടനുരൂപനായ ഒരു ഭർത്താവും വേണം. ഇതു സംസാരത്തിലെ ഒരു നാട്ടുനടപ്പാണ്. എന്നാൽ എനിയ്ക്കു ഭവാന്റെ ഭാര്യയാകാൻ തരമില്ല. ദൈത്യരാജാവേ, കാരണം ശ്രദ്ധിച്ചുകേട്ടുകൊൾക: ശിവന്റെ ഉള്ളറിഞ്ഞു പാർവതി സങ്കല്പിച്ചതിൻവണ്ണം കല്പവൃക്ഷത്തിൽനിന്നു ജനിച്ചവളാണു ഞാൻ; അപ്പോൾത്തന്നെ ദേവി എനിയ്ക്കു ഭർത്താവിനേയും നിശ്ചയിച്ചിരിയ്ക്കുന്നു: ചന്ദ്രവംശത്തിൽ, കാമസുന്ദരനായി ശീലഗുണങ്ങൾക്കിരിപ്പിടമായി നഹുഷൻ എന്നൊരു മഹാരാജാവു് ഉണ്ടായിവരും; സർവജ്ഞനും സത്യസന്ധനും ജയശീലനും വീര്യത്തിൽ വിഷ്ണുതുല്യനും തേജസ്സിൽ പാവകോപമനും ത്യാഗത്തിൽ കുബേരസദൃശനും യജ്ഞവുമാകുന്ന ആ ധർമ്മിഷ്ഠനെത്തേ, പാർവതീപരമേശ്വരന്മാരാൽ എനിയ്ക്കു നിശ്ചയിക്കപ്പെട്ട ഭർത്താവ്. അദ്ദേഹത്തിൽ നിന്ന് എനിയ്ക്കു ശിവപ്രസാദത്താൽ, സർവഗുണസമ്പന്നനും സുന്ദരനും ലോകത്തിൽ ഇന്ദ്രോപേന്ദ്രതുല്യനും പ്രജകൾക്കു പ്രിയപ്പെട്ടവനുമാകുന്ന യയാതി എന്ന വീരപുത്രനും ഉണ്ടായിവരും. വീര, ഞാൻ പതിവ്രതയാണ്; വിശേഷിച്ചും പതിവ്രതയുമാണ്. അതിനാൽ, ഹുണ്ഡ, ഭവാൻ തെറ്റിദ്ധരിയ്ക്കാതെ വേഗം തിരിയെപ്പൊയ്ക്കൊൾക.'

ഹുണ്ഡൻ പുഞ്ചിരിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു:— 'പാർവതീപരമേശ്വരന്മാരുടെ നിശ്ചയം ഒട്ടും പന്തിയായില്ല: നഹുഷൻ എന്ന ധർമ്മിഷ്ഠൻ ചന്ദ്രവംശത്തിൽ ജനിയ്ക്കാൻ പോകുന്നതല്ലേ ഉള്ളൂ? നിനക്കു വയസ്സു കൂടും; ഫ്രായക്കേറവിനാൽ അദ്ദേഹം ചേരുകയില്ല. സ്ത്രീക്കാണ്, പുരുഷനെക്കാൾ പ്രായം കുറഞ്ഞിരിയ്ക്കേണ്ടതു്. ഭദ്രേ, ഈ

Digitized By Kerala Sahitya Akademi

വിഭോൻ നിനക്കു മത്തോവ:കന്നതെപ്പൊഴോ എന്തോ! നിന്റെ ചെറുപ്പവും യൌവനവും അപ്പോഴെയ്ക്കു നശിച്ചുപോകും. വരവർണ്ണിനി, യൌവനബലംകൊണ്ടേ സുന്ദരിമാരും പുരുഷന്മാർക്കു പ്രിയപ്പെട്ടകയുള്ളൂ. സ്ത്രീകൾക്കു ഏറ്റവും വിലപ്പെട്ട ധനമാണ് യൌവനം. അതത്രെ, ഇഷ്ടംപോലെയുള്ള കാമഭോഗാനുഭവത്തിനു് അടിസ്ഥാനം. എന്നാണ്, ആ ആയുഷ്മാൻ വന്നുചേരുക? നിനക്കോ, ഇപ്പോഴത്തന്നെ യൌവനമായിരിയ്ക്കുന്നു; ഇതു വെറുതേ പോകുമല്ലോ. നോക്കൂ: എന്നേയ്ക്കുമാണ് അവൻ ഗർഭവാസം, ശൈശവം, കൌമാരം എന്നിവയൊക്കെ കഴിഞ്ഞു യൌവനം പൂണ്ടു, നിനക്കു തരുണനാകുക! നീ യൌവനം കളയാതെ, എന്നോടുകൂടി മധുപാനംചെയ്തു സുഖമായി രമിച്ചുകൊൾക.'

ശിവപുത്രി വീണ്ടും മുണ്ഡാസുരേന്ദ്രനോടു പറഞ്ഞു:—'സൌമ്യ, ഇതു ശരിയല്ല: ഇരുപത്തെട്ടാം ദ്വാപരയുഗത്തിൽ വസുദേവപുത്രനായി ജനിക്കാൻപോകുന്ന അനന്തകലയായ ബലഭദ്രൻ ദിവ്യയായ രൈവതപുത്രിയെ വേളികഴിയ്ക്കും; അവളോ കൃതയുഗത്തിൽ ജനിച്ചവളത്രേ. മൂന്നുയുഗത്തെ മുപ്പു് അവർക്കുണ്ടെങ്കിലും, അവർ ദ്വാപരത്തിൽ ബലരാമന്റെ പ്രാണവല്ലഭയായിവരും. പണ്ടേ ജനിച്ച മായാവതി എന്ന ഗന്ധർവ്വകന്യകയിയ്ക്കു മാധവപുത്രൻ പ്രദ്യുമ്നനായിരിക്കും ഭർത്താവ്"; ആ മഹാവീരനായ യാദവേന്ദ്രനന്ദനൻ അപഹരിച്ച ശംബരാസുരനെ കൊന്നു് അവളെ വീണ്ടുകൊൾകും. ഈ ഭവിഷ്യച്ചരിതം ജ്ഞാനശാലികളായ വ്യാസാദി പൌരാണികമഹാഭാഗന്മാർ കണ്ടുവെച്ചിട്ടുള്ളതാണ്. ഇതുപോലെ തന്നെ, അമ്മ ശ്രീപാർവ്വതി എന്നോടു് അരുളിച്ചെയ്തതും ശരിയായിവരും. ഭവാനാകട്ടെ, ലോഭവും കാമവും പിടിപെട്ടു, വേശ്യാസ്ത്രീവിരുദ്ധവും ദോഷവത്തുമായ ദുരാചാരം സംസാരിക്കയാണ് ചെയ്യുന്നതു്. കുരാചാരം നല്ലതോ തീയതോ വന്നുകൂടുന്നതു പൂർവ്വകർമ്മമനുസരിച്ചത്രേ. ദേവകളുടേയും ബ്രാഹ്മണരുടേയും മുഖത്തുനിന്നു പുറപ്പെട്ട സുഭാഷിതം സത്യമായിട്ടേ വരികയുള്ളൂ. എന്റെ ഭാഗ്യത്താലാണു്, ദേവിയും ശിവനും എനിക്കു സന്തുഷ്ടരോടു ചേർച്ച കല്പിച്ചുതരുമെന്നുതന്നെയുണ്ടു്. അതിനാൽ, അടങ്ങുക; മനസ്സിലെ മറിവു പോക്കുക; എന്റെ മനസ്സിളക്കുന്നതിനു് ഭവാൻ ശക്തനല്ലതന്നെ! പതിവ്രതയുടെ സ്ഥിരചിത്തത്തെ ചലിപ്പിപ്പാൻ ആരാളാവും? അസുരേന്ദ്രേ, പോയ്ക്കൊൾകെ; ഇല്ലെങ്കിൽ, ഞാൻ വമ്പിച്ച ശാപം തന്നുകളയും!'

Digitized By Kerala Sahitya Akademi

ഇതു കേട്ടിട്ടു ബലവാനായ ഹുണ്ഡദാനവൻ, 'ഇവളെ എങ്ങിനെ വശത്താക്കേണ്ടു?' എന്നു ചിന്തിക്കുകയായി. ചിന്ത പൂണ്ടു, മായാവിയായ ഹുണ്ഡൻ മറഞ്ഞു; മകനേ, എന്നിട്ട് അവൻ മായകൊണ്ടു് ഒരു സുശ്രോണിയായ ഒരു പെൺകിടാവായിച്ചമഞ്ഞു ചിരിച്ചു കളിച്ചുംകൊണ്ടു, വാമദേവപുത്രി നിൽക്കുന്നേടത്തു വന്നുചേർന്നു, സ്നേഹം നടിച്ചു് അവളോടു ചോദിച്ചു:—'സുഭഗേ, ഭവതി ആരാണു്? ആരുടേയാണു്? എന്തിനാണു്, തപോവനത്തിൽ നിവസിച്ചു, ശരീരം വരട്ടുന്ന ഇങ്ങനെ തപസ്സു ചെയ്യുന്നതു്?' മായയാൽ വേഷം മാറിയ കാമിയായ മൈത്രേയന്റെ ഈ ചോദ്യം കേട്ടിട്ടു് ആ തപസ്വിനി, തന്റെ ജനനവൃത്താന്തവും തപസ്സിന്റെ കാരണവുമൊക്കെ പറഞ്ഞറിയിച്ചു. ഒരാത്മാവായ ആ ദാനവന്റെ മായാപ്രപഞ്ചമെന്നു അവർക്കു മനസ്സിലായില്ല. അതിനാലല്ലേ, അവർ സസ്നേഹം സംസാരിച്ചതു്.

മായാകന്യക അശോകസുന്ദരിയെ അഭിനന്ദിച്ചു:—'ദേവി, വഴിപോലെ വ്രതം അനുഷ്ഠിക്കുന്ന ഭവതി സച്ചരിതതന്നെ — ഭവതിയുടെ ശീലവും ആചാരവും കൊള്ളാം. ദേവി, പരമപതിവ്രതയായ ഞാനും ഭർത്താവിനെച്ചൊല്ലി തപസ്സു ചെയ്യുകയാണു്: എന്റെ പ്രിയതമനെ ചണ്ഡാത്മാവായ ഹുണ്ഡൻ കൊന്നുകളഞ്ഞു; അവനെ നശിപ്പിക്കുന്നതിനാണു് ഞാൻ വമ്പിച്ച കൊടുംതപസ്സു ചെയ്യുന്നതു്. ഭവതി ഗംഗാതീരത്തിലുള്ള എന്റെ പുണ്യാശ്രമത്തിലേയ്ക്കു പോന്നാലും!' ഇങ്ങിനെ, സഖി എന്ന നാട്യത്തിൽ, വിശ്വാസം തോന്നുമാറു പല മധുരവാക്കുകളും പറഞ്ഞു ഹുണ്ഡൻ മഹാദേവപുത്രിയെ മയക്കിക്കളഞ്ഞു; എന്നിട്ടു്, മായാമോഹിതയായ അവളെ അവൻ ക്ഷണത്തിൽ നിസ്സുലവും അതിശോഭനവുമായ തന്റെ ദിവ്യഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

മകനേ, മഹാമേരുവിന്റെ ഒരു കൊടുമുടിമേലാണു്, വൈഡൂര്യമയമായ അവന്റെ കാഞ്ചനമെന്ന കൊട്ടാരം. രത്നങ്ങൾ പതിച്ച പൊന്മതിലുകളും ചുഴന്നു, സ്വർഗ്ഗത്തിലെ സുന്ദരിമാർ ചേർന്നു, ദണ്ഡചാമരകലശാങ്കിതങ്ങളായ തുംഗപ്രാസാദങ്ങളും സർവ്വകാമസമൃദ്ധങ്ങളായ മാനവഗൃഹങ്ങളും ഇതിങ്ങി, പലതരം വൃക്ഷങ്ങളുള്ള കരിങ്കാറെതിർവനങ്ങളാലും വാപീകൂപതടാകജലാശയങ്ങളാലും നദികളാലും അലംകൃതമായി പരിലസിക്കുന്ന ആ രമണീയനഗരം കണ്ടിട്ടു് അശോകസുന്ദരി ചോദിച്ചു:—'തോഴി, ഇതു് ഏതൊരു ദേവന്റെ പാ

Digitized By Kerala Sahitya Akademi

ട്ടിട്ടമോണ്? പറഞ്ഞുതരിക.' മഹാകന്യക പറഞ്ഞു:—'നീ മുൻപു കണ്ട ഗ്രന്ഥാസുരേന്ദ്രന്റെ പാപ്പിടമാണിത്. ആ ദൈത്യപുംഗവൻ തന്നെയാണ് ഞാൻ. മോഹിനി, നിന്നെ ഞാൻ മായകൊണ്ട് ഇങ്ങോട്ടു കൊണ്ടുപോന്നു.' ഇത്രയും പറഞ്ഞു, പ്രവതരം കെട്ടിടങ്ങൾ ചേർന്ന കൈലാസശൃംഗംപോലെ വിളങ്ങുന്ന കാഞ്ചനമയമായ ഗൃഹത്തിൽ കൊണ്ടുപോയി ആ സുന്ദരിയെ ഒരു ആട്ടുകട്ടിലിന്മേൽ ഇരുത്തിയിട്ട്, കാമബാണാർദ്ദിതനായ ദാനവേന്ദ്രൻ കൈക്കുപ്പിനിന്നുപേക്ഷിച്ചു:—'വിശാലാക്ഷി, ഭവതിയ്ക്കു വേണ്ടുന്നതൊക്കയും ഞാൻ തന്നുകൊള്ളാം; ഭവതി മദനപീഡയാൽ ശരണം പ്രാപിക്കുന്ന എന്നോടു ചേർന്നു കൊണ്ടാലും!'

അശോകസുന്ദരി:—'ദാനവപ്രേഷ്ഠരേ, എന്നെ ചലിപ്പിക്കുന്നതിനു നീ ശക്തനല്ല; മനസ്സുകൊണ്ടും നിനക്കു തൊടാവുന്നവളല്ല ഞാൻ. എനിക്കു വ്യാമോഹം പറഞ്ഞിട്ടായി. നിന്നെപ്പോലുള്ള മാപാപികരം നിൽക്കട്ടെ, ദേവകരംകൊണ്ടുതന്നെയും ഉഷ്ണപ്രയോഗമാണ് ഞാൻ! വീണ്ടും വീണ്ടും ജല്പിക്കാതിരിക്കുക.'

വയിച്ച തപസ്സുള്ള ആ സുന്ദരിയോടു, ദാനവനെ വിഴുങ്ങുവാൻ തുടങ്ങുന്ന കാലാഗ്നിപോലെ എന്ന തോന്നത്തക്കവണ്ണം കോപത്താൽ സമുജ്ജ്വലിക്കുകയായി. ദേവി വീണ്ടും ദാനവാധമനോടു കഥിച്ചു:—'പാപി, നിന്റെ നാശത്തിനാണ്, ഈ കഠോരകർമ്മം നീ ചെയ്തത്. നീയും നിന്റെ ആളുകളും അവതിപ്പെടുന്നതിന്ന്, ഒരു കുത്തന്ന തീജ്വാലയെ നീ സഗ്രഹത്തിൽ കൊണ്ടുവന്നുവെച്ചു! സർവ്വലോകത്തിലും വെച്ച് അമംഗളമായ ക്രൂരപക്ഷി ആരുടെ വീട്ടിൽ കടക്കുന്നുവോ, അവൻ തീർച്ചയായും നശിച്ചുപോകും—ഗൃഹാഗതനായ ആ പക്ഷി സ്വജനം, ധനം, കുലം എന്നിവയെയും നിശ്ശേഷം നശിപ്പിച്ചുകളയും. അതുപോലെ, നിന്റെ നാശത്തിനത്രേ, ഞാൻ നിന്റെ ഗൃഹത്തിൽ വന്നത്. ഞാൻ നിന്റെ ജീവനേയും പുത്രപൌത്രാദി വംശത്തേയും ധനധാന്യസമൃദ്ധിയേയും നിശ്ശേഷം മുടിച്ചേ പോവുകയുള്ളൂ: ആയുനന്ദനൻ നഹുഷൻ ഭർത്താവാകണമെന്നാഗ്രഹിച്ചു ശ്രേഷ്ഠമായ തപസ്സു ചെയ്യുന്ന എന്നെ നീ കൊണ്ടുപോന്നുവല്ലോ; അതിനു നിന്നെ എന്റെ ഭർത്താവു തന്നെ സംഹരിക്കും! അതിന്ന്, ഈശ്വരൻ കണ്ടുവെച്ച ഒരുപായമായിരിക്കാം ഇത്.'

Digitized By Kerala Sahitya Akademi

ബുദ്ധികെട്ടവൻ കണ്ണാലും അറിയില്ലെന്നു വിദ്വജ്ജനം പറയാറുള്ള ലോകകർത്താവ് തുലോം വാസ്തവമാണു്. അവർ എവിടെ ആരിൽ നിന്നു സുഖദുഃഖാദികളെ അനുഭവിയ്ക്കുന്നുമോ, അവൻ അവിടെ അവനിൽ നിന്നുതന്നെ അനുഭവിക്കും; സംശയമില്ല. ഇതു സ്വകർമ്മത്തിന്റെ ഫലം നീ അനുഭവിച്ചു കൊൾകെ: പരദാരങ്ങളെ തൊടുകയാൽ നീ നരകത്തിൽ പതിക്കും. വഴിന്റെ മൂർച്ചയേറിയ വായ്ത്തലമേൽ വിരൽത്തുമ്പുകൊണ്ടു കൊട്ടുന്നതിനു തുല്യമാണു്, നീ എന്നോടുചെയ്ത ഈ വൃത്തി! എത്ര സാഹസിയാണു്, ചൊടിച്ചുലകുന്ന ഒരു സിംഹത്തിന്റെ നേരെ ചെന്നു് അതിന്റെ മുഖത്തു നിന്നു രോമം പറിക്കുക! സത്യാചാരവും ദേവും പൂണ്ടു തപസ്സിലിരിയ്ക്കുന്ന എന്നെ അനുഭവിപ്പാൻ ആർ തുടങ്ങുന്നുവോ, അവൻ തൽക്ഷണം മരിപ്പാൻ തുടങ്ങുന്നവനാണു്! അവൻ കാലപ്രേരിതനെന്നല്ലാതെ, ക്രൂരനുള്ള കൃഷ്ണസർപ്പത്തിന്റെ തലയെ കൈയ്കൊണ്ടു തൊടാൻ തുടങ്ങുന്നവനാണു്!! മൂഢ, കാമമോഹിതനായ നീ കാലചോദിതനാകയാലത്രേ, നിനക്കീ കെട്ട ബുദ്ധി തോന്നിയതു്. ആയുഃപുത്രനൊഴിഞ്ഞു മറ്റൊരാൾ എന്റെ ദേഹം നോക്കുന്നതായാൽ, അവൻ കൊലപ്പെട്ടുപോകും!'

ഇപ്രകാരം ആ ദുഷ്ടനോടു പറഞ്ഞിട്ടു, സതീലോകത്തായ അശോകസുന്ദരി ഗംഗാതീരത്തിലേയ്ക്കു ചെന്നു, മുമ്പേത്തപ്പോലെ തപസ്സു തുടർന്നു. 'ദുഷ്ട, ഞാൻ മുമ്പു തപസ്സുചെയ്തതു ഭർത്തൃലബ്ധിയ്ക്കായിട്ടാണു്; ഇനി, നിന്നെ നശിപ്പിയ്ക്കുന്നതിനത്രേ ഘോരതപം ചെയ്യുന്നതു്. യുഗാന്തത്തിൽ മഹാത്മാവായ നഹുഷനാൽ വജ്രത്തിനും സപ്തർഷിന്നുമൊത്ത ക്രൂരനുകരംകൊണ്ടു് വധിക്കപ്പെട്ട ഘോരയൊമിച്ചു മടിയഴിഞ്ഞു കിടക്കുന്ന നിന്നെ എന്നെ ഞാൻ കാണുമോ, അന്നേ ഞാൻ ഭർത്താവിനോടു ചേരുകയുള്ളൂ!' എന്നിങ്ങിനെ ദുർബുദ്ധനാശത്തിന്നായി ശപഥം ചെയ്തിട്ടു, ലോകങ്ങളെ ദഹിപ്പിപ്പാൻ പോരുന്ന ഉജ്ജ്വലാഗ്നിജ്വാലയോ എന്നു തോന്നുമാറു ക്രോധത്താൽ കത്തിയെരിയുന്ന ആ സാധ്വിയായ ശിവപുത്രി, ഗംഗയിൽ കുളിച്ചു ഗംഗാതീരത്തു കാഞ്ചനപുരത്തിൽ നിശ്ചലയായി വസിച്ചു ഉശ്വരമായ തപസ്സനുഷ്ഠിച്ചു.

സ്കന്ദനോ, അവളുടെ വചനാഗ്നിയാൽ പൊള്ളിരിഞ്ഞു് ദുഃഖിതനായിട്ടു വീണ്ടും പാപം ആലോചിച്ചുറച്ചു, കമ്പനൻ എന്ന അമാത്യനെ വിളിച്ചു, തനിക്കു പറ്റിയ ശാപവും മറ്റും പറഞ്ഞറിയിച്ചു:— ശിവന്റെ മകനും അശോകസുന്ദരി എന്നെ ശപിച്ചു കളഞ്ഞു—'നീ

Digitized By Kerala Sahitya Akademi

എന്റെ ഭർത്താവായ നഹുഷന്റെ കൈകൊണ്ടു മരിക്കും' എന്ന്. എന്നാൽ നഹുഷൻ ജനിച്ചു കഴിഞ്ഞിട്ടില്ല—അയുവിന്റെ ഭാര്യ ഗർഭിണിയായിട്ടേ ഇല്ല. അതിനാൽ, ഈ ശാപം ചാഴിയിട്ടുകമാനീ ശ്രമിയ്ക്കുക.'

കമ്പനൻ:—'അയുവിന്റെ ജായയെ ഭവാൻ അപഹരിച്ചുകൊണ്ടു പോരിക; എന്നാൽ അങ്ങയുടെ ശത്രു ജനിയ്ക്കയില്ലല്ലോ; അല്ലെങ്കിൽ അവളുടെ ഗർഭം അലസിച്ചാലും മതി. അതുമല്ലെങ്കിൽ, ഉദരത്തിലായ നഹുഷൻ ജനിച്ചു ഉടനേ അപഹരിച്ചുകൊണ്ടുപോന്നെങ്കിലും ഗ്രഹിച്ചുകൊള്ളുക.'

ഇങ്ങിനെ കമ്പനനുമായി ചിന്തിച്ചുറച്ചിട്ട് ആ മാനവൻ നഹുഷനെ നശിപ്പിയ്ക്കുന്നതിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

മകനേ, വെളിപുത്രനായ അയുസ്സ് ഒരു ധർമ്മിഷ്ഠനായ ചക്രവർത്തിയായിരുന്നു: സത്യധർമ്മങ്ങളിലും ദാനയജ്ഞപുണ്യങ്ങളിലും ശ്രദ്ധാലുവും, യശസ്തപോ ബലവാനും ഇന്ദ്രോപേന്ദ്രസദൃശനും ചന്ദ്രവംശാഭരണവുമായ ആ രാജശ്രേഷ്ഠൻ ഏകച്ഛത്രാധിപതിയായി രാജ്യം ഭരിച്ചുപോന്നു. അദ്ദേഹത്തിന്നു പുത്രൻ ഉണ്ടാകാഞ്ഞതിനാൽ വലിയ വ്യസനമായി. 'എങ്ങിനെയായാൽ എനിയ്ക്കുണ്ണിയുണ്ടാകും' എന്നിങ്ങിനെ ചിന്തയിൽപ്പെട്ട് അദ്ദേഹം പുത്രലബ്ധിക്കായി വന്ധിച്ചു യത്നം ചെയ്തു.

ഒരു നാൾ നരേന്ദ്രൻ ഭഗവാനായ അത്രിയുടെ ആശ്രമത്തിൽച്ചെന്ന് ആ ബ്രഹ്മണശ്രേഷ്ഠനെ കണ്ടു: മഹായോഗികളിൽവെച്ച് ഉത്തമോത്തമനായ ആ അത്രിപുത്രൻ, പൂർണ്ണതൽപോലുമില്ലാതെ, മദ്യംകേടിച്ചു ലഹരിപിടിച്ചു തുടുത്തകണ്ണുമായി, ഒരു സുന്ദരീമണിയായ യുവതിയെ മടിയിൽവെച്ചു ക്രീഡിയ്ക്കുകയായിരുന്നു; വളരെ സ്ത്രീകളാൽ ചുറ്റപ്പെട്ടു, ദിവ്യപുഷ്പമാലകളും മുത്തുമാലകളുമണിഞ്ഞു, ചന്ദനവും അകിലും പൂശി പരിശോഭിയ്ക്കുന്ന ആ മഹർഷിയെ രാജാവു വടിപോലെ വീണു നമസ്കരിച്ചു. കേതിയോടേ മുൻവശത്തു വന്നുചേർന്ന നരേന്ദ്രനെ കണ്ടപ്പോളാകട്ടേ, യോഗീന്ദ്രൻ ധ്യാനത്തിലിരിക്കയാണ് ചെയ്തത്. ഇങ്ങിനെ ഒരു നൂറാണ്ടു കഴിഞ്ഞു. അതിന്നശേഷം, അരചന്റെ കേതി ദാർഢ്യം കണ്ടിട്ട മഹർഷി പറഞ്ഞു: —'രാജാവെ, എന്തിന ബുദ്ധിമുട്ടുന്നു? ഞാൻ ബ്രഹ്മണാചാരം വിട്ടവനാണ്—എനിയ്ക്ക് ഒരിക്കലും

Digitized By Kerala Sahitya Akademi

ബ്രാഹ്മണ്യമില്ല. സദാ മദ്യമാംസങ്ങളിലും സ്ത്രീകളിലും സക്തനാണ ഞാൻ. വരം തരാൻ എനിയ്ക്കു ത്രാണിയില്ല. മറ്റൊരു ബ്രാഹ്മണനെ സേവിച്ചുകൊൾകം.'

രാജാവ്:—'മഹാഭാഗ, നിന്തിരുവടിയെപ്പോലെ ഒരു ബ്രാഹ്മ ണന്റേക്കുമില്ല. എന്തുമീഷ്ടവും നൽകാൻ ത്രാണിയുള്ള ത്രിലോക നാഥനാണ് നിന്തിരുവടി. അത്രിവംശത്തിൽ ബ്രാഹ്മണനായി അവ തരിച്ച ഗജേന്ദ്രാജനന്തേ നിന്തിരുവടി. ദേവദേവേശ, നിന്തിരുവ ടിയ്ക്കു നമസ്കാരം! പരമേശ്വര, നിന്തിരുവടിയ്ക്കു നമസ്കാരം! അ ത്രിതവത്സല, നിന്തിരുവടിയെ ശരണംപ്രാപിച്ചവനാണ് ഞാൻ; ഹൃഷീകേശ, എന്നെ കരയേറേണമേ! ലോകത്തിലെ പ്രജകളെ നിന്തിരുവടി മായയാൽ മോഹിപ്പിയ്ക്കുകയാണ്; സർവ്വജ്ഞനും സർ വ്വനേതാവും ജഗദ്ഭർത്തനുമായ ജനാർദ്ദനനാണ് നിന്തിരുവടി എന്ന് എ നിക്കറിയാം. ശരണാഗതനായ എന്നെ രക്ഷിക്കണേ! വിശ്വരൂപ, ഇ വിടെയ്ക്കു നമസ്കാരം!'

വളരെക്കാലം കഴിഞ്ഞിട്ടു, അത്രേയൻ ബോധമില്ലാത്ത മ ട്ടിൽ മഹാരാജാവിനോടു പറഞ്ഞു:—'എനിക്കു ഒരു തലയോടിൽ മദ്യ വും ധാരാളം മാംസവും തരിക. ഇപ്രകാരം അയുരാജേന്ദ്രൻ ബോ ധപ്പെട്ടു് ഒരു തലയോടിൽ മദ്യവും, സ്വഹസ്തംകൊണ്ടുതന്നെ നന്നാക്കിയ വളരെ മാംസവും ഭക്തിയോടേ കൊണ്ടുകൊടുത്തു. ഉടനെ, ഗുരോ ത്തമന്റെ ഭക്തിപ്രഭാവവും ഗുരുശുശ്രൂഷയും കണ്ടു മനം തെളിഞ്ഞ മ ഹാത്രേയമഹർഷി പ്രണതനായ പൃഥുചിത്രനോടരുളിച്ചെയ്തു:—'ശ്രീ മിഥുല, ഭവാനു നന്മവരട്ടേ! വരം വാങ്ങിക്കൊൾകം. ലോകത്തിൽ ദുർ ല്ലഭമായാലും, അങ്ങയ്ക്കു വേണ്ടതൊക്കെയും ഞാൻ തന്നേയ്ക്കാം.'

രാജാവ്:—'മഹാമുനേ, നിന്തിരുവടി കനിഞ്ഞു വരം നൽകുക യാണെങ്കിൽ, എനിയ്ക്കു സർവ്വജ്ഞനും സൽഗുണശാലിയുമായ ഒരു പു ത്രനെ തന്നരുളിയാലും: ദേവതീർത്ഥപൂജകനും, ദേവാസുരകിന്നരാക്ഷ സന്മാക്കും ക്ഷത്രിയക്കും ജയിച്ചുകടത്തുവനും, പ്രജകളെ ശരിയ്ക്കു രക്ഷി യ്ക്കുന്നവനും, യജ്വാവും, ദാതാവും, ഭോക്താവും, ശൂരനും, ആശ്രിത വത്സലനും, ദീനബന്ധുവും, മഹാത്മാവും, വേദശാസ്ത്രധനുർവേദങ്ങളു ടെമേൽ ഒര പോലെ പുകവനും, അവ്യാഹതബുദ്ധിയും, യുദ്ധത്തിൽ തോൽക്കാ ത്തവനും, വംശത്തെ വളർത്തുന്നവനും, ധീരനും, വീരനും, സുന്ദരനുമായ ഒരു മകൻ നിന്തിരുവടിയുടെ വരത്താൽ എനിയ്ക്കുണ്ടായിവരട്ടെ!'

Digitized By Kerala Sahitya Akademi

ദത്താത്രേയൻ:—മഹാരാജാവേ, അങ്ങിനെയാകട്ടെ: ഈ ഇണങ്ങളോടു ക്രൂരി, വൈഷ്ണവകലയായ ഒരു സൽപുത്രൻ അങ്ങയ്ക്കുണ്ടായി വരും; സർവ്വജീവികളിലും ദയാലുവായ അവൻ ഇന്ദ്രനെപ്പോലെ ഒരു ചക്രവർത്തിരാജാവായി വാണ്, അങ്ങയുടെ വംശത്തെ നിലനിർത്തുകയും ചെയ്യും.

ഇങ്ങിനെ വരം അരുളിച്ചെയ്തിട്ട്, യോഗിസത്തമൻ ഒരു മികച്ച പഴം, രാജ്ഞിയെ തീറ്റിപ്പിപ്പാനായി രാജാവിന്റെ കയ്യിൽ കൊടുക്കുകയും, വീണ്ടും നമസ്കരിച്ച നരേന്ദ്രനെ അനുഗ്രഹിച്ചു വിടയൽകി, മറയുകയും ചെയ്തു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാണം, വേതസിക്ഷേത്രസംഭവം, ച്യവനോപാഖ്യാനം, ആയുർവേദലാഭകഥനം ഒന്നൂറിനാലാമധ്യായം.

(o)

ഒന്നൂറിനാലാമധ്യായം

കണ്ണൻ:—ദത്താത്രേയമഹർഷി മറഞ്ഞയുടനേ, ആയുമന്നവൻ സപരിവാരത്തിലേയ്ക്കു മടങ്ങിപ്പോന്നു. ആ ബുദ്ധിമാൻ, സർവഭോഗൈശ്വര്യങ്ങളും നിറഞ്ഞു കണ്ണഞ്ചിപ്പോകുന്ന ഇന്ദുമതീഗൃഹത്തിൽ സസന്തോഷം ഉല്ലസിക്കുകയും, സപത്നീകനായിരുന്ന ഇന്ദുമതിയോടൊന്നിച്ചു, സ്വർഗ്ഗം ഇന്ദ്രനെന്നപോലെ ഭൂലോകം ഭരിച്ചുവാണു.

ദത്താത്രേയന്റെ അരുളപ്പാടാൽ പഴം തിന്നതുനിമിത്തം ഇന്ദുമതിക്കു ദിവ്യതേജസ്സോടുകൂടിയ ഗർഭം ഉത്ഭവിച്ചു. മകനേ, ആ മാഞ്ഞി രാത്രിയിൽ, ഏറ്റവും മംഗളകരമായ ഒരു ദിവ്യസ്വപ്നം കണ്ടു:

(അന്നനട)

അറയിലുൾപ്പൂക്കൊണ്ടരുണതേജസ്സാ-
മൊരുപുമാൻ വെള്ളത്തുകിലുടുത്തവൻ
തുലാകോടിമുകുതാമണിമാലാഗള-
വലയാദിദിവ്യവിഭൂഷണോജ്ജ്വലൻ
സ്ഫടിയാം ദിവ്യക്കിരീട്ടപുശി-
തയാമവൺപൂമാല കഴുത്തിലിട്ടവൻ

Digitized By Kerala Sahitya Akademi

സുധാംശുമണ്ഡലസപത്നകകുണ്ഡലൻ
ഗദാസിശംഖാരിധരചതുർഭുജൻ.
മുഴമതിയെതിർക്കുടപിടിച്ചുകൊ-
ണ്ടഴകിൽ മിന്നിനമഹാപ്രഭാജനവൻ,
അരിപ്പൊന്നാൽ പൊതിഞ്ഞഞ്ചിതം പതി-
ച്ചുരയന്നനിറമിയന്ന ശംഖികൾ
നിറച്ചിരുന്ന തുനവംപാലുകൊണ്ടാ-
നമേന്ദ്രപതിയെ സ്വയം കളിപ്പിച്ചുൻ;
മഹാമണിജ്വാലാകലാപമാളിന
സഹസ്രശിഷ്ടനാം സിതഫണീന്ദ്രനെ
ആനന്തരമീന്തുതീഗളഞ്ഞിങ്ക.
ലനഘഹാരമോയഞ്ഞിയിച്ചുകൊണ്ടാൻ;
അരവിന്ദമവളുടെ കയ്യിലേകി-
ത്തിരിക്കയുംചെയ്താൻ താനതിടഞ്ഞയ്ച്ചായ്.

മകനേ, ഇങ്ങിനെ ഒരു സ്വപ്നമാണ് ഇന്ദുമതി കണ്ടതു്. അതു് ആ സൌഭാഗ്യവതി ഭർത്താവിനെ അറിയിച്ചു. അതുമഹാരാജാവു് അതു കേട്ടിട്ടു വീണ്ടും വീണ്ടും ആലോചിച്ചു നോക്കി: ഒടുവിൽ, സർവ്വജ്ഞനായ ശൈനകൻ എന്ന പുരോഹിതനെ വരുത്തി സ്വപ്നവൃത്താന്തമെല്ലാം പറഞ്ഞു.

ശൈനകൻ:—'അങ്ങയ്ക്കു ധീമാനായ ഭരതാത്രേയൻ മുമ്പു വരം തരികയുണ്ടായല്ലോ; പുത്രോല്പത്തിക്കായി രാജ്ഞിയെ ഭരിപ്പിപ്പാൻ അദ്ദേഹം തന്നേല്പിച്ച ആ പഴം ആർക്കാണ് അവൾ കൊടുത്തതു്?'

'ഇന്ദുമതിയ്ക്കാണ് കൊടുത്തതെ'ന്നു രാജാവു മറുപടി പറഞ്ഞു. അതു കേട്ടിട്ടു, മഹാപ്രാജ്ഞനായ ശൈനകൻ അഭിപ്രായപ്പെട്ടു:—'എന്നാൽ, ഭരതാത്രേയന്റെ പ്രസാദത്താൽ അങ്ങയ്ക്കു വൈഷ്ണവാംശം ചേർന്ന ഒരു സൽപുത്രൻ ഉണ്ടായിവരും; സംശയമില്ല. ഇതാണ്, സ്വപ്നത്താൽ സൂചിപ്പിക്കപ്പെട്ടതു്. അങ്ങയ്ക്കു് ഇന്ദ്രോപേന്ദ്രതുല്യനായ ഒരു പുത്രൻ ഉളവാകും; ആ പുത്രൻ സർവ്വധർമ്മശീലനും സോമവംശത്തിനു് ഒരാഭരണവും വേദധനുർവേദവിദഗ്ദ്ധനുമാ

Digitized By Kerala Sahitya Akademi

യിത്തീരുകയും ചെയ്യും.' ഇപ്രകാരം പറഞ്ഞു ശൌനകൻ സപരിവാരം തിലേയ്ക്കു ഗമിച്ചു. രാജാവും ഭാര്യയും അത്യന്തം സന്തോഷിച്ചു.

ശ്രീചന്ദ്രമഹാപുരണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാണപ്രകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, ഇന്ദുമതീസപുത്രകഥനം എന്നീ നൂറിരണ്ടാമദ്ധ്യായം.

(൭)

ഒരുനൂറാഞ്ചാമദ്ധ്യായം

കഞ്ചുകൻ:—ഇന്ദുമതി സഖിമാരൊന്നിച്ചു നന്ദനവനത്തിൽ ക്രീഡിപ്പാൻപോയി. അവിടെ വച്ച് അതിരോ പറഞ്ഞു:—'ഇവളുടെ ഗർഭത്തിൽ ജനിയ്ക്കുന്ന മഹാബലനായ പുത്രൻ ഹുണ്ഡനെ സംഹരിയ്ക്കും.' ഇപ്രകാരം ഒരു ദുഃഖപ്രദമായ അപ്രിയവചനം കേൾക്കുകയാൽ, അവർ തിരിയേ പോന്ന് അക്കാര്യം മുഴുക്കത്തിൽ അച്ഛനെ അറിയിച്ചു. അതിൽ അത്യുത്കണ്ഠപ്പെട്ട പിതാവു മുമ്പ് അശോകസുന്ദരിയുടെ ചരിത്രമുണ്ടായതോർമ്മിച്ചു. കാലചോദിതനായ ഹുണ്ഡാസുരനോ, ഇന്ദുമതിയുടെ ഗർഭം നശിപ്പിപ്പാൻ നിഗ്രഹമായി ശ്രമം തുടങ്ങി: അവൻ എപ്പോഴും തക്കം നോക്കിക്കൊണ്ടു, ശ്രൌതാഗ്നിയാനയിതയും ദിവ്യതേജസ്വിനിയും വിഷ്ണുതേജസ്സിനാൽ രക്ഷിതയുമായ രാജ്ഞിയുടെ അരികിൽ കാണ്മാൻകൊണ്ടു ചാക്കയായി. ആ ദുരാത്മാവ് മായകൊണ്ട് അവളുടെ മുൻപിൽ പലതരം ഭയങ്കരരൂപങ്ങളെ പ്രദർശിപ്പിച്ചുപോന്നു; എന്നാൽ, ഗർഭത്തിലെ വിഷ്ണുതേജസ്സിനാൽ പരിരക്ഷിതയായിരുന്ന അവർക്ക് ഒരിക്കലും ഒരു ഭയവും തോന്നുകയുണ്ടായില്ല. അസുരന്റെ പരിശ്രമം പാഴായിപ്പോയതേ ഉള്ളൂ. അവന് വലിയ വ്യസനമായി. അങ്ങിനെ ഒരു നൂറാണ്ടു കഴിഞ്ഞപ്പോൾ, സർവ്വാനന്ദപുരി ഭാനുവിന്നൊത്ത തേജസ്സും വീരലക്ഷ്മിയുമുള്ള ഒരുണ്ണിയെ പ്രസവിച്ചു.

കാമനാമകനേ, രാത്രിയിലായിരുന്ന രാജ്ഞിയുടെ പ്രസവം. ഉടനേ, ഇയാറില്ലത്തുനിന്നു, ഒരു പരമദുഷ്ടയായ ദാസി പുറത്തേയ്ക്കിറങ്ങി. വെട്ടുപ്പും നടപ്പുമില്ലാത്ത ആ കൊള്ളിവാക്കുകാരിയോട് വിവരമെ

Digitized By Kerala Sahitya Akademi

ല്ലാം ചോദിച്ചറിഞ്ഞിട്ട് ഹുണ്ഡാസുരൻ അവളുടെ ദേഹം തന്നെ ഉരുട്ടുക്കു ആയുവിന്റെ ഗൃഹത്തിലേയ്ക്കു കടന്നു. അതു കതകെല്ലാം നല്ല ഉറക്കമായിരുന്നു. അതുകൊണ്ട് അവൻ ദേവകുമാരനെന്നോർത്തു ഉണ്ണിയെ കൈക്കലാക്കി പുറത്തേയ്ക്കു ചാടി, തന്റെ കാഞ്ചനപുരത്തിലെത്തി, വിപുല (വിദ്യുദ) എന്ന പ്രിയപത്നിയെ വിളിച്ചുവരുത്തിച്ചു:—'ഈ കുട്ടി എന്റെ ശത്രുവാണ്; മടിക്കുടാതെ ഈ മാപാപിയെ കൊന്നു, വെടുപ്പുകാരന്റെ കയ്യിൽ കൊടുത്തു, മസാലയും മറ്റുംകൂട്ടി കറിവെച്ചു എനിയ്ക്കു തിന്നുവാൻ തരുവിയ്ക്കുക.'

ഭർത്താവിന്റെ വാക്കു കേട്ടിട്ട് വിപുല പകച്ചുപോയി. 'എന്തു കൊണ്ടാണ്, എന്റെ ഭർത്താവ് ഇതു നിഷ്ഠുരനായിത്തീർന്നതു്? ലക്ഷണം തികഞ്ഞു ദേവകുമാരനെപ്പോലിരിയ്ക്കുന്ന ഏതോ ഒരുണ്ണിയെ അലിവും അറപ്പുംകൂടാതെ തിന്നുവാൻ പറയുന്നു! എന്നിങ്ങിനെ ചിന്തിച്ചു കരുണതോന്നിയ അവൾ ഭർത്താവിനോടു ഭയപ്പെട്ടു ചോദിച്ചു:—'അസുരേശ്വര, എന്തിനാണ്, കുട്ടിയെ തിന്നുന്നതു്? ഭവാൻ വല്ലാതെ ക്രോധിച്ചു നിർല്ലജ്ജനായിത്തീർന്നതിന്റെ കാരണമെല്ലാം പരമാർത്ഥമായി പറയുക.' അശോകസുന്ദരിയുടെ താപത്താൽ തനിക്കു ദോഷം പിണഞ്ഞ കഥ ദുരാത്മാവായ ഹുണ്ഡൻ ചുരുക്കത്തിൽ പറഞ്ഞറിയിച്ചു. വിവരമെല്ലാം മനസ്സിലായപ്പോൾ, 'ശരി, ഈ കുട്ടിയെ കൊല്ലുകതന്നെ വേണം; ഇല്ലെങ്കിൽ ഭർത്താവു മരിച്ചുപോകുമല്ലോ' എന്നിങ്ങിനെ ചിന്തിച്ചു അരിശംകൊണ്ട വിപുല മേകല എന്ന രാക്ഷസസ്ത്രീയെവിളിച്ചു നിയോഗിച്ചു:—'മേകലേ, ഈ ഉണ്ടക്കുട്ടിയെ ഇപ്പോൾത്തന്നെ കൊന്ന് അടുക്കളയിൽ വെടുപ്പുകാരന്റെ കയ്യിൽ കൊണ്ടുകൊടുക്കുക; ഭർത്താവിനു കറിവെപ്പാനാണ്".

മേകല കുട്ടിയെ വാങ്ങി, പാചകനെ വിളിച്ചുപറഞ്ഞു:—'തമ്പുരാൻ കല്പിച്ചിരിയ്ക്കുന്നു, കുട്ടിയെക്കൊണ്ടു കറി തയ്യാറാക്കാൻ.' നല്ല വണ്ണായ സൂത്രൻ കുട്ടിയെ വാങ്ങി, കൊല്ലാൻ കത്തിയെടുത്തു. ദേവദേവനായ ദത്താത്രേയന്റെ തേജസ്സിനാൽ രക്ഷിതനായ ആ ആയുപുത്രനാകട്ടെ, വീണ്ടും വീണ്ടും പുഞ്ചിരിയിട്ടുകൊണ്ടിരുന്നു. പൈതൽ ചിരിയ്ക്കുന്നതു കണ്ടിട്ട പാചകന്നു മനസ്സലിഞ്ഞുപോയി. രൈരന്ധ്രിയ്ക്കും കരുണതോന്നി. അവൾ വെടുപ്പുകാരനോടു പറഞ്ഞു:—'ഈ പൊടിക്കുഞ്ഞിനെ കൊന്നുകൂടാ; ദിവ്യലക്ഷണങ്ങളുള്ള ഈ ബാലൻ ആരുടെയോ, എന്തോ!'

Digitized By Kerala Sahitya Akademi

സൂതൻ:—'ഭദ്രേ, വേതി ഭയയോരേ അഭിപ്രായപ്പെട്ടത് ശരിയാണ്: രാജലക്ഷണങ്ങളുള്ള ഈ ആൺകുട്ടി ആരുടെയായിരിയ്ക്കാം? എന്തിനാണ്, പാപിയായ ഹുണ്ഡാസുരാധമൻ ഇതിനെ തിന്നാൻ തുടങ്ങുന്നത്?'

മുമ്പു സുകർമ്മംകൊണ്ടു വംശത്തെ രക്ഷിച്ചവൻ യാവനൊരുത്തനോ, അവൻ ആപത്തുകളിലും മുറ്റങ്ങളിലും പെട്ടാൽക്കൂടി ജീവിയ്ക്കാതിരിക്കില്ല; നദീപ്രവാഹത്തിലോ അഗ്നിമധ്യത്തിലോ വീണാൽത്തന്നെയും അവനെ കർമ്മം തുണച്ചു രക്ഷപ്പെടുത്തും. ധർമ്മപുണ്യാനുഷ്ഠിതമായ കർമ്മം ചെയ്യുവർ ആയുഷ്മാന്മാരും സുഖികളുമായിത്തീരുന്നു. കർമ്മം ഉൽഗതി വരുത്തും; രക്ഷയിൽ ശ്രദ്ധിച്ചുകൊണ്ടിരിയ്ക്കും; ഭക്തിയെ നൽകും; എപ്പോഴും സുഹൃൽകൃത്തായ് ആചരിക്കുകയും ചെയ്യും. പരോപകാരമായി നല്ല വാക്കോടേ ദാനപുണ്യം ചെയ്യുന്നതായാൽ, അവനെ ആ ശുഭകർമ്മം തന്നെ സർവ്വദാ രക്ഷിച്ചുകൊള്ളും; സംശയമില്ല. അശുഭാത്മകത ചെയ്താലോ, നീചയോനിയിൽ ചെന്നുചേരും. അച്ഛനമ്മമാരോ മറ്റു ബന്ധുക്കളോ സജ്ജനങ്ങളോ എന്തു ചെയ്യാനാണ്? കർമ്മത്താൽ ഹനിക്കപ്പെട്ടവനെ രക്ഷിപ്പാൻ ആരും ഉണ്ടാകയില്ല.

അയുനന്ദനൻ കർമ്മത്താൽ രക്ഷിതനായിരുന്നു; അതിനാലത്രേ സുദന്തനും സൈരന്ധ്രിയ്ക്കും ഭയത്തോന്നിയത്. അവരിരുവരും കൂടി ആ സുലക്ഷണനായ ബാലനെ രക്ഷിച്ചു: പുണ്യശ്ലോകിതയായ സൈരന്ധ്രി ഹുണ്ഡനെ പേടിച്ച് ആ രാത്രിയിൽത്തന്നെ കുട്ടിയെ വസിഷ്ഠന്റെ പുണ്യാശ്രമത്തിൽ കൊണ്ടുപോയി, പുണ്ണശാലയുടെ പടിയ്ക്കൽ കിടത്തി, തിരിയേ പോന്നു. സുദന്തനാകട്ടെ, ഒരു മാനിനെ കൊന്ന്, അതിന്റെ മാംസം കൊണ്ടു കറിവെച്ചു; ഹുണ്ഡാസുരേന്ദ്രൻ അതു ഭക്ഷിച്ചിട്ട്, അശോകസുന്ദരിയുടെ ശാപം പാഴായതായി കരുതി, അത്യന്തം സന്തോഷിക്കുകയും ചെയ്തു.

നേരം പുലർന്നപ്പോൾ പുറത്തേയ്ക്കിറങ്ങിയ ധർമ്മശീലനായ വസിഷ്ഠമഹർഷി പുണ്ണശാലാദ്വാരത്തിൽ പാവ്നേന്ദുസുന്ദരനായി ചാരുനേത്രനായി ദിവ്യലക്ഷണപൂർണ്ണനായിരിക്കുന്ന ബാലകനെ കണ്ടെത്തി. അദ്ദേഹം മഹർഷിമാരേയെല്ലാം വിളിച്ചു പറഞ്ഞു:—'ഇതാ, നോക്കുവിൻ; ആരോ രാത്രിയിൽ എന്റെ മുറ്റത്തു കൊണ്ടുവന്നിട്ട

Digitized By Kerala Sahitya Akademi

ഏതോ ഒരാൺകുട്ടി! ദേവകളുടേയൊ ഗന്ധർവ്വരുടേയൊ കുട്ടിയാണെന്നു തോന്നും; രാജലക്ഷണങ്ങളും കാണുന്നുണ്ട്; സൌന്ദര്യമോ, ഒരുകോടി കാമദേവന്മാർക്കൊപ്പം! ചന്ദ്രനോക്കുവിൻ.' കെയൂരകുമുഴത്ത ബ്രാഹ്മണശ്രേഷ്ഠന്മാർ മഹാത്മാവായ ആയുവിന്റെ മകനെ മനം കുളിരെ ടർത്തിച്ചു. വസിഷ്ഠൻ പിന്നെ ധ്യാനദൃഷ്ടികൊണ്ടു നോക്കിയതിൽ, അത് ആയുവിന്റെ പുത്രനാണെന്നറിഞ്ഞു; ചണ്ഡശീലനായ ഇന്ദ്രന്റെ ചരിതവും അദ്ദേഹത്തിന്നു മനസ്സിലായി. ഉടനെ, മനംകനിഞ്ഞ ബ്രഹ്മപുത്രൻ കുട്ടിയെ ചെന്നെടുത്തപ്പോഴേയ്ക്കും ആ ബ്രാഹ്മണേന്ദ്രന്റെ മേൽ ദേവന്മാർ പുഷ്പവർഷം പൊഴിച്ചു; ഗന്ധർവ്വകിന്നരന്മാർ മധുരസ്വരത്തിൽ പാട്ടുപാടി; ഋഷിമാർ വേദമന്ത്രങ്ങൾ ചൊല്ലി രാജകുമാരനെ സ്തുതിച്ചു. വസിഷ്ഠൻ അവനെ നോക്കി വരം ഉച്ചരിച്ചു:—'ഉണ്ണി ബാല്യത്തിലും ക്ഷത്രിയനായില്ലല്ലോ, അതിനാൽ നഹുഷൻ എന്ന ലോകവിശ്രുതനാകും; ദേവകുലംകൊണ്ടും പൂജ്യനാകും!'

നഹുഷന്റെ ജാതകർമ്മം, ഉപനയനം, വിസർഗ്ഗം, വിദ്യാരംഭം മുതലായവയും വസിഷ്ഠൻ തന്നെയാണ് നടത്തിയത്. അഗ്നിസന്നിഭനായ ആയുപുത്രൻ പലക്രമങ്ങളോടുകൂടിയ വേദവും, ആറുവേദാംഗങ്ങളും, ശാസ്ത്രങ്ങളും, വിസർജ്ജനോപസംഹാരഹസ്യങ്ങളോടുകൂടിയ ധനുർവ്വേദവും, ദിവ്യങ്ങളായ അസ്ത്രങ്ങളും രാജനീതി മുതലായവയുമെല്ലാം, കേതിയോടേ വസിഷ്ഠന്റെ ശിഷ്യനായി നിന്ന് അഭ്യസിച്ചു, വസിഷ്ഠപ്രസാദത്താൽ സർവ്വവിദ്യാവിശാരദനും, വില്ലാളിയുമായിച്ചമഞ്ഞു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗൃത്സമതിഷ്പ്രകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, നഹുഷോല്പത്തികഥനം എന്നൂറാമേലധ്യായം.

(൦)

ഒന്നൂറ്റൊന്നാമദ്ധ്യായം

കഞ്ജലൻ:—സർഭാനുപുത്രിയായ സൌഭാഗ്യവതി ആയുഭോഗ്യ ദേവപ്രഭനായ തന്റെ നിസ്തുല്യപുത്രനെ കാണായ്കയാൽ അയ്യോ, അയ്യോ എന്നു മറയിട്ടു കരയുകയായി:—

Digitized By Kerala Sahitya Akademi

(ശ്ലോകങ്ങൾ)

'ഹഹ! വന്ന കവന്നതാരുവാൻ
മമ സല്ലക്ഷണമെഴുത്തുപുത്രനെ?
ക്രൂരനാനതപസ്സുടാറുനോ-
റുഴറിക്കിട്ടിയ കഞ്ഞനിക്കവൻ!

മഹിമാവെഴുമെത്രിപുത്രനും-
ത്തെളിവോടെ മമതന്നൊരുണ്ണിയെ
ഏവനാശു കവന്കൊണ്ടുപോയ്
കനിവറ്റൊന്നയിരോട്ട ക്രൂരവ!

ഹഹ, സൽഗുണവാസഗേഹമേ!
മകനെ, ഹാ, മമ പൊന്നപൈതലെ!
വിളികേൾക്കെ,വിടത്തിലാണനീ-
യെ,വനെന്നോമനയെക്കവന്നവൻ?

ക്ഷിതിപോഷിതടിവ്യലക്ഷണം
മുഴവൻചേന്നവനഞ്ജലോചനൻ
ദ്വിജമിന്നുകുലത്തിനൊക്കയും
മുടിമുണ്ടായ് വരുമായിരുന്ന ഹീ!

ഏവനോ സുത, കട്ടുനിന്നെ! ഞാ-
നെവിടെപ്പോയിടുമെന്തുചെയ്യിടും!
ഇതഹോ, മമ മൻപിറപ്പിലെ-
ട്ടിതഞ്ഞിൻഫലമായിരിയ്ക്കണം:

ശരി, തട്ടിയെടുത്തിരിയ്ക്കുമെൻ-
വശമേല്പിച്ച പരസ്വമന്ന ഞാൻ;
അയുതാൻ,തനയാപഹാരജ-
വ്യഥമേ ചേരുവതിന്ന കാരണം!

അഥവാ, ജനനാന്തരേ, ഗുണാ-
കരമാം വിപ്രനെ മാനിയായ്കയോ,
ഒരു പൈതലൊടമ്മയെപ്പിരി-
യ്ക്കുകയോ ചെയ്തിതി,തായതിൻ ഫലം!

Digitized By Kerala Sahitya Akademi

അതുമാതിരി, വൈശ്രവേമാം
ക്രിയയിൽ ബ്രാഹ്മണരാൽ സമന്ത്രമായ്
ഹുതമോദനമേകിയില്ല ഞാൻ
പുരതോ യാചകനെന്നതും വരാം!'

ഇങ്ങിനെ ദുഃഖവും വേദനയും മുഴുത്തു വശംകെട്ട ഇന്ദുമതി മോഹാലസ്യപ്പെട്ടു വീഴുകയും, കന്നിനോടു പിരിഞ്ഞ പയ്യിനെപ്പോലെ നെടുവീർപ്പിടുകയും ചെയ്തു. അയുരാജാവും പുത്രൻ അപഹരിക്കപ്പെട്ടതു കേട്ടിട്ടു തീരെ ഗതൈര്യനായി വമ്പിച്ച ദുഃഖത്തിൽപ്പതിച്ചുപോയി. 'തപസ്സിന്നും ഫലമില്ല, ദാനത്തിന്നും ഫലമില്ല, തീച്ചതന്നെ: ഉണ്ണി അപഹരിയ്ക്കപ്പെട്ടുപോയല്ലോ! പണ്ടു ഭത്താത്രേയൻ പ്രസാദിച്ചു, വിജയിയും അജയ്യനും ഗുണപൂർണ്ണനുമായ പുത്രൻ ഉളവായിവരുമെന്ന് അനുഗ്രഹം വരം കല്പിച്ചുതരികയുണ്ടായി; തന്തിരുവടിയുടെ പ്രസാദത്തിന്നും വിഘ്നം വന്നതെങ്ങിനെ?' എന്നിങ്ങിനെ ചിന്തിച്ചു അദ്ദേഹം സങ്കടത്തോടെ കണ്ണുനീർ വാർത്തു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാണകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, അഹല്യാമാതൃവിജനകഥനം എന്നൂറാറാമധ്യായം.

——(o)——

ഒന്നൂറേഴാമദ്ധ്യായം

കഞ്ജലൻ:—അപ്പോഴും സാക്ഷാൽ നാരദൻ സഭയിൽനിന്നു വന്നെത്തി, നരേന്ദ്രനെ സമാശ്വസിപ്പിച്ചു:—'രാജാവേ, എന്തിനാണ് കരയുന്നതു്? അങ്ങയുടെ മകനെ അപഹരിച്ചതു ദേവാരികുലത്തിലെ മകരമായിത്തീർന്നിരിയ്ക്കുന്നു; അതിനാൽ, വ്യസനിക്കേണ്ട. അമ്മയുടെ മകൻ എല്ലാ വിദ്യകളും അഭ്യസിച്ചു, ഗുണങ്ങളും വരങ്ങളും നേടി പൂർണ്ണകാമനായി തിരിച്ചുവരും. ദേവകുലത്തിലെപ്പോലെ ഗുണവാനായ ആ ബാലനെ ആർ അപഹരിച്ചു സഹസ്രത്തിലേയ്ക്കു കൊണ്ടുപോയോ, അവനെ സംഹരിച്ചിട്ട്, മഹാബലവീര്യനായ ദേവൽപുത്രൻ ശിവകരമായൊന്നിച്ചു തിരിച്ചുവരും. അവൻ ഇന്ദ്രോപേന്ദ്രരെപ്പോലെ തേജസ്വിയായിത്തീരും; തന്റെ സൽകർമ്മങ്ങൾകൊണ്ടു് ഇന്ദ്രത്വം അ

Digitized By Kerala Sahitya Akademi

നടവിയ്ക്കുകയും ചെയ്യും!' ഇപ്രകാരം ആയുവിനെ ആശ്വസിപ്പിച്ചിട്ട് ആ ദേവേന്ദ്രിവയ്യൻ, രാജാവും ആരംക്കാരും നോക്കിനിൽക്കെ, വേഗത്തിൽ നടകൊണ്ടു.

മഹാഭാഗനായ നാരദൻ ദേവലോകത്തേയ്ക്ക് തിരിച്ചുടനെ ആയു ചെന്ന് അതൊക്കെ രാജ്ഞിയെ അറിയിച്ചു:—'രാജ്ഞി, ഭഗവാനേയൻ നമുക്ക് തന്നെ ദേവശ്രേഷ്ഠനുല്യനായ പുത്രൻ വിഷ്ണുപ്രസാദത്താൽ കുശലിയായിത്തന്നെയിരിയ്ക്കുന്നു; കട്ടകൊണ്ടുപോയവന്റെ തല കൊയ്തിട്ട്, ആ ഗുണവാനായ ഉണ്ണി തിരിയേ വരും എന്നാണ് നാരദൻ അരുളിച്ചെയ്തത്. ഭദ്രേ, അതിനാൽ വ്യസനിക്കേണ്ട; വിമോഹം വെടിഞ്ഞു സന്തോഷവും സുഖവും പൂണ്ടുകൊൾക.' ഇതു കേട്ടിട്ട് ഇന്ദുമതീരാജ്ഞി, മകൻ തിരിച്ചുവന്നമല്ലോ എന്ന്, അത്യന്തം സന്തോഷിച്ചു:—'ദേവർഷിയുടെ അരുളപ്പാട് മറിച്ചാവില്ല: എനിയ്ക്ക് ദത്താത്രേയൻ കല്പിച്ചുതന്ന നന്ദനൻ ജരാമരണരഹിതനായിത്തന്നെ വരിയ്ക്കും!' എന്നിങ്ങിനെ വിശ്വസിച്ച്, അവർ ആ മഹർഷിയെ വന്ദിച്ചു:—

'സംസിദ്ധിയെല്ലാം തരുമാ മഹാത്മാ-
വായീടമാത്രേയനെ ഞാൻ തൊഴുന്നേൻ;
എനിയ്ക്ക് തൽപ്രീതിനിമിത്തമല്ലോ
യശസ്സിന്റെ ശ്രേഷ്ഠസുതൻ പിറന്നു!'

മകൻ നഹുഷൻ തിരിച്ചു വരുമെല്ലോ എന്നോർത്തു മനംകുളിർത്ത മഹാറാണി ഇതുയും പറഞ്ഞു വിരമിച്ചു.

ശ്രീചക്രമഹായുരാണം, ഭ്രമിഖണ്ഡം, ഗുരുതീർത്ഥപ്രകരണം, ദേവവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, നഹുഷപിതൃസമാശ്വാസനം എന്നുറോഴാമദ്ധ്യായം.

(൭)

ഒന്നാമൊറ്റാമദ്ധ്യായം

കുഞ്ജലൻ:—തേജസ്സേറിയ ബ്രഹ്മപുത്രൻ, വസിഷ്ഠമഹർഷി നഹുഷനെ വിളിച്ചു ഇപ്രകാരം ആവശ്യപ്പെട്ടു:—'വേഗത്തിൽ കാട്ടിൽ പോയി, ചമതയും മറ്റും കൊണ്ടുവരു.' നഹുഷൻ ക്ഷണത്തിൽ കാട്ടിലേയ്ക്ക് നടകൊണ്ടു.

Digitized By Kerala Sahitya Akademi

'ഇതാ, ബാഹ്യത്തിലെ അമ്മയോട്ട വേർപിരിക്കപ്പെട്ട ആയുപുത്രൻ നഹുഷനാണ് ഈ മഹാപ്രാജ്ഞൻ. പുത്രവിരഹത്താൽ കരഞ്ഞുകൊണ്ടിരിക്കുന്ന ആയുപത്നിയായ ഇന്ദുമതീരാജ്ഞി എന്നാണ്", പണ്ട് അസുരരാൽ അപഹരിക്കപ്പെട്ട ഈ ധർമ്മജ്ഞനായ നഹുഷനെ കാണുക? അശോകസുന്ദരി എന്ന ചെറുപ്പക്കാരിയായ ശിവകുമാരിയും അസുരനാശത്തിന്നായി ആയുപുത്രനെ കരുതി ഉഗ്രതപസ്സു ചെയ്തിരുന്നവളല്ലോ; അവർ ഇദ്ദേഹത്തോട്ട ചേരുക എന്നായിരിയ്ക്കും.' എന്നിങ്ങിനെ, അകാരുത്തുവെച്ചു ചാരണർ തമ്മിൽ സംസാരിച്ചിരുന്നതു വികൃതിയായ നഹുഷന്നു കേൾക്കുമാറായി. ആ ധാർമ്മികൻ കമതയുംമാറുകൊണ്ടു ആശ്രമത്തിൽ തിരിച്ചെത്തി, അതെല്ലാം മഹാത്മാവായ വസിഷ്ഠന്റെ അടുക്കൽ സമർപ്പിച്ചിട്ട്, ഭക്തിപൂർവ്വം വണങ്ങി തൊഴുകയുമായി നിന്ന മഹർഷിയോടുണർത്തിച്ചു:—

'ഭഗവാനേ, പുതുതായിട്ടുള്ള ചാരണർ പറഞ്ഞു ഞാൻ കേൾക്കുകയുണ്ടായി'; ഇന്ദുമതിയാകുന്ന അമ്മയോട്ട മാനവന്മാർ വേർപെടുത്തിയ ആയുപുത്രൻ നഹുഷനാണിതു്; ഈ ധീരനെച്ചൊല്ലിയത്രേ, ചെറുപ്പക്കാരിയായ ശിവകുമാരി ഉഗ്രതപസ്സു ചെയ്യുന്നു. എന്നായിരുന്ന അവരുടെ സംസാരം; ഇതൊ, അതെല്ലാം ഞാൻ കേൾക്കുകയും ചെയ്തു. എന്നാൽ ആരാണു, ധർമ്മശീലനായ ആയു? ആരാണ് ഇന്ദുമതി? ആരാണ് അശോകസുന്ദരി? നഹുഷൻ എന്നതു് ആരാണ്"? ഇതു പറഞ്ഞതന്നാൽ കൊള്ളാം.

വസിഷ്ഠൻ:—'ഏഴു ദ്വീപിന്നും അധിപതിയായ രാജാവാണ് ആയു; അദ്ദേഹത്തിന്റെ ഭാര്യയത്രേ, സതീവ്രതയായ ഇന്ദുമതി. ആ സാധ്വിയിൽ ആയുമഹാരാജാവിന്നു ചന്ദ്രവംശാലങ്കാരമായി ജനിച്ച പുത്രനാകുന്നു ഗുണനിധിയായ ഭവാൻ. അശോകസുന്ദരി എന്ന സൗഭാഗ്യവതി പരമേശ്വരന്റെ മകളാണ്; ശുഭലക്ഷണാലംകൃതയായ ആ ചാരുഹാസിനി ഭവാനെച്ചൊല്ലി തപോവനത്തിൽ നിരാധാരയായി തപസ്സു ചെയ്തിരുന്നു. ഭവാനെയാണ് അവർക്കു ഭർത്താവായി ധാതാവു നിശ്ചയിച്ചിരിക്കുന്നതു്. ഗംഗാതീരത്തു തന്നിയെ ധ്യാനത്തിലിരിക്കയോരും, തപസ്സുകൊണ്ടുജ്ജ്വലിക്കുന്ന ആ പുണ്ഡരീകാക്ഷിയെ ഹുണ്ഡൻ എന്ന ജ്ഞാനവേന്ദ്രൻ കണ്ടെത്തി; തൽക്ഷണം കാമബാണപീഡിതനായിട്ട് അവൻ അടുക്കൽ ചെന്നു, 'ഭവതി എന്റെ ഭാര്യയാകണ'മെന്നപേക്ഷിച്ചു. അപ്പോൾ ആ താപസി പറഞ്ഞു:—'ഹുണ്ഡ, സാഹസം ചെയ്യുക

Digitized By Kerala Sahitya Akademi

ത്; വീണ്ടും വീണ്ടും പുലമ്പാതിരിക്കുക. എന്നെ നിനക്കു കിട്ടില്ല; ഞാൻ മഹാരാജാവിന്റെ ഭാര്യയാണ്: നഹുഷൻ എന്ന മഹാബലവാനായ അയുപുത്രൻ എന്റെ ഭർത്താവാകുമെന്നതേ ഇന്ദ്രൻ പണ്ടേ കല്പിച്ചിട്ടുള്ളതുമാണ്; ആ തേജസ്വിയാണ് എനിയ്ക്കു ദേവൻ തന്ന ഭർത്താവ്. നീ മരിപ്പാൻ തുടങ്ങുകയാണ്: ഞാൻ ഒരു ശാപംതന്നാൽ, നീ വെണ്ണീറായിപ്പോകും!' ഇതു കേട്ടിട്ടും മദനബാണാർദ്ദിതനായ അവൻ അവളെ മായകൊണ്ടുപഹരിച്ചു സപ്തർഷിമണ്ഡലത്തിലേയ്ക്കു കൊണ്ടുപോയി; മഹാഭാഗ, വാസ്തവം അറിഞ്ഞപ്പോൾ അവൾ ആ ദാനവാധമനെ, 'നിനക്കു നഹുഷന്റെ കൈകൊണ്ടുതന്നെ മരണംവരും' എന്നു ശപിച്ചു.

ഇതൊക്കെയും ദേവൻ ജനിയ്ക്കുന്നതിനു മുമ്പാണ്. ജനിച്ച ഉടനേ, പാപിയായ ഹുണ്ഡൻ ദേവകിയെ കട്ടുകൊണ്ടുപോയി. സൂതൻ ദേവനെ കണ്ടതുമില്ല; ദാസി എന്നെ ആശ്രമത്തിൽ എത്തിച്ചു. ഇന്നു ദേവനെ കാട്ടിൽവച്ചു ചാരണന്മാരിന്നന്മാർ കണ്ടെത്തുകയും ചെയ്തു. ഉണ്ണി വീണ്ടും മായപ്പെട്ടുത്തിനാലാണ്, ഞാനിതു പറഞ്ഞതു്. ദേവൻ ആ പാപിയായ ഹുണ്ഡാസുരാധമനെ നിഗ്രഹിച്ചു് ഇന്ദുമതിയെ പെണ്ണു കണ്ടു കണ്ണുനീർ തുടച്ചുകളയുക. ദാനവപ്പുമാരെ കൊലചെയ്തു് അവരുടെ സുന്ദരിമാരെ കാരാഗൃഹത്തിൽനിന്നു വിടുവിച്ചിട്ടുണ്ടു് അവരുടെ ഭർത്താവിനെ തിരികെ. ഇതാ, ചോദിച്ചതൊക്കെ ഞാൻ പറഞ്ഞുതന്നു.' ഇത്രയും പറഞ്ഞു, ബുദ്ധിയേറിയ ആ ബ്രാഹ്മണൻ വിരമിച്ചു. മഹർഷി വിവരിച്ചതെല്ലാം കേട്ടിട്ടു് ഏറ്റവും ആശ്ചര്യം പൂണ്ട അയുപുത്രൻ കുറെയുംകഴിഞ്ഞു അസുരനെ സംഹരിപ്പാനായി അരിശംകൊണ്ടു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, ഹുവനോപാഖ്യാനം, കൃഷ്ണബാല്യചരിതശ്രവണം എന്നതിലെ ഒരുനൂറെട്ടാമദ്ധ്യായം.

ഒരുനൂറെറാന്വതാമധ്യായം

കണ്ണൻ:—പിന്നീടു നഹുഷന്റെ മഹാത്മാവായ വസിഷ്ഠനാ പ്രസന്നനെ വണങ്ങി വിടവാങ്ങി വില്ലുമമ്പും കൈക്കൊണ്ടു പുറപ്പെട്ടു.

Digitized By Kerala Sahitya Akademi

ആ ദാസി മാനിൻമാംസം പചിപ്പിച്ചു, ദേവസുന്ദരനും ദേവനു ണാനപിതനുമായ ആയുഷ്മാനെ രക്ഷിച്ചു എന്നു പറഞ്ഞുവല്ലോ; സു ദൻ ആ മാംസം തന്നെ വെട്ടിപ്പാക്കി രുചികരമാംവണ്ണം പചിച്ചു കൊണ്ടുകൊടുത്തു ഒപ്പോടാനവനെ വൃഷ്ണനാകുമാറു ക്ഷിപ്പിച്ചു. മിക ച്ച സ്വാദുള്ളതായിരുന്ന ആ മാംസം തിന്ന മനംകേളിൻ ഹൂണ്ഡൻ, ക്ഷണത്തിൽ അശോകസുന്ദരിയുടെ അടുക്കൽ ചെന്നെത്തി, കാമ ത്താൽ തന്റേടം കെട്ട് പറഞ്ഞു:—'ഭദ്രേ, ഭവതിയുടെ ഭർത്താവായ ആയുപുത്രനെ ഞാൻ തിന്നു കഴിഞ്ഞു! ഭവതി എന്നോട് തന്നെ ചേ ർന്നു, വേണ്ടുന്ന സുഖമെല്ലാം അനുഭവിച്ചു കൊൾക. ആ ആയുസ്സറ മനുഷ്യനെക്കൊണ്ടു ഭവതി എന്തു ചെയ്യും?'

അതു കേട്ടിട്ട തപസ്വിനിയായ ശിവക പറഞ്ഞു:—'എനി യ്ക്കു ദേവകീനന്ദനനായ ഭർത്താവ് ആകരനാം അച്ഛനുണ്ടു; അദ്ദേഹ ത്തിനു മരണം എന്നതു മഹാത്മാക്കളായ ദേവന്മാർപോലും കണ്ടിട്ടി ല്ല.' ദുർവൃത്തനായ മൈത്രേയൻ വീണ്ടും വീണ്ടും ചിരിച്ചുകൊണ്ടു വി ശാലാക്ഷിയോടുമിയാടി:—'സുന്ദരി, ജാതമാത്രനായ നഹുഷനെന്ന ദു ഷ്ടക്കുട്ടിയുടെ മാംസം ഇപ്പോൾ തന്നെയാണ് ഞാൻ തിന്നതു.' ഇതു കേട്ടപ്പോഴും അവർക്കു കോപം സംഭവിച്ചുകൂടാതായി. ആ സത്യസ്ഥി തയായ താപസി വീണ്ടും ചൊല്ലി:—'ഞാൻ മനസ്സുവെച്ച നിശ്ച യത്തോടുകൂടിയാണെ് തപസ്സുചെയ്തിട്ടുള്ളതെങ്കിൽ, ആ സുനന്ദ തീച്ചു യായും ഭീർഘായുസ്സായിരിക്കട്ടെ! ദുഷ്ടാ, ജീവിക്കേണമെന്നുണ്ടെങ്കിൽ ഇ വിടംവിട്ടു പോയ്ക്കൊൾക; ഇല്ലെങ്കിൽ, നിന്നെ ഞാൻ ഇനിയും ശ പിച്ചുകളയും!'

ഇതു കേട്ടപ്പോൾ, സുദൻ നമ്രശിരസ്കനായിട്ടു പറഞ്ഞു:—'ചൊന്നതി രുമേനി, ഇവളെവിട്ടു മറെറാരുത്തിയുടെ അടുക്കൽ ഏഴുന്നള്ളിക്കൊൾ ക.' പാചകനാൽ പിന്നാറാറ്റപ്പെട്ട ഹൂണ്ഡസുദൻ ഉഴറേറാടെ ത ന്റെ പ്രിയഭാര്യയുടെ അടുക്കലേയ്ക്കു തിരിച്ചു, വൃത്താന്തമെല്ലാം അവ ളെ ഗ്രഹിപ്പിച്ചു. ദാസിയും സുദനും കൂടി ചെയ്തുവെച്ചതൊന്നും അവൻ അറിഞ്ഞതേ ഇല്ല.

വന്നിച്ച തപസ്സിനാൽ ചടച്ചിരുന്ന അശോകസുന്ദരിയോ, ശോ കത്താലും ദുഃഖത്താലും വെന്തുരുകി, ആ പ്രിയതമനെത്തന്നെ വീണ്ടും വീണ്ടും ധ്യാനിയ്ക്കയായി:—'അസുരന്മാർക്കു ഏതുപായം കൊണ്ടെങ്കി ലും മൃത്യുവാണ് ചെയ്തു കൂടാത്തതു? അവർ ഉപായജ്ഞന്മാരും സ ദാ ഉത്സാഹിക്കുന്നവരുമാണ്. പലതരം നാട്യം നടിപ്പാനും ദാനവ

Digitized By Kerala Sahitya Akademi

ന്മാക്ക് ത്രാണിയുണ്ട്. ആ കൈശോരത്താലാണല്ലോ, പാപി പണ്ട് എന്നെ തട്ടിക്കൊണ്ടുപോന്നത്. ആ വിധത്തിൽ, ഭർത്തൃപുത്രന്മാരെയും കൊലപ്പെടുത്തി എന്നെവരാം. അദ്ദേഹം അനാമയനായി വരുമെന്നല്ല ദൈവനിശ്ചയം? എന്നാലും, ഉത്സാഹം കൊണ്ട് എന്താണ് സാധിക്കാത്തത്? ഉത്സാഹശക്തിയോ കർമ്മഫലമോ ആയിരിക്കാം അത്! വരാനുള്ളതു വരാതിരിയ്ക്കുമോ? എന്നാൽ വേടത്തിന്നും ആധാരമായ ദേവനിശ്ചയം മറിച്ചാകുന്നതെങ്ങിനെ?'

ഇങ്ങിനെയൊക്കെ ആ സൌഭാഗ്യവതി മനോരാജ്യം വിചാരിക്കുന്നതിനിടയിൽ, വിഭ്രന്ധരൻ എന്നൊരു കിന്നരൻ ചിറകില്ലാതെ തന്നെകയും തന്നിൽ ഓടക്കുഴലുമായി ഭാര്യയോടൊപ്പം അവിടെ വന്നെത്തി: ഫാരകങ്കണാദികളണിഞ്ഞു ദിവ്യഗന്ധക്കുറിക്കൂട്ട പൂശിയിരുന്ന ആ മഹാകായൻ ദുഃഖം പൂണ്ട ശങ്കരപുത്രിയെ ആശ്വസിപ്പിച്ചു:— 'ദേവി, എന്താണ് ഭവതിയുടെ വിചാരം? ദേവശ്രേഷ്ഠന്മാർ ഇങ്ങോട്ടയച്ച വിഷ്ണുകേതനായ വിഭ്രന്ധരൻ എന്ന കിന്നരനാണ് ഞാൻ. നഹുഷനെക്കുറിച്ചു ഭവതി ഇങ്ങിനെ വ്യസനിക്കേണ്ടാ. ആ ധീമാനെ നിഗ്രഹിയ്ക്കുന്നതിന്ന് എല്ലാ ഏർപ്പാടും പാപിയായ ഹുണ്ഡൻ ചെയ്തുതന്നെ. എന്നാൽ, അവൻ കൊണ്ടുപോന്ന ആയുഷ്പുത്രനെ ദേവകരം പലതരം ഉപായങ്ങളാൽ കൊണ്ട രക്ഷപ്പെടുത്തിയിരിയ്ക്കുന്നു. മാനവാധമനായ ഹുണ്ഡൻ വിചാരിയ്ക്കുന്നതാകട്ടെ, ആയുഷ്പുത്രനെ താൻ അപഹരിച്ചു എന്നും ഭക്ഷിച്ചു എന്നുമാണ്; അതു് അവൻ ഭവതിയോട് വന്നു പറകയും ചെയ്തുവല്ലോ.

ഭവതിയുടെ പേർ പുകഴ്ന്ന തേന്നാവു് പൂർവ്വജന്മത്തിലെ പുണ്യകർമ്മത്താൽ ജീവിച്ചതന്നെയിരിയ്ക്കുന്നു; സൌഭാഗ്യവതി, സമ്പാർജ്ജിതമായ പുണ്യത്തിന്റെ ബലത്താൽ ആയുഷ്മാനാക്കപ്പെട്ടവനെ ഫനിപ്പാനായി, പരതേജസ്സിനെ ഒക്കിപ്പിയ്ക്കുന്ന മാപാപികം ശ്രമിയ്ക്കുന്നതു് അവക്കുതന്നെ നാശകരമാകും നാശത്തിന്നായിട്ടാണ് തീരുക. പുണ്യരക്ഷിതനായ ആ ധന്യനെ നശിപ്പിയ്ക്കുന്നതിന്നു, ഹുണ്ഡാദി ചണ്ഡചരിതന്മാർ വിഷം—ശസ്ത്രം—മോഹനം—സ്തംഭനം തുടങ്ങി പലതരം ദുരുപായങ്ങളായ ഉപായങ്ങൾ പ്രയോഗിച്ചുപോന്നു; എന്നാൽ പൂർവ്വപുണ്യരക്ഷിതങ്കൽ പാപികളുടെ ഉപായങ്ങൾ പാഴായിപ്പോകയേ ഉള്ളൂ. മന്ത്രതന്ത്രങ്ങളും യന്ത്രങ്ങളും വിഷശസ്ത്രാഗ്നിബന്ധനങ്ങളുമൊക്കെ, ദേവകളാലും പുണ്യങ്ങളാലും സംരക്ഷിതനായ മഹാത്മാവിനെ രക്ഷിയ്ക്കുകയാണ് ചെയ്യുക; കത്തുക്കളോ, വെണ്ണീറിയ്ക്കും!

Digitized By Kerala Sahitya Akademi

ദേവേ, ആ പുണ്യവാൻ ജീവിച്ചിരിപ്പുണ്ട്. ദേവകളത്രേ അയു പുത്രന്റെ രക്ഷകർ. സർവ്വപുണ്യരാശിയും തപോനിധിയുമാണ് ബലവാന്മാരിൽ മുമ്പനായ നഹുഷൻ; ആ സത്യതപഃപുണ്യങ്ങളും ദമസംയമങ്ങളും തടഞ്ഞ ആ വീരനെ രക്ഷപ്പെട്ടത്തിയിരിയ്ക്കുന്നു. ദേവതി വല്ലാതേ വ്യസനിക്കേണ്ടാ; ഈ ദുഃഖം വെറുതെയാണ്. ആ ധാർമ്മികൻ അച്ഛനമ്മമാരോട് വേർപെട്ട് തനിച്ചായി എങ്കിലും, തപസികളാൽ പരിപാലിതനായി തപോവനത്തിൽ വസിയ്ക്കുന്നുണ്ട്. വേദവേദാംഗതത്ത്വജ്ഞനും ധനുർവ്വേദപാരഗനുമായ അദ്ദേഹം, കലകംകൊണ്ടു പൂർണ്ണചന്ദ്രൻ എന്നപോലെ, കലാവിദ്യകംകൊണ്ടു മിന്നിത്തിളങ്ങുന്നു—ആ ശത്രുവീരപ്രമാഥിയായ ദേവപ്രിയൻ വിദ്യകംകൊണ്ടും വിവിധങ്ങളായ മഹാപുണ്യതപസ്സുകൊണ്ടും പരിശോഭിയ്ക്കുന്നു.

കൃശോദരി, ആ മഹായോഗി ഹുണ്ഡാസുരേന്ദ്രനെ ഹനിച്ചു ദേവതിയെ വേർപിരിഞ്ഞു; ദേവതിയാകുന്ന രാത്രിയോട്ട കൂടി, ശകുൻ സപർഗ്ഗത്തിലെന്നപോലെ, ഭൂമിയിൽ ചക്രവർത്തിയായി വാഴുകയും ചെയ്തു. അദ്ദേഹത്തിൽനിന്നു ദേവതിയ്ക്കു, ധർമ്മജ്ഞനും പ്രജാപാലനശീലനും ഇന്ദ്രതുല്യനായ യയാതി എന്നൊരു സൽപുത്രനും, ശ്രുതൌദാര്യഗുണശാലിനികളായ രണ്ടു പെൺകിടാങ്ങളും ഉണ്ടായിവന്നു. ദേവി, പിന്നീട് പുണ്യവിക്രമനായ നഹുഷമഹാരാജാവു സ്വർഗ്ഗലോകത്തിൽ ചെന്നു ദേവേന്ദ്രനായി വാണരുളി. അന്നു, ദേവതിയുടെ പുത്രൻ, യയാതി, മഹാരാജാവായി സർവ്വജീവികളിലും ഒപ്പുണ്ടു പ്രജകളെ ഭരിയ്ക്കും. ആ മഹാരാജസ്വിയ്ക്കു ബലവീര്യഗുണാനിതരും ധനുർവ്വേദപാരഗരുമായ നാലു പുത്രന്മാർ ചിറക്കും: ഒന്നാമൻ തുർവസു; രണ്ടാമൻ പൂരു; മൂന്നാമൻ കുരു; നാലാമൻ യദു. യദുവിന്നും സിംഹപരാക്രമരായ ധീരപുത്രന്മാർ ഉണ്ടായിവരും. അവരുടെ പേരുകളും കേട്ടുകൊൾകം: ഭോജൻ, ഭീമകൻ, അന്ധകൻ, കുരുൻ, സത്യധർമ്മനിഷ്ഠനായ വൃഷ്ണി, ശ്രുതസേനൻ, ശ്രുതാധാരൻ, പോരിൽ കാലനെ ജയിയ്ക്കുന്ന ബലവീര്യശാലിയായ കാലഞ്ജൻ എന്നീ യദുപുത്രന്മാർ യാദവരെന്നു പുകഴ്പ്പെട്ടും; അവർക്കും വളരെ വളരെ പുത്രപൌത്രന്മാർ ജനിയ്ക്കും. ഇങ്ങിനെ നഹുഷന്റേയും ദേവതിയുടേയും വംശം വർദ്ധിച്ചുവരും.

സുമുഖി, ദുഃഖം വെടിഞ്ഞു സുഖമായിരിയ്ക്കു. ദേവതിയുടെ മഹാപ്രാജ്ഞനായ മണിവാളൻ ഹുണ്ഡദാനവനെ കൊന്ന ദേവതിയെ വേളികഴിക്കും; ഇന്ദുമതിക്കു ദുഃഖത്താൽ കണ്ണുകളിൽനിന്നു വീഴു

Digitized By Kerala Sahitya Akademi

ന്ന മുട്ടുപാഷ് പങ്ങൾ തുടച്ചുകളയും; ആയുവിന്റെ അഴൽ കെട്ടുത്തു സപദംതന്നെ ഉയത്തും; അച്ഛനെ സുഖപ്പെട്ടുത്തി പ്രജകളെ പാലിക്കുകയുംചെയ്യും! ഈ ദേവസന്ദേശമെല്ലാം ദേവതിയോട് ഞാൻ പറഞ്ഞു; ദേവി ദുഃഖവും ശോകവുംവിട്ട സുഖമായി സ്ഥിതിചെയ്താലും!'

അശോകസുന്ദരി:—'ധർമ്മജ്ഞ, ദേവഹിതനായ അച്ഛന്റെ മത്സരം എന്നവസാനിക്കും? വാസ്തവം പറഞ്ഞു,എനിയ്ക്ക് സുഖം വളത്തിയാലും.'

'സുന്ദരി, ദേവിയ്ക്കു ദുഃഖമിതൊ വേഗത്തിൽ കാണുമാറാകും.' എന്നിങ്ങനെ പാഞ്ഞു കിന്നരൻ ദേവലോകത്തേയ്ക്കു തിരിച്ചു. ശിവപുത്രിയായ അശോകസുന്ദരി കാമക്രോധലോഭങ്ങൾ വിട്ട്, അവിടെത്തന്നെ തപസ്സിലിരുന്നു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഉത്തരീയപ്രകരണം, യേനമിഷ്ണുസംവാദം, ഭൃഗുനോപഖ്യാനം, അശോകസുന്ദരീസമാശ്വാസനം ഒരുനൂറാമ്പത്താമദ്ധ്യായം

—— o ——

ഒരുനൂറഞ്ചിപുരുതാമദ്ധ്യായം

കഞ്ജലൻ:—നഹുഷൻ വസിഷ്ഠനാപേന്ദ്രനോടും മറ്റു മഹർഷിമാരോടും വിടവാങ്ങി, അസുരനെ കൊല്ലാനായി പുറപ്പെട്ടു. തപോധനരായ വസിഷ്ഠാദി മുനിമാരെല്ലാം മഹാബലനായ ആയുപുത്രനെ ഹൃദിസ്സുകരംകൊണ്ടഭിനന്ദിച്ചു. ആകാശത്തു ദേവകളെല്ലാം സന്തോഷിച്ചു ചെണ്ടവായടിക്കുകയും, നഹുഷന്റെ ശിരസ്സിൽ പുഷ്പവർഷം ചൊഴിക്കുകയും ചെയ്തു. സഹസ്രാക്ഷൻ സുരരോടൊപ്പം വന്നെത്തി, സൂര്യനെപ്പോലെ തിളങ്ങുന്ന അസ്ത്രശസ്ത്രങ്ങൾ കല്പിച്ചു നൽകി. ദേവന്മാരിൽനിന്ന് ആ ദിവ്യാസ്ത്രങ്ങൾ വാങ്ങിയ രാജകേസരി ദിവ്യരൂപനായി പരിലസിച്ചു. ഉടനെ, മുനികളെല്ലാവരുംകൂടി ദേവേന്ദ്രനോടപേക്ഷിച്ചു:—'സുരേശ്വര, ഈ നഹുഷനെ തേർക്കുടി കൊടുക്കുക.' ഋഷിമാർ അഭിപ്രായപ്പെട്ടതിൻവിധം, വജ്രപാണിയായ വാനവർകോൻ മാതലിയാകുന്ന സൂതനെ വിളിച്ചാജ്ഞാപിച്ചു;—'നീ മഹാത്മാവായ ഈ രാജകുമാരനെ കൈതിമരത്തോടുകൂടിയ തേരിലേറി യുദ്ധത്തിനു കൊണ്ടുപോവുക.' 'കല്പനപോലെ' എന്നു സാമി

Digitized By Kerala Sahitya Akademi

യോട്ടണത്തിച്ചിട്ട മാതലി രണോല്ക്കർഷനായ നഹുഷനുപരിന്റെ അടുക്കൽച്ചെന്ന ദേവേന്ദ്രന്റെ അത്ഭുതപ്പാടറിയിച്ചു:—'ധർമ്മജ്ഞനായ രാജശ്രേഷ്ഠ, ഈ തേരിൽ കയറി യുദ്ധത്തിൽ ജയം നേടുക' എന്നിങ്ങിനെ, സഹസ്രാക്ഷൻ ഭവാനോടേല്പിച്ചയിരിക്കുന്നു. 'ചാപചിഹ്നനായ പ്രഹ്ലാദസുതനെ ഭവാൻ യുദ്ധത്തിൽ സംഹരിച്ചാലും' ഇതു കേട്ടിട്ട് ആനന്ദരോമാഞ്ചം പൂണ്ട രാജേന്ദ്രൻ പറഞ്ഞു:— 'ദേവേന്ദ്രന്റേയും മഹാത്മാവായ വസിഷ്ഠന്റേയും തിരുവുള്ളമുണ്ടെങ്കിൽ, എങ്കിലും വിശേഷിച്ചു ദേവകളിലും മായ പ്രയോഗിച്ചു മാപാപിയെ ഞാനെ ഞാൻ ചോരയിൽ പൊളുക്കിക്കൊള്ളാം!

ഈ ശുഭവചനം മഹാത്മാവായ നഹുഷൻ പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കും, ശംഖചക്രഗദാധരനായ വിഷ്ണു താൻതന്നെ അവിടെ എഴുന്നള്ളിവന്നു, തന്റെ ചക്രത്തിന്മേൽനിന്നു സൂര്യമണ്ഡലം പോലെ മിന്നിത്തിളങ്ങുന്ന ഒരു വൃത്താകാരമായ മഹാചക്രം ഉല്പാദിപ്പിച്ചു. നഹുഷനു മനഃകേളിയെ കല്പിച്ചു നൽകി; ശിവൻ അതിതീക്ഷ്ണമായി ജ്വലിക്കുന്ന ശൂലം ദാനംചെയ്തു. ആ മികച്ച ശൂലം കൈക്കൊണ്ട സമുദ്യോല്ക്കർഷനായ നഹുഷൻ രണ്ടാമതൊരു ത്രിപുരാരിയോ എന്നു തോന്നുംവണ്ണം ശോഭിച്ചു. ബ്രഹ്മാവു ബ്രഹ്മാസ്ത്രവും, വരുണൻ വയിച്ച പാശവും, വാസവൻ വേൽവജ്രങ്ങളും, വായു ചാപബാണങ്ങളും, അഗ്നി ആഗ്നേയാസ്ത്രവും ആ മഹാത്മാവിനു കൊടുത്തു. പലതരം ദിവ്യാസ്ത്രശസ്ത്രങ്ങളും മുഴുവനും ദേവകളും ആ രാജാസ്സിനു രാജാവിനു കല്പിച്ചുകൊടുത്തു.

പിന്നീട് ആയുപുത്രവീരൻ അമരന്മാരാൽ മാനിയ്ക്കപ്പെട്ടും തത്പരർശികളായ തപസ്വികളാൽ അനുഗ്രഹിയ്ക്കപ്പെട്ടും, മനോഹരമായി മിന്നുന്ന ദിവ്യരഥത്തിൽ ആരോഹണംചെയ്തു. ആ ദിവ്യമായ തേരിൽ കേറിയ രാജകുമാരൻ സ്വന്തം തേജസ്സുകൊണ്ട് ആകാശമദ്ധ്യത്തിൽ ആദിത്യനെന്നപോലെ വിളങ്ങി. അദ്ദേഹം തേർതെളിയ്ക്കുന്ന മഹാത്മാവായ മാതലിയോട് ക്രൂരി, സദാഗതിയായ വായുവിനൊത്ത വേഗത്തിൽ, ഹ്ലാദാസുരനും കൂട്ടുകാരും വസിയ്ക്കുന്നേടത്തേയ്ക്കു ഗമിച്ചു.

ശ്രീപത്മമഹാപുരാണം, ഭൂമീഖണ്ഡം, ഗ്രന്ഥനിർമ്മാണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, നഹുഷയുദ്ധയാത്ര എന്നിവ അടങ്ങിയ അദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

ഒരുന്നൂറിപ്പതിനൊന്നാമദ്ധ്യായം

കഞ്ചുകൻ:— നാകേശസദൃശനായ നഹുഷവീരന്റെ യാത്രയായ പ്പോൾ, അഴകും അണിയും ചേർന്ന ദേവാംഗനമാരും, രംഭോർവ്വപ്സസ്സുകളും, കിന്നരിമാരും, ഗന്ധർവ്വസ്ത്രീകളുമെല്ലാം കൈയുകത്തോടും ഉത്സാഹത്തോടും കൂടി, മധുരമായ മംഗളഗീതം പാടിക്കൊണ്ടു പുറപ്പെട്ടു.

ക്രമേണ, ഉദാരമായ ഇന്ദ്രന്റെ സമൃദ്ധിയേറിയ നഗരം മാ ജസത്തമന്റെ കാണ്മാറായി. ദിവ്യങ്ങളായ നന്ദനോപവനങ്ങളും കല്പടകളും ഏഴു മതിൽക്കെട്ടുകളുമുള്ള ദണ്ഡകലശാങ്കിതങ്ങളായ ഗൃഹങ്ങളും, കൈലാസശൃംഗങ്ങൾപോലെ വാനിലുയർന്നു നിന്ന ശ്രീമദ്ദിവ്യസൌധങ്ങളും, രത്നപ്രകാശം വീശുന്ന അനവധി കോട്ട—കൊത്തളങ്ങളും ആ ത്രൈപുരിയെ സർവത്ര പരിശോഭിപ്പിയ്ക്കുന്നുണ്ട്. നിറകുടങ്ങുകളിൽ നിന്നു നീരൊഴുകിക്കാലി പുറപ്പെട്ടുന്നു; വെള്ളംനിറഞ്ഞു താമരപ്പൂക്കളും പൊന്താമരപ്പൂക്കളും പോന്ന സമുദ്രതുല്യങ്ങളായ സരസ്സുകളും, വനോപവനങ്ങളും, ഗജരഥാദികളും, വിവിധങ്ങളായ ദിവ്യപ്രഭാവങ്ങളും എന്നിവയും ആ പുരത്തെ അലങ്കരിയ്ക്കുന്നു.

നല്ലസ്ത്രീകളാലും, തേജസ്വികളായ പുരുഷന്മാരാലും നിറയപ്പെട്ട ആ രാജധാനിയുടെ അടുക്കലുള്ള ഒരു ദിവ്യവൃക്ഷാവൃതമായ വനത്തിലേയ്ക്ക്, നന്ദനത്തിലേയ്ക്കു ഒരു ദേവൻ എന്നപോലെ, നഹുഷൻ പ്രവേശിച്ചു. മാതലി തെളിയ്ക്കുന്ന തേരിലൂടേ ആ ധർമ്മാത്മാവു് വനമദ്ധ്യത്തിൽ നിതീരത്തെത്തിയപ്പോഴയ്ക്കേ, ആ സുന്ദരിമാരായ ദിവ്യസ്ത്രീകളും അവിടെ വന്നുചേർന്നു, ഗീതതത്പരന്മാരായ ഗന്ധർവ്വരോടുകൂടി പാതിവ്രത്യോത്തമനെ പാടിപ്പുകഴ്ത്തിത്തുടങ്ങി; സൂതമാഗധരും ചേർന്നാണ് ആ ദേഹത്തെ സ്തുതിച്ചു; കിന്നരന്മാരുടെ മധുരഗാനവും മന്നവനെ കേൾപ്പിക്കുമാറായി.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, പ്രയാതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, ഋഷഭോപഖ്യാനം, നഹുഷന്റെ ഇന്ദ്രപുരപ്രാപ്തി ഒരുന്നൂറിപ്പതിനൊന്നാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

ഒരുന്നൂറ്റിപ്പന്തിരണ്ടാമധ്യായം

കുഞ്ജലൻ:—ദേവസ്ത്രീകളുടേയും മറ്റു ഗായകന്മാരുടേയും ആ ഘോഷം കേട്ടിട്ട്, അവിടെ ചിന്താവിവശയായി സ്ഥിതിചെയ്തിരുന്ന തപസ്വിനിയായ ശിവപുത്രി ക്ഷണത്തിൽ എഴുന്നേറ്റ് അത്യുൽക്കണ്ഠയോടെ അങ്ങോട്ടുചെന്നു. അപ്പോൾ, ദിവ്യലക്ഷണാന്വിതനായ രാജകുമാരൻ ആ നിതംബിനിക്ക് ദൃഷ്ടിഗോചരനായി: ദിവ്യവസ്ത്രാഭരണമാല്യങ്ങളണിഞ്ഞു ദിവ്യഗന്ധംപൂശിയിരുന്ന അദ്ദേഹം സൂര്യനെപ്പോലെ സമുജ്ജ്വലിച്ചു.

'ഈ മഹാനുഭാവൻ ആരാണ്? ദേവനൊ, ഗന്ധർവനൊ ആയേയ്ക്കാം! അല്ലെങ്കിൽ നാഗകുമാരനൊ, വിദ്യാധരനൊ ആണെന്നു വരാം. ദേവകർക്കതന്നെ ഇത്ര രൂപസൗന്ദര്യം ഉണ്ടാകില്ല. പിന്നെയാരൊ യക്ഷന്മാർ! ഇന്ദ്രനെപ്പോലും ഇദ്ദേഹം ലീലയാ ജയിച്ചുകളയും! ശിവനായിരിക്കുമോ ഇയ്യാൾ? അതൊ, കാമദേവൻ തന്നെയോ? അതൊ, എന്റെ അച്ഛന്റെ സ്നേഹിതനായ പൌലസ്ത്യൻ വൈശ്രവണനോ?' ഇങ്ങിനെ ആ ബാലരൂപസമ്പന്നനെ സമീക്ഷിച്ചുംകൊണ്ടു അവർ രണ്ടോടി സഖീജനങ്ങളുടെ കൂട്ടത്തിൽ ചേർന്നിന്നു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗണതീർത്ഥപ്രകരണം, വേതവിഘ്നസംഭാഷം, ച്യവനോപാഖ്യാനം, അശോകസുന്ദരിയുടെ തപോദർശനം എന്നൂറിപ്പന്തിരണ്ടാമധ്യായം.

———(o)———

ഒരുന്നൂറിപ്പതിമൂന്നാമദ്ധ്യായം

രംഭ;—'ഭർത്താവേ, ദേവതി തപസ്സുവിട്ട് ഇങ്ങിനെ നോക്കിനിൽക്കുന്നതെന്താണ്? സാധ്വി, പുരുഷനെ വിചാരിക്കുന്നതിൽ നിന്നു മനസ്സു പിന്മാറുകയില്ല.'

അശോകസുന്ദരി;—'നാഥനെക്കുറിച്ചു തപസ്സിലുറച്ചിരിയ്ക്കുന്ന എന്റെ വ്രതയെത്തെ ചലിപ്പിക്കാൻ ദേവേശ്വരന്മാർക്കു കൂടി സാധിക്കു

Digitized By Kerala Sahitya Akademi

യില്ല. എന്നാൽ, ഈ മഹാഭോഗത്തെ കാൺകയാൽ എന്റെ മനസ്സു തുലോം ഇളകിച്ചമയുന്നു—ചെന്ന് ആലിംഗനം ചെയ്യാലോ എന്നുതോന്നി, ഉൽക്കണ്ഠപ്പെടുന്നു. സുമുഖി, ഇതു വൃത്യാസം എന്റെ മനസ്സിനു വന്നുകൂടിയിരിക്കുന്നു. അതിന്റെ കാരണം പറഞ്ഞുതരിക; ഭവതിയുടെ ദിവ്യജ്ഞാനമുണ്ടല്ലോ. മഹാത്മാവായ അയുപുത്രന്റെ ഭാര്യയായിട്ടാണ് എന്നെ ദേവന്മാർ സൃഷ്ടിച്ചിരിക്കുന്നത്. അങ്ങിനെയിരിക്കെ, എന്റെ ഹൃദയം, ഇദ്ദേഹത്തോടൊത്തു രമിപ്പാനായി പാഞ്ഞുപോകുന്നതെന്തുകൊണ്ടാണ്?'

രംഭ:—'ഭാമിനി, എല്ലാ ശരീരങ്ങളിലും, സനാതനബ്രഹ്മമാകുന്ന ആത്മാവു ജ്ഞാനരൂപേണ വർത്തിക്കുന്നുണ്ട്; അവൻ, അപകാരികളായ ഇന്ദ്രിയങ്ങളാൽ പ്രാകൃതങ്ങളായ മോഹപാശശതങ്ങൾകൊണ്ടു ബന്ധിക്കപ്പെട്ടാലും, സദാ സ്വതന്ത്രൻതന്നെ. സുന്ദരി, വിജ്ഞാനകല പ്രകൃതിക്കറിഞ്ഞുകൂടാ; ഈ പരിശുദ്ധജ്ഞാനമായ ആത്മാവെ അറിയുന്നുള്ളൂ. അവൻ പാപത്തെ വിട്ട സത്യത്തിലേയ്ക്കുതന്നെ പായുന്നു. ഈ മഹാപ്രാജ്ഞനെ കണ്ടിട്ട മനസ്സു ചെല്ലുന്നുണ്ടെങ്കിൽ, ഇദ്ദേഹം ഭവതിയുടെ ഭർത്താവായ അയുപുത്രൻ തന്നെയായിരിക്കും; മറ്റൊരാളാണെങ്കിൽ, പാപശങ്കയുണ്ടാകും. ['ഇവരണ്ടു അയുപുത്രൻ ഭർത്താവാകണം' എന്ന സത്യപാശംകൊണ്ടു ഭവതിയുടെ ആത്മാവിനെ ദേവന്മാർ ബന്ധിച്ചിരിയ്ക്കുന്നു.] സത്യത്തിൽ സ്ഥിതിചെയ്യുന്ന ആ ജ്ഞാനരൂപമായ ആത്മാവു ഒരിക്കലും പാപത്തെ അറിയുകയില്ല; അയുപുത്രനെ അറിയുന്നതാണും. ഈ വന്നതാരാണെന്നു, ഭവതിയുടെ പ്രകൃതിക്കറിഞ്ഞുകൂടാ; ആത്മാവിന്നറിയാം. അതുകൊണ്ടുതന്നെയാണ് കാടിച്ചെല്ലുന്നത്. ആത്മാവിന്നു സർവ്വവും അറിയാം; സനാതനനായ ദേവനത്രെ ആത്മാവ്'.

വീര്യവാനായ നഹുഷനന്ദനൻ താൻതന്നെയാണിതു'. അതിനാലത്രെ, ഭവതിയുടെ മനസ്സുചെല്ലുന്നതു'. സത്യബന്ധത്തിനു മെച്ചം കൂട്ടും. അയുപുത്രനെന്നറികയാൽ ചെല്ലുന്നു; മറ്റൊരാളിൽ ചെല്ലുകയില്ല. ഈ മഹാവീരൻ അതിചണ്ഡനായ ധുണ്ഡമൈത്യാധമനെ കൊന്നിട്ട, ഭവതിയെ അയുമന്ദിരമാകുന്ന സ്വസ്ഥാനത്തേയ്ക്കു കൊണ്ടുപോകും. ഇദ്ദേഹത്തെ അസുരൻ അപഹരിച്ചു; എന്നാലും, തന്റെ പുണ്യാംശംമൂലം രക്ഷപ്പെട്ടു, മാതാപിതാക്കന്മാരോടു ക്രോതെ വൻകാട്ടിൽ വളരുന്നു. ഇനി, ഭവതിയെന്നിച്ചു അച്ഛന്റെ അരമനയിലേയ്ക്കുതന്നെ പോകും.'

Digitized By Kerala Sahitya Akademi

ഇതു കേട്ടിട്ട് ഏറ്റവും മനഃക്ലേശിച്ച മഹേശ്വരപുത്രി രംഭയോട് പറഞ്ഞു:—'എന്റെ ഭർത്താവുതന്നെയാണ് ഈ ധർമ്മിഷ്ഠനായ മഹാവീരൻ: എന്റെ മനസ്സ് ഏറ്റവും കാമവിവശമായി പാഞ്ഞു ചെല്ലുന്നു. ഉറപ്പായി അറിയുവാൻ, ചിത്തത്തിനപ്പോലെ ഒരു ദേവനില്ല! ചാരുഹാസിനി, ഈ ആശ്ചര്യകരമായ വാസ്തവം എനിക്കിപ്പോൾ അനുഭവപ്പെട്ടു. തോഴി, എന്റെ മനസ്സ് കാമസുന്ദരനായ ഈ ദിവ്യപുരുഷനെ കണ്ടിട്ട് പാഞ്ഞു ചെല്ലുന്നതുപോലെ, മറൊരു പുരുഷനിലേയ്ക്കു ചെല്ലുകയില്ല! അതുകൊണ്ട്, നമുക്കിതുപേക്ഷിച്ചു സ്വമിമഹൊന്നിച്ച ഗൃഹത്തിലേയ്ക്കുതന്നെ പോകാം.' ഇപ്രകാരം കഥിച്ച് അവർ പോകാൻ പുറപ്പെട്ടു.

അവർക്കു നഹുഷന്റെ അടുക്കൽ പോകേണ്ടെന്ന് അത്യാഗ്രഹമുണ്ടായിരുന്നു; അതു് അറിഞ്ഞിട്ടു രംഭ ചോദിച്ചു:—'ദേവി നഹുഷവീരന്റെ അടുക്കൽ പോകാത്തതെന്താണ്?' അപ്പോൾ, അശോകസുന്ദരി അദ്ദേഹത്തിന്റെ അരികിലേയ്ക്കു സഖിയായ രംഭയെ പറഞ്ഞയച്ചു:— 'ശ്രീമതി, ഭവതിക്കെന്ന്, ഈ ദേവരാജാവായ നഹുഷനോട്, അദ്ദേഹത്തെച്ചൊല്ലി ഞാൻ വന്ന വർത്തമാനം അറിയിയ്ക്കുക.' 'തോഴി, അങ്ങിനെതന്നെ; ഭവതിക്കു ഞാൻ പ്രിയം ചെയ്യാം.' എന്നും പറഞ്ഞു രംഭ നഹുഷ രാജകുമാരന്റെ അടുക്കൽ ചെന്നു, രണ്ടാമത്തെ വില്ലുവലിപ്പുമായ്ക്കൊണ്ടും എന്നെ തോന്നുമാറു വില്ലുമമ്പുമേന്തി ശോഭിക്കുന്ന ആ വീരനോടു സഖിയുടെ സന്ദേശം അറിയിച്ചു:— 'ശ്രീമൻ, അയുഷ്പുത്രൻ, തപസ്സിലിരിയ്ക്കുന്ന ശിവപുത്രി അയച്ചുവന്ന രംഭയാണ് ഞാൻ. അവർ, അങ്ങയ്ക്കുവേണ്ടി, പാർവ്വതീപരമേശ്വരന്മാരാൽ ദിവ്യവനത്തിൽവെച്ചു സൃഷ്ടിക്കപ്പെട്ട ത്രിജഗത്തിൽ ഒരില്ലാത്തമേയ മായ്മയെന്തെന്നതേ. അതിമകച്ച സ്ത്രീരത്നം, മനുഷ്യശ്രേഷ്ഠർക്കോ, ഇന്ദ്രാദിദേവകൾക്കോ, തപസ്വികൾക്കോ, സിദ്ധഗന്ധർവ്വനാഗചാരണർക്കോ ഉണ്ടാകുന്നതല്ല; അതു്, ഇതാ, സ്വയം അങ്ങയെച്ചൊല്ലി വന്നുചേർന്നിരിക്കുന്നു. ആ അശോകസുന്ദരി അങ്ങയെക്കരുതി തപസ്സിലിരിയ്ക്കയാണ്: എപ്പോഴും ഭവാനെത്തന്നെ കാമിച്ച് അവർ വന്നിരിയ്ക്കുന്നു. മഹാപ്രാജ്ഞ, അവളെ കൈക്കൊണ്ടാലും. അങ്ങൊഴിഞ്ഞു മറൊരു പുരുഷനെ ആ സുശ്രോണി കാംക്ഷിയ്ക്കുന്നില്ല.'

അവർ പറഞ്ഞതെല്ലാം സശ്രദ്ധം കേട്ടിട്ടു നഹുഷൻ മറുപടി പറഞ്ഞു:—'രംഭേ, ഭവതി പറഞ്ഞതെല്ലാം ഞാൻ അറിഞ്ഞിരി

Digitized By Kerala Sahitya Akademi

യുന്നേ: മുമ്പ്, മഹാത്മാവായ വസിഷ്ഠൻ എന്നോടരുളിചെയ്തിട്ടുണ്ട്. അവളുടെ ഉൽകൃഷ്ടമായ തപസ്സും ഞാൻ അറിയുന്നു. 'സുമുഖി, ഹുണ്ഡാസുരനെ കൊന്നിട്ടല്ലാതെ, ഞാൻ ഭവതിയോടു പേരുന്നതല്ല. ഭവതിയുടെ ജനനവും തപസ്സും എനിക്കു വേണ്ടിത്തന്നെ; എനിക്കു ദൈവം നിശ്ചയിച്ച ഭാര്യയാണ് ഭവതി, സംശയമില്ല. എന്നെച്ചൊല്ലി, ദൃഢനിശ്ചയയായി തപസ്സിലിരിക്കുന്ന ഭവതിയെ ആ അസുരാധമൻ സൂത്രത്തിൽ അപഹരിച്ചുവല്ലോ; ദേവി, എന്നെയും അവൻ ഈറ്റില്ലത്തുനിന്നു കട്ട്, ബാല്യത്തിൽത്തന്നെ അച്ഛനമ്മമാരോടു വേർപെടുത്തിക്കളഞ്ഞു. അതിനാൽ അവനെ കൊന്നിട്ടു ഞാൻ ഭവതിയെ വസിഷ്ഠാശ്രമത്തിലേക്കു കൊണ്ടുപോയ്ക്കൊള്ളാം.' എന്നിങ്ങിനെ, എന്റെ പ്രിയതമയോടറിയിച്ചാലും. രംഭേ, ഭവതിക്കു നന്മവരട്ടെ.'

ഇപ്രകാരം നഹുഷനാൽ തിരിച്ചയയ്ക്കപ്പെട്ട രംഭ ക്ഷണത്തിൽ ചെന്ന് അശോകസുന്ദരിയോടു അതെല്ലാം ചുരുക്കത്തിൽ അറിയിച്ചു. നഹുഷവീരന്റെ സുഭാഷിതം അശോകസുന്ദരിയെ അത്യന്തം സന്തോഷിപ്പിച്ചു. അവർ ആ തോഴിയായ രംഭയോടൊന്നുമിച്ചു, 'ഭർത്താവിന്റെ വീരത്വം കാണാമെല്ലോ' എന്നോർത്തു അവിടെ സ്ഥിതി ചെയ്തു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാണം, യോഗവിദ്യാസംഭേദം, ച്യവനോപാഖ്യാനം, അശോകസുന്ദരീസന്ദേശകഥനം എന്നൂറിപ്പതിനാലധ്യായം.

———(o)———

ഒരുനൂറിപ്പതിനാലാമധ്യായം

കണ്ണലൻ:—നഹുഷനും രംഭയുംകൂടി സംസാരിച്ചതു ഹുണ്ഡന്റെ പരിചാരകരായ ദാനവന്മാരിൽ ചിലർ കേട്ടു; അതൊക്കെ അവർ അസുരപ്പടയാളോടുണർത്തിക്കയും ചെയ്തു. അതു കേട്ടിട്ട് അരിശംകൊണ്ട ഹുണ്ഡൻ ഒരു ദൂതനോടൊന്നോചിച്ചു:— 'ദൂത, നീ ചെന്ന്, ആ ശിവകന്യകയോടു സംഭാഷണം ചെയ്യുന്നവൻ ആരാണെന്നറിയുക.' സ്വാമി കല്പിച്ച പ്രകാരം ആ മാനവൻ വേഗത്തിൽ നടകൊണ്ടു, വിജനത്തിൽ നഹുഷവീരനോട് ഇപ്രകാരം ചോദിച്ചു:— 'സൂതശ്രേഷ്ഠസഹിതമായ ദിവ്യരഥത്തിൽ, ദിവ്യമായ വില്ലുമമ്പും കൈ

Digitized By Kerala Sahitya Akademi

ക്കൊണ്ടു ഭയങ്കരനായി സ്ഥിതിചെയ്യുന്ന വോൻ ആരാണ്? എന്തു കാര്യത്തിന്നു്, ആരെച്ചൊല്ലിയാണു്? ഇപ്പോൾ ഈ രംഭയും ശിവകന്യകയും ഭവാനോടു സംസംഭിച്ചതെന്തു്? ഇതെല്ലാം സ്പഷ്ടമായി പറയുക. ഹുണ്ഡാസുരേന്ദ്രനെ ഭവാൻ പേടിയില്ലെന്നോ? ജീവിക്കേണമെന്നുണ്ടെങ്കിൽ ഇവിടെ നിൽക്കേണ്ട; വേഗം പോയ്ക്കൊൾക; വല്ലാതെ ആയുളാണ് ഭാനുപ്രഭുമാൻ!'

നഹുഷൻ:—'ഏഴു ദ്വീപിന്നധിപനും ബലവാനുമായ അയുമഹാരാജാവിന്റെ മകൻ നഹുഷനാണ് ഞാൻ. ദൈത്യരെയെല്ലാം മുടിയ്ക്കുന്നവനും ദേവദ്വിജരെ പൂജിയ്ക്കുന്നവനുമാണ് ഞാൻ. ശൈശവത്തിൽ എന്നെ നിന്റെ തമ്പുരാൻ കട്ടുകൊണ്ടുപോന്നു; പണ്ട് ഈ ശിവപുത്രിയേയും ഹുണ്ഡൻ അപഹരിച്ചു. അവൾ ഇവനെ കൊല്ലുന്നതിന്നു കൊടുംതപസ്സു ചെയ്കയാണ്. യാതൊരു ബാലകനെ അയുവിന്റെ ഇരുപത്തിരണ്ടുനിന്ന് ഈ ദുഷ്ടൻ കട്ടുകൊണ്ടുപോന്നു, ദാസിയുടേയും പാചകന്റേയും കയ്യിൽ ഏല്പിച്ചുവോ; അവനാണ്, ചണ്ഡചേഷ്ടിതനായ ഹുണ്ഡദാനവനെ കൊല്ലാനായി വന്നിരിക്കുന്നതു ഞാൻ; മറ്റു ദ്വോരാസുരന്മാരെയും ഞാൻ കാലന്നുക്കയയ്ക്കും! ഇതു ചെന്നു സ്വാമിയോടു പറഞ്ഞേയ്ക്കുക.'

ഇങ്ങിനെ മഹാത്മാവായ നഹുഷൻ പറഞ്ഞതെല്ലാം ആ ദൂഷ്ടൻ ചെന്നു ഹുണ്ഡനെ അറിയിച്ചു. അതുകേട്ടപ്പോൾ അസുരപ്രഭുമാൻ അത്യന്തം കോപിച്ചു. 'ആ കുരുത്തംകെട്ട മനുഷ്യജാതിച്ചെക്കനും പെണ്ണും എന്തുകൊണ്ടവനെ കൊന്നില്ല? അതുകൊണ്ടല്ലെ, ചികിത്സിക്കപ്പെടാഞ്ഞ രോഗം പോലെ, ഇവൻ മുതിന്നു വന്നതു! ഇപ്പോൾതന്നെ യുദ്ധത്തിൽ ഈ ദുഷ്ടനായ അയുപുത്രനെ ശിവപുത്രിയോടൊപ്പം, ഘാതയുച്ചെയ്ച്ച ക്രൂരനുകൊണ്ടു ഞാൻ കൊലചെയ്യുന്നുണ്ട്.' എന്നിങ്ങിനെ ഗർജ്ജിച്ചിട്ട് അവൻ സാരഥിയെ വിളിച്ചു, ഒന്നാംതരം കുതിരകളെക്കൊണ്ടു തേർ പൂട്ടുവാൻ ആജ്ഞാപിച്ചു;പിന്നീട സേനാപതിയെ വിളിച്ചു കല്പിച്ചു:— ക്ഷണത്തിൽ കൊടിത്തഴവെൺചാമരങ്ങളോടുകൂടി ചതുരംഗസൈന്യത്തെ തയ്യാറാക്കുക: ചൊടിയുള്ള ആനകളേയും കുതിരകളേയും യന്ത്രക്കാരും കൂടെക്കിനിൽക്കട്ടെ'.

സേനാപതി വേണ്ടതിൻവണ്ണം സകലവും തയ്യാറാക്കി. ഉടനേ ഹുണ്ഡൻ വന്ദിച്ച ചതുരഗപ്പടയാൽ പരിവൃതനായിട്ടു, വില്ലുമമ്പുമെ

Digitized By Kerala Sahitya Akademi

ന്തിയ നഹുഷവീരനോട് പൊരുതാനണഞ്ഞു. ഇന്ദ്രന്റെ തേരിൽ പോരിനൊരുങ്ങി നിന്നിരുന്ന ആ സർവ്വശസ്ത്രധരോത്തമനെ—ദേവന്മാർക്കും ദൈത്യന്മാർക്കും അടുത്തുകൂടാത്ത നഹുഷനെ—ആകാശത്തു മിന്നിത്തിളങ്ങുന്ന സൂര്യനെ എന്നപോലെ, നഭസ്സിൽ വിമാനസ്ഥരായി ദേവശ്രേഷ്ഠന്മാർ നോക്കിനിൽക്കുകയായി.

ആ അസുരന്മാരെല്ലാവരും ക്രുദ്ധി മഹാത്മാവായ നഹുഷനോട് പോർ തുടങ്ങി. അവർ പൊടിച്ചുലറിക്കൊണ്ട്, അമ്പും വാളും കയ്യും ശൂലവും വെണ്മഴുവും ആട്ടേഹത്തിന്റെ മേൽ, മേഘങ്ങൾ പർവ്വതത്തിന്മേൽ മഴപെയ്യുംപോലെ വർഷിച്ചു. അവരുടെ വിക്രമം കണ്ടിട്ട്, പ്രതാപവാനായ ആയുപുത്രൻ മഴവില്ലിന്നൊത്ത വില്ലുലച്ച് ഒരു പൊരു ഞാണൊച്ചയിട്ടു. ഇടിത്തീ വീഴുന്നതിന്നൊത്ത ആ വില്ലൊലിതന്നെ ദാനവന്മാരെ പേടിപ്പിച്ചു കൂളഞ്ഞു: അവർ ആ വമ്പിച്ച ശബ്ദം കേട്ടു വിറച്ചു, വൻപടയിൽ തന്നേറടം കെട്ടു മടങ്ങിപ്പോയി.

ശ്രീപരമേശ്വരോപരണം, ത്രിപുരദഹനം, ഗുരുതീർത്ഥപ്രകരണം, ദേവയജ്ഞസംഭവം, ച്യവനോപാഖ്യാനം, യമുക്ഷുഭണ്ഡയുദ്ധാരംഭം എന്നിവറിപ്പതിനാലാമദ്ധ്യായം.

—o—

ഒരുന്തറിപ്പതിനഞ്ചാമദ്ധ്യായം

കഞ്ചുകൻ:—

(വഞ്ചിപ്പാട്ട്)

പോരിൽ മിന്നീ നുപൻ, ദൈത്യന്മാരെക്കൊല്ലാൻ വില്ലുമേ
ന്തിപ്പൊരുക്കാൻ കാലൻപോലെ പാരം ക്രൂരനായ് [ന്തി,—
ഏറനാനാശസ്ത്രത്തൻ തോറം തേജസ്സെഴുമമ്പാൽ,
കാറു മരങ്ങളെപ്പോലെ ചീറി വീഴിച്ചാൻ;
വഴിയിൽത്തിങ്ങും മേഘങ്ങളെ വായുപോലെ ബലവാനവൻ
ദാനവരെച്ചിന്നിക്കയായ് ക്രൂരമു തുകി.
രുക്കളിലാരും താങ്ങീലദ്ദീരന്റെ ശരവർഷം;
ചത്തു ചിലർ; ചിലർ പോർവിട്ടോടിയൊളിച്ചു.
അന്തം മഹാദൈത്യക്കേകം തന്തിരുമേനിതൻ കൈപ്പും
വൻതേജസ്സും കണ്ടു കോപം വളർന്ന ഹുണ്ഡൻ

Digitized By Kerala Sahitya Akademi

നേരിട്ടേറ്റു, 'നിൽക്ക, നിൽക്ക; പോരിലായുഷ്പുത്രൻ, കാല-
യമിലയയ്ക്കുവൻ നിന്നെയിക്ഷണ'മെന്നാൻ.

'നിന്നെനിന്നാ, കാങ്കേ: പോരിൽനിന്നെക്കൊൽവാൻ വന്നവൻ
കൊന്നേ പോകയുള്ളൂ പാപഭോളേഹം നിന്നെ!' [ഞാൻ

എന്നു ചൊല്ലി, വില്ലും ചെന്തീയെന്നു തോന്നുമമ്പുമേന്തി
നിന്ന നഹുഷനുമിന്ദ്രസാരഥിയോടായ്;

'തേർ തെളിയ്ക്കുകടൻ ഹുണ്ഡതെയെന്റെ നേർട്ടെന്നാൻ;
മാതലിയുമശ്വങ്ങളെശ്ശീഘ്രമോടിച്ചുവാൻ.

കൊടുംകാറിൻവേഗത്തോടും കുതിച്ചോടീ കുതിരകൾ:
പടുമരാളങ്ങൾ വാനിൽപ്പറക്കും പോലെ.

കൊടിയണിത്തേരിൽ വെള്ള ക്കടയുമായ് മിന്നീ വീയ്യോൽ-
ക്കടനായുപുത്രൻ: വാനിൽക്കതിരോൻ പോലെ.

അതേവിധം സപ്തതേജസ്സാലടർത്തേരിൽ വിളങ്ങിനാ-
നഖിലാസ്ത്രശസ്ത്രയുക്തനായ ഹുണ്ഡനും.

ഇരുവീരവേർതമ്മിലൊരു ഭയംകരയുദ്ധം
സുരർ പകച്ചുപോം മാറങ്ങളവായ് ഘോരം:

പരം മുന കൂർത്ത കഴച്ചിറകണിശ്ശരങ്ങളാ-
ലരചനെ മാറത്തെയ്താനാദ്യമേ ഹുണ്ഡൻ;

അതുഖോണം നെറിമേലുമഖോതെയ്താൻ; തടാ ഭ്രുവൻ
ചെഞ്ചോരവാൻതെയ്ക്കൻ പോലെ തോന്നിച്ചു.

പൊൻകണകം തിരുവുടലിങ്കൽത്താഞ്ഞം, ഖരത്തിലു-
ച്ചെങ്കതിരോൻ പോലെമിന്നും മന്നവൻ ക്രോധാൽ,

തുണത്തം കണ്ടായവനോടോട്ടേ കൊള്ളാ! നിൽക്ക, നിൽക്ക,
കാണിനേരം കാണുകെൻകൈവേഗമെന്നോതി,

പത്തുഖോണമെയ്താൻ; അവ വക്ത്രത്തിലോറലസുരനും
ചിത്തം മങ്ങി വീണുതേരിൽ, വിണ്ണവർകാരങ്കെ.

'ഭ്രുവരേന്ദ്ര, വെൽക, വെൽകെ'ന്നവം ഹർഷിച്ചാത്താരപ്പോരം
ദേവസിദ്ധചാരണന്മാരുതിനാർ ശംഖം.

വാനോർ ക്രുദ്ധം കളകളധ്വാനം ചെവി പിളർക്കയാൽ
താനേ മൂർച്ഛയെഴിഞ്ഞെഴുന്നേറ്റവൻ വീണ്ടും

വില്ലും പാഞ്ഞൊത്തമ്പുമേന്തി, 'നില്ലു, നില്ലു, പോരിൽച്ചുഞ്ചി-
ട്ടില്ലനിന്നെയ്ത്തിനാൽ ഞാനെ' ന്നോതിയുക്കോടേ

Digitized By Kerala Sahitya Akademi

വിട്ടിതിര പത്തൊന്നമ്പു മഞ്ജൻ നഹുഷന്റെനേക്ക:
മുഷ്ടിതന്മേലൊന്നു, ഇരുമുട്ടിന്മേൽ മൂന്നും,
ശ്വേതഛത്രത്തിന്മേലൊന്നും, ശ്രീമുരംഗങ്ങളിൽ നാലും
മാതലിതന്മെയ്യിലഞ്ചും തേർത്തട്ടിലേഴും.

ഇടവിടാതമ്പെയ്തൊക്കടിലാത്മാടവയുന്നതിൻ
പടുവേഗം കണ്ടു വാനോർ പകച്ചുപോയി.

ആ രാജാവുമസുരന്റെ പൌരുഷം കണ്ട,'സ്സജ്ജനാം
ധീരനാടർ വിത്തുമുത്തുരൻ നീ'യെന്നായ്,
വില്ലൊലിയിട്ടേറെക്രൂരമ്പുല്ലാഘവമെയ്തുവിട്ടാ
മല്ലന്തടെകൊടിമൂന്നാൽ മുറിച്ചുവീഴ്ത്തീ;
നാലാലശ്വങ്ങളുവീഴ്ത്തീ; കടയൊന്നാൽമുറിച്ചിട്ട;
കാലാലയംകേറീ പത്തിനാലേ സൂതനെ;

പത്തിനാലേ ചട്ടപിളർത്ത,സ്സും മുപ്പതൊപ്പുമെയ്തി-
ട്ടത്തൈത്യനെ സ്സർവ്വാംഗവും മുറിപ്പെടുത്തീ.

വാജികരം ചത്തതിനാലാ വാശിക്കാരൻ തേർ വിട്ടോ,ര
വാളും പരിചയുമേന്തി വൈരിയോടേറാൻ;
നേരിട്ടേല്പൂത്തന്നെ ദൈത്യവീരന്റെ വാരപരിചകം
ക്രൂരമ്പുക്കിൽത്തുകിമുറിച്ചിട്ടു പാത്രിവൻ.

അക്കരാളാശയൻ ഗ്രഹണപ്രോഥം നാലുപാടും നോക്കി
മുൽഗ്ഗരമൊന്നെടുത്തുടനുക്കിലെറിഞ്ഞാൻ;
ഇടിത്തിയുപോലെ നേരിട്ടടിത്തീടുമാമുരംതടി
പടുതപമോടൊമ്പാലേ നുറുക്കി മന്നൻ.

പത്തുതുണ്ടായ് പ്പാരിൽ വീണമുരംതടി കണ്ടസുരേന്ദ്ര-
നട്ടേഹത്തോടോടിയേറാൻ ഗദയൊന്നേന്തി;

ഇളേശനോ, മൂർച്ചയേതുമോരാം കൊണ്ടവനടെ
വളയിട്ട വലം കയ്യു വെട്ടിവീഴ്ത്തിനാൻ.

ഉനേിടിവെട്ടം പോലെയടരിങ്കലാത്തലറി-
ച്ചുടനിണം തന്നിൽ മുങ്ങിച്ചുണച്ചു പാരം,
തടുത്തുക്രടാത്തമട്ടിൽപ്പിടിച്ചുതിന്നുവാനായ് പ്പാ-
ഞ്ഞടുത്തിതു നഹുഷനോടസുരക്രൂരൻ.

Digitized By Kerala Sahitya Akademi

മന്നൻ ചിരക്കണ്ണൊരു വൻവേൽ മാറത്തേല്പിയ്ക്കയാലവൻ
മന്നിൽ വീണു; വജ്രമേറ്റ മാമല പോലേ.
അദ്ദുർവിഷ്ടൻ വീണനേരമന്യൂനൈന്യർ ഗിരിഗുഹാ-
ഗർത്തങ്ങളിൽപ്പാഞ്ഞൊളിച്ചു പാതാളത്തിലും.
നഹുഷനാ മഹാപത്തിയെ നിഹനിച്ചുതീക്ഷ്ണിച്ചുറ-
സ്സംഹർഷനായ് സുരസിദ്ധ ഗന്ധർവ്വാലികം.
വൻ തപസ്സേന്തുമാർഗ്ഗിവൃദ്ധപ്പുൺതയ്യിനെ ലഭിയ്ക്കയാ-
ലന്തരംഗം കളിത്തിതങ്ങായപുത്രനും.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഉത്തരീത്തിപ്രകരണം, വേനയിശ്ചരിതം,
വൃത്രയോപാഖ്യാനം, ഇന്ദ്രാദ്ധരേരവധം
എന്നിവ പ്രതിപാദിയ്ക്കുന്ന അദ്ധ്യായം.

—— o ——

ഒരുനൂറ്റിപ്പതിനാറാമദ്ധ്യായം

കഞ്ചലൻ:— തപസ്വിനിയായ ശ്രീമതി അശോകസുന്ദരി സന്തോഷംപൂണ്ടു രംഭയോടൊരുമിച്ചു വീരനഹുഷന്റെ അരികിൽ ചെന്നറിയിച്ചു:— 'വീരനായ രാജശ്രേഷ്ഠ, അങ്ങയ്ക്കു ദേവകാര്യം നിശ്ചയിച്ചു ധർമ്മപത്നിയാണ്, തപസ്വിനിയായ ഞാൻ; ഭവാൻ ഒരു ശ്രുശ്രൂഷയെ ആഗ്രഹിയ്ക്കുന്ന എന്നെ വിവാഹം ചെയ്താലും. എപ്പോഴും അങ്ങയെത്തന്നെ വിചാരിച്ചുകൊണ്ടായിരുന്നു എന്റെ തപസ്സു; ധർമ്മപ്രസാദത്താലത്രേ, ഞാൻ അങ്ങയെ കണ്ടെത്തിയത്.'

നഹുഷൻ:—'ഭദ്രേ, എന്നെപ്പോല്ലിയാണ് ഭവതി തപസ്സു ചെയ്തിരുന്നതെങ്കിൽ, ഞാൻ സപ്തർഷിമാരെ കൊണ്ടു ഇന്ദ്രന്റെ അനുവാദം വാങ്ങി, ഭവതിയെ വേട്ടുകൊള്ളാം; ഭാമിനി, ഈ രംഭയോടുകൂടി നമുക്കു പോകാം.'

അദ്ദേഹം ആ മനോഹരിയേയും രംഭയേയും ആ പല്ലക്കിന്മേറ്റി ൽത്തന്നെ കേറ്റി, അവരിരുവരോടും കൂടി, അതിവേഗത്തിൽ വസിഷ്ഠാശ്രമത്തിലേയ്ക്കു തിരിച്ചു; ആശ്രമത്തിലെത്തി, മഹാത്മാവായ വസിഷ്ഠബ്രാഹ്മണനെ കണ്ടു, അവളോടൊപ്പം വന്ദിച്ചു; പിന്നീടു, യാതൊന്നിനേയും മാനവനെ നിഗ്രഹിച്ചതുമെല്ലാം അതിസന്തോഷത്തോ

Digitized By Kerala Sahitya Akademi

ടേ അറിയിച്ചു. നഹുഷന്റെ ചേഷ്ടിതം കേട്ടിട്ട വസിഷ്ഠനും വളരെ സന്തോഷമായി: ആ മുനിപുംഗവൻ അദ്ദേഹത്തെ ആശിസ്സുകൾകൊണ്ടഭിനന്ദിച്ചു; നല്ല ഒരു മുഹൂർത്തത്തിൽ, അഗ്നിയുടേയും ബ്രാഹ്മണരുടേയും സന്നിധിയിൽ വെച്ച് അവരുടെ വിവാഹവും നടത്തി. എന്നിട്ട ദമ്പതിമാരെ അനുഗ്രഹിച്ചു യാത്രയാക്കി. 'മഹാപ്രാജ്ഞേ, പോയി, മാതാപിതാക്കന്മാരെ കാണുക. അമ്മയും അച്ഛനും അങ്ങയെ കണ്ടു," വേലിയേറ്റത്തിൽ കടലെന്നപോലെ, ഹർഷംകൊണ്ടു വർദ്ധിയ്ക്കുമാറാകട്ടേ!' എന്നിങ്ങിനെ ബ്രഹ്മസൂനുവിനാൽ യാത്രയാക്കപ്പെട്ട നഹുഷൻ, ആ മഹർഷിയെ നമസ്കരിച്ച്, മാതലിയോടൊന്നിച്ച് ആ തേരിലൂടെതന്നെ, പേർപുകഴ്ന്ന മാതാപിതാക്കളെ കാണ്മാനായി തന്റെ രാജധാനിയിലേയ്ക്കു പോന്നു.

ഇതിനിടയിൽ, ദേവകർ ചൊല്ലിയിട്ട മേനക എന്ന അപ്സരസ്ത്രീ ദുഃഖസമുദ്രത്തിൽ വീണു കഴുപ്പെട്ടിരുന്ന ആയോഗ്യയായ ഇന്ദുമതീദേവിയെ ചെന്നാശ്വസിപ്പിച്ചു :—'സൌഭാഗ്യവതി, ദുഃഖം വെടിയുക: മകനെ നേരിട്ട് കണ്ടുകൊൾക. ദേവതിയുടെ പുത്രൻ, അദ്ദേഹത്തെ കട്ടുകൊണ്ടു പോയ പാപിയെ ദൈത്യനെ കൊന്ന വീരലക്ഷ്മീസമനായി ഇങ്ങോട്ടു വരുന്നുണ്ട്.' യുദ്ധത്തിൽ നഹുഷൻ ചെയ്തതൊക്കെ മേനക ഇന്ദുമതിയെ അറിയിച്ചു. അതു കേട്ടിട്ട ഹർഷംകൊണ്ടു കണ്ണുനിറഞ്ഞ രാജ്ഞി സഗൽഗദം ചോദിച്ചു: —'സഖി പറയുന്നതു സത്യംതന്നയോ! അമൃതിനെപ്പോലെ മനംകുളിർപ്പിയ്ക്കുന്ന ഒരു മധുരവാർത്തയാണിതു്. ദേവതിയുടെ എന്റെ സർവസ്വവും—പ്രാണൻ കൂടിയും — തരേണ്ടിയിരിക്കുന്നു!' ഇങ്ങിനെ മേനകയെ അഭിനന്ദിച്ചിട്ട് അവർ രാജാവിനോടു പറഞ്ഞു:—'പ്രാണനാഥ, അങ്ങയുടെ മഹാഭാഗ്യനായ മകൻ ഇപ്പോൾ വന്നെത്തുമെന്നാണ് ഈ അപ്സരസ്ത്രീരത്നം പറയുന്നതു്.

മഹാരാജാവ് ആ സാധ്വിയായ പ്രിയതമയോടു പറഞ്ഞു:— 'സൌഭാഗ്യവതി, പണ്ടു നാരദമഹർഷി അങ്ങയെ ചെയ്തില്ലയൊ, 'പുത്രനെപ്പറ്റി ഒരിയ്ക്കലും വ്യസനിക്കേണ്ട: അവൻ ആ അസുരനെ സപവീര്യത്താൽ നിഗ്രഹിച്ചു തിരിച്ചുവരും' എന്ന്? അതു ശരിയായി വന്നു: അദ്ദേഹത്തിന്റെ വാക്കല്ലൊ, മറിച്ചായിപ്പോകുന്നു? ദേവി, സാക്ഷാൽ വിഷ്ണുഭഗവാൻതന്നെയായ ദത്താത്രേയമാമുനിയെ നാമിരുവരും പണ്ടു അപസ്സുചെയ്തു ശുശ്രൂഷിച്ചതിനാൽ അദ്ദേഹം തന്നതായ

Digitized By Kerala Sahitya Akademi

വിഷ്ണുതേജസ്സുചേർന്ന പുത്രരത്നം ആ പാപി ദാനവനെ സംഹരിച്ചിരിക്കും! എല്ലാ ദൈത്യരേയും നിഗ്രഹിച്ചു പ്രജകളെ രക്ഷിക്കുന്നവനും മഹാബലനും വിഷ്ണുപാംശവുമായ സൽപുത്രനായാണല്ലൊ, നമുക്കു ദത്താത്രേയൻ ദാനം ചെയ്തിരിയ്ക്കുന്നത്.'

ഇങ്ങിനെ ഇന്ദുമതീദേവിയോടരിപ്രായപ്പെട്ടിട്ടു സന്തോഷം മുഴുത്ത നരേന്ദ്രൻ ഉണ്ണിയുടെ വരവുപ്രമാണിച്ചു വയ്പിച്ച ഉത്സവം ഏർപ്പെട്ടുത്തി, സുരസംഘപൂജിതനും ദേഹികൾക്കു ദുഃഖംതീർത്തു സുഖം നൽകുന്നവനും വൈഷ്ണവന്മാർക്കു മുക്തിപ്രദനും സത്യാനന്ദസ്വരൂപനും ഏകനുമായ വിഷ്ണുവിനെ ധ്യാനിച്ചുകൊണ്ടിരുന്നു.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിഷ്പ്രകരണം, വേനയിഷ്ടസംവാദം, ച്യവനോപാഖ്യാനം, അശോകസുന്ദരീനഹുഷയിവാഹം തെന്നൂറിപ്പതിനാറാമധ്യായം.

———c———

ഒരുന്നൂറഞ്ചുതിനേഴാമദ്ധ്യായം

കണ്ഡലൻ:—നഹുഷൻ വല്ലഭയോടും രംഭയോടുംകൂടി ഇന്ദ്രന്റെ ദിവ്യമായ പല്ലിത്തേരിലൂടെ കനകതോരണങ്ങളും കൊണ്ടും കൊടിക്കൂറകളും കൊണ്ടും ദിവ്യമംഗളവസ്തുക്കളും കൊണ്ടും അലങ്കരിക്കപ്പെട്ടിരുന്ന ഇന്ദ്രിനപുരത്തിൽ വന്നെത്തി. ദേവന്മാർക്കൊത്ത സൽപുരുഷന്മാരാലും ദേവസ്ത്രീകൾക്കൊത്ത സുന്ദരിമാരാലും ഗജാശ്വരഥങ്ങളാലും പരിവൃതമായ ആ മഹാനഗരത്തിൽ ഗൃഹങ്ങളെല്ലാം അത്യന്തം മോടിപിടിപ്പിക്കപ്പെട്ടിരുന്നു. വന്ദിചാരണന്മാരുടെ വീണാവേണുഗീതവാദിത്രനാദങ്ങളും, പലതരം മംഗളശബ്ദങ്ങളും, വേദഘോഷങ്ങളും അവിടെ മുഴങ്ങിക്കൊണ്ടിരുന്നു.

വേദമംഗളം ചൊല്ലി ബ്രാഹ്മണരാൽ ആദരിക്കപ്പെട്ട നഹുഷൻ അതിസന്തോഷത്തോടെ അരമനയുംപുക്ക് അച്ഛനേയും സുകൃതിനിയായ അമ്മയേയും കണ്ടു കാൽക്കൽ നമസ്കരിച്ചു. സുമുഖിയായ അശോകസുന്ദരിയും അവരിരുപേരുടേയും ചരണങ്ങളിൽ പലവുരു കേണിയോടെ വണങ്ങി. രംഭയും വന്ദനംകൊണ്ടു തന്റെ മികച്ച പ്രീതി

Digitized By Kerala Sahitya Akademi

യെ വെളിപ്പെടുത്തി. ആനന്ദത്താൽ കോരിമയിർക്കൊണ്ട രാജകുമാരൻ അച്ഛനമ്മമാരോടു കുശലം ചോദിച്ചു.

ആയു:—'മകനേ, ഇന്നു സംകടങ്ങളെല്ലാം അസ്തമിച്ചു; ദുഃഖവും ശോകവും വിട്ടൊഴിഞ്ഞു. നിന്നെ കണ്ടതിനാൽ ലോകം മുഴുവൻ സന്തോഷിച്ചു കോരിമയിർക്കൊള്ളുന്നു. രാജസ്സേറിയ നിന്റെ ജനനത്താൽ ഞാൻ കൃതാർത്ഥനായി: നീ എന്നേയും സപത്നന്മാരേയും കരയ്ക്കേറ്റി!'

ഇന്ദുമതി:—'വെളുത്തവാവിൽ ചന്ദ്രശ്മികളെ കണ്ടാൽ വൻകടൽ വളരുന്നതെപ്രകാരമോ, അപ്രകാരം നിന്നെ കണ്ടതിനാൽ ഞാൻ സന്തോഷംകൊണ്ടു വർദ്ധിക്കുന്നു—ഞാൻ ആനന്ദംകൊണ്ടു വിവശയായിരിയ്ക്കുന്നു. ഓമനമകനേ, നിന്നെ കണ്ടതിനാൽ ഞാൻ ഭാഗ്യവതിയായി!'

ഇങ്ങിനെ പറഞ്ഞിട്ട് ഇന്ദുമതീദേവി ആ ശ്രേഷ്ഠപുത്രനെ കെട്ടിപ്പുണർന്നു, അവന്റെ ശിരസ്സിൽ, പണ്ട് കന്നിന്റെ ശിരസ്സിൽ എന്നപോലെ മുകർന്നു; അനവധി മംഗളാശിസ്സുകൾകൊണ്ടു ദേവതുല്യനായ നഹുഷനെ അഭിനന്ദിയ്ക്കുകയും ചെയ്തു. പിന്നെ, മഹാകീർത്തിമാനായ മകൻ അമ്മയേയും അച്ഛനേയും തന്റെ വർത്തമാനം പറഞ്ഞാനന്ദിപ്പിച്ചു: സപത്നിയുടെ ഉല്പത്തിയും ലബ്ധിയും, ഇന്ദ്രനോടുള്ള യുദ്ധമുണ്ടായതും, അവനെ കൊന്നു പീഢിച്ചതുമെല്ലാം മുങ്കൂത്തിൽ വിവരിച്ചു. പുത്രന്റെ പരാക്രമം കേട്ടിട്ട് അച്ഛനമ്മമാർ അത്യന്തം സന്തുഷ്ടം പൂണ്ടകാരുമായിച്ചമഞ്ഞു.

നഹുഷൻ വില്ലേടത്തു ഇന്ദ്രന്റെ തേരിൽത്തന്നെ കേറി, ഏഴു ദീപുകളോടും പട്ടണങ്ങളോടുംകൂടിയ ഭൂമിയെല്ലാം ജയിച്ചു, ധനപൂർണ്ണയായ യതിതിയെ അച്ഛനമ്മമാർക്ക് സമർപ്പിച്ചു; മാനധർമ്മസൽക്കർമ്മങ്ങൾകൊണ്ട് അവരെ സന്തോഷിപ്പിച്ചു; അച്ഛനെക്കൊണ്ട് രാജസൂയാദിമഹായാഗങ്ങളും മികച്ച ദാനവ്രതനിയമങ്ങളും അനുഷ്ഠിപ്പിച്ചു. ഇങ്ങിനെ ആയുപുത്രൻ അച്ഛനമ്മമാരെ പൂർണ്ണമനോരഥരാക്കി.

പിന്നീട്, ദേവകളും, മുനിസിദ്ധന്മാരും ഹസ്തിനപുരത്തിൽ വന്നെത്തി, ആയുരാജാവിനോടുകൂടി അഭിഷേകം ചെയ്തു. മകനെ ശിവപുരിയോടുകൂടി സ്വരാജ്യത്തിൽ വാഴിച്ചിട്ട്, ധർമ്മശീലനായ ആയുരാജാവും ഭാര്യയും ദിവ്യരൂപരായി ദേവസിദ്ധപൂജിതരായി സ്വർഗ്ഗം പ്രാപിച്ചു. ക്രമേണ ആ മഹാരാജാവു് ശക്ര

Digitized By Kerala Sahitya Akademi

ലോകം വിട്ട ബ്രഹ്മലോകവും ശിവലോകവും പ്രാപിച്ചു. പിന്നെ, തന്റേയും പുത്രന്റേയും പുണ്യപ്രഭാവത്താൽ വിഷ്ണുലോകം പൂകി പാർത്തുവരുന്നു.

മകനേ, പുണ്യം തേടുന്നവർ ഈ മാതിരി ശ്രേഷ്ഠപുണ്യത്തിൽ വേണം യത്നിപ്പാൻ; ദുഃഖപ്രദമായ മറ്റെല്ലാം എന്തിന്?

ഇങ്ങിനെയാണ്, ധർമ്മശീലനും അച്ഛനമ്മമാരെ കരേറിയവനും വംശസ്ഥാപകനും സത്യജ്ഞാനവിജ്ഞാനശാലിയുമായ നഹുഷന്റെ അവതാരം; ആ ധീമാന്റെ ചരിതമെല്ലാം നിനക്കു പറഞ്ഞുതന്നു. കപിഞ്ജല, ഇനി എന്താണ് ഞാൻ പറയേണ്ടതു്? പുണ്യമയവും പുകൾപ്പെട്ടതും ശ്രേഷ്ഠവുമായ ഈ ആയുഷ്പുത്രചരിതം ആർ ശ്രവിക്കുന്നുവോ; അവൻ ഭോഗങ്ങൾ നേടിച്ചു് വൈകുണ്ഠപദം പ്രാപിയ്ക്കും.'

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥവിസ്തരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, നഹുഷചരിതശ്രവണവും തെറ്ററിച്ചതിയേഴാമദ്ധ്യായം.

—o—

ഒരുന്തറിപ്പതിനെട്ടാമദ്ധ്യായം

കപിഞ്ജലൻ:—'അച്ഛ, ഗംഗാതീരത്തിരുന്ന് ഒരുസുന്ദരി കരയുകയുണ്ടായും, അവളുടെ കണ്ണുനീർത്തുള്ളികൾ ഗംഗാജലത്തിൽ വീണു, ത്രിഭുവനത്തിലെ വലിയ താമരപ്പൂക്കളായിത്തീരുകയുണ്ടായും ഞാൻ പറഞ്ഞുവല്ലോ; ആ അഴകേറിയ പൊന്നിൻതാമരപ്പൂക്കളെ അസ്ഥിമാത്രശേഷനും ജടാമകുടധാരിയുമായ ഒരു പുരുഷൻ പറിച്ചുകൊണ്ടുപോയി ശിവനെ പൂജിക്കുകയുണ്ടു്. ആ സ്ത്രീ ആരാണ്? ആ പുരുഷൻ ആരാണ്? എന്തിനാണ്, ശിവപൂജകഴിച്ചിട്ട് അദ്ദേഹം കരയുന്നത്? എങ്കൽ സ്നേഹമുണ്ടെങ്കിൽ ഇതെല്ലാം എനിക്കു പറഞ്ഞുതരിക.'

കണ്വൻ:—'ഉണ്ണി, കേൾക്കു; ദേവകൾക്കുവേണ്ടി മഹാത്മാവായ വിഷ്ണുചെയ്ത സർവ്വപാപനാശനമായ ചരിതം ഞാൻ പറയാം.

വീണ്ടുമേറിയ ഗുണത്തെ നഹുഷൻ യുദ്ധത്തിൽ കൊന്നതെന്നു പറഞ്ഞുവല്ലോ; അവന്റെ മകൻ വിഗുണൻ, അമാത്യപരിവാരം

Digitized By Kerala Sahitya Akademi

നപിതനായ അച്ഛനെ കരത്തും കരളുറപ്പുമുള്ള അയുപുത്രൻ കൊന്നതായി കേട്ടിട്ട, കോപിച്ചു ദേവകളെ കൊല്ലാനൊരുമ്പെട്ട, തപസ്സുചെയ്തു. തപസ്സിനാൽ ജ്വലിച്ച ആ ഉഷ്ണന്റെ പൌരുഷം പോർക്കളത്തിൽ താങ്ങാവുന്നതല്ലെന്നും, 'ഹ്ലണ്ഡാത്മജനായ വിഹ്ലണ്ഡൻ ലോകം മുന്നം മുടിപ്പാൻ ഒരുങ്ങുകയാണെ'ന്നും ദേവകളെല്ലാം അറിഞ്ഞു. 'ഞാൻ ദേവകളേയും മനുഷ്യരേയും കൊന്ന അച്ഛന്റെ പകവീട്ടും' എന്നു നിശ്ചയിച്ചു, ദേവസ്ത്രീമണികണ്ടകനായ ആ പാപി ത്രൈലോക്യത്തിനൊരുങ്ങി പ്രജകളെ പീഡിപ്പിയ്ക്കയായി. അവന്റെ തേജസ്സിനാൽ മൂടപ്പെട്ടിരിക്കപ്പെട്ട ശക്രാദിദേവന്മാർ കാജസ്സേറിയ വിഷ്ണുഭഗവാനെ ശരണം പ്രാപിച്ചു; ശംഖചക്രഗദാപാണിയായ ആ ജഗദീശനോട്, 'വിഹ്ലണ്ഡനിൽനിന്നുള്ള മഹാഭയം തീർത്തു ഞങ്ങളെ സദാ രക്ഷിക്കേണമേ' എന്നപേക്ഷിച്ചു.

വിഷ്ണൻ:—'ദേവേന്ദ്രന്മാർക്കെല്ലാം കുലം വർദ്ധിയ്ക്കുമാറാകട്ടെ! ദേവകളെ ദ്രോഹിക്കുന്ന പാപിയായ വിഹ്ലണ്ഡനെ ഞാൻ സംഹരിയ്ക്കുന്നുണ്ട്.'

ഇപ്രകാരം അമരന്മാരോടരുളിച്ചെയ്തിട്ട, പുണ്യശ്ലോകനായ പുണ്ഡരീകാക്ഷൻ വിഹ്ലണ്ഡനെ കൊല്ലാൻവേണ്ടി, മായകൊണ്ടു, സർവ്വലോകത്തേയും മയക്കുന്ന ഒരു പരമസുന്ദരിയായിച്ചമഞ്ഞു നന്ദനവനത്തിൽ സ്ഥിതിചെയ്തു.

നിർഭാഗ്യരെ നിഗ്രഹിപ്പാനായി വിണ്ണിലേയ്ക്കു കേറിയ വിഹ്ലണ്ഡാസുരൻ നന്ദനത്തിൽ തപസ്സുചെയ്യുന്ന വിഷ്ണുമായയെ കണ്ടെത്തി. അതോടുകൂടി അവൻ മന്മഥബാണമേറു മയങ്ങിപ്പോകയാൽ, തന്നെ നശിപ്പിക്കുന്ന മൃത്യുവാണ് ആ സുന്ദരി എന്നു മനസ്സിലാക്കുകയുണ്ടായില്ല. സൌന്ദര്യസമ്പന്നയായ ആ സുവർണ്ണഗാത്രിയെ കണ്ടിട്ടു കൊതി മൂഴുത്ത പാപിയായ വിഹ്ലണ്ഡൻ അവളോടു ചോദിച്ചു:— 'നീ ആരാണ്? ഹേ നിതംബിനി, എന്റെ കരംകലക്കുന്ന നീ ആരാണ്? ഭദ്രേ, എന്നോടു ചേരുക; സുമുഖി, രക്ഷിക്കണേ, രക്ഷിക്കണേ! അസുരമാഗൃവതി, നീ എന്നോടു ചേർന്നാൽ, നിനക്കുവേണ്ടതെന്തും —ദേവേന്ദ്രന്മാർക്കു സുലഭമല്ലാത്തതുകൂടി—ഞാൻ തന്നുകൊള്ളാം.'

മായ:—'മാനവ, എന്നെ കിട്ടേണമെന്നുണ്ടെങ്കിൽ, ഒരു കാര്യം ചെയ്യേണ്ടതുണ്ട്: മേലാൽ ഏഴുകോടി പൂക്കൾകൊണ്ടു ശിവനെ പൂ

Digitized By Kerala Sahitya Akademi

ജിച്ചാലും; അവ കാമോദകത്തിന്മേലുണ്ടായവയായിരിക്കണം. ദിവ്യങ്ങളും ദേവകർക്കുപോലും കിട്ടാത്തവയുമായ ആ സുഗന്ധപുഷ്പങ്ങളും കൊണ്ടു കോത്ത കുറേ മംഗിയേറിയ മാല എന്റെ കഴുത്തിലിട്ടുവിയ്ക്കുകയും വേണം. എന്നാൽ ഞാൻ തീർച്ചയായും ഭവാന്റെ പ്രിയഭാര്യയായിക്കൊള്ളാം.'

വിഷ്ണുദത്തൻ:— 'കഷ്ടം. ദേവി ആവശ്യപ്പെട്ടപ്രകാരം ചെയ്യുതന്നേയ്ക്കാം.'

കാമബാധിതനായ മാനവപുത്രനാൽ ദിവ്യങ്ങളായ പുണ്യവനങ്ങളിലൊക്കെ ചുറ്റിനടന്നു; എന്നാൽ ആ മരം കണ്ടെത്തിയില്ല. ചെന്നേടത്തൊക്കെ കാമോദകത്തെപ്പറ്റി ചോദിച്ചതിൽ, കാമോദകം എന്നൊരു മരമില്ലെന്നായിരുന്നു ആളുകളുടെ മറുവടി. അങ്ങിനെ അന്വേഷിച്ചുനടക്കെ, ആ കാമബാണപീഡിതൻ ശുക്രനെ കണ്ടെത്തി; ഉടനേ കേതിപൂർവം വണങ്ങി, 'പൂക്കളുള്ള കാമോദകമെന്ന കമനീയവൃക്ഷം എവിടെയാണെ'ന്നു ചോദിച്ചു.

ശുക്രൻ:—'കാമോദകം എന്നൊരു വൃക്ഷമില്ല; എന്നാൽ, ആങ്ങിനെ ഒരു സ്ത്രീയുണ്ട്. അവർ സംഗതിവശാൽ സന്തോഷിച്ചു പുഞ്ചിരിയിട്ടാൽ, ആ പുഞ്ചിരിയിൽ നിന്നു കാമോദങ്ങളെന്ന ദിവ്യസുഗന്ധപുഷ്പങ്ങളും ഉണ്ടായിവരും. അവ ഏറ്റവും മണത്തുവുവയും സുരഭിലങ്ങളുമായിരിയ്ക്കും. അവയിൽ ഒരൊറ്റപ്പൂവുകൊണ്ടു പുരുഷവെളിയെ പൂജിച്ചാൽ അവന് എത്ര വലിയ മനോരഥവും തന്നിമേഷത്തിൽ നിറവേറിക്കൊടുക്കും. അവർ കണ്ടതാലൊ, ആ മാതിരി ചുകന്ന പുഷ്പങ്ങളുണ്ടാവുക; അവയ്ക്കു സൌരഭ്യമുണ്ടാകില്ല. അവ തൊട്ടുകയേ അരുതു'.

വിഷ്ണുദത്തൻ:—'ഭഗവന്തനേ, ആ കാമോദ എന്ന സ്ത്രീ എവിടെയാണ്?'

ശുക്രൻ: —'സർവപാതകങ്ങളേയും പോക്കുന്ന മഹാപുണ്യമായ ഗംഗാദ്വാരത്തിൽ, വിശ്വകർമ്മാവു നിർമ്മിച്ച കാമോദം എന്നൊരു നഗരമുണ്ട്; അവിടെയത്രേ, കാമോദ എന്നവർ വസിയ്ക്കുന്നതു; അവർ ആരേണങ്ങാരം ചാഞ്ഞി, ദിവ്യഭോഗാങ്കിതയായി ദേവകളാലൊക്കെ പൂജിതയായി ശോഭിയ്ക്കുന്നു. ഭവാൻ അവിടെ ചെന്ന് ആ അപ്സരസ്ത്രീമണിയെ ആരാധിച്ചു, വല്ല കൌശലത്താലും ചിരിപ്പിച്ചുകൊൾക.'

Digitized By Kerala Sahitya Akademi

വിഷ്ണുവിനോട് ഇതുപോലെ പറഞ്ഞു വിശ്വമിച്ച്, ആ തേജസ്സേറിയ യോഗീന്ദ്രനായ ശുകൻ, തന്റെ കൃത്യങ്ങളിൽ ഏർപ്പെട്ടു.'

ശ്രീപരമേശ്വരപൂജനം, ഭൂമിയുണ്ടാകൽ, ശ്രീമതിയുടെ പ്രകടനം, വേദവിസ്തരസംഭവം, ചൂതമേധപ്രഭാവം, കരമോദയത്തിനുള്ള കാരണം എന്നിവ പതിനാറിപ്പതിനെട്ടാമധ്യായം.

0

ഒരുന്തററിപ്പത്തൊമ്പതാമധ്യായം

കപിഞ്ജലൻ:—'അച്ഛ, അവളുടെ ചിരിയിൽനിന്നു, ദേവാസുരന്മാർക്കുള്ളതും ദിവ്യഗന്ധങ്ങളുമായ മനോഹരപുഷ്പങ്ങൾ ഉണ്ടാകുമെന്നാണല്ലോ പറഞ്ഞതു്; അവയെ ദേവകളെല്ലാം വാഞ്ഛിയ്ക്കുന്നതെന്തുകൊണ്ടാണ്? [ആ പൂവുകൊണ്ടു പൂജിച്ചാൽ ശിവൻ പ്രസാദിക്കുന്നതുകൊണ്ടാണോ, അതിന്നുള്ള ഗുണമെന്താണ്?] വാരാണസീമധ്യത്തിലെ പുണ്യമായ ഗംഗാപ്രവാഹത്തിൽ സ്ഥിതിചെയ്യുന്ന ആ കാമോളെന്ന ശ്രേഷ്ഠസ്ത്രീ ആരാണ്? ആരുടെ പുത്രിയാണ്? അവളുടെ ഹാസത്തിൽ നിന്നുണ്ടാകുന്ന പൂക്കളുടെ ഗുണം എന്താണ്? ഇതെല്ലാം വിസ്തരിച്ചു പറഞ്ഞുതന്നാലും.'

കഞ്ജലൻ:—'പണ്ടു ദേവന്മാരും ദൈത്യന്മാരും മികച്ച രസഹാർദ്ദം പൂണ്ടു് ഒത്തൊരുമ്പെട്ടു് അമൃതിന്നായി പാലാഴി കടയുകയുണ്ടായി. അതിൽനിന്നു് ആദ്യം നാലുകന്യകാരത്നങ്ങളെ വരുണനും, പിന്നീടു പുണ്യമായ പീയൂഷകലശത്തെ സോമനും ആവിർഭവിപ്പിച്ചു. ദേവകർമ്മങ്ങൾക്കു ഹിതം തേടുന്ന ആ നാലു കന്യകമാർ സുലക്ഷ്മി, വാരുണി, കാമോള, ശ്രേഷ്ഠ എന്നിവരാണു്. അവരിൽ അഗ്രജയത്രെ ശ്രേഷ്ഠ. അവരം തുളസി എന്ന പേരിൽ സദാ ലോകപൂജ്യയായി സ്ഥിതിചെയ്യുന്നു. രാജാവായ ചന്ദ്രൻ, എന്നിവരും ലക്ഷ്മി എന്നിവരും പാൽക്കടലിൽ നിന്നുണ്ടായി; ചന്ദ്രൻ ശിവനു ശിരോലംകാരമായിത്തീർന്നു. പാൽക്കടലിൽനിന്നു പിറന്ന മൃത്യുരോഗനാശിനിയായ വാരുണി അസുരക്കെല്ലാം പാനീയമത്രേ. ക്ഷീരാബ്ധിജാതയായ കാമോദാദേവിയാകട്ടേ, മോഹവികല്പത്തിൽ വഷ്ണുവിനു തുല്യം പ്രീതിവരുന്ന തുളസിച്ചേടിയായിത്തീരും; ജഗദീശൻ അവളെയുമ്മ സദാ രമിയ്ക്കുകയും ചെയ്യും. തുളസിയുടെ ഒരൊറ്റയില കൊണ്ടുചെന്നു വിഷ്ണുവിനു സമർപ്പിയ്ക്കുന്നവ

Digitized By Kerala Sahitya Akademi

നിൽ തന്തിരുവടി, 'ഇവൻ എനിക്ക് ഉപകാരംചെയ്യുവല്ലോ; ഇവന്ന ഞാൻ എന്തു കൊടുക്കേണ്ടു' എന്നിങ്ങിനെ, പ്രസാദിച്ചരുളും.

കാമോദ്രേകത്താൽ സശരീരമായി സംസാരിച്ചുകൊണ്ടു എപ്പോൾ പുഞ്ചിരിയിടുമോ, അപ്പോൾ ആ ദേവിയുടെ മുഖത്തിൽനിന്നു തുമ്പപ്പൂപോലത്തെ വാടാപ്പൂന്നിൻപൂക്കൾ ഉതിരും; അവ എങ്ങിനെയെങ്കിലും സമ്പാദിച്ചു ബ്രഹ്മവിഷ്ണുമഹേശ്വന്മാരെ പൂജിക്കുന്നവന്നു സർവ്വാഭീഷ്ടങ്ങളും അവർ കല്പിച്ചു നൽകും. അവൾ വല്ല ദുഃഖത്താലും കരഞ്ഞാലോ, കണ്ണീർത്തുള്ളികളിൽ നിന്നു സൌരഭ്യമില്ലാത്ത മനോഹരപുഷ്പങ്ങൾ ഉളവാകും; അവകൊണ്ടു ശിവനേയും മറ്റും പൂജിച്ചാൽ ദുഃഖവും കഷ്ടപ്പാടുമായിരിക്കും ഫലം. ആ പുഷ്പങ്ങൾകൊണ്ടു ശിക്കൽ ദേവന്മാരെ പൂജിക്കുന്ന മൂഢന്മാരെ ദേവന്മാർ ദുഃഖം വരുത്താതിരിക്കില്ല. മകനേ, ഉത്തമമായ കാമോദ്ഭവചരിതം നിന്നോട് പറഞ്ഞുകഴിഞ്ഞു.

പാപിയായ വിഹ്വണ്ഡന്റെ ഉദ്യമവും സാഹസവും കണ്ടിട്ടു നാരായണൻ, ആ ദുരാധർഷനെ തെറിക്കാൻവേണ്ടി നാരദനെ ചൊല്ലിവിട്ടു. വിഷ്ണുഭഗവാന്റെ ആജ്ഞപ്രകാരം നാരദൻ, കാമോദയെ തേടിനടക്കുന്ന ദുഷ്ടാസുരേന്ദ്രന്റെ അടുക്കലെത്തി, പുഞ്ചിരിക്കൊണ്ടു ചോദിച്ചു:—'ദൈത്യേന്ദ്ര, ഭവാൻ എവിടെയ്ക്കാണ് ബദ്ധപ്പെട്ടുപോകുന്നതു്? എന്തുകാര്യത്തിനു്, അർപ്പോരിപ്പുറപ്പിച്ചിട്ടാണ് ബുദ്ധിമുട്ടുന്നതു്? അവൻ ബ്രഹ്മപുത്രനെ വണങ്ങി തൊഴുതുപറഞ്ഞു:—'ബ്രാഹ്മണശ്രേഷ്ഠ, കാമോദ്ഭവപുഷ്പത്തിനായി പോവുകയാണ് ഞാൻ'. ആ ധാർമ്മികൻ വീണ്ടും ചോദിച്ചു:—'എന്തിനാണു് ആ പുഷ്പം?' അസുരൻ, തന്റെ കാര്യം അറിയിച്ചു:—'രമണീയമായ നന്ദനവനത്തിൽ ഒരു സുന്ദരി ഇരിക്കുന്നുണ്ടു്; അവളെ കണ്ടതോടുകൂടി ഞാൻ മന്മഥന്നടിപ്പെട്ടുപോയി. അവൾ എന്നോടു, ഏഴുകോടി കാമോദകുസുമങ്ങൾകൊണ്ടു മഹാദേവനെ പൂജിച്ചാൽ എന്റെ ഭാര്യയാകാമെന്നാണ് പറഞ്ഞതു്. അതിന്നുവേണ്ടി, കാമോദപുരത്തിലേയ്ക്കു പോവുകയാണു് ഞാൻ. ഞാൻ ആ പാലാഴിമകളെ കാമിപ്പിച്ചു ചാടുവാക്കുകൾ പ്രയോഗിക്കും; അപ്പോൾ ആ സൌഭാഗ്യവതി സന്തോഷിച്ചു ചിരിക്കും. ബ്രാഹ്മണേന്ദ്ര, അവളുടെ ചിരിയിലാണ് എന്റെ കാര്യമിരിക്കുന്നതു്: അവളുടെ ചിരിയിൽ നിന്നു ദിവ്യകുസുമങ്ങൾ പൊഴിയും; അവകൊണ്ടു പാർവ്വതീവല്ലഭനെ ഞാൻ പൂജിക്ക

Digitized By Kerala Sahitya Akademi

കയും, ആ ലോകഭാവനനായ സർവ്വജ്ഞേശ്വരൻ പ്രസാദിച്ചു പൂജയുടെ ഫലം എനിയ്ക്കു തന്നരുളുകയും ചെയ്യും.'

നാരദൻ:—'അസുരേന്ദ്രേ, ഭവാൻ കാമോദപുരത്തിൽ പോയ്ക്കൂടാ: അവിടെ, ദേവകാര്യങ്ങളെല്ലാം ജയംവരുത്തുന്ന കൌശലക്കാരനായ വിഷ്ണുവുണ്ട്! കാമോദപുഷ്പങ്ങളെ അങ്ങയ്ക്കു കൈവരുന്നതിനുള്ള ഉപായം ഞാൻ പറഞ്ഞുതരാം: ആ മനോഹരങ്ങളായ ദിവ്യകുസുമങ്ങൾ ഗംഗയിൽ വീണ ഒഴുക്കിലൂടെ ഒഴിച്ചുവരും; അപ്പോൾ അവ കയ്ക്കലാക്കി അഭീഷ്ടം സാധിക്കയാണ് നല്ലതു്.'

അസുരനെ തെറ്റിച്ചിട്ടു, ധർമ്മശീലനായ നാരദൻ വീണ്ടും ആലോചിച്ചു:—'ഇനി, എന്തിനാണ് പൊയ്യുണ്ടതു്? അവർ ഉഴിച്ചു കണ്ണീർ പൊഴിപ്പാൻ എന്തുകൌശലം എടുക്കേണ്ടു?' ക്ഷണനേരംകൊണ്ടു ഒരുപായം നാരദനു തോന്നി. അദ്ദേഹം കാമോദപുരത്തിലേയ്ക്കു നടകൊണ്ടു.

ശ്രീപരമോപുരാണം, ദ്രമിഖണ്ഡം, ഗുരുതീർത്ഥപ്രകരണം, വേനവിഷ്ണുസംഭാദം,
ച്യവനയോപാഖ്യാനം, വിഘ്നബന്ധവിമോഹനം
തൊണ്ണൂറിപ്പത്താമ്പതമധ്യായം.

(൦)

ഒരുനൂറിരുപതാമധ്യായം

കഞ്ജലൻ:—സർവ്വദേവനിഷേവിതവും സർവകാമസമൃദ്ധവുമായ കാമോദ ദിവ്യപുരം നാരദനു കാണ്മാറായി. ആ ബ്രാഹ്മണേന്ദ്രൻ കാമോദയുടെ ഗൃഹത്തിലേയ്ക്കു കടന്നു. സർവകാമസമ്പന്നയായ കാമോദ അദ്ദേഹത്തെ സപ്രാഗതാലികംകൊണ്ടു സൽക്കരിച്ചു, ഒരു ദിവ്യാസനത്തിന്മേൽ ഉപവേശിപ്പിച്ചു. മഹർഷിയും അവളെ അനുഗ്രഹിച്ചു, 'വിഷ്ണുതേജസ്സിൽ നിന്നു ജനിച്ച സൌഭാഗ്യവതി, സുഖം തന്നെയല്ലേ?' എന്നിങ്ങിനെ കുശലം ചോദിച്ചു.

കാമോദ:—'മഹാഭാഗ, വിഷ്ണുവിന്റേയും ഭവാദൃശന്മാരുടേയും പ്രസാദത്താൽ എനിയ്ക്കു സുഖം തന്നെ. മുനിപുംഗവ, ഞാൻ ഒന്നു ചോദിക്കട്ടെയോ? അതു പറഞ്ഞുതരുമാറാകണം: എല്ലാലോക

Digitized By Kerala Sahitya Akademi

ങ്ങളേയും വ്യാപിച്ചിരിയ്ക്കുന്ന മയക്കം, എനിക്ക ദേഹവും മനസ്സും ക്ഷീണിച്ചുപോകുമാറ്, എന്നെ പെട്ടന്ന ബാധിച്ചുകളഞ്ഞു; അതി നാൽ മനുഷ്യക്കെന്നപോലെ, എനിയ്ക്ക് ഉറക്കം വന്നു. ഉറക്കത്തിൽ ഞാൻ ഒരു ഘോരമായ സ്വപ്നം കണ്ടു: അരോ എന്റെ മുമ്പിൽ വന്നു, 'അവ്യക്തനായ ഹൃഷീകേശൻ സംസാരമടയും' എന്നുച്ചരിച്ചു. അതുമതിയ്ക്കു, ഞാൻ മഹാഭയത്തിൽ പെട്ടിരിയ്ക്കുന്നു. മഹാപ്രജ്ഞ, ഇതിനെന്തായിരിക്കും ഹേതു? ഇവിടുന്ന ജ്ഞാനികളിൽ മുഖ്യനാണല്ലോ.'

നാരദൻ:—'മുനേ, മനുഷ്യക്ക്, വാതികമായിട്ടും പൈത്തികമായിട്ടും ശ്ലൈഷ്മികമായിട്ടും സാന്നിപാതികമായിട്ടും സ്വപ്നം ഉണ്ടാകാറുണ്ട്; ദേവകർക്ക നിദ്രയോ സ്വപ്നമോ നേരിടാറില്ല. മനുഷ്യർ സൂര്യോദയസമയത്തു നല്ല സ്വപ്നം കണ്ടാൽ, അതു പുണ്യഫലത്തെ ഉളവാക്കും. ഒരുള്ളം കാറാത്തിളകിയാൽ, അതിൽനിന്നു തെളിഞ്ഞ നീർപ്പോളകൾ പുറപ്പെടുകയും, ഉടനേ ലയിയ്ക്കുകയും ചെയ്യുന്നു, കാണായ്തുന്നക്ഷണനേരത്തിൽ അങ്ങനെ കാണപ്പെടാതെയാകുന്നില്ലയോ, അതുപോലെയത്രേ സ്വപ്നത്തിന്റേയും സ്വഭാവം.

ശ്രീമാനും രാഗദ്വേഷരഹിതനുമായ ആത്മാവു പാഞ്ചഭൗതികമങ്ങളായ ഷഡ്വിംശതി തത്ത്വങ്ങളുടെ ഇടയിൽ സുനിശ്ചലനായി പരിശോഭിയ്ക്കുന്നു. ശ്രീമാനും കേവലനും നിത്യനുമായ ആത്മാവ് പ്രകൃതിയോടു ചേർന്ന്, അതിന്റെ വായുഗുണത്താൽ എപ്പോഴും ചലിയ്ക്കുന്നുവോ, അപ്പോഴും ആത്മാവിന്റെ തേജസ്സിൽ നിന്ന് ഒരു പ്രതിതേജസ്സു പുറപ്പെടുന്നു; അതാണ് അന്തരാത്മാവ് എന്നു പറയപ്പെടുന്നതു്., വെള്ളത്തിൽനിന്നു നീർപ്പോള മിന്നമായിരിയ്ക്കുന്നതെപ്രകാരമോ, അപ്രകാരമത്രേ ആത്മാവിൽനിന്ന് അന്തരാത്മാവും. ആത്മാവുതന്നെ പൃഥിവി; ആത്മാവുതന്നെ വായു; ആത്മാവുതന്നെ ആകാശം; ആത്മാവുതന്നെ ജലം; ആത്മാവുതന്നെ തേജസ്സു്. പൂർവ്വസൃഷ്ടങ്ങളായ ഈ പഞ്ചഭൂതങ്ങളും ആത്മതേജസ്സിന്റെ മാത്രമാണ്. അവ അന്തരാത്മാവോടു ചേർന്ന് കനായിനില്ക്കുന്നു; ആത്മാവോടു വേർപെട്ടാലോ, പെട്ടെന്നായിത്തീർന്ന, മറൊരു മുൽപിണ്ഡത്തിൽ ചേരുവാനൊരുങ്ങുന്നു. അവയുടെ ഒരുമാത്രം കളിയാണ്, ഈ സൃഷ്ടി. വെള്ളത്തിൽ അല പുറപ്പെടുന്നു, ലയിയ്ക്കുന്നു; വീണ്ടും ഉണ്ടാകുന്നു, നശിയ്ക്കുന്നു. അതുപോലെതന്നെ ലോകവും. ദേവി, ആത്മാവിനു

Digitized By Kerala Sahitya Akademi

നാശമില്ല; പൃഥിവ്യപ്തേജോവായ്വാകാശങ്ങൾക്കും നാശമില്ല. അ
ഞ്ചും, ആത്മാവോടുകൂടി വർദ്ധിക്കയും പോകുകയും ചെയ്യുന്നു. അവ അ
നശ്വരങ്ങളാകുന്നു. അവയുടെ സംഘാതമായ പിണ്ഡമേ നശിയ്ക്കുന്നു
ള്ളൂ; അതിനു മോഹ രാഗദ്വേഷാദി വിഷയദോഷങ്ങളും തന്നെ. പ
ഞ്ചഭൂതാത്മകമായ പിണ്ഡത്തിൽ നിന്നു പഞ്ചപ്രാണങ്ങളും പ്രയാ
ണം ചെയ്ത പിണ്ഡം നശിച്ചാലും, ആത്മാവും അതിന്റെ പ്രതിരൂ
പമായ അന്തരാത്മാവും സ്ഥിരമായിത്തന്നെ വർത്തിയ്ക്കുന്നു.

അഗ്നിയിൽ നിന്നു സ്ഫുലിംഗം പുറപ്പെടുന്നതുപോലെയാണ്,
ആത്മാവിൽനിന്നു വിശ്വം വെളിപ്പെടുന്നതു്. പരബ്രഹ്മമാകുന്ന ആ
ത്മാവു് സദാ ശുദ്ധനും സ്ഥിരനുമായി സ്ഥിതിചെയ്യുന്നു: അന്തരാത്മാ
വാകട്ടേ പ്രാകൃതഗുണങ്ങളാൽ ബദ്ധനാകുന്നു; അതു മൃഷ്ടാന്നപാനങ്ങ
ളുകൊണ്ടു സുഖമടയുന്നു; സുഖത്തിൽനിന്നു മോഹം പുറപ്പെടുന്നു; മോ
ഹം മനസ്സിനെ മയക്കുന്നു; അപ്പോൾ, മയക്കത്തെ തഴപ്പിയ്ക്കുന്ന താമ
സിയായ നിദ്ര നാഡീമാർഗ്ഗേണ വന്നുചേരുന്നു: സൂര്യൻ മഹാമേരുവിന്നു
പുറത്തേയ്ക്കു പോയാൽ, വീണ്ടും ഉദിയ്ക്കുന്നതുവരെ രക്ഷണല്ലോ രാ
ത്രി. വിഷയാന്ധകാരം വിട്ടാൽ അന്തരാത്മാവു പ്രകാശിയ്ക്കുകയായി.

പാശബന്ധങ്ങളാൽ പോഷിപ്പിക്കപ്പെട്ട അന്തരാത്മാവു പൂർവ്വ
ജന്മങ്ങളിലെ ഭൌതികപിണ്ഡങ്ങളാൽ ആകർഷിക്കപ്പെട്ടുമ്പോഴാകട്ടെ പ
ലതരം സ്ഥാനങ്ങളും കാണും—ദോഷങ്ങളും അന്തരാത്മാവിനെ ബന്ധി
ച്ചു പലടത്തും കൊണ്ടുപോകുന്നു; ജീവത്മാവു ശരീരത്തെ രക്ഷിച്ചു
കൊണ്ടു നില്ക്കും. ഉദാനൻ തീവ്രമായി സ്ഫുരിയ്ക്കുകയാൽ ശബ്ദം പുറ
പ്പെടുന്നു: [ശൂന്യമായ ഉലയിൽ കാറ്റു നിറഞ്ഞാൽ ഊതുമ്പോൾ പുറപ്പെടു
മല്ലോ; അതുപോലെ ഉദാനവായുവിന്റെ ബലത്താൽ ശബ്ദത്തോടുകൂ
ടിയ ശ്വാസം (ക്രക്കം) പുറപ്പെടുന്നു. ആത്മാവിന്റെ പ്രഭാവത്താൽ
ഉദാനൻ പ്രബലനായിത്തീരുകയും, മയക്കത്താൽ ശരീരം മരിച്ചപോ
ലാകയും ചെയ്യുന്നു.] മഹാമായയായ നിദ്ര ഹൃദയം, കണ്ണു, മുഖം,
നാസികാഗ്രം എന്നീ അവയവങ്ങളിൽ കേറി, കൈകാളെ സംകോചി
പ്പിച്ചു, നാഭിമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നു. പ്രാണവായു, കറ
പിടിച്ച കയറെന്നപോലെ, അന്തരാത്മാവിൽ ചേർന്നിരിയ്ക്കും.
ബുദ്ധിപ്രേരിതമായ അന്തരാത്മാവു പൂർവ്വജന്മങ്ങളിലെ പാപ്പിങ്ങളെ
ല്ലാം പായുകയും, അതുകളിൽ വർത്തിച്ചു യത്നേന്നും മണിയ്ക്കുകയും
ചെയ്യും; അപ്പോൾ നല്ലതും തീഞ്ഞതുമായ പലതരം സ്വപ്നം കാണു

Digitized By Kerala Sahitya Akademi

മാറാകം; അതു കമ്മജമത്രേ. നാനാപ്രകാരങ്ങളായ ഗിരികളേയും ഉറ്റുങ്ങളേയും കാണുന്നതു വാതികം; നദീതടാകാദിജലാശയങ്ങളെ ദർശിയ്ക്കുന്നതു ശ്ലൈഷ്മികം; തീ, സപ്തം മുതലായതിനെ വഹിയ്ക്കുന്നതു പൈത്തികം. പ്രഭാതത്തിൽ കാണുന്ന ശുഭമോ അശുഭമോ ആയ സ്വപ്നം നന്മ തിന്മകളെ സൂചിപ്പിയ്ക്കുന്ന ഭാവി സ്വപ്നമാകുന്നു. വരവർണ്ണിനി, ഇതാണ് സ്വപ്നത്തിന്റെ സ്ഥിതി. അതിനാൽ, ഭവതി കണ്ട ദുസ്വപ്നം വിഷ്ണുവിനു വരാൻ പോകുന്നതിനെത്തന്നെ സൂചിപ്പിയ്ക്കുന്നു.'

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥകീർത്തനകാരണം, യോഗവിഷ്ണുസംവാദം, ദുഃസ്വപ്നോപശ്രുതം, കാമേഭയോഗമേ സാമഗേമം
ഒരുനൂറ്റി ഇരുപത്തൊന്നാമദ്ധ്യായം.

(൦)

ഒരുനൂറിരുപത്തൊന്നാമദ്ധ്യായം

കാമോദ; — 'അരുടെ സ്വരൂപവും അറിവും ദേവകൾപോലും കണ്ടിട്ടില്ലയോ; സകലവും അരിൽ ലയിച്ചിരിക്കുന്നവോ; അർ വിശ്വാത്മാവെന്നു വർണ്ണിക്കപ്പെടുന്നവോ; അരുടെ മായയാണോ സംസാരം; ആ ജഗദീശനായ എന്റെ സ്വാമി എന്തുകൊണ്ടാണ് സംസാരമടയുന്നതു? പുണ്യപാപകർമ്മബന്ധം മനുഷ്യനല്ലേ ഉള്ളു? വിഷ്ണു സംസാരിയാകുന്നതെങ്ങിനെ? ബ്രാഹ്മണ, പറഞ്ഞുതരിക.'

നാരദൻ: — 'ദേവി, കേട്ടുകൊൾക: വിഷ്ണു ഭൃഗുവിനോടു, 'യാഗം ഞാൻ രക്ഷിച്ചുതരാമെന്നു പ്രതിജ്ഞ ചെയ്തിരുന്നു; എന്നാൽ, തന്തിരവടിക്കു പെട്ടന്നു് ഇന്ദ്രന്റെ അപേക്ഷയാൽ ദാനവരോടു യുദ്ധം ചെയ്വാൻ, ഭൃഗുവിന്റെ യാഗംവിട്ടു പോകേണ്ടിവന്നു. ഭഗവാൻ പോയ ലാക്കിൽ, പാപശീലരായ അസുരന്മാർ വന്നുകേറി, ആ യാഗമെല്ലാം മുടിച്ചുകളഞ്ഞു. അതിൽ അമിതം മുഴുത്ത യോഗീന്ദ്രൻ, 'ഭവാൻ എന്റെ ശാപത്താൽ കലുഷിതനായിട്ടു, പത്തുജന്മം ജനിയ്ക്കുക' എന്നു വിഷ്ണുവിനെ ശപിച്ചിരിക്കുന്നു. അതു ജനാർദ്ദനൻ അനുഭവിച്ചു തീർത്തു. അതിനാലാണ് ദേവിക്കു ഈ ദുസ്സ്വപ്നദർശനമുണ്ടായതു'.

Digitized By Kerala Sahitya Akademi

എന്നാ പറഞ്ഞു നാരദൻ ബ്രഹ്മലോകത്തേയ്ക്കു നടകൊണ്ടു. ആ ബാലികയാകട്ടേ, ഭഗവാനെറ ദുഃഖമോർത്തു സങ്കടപ്പെട്ടു ഹാ, ഹാ, എന്നിങ്ങിനെ ദയനീയമായി നിലവിളിച്ചുകൊണ്ടു ഗംഗാതീരത്തിരിപ്പായി; ദുഃഖത്താൽ ദേവിയുടെ കണ്ണുകളിൽനിന്നു പൊഴിയുന്ന ബാഷ്പബിന്ദുക്കൾ ഗംഗാജലത്തിൽ വീണു താമരപ്പൂക്കളായും തീർന്നുടങ്ങി. ഗംഗാപ്രവാഹത്തിൽ ഒഴുകിപ്പോകുന്ന ആ താമരപ്പൂക്കൾ വിഷ്ണുമായയാൽ വിമോഹിതനായ വിഹ്വണ്ഡൻ കണ്ടെത്തി. അവ ദുഃഖത്താൽ ഉണ്ടായവയാണെന്നു അസുരൻ അറിഞ്ഞില്ല; നാരദൻ പറഞ്ഞതവയാണെന്നേ കരുതിയുള്ളൂ. അതിനാൽ അത്യന്തം സന്തോഷത്തോടെ അവൻ ആ പത്മങ്ങൾ കൈക്കൊണ്ടു പാർവ്വതീനാഥനെ പൂജിയ്ക്കുകയായി.

അതിൽ കൃപിതയായ ലോകാംബിക ശിവനോടു പറഞ്ഞു:— 'ഈ ദുർബുദ്ധിയായ ദൈത്യന്റെ വിഭ്രമകർമ്മം നോക്കൂ: ദുഃഖോല്പന്നങ്ങളായ പുഷ്പംകൊണ്ടാണ് ഭവാനെ പൂജിയ്ക്കുന്നതു്. ദുഃഖത്തിനല്ലാതെ സുഖത്തിന്നു് ഇവൻ അർഹനല്ല.'

ശിവൻ:—ദേവി, ദേവി പറഞ്ഞതു ശരിതന്നെ: ഈ പാപികാമോദാർത്ഥം അതിരാവിലെ സുദൃഢമായ ഭക്തിവിട്ടുകളഞ്ഞു. എന്നിട്ടു ദുഃഖജങ്ങളായ പുഷ്പങ്ങളും ഗംഗാജലത്തിൽനിന്നെടുക്കുകയാണു്, ഈ കാമാന്ധനായ കശ്മലൻ ചെയ്യുന്നതു്. ദുഃഖവും താപവും നൽകുന്ന ആ പൂക്കൾകൊണ്ടു പൂജിച്ചാലുണ്ടോ നന്മ കിട്ടുന്നു? എങ്ങിനെയുള്ള പദാർത്ഥംകൊണ്ടു എന്നെ പൂജിയ്ക്കുന്നുവോ, അങ്ങിനെയുള്ള ഫലമേ ഇവനു സിദ്ധിയ്ക്കൂ. എന്നാൽ പക്ഷത്തിൽ, ഇവൻ ധ്യാനമില്ലാത്തവനാണു'; കാമോദയുടെ പേരിലാണു് ഇവന്റെ മനസ്സു്. അതിനാൽ ഈ പാപചരിതനെ ദേവി സ്വതേജസ്സിനാൽ നശിപ്പിച്ചാലും.'

'അങ്ങയുടെ ആജ്ഞയാൽ അവനെ ഞാൻ സംഹരിച്ചേയ്ക്കാം.' എന്നരുളിച്ചെയ്തിട്ടു പാർവ്വതി വിഹ്വണ്ഡവധത്തിനു ഒരുപായം ആലോചിച്ചുറച്ചു. ദേവി മായകൊണ്ടു ഒരു ബ്രാഹ്മണന്റെ രൂപം ധരിച്ചു് പരമേശ്വരനെ പാരിജാതപുഷ്പങ്ങൾകൊണ്ടു പൂജിച്ചുപോന്നു. ആ ദിവ്യപൂജയെ പാപിയായ അസുരൻ വന്നു പാഴാക്കും. അവൻ കാമത്താലും ദുഃഖത്താലും വശംകെട്ടിരുന്നു: എപ്പോഴും മുൻകണ്ട വിഷ്ണുമായയെ സ്മരിക്കും; അതോടുകൂടി, കന്ദർപ്പൻ കരുത്തനായി മുതിർന്ന അവനെ വിരഹാർത്തദുഃഖത്തിൽ മുക്കിക്കളയും. ഇങ്ങിനെ,

Digitized By Kerala Sahitya Akademi

കാലചോദിതനായിരുന്ന ആ ദമ്പതി ദുഃഖജാതങ്ങളായ പൂക്കളെ കൊണ്ടുവന്നു, ദേവി പൂജിച്ചു പാരിജാതകുസുമങ്ങളെ തട്ടിനീക്കം. എന്നിട്ട്, ആ ദുഃഖപുഷ്പങ്ങൾകൊണ്ടു ശിവനെ പൂജിക്കുകയായി. ദുഃഖിതനായ അവടന്റെ കണ്ണുകളിൽ നിന്നു അശ്രുബിന്ദുക്കൾ ശിവലിംഗത്തിന്റെ ശിരസ്സിൽ ധാരാളം വീഴാനുണ്ടായിരുന്നു! ഉണ്ണി, ബ്രാഹ്മണവേഷം പൂണ്ടിരുന്ന പാർവ്വതി അവനോടു ചോദിച്ചു:—'ദേവൻ ആരാണ്? നിത്യവും അതിദുഃഖത്തോടെയാണല്ലൊ ദേവനെ പൂജിക്കുന്നതു; അശ്രുബിന്ദുക്കളായ ശോകബാഷ്പങ്ങൾ ദേവശിരസ്സിൽ ഇറ്റിറ്റു വീഴാനുണ്ട്. ഇതെന്തുകൊണ്ടാണു?'

വിപ്രബന്ധൻ:—'സർവ്വസൗഭാഗ്യവും സർവ്വലക്ഷണവും തികഞ്ഞ മന്മഥന്റെ മണിമേടയിലിരിക്കുന്ന ഒരു യുവതിയെ ഞാൻ മുമ്പു കാണുകയുണ്ടായി. അവളിലുള്ള അനുരാഗത്താൽ ഞാൻ കാമദേവവശ്യം പൂണ്ടു സന്തപ്തനായിത്തീർന്നിരിക്കുന്നു. അവൾ എന്നോടു പറഞ്ഞു, 'എന്നെ അനുഭവിക്കേണമെങ്കിൽ, ഏഴുകോടി കാമോദ്ഭവപുഷ്പങ്ങൾ കൊണ്ടു കാമദേവിയെ പൂജിക്കുകയും, അവയാൽ തീർത്ത ഒരു മാല എന്റെ കഴുത്തിലിടുവിക്കുകയും ചെയ്യുക' എന്നു. അവളെച്ചൊല്ലിയാണു, ഞാൻ ദേവാസുരന്മാർക്കുള്ളതായ കാമോദ്ഭവപുഷ്പങ്ങൾകൊണ്ടു ഫലപ്രദനായ ഫാലലോചനനെ പൂജിച്ചുപോരുന്നതു.'

ദേവി:—'ദുരാത്മാവായ നിനക്കു ഈശ്വരങ്കൽ ഭക്തിയെവിടെ? ധ്യാനമെവിടെ? ജ്ഞാനമെവിടെ? കാമോദ്ഭവയുടെ കമനീയരൂപം എങ്ങിനെയാണു? പറയുക: അവളുടെ പുഞ്ചിരിയിൽ നിന്നുണ്ടാകുന്ന പൂക്കൾ നിനക്കെവിടെ കിട്ടി?'.

വിപ്രബന്ധൻ:—'ഭക്തിയും ധ്യാനവും എനിക്കറിഞ്ഞുകൂടാ. അവളെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഗംഗയിൽനിന്നു പൂക്കളെടുത്തു ഗൗരീശ്വരനെ പൂജിക്കയാണു് എന്റെ പതിവു്. ശുക്രമഹർഷി ഉപദേശിച്ചുതന്നപ്രകാരം ഞാൻ നാൾതോറും ദേവപൂജ നടത്തിപ്പോരുന്നു.'

ദേവി:—'പാപി, കാമോദ്ഭവിച്ചു കരയുന്നതിൽ നിന്നുണ്ടായ പുഷ്പങ്ങൾകൊണ്ടാണു, ദുഷ്ടശീലനായ നീ ലിംഗത്തെ പൂജിച്ചുപോരുന്നതു. എന്തു മനോവൃത്തിയോടുകൂടി എന്തു പുഷ്പങ്ങൾ കൊണ്ടു നീ ദേവദേവേശനെ പൂജിച്ചുവോ, അതിനൊത്തഫലം അ

Digitized By Kerala Sahitya Akademi

നടത്തിച്ചുകൊള്ളുക. നീ ഇപ്രകാരം മിഥ്യാപൂജ പാഴാക്കി, ദുഃഖപുഷ്പങ്ങൾകൊണ്ടു പൂജിച്ചുതിനാൽ, ഇപ്പോൾത്തന്നെ ഒരു മഹാഘോരമായ അപരാധം നിനക്കുണ്ടായിവന്നിരിക്കുന്നു. അതിനാൽ നിന്നെ ഞാൻ ഭസ്മീകരിക്കും. സ്വകർമ്മഫലം അനുഭവിച്ചുകൊൾക!'

ഇതുകേട്ടിട്ടു, കാലചോദിതനായ വിപ്രബന്ധൻ തട്ടിക്കയറി: — 'എടാ, എടാ, അധമാധമാ കെട്ട ഒഴിഞ്ഞുപോ, എന്റെ കർമ്മത്തെ ദൂഷിക്കുന്നവനേ, നിന്നെ ഞാൻ തീർച്ചയായും ഈ വാരംകൊണ്ടു വെട്ടിക്കൊല്ലും!' എന്നിങ്ങിനെ, അസുരൻ മൂർച്ചയേറിയ വാളെടുത്തു് ആ ബ്രാഹ്മണനെ വെട്ടാനായി കരുത്തോടേ പാഞ്ഞടുത്തു. അതുകണ്ടിട്ട്, അരുണന്റെ വടിവെടുത്തിരുന്ന പരമേശ്വരി കോപിച്ചു് ഒരു ഹുങ്കാരം വിട്ടു. ആ ഹുങ്കാരശബ്ദത്താൽത്തന്നെ, ദാനവാധമൻ, വജ്രമേററ പർവ്വതമെന്നപോലെ, നിശ്ചേഷ്ടനായി നിലം പൊത്തിപ്പോയി! സർവലോകദ്രോഹിയായിരുന്ന വിപ്രബന്ധൻ വീണതിനാൽ, ലോകങ്ങളെല്ലാം ദുഃഖവും താപവും വിട്ടു സ്വാസ്ഥ്യമടയുകയും ചെയ്തു.

മകനേ, ഗംഗാതീരത്തിലിരുന്നു് ആ സുന്ദരി ദുഃഖാകുലയായി കരയുന്നതിന്റെ കാരണമെല്ലാം ഞാൻ നിനക്കു പറഞ്ഞുതന്നു.' രാജാവേ, ഇപ്രകാരം തന്റെ പുത്രനോടു പറഞ്ഞിട്ടു, മഹാപ്രാജ്ഞനായ കുഞ്ജലപക്ഷീന്ദ്രൻ വിരമിച്ചു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, പ്രതിഷ്ഠാപ്രകരണം, വൈഷ്ണവിഷ്ണുസംവാദം,
ച്യവനോപാഖ്യാനം, കാമോദാഖ്യാനമാപ്തി
തൊണ്ണൂറിരുപത്തൊന്നാമധ്യായം.

—(o)—

ഒരുനൂറിരുപത്തിരണ്ടാമധ്യായം

വിഷ്ണു:—'ധർമ്മപക്ഷീന്ദ്രനായ കുഞ്ജലൻ പുത്രനോടു് ഈവിധം പറഞ്ഞു വിരമിച്ചപ്പോൾ, പേരാലിൻമുകളിലിരിയ്ക്കുന്ന ബ്രാഹ്മണശ്രേഷ്ഠൻ ആ ശുകസത്തമനോടു ചോദിച്ചു:—'ധർമ്മം കഥിയ്ക്കുന്ന പക്ഷിശ്രേഷ്ഠനായ അവാൻ ആരാണ്? ദേവനോ, ഗന്ധർവനോ, വിദ്യാധരനോ? ആരുടെ ശാപത്താലാണ്, ഈ നികൃഷ്ടമായ ശുകജാതിയിൽ വന്നു പിറന്നതു്? ശുകമേ, ഇതുയും അതീന്ദ്രിയമായ ജ്ഞാ

Digitized By Kerala Sahitya Akademi

നം ഭവാനു് എങ്ങിനെ ഉണ്ടായി? ഏതു പുണ്യത്തിന്റെ—ഏതു തപസ്സിന്റെ—ഫലമാണിതു്? അല്ലെങ്കിൽ, ഭവാൻ, പ്രപ്പന്നവേഷനായ സിദ്ധോദേവനോ ആയിരിയ്ക്കുമോ?

കണ്ണകൻ:—'സിദ്ധനായുള്ളോവേ, അങ്ങയുടെ ഉൽകൃഷ്ടമായ കലവും ഗോത്രവും വിദ്യയും തപസ്സും പ്രഭാവവും ഭവാൻ ഭൂമിയിൽ ചുറ്റി നടക്കുന്നതിന്റെ കാരണവുമെല്ലാം എനിക്കറിയാം മഹാമതേ, ഭവാനെ സപ്രാശനം! സുവ്രത, ഇവ കളിർതണലിൽ പുണ്യമായ ആസനത്തിൽ സ്ഥിതിചെയ്താലും.'

അവ്യക്തജന്മാവായ ബ്രഹ്മാവിങ്കൽനിന്നു, ബ്രഹ്മജ്ഞാനചിത്തനായ ഭൂതപ്രജാപതി ജനിച്ചു; ആ സർവ്വധർമ്മാത്മതത്പരന്റെ വംശത്തിൽ പിറന്ന ച്യവനനാണു് ഭവാൻ. ഞാൻ ദേവനല്ല, ഗന്ധർവ്വനല്ല, വിദ്യാധരനുമല്ല; ഇന്നവനാണെന്നു ചോദ്യം: കശ്യപകുലത്തിൽ, കലാശീലഗുണാന്വിതനായി വിദ്യാധരൻ എന്നായ ബ്രാഹ്മണശ്രേഷ്ഠനായിരുന്നു. വേദവേദാംഗതത്ത്വജ്ഞനും സർവ്വധർമ്മപ്രകാശകനും തപോമഹിമയാൽ ഉജ്ജ്വലിയ്ക്കുന്നവനുമായിരുന്ന അദ്ദേഹത്തിനു വസുശർമ്മാവും നാമശർമ്മാവും ധർമ്മശർമ്മാവുമാകുന്ന മൂന്നു പുത്രന്മാരുണ്ടായി. അവരിൽ ഇളയവനായ ധർമ്മശർമ്മാവാണ് ഞാൻ; എനിയ്ക്കു് ഒരു ഗുണവുമില്ലായിരുന്നു. എന്റെ ജ്യേഷ്ഠന്മാരായ വസുശർമ്മാവും നാമശർമ്മാവും വേദശാസ്ത്രങ്ങളുടെ മർമ്മജ്ഞരും ആചാരാദി സമ്പന്നന്മാരുമാണ്. ഞാൻ മാത്രം അരുമുഖനായിത്തീർന്നു: ഞാൻ ഒരിക്കലും വിദ്യകൾ പഠിയ്ക്കുകയോ, ഗുരുഗൃഹത്തിലേയ്ക്കു പോകയോ ചെയ്തിട്ടില്ല. അതിൽ അച്ഛൻ വിചാരമായി: 'എന്റെ മകൻ ധർമ്മശർമ്മാവു്, അവനെന്റെ പേർ അർത്ഥശൂന്യമാക്കിക്കളഞ്ഞു. അവനു പഠിപ്പില്ല; ഒരു ഗുണവുമില്ല.' എന്നതുകൊണ്ടു് ഏറ്റവും ദുഃഖിതനായ അയ്യമ്മിശ്രൻ, 'മകനേ, ഗുരുഗൃഹത്തിൽപോയി വിദ്യാഭ്യാസം ചെയ്യു' എന്നു് എന്നോടാജ്ഞാപിച്ചു. അച്ഛന്റെ ഈ നല്ലവാക്കിനു്, എന്റെ മറുവടി ഇങ്ങനെയായിരുന്നു:— 'അച്ഛ, ഗുരുഗൃഹത്തിലേയ്ക്കു പോവുക എന്നതു് എനിയ്ക്കു സങ്കടമാണു്. അവിടെ സദാ 'കണ്ണും പിടിയും' കാട്ടലും പ്രഹരവുമേ ഉള്ളൂ; ചോറില്ല, രാപ്പകൽ ഉറങ്ങാൻ തരമില്ല, സുഖത്തിനുള്ളതു യാതൊന്നുമില്ല. അതുകൊണ്ടു ഞാൻ പോവില്ല, ഗുരുഗൃഹത്തിലേയ്ക്കു'! എനിക്കു വിദ്യാഭ്യാസം വേണമെന്നില്ല; കളിപ്പാനാണു് താല്പര്യം. ഉണ്ണുക, ഉറങ്ങുക, കുട്ടികളൊത്തു കളിയ്ക്കുക ഇങ്ങിനെ പകലിരവു സുഖിച്ചുകൊൾവാൻ എന്നെ

Digitized By Kerala Sahitya Akademi

അച്ഛൻ അനുവദിച്ചാലും!' എന്റെ കഥയില്ലായ്മയിൽ നന്നെ വ്യസനിച്ച് ആ ധർമ്മിഷ്ഠൻ വീണ്ടും പറഞ്ഞു:—'മകനേ, സാഹസം ചെയ്യരുതു്; പഠിപ്പാൻ ഉത്സാഹിയ്ക്കുക. വിദ്യയുണ്ടായാൽ സുഖവും, സന്തോഷവും, കീർത്തിയും ഉണ്ടാകയുള്ളൂ. ഞാൻ വരുവോളം നീ ഗുരുഗൃഹത്തിൽ ചെന്നു വിദ്യാഭ്യാസം ചെയ്തുകൊൾകെ.'

അച്ഛന്റെ ഉപദേശം കേൾക്കാതെ മുതിർന്ന ഞാൻ നാമേതാവും അവിടവിടെ ചെന്നിരുന്ന പണം നശിപ്പിക്കുകയായി. അളകം എന്നെ പരിഹസിപ്പാനും, പഴിക്കുവാനും തുടങ്ങി. എനിക്കു, പ്രാണൻ പോകുന്നതുപോലെ തോന്നി. ഒടുവിൽ, വിദ്യയഭ്യസിപ്പാനാഗ്രഹിച്ച്, 'ഏതു ഗുരുവിനെ തേടേണ്ടു' എന്നിങ്ങിനെ ചിന്തിച്ചും ഉപദേശിച്ചും ഞാൻ വിവശനായിത്തീർന്നു. 'ഞാൻ എങ്ങിനെ വിദ്യ പഠിയ്ക്കും? എങ്ങിനെ ഗുണം നേടും? എങ്ങിനെ സ്വർഗ്ഗം പൂകും? എങ്ങിനെ മുക്തിയടയും'? എന്നീവിചാരത്തോടേ ഞാൻ വാർദ്ധക്യം പ്രാപിച്ചു.

ഒരുദിവസം ഞാൻ വ്യസനിച്ചുകൊണ്ടു് ഒരു ക്ഷേത്രത്തിലിരിയ്ക്കയായിരുന്നു; അവിടെ, എന്റെ ഭാഗ്യം അറിച്ചതെന്നവണ്ണമോ എന്നതോന്നുമാറു്, ഒരു സിദ്ധൻ യദൃച്ഛയാ ചെന്നുചേർന്നു. നിരാധാരനും നിരാഹാരനും നിസ്പൃഹനും ഭയാലുവും ജിതേന്ദ്രിയനും സദാനന്ദനുമായ അദ്ദേഹം പരബ്രഹ്മത്തിൽ ലയിച്ചു സമാധിചെയ്തു് ഒരു വിജനസ്ഥലത്തു സ്ഥിതിചെയ്തു. ഞാൻ ചെന്നു് ആ പരമജ്ഞാനിയെ കേതിയാൽ തലതാഴ്ത്തി വണങ്ങി, ആ മഹാത്മാവിന്റെമുൻവശത്തു നില്പായി. ഭാഗ്യംകെട്ട ഞാൻ വല്ലാത്ത വിവശതയിൽ പെട്ടിരുന്നു. അതിനാൽ അദ്ദേഹം എന്നോടു ചോദിച്ചു:—'എന്താണ് നിന്നെ വ്യസനം? എന്തൊരു വിചാരം കൊണ്ടാണ് ഇങ്ങിനെ ദുഃഖിയ്ക്കുന്നതു്?' ഞാൻ പഠിക്കാതിരുന്നതും മറ്റു പൂർവ്വവൃത്താന്തവുമൊക്കെ ആ മഹാശീലനായ യോഗിയെ അറിയിച്ചു. 'എനിക്കെങ്ങിനെ ജ്ഞാനമുണ്ടായിവരും എന്നോർത്തിട്ടാണു് ഞാൻ വ്യസനിക്കുന്നതു്. ഇവിടുന്നെന്നെ രക്ഷിയ്ക്കുമാറാകണം!' എന്റെ ഈ അപേക്ഷ കേട്ടിട്ടു് ആ മഹാത്മാവു് ജ്ഞാനസ്വരൂപം അരുളിച്ചെയ്തു.

ശ്രീപാദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗ്രന്ഥനിർമ്മാണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, കണ്ഡലപൂർവ്വവൃത്താന്തകഥനം എന്നൂറിരുപത്തിരണ്ടാമദ്ധ്യായം.

———(o)———

Digitized By Kerala Sahitya Akademi

ഒരുനൂറിരുപത്തിമൂന്നാമദ്ധ്യായം

സിദ്ധൻ:—'കേൾക്ക, ജ്ഞാനത്തിന്റെ സ്വരൂപം ഞാൻ പറഞ്ഞുതരാം: ജ്ഞാനത്തിന്ന കയ്യില്ല, കാലില്ല, കണ്ണില്ല, മൂക്കില്ല, ചെവിയില്ല; ജീവനുമില്ല. ആരെങ്കിൽ ജ്ഞാനത്തെ കണ്ടിട്ടുള്ളത്? എന്തൊക്കെയാണതിന്റെ ചിഹ്നങ്ങൾ? ജ്ഞാനം നിരാകാരമാകുന്നു. അതു് എല്ലാറ്റിനേയും അറിയുന്നു. പകൽ സൂര്യനും, രാത്രി ചന്ദ്രനും, ഗൃഹത്തിൽ ദീപവും എന്നപോലെ, ജ്ഞാനം മദ്ധ്യശരീരത്തിൽ ഉജ്ജ്വലിച്ചുകൊണ്ടിരിയ്ക്കുന്നു; എന്നാൽ, അതിനെ വിഷ്ണുമായയാൽ മിമുഗ്ധരായിട്ടുള്ളവർ കണ്ടെത്തുന്നില്ല. സൂര്യചന്ദ്രാദികളാൽപോലും അതിന്റെ സ്ഥാനം കാണാവുന്നതല്ല.

കരചരണാദികളില്ലെങ്കിലും ജ്ഞാനം സർവ്വത്ര സഞ്ചരിയ്ക്കുന്നു; സർവ്വത്തെയും ഗ്രഹിയ്ക്കുന്നു, കാണുന്നു, ശ്രവിയ്ക്കുന്നു, ശ്വസിയ്ക്കുന്നു. സർവ്വതന്ത്രങ്ങളേയും നടത്തിപ്പിയ്ക്കുന്നതിന്നു ജ്ഞാനത്തിന്നൊത്ത ഒരു ശീഘ്രമില്ല. അതു സ്വർഗ്ഗത്തിലും, ഭൂമിയിലും, പാതാളത്തിലും, എന്നുവേണ്ട ഏതിടത്തും പരിശോഭിയ്ക്കുന്നു. ശരീരമധ്യസ്ഥിതമായ ജ്ഞാനത്തെ ബുദ്ധികെട്ടവർ കണ്ടെത്തുന്നില്ല. ജ്ഞാനം പ്രാണികളുടെ ഹൃദയത്തിൽ സദാ വർത്തിയ്ക്കുന്നു. അതു കാമമോഹാദികളെയെല്ലാം വിവേകാഗ്നികൊണ്ടു ചുട്ടെരിച്ചു, തികച്ചും ശമാത്മകനായിച്ചമഞ്ഞു വിഷയങ്ങളെ മർദ്ദിച്ചുവിടുമോ, അവന്നു സർവ്വതത്വങ്ങളേയും കാട്ടിക്കൊടുക്കുന്ന ജ്ഞാനം ഉള്ളതായിവരും. ശമമത്രേ, പാപനാശനമായ ജ്ഞാനത്തിന്റെ നാരായവേരു്. അതിനാൽ, ഭവാൻ സർവ്വസുഖങ്ങളേയും വളർത്തുന്ന ശമം ഉറപ്പാക്കുക; ശത്രുവിങ്കലും, മിത്രത്തിങ്കലും, തങ്കലും, പരങ്കലും സമബുദ്ധിയായി ജിതാഹാരനായി ജിതേന്ദ്രിയനായി ഭവിയ്ക്കുക. ഇങ്ങനെ ഉറപ്പാക്കുമ്പോഴേക്കും; പിണക്കവും ദ്വേഷവുമെല്ലാമകലുക. സംഗവും സ്പൃഹയും വെടിഞ്ഞു വിജനത്തിൽ വർത്തിച്ചുകൊൾക. എന്നാൽ ഭവാൻ സർവ്വപ്രകാശകമായ ജ്ഞാനത്താൽ സർവത്ര സ്ഥിതാവായിത്തീർന്നുകൊള്ളും. വത്സ, എന്റെ പ്രസാദത്താൽ, ഭവാന്നു് ഒരു ദിക്കിലിരുന്നു മൂന്നു ലോകത്തിലേയും വർത്തമാനമറിയുമാറാകും.'

ആ സിദ്ധൻ എന്നിയ്ക്കു ജ്ഞാനസ്വരൂപം വെളിപ്പെടുത്തിത്തന്നു. ഞാൻ അദ്ദേഹത്തിൽ വിശ്വാസത്തോടെ, ഈ ഉപദേശമനുസരിച്ചു

Digitized By Kerala Sahitya Akademi

പ്രവർത്തിച്ചുപോന്നു; ആ സൽഗുരുവിന്റെ പ്രസാദത്താൽ, എനിക്കു കരേടത്തിരുന്നു തെറ്റുകൂടാതെ ശ്ലോകപൂർത്തിയാക്കുവാനും മുഴുവൻ അറിയുമാറാകയും ചെയ്തു. ബ്രാഹ്മണശ്രേഷ്ഠ, എന്റെ ചരിത്രം ഇങ്ങിനെയാണ്. ഇനിയെന്താണ്, ഞാൻ അങ്ങയോട് പറയേണ്ടതു്?'

ച്യവനൻ:—'മഹാജ്ഞാനിയായ ഭവാൻ എങ്ങിനെയാണ് ഈ അയുടെ ജാതിയിൽ പിറന്നതു്? അതുകൂടി പറഞ്ഞു്, എന്റെ സംശയമെല്ലാം തീർത്തുതരിക.'

കഞ്ജഖൻ:—'സംസർഗ്ഗം കൊണ്ടേ പാപം പറയുന്നതും, പുണ്യം പുലമ്പുന്നതും. അതിനാൽ ചീത്ത സംസർഗ്ഗം വർജ്ജിക്കുതന്നെ വേണം.'

ഒരു പാപിയായ കുട്ടാളൻ ഒരു കൊച്ചുതത്തയെ കെണിവെച്ചു പിടിച്ചു വിൽക്കാൻ കൊണ്ടുവന്നു; ഭംഗിയിൽ സംസാരിക്കുന്നതും അഴകുള്ളതുമായിരുന്ന അതിനെ ഒരു ബ്രാഹ്മണൻ വലിയ്ക്കുവാങ്ങി, എനിക്കു സമ്മാനമായിത്തന്നു. അതു ബാലസ്വഭാവത്താൽ, ഒരുപ്പോഴും ധ്യാനസ്ഥിതനായിരുന്ന എന്റെ കയ്യിൽ വന്നിരിയ്ക്കും. അതിന്റെ ചാടുവാക്കുകൾ എന്നെ മയക്കിക്കളഞ്ഞു, ആ കിളിയെ ഒരു മകനെ എന്നപോലെ ഞാൻ സ്നേഹിച്ചുതുടങ്ങി. അതു് എന്നോടു ഇങ്ങിനെ പറയും: 'അച്ഛ, വരു, ഇരിക്കു. കളിക്കാൻ പോയ്ക്കൊള്ളു; ദേവപൂജയ്ക്കു സമയമായി.' അതിന്റെ ഈ വക കളഭാഷിതങ്ങളിൽ രസിയ്ക്കുകയാൽ എന്റെ വിശിഷ്ടജ്ഞാനം വിസ്മൃതിയിലായിപ്പോയി!

ഒരു ദിവസം, പൂക്കളും കായ്കളും പറിപ്പാനായി ഞാൻ കാട്ടിലേയ്ക്കു പോയ സമയത്തു് ആ തത്തയെ ഒരു പൂച്ച കൊണ്ടുപോയ്ക്കളഞ്ഞു; അതിനാൽ ഞാൻ അത്യന്തം ദുഃഖത്തിൽപ്പെട്ടു. സമീപസ്ഥരായ സജ്ജനങ്ങളോടു ചോദിച്ചുപ്പോഴാണ് പക്ഷിയെ പൂച്ച കൊണ്ടുപോയിതീർന്നു എന്നു ഞാൻ അറിഞ്ഞതു് ആ ചാടുവാക്കുകൾ കൊഞ്ചുന്ന കിളിയുടെ മരണം എന്നെ അസഹനീയമായ മഹാസങ്കടത്തിലിട്ടു മർദ്ദിയ്ക്കുകയായി. വല്ലാത്ത വ്യാമോഹത്താൽ ബദ്ധനായ ഞാൻ, ആ തത്തയെക്കുറിച്ചു, 'രാമചന്ദ്ര, ശുകശ്രേഷ്ഠ, പണ്ഡിത, ശ്ലോകരാജ' എന്നൊക്കെ പുലമ്പിപ്പാൻ തുടങ്ങി. കർമ്മവശാൽ, അതിന്റെ വിരഹംമൂലം ഞാൻ ദുഃഖത്തിൽ വെന്തുരുകിപ്പോയി. സിദ്ധൻ ഉപദേശിച്ച ജ്ഞാനം ഞാൻ മറന്നുപോയി. ഭാർഗ്ഗവ, എപ്പോഴും ആ കൊഞ്ചുന്ന

Digitized By Kerala Sahitya Akademi

കിളിയെത്തന്നെ സ്മരിച്ചുകൊണ്ട്, 'കഞ്ഞേ, കഞ്ഞേ' എന്നിങ്ങിനെ ഞാൻ ശബ്ദത്തിലും പദ്യത്തിലും പ്രലപിയ്ക്കുകയായി.

'മരകതപ്രഭാകലനേ, ഭവാനൊഴി-
ഞ്ഞെന്നെയെന്നെന്നുമിരിപ്പോടുണ്ടോ?
കളമഞ്ജുളഭാഷണങ്ങളാൽ
തെളിവുറപ്പിച്ചതു വിസ്മരിച്ചതാമോ?
അന്തിയ്ക്കുന്യവനത്തിലെന്നെ വി-
ട്ടെവിടെയ്ക്കോയ് നടകൊണ്ടു ഹന്ത, നീ?
ഇതിനെന്തൊരു തെറ്റുചെയ്തു ഞാ-
നതുചൊൽകെന്നടെ പൊന്നരപ്പൈതലേ!'

എന്നും മറവും തീവ്രസങ്കടത്താൽ ഭയനീയമായി വിലപിച്ചും, ആ പക്ഷിയെത്തന്നെ സ്മരിച്ചും ഞാൻ മരണമടഞ്ഞു. മരണവേളയിലെ മനോഭാവത്തിനൊത്തതായി എന്റെ പുനർജ്ജന്മം. ഗർഭത്തിലിരിക്കെ എനിക്കു വീണ്ടും ജ്ഞാനം സ്ഫുരിച്ചു—പൂർവ്വേഷ്ടിനും എന്റെ സ്മരണയിലെത്തി. 'ഹാ, പാപിയായ ഞാൻ സ്വൈര്യംവിട്ട് എന്തൊരു ഭോഷത്വമാണ് കൈക്കൊണ്ടത്!' എന്നിങ്ങിനെ ചിന്തിച്ചു ഗർഭത്തിൽവെച്ചു ഞാൻ യോഗം ശീലിച്ചുപോന്നു. തന്മൂലം, ഗുരുവിന്റെ പ്രസാദത്താൽ കൈവന്നിരുന്ന സർവ്വദർശകമായ നിർമ്മലജ്ഞാനം എനിക്കു പുനരനുഭൂതമായി. അദ്ദേഹത്തിന്റെ നിർമ്മലമായ ഉപദേശജലം അകത്തും പുറത്തുമുള്ള അഴുക്കു കഴുകിക്കളഞ്ഞ് എന്റെ ദോഷത്തെ നിർമ്മമമാക്കിത്തീർത്തിരുന്നു. എന്നാൽ, മരണസമയത്തു ഞാൻ കരഞ്ഞ സ്മരിച്ചിരുന്നതിനാൽ, എനിക്കു തിത്തിരിക്കിളിയായ ശുകങ്ങളുടെ ജാതിയിൽവന്നു പിറക്കേണ്ടിവന്നു: മരിക്കുമ്പോഴത്തെ മനോവൃത്തിക്കൊത്തിരിക്കുമല്ലോ പ്രാണികൾക്കു പുനർജന്മം—രൂപം, വീര്യം, ഗുണം മുതലായതെല്ലാം മരണവേളയിലെ നിനവുപോലെയായിവരും—സംശയമില്ല.

മഹാപ്രാജ്ഞ, ഇന്നും നിസ്തുല്യമായ ജ്ഞാനം എനിക്കുണ്ട്. അതിനാൽ ഭൂതവും വർത്തമാനവുംഭാവിയുമൊക്കെ ഞാൻ ഇവിടെ ഇരുന്നതന്നെ അറിയുന്നു കാണുന്നു. സംസാരത്തിൽ കിടന്നു തിരിയുന്നവർക്കു കരയ്ക്കേറാൻ, ഗുരുവിനെപ്പോലെ ബന്ധുഭൂതമായ ഒരു തീർത്ഥമില്ല! സാധാരണജലം പുറത്തുള്ള ചളിയെമാത്രമേ പോക്കുകയുള്ളു; ഗുരു

Digitized By Kerala Sahitya Akademi

വാകുന്ന തീർത്ഥമോ, മനുജന്മങ്ങളിലെ പങ്കത്തെപ്പോലും നശിപ്പിക്കുന്ന. സംസാരത്തിൽനിന്നകേറുന്ന ഒരു ജംഗമതീർത്ഥമായ ഗുരു!'

രാജശ്രേഷ്ഠ, ഇങ്ങിനെ, ജ്ഞാനമേറിയ ശുകം മഹാത്മാവായ ച്യവനനോട് തത്ത്വം ഉപന്യസിച്ചു വിരമിച്ചു. ഇതാ, ഗുരുതീർത്ഥത്തെപ്പറ്റിയും ഭവാനോട് പറഞ്ഞുകഴിഞ്ഞു. ഭവാനു നല്ലതുവരട്ടെ! വേണ്ടുന്ന വരം വാങ്ങിക്കൊൾകെ.'

വേനൻ:—'ജനാർദ്ദന, രാജ്യമോ, വേറെ എന്തെങ്കിലുമോ ഞാൻ ആഗ്രഹിക്കുന്നില്ല; എനിക്ക് ഉടലോടെ നിന്തിരുമെയ്യോട് ചേരുമാറാകണം! കല്പിച്ചു തരികയാണെങ്കിൽ, ഈയൊരുവരമേ എനിക്കു വേണ്ടൂ.'

വിഷ്ണു:—'രാജാവേ, ഭവാൻ അശ്വമേധവും രാജസൂയവും കഴിച്ചു, ഗോവ്, ഭൂമി, സ്വർണ്ണം, ജലം, ധാന്യം എന്നിവയെ ദാനംചെയ്തുകഴിച്ചു. ദാനംകൊണ്ടു ബ്രഹ്മഹത്യാദി ഘോരപാപങ്ങളും നശിക്കും; പുരുഷാർത്ഥം നാലും കൈവരികയും ചെയ്യും. അതിനാൽ, എന്നെ ഉദ്ദേശിച്ചു ദാനംചെയ്യുകൊൾകെ: എന്തിനുവേണ്ടി എന്നെ ഉദ്ദേശിച്ചു ദാനംചെയ്യുന്നുവോ, അതു തീർച്ചയായും ഞാൻ നിറവേറ്റിക്കൊടുക്കും. ജ്ഞാനിമാരുടെ ദർശനം, സ്പർശനം എന്നിവയാൽ ഭവാന്റെ പാപമെല്ലാം നീങ്ങിയിരിക്കുന്നു. യാഗാവസാനത്തിൽ ഭവാൻ എന്നോട് ചേരും.'

വേനനോട് ഇപ്രകാരം അരുളിച്ചെയ്തു വിഷ്ണുഭഗവാൻ മറഞ്ഞു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, ഗുരുതീർത്ഥപ്രകരണം, വേനവിഷ്ണുസംവാദം, ച്യവനോപാഖ്യാനം, ഗുരുതീർത്ഥമാഹാത്മ്യകഥനം തൊണ്ണൂറിരുപത്തിനാലാമദ്ധ്യായം.

———(o)———

ഒരുനൂറിരുപത്തിനാലാമദ്ധ്യായം

സൂതൻ:—മാധവൻ മറഞ്ഞപ്പോഴം, മഹാമതിയായ വേനനന്ദനൻ, തന്തിരുവടി എവിടെയെഴുന്നള്ളി എന്നിങ്ങിനെ ചിന്താപരനായി നിന്നു; പിന്നീട് മകനായ പൃഥുവിനെ മഹാസന്തോഷത്തോടേ വിളിച്ചു മധുരമാംവണ്ണം പറഞ്ഞു:—'നീയാകുന്ന പുത്രൻ മൂലം ഞാൻ മാ

Digitized By Kerala Sahitya Akademi

പാപത്തിൽനിന്നു കരയ്ക്കേറി. ഉണ്ണി, നീ എന്റെ വംശത്തെ ഉജ്ജ്വലമാക്കി—ഞാൻ ഉപേക്ഷിച്ചിട്ടുതിനെ നീ പ്രകാശിപ്പിച്ചു. എനിയ്ക്ക് അശ്വമേധവും അനേകം ദാനങ്ങളും ചെയ്ത് ഉടലോടെ വൈകുണ്ഠമടയണമെന്നുണ്ട്. മഹാഭോഗ, നീ ദയചെയ്ത് മികച്ച സംഭാരങ്ങൾകൂട്ടുകയും, മറയ്ക്കരെപ്പുക്ക മഹാബ്രാഹ്മണരെ ക്ഷണിയ്ക്കുകയും ചെയ്യുക.' അച്ഛൻ ആജ്ഞാപിച്ചതുകേട്ടിട്ട്, മഹാത്മാവായ പൃഥു അടുത്തവോടേ അറിയിച്ചു:—'അച്ഛൻ രാജ്യം പാഴുകയും ദിവ്യമാനുഷങ്ങളായ പുണ്യഭോഗങ്ങളും യഥേഷ്ടം ഭുജിയ്ക്കുകയും, ജനാർദ്ദനനെ യജിയ്ക്കുകയും ചെയ്തുകൊള്ളുക.'

ഇപ്രകാരം പറഞ്ഞു, ജ്ഞാനതല്പരനായ താതനെ വണങ്ങിയിട്ട്, അദ്ദേഹം വില്ലുമമ്പും കൈക്കൊണ്ടു കിങ്കരരോടുമാജ്ഞാപിച്ചു:—ഭൂമിയിലെങ്ങും കൊട്ടിയറിയിയ്ക്കുവിൻ:—ആരും മനസാ വാചാ കർമ്മണാ പാപം ചെയ്തുപോകരുത്. വേനന്റെ ശാസനം ലംഘിച്ച് ആരെങ്കിലും പാപംചെയ്തുപോയാൽ അവനെ തീർച്ചയായും കൊന്നുകളയും. എല്ലാവരും ദാനം ആചരിക്കണം; മാധവനെ, മത്സരം വിട്ടു മനസ്സുറപ്പിച്ചു യജ്ഞങ്ങൾകൊണ്ടു പൂജിയ്ക്കുകയും ചെയ്യണം.'

ഇപ്രകാരം ആജ്ഞ കൊടുത്തിട്ട് വേനപുത്രൻ രാജ്യം അമാത്യരെ ഏല്പിച്ചു, തപസ്സിന്നായി തപോവനത്തിലേയ്ക്കു ഗമിച്ചു. ദോഷങ്ങളെല്ലാം നീക്കി. ഇന്ദ്രിയങ്ങളെ അടക്കി, ഊൺ ചുരുക്കി, ഒരു നൂറാണ്ടുമുഴുവൻ അദ്ദേഹം തപസ്സുചെയ്തു. അനന്തരം, അകം തെളിഞ്ഞ ബ്രഹ്മാവു പൃഥുവിനോടു ചോദിച്ചു:— 'സുവ്രത, വേൻ എന്തിനാണ് തപം ചെയ്യുന്നതു്? പറയുക.'

പൃഥു:—'ഹാ, ദേവേശ്വര, എന്റെ അച്ഛൻ, കീർത്തിവർദ്ധനനായ വേനമഹാരാജാവു ഭരിച്ചുവരുന്ന രാജ്യത്തു് ആർ പാപം ചെയ്യുമോ ആ മനുഷ്യാധമന്റെ ശിരസ്സിനെ വിഷ്ണുഭഗവാൻ താൻതന്നെ അദൃശ്യമായ മഹാചക്രംകൊണ്ടു ഛേദിച്ചു, അസിയ്ക്കുമാറാകട്ടെ! മനസാ വാചാ കർമ്മണാ പാപം ചെയ്യാൻ തുടങ്ങുന്നവരുടെ തല, നായ്ക്കണക്കായ ചോലെ പൊട്ടിത്തെറിക്കട്ടെ! ഇയ്യെന്നു വരമേ എനിയ്ക്കുവേണ്ടു. പ്രജകളുടെ ദോഷം എന്റെ അച്ഛനിൽ പറഞ്ഞുപോകരുതു്. എനിയ്ക്കു നന്മ നൽകേണമെന്നുണ്ടെങ്കിൽ, ഇയ്യൊരു വരം നിറവേറിത്തരിക. നാൻമുഖനായുള്ളോവേ, നിന്തിരുവടിക്കു നമസ്കാരം!'

Digitized By Kerala Sahitya Akademi

ബ്രഹ്മാവു്:—മഹാഭാഗ, അങ്ങിനെയാകട്ടെ; ഉണ്ണി, നിന്റെ അച്ഛൻ വിഷ്ണുവിന്റെയും പുത്രനായ നിന്റെയും ശാസനത്താൽ പരിശുദ്ധനായി വർത്തിക്കട്ടെ!'

ഇങ്ങിനെ പൃഥുവിനു വരംകൊടുത്തു വിരിഞ്ചൻ മറഞ്ഞു. പൃഥു പ്രജേശനായ പൃഥു രാജ്യരക്ഷണത്തിലും ഏർപ്പെട്ടു. ബ്രാഹ്മണശ്രേഷ്ഠരേ, പൃഥുവിന്റെ രാജ്യത്തു് ആരും പാപം ചെയ്തിരുന്നില്ല; ആരെങ്കിലും പാപം ചിന്തിച്ചാൽ, അവന്റെ തല ക്ഷുദ്രമാകും മറിഞ്ഞു പോകും. മഹാത്മാവായ വേനപുത്രൻ യജ്ഞാപിച്ചുമുതൽക്കു് ആരും പാപം ചെയ്യുകയുണ്ടായില്ല. സകലരും അദ്ദേഹത്തിന്റെ പ്രസാദത്താൽ സമാധാനവും സർവധർമ്മവും അനുഷ്ഠിച്ചുകൊണ്ടും ഭുജിച്ചും പൂർണ്ണസുഖരായി വാണു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, വേനയജ്ഞസംവാദം,
പൃഥുരാജ്യാഭിഷേകമെന്ന തൊണ്ണൂറിരുപത്തിരണ്ടാമദ്ധ്യായം.

———(o)———

തൊണ്ണൂറിരുപത്തഞ്ചാമദ്ധ്യായം

സൂതൻ:—വേനൻ യജ്ഞാപിച്ചപ്രകാരം, പരമധർമ്മികനായ പൃഥുരാജകുമാരൻ പലതരം പുണ്യസംഭാരങ്ങൾ ശേഖരിച്ചു, പല ദേശങ്ങളിലേയും ബ്രാഹ്മണരെയെല്ലാം രക്ഷിച്ചുവരുന്നതിനിടയിൽ. പിന്നീടു് വേനബ്രഹ്മചാരി അശ്വമേധം കഴിച്ചു ബ്രാഹ്മണർക്കു പലതരം ദാനങ്ങൾ നൽകുകയും, ഉടലോടേ വൈകുണ്ഠമടയുകയും ചെയ്തു. ആ ധർമ്മിഷ്ഠൻ എന്നെന്നും വിഷ്ണുവോടൊരുമിച്ചു വസിച്ചുപോരുന്നു. ഇങ്ങിനെ, സർവപാപങ്ങളേയും സർവക്ലേശങ്ങളേയും വേരോടുകളയുന്ന വേനചരിതം മുഴുവനും ഞാൻ നിങ്ങളോടു പറഞ്ഞു.

ഇതുപോലെ ധർമ്മശീലനായിരുന്ന പൃഥുമഹാരാജാവു പുണ്യകർമ്മങ്ങൾകൊണ്ടു പ്രജകളെ രഞ്ജിപ്പിച്ചു ഭൂമി മുഴുവൻ കീഴടക്കി ഭരിച്ചു; തന്റെ ലോകൃത്തോടൊന്നിച്ചു ഭുവിനെ കാക്കുകയും ചെയ്തു.

"ഇതാ, ഞാനാദ്യത്തെ സൃഷ്ടിഖണ്ഡവും രണ്ടാമത്തെ ഭൂമിഖണ്ഡവും ഞാൻ പറഞ്ഞുകഴിഞ്ഞു; ഭൂമിഖണ്ഡത്തിന്റെ മാഹാത്മ്യവും ഞാൻ

Digitized By Kerala Sahitya Akademi

ച്ചിക്കാം: ഈ ഖണ്ഡത്തിലെ ഒരു ശ്ലോകം വായിച്ചാൽ, ആ നല്ല മനുഷ്യന്ന് ഒരു മിവസത്തെ പാപം നീങ്ങും. കരുണയും മനസ്സുവച്ചു ശ്രവിയ്ക്കുന്നവനാകട്ടെ, പുണ്യകാലത്തു് കോടിയിരം പശുക്കളെ ബ്രാഹ്മണക്ക് ദാനം ചെയ്താലത്തെ ഫലവും, വിഷ്ണുപ്രീതിയും ലഭിക്കും. കലിയുഗത്തിൽ ഈ പത്മപുരാണം പ്രതിവാരം വായിയ്ക്കുന്നവന്ന് കീർത്തിയും ഒരു വിഘ്നവും ഉണ്ടാകയില്ല.

വ്യാസൻ:—'പത്മയോനേ, കലികാലത്തു് എന്തൊന്നിനെ ശ്രവിച്ചാലാണ് പുണ്യവാനായ മനുഷ്യന്ന് ഘോരവിഘ്നങ്ങൾ ഉണ്ടാകാതിരിക്കുക?

ബ്രഹ്മാവ്:—'ഉണ്ണീ, അശ്വമേധയാഗത്തിന്റെ ഫലം പത്മപുരാണംകൊണ്ടു കൈവരും. പുണ്യമായ അശ്വമേധം കലികാലത്തു നടക്കുകയില്ല; എന്നാൽ അശ്വമേധത്തിനു തുല്യമത്രേ, പത്മപുരാണം. അശ്വമേധത്തിന്റെ പുണ്യഫലമായ സ്വർഗ്ഗവും മോക്ഷവും മറ്റും പാപികൾക്കുണ്ടാവുകയില്ലല്ലോ; അതുപോലെ, ഈ പത്മപുരാണത്തിന്റെ അശ്വമേധതുല്യമായ ഫലവും പാപികൾക്കു കിട്ടുന്നതല്ല. കലിയുഗത്തിൽ മനുഷ്യർ പാപംചെയ്തു നരകസമുദ്രത്തിൽ പതിച്ചുപോവും; അതു വരാതിരിപ്പാൻ, ചതുർവ്വർഗ്ഗസാധകമായ ഈ പത്മപുരാണം ശ്രവിച്ചുകൊള്ളണം. ഇതു ശ്രവിച്ചാൽ മതി, പുരുഷാർത്ഥം നാലും സാധിപ്പാൻ.

വായിക്കുന്നവന്ന് ആയുരാരോഗ്യമുണ്ടാവുക; കേൾപ്പിയ്ക്കുന്നവന്നും ഉണ്ടാകുന്നതാണ്; വിഷ്ണുവിനാൽ നിയോഗിച്ചുയയ്ക്കപ്പെട്ട ഘോരമഹാമോഹങ്ങൾ ശ്രവണഫലത്തെ നശിപ്പിയ്ക്കുക; പാപികൾ നാശത്തോടും അടുക്കുമ്പോൾ നിന്ദിയ്ക്കുക; ഈവക വ്യാപത്തുകളിൽ, 'സഹസ്രശീർഷാ'ത്യാദി വിഷ്ണുപാരായണമന്ത്രമോ 'ഇദം വിഷ്ണുഃ' എന്ന ബ്രാഹ്മണമോ ത്ര്യംബകമന്ത്രമോ ബൃഹൽസാമമന്ത്രമോ ചോദ്യശാക്ഷരമന്ത്രമോ ജപിച്ചു്, എള്ള്-നെയ്യ്- പിണ്ണാക്ക് എന്നിവകൊണ്ടു് അതാതു ദേവതയ്ക്കുള്ള ഹോമം ചെയ്യണം. ആദ്യം വിഘ്നേശ്വരനേയും ശാരദാദേവിയേയും പൂജിക്കണം; ഗ്രഹങ്ങളേയും പ്രതിഷ്ഠിച്ചു പൂജിക്കണം; അഗ്നി, മഹാമായ, ചണ്ഡിക, ക്ഷേത്രപാലൻ എന്നിവരും പൂജ്യരത്രേ. എള്ള്, അരി, നെയ്യ് എന്നിവയും അന്നവും ഹോമിക്കണം; ബ്രാഹ്മണർക്കു ശക്തിപോലെ ധനവും പശുഭൂമാനവും നൽകണം. എന്നാൽ വിഘ്നങ്ങൾ വിട്ടുമാറും; പുരാണംവായ

Digitized By Kerala Sahitya Akademi

ന മുഴമിയ്ക്കുകയും ചെയ്യും. ഇങ്ങിനെയല്ലാഞ്ഞാൽ വിഘ്നം വന്നു കൂടും: അതിപീഡാകരങ്ങളായ പലതരം രോഗങ്ങളും പിടിപെടും; ദാരിദ്ര്യദുഃഖം, പുത്രദുഃഖം, ദ്രവ്യനാശം എന്നിവയും സംഭവിയ്ക്കും.

തറവാട്ടിൽ സ്വത്തില്ലാത്തവൻ ഏകാദശി നോറ്റു, ഷോഡശോപചാരങ്ങളുംകൊണ്ടു വിഷ്ണുവിനെ ഭക്തിപൂർവ്വം പൂജിച്ചാൽ മതി. ധനത്തിന്റെ അവസ്ഥപോലെ, കേശവനെ സങ്കല്പിച്ചു ഹവിസ്സു നൽകി, ബ്രാഹ്മണരെ ഊട്ടുകയും, പിന്നീടു ബന്ധുക്കളോടുകൂടി ഊണു കഴിയ്ക്കുകയും ചെയ്യുന്ന പ്രാജ്ഞൻ മോക്ഷപുരുഷനായിച്ചമയുമെന്നതിനു സംശയമില്ല. ധർമ്മതല്പരന്മാർ പുരാണസംഹിത മുഴുവനും ശ്രവിക്കണം; എന്നാൽ നാലു പുരുഷാർത്ഥവും സിദ്ധിക്കാതിരിക്കില്ല.

കൃതയുഗത്തിൽ, സ്മൃതികരം പദ്മപുരാണത്തിലെ ഒന്നേകാൽ ലക്ഷം ശ്ലോകങ്ങളും ശ്രവിച്ചുപോരുന്നു; ത്രേതായുഗത്തിൽ അമ്പതിനായിരം; ദ്വാപരത്തിൽ ഇരുപത്തിനായിരം; കലിയുഗത്തിൽ പതിനായിരം ശ്രവിച്ചാൽ മതി, പാപങ്ങളെല്ലാം പേടിച്ചൊഴിഞ്ഞുപോകും! കലിയുഗത്തിൽ ഭൂമിഖണ്ഡം ശ്രവിച്ചാൽത്തന്നെ സകലപാപവും വിട്ടൊഴിയും; രോഗദുഃഖങ്ങളെല്ലാമായെന്നിയേ സുഖം ലഭിയ്ക്കുകയും ചെയ്യും. ജപമോ, ദാനമോ, പഠിപ്പോ ഒന്നുംവേണ്ട; പാപനാശനമായ പദ്മപുരാണം മനസ്സിരുത്തി ശ്രവിക്കുമാത്രം ചെയ്താൽ മതി!

സൃഷ്ടിഖണ്ഡം, ഭൂമിഖണ്ഡം, സ്വർഗ്ഗഖണ്ഡം, പാതാളഖണ്ഡം, ഉത്തരഖണ്ഡം എന്നീ സർവ്വപാപനാശനങ്ങളായ അഞ്ചു ഖണ്ഡങ്ങളും അനുക്രമമായി ശ്രവിയ്ക്കുന്നവന്ന് ആയിരം പുണ്ഡരീകത്തിന്റെ ഫലം കിട്ടും. ഈ അഞ്ചുഖണ്ഡങ്ങളും മഹാഭാഗ്യംകൊണ്ടേ ലഭിയ്ക്കും. ശ്രവിച്ചാൽ, ഇവ മോക്ഷപ്രദമെന്നുള്ളതിൽ സംശയം വേണ്ട.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം വേനോപാഖ്യാനം, ഭൂമിഖണ്ഡമാഹാത്മ്യകഥനം, ഒന്നൂറ്റിരുപത്തഞ്ചാമധ്യായം.

ഭൂമിഖണ്ഡം (രണ്ടാം ഖണ്ഡം) കഴിഞ്ഞു.

Digitized By Kerala Sahitya Akademi

ശ്രീപദ്മമഹാപുരാണം

ബ്രഹ്മഖണ്ഡം

ഒന്നാമദ്ധ്യായം

ശൌനകൻ:—"സൂത, കലികാലംവന്നാൽ, ദേഹികൾക്ക എന്തു കർമ്മത്താലുണ്ട് ഉൽഗതി ലഭിയ്ക്കുക? അതു പറഞ്ഞുതരിക."

സൂതൻ:—"മഹർഷേ, കൊള്ളാം, കൊള്ളാം! വോൻ സുകൃതികളിൽ ശ്രേഷ്ഠൻതന്നെ: മനുഷ്യർക്ക പരമേക നന്മ വരണമെന്നാണല്ലോ വിചാരം. ഇതിനെപ്പറ്റിത്തന്നെ പണ്ട സർവ്വജ്ഞനായ വ്യാസമഹാഭാഗനോട ജൈമിനി ചോദിയ്ക്കയുണ്ടായി; അപ്പോൾ അദ്ദേഹം പറഞ്ഞതു കേട്ടുകൊള്ളുക:—ജൈമിനി മഹർഷി സർവ്വാത്മനാ ഭക്തിയോടും മഹാഭക്തനായ വ്യാസാചാര്യനോട ഭണ്ഡനമസ്കാരംചെയ്തു ചോദിച്ചു:—'കലികാലത്തു മനുഷ്യർക്ക എന്തുചെയ്താലാണ് മോക്ഷംകിട്ടുക? സുലഭമായ പുണ്യംകൊണ്ടു സാധിയ്ക്കുന്നമല്ലോ; ആയുസ്സു കുറച്ചല്ലേ ഉള്ളൂ!'

വ്യാസൻ:—'ബ്രാഹ്മണശ്രേഷ്ഠ, സജ്ജനസംസർഗ്ഗത്താൽ ശാസ്ത്രശ്രവണം സിദ്ധമാകും; അതിൽനിന്നു വിജ്ഞാനോദയം ഉണ്ടായിവരും; അതിൽനിന്നു ജ്ഞാനവും, അതിൽനിന്നു ഗതിയും. ഭൂമിയിൽ വിഷ്ണുകഥാശ്രവണത്തിൽ രുചിയുണ്ടാകുന്നില്ലയോ, അവൻ മാപാപികളിൽ മുഖ്യനത്രേ. വൈഷ്ണവൻ ഭാഗവൽകഥ കേട്ടാൽ ആനന്ദിയ്ക്കുന്നു; വിഷ്ണുചരിതം അസത്യമെന്നു പറയുന്നവനോ, മഹാപാപിയാകുന്നു. ഭഗവൽകഥ എവിടെയെവിടെയുണ്ടോ, അവിടെയവിടെ എപ്പോഴും ജഗദീശസാന്നിധ്യമുണ്ടാവും. ഹരികഥ തുടങ്ങുമ്പോൾ അതിനു മുടക്കംവരുത്തുന്ന മനുഷ്യാധമനു നൂറുജന്മാന്തരംവരെ നരകമോചനമില്ല. പുരാണകഥ കേൾക്കുമ്പോൾ പഴിയ്ക്കുകയോ ഫരിഹാസിയ്ക്കുകയോ ചെയ്യുന്നവർക്കു കഷ്ടപ്പാ

Digitized By Kerala Sahitya Akademi

ടേറിയ നരകങ്ങളും കയ്യിൽത്തന്നെ! ശ്രീകൃഷ്ണചരിതം ശ്രവിപ്പാൻ ഇ ച്ഛിക്കമാത്രംചെയ്യാൽ മതി, മഹാജന്മങ്ങളിലെ പാപംപോലും തൽക്ഷ ണം നശിക്കും; അങ്ങിനെയിരിക്കേ, ശ്രവിപ്പാലത്തെ സ്ഥിതി എ ന്തായിരിയ്ക്കും! ബ്രഹ്മഹത്യ, ചതുസ്ത്രീഹത്യാ, മദ്യപാനം, ചെയ്യും മുതലായ പാതകംപോലും പാടേ അറുതിപ്പെട്ടുപോകും. പാപം ചെ യ്ത കരാറും പിന്നെ പാപംചെയ്യാതിരുന്നാൽ അവന്റെ പാപം തി യ്യിൽ ഉണക്കിലപോലെ ഹോമിച്ചുപൊയ്യാള്ളും. ബ്രാഹ്മണ, വിഷ്ണു ചരിതഗ്രന്ഥം ഇരിപ്പുള്ള ഗൃഹത്തിന്റെ അടുക്കൽപോലും യമകിങ്ക രന്മാർ ചെല്ലുകയില്ല.'

ജൈമിനി:—'ഭഗവാനേ, ആരാണ് വൈഷ്ണവർ എന്നു പറയപ്പെട്ട ന്നതു്? അതും അവരുടെ മാഹാത്മ്യവും അറിഞ്ഞാൽ കൊള്ളാമെന്നു ണ്ടു്.'

വ്യാസൻ:—"വൈഷ്ണവപാദങ്ങളും ആർ ഭക്തിപൂർവ്വം തലയിലാ ടുന്നവോ, അവന്നു തീർത്ഥസ്നാനം എന്തിനു്? ഒരു ക്ഷേത്രമോ, അരക്ഷ ണമോ നേരം സജ്ജനസംസർഗ്ഗംചെയ്യാൽ ബ്രഹ്മഹത്യാദി പാപങ്ങൾ പോലും വിട്ടുഴിയും. കണ്ടാറാ വൈഷ്ണവൻ ജനിച്ചാൽ മതി, പാ പപങ്കിലമായ ഒരു വാക്കും മുഖത്തിയടയുവാൻ! ഹിംസ, ദംഭം, കാമം, ക്രോധം, ലോഭം, മോഹം എന്നിവ വേർപെട്ടവരത്രേ വൈഷ്ണവന്മാർ; പിതൃഭക്തരും മാതൃഭക്തരും സർവ്വഹൈതുകികളും നിർമ്മത്സരരും സ ത്യവാദികളുമായിട്ടുള്ളവരത്രേ വൈഷ്ണവന്മാർ; പരസ്ത്രീകളിൽ നപും സകപ്രായരും ഏകാദശി തിരിയുന്നോൽക്കുന്നവരുമത്രേ വൈഷ്ണവന്മാ ർ; വിഷ്ണുവിന്റെ തിരുനാമങ്ങളും പാടുന്നവരും തുളസിമാല ധരിയ്യു ന്നവരും ഹരിപാദോദകമാടുന്നവരുമത്രേ വൈഷ്ണവന്മാർ; ആരുടെ ചെവിമേലും ശിരസ്സിലും ശ്രേഷ്ഠമായ തുളസീദളം കാണപ്പെടുന്നവോ, അവരത്രേ വൈഷ്ണവർ; പാഷണ്ഡരോടു് ഇടപെടാത്തവരും ബ്രാഹ്മ ണദ്വേഷമില്ലാത്തവരും തുളസിനട്ടു നനയ്യുന്നവരുമത്രേ വൈഷ്ണവന്മാ ർ; വിഷ്ണുവിനേയും തുളസിയേയും പൂജിയ്യുക, പെൺകൊടനടത്തുക, അതിഥികളെ സൽക്കരിയ്യുക, ഭഗവൽകഥ കേൾക്കുക എന്നിവ ചെയ്യുന്നവരത്രേ വൈഷ്ണവന്മാർ; ഗൃഹത്തിൽ സാളഗ്രാമമുള്ളവ രും വിഷ്ണുക്ഷേത്രം അടിച്ചുതളിയ്യുന്നവരും പിതൃയജ്ഞം അനു ഷ്ഠിക്കുന്നവരും ദീനദയാലുക്കളുമായിട്ടുള്ളവരത്രേ വൈഷ്ണവന്മാർ; പ രസ്പരവും ബ്രഹ്മസ്പരവും വിഷ്ണുമായി കരുതുന്നവരും വിഷ്ണുനൈവേ ദ്യം ഭക്ഷിയ്യുന്നവരുമത്രേ വൈഷ്ണവന്മാർ; വേദശാസ്ത്രതത്ത്വജ്ഞരും തുള

Digitized By Kerala Sahitya Akademi

സീവനം ഭക്ഷിയ്ക്കുന്നവരും മാധ്യാഷ്ടമി നോൽക്കുന്നവരുമത്രേ വൈഷ്ണവന്മാർ; വിഷ്ണുസന്നിധിയിൽ സത്രയാഗം വിളക്കടവയ്ക്കുന്നവരും അനിന്ദ്യചെയ്യാത്തവരുമത്രേ വൈഷ്ണവന്മാർ.'

ജൈമിനി ചോദിച്ചതിനു വ്യാസൻ മറുപടി- അരുളിച്ചെയ്തതെന്തെന്നു ഞാനി പറയുന്നു്. പ്രസംഗവശാൽ ഇതുമുഖത്തുനിന്നതെന്നു കേട്ടതാണിതു്. ഈ അദ്ധ്യായം ശ്രദ്ധയോടെ ശ്രവിക്കുന്നവർ പാപമെല്ലാം വേർപെട്ടു വിഷ്ണുവിന്റെ പരമപദം പ്രാപിക്കും.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, വ്യാസഋഷിസംവാദം, വൈഷ്ണവലക്ഷണനിരൂപണം എന്നിവയിലുള്ള ഒന്നാമദ്ധ്യായം.

—— o ——

രണ്ടാമദ്ധ്യായം

സൂതൻ:—ശൗനകാ, പണ്ടു വ്യാസനും ജൈമിനിയും തമ്മിൽ സംസാരിച്ചതായ മറ്റൊരു ധർമ്മംകൂടി പറയാം: ഇതു ശ്രവിച്ചാൽ പാപം നീങ്ങും.

ജൈമിനി:—'സ്വാമിൻ, ഗുരോ, എന്തുചെയ്താലാണു് പാപിപോലും മാധവമന്ദിരം പ്രാപിക്കുക? അതു പറഞ്ഞുതന്നരുളണം.'

വ്യാസൻ: 'വിഷ്ണുക്ഷേത്രത്തിൽ തേപ്പു നടത്തിപ്പോന്നാൽ പാപമെല്ലാം നീങ്ങി, അന്ത്യകാലത്തു വൈകുണ്ഠം പ്രാപിക്കാം. ശ്രദ്ധയോടെ വിഷ്ണുക്ഷേത്രം തുത്തുതളിച്ചാൽ, അവിടെ എത്ര പൊടിയുണ്ടോ, അത്ര അയിരം കല്പം ഹരിമന്ദിരത്തിൽ വസിക്കാം.

പണ്ടു, പാപപുരത്തിൽ, ലോകത്തെ നടുങ്ങിയ്ക്കുന്ന ദണ്ഡകൻ എന്നൊരു കള്ളനുണ്ടായിരുന്നു. ആ ക്രൂരൻ ഗോമാംസപാനം കവരും; വിശ്വസിച്ചവരെ ഹിംസിയ്ക്കും; പൊളി പറയും; പരസ്ത്രീകളെ പുണരും; ഗോമാംസം തിന്നും; കള്ളുകുടിയ്ക്കും; പാഷണ്ഡരോടു ചേർപെടും; ബ്രാഹ്മണരുടെ കൊറുമുടക്കും; സൂക്ഷിപ്പാൻ ഏല്പിച്ചതു പിടുങ്ങും; ശരണം പ്രാപിച്ചവരെ കൊല്ലും; വേശ്യകളെ രക്ഷിച്ചു നടക്കും. ആ മൂർഖൻ ഒരു ദിവസം മോഷണത്തിന്നായി ആരുടേ

Digitized By Kerala Sahitya Akademi

യോ ഒരു വിഷ്ണുക്ഷേത്രത്തിൽ ചെന്നു. നടയ്ക്കൽ എത്തിയ ഉടൻ, ചാളി പറഞ്ഞിരുന്ന കാൽ നിലത്തുവെച്ചു തേയ്ക്കുകയും അതിനാൽ അവിടെ കുഴഞ്ഞിരുന്നേടം നികക്കുകയുമുണ്ടായി. ഇരിമ്പുകോൽ കൊണ്ടു വാതിൽ കുത്തിത്തുറന്നു സന്തോഷത്തോടേ അവൻ അകത്തേയ്ക്കു കടന്നു. ആ സ്ഥലം ഭംഗിയിൽ വിതാനിക്കപ്പെട്ടും, സുഗന്ധത്തെ ചുറ്റും പകർന്ന രത്നകാഞ്ചനദീപങ്ങൾകൊണ്ടു ശോഭമാനമായും, വിവിധപുഷ്പങ്ങളുടെ സൌരഭ്യം ചുറ്റുമുള്ള പലതരം പാത്രങ്ങൾ നിറഞ്ഞു മിരുന്നു. അവിടെ ഒരു മനോഹരമായ പള്ളിക്കട്ടിലിന്മേൽ രാധയോടൊപ്പം ശയിപ്പിക്കപ്പെട്ടിരുന്ന പീതാംബരനായ കൃഷ്ണൻ അവനു കാണുമാറായി. ഉടനെ, ആ തസ്കരൻ രാധാമനോഹരനെ നമസ്കരിച്ചു; അതോടുകൂടി അവന്റെ പാപം നീങ്ങിപ്പോയി. 'കൊണ്ടുപോകയോ, കൊണ്ടുപോകാതിരിക്കയോ ചെയ്യേണ്ടൂ? ഇതുകൊണ്ടു എനിക്കെന്തുള്ളൂ? സേവചെയ്യാനെങ്കിലോ എനിക്കു നിവൃത്തി? ഞാൻ എന്നെന്നും ഒരു ചോരനാണല്ലോ! ധനംകൊണ്ടു ആവശ്യമുണ്ടു'—എന്നിങ്ങിനെ, അവൻ കക്കുവാൻതന്നെ നിശ്ചയിച്ചു, ലക്ഷ്മീവല്ലഭന്റെ പുഴുത്തുൽപ്പട്ടുടുത്തു നിലത്തു വിരിച്ചു മായാസ്വരൂപനായ മാധവന്റെ ധനമെല്ലാം അതിൽ കെട്ടി, വിറയലോടേ പുറപ്പെട്ടു. അപ്പോൾ ആ ഗന്ധം വലിയ ശബ്ദത്തോടെ കയ്യിൽനിന്നു വീണുപോയി. ഇതെന്താണെന്നിങ്ങിനെ ഉറക്കമുണർന്ന് അനവധി ആളുകൾ വന്നെത്തി. ചോരൻ ഭയപ്പെട്ട ക്ഷണത്തിൽ മുതലെല്ലാം അവിടെ ഇട്ടേച്ചു ഓടാൻ തുടങ്ങി. പെട്ടന്നു ഒരു കാളസർപ്പത്തിന്റെ കടിയേറ്റ്, പാപനിർമ്മുക്തനായ അവൻ മരിയ്ക്കുകയുംചെയ്തു.

ഉടനെ, തോലുടുത്തു ഭയങ്കരാകാരന്മാരായ യമദൂതന്മാർ കയറും മുൾത്തടിയും കൈക്കൊണ്ടു വന്നുചേർന്ന്, അവനെ തോൽക്കയറുകൊണ്ടു കെട്ടിവരിഞ്ഞു ഉർദ്ധ്വമാർഗ്ഗത്തിലൂടേ കൊണ്ടുപോയി. അവനെ കണ്ടിട്ട് അമിതം പുണ്ട കാലൻ മന്ത്രിയോടു ചോദിച്ചു:—"പ്രാജ്ഞനായ ചിത്രഗുപ്ത, ഇവൻ നന്മയോ, തിന്മയോ, എന്തുചെയ്തിരിക്കുന്നു? നോക്കിപ്പറയുക.'

ചിത്രഗുപ്തൻ:—'ഭൂമിയിൽ ബ്രഹ്മഹത്യ സൃഷ്ടിച്ചിട്ടുള്ള പാപം മുഴുവനും ഇവൻ മൂഢൻ ചെയ്തിട്ടുണ്ട്. ലോകേശ, എന്നാൽ ഒരു സുകൃതം ഇവനുണ്ടു'; അതു എല്ലാ പാപത്തേയും നശിപ്പിക്കുന്നതാണെന്നു എനിക്കു തോന്നുന്നു'.

Digitized By Kerala Sahitya Akademi

യമൻ:—'എന്തുപുണ്യമാണ് ഇവനനുള്ളത്? അതറിഞ്ഞിട്ടുവേണം, ഇവന്ന തക്കതു വിധിയുണ്ടാവാൻ.'

ചിത്രഗുപ്തൻ തൊഴുകയുമായി തന്റെ സ്വാമിയോടുണർത്തിച്ചു:—'തിരുമേനി, ഈ മഹാപാപി വിഷ്ണുവിന്റെ മുതൽ അപഹരിക്കാൻ പോയപ്പോഴും, കാലുകളിലെ ചളി ക്ഷേത്രാങ്കണത്തിൽ വെച്ചു തേയ്ക്കുകയും അതിനാൽ അവിടത്തെ കഴി നികക്കുകയുമുണ്ടായി; ആ പുണ്യത്തിന്റെ മാഹാത്മ്യത്താൽ ഇവന്ന മഹാപാപം നീങ്ങിയിരിക്കുന്നു. അതുകയാൽ ഇവനെ ശിക്ഷിക്കാതെ വൈകുണ്ഠത്തിലേയ്ക്കയക്കേണ്ടിയിരിക്കുന്നു.' ഇതുകേട്ടിട്ടു യമൻ അവനെ രത്നപൊന്നിൻപീഠത്തിന്മേലിരുത്തിസൽക്കരിച്ചു സവിനയം താണു വണങ്ങി പറഞ്ഞു:—'അങ്ങയുടെ കാൽപ്പൊടികൊണ്ടു ഇന്നു എന്റെ ഭവനം പരിശുദ്ധമായി. ഞാൻ തീർച്ചയായും കൃതാർത്ഥനായി, കൃതാർത്ഥനായി, കൃതാർത്ഥനായി! ഭദ്ര, ഇനി വിവിധഭോഗസമൃദ്ധിയും ജന്മമൃത്യുനിവാരണവുമായ വിഷ്ണുമന്ദിരത്തിലേയ്ക്കു പോയ്ക്കൊണ്ടാലും.'

ഇപ്രകാരം പറഞ്ഞിട്ടു ധർമ്മരാജാവു് ആ പരിശുദ്ധനെ രത്നഹംസയുക്തമായ രത്നപൊന്നിൻ പല്ലക്കിലേറിയിരുത്തി സർവ്വസൗഭാഗ്യമായ വിഷ്ണുസദനത്തിലേയ്ക്കു യാത്രയാക്കി. അവൻ വൈകുണ്ഠപുരിയിൽ വളരെക്കാലം സുഖമായി വസിച്ചു. ഈ സ്ഥിതിക്കു, വിഷ്ണുക്ഷേത്രത്തിൽ ഭക്തിപൂർവ്വം തേപ്പുകഴിച്ചാലത്തെ ഫലം എന്തായിരിയ്ക്കും? ഇതു ഭക്തിപൂർവ്വം മനസ്സിരുത്തി കൊല്ലുകയോ കേൾക്കുകയോ ചെയ്താൽത്തന്നെ കോടി ജന്മങ്ങളിലെ പാപം നശിക്കും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, വ്യാസരൈഭകിസംവാദേ വിഷ്ണുക്ഷേത്രലേപനമാഹാത്മ്യകീർത്തനം നാമാഷ്ടമോധ്യായം.

———(0)———

മുന്നാമദ്ധ്യായം

ശൗനകൻ:—"സൂത, കാർത്തികത്തിന്റെ മാഹാത്മ്യവും കാർത്തികവ്രതത്തിന്റെ ഫലവും അതനുഷ്ഠിച്ചാലത്തെ ദോഷവും പറയുക."

Digitized By Kerala Sahitya Akademi

സൂതൻ:—"ഇതിനെപ്പറ്റിയും പണ്ടൊരിക്കൽ ജൈമിനി മഹർഷി വിചാരിച്ചതിനെ സത്യവതീപുത്രനായ മഹർഷി ഞാനുച്ചരിച്ചതിനെയും ഞാൻ പറയാം:—

വ്യാസൻ:—'ശുക്ലപക്ഷമായ കാർത്തികത്തിൽ എണ്ണയും മൈഥുനവും വർജ്ജിയ്ക്കുന്നവൻ വളരെജന്മങ്ങളിലെ പാപം നീക്കി വൈകുണ്ഠം പ്രാപിയ്ക്കും. ഇതുരണ്ടും കാർത്തികത്തിൽ ഉപേക്ഷിക്കാത്ത മൂഢനാകട്ടെ, ജന്മംതോറും പന്നിയായി പിറക്കും. കാർത്തികത്തിൽ തുളസീദളങ്ങൾകൊണ്ടു ജനാർദ്ദനനെ പൂജിച്ചാൽ കാരോ ഇല്ലയ്ക്കും കാരോ അശ്വമേധത്തിന്റെ ഫലം കിട്ടും. കാർത്തികത്തിൽ അകത്തിപ്പൂക്കൾകൊണ്ടു മധുസൂദനനെ പൂജിയ്ക്കുന്നവൻ വിഷ്ണുപ്രസാദത്താൽ ദേവകോടികൾക്കും കിട്ടാത്ത മോക്ഷം നേടും. കാർത്തികത്തിൽ അകത്തിയില ഭക്ഷിക്കുന്നതായാൽ ഒരു കൊല്ലത്തെ പാപം ഒരിലകൊണ്ടുതന്നെ നശിയ്ക്കും. അതിന്റെ കായ് വിഷ്ണുപ്രിയമായ കാർത്തികത്തിൽ മുകന്ദനു നിവേദിച്ചു ഭക്ഷിച്ചാൽ കോടി ജന്മങ്ങളിലെ പാതകം വിട്ടൊഴിയും. അതിന്റെ ഇല തെയ്യുച്ചേതുമ്പ് വിഷ്ണുവിനു നിവേദിക്കുന്നവൻ പാപമെല്ലാമൊഴിഞ്ഞു വൈകുണ്ഠം പൂകും. ഒരൊറ താമരപ്പൂവെങ്കിലും കാർത്തികത്തിൽ കാർവർണ്ണനു സമർപ്പിച്ചവൻ കൽപകാലം മുഴുവനാകുന്നു ഒടുവിൽ വിഷ്ണുപദം പ്രാപിയ്ക്കും. കാർത്തികത്തിൽ പ്രാതഃസ്നാനം കഴിച്ചാൽ എല്ലാ തീർത്ഥങ്ങളിലും കുളിച്ചാലുള്ള ഫലം കിട്ടും. കാർത്തികത്തിൽ വിഷ്ണുവിനു വിളക്കുവെച്ചാൽ ബ്രഹ്മഹത്യപോലും നീങ്ങി മുക്തകണ്ഠം പ്രാപിക്കാം. ഒരു നാഴിക നേരമെങ്കിലും കാർത്തികത്തിൽ വിളക്കുവെച്ചാൽ അവനിൽ എന്നേക്കും വിഷ്ണുപ്രസാദിയ്ക്കും. കാർത്തികത്തിൽ കണ്ണാടിയുടെ നെയ്‌വിളക്കുവെച്ചാൽ നാംതോറും അശ്വമേധഫലം സിദ്ധിയ്ക്കും. വിളക്കുവപ്പിന്റെ മാഹാത്മ്യത്തിനുദാഹരണമായ ഒരിതിഹാസം ഞാൻ പറയാം; ശ്രദ്ധിച്ചു കേട്ടുകൊൾവിൻ:—

പണ്ടു, ത്രേതായുഗത്തിൽ, വൈകുണ്ഠൻ എന്നൊരു പരിശുദ്ധനായ ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംസർഗ്ഗം മാത്രം മതി, ഒരു പാപിയെ മുക്തനാക്കാൻ. ആ ബ്രാഹ്മണൻ ഒരിക്കൽ കാർത്തികത്തിൽ വിഷ്ണുസന്നിധിയിൽ ഒരു നെയ്‌വിളക്കുവെച്ചു ഗൃഹത്തിലേയ്ക്കു തിരിച്ചുപോന്നു. ആ മുക്കിൽ കരേലി വന്ന വിളക്കിലുണ്ടായിരുന്ന നെയ്യു കുടിപ്പാൻ തുടങ്ങി. അപ്പോൾ വിളക്ക് നൊന്തിരിക്കുന്നു. മൂ

Digitized By Kerala Sahitya Akademi

ഷികനോട്, തിന്മിനെ പേടിച്ചു വേഗത്തിൽ കാടിപ്പോവുകയും ചെയ്തു. എന്നാൽ വിഷ്ണുകൃപയാൽ മൂഷികന്റെ പാപം മുഴുവൻ നശിച്ചുകഴിഞ്ഞു!

ആ എലി ഒരു ചാമ്പിന്റെ കടിയേറ്റു ചത്തപ്പോൾ കയറും മുറത്തടിയും കൈക്കൊണ്ട കാലദൂതന്മാർ വന്ന് അതിനെ തോൽക്കയറുകൊണ്ടു കെട്ടിവരിഞ്ഞു കൊണ്ടുപോകാൻ തുടങ്ങി. അപ്പോഴയ്യും ശംഖചക്രഗദാധാരികളായി ചുറ്റുംനിൽക്കുന്ന വിഷ്ണുദൂതന്മാർ ഗരുഡന്റെ പുറത്തേറി വന്നതിനെ; രാജഹംസങ്ങളെ പൂട്ടിയതും യഥേഷ്ടം സഞ്ചരിക്കുന്നതുമായ ഒരു താമരത്തേരുമായി വിഷ്ണുകൃപയാൽ ആകാശത്തു കാണപ്പെട്ടു. ആ ദൂതന്മാർ കയർ അറുത്തുകളഞ്ഞു യമകിങ്കരന്മാരോട് പറഞ്ഞു:— 'കഥയില്ലാത്തവരേ, വിഷ്ണുഭക്തനാണിവൻ; വെറുതെ കെട്ടിവരിയുകയോ! ജീവിക്കേണമെന്നുണ്ടെങ്കിൽ കാൽപ്പോയ്ക്കൊള്ളുവിൻ.' ഇതു കേട്ടിട്ടു വിറക്കൊണ്ട യമകിങ്കരന്മാർ താഴ്മയോടേ മൊഴിഞ്ഞു:—'എന്തൊരു പുണ്യം കൊണ്ടാണ് ഈ മാപാപിയെ നിങ്ങൾ വിഷ്ണുഗൃഹത്തിലേയ്ക്കു കൊണ്ടുപോകുന്നത്? അതു പറഞ്ഞാൽ കൊള്ളാം.'

വിഷ്ണുദൂതന്മാർ:—'ഇവൻ വിഷ്ണുസന്നിധിയിൽ ഒരു ദീപം ജ്വലിപ്പിക്കുകയുണ്ടായി; ആ കർമ്മത്താലത്രേ വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോകുന്നത്. ബുദ്ധിപൂർവ്വമല്ലാതെയും വിഷ്ണുവിന്നു വിളക്കു കത്തിക്കുന്നവൻ കോടിജന്മങ്ങളിലേ പാപം നീങ്ങി വൈഷ്ണവലോകം പ്രാപിക്കും; ഭക്തിപൂർവ്വം കാർത്തികത്തിൽ വിളക്കുവെയ്ക്കുന്നവനുള്ള പുണ്യമാകട്ടേ, മുകന്നൊഴിഞ്ഞു മറാക്കും പറഞ്ഞു തീർക്കാവുന്നതല്ല. വിഷ്ണുക്ഷേത്രത്തിൽ ഭക്തിയോടേ തൈവിളക്കു വെയ്ക്കുന്നവനു കോടിയിരം അശ്വമേധംപോലും എന്തിനാണ്? അശ്വമേധം ചെയ്താൽ സ്വർഗ്ഗം കിട്ടും; കാർത്തികത്തിൽ വിഷ്ണുവിന്നു വിളക്കുവെച്ചുവന്നോ, വൈകുണ്ഠം പൂകുന്നു.'

ഇതു കേട്ടിട്ട് യമദൂതന്മാർ വന്നവഴിയേ നടകൊണ്ടു. വിഷ്ണുദൂതന്മാർ അവനെ തേരിലേറ്റി വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു. അവൻ ഒരുനൂറു മന്വന്തരം വിഷ്ണുസന്നിധിയിൽത്തന്നെ വസിച്ചു; പിന്നീട് വിഷ്ണുപ്രസാദത്താൽ ഭൂമിയിൽ ഒരു രാജപുത്രിയായി പിറക്കുകയും, പുരുചൈത്രനാപിതയായി വളരെക്കാലം സുഖമനുഭവിക്കുകയും, ഭഗവൽഭജനത്താൽ ഒടുവിൽ ഗോലോകമടയുകയും ചെയ്തു.'

Digitized By Kerala Sahitya Akademi

ഈ ശ്രേഷ്ഠമായ ദീപമാഹാത്മ്യം ഭക്തിയോടെ ശ്രവിച്ചാൽ പാപമെല്ലാമകന്ന വിഷ്ണുലോകം പ്രാപിക്കാം.''

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, യുധിഷ്ഠിരമിതിസംവാദം,
ദീപദാനമാഹാത്മ്യകഥനം മൂന്നാമദ്ധ്യായം.

———(o)———

നാലാമദ്ധ്യായം

ശൌനകൻ:—''സൂത, ജയന്തിയുടെ മാഹാത്മ്യം എനിയ്ക്കു പറഞ്ഞുതരിക; അതു സംസാരത്തെ നശിപ്പിയ്ക്കുന്നതാണല്ലോ. എന്നാണ് അതനുഷ്ഠിയ്ക്കേണ്ടതു?''

സൂതൻ:—'മഹർഷേ, ഇതിനെപ്പറ്റി പണ്ടു നാരദൻ മഹാമേരുവിങ്കൽ വെച്ചു ബ്രഹ്മാവിനോടു ചോദിക്കുകയുണ്ടായി; അതു ഞാൻ പറയാം.

നാരദൻ:—''പിതാമഹ, ജയന്തീമാഹാത്മ്യം അങ്ങേയ്ക്കറിയുമാറു; അതു കേട്ടാലെനിക്കു പരമമായ വിജ്ഞാനം പൂകുമാറാകുമല്ലോ.'

ബ്രഹ്മാവു:—'ബ്രഹ്മന്, മനസ്സിരുത്തി കേൾക്കു; ഞാൻ പറഞ്ഞുതരാം. ജയന്തി നോറ്റാൽ ജനാർദ്ദനമന്ദിരം പ്രാപിക്കാം. ജയന്തിയെ സ്മരിയ്ക്കുക, കീർത്തിയ്ക്കുക എന്നിവകൊണ്ടുതന്നെ ഏഴു ജന്മങ്ങളിലെ പാപം ദഹിച്ചുപോകും; പിന്നെ നോറ്റാലോ! ജന്മാഷ്ടമി, കൈത്തുമാസത്തിലെ വെളുത്ത നവമി, കുംഭത്തിലെ കറുത്ത ചതുർദ്ദശി, മേടത്തിലെ വെളുത്ത ചതുർദ്ദശി, ആശ്വിനത്തിലെ വെളുത്ത ദ്വാദശ്യഷ്ടമി, ശ്രവണദ്വാദശി എന്നിവ ആറേ മഹാപുണ്യകളായ ജയന്തികൾ. പാപനാശിനി എന്ന പ്രസിദ്ധമായ കന്നിമാസത്തെ കൃഷ്ണജന്മാഷ്ടമി കോടി യാഗങ്ങൾക്കും അനേകായിരം തീർത്ഥങ്ങൾക്കും തുല്യമാകുന്നു. നാംതോറും ഓരോയിരം പശുക്കളെ ദാനം ചെയ്യുമ്പോലത്തെ ഫലം ഒരു ജയന്തി നോറ്റാൽ കിട്ടും; സൂര്യഗ്രഹണത്തിൽ കുരുക്ഷേത്രത്തിൽ വെച്ചു് ആയിരം മാരം സ്വർണ്ണം ദാനം ചെയ്യുമ്പോലത്തെ ഫലം ഒരു ജയന്തി നോറ്റാൽ കിട്ടും; അനേകായിരം കൃഷ്ണമൃഗത്തോലുകളും എള്ളും പശുക്കളേയും കൊടുത്തുമ്പോലത്തെ ഫലം ഒരു ജയന്തിനോറ്റാൽ കിട്ടും; തുഴിഞ്ഞു ചേന്ന ഉഴിയെ ദാനം ചെയ്യുമ്പോലത്തെ ഫലം ഒരു ജയന്തി നോറ്റാൽ കിട്ടും; അനേകായിരം പൊങ്കൊട കഴിച്ചുമ്പോലത്തെ

Digitized By Kerala Sahitya Akademi

ഫലം ഒരു ജയന്തിനോറ്റാൽ കിട്ടും; ക്ഷേത്രത്തിൽ കളവും കിണറും പൊയ്യയും മറവും ഉണ്ടാക്കിച്ചാലത്തെ ഫലം ഒരു ജയന്തി നോറ്റാൽ കിട്ടും; അന്നദാനമുമാരേയും മറവു ചെയ്ത ജനങ്ങളേയും സന്തുഷ്ടാം തൃപ്തരാക്കിച്ചാലത്തെ ഫലം ഒരു ജയന്തി നോറ്റാൽ കിട്ടും; ആപത്തിവൃത്തിയുള്ള വേണ്ടി കൃതാത്മാവായി സത്യവ്രതനായി തീർത്ഥങ്ങളാടിയാലത്തെ പുണ്യം ഒരു ജയന്തിനോറ്റാൽ കിട്ടും; ഗംഗ, നർമ്മദ, സരസ്വതി എന്നിവയിൽ സ്നാനം ചെയ്താലത്തെ പുണ്യം ഒരു ജയന്തി നോറ്റാൽ കിട്ടും; കൃഷ്ണപക്ഷത്തിൽ പിതൃക്കർക്കു പുണ്യമായ ശ്രാദ്ധം കഴിച്ചാലത്തെ ഫലം ഒരു ജയന്തി നോറ്റാൽ കിട്ടും.'

നാരദൻ:—'പിതാമഹ, പണ്ടു് ആരാരാക്കെയാണ് ഇതനുഷ്ഠിച്ചിട്ടുള്ളതു്?'

ബ്രഹ്മാവ്:—'കാർത്തവീര്യൻ, കർണ്ണൻ, കാർത്തികേയൻ, സഗരൻ, ദിലീപൻ, കകുൽസ്ഥൻ, ഗൌതമൻ, ഗർഗ്ഗൻ, പരശുരാമൻ, വാല്മീകി, ദ്രൌപദേയൻ എന്നിവരെല്ലാം പണ്ടു് അനുഷ്ഠിച്ചിട്ടുണ്ടു്. സർവ്വാഭീഷ്ടദയയ്ക്കു പ്രോഷ്ഠപദമാസത്തിലെ വെളുത്ത അഷ്ടമി; വിശേഷിച്ചും രോഹിണിയോടു കൂടി കൂടുത്ത അഷ്ടമി സംവത്സരംതോറും വിഷ്ണുപ്രീതിക്കായി നോറ്റുകൊള്ളണം. എന്നാൽ കോടി ജന്മങ്ങളിലെ പാപം മുഹൂർത്തനേരം കൊണ്ടു നീങ്ങിപ്പോകും. ജിതേന്ദ്രിയനായി സ്ഥിരചിത്തനായി രാത്രിയിൽ ഉറക്കമിളയ്ക്കണം; ഗന്ധപുഷ്പങ്ങളെക്കൊണ്ടു ഗരുഡധ്വജനെ പൂജിക്കുകയുംവേണം. ഇങ്ങിനെ അഷ്ടമിരോഹിണിനോറ്റാൽ, ഒരുകോടിജന്മങ്ങളിൽ അറിഞ്ഞോ അറിയാതേയോ ചെയ്ത പാപം മുഴുവൻ വാസുദേവപ്രസാദത്താൽ മുന്നേമുക്കാൽ നാഴികകൊണ്ടു നശിച്ചുപോകും. ജയന്തീതിഥിയിൽ യാതൊരു നികൃഷ്ടൻ ക്ഷണം കഴിക്കുന്നുവോ അവൻ മൂന്നു ലോകത്തിലേയും പാപമത്രേ ക്ഷേമിയ്ക്കുന്നതു്! സാഗരം മുതലായ പുണ്യമുള്ളസ്ഥലങ്ങളെല്ലാം ജയന്തി നോല്ക്കുന്നവന്റെ ഗൃഹത്തിൽ സന്നിഹിതങ്ങളായിരിക്കും. വിഷ്ണുവിന്നു പ്രിയപ്പെട്ട ജയന്തി കേതിയോടെ നോല്ക്കുന്നവന്നു് മറ്റുള്ളതീർത്ഥങ്ങളും ദേവകളും സ്വഭോഗത്തിൽത്തന്നെ സ്ഥിതിചെയ്യും. മഹർഷേ, കൃഷ്ണരാഷ്ടമിയുടെ മീതെയായോ തുല്യമായോ ഒന്നു വേറെയിലാകട്ടേ പുരാണത്തിലാകട്ടേ ഞാൻ കണ്ടിട്ടില്ല. അതു സർവ്വാം നോൽക്കാത്തവൻ ഒരു ക്രൂരരാക്ഷസൻതന്നെ! കഥയില്ലാതെ ജയന്തിയിലും ഫലിവാസരത്തിലും ഊണൻകഴിച്ചാൽ വന്നിച്ച നമകം അനുഭവിക്കേണ്ടിവരും. ജയന്തിയിൽ ഊണൻകഴിച്ചാൽ മേലും കീഴും ഒരു നൂറൊന്നു തലമുറ

Digitized By Kerala Sahitya Akademi

ലോകനാകത്തിൽ വീണുപോകും. അഷ്ടമിരോഹിണിയും ബുധനാഴ്ചയും കൂടിച്ചേർന്നാൽ വേറെ അനേകകോടി വ്രതങ്ങൾ എന്തിനാണ്? കൃതയുഗത്തിലും ത്രേതായുഗത്തിലും ദ്വാപരത്തിലും കലികാലത്തും ഒരുപോലെ പാപനാശനമത്രേ ജയന്തീവ്രതം. ഉറക്കമിളയ്ക്കുന്നതുകൊണ്ടുമാത്രം വിഷ്ണുപുരാണം വായിച്ചുകൊണ്ടായാൽ, ജനിച്ച മുതൽക്കേ ചെയ്ത പാപം മുഴുവൻ, ഉണക്കിലപോലെ ഉസ്മമായിപ്പോകും. ഹരിവാസരത്തിൽ പുരാണം കേൾക്കുന്നവനും കേൾപ്പിക്കുന്നവനും കോടി ജന്മങ്ങളിലെ പാപം തൽക്ഷണം വിട്ടൊഴിയും. ഹരിവാസരത്തിൽ വായിയ്ക്കുന്നവനെ പൂജിയ്ക്കുന്നവൻ ഒരുകോടി തലമുറയ്ക്ക് ഉൽഗതിവരുത്തി വിഷ്ണുലോകത്തിൽ സുഖിയ്ക്കും. ജയന്തിനോൽക്കുന്നതിൽ ആർക്കു താല്പര്യമില്ലയോ, അവൻ സർവ്വധർമ്മബഹിഷ്കൃതനായി തീർച്ചയായും നരകത്തിൽ പതിക്കും. ഗന്ധപുഷ്പ ധൂപങ്ങൾകൊണ്ടും നൈവിളക്കുകൊണ്ടും ഭക്തിയോടെ പൂജിക്കുക, ബ്രാഹ്മണന്നു ദക്ഷിണ കൊടുക്കുക — ഇങ്ങിനെ ജയന്തി നോറ്റു പോരുന്നവൻ ഇരുപതുതലമുറയ്ക്ക് ഉയർന്നഗതി വരുത്തും. ഒരർത്ഥമോ ഔഷധവ്യമോ ഗൃഹഭരിദ്രമോ സന്താനിവിഘ്നമോ സന്താനാശമോ ജയന്തി നോൽപ്പുകാരെ നോക്കിട്ടുണ്ടതല്ല; അവർ വാഞ്ഛിച്ചതെല്ലാം സാധിച്ചു വൈകുണ്ഠം പ്രാപിയ്ക്കുകയും ചെയ്യും. വിഷ്ണുവിങ്കൽ കേന്ദ്രീകരിച്ചുകൊണ്ട് ജയന്തിവ്രതം കൊള്ളുന്നവർ യാതൊരിടത്തോ അവരത്രേ സുകൃതികൾ; അവരത്രേ കൃതാർത്ഥന്മാർ; അവരത്രേ ധന്യശീലന്മാർ; അവരത്രേ വിദ്വാന്മാർ! മറ്റു വ്രതങ്ങളും നിയമങ്ങളും തീർത്ഥങ്ങളും ജയന്തിയുടെ പതിനാറിലൊന്നിനുപോലും ഒക്കില്ല. ഉണ്ണി, പ്രൗഢപദത്തിലെ ഇരുപത്തിരണ്ടിലും രാധാകൃഷ്ണാഷ്ടമി ഭക്ത്യാദരപൂർവ്വം കൊണ്ടാടി നോൽക്കുന്നവൻ വിഷ്ണുസന്നിധിയടയും. പുണ്യമായ ജയന്തിവ്രതം പതിവായി അനുഷ്ഠിച്ചുപോന്നാൽ വൈകുണ്ഠത്തിൽ വാഴുമവരാകും. അനാചാരമില്ലാത്തവൻ, കലഭാഷ്ടൻ, കീർത്തിഹീനൻ, കയോനിജൻ എന്നീ പാപികൾക്കുപോലും ജയന്തിമോചനം നൽകും. മഹാമേരുവോളം പോന്ന ബ്രഹ്മഹത്യാദി പാപങ്ങൾ ക്ഷണിച്ചു ജയന്തീവ്രതത്താൽ തീരെ ഒഴിഞ്ഞുപോകും; പുത്രാർത്ഥിയ്ക്കു പുത്രനും, ധനാർത്ഥിയ്ക്കു ധനവും, മോക്ഷാർത്ഥിക്കു മോക്ഷവും ലഭിക്കുന്നു. ജയന്തിനോല്ക്കുന്നതിൽ ആർക്കു താല്പര്യമുണ്ടോ അവനെ യമഭടന്മാർ ക്ഷണിച്ചു സഭാ പോടിയ്ക്കും; അവർ പരമഗതിയടയും.'

നാരദനോട് ഇത്രയും പറഞ്ഞു നാരായണൻ മറഞ്ഞു. മഹാത്മാക്കളേ, വൈകാതെ ചോദിച്ചതു ഞാൻ പറഞ്ഞുകഴിഞ്ഞു. ജയന്തിമഹാ

Digitized By Kerala Sahitya Akademi

ത്തും സത്യമാം ശ്രുതിച്ചാൽ ഞാനെന്ന പാപമെല്ലാം വേർപെട്ട പരമപദം പ്രാപിക്കാം. പുരാണവായനക്കാരനേയും ജയന്തി നോൽപ്പുകാരനേയും കണ്ടാൽമതി, പാപികൾക്കുപോലും മുക്തികിട്ടാൻ!"

ശ്രീഭഗവതോപുരാണം, ബ്രഹ്മഖണ്ഡം, ബ്രഹ്മനാരദസംവാദം, ജയന്തി മാഹാത്മ്യകഥനം നാമോമധ്യായം.

——(o)——

ഒന്നാമദ്ധ്യായം

ശൗനകൻ:—"മഹാപ്രാജ്ഞനായ സൂത, എല്ലുകമ്മത്തോലാണ് സന്തതി ഉണ്ടാകാതിരിക്കുക; എല്ലുകൊണ്ടാണ് ഉണ്ടാവുക? പറയൂ."

സൂതൻ:—"ഇതിനെപ്പറ്റി പണ്ടു മഹാരഥനാവാൻ നാരദൻ ചോദിച്ചതിനു ബ്രഹ്മാവരുളിച്ചെയ്തതു, മുനിശ്രേഷ്ഠ, കേട്ടുകൊണ്ടാലും:

നാരദൻ:—'പിതാമഹ, സർവ്വതത്വജ്ഞ, പരമയോനേ, മനുഷ്യൻ എന്തുകർമ്മത്താലാണ് പുത്രഹീനനാകുന്നത്? സ്ത്രീ മച്ചിയാകുന്നത് എന്തൊരു ദോഷത്താലാണ്? എല്ലാ പ്രാണികൾക്കും നന്മ കരുതുന്നവനായുള്ളോവേ, എനിക്കു പറഞ്ഞുതന്നാലും. എന്തു പുണ്യം കൊണ്ടാണ് ആൺകുട്ടിയുണ്ടാവുക? പെൺപ്രജയോ നപുംസകമോ പിറക്കുന്നതും കുട്ടി മരിക്കുന്നതും എന്തുകൊണ്ടാണ്?'

ബ്രഹ്മാവു്:—'പുരുഷത്തിൽ പറയാം; മനസ്സിരുത്തി കേട്ടുകൊൾക. കേൾക്കുന്നവർക്കു കൈവല്യപ്രമേയമിട്ടുള്ളതാണല്ലോ ഭവാൻ ചോദിക്കുന്നതു:

മുൻജന്മത്തിൽ ബ്രാഹ്മണന്റെ മുതൽ അപഹരിയ്ക്കുകയോ അപഹരിപ്പിയ്ക്കുകയോ ചെയ്തവനത്രേ ഇജ്ജന്മത്തിൽ പുത്രഹീനനാകുന്നതു്. പുരാണം കേൾക്കുക, കേട്ടതിനുശേഷം സസ്യങ്ങളോടുകൂടിയ ഭൂമിയേയും ധാരാളം പാലുള്ള പശുവിനേയും സ്വർണ്ണപ്രതിമയും രത്നിയും കൊടുക്കുക എന്നിവ ചെയ്യാൽ തീർച്ചയായും ആൺകുട്ടിയുണ്ടാവും. മുൻജന്മത്തിൽ മറ്റൊരാളുടെ കുട്ടിയെ ചതിച്ചു ഹിംസിച്ചു സ്ത്രീയേയോ മച്ചിയാകുന്നതു്. ശ്രദ്ധയോടെ പുരാണം കേട്ടിട്ടു, പൊന്നിൻപ്രതിമയും വളരെ രത്നിയും നൽകി, ബ്രാഹ്മണ

Digitized By Kerala Sahitya Akademi

൯൯൦ ഷാമതീർത്ഥം നകന്നവരംക്കാകട്ടെ, വളരെ സന്താനങ്ങളുണ്ടായും; കുട്ടികളും വളരെക്കാലം ജീവിച്ചിരിക്കുകയും ചെയ്യും. വെള്ളത്തിൽ വീണുപോയ കുട്ടിയെ കണ്ടിട്ടു കരയേറാതിരുന്ന സ്ത്രീപുരുഷന്മാർ ഇഹജന്മത്തിൽ തീർച്ചയായും പുത്രഹീനരാവും. കാള, കമ്പളങ്ങ, സ്വർണ്ണം, വസ്ത്രം എന്നിവയെ ബ്രാഹ്മണന്നു നൽകുകയും, ബാലവ്രതം അനുഷ്ഠിക്കുകയും ശ്രേഷ്ഠിയായ (എട്ടുവയസ്സായ) കന്യകയെ വേൾപ്പിയ്ക്കുകയും ചെയ്തവർക്കു അതൻകുട്ടിയുണ്ടാവും; ചാപല്യങ്ങൾക്കെല്ലാം ശാന്തിയും വരും. മുൻജന്മത്തിൽ അതിഥിയെ നിരാശനാക്കുകയും ക്രോധത്താൽ ഭർത്സിപ്പിക്കുകയും ചെയ്തവനു ഒരിക്കലും പുത്രനുണ്ടാകയില്ല. ബ്രാഹ്മണനേയും അതിഥിയേയും കേൾക്കയോടുകൂടി പൂജിക്കുക, അന്നപാനങ്ങൾ നൽകുക, ദേവാലയം പണിയിക്കുക എന്നിവ പുത്രപ്രാപ്തിക്കുള്ളതത്രേ. മുൻജന്മത്തിൽ ഭ്രൂണഹത്യചെയ്തവർക്കു തീർച്ചയായും കുട്ടി മരിയ്ക്കും. ഭർത്താവോടൊന്നിച്ചു പാരിവാസരം നോൽക്കുന്ന സ്ത്രീ ജന്മാന്തരവും സൽപുത്രശാലിനിയും ഭർത്തൃസമേതയുമായി ഭവിക്കും. മതിമറന്നു പക്ഷികളെ ഉപദ്രവിക്കുകയോ ബ്രാഹ്മണസ്ത്രീയെ അപഹരിക്കുകയോ ചെയ്തവരത്രേ നഷ്ടപുത്രകളായി പിറക്കുന്നതു്. ഇതു പാപം ചെയ്തതിനുശേഷം വല്ല പുണ്യവും ചെയ്തവരാണു് പെൺപ്രജകളാകുന്നതു്.

ബ്രാഹ്മണ, ത്രേതായുഗത്തിൽ ശ്രീധരൻ എന്നൊരു മഹാപ്രതാപവാനായ രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഹേമപ്രഭാവതിക്കു പുത്രനുണ്ടായില്ല. സർവ്വശാസ്ത്രജ്ഞനായി സർവ്വഹിതൈഷിയായ വ്യാസൻ ഒരിക്കൽ വന്നപ്പോൾ അദ്ദേഹത്തോടു, എനിക്കു പുത്രനുണ്ടാകാത്തതെന്താണ് എന്നു രാജാവു ചോദിച്ചു. വ്യാസനെ കനകപീഠത്തിന്മേൽ ഇരുത്തി രാജാവും രാജ്ഞിയും കൂടി സഹർഷം കാൽകഴുകിച്ചു പാദനാരായണമായ ആ പാദതീർത്ഥം തങ്കൽകയും ചെയ്തു. രാജാവിന്റെ സവിനയമായ ചോദ്യം കേട്ടിട്ടു പാരാശര്യൻ പറഞ്ഞു:—'രാജാവേ, ഏകപത്നീവ്രതനായ അങ്ങയ്ക്കും ഈ രാജ്ഞിയ്ക്കും പുത്രനുണ്ടാകാത്തതു് ഇന്നതുകൊണ്ടാണെന്നു കേട്ടുകൊള്ളുക: മുൻജന്മത്തിൽ ഭവാൻ വരനെന്ന എന്നൊരു ബ്രാഹ്മണനായിരുന്നു; അനവദ്യാംഗിയായ അങ്ങയുടെ ഭാര്യയുടെ പേരു ശങ്കരി എന്നായിരുന്നു ഭവതി. ഒരിക്കൽ നിങ്ങൾ രണ്ടുപേരുംകൂടി എങ്ങോട്ടോ പോകുമ്പോൾ ഒരു താന്ന ജാതിയിലുള്ള കുട്ടി വെള്ളത്തിൽ വീണതു കാണുമാറായി. അതു സാരമാക്കാതെ നിങ്ങൾ നടന്നകലുമ്പോൾ കുട്ടിമരി

Digitized By Kerala Sahitya Akademi

ച്ചുംപോയി. പല പുണ്യങ്ങളും നിമിത്തം നിങ്ങളും ഇരുവരും രാജവംശത്തിൽ ജനിച്ചുവെങ്കിലും, ആ കർമ്മവിപാകത്താലത്രേ പുത്രഹീനരായിത്തീർന്നതു്.

രാജാവ്:—'സ്വാമിൻ, ഇനി എന്തൊരു പുണ്യംകൊണ്ടാണു് പുത്രനണ്ടാവുക? പുത്രനില്ലാത്ത മനുഷ്യന്റെ ജീവിതം നിഷ്ഫലമാണല്ലോ.'

വ്യാസൻ:—'സ്വർണ്ണം, വസ്ത്രം, കാള, കമ്പളങ്ങൾ എന്നിവയെ ബ്രാഹ്മണന്നു നൽകുകയും, ബാലവ്രതം ആചരിക്കുകയും, ഗുണമിയായ കന്യയെ വേൾപ്പിക്കുകയും പുരാണം കേൾക്കുകയും ചെയ്യുകിൽ അങ്ങയ്ക്കു പുത്രനണ്ടാവും; പാപങ്ങളൊക്കെ ശാന്തിയും വരും.'

ഇങ്ങിനെ വ്യാസൻ ഉപദേശിച്ചവിധം മാനവും പുരാണശ്രവണവും ചെയ്തു പാർത്ഥിവൻ പാപമുക്തനായിത്തീർന്നു; കുറച്ചുദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തിനു സർവ്വപൂജിതനായ പുത്രനും ജനിച്ചു. സുന്ദരനായിരുന്ന അവൻ വംശനേതാവായി ചക്രവർത്തിയായിവാഴുകയും ചെയ്തു..

ഞാൻ പുണ്യക്ഷേത്രത്തിൽ പറഞ്ഞ ഈ ഭക്തിപൂർവ്വം ശ്രവിക്കുകയും ആ ശ്രേഷ്ഠദാനം നൽകുകയും ചെയ്യുൽ പുത്രനില്ലാത്തവർക്കു പുത്രനണ്ടായിവരും. ഭക്തിയോടേ ശ്രവിച്ചു ശാസ്ത്രോക്തവിധിപ്രകാരം ബ്രാഹ്മണനെ പൂജിക്കുന്ന സ്ത്രീ എന്നെന്നും സൽപുത്രശാലിനിയായിത്തീരും. പുരാണത്തിൽ, ഭക്തിയോടുകൂടി പൊന്നും വെള്ളിയും വസ്ത്രവും പൂമാലയും ചന്ദനവും ദാനംചെയ്താൽ എല്ലാ പാപവും നീങ്ങും. മുൻജന്മത്തിൽ മൂഢതയാൽ ബ്രാഹ്മണക്കുട്ടിയെ ഹിംസിച്ചുവന്ന ഏഴുജന്മത്തോളം ക്രൂരപുത്രനേ പിറക്കൂ."

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം: ബ്രഹ്മയാമളസംവാദം;
അനപത്യതാഹേതുകഥനം അഞ്ചാമദ്ധ്യായം.

———(o)———

ആറാമദ്ധ്യായം

ശൌനകൻ:—"സൂതാ, എന്തു പുണ്യത്താലാണ് വൈകുണ്ഠം കിട്ടുക? അതു പറഞ്ഞുതന്നാലും. അങ്ങനാണ് എനിക്കു സംസാരക്കടലിന്നു കപ്പൽ."

Digitized By Kerala Sahitya Akademi

സൂതൻ:—"കൊള്ളാം, ലോകക്ഷേമം നന്നായി ചെയ്യുന്ന മുനിപുംഗവ, കൊള്ളാം! ശ്രോതാക്കൾക്കെല്ലാം പ്രയോജനമായ അതു ഞാൻ പുതുക്കത്തിൽ പറയാം:

ആർ ഭവനം മണ്ണുകൊണ്ടു വിഷ്ണുവിനും ബ്രാഹ്മണനും മന്ദിരം തീർപ്പിച്ചു നൽകുന്നുവോ അവൻ പാപമെല്ലാം നീങ്ങി വിഷ്ണുലോകം പൂകി എന്നെന്നും മാളികമുകളിൽ വാഴും. കുമ്മായമിട്ട ഗൃഹം വിഷ്ണുവിനും ബ്രാഹ്മണനും നൽകുന്നവൻ ഹരിമന്ദിരം പ്രാപിച്ചു സ്വർഗ്ഗത്തിൽ വസിക്കും; കട്ടവിൽ കരു കോടി തലമുറയോടൊപ്പം വിഷ്ണുപുരം പ്രാപിച്ചു കനകമാളികയിൽ വസിച്ചു സുഖമനുഭവിക്കുകയും ചെയ്യും. മഹർഷേ, ബ്രാഹ്മണന് ഛായപ്പിടം നൽകിയാലുണ്ടാകുന്ന പുണ്യം കണക്കാക്കുവാൻ സർവ്വജ്ഞനായ ബ്രഹ്മാവുപോലും ശക്തനാകയില്ല. പൊടികൊണ്ടെങ്കിലും; മഴുത്തുള്ളികളും എണ്ണിത്തീർക്കാം; ബ്രാഹ്മണന് ഛായപ്പിടം നൽകിയാലുണ്ടാകുന്ന ഫലമാകട്ടെ ബ്രഹ്മാവിനും എണ്ണാവുന്നതല്ല. പണ്ടു നാരദൻ ചോദിയ്ക്കുകയാൽ, സർവ്വജ്ഞനായ നാരായണൻ അരുളിച്ചെയ്തതു കേട്ടുകൊള്ളുക:

(കിളിപ്പാട്ട്—കാകളി)

പണ്ടഹോ, ദ്വാപരമാകും യുഗത്തിങ്കൽ
ലുണ്ടായിരുന്നപോൽ നല്ലൊരു വേശ്യയാൾ;
കൊണ്ടലിന്നൊത്ത വാർകുന്തലും മാൻപിടയ്ക്കിണൽ വളർത്തുന്ന നീണ്ട നേത്രങ്ങളും
പുഞ്ചിരിച്ചന്തവും ചേരുമവൾക്കു പേർ
ചന്ദ്രലേഖാപാംഗിയെന്നത്രേ; ചിരാത്തരം.
മാനവന്മാരെ മയക്കിപ്പുനശ്ചിട-
ങ്ങാനായ് പുറപ്പെട്ടൊരുത്സവം പൂക്കവർ
വെറുതിലതിന്നങ്ങു ശേഷിച്ചു ചുണ്ണാമു
ചെറുതായന്നത്രേപ്പോലും ചുവരിലടർന്നിടം;
പിന്നെപ്പുരിയിലുണ്ടതെന്തൊരു ജാതനോ-
ടിന്നേമെന്നു പറഞ്ഞുറച്ചാളുടൻ.
രാവിലുഴറി നടന്നവൾ സങ്കേത-
മാസ്സെച്ചു കാനനഭീമ്മിയെന്നാകപ്പുഴു,
അപ്പണക്കാരനതെത്ര കണ്ടീലവൾ-
ക്കല്പന്നമായി പലതരം തങ്കകം:—

Digitized By Kerala Sahitya Akademi

'വന്നതേരാഞ്ഞതെന്തെൻ പ്രിയൻ, വ്യാഘ്രമോ
വന്നിച്ചു പാമ്പോ പിടിച്ചു വിഴുങ്ങിയോ?
മന്മഥമാൽ പൊറാഞ്ഞിസ്ഥലം വിട്ടവൻ
മറ്റൊരു നാരിയെത്തേടിഗമിച്ചിതോ?'
എന്നതിധാശങ്കയാകുമവം കോട്ട-
വാതിൽ കാപ്പോരുക്കറിച്ചുള്ള പേടിമാൽ
പട്ടണത്തെയ്യു മടങ്ങാതെ നിൽക്കയായ്;
വിഷ്ടപം ക്രൂരരുട്ടാണ്ടുമിരുന്നതേ.
അപ്പൊഴേ കാലനയച്ചൊരു വൻപുലി
കെല്പോടണഞ്ഞു, വിഴുങ്ങിനാൻ വേശ്യയെ;
ഉത്തടർ വന്നറിഞ്ഞി കാലദൂതാക്കളെ-
മപ്പുപവൃത്തയെക്കൊണ്ടുപോയീടുവാൻ.
കാലും വളഞ്ഞു മുകവു ചെരിഞ്ഞതി-
സ്ഥൂലമംഷ്ടാനിതർ മൂക്കുയന്നോരവർ
ശൈലക്രടാംഗരാത്തേവിടിപ്പെണ്ണിനെ-
ത്തോലിൻകയർകൊണ്ടുകെട്ടിനാരന്മദാൽ.
തൽക്ഷണമാവിർഭവിച്ചു കേതുപ്രിയൻ
ലക്ഷ്മീമണാളൻ നിയോഗിച്ച പാർഷദർ;
ദിവ്യനാസോൽഫുല്ലവക്ത്രപങ്കേരുഹർ,
ദിവ്യസൽകുണ്ഡലശ്രീവനമാലികർ,
കണ്ടാരൊരേ വരിയായി നടക്കുമാ-
റൊണ്ടൽവർണ്ണന്മാർ കൃതാന്തദൂതാക്കളെ.
വിഷ്ണുദൂതന്മാർ:—
'നിങ്ങളാരാരുമക്കൊപ്പം വിരുപാംഗ-
നെ,ങ്ങോട്ട കൊണ്ടുപോകുന്നിതിസ്സാധ്വിയെ?
ശൈമിയുടെ പാദം പ്രിയപ്പെട്ടവളിവൾ'—
ഗീരിതുകേട്ടാശു നേത്തു യമദൂതർ.
സ്മീതരോഷേണ കരുത്തരാം വൈഷ്ണവ-
ദൂതരുടെതകകിങ്കരന്മാർകളിൽ
കോടിസൂര്യപ്രഭചക്രാദിശസ്ത്രങ്ങാം
ചാടിച്ചുകൊണ്ടിതെപ്പോരിലുമൊപ്പമേ.
പേടിച്ചു കേണാത്തു പാഞ്ഞുചെന്നന്തക-
നോടി ചൂരിത്രമുണർത്തിനാരായവർ.

Digitized By Kerala Sahitya Akademi

വൈവസ്വതൻ ചിത്രഗുപ്തനോടോതിനാ-
'നീ വേശ്യയ്ക്കു ചാൽകെന്തുനന്മയാൽമുക്തയായ്?'
ചിത്രഗുപ്തൻ:—
'ജന്മംമുതൽക്കു ചെയ്തിട്ടുണ്ടിവൾപല
തിന്മയെന്നാകിലുമുണ്ടൊരുനന്മയും:
ചാരുവിഭൂഷകൾ ചാർത്തിപ്പുണരുന്നി-
ജ്ജാരരെയാരാഞ്ഞൊരുപുരിപൂക്കിവൾ
അങ്ങൊരുകോവിലിൽചെച്ചുമുക്കിയി-
ട്ടംഗുലീസങ്കേതമാംതൂർത്തേച്ചു ഭിത്തിമേൽ
അപ്പുണ്യമൊന്നിൻമഹിമയാലീവേശ്യ
നിഷ്പാപയായ് വിഷ്ണുലോകംഗമിക്കയാം.
ഭണ്ഡ്യയല്ലങ്ങയ്ക്കിവളെ'ന്നകേംക്കയാ-
ലന്യകായ്ത്തിന്നൊരുങ്ങിനാനന്തകൻ.
അത്തരിവിടിശ്ശിയോ,രാജഹംസാഢ്യമാം
പൊൽത്തേരിലേറി മുകുന്ദഭടന്മാരായ്,
ശ്വേതദ്വീപുരംപുക്കൊരുകോടിവംശജ-
ന്മാരൊത്തുമേടമേൽവാണയഥാസുഖം.
ഭക്തിയാൽകമ്മായമച്യുതമന്ദിര-
ഭിത്തിമേൽതേയ്ക്കിലെപ്പുണ്യമെന്തായ്വരാം!
ഇയ്യൊരധ്യായം ശ്രവിയ്ക്കയോസാദരം
വായിക്കയോചെയ്യുപോരുന്നമർത്ത്യനും
പാപങ്ങളൊക്കെയുംനീങ്ങിപ്പവിത്രമാം
ശ്രീപത്മനാഭാലയത്തിലണയുമേ."

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ബ്രഹ്മനാരദസംവാദം,
ക്ഷേത്രസുധാലേപനമാഹാത്മ്യം ആറാമധ്യായം.

———(o)———

ഏഴാമധ്യായം

ശൌനകൻ:—"ധീമൻ, ഏതൊരു കർമ്മങ്ങളാലാണ് ദുസ്തരമായ സംസാരസമുദ്രത്തിൽ നിന്നു ഗോലോകം പ്രാപിയ്ക്കുമാറാവുക? രാധാഷ്ടമിയുടേ മാഹാത്മ്യവും പറയുക."

Digitized By Kerala Sahitya Akademi

സൂതൻ:—"മഹാപ്രാജ്ഞരേ, ഇതിനെപ്പറ്റിയും പണ്ടു നാരദൻ ബ്രഹ്മാവിനോടു ചോദിക്കയുണ്ടായി; അതു ചുരുക്കത്തിൽ കേട്ടുകൊള്ളുക:

നാരദൻ:—'മഹാബുദ്ധിമാനായി സർവ്വശാസ്ത്രജ്ഞനായ പിതാമഹ, രാധാജന്മാഷ്ടമി നോറ്റാലുള്ള പുണ്യഫലം എന്താണ്? അതു പണ്ടു ആരനുഷ്ഠിച്ചിട്ടുണ്ട്? അനുഷ്ഠിക്കാഞ്ഞാലുള്ള ദോഷം എന്തായിരിക്കും? എങ്ങിനെയാണ് അതു വ്രതം ആചരിക്കേണ്ടതു? രാധയുടെ അവതാരം ആരിൽ നിന്നാണ്? ഇതെല്ലാം എനിക്കു പറഞ്ഞുതരിക.'

ബ്രഹ്മാവു:—'ഉണ്ണി, നാരദ, രാധാജന്മാഷ്ടമിയുടെ പുണ്യഫലം ഞാൻ തെല്ലൊന്നു പറഞ്ഞു തരാം; മുഴുവൻ പറയാൻ മുകുന്ദനൊഴിഞ്ഞു മറ്റാരും തുള്ളാവില്ല. രാധാജന്മാഷ്ടമി ഭക്തിയോടെ നോറ്റാൽ, കോടി ജന്മങ്ങളിലെ ബ്രഹ്മഹത്യാദി മഹാപാപം പോലും തൽക്ഷണം വിട്ടൊഴിയും. ആയിരം ഏകാദശിയുടേതിനേക്കാൾ നൂറിരട്ടി പുണ്യഫലം ഒരു രാധാഷ്ടമികൊണ്ടു സിദ്ധിയ്ക്കും; മഹാമേരുവോളം സ്വർണ്ണം ദാനം ചെയ്താലുള്ളതിനേക്കാൾ നൂറിരട്ടി പുണ്യം കരിക്കൽ കൃഷ്ണപ്രിയാഷ്ടമി നോറ്റാൽ കിട്ടും; ആയിരം പൊൻകൊട കഴിച്ചാലത്തെ പുണ്യം ഒരു രാധാഷ്ടമികൊണ്ടു ലഭിയ്ക്കും; ഗംഗാദിതീർത്ഥങ്ങളിലൊക്കെ സ്നാനം ചെയ്താലത്തെ ഫലം വൃഷഭോത്സർഗാഷ്ടമികൊണ്ടു കിട്ടും. ഈ വ്രതം അത്രയുമായിട്ടോ സത്രയുമായിട്ടോ ആചരിച്ചാൽ പാപിപോലും ഒരു കോടി തലമുറയോടുംകൂടി വിഷ്ണുലോകം പൂകും.

പണ്ടു,കൃതയുഗത്തിൽ, മാൻപേടയ്ക്കൊത്ത കണ്ണുകളും മഞ്ഞളുമായ മന്ദസ്മിതവും ചുരുണ്ടിരുണ്ട തലമുടിയും അഴകൊത്ത ചെവിയും ചേർന്ന സുന്ദരിയായി കുശോരേറിയായി ലീലാവതി എന്നൊരു തേവടിശ്ശിയുണ്ടായിരുന്നു. അവൾ അനവധി പാപം ചെയ്തിട്ടുണ്ട്. ഒരിക്കൽ അവൾ ധനസമ്പാദനത്തിനായി പട്ടണത്തിൽനിന്നു പുറപ്പെട്ടു മറ്റൊരു നഗരത്തിൽ ചെന്നെത്തി. അവിടെ ഒരു മനോഹരമായ ദേവാലയത്തിൽ അസംഖ്യം ജനകോടികൾ കൂടിയിരിയ്ക്കുന്നതായി കണ്ടു. അവർ രാധാഷ്ടമിവ്രതംകൊണ്ടു ഗന്ധപുഷ്പധൂപദീപവസ്ത്രങ്ങളാലും പലതരം ഫലങ്ങളാലും രാധയുടെ ശ്രേഷ്ഠപ്രതിമയായ കൃഷ്ണപ്രിയയെ പൂജിയ്ക്കുകയായിരുന്നു: ചിലർ പാട്ടു പാടുന്നു; ചിലർ നൃത്തം ചവയ്ക്കുന്നു; ചിലർ പുണ്യ

Digitized By Kerala Sahitya Akademi

സ്തോത്രം ചൊല്ലുന്നു; ചിലർ കഴിതാളം കൊട്ടുകയും ഓടക്കുഴൽ ഊതുകയും മൃദംഗം വായിക്കുകയും ചെയ്യുന്നു. അതെല്ലാം കണ്ടിട്ട് കൈയുകം പൂണ്ട ലീലാവതി അവരുടെ അടുക്കൽ ചെന്ന് ഇതെന്താണെന്ന സവിനയം ചോദിച്ചു. ആ വ്രതത്തെപ്പറ്റിയറിയാത്ത വൈഷ്ണവർ പരോപകാരത്തിനായി അവളോട് പറയാൻ തുടങ്ങി:—'രാധാദേവി അവതരിച്ച പ്രോഷ്ഠപദമാസത്തിലെ ശുക്ലാഷ്ടമിയാണിന്ന്; അതു കൊണ്ടാടുകയാണ് ഞങ്ങൾ. ഗോഹത്യ, ബ്രഹ്മഹത്യ, സ്ത്രീഹത്യ, ചൌര്യം, പരസ്ത്രീഹരണം, ദുഷ്ടാഭഗമനം, വിശ്വാസവഞ്ചനം എന്നീ പാപങ്ങളെല്ലാം ഒരൊറ്റ അഷ്ടമിയാൽ നശിച്ചുപോകും.'

ഇതു കേട്ടിട്ട്, 'സർവ്വപാപനാശനമായ ഇതു ഞാനും അനുഷ്ഠിക്കുകതന്നെ' എന്നുറച്ചു അവൾ ആ വ്രതം ആചരിച്ചു. പിന്നെ, നിർമ്മലയായ അവൾ വിധിവശാൽ ഒരു പോമ്പുകടിച്ചു മരിച്ചുപോയി. ഉടനെ, കയറും മുറുത്തടിയും കൈക്കൊണ്ട കാലദൂതന്മാർ വന്ന കെട്ടി വലിഞ്ഞു അവളെ യമാലയത്തിലേയ്ക്കു കൊണ്ടുപോകാൻ തുടങ്ങി. തൽക്ഷണം ശംഖചക്രഗദാപാണികളായ വിഷ്ണുപാർഷദന്മാർ രാജഹംസങ്ങളെ പൂട്ടിയ കാഞ്ചനവിമാനവുമായി വന്നു ചേരുകയും, വെമ്പലോടെ കയർ ചക്രംകൊണ്ടു മുറിച്ചുകളഞ്ഞു, പാപം നീങ്ങിയ ആ സ്ത്രീയെ വിമാനത്തിൽ കയറ്റി, ഗോലോകമാകുന്ന വിഷ്ണുപുരത്തിലേയ്ക്കു കൊണ്ടുപോവുകയും ചെയ്തു. വ്രതമാഹാത്മ്യത്താൽ അവൾക്കു രാധാകൃഷ്ണന്മാരൊന്നിച്ചു അവിടെ വസിയ്ക്കുമാറായി.

മൂഢതയാൽ രാധാഷ്ടമി നോൽക്കാത്തവനാകട്ടെ, നൂറുകോടി കല്പങ്ങൾകൊണ്ടും നരകത്തിൽനിന്നു വിടുതി കിട്ടുകയില്ല. രാധാകൃഷ്ണപ്രീതികരവും സർവ്വപാപനാശനവുമായ ഈ വ്രതം നോൽക്കാത്ത സ്ത്രീകൾ അന്ത്യകാലത്തു യമാലയം പുക്കു വളരെ നാൾ നരകത്തിൽ കിടക്കും. എപ്പോഴെങ്കിലും ഭൂമിയിൽ ജനിച്ചാൽ വിധവമാരായും തീരും.

ഉണ്ണി, ഒരിക്കൽ ഭർത്തൃനിഷ്ഠൂരത്തിനാൽ പീഡിതയായി വശംകെട്ട ഭൂമി ഒരു പശുവിന്റെ രൂപം പൂണ്ടു എന്റെ അടുക്കൽ വന്നു വീണ്ടും വീണ്ടും കരഞ്ഞുകൊണ്ടു സങ്കടം പറഞ്ഞു. ഞാൻ ഉടനെ വിഷ്ണുവിന്റെ അടുക്കൽ ചെന്നു ഭൂമിയുടെ സങ്കടമെല്ലാം ഉണർത്തിച്ചു. അവിടുന്നരുളിച്ചെയ്തു:—'ബ്രഹ്മാവേ, അങ്ങു ദേവകളേയുമെടുത്തിട്ടു ഭൂലോകത്തെയ്ക്കു പോയ്ക്കൊൾകെ; ഞാനും എന്റെ ഗണങ്ങ

Digitized By Kerala Sahitya Akademi

ളോടൊരുമിച്ചു അങ്ങോട്ടു വന്നുകൊള്ളാം.' അതുപ്രകാരം ഞാൻ ദേവകളോടൊന്നിച്ചു ത്രിലോകത്തേയ്ക്കു പോയി. കൃഷ്ണനാകട്ടെ, പ്രാണപ്രിയയായ രാധയെ വിളിച്ചുരുളിപ്പെയ്യ:—'ദേവി, ഞാൻ ത്രിദോഷം തീർക്കാനായി ഭൂമിയിലേയ്ക്കു പോകയാണ്. ദേവതിയും മനുഷ്യലോകം പ്രാപിക്കുക.' ഇതു കേട്ടിട്ടു രാധ ഭൂമിയിലേക്കെഴുന്നള്ളി, ശ്രാദ്ധപക്ഷത്തുക്കാഷ്ടമിയിൽ, വൃഷഭാനുയാഗത്തിന്നായി വെട്ടിപ്പു വരുത്തുന്ന സ്ഥലത്തു നിന്നു സഞ്ജാതയായി. ആ ദിവ്യരൂപിണിയെ കൈക്കൊണ്ടു സന്തുഷ്ടനായ രാജാവു് സപരിഗ്രഹത്തിലേയ്ക്കു പോന്നു. ബാലികയെ പട്ടമഹിഷിയുടെ കയ്യിൽ കൊടുത്തു. രാജ്ഞി കുട്ടിയെ പോറ്റി വളർത്തുകയും ചെയ്തു. മോൻ ചോദിച്ചതു ഞാനിതാ പറഞ്ഞുതന്നു. ഇതു ഗോപ്യങ്ങളിൽ വെച്ചു ഗോപ്യമത്രേ.'

നാലുപുരുഷാർത്ഥത്തേയും നൽകുന്നതായ ഇതു ഭക്തിപൂർവ്വം ശ്രവിക്കുന്നവൻ പാപമെല്ലാം കഴിഞ്ഞു കടവിൽ വിഷ്ണുസദനം പ്രാപിക്കും."

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ബ്രഹ്മനാരദസംവാദം,
രാധാഷ്ടമീമഹാത്മ്യകഥനം എഴുപത്തൊന്നാമദ്ധ്യായം.

—— o ——

എഴുപത്തിരണ്ടാമദ്ധ്യായം

ശൌനകൻ:—"സൂത, എന്തിനാണ് പണ്ടു ദേവകൾ സമുദ്രം കടഞ്ഞതു്? എനിക്കു് അതൊന്നു കേട്ടാൽ കൊള്ളാമെന്നുണ്ടു്."

സൂതൻ:—"ബ്രഹ്മൻ, സമുദ്രമഥനം ഇന്നതിനായിരുന്നു എന്നു ഞാൻ മുമ്പുക്കത്തിൽ പറയാം; ഉവ്വാസസ്സിന്റേയും ഇന്ദ്രന്റേയും സംവാദത്തെ ആശ്രയിച്ചതായ ആ ഇതിഹാസം കേട്ടുകൊള്ളുക:

തപസ്സും തേജസ്സുമേറിയ ശിവാംശജനായ ഉവ്വാസസ്സുമഹർഷി കരിക്കൽ ഇന്ദ്രനെ കാണ്മാനായി സ്വർഗ്ഗത്തിൽ ചെന്നു. അപ്പോഴാകട്ടെ ദേവലോകാധിപതിയായ ഇന്ദ്രൻ ഐരാവതത്തിന്റെ പുറത്തിരിക്കയായിരുന്നു. പാരിജാതപുഷ്പങ്ങൾകൊണ്ടുള്ള ഒരു മാല മഹർഷി ദേവേന്ദ്രനു കൊടുത്തു. മഘവേന്ദ്രൻ ആ മാല വാങ്ങി ആനയുടെ മസ്തകത്തിന്മേൽ വെച്ചു

Digitized By Kerala Sahitya Akademi

സൈന്യങ്ങളോടുകൂടി നന്ദനത്തിലേയ്ക്കു യാത്രയായി. അനന്തരം അവിടെയെത്തുന്നു പൊട്ടിച്ചു നിലത്തു ചിതറിക്കളഞ്ഞു. മഹർഷി കടുത്ത കോപം പൂണ്ടു് ഇപ്രകാരം ഉച്ചരിച്ചു:—'ത്രൈലോക്യലക്ഷ്മി സമനിതനായ നീ എന്നെ അവമാനിക്കയല്ലയോ ചെയ്തതു്? അതിനാൽ തീച്ചയായും നിന്റെ ത്രൈലോക്യലക്ഷ്മി നശിച്ചുപോകും.' ശാപമേറ്റ ശക്രൻ ഉടനെ സ്വർഗ്ഗത്തിലേയ്ക്കു മടങ്ങി. ലോകമാതാവായ ലക്ഷ്മി സ്വയം പോയി മറഞ്ഞു; അതോടുകൂടി ലോകം മുഴുവൻ പാഴായിത്തീർന്നു. സകലരും വിശപ്പും ദാഹവും പൂണ്ടു നിരന്തരം നിലവിളിക്കുകയായി. മേഘം മഴ പെയ്തില്ല; ജലാശയങ്ങൾ വറ്റിവരണ്ടു; വൃക്ഷങ്ങളെല്ലാം പൂവും കായും കൊഴിഞ്ഞു് ഉണങ്ങിപ്പോയി.

വിശപ്പും ദാഹവും പൊറുക്കാതെ എല്ലാവരുംകൂടി ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു സങ്കടമെല്ലാം അറിയിച്ചു. പിതാമഹൻ ദേവകളോടും ഭൃഗുമുതലായ മഹർഷിമാരോടുംകൂടി പാലാഴിയുടെ ഉത്തരതീരത്തു ചെന്നെത്തി, അഷ്ടാക്ഷരമന്ത്രം ജപിച്ചും ധ്യാനിച്ചും പുരുഷോത്തമനെ പൂജിച്ചു. അതിൽ തിരുവുള്ളത്തെളിഞ്ഞു ജഗദീശനായ ഭഗവാൻ ഗരുഡന്റെ പുറത്തേറി ദേവകളുടെയെല്ലാം മുമ്പിൽ പ്രത്യക്ഷീഭവിച്ചു. ശംഖചക്രാദികരം ധരിച്ച നാലു തൃക്കൈകളോടും ശ്രീവത്സകൗസ്തുഭവനമാലകളാൽ ശോഭിക്കുന്ന മാർത്തടത്തോടും താമരപ്പൂപോലുള്ള തൃക്കണ്ണുകളോടും പീതാംബരത്തോടുംകൂടിയ ആ സംസാരാബ്ധിപോതായിതനായ തിരുവടിയെ ദേവകൾ ആനന്ദബാഷ്പത്തിൽ ആറാടി ജയശബ്ദം ചൊല്ലി സ്തുതിച്ചു തൊഴുതുനമസ്കരിച്ചു.

ഭഗവാൻ:—'ദേവകളേ, വരം വാങ്ങിക്കൊൾവിൻ. എന്തിനാണ് നിങ്ങൾ വന്നതു്? പറയുവിൻ. വേണ്ടുന്ന വരം ഞാൻ തന്നേയ്ക്കാം.'

ദേവകൾ:—'ദയാനിധേ, സ്വാമിൻ, മഹർഷിശാപത്താൽ, ദേവാസുരമനുഷ്യരുംപ്പെട്ട ലോകം മുഴുവൻ സമ്പത്തെല്ലാം നശിച്ചു് ഘോരദാഹങ്ങളാൽ പരവശമായിത്തീർന്നിരിക്കുന്നു. ഇതിനെ രക്ഷിക്കണേ! ഞങ്ങൾ നിന്തിരുവടിയെ ശരണം പ്രാപിച്ചിരിക്കയാണ്.'

ഭഗവാൻ:—'ആരുടെ കടാക്ഷമാത്രത്താൽ ലോകം ഐശ്വര്യസമ്പന്നമാകുമോ, ആ ശ്രീദേവി ബ്രാഹ്മണശാപത്താൽ മറഞ്ഞിരിക്കയാണ്. അതിനാൽ നിങ്ങളെല്ലാവരുംകൂടി സമുദ്രം കടഞ്ഞു മന്ദ

Digitized By Kerala Sahitya Akademi

രം പറിച്ചു കടകോലാക്കി സപ്തർഷികളെക്കൊണ്ടു ചുറ്റി, അസുരന്മാരെന്നിച്ചു പാലാഴി കടയുവിൻ; അതിൽനിന്നു ലോകമാതാവായ ലക്ഷ്മി അവതരിക്കും. അതോടുകൂടി നിങ്ങൾക്കു സ്വാസ്ഥ്യവും വരും. പർവ്വതത്തെ ഞാൻതന്നെ ആമയായി നിന്നു താങ്ങിക്കൊള്ളാം.'

ഇതുപറഞ്ഞു അരുളിച്ചെയ്ത വിഷ്ണുഭഗവാൻ മറഞ്ഞു. ദേവാസുരന്മാർ ഒത്തൊരുമിച്ചു സമുദ്രമഥനത്തിനുള്ള ഒരുങ്ങി.

ശ്രീപത്മമഹാപുരാണം, ഭൂമിഖണ്ഡം, സമുദ്രമഥനകഥാരംഭം
എട്ടാമദ്ധ്യായം.

ഒൻപതാമധ്യായം

സൂതൻ:—ദേവകളും ഗന്ധർവ്വരും അസുരന്മാരുംകൂടി മന്ദരപർവ്വതം പറിച്ചെടുത്തു പാലാഴിയിലിട്ടു. അതിന്റെ കീഴ്ഭാഗത്തു ദയാലുവായ ജഗദീശ്വരൻ തിരുവടി കൂർമ്മരൂപിയായി നിന്നു പുറംകൊണ്ടു താങ്ങി. അതിന്മേൽ അനന്തനെ ചുറ്റി അവർ ക്ഷീരസാഗരം കടയുകയായി. ഒന്നാമതായി അതിൽനിന്നു് ഏഴുകാളകൾതിന്നാളിൽ കാളകൂടവിഷം പുറപ്പെട്ടു. അതുകണ്ടു് എല്ലാവരും പേടിച്ചോടി. അപ്പോൾ ശിവൻ പറഞ്ഞു:—'അല്ലയോ, ദേവന്മാരേ, നിങ്ങൾ വിഷം എന്റെ കയ്യിൽ തന്നേയ്ക്കുവിൻ. ഞാൻ എടുത്തുകൊള്ളാം.' ഇപ്രകാരംപറഞ്ഞു പാർവ്വതീവല്ലഭൻ വിഷ്ണുവിനെ ധ്യാനിച്ചു മഹാമന്ത്രം ഉച്ചരിച്ചു് ആ നേരംകൊണ്ടു വിഷത്തെ ഭക്ഷിച്ചു. മഹാമന്ത്രത്തിന്റെ പ്രഭാവത്താൽ വിഷം ഒടുങ്ങിപ്പോയി. അച്യുതാനന്ത ഗോവിന്ദനാമത്രയത്തെ പ്രണവം മുമ്പിലും നമഃശബ്ദം ഒടുവിലും ചേർത്തു ഭക്തിപൂർവ്വം ജപിയ്ക്കുന്നവനു വിഷത്തെയും അഗ്നിയേയും മൃത്യുവിനേയും നേരിടുന്നതല്ല.

മനംകലിയ്ക്ക ദേവന്മാർ വീണ്ടും പാൽക്കടൽ കടഞ്ഞു. അപ്പോൾ കറുത്ത മുഖവും തുടുത്ത കണ്ണും ചന്ദനം മെഴുകിയതുപോലുള്ള മുലകളുമുള്ള ദേഹവും പൂണ്ട അലക്ഷ്മി, ഉളവായിവന്നു. ആ ജ്യേഷ്ഠ ദേവകളോടു 'ഞാൻ എന്തുവേണ'മെന്നു ചോദിച്ചു. ദുഷ്കാരിണിയായ അവളോടു ദേവകൾ പറഞ്ഞു:—'ജ്യേഷ്ഠാദേവി, എന്തൊരു ഭ

Digitized By Kerala Sahitya Akademi

ഹത്തിൽ കലഹമുണ്ടോ അവിടമാണ് ദേവതിയുടെ പാപ്പിടം. പന്നിയും അസ്തവും പറയുന്നവരുടേയും, സന്ധ്യയ്ക്ക് ഊൺ കഴിക്കുന്നവരുടേയും ഗൃഹത്തിലും, തലയോട്ട്-തലമുടി-മാംസം-എല്ല്-ഉമി- കരിക്കട്ട എന്നിവ ചേർന്ന ഗൃഹത്തിലും, കാൽ കഴുകാതെ ഊൺ കഴിക്കുന്ന നികൃഷ്ടമനുഷ്യരുടെ ഗൃഹത്തിലും, മണ്ണെണ്ണകൊണ്ടോ ഉപ്പുകൊണ്ടോ കരിക്കട്ടകൊണ്ടോ പല്ലു തേയ്ക്കുന്നവരുടെ ഗൃഹത്തിലും, ക്രൂരം ക്രൂരമായ്ക്കും എള്ളിൻപിണ്ണാക്കും മുരങ്ങയും ഉള്ളിയും പീനാറിയിലയും വശളച്ചീരയും തിന്നുന്ന പാപികളുടെ ഗൃഹത്തിലും, ഇരുദേവോപാസനയോ യജ്ഞയാഗങ്ങളോ വേദപാഠമോ ഇല്ലാത്ത ഗൃഹത്തിലും, പരദാരരതന്മാർ—പരസ്ത്രീപഹാരികൾ—ബ്രാഹ്മണരേയും വൃദ്ധരേയും സജ്ജനങ്ങളേയും പൂജിക്കാത്തവർ എന്നിവരുടെ ഗൃഹത്തിലും ദുഃഖദാരിദ്ര്യജ്യോതിയായ നീ കലിയോടൊന്നിച്ചു വസിച്ചുകൊള്ളുക.' ഇങ്ങിനെ കലിവല്ലഭയായ ജ്യേഷ്ഠയോടുപദേശിച്ചിട്ട് ദേവകൻ വീണ്ടും മനസ്സിരുത്തി പാൽക്കടൽ കടഞ്ഞുതുടങ്ങി.

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, സമുദ്രമഥനം;
ജ്യേഷ്ഠാപ്രാർഥനാദിവസം സ്വേതമധ്യായം.

—0—

പത്താമദ്ധ്യായം

സൂതൻ:—പിന്നെ ഐരാവതം എന്ന ഗജവും ഉച്ചൈഃശ്രവസ്സെന്ന അശ്വവും ധനുസ്സിയും കല്പകവൃക്ഷവും കാമധേനുവും അപ്സരസ്ത്രീകളും ഉൽഭൂതരായി. ദ്വാദശിനാൾ പ്രഭാതത്തിൽ സൂര്യോദയത്തോടുകൂടി, സർവ്വലക്ഷണശോഭിതയായ മഹാലക്ഷ്മി ഉണ്ടായി വന്നു. സർവ്വപ്രാണികൾക്കും മാതാവായി വിഷ്ണുവിന്റെ തിരുമാറിൽ കടികൊള്ളുന്ന ആ മഹാദേവിയെ കണ്ടിട്ട് ദേവകളെല്ലാം അത്യന്തം സന്തോഷിച്ചു. പിന്നെ ലക്ഷ്മിയുടെ സഹോദരനായ ചന്ദ്രൻ സുധയോടുകൂടി സംജാതനായി. ലോകപാവനിയായി വിഷ്ണുപ്രിയയായ തുളസിയും പിന്നീടവതരിച്ചു.

പൂർണ്ണമനോരഥരായ ദേവകൾ മന്ദരത്തെ മുൻനിലയിൽവെച്ചു മാതാവിന്റെ അടുക്കൽചെന്നു ശ്രേഷ്ഠമായ ശ്രീസൂക്തം ജപിച്ചു

Digitized By Kerala Sahitya Akademi

സ്തുതിച്ചു. തിരുവുള്ളം തെളിഞ്ഞ ദേവി തിരശ്ശീലാരോടെല്ലാവരോടുമായി അരുളിച്ചെയ്തു:—'ദേവശ്രേഷ്ഠന്മാരേ, നിങ്ങൾക്കു മംഗളം! വരം ചോദിച്ചുകൊൾവിൻ.'

ദേവകൾ:—'സർവ്വമാതാവേ, വിഷ്ണുപ്രിയനിനി, ലക്ഷ്മീദേവി, പ്രസാദിച്ചാലും! നിന്തിരുവടിയോടു വേർപെടുകയാൽ ലോകാശ്രയമായിരിക്കണം; ദേഹികളെ കാത്തുരക്ഷിക്കണേ.'

ഇതുകേട്ടിട്ട്, മധുസൂദനപ്രിയയായ മഹാലക്ഷ്മി, 'ഇനി സകല പ്രാണികളേയും ഞാൻ രക്ഷിച്ചുകൊള്ളാം' എന്നരുളിച്ചെയ്തു. ഉടനേ, ദയാലുവായി ജഗദീശനായിരിക്കുന്ന ശ്രീനാരായണൻ ശംഖചക്രഗദാപാണിയായി പ്രത്യക്ഷീഭവിച്ചു. ദേവകൾ തന്തിരുവടിയെ വണങ്ങി സ്തുതിച്ചു തൊഴുതുനിന്നു, ഹർഷാശ്രുപൂർണ്ണമായ കണ്ഠത്തോടെ ഉണർത്തിച്ചു:—'ദേവ, നിന്തിരുവടിയുടെ പ്രിയമഹിഷിയായ സനാതനമഹാലക്ഷ്മിയെ ലോകരക്ഷയ്ക്കായി കൈക്കൊണ്ടാലും.' ഇതു് ഏറ്റുപറയുന്നതിനുമുമ്പു് ഇന്ദിരാദേവി മുകുന്ദനോടു ചോദിച്ചു:—'മധുസൂദന, ജ്യേഷ്ഠത്തിയായ അലക്ഷ്മിയുടെ വേളിയ്ക്കു മുമ്പു് അനുജത്തിയായ എന്നെ ഇവിടുന്നു് എങ്ങിനെ വിവാഹംചെയ്യും? ജ്യേഷ്ഠത്തിയിരിക്കേ അനുജത്തിയെ ചേരുകാമോ?'

ഇതുകേട്ടിട്ടു് അലക്ഷ്മിയെ ദേവാനുചിതനായ വിഷ്ണുവേഷപ്രകാരം ഉണ്ടാക്കുന്നതിനു കൊടുത്തു; പിന്നീടു ലക്ഷ്മിയെ താൻ കൈക്കൊണ്ടു. ദേവകളെല്ലാവരും വീണ്ടുംവീണ്ടും നമസ്കരിച്ചു. അതിനുശേഷം അവരെല്ലാവരുംകൂടി കരുത്തേറിയ അസുരന്മാരെയെല്ലാം പ്രഹരിച്ചു. അവർ നിലവിളിച്ചുകൊണ്ടു പത്തുദിക്കിലേയ്ക്കും പാഞ്ഞു. ദേവകൾ വിഷ്ണുഭഗവാന്റെ ആജ്ഞയനുസരിച്ചു് അമൃതു ഭക്ഷിപ്പാൻ വരിവരിയായി ഇരുന്നു തമ്മിൽത്തമ്മിൽ, താൻ വിളമ്പു താൻ വിളമ്പു താൻ വിളമ്പു എന്നും, എനിക്കവയു എനിക്കവയു എനിക്കവയു എന്നും, തക്കിച്ചുമുടങ്ങി. അപ്പോൾ വിഷ്ണു എഴുന്നേറ്റ് ഒരു സ്ത്രീയുടെ വേഷംധരിച്ചു, തങ്കച്ചട്ടുകംകൊണ്ടു അമൃതു വിളമ്പിക്കൊടുത്തു. കുടിത്തിൽ രാഹു അമൃതു ഭക്ഷിപ്പാൻ തുടങ്ങിയപ്പോൾ 'ഇവൻ മായാവിയായ ഒരു രാക്ഷസനാണെ'ന്നു ചന്ദ്രസൂര്യന്മാർ പറഞ്ഞുകൊടുത്തു. ഉടനെ ജഗദീശൻ അരിശം മൂണ്ടു തങ്കച്ചട്ടുകത്താൻ അവന്റെ ശിരസ്സറുത്തു വീഴ്ത്തി. ശിരസ്സു കേതുവായിത്തീർന്നു, രാഹുവും കേതുവും ചേർന്നു് അവരെന്നി

Digitized By Kerala Sahitya Akademi

ന്ന പാഞ്ഞു. ഇന്നും അവർ ആ ദിവസം വന്നാൽ ചന്ദ്രസൂര്യന്മാരെ എതിരേറ്റു ഗ്രസിക്കാറുണ്ട്. ആ സമയത്തു ജലമെല്ലാം ഗംഗാ സദൃശവും, ബ്രാഹ്മണരെല്ലാം വേദവ്യാസ തുല്യരുമായിരിയ്ക്കും: ഏതു ജലത്തിൽ സ്നാനംചെയ്താലും ഗംഗാസ്നാനഫലം കിട്ടും; ഒരൊറ്റദിവസം കൊണ്ടു കോടി ജന്മങ്ങളിലെ അക്ഷയപുണ്യം സിദ്ധിയ്ക്കും; പാപം വേരറ്റു പോകും. അസംഖ്യം യാഗങ്ങളെന്തിന്? വിദ്യാകാംക്ഷിയ്ക്കു വിദ്യയും, പുത്രകാംക്ഷിക്കു പുത്രനും, മന്ത്രകാംക്ഷിക്കു മന്ത്രസിദ്ധിയും, മോക്ഷകാംക്ഷിക്കു മോക്ഷവും കൈവരും.

ഇങ്ങിനെ, സമുദ്രമഥനം ഞാൻ അങ്ങയോടു പറഞ്ഞു.''

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, സൂര്യരഥകഥാസമാപ്തി പത്തുമേധ്യായം

—o—

പതിനൊന്നാമദ്ധ്യായം

ശൌനകൻ:—''സാക്ഷാൽ വിഷ്ണുതന്നെയായ വേദവ്യാസന്റെ ശിഷ്യനായി ലോകാനുഗ്രഹകാരിയായ തപോധനാ, സ്ത്രീകൾക്കു സൌഭാഗ്യവും ദൌർഭാഗ്യവും വരുന്നതു് എന്തുകൊണ്ടാണ്? ഒരു സ്ത്രീ എന്തൊരുകർമ്മത്താൽ കണ്ണിനാനന്ദയായ സൌന്ദര്യമുള്ളവളായി ഭർത്തൃപ്രിയയായിത്തീരും? എന്തുകൊണ്ടാണ് ലക്ഷ്മിയുണ്ടാവുക? ഇതെനിക്കു ശരിയായി കേട്ടാൽക്കൊള്ളാമെന്നുണ്ടു.''

സൂതൻ:—''എന്നാൽ, ഈപരമ ദുർല്ലഭമായ പുണ്യചരിതം കേട്ടുകൊള്ളുക; ഞാൻ മുറയ്ക്കത്തിൽ പറയാം:

ദ്വാപരയുഗത്തിൽ സൌരാഷ്ട്രരാജ്യത്തു വേദവേദാംഗപാരഗനായി ഭദ്രശ്രവസ്സ് എന്നൊരുരാജാവുണ്ടായിരുന്നു. അദ്ദേഹത്തിനു സുരതി ചന്ദ്രിക എന്ന സപത്നിയിൽ ഏഴുമനോഹരന്മാരായ പുത്രന്മാരും ഒരു സുന്ദരിയായ പുത്രിയും ഉണ്ടായി. പുത്രിയുടെ ശ്യാമബാല എന്നാണുപേർ. അച്ഛനെ ആനന്ദിപ്പിക്കുന്ന ആ സത്യവാദിനിയായ ശ്യാമബാല ഒരു ദിവസം സഖിമാരോടുകൂടി പൊൻമണലിൽ ഭംഗിയേറിയ രത്നങ്ങളും പൂഴ്ത്തിക്കളിപ്പാനായി ഒരു കടമ്പുവൃക്ഷത്തിന്റെ ചുവട്ടിൽചെന്നിരുന്നു. ഈ അവസരത്തിൽ സംസാരതാരിണിയായി ലോകനായിക

Digitized By Kerala Sahitya Akademi

യായിരിക്കുന്ന ലക്ഷ്മി ഒരു വൃദ്ധബ്രാഹ്മണിയുടെ വേഷം പൂണ്ടു് ആ പുരിയിൽ വന്നുചേർന്നു. 'സകലലോകങ്ങളേയും സംരക്ഷിക്കുന്ന മാധവിന്റെ അനുമതിയില്ലാതെ വല്ല നിസ്സാരന്മാരുടേയും ഗൃഹത്തിൽ ഞാൻ ചെല്ലുകയോ!' എന്നിങ്ങനെ വിചാരിച്ചാണ് ലക്ഷ്മി രാജമന്ദിരമണഞ്ഞതു്. ആ ദേവി ചൊൻചുമരുകളോടുകൂടിയതും കൊടിക്കൂറകളാൽ ശോഭിയുമായ സിംഹദ്വാരത്തു (അനുമതിവാതിൽക്കൽ) ചെന്നു തവണക്കാരിയോടാവശ്യപ്പെട്ടു:—'ഭദ്രയായ ദ്വാരപാലികേ, എന്നിയുടെ പ്രവേശം തരിക. ഞാൻ വേഗത്തിൽചെന്നു സുരതിചന്ദ്രികാരാജ്ഞിയെ ഒന്നു കണ്ടുകൊള്ളട്ടെ'. കോകിലസ്വരത്തിലുള്ള ഈ വചനം രത്നച്ചുരൽകൈക്കൊണ്ട ദ്വാരപാലികയെ അത്യന്തം സന്തോഷിപ്പിച്ചു.

തവണക്കാരി:—'അമ്മയുടെ പേരെന്താണ്? ഭർത്താവാരാണ്? എന്തിനാണ് വന്നതു്? തമ്പുരാട്ടിയെ കണ്ടിട്ട് എന്താണ് കാര്യം? ഇതെല്ലാം അറിഞ്ഞാൽകൊള്ളാം'.

വൃദ്ധ:—'അല്ലയോ, മഹാറാണിയുടെ തവണക്കാരി, ഞാൻ വന്ന കാര്യം കേൾക്കേണമെന്നുണ്ടെങ്കിൽ പറയാം: എന്റെ പേർ കമല എന്നാണ്. ഭുവനേശൻ എന്നൊരാളാണ് എന്റെ പ്രാണനാഥൻ. ലാഭകമെന്ന പുരിയിലാണ് എന്റെ പ്രാണനാഥൻ പാർക്കുന്നതു്. നിന്റെ തമ്പുരാട്ടി മുൻ ജന്മത്തിൽ ഒരു വൈശ്യസ്ത്രീയായിരുന്നു. ഒരു ദിവസം അവളും ഭർത്താവുമായി ഒരു കലഹമുണ്ടായി. ഭർത്താവ് അവളെ കണക്കിൽ പ്രഹരിച്ചു. അവൾ നിലവിളിച്ചുകൊണ്ടു ഗൃഹത്തിൽനിന്നു പുറത്തേയ്ക്കോടി. നിലവിളികേട്ടിട്ടു ഞാൻ അടുക്കൽചെന്നു വർത്തമാനം ചോദിച്ചു. അവൾ വാസ്തവമൊക്കെ പറഞ്ഞു. അതിനുശേഷം അവൾക്കു ഞാൻ ഒരു പുണ്യവ്രതം പറഞ്ഞുകൊടുത്തു. അതവൾ സസന്തോഷം അനുഷ്ഠിച്ചുപോന്നു; അതിന്റെ പ്രഭാവത്താൽ അവൾ സുഖസ്ഥിതിയിലുമായി.

ഒരുദിവസം ആ വൈശ്യസ്ത്രീ ഭർത്താവോടൊന്നിച്ചു മരണമടഞ്ഞു. എപ്പോഴും കരുപിശുക്കുട്ടിക്കൊണ്ടിരുന്ന അവരെ കൊണ്ടുചെല്ലുവാനായി ധർമ്മരാജാവു ചണ്ഡാളിതന്മാരെ നിയോഗിച്ചയച്ചു. ആ ഭയങ്കരന്മാരായ യമഭടന്മാർ ഇരുമ്പുമുൾത്തടിയുമായി വന്ന് അവരിരുവരേയും തോൽക്കയറുകൊണ്ടു കെട്ടിവരിഞ്ഞു കാലന്റുക്കു കൊണ്ടുപോവാൻ തുടങ്ങി. അപ്പോഴെയ്ക്കും ലക്ഷ്മിയുടെ ശംഖചക്രഗദാപാണികളായ വൈഷ്ണവഭൃത്യന്മാർ വന്നുചേർന്നു. അവരെ കണ്ടപ്പോൾ കാലന്റെ

Digitized By Kerala Sahitya Akademi

തന്മാർ കതികതിച്ചു. സപ്രകാശൻ മുതലായ ലക്ഷ്മീദുതന്മാർ കയർ മുറിച്ചുകളഞ്ഞു് അവരെ രാജഹംസത്തെപ്പോലെ ശ്രേഷ്ഠമാണ് ഞ്ഞിലൂടെ ലക്ഷ്മീപുരത്തിലേയ്ക്കു തിരിച്ചു. ആ വൈശ്യസ്ത്രീ എത്ര ആഴ്ച വ്രതം അനുഷ്ഠിച്ചുവോ അത്ര ആയിരം കല്പം അവളും ഭർത്താവും ലക്ഷ്മീപുരത്തിൽ വസിച്ചു; ശേഷിച്ച പുണ്യം അനുഭവിപ്പാനായി ഇഷ്ടപുരം രാജവംശത്തിൽ പിറന്നിരിക്കുന്ന അവർ രാജസമ്പത്തുകൊണ്ടുള്ള ഗർവ്വനിമിത്തം ആ വ്രതം വിസ്മരിച്ചുപോയി. അതുപദേശിച്ചുകൊടുപ്പാനാണ് ഞാൻ വന്നിരിക്കുന്നതു്.'

തവണക്കാരി:—'അമ്മേ, എങ്ങിനെയാണ് ആ വ്രതം അനുഷ്ഠിയ്ക്കുക? ഏതുമാസത്തിലാണ്? ഏതു ദേവതയെ പൂജിക്കണം? ഇതു പറഞ്ഞുതന്നാൽ കൊള്ളാം.'

വൃദ്ധ:—'കാർത്തികം കഴിഞ്ഞു മാർഗ്ഗശീർഷമാസം വന്നാൽ ആദ്യത്തെ വ്യാഴാഴ്ച പ്രഭാതത്തിൽ എല്ലാ വ്രതക്കാരോടും കൂടിച്ചു ലക്ഷ്മിയെയും നാരായണനേയും പൂജിക്കണം. പായസം, കൽക്കണ്ടം ചേർത്ത പലഹാരം മുതലായവ ലക്ഷ്മിയ്ക്കു നിവേദിച്ചിട്ട് ഇങ്ങിനെ പ്രാർത്ഥിക്കണം:

ത്രൈലോക്യപൂജിതേ, ദേവി, കമലേ, വിഷ്ണുവല്ലഭേ,
കൃഷ്ണകാലന്നപോലെങ്കൽ സ്ഥിരയായി വസിക്ക നീ.
ഹേ നാഥേ, കമലേ, ദേവി, പാഹനാഛെയുകെന്നെ നീ.

പലതരം ഉപഹാരങ്ങളുംകൊണ്ടും ശാസ്ത്രപാഠം കൊണ്ടും മഹോത്സവം കൊണ്ടും ദേവിയെ ആരാധിക്കണം. പിന്നെനിവേദിച്ചതെല്ലാം ഉത്തമബ്രാഹ്മണന്മാർ ഭർത്താവിന്നും മക്കൾക്കും ഭൃത്യർക്കും കൊടുത്തു് അവശേഷം താനും ഭക്ഷിക്കണം. രണ്ടാമത്തെ വ്യാഴാഴ്ചയിൽ കോതമ്പു മുതലായവ പൊടിച്ചു് അപ്പമുണ്ടാക്കി കമലാദേവിയ്ക്കു സമർപ്പിക്കണം; മൂന്നാമത്തെ വ്യാഴാഴ്ചയിൽ കൽക്കണ്ടം ചേർത്ത തയിർച്ചോറും, നാലാമത്തേതിൽ ചാമകൊണ്ടും ചെന്നല്ലരി കൊണ്ടും ഉണ്ടാക്കിയ ഭക്ഷ്യങ്ങളും ലക്ഷ്മീദേവിയ്ക്കു നിവേദിയ്ക്കുക. ധനവും വസ്ത്രാലങ്കാരങ്ങളും ഭോജ്യങ്ങളും പലതരം പഴങ്ങളും ബ്രാഹ്മണർക്കു നൽകുകയും വേണം.'

തവണക്കാരി:—'അമ്മേ, ഇവിടെത്തന്നെ നിൽക്കുക. ഞാൻ സുരതിചന്ദ്രികത്തമ്പുരാട്ടിയോടുണർത്തിച്ചിട്ട് അമ്മയെ കൊണ്ടുപോകാം. മുഷിച്ചൽ തോന്നരുതേ!'

Digitized By Kerala Sahitya Akademi

ഇപ്രകാരം പറഞ്ഞു് ആ സുന്ദരി രാജ്ഞിയുടെ അടുക്കൽ ചെന്ന തലയിൽ തൊഴുതുകൊണ്ടുനിന്നു, കമല പറഞ്ഞതെല്ലാം ആദ്യം മുതൽ അവസാനംവരെ ഉണർത്തിച്ചു. അതു കേട്ടിട്ടു സുന്ദരിയായ സുരതിമന്ത്രിപത്നിയായ ബ്രാഹ്മണസ്ത്രീയുടെ അടുക്കൽ ചെന്നു തള്ളയോടു പറഞ്ഞു:—'അമ്മേ വൃദ്ധബ്രാഹ്മണി, ഉപദേശം തരാൻ വന്നിരിക്കയാണോ? അങ്ങനെങ്കിൽ പേടിക്കാതെ യഥേഷ്ടം പറഞ്ഞുകൊൾകെ.'

വൃദ്ധ:—'നിന്റെ മുഖമുകേട്ടു കണ്ടിട്ടു, പോകാനാണ് എനിയ്ക്കു തോന്നുന്നതു്. പരമദർല്ലഭമായ വ്രതം ഞാൻ പറഞ്ഞുകളയുമെന്നോ? എടി, ഗർവിതയായ ചണ്ഡാലി, ഇന്നു് ലക്ഷ്മീവാസരമായിട്ടും നീ വ്രതം അനുഷ്ഠിയ്ക്കുന്നില്ലല്ലോ. ഇതിൽപരം ദുഷ്ടത എന്തുള്ളു?

ബ്രാഹ്മണിയുടെ ഈ വാക്കു കേട്ടിട്ടു ക്രോധത്താൽ കൺചുകന്ന രാജ്ഞി ആ വൃദ്ധയെ തെരിയെടിച്ചു. കിഴവിയായ കമല നിലവിളിച്ചുകൊണ്ടു പാഞ്ഞു. ആ നിലവിളി കേട്ടിട്ടു കളിച്ചുകൊണ്ടിരുന്ന ശ്യാമബാല ബ്രാഹ്മണിയുടെ അടുക്കൽ ചെന്നു ചോദിച്ചു:—'മുത്തശ്ശിയെ ഇങ്ങിനെ ഉപദ്രവിച്ചതാരാണ്?' കിഴവി ദുഃഖത്താൽ തൊണ്ടയിടറിക്കൊണ്ടു വിവരമെല്ലാം പറഞ്ഞു. അതു കേട്ട ശ്യാമബാല പരമദർല്ലഭമായ ആ വ്രതം ശാസ്ത്രത്തിൽ പറഞ്ഞതിൻവണ്ണം കേതിയുടെകയ്യോടെ അനുഷ്ഠിപ്പാൻ തുടങ്ങി. മൂന്നാഴ്ച കഴിഞ്ഞു നാലാമത്തെ ആഴ്ചയാകുമ്പോഴേയ്ക്കും ലക്ഷ്മീപ്രസാദത്താൽ അവളുടെ വിവാഹം നടന്നു: ക്ഷാത്രതേജസ്സോടുകൂടിയ ശ്രീസിദ്ധേശ്വരദേവനെന്ന രാജാവിന്റെ മാലാധരൻ എന്ന മകൻ അവളെ വേട്ട സപരിഗ്രഹത്തിലേയ്ക്കു കൊണ്ടുപോയി. ബ്രാഹ്മണ, അവർ പോയതോടുകൂടിയുണ്ടായ അത്ഭുതം കേട്ടുകൊള്ളുക: സുരതിമന്ത്രിയുടെ അടുക്കളയിലുണ്ടായിരുന്ന അന്നപാനീയങ്ങളുടെയെല്ലാം അരിയും കൊണ്ടുപോയതെന്നറിഞ്ഞുകൂടാ! ആ ബുദ്ധിഹീനയായ സ്ത്രീക്കു ഉണ്ണാനും ഉടുക്കാനും ക്ഷീണമില്ലാതായി. അവർ ഭർത്താവിനെ മകളുടെ ഗൃഹത്തിൽ ചെന്നു വല്ലതും യാചിച്ചുവാങ്ങുവാനായി പറഞ്ഞയച്ചു. ഭർത്താവു് ഏതാണ്ടം നാണംകൊണ്ടു് മാലാധരന്റെ രാജ്യത്തു ചെന്നു്, ഒരു പൊയ്കയുടെ തീരത്തു വിശ്രമിച്ചു. അപ്പോഴേയ്ക്കും അതിൽനിന്നു വെള്ളം മുക്കാനായി ശ്യാമബാലയുടെ ദാസിമാർ വന്നെത്തി. അവർ ആ മഹാദുഃഖിതനെ കണ്ടിട്ടു് അനുകമ്പയോടെ ചോദിച്ചു:—'അങ്ങാരാണു്? എവിടെനിന്നു വരുന്നു? ദേഹത്തിൽ മാംസവും രക്തവുമില്ലല്ലോ; തലമുടി ചകിരിപോലെയുമായിരിയ്ക്കുന്നു.'

Digitized By Kerala Sahitya Akademi

ദ്രശ്രുവസ്സ്:—'ഞാൻ ശ്യാമബാലയുടെ അച്ഛനാണ്. സൌരാഷ്ട്രരാജ്യത്തിൽ നിന്നാണ് വരുന്നതു്. ഭാസിമാരേ, നിങ്ങടെ ശ്യാമബാലയുടെ അടുക്കൽ അറിയിച്ചാൽ കൊള്ളാം.'

ഇതു കേട്ടിട്ടു കൌതുകം പൂണ്ട ആ സ്ത്രീകളെല്ലാം മുഖത്തോടുമുഖം നോക്കി ചിരിച്ചു കോവിലകത്തേയ്ക്കു മടങ്ങി. അവർ വർത്തമാനം അറിയിച്ചതോടു കൂടി ശ്യാമബാല അച്ഛന്റെ അടുക്കലേയ്ക്കു്, എണ്ണ, മികച്ചവസ്ത്രം, പൂവ്, ചന്ദനം, വെറ്റിലച്ചുരുൾ എന്നിവയേയും ഒരു കതിരയേയും കൊടുത്തു് ആദരിക്കാതെ അയച്ചു. ആ ഭൃത്യന്മാർ ചെന്നു ദ്രശ്രുവസ്സിനെ ചമയിച്ചു ശകുമന്ദിരത്തിനൊത്ത ശ്യാമബാലാഗൃഹത്തിലേയ്ക്കു കൂട്ടികൊണ്ടുചെന്നു. അതിദുഃഖിതനായ അച്ഛനെ ശ്യാമബാല നെയ്ച്ചേർത്ത ശാല്യന്നം കൊണ്ടു സന്തുഷ്ടകാന്തിയോടേ ഭക്ഷണം കഴിപ്പിച്ചു. നാലുനാഴി കഴിഞ്ഞതിൽ പിന്നെ ഒരു പണപ്പെരുതിയും കൊടുത്തു് അദ്ദേഹത്തെ അവർ തിരിച്ചയച്ചു. അദ്ദേഹം തന്റെ ഗൃഹത്തിൽ മടങ്ങിയെത്തി പൊതിയഴിച്ചു നോക്കിയപ്പോൾ കരിക്കട്ടയാണ് അതിനകത്തു കണ്ടതു്! അതിസങ്കടത്താൽ അദ്ദേഹം പൊട്ടിക്കരഞ്ഞുപോയി.

പിന്നിട്ടു് അമ്മമകളെ കാണാനായി ഗൃഹത്തിൽ നിന്നു പുറപ്പെട്ടുചെന്നു് ആ പൊയ്ക്കയുടെ തീരത്തുതന്നെ വിശ്രമിച്ചു. അവളേയും ആ പതിവ്രതയായ ശ്യാമബാല തന്റെ അടുക്കൽ വരുത്തി മാതൃസ്നേഹത്തോടേ പൂജിച്ചുചെന്നു. ഇതിനിടയിൽ ഒരു ലക്ഷ്മിവാസരം വന്നുചേർന്നു. അതു് അമ്മയേയും നോൽപ്പിപ്പാൻ ശ്യാമബാല ശ്രമിച്ചുനോക്കി; പക്ഷെ ലക്ഷ്മിയുടേ പേരിൽ കോപം പൂണ്ടിരുന്ന ആ ദാരിദ്ര്യലക്ഷ്മി കുട്ടികളുടെ ഉച്ഛിഷ്ടം ആരും കാണാതെ ഭക്ഷിച്ചുകളഞ്ഞു. ഇങ്ങിനെയാണ് മൂന്നു ലക്ഷ്മിവാസരങ്ങളും കഴിഞ്ഞതു്. നാലാമത്തേതു് അവരം അമ്മയെ ശരിക്കു നോൽപ്പിച്ചു. പിന്നെ സൌതിചന്ദ്രികാരാത്രിയിൽ സപുത്രഗൃഹത്തിലേയ്ക്കു തിരിച്ചുപോന്നു. അപ്പോൾ അതു ലക്ഷ്മീപ്രസാദത്താൽ സമൃദ്ധിമത്തായി കാണപ്പെട്ടു.

പിന്നിട്ടു് ഒരിക്കൽ ശ്യാമബാല അമ്മയുടെ ഗൃഹത്തിലേയ്ക്കു് ചെല്ലുവാനും കാണ്മാനായിചെന്നു. അമ്മയാകട്ടെ, ശ്യാമബാലയെ ദൂരത്തു കണ്ട ഉടൻ കോപം നിമിത്തം 'അവളെ എനിക്കു കാണേണ്ട' എന്നും പറഞ്ഞു് ഒളിച്ചിരിക്കയാണ് ചെയ്തതു്. മകൾ ഗൃഹത്തിനകത്തിൽ കടന്നു സപുത്രം ഉപ്പുമാത്രമെടുത്തു ക്ഷണത്തിൽ സമ്പൽസമൃദ്ധമാ

Digitized By Kerala Sahitya Akademi

യ സഹ്യഹത്തിലേയ്ക്ക മടങ്ങിപ്പോന്നു. അ പതിവ്രതയോട ഭർത്താ വു ചോദിച്ചു:—'പ്രിയേ, എന്താണ് കൊണ്ടുവന്നിരിയ്ക്കുന്നത്?' 'നാ ട്ടിൽ സന്തായിട്ടുള്ളതാണ് കൊണ്ടുവന്നിരിയ്ക്കുന്നത്. ഉണ്ണുമ്പോം കാണിച്ചുതരാം' എന്നു പറഞ്ഞു അവൾ ഉപ്പു ക്കൂടാതെ ക്ഷേണം തെയ്യാറാക്കി മാലാധരനു വിളമ്പിക്കൊടുത്തു. അദ്ദേഹത്തിനു കറിക ളിൽ ഉപ്പില്ലായ്കയാൽ ഉരുണ്ടിനു് ഒരു രുചിയും തോന്നിയില്ല. അ പ്പോം അവൾ 'നാട്ടിൽ സന്തായിട്ടുള്ളതു' വിളമ്പിക്കൊടുത്തു. രാജാ വ് സുഖമായി ഭക്ഷണം കഴിയ്ക്കുകയും 'മിടുക്കത്തി' 'മിടുക്കത്തി' എ ന്നു പ്രശംസിയ്ക്കുകയും ചെയ്തു.

ഈ പ്രകാ അന്യാദൃശമായോരേ നോൽക്കാത്ത സ്ത്രീ എല്ലാ ജന്മങ്ങ ളിലും ഒരിശ്വര്യം ഉർജ്ജിതയുമായിരിയ്ക്കും. ഈ കഥ കേൾക്കയോടേ മനസ്സു വെച്ചു കേട്ടാൽ പാപമെല്ലാം വിട്ടൊഴിയും; ലക്ഷ്മീലോകവും കിട്ടും. വ്രതം അനുഷ്ഠിക്കാത്ത സ്ത്രീയും മറവു വ്രതങ്ങളുടെ ഫലം കൂടി പ്രാ പ്യോകും.''

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ഉത്തമാരവ്രതനിരൂപണം പതിനൊന്നാമദ്ധ്യായം.

(1)

പന്തിരണ്ടാമദ്ധ്യായം

ശൌനകൻ:—''സൂത, വേറെ എന്തു പുണ്യംകൊണ്ടാണ് പാപം നീങ്ങി ലക്ഷ്മീകാരുണ്യത്താൽ വൈഷ്ണവപദം കിട്ടുക?''

സൂതൻ:—''ബ്രാഹ്മണശ്രേഷ്ഠ, ധനംകൊണ്ടോ പ്രാണൻ കൊ ണ്ടുതന്നെയോ ഒരു ബ്രാഹ്മണന്റെ പ്രാണനെ രക്ഷിയ്ക്കുന്നവനോ അ വനു വിഷ്ണുലോകംകിട്ടും'.

പണ്ടു, ദ്വാപരയുഗത്തിൽ, ബലവാനും യജ്വാവും വൈഷ്ണവ നുമായി ദീനനാഥൻ എന്നൊരു രാജാവുണ്ടായിരുന്നു. പുത്രനില്ലാതി രുന്ന അദ്ദേഹം ഒരിക്കൽ ഗാലവനോടു വണക്കത്തിൽ ചോദിച്ചു:— 'കരുണാസമുദ്രമായ മഹർഷേ, എന്തൊരു പുണ്യംകൊണ്ടാണ് പുത്ര നുണ്ടാവുക? അതു പറഞ്ഞുതന്നാൽ ഞാൻ ചെയ്യുകൊള്ളാമായിരുന്നു; പുത്രനില്ലാത്തവനു ജീവിതം നിഷ്ഫലമാണല്ലോ.'

Digitized By Kerala Sahitya Akademi

ഗാലവൻ:—'മഹാരാജാവേ, പുത്രനെങ്കിലാകാൻ ചെയ്യേണ്ടതു് പുരുക്കത്തിൽ ഞാൻ പറഞ്ഞുതരാം. ഒരു നരമേധം കഴിച്ചുകൊള്ളുക. എന്നാൽ അങ്ങയ്ക്കു സർവ്വലക്ഷണങ്ങളും തികഞ്ഞ സന്തതിയുണ്ടായിവരും.'

രാജാവു്:—'ഈശ്വരാ, നരമേധം എന്ന മഹാപാപത്തെ എങ്ങിനെയുള്ള നരനെ കൊണ്ടുവന്നാണ് നിറവേറ്റേണ്ടതു്?'

ഗാലവൻ:—'സുന്ദരനും സുമുഖനും സർവ്വാംഗസുന്ദരനും സൽകുലജാതനുമായ ഒരാളെത്തന്നെ അതിനു വേണ്ടതു്; അംഗഹീനനോ കുത്സിതനോ മൂഢനോ പാടില്ല.'

ഇതുകേട്ടിട്ടു രാജാവും, മഹർഷി പറഞ്ഞതെല്ലാം ധരിപ്പിച്ചിട്ടു, വളരെ ധനവും കൊടുത്തു ദൂതന്മാരെ കല്പിച്ചയച്ചു. ഗാലവൻ തുടങ്ങിയ സർവ്വാംഗസുന്ദരനായ ബ്രാഹ്മണനെ യജ്ഞത്തിനു വരിക്കുകയും ചെയ്തു.

രാജദൂതന്മാർ പല രാജ്യങ്ങളിലും ഗ്രാമങ്ങളിലും നഗരങ്ങളിലും തേടിനടന്നു. എങ്ങും ഒരാളെയും കിട്ടിയില്ല. ഒടുവിൽ, അവർ ഇങ്ങനെയുള്ള ബ്രാഹ്മണരാൽ നിറയപ്പെട്ട ഭരതപുരം എന്ന രാജ്യത്തെത്തി. അവിടത്തെ സ്ത്രീകൾ നല്ല തലമുടിയും ഇളമാനിന്റെയുള്ള കണ്ണുകളും ചേർന്നു ചന്ദ്രമുഖിമാരാകുന്നു. അവരെ കണ്ടാൽ മയങ്ങാത്ത പുരുഷന്മാരില്ല! ആ മനോഹരമായ നഗരത്തിൽ കൃഷ്ണദേവൻ എന്നൊരു ബ്രാഹ്മണൻ മൂന്നു പുത്രന്മാരോടും ഒരു സുശീലയായ ഭാര്യയോടുംകൂടി പാർത്തിരുന്നു. എപ്പോഴും വിഷ്ണുപൂജാരതനും പ്രിയവാദിയും ദൈവഭക്തനും പ്രീതികരനും സാഗ്നികനും പിതൃഭക്തനുമായിരുന്ന ആ ദ്വിജോത്തമനോടു രാജദൂതന്മാർ അപേക്ഷിച്ചു:—'ബ്രാഹ്മണശ്രേഷ്ഠ, ഒരു പുത്രനെ ഞങ്ങൾക്കു തരിക. ഞങ്ങളുടെ തമ്പുരാനു ദുഃഖംതീർപ്പാൻ ഒരു പുത്രനില്ല. അതിനാൽ അവിടുന്നു നരമേധയജ്ഞം ചെയ്യിച്ചിരിക്കയാണു്. അതിനു ബലികഴിപ്പാൻ അങ്ങയുടെ ഒരു മകനെ ഞങ്ങൾ കൊണ്ടുപോകട്ടെ. നാലുലക്ഷം പൊന്നിൽ ധനം തരാം. പുത്രസ്നേഹത്താൽ മറ്റൊരുത്തരുതിരുന്നാൽ, രാജാവിന്റെ ആൾക്കാരായ ഞങ്ങൾ ബലാൽക്കാരേണ കൊണ്ടുപോകും.' ദൂതന്മാർ പറഞ്ഞതു കേട്ടിട്ടു ദുഃഖാകുലനായ ആ ബ്രാഹ്മണദമ്പതിമാർ പ്രാണൻപോയ വിധത്തിലായിത്തീർന്നു. 'ധനമെന്തിന്? കനകമെന്തിന്? ഐശ്വര്യമെന്തിന്? ജീവിതംതന്നെയെന്തിന്?' എന്നിങ്ങനെ വിലപിച്ചു ബ്രാഹ്മണൻ രാജദൂതന്മാരോടു പറഞ്ഞു:—'ദുഃഖിതമസ്സുകാരനായ പുത്രനെ കൊണ്ടുപോകാൻ ഉറച്ചാണു് നി

Digitized By Kerala Sahitya Akademi

ങ്ങനെ വന്നിരിക്കുന്നതെങ്കിൽ, ഞാൻ പറയുന്നതൊന്നുകേൾക്കണമേ! നാട്ടിൽ പാർക്കുന്നവരാരും രാജകല്പന ലംഘിക്കാൻ വിചാരിക്കുകയില്ല. എന്നാൽ ഉണ്ണിയെവിട്ടു കിഴവനായ എന്നെ കൊണ്ടുപോയ്ക്കൊള്ളാം വിൻ.'

ഇതുകേട്ടിട്ട് അരിശംകൊണ്ട ദൂതന്മാർ ചൊന്നിൻപണം ആഗ്രഹത്തിൽ വലിച്ചെറിഞ്ഞു പുത്രനെ പിടിച്ചുകൊണ്ടുപോകാൻ തുടങ്ങി. കൃഷ്ണദേവൻ തൊഴുതുകൊണ്ടു കരഞ്ഞുകൊണ്ടു പറഞ്ഞു:—'രാജദൂതന്മാരേ, എന്റെ സീമന്തപുത്രനെ വിട്ടു മറ്റൊരു മകനെ കൊണ്ടുപോയ്ക്കൊള്ളാംവിൻ, എന്നു പറയുവാൻപോലും എനിക്കു നാവുപൊന്തുന്നില്ല!' ഇതുകേട്ടിട്ടു കരയാൻ തുടങ്ങിയ ബ്രാഹ്മണപത്നിയോടു ദൂതന്മാർ, 'എന്നാൽ ഇളയമകനെ തരൂ' എന്നാവശ്യപ്പെട്ടു. ഇതുകേട്ടതോടുകൂടി അതിദുഃഖിതയായ ആ സ്ത്രീ കൊടുങ്കാറ്റേറ്റ വാഴപോലെ നിലം പൊത്തിപ്പോയി. അവൾ കരം മുകത്തടിയെടുത്തു തലയ്ക്കാഞ്ഞടിച്ചു്, 'എന്തായാലും ഇളയമകനെ ഞാൻ തരികയില്ല' എന്ന നിലവിളിച്ചു. അപ്പോൾ ബ്രാഹ്മണന്റെ മദ്ധ്യമപുത്രൻ കരഞ്ഞുകൊണ്ടു് അച്ഛനമ്മമാരെ വന്ദിച്ചു വണക്കത്തിൽ പറഞ്ഞു:—'അമ്മ വിഷാദം നൽകുക; അച്ഛൻ മകനെ വിൽക്കുക; രാജാവു സ്വസ്വസ്വവും അപഹരിയ്ക്കുക—എന്നീഘട്ടങ്ങളിൽ രക്ഷിപ്പാൻ ആരുണ്ടു്?'.

ഇപ്രകാരം പറഞ്ഞു് ആ മകൻ അച്ഛനമ്മമാരെ നമസ്കരിച്ചുവെച്ചു പുണ്ട ദൂതന്മാരോടുകൂടി ദീക്ഷ കൈക്കൊണ്ട രാജാവിന്റെ അടുക്കലേയ്ക്കു പോന്നു. ആ ബ്രാഹ്മണബാലികളാകട്ടെ, പുത്രനാശംകൊണ്ടുള്ള സങ്കടത്താൽ കരഞ്ഞു കരഞ്ഞു കണ്ണുപൊട്ടിച്ചു. രാജദൂതന്മാർ വഴിക്കു, മാൻകുട്ടികളും ശിഷ്യരും നിറഞ്ഞതായ വിശ്വാമിത്രമഹർഷിയുടെ ആശ്രമത്തിൽ കേറി. രാജപുരുഷന്മാരെ കണ്ടിട്ട് അതിഥിഹാരം ആദരവോടേ ചോദിച്ചു:—'നിങ്ങളാരാണു്? എവിടെപ്പോയിരുന്നു? ജോമിയെന്തരാണു്?'

രാജദൂതന്മാർ:—'മഹർഷേ, തമ്പുരാനു പുത്രനുണ്ടാകുന്നില്ല. അതിനായി തിരുമേനി നരമേധയജ്ഞം തുടങ്ങിയിരിക്കുന്നു. അതിൽ ബലികഴിപ്പാനായി ഈ ബ്രാഹ്മണപുത്രനെ കൊണ്ടുപോകയാണു് ഞങ്ങൾ.'

ഇതുകേട്ടപ്പോൾ മഹർഷിയുടെ മനസ്സലിഞ്ഞു. 'എന്റെ പ്രാണൻ പോയാലും കുട്ടി രക്ഷപ്പെടണം.

Digitized By Kerala Sahitya Akademi

ബാലനോ ബ്രാഹ്മണനോ തൻനാഥനോ വേണ്ടിയുഴിയിൽ
പ്രാണൻ പുല്ലായ് ത്യജിപ്പോൾക്ക് കിട്ടും ലോകം സനാതനം.'

ക്ഷണനിങ്ങിനെ വിചാരിച്ച് ആ ബ്രാഹ്മണശ്രേഷ്ഠൻ പറഞ്ഞു:—'യജ്ഞത്തിൽ ബലികഴിപ്പാൻ ഈ നല്ല കുട്ടിയെ വിട്ട് എന്നെ കൊണ്ടുപോയ്ക്കൊൾക. ഇവൻ ലോകത്തിൽ ജനിച്ചിട്ട് ഒരു സുഖവും അനുഭവിച്ചുകഴിഞ്ഞിട്ടില്ല. പിന്നെ എങ്ങിനെയാണ് മരിക്കുക! ഇവൻ ഗൃഹത്തിൽനിന്നു പോന്നതോടുകൂടി ഇവന്റെ ഭാഗ്യംകെട്ട അച്ഛനമ്മമാർ മരിക്കുകതന്നെ കഴിഞ്ഞിരിക്കും.' ഇതു കേട്ടിട്ട ദൂതന്മാർ ചോദിച്ചു:—'ദീനനാഥരാജാവിന്റെ ഉത്തരവില്ലാതെ വൃഥാനായ അങ്ങയെ ഞങ്ങൾ എങ്ങിനെ കൊണ്ടുചെല്ലുമെന്നു?' ഇങ്ങിനെ പറഞ്ഞു രാജകിങ്കരന്മാർ നഗരത്തിലേയ്ക്കു നടകൊണ്ടു. മഹർഷിയും അവരോടുകൂടിത്തന്നെ യാഗശാലയിൽ ചെന്നെത്തി. ദൂതന്മാർ വിശ്വാമിത്രൻ പറഞ്ഞതു രാജാവിനെ അറിയിച്ചു. അപ്പോൾ ശങ്കിതഹൃദയനായ പാർത്ഥിവൻ മഹർഷിയോടുപറഞ്ഞു:—'മഹർഷേ, ബലികഴിക്കാതെയും യജ്ഞംചെയ്യാൽ എനിക്കു പുത്രനുണ്ടാകുമെങ്കിൽ ബ്രാഹ്മണബാലനെ തിരിയെ കൊണ്ടുപോകാം.'

വിശ്വാമിത്രൻ;—'രാജാവേ, യജ്ഞം ചെയ്യാൽത്തന്നെ മഹാഗുണയായ പുത്രൻ ഉണ്ടായിവരും; ഇതിൽ സംശയം വേണ്ട. എന്നെ കണ്ടതു വെറുതെയാകയില്ല.'

ഇതു കേട്ടപ്പോൾ രാജാവിനു വളരെ സന്തോഷമായി. അങ്ങിനെ എല്ലാ മഹർഷിമാരോടുംകൂടി യജ്ഞത്തിൽ പൂർണ്ണാഹുതി കഴിച്ചു. വിശ്വാമിത്രനാകട്ടെ, ആ ബ്രാഹ്മണപുത്രനേയുംകൊണ്ടു ദേവപുരഗതിയിലേയ്ക്കു തിരിച്ചു. അവസ്സിന്റെ ഗൃഹത്തിൽ ചെന്നു ചോദിച്ചു:—'ബ്രാഹ്മണ, അങ്ങ് അകത്തുണ്ടോ?'

കൃശ്വേവൻ:—'ഞാൻ മരിച്ചുമണ്ണിൽ ഇരിക്കുകയാണു'. എന്റെ മകനെ രാജാവു ബലിനു കൊണ്ടുപോയ്ക്കളഞ്ഞു. ഞാനെന്തുചെയ്യും? ഉണ്ണി പോയതോടുകൂടി, ഞങ്ങടെ ഓമനക്കുഞ്ഞുങ്ങൾക്കു കരഞ്ഞുകരഞ്ഞു കണ്ണു പൊട്ടിപ്പോയി.'

ഉടനെ വിശ്വാമിത്രൻ 'ഇതാ മകൻ; കൊണ്ടുപോയ്ക്കൊള്ളൂ.' എന്നു പറഞ്ഞപ്പോൾ മനംകുളിർത്ത ആ ദമ്പതിമാർ ഉണ്ണിയെ വിളിച്ചുകൊണ്ടുക്ഷണത്തിൽ പുറത്തേയ്ക്കുവന്നു. വിശ്വാമിത്രന്റെ വര

Digitized By Kerala Sahitya Akademi

ത്താൽ തൽക്ഷണം അവക്ക് കണ്ണുണ്ടായി. അവർ ഉണ്ണിയുടെ മുഖാരവിന്ദത്തെ വണ്ടിനെപ്പോലെ കണ്ണുകൊണ്ടു വളരെ നേരം നുകർന്നു, വീണ്ടുംവീണ്ടും മഹർഷിയെ നമസ്കരിച്ചു, 'ഹാ മഹർഷേ, നിന്തിരുവടി ഞങ്ങൾക്ക് പ്രാണനെത്തന്നു' എന്നങ്ങിനെ അഭിനന്ദിച്ചു. ദയാനിധിയായ വിശ്വാമിത്രൻ അവരിരുവർക്കും ശുശ്രൂഷ നൽകി തന്റെ ആശ്രമത്തിലേയ്ക്കു പോന്നു വിഷ്ണുവിന്റെ പരമപദത്തെ കരസ്ഥമാക്കി ദേഹകർമ്മങ്ങളും നേരോവണ്ണം തപസ്സനുഷ്ഠിക്കുകയായി.

ഏതാനും കാലത്തിനുള്ളിൽ ദിനനാഥനുദിച്ചു, പാലാഴിക്കു ചന്ദ്രനെന്നപോലെ രാജയോഗ്യനും സുന്ദരനുമായ ഒരു പുത്രൻ ഉണ്ടായിവന്നു. അച്ഛൻ പുത്രജന്മോത്സവത്തിൽ വളരെ ധനം ദാനം ചെയ്തു, ദുഃഖം നീങ്ങി സന്തോഷത്തോടുകൂടി, ഒരു ദേവനെപ്പോലേ ഭൂമിയിൽ സുഖിച്ചു. ധനത്തെയോ പ്രാണനെത്തന്നെയോ കൊടുത്തു ബ്രാഹ്മണനെ രക്ഷിയ്ക്കുന്നവൻ പുനരാവൃത്തിയില്ലാത്ത വിഷ്ണുലോകം പ്രാപിക്കാതിരിക്കയില്ല. ഈ കഥയിൽ സച്ഛ്രദ്ധം ഭാഗമെങ്കിലും ഭക്തിപൂർവ്വം വായിക്കുകയോ ബ്രാഹ്മണൻ വായിച്ചുകേൾക്കുകയോ ചെയ്യുന്നവർക്കുപോലും വിഷ്ണുമന്ദിരം പ്രാപിക്കാം.''

ശ്രീപദ്മമഹാപുരാണം ബ്രഹ്മഖണ്ഡം, ബ്രാഹ്മണരക്ഷണമാഹാത്മ്യകഥനം, പത്തൊമ്പതാമദ്ധ്യായം.

(o)

പതിമ്മൂന്നാമദ്ധ്യായം

ശൗനകൻ:—''മഹാപ്രാജ്ഞനായ സൂതാ, കൃഷ്ണജന്മാഷ്ടമിയുടെ മാഹാത്മ്യം പറഞ്ഞുതന്ന സംസാരസമുദ്രത്തിൽനിന്നു കരകേറിയാലും.''

സൂതൻ:—''ബ്രാഹ്മണാ, കൃഷ്ണജന്മാഷ്ടമി ഭക്തിപൂർവം നോൽക്കുന്നവൻ അന്ത്യകാലത്തു കുരുകോടി തലമുറയോടുംകൂടി വിഷ്ണുപുരം പ്രാപിക്കും. രോഹിണിയോടുകൂടിയ അഷ്ടമി ബുധനാഴ്ചയോടോ തിങ്കളാഴ്ചയോടോ ചേർന്നാൽ കുരുകോടി തലമുറയുടെ മുക്തി നൽകുന്നതത്രേ. ഒരുമഹാപാപിപോലും ഈ പുണ്യവ്രതം നോ

Digitized By Kerala Sahitya Akademi

ഠറാൽ സകലപാപവും വിട്ടൊഴിഞ്ഞു വിഷ്ണുസദനം പൂകും. കൃഷ്ണജന്മാഷ്ടമി നോൽക്കാത്ത നികൃഷ്ടമനുഷ്യനോ ഇങ്ങും അങ്ങും നരകാതന്നെ. കൃഷ്ണജന്മാഷ്ടമീവ്രതം അനുഷ്ഠിക്കാത്ത മൂഢസ്ത്രീ ആണ്ടുതോറും അധികമധികം ദുഃഖത്തിൽ പെട്ടുപോകും. അഷ്ടമി രോഹണിനാൾ ഭക്ഷണം കഴിക്കുന്ന മൂഢൻ വയ്യിച്ച നരകത്തിൽ പിഴാതിരിക്കുകയില്ല. പണ്ടു ദിലീപൻ വസിഷ്ഠമഹർഷിയോടു ചോദിക്കുകയുണ്ടായി. സർവപാപനാശനമായ അയുകേട്ടുകൊള്ളുക:

ദിലീപൻ:—'ശ്രാവണമാസത്തിലെ കറുത്ത അഷ്ടമിയിലാണല്ലോ കൃഷ്ണൻ അവതരിച്ചതു്. എങ്ങിനെയാണ്, എന്തിനാണ്, എന്തുകാരണത്താലാണ് ശംഖചക്രഗദാപാണിയായ വിഷ്ണുഭഗവാൻ ദേവകിയുടെ ഗർഭത്തിൽ ജനിച്ചതു്? മുനിശ്രേഷ്ഠ, ഇതു കേട്ടാൽക്കൊള്ളാമെന്നുണ്ടു്.'

വസിഷ്ഠൻ:—'രാജാവേ, ഇന്നതിനാണ് ജനാർദ്ദനൻ വൈകുണ്ഠം വിട്ടു ഭൂമിയിൽ അവതരിച്ചതെന്നു ഞാൻ പറഞ്ഞുതരാം:

(പാന)

പണ്ടു കംസാരിഷ്ടാരത്തിനാ-
ലിണ്ടൽ പൂണ്ടുവലഞ്ഞു ഭൂദേവിയാം
ഞെട്ടുകേണു വിവർണ്ണിയായ് ക്കണ്ണുനീർ
വാർത്തുരുകുമസന്നിധി പൂകിനാൾ;
സ്വായികാരപ്രമത്തനാം കംസനാ-
ലായിവന്നതറിയിച്ചുകൊള്ളുവാൻ.
അനെറികെട്ട ഭൂമിയെക്കാക്കുവാ-
ലാത്തരോഷം ചൊടിവിറച്ചീശ്വരൻ
ഗൌരിയോടും സുരരോടുമൊന്നിച്ചു
വാരിജാസനമന്ദിരം പുക്കുടൻ
ബ്രഹ്മദേവനെക്കയിട്ടു ചൊല്ലിനാ-
'നുമ്മഹാവിഷ്ണുവോടുകൂടി ഞാൻ
തക്കമാർന്നുമൊന്നോർത്തു ചെയ്യീടുക
മുഷ്കനായ കംസനെക്കൊല്ലുവാൻ.'
ഇപ്രകാരം ശിവഭാഷിതം കേട്ടിട്ടു
പോവതിന്നായുറച്ചു പിതാമഹൻ,

Digitized By Kerala Sahitya Akademi

പാൽക്കടലിൽ ഫണീശ്വരമെത്തമേൽ
പള്ളികൊള്ളും മുകുന്ദനെക്കാണുവാൻ
അന്നമേറിപ്പുറപ്പെട്ട മാധവൻ
തന്നടുക്കലണഞ്ഞു സുരമയ്
പൂമകൾപതിതന്നെപ്പുകഴ്ത്തിനാൻ
കോമളോക്തികൾകൊണ്ടു ചതുർമ്മുഖൻ:—
'കൈവണങ്ങിടാം താമരക്കണ്ണനേ,
കൈവണങ്ങിടാം നേ പരമാത്മനേ;
കൈവണങ്ങിടാം പാരിനെ രക്ഷിക്കും,
പൂവിൽമാതിൻമണാളനേ, നാഥനേ!'
ഇന്ന തികേട്ടു, മിഴ്കം സുരരൊട്ട
വന്നതെന്തെന്നു ചോദിച്ചിതച്യുതൻ.

ബ്രഹ്മാവ്:—

'കേൾക്ക, വിശ്വേശ; ശംഭുവരത്തിനാ-
ലൂക്കുകൂടിയ കംസൻ ഉഗ്രാസുരൻ
ഭൂമിയെക്കരാഘാതങ്ങളാൽത്തുലോ-
മാമയത്തിൽപ്പെടുത്തിനാൻ ദൈവമേ!
ചെങ്കേമത്തൻ മകനല്ലാതെയേവനു-
മിങ്ങിവനെ വധിക്കരുതെന്നതേ,
മാരകൊണ്ടുപതിച്ചു മഹേശനോ-
ടായവൻ വരംവാങ്ങി ഭഗവനേ.
ആകയാൽപ്പെറ്റ ദേവകീജാതനായ്-
ത്തോകമേവാണ കൊൽകനീ കംസനെ.'
ദേവനീശനോടോതിനാൻ, പാർവ്വതീ-
ദേവിയെത്തരികാണെന്നിനെന്നടൻ.
രക്ഷയാം ഗൗരിയോടുമുരയ്ക്കായ്-
ത്തൽക്ഷണംപോന്ന ശംഖചക്രധരൻ,
ദേവകീഗർഭമേറ്റുകിനാൻ; മഹാ
ദേവപത്നി യശോദേതൻ ഗർഭവും
ഒമ്പതുതിങ്കളൊമ്പതു നാളുമാ-
ത്തമ്പുരാൻ പാർത്തുകൊണ്ടിരു ഗർഭത്തിൽ.
പിന്നുചിങ്ങമാം തിങ്കളിൽപ്പാതിര-
യ്ക്കിന്നുമോട്ടകാർകൊണ്ടലിരമ്പവേ

Digitized By Kerala Sahitya Akademi

അഷ്ടമിയോടു രോഹിണി ചേരുമ്പോഴം
വിഷ്ടപേശൻപിറന്നാനവനിയിൽ.
നന്ദഗതി വിരുദോജ്യത്തൊത്ത
നന്ദനയെയുംചെമ്മേപ്രസവിച്ചുഭം.
പത്മധാമിയായ്പുത്രലോകനായ്-
പുത്രനാളനാം പുത്രനെക്കാൺകയാൽ
ഇഷ്ടനാം വസുദേവനോടോതിഭാര്യ
ദുഷ്ടകംസഭയത്തിനാൽ ദേവകി:—
'ഉണ്ണിയെക്കൊണ്ടുപോയിയശോദനൻ
സന്നിധൌ ചേർത്തവളുടെ പുത്രിയെ
കൊണ്ടുപോരികിടങ്ങ 'ന്നു കേട്ടറ
മിണ്ടലാണ്ടാലുമാനകഴുന്നളി
പുത്രനേയുമെടുത്തു പുറപ്പെട്ട-
നർദ്ധരാത്രിയിലമ്മാടി പൂകുവാൻ.
പോംവഴിയുണ്ടു നീങ്ങൊഴുകന്ന ഹാ,
നീർവഴിഞ്ഞതിരോലയാം കാളിന്ദി!
ആവതില്ലാഞ്ഞതിൻകരയിൽനി-
ന്നീവിധംചിലപിച്ചു വസുദേവൻ:—
'എന്തു ചെയ്യുവനെങ്ങിനെപോകേണ്ടു,
ഹന്ത, ദൈവം ചതിച്ചിതെന്നെത്തുലോം!
ഗോകുലേ നന്ദഗേഹമെമ്മട്ടു ഞാൻ
പൂകുമെങ്ങു നോക്കിനില്പ്പൂ, ക്ഷണാൽ
ഇന്ദ്രിയംമാറ കൃഷ്ണന്റെ മായയാൽ
മുട്ടിനോളമായ് വെള്ളം യമുനയിൽ.
ആറിറങ്ങിക്കടക്കുമ്പുഴന്റെ കൈ-
ത്താരിൽനിന്നഥ മായയാൽ മാധവൻ
നീരിലെയ്ക്കു പതിച്ചുനക്രങ്ങളെ
ശൌരി 'ഹാ ഹേ'തി കേണാത്തുമാഴ്കിനാൻ.
'കാത്തുകൊള്ളുകെൻ ദേവേശാ, ലോകേശാ;
കാത്തുകൊള്ളുകെന്നുണ്ണിയെ' യെന്നേവം
താതരോദനം മേൽക്കുമേൽ കേട്കെഞ്ചാൽ
ചേതസി കനിവാന്ന കംസാന്തകൻ
നീരിലൊട്ടിട നീന്തിക്കളിച്ചിട്ട
രൊഴിൻ കയ്യിലേത്തിനാൻ പിന്നെയും.

Digitized By Kerala Sahitya Akademi

പിന്നെയാനകദുന്ദുഭി നന്ദന്റെ
ധന്യഗേഹത്തിലെത്തിക്കുമാരനെ
മുഷ്ടയാം യശോദയ്ക്കായ് സമർപ്പിച്ചു
തത്തനൂജയെക്കൊണ്ടുപോന്നാജസാ
സ്വാവസഥമണഞ്ഞു ദേവിതയാം
ദേവകിയുടെ പക്കലേകിടിനാൻ.

പൊറു ദേവകിതന്നെ കേട്ടുറപ്പുക-
യുറാ കംസന്റെ കിങ്കർ വന്നെത്തി
ആകുമാറിയെത്തന്തമാതാക്കരികത്തൻ
പക്കൽനിന്ന പിടിച്ചുചിച്ചുടൻ
കൊണ്ടുപോയ് അമ്പുയാങ്കൽ സമർപ്പിച്ചാർ;
കണ്ടുകംസനമാകെന്നടുങ്ങിച്ചൊയ്.
പൊന്നിനോട്ട പൊരുന്ന വണ്ണവും
മിന്നൽനേർകണ്ണുമിന്നുബിംബാസ്യവും
ചേരുമപ്പെൺകിടാവിനെക്കണ്ടുടൻ.
താരിൽ വൻഭയം പൂണ്ട ദൈത്യേശ്വരൻ
കൊണ്ടുപോയ് ക്കൊൽകിതിനെയെന്നാബ്ദേ-
കണ്ണകക്കൊരു കല്പന നൽകിനാൻ.
ഈറപൂണ്ടവരെത്തെക്കിടാവിനെ-
പ്പാറമേലാഞ്ഞടിപ്പാനൊരുങ്ങവേ
മിന്നൽപോലതിവേഗേന വാനിടം-
തന്നിലേറിനിന്നോതിയാരം ഭഗവതിയും:—
'നിന്നുടെ കാലനണ്ടു നന്ദാലയം-
തന്നിൽ മേവുന്ന ഗുഢം, മരേശ്വര.'
എന്നമാത്രമരുൾചെയ്തു തന്നുടെ
മന്ദിരത്തെയ്ക്കെഴുന്നള്ളിടുകയി.
ദേവിതൻ മൊഴി കേൾക്കയാലെത്രയും
മൽവലഞ്ഞഗ്രസേനിയാം മന്നവൻ
പൂതനയെന്ന പൈങ്കളോടോതിനാൻ:—
"സ്ഫീതവേഗം നടകൊണ്ടു നീശ്ശേ,
മായയാ നന്ദഗോപന്റെ വീണെ-
ത്തായവനുടെ പിഞ്ചുകിടാവിനെ

Digitized By Kerala Sahitya Akademi

കൊന്ന ചോരിക; വേണ്ടുന്നതൊക്കയും
തന്നുകൊള്ളുന്നതുണ്ടു നിനക്കഞ്ഞാൻ'.

'എങ്കിലങ്ങിനെ' യെന്നോടൻ ഗോകുല-
ത്തിങ്കലേയ്ക്കു ഗമിച്ചാ നിശാചരി
മായകൊണ്ടൊരു സുന്ദരിയായ് ച്ചമ-
ഞ്ഞായർകോൻപുരപുക്കു നിഗ്രഹമായ്
കുഞ്ഞിനെ വിഷം തേച്ചു മുലകൊടു-
ത്തഞ്ജസാ ചത്തു സൽഗതി നേടിനാർ.

ചാട്ട തട്ടിമറിച്ചുഥ മാധവ-
നീടെഴും രണ്ടാവർത്താടികളെയും
കാളിയോരഗത്താനെയും മർദ്ദിച്ചു
കേളിയോടേ മഹാരണ്യത്തുടൻ
മല്ലരെ വെന്ന കംസനേയും വധി-
ച്ചുല്ലസിപ്പിക്കിനാൻ ലോകത്തിനാകവേ.

രാജാവേ, ഇപ്പുറത്തെ കൃഷ്ണജന്മാഷ്ടമീവ്രതം കേട്ടാൽത്തന്നെ പാപശാന്തിവരും; പിന്നെ ഞാചരിച്ചാലത്തെ അവസ്ഥ പറയാനുണ്ടോ? ഈ വൈഷ്ണവവ്രതം അനുഷ്ഠിക്കുന്ന പുരുഷനും സ്ത്രീയും ഈ ജന്മത്തിൽത്തന്നെ നിസ്തുല്യമായ ഐശ്വര്യം നേടും.

മുൻതിഥിയുടെ സ്പർശമുള്ള തൃതീയയും ഷഷ്ഠിയും അഷ്ടമിയും ഏകാദശിയും ധർമ്മാർത്ഥകാമകാംക്ഷികൾ കൈക്കൊള്ളരുത്. സപ്തമീസ്പർശമുള്ള അഷ്ടമി, രോഹിണീസംബന്ധമുണ്ടെങ്കിലും വർജ്ജിക്കണമെന്നേവേണം; മുഴുനവമിയായാലും, ഉദയത്തിൽ കുറച്ച് അഷ്ടമിയും രണ്ടരനാഴികയെങ്കിലും രോഹിണിയുമുള്ള പക്ഷം, അന്നു പൂർണ്ണാഷ്ടമിയായി കരുതാം. അഷ്ടമിരോഹിണി ബുധനാഴ്ചയോടോ, തിങ്കളാഴ്ചയോടോ ചേർന്നുവന്നാൽ, വേറെ കോടികോടി വ്രതങ്ങൾ കൊണ്ടെന്തുള്ളു? അതു രണ്ടുനാറാഴികയിടയിൽ കിട്ടിയെന്നാം കിട്ടിയില്ലെന്നാം വരാം! നവമി ചേർന്ന അഷ്ടമി, രോഹിണീസംബന്ധമില്ലെങ്കിൽ, നോൽക്കരുത്. നവമീതിഥിയിൽ കലയോ കാഷ്ഠയോ മുഹൂർത്തമോഹോരം അഷ്ടമിയുണ്ടെങ്കിൽ അതു കൈക്കൊള്ളാം; സപ്തമിയോടു ചേർന്നതു പാടില്ല. സപ്തമിയുടെ സാമീപ്യസ്പർശത്തിൽപ്പോലും അഷ്ടമിയെ കൈക്കൊള്ളരുത്: മദ്യത്തിന്റെ ഒരു തുള്ളി മതിയല്ലോ, ഒരു കടം ഗംഗാജലത്തെ അശുദ്ധമാക്കാൻ.'

Digitized By Kerala Sahitya Akademi

ദിലീപൻ:—'മഹർഷേ, ഇയ്യ് ഒന്നാമതായി അനുഷ്ഠിച്ചതാരാണ്? ആരാണ് വെളിപ്പെടുത്തിയയ്യ്? പുണ്യഫലം എങ്ങനാക്കെയാണ്?'

വസിഷ്ഠൻ:—'ചിത്രസേനൻ എന്നൊരു മഹാപാപിയായ മഹാരാജാവുണ്ടായിരുന്നു: അഗമ്യാഗമനം, ബ്രഹ്മസ്വാപഹരണം, സുരാപാനം, വൃഥാ മാംസഭോജനം, പ്രാണിഹിംസ, പതിതചണ്ഡാലരോടു സഹവാസം എന്നിവക പാപങ്ങളം അയാൾ ഇടവിടാതെ ചെയ്യുകൊണ്ടിരുന്നു. ആ രാജാവ് ഒരിക്കൽ നായാട്ടിന്നായി കാട്ടിൽ ചെന്നെത്തി ഒരു വ്യാഘ്രത്തെ വളഞ്ഞു, സമീപസ്ഥരായ ഭടന്മാരോടാജ്ഞാപിച്ചു:—'ഇതിനെ ഞാൻതന്നെ കൊന്നുകൊള്ളാം; വേറെയാരെങ്കിലും ഇതിന്റെ നേക്കു ആയുധം പ്രയോഗിച്ചുപോയാൽ, അവനെ ഞാൻ തീർച്ചയായും കൊന്നുകളയും.' എന്നാൽ, വ്യാഘ്രം ചാടിപ്പോയ്ക്കളഞ്ഞു. രാജാവു ലജ്ജയോടേ അതിനെ പിന്തുടർന്നു, വളരെ പാടുപെട്ടു. സന്ധ്യയ്ക്കു പൈശാചങ്ങളാൽ വശംകെട്ട് അയാൾ യമുനാതീരത്തെത്തിച്ചേർന്നു.

അന്ന് അഷ്ടമിരോഹിണിയാകയാൽ, ചില കന്യകമാർ അവിടെ വ്രതം അനുഷ്ഠിച്ചിരുന്നു. ധൂപദീപഗന്ധപുഷ്പകങ്കുമാദികളായ പലതരം മംഗളദ്രവ്യങ്ങളും, ഗുണവത്തായ അന്നവും കണ്ടിട്ടു രാജാവു സവിനയം അപേക്ഷിച്ചു. 'ക്ഷുണം കഴിക്കായ്കയാൽ, എന്റെ പ്രാണൻ ഈ നിമിഷത്തിൽ പോയ്ക്കളയുമേ!'

കന്യകമാർ:—'ധന്യനായ രാജാവേ, ഇന്നു കൃഷ്ണജന്മാഷ്ടമിയാണ്; ഉടൻ കഴിച്ചുകൂടാ. കഴുക്, കഴുത, കാക്ക, പശു എന്നിവയുടെ മാംസം തിന്നുന്നതുപോലെയാണ്, അഷ്ടമിരോഹിണിനാളിൽ ഭക്ഷണം കഴിക്കുന്നതു്. സംസാരത്തിലിരിക്കുന്നവക്ക് എന്തെന്തു പഴുതാണി (അപൽപ്രവേശമാർഗ്ഗം) ല്ലാത്തതു്? കൂട്ടിൽ പ്രാണൻ കിടക്കെ, ജയന്തി നോൽക്കാതിരിക്കുന്നതേവനോ, അവൻ കാലാന്തരത്തിൽ കഷ്ണിക്കേണ്ടിവരും. ജയന്തിനാളിൽ ഉടൻകഴിക്കുന്നതാരോ, അവൻ നൽകുന്നതു പിതൃക്കൾ കൈക്കൊള്ളുകയില്ല; അവൻ അവക്കെല്ലാം അധോഗതി വരുത്തുന്നു.'

ഇതുകേട്ടിട്ടു മനംകളിത്ത മന്നവനും കുറച്ചു പൂവും ഗന്ധവും വസ്തുവും കൊണ്ടുവന്നു വ്രതം അനുഷ്ഠിച്ചു; ആ വ്രതത്തിന്റെ മഹിമയാൽ അദ്ദേഹം ഋക്ഷിമാരോടുകൂടി ദിവ്യവിമാനത്തിലേറി വിഷ്ണുസദനം

Digitized By Kerala Sahitya Akademi

ത്തിൽ ചെന്നുചേരുകയും ചെയ്യും. മഥുരയിൽചെന്നു കൃഷ്ണന്റെ മുഖാരവിന്ദം ദർശിച്ചാലുള്ള ഫലം കൃഷ്ണജന്മാഷ്ടമി നോറ്റാൽ കിട്ടും. ദ്വാരകയിൽചെന്നു വിശേഷപ്രഭനായ വിഷ്ണുവിനെ ദർശിച്ചാലുള്ള ഫലം ഭീനന്മാക്കുപോലും ജന്മാഷ്ടമീവ്രതംകൊണ്ടു സിദ്ധിയുണ്ടാകും.'

ശ്രീബ്രഹ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ദിലീപവസിഷ്ഠസംവാദം, കൃഷ്ണജന്മാഷ്ടമീമാഹാത്മ്യകഥനം പതിമൂന്നാമധ്യായം.

പതിനാലാമദ്ധ്യായം

ശൌനകൻ:—"മഹാപ്രാജ്ഞ, എല്ലാ വർണ്ണങ്ങളിലുംവച്ചു ശ്രേഷ്ഠനായിരിക്കുന്ന ബ്രാഹ്മണന്റെ മാഹാത്മ്യം ദയചെയ്തു എനിക്ക് പറഞ്ഞുതന്നാലും!"

(കിളിപ്പാട്ട് - കേക)

സൂതൻ:—

"ഭൂരണൻ ഭൂതലത്തെന്ന സർവ്വജാതിക്കും; വാനോ-
ക്കാകെയാശ്രയം സാക്ഷാൽ വിഷ്ണുതാനവപത്രേ!
വിപ്രനെബ്ഭക്ത്യാ വിഷ്ണുവെന്നോർത്തു നമിപ്പോനു
സുപ്രവൃദ്ധമായ് വരും ഫലം! സത്യത്തുംമറും.
ഏവനുംഗുവാൽ വന്ദിക്കില്ല വിപ്രനെക്കണ്ടാ-
ലവനെറ തലവീശാനെന്നുമുദ്യുക്തൻ കൃഷ്ണൻ!
നിശ്ചിതം പിഴചെയ്യ വിപ്രനെദ്വേഷിപ്പുതു-
മച്യുതദ്വേഷം, പാപം, ഭാരണനരകടം.
അത്രിയായ് വന്ന മഹദേവനെ ക്രുധാ നോക്കും
മൃത്യുന്റെ കണ്ണിൽത്തപ്പുസൂചി കേറുമേ കാലൻ!
അന്ധനായ് പിജന്മാരെപ്പഴിപ്പോനുടെ വായി-
ലന്തകൻ തീയമുക്കിയൊഴിച്ചീടും!
ഉണ്ണുവതെവിടെയാരാരണനു,ഗ്ഗേഹത്തിൽ
വിണ്ണോരൊടൊപ്പം വിഷ്ണു താൻതന്നെ ഭുജിയ്ക്കുന്നു!
ബ്രാഹ്മണപാദോദകമൊരിറ്റു നക്കുകിൽ
ബ്രഹ്മഹത്യാദിമഹാപാപവുമെല്ലാം നീങ്ങും.

Digitized By Kerala Sahitya Akademi

കേതിയാൽ മിജയാളം കൈകൊണ്ടുകഴുകിച്ചുൽ
സത്യമേ ചൊല്ലുന്നേൻ ഞാൻ, സർവപാപവും നീങ്ങും!
പുത്രഹീനയാം സ്ത്രീയ്ക്കു പുത്രനുണ്ടാകും; ജീവൽ-
പുത്രയാം പ്രജാതത്താരംചിപ്രാംഗ്രിനിഷേവണാൽ.
ബ്രഹ്മാണ്ഡകടാഹത്തിലുംപ്പെട്ട തീർത്ഥമൊക്കം
നന്മയോടേമരുന്ന ഭ്രസുരപാദങ്ങളിൽ!
മൂർദ്ധാനി മിജാംഗ്രിനീരേറ്റതാരവൻ സർവ-
തീർത്ഥവുമാടീ! സർവപാപവുമവന്നാറു!

തപോധനനായ ശൌനക, ബ്രാഹ്മണപാദോദകത്തിന്റെ മാഹാത്മ്യത്തിനുദാഹരണമായി, പാപനാശനമായ ഒരിതിഹാസം ഞാൻ പറയാം; കേട്ടുകൊൾകം:

പണ്ടു ദ്വാപരയുഗത്തിൽ, വൈശ്യവൃത്തിക്കാരനായി ഭീമൻ എന്നൊരു ശൂദ്രനുണ്ടായിരുന്നു. ശൂദ്രാചാരഭ്രഷ്ടനായ അവൻ ഒരു കേമിയായ വൈശ്യസ്ത്രീയോടൊന്നിച്ചു രമിച്ചുപോന്നു. അസംഖ്യം ബ്രഹ്മഹത്യകളും ഗുരുദാരഗമനവുംചെയ്ത നിഷ്ഠുരനായിരുന്നു അവൻ. ഒരു കവർച്ചക്കാരനും ദുഷ്ടചിത്തനുമായ ആ ഭീമൻ ചെയ്ത പാപങ്ങൾക്കു കണക്കില്ലെന്നേ പറഞ്ഞുകൂടൂ! ഒരുനാൾ അവൻ ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ ചെന്നു കേറി, അദ്ദേഹത്തിന്റെ മുതൽ കൈക്കലാക്കാനായി പിടിപ്പുരയ്ക്കുട്ടകൽ നിന്ന്, ആ തപോധനനോടു ദീനസ്വരത്തിൽ പറഞ്ഞു:—'സ്വാമി, എന്റെ സങ്കടം കേൾക്കണേ! ഇവിടുന്നു ഒരു ഭയാശീലനാണെന്നു തോന്നുന്നു. എനിക്കു വല്ലാത്ത വിശപ്പുണ്ടു്. കുറച്ചു ചോറുതരണം! എന്റെ പ്രാണൻ ഈ നിമിഷത്തിൽ പൊയ്പ്പോയേക്കും!'

ബ്രാഹ്മണൻ:—'അല്ലയോ, ക്ഷുധാർത്തനായ അതിഥേ, പാകം ചെയ്തു തരാൻ എനിയ്ക്കു് ആരുമില്ല; ദിവസേന അരികൊണ്ടുപോയിയഥേഷ്ടം വെച്ചുണ്ടുകൊൾകം. എനിക്കു് അച്ഛനില്ല; അമ്മയില്ല; മകനില്ല; സഹോദരനില്ല; ഭാര്യയില്ല; ചാർച്ചക്കാരനില്ല; എല്ലാവരും എന്നെ വെടിഞ്ഞു, മരിച്ചുപോയി. ദാരിദ്ര്യം കെട്ടു ഞാൻ തനിയേ പാർക്കുകയാണു്; ഗൃഹത്തിൽ ജോലിക്കാരുമില്ല.'

ഭീമൻ:—ബ്രാഹ്മണശ്രേഷ്ഠ, എനിയ്ക്കും ആരുമില്ല. ഞാൻ ഒരു ശൂദ്രനാണു്; അങ്ങനെ ശുശ്രൂഷിച്ചുകൊണ്ടു് എന്നും ഇവിടെ പാർത്തുകൊള്ളാം.'

Digitized By Kerala Sahitya Akademi

ഇതുകേട്ടപ്പോൾ ബ്രാഹ്മണന്ന സന്തോഷം തോന്നി; അദ്ദേഹം വേഗത്തിൽ ചോറുവെച്ചുണ്ടാക്കി ഒരവന്ന കൊടുത്തു. സന്തുഷ്ടനായ അവൻ ആ ബ്രാഹ്മണനെ സ്നേഹപുരസ്സരമായ ശുശ്രൂഷയാൽ തൃപ്തിപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ ഗൃഹത്തിൽ പാർപ്പുറപ്പിച്ചു. 'ഇന്നോ, നാളെയോ ഇയ്യാളുടെ ധനംകൊണ്ടു ചാടാമെന്നായിരുന്ന ആ കള്ളന്റെ അന്തർഗ്ഗതം. എന്നാൽ അവൻ നാംഭൂതാഹം ബ്രാഹ്മണന്റെ കാൽ കഴുകിയ വെള്ളം തലയിലാടിയിരുന്നതിനാൽ പാപമുക്തനായിച്ചമഞ്ഞു.

ഒരുനാൾ രാത്രി ഒരു കള്ളൻ ആ ബ്രാഹ്മണന്റെ മുതൽ മോഷ്ടിപ്പാനായി, വാതിൽ കുത്തിത്തുറന്ന് അദ്ദേഹത്തിന്റെ ഗൃഹത്തിനുള്ളിൽ കയറി. അതുകണ്ടിട്ട ഭീമൻ കള്ളനെ തല്ലാൻ വടിയുമായി പാഞ്ഞടുത്തു. കള്ളനാകട്ടെ, ക്ഷണത്തിൽ ഭീമന്റെ തല വീശി പാഞ്ഞുകളഞ്ഞു. ഉടനേ, ആ നഷ്ടപാതകനായ ഭീമനെ കൊണ്ടുപോകുന്നതിന്ന ശംഖ ചക്ര ഗദാപാണികളായ വിഷ്ണുപാർഷദന്മാർ വന്നെത്തി. രാജഹംസങ്ങളെപ്പൂട്ടിയ ഒരു ദിവ്യരഥവും അവിടെ കാണ്മാറായി, ഭീമൻ അതിൽ കേറി ദുഷ്പ്രാപമായ വിഷ്ണുസദനത്തിലേയ്ക്ക ഗമിക്കുകയുംചെയ്തു.

ഞാനിപ്പറഞ്ഞ ബ്രാഹ്മണമാഹാത്മ്യം, യാതൊരാൾ ഭക്തിയോടേ ശ്രവിക്കുന്നുവോ, അവന്ന പാപശാന്തിവരും.''

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ബ്രഹ്മണമാഹാത്മ്യകഥനം, പത്തിന്നാലാമദ്ധ്യായം.

———(o)———

പതിനഞ്ചാമദ്ധ്യായം

ശൌനകൻ:—''മഹാഭാഗ, ഏകാദശിയുടെ പാപനാശനമായ മാഹാത്മ്യം പറഞ്ഞുതരിക. അതു നോറ്റാലുള്ള ഫലം എന്താണ്? നോല്ക്കാഞ്ഞാലുള്ള ദോഷം എന്താണ്?''

സൂതൻ:—''ഏകാദശിയുടെ മാഹാത്മ്യം ഞാൻ എല്ലുപറയേണ്ടു! ഏകാദശി എന്ന ശബ്ദം കേട്ടാൽത്തന്നെ, സകലരേയും പേടിപ്പിക്കുന്ന യമകിങ്കരന്മാർ നടുങ്ങിപ്പോകും! എല്ലാ വ്രതങ്ങളിലും മീതെ

Digitized By Kerala Sahitya Akademi

യായ ഏകാദശി നോറ്റ് ഉറക്കമിളയ്ക്കുകയും, വിഷ്ണുവിനെ കേമമായി ആരാധിയ്ക്കുകയും ചെയ്യണം. തുളസീദളങ്ങൾകൊണ്ടു പുരുഷോത്തമനെ പൂജിച്ചാൽ, ഒരു ദളത്തിന്ന് ഒരുകോടി യാഗങ്ങളുടെ ഫലം വീതം കിട്ടും. അഗമ്യാഗമനത്താലുള്ള പാപം ഒരേ കാദശി നോറ്റാൽ തീരെ നശിക്കും. ഏകാദശിനാഥനെ വിളക്കുവയ്ക്കുന്നവൻ അവസാനത്തിൽ തന്റെ തേജസ്സുകൊണ്ടു തമസ്സകറ്റി വൈകുണ്ഠം പ്രാപിയ്ക്കും. ഏകാദശിയാകുന്ന വിഷ്ണുദിനത്തിൽ ഏതു രാജ്യത്തു മഹോത്സവം നടത്തപ്പെടുന്നുവോ, അതത്രേ ധന്യമായ രാജ്യം; അതിന്റെ നാഥനത്രേ ധന്യനായ രാജാവ്! വിഷ്ണുവിന്റെ ശയനം, പരിവർത്തനം, വിശേഷിച്ചും ഉത്ഥാനം എന്നീ ഏകാദശികളിൽ ഉപവസിക്കുന്നതെവരോ, ആ സുകൃതികളെ എന്റെ അടുക്കലേയ്ക്കു കൊണ്ടുപോരുന്നതിന്നിങ്ങിനെ, പിതൃപതി രാവും പകലും കിങ്കരന്മാരോടു താക്കീതുചെയ്യാറുണ്ട്.

ജഗദീശന്നു പ്രിയതമയും പുണ്യവർദ്ധിനിയുമത്രേ ഏകാദശി. അന്ന് അന്നം ഭക്ഷിച്ചാൽ, വിഷ്ണുവിന്റെ തിരുവുടൽ ചുട്ടെരിക്കുന്നതുപോലെയും; ഏകാദശിനാഥം ഉയർന്നുകഴിക്കുന്ന പാപികളുടെ രൂപഗുണം എത്ര മോശം! ജീവിതംതന്നെ എത്രമോശം! മലമാണ് അവർ ഭക്ഷിക്കുന്നതു!! ബ്രഹ്മണശ്രേഷ്ഠ, ഏകാദശിനാളിൽ അന്നത്തെ ആശ്രയിച്ചുള്ളത്രേ, പലതരം മഹാദുരിതങ്ങളും സ്ഥിതിചെയ്യുന്നതു്. അമാവാസിയിൽ സ്ത്രീസംഗംചെയ്യുന്നതിനെ മഹാപാപം, ഏകാദശിനാഥം ഊൺകഴിക്കുന്നവനെ പറഞ്ഞുപോകും. അന്ന് അന്നം ഭക്ഷിച്ചവർ ഖഞ്ജവാതം, മഹോദരം, കുഷ്ഠം മുതലായ രോഗങ്ങളിൽ ചെട്ടുപോകും. അന്ന് അന്നംഭക്ഷിച്ചവൻ പോക്കായിട്ടോ ഒരിരുമ്പായിട്ടോ പിറക്കും; ഇരുമ്പിൽ അടിച്ചുപൊട്ടും. ലോകത്തിലെ പാപങ്ങളൊക്കെയും യമന്റെ ആജ്ഞയനുസരിച്ചു്, ഏകാദശിനാളിൽ അന്നത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. മറ്റു സകലപാപങ്ങൾക്കും പ്രായശ്ചിത്തമുണ്ടു: ഹരിവാസരത്തിൽ ഊൺ കഴിച്ചുപോയാൽ പ്രായശ്ചിത്തമില്ല. അച്യുതദിനത്തിൽ അന്നം ഭക്ഷിച്ചാൽ, കാരോവറിന്നും ഒരോ കോടി ബ്രഹ്മഹത്യാപാപം നേരിടും. ഞാൻ വീണ്ടും വീണ്ടും പറയുന്നു; മനുഷ്യരേ, കേട്ടുകൊൾവിൻ, കേട്ടുകൊൾവിൻ: ഹരിവാസരത്തിൽ ഉണ്ണരുതേ, ഉണ്ണരുതേ!

ഗ്രഹണസമയത്തു ഗംഗ മുതലായ തീർത്ഥങ്ങളിൽ സ്നാനം ചെയ്യുമ്പോഴത്തെഫലം ഏകാദശി നോറ്റാൽ കിട്ടും. അന്നു ലക്ഷ്മീവല്ലഭനെ

Digitized By Kerala Sahitya Akademi

അമരമാലകം ചാത്തി പൂജിച്ചു വിധിപോലെ പാരണകഴിച്ചവനു വീണ്ടും മാതൃഗർഭം പൂകേണ്ടിവരില്ല. ഏകാദശിനാരം വിഷ്ണുക്ഷേത്രം അലംകരിയ്ക്കുന്നവൻ പരമഗതി നേടി വൈകുണ്ഠത്തിൽ വസിക്കും. പതിവായി ഏകാദശി നോല്ക്കുന്നവക്ക് എന്നെന്നും വിഷ്ണുപുരംതന്നെയായിരിക്കും പാപ്പിടം; തുളസിയുടെ പേരിൽ അകൃ ഭക്തിയുണ്ടെങ്കിൽ അവക്ക് എന്നെന്നും വിഷ്ണുപുരം തന്നെയായിരിക്കും പാപ്പിടം; പരമാർത്ഥത്തിൽ അഭിലാഷം ഇല്ലാത്തവരും, സന്തുഷ്ടചിത്തരുമായവരിലരോ അവക്ക് വൈകുണ്ഠപ്രാപ്തി തീർച്ചയാണ്; ദുർഭിക്ഷകാലത്തു ദേഹികൾക്ക് അന്നം നൽകുന്ന നരശ്രേഷ്ഠന്മാർ തീർച്ചയായും വിഷ്ണുസദനം പൂകും: ഗോവിനേയോ ബ്രാഹ്മണനേയോ സ്വാമിയേയോ സ്ത്രീയേയോ രക്ഷിപ്പാൻവേണ്ടി പ്രാണൻ കളയുന്നവക്കു വൈകുണ്ഠപ്രാപ്തി തീർച്ചയാണ്.

ദശമീസംബന്ധമുള്ള ഏകാദശി കരിയ്ക്കലും നോൽക്കരുത്; അതു ദുർജ്ജനസാമീപ്യംപോലെ വർജ്ജനീയമത്രേ. അരുണോദയത്തിൽ ദശമി അല്പമുണ്ടെങ്കിൽ ദ്വാദശി നോറ്റ് ത്രയോദശിയിൽ പാരണകഴിക്കുക. അരുണോദയത്തിൽ ദശമിയുടെ അവശേഷമുണ്ടെങ്കിൽ അന്നു വൈഷ്ണവൻ ഏകാദശീവ്രതം അനുഷ്ഠിക്കരുത്. നാലു നാഴികനേരമാണ് അരുണോദയം. അതു സന്ന്യാസിമാർക്ക് സ്നാനത്തിനുള്ള സമയമാകുന്നു; അപ്പോഴാരം എല്ലാ ജലവും ഗംഗയ്ക്കു ശരിയായിരിക്കും. അരുണോദയത്തിൽ ദശമീസംബന്ധമുള്ള ഏകാദശി നോറാൽ ധർമ്മവും അർത്ഥവും കാമവും നശിച്ചുപോകും. സപ്തപ്രാംപോലും ദശമി സ്പർശിച്ചിട്ടുള്ള ഏകാദശി അഭിജ്ഞൻ കൈക്കൊള്ളരുത്; ഒരിറു മദ്യംപോലും കുടിച്ചാൽ ഒരു കുടം നെയ്യു ത്യാജ്യമാകുമല്ലോ. ഏകാദശിയുടെ അവശേഷം ദ്വാദശിനാളിലുണ്ടായാൽ അന്നം സന്ന്യാസിമാർ നോൽക്കണം; ഗൃഹസ്ഥന്മാർ അലേനാരം മാത്രം നോറാൽ മതി. സപ്തപ്രാംനേരം ഏകാദശിയും, ബാക്കി ദ്വാദശിയുമാണെങ്കിൽ അന്നു നോറു ത്രയോദശിയിൽ പാരണ കഴിക്കുന്നതു ഒരുത്തരു പുണ്യയജ്ഞങ്ങൾക്കു തുല്യമത്രേ. സപ്തപ്രാംനേരം ഏകാദശിയും ബാക്കി ദ്വാദശിയുമാണെങ്കിൽ പരമഗതി തേടുന്നവൻ ദ്വാദശിമുഴുവൻ നോല്ക്കുകതന്നെവേണം. ഏകാദശിയുടെ അവശേഷം ദ്വാദശിയുടെ പ്രഭാതത്തോടു ചേന്നിട്ടുണ്ടെങ്കിൽ അന്നാണ് എല്ലാവരും നോൽക്കേണ്ടതു്.

ഏകാദശീവ്രതത്തിൽ മനസ്സുകതിയുള്ളവക്ക് സപ്തർഷിവാസം ലഭിയ്ക്കും—അവർ വിഷ്ണുസദനം പ്രാപിക്കും. ഏകാദശിയെക്കാൾ

Digitized By Kerala Sahitya Akademi

മീതെ പരലോകത്തെയ്ക്കതകന്നതായി മറവാന്നില്ല. എത്രയെത്ര പാപം ചെയ്യുവനും ഹരിവാസരവ്രതംകൊണ്ടു പാപമുക്തനായി വിഷ്ണുസദനമടയും. യാതൊരു സ്ത്രീ ഭർത്താവൊന്നിച്ചു ഹരിവാസരം നോൽക്കുന്നുവോ, അവർ നല്ല മക്കളോടുകൂടി ഭർത്തൃപ്രിയയായി ഭവിക്കും; മരിച്ചാൽ വൈകുണ്ഠം പൂകുകയും ചെയ്യും. ബ്രാഹ്മണോത്തമ, വിഷ്ണുദിനത്തിൽ യാവനൊരുത്തൻ വിഷ്ണുവിന്റെ മുമ്പിൽ കേറിയോടേ വിളക്കു വെയ്ക്കുന്നുവോ, അവന്റെ പുണ്യങ്ങൾക്കു കണക്കില്ല! ഏകാദശിനാളിൽ രാത്രിയിൽ ഭർത്താവുറങ്ങിച്ചു് ഉറക്കമിളയ്ക്കുന്ന സ്ത്രീ വളരെക്കാലം മണാളനൊന്നിച്ചു മാധവമന്ദിരത്തിൽ വാഴും. വിഷ്ണുവാസത്തിൽ വല്ലതുമൊന്നു വിഷ്ണുവിന്നു വഴിപാടുചെയ്യാൻ, അതുകൊണ്ടുള്ള പുണ്യം എന്നെന്നും ഒടുങ്ങുകയില്ല.

(കിളിപ്പാട്ട്—കാകളി)

ഉണ്ടായിരുന്നപോൽ കാഞ്ചനപത്തനേ
രണ്ടാം കുബേരനായ് വല്ലനെന്നൊരാൾ.
ഹേമപ്രഭയെന്നവന്റെ ഭാര്യയ്ക്കപേ-
രാമജ്ഞഗാത്രിയോ ടെയ്ക്കിലുമുത്തി താൻ!
വല്ലാത്ത വായാടിയാമവളെപ്പൊഴും
വല്ലനേട്ടു കശപിശ കൂട്ടുമേ.
നിച്ചിലുംവെച്ചു കഴിഞ്ഞായവളുണ്ണ,-
മുച്ചിഷ്ടമേ തുടക്കെക്കെ കൊടുത്തിട്ടു;
പച്ചത്തെറിയാലവനെസ്സകാരിയ്ക്കു-
മച്ചണ്ഡികാന്തനായ് ശ്ലാഘകൂട്ടും സദാ.
'ചാർത്രശാലിനി! ഞാനെ'ന്നു ചൊന്നവരം
ജാരനെത്തേടി നടക്കയും ചെയ്യുമേ!

ഏകദാപോയ് വന്നനേരത്തു, പാപങ്ങ-
ളാകെയിണങ്ങുമൊരുത്തിയെ വല്ലൻ
കെല്പിൽസ്സകാരിച്ചടിപ്പാൻ; ചൊടിച്ചു പൊ-
ന്നപ്പെണ്ണൊരേറെ വീട്ടിലൊളിച്ചതേ.
തരുതെയ്യിലാ ജലപാനവുമവ-
ളെരുതെന്നില്ലാതെയേറിടുമീറയാൽ;
അത്തിഥിതാകട്ടെ, ഭാര്യയോഗാൽ പരി-
വർത്തനൈകാദശിയായിരുന്നുമനേ;

Digitized By Kerala Sahitya Akademi

പിറേറദ്ദിവസമോ ശ്രാവണദ്വാദശി!
മറവും പുലർച്ചയുള്ള വീടണഞ്ഞൊരുവരം.
ശ്രീപതിനാളികേലൂൺ കഴിയ്ക്കായ്കയാൽ
പാപങ്ങളെല്ലാമൊഴിഞ്ഞ നല്ലാരവരം
അന്തനിശയിൽ മരിച്ചുപോയ്; തൽക്ഷണം
വന്ന യമദൂതർ കൊണ്ടുപോയീടുവാൻ.
മുറംത്തടി, വൻകയറെന്നിവ കൈക്കൊള്ളു-
മത്തടിയന്മാർ വരിഞ്ഞുകെട്ടീടവെ,
തത്രവന്നെത്തിനാർ ശംഖചക്രഗദാ-
ഹസ്തരാമച്യുതപാർഷദന്മാരഹോ!
പാശമറുത്താ നിരാലയാം സാധുജീവ-
പ്പൂരാതെ ദിവ്യമാം തേരേറിയാരവർ.
ആയവർ പൂഴി, സ്സുരക്ഷം സുദുഷ്പ്രാപ-
മായ ഹരിപുരം പൂകി വാണാളവരം.

ബ്രാഹ്മണശ്രേഷ്ഠ, ഹരിവാസരത്തിന്റെ മാഹാത്മ്യം ഞങ്ങ യോട് ഞാൻപറഞ്ഞു. ഇതു, വേണ്ടമെന്നില്ലാതെ നോറവർക്കുടി വി ഷ്ണുമന്ദിരം പ്രാപിക്കും! ഏകാദശിനാളിൽ വിഷ്ണുക്ഷേത്രത്തിൽ വിളക്കുവെച്ചാൽ, അടിക്കടി അശ്വമേധാധികമായ ഫലം സിദ്ധിക്കും. ഹരിവാസരത്തിൽ പുരാണവും മറവും ശ്രവിയ്ക്കുന്നവക്ക്, കാരോ അ ക്ഷരത്തിനും കാരോ പത്തുകുന്നത്തിന്റെ ഫലം കിട്ടും!"

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ഏകാദശീമാഹാത്മ്യകഥനം
പതിനഞ്ചാമദ്ധ്യായം.

———o———

പതിനാറാമദ്ധ്യായം

ശൌനകൻ:—"സൂത, ഏതുകർമ്മത്താലാണ് പാപം നശിയ്ക്കുകയും വിഷ്ണുകാരുണ്യം ലഭിക്കുകയും ചെയ്യുക? അതു സദയം പറഞ്ഞുതരിക."

സൂതൻ:—"ശൌനക, പാപനാശനമായ വിഷ്ണുകാരുണ്യം ഇന്നതുകൊണ്ടു ലഭിക്കുമെന്നു ഞാൻ പറയാം; ഇതുകേട്ടാൽത്തന്നെ പാ പശാന്തി വരും:

Digitized By Kerala Sahitya Akademi

യാവനൊരുത്തൻ പൌർണ്ണമാസിയിൽ ശ്രീലോകനാഥനെ ഭക്തിശ്രദ്ധാനിധനായി പൂജിയ്ക്കുന്നവോ, അവന്റെ തീവ്രപാപങ്ങളും കോടി ജന്മങ്ങളിലെ കില്ബിഷം നാശിയ്ക്കുകയും ലക്ഷ്മീവല്ലഭന്റെ കടാക്ഷം ലഭിയ്ക്കുകയും ചെയ്യും. ദ്വാദശിനാൾ ബ്രാഹ്മണനെ ഭക്തിപൂർവ്വം ഊട്ടിയാൽ, സൂര്യോദയത്തിൽ ഇരുട്ടെന്നപോലെ, പാപമെല്ലാം വിട്ടൊഴിയും. ദ്വാദശിനാൾ ദാമോദരനു പാലഭിഷേകം ചെയ്താൽ, തന്തിരുവടി തൽക്ഷണം പ്രസാദിയ്ക്കും.

വിഷ്ണുവിനു മന്ത്രംക്രടാതെ അപ്പിയ്ക്കുന്നതായാൽ പൂവു കല്ലായിത്തീരും! അപ്പിച്ചുവന്നു് അധോഗതിയും വരും. മുഖ്യബ്രാഹ്മണനു ചെയ്യുന്ന ദാനവും കല്ലിനു ശരിതന്നെ! അതിൽ ദാതാവിനു് ഒരു പുണ്യവും കിട്ടുകയില്ല. വിദ്യാവിഹീനനായ ബ്രാഹ്മണൻ മതിമറന്നു ദാനം വാങ്ങുന്നതായാൽ, അതു കാലാഗ്നിയെന്നപോലെ അവനെ ദഹിപ്പിച്ചുകളയും; അവൻ നരകം പൂകുകയും ചെയ്യും. മരംകൊണ്ടുണ്ടാക്കപ്പെട്ട ആന, ചിത്രത്തിലെ മൃഗം, വിദ്യാവിഹീനനായ ബ്രാഹ്മണൻ എന്നീ മൂവ്വർക്കും പേർ മാത്രമേ ഉള്ളൂ! വഴിയിലെ വെള്ളം കാറും വെയിലും തട്ടി വറ്റിപ്പോകുന്നതെപ്രകാരമോ, അപ്രകാരം വൈഷ്ണവനെ ഭക്തിപൂർവ്വം ദർശിച്ചാൽ കില്ബിഷം അറുതിപ്പെടും. ആശ്വിനപൌർണ്ണമാസിയിൽ, നെല്ലേത്ത മലരും കളിപ്പാൻ കവിടിയും വിഷ്ണുവിനു സമർപ്പിയ്ക്കുന്നവൻ പുനരാവൃത്തിയില്ലാതെ വൈകുണ്ഠം പുക്കു വാഴും; മൂഢതയാൽ സമർപ്പിയ്ക്കാത്തവനിലാകട്ടേ, ലക്ഷ്മീശൻ പ്രസാദിയ്ക്കുകയില്ല. ആശ്വിനപൂർണ്ണിമാതിഥിയിൽ എത്ര കവിടി സമർപ്പിയ്ക്കുന്നവോ, അത്രനാളം തീവ്രപാപങ്ങളും വൈകുണ്ഠത്തിൽ വസിയ്ക്കാം.

പണ്ടു കരവീരപുരത്തിൽ കാലദംഷ്ട്രൻ എന്നൊരു ശൂദ്രനുണ്ടായിരുന്നു. ഒരു ദയയില്ലാത്ത ഭയങ്കരനും തൻകായ്മംമാത്രം നോക്കി സ്വാമിയുടെ കായ്മം കെടുക്കുന്നവനുമായിരുന്നു അവൻ. ഒരുനാൾ അവൻ മരണമടഞ്ഞു. ഉടനേ ഭീഷണരായ യമകിങ്കരന്മാർ വന്നെത്തി, അവനെ കെട്ടിവരിഞ്ഞു കാലമന്ദിരത്തിലേയ്ക്കു കൊണ്ടുപോയി. അവനെ കണ്ടിട്ടു യമൻ മന്ത്രിയോടു ചോദിച്ചു:—'അഭിജ്ഞനായ ചിത്രഗുപ്ത, ഇവന്നു നന്മയോ തിന്മയോ എന്തുണ്ടു്? നോക്കിപ്പറയുക'.

ചിത്രഗുപ്തൻ:—'ഇവൻ സ്വാമികായ്മം കെടുത്ത പാപിയും ദുർവൃത്തനുമാണു്; പുണ്യം അണുപോലുമില്ല. ഒരു മനപന്തരം മുഴുവൻ നരകത്തിലിടണം; പിന്നെ ഈ നിർഭ്ഭാഗ്യൻ നാഗയോനിയിൽ പിറന്നു കല്പിളപ്പിനാളിൽ കഴിച്ചുകൂട്ടുമാറാകട്ടെ!'

ദേവശ്രേഷ്ഠ, കാലദംഷ്ട്രൻ അത്രയുംകാലം നരകത്തിൽ കിടന്നു; പിന്നെ നാഗയോനിയിൽ ജനിച്ചു് ഒരു കല്പിളപ്പിൽക്കിടന്നു കഷ്ടപ്പെ

Digitized By Kerala Sahitya Akademi

യ്ക്കുകയായി. അങ്ങിനെയിരിയ്ക്കെ ഒരാശ്വിന പൌർണ്ണമാസിയിൽ ആ നാഗം കുറെ മലരും കവിടിയും മടയിൽനിന്നു പുറത്തേയ്ക്കു ചിന്നിച്ചു; അതു വിഷ്ണുവിന്റെ മുമ്പിലാണു വീണതു്. തൽക്ഷണം, ദയാലുവും ദുഃഖഹർത്താവുമായ ഭഗവാൻ അതിന്റെ പാപമെല്ലാംനശിപ്പിച്ചു.

യഥാകാലം അതു മൃതിയടഞ്ഞപ്പോൾ, വളരെ യമഭടന്മാർ വന്നെത്തി അതിനെ ബന്ധിച്ചു യമാലയത്തിലേയ്ക്കു കൊണ്ടുപോകാൻ തുടങ്ങി. അപ്പോഴെയ്ക്കും, ശംഖചക്രഗദാപാണികളായ വിഷ്ണുപാർഷദന്മാർ വന്നുചേർന്നു കയർ മുറിച്ചുകളഞ്ഞു. പാപപുരുഷനായ അതിനെ ദിവ്യരഥത്തിൽ കേറ്റി. യമഭടന്മാരാകട്ടേ കുതിച്ചു പാഞ്ഞുകളഞ്ഞു! നാഗം വിഷ്ണുദൂതരാൽ ചുറ്റപ്പെട്ടു നാരായണാലയത്തിലെത്തി, പുനരാവൃത്തിയില്ലാതെ ഭഗവത്സന്നിധിയിൽ സ്ഥിതിചെയ്തു.

നൈചേയ മലരും കവിടിയും വിഷ്ണുവിനു ഭക്തിപൂർവം സമർപ്പിച്ചാലത്തെ പുണ്യം എന്തായിരിയ്ക്കും എന്നു് എനിക്കറിഞ്ഞുകൂടാ! ഈയൊരദ്ധ്യായം ശ്രവിച്ചാൽത്തന്നെ, ശ്രീനാരായണന്റെ കാരുണ്യത്താൽ പാപശാന്തി വരും."

ശ്രീപദ്മമഹാപുരാണം, ഭൂഖണ്ഡം, പൂർണ്ണിമാവിഷ്ണുപൂജന
മാഹാത്മ്യകഥനം പതിനാറാമദ്ധ്യായം.

—(o)—

പതിനേഴാമദ്ധ്യായം.

ശൌനകൻ:— "മഹാപ്രാജ്ഞനായുള്ളോവെ, കൃപാസമുദ്രമേ, വിഷ്ണുപാദജലത്തിന്റെ പാപനാശനമായ മാഹാത്മ്യം കൂടി പറഞ്ഞുതന്നാലും."

സൂതൻ:—"സർവപാതകങ്ങളെയും സംഹരിയ്ക്കുന്ന വിഷ്ണുപാദജലം ഒരിറ്റാടിയാൽ, എല്ലാ തീർത്ഥത്തിന്റേയും ഫലം കിട്ടും. ബ്രഹ്മൻ, ഒരു പാപി വിഷ്ണുപാദോദകം നുകരുന്നതായാൽ, അവന്റെ ദേഹത്തിലിരിയ്ക്കുന്ന പാപമെല്ലാം നശിച്ചുപോയ്ക്കൊള്ളും. വിഷ്ണുപാദജലം തൊട്ടാൽ മതി പാപം നീങ്ങാൻ! അതു ഗംഗാസ്നാനത്തിനൊക്കും; അകാല മൃതിയെ പോക്കും. തുളസീദളത്തോടുകൂടിയ വിഷ്ണുപാദോദകം ഭക്തിയോടെ തലയിലാടിയാൽ അന്ത്യകാലത്തു വൈകുണ്ഠമടയാം. മഹാമേരുവോളം സ്വർണ്ണം ദാനം ചെയ്താലത്തെ

Digitized By Kerala Sahitya Akademi

ഫലം, വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും! ആയിരം കോടി യാഗം കഴിച്ചതിന്റെ കോടിമടങ്ങു ഫലം, വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും. ഒരു കോടി പെങ്കൊട നടത്തിയാലത്തെക്കാൾ ഫലം, വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും! ഏഴുകോടി ഗജങ്ങളെ ദാനംചെയ്താലത്തെ ഫലം വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും! സസ്യങ്ങളോടുകൂടിയ ഭൂമി മുഴുവൻ ദാനംചെയ്താലുള്ളതിനെക്കാൾ കവിഞ്ഞ ഫലം, വിഷ്ണുപാദോദകം സ്പർശിച്ചാൽ കിട്ടും! എന്തിനേറെ? ചുരുക്കിപ്പറയാം: വിഷ്ണുപാദോദകം സ്പർശിച്ചാൽ പാപിപോലും വൈകുണ്ഠം പ്രാപിക്കും!"

ശൌനകൻ:—"സ്പർശിക്കുകയോ നക്കുകയോ ചെയ്യുകയാൽ പണ്ടു് ആരാണു് വൈകുണ്ഠം പ്രാപിയ്ക്കുകയുണ്ടായതു്? ദയചെയ്തു പറഞ്ഞാലും."

സൂതൻ:—"പണ്ടു ത്രേതായുഗത്തിൽ, സുദർശനൻ എന്നൊരു പാപി ബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാൾ പതിവായി ഏകാദശി നാളിലും മറ്റും ഊൺകഴിച്ചുകളയും; ശാസ്ത്രങ്ങളും വ്രതങ്ങളും എന്നിവയെ എപ്പോഴും നിന്ദിയ്ക്കും; തന്റെ വയർ എന്നല്ലാതെ മറ്റൊരു വിചാരവും അയാൾക്കില്ലായിരുന്നു. കാലം വന്നപ്പോൾ അയാൾ മൃതിയടഞ്ഞു. യമഭടന്മാർ വന്നു കെട്ടി അയാളെ യമാലയത്തിലേക്കു കൊണ്ടുപോയി. അയാളെ കണ്ടിട്ടു് അരിശംകൊണ്ട കാലൻ അമാത്യനോടരുളിച്ചെയ്തു:—'മന്ത്രീ, ഇയ്യാൾക്കുള്ള പുണ്യമോ പാപമോ നോക്കിപ്പറയുക.'

ചിത്രഗുപ്തൻ:—'തിരുമേനി, ഇയ്യാൾക്കു പാപമേ ഉള്ളൂ; പുണ്യം' അണുപോലുമില്ല: ഹരിവാസരങ്ങളിലെല്ലാം ഇയ്യാൾ ഊൺകഴിച്ചിരുന്നു. വിഷ്ണുദിനത്തിൽ ഭക്ഷണം കഴിയ്ക്കുന്ന നികൃഷ്ടനാണ്ടാൻ അമേധ്യം ഭുജിച്ചുകൊണ്ടു ഘോരനരകത്തിൽ കിടക്കണം. ഒരു മന്വന്തരം മുഴുവൻ ഇയ്യാളെ നരകത്തിലിട്ടാലും. പിന്നീടു പീപ്പന്നിയായി പിറക്കട്ടെ.'

യമൻ അങ്ങനെതന്നെ അയാളെ ഭയങ്കരമായ യമകിങ്കരന്മാർ ഒരു നൂറു മന്വന്തരം മുഴുവൻ പൂരീഷത്തിൽ കിടത്തി. അതിൽ നിന്നു വിട്ടയയ്ക്കപ്പെട്ടപ്പോൾ, അയാൾ ഭൂമിയിൽ ഒരു പീപ്പന്നിയായി പിറന്നു, ഹരിവാസരഭോജനം നിമിത്തം വളരെക്കാലം നരകമനുഭവിച്ചു; പിന്നീടു മരണമടഞ്ഞിട്ടു കാക്കയായി ജനിച്ചു് അമേധ്യം ഭുജിച്ചുപോന്നു. ഒരുദിവസം വിഷ്ണുവിന്റെ പാദജലം നടയ്ക്കൽനിന്നു കുടിയ്ക്കുകയാൽ ആ കാക്കയുടെ പാപമെല്ലാം വിട്ടൊഴിഞ്ഞു. അന്നതന്നെ അതു് ഒരു കൂട്ടാളന്റെ വലയിൽ കുടുങ്ങി ചത്തുപോയി. ഉട

Digitized By Kerala Sahitya Akademi

നേ, രാജഹംസങ്ങളെ പൂട്ടിയ ഒരു ദിവ്യമംഗളരഥം വന്നെത്തി; അതിൽ കേറി ആ കാകൻ വിഷ്ണുമന്ദിരത്തിൽ ചെന്നു ചേരുകയും ചെയ്തു.

ഒരു പാപിപോലും ഈ വിഷ്ണുപാരോക്കമാഹാത്മ്യം ശ്രവിച്ചാൽ, അവനും പാപശാന്തി വരും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, വിഷ്ണുപാരോക്കമാഹാത്മ്യകഥനം പതിനേഴാമദ്ധ്യായം.

——— (o) ———

പതിനെട്ടാമദ്ധ്യായം

ശൌനകൻ:—"സൂത, മതിമറന്നു് അഗമ്യാഗമനം ചെയ്യുന്നവനു് എന്തുകൊണ്ടാണു് ശുദ്ധികിട്ടുക?"

സൂതൻ:—"ദ്വിജോത്തമ, ബ്രാഹ്മണൻ ശൂദ്രചണ്ഡാലസ്ത്രീയെ പ്രാപിച്ചുപോയാൽ മൂന്നുപവാസം കഴിച്ചിട്ടു പ്രാജാപത്യം അനുഷ്ഠിക്കണം; പിന്നെ ശിരസ്സു മുഴുവൻ മുണ്ഡനം ചെയ്യണം; രണ്ടു പഞ്ചഗവ്യവും കഴിക്കണം. എന്നേ ശുദ്ധിവരൂ. ക്ഷത്രിയനോ വൈശ്യനൊ ചണ്ഡാലിയെ ഗമിച്ചാൽ പ്രാജാപത്യവും കൃച്ഛ്രവും ആചരിച്ചു്, രണ്ടു ഗോമിഥുനങ്ങളെ (പയ്യിനേയും കാളയേയും) ദാനംചെയ്യണം; ശൂദ്രൻ ശൂദ്രചണ്ഡാലസ്ത്രീയെ ഗമിച്ചാൽ നാലുഗോമിഥുനങ്ങളെ ദാനംചെയ്യണം; പ്രാജാപത്യവും കഴിക്കണം. വ്യാമോഹത്താൽ അമ്മയേയൊ പെങ്ങളേയൊ മകളേയൊ സ്നുഷയേയൊ പ്രാപിച്ചുപോയാൽ മൂന്നു കൃച്ഛ്രവും ചാന്ദ്രായണവും കഴിച്ചു മൂന്നു ഗോമിഥുനങ്ങളെ ദാനംചെയ്യണം; തല മൊട്ടയടിച്ചു പഞ്ചഗവ്യം സേവിച്ചു് അഗ്നിയിൽ ഹോമവും നടത്തണം; എന്നാലേ ശുദ്ധിവരൂ.

പിതൃഭാര്യ, അമ്മയുടെ സോദരി, ഗുരുപത്നി, മാതുലപത്നി, ഭ്രാതൃഭാര്യ, സഗോത്രത്തിൽ ജനിച്ചവൾ എന്നിവരെ മതിമറന്നു സംഗിച്ചാൽ, രണ്ടു പ്രാജാപത്യവും മൂന്നു ചാന്ദ്രായണവും ചെയ്തു് അഞ്ചുഗോമിഥുനങ്ങളെ ബ്രാഹ്മണർക്കു നൽകണം; എന്നാൽ തീച്ചയായും ശുദ്ധിവരും. പയ്യിനെ സംഗിച്ചാൽ ശുദ്ധിക്കായി മൂന്നുപവാസവും ഒരു പഞ്ചഗവ്യവും അന്നദാനവും ചെയ്യണം. വേശ്യ, പെൺകഴുത, പെൺപന്നി, പെൺകുരങ്ങു്, എരുമ എന്നിവരെ സംഗിച്ചവൻ കഴുത്തോളം ചാണകത്തിലാറങ്ങി മൂന്നാമാം നിരാഹാരനായി നില്ക്കണം; തല

Digitized By Kerala Sahitya Akademi

മൊട്ടയടിച്ചു വീണ്ടും മൂന്നാം ഉപവസിച്ചു്, ഒരു ദിവസം വെള്ളത്തിൽ നിൽക്കണം. എന്നാൽ ശുദ്ധിപ്പെടും. കാമത്താൽ മതിമറന്നു ബ്രാഹ്മണസ്ത്രീയെ പുണർന്നവൻ മൂന്നു പ്രാജാപത്യവും മൂന്നു ചാന്ദ്രായണവും മൂന്നു പഞ്ചഗവ്യവും സേവിച്ചു രണ്ടു പഞ്ചഗവ്യാനം കഴിക്കണം. പരാംഗനയെ പ്രാപിച്ചവൻ കൃച്ഛ്രവും സാന്തപനവും അനുഷ്ഠിക്കണം. ശ്രേയോവിരോധിയത്രേ പരസ്ത്രീഗമനം; അതിനാൽ അതു ചെയ്തുപോകരുതു്. നീചയായ അവർണ്ണസ്ത്രീയെ ഗമിച്ചവൻ ഓരോ പ്രാജാപത്യവും കൃച്ഛ്രവും ചെയ്താൽ ശുദ്ധിയടയും.

പെണ്ണു ചെന്തീക്കനല്ലൊരുത്തോം; നൈക്കടം പോലെയാം പുമാൻ;
ഒരിക്കലും വസിച്ചീടൊല്ലവം തന്നരികത്തവൻ.

ഒരു സ്ത്രീയ്ക്കു ജാരസംസർഗ്ഗത്താൽ ഗർഭമുണ്ടായിപ്പോയാൽ, ആ കുലഘാതിനിയെ ഉപേക്ഷിയ്ക്കുകതന്നെ വേണം; അതിൽ ഒരു ദോഷവുമില്ല. സ്വന്തം ബന്ധുക്കളെ വെടിഞ്ഞു ഗൃഹത്തിൽ നിന്നു ചാടിപ്പോയവളും കുലഭ്രഷ്ടതന്നെ; അവളെ വീണ്ടും കൂട്ടത്തിൽ കൂട്ടിക്കൂടാ. വ്യാമോഹത്താൽ പരപുരുഷനെ പ്രാപിച്ച സ്ത്രീ പ്രാജാപത്യവും കൃച്ഛ്രവും അനുഷ്ഠിച്ചു, പഞ്ചഗവ്യം സേവിച്ചു, രണ്ടു പഞ്ചഗവ്യാനം ചെയ്താൽ ശുദ്ധയാവും; കഥയില്ലാതെ ഒരു ബ്രാഹ്മണസ്ത്രീ പരപുരുഷനെ ഗമിച്ചുപോയാൽ, അവളെ ത്യജിയ്ക്കുകതന്നെ വേണം; അതിൽ ഒരു ദോഷവുമില്ല. ഒരു ബ്രാഹ്മണൻ കാമാന്ധതയാൽ ബ്രാഹ്മണസ്ത്രീയെ പുണർന്നുപോയാൽ, ഗോതില ദാനംകൊണ്ടു ശുദ്ധിയടയും.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, അഗമ്യാഗമന
പ്രായശ്ചിത്തകഥനം പതിനെട്ടാമദ്ധ്യായം.

———(o)———

പതിനാമ്പതാമദ്ധ്യായം.

സൂതൻ:—മഹർഷേ, മലമൂത്രങ്ങളോ മദ്യമോ അറിയാതെ തൊട്ടുപോയാൽ, എങ്ങിനെ ശുദ്ധിവരുമെന്നു കേട്ടുകൊൾക: രണ്ടു പ്രാജാപത്യവും തീർത്ഥയാത്രയും ചെയ്യണം; പതിനൊന്നു കാളകളെ നൽകണം; പിന്നെ തല മൊട്ടയടിച്ചു നാൽക്കൂട്ടം വഴിയിൽചെന്നു രണ്ടു പൈക്കളെ ദാനംചെയ്യണം; പഞ്ചഗവ്യം സേവിയ്ക്കണം; ബ്രാഹ്മണനെ ഊട്ടുകയും

Digitized By Kerala Sahitya Akademi

വേണം. എന്നാൽ ശുദ്ധിവരും. ചണ്ഡാലന്റെ അന്നപാനങ്ങൾ ആ പൽക്കാലത്തു് അറിഞ്ഞുകൊണ്ടതന്നെ ഭുജിച്ചുപോയാൽ, കൃച്ഛ്രവും ചാന്ദ്രായണവും അനുഷ്ഠിയ്ക്കണം; ശിരസ്സുമുഴുവൻ മുണ്ഡനംചെയ്യണം; പഞ്ചഗവ്യം സേവിയ്ക്കണം; ഒന്നോ രണ്ടോ മൂന്നോ നാലോ പൈക്കളെ ബ്രാഹ്മണന്ക്ക് മുറയ്ക്കു ദാനംചെയ്യണം.

ശൂദ്രന്റേയും ഈറ്റു പുലക്കാരന്റേയും അന്നവും, മറ്റു് അഭോജ്യങ്ങളായ അന്നപാനങ്ങളും ശൂദ്രന്റെ ഉച്ഛിഷ്ടവും അതുപൽക്കാലത്തു് അറിഞ്ഞുകൊണ്ടതന്നെ ഭുജിച്ചവൻ രണ്ടു പ്രാജാപത്യവും മൂന്നു ചാന്ദ്രായണവും രണ്ടു പഞ്ചഗവ്യവും കഴിച്ചു് പഞ്ചഗവ്യം സേവിക്കണം; അഗ്നിയിൽ ഹോമംചെയ്തു വളരെ ബ്രാഹ്മണരെ ഊട്ടുകയും വേണം. എലിയോ കീരിയോ പൂച്ചയോ തിന്ന ചോറിന്നു് എള്ളും ദർഭയും ചേർന്ന വെള്ളം തളിച്ചാൽ ശുദ്ധിയായി. മൂന്നുതരം ഉള്ളി, മുരിങ്ങ, ചുരങ്ങ, മാംസം എന്നിവ ഭക്ഷിച്ചാൽ ചാന്ദ്രായണം ആചരിക്കണം.

മദ്യമാംസങ്ങൾ കഴിക്കുന്നവനും നിഷ്ഫലകർമ്മങ്ങൾ ചെയ്യുന്നവനുമായ ശൂദ്രനെ ബ്രാഹ്മണൻ ഒരു പറയനെ എന്നപോലെ ദൂരെ വർജ്ജിക്കണം. ബ്രാഹ്മണശുശ്രൂഷയാകുന്ന സ്വകർമ്മത്തിൽ ശ്രദ്ധാലുക്കളും മദ്യമാംസങ്ങൾ കഴിക്കാത്തവരും മാനശീലരുമായിട്ടുള്ളവരത്രേ ഉത്തമ ശൂദ്രന്മാർ. പൊറോപുലയോ ചത്തപുലയോ ഉള്ളവന്റെ അന്നം അറിയാതെ ഭക്ഷിച്ചു ബ്രാഹ്മണൻ ഗായത്രി പതിനായിരമുരു ജപിച്ചാൽ ശുദ്ധനാവും; ക്ഷത്രിയൻ മൂവായിരവും വൈശ്യൻ അയ്യായിരവും ജപിക്കണം; ശൂദ്രൻ പഞ്ചഗവ്യം സേവിച്ചാൽ മതി. താന്നജാതിക്കാരന്റെ പാത്രത്തിലെ നെയ്യോ തയിരോ വെള്ളമോ അറിയാതെ ഭുജിച്ചാൽ പ്രാജാപത്യവും വളരെ മാനവും ഹോമവും കഴിക്കണം; തല മൊട്ടയടിച്ചു് ഒരു നാൾ ഉപവസിക്കുകയും ചെയ്യണം. ശൂദ്രന്നു് മാനംകൊണ്ടതന്നെ ശുദ്ധിവരും. താന്നവരാൽ വടികൊണ്ടോ മറേറാ പ്രഹരിക്കപ്പെട്ടവൻ പ്രാജാപത്യചാന്ദ്രായണങ്ങളും മുണ്ഡനവും കഴിച്ചു് പഞ്ചഗവ്യം സേവിക്കുകയും, രണ്ടു പൈക്കളെ നൽകുകയും അഗ്നിയിൽ അന്നം മുതലായവ ഹോമിക്കുകയും ചെയ്യണം. യാദൃച്ഛയാ അറിയാതെയെങ്കിലും, കള്ളുകുടിയന്റെ ഗൃഹത്തിൽ ഊൺകഴിച്ചവനെ ജാതിയിൽനിന്നു തള്ളണം. പയ്യിന്റെ ചിന നശിപ്പിക്കുക, ഇലനാളുകുക, കനകം മോഷ്ടിക്കുക എന്നിവ ചെയ്തവൻ മുന്നു പ്രാജാപത്യം അനുഷ്ഠിച്ചു്, തല മൊട്ടയടിച്ചു്, പഞ്ചഗവ്യം സേവിച്ചു്, വഴിപോലെ ഹോമവും മൂന്നു ചാന്ദ്രായണവും ചെയ്യണം; എന്നാലെ അവന്റെ അന്നപാനങ്ങൾ കൈയ്ക്കൊണ്ടുകൂടൂ.

മുന്നാംരാവിലേമാത്രം താനേ കിട്ടിയതു ഭക്ഷിക്കുക; മുന്നാംവൈകുന്നേരം മാത്രം; മൂന്നാം ഒരിക്കലും ഭക്ഷിക്കാതിരിക്കുക; ഇതു

Digitized By Kerala Sahitya Akademi

ത്രേ പ്രാജാപത്യവ്രതം. രണ്ടുനാൾ പഞ്ചഗവ്യവും ഒട്ടജലവും സേവിച്ച് ഒരുനാൾ ഉപവസിക്കുക എന്നതാകുന്നു, സർവപാപപ്രണാശനമായ കൃച്ഛ്രം. മൂന്നാൾ രാവിലെയും വൈകുന്നേരവും താനേ കിട്ടിയ ചോറ് ഓരോ ഉരുള ഉണ്ണുകയും മൂന്നാൾ പട്ടിണികിടക്കുകയുമത്രേ അതികൃച്ഛ്രം എന്നത്. മൂന്നാൾ ക്രുദ്ധന്മാൾ കാച്ചിയ പാലൊ നെയ്യോ വെള്ളമോ കുടിക്കുക, ഒരിക്കൽ കളിക്കുക; ഇതു പാപഹരമായ തപ്തകൃച്ഛ്രമത്രേ. തപോധന, പന്തിരണ്ടുദിവസം പട്ടിണികിടക്കുക എന്നത് പ്രസിദ്ധമായ പരാകകൃച്ഛ്രമാകുന്നു. വെളുത്തപക്ഷത്തിൽ ഓരോ ഉരുള വീതം കൂട്ടുക, കറുത്തപക്ഷത്തിൽ കുറയ്ക്കുക, അമാവാസിയിൽ ഒന്നും കഴിക്കാതിരിക്കുക; ഇതാണ് ചാന്ദ്രായണവ്രതം. മനസ്സുറപ്പിച്ച് രാവിലെയും വൈകുന്നേരവും നന്നാലുരുളമാത്രം ഉണ്ണുന്നതു് ശിശുചാന്ദ്രായണം. കുമ്പളം നശിപ്പിച്ച സ്ത്രീ മൂന്നാൾ പഞ്ചഗവ്യം സേവിച്ച് അഞ്ചു കുമ്പളങ്ങ സ്വർണ്ണവസ്ത്രങ്ങളോടുകൂടി ദാനം ചെയ്യണം; എന്നാലേ അവളുടെ അന്നപാനങ്ങൾ ശ്രാദ്ധങ്ങളാവൂ."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, അക്ഷയ്യഭക്ഷണപ്രായശ്ചിത്തനിരൂപണം പത്തൊമ്പതാമദ്ധ്യായം.

(o)

ഇരുപതാമദ്ധ്യായം.

ശൌനകൻ:—"സൂത, കലികാലത്തു്, തമസ്സാകുന്ന പൊട്ടക്കിണറിലെ തവളകളായ മനുഷ്യർ എന്തൊരു സുകൃതം ചെയ്താലാണ് സംസാരസമുദ്രത്തിൽനിന്നു് കരകേറുക?"

സൂതൻ:—"രാധാകൃഷ്ണന്മാക്ക് പ്രിയപ്പെട്ടതായ കാർത്തികമാസത്തിൽ പ്രാതഃസ്നാനം കഴിച്ച് രാധാകൃഷ്ണന്മാരെ ഭക്തിശ്രദ്ധകളോടേ പൂജിക്കുകയും, മാംസവും മദ്യവും വർജ്ജിക്കുകയും, ഭർത്താവിനെ ശുശ്രൂഷിക്കുകയും ചെയ്യുന്ന സ്ത്രീ ഏറ്റവും ദുഷ്പ്രാപമായ ഗോലോകം എന്ന ഭഗവൽസ്ഥാനത്തു ചെന്നുചേരും. കാർത്തികത്തിൽ രാധാമാധവന്മാക്ക് ധൂപവും ദീപവും നൽകുന്നവർ പാപംനീങ്ങി വിഷ്ണുസദനം പ്രാപിക്കും. കാർത്തികത്തിൽ രാധാകൃഷ്ണക്ഷേത്രത്തിലേയ്ക്ക് വസ്ത്രം നൽകുന്ന സ്ത്രീ വളരെക്കാലം വാസുദേവാലയത്തിൽ വസിക്കും. കാർത്തി

Digitized By Kerala Sahitya Akademi

കത്തിൽ രാധാകൃഷ്ണന്മാക്ക് സൌരഭ്യമുള്ള പൂവും മാലയും നൽകുന്നവരം വൈകുണ്ഠം പൂകും. കാത്തികത്തിൽ രാധാകൃഷ്ണന്മാക്ക് ഗന്ധദ്രവ്യവും പഞ്ചസാര മുതലായ നൈവേദ്യവും നൽകുന്നവരം മാധവമന്ദിരത്തിൽ ചെന്നുചേരും. കാത്തികത്തിൽ രാധാകൃഷ്ണപ്രീതിക്കായി വല്ലതുമൊന്നു ബ്രാഹ്മണന്ന് നൽകുന്നവരംക്ക് അക്ഷയമായ പുണ്യം കിട്ടും. കാത്തികമാസത്തിൽ രാവിലെ രാധാകൃഷ്ണന്മാരെ ഭക്തിപൂർവ്വം പൂജിക്കാത്തവളാകട്ടെ, വളരെക്കാലം നരകത്തിൽ വസിക്കും; പിന്നീട് ജന്മംതോറും വിധവയായിട്ടോ ഭർത്താവിന്നു രുചിക്കാത്തവളായിട്ടോ തീരുകയും ചെയ്യും.

കൈരളകോട്ടിക്കളിപ്പാട്ട്—'ദാരുകാമന്ദിരം'പോലെ.

മുന്നം ത്രേതായുഗത്തിങ്കൽ-ധന്യമാം സൌരാഷ്ട്രനാട്ടിൽ
പാർത്തിരുന്നപോലുമൊരു-ശൂദ്രവംശൻ ശങ്കരാഖ്യൻ.
പാകംകെട്ട തൽപ്രിയയ്ക്കു-പേർ കലിപ്രിയയെന്നത്രേ;
പുല്ലവംക്ക മൂവും ഭർത്താ-വുള്ളമൊരു ജാരങ്കലാം!
'ഒത്തവനല്ലിയ്യാളെന്ന്-ക്കദ്ദേഹമാണെന്റെ നാഥൻ'
എന്നു,വള്ളുള്ളിഷ്ടമേകി-വന്ന ഭർത്താവിന്നു നിത്യം;
ബുദ്ധി കെട്ട നീചസംഗാൽ-മദ്യമാംസം ചെലുത്തിട്ടും;
നിത്യമവരം ഭർത്താവിനെ-നിർദ്ദയമായ് ശ്ലാഘരിക്കും.
'കാലുകെട്ടായ് ത്തീർന്നിതിയ്യാൾ-കാലന്നും വേണ്ടാത്തവനോ!
ചത്തുവെങ്കിൽ യഥേഷ്ടം മേ-മത്തടിക്കാമായിരുന്നു!
എന്നനണ്ണി,ജാരനോട്-മൊന്നിച്ചന്യനാട്ടിൽപ്പോകാൻ
സംകേതം നിശ്ചയിച്ചിട്ടാ-ക്കൈങ്കേമത്തി രാത്രിയിങ്കൽ
സുപ്തനാം ഭർത്താവിൻ തല-കത്തികൊണ്ടു വെട്ടിത്താൻതാൻ
നിർദ്ദിഷ്ടമാം സ്ഥലത്തിങ്ക-ലെത്തിച്ചേർന്നാളെന്നോ വേണ്ടൂ!

അന്നേരത്താജാരനൊരു-വൻ നരിക്കു തീനായ് ക്കാണായ്!
ഹാഹാ എന്നു കേണാത്മവം-മോഹാലസ്യപ്പെട്ടു വീണാൾ;
പിന്നൊച്ചിരാൽ ബോധംപൂണ്ടു-ചിന്തയായി വിലപിച്ചാൾ:—
'വന്നേൻ സ്വന്തം കണവനെ-ക്കൊന്ന ജാരനോടു ചേരാൻ;
എന്നാഥനായാളോ ,ദൈവാൽ-വൻനരിക്കുതീനായിപ്പോയി!
എന്തുചെയ്യുമെങ്ങുപോകും-ഹന്ത, ഭാഗ്യം കെട്ടവൾ ഞാൻ!!'

ബ്രാഹ്മൻ, കലിപ്രിയ പിന്നെ സ്വഗൃഹത്തിലേയ്ക്കുതന്നെ തിരിച്ചു. അവൾ ഭർത്താവിന്റെ മുഖത്തു മുഖംചേർത്തു വിലപിക്കുകയായി:—'ഹാ, പ്രാണനാഥ, എന്തൊരു കടുംകയ്യാണു ഞാൻ ചെയ്തുകളഞ്ഞതു! ഞാൻ എന്തുലോകം പൂകും! നാഥ, വല്ലതുമൊന്നു സംസാരി

Digitized By Kerala Sahitya Akademi

ക്കണേ! അതിനിന്ദിതയായ ഞാൻ അങ്ങയെ തോന്നിയപോലെയെല്ലാം ശകാരിച്ചിരുന്നുവല്ലോ; അതിന്ന് ഒരക്ഷരവും അവിടുന്നു പറയാറില്ല! ഭർത്താവെ, എന്റെ പാപത്തിന്നു പ്രതിവിധിയില്ല തന്നെ!'

ആ സ്ത്രീ ഭർത്താവിന്റെ കാൽക്കൽ നമസ്കരിച്ചു മറെറാരു നഗരത്തിലേയ്ക്കു നടകൊണ്ടു. അവിടെ ചെന്നപ്പോൾ, അനവധി വൈഷ്ണവസജ്ജനങ്ങൾ കാർത്തികമാസമാകയാൽ നദിയിൽ പ്രാതഃസ്നാനം കഴിയ്ക്കുന്നതു കാണുമാറായി. സ്ത്രീകളും ആ നദിയിൽ കളിച്ചു ശംഖനാദഗന്ധപുഷ്പധൂപദീപങ്ങൾകൊണ്ടും വസ്ത്രങ്ങൾകൊണ്ടും പലതരം ഫലങ്ങൾ കൊണ്ടും രാധാമാധവന്മാരെ ഭക്തിപൂർവ്വം പൂജിയ്ക്കുന്നുണ്ടായിരുന്നു. അതു കണ്ടിട്ട് അവൾ താഴ്മയോടേ ചോദിച്ചു. 'അല്ലയോ സ്ത്രീകളേ നിങ്ങൾ ഈ ചെയ്യുന്നതെന്താണ്?"

സ്ത്രീകൾ:—'അമ്മേ, എല്ലാമാസങ്ങളിലും വെച്ചു ശ്രേഷ്ഠമായ കാർത്തികത്തിൽ, സർവപാപഹരന്മാരായ ശ്രീരാധാമാധവന്മാരെ പൂജിയ്ക്കുകയാണ് ഞങ്ങൾ.'

ആ ക്ഷേത്രത്തിൽ ചെന്നതുകൊണ്ടുതന്നെ അവൾക്കു കോടിജന്മങ്ങളിലെ പാപം നീങ്ങിപ്പോയി; പോരെങ്കിൽ, അവൾ ഹരിവാസരത്തിൽ മാംസം വർജ്ജിച്ചു പൂജിക്കുകയുമുണ്ടായി. അതുനിമിത്തം നിർമ്മലയായിച്ചമഞ്ഞ ആ സ്ത്രീ ഒരു പൌർണ്ണമാസിയിൽ കാലധർമ്മമടഞ്ഞു. ഉടനേ യമകിങ്കരന്മാർ അവളെ കൊണ്ടുപോകാനായി വന്നു കോപത്തോടേ തോൽക്കയറുകൾ കൊണ്ടു വരിഞ്ഞുകെട്ടി. അപ്പോഴെയ്ക്കും, ശംഖചക്രഗദാപത്മങ്ങൾ കൈക്കൊണ്ടു വനമാലയണിഞ്ഞ വിഷ്ണുദൂതന്മാർ ഒരു തങ്കവിമാനവുമായി വന്നെത്തി, യമഭടന്മാരെ ചക്രം കൊണ്ടു പ്രഹരിച്ചു; അവർ കൃതിച്ചോടി. ആ സ്ത്രീയാകട്ടെ, രാജഹംസങ്ങളെ പൂട്ടിയ പൊന്നിൻ വിമാനത്തിലേറി, പാർഷദരാൽ പരിവൃതയായി വിഷ്ണുമന്ദിരത്തിൽ ചെന്നെത്തി, അവിടെ വേണ്ടുന്ന സുഖമെല്ലാം അനുഭവിച്ചുംകൊണ്ടു വളരെക്കാലം വസിച്ചു. കാർത്തികത്തിൽ രാധാകൃഷ്ണന്മാരെ പൂജിയ്ക്കുന്നവർ പാപം നീങ്ങി, മനോഹരമായ ഗോലോകം പൂകുകതന്നെ ചെയ്യും. ഒരു സ്ത്രീയോ പുരുഷനോ ഇതു ഭക്തിപൂർവ്വം മനസ്സിരുത്തി കേട്ടാൽതന്നെ, അവർക്കു കോടിജന്മങ്ങളിലെ പാപം വിട്ടൊഴിയും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, രാധാകൃഷ്ണപൂജാ
മാഹാത്മ്യകഥനം ഇരുപതാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

ഇരുപത്തൊന്നാമദ്ധ്യായം

ശൌനകൻ:—"സൂത, മാസങ്ങളിലെല്ലാം മീതെയായ കാർത്തികത്തിന്റെ വിധിയും നിയമങ്ങളും വഴിപോലെ പറഞ്ഞുതന്നാൽ കൊള്ളാം."

സൂതൻ:—"ബ്രാഹ്മണശ്രേഷ്ഠ, ആശ്വിനപൌർണ്ണമാസി മുതൽ പ്രബോധനിവരെയാണു് കാർത്തികവ്രതം ആചരിക്കേണ്ടതു്. വ്രതക്കാരൻ രാവിലെ വടക്കോട്ടും വൈകുന്നേരം തെക്കോട്ടും തിരിഞ്ഞിരുന്നു മൌനത്തോടേ മലമൂത്രവിസർജ്ജനം ചെയ്യണം; വഴി, വെള്ളം, ഗോശാല, ശ്മശാനം, പുറവ് എന്നിവിടങ്ങളിൽ മലമൂത്രങ്ങളേ വിസർജ്ജിക്കരുതു്. നല്ല മണ്ണെടുത്തു വെള്ളവും കൂട്ടി ഇടത്തേക്കയ്യുകൊണ്ടു് ഇരുപതുരു ശൌചം ചെയ്യണം; പിന്നെ കൈ രണ്ടും പതിപ്പുത്തുരുവും, കാലുകളും മുമ്മൂന്നുരുവും കഴുകി, മുഖത്തുടിയും വരുത്തി സ്നാനസങ്കല്പം ചെയ്യണം." മനസ്സിൽ മാധവനെ ധ്യാനിച്ചു ഈ മന്ത്രം ഉച്ചരിക്കണം:

'കാർത്തികേഹം കരിഷ്യാമി പ്രാതഃസ്നാനം ജനാർദ്ദന
ദാമോദരസ്യപ്രീത്യർത്ഥം രാധായാഃ പാപനാശനം
നമഃ പങ്കജനാഭായ കൃഷ്ണായ ജലശായിനേ
നമസ്തേ രാധയാസാർദ്ധം ഗൃഹാണാർഘ്യം പ്രസീദമേ.'

സ്നാനംകഴിച്ചിട്ടു വഴിപോലെ തിലകം തൊടണം. ഊർദ്ധ്വപുണ്ഡ്രം (ഗോപിക്കുറി) ഇല്ലാതെ ഏതു കർമ്മം ചെയ്താലും അതിനു ഫലം കിട്ടുകയില്ല; തീർച്ചതന്നെ. ഊർദ്ധ്വപുണ്ഡ്രരഹിതമായ മനുഷ്യശരീരം കാണുകയേ അരുതു്; കണ്ടുപോയാൽ സൂര്യനെ ദർശിച്ചുകൊള്ളണം. നെറ്റിമേൽ ഗോപിമണ്ണുകൊണ്ടുള്ള വെളുത്ത ഊർദ്ധ്വപുണ്ഡ്രമുണ്ടെങ്കിൽ, ചണ്ഡാലൻക്രൂടി പരിശുദ്ധനും പൂജ്യനുമാകുന്നു. ഇടയിടാതെ ഗോപിക്കുറി തൊടുന്നതാരൊ, ആ നരാധമന്റെ നെറ്റിമേൽ എപ്പോഴും നായയുടെ കാലുതന്നെ!

പിന്നെ പ്രഭാതകൃത്യം കഴിച്ചിട്ടു, വിഷ്ണുപ്രിയയും പാവനാശിനിയുമായ തുളസിയെ ഭക്തിപൂർവ്വം പൂജിക്കണം; എന്നിട്ടു വിഷ്ണുവിന്റെ പുരാണചരിതം മനസ്സിരുത്തി ശ്രവിച്ചു്, അതു വായിച്ച ബ്രാഹ്മണനെ യഥാവിധി പൂജിക്കണം. പരാന്നം, പരശയ്യ, പരാന്നം, പരസ്ത്രീസംഗമം എന്നിവയെ എന്നെന്നും—കാർത്തികത്തിൽ വിശേഷിച്ചും—വർജ്ജിക്കണം. ലന്തക്കരു, ഉഴുന്നു്, മദ്യം, മാംസം, രാജമാഷം മുതലായതു കാർത്തികവ്രതി ഒരിക്കലും കൈക്കൊള്ളരുതു്. നാരങ്ങ, വെറ്റില, പഴകിയചോറു്, ധാന്യങ്ങളിൽ ചണം പയറു്, ഉപ്പു്,

Digitized By Kerala Sahitya Akademi

ക്രൗൻ, പ്രാണിയുടെ അവയവം, നെയ്യില്ലാത്ത രസം, അല്പസരസ്സിലെ വെള്ളം എന്നിവ മാംസമാകുന്നു. പശുവിൻപാൽ മാംസമല്ല. കാത്തികവ്രതിയ്ക്കു ബ്രഹ്മചര്യം വേണം; നാലാംനേരത്ത് ഇലയിൽ ഉണ്ണുക; എണ്ണതേയ്ക്കരുത്.

ക്രൗൻ, നാരീചമെന്നശാകം, കായം, ഉള്ളികം, പൂതികയുടെ ഇല, മൂലരിക്കിഴങ്ങ്, മുരിങ്ങ, ചുരങ്ങ, വിളാർമരക്കായ, ചെറുവഴുതിന, കമ്പളങ്ങ, മത്സ്യം, കിണ്ണത്തിലും മറവും ഊൺ, രണ്ടാമതു വേവിച്ചതു്, ഈറവുപുലക്കാരന്റെ ചോറു്, രണ്ടു മൂന്നു പ്രാവശ്യം ഊൺ, സ്ത്രീസംഗം, രജസ്വലയായ ഭാര്യയെ തൊടുക എന്നിവ വൈഷ്ണവ വ്രതക്കാരനു വർജ്ജ്യങ്ങളത്രേ. ഗൃഹസ്ഥൻ എന്നും ഞായറാഴ്ചനാൾ നെല്ലിക്ക ഭക്ഷിക്കരുതു്. കമ്പളങ്ങഭക്ഷിച്ചാൽ ധനംനശിക്കും; വഴുതിനങ്ങ ഭക്ഷിച്ചാൽ വിഷ്ണുസ്മരണ ഇല്ലാതാകും; പടോലം അഭിവൃദ്ധിയെ തടയും; മൂലേരിക്കിഴങ്ങു ബലത്തെനശിപ്പിക്കും. ക്രുവളയ്ക്കു കളങ്കമുണ്ടാക്കും; വേപ്പില തിയ്യ്ശ്യോനിയിൽപതിപ്പിക്കും; കരിവ്വനക്കായ കായനാശം വരുത്തും; തേങ്ങ മൂഢതയെ ജനിപ്പിക്കും; ചുരങ്ങ ഗോമാംസത്തിനു തുല്യമത്രെ; താന്നിക്ക ഗോഹത്യാപാപത്തെ ഉണ്ടാക്കിത്തീർക്കും; ശിംബി പാപകരം; പൂതിക ബ്രാഹ്മണ്യംപോക്കും; ചെറുവഴുതിന പുത്രനാശം വരുത്തും; ഉഴുന്നു ശിരോരോഗമുണ്ടാക്കും; മാംസത്താൽ വളരെ പാപങ്ങൾ പറയും. ഇവയെല്ലാം പ്രതിപദംമുതൽ വർജ്ജിക്കണം. വർജ്ജിച്ചതെല്ലാം വ്രതാവസാനത്തിൽ വിഷ്ണുപ്രീതിക്കായി ബ്രാഹ്മണനു നൽകി അവനെ ഊട്ടണം.

ഇപ്പറഞ്ഞതിൻവണ്ണം കാത്തികവ്രതം അനുഷ്ഠിച്ചവനെ കണ്ടാൽ കാലദൂതന്മാർ, സിംഹത്തെ കണ്ട ഗജങ്ങൾ പോലെ പാഞ്ഞുപോകും. ഈ ശ്രേഷ്ഠമായ വിഷ്ണുവ്രതത്തോടൊക്കില്ല ഒരു തരം യാഗങ്ങളും: യാഗംചെയ്താൽ സ്വർഗ്ഗം കിട്ടും; കാത്തികവ്രതക്കാരനോ, വൈകുണ്ഠം പൂകുന്നു. മനസാ വാചാ കർമ്മണാ ചെയ്ത ഏതു ദുഷ്കൃതവും ഒരു കാത്തികവ്രതക്കാരനെ കണ്ടാൽ തൽക്ഷണം നശിയ്ക്കും. കാത്തികവ്രതം ശരിക്കനുഷ്ഠിച്ചവനുള്ള പുണ്യം വർണ്ണിപ്പാൻ ചതുർമ്മുഖനായ ബ്രഹ്മാവുപോലും ആളാകയില്ല. കാത്തികവ്രതക്കാരനെ പേടിച്ചിട്ടു പാപമെല്ലാം, 'എവിടെ പോകേണ്ടു, എവിടെ പാർക്കേണ്ടു!' എന്നിങ്ങനെ പത്തുദിക്കിലേയ്ക്കും പാഞ്ഞുതുടങ്ങും. പൌർണ്ണമാസിയിൽ പുരുഷോത്തമപ്രീതിക്കായി കഴിവുപോലെ അന്നവസ്ത്രാദികം നൽകി ബ്രാഹ്മണരെ ഊട്ടണം; രാത്രിയിൽ പാട്ടും ക്രുത്തുമായി ഉറക്കമിളയ്ക്കുകയും ചെയ്യണം. ഇതു കേതിപൂർവ്വം ശ്രവിച്ചാൽത്തന്നെ പാപം നീങ്ങും."

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, കാത്തികവ്രതവിധി

ഇരുപത്തെട്ടാമദ്ധ്യായം

(o)

Digitized By Kerala Sahitya Akademi

ഇരുപത്തിരണ്ടാം അദ്ധ്യായം

ശൌനകൻ:—"സർവ്വജ്ഞ, സർവ്വപ്രാണികളുടെയും ഹിതത്തിന്നായി, തുളസിയുടെ പാപനാശനമായ മാഹാത്മ്യം ദയചെയ്തു പറഞ്ഞുതന്നാലും,"

സൂതൻ:—"മഹർഷേ, യാതൊന്നിന്റെ ചുറവും തുളസിക്കാവു നിൽപ്പുണ്ടോ; ആ ഗൃഹം തീർത്ഥമാകയാൽ അവിടെ യമകിങ്കരന്മാർ വരികയില്ല. സർവപാപഹരമായ തുളസീവനം നട്ടുണ്ടാക്കുന്ന ശ്രേഷ്ഠമനുഷ്യർക്ക് കാലനെ കാണേണ്ടിവരില്ല. തുളസി നടുക, പോറുക, സേവിക്കുക, ദർശിക്കുക, സ്പർശിക്കുക എന്നിവ ചെയ്താൽ സകല പാപവും വിട്ടൊഴിയും. കോമളങ്ങളായ തുളസീദളങ്ങൾകൊണ്ട് വിഷ്ണുവിനെ പൂജിക്കുന്ന മഹാത്മാക്കൾ കാലമന്ദിരം പൂകുകയില്ല. ഗംഗാദി നദികളും ബ്രഹ്മവിഷ്ണുമഹേശ്വരാദി ദേവന്മാരും പുഷ്കരാദിതീർത്ഥങ്ങളുമൊക്കെ തുളസീദളത്തിൽ സ്ഥിതിചെയ്യുന്നു. ഒരു പാപിപോലും, തുളസീദളസ്പർശത്തോടേ മരണമടഞ്ഞാൽ, വിഷ്ണുസദനം പ്രാപിക്കും; ഞാനിപ്പറഞ്ഞതു പരമാർത്ഥമാണു്. അസംഖ്യം പാപങ്ങൾ ചെയ്തവനും തുളസിയുടെ മണ്ണു് മേൽതേച്ചു് പ്രാണൻവെടിഞ്ഞാൽ, മാധവമന്ദിരത്തിൽ ചെന്നുചേരും. തുളസിമരം അരച്ചു തൊട്ടവന്റെ ശരീരത്തെ പാപം തൊട്ടുനോക്കുകയില്ല; അവൻ പരമപദമടയും. ശൌചം, ആചാരം എന്നിവയില്ലാത്തവൻപോലും തുളസിമരംകൊണ്ടുള്ള മാല കേതിപൂവ്വം കഴുത്തിൽ ധരിച്ചാൽ വിഷ്ണുനികേതനം പ്രാപിക്കും. നെല്ലിക്കയും മാലയും, തുളസിമാലയും ആരുടെ ദേഹത്തിലുണ്ടോ, അവൻ ഭാഗവതനത്രേ. തുളസീദളമാല—വിശേഷിച്ചും വിഷ്ണുവിന്നു ചാർത്തിയതു്—കഴുത്തിൽ ധരിക്കുന്നവനെ ദേവകോടി നമസ്കരിക്കും. തുളസിമാല കഴുത്തിലിട്ട് പുണ്ഡരീകാക്ഷനെ പൂജിക്കുന്നവന്നു്, ഓരോ പൂവിന്നും പതിനായിരം പത്മോദ്യാനത്തിന്റെ പുണ്യം കിട്ടും. 'തൊട്ടുകൂടായ്മ' പറഞ്ഞു് തുളസിമാല ധരിക്കാതിരിക്കുന്ന പാപിയെ വിഷ്ണുകോപാഗ്നിയിൽ വെന്തു നരകത്തിൽ കിടക്കുകയേ ഉള്ളൂ. മഹാപാപങ്ങളെപ്പോക്കി ധർമ്മാർത്ഥകാമങ്ങളെ നൽകുന്ന തുളസിമാലയും നെല്ലിക്കയുമാല യും ധരിക്കാതിരിക്കരുതു്.

കലികാലത്തു്, മനുഷ്യർക്കു്, നെല്ലിക്കയുമാല എത്ര രോമങ്ങളെ സ്പർശിക്കുമോ അത്ര ആയിരം കൊല്ലം വാസുദേവാലയത്തിൽ വസി

Digitized By Kerala Sahitya Akademi

ക്കുമാറാകും. തുളസിമരംകൊണ്ടുണ്ടാക്കിയ മാല നാരായണന്നു നിവേദിച്ചു് ഭക്തിയോടേ ധരിക്കുന്നവന്നു പാപം നേരിടുകയില്ലതന്നെ. തുളസിമാല കണ്ടാൽ കാലദൂതന്മാർ, കാറടിച്ചു ഇലപോലെ അകലെപ്പോയി മറഞ്ഞുകളയും! തുളസിക്കാവിലൊ നെല്ലിത്തണലിലൊ പിണ്ഡംവെച്ചാൽ, അവന്റെ പിതൃക്കൾക്കു മുക്തി വരും. കൈകളം, തല, കഴുത്തു്, കാതുകളം, മുഖം എന്നിവയിൽ നെല്ലിക്കരു ധരിക്കുന്നവൻ സാക്ഷാൽ വിഷ്ണുതന്നെയാണെന്നു കരുതണം. നെല്ലിയുടെ ഇല കൊണ്ടും കായ്കൊണ്ടും ശ്രീനാരായണനെ ഒരിക്കൽ പൂജിച്ചാൽ, കോടിജന്മങ്ങളിലെ പാപം അകന്നുപ്പോകും. കാത്തികത്തിൽ, യജ്ഞങ്ങളും ദേവകളും മഹർഷിമാരും തീർത്ഥങ്ങളുമൊക്കെ ആമലകവ്രതത്തെ ആശ്രയിച്ചുതേ സ്ഥിതിചെയ്യുന്നതു് കാത്തികത്തിൽ നെല്ലിയിലയും ദ്വാദശീതിഥിയിൽ തുളസിയിലയും പറിച്ചാൽ, നരകത്തിൽകിടന്നു കഴുങ്ങേണ്ടിവരും. കാത്തികത്തിൽ ഒരു നാൾ നെല്ലിത്തണലിലിരുന്നു് ഊൺകഴിച്ചുപോയാൽ, അതുകൊണ്ടുള്ള പാപം ഒരുകൊല്ലത്തേയ്ക്കു് നിലനിൽക്കും. കാത്തികത്തിൽ തുളസിത്തൊപ്പിലോ നെല്ലിച്ചുവട്ടിലോ വെച്ചു് വിഷ്ണുപൂജ നടത്തുന്നവൻ തീർച്ചയായും വൈകുണ്ഠമണയും. ദ്വിജോത്തമ, തുളസിച്ചുവട്ടിലെ വെള്ളം ഭക്തിയോടെ തലയിലാടിയാൽ പാപിയുടെപോലും വൈകുണ്ഠം കിട്ടും. തുളസിയിലയിൽനിന്നൊഴുകിയ വെള്ളം തലയിലാടിയവൻ എല്ലാ തീർത്ഥത്തിലും കുളിച്ചുകഴിഞ്ഞു! ഒടുവിൽ അവൻ വിഷ്ണുഗൃഹത്തിൽ ചെന്നുചേരും.

പണ്ടു ദ്വാപരത്തിൽ, പുണ്യത്താൽ ആദിത്യനെപ്പോലെ തേജസ്വിയായി, ആദിത്യൻ എന്നൊരു മഹാബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം ഒരുനാൾ കുളിച്ചു തുളസിക്കു വെള്ളമൊഴിച്ചു ഗൃഹത്തിലേയ്ക്കു തിരിച്ചപ്പോൾ, ഒരു മഹാപാപി ഊൺകഴിച്ചിട്ടു വെള്ളം കുടിപ്പാൻ അവിടെ വന്നുചേർന്നു. അയാൾ തുളസിച്ചുവട്ടിലെ വെള്ളം മുക്കിക്കുടിച്ചു; അതോടുകൂടി, അയാൾക്കു പാപം നീങ്ങി അപ്പോഴെയ്ക്കു്, അസിമുഷ്ടൻ എന്നൊരു വേടൻ വെമ്പാലോടെ വന്നെത്തി, അയാളോടു പറഞ്ഞു:—'എന്റെ കലത്തിലെ ചോറെടുത്തുണ്ടാൽ പോരാ; പാത്രം ഉടച്ചുകളയുകകൂടി വേണം, അല്ലേ! എന്നിട്ടു നീ പൊയ്ക്കളയുമെന്നോ! നിന്നെ കൊല്ലാനാണു് ഞാൻ വന്നതു്.'

വേടന്റെ അമ്പേറു് അയാൾ ചത്തുവീണു. ഉടനേ കയറും മുൾത്തടിയും കൈക്കൊണ്ട കാലദൂതന്മാർ അരിശത്തോടേവന്നു് അയാളെ കെട്ടിക്കൊണ്ടുപോകാൻ ഒരുമ്പെട്ടു. അപ്പോഴെയ്ക്കും വിഷ്ണുപാഷ്ടന്മാർ വന്നുചേർന്നു, വേഗത്തിൽ തോൽക്കയർ മുറിച്ചുകളഞ്ഞു് അയാളെ മനോഹരമായ തേരിൽ കേറ്റി. 'എന്തൊരു പുണ്യത്താലാണു്

Digitized By Kerala Sahitya Akademi

ഇയ്യാളെ ഭവാന്മാർ കൊണ്ടുപോന്നതെന്ന യമകിങ്കരന്മാർ വണക്കത്തിൽ ചോദിച്ചു. അപ്പോൾ വിഷ്ണുദൂതന്മാർ പറഞ്ഞു:—മുൻജന്മത്തിൽ ഒരു രാജാവായിരുന്ന ഇദ്ദേഹം. അനേകം പുണ്യംചെയ്തിട്ടുണ്ട്; എന്നാൽ, ഒരു സുന്ദരിയായ സ്ത്രീയെ അപഹരിച്ച പാപംമൂലം രാജാവു കാലാലയമടയുകയും, നിങ്ങളാൽ പീഡിപ്പിക്കപ്പെട്ടകയും ചെയ്തു: ചുട്ടുപഴുപ്പിച്ച ചെമ്പുകൊണ്ടുള്ള സ്ത്രീയുമായി തമിക്കുക, ചുട്ടുപഴുപ്പിച്ച ഇരുമ്പുമെത്തമേൽ കിടക്കുക, ചുട്ടുപഴുപ്പിച്ച ഘോരമായ ഇരുമ്പുതൂണിനെ ആലിംഗനം ചെയ്യുക—ഇങ്ങിനെ പല സങ്കടം ഇദ്ദേഹം അനുഭവിച്ചു; ഉപ്പുവെള്ളംകോരിയൊഴിയ്ക്കുക മുതലായതും നിങ്ങടെ സ്വാമി കല്പനയാൽ ചെയ്തുപോന്നു. പിന്നീട് ശുഭിതശേഷത്താൽ വീണ്ടും വീണ്ടും പാപയോനിയിൽ ജനിച്ചും ഇദ്ദേഹം വളരെക്കാലം ദുഃഖമനുഭവിച്ചു. ഇന്നു തുളസിച്ചുവട്ടിലെ വെള്ളം കുടിച്ചതിനാലത്രെ, ഇദ്ദേഹം വിഷ്ണുഗൃഹത്തിലേയ്ക്കു പോകുന്നത്.'

ഇതു കേട്ടിട്ട്, യമദൂതന്മാർ വന്നവഴിയെ മടങ്ങിപ്പോയി. വിഷ്ണുദൂതന്മാർ അയാളേയുംകൊണ്ടു വൈകുണ്ഠത്തിലേയ്ക്കും തിരിച്ചു. മഹർഷേ, ഇങ്ങിനെയാണ് തുളസിയുടെ പാപനാശന മാഹാത്മ്യം. അപ്പോൾ, കേതിപൂവ് സേവിക്കുന്നവർക്കുള്ള ഫലം എന്തായിരിക്കും!"

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, തുളസീമാഹാത്മ്യകീർത്തനം ഇരുപത്തിരണ്ടാമദ്ധ്യായം.

—(0)—

ഇരുപത്തിമൂന്നാമദ്ധ്യായം

ശൌനകൻ:—"മഹർഷേ, സൂത, കാർത്തികത്തിലെ ശേഷപഞ്ചദിനത്തിന്റെ കലുഷനാശനമായ മാഹാത്മ്യം ക്രമേണ സദയം പറഞ്ഞുതന്നാലും."

സൂതൻ:—"മുനിപുംഗവ, വ്രതങ്ങളിൽവെച്ചു മീതെയത്രേ വിഷ്ണുപഞ്ചകം. അന്നു കേതിപൂവും രാധാകൃഷ്ണന്മാരെ ഗന്ധപുഷ്പധൂപദീപങ്ങൾകൊണ്ടും വസ്ത്രങ്ങൾകൊണ്ടും പലതരം ഫലങ്ങൾകൊണ്ടും പൂജിയ്ക്കുന്നവൻ പാപമെല്ലാമകന്നു പത്മനാഭാലയം പ്രാപിയ്ക്കും.

Digitized By Kerala Sahitya Akademi

ബ്രഹ്മചാരിക്കാകട്ടെ, ഗൃഹസ്ഥനാകട്ടെ, വാനപ്രസ്ഥനാകട്ടെ, സന്ന്യാസിക്കാകട്ടെ, വിഷ്ണുപഞ്ചകവ്രതം അനുഷ്ഠിക്കാതെ പരമപദം കിട്ടുന്നതല്ല. സർവപാപനാശനവും പുണ്യവുമത്രേ വിഷ്ണുപഞ്ചകം. അതു സ്നാനംചെയ്താൽ സർവതീർത്ഥസ്നാനമായി! ശ്രീനാരായണന്റെ നടയ്ക്കലോ തുളസിക്കരികിലോ ഭക്തിയോടെ നെയ്‌വിളക്കു വെച്ചാൽ, പാപിപോലും വിഷ്ണുമന്ദിരത്തിൽ ചെന്നുചേരും. തേൻ, പാൽ, നെയ് മുതലായവകൊണ്ടു വിഷ്ണുവിനഭിഷേകംചെയ്യുന്ന സൽഭക്തനു ശ്രീനാരായണൻ പ്രസാദിച്ച് തന്നെത്തന്നെ കല്പിച്ചുകൊടുക്കുകയില്ല? പത്മാവല്ലഭനു പാൽപ്പായസം നിവേദിച്ചാലത്തെ പുണ്യം കണക്കാക്കാൻ ചതുർമുഖൻ പോലും ശക്തനാവില്ല.

ഏകാദശിനാൾ മാധവനെ മനസ്സിരുത്തി പൂജിച്ചു, വഴിപോലെ മന്ത്രം ജപിച്ചു ഗോമയം ഭുജിയ്ക്കുക; ദ്വാദശിനാൾ മന്ത്രപൂർവം ഗോമൂത്രം സേവിയ്ക്കുക; ത്രയോദശിനാൾ പാൽ; പതിന്നാങ്കിൽ തയിർ. പാപംനീങ്ങാനായി ഇങ്ങനെ നാലുനാൾ കഴിച്ച് അഞ്ചാംനാളിൽ കേശവനെ ശരിയ്ക്കു പൂജിച്ചു, ബ്രാഹ്മണരെ ഭക്തിപൂർവം ഊട്ടി ദക്ഷിണയും കൊടുത്തു, രാത്രിയിൽ മന്ത്രപൂതമായ പഞ്ചഗവ്യം സേവിയ്ക്കുക. ഇതിനു ശേഷിയില്ലാത്തവനു ഫലമൂലങ്ങളോ ഹവിസ്സോ ഭക്ഷിക്കാം. ഇപ്രകാരം വിഷ്ണുപഞ്ചകം അനുഷ്ഠിച്ചു, തന്തിരുവടിയെ തുളസീദളങ്ങൾകൊണ്ടു പൂജിയ്ക്കുന്നവൻ സാക്ഷാൽ ശ്രീനാരായണസമാനനായാണ്!

(ശീതങ്കം തുള്ളൽ)

പണ്ടിഹ ത്രേതായുഗത്തിലൊരു ശൂദ്ര-
നുണ്ടായിരുന്നുപോൽ ദണ്ഡകരാഹ്വയൻ.
തട്ടിപ്പറിയാണവനു തൊഴിലു,റ
ദുഷ്ടൻ കവരുമേ ബ്രാഹ്മണദ്രവ്യവും;
മിത്രത്തെ മാത്രമല്ലാശ്രയിച്ചോരെയു-
മത്തൽപ്പെടുത്തുമാവിശ്വാസഘാതകൻ;
മത്തടിയ്ക്കും സദാ വേശ്യമാരൊന്നിച്ചു;
പൊത്തിപ്പിടിയ്ക്കും പരാംഗനമാർകളെ;
ഭോഷ്ക്കു പറയു; പരരെപ്പഴിച്ചിട്ടും;
മൂഢപാഷണ്ഡരാണായാംക്ക കൂട്ടുകാർ;
കള്ളുകുടിയ്ക്കും; പന്നുമാംസവും തിന്നു,-
മുള്ളലിവെന്നതാട്ടുഷ്ണനു നാസ്തിയാം.

അദ്ധർമ്മനിന്ദകൻ വീട്ടിലുള്ളോർക്കൊരു
വസ്തുവുമേകാതെ 'ധൂളിപാടിക്ക'യായ്;

Digitized By Kerala Sahitya Akademi

അസ്ഥിതികണ്ടാക്കപ്പുരംപാപിയോടവ-
രൊത്തൊരുമിച്ചുള്ള തട്ടിക്കയറിനാർ.
'ദുഷ്ട, പണ്ടെല്ലാവരീ നൽത്തറവാട്ടിൽ
നിന്നു തറക്കല്ലിടയ്ക്കയോ നിൻപണി!'
എന്നാ,ത്തരം കേട്ട മൂഢനെഗ്ഗ്രഹത്തിൽ-
നിന്ന കളഞ്ഞാരകീർത്തി പേടിച്ചവർ.

സമ്പത്തശേഷവും കൈവിട്ടുപോകയാൽ,
വമ്പിച്ചകാന്താരമൊന്നിലണഞ്ഞവൻ
തസ്കരന്മാരൊടൊത്തധ്വഗർത്തൻ മുതൽ
തട്ടിപ്പറിച്ചുതുടങ്ങിനാനനവരതം.
കൊറ്റിനൊന്നാം കിടയ്ക്കാഞ്ഞവരേകദാ
മറ്റൊരേടത്തെയ്ക്കു പോയാർ വിശപ്പൊട്ടും.
അങ്ങൊരു നെല്ലിത്തണലത്തു കാണായി
മംഗലശീലരാമന്തണന്മാർ പലർ;
അവ വൈഷ്ണവാഗ്രൈക്കണ്ടിട്ടതസ്കര-
രേവരുമോടിത്തിരിച്ചാർ മഹാമുനേ.
ഉണ്ഡകരാച്ചുനോ, വിപ്രരെ പ്രാപിച്ചു
ഉണ്ഡനമസ്കാരപൂർവ്വമോതീടിനാൻ:—
'വിപ്രോത്തമരേ, വിശന്നാഴുന്നഞാ-
നിപ്പൊഴേ പൊയ്പോകുമെന്നായിർ നിർണ്ണയം;
നിങ്ങളെ വന്നാശ്രയിച്ചവനാമെനി-
ക്കിങ്ങു ഭക്ഷിയ്ക്കുവാൻ വല്ലതും നൽകണേ!'
എന്നതുകേട്ടാസ്സുധർമ്മിഷ്ഠർചൊല്ലിനാർ:—
'ഇന്നു പാപാപഹം ശ്രീവിഷ്ണുപഞ്ചകം;
ഇട്ടിനത്തിങ്കൽ നീയന്നംകൊതിക്കയോ!
വൃത്താന്തമോതുകെന്താണെ നിൻവേഷമോ?'
പുണ്യവാന്മാരോടു ചൊല്ലിനാൻ ശൂദ്രനും:—
'ഉണ്ഡകരനെന്നൊൽത്തനാകുന്നു ഞാൻ.
തുംഗമാം പാതകമൊക്കയുമെനേടി-
ക്കെങ്ങിനെയുൽഗതി കിട്ടും ദ്വിജേന്ദ്രരേ?'
ശ്രീവിഷ്ണു പഞ്ചകമാചരിച്ചാൻ ധരാ-
ദേവർ ചൊന്നാരതിന്മട്ടു ചെയ്താനവൻ;
ആകയാലന്ത്യത്തിലുത്തമത്തേരേറി
വൈകുണ്ഠമാണ്ടു സ്വരൂപ്യവും നേടിനാൻ.

Digitized By Kerala Sahitya Akademi

ഗാഢാദരത്തൊടിസ്സൽക്കഥ കേൾക്കിലൊ
കോടിജന്മത്തിലെപ്പാപം നശിച്ചുപോം!"

ശ്രീപത്മമഹാപുരാണം, ബ്രഹ്മഖണ്ഡം, വിഷ്ണുഭക്ത
പ്രതമാഹാത്മ്യം ഇരുപത്തിമൂന്നാമദ്ധ്യായം.

———(o)———

ഇരുപത്തിനാലാമദ്ധ്യായം

ശൌനകൻ:—"വിദ്വൽപ്രവരനായ തത്വജ്ഞ, ഇനി എനിയ്ക്കു ദാനങ്ങളുടെ മാഹാത്മ്യം മുറയ്ക്കു പറഞ്ഞുതരിക."

സൂതൻ:—"മഹർഷേ, ഭൂമിദാനമത്രെ ദാനങ്ങളിൽ മുഖ്യം; അതു ചെയ്താൽ എല്ലാദാനത്തിന്റെയും ഫലമായി സസ്യങ്ങളോടു കൂടിയ ഭൂമി ബ്രാഹ്മണന്നു ദാനംചെയ്തവൻ, പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ വിഷ്ണുലോകത്തിൽ സുഖിയ്ക്കും; പിന്നീടു് ഇഹലോകത്തിൽ ജനിച്ചാൽ, ഒരു ചക്രവർത്തിരാജാവായി ഭൂമിയെല്ലാം വളരെക്കാലം അനുഭവിച്ചു, ശ്രീനാരായണസ്ഥാനമടയുകയുംചെയ്യും. ഗോചർമ്മപ്രമാണമായ ഭൂമിയെ ബ്രാഹ്മണന്നു കൊടുത്തവൻ സർവപാപവുമകന്നു വിഷ്ണുഗൃഹം പ്രാപിയ്ക്കും: നൂറു പൈക്കൾക്കും ഒരു കാളയ്ക്കും നീർവാധമായി നില്ക്കുവുന്ന സ്ഥലമത്രേ, ഗോചർമ്മപ്രമാണമായ ഭൂമി. ഭൂമി വാങ്ങുന്നവന്നും കൊടുക്കുന്നവന്നും—രണ്ടുപേർക്കും—സ്വർഗ്ഗം കിട്ടും; അറിവുള്ള ബ്രാഹ്മണർ മറ്റു നൂറു ദാനങ്ങളും ഉപേക്ഷിച്ചും ഭൂമിദാനം വാങ്ങണം. അജ്ഞാനത്താൽ മതിമറന്നു ഭൂദാനം വാങ്ങാത്ത ബ്രാഹ്മണൻ ജന്മംതോറും അതി ദുഃഖിയായിത്തീരും. ഭൂമി അന്യനിൽനിന്നു വാങ്ങി ബ്രാഹ്മണന്നു കൊടുക്കുന്നതാരോ, അവന്നു ജഗദീശൻ പരമപദം കല്പിച്ചു നൽകും. താനോ മറെറാരാളോ കൊടുത്ത ഭൂമിയെ അപഹരിയ്ക്കുന്നവൻ ഒരുകോടി തലമുറക്കാരോടുകൂടി മഹാഘോരനരകത്തിൽ പതിയ്ക്കും. ദേവന്റേയോ ബ്രാഹ്മണന്റേയോ ഭൂമി അപഹരിയ്ക്കുന്നവന്നു നൂറുകോടി കല്പങ്ങൾകൊണ്ടും പാപമോചനം കിട്ടുകയില്ല; മറെറാരാൾകൊടുത്ത ഭൂമിയെ രക്ഷിയ്ക്കുന്നതായാലോ, കൊടുത്തവന്നുള്ളതിൽ കോടിമടങ്ങു പുണ്യം കിട്ടും.

ബ്രാഹ്മണന്നു് ഒരു പയ്യിനെ കൊടുത്താൽ, ഏഴു ദ്വീപോടുകൂടിയ ഭൂമി കൊടുത്താലത്തെ പുണ്യം കിട്ടും. ദരിദ്രനും കുടുംബിയുമായവന്നു കാളയെ കൊടുത്തവൻ പാപമെല്ലാമകന്നു ശിവലോകം പൂകും,

Digitized By Kerala Sahitya Akademi

എള്ളോളം സ്വർണ്ണം ബ്രാഹ്മണനു നൽകുന്നവൻ ഒരുകോടി തലമുറയെന്നിച്ചു വിഷ്ണുമന്ദിരത്തിൽ ചെന്നുചേരും. വിശിഷ്ടബ്രാഹ്മണനു് വെള്ളി കൊടുത്താൽ, എന്നെന്നും ചന്ദ്രലോകത്തിൽ അമൃതുനകനു വാഴാം. പവിഴം, മുത്ത്, വജ്രക്കല്ല് എന്നിവ നൽകുന്നവനു സ്വർഗ്ഗം കിട്ടും. സാളഗ്രാമം നൽകിയാൽ, തുലാപുരുഷദാനത്തിന്റെ കോടിമടങ്ങു പുണ്യം സിദ്ധിയ്ക്കും. ഏഴുദ്വീപും കാടും മാടും വൻകാടുംചേർന്ന ഭൂമി ദാനംചെയ്താലത്തെ പുണ്യം സാളഗ്രാമം നൽകിയാൽ സിദ്ധിയ്ക്കും. ബ്രാഹ്മണനു് ഒരു സാളഗ്രാമം നൽകിയാൽ, പതിനാലു ലോകവും നൽകിക്കഴിഞ്ഞു! തുലാപുരുഷദാനം കഴിക്കുന്നവനു, വീണ്ടും അമ്മയുടെ വയറ്റിൽ കിടക്കേണ്ടിവരില്ല. ആഭരണങ്ങളണിഞ്ഞ കന്യകയെ ദാനം ചെയ്യുന്നവൻ പുനർജ്ജന്മരഹിതനായി ബ്രഹ്മസദനം പ്രാപിയ്ക്കും. കന്യകയെ വിൽക്കുന്നവനു നരകത്തിൽനിന്നു വിടുതിയില്ല; കന്യകയെ ദാനംചെയ്യുന്നവനോ, സ്വർഗ്ഗത്തിൽ നിന്നു പോരുകയില്ല. കന്യകയെ വിറ്റവന്റെ മുഖം കാണുകയെ അരുതു്; അറിയാതെ കണ്ടുപോയാൽ സൂര്യദർശനം ചെയ്യണം. മെതിയടിയും കുടയും ബ്രാഹ്മണനു നൽകിയവൻ മരിച്ചാൽ ഇന്ദ്രലോകത്തു ചെന്നു നാലു കല്പം മുഴുവൻ വസിയ്ക്കും. വിശിഷ്ട ബ്രാഹ്മണനു വസ്ത്രം നൽകുന്നവൻ വളരെക്കാലം ദിവ്യാംബരം ധരിച്ചു സ്വർഗ്ഗത്തിൽ വാഴും. കിഴവിപ്പയ്യിനേയും പഴയ വസ്ത്രത്തേയും ദാനംചെയ്തവൻ തീർച്ചയായും രജസ്വലയായ കന്യകയെ പുണർന്നു നരകത്തിൽ വീഴും. കുടയും നൽകുന്നവൻ സ്വർഗ്ഗത്തിൽ ചെന്നെത്തി, അവിടെ അനേകായിരം കല്പം അമൃതുപോലുള്ള ഫലങ്ങളാസ്വദിക്കും. ശാകംകൊടുത്തവൻ ശങ്കരാലയം പുക്കു, രണ്ടു കല്പം മുഴുവൻ, ദേവകൾക്കുപോലും കിട്ടാത്ത പായസം ഭുജിയ്ക്കും. നെയ്യ്, തയിർ, മോർ, പാൽ എന്നിവ ദാനംചെയ്തവൻ വിഷ്ണുമന്ദിരത്തിൽ ചെന്നുചേർന്ന് അമൃതുകുടിയ്ക്കും. ഗന്ധവും പുഷ്പവും കൊടുത്തവൻ സ്വർഗ്ഗംപുക്കു ഗന്ധപുഷ്പങ്ങളണിഞ്ഞു് അനേകായിരം യുഗം വസിയ്ക്കും. ദാനങ്ങളിൽ ശ്രേഷ്ഠമായ ശയ്യാദാനം ബ്രാഹ്മണനു ചെയ്തവൻ ബ്രഹ്മഗൃഹത്തിൽ ചെന്നു, വളരെക്കാലം കട്ടിലിന്മേൽ കിടക്കും. ദീപവും പീഠവും കൊടുത്തവൻ പാപമെല്ലാമൊഴിഞ്ഞു സ്വർഗ്ഗമടഞ്ഞു, ചുറ്റും കത്തുന്ന വിളക്കുകളുമായി സിംഹാസനത്തിൽ വാഴും. വെറ്റില കൊടുത്തവൻ ഭൂമിയെല്ലാം സുഖമായി അനുഭവിയ്ക്കും; സ്വർഗ്ഗത്തിൽ ദേവസ്ത്രീകളുടെ മടിയിൽ കിടന്നു വെറ്റില മുറുക്കുകയും ചെയ്യും.

ദാനങ്ങളിൽ ശ്രേഷ്ഠമായ വിദ്യാദാനം ചെയ്യുന്ന വിശിഷ്ട മനുഷ്യൻ, മരിച്ചാൽ മുന്നൂറുയുഗം വിഷ്ണുസന്നിധിയിൽ വസിയ്ക്കും; അവിടെവച്ചു ശ്രീനാരായണന്റെ കാരുണ്യത്താൽ ജ്ഞാനംനേടി ഒർല്ല

Digitized By Kerala Sahitya Akademi

ഭമായ മോക്ഷവും സമ്പാദിയ്ക്കും. അനാഥനായ ദരിദ്രബ്രാഹ്മണനെ വിദ്യയഭ്യസിപ്പിക്കുന്ന വിശിഷ്ടമനുഷ്യൻ പുനർജ്ജന്മരഹിതനായി ശ്രീനാരായണാലയം പ്രാപിക്കും. പുസ്തകം ഭക്തിശ്രദ്ധകളോടെ നൽകുന്നവന്ന്, ഓരോ അക്ഷരത്തിന്നും ഓരോ കോടി പത്തുദ്ദാനത്തിന്റെ പുണ്യം കിട്ടും.

തേനും വെല്ലവും കൊടുക്കുന്നവൻ കരിമ്പുനീർക്കടലിൽ ചെന്നെത്തും. ഉപ്പുകൊടുത്തവൻ വരുണലോകത്തിൽ വസിക്കും. എല്ലാറ്റിലും മീതെ അന്നവും വെള്ളവും നൽകുന്നതാണെന്നു തത്വജ്ഞന്മാരായ മഹർഷിമാരെല്ലാം അഭിപ്രായപ്പെട്ടിരിക്കുന്നു. ഭൂമിയിൽ അന്നവും വെള്ളവും നൽകിയവൻ എല്ലാദ്ദാനങ്ങളും ചെയ്തുകഴിഞ്ഞു! അന്നം നൽകുന്നവൻ പ്രാണനെയത്രേ നൽകുന്നത്; അതിനാൽ അന്നദാതാവിന്നു സർവ്വദാനങ്ങളുടേയും ഫലം സിദ്ധിക്കും. ഒരുപോലെതന്നെയാണ് അന്നവും വെള്ളവും; വെള്ളംകൂടാതെ അന്നമുണ്ടാകുന്നതല്ലല്ലോ. പശിയും ദാഹവും—രണ്ടും—ഒരുപോലെ തന്നെയാണ്; അതിനാൽ അന്നവും വെള്ളവും ശ്രേഷ്ഠമെന്ന് അഭിജ്ഞന്മാർ പറഞ്ഞിരിക്കുന്നു. ഇഹലോകത്തിൽ അന്നദാനംചെയ്യുന്ന ശ്രേഷ്ഠമനുഷ്യർ സർവ്വപാപങ്ങളും നീങ്ങി വിഷ്ണുസദനം പ്രാപിക്കും. തപോധന, എത്ര അന്നം നൽകപ്പെട്ടുന്നുവൊ, അത്രയും ബ്രഹ്മഹത്യാദി പാപങ്ങളും അകന്നുപ്പെടും. അന്നം കൊടുക്കുന്നവരുടെ ശരീരത്തിൽ നിന്നു പാപം പൊട്ടുന്നു, വാങ്ങുന്നവരുടെ ദേഹത്തിലേയ്ക്കു പകരുന്നു; അതിനാൽ പാപികളുടെ അന്നം ബുദ്ധിമാന്മാർ വാങ്ങുമാറില്ല. വാങ്ങുന്നമൂഢന്മാർക്കു പാപം പകർന്നുപ്പോകും. വെള്ളം ഭൂമിയിൽ നിന്നുകമാത്രം ചെയ്യുന്നവനും പാപമെല്ലാമകന്നു വൈകുണ്ഠം പ്രാപിക്കും.

ദ്വിജോത്തമ, പ്രയത്നംചെയ്തു ധനം സമ്പാദിക്കണം; സമ്പാദിച്ച ധനം ദാനത്തിനേപ്പെട്ടെന്നുകയും വേണം. പിന്നുക്കമൂലം മുതൽ സൂക്ഷിച്ചുവെയ്ക്കുന്നവർക്കു വമ്പിച്ച ദുഃഖമേവരൂ; ഒടുവിൽ സർവ്വസ്വവും വിട്ടു നിർദ്ധനരായി പോകേണ്ടിയും വരും. ദാനം നൽകി നൽകി ദരിദ്രരാകുന്നവർ വാസ്തവത്തിൽ ദരിദ്രരല്ല; അവർ പരലോകത്തിൽ മഹാരാജാക്കന്മാരത്രേ! ശരിയായ സംയമവും ദയയും കുടുംബവുമില്ലാത്തവന്നു ദാനം ചെയ്യുതാകട്ടേ, പരലോകത്തിൽ ഉതകുന്നതുല്ല. മുതലുണ്ടായിരിക്കെ, അനുഭവിക്കുകയും കൊടുക്കുകയും ചെയ്യാത്തവൻ ദരിദ്രൻ തന്നെ; അവൻ മരിച്ചാൽ നെടുവീർപ്പിട്ടും! തപസ്സിലും മീതെയാണ് ദാനമെന്നു തത്വജ്ഞന്മാർ പറഞ്ഞിരിക്കുന്നു; അതിനാൽ പണിപ്പെട്ടും ദാനം അനുഷ്ഠിക്കണം. ബ്രാഹ്മണനു ദാനം നൽകാത്ത ദാതാവു സർവ്വജന്തുക്കൾക്കും ഭയങ്കരമായ ഘോരനരകത്തിൽ വീണുപോകും. ദാനത്തെ സ്മരിക്കാത്ത ദാതാവിന്നും യാചിക്കാത്ത പ്രതിഗ്രഹീ

Digitized By Kerala Sahitya Akademi

താവിന്നും—രണ്ടുപേക്കും—ആചന്ദ്രാർക്കം നരകത്തിൽത്തന്നെ വാസം. ബ്രാഹ്മണശ്രേഷ്ഠ, ബ്രഹ്മഹത്യാദി പാപങ്ങൾ പോലും ദാനംകൊണ്ടു നീങ്ങിപ്പോകും; അതിനാൽ ദാനം ആചരിക്കുകതന്നെ വേണം.

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, ദാനമാഹാത്മ്യകഥനം
ഇരുപത്തിനാലാമദ്ധ്യായം.

(o)

ഇരുപത്തഞ്ചാമദ്ധ്യായം

ശൌനകൻ:— [അനുഷ്ടുപ്പ്]

"ശ്രീകരം വിഷ്ണുചരിതം സർവ്വാപദ്വിനാശനം
സർവപാപക്ഷയകരം ദുഷ്ടഗ്രഹനിവാരണം
വിഷ്ണുസാന്നിദ്ധ്യജനകം ചതുർവ്വർഗ്ഗഫലപ്രദം
കേനൈതദ്ഭവിപ്പോനൊടുവിലച്യുതാലയമാണ്ടിട്ടും.

എന്നാൽ, നാമോച്ചാരണ മാഹാത്മ്യം അത്യുത്തമമായി കേട്ടിട്ടുണ്ട്; നാമജപംകൊണ്ടുതന്നെ മനുഷ്യന്നു പരമപദം പൂകാമല്ലോ. അതിനാൽ നാമകീർത്തനവിധി പറഞ്ഞുതരിക."

സൂതൻ:—"ശൌനക, കേൾക്കുക; മോക്ഷസാധനമായ ഒരു സംവാദം ഞാൻ പറയാം. പണ്ടു, യമുനാതീരത്തു സ്ഥിതിചെയ്തിരുന്ന ശാന്തമാനസനായ സനൽകുമാരനോടു നാരദൻ, പലതരം ധർമ്മവും അധർമ്മവും ശ്രവിച്ചതിന്നശേഷം, തൊഴുകയ്യുമായി ചോദിച്ചു:—'ഭഗവന്നോത്തമ, ഭഗവാൻ ഇപ്പറഞ്ഞ അധർമ്മങ്ങൾക്ക് എങ്ങിനെയാണ് ശാന്തിവരിക?'

സനൽകുമാരൻ:—'വിഷ്ണുപ്രിയനും വിഷ്ണുധർമ്മജ്ഞനുമായ നാരദ, ലോകങ്ങളുടെ മുക്തിക്കായി ഭവാൻ ചോദിച്ചതു ഞാൻ പറയാം; കേൾക്കുക:

[ശ്ലോകങ്ങൾ]

സർവ്വാചാരവിഹീനനുക്തസമയേ സംസ്കാരമേൽക്കാത്തവൻ,
കള്ളൻ, കർമ്മകുടിയൻ, ശഠൻ, ചതിയനും, ദുഷ്പ്രാന്ധനും, ക്രൂരനും,
ഭാര്യാപുത്രധനോൽക്കനും, പിശുനനും, മറേറതു മാപാപിയും
ശ്രീഗോവിന്ദപദാരവിന്ദഭജനാൽ സംശുദ്ധരായ് ത്തീരുമേ.

Digitized By Kerala Sahitya Akademi

ചരാചരങ്ങൾക്കു വിമുക്തിനൽകുമാ-
കൃപാർദ്രവൃത്താകിയ തമ്പുരാനെയും
അതിക്രമിയ്ക്കുന്ന മഹാപരാധനാം
മനുഷ്യനോ, പിമ്പവലംബമെന്തുവാൻ?
സർവ്വാപരാധവും വിഷ്ണുസേവനത്താലൊഴിഞ്ഞുപോം;
വിഷ്ണുവിന്നപരാധത്തച്ചെയ്യുന്നൊരു, മനുജാധമൻ!
നാമം ജപിച്ചാലവനംകേറിയെന്നവരാരുമേ;
അക്കുംതാങ്ങായ നാമത്തിൽത്തെറ്റുചെയ്താലധോഗതി!'

നാരദൻ:—'ബ്രാഹ്മണശ്രേഷ്ഠ, ഭഗവന്നാമത്തോട് എന്തുതെറ്റു ചെയ്താലാണ് മനുഷ്യക്ക് കൃത്യനാശവും ദോഷവും നേരിടുക?'

സനൽകുമാരൻ:—'സജ്ജനങ്ങളെ നിന്ദിയ്ക്കുക എന്നതു നാമത്തോടുചെയ്യുന്ന ഒരു മഹാപരാധമാകുന്നു: സജ്ജനപ്രിയനായ ഭഗവാൻ അതെങ്ങിനെ സഹിയ്ക്കും. ശ്രീനാരായണന്റെയും ശിവന്റെയും ഗുണനാമാദിയെ വിഭിന്നമായി കാണുന്നവനും നാമാപരാധിയത്രേ. ഗുരുക്കളെ അനാദരിയ്ക്കുക, വേദശാസ്ത്രങ്ങളെ നിന്ദിയ്ക്കുക, വിഷ്ണുനാമത്തിൽ അർത്ഥവാദം കല്പിയ്ക്കുക എന്നിവയും നാമാപരാധമെന്ന പാപമാകുന്നു; അതിനു യമനിയമാദികർമ്മംകൊണ്ടുപോലും അനുതിവരികയില്ല. ധർമ്മവ്രത ഹോമാദി സൽകർമ്മത്യാഗം, പ്രമാദം, അവിശ്വാസ വൈമുഖ്യങ്ങൾമൂലം ഉപദേശം ശ്രവിയ്ക്കായ്ക, നാമമാഹാത്മ്യം കേട്ടിട്ടും അതിൽ സക്തിയില്ലായ്ക, ഞാനെന്നും എന്റെ എന്നുമുള്ള ബുദ്ധി എന്നിവയും നാമാപരാധംതന്നെ. ഈ പത്തു നാമാപരാധങ്ങളെ അറിഞ്ഞിട്ടും വർജ്ജിക്കാതിരിക്കുന്നവർ, അമ്മയോട്ടു കോപിച്ചിട്ട് ഉൺകഴിക്കാത്ത കുട്ടികളെപ്പോലെ ഖേദത്തിൽപ്പെടുമെന്നു ശിവൻ ദയചെയ്ത് എന്നോടരുളിച്ചെയ്തിരിയ്ക്കുന്നു. ദേവർഷേ, അതിനാൽ എന്നെന്നും നാമാപരാധം പറയാതെ ഭവാൻ ജപിച്ചുകൊള്ളുക. നാമോച്ചാരണംകൊണ്ടുതന്നെ അങ്ങയ്ക്കു സർവ്വം സാധിക്കും; മറെറാന്നും വേണ്ടാ.'

നാരദൻ:—'സനൽകുമാര, സാഹസക്കാരും വിവേകവൈരാഗ്യവിഹീനരും ദേഹാത്മബുദ്ധികളുമായവർക്കു നാമാപരാധം എങ്ങിനെ നീങ്ങും?'

സനൽകുമാരൻ:—'പ്രമാദത്താൽ വല്ലവിധത്തിലും നാമാപരാധം പറഞ്ഞുപോയാൽ, എല്ലായ്പോഴും നാമംജപിച്ചുകൊണ്ട്, അതിനെത്തന്നെ ശരണം പ്രാപിക്കണം. നാമാപരാധപാപം നാമംകൊണ്ടേ നശിക്കുകയുള്ളൂ. അതു് ഇടവിടാതെ ജപിച്ചാൽ എന്തും നിറവേറി

Digitized By Kerala Sahitya Akademi

ക്കൊള്ളും. ഒരൊറ്റനാമം തെറ്റായിട്ടോ ശരിയായിട്ടോ സ്മരിക്കുകയാകട്ടേ ശ്രവിക്കുകയാകട്ടെ ചെയ്താൽ തീച്ചയായും ഉടവില്ലാത്ത ഊർദ്ധ്വഗതി സിദ്ധിക്കും. അതിനെ ദ്രവ്യലോഭത്താലൊ മറ്റൊ പാഷണ്ഡക്കു പറഞ്ഞുകൊടുത്താലൊ, ഫലം വിപരീതമായിരിക്കും. എല്ലാ അശുഭങ്ങളേയും അപരാധങ്ങളേയും പോക്കുന്ന ഈ പരമരഹസ്യം പണ്ടു ശിവൻ അരുളിച്ചെയ്തു കേട്ടതാണ്. ഹരിനാമാപരാധികൾക്കും അതു ജപിച്ചാൽ മുക്തിവരും.

നാരദ, നാമമാഹാത്മ്യം മുഴുവനും പുരാണത്തിൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട്; അതിനാൽ പുരാണം ഒട്ടൊഴിയാതെ ശ്രവിച്ചുകൊള്ളുക. ഭ്രാതാവെ, നാംതോറും പുരാണം ശ്രവിക്കുന്നതിൽ ശ്രദ്ധ ആക്കുണ്ടൊ, അവനിൽ സാക്ഷാൽ വിഷ്ണുവും അനുചരന്മാരും പ്രസാദിച്ചരുളും. പുഷ്കരം, പ്രയാഗം, സിന്ധുസംഗമം എന്നീ തീർത്ഥങ്ങളിൽ സ്നാനം ചെയ്തതിന്റെ ഇരട്ടിഫലം സശ്രദ്ധമായ പുരാണശ്രവണത്താൽ കൈവരും. പുരാണങ്ങളെ മനസ്സുവെച്ചു വായിക്കുന്നവർക്കും കേൾക്കുന്നവർക്കും, അക്ഷരംപ്രതി പത്തുദാനത്തിന്റെ ഫലം കിട്ടും. പുത്രഹീനന്നു പുത്രനുണ്ടാകും; ധനാർത്ഥിക്കു ധനം ലഭിക്കും; വിദ്യ വേണ്ടവന്നു വിദ്യയും മോക്ഷം വേണ്ടവന്നു മോക്ഷവും കിട്ടും. പുരാണം ശ്രവിക്കുന്നവർ കോടി ജന്മങ്ങളിലെ പാപമെല്ലാമൊഴിഞ്ഞു വിഷ്ണുമന്ദിരം പ്രാപിക്കും. പുരാണം വായിച്ച ബ്രാഹ്മണനെ ഗോവു-ഭൂമി-സ്വർണ്ണം-വസ്ത്രം-ഗന്ധം-പുഷ്പം മുതലായവകൊണ്ടു പൂജിക്കണം; ഓട്ടപാത്രം, ജലപാത്രം, സ്വർണ്ണംകൊണ്ടുള്ള കുണ്ഡലം, മോതിരം, ആസനം, പൂമാല്യം എന്നിവയും നൽകണം. പിശുക്കു തോന്നരുതു; എന്നാൽ ദാനത്തിന്നു ഫലം കുറയും. പുരാണം വായിച്ച ബ്രാഹ്മണന്നു സർവകാമസിദ്ധിക്കായി പൊന്നും വെള്ളിയും വസ്ത്രവും പൂമാലയും ചന്ദനവും പുസ്തകവും ഭക്തിയോടെ നൽകുന്നവൻ വിഷ്ണുമന്ദിരം പൂകും. ഇതിൻവണ്ണം ഒരു പുരാണം മുഴുമിപ്പിച്ചാൽ, അവന്റെ പേർ ചിത്രഗുപ്തൻ മായ്ച്ചുകളയും."

ശ്രീപദ്മമഹാപുരാണം, ബ്രഹ്മഖണ്ഡം, നാരദസനൽകുമാരസംവാദം,
ഹരിനാമമാഹാത്മ്യകഥനം ഇരുപത്തൊമ്പത്തഞ്ചാമദ്ധ്യായം.

— (o) —

ഇരുപത്താറാമദ്ധ്യായം

ശൌനകൻ:—"ഭയാംബുധേ, പ്രതിജ്ഞ രക്ഷിച്ചാലത്തെ പുണ്യവും, തെറ്റിച്ചാലത്തെ പാപവും എനിക്കു കേൾക്കേണമെന്നുണ്ടു: വല

Digitized By Kerala Sahitya Akademi

തെ കയ്യുകൊട്ടത്തിട്ട ശപഥം നിറവേറാഞ്ഞാൽ എന്തുവരും? നിറ വേറിയാൽ എന്തുവരും? ദയചെയ്തു പറഞ്ഞു തരിക."

സൂതൻ:—"മുനിപുംഗവ, കേൾക്കു; വിസ്തരിച്ചു പറയാം: അങ്ങു വൈഷ്ണവരിൽ അഗ്രഗണ്യനും സർവ്വഹിതൈഷിയുമാകുന്നു.

നൂറുപൈക്കളെ കൊടുത്തതിന്റെ കോടിമടങ്ങു പുണ്യം പ്രതി ജ്ഞാപാലനത്താൽ സിദ്ധിക്കും. പ്രതിജ്ഞ തെറ്റിച്ചാലോ, ആ മൂഢൻ നൂറു മന്വന്തരം മുഴുവൻ അതിഘോരമായ നരകത്തിൽ കിടന്നു വേവും; പിന്നീടു് ഒരു ദരിദ്രക്കുടിയിൽ വന്നുപിറന്നു്, ഊണും ഉടുപ്പും കൂടിയില്ലാതെ വലയുകയും ചെയ്യും. ദേവന്റേയൊ അഗ്നിയുടേയൊ ഗുരുവിന്റേയൊ സന്നിധിയിൽവെച്ചു സത്യത്താൽ ശപഥം ചെയ്യുമ്പോൾത്തന്നെ, വിഷ്ണുവിന്റെ ദേഹം പൊള്ളിപ്പോകും. ശപഥം നിറവേറിയാൽത്തന്നെ ഇങ്ങിനെയൊരു പാപമുണ്ടായിരിക്കെ, തെറ്റിയാലത്തെ കഥ എന്തായിരിക്കും! ശ്രീനാരായണന്റെ തിരുമെയ്തൊട്ടു സത്യം ചെയ്താൽത്തന്നെ നൂറു മന്വന്തരം മഹാഘോരനരകത്തിൽ കിടക്കേണ്ടിവരും; പിന്നെ തെറ്റിപ്പോയാലൊ! വിഷ്ണുവിന്റെ നിർമ്മാല്യം തൊട്ടു സത്യംചെയ്തവൻ് ഏഴുതല മുറയോടുക്കൂടി വളരെക്കാലം നരകത്തിൽ വേവിക്കപ്പെട്ടും; പിന്നെ ജനിച്ചാൽ, ജന്മംതോറും കുഷ്ഠരോഗിയായിട്ടും തീരും. വലംകൈ കൊടുത്തിട്ട പ്രതിജ്ഞ നിറവേറുന്നവനൊ, ഞാൻ പരമാർത്ഥമാണ് പറയുന്നതു്, വിഷ്ണുപ്രാപ്തി സിദ്ധിയ്ക്കും! കൈകൊടുത്തിട്ട പ്രതിജ്ഞാപാലനം ചെയ്യാതിരിക്കുന്നേടത്തോളം കാലം, അവന്റെ പിതൃക്കൾ നരകദുഃഖമനുഭവിയ്ക്കും; താനും ചത്താൽ ഘോരനരകത്തിൽ വീഴും. ഒരുകോടി കല്പംകൊണ്ടും കേറുന്നതല്ല."

ശൌനകൻ:—"വലംകൈ കൊടുത്തിട്ട പ്രതിജ്ഞ നിറവേറിയതിനാൽ മുമ്പു് ആർക്കാണ് വിഷ്ണുപ്രാപ്തി ലഭിച്ചിട്ടുള്ളതു്? കേട്ടാൽ കൊള്ളാം."

സൂതൻ:—

(കൈകൊട്ടിക്കളിപ്പാട്ടു് – 'താമരക്കണ്ണൻ' പോലെ)

കാഞ്ചീപുരത്തിലുണ്ടായിരുന്നു–കാമരൂപനൊരുബ്രാഹ്മണൻ
പാരം തിന്നു തടിച്ചു മെയ്യൊട്ടും–വീരവിക്രമനാമകൻ
ഏവർക്കും പ്രിയൻ പണ്ഡിതൻ സത്യ–നേരെസ്സംസാരിക്കുന്നവൻ
വിത്തപുത്രവാൻ വിഷ്ണുസേവകൻ–വിപ്രാതിഥി സംപൂജകൻ
നിത്യം ഗുരുജനത്തെപ്പോറ്റുവോ–നത്യന്തം പിതൃഭക്തിമാൻ,

Digitized By Kerala Sahitya Akademi

ഏറ്റവുചൊന്നതെന്തായാലും നിറഞ്ഞവേറുമവന്റെ ഗേഹത്തിൽ
ചെന്നിതേകദാ വിപ്രവേഷത്തിൽ–സ്സുന്ദരനൊരു ചണ്ഡാലൻ.
'ധീരകേട്ടാലു,മെന്നുടെ നല്ല–ദാരങ്ങളന്തരിച്ചുപോയ്;
എന്തുചെയ്യും ഞാനെങ്ങുപോകും ഞാ–നെങ്കൽട്ടയ തോന്നേണമെ!
അതരണന്ന വിശേഷിച്ചും വേളി–യാരൊരാൾ നടത്തീടുന്ന,
തീർത്ഥനാകുലുക്കളും വ്രത–സ്നാത്വുമവനന്നിനോ?'
ഗീരിത്ര യുവബ്രാഹ്മണൻ ചൊൽകെ–വീരവിക്രമനോതിനാൻ:—
'പെങ്കിടാവൊന്നെനിക്കുണ്ടു; വേണ–മെങ്കിലങ്ങയ്ക്കു നൽകാം ഞാൻ;
തന്നോൻ വലംകൈ,രണ്ടില്ല പക്ഷം!'–എന്നതുകേട്ട ചണ്ഡാലൻ
ശൂദ്രമുഖ്യന്റെ ദക്ഷിണഹസ്തം– വീർത്തുമോടൽ പിടിച്ചോതീ:—
'നന്ന, നന്ന,നൊരുക്കി വേഗത്തിൽ–തന്നാലും പെങ്കിടാവിനെ:
വന്നെത്തും വിഘ്നം തമസിയ്ക്കുകി–ലെന്നോ ശാസ്ത്രനിശ്ചയം.

വീരവിക്രമൻ:—

'നാളെത്തന്നേയ്ക്കാം പെണ്ണിനെബ്രഹ്മൻ;–കേളി,തു തെറ്റിപ്പോകില്ല:
കൈതന്നിട്ടതു ചെയ്യാതിരിപ്പോൻ–ഭൂതലേ പുരുഷാധമൻ!'

പിന്നീടു വീരവിക്രമൻ ഈ വിവരമെല്ലാം തന്റെ പുരോഹിതനായ കൃഷ്ണശർമ്മാവെന്ന ബ്രാഹ്മണനെ അറിയിച്ചു. അപ്പോഹം അദ്ദേഹം അഭിപ്രായപ്പെട്ടു:—'ശൂദ്രകന്യകയെ ബ്രാഹ്മണന്ന കൊടുക്കുകയോ? വിശേഷിച്ചും ഗോത്രവും മറ്റും അറിവില്ലാത്ത സ്ഥിതിക്കു കൊടുത്തുകൂടാ.' വീരവിക്രമന്റെ അച്ഛൻ മുതലായ ബന്ധുക്കളും ഇതിൻവണ്ണം തന്നെയാണ് അഭിപ്രായപ്പെട്ടതു:—'കേൾക്കു, മകനെ, അതുടെ കുലം–ഗോത്രം–ദേശം–ധനം–ശീലം–വയസ്സ് എന്നിവ അറിയപ്പെട്ടിന്നില്ലയോ അവന്ന സ്വജനങ്ങളും പെണ്ണിനെ കൊടുക്കാറില്ല.' അയാളും പറഞ്ഞു:—'ഞാൻ വലംകയ്യു കൊടുത്തുപോയി; അതിനി ഒരുവിധത്തിലും തെറ്റിപ്പാൻ വയ്യ!'

വീരവിക്രമൻ ആ ബ്രാഹ്മണന്ന കന്യകയെ കൊടുപ്പാൻ തന്നെ ഒരുങ്ങി. അതുകണ്ടു ബന്ധുക്കളെല്ലാം പകച്ചു നില്പായി. അയാളുടെ ആ സത്യോച്ചിതം കേൾക്കുകയാൽ, ശംഖചക്രഗദാപാണിയായ ഭഗവാൻ ഗരുഡന്റെ പുറത്തേറി പെട്ടന്നവിടെ എഴുന്നള്ളിവന്ന.

ഭഗവാൻ:—'നിന്റെ കുലം ധന്യമായി! ധർമ്മം ധന്യമായി! അച്ഛനമ്മമാർ ധന്യരായി! സത്യവചനം ധന്യമായി! വലംകയ്യും ധന്യമായി! ഇതു ധന്യമായ ജന്മവും കർമ്മവും ത്രൈലോക്യത്തിലില്ലതന്നെ. ഈയൊരു സൽക്കർമ്മത്താൽ നീ കുലത്തിന്ന് ഉൽഗതി വരുത്തിയിരിക്കുന്നു.'

Digitized By Kerala Sahitya Akademi

ശ്രീനാരായണൻ ഇങ്ങിനെ അരുളിച്ചെയ്യുമ്പോഴെയ്ക്കും, ഗരുഡക്കൊടി നാട്ടിയ ഒരു പൊന്നിൻവിമാനം വിഷ്ണുപാർഷദന്മാർ അവിടെ എത്തിച്ചു. ഉടനേ ശംഖപദ്മധരൻ താൻതന്നെ വീരവിക്രമന്റെ വീട്ടുകാരെയെല്ലാം—ആ ചണ്ഡാലനേയും പുരോഹിതനേയും ക്രൂടി—പിടിച്ചു് വിമാനത്തിൽ കേറ്റി വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു. അവരെല്ലാം അവിടെ സുദുർല്ലഭമായ സുഖം അനുഭവിച്ചുകൊണ്ടു വളരക്കാലം വസിക്കുകയും ചെയ്തു.

വലംകൈകൊട്ടത്തിട്ടു വാക്കു തെറ്റിക്കുന്നവനാകട്ടേ, വംശത്തോടുക്രൂടി നരകത്തിൽ പതിച്ചുപോകും; പരമാർത്ഥമത്രേ ഞാൻ പറയുന്നതു്. അവന്റെ അന്നവും വെള്ളവും പിതൃക്കളോ ദേവകളോ കൈക്കൊള്ളുകയില്ല. ധർമ്മം അവന്റെ ഗൃഹത്തിൽനിന്നു പേടിച്ചോടിക്കളയും. ആശയുണ്ടാക്കിത്തീർത്തിട്ടു് ആശാഭംഗം വരുത്തുന്ന മൂഢൻ ഒരുകോടി തലമുറയോടുക്രൂടി നരകം പൂകും. വാക്കു തെറ്റിക്കുന്നവന്റെ ഗൃഹം രാജാവിനാലൊ അഗ്നിയാലൊ തസ്കരരാലൊ ആക്രമിക്കപ്പെട്ടുമെന്നതു സത്യനിശ്ചയം.

സപ്തർഷോത്തരമായ ഇതു വഴിപോലെ ശ്രവിക്കുന്നവൻ ഇഹത്തിൽ ജീവന്മുക്തനായി, പരത്തിൽ സപ്തർഷോത്തരമായിരിക്കുന്ന വൈകുണ്ഠസ്ഥാനമടയും.

ശ്രീപദ്മപുരാണം, ബ്രഹ്മഖണ്ഡം, പ്രതിജ്ഞാപാലനമാഹാത്മ്യം ഇരുപത്തൊന്നാമദ്ധ്യായം. സപ്തർഷിഖണ്ഡം എന്നുകൂടി പേരുള്ള ബ്രഹ്മഖണ്ഡം (മൂന്നാംഖണ്ഡം) സമാപ്തം.

(o)

Digitized By Kerala Sahitya Akademi

ശ്രീപദ്മമഹാപുരാണം

പാതാളഖണ്ഡം

ഒന്നാമദ്ധ്യായം

നാരായണനെയും ശ്രേഷ്ഠനരനാം നരനേയുമേ
വാഗീശ്വരീവ്യാസരെയും വണങ്ങിജ്ജയമോതുക.

ഋഷിമാർ:—"മഹാഭാഗ, മനോഹരമായ സപ്തർഷി(ബ്രഹ്മ)ഖണ്ഡം മുഴുവൻ ഭവാൻ പറഞ്ഞുതന്നുവല്ലോ; ഇനി ശ്രീരാമചരിതം കീർത്തിച്ചാലും."

സൂതൻ:—"ഈ സൽക്കഥ ഒരിക്കൽ വാത്സ്യായനമഹർഷി ഭൂമിയെത്താങ്ങുന്ന ഭൂജഗേശ്വരനോട് ചോദിക്കുകയുണ്ടായി:—'ശേഷ, ലോകത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരങ്ങളും ഭൂഗോള-ഖഗോള—ജ്യോതിശ്ചക്രങ്ങളും മഹത്തത്വാദി സൃഷ്ടികളിൽ ഓരോന്നിന്റേയും തത്വനിർണ്ണയവും പലതരം രാജാക്കന്മാരുടെ കഥകളും ഭവാൻ പറഞ്ഞുവല്ലോ; സൂര്യവംശരാജാക്കന്മാരുടെ അത്ഭുതപരിശ്രവും അങ്ങു വർണ്ണിച്ചു. അതിൽ, അസംഖ്യം മഹാപാപങ്ങളെ പോക്കുന്ന ഒന്നാണ് രാമചരിതം. ശ്രീരാമവീരന്റെ അശ്വമേധകഥ ചുരുക്കത്തിലെ അങ്ങു പറഞ്ഞുള്ളുവല്ലൊ; അതെനിക്കു വിസ്തരിച്ചു കേൾക്കേണമെന്നുണ്ട്. അത് ശ്രവിക്കുകയോ സ്മരിക്കുകയോ ചൊല്ലുകയോ ചെയ്താൽ, മാപാപങ്ങൾക്കുമതിയും അഭീഷ്ടലാഭവും ഭക്തചിത്തത്തിനു തെളിവും വരുമല്ലോ.'

ശേഷൻ:—'ബ്രാഹ്മണശ്രേഷ്ഠ, ഭാഗ്യവാനാണ് ഭവാൻ: അങ്ങയുടെ മനസ്സു രഘുനാഥന്റെ തൃപ്പാദപദ്മത്തിലെ തേൻ കൊതിക്കുകയാണല്ലൊ ചെയ്യുന്നത്! മഹർഷിമാരെല്ലാം പറയാറുണ്ട്, സജ്ജനസംസർഗ്ഗം ശ്രേഷ്ഠമാണെന്ന്; അതു പാപനാശനമായ രഘുനാഥകഥയ്ക്കിടവരുത്തുമല്ലോ. അങ്ങയുടെ ചോദ്യം ഒരനുഗ്രഹമാണെനിക്ക്: അതു ദേവാസുരകിരീടരത്നങ്ങളാൽ നീരാജിതചരണനായ ശ്രീരാമനെ വീണ്ടും സ്മരിപ്പിച്ചു! രാവണാന്തകന്റെ ചരിതമാകുന്ന സമുദ്രത്തിൽ എന്നെപ്പോലുള്ള ഒരീച്ചയ്ക്ക് എന്തറിവാം? അതിൽ ബ്രഹ്മാദിദേവകൾ

Digitized By Kerala Sahitya Akademi

പോലും മതി മങ്ങി മയങ്ങിപ്പോകുന്നു. എന്നാലും, എനിക്കാവുന്നതു പോലെ ഭവാനോട് ഞാൻ പറയാം: അതിവിസ്തീർണ്ണമായ ആകാശത്തു് ഓരോപക്ഷിയും, അതിനു കഴിവുള്ളതിൻവണ്ണം പറക്കുന്നുണ്ടല്ലോ. നൂറുകോടി പദ്യപ്പുള്ളതാണ് രഘുനാഥചരിതം; എത്രത്തോളം അറിവുണ്ടോ, അത്രത്തോളം അതിനെ വർണ്ണിച്ചുപോരുന്നു. രഘുനാഥന്റെ സൽകീർത്തി എന്റെ വ്യവയത്തെ, തിയ്യിൽക്കാച്ചിയ സ്വർണ്ണത്തിനൊപ്പം നിർമ്മലീകരിക്കട്ടെ!'

ഇപ്രകാരം പറഞ്ഞു ശേഷൻ ധ്യാനസ്തിമിതനേത്രനായിട്ട്, ആ ലോകോത്തരമായ ദാശരഥി സ്വചരിതം ജ്ഞാനത്താൽ കണ്ടുവെച്ചു; അതിനുശേഷം കോരുമയിർക്കൊണ്ട ശരീരത്തോടും ഗൽഗദ സ്വരത്തോടുംകൂടി പറയാൻതുടങ്ങി:—

'അപ്സരസ്ത്രീകളുടെ മുഖചന്ദ്രനു നിറംകെട്ടതു ദേവാസുരദുഃഖമനായിരുന്ന ലങ്കേശ്വരൻ കൊല്ലപ്പെട്ടപ്പോൾ ശക്രാദിദേവകൾക്കെല്ലാം ശല്യം നീങ്ങി; അവർ മനസ്സുഖമടഞ്ഞു, ദാസന്മാരെപ്പോലെ വീണുവണങ്ങി ശ്രീരാമനെ സ്തുതിച്ചു. അദ്ദേഹമൊ ധർമ്മിഷ്ഠനായ വിഭീഷണനെ ലങ്കയിൽ വാഴിച്ചു, സീതാലക്ഷ്മണന്മാരോടും സുഗ്രീവഹനുമദാദികളോടുംകൂടി പുഷ്പകവിമാനത്തിൽകേറി പുറപ്പെട്ടു. വിരഹം പൊറായ്കയാൽ വിഭീഷണനും മന്ത്രിമാരൊന്നിച്ചു കൂടെ പുറപ്പെട്ടു.

മതിലുകളും തോരണങ്ങളും പലപാട്ടഞ്ഞുകിടക്കുന്ന ലങ്കയെ ശ്രീരാമൻ നോക്കിക്കണ്ടു. അശോകവനവും, അവിടെ സീതയുടെ ഇരിപ്പിടമായിരുന്ന ശിംശപാവൃക്ഷവും കണ്ടപ്പോൾ അദ്ദേഹം മോഹാലസ്യപ്പെട്ടുപോയി. അവിടെ വൃക്ഷങ്ങൾ പൂക്കളും പൂമൊട്ടുകളും പൂണ്ടുനിന്നിരുന്നു. ഹനുമാനെ പേടിച്ചു ചത്ത രാക്ഷസസ്ത്രീകളും ചിന്നിക്കിടന്നിരുന്നു. ഇതെല്ലാം കണ്ടുംകൊണ്ടു് രാമൻ വേഗേന അയോധ്യയിലേയ്ക്കു തിരിച്ചു. ബ്രഹ്മാദിദേവകളും അവരവരുടെ വാഹനംകേറി കൂടെയുണ്ടായിരുന്നു. ദേവകൾ പെരുമ്പറകൊട്ടുന്ന ശബ്ദം ചെവികളിരെ കേൾക്കുമാറായി. അപ്സരസ്സുകൾ നൃത്തംവെച്ചു. വഴിക്കു, തീർത്ഥങ്ങളേയും ആശ്രമങ്ങളേയും മുനികളേയും മുനിപുത്രരേയും പതിവ്രതമാരായ മുനിപത്നിമാരെയും രാമൻ സീതയ്ക്കു കാട്ടിക്കൊടുത്തുകൊണ്ടിരുന്നു. മുമ്പു് എവിടെയെവിടെ താമസിക്കുകയുണ്ടായൊ, അവിടമെല്ലാം ധീമാനായ രാമനും ലക്ഷ്മണനും സീതയ്ക്കു കാട്ടിക്കൊടുത്തുകൊണ്ടിരിക്കെ, സ്വന്തം രാജധാനി കാണുമാറായി. അതിനടുക്കലുള്ള നന്ദിഗ്രാമവും കാണപ്പെട്ടു. ഇവിടെയാണു്, രാജാവായ ഭരതൻ ഭ്രാതൃവിരഹത്താൽ അനേകം ദുഃഖചിഹ്നം വഹിച്ചുംകൊണ്ടു ധർമ്മം രക്ഷിച്ചുവാണിരുന്നതു്: ബ്രഹ്മചാരിയായി ഗുഹയിൽ ശയിച്ചും, ജടാവൽക്ക

Digitized By Kerala Sahitya Akademi

ലങ്ങളം ധരിച്ചും, ദേഹം തീരെ ചടച്ചും, ദുഃഖത്താൽ തപിച്ചും, വീണ്ടും വീണ്ടും രാമചരിതം ഉച്ചരിച്ചുകൊണ്ടുമായിരുന്ന അദ്ദേഹത്തിന്റെ സ്ഥിതി. യവാന്നംപോലും ഭക്ഷിക്കാറില്ല; ജലപാനംക്രടി ചെയ്യാറില്ല. ഉദിച്ചുയരുന്ന സൂര്യനെ നമസ്കരിച്ച് ഇങ്ങിനെ പ്രാർത്ഥിയ്ക്കും:—

[കിളിപ്പാട്ട്—അന്നനട]

'ഉലകിന്നകണ്ണെ, സുരക്ഷചനേ,
വലുതാകുമെന്റെ ദുരിതം നീക്കണെ:
അരണ്യംപുക്കല്ലൊ വിട്ടരാമചന്ദ്രൻ-
തിരുവടിയുമിപ്പിവൻ നിമിത്തമായ്!
പരിമൃദുകളേബരയാം സീതയോ-
ടൊരുമിച്ചല്ലയൊ വനത്തിലേയ്ക്കുപോയ്!
മട്ടമലർമെത്തപ്പൂത്തൊരുഞ്ഞെട്ട
തടയുകിലഴൽപ്പെട്ടന്ന മൈഥിലി—
ഒരിക്കലെങ്കിലും വെയിലിന്റെ ചൂടൊ-
ന്നറിഞ്ഞിട്ടില്ലാത്ത ജനകനന്ദിനി—
സതിയവിടുന്നുമിവൻമൂലം വന-
ക്ഷിതികളിൽപ്പുററി നടക്കയായ് ക്കഷ്ടം!
അരചരുംനോക്കിട്ടൊരിക്കലും കാണാ-
തിരുന്നവളല്ലൊ ജനകനന്ദിനി;
അവിടുന്ന കാലശരീരരാം വേട-
ക്കവിരതം ദുഷ്ടവിഷയമായ് ത്തീർന്നു!
മധുരാന്നം ഭുജിച്ചുതിരുപ്പുയായി
മരുവിയോളത്തെ മിഥിലേന്ദ്രപുത്രി;
അവിടുന്ന വനസ്ഥലത്തിലെക്കായ്ക്ക-
ളവശമനേഷിക്കുകയെന്നും വന്നു!'

ഇങ്ങിനെ, നാൾതോറും പ്രഭാതത്തിൽ സൂര്യനെ വന്ദിച്ചു പ്രാർത്ഥിക്കുക, ശ്രീരാമഭക്തനായ ഭരതമഹാരാജാവിന്റെ പതിവായിരുന്നു. നീതിശാസ്ത്രനിപുണന്മാരായ പണ്ഡിതന്മാരും സമദുഃഖസുഖന്മാരുമായ മന്ത്രിമാർ വല്ലതും ചോദിച്ചാൽ, അദ്ദേഹം ഇങ്ങിനെ പറയും:— 'അമാത്യന്മാരേ, ഒരു ദുഷ്കൃതം പുരുഷാധമനായ എന്നോട് നിങ്ങൾ സംസാരിക്കുന്നതെന്തിന്? ഞാൻ നിമിത്തമല്ലയോ, ജ്യേഷ്ഠനായ രാമൻ കാട്ടിൽ നടന്നലയുന്നതു്! ഭാഗ്യംകെട്ട എനിക്ക പാപം നീങ്ങാൻ ഒരു വഴിയെ ഉള്ളൂ: ഞാൻ എപ്പോഴും ഭക്തിയോടെ രാമചന്ദ്രന്റെ തൃക്കാൽ

Digitized By Kerala Sahitya Akademi

സ്മരിച്ചുകൊള്ളട്ടെ! ഭർത്താവിനു പ്രിയപ്പെട്ട വീരമാതാവായ സുമിത്ര മഹാഭാഗ്യവതി തന്നെ: അവിടുത്തെ മകൻ രാമചരണങ്ങളെ പ്രതിദിനം സേവിക്കുന്നുണ്ടല്ലൊ.' ഭ്രാതൃവത്സലനായ ഭരതൻ ഏതു ഗ്രാമത്തിൽ വസിച്ച് ഈവിധമെല്ലാം ഉച്ചത്തിൽ വിലപിച്ചുപോന്നുവോ, ആ ഗ്രാമം ശ്രീരാമചന്ദ്രൻ ദർശിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്മ്യായനസംവാദം, രാമാശ്വമേധകഥാരംഭം, രുമേനന്ദിഗ്രാമദർശനം നാമാദ്ധ്യായം.

— (൦) —

രണ്ടാം അദ്ധ്യായം

ശേഷൻ:—അതു കണ്ടപ്പോൾ ഉൽകണ്ഠ മൂഴത്ത ശ്രീരാമൻ ധാമ്മികോത്തമനും ഭ്രാതാവുമായ ഭരതനെ വീണ്ടും വീണ്ടും സ്മരിച്ചു. അദ്ദേഹം ഭന്താംശുചന്ദ്രികയാൽ അന്ധകാരം നീങ്ങുമാറു, കരുത്തുള്ള കാറിന്മകനായ ഹനുമാനോടരുളിച്ചെയ്തു:— 'വീരനായ ഹനുമാനേ, ഞാൻ ഭ്രാതാവിനെ സംബന്ധിച്ചു പറയുന്നതു കേട്ടാലും: അയാളോട് ഏറെക്കാലമായിട്ടുള്ള വേർപാടു മൂലം എനിക്കു തൊണ്ടയിടറുന്നു! ഭവാൻ ആ വീരഭ്രാതാവിന്റെ അടുക്കൽ ചെല്ലുക. എന്നോടു പിരിഞ്ഞതിനാൽ അയാളുടെ പ്രശസ്തശരീരം വല്ലാതെ മെലിഞ്ഞുവശായിരിക്കുന്നു. അയാൾ മരവുരിയാണുടുക്കുന്നത്; തലമുടി ജടയായിരിക്കുന്നു; കായ്കനി പോലും അയാൾ ഭക്ഷിക്കാറില്ല. അയാൾക്കു പരസ്ത്രീ അമ്മയെപ്പോലെയാണ്; സ്വർണ്ണം മൺകട്ടയ്ക്കു ശരി; പ്രജകളെ എന്റെ ആ ധർമ്മജ്ഞനായ സോദരൻ മക്കളെ എന്നപോലെ സംരക്ഷിച്ചുപോരുന്നു. എന്റെ വിരഹത്താലുള്ള ദുഃഖമാകുന്ന ചെന്തീയിന്റെ ജ്വാലയാൽ ശരീരം ചുട്ടെരിയുന്ന അയാളിൽ ഭവാൻ വേഗത്തിൽ എന്റെ വരവറിയിക്കലാകുന്ന തണ്ണീർ ചൊരിഞ്ഞാലും—രാമൻ സീതാലക്ഷ്മണരോടും സുഗ്രീവാദി വാനരേന്ദ്രന്മാരോടും വിഭീഷണാദി രാക്ഷസന്മാരോടുംകൂടി പുഷ്പകവിമാനത്തിൽ കേറി സുഖേന വന്നെത്തിയിരിക്കുന്നു എന്ന് അറിയിച്ചാലും. എന്നാൽ, എന്റെ ആ അനുജൻ വേഗത്തിൽ സുഖിതനായിത്തീരും.'

ഈ വിധം ബുദ്ധിമാനായ രഘുവീരൻ ആജ്ഞാപിച്ചതുകേട്ടിട്ട ഹനുമാൻ അതു ചെയ്വാനായി ഭരതന്റെ പാപ്പിടമായ നന്ദിഗ്രാമത്തി

Digitized By Kerala Sahitya Akademi

ലേയ്ക്കു നടകൊണ്ടു. മാരുതി നന്ദിഗ്രാമത്തിൽ ചെന്നപ്പോൾ, ഭ്രാതൃവിരഹഖിന്നനായ ഭരതൻ മന്ത്രിവൃദ്ധന്മാരൊന്നിച്ചു രാമചന്ദ്രന്റെ കഥ പറഞ്ഞുംകൊണ്ടിരിക്കയായിരുന്നു. അദ്ദേഹം മൂർത്തിമത്തായ ധർമ്മമൊ എന്നു തോന്നുംവണ്ണവും, ബ്രഹ്മാവിനാൽ സതപ്രയത്നം മുഴുവനുമെടുത്തു സൃഷ്ടിക്കപ്പെട്ടവനൊ എന്നു തോന്നുംവണ്ണവും കാണപ്പെട്ടു. രഘുനാഥപാദാരവിന്ദമകരന്ദത്തിൽ അത്യാസക്തനായ ആ ഭരതനെ ഹനുമാൻ നമസ്കരിച്ചു. ഭരതൻ ക്ഷണത്തിൽ എഴുന്നേറ്റു തൊഴുകൈപൂണ്ടു സ്വാഗതം പറഞ്ഞിട്ടു, 'ശ്രീരാമനു കുശലമല്ലെ' എന്നു ചോദിച്ചു. അപ്പോൾ അദ്ദേഹത്തിനു വലംകൈ വിറച്ചു; മനസ്സിൽ നിന്നു ദുഃഖം നീങ്ങി; ഹൃഷ്ടബാഷ്പം മുഖത്തൊഴുകുകയും ചെയ്തു. ആ നിലകണ്ടിട്ടു വാനരശ്രേഷ്ഠൻ പറഞ്ഞു:—'രാമലക്ഷ്മണന്മാർ ഇതാ, സമീപത്തെത്തിക്കഴിഞ്ഞു. രാമാഗമനസന്ദേശമാകുന്ന അമൃതിൽ ആറാടിയപ്പോൾ ഭരതനുണ്ടായ ആഹ്ലാദം രണ്ടായിരം കണ്ണുള്ള എനിയ്ക്കും അറിഞ്ഞുകൂടാ! അദ്ദേഹം കഥിച്ചു:—'ശ്രീരാമന്റെ സന്ദേശം കൊണ്ടുവന്നവനെ, അങ്ങയ്ക്കു നൽകത്തക്കതായി യാതൊന്നും എന്റെ കയ്യിലില്ല; ജന്മം മുഴുവൻ അങ്ങയ്ക്കു ദാസനാണ് ഞാൻ!'

വസിഷ്ഠനും മനംകുളിർത്ത മന്ത്രിവൃദ്ധന്മാരും അഘ്ര്യമെടുത്തു്, ഹനുമാൻ കാണിച്ച വഴിയിലൂടെ രാമൻ വരുന്നേടത്തേയ്ക്കു ഗമിച്ചു. ഉടനെ, അഭിരാമനായ രാമചന്ദ്രൻ സീതാലക്ഷ്മണരോടുകൂടി പുഷ്പക വിമാനത്തിലൂടേ വരുന്നതു ദൂരത്തുനിന്നു കാണ്മാറായി. ജടയും വല്ക്കലകൌപീനവും ധരിച്ചു കാൽനടയായി വന്നുചേർന്ന ഭരതനെ ശ്രീരാമനും ദർശിച്ചു; അനുജന്റെ വേഷത്തിൽതന്നെ ജട ധരിച്ചവനും നിരന്തരമായ തപസ്സുകൊണ്ടു മെലിഞ്ഞു ക്ഷീണിച്ചവനുമായ മന്ത്രിമറെയും ശ്രീരാമൻ ദർശിച്ചു. ഇങ്ങിനെയുള്ള രാജാവിനെ കണ്ടിട്ടു രാമൻ വിചാരിച്ചു:—'അഹൊ, ധീമാനായ ദശരഥമഹാരാജാവിന്റെ പുത്രൻ ഇതാ, ജടാവല്ക്കലങ്ങളും ധരിച്ചു കാൽനടയായി വന്നെത്തുന്നു! അയ്യോ, ഇയ്യാൾക്ക് എന്റെ വേർപാടാലുള്ളെടത്തോളം ദുഃഖം എനിക്കു വനവാസത്താലും സംഭവിച്ചിട്ടില്ല! ഹാ, നോക്കുവിൻ, എന്റെ അനുജനായ ഭരതൻ—എനിക്കു പ്രാണനെക്കാളും പ്രിയപ്പെട്ട സ്നേഹിതൻ—എന്റെ ആഗമനം കേട്ടിട്ടു മനംകുളിർത്ത മന്ത്രിവൃദ്ധന്മാരോടും വസിഷ്ഠനോടും കൂടി, എന്നെ കാണ്മാൻ വരുന്നു!'

ഈ വിധം പറഞ്ഞുംകൊണ്ടു, വിരഹത്താൽ മനമലിഞ്ഞ മനുജേന്ദ്രൻ ലക്ഷ്മണഹനുമദ്വിഭീഷണന്മാരാൽ ആദൃതനായിട്ടു് ആകാശസ്ഥമായ പുഷ്പക വിമാനത്തിൽ നിന്നിറങ്ങി. ഭ്രാതാവെ, ഭ്രാതാവെ! ഭ്രാതാവെ, ഭ്രാതാവെ! എന്നിങ്ങനെ വീണ്ടും വീണ്ടും വിളിച്ചും

Digitized By Kerala Sahitya Akademi

കൊണ്ട്, അവരോടൊപ്പം വാഹനത്തിൽ നിന്നിറങ്ങിയ രാമചന്ദ്രനെ കണ്ടിട്ട ഭരതൻ സന്തോഷ ബാഷ്പത്തിൽ മുങ്ങി ദണ്ഡനമസ്കാരംചെയ്തു. വടിപോലെ നിലത്തുവീണ ഭരതനെ സന്തോഷവും സന്താപവും കലർന്ന രഘുനാഥൻ രണ്ടു തൃക്കൈകൊണ്ടും പിടിച്ചെഴുന്നേല്പിപ്പാൻ തുടങ്ങി. പക്ഷേ, ഭരതൻ തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ട കൈകളാൽ രാമചന്ദ്രന്റെ ചരണാരവിന്ദങ്ങളും പിടിച്ചുകിടന്നതേ ഉള്ളു.

[കിളിപ്പാട്ട്—അന്നനട]

'ദുരാചാരൻ ദുഷ്ടൻ ദുർമതിവാനിവൻ;
ഉരുകൃപാപയോനിധേ, രാമചന്ദ്ര,
പെരിയതൃക്കൈകളടയോനേ, എങ്കൽ-
ത്തിരുമനം കനിഞ്ഞരുളിടേണമെ!
കരതാരാൽസീത തലോടിടുമ്പൊഴും
പറപറപ്പുതോന്നിയ പദത്താൽത്താൻ
പെരുംകാട്ടിൽച്ചുറ്റിനടന്നവല്ലോ നിൻ
തിരുവടി കഷ്ടമിവൻനിമിത്തമായ്!'

എന്നിങ്ങിനെ വിവശനായപേക്ഷിച്ചു, കണ്ണുനീർ തൂകി, തൊഴുകയും പൂണ്ട ഹർഷാകുലിതമുഖനായി മുമ്പിൽനിന്ന സഹോദരനെ ദയാനിധിയായ രഘുനാഥൻ വീണ്ടും വീണ്ടും കെട്ടിപ്പുണർന്നു; അതിന്റെ ശേഷം അവിടുന്ന പ്രധാനമന്ത്രിപ്രഭൃതികളെ വന്ദിച്ച കുശലം ചോദിച്ചു, ഭരതനോടുകൂടി പുഷ്പകത്തിൽ കേറി. അപ്പോൾ ഭരതൻ ജ്യേഷ്ഠപത്നിയായ ജാനകിയെ, അത്രിപത്നിയായ അനസൂയയെ എന്നപോലെയും അഗസ്ത്യപത്നിയായ ലോപാമുദ്രയെ എന്നപോലെയും ദർശിച്ച്, ആ സുചരിതയായ പതിവ്രതയെ അഭിവാദ്യംചെയ്തു:—'അമ്മെ, ഞാൻ അറിയാതെ ചെയ്തിട്ടുള്ള അപരാധം ക്ഷമിക്കണെ! ഇവിടുത്തെപ്പോലെയുള്ള പതിവ്രതമാർ ആക്കും നന്മയെ ചെയ്യുകയുള്ളു. സൌഭാഗ്യവതിയായ സീതയും ഭർത്തൃസഹോദരന്റ് ആദരവോടെ ആശിസ്സുകളും നൽകി കുശലം ചോദിച്ചു.

അവരെല്ലാം മഹാവിമാനമേറി ആകാശത്തിലൂടേ നടകൊണ്ടു; ക്ഷണനേരത്താൽ അയോധ്യാരാജധാനി സമീപത്തു കാണുമാറായി.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷധർമ്മാഖ്യാനസംവാദം, രാമാശ്വമേധപ്രകരണം, രാമരാജധാനീദർശനം രണ്ടാമധ്യായം.

—(൦)—

Digitized By Kerala Sahitya Akademi

മൂന്നാമദ്ധ്യായം.

ശേഷൻ:—ഏറെക്കാലമായി കാണ്മാൻ കൊതിച്ച രാജധാനി തന്റെ ആളുകളാൽ ചുറ്റപ്പെട്ടതായി കണ്ടപ്പോൾ ധീമാനായ രാമവീരന്നു വളരെ സന്തോഷം തോന്നി. ഭരതനാകട്ടെ, സുമുഖൻ എന്ന നിജസുഹൃത്തായ സചിവനെ നഗരത്തിൽ ഉത്സവം കൊണ്ടാടിക്കാനായി നിയോഗിച്ചു:—

[വഞ്ചിപ്പാട്ട്]

രാമാഗമോത്സവം പൌരർ താമസിയാതൊരുക്കട്ടെ:
ധാമംതോറുമലംകാരധാടിക്കുട്ടട്ടേ;
പാതതോറും തുഞ്ചുവാരിപ്പാടീരച്ചാറുതിക്കട്ടേ;
പൂതുകട്ടേ; നാട്ടാർതിങ്ങി പ്രീതികൊള്ളട്ടേ;
മുറ്റത്തെങ്ങും നാനാവണ്ണമുറ്റകൊടിക്കൂറകളും
കുറക്കാർവില്ലുകൾപോലെ കാണട്ടേകീഴ്ശർ;
അകിൽപുകയ്ക്കട്ടേ ലോകരഗാരങ്ങൾതോറും,മാ നൽ-
പ്പുകകണ്ടുമയിലുകൾ പുളച്ചാടട്ടേ;
കുന്നിനൊക്കുമെൻ കുഞ്ജരവൃന്ദത്തെപ്പാപ്പാന്മാർകൊണ്ടു-
വന്നുനിത്തിച്ചാത്തിക്കട്ടേ സിന്ദൂരാദികൾ;
മണ്ടിക്കട്ടേഹയങ്ങളെ മണ്ഡനംചെയ്തുപ്പാവിൽക-
ണ്ടുണ്ടർപൂരക്കുതിരകളമ്പരക്കട്ടേ;
ആഭരണമണിഞ്ഞു നൂറായിരം നൽപ്പൊൺകിടാങ്ങ-
ളാനപ്പുറമേറിവാണുമുത്തുതുകട്ടേ;
സുമംഗലബ്രാഹ്മണിമാർ ദൂർവാമഞ്ഞൾത്താലമേന്തി-
സ്സമമുഴിയട്ടേ രാമരാജരാജനെ;
പുത്രാഗമം കേട്ടഹഷ്ം മെത്തീടട്ടേ,മെയ് മെലിഞ്ഞ
തദ്ദർശനലാലസയാം കൌസല്യയ്ക്കുറ്റം!
ഈ മട്ടെല്ലാം പട്ടണത്തിന്നോമന്നോടിവരുത്തട്ടേ
രാമാഗമം പ്രമാണിച്ചു സാമോദം നാട്ടാൻ!'

ഇതുപ്രകാരം സുമുഖനെന്ന മന്ത്രീന്ദ്രൻ നഗരം അലംകരിപ്പിക്കാനായി നടകൊണ്ടു, രാമാഗമനമഹോത്സവം പരസ്യപ്പെടുത്തി. രഘുനാഥൻ തിരിച്ചെഴുന്നള്ളിയവിവരം കേട്ടപ്പോൾ, അവിടുത്തെ വിരഹംമൂലം സ്വസുഖങ്ങളും ത്യജിച്ചിരുന്നവരായ ജനങ്ങൾക്കുണ്ടായ

Digitized By Kerala Sahitya Akademi

സന്തോഷം കുറച്ചല്ല. പരിശുദ്ധരായ വേദജ്ഞബ്രാഹ്മണർ അലക്കിയ ഉത്തരീയം ധരിച്ചു ദർഭപ്പുല്ലും കയ്യിലെടുത്തു ശ്രീരാമന്റെ അരികിൽ വന്നെത്തി; വീരരെ യുദ്ധത്തിൽ പലവുരു ജയിച്ചിട്ടുള്ള മഹാശൂരരായ ക്ഷത്രിയന്മാർ ചാപബാണങ്ങളും കൈക്കൊണ്ടു വന്നെത്തി; വൈശ്യർ അലക്കിയ വസ്ത്രമുടുത്തു പൊന്മോതിരമിട്ടു വളരെ ദ്രവ്യവുമായി നരേന്ദ്രനെ കാണ്മാൻ വന്നെത്തി; സ്വന്തം ആചാരങ്ങളിലും വേദാചാരങ്ങളിലും നിഷ്ഠയുള്ള ബ്രാഹ്മണഭക്തരായ ശൂദ്രരും രാജസന്നിധിയിൽ വന്നെത്തി. ഓരോ തൊഴിലാളികളും അവരവരുടെ പദാർത്ഥവുംകൊണ്ടു ശ്രീരാമരാജാവിന്റെ സന്നിധിയിൽ വന്നുചേർന്നു—ഇങ്ങിനെ, ഭരതസന്ദേശത്താൽ സന്തോഷത്തിൽ മുഴുകിയ സകലരും നാനാതരം പദാർത്ഥങ്ങളുമായി നരേന്ദ്രനെ പ്രാപിച്ചു.

പിന്നെ രഘുനാഥൻ സപരിവാഹനസ്ഥരായ എല്ലാദേവകളോടുംകൂടി, അത്യന്തം മോടിപിടിപ്പിക്കപ്പെട്ട രാജധാനിയിലേയ്ക്കെഴുന്നള്ളി. വാനരന്മാരും അവരവക്കൊത്ത മോടിപൂണ്ടു, ആകാശത്തിലൂടേ ചാടിയോടി, രാജധാനിയിലേയ്ക്കുനഗമിച്ചു. പരിജനങ്ങളാൽ പരിവൃതനായ ശ്രീരാമൻ സീതയോടുകൂടി പുഷ്പകത്തിൽ നിന്നിറങ്ങി, ഒരു പല്ലക്കിൽ കയറി അയോധ്യയിൽ പ്രവേശിച്ചു. അവിടം തിംഗിയേറിയ തോരണങ്ങളാൽകൊണ്ടും മറ്റും അലംകരിക്കപ്പെട്ടതും, സന്തോഷത്താൽ പുളയ്ക്കുന്ന ജനങ്ങളാൽ ഇടതിങ്ങിയും, വീണാപണവപടഹാദിവാദ്യഘോഷങ്ങളാൽകൊണ്ടു മുഴങ്ങിയും പരിശോഭിച്ചു. സൂതമാഗധവന്ദികളാൽ സ്തുതിച്ചുകൊണ്ടിരുന്ന. 'രാഘവ, ജയിച്ചാലും! രാമ, ജയിച്ചാലും! സൂര്യകുലാഭരണമേ, ജയിച്ചാലും! ദാശരഥേ, ജയിച്ചാലും! ദേവ, ലോകനാഥ, ജയിച്ചാലും!' എന്നിങ്ങനെ, രാമദർശനസന്തോഷത്താൽ കോരിത്തരിച്ചുകൊണ്ടു പൌരന്മാരുടെ സുഭാഷിതങ്ങളും കേട്ടുംകൊണ്ടു രാമൻ, ചന്ദനച്ചാറു പാറിത്തളിച്ചു പൂവും തളിരും വിരിച്ചലങ്കരിച്ചിരുന്ന തേർവീഥിയിൽ ചെന്നെത്തി. അപ്പോൾ ചില പൌരസ്ത്രീകളും ജനാലയ്ക്കൽ നിന്ന രഘുനാഥന്റെ തിരുമേനി നോക്കിക്കണ്ടു കാമാവേശത്തോടേ കഥിച്ചു:—

(ചതുശ്ശ്ലോകീതി)

'ഹാ,മഹാ ധന്യമാരത്രേ പുളിന്ദിമാർ:
കോമളം രാമന്റെ വക്ത്രപദ്മം
തന്മിഴിക്കുമ്പാൽനുകർന്നല്ലോ കാട്ടിൽവെ-
ച്ചമ്മട്ടാം ഭാഗ്യോദയത്താലവർ!

Digitized By Kerala Sahitya Akademi

രാമനാം വീരന്റെ താമരക്കണ്ണണി–
ത്തുമുഖംനോക്കുവിൻധന്യമാരേ;
ബ്രഹ്മാദിവാനോക്കും കണ്ടുകിട്ടീലിതീ,
നമ്മളാഹന്ത, നൽഭാഗ്യമുള്ളോർ!
നോക്കുവിൻ, പുഞ്ചിരിച്ചന്തവും, പൊങ്ങിയ
മൂക്കും, ചെന്തൊണ്ടിനേർവായ്മലരും,
ഉത്തമാംഗത്തിലുള്ളാരകിരീടവു–
മൊത്തുവിളങ്ങുമീയോമനമുഖം!'

ഇപ്രകാരം സപ്രണയമായി സംസാരിക്കുന്ന ആ സുന്ദരിമാരെ താമരത്താരിതളിന്നൊത്ത കടാക്ഷങ്ങളാൽ സന്തോഷിപ്പിച്ചുംകൊണ്ട്, സകലഗുരുവായ രഘുനാഥൻ അമ്മയുടെ ഗൃഹത്തിലേയ്ക്ക് എഴുന്നള്ളി.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, രഘുനാഥപുരപ്രവേശനം മൂന്നാമദ്ധ്യായം.

—(o)—

നാലാമദ്ധ്യായം.

വാത്സ്യായനൻ:—'ഭൂജഗേശ്വര, ഗുരോ, ഭ്രമിഭാരം താങ്ങുന്നവനേ, ഇവിടെ ഒന്നുകൂടി എനിക്കറിയേണമെന്നുണ്ട്: ശ്രീരാമൻ കാട്ടിലേയ്ക്കു പോയനാൾമുതൽക്ക്, അവിടുത്തെ വേർപാടാലുള്ള തീവ്രദുഃഖത്താൽ വല്ലാതെ ചടച്ച ശൂന്യഹൃദയയായി ദേഹംമാത്രം ശേഷിച്ച സ്ഥിതി ചെയ്തിരുന്ന കൌസല്യാദേവി രഘുനാഥന്റെ ആഗമനം സുമുഖനെന്ന മന്ത്രി പറഞ്ഞറിഞ്ഞപ്പോൾ എത്രയെത്ര സന്തോഷിച്ചു? അപ്പോഴത്തെ അവസ്ഥ എങ്ങിനെയായിരുന്നു? രാമചന്ദ്രന്റെ വർത്തമാനം അറിയിച്ചവനോട് എന്താണ് പറഞ്ഞതു്? ഇതെല്ലാം ശ്രദ്ധാലുവായ എനിക്ക് സദയം പറഞ്ഞുതന്നാലും.'

ശേഷൻ:—'മഹാഭാഗനായ ബ്രാഹ്മണശ്രേഷ്ഠ, ചോദ്യം കൊള്ളാം. ഇതെല്ലാം ഞാൻ ശരിയ്ക്കു പറയുന്നതു് ഏകാഗ്രചിത്തനായി കേട്ടുകൊള്ളുക:

ആ ദേവി സുമുഖന്റെ മുഖാരവിന്ദത്തിൽനിന്ന് പൊഴിഞ്ഞ രാമാഗമനമകരന്ദം നുകർന്നു നുകർന്നു മയങ്ങി, കേവലം സ്തംഭിച്ചുപോയി.

Digitized By Kerala Sahitya Akademi

'ഞാൻ സ്വപ്നം കാണുകയാണോ! അതോ, മാറിമറിക്കയോ! ദാഗ്യം കെട്ട ഞാനുണ്ടോ വീണ്ടും രാമനെ കാണുന്നു? വളരെ തപസ്സുചെയ്തിട്ട കിട്ടിയ ഒരു പിഞ്ചുകിടാവാണിതു്; അവൻ എന്റെ എന്തോ ഒരു പാപത്താൽ വേർപിരിഞ്ഞുപോയി! മന്ത്രിശ്രേഷ്ഠ, രാമനും സീതാലക്ഷ്മണന്മാർക്കും കുശലം തന്നെയോ? കാട്ടിൽ ചുറ്റിനടക്കുന്ന ആ വീരൻ അതിദുഃഖിതയായ എന്നെ സ്മരിക്കുന്നുണ്ടോ?' എന്നിങ്ങിനെ, ദേവി രഘുനാഥനെ സ്മരിച്ചു് ഉച്ചത്തിൽ വിലപിച്ചു. മോഹാലസ്യം മൂലം തന്റേതോ അന്യന്റേതോ ദേവിക്കറിഞ്ഞുകൂടാതായി. ആ മാതാവിന്റെ വൈവശ്യം കണ്ടിട്ടു സുമുഖൻ വസ്ത്രാഗ്രംകൊണ്ടു വീശിത്തുടങ്ങി; ദേവിക്കു ബോധംവീണപ്പോൾ അയാൾ വീണ്ടും ശ്രീരാമന്റെ ആഗമനം അറിയിച്ചു സന്തോഷിപ്പിച്ചു:—'അമ്മേ, രഘുനാഥൻ സീതാലക്ഷ്മണന്മാരോടുകൂടി, അരമനയിൽ എഴുന്നള്ളിയിരിക്കുന്നു; കണ്ടു് അനുഗ്രഹിക്കുമാറു നടക്കുകയാകുന്നു.' സുമുഖന്റെ ഈ സത്യഭാഷിതം കേട്ടപ്പോൾ കൌസല്യയ്ക്കുണ്ടായ ആഹ്ലാദം എത്രയാണെന്നു പറവാൻ ഞാനാളല്ല! ആ സൌഭാഗ്യവതി കോമളയിർക്കൊണ്ട കളേബരത്തോടും ആനന്ദപാരവശ്യത്തോടുംകൂടി എഴുന്നേറ്റു് മുറത്തേയ്ക്കിറങ്ങി; കണ്ണുനീർ വാത്സല്യംകൊണ്ടു രാമനെനോക്കി നിൽക്കുകയായി.

പല്ലക്കേറിയ രാമമഹാരാജാവു് ആദ്യം കൈകേയീമാതാവിന്റെ ഗൃഹത്തിലേയ്ക്കാണു് എഴുന്നള്ളിയതു് കൈകേയിയാകട്ടേ, കനത്ത ലജ്ജയാൽ തലതാഴ്ത്തി, മുമ്പിൽച്ചെന്നുനിന്ന രാമനോടു യാതൊന്നും സംസാരിക്കാതെ, വീണ്ടും വീണ്ടും വലിയ ചിന്തയിൽ അകപ്പെട്ടു. അമ്മയുടെ ലജ്ജകണ്ടിട്ടു, രവിവംശധ്വജമായ രാമൻ ദേവിയെ വണങ്ങത്തിൽ ആശ്വസിപ്പിച്ചു:—'അമ്മേ, ഞാൻ കാട്ടിൽപോയി, എല്ലാം ശരിയ്ക്കനുഷ്ഠിച്ചുകഴിഞ്ഞു; ഇനി, അമ്മയുടെ എന്തൊരാജ്ഞയാണു് ഞാൻ നടത്തേണ്ടതു്? ഞാൻ ഒന്നിന്നും ഹാനി വരുത്തിയിട്ടില്ല; എന്നിട്ടും എന്നെ നോക്കാത്തതെന്താണു്? ഈ ഭരതനേയും എന്നേയും അനുഗ്രഹിച്ചു രക്ഷിപ്പാൻനോക്കണേ! ഇതു കേട്ടിട്ടും കൈകേയി തലപൊന്തിച്ചില്ല; 'രാമ, സ്വഗൃഹത്തിലേയ്ക്കു പോയ്ക്കൊള്ളു' എന്നിങ്ങനെ പതുക്കെപ്പതുക്കെ പറഞ്ഞതേ ഉള്ളു.

പുരുഷോത്തമനും കരുണാനിധിയുമായ രാമൻ കൈകേയിയെ നമസ്കരിച്ചു് സുമിത്രയുടെ ഗൃഹത്തിലേയ്ക്കു ഗമിച്ചു. മനസ്വിനിയായ സുമിത്ര സ്വപുത്രനോടുകൂടിയ രാമനെ കണ്ടിട്ടു്, 'ചിരംജീവ! ചിരംജീവ!' എന്നിങ്ങിനെ ആശീർവ്വാദങ്ങളുച്ചരിച്ചു. രാമഭദ്രനും നമസ്കരിച്ചു് അമ്മയുടെ കാലുരണ്ടും പിടിച്ചു് സന്തോഷത്തോടെ പറഞ്ഞു:—

Digitized By Kerala Sahitya Akademi

'രത്നത്തെ പ്രസവിച്ച മാതാവേ, എന്റെ ദുഃഖം തീർത്ത ഈ ശ്രീമാനെപ്പോലെ, അനുജന്മാരിലാരും എനിക്കുപകരിച്ചിട്ടില്ല: രാവണൻ അപഹരിച്ച സീതയെ എനിക്കു വീണ്ടുകിട്ടിയതും മറവും ലക്ഷ്മണന്റെ പ്രയത്നത്താലത്രേ!' സുമിത്ര നൽകിയ ആശിസ്സിനെ തലതാഴ്ത്തി വാങ്ങിയിട്ട്, വിബുധാനുചിതനായ രാമൻ സ്വന്തം അമ്മയുടെ ഗൃഹത്തിലേയ്ക്കെഴുന്നള്ളി.

തന്നെക്കാണ്മാൻ കൊതിച്ചു് സഹർഷയായി നില്ക്കുന്ന മാതാവിനെ കണ്ടിട്ട്, രഘുനാഥൻ ബദ്ധപ്പെട്ട് വാഹനത്തിൽ നിന്നിറങ്ങി, നമസ്കരിച്ചു കാൽപിടിച്ചു. മകനെ കണ്ടിട്ട് ഉൽക്കണ്ഠയാൽ മതിമയങ്ങിയ മാതാവു് രാമനെ പുണർന്നു പുണർന്നു സന്തോഷത്തിൽ മുഴുകി. ദേവിക്കു് ശരീരം കോരിമയിർക്കൊണ്ടു; തൊണ്ടയിടറി; സ്വല്പം ചൂടോടുകൂടിയ ഹർഷബാഷ്പം അടിവരെ പ്രവഹിച്ചു. തോടയോ വളയോ തളയോ ധരിക്കാതെയും ശരീരം നന്നേ മെലിഞ്ഞും തന്നെക്കണ്ടതിനാൽ മനംകുളിർത്തും സ്ഥിതിചെയ്യുന്ന മാതാവിനെ കണ്ടപ്പോഴാകട്ടെ എല്ലാരും വിഷാദം രാമനെ ബാധിച്ചു. എന്നാലും, 'ഇതു ദുഃഖത്തിനുള്ള സമയമല്ലെ'ന്നറച്ചു്, അദ്ദേഹം സംസാരിപ്പാൻതുടങ്ങി:—'അമ്മേ, ഇവിടുത്തെ തുപ്പാടങ്ങളെ ഞാൻ വളരെക്കാലം സേവിക്കാതിരുന്നവല്ലൊ; ഭാഗ്യംകെട്ട എന്റെ ഈ അപരാധത്തിനു മാപ്പുതരണം! അമ്മയേയും അച്ഛനേയും ശുശ്രൂഷിക്കുന്നതിൽ ശ്രദ്ധയില്ലാത്ത മക്കളെ ശുക്ലത്തിൽനിന്നുണ്ടായ പുഴുക്കളെന്നേ കരുതിക്കൂടൂ. ഞാൻ എന്തുചെയ്യും! അച്ഛന്റെ ആജ്ഞമൂലം എനിക്കു ദണ്ഡകാവനം പൂകേണ്ടിവന്നു. എന്നാൽ അവിടെയും, ഇവിടുത്തെ കരുണാകടാക്ഷത്താൽ, ദുസ്സഹമായ ദുഃഖത്തെ ഞാൻ കേറിക്കടന്നു: സീതയെ രാവണൻ ലങ്കയിലേയ്ക്കു് കട്ടുകൊണ്ടുപോയ്ക്കളഞ്ഞു; പക്ഷെ, അമ്മയുടെ കരുണയാൽ ഞാൻ ആ രാക്ഷസരാജാവിനെ വധിച്ചു് അവളെ വീണ്ടെടുത്തു. ഇതാ, പതിവ്രതയായ സീത ഇവിടുത്തെ കാല്ക്കൽ വീഴുന്നു; ഭീതയും തല്പരാപ്തചിത്തയുമായ ഇവളെ വേഗത്തിൽ അനുഗ്രഹിച്ചാലും!'

ഉടനെ കൌസല്യ, കാൽക്കൽവീണ പതിവ്രതയായ സ്ത്രീയെ ആശിസ്സുകൊണ്ടഭിനന്ദിച്ചു് ഇപ്രകാരം പറഞ്ഞു:—'സീതേ, നീ സ്വഭർത്താവിനോടൊരുമിച്ചു് വളരെക്കാലം വിളയാടിയാലും! പരിശുദ്ധയായ ഭാമിനി, പുത്രപ്രസവത്താൽ സകുലത്തെ വിശുദ്ധീകരിച്ചാലും! ഭർത്താവിന്റെ സുഖത്തിലും ദുഃഖത്തിലും പങ്കുകൊള്ളുന്ന നിന്നെപ്പോലെയുള്ള പതിവ്രതമാക്കു് ദുഃഖം വന്നുകൂടുന്നവല്ലോ; സത്യം എന്നൊന്നു ലോകത്തിലില്ലെന്നോ! ഭർത്താവിന്റെ പ്രിയം കാംക്ഷിക്കുന്ന പ

Digitized By Kerala Sahitya Akademi

തിവ്രതയായ ഭാര്യ യാവ ചിലരുടെ ഗൃഹത്തിലുണ്ടോ, ആ പുരുഷന്മാർ നൂറുനൂറായിരം വൈരികളെ കൊന്നൊടുക്കുന്നതിൽ എന്താണ അത്ഭുതം? വൈദേഹി, വൻകാട്ടിലേയ്ക്കും രാമന്റെ ചരണാരവിന്ദത്തെ അനുഗമിച്ച നീ സ്വകുലത്തെ പരിശുദ്ധമാക്കിയിരിക്കുന്നു.' ഹൃഷ്ടരോമാഞ്ചംപൂണ്ട കൌസല്യ വാമലോചനയായ രാമവല്ലഭയോടു് ഇത്രയും പറഞ്ഞു വിരമിച്ചു.

പിന്നീടു ഭരതൻ പിതൃദത്തമായ മഹാരാജ്യത്തെ ധീമാനായ രാമചന്ദ്രങ്കൽ സമർപ്പിച്ചു. മനംകുളിത്ത മന്ത്രിമാർ മികച്ച ജ്യോത്സ്യന്മാരെ വരുത്തി അഭിഷേകത്തിനു മുഹൂർത്തം നോക്കിച്ചു, ശുഭനക്ഷത്രത്തോടുകൂടിയ സുദിനത്തിൽ ഒരു ശുഭമുഹൂർത്തത്തിൽ, വേണ്ടുന്ന ഒരുക്കങ്ങളോടുകൂടി, പട്ടാഭിഷേകവും നടത്തി. ഏഴു ദ്വീപോടുകൂടിയ ഭൂമിയെ വരുവിട്ടുള്ള ഒരു നല്ല പുലിത്തോലിൽ മഹാരാജാവായ രാമഭദ്രൻ ഇരുന്നരുളി. അന്നേമുതൽക്കു സജ്ജനങ്ങൾക്കു സന്തോഷവും, ദുർജ്ജനങ്ങൾക്കു സന്താപവും വർദ്ധിച്ചു; മഹർഷേ, സ്ത്രീകൾ ഭർത്താവിനെ ഭക്തിപൂർവ്വം പരിചരിച്ചുപോന്നു; ജനങ്ങൾ മനസ്സുകൊണ്ടും പാപം ചെയ്യാതായി. ദേവാസുരന്മാരും നാഗോരഗഗന്ധർവ്വകരുമൊക്കെ ന്യായമാർഗ്ഗത്തിൽ വർത്തിച്ചു, രാമന്റെ ശാസനം ശിരസാ വഹിച്ചുപോന്നു. എല്ലാവരും പരോപകാരത്തിലും സ്വധർമ്മത്തിലും ശ്രദ്ധാലുക്കളായി രാവും പകലും ശ്രീഭർത്താവിനോടുങ്കൂടെ കൊണ്ടു സുഖിച്ചു. വീഴുന്ന കാറുപോലും, വഴിയിൽ കിടക്കുന്ന വസ്തുക്കളെടുക്കുടി കൊണ്ടുപോകാറില്ലായിരുന്നു; പിന്നെയാണൊ ചോരന്മാരുടെ കഥ? കരുണാനിധിയായ രാമൻ ഭ്രാതാക്കന്മാരോടുകൂടി, പ്രതിദിനം യാചകന്മാർക്കു ധനം നൽകിയും ഗുരുക്കന്മാരേയും ദേവകളേയും സേവിച്ചും വാണരുളി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമശ്വമേധപ്രകരണം, ശ്രീരാമപട്ടാഭിഷേകം നാലാമദ്ധ്യായം.

——(൧)——

അനുബന്ധം

ശേഷൻ:—അഭിഷേകം കഴിഞ്ഞ രാമനെ, രാവണവധത്താൽ സന്തുഷ്ടഹൃദയരായ ദേവകൾ വണക്കത്തിൽ സ്തുതിച്ചു:—

[കിളിപ്പാട്ട്—കേക.]

വെൽക, ഐ ദാശരഥെ, വാനോർക്കു മാൽതീർപ്പോനെ!
വെൽക, ദാനവന്മാർതൻ വംശത്തെയെരിപ്പോനെ!

Digitized By Kerala Sahitya Akademi

വെൽക, വിൺനല്ലാർകളെപ്പിടിച്ചുവലിച്ചിഴ-
ച്ചാകുലപ്പെട്ടുത്തിയ മാറരാരെ മർട്ടിച്ചോനെ!
നിന്തിരുവടിചെയ്ത രാക്ഷസേശ്വരവധ-
മന്തരുൽസുകന്മാരായ് വാഴ്ത്തുന്നു കവീന്ദ്രന്മാർ;
പാരുകം മുഴവനും കല്പാന്തകാലത്തിങ്കൽ
സൈരമായ് ഗ്രസിപ്പവനല്ലോ നീ ജഗല്പതേ!
വെൽക നീ, ജനനവും ജരയും മൃതിയായ
ശോകങ്ങളില്ലാത്തോനെ, പ്രബലാഹിതമാഹിൻ!
വെല്ലുക ഭഗവാനെ, നിർജ്ജരാമരാച്യുത,
നല്ലഭോസ്സ്വരവംശസിന്ധുവിൽ ജനിച്ചോനെ!
നിൻതിരുനാമം മഹാപാപികളും ചേർപ്പൂ ശ്രുതി-
യന്തണർമുമ്പാം ശ്രേഷ്ഠമാനുഷർക്കെന്തോ പിന്നെ!
ശങ്കരവിധിനുതം യവാദിരേഖാങ്കിതം
നിൻകഴലോർപ്പോർ ഞങ്ങളീപ്സിതസമ്പൽപ്രദം.
ദേവകരംകളേതാ സൌഖ്യം, മന്മഥാധികളത്തെ,
പാവനൻഭവാൻ കനിഞ്ഞെതയം നൽകീടായ്കിൽ?
ജനനമരണങ്ങളില്ലുണ്ടയ്ക്കുന്നാകിലു,-
മനഘൻഭവാൻ തുലോമുൽകൃഷ്ടനെന്നാകിലും
ഇങ്ങവതരിയ്ക്കുണേ സപ്തമാം സഭാവത്താൽ,
ഞങ്ങളെയസുരന്മാർ കഴുക്കുംപൊഴതെല്ലാം!
പാപനാശിയായ് മൃതക്കൈതാമമാനുഷ-
ശോഭനചരിതത്തെ പൃഥ്വിയിൽ പരത്തിയും,
സൽഗുണശ്ലാഘികളാൽ സ്തുതിക്കപ്പെട്ടും പുന-
രഗ്ര്യമാം നിജസ്ഥാനം പ്രാപിക്ക ഭവാൻവിഭോ.
ആദിമനാദ്യന്തനജരശ്രുപൻ ശംഭാ-
രാധിതപദാംബുജൻ കോടീരവിഭ്രഷിതൻ
കാമദേവനെക്കാളും സുന്ദരൻ ഭവാൻ വൈരി-
സ്തോമത്തെ ബലാൽക്കൊന്നു ജയിക്കുമാറാകട്ടേ!'

ബ്രഹ്മാവു ദേവേന്ദ്രൻ മുതലായ ദേവകളെല്ലാം ശത്രുനാശത്താൽ സന്തോഷംപൂണ്ടു രഘുനാഥനെ ഇപ്രകാരം സ്തുതിച്ചു നമസ്കരിച്ചു. ഈ സ്തുതിയാൽ മനംകുളിർത്ത മഹായശസ്സായ രാമഭദ്രൻ തലതാഴ്ത്തി വണങ്ങിയ ദേവകളെനോക്കി അരുളിച്ചെയ്തു:—'സുരന്മാരേ; ഒരു ദേവനോ അസുരനോ യക്ഷനോ എന്റെ സോദരനുതന്നെയൊ കിട്ടിയിട്ടില്ലാത്ത സുദുർല്ലഭമായ വരം എന്തെങ്കിലും നിങ്ങടം ചോദിച്ചുകൊള്ളുവിൻ!'

Digitized By Kerala Sahitya Akademi

ദേവന്മാർ:—'സ്വാമിൻ, നിന്തിരുവടിയിൽ നിന്നു വേണ്ടതൊക്കെയും ഞങ്ങൾക്കു കൈവന്നിരിക്കുന്നു. ഞങ്ങളുടെ ശത്രുവായ ദശകണ്ഠനെ ഇവിടുന്നു സംഹരിച്ചുവല്ലൊ. ഞങ്ങൾക്ക് അസുരബാധയുണ്ടാകുമ്പോഴെല്ലാം, ഇതിൻപ്രകാരം ഇവിടുന്നു ശത്രുസംഹാരം ചെയ്തരുളണം മതി!'

'അങ്ങിനെയാകട്ടെ' എന്നു സമ്മതിച്ചിട്ട് വീണ്ടും രഘുനന്ദനൻ അരുളിച്ചെയ്തു:—'ദേവന്മാരേ, ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേൾക്കുവിൻ: എന്റെ ഗുണങ്ങളെ ഉൾപ്പെടുത്തി ദേവന്മാർ പാടിയ അത്ഭുതസ്തോത്രം ഇരുസന്ധ്യകളിലും ഒരിക്കൽ ചൊല്ലുന്ന മനുഷ്യനു ഘോരമായ വൈരിപരാഭവമോ ദാരിദ്ര്യമോ രോഗവൈവശ്യമോ നേരിടുകയില്ല; എന്റെ പേരിൽ അതിയായ ഭക്തിയുണ്ടാകയും ചെയ്യും.' ഇതുമുപറഞ്ഞു് ആ നാരദവശിരോമണി വിരമിച്ചപ്പോൾ, സന്തുഷ്ടരായ ദേവന്മാരെല്ലാം അവരവരുടെ ലോകത്തെയ്ക്കു തിരിച്ചു.

രഘുനാഥൻ ആ പ്രാജ്ഞന്മാരായ ഭ്രാതാക്കളെ അച്ഛനെന്നപോലെ ലാളിച്ചുകൊണ്ടും, പ്രജകളെ സ്വന്തം മക്കളെ എന്നപോലെ സംരക്ഷിച്ചുകൊണ്ടും ലോകം ഭരിച്ചുവാണു. തന്തിരുവടിയുടെ വാഴ്ചക്കാലത്തു മനുഷ്യർക്ക് അകാലമരണം നേരിട്ടില്ല; ഒരു ഗൃഹത്തിലും രോഗം കയറിയില്ല; ഒരിക്കലും ഈതിബാധയൊ ശത്രുഭയമോ കാണപ്പെട്ടില്ല. വൃക്ഷങ്ങളെല്ലാം എപ്പോഴും കായ്ചുനിന്നു; ഭൂമിയിൽ ധാന്യങ്ങളെല്ലാം നിറഞ്ഞു. നാട്ടുകാർ പുത്രപൌത്രപരിവാരങ്ങളോടുകൂടിയും ഭാര്യമാരോടു് ഒരിക്കലും വേർപിരിയാതെയും സുഖമായി കാലക്ഷേപംചെയ്തു. അവർ എല്ലായ്പോഴും ശ്രീരഘുനാഥന്റെ ചരിതം കീർത്തിക്കുന്നതിൽ ശ്രദ്ധിച്ചതല്ലാതെ, പരനിന്ദയിൽ ഏർപ്പെട്ടില്ല; കൈവേലക്കാർപോലും, രഘുനാഥന്റെ ദണ്ഡത്തെ പേടിച്ചിട്ടു്, മനസ്സുകൊണ്ടുകൂടി പാതകം ചെയ്യാതായി. ജനങ്ങളെല്ലായ്പോഴും സീതാവല്ലഭന്റെ തിരുമുഖം ദർശിക്കുന്നതിൽ നിഷ്പന്ദനയനരായി പരമഭയാലുക്കളായി ചമഞ്ഞു.

(ഓട്ടന്തുള്ളൽ)

സേനായാനസമൃദ്ധിയൊടരിജന-
ഹീനം സ്വസ്ഥവുമായീ രാജ്യം.
കട്ടിപ്പൊന്നണി ചാത്തിന സജ്ജന-
മിഷ്ടാപൂർത്ത്ക്രിയകളും നടത്തീ;
തുഷ്ടിപ്രാപ്തനിമാക്കളുള്ളു കുളിർത്തു;
പുഷ്ടിയിൽനിന്നു സസ്യങ്ങളും സദാ,

Digitized By Kerala Sahitya Akademi

പച്ചപ്പുല്ലിൻ സുലഭതകൊണ്ടു ത-
ടിച്ചു കൊഴുത്തു തഴച്ചു ഗോക്കൾ.
വിളവേറീ വയൽതോറും; പൂമകൾ
വിളയാട്ടുകയായുരുകംതോറും;
മലർവാടികളും, ദേവാലയപംക്തികളും,
മധുരഫലങ്ങൾ നിറഞ്ഞ മരങ്ങളും.
തണ്ടലർ തിങ്ങിയ പൊയ്കകളെന്നിവ-
കൊണ്ടുവിളങ്ങീ നാടുകളെല്ലാം.
തുല്യസമൃദ്ധിതിവളവെന്നിവ
മത്സ്യരിലില്ലാ, പുഴകളിൽമാത്രം!
തറവാട്ടിനല്ലാതെ കലീനത-
യൊരിടവുമന്നു ധനത്തിനില്ല!
വിഭ്രമമംഗനമാർകളിലെന്യേ
വിദ്വാന്മാരിൽ കാണായീലാ!
ശിതിപക്ഷക്ഷപകളിലല്ലാതേ,
സ്ഥിതിചെയ്തീല തമസ്സിഹനരരിൽ!
പെണ്ണുങ്ങംക്കല്ലാതെ രജസ്സിഹ
പുണ്യജനങ്ങൾക്കുണ്ടായീലാ!
മുതലിലനന്ധസ്ഥിതിയാന്നാലും
പ്രതിദിനമുണ്ണാനില്ലൊരുവൻ!
അനയസ്ഥിതിയോ തേരിന്നെന്യേ
ജനപതിപുരുഷനു കണ്ടീലെങ്ങും!
ഗണ്ഡം, കട, മഴ, തുമ്പകരം, ചാമര-
മെന്നീവകകളിലല്ലാതില്ല!
പാശകപാണിത, പരിവേഷമിവ
പരിൽച്ചൂതുകളിപ്പുവനിൽത്താൻ!
ജഡതജലത്തിനു! ജലജാക്ഷികരംതൻ
നടുകൊടികരംക്കേ ദുർല്ലഭഭാവം!
യോഷകളിൽത്താൻ വ്യഭയേകരോരത!-
യോഷധികളിലെ കൃഷ്ണനിവേശം!
വേധം രതഗണങ്ങളിൽ മാത്രം!
ശൂലം ബിംബകരങ്ങളിൽമാത്രം
കമ്പം സാതപികഭാവത്താൽത്താൻ;
വൻഭയമൂലമതേശീലാക്കും!
മലർശരനാൽത്താൻ സജ്വരമെന്നതു!
കലുഷത്തിനുതാൻവൃതിപിണഞ്ഞു?

Digitized By Kerala Sahitya Akademi

വാരണർതാൻ യുധിപൂങ്കൊമ്പത്ത!
നീരാഴിയിലേമുറവുമലച്ചിൽ!
ആനകളിൽത്താൻ ദാനപരിക്ഷതി!
നൃനം തീക്ഷ്ണത മുള്ളുകളിൽത്താൻ!
ബാണത്തിനു താൻ ഗുണവിശ്ലേഷം!
ഗന്ധത്തിനു താൻ ദൂഢമാം ബന്ധം!
ചക്കാലയില്ലാതേ, ബാന്ധവ-
മുഖ്യരിലില്ലാ സ്നേഹത്യാഗം!

ഇപ്രകാരം പ്രജകളെ ലാളിച്ചും, നാട്ടിലൊക്കെ ധർമ്മം സ്ഥാപിച്ചും, ദുഷ്ടരിൽ യമനെന്നപോലെ ദണ്ഡം പ്രയോഗിച്ചും ഭൂമണ്ഡലത്തെ സംരക്ഷിച്ചുകൊണ്ടു തന്തിരുവടിക്കു പതിനോരായിരംസംവത്സരങ്ങളം കഴിഞ്ഞു. അന്നു, സീതയ്ക്കു ഭ്രഷ്ടുണ്ടെന്നു നീചജനങ്ങളം സംസാരിച്ചുതുടങ്ങി; ഇതു് ഒരു രജകൻ അവന്റെ കെട്ടിയവളോടു പാകയാണാട്യമുണ്ടായതു്; അതു കേട്ടക്ഷണത്തിൽ രഘുനാഥൻ മൈഥിലിയെ ഉപേക്ഷിച്ചു കളഞ്ഞു! അങ്ങിനെ നിസ്സപത്നീകയായി ഏകയായിത്തീർന്ന ഭൂമിയെ ധർമ്മത്താൽ കാത്തുരക്ഷിച്ചുപോരുന്ന ആ മഹാമനസ്കൻ ഒരുനാളം സഭയിൽ എഴുന്നള്ളിയിരിക്കെ, കുംഭസംഭവനായ മാമുനിശ്രേഷ്ഠൻ വന്നെത്തി. രഘുനന്ദനൻ- ഉടനേ എഴുന്നേറ്റ് അർഘ്യവുമെടുത്തു്, വസിഷ്ഠനോടുകൂടി, ആ സമുദ്രം വറിച്ച മഹാപുരുഷനെ സ്വാഗതം കൊണ്ടാദരിച്ചു് അനാമയം ചോദിച്ചു, സുഖമാംവണ്ണമിരുത്തി വിശ്രമിപ്പിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, രാമോത്സ്വസമാഗമം അഞ്ഞോമദ്ധ്യായം.

(0)

ആറാമദ്ധ്യായം

ശേഷൻ:—ഈവിധം സ്വാഗതത്താൽ സന്തുഷ്ടനാം ബ്രഹ്മചര്യതപോനിധിയുമായ മഹർഷിയോടു് മതിമാനായ രാമഭദ്രൻ ചോദിച്ചു:—'മഹാഭാഗ, നിന്തിരുവടിക്കു സ്വാഗതം! കുംഭസംഭവ, തപോനിധേ, നിന്തിരുവടിയെ കണ്ടതിനാൽ ഇയ്യുള്ളവനും കുടുംബങ്ങളുമൊക്ക പരിശുദ്ധരായിത്തീർന്നു. അങ്ങയുടെ വേദശാസ്ത്രപരിശീലനം മുറയ്ക്കു നടക്ക

Digitized By Kerala Sahitya Akademi

ന്നില്ലയോ? ഭവാന് തപോവിഘ്നം പിണയ്ക്കുവാൻ ത്രിലോകത്തെങ്ങും ആരുമില്ലതന്നെ. ഇവിടത്തെ സഹധർമ്മചാരിണിയായ സൌഭാഗ്യവതി ലോപാമുദ്രയുടെ ചാരിത്രധർമ്മംകൊണ്ടതന്നെ എല്ലാം മംഗളമായിച്ചമയും; എന്നാലും, ദയചെയ്തരുളിച്ചെയ്യുക: ധർമ്മാത്മാവേ, മുനീശ്വര, നിസ്പൃഹനായ നിന്തിരുവടിക്ക് എന്തൊന്നാണ് ഞാൻ ചെയ്യേണ്ടത്? അങ്ങയ്ക്ക തപസ്സിദ്ധിയാൽ സകലവും ഇപ്പോലെ നിറവേറിക്കൊള്ളും; എന്നിരുന്നാലും, എന്റെ പേരിൽ ദയചെയ്ത് അരുളിച്ചെയ്യുകതന്നെ വേണം!' ജഗൽഗുരുവായ മഹാരാജാവ് ഇങ്ങിനെ ആവശ്യപ്പെട്ടപ്പോൾ, അഗസ്ത്യൻ എറവും വിനയത്തിൽ മറുപടി പറഞ്ഞു:—'സ്വാമിൻ, ധീമാനിധിയായ മഹാരാജാവേ, അങ്ങയെ കാണുക എന്നതു ദേവകർമ്മക്കുകൂടി ദുർല്ലഭമായ ഒന്നാണ്; അതു സാധിപ്പാനത്രേ ഞാൻ വന്നത്. ലോകകണ്ടകനായ രാവണരാക്ഷസനെ ഇവിടുന്നു സംഹരിച്ചുവല്ലോ; ഭാഗ്യം, ദേവകർമ്മം സുഖസ്ഥിതിയിലായി! ഭാഗ്യം, വിഭീഷണൻ രാജാവുമായി! രാമ, ഇന്നു ഭവാനെ കണ്ടതിനാൽ എനിക്കു ദുഷ്കൃതമെല്ലാം നീങ്ങി; ഞാൻ പരിപൂർണ്ണമനോരഥനായി!' രാമനെ ദർശിച്ചതിലുള്ള സന്തോഷത്താൽ പരവശനായ കുംഭസംഭവൻ ഇത്രയും പറഞ്ഞു വിരമിച്ചു.

ജ്ഞാനദൃഷ്ടിപുണ്യത്താൽ ത്രികാലഭാവികളെല്ലാം കണ്ടറിയുന്ന ആ മഹർഷിയോട് വീണ്ടും ശ്രീരാമൻ ചോദിച്ചു:—'മുനേ, ഞാനൊന്നു ചോദിയ്ക്കുന്നു; എല്ലാം വിസ്തരിച്ചു പറഞ്ഞുതരണം: ഞാൻ കൊലചെയ്ത ആ ദേവദ്രോഹിയായ രാവണൻ ആരാണ്? കുംഭകർണ്ണൻ ആരാണ്? എന്തു ജാതിക്കാരനാണ്? ദേവനോ, അസുരനോ, പിശാചോ, മനുഷ്യനോ? എല്ലാം ദയചെയ്തു വിവരിച്ചു പറഞ്ഞാലും. സർവ്വജ്ഞ, ഭവാനു സകലവും അറിയാമല്ലോ.' ഇതു കേട്ടിട്ട് തപോനിധിയായ കുംഭസംഭവൻ പറയാൻ തുടങ്ങി:—

'രാജാവേ, സൃഷ്ടികർത്താവായ ബ്രഹ്മാവിനു പുലസ്ത്യൻ എന്നൊരു പുത്രൻ ജനിച്ചു; അദ്ദേഹത്തിൽനിന്നു വേദവിദ്യാവിദഗ്ധനായ വിശ്രവസ്സ് സംജാതനായി. അദ്ദേഹത്തിനു മന്ദാകിനി എന്നും കൈകസി എന്നും രണ്ടും പതിവ്രതമാർ പത്നിമാരായി. ഒന്നാമത്തവളിൽ ലോകപാലനായ വൈശ്രവണൻ പിറന്നു; അദ്ദേഹം ശിവപ്രസാദത്താൽ ലങ്കയിൽ വാണു. വിദ്യുന്മാലിയുടെ മകളായ രണ്ടാമത്തവളിലാകട്ടെ, രാവണൻ, കുംഭകർണ്ണൻ, വിശിഷ്ടനായ വിഭീഷണൻ എന്നീ മൂന്നു പുത്രന്മാർ ഉണ്ടായി. രാക്ഷസിയുടെ വയറ്റിൽ പിറന്നതിനാലും, ജനനം സന്ധ്യാസമയത്തായിരുന്നതിനാലും, രാവണകുംഭകർണ്ണന്മാർക്ക് അധർമ്മത്തിലായി പ്രതിപത്തി.

Digitized By Kerala Sahitya Akademi

ഒരിക്കൽ വൈശ്രവണൻ, കിങ്ങിണികളും തുങ്ങി മിന്നുന്നപൊന്നണിപ്പൂഷ്പകവിമാനത്തിലേറി,മികച്ച മോടിയോടുകൂടിയും, നാനാരത്നവിഭൂഷിതരായ തന്റെ ആശ്രിതരാൽ സ്തുതിക്കപ്പെട്ടുകൊണ്ടും അച്ഛനമ്മമാരെ കാണ്മാൻ ചെന്നു. മകൻ വളരെനേരം മാതാപിതാക്കളുടെ കാല്കൽ വീണുകിടന്നു,ഹർഷവിവശനായി കോമളമായിരിക്കൊണ്ടുണർത്തിച്ചു:—'എനിക്കിന്നു, ഒരു മഹാഭാഗ്യം സിദ്ധിച്ച സുദിനമാണു്: അതിപുണ്യപ്രദങ്ങളായ ഭവൽപാദങ്ങളം കാണാനിടവന്നുവല്ലോ!' ഇപ്രകാരമെല്ലാം സ്തുതിച്ചു കുബേരൻ സപരിഗ്രഹത്തിലേയ്ക്കു തിരിച്ചു. അച്ഛനമ്മമാരും പുത്രസ്നേഹത്താൽ അതിഹൃഷ്ടരായിച്ചമഞ്ഞു. അവരുകണ്ടിട്ടു, ധീമാനായ രാവണൻ തന്റെ അമ്മയോടു ചോദിച്ചു:—'തന്റെ ആശ്രിതക്കാരാൽ പരിവൃതനായി, അച്ഛന്റെ കാൽക്കൽ വന്ദിച്ചു് തിരിയേപോയ ഈ മഹാഭാഗ്യവാൻ ആരാണു്? ദേവനോ, യക്ഷനോ, മാനുഷശ്രേഷ്ഠനോ? എന്തൊരു തപസ്സാലാണു്, ഉദ്യാനാരാമാടവീലീലാസ്ഥലങ്ങളോടുകൂടിയതും വായുവേഗമുള്ളതുമായ ഈ ശ്രേഷ്ഠവിമാനം കൈവന്നതു്?' ഇതുകേട്ടിട്ടു, ബുദ്ധിക്ഷയം പൂണ്ടിരുന്ന കൈകസി വല്ലാത്ത കോപത്തോടും തെല്ലൊരു കണ്ണീരോടുംകൂടി പുത്രനോടരിയാടി:—'ഏടാ മകനേ, ഇവന്റെ ജന്മവും കർമ്മവും മാനവും ഞാൻ പറഞ്ഞുതരാം; കേട്ടു വേണ്ടുവോളം ആലോചിച്ചു പഠിച്ചുകൊള്ളുക: എന്റെ സപത്നിയുടെ വയറിൽപ്പിറന്ന ഒരു നിധിയാണു് ഈ വന്നതു്! ഇവൻ തന്റെ അമ്മയുടെ വംശത്തെ നിർമ്മലവും ഉജ്ജ്വലവുമാക്കിത്തീർത്തിരിക്കുന്നു. എന്റെ വയറിലുണ്ടായ നീയോ ഒരു പുഴു! സ്വന്തം വയർമാത്രം നിറയ്ക്കുന്നവൻ! ഒരു കഴുതയ്ക്കു തന്റെ ചുമടെന്നല്ലാതെ അതിന്റെ ഗുണമൊന്നും അറിഞ്ഞുകൂടല്ലോ; അതിൻവണ്ണമാണു്, കഥയില്ലാത്ത നിന്നേറയും അവസ്ഥ: തീൻകഴിക്കണം, കിടക്കണം, ഉറങ്ങണം, നടക്കണം, വല്ലേടത്തും വീണാൽ വീണു! ഇവനോ, തപസ്സുചെയ്തു ശിവനെ പ്രസാദിപ്പിച്ചു് ലങ്കാനിവാസവും രാജ്യലക്ഷ്മിയും മനോവേഗമുള്ള വിമാനവും സമ്പാദിച്ചു. ഇവന്റെ മഹോദയയായ മാതാവു് സുകൃതിനിയും ഭാഗ്യവതിയും തന്നെ: അവളുടെ മകൻ സ്വന്തം ഗുണങ്ങൾകൊണ്ടു് മഹത്പദം നേടിയല്ലോ!'

ഇങ്ങിനെ അഴൽപൂണ്ട മാതാവ് അരിശത്തോടെ സംസാരിച്ചതു കേട്ടപ്പോൾ,ആ പരമേശ്വരൻ തപസ്സിനെപ്പറ്റി മനസ്സുകൊണ്ടാലോചിച്ചുറച്ചിട്ടു,വീണ്ടും അവളോടു പറഞ്ഞു:—'അമ്മേ, കേൾക്കു; ഞാൻ ക്രൂരസലില്ലാതെ പറയാം: ഞങ്ങൾ മൂന്നു മക്കളുള്ള ഇവിടുന്നതന്നെയാണു് രത്നഗർഭ! ഈ കുമിപ്രായനായ ധനദൻ ആര്? അവന്റെ അല്പതപസ്സെവിടെ? ലങ്കയെന്തു്? ഏതാനും സേവകരോടുകൂടിയ ആ രാജത്വം

Digitized By Kerala Sahitya Akademi

എന്ത്? ദയാശീലയായ മാതാവേ, എന്റെ സോദരാഹമായ ശപഥം കേട്ടുകൊൾക; സൌഭാഗ്യവതി, ഇന്നേവരെ ആരും ചെയ്തിട്ടില്ലാത്ത ഒന്നാണിത്: ഞാൻ ദുഷ്കരമായ തപസ്സുചെയ്ത് ബ്രഹ്മാവിനെ പ്രസാദിപ്പിച്ചു. ലോകം മുഴവനും കീഴടക്കാത്തപക്ഷം ഉണ്ണില്ല, ഉറങ്ങില്ല, കുളിക്കില്ല, ജലപാനംപോലും ചെയ്കയില്ല! അന്ന്, പിതൃഹത്യാപാപം എന്നെ ബാധിച്ചുകൊള്ളട്ടെ!!'

ഇപ്രകാരം പറഞ്ഞു, രാവണൻ കുംഭകർണ്ണവിഭീഷണരാകുന്ന സോദരന്മാരോടുകൂടി ഗിരികാനനത്തിലേയ്ക്കു ഗമിച്ചു.

ശ്രീ പദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, രാവണാല്പത്തികഥനം എന്നിവയുൾപ്പെട്ട ഏഴാമദ്ധ്യായം.

— (൭) —

ഏഴാമദ്ധ്യായം

അഗസ്ത്യൻ:—പിന്നെ ആ രാക്ഷസൻ, കണ്ണുകളാൽ മുകളിൽ സൂര്യനെ നോക്കിക്കൊണ്ട് ഒറ്റക്കാലിന്മേൽ നിന്നു, പതിനായിരം സംവത്സരം ഉഗ്രതപസ്സനുഷ്ഠിച്ചു. കുംഭകർണ്ണന്റെ തപസ്സും ഇതിലും ദുശ്ചരമായിരുന്നു. ധാർമ്മികനായ വിഭീഷണനും ശ്രേഷ്ഠമായ തപസ്സിൽ സ്ഥിതിചെയ്തു. അതിൽ, ദേവദേവനായ പിതാമഹഭഗവാൻ പ്രസാദിച്ചു; ദേവ ദാനവ യക്ഷ പ്രഭൃതികളുടെ കിരീടങ്ങളാൽ നീരാജിതചരണനായ തന്തിരുവടി സുരാസുരസേവിതമായ ത്രൈലോക്യമഹാരാജ്യവും, ദേഹസൌന്ദര്യവും രാവണനു കല്പിച്ചു നൽകുകയും ചെയ്തു. ഉടനെ അവൻ ധർമ്മശീലനും ജ്യേഷ്ഠനുമായ ധനദനെ ബലാൽ കാരണം തോല്പിച്ചു വിമാനവും ലങ്കാപുരവും കൈക്കലാക്കി, ലോകത്തെ മുഴുവൻ പീഡിപ്പിക്കുകയായി. ദേവകൾ സ്വർഗ്ഗംവിട്ടുപോയി. രാവണൻ ബ്രാഹ്മണരെ ഹിംസിപ്പാനും മുനിമാർക്കു മൂലനാശം വരുത്താനും തുടങ്ങി.

അപ്പോൾ, അത്യന്തം സങ്കടത്തിലകപ്പെട്ട മഹർഷിമാരായ ശക്രാദിദേവന്മാർ ഒത്തൊരുമിച്ചു ബ്രഹ്മാവിന്റെ അടുക്കൽചെന്നു ബഹുമാനപുരസ്സരം പ്രണാമം ചെയ്തു പ്രിയഭാഷിതങ്ങളാൽ സ്തുതിച്ചു. ഭഗവാൻ പ്രസാദിച്ചു, 'ഞാൻ എന്തു ചെയ്യണം' എന്നു ചോദിച്ചു. ഉടനെ വിബുധന്മാർ ദശഗ്രീവനിൽനിന്നു തങ്ങൾക്കു പറ്റിയ പരാജയവും കഷ്ടപ്പാടും വിരിഞ്ചനോടണത്തിച്ചു. ദ്രുഹിണൻ ക്ഷണനേരം ആലോചിച്ചിട്ട്,

Digitized By Kerala Sahitya Akademi

ത്രിദശന്മാരോടൊന്നിച്ചു കൈലാസത്തിലേയ്ക്കു നടകൊണ്ടു. ആകല ന്മാരായ അഖണ്ഡലാദി വിണ്ണവന്മാർ ആ പർവ്വതത്തിന്റെ അരികിൽ നിന്നു പരമേശ്വരനെ സ്തുതിച്ചു:—

'തൊഴാം ഭവന്നു ശർവ്വന്നു! നീലകണ്ഠന്നു കൈതൊഴാം!
തൊഴാം സ്ഥൂലന്നു സൂക്ഷ്മന്നു! ബഹുരൂപന്നു കൈതൊഴാം!'

ഈ സ്തുതി കേട്ടിട്ടു ശങ്കരൻ നന്ദികേശ്വരനോട്ട, 'ദേവന്മാരെ എ ന്റെ അടുക്കലേയ്ക്കു കൊണ്ടുവരൂ' എന്നാജ്ഞാപിച്ചു. ഉടനേ നന്ദി കേശ്വരനാൽ വിളിക്കപ്പെട്ട വിണ്ണവന്മാർ അന്തഃപുരത്തിലുംപുക്കു സനാതനനായ ദേവനെ സവിസ്മയം ദർശിച്ചു. നഗ്നരും വിരൂപരും കൂടിലരും വികടരും മലിനരുമായ അനേകായിരംകോടി പ്രമഥരാൽ സസന്തോഷം നിഷേവിതനായി ലോകശങ്കരനായിരിയ്ക്കുന്ന ശങ്കരനെ കണ്ടിട്ടു വിബുധാനിതനായ വിരിഞ്ചൻ അടുക്കൽചെന്നു നമസ്കരിച്ചു, തിരുമുമ്പിൽ നിന്നുണർത്തിച്ചു:—'ദേവദേവേശ, ദിവൌകസ്സുകളുടെ അ വസ്ഥ തൃക്കൺപാർത്താലും! ആശ്രിതവത്സല, ദയചെയ്തു ദുഷ്ടരാക്ഷ സവധത്തിന്നൊരുങ്ങിയാലും!' ആ ദയനീയമായ അപേക്ഷ കേട്ടിട്ടു തന്തിരുവടി വിണ്ണവരോടെല്ലാമൊരുമിച്ചു വിഷ്ണുസന്നിധിയിൽ ചെ ന്നെത്തി. എന്നിട്ടു, മഹർഷിമാരോടും നാഗകിന്നരന്മാരോടുംകൂടി ഗിരി ശപുരോഗരായ ഗീർവ്വാണരെല്ലാം,

'ജയ മാധവ, ദേവേശ! ജയദൈത്യാന്തിനാശന!
ദയചെയ്തു മഹാദേവ! കടാക്ഷിക്ക സപത്നരെ!'

എന്നിങ്ങിനെ ഉച്ചത്തിൽ സ്തുതിച്ചുതുടങ്ങി. അപ്പോൾ, ദേവേ ശ്വരനായ വാസുദേവൻ വാനവരുടെ സങ്കടം വിചാരിച്ചു, അവക്കു സന്താപം നീങ്ങുംവണ്ണം മേഘഗംഭീരസ്വരത്തിൽ ഓരുളിച്ചെയ്തു:—'അ ല്ലയോ ശിവവിരിഞ്ചവാസവാദി ദേവന്മാരേ, നിങ്ങൾക്കു ദശകണ്ഠനാ ലുള്ള ഭയം എനിക്കറിയാം; അവനെ ഞാൻ ഭൂമിയിൽ അവതരിച്ചു സംഹരിച്ചോയ്ക്കൊള്ളാം. ഭൂമണ്ഡലത്തിന്നാഭരണമായി അയോധ്യ എന്നൊ രു രാജധാനീയുണ്ടു: വമ്പിച്ച യജ്ഞദാനാദി സൽക്കർമ്മങ്ങളും നടത്തി യ സൂര്യവംശ രാജാക്കന്മാരാൽ പരിപാലിതമായ ആ നഗരം രൂപ്യമ യങ്ങളായ ഭൂവിഭാഗങ്ങൾകൊണ്ടു മിന്നിത്തിളങ്ങുന്നു. അവിടെ ഇ പ്പോൾ, ദിഗ്ജയം ചെയ്ത ദശരഥനെന്ന രാജാവത്രേ രാജ്യം ഭരിച്ചുവാ ഴുന്നതു്. ആ ശ്രീമാനു സന്തതിയില്ല; പുത്രോല്പത്തിക്കായി അദ്ദേ ഹം വന്ദനീയനായ ഋശ്യശൃംഗനോടപേക്ഷിച്ചു, വഴിപോലെ പുത്രകാ മേഷ്ടി കഴിയ്ക്കുകയാണു്. ആ മഹാ ബലവാൻ മുമ്പു തപസ്സു ചെയ്തു

Digitized By Kerala Sahitya Akademi

എന്നോടപേക്ഷിച്ചിട്ടുണ്ട്; ഞാൻ നിങ്ങൾക്കുവേണ്ടി, അദ്ദേഹത്തിന്റെ മൂന്നു പത്നിമാരിൽ രാമ ഭരത ലക്ഷ്മണ ശത്രുഘ്നന്മാരെന്ന നാലുപേരായി ജനിച്ചു രാവണനെ മൂലബലവാഹനങ്ങളോടൊപ്പം നശിപ്പിച്ചുകൊള്ളാം. നിങ്ങളും അവരവരുടെ അംശങ്ങൾകൊണ്ടു് ഋക്ഷരും വാനരരുമായിച്ചമഞ്ഞു ഭൂമിയിലെങ്ങും സഞ്ചരിപ്പിൻ.' ആകാശത്തിലൂടേ ഇത്രയും അരുളിച്ചെയ്ത ഭഗവാൻ വിരമിച്ചു. ആ മഹാവാക്യം കേട്ടിട്ടു ദേവന്മാക്കെല്ലാം മനസ്സു കുളിത്തു; ധീമാനായ ദേവദേവൻ അരുളിച്ചെയ്തപ്രകാരം ഋക്ഷവാനരരായി ജനിച്ച അവരുടെ അംശങ്ങൾകൊണ്ടു ഭൂമണ്ഡലം നിറയുകയും ചെയ്തു.

മഹാരാജാവേ, അവതാരംചെയ്തു ദേവന്മാക്കു ദുഃഖംതീർത്ത ആ മഹാദേവനായ വിഷ്ണുഭഗവാൻ ഇവിടുന്നു തന്നെയാണു്; ഇവിടുത്തെ ഓരോ അംശമത്രേ ഭരതലക്ഷ്മണ ശത്രുഘ്നന്മാർ. ബ്രഹ്മരാക്ഷസജാതിയിൽപ്പെട്ടവനും ദേവദ്രോഹിയുമായ രാവണൻ പൂർവ്വവൈരം നിമിത്തം ജാനകിയെ അപഹരിക്കുകയും, ഇവിടുന്നു് അവനെ സംഹരിക്കുകയും ചെയ്തു. അതിനാൽ ബ്രാഹ്മണർ സ്വസ്ഥരായി; മഹർഷിമാക്കു് തപസ്സു വർദ്ധിച്ചു; തീർത്ഥങ്ങളെല്ലാം നിർഭയങ്ങളായി; യജ്ഞങ്ങളെല്ലാം ശരിക്കു നടന്നും തുടങ്ങി. മഹേശ്വര, സർവ്വലോകൈകകണ്ടകനായ പൌലസ്ത്യ രാക്ഷസേന്ദ്രനെ ഇവിടുന്നു കൊന്നുവീഴിച്ചതിനാൽ ഭൂമിയെല്ലാം സുഖസ്ഥിതിയിലായി. വിശ്വാത്മാവേ, വിശ്വയോനേ, നരോത്തമ, നിന്തിരുവടി രാജാവായതോടുകൂടി, ദേവാസുര മനുഷ്യരുൾപ്പെട്ട ലോകത്തിന്നെല്ലാം സുഖം വന്നുചേർന്നു!

ഭവാൻ ചോദിച്ചതിനാൽ, രാവണന്റെ ജനനവും മരണവുമൊക്കെ, ഇതാ, ഞാൻ യഥാമതി അറിയിച്ചു.' ഇങ്ങിനെ രാക്ഷസേന്ദ്രവംശം പറഞ്ഞുകേട്ടതോടുകൂടി, ആ പ്രഥിതപ്രഭാവനായ മഹാപുരുഷൻ—എന്തിനും ത്രാണിയുള്ള ജഗദീശ്വരൻ—മുഖാരവിന്ദത്തിൽ കണ്ണുനീർ ഒഴുകിക്കൊണ്ടു സദസ്സിൽ നിലത്തു വീണുപോയി!

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, രാവണവിപത്തികഥനം ഏഴാമദ്ധ്യായം.

—(0)—

Digitized By Kerala Sahitya Akademi

എട്ടാം അദ്ധ്യായം

ശേഷൻ:—വാത്സ്യായനമഹർഷേ, സദ്ധർമ്മങ്ങൾക്കും ഏകരക്ഷിതാവായ ദേവദേവന്റെ പാപനാശനമായ ചരിതം കേട്ടുകൊൾക: രാജാവു മോഹാലസ്യപ്പെട്ടതു കണ്ടിട്ട് അഗസ്ത്യതപോധനൻ കൈകൊണ്ടു മെല്ലെ മെല്ലെ തലോടി സമാശ്വസിപ്പിച്ചു:—'രാമ, വേഗത്തിൽ ആശ്വസിച്ചാലും. എന്തിനു വൈവശ്യം കൊള്ളുന്നു? അസുരവംശം മുടിക്കുന്ന സനാതനനായ മഹാവിഷ്ണുവാണല്ലൊ നിന്തിരുവടി. ഭൂതഭവ്യഭവിഷ്യത്തുക്കളും സ്ഥാവരജംഗമമായ ജഗത്തും—യാതൊന്നും—നിന്തിരുവടിയെ ക്രൂടാതെയില്ല! എന്താണിതിൽ മോഹാലസ്യപ്പെടാൻ? ബ്രാഹ്മണദ്രോഹത്തിൽ മനസ്സു ചെല്ലാത്ത മഹാരാജാവു തിരുമുഖത്തു കണ്ണുനീർ ഓലോലെ ഒഴുകിക്കൊണ്ടെഴുന്നേറ്റു, ലജ്ജാഭാരത്താൽ കുനിഞ്ഞ ശിരസ്സുമായി, അക്ഷരവ്യക്തിയില്ലാതെയും ദീനദീനമായും അരുളിച്ചെയ്തു:—'അയ്യൊ, മതി മറന്ന ഒരാത്മാവായ എന്റെ കഥയില്ലായ്മ നോക്കു: ഞാൻ കാമലമ്പടനായിട്ട്, ബ്രാഹ്മണകുലത്തിൽ ജനിച്ചവനെ കൊന്നുകളഞ്ഞുവല്ലൊ! വേദവും ശാസ്ത്രവും പഠിച്ചവനായ ഞാൻ ഒരു പെണ്ണിനെച്ചൊല്ലി ബുദ്ധികെട്ട ദുഷ്ടനായിത്തീർന്നു ബ്രാഹ്മണവംശത്തിനെ കൊന്നുകളഞ്ഞുവല്ലൊ! ഇക്ഷ്വാകുവംശത്തിലെ ഒരാൾ ഒരിക്കലും ബ്രാഹ്മണനോട് ചീത്തവാക്കു പറകയേ ഉണ്ടായിട്ടില്ല; എന്റെ ഈ പ്രവൃത്തി ആ വംശത്തിനു കളങ്കമുണ്ടാക്കിത്തീർത്തു! ദാനസമ്മാനഭോജനങ്ങൾകൊണ്ടു പൂജനീയരായ ബ്രാഹ്മണരെ ബാണംചൊരിഞ്ഞു സംഹരിക്കുകയാണല്ലൊ ഞാൻ ചെയ്തതു്! എനിക്കു് ഏതു ലോകം കിട്ടും? സുദുസ്സഹമായ കുംഭീപാകമെന്നെ! എന്നെ ശൂലിപ്പെടുത്തുവാൻ ഒരു തീർത്ഥത്തിനും ത്രാണിയില്ല! യജ്ഞമാകട്ടേ, തപസ്സാകട്ടെ, ദാനമാകട്ടെ, ദേവപൂജാദിയാകട്ടേ ബ്രാഹ്മണദ്രോഹിയെ കരകേറ്റാൻ മതിയാകുന്നതല്ല. പാപബുദ്ധിയാൽ യാചകരിലർ ബ്രാഹ്മണരെ കോപിപ്പിക്കുന്നുവൊ, അവർ പലവുരു നരകത്തിൽ പതിച്ചു ദുഃഖമനുഭവിക്കും. വേദമാണല്ലൊ വർണ്ണാശ്രമധർമ്മങ്ങൾക്കു് അടിസ്ഥാനം; ആ വേദമാകുന്ന വൃക്ഷത്തിനു ബ്രാഹ്മണകുലമത്രെ നാരായവേരു്. നാരായവേരിനെത്തന്നെ ഔദ്ധത്യത്താൽ വെട്ടിക്കളഞ്ഞ എനിക്കു് ഏതു ലോകമായിരിക്കും കിട്ടുക!! നന്മ വരുന്നതിനു ഞാനിനി എന്തു ചെയ്യേണ്ടു?'

ഇങ്ങിനെ വിലപിക്കുന്ന മായാമാനുഷനായ രഘുരാജേന്ദ്രനോടു **കുംഭസംഭവൻ** പറഞ്ഞു:—'മഹാധീരനായ രാജാവേ, ഇവിടുന്നു വിഷാ

Digitized By Kerala Sahitya Akademi

ദിക്കരുതെ! ഉഗ്രനിഗ്രഹനിരതനായ നിന്തിരുവടിക്കു ബ്രഹ്മഹത്യ നേരിടുകയില്ല. പുരാണപുരുഷനും പ്രകൃത്യതീതനും സേച്ഛയാ കർത്താവും ഹർത്താവും രക്ഷിതാവും സഗുണനും നിർഗ്ഗുണനുമായിരിക്കുന്ന സാക്ഷാൽ ഈശ്വരനാണു് നിന്തിരുവടി. മദ്ധ്യപൻ, ബ്രഹ്മഘ്നൻ, കനകസ്തേയി മുതലായ മഹാപാപികളെ പോലും നിന്തിരുവടിയുടെ ഒരു തിരുനാമം ജപിച്ചാൽ തൽക്ഷണം പരിശുദ്ധരായിച്ചമയുന്നു! ഈ ജാനകീദേവിയെ, സ്മരണമാത്രത്താൽ മുക്തിയും സൽഗതിയും നൽകുന്ന മഹാ വിദ്യയാകുന്നു. രാവണനും രാക്ഷസനല്ല; വൈകുണ്ഠത്തിൽ അങ്ങയുടെ ഒരു സേവകനത്രെ. ദ്വിജശാപത്താലാണു് രാക്ഷസനായിപ്പോയതു് അസുരാന്തക, ഭവാൻ അവനെ അനുഗ്രഹിക്കയാണു്, ദ്വിജനെ നിഗ്രഹിക്കുകയല്ല ചെയ്തതു് ഇതോർത്തു വീണ്ടും തന്നെപ്പറ്റി വ്യസനിക്കാതിരിക്കുക.' ഇതു കേട്ടിട്ടു പരപുരഞ്ജയനായ രാമൻ ഗൽഗദസ്വരത്തിൽ പറഞ്ഞു:—'അറിയപ്പെട്ടതു്, അറിയപ്പെടാത്തതു് എന്നിങ്ങിനെ രണ്ടു തരത്തിലത്രെ പാപം: ബുദ്ധിപൂർവ്വമായതു് അറിയപ്പെട്ടതു്; അല്ലാത്തതു് അറിയപ്പെടാത്തതു്. ബുദ്ധിപൂർവ്വമായി ചെയ്കകർമ്മം അനുഭവിച്ചേ ഒടുങ്ങുകയുള്ളൂ; മറേറതു പശ്ചാത്താപംകൊണ്ടു നശിക്കും: ഇങ്ങിനെയാണല്ലോ ശാസ്ത്രനിശ്ചയം. ഞാൻ നിഷിദ്ധമായ ബ്രഹ്മഹത്യചെയ്തതു ബുദ്ധിപൂർവ്വമാകയാൽ അതിശീവ്രദംകൊണ്ടു് എനിക്കു് ദുഃഖം നീങ്ങുന്നതല്ല. എന്നെറ പാപം വെന്തടിയുന്നതിനു തക്കതായ വല്ല വ്രതമൊ ദാനമൊ യജ്ഞമൊ തീർത്ഥമൊ ആരാധനമൊ ഉപദേശിച്ചുതന്നാലും. അതുകൊണ്ടു് എന്നെറ കീർത്തി തെളിഞ്ഞു, പാപകർമ്മത്താൽ കാലുഷ്യം പററിയ—ബ്രഹ്മഹത്യയാൽ നിറം കെട്ട—ലോകങ്ങളെ ശുദ്ധിപ്പെടുത്തുമാറാകണം.'

ദേവാസുരന്മാരുടെ കിരീടരത്നങ്ങളാൽ നീരാജിതചരണനായ രാമൻ ഇങ്ങിനെ അവശ്യപ്പെട്ടപ്പോൾ, ആ തപോനിധി പറഞ്ഞു:—'ലോകങ്ങളെ അനുഗ്രഹിക്കുന്ന മഹാവീരനായ രാമഭദ്ര, അങ്ങയ്ക്കു ബ്രഹ്മഹത്യ നീങ്ങാൻ വേണ്ടതു ഞാൻ പറയാം: അശ്വമേധയജ്ഞം എല്ലാ പാപത്തെയും പോക്കുന്ന ഒന്നാകുന്നു; അതിനാൽ ഒരശ്വമേധം കഴിച്ചുകൊൾകെ. ആ യാഗം വമ്പിച്ച ബുദ്ധിയും സമ്പത്തും ബലവുമുള്ള ഭവാനു സാധിക്കാവുന്നതുമാണു്. അശ്വമേധംകൊണ്ടു ബ്രഹ്മഹത്യാപാതകം നശിക്കും. ഇതു ഭവാന്റെ പൂർവ്വികനായ ദിലീപമഹാരാജാവു നടത്തുകയുണ്ടായിട്ടുണ്ടു്: ആ പുരുഷപുംഗവൻ നൂറു യാഗം കഴിച്ചു്, അമരാവതിയിൽ സുരാസുരനിഷേവിതമായ സ്ഥാനത്തെ ആരോഹണംചെയ്തു. മനു, സഗരൻ, മരുത്തൻ,യയാതി എന്നീ ഭൂവൽപൂർവികരായ രാജാക്കന്മാരും ഈ യാഗംകഴിച്ചു് ഉൽഗതിയടഞ്ഞവരത്രെ.

Digitized By Kerala Sahitya Akademi

രാജശ്രേഷ്ഠ, ഭവാനും ഇതനുഷ്ഠിച്ചുകൊള്ളുക. അങ്ങയ്ക്കുതിനു സഹോദരന്മാർ ദിക്പാലതുല്യരും സൽകർമ്മശീലരുമാണല്ലോ.

ബ്രഹ്മഹത്യാഭീതനായ രഘൂത്തമൻ ആ യാഗം കഴിപ്പാൻ തന്നെ നിശ്ചയിച്ചു; എന്നിട്ട്, പുരാണജ്ഞനാൽ പുകഴ്ത്തപ്പെട്ടന്ന ആ മഹാഭാഗൻ മാമുനിയോട് അതിന്റെ ചടങ്ങിനെപ്പറ്റി ചോദിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷഖാത്ര്യായനസംവാദം,
രാമാശ്വമേധപ്രകരണം, അഗസ്ത്യോപദേശം എട്ടാമദ്ധ്യായം.

—— (0) ——

ഒമ്പതാം അദ്ധ്യായം

ശ്രീരാമൻ:—'അതിനുള്ള ആശ്രമം എങ്ങിനെയുള്ളതായിരിക്കണം? പൂജാവിധി എങ്ങിനെ? എങ്ങിനെയായാൽ ചെയ്വാൻ സാധിക്കും? ഏതെല്ലാം ശത്രുക്കളെ ജയിക്കണം?'

അഗസ്ത്യൻ:—'ഗംഗാജലത്തിനൊത്ത ശരീരവർണ്ണം, ചെവിമേൽ കറുപ്പ്, മുഖത്തു ചുകപ്പ്, വാലിന്മേൽ മഞ്ഞനിറം, എങ്ങും തടവില്ലാത്ത മനോവേഗം എന്നിവയിണങ്ങി, ഉച്ചൈശ്രവസ്സിനെപ്പോലെ ശുഭലക്ഷണങ്ങളുള്ള കുതിരയത്രെ അശ്വമേധത്തിനു വേണ്ടതു്. യജ്ഞാശ്രമത്തെ വൈശാഖപൌർണ്ണമിയിൽ ശരിക്കു പൂജിച്ചു്, ഉടമസ്ഥന്റെ പേരും പെരുമയും ചേർന്ന ഒരു പത്രം (പരസ്യം) നെറ്റിക്കു കെട്ടി, കാവൽക്കാരോടുകൂടി വിടണം. കാവൽക്കാർ കുതിര പോകുന്നേടത്തൊക്കെ പിൻതുടരണം. കുതിരയെ ആരെങ്കിലും ബലവീര്യദർപ്പത്താൽ പിടിച്ചുകെട്ടുന്നതായാൽ, അതിനെ രക്ഷിതാക്കന്മാർ ബലേന വീണ്ടുകൊണ്ടുപോരണം. യാഗം കഴിക്കുന്ന ആൾ നിയമംപൂണ്ട്, മാനിൻകൊമ്പു ധരിച്ചു്, ബ്രഹ്മചാരിയായി, വ്രതം രക്ഷിച്ചുകൊണ്ടു് ഒരു കൊല്ലം മുഴുവൻ സ്വസ്ഥാനത്തു വസിക്കണം. അതുവരെ ദീനാന്ധകൃപണരെ ധനാദികൊണ്ടു സന്തോഷിപ്പിക്കണം: പലവുരു അന്നവും ധനവും ധാരാളം കൊടുക്കണം—യാചിക്കുന്നതെന്തും കൊടുത്തുകൊണ്ടിരിക്കണം. ഇങ്ങിനെ യാഗം പൂർണ്ണമായാൽ ഏതു പാപവും അറുത്തിപ്പെട്ടുപോകും. ശത്രുനാശനം, അങ്ങു ചെയ്യാനും രക്ഷിപ്പാനും പൂജിപ്പാനും ആളാണല്ലോ; വമ്പിച്ച കീർത്തിനേടി, മറ്റുള്ളവരെ തൃജിപ്പെട്ടുത്തിയാലും,'

Digitized By Kerala Sahitya Akademi

ശ്രീരാമൻ:—'ബ്രാഹ്മണശ്രേഷ്ഠ, എന്നാൽ എന്റെ കുതിരലാ യം ഭവാൻ പരിശോധിക്കുക: അത്തരം ശുഭലക്ഷണങ്ങൾ ചേർന്ന കു തിരകൾ ഉണ്ടോ, ആവൊ?'

ഇതു കേട്ടിട്ട് കൃപാനിധിയായ അഗസ്ത്യൻ എഴുന്നേറ്റു യാഗാ ശ്വങ്ങളായ കുതിരകളെ നോക്കാനായി, രാമചന്ദ്രനോടുകൂടി ലായത്തി ലേയ്ക്കു നടകൊണ്ടു. അവിടെ മനോവേഗവും മഹാബലവുമുള്ള പ ലതരം കുതിരകൾ നിന്നിരുന്നു. അവയെ കണ്ടിട്ട്, 'ഉച്ചൈശ്ശ്രവ സ്സിന്റെ വംശക്കാർ ഭൂമിയിൽ വന്നിരിക്കുമോ? അഥവാ, രഘുരാജാ ക്കന്മാരുടെ കീർത്തിപുഞ്ജങ്ങൾ ഏകോപിച്ചു നിൽക്കുകയാണോ? അ തോ പാലാഴി കുതിരകളുടെ വേഷം പൂണ്ടതൊ?' എന്നിങ്ങനെ, മഹ ർഷി വിസ്മയിച്ചുപോയി. ഒരേടത്തു ചുകന്ന കുതിരകൾ വരിവരിയായി നിൽക്കുന്നു; ഒരേടത്തു പച്ചക്കുതിരകൾ; ഒരേടത്തു കസ്തൂരിവർണ്ണംക വന്നവ; ഒരേടത്തു പൊന്നിൻനിറം ചേർന്നവ; ഒരേടത്തു നീലനിറം പൂ ലർന്നവ; ഒരേടത്തു നാനാവർണ്ണം കലർന്നവ. അവയെയെല്ലാം സകൌ തുകം ദർശിച്ചിട്ടു മഹർഷി യജ്ഞയോഗ്യങ്ങളായ അശ്വങ്ങളെ നോ ക്കാൻ മറെറാരു ലായത്തിലേയ്ക്കു ചെന്നു. അവിടെയും അതേമാതി രി കുതിരകൾ അസംഖ്യമുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഒരേടത്തു്, സ ർവ്വാംഗം പാലിൻവെളുപ്പും ചെവിക്കു കറുപ്പും മുഖത്തിനു ചുകപ്പും വാലിനു മഞ്ഞനിറവും ചേർന്നു സുലക്ഷണാന്വിതങ്ങളായ കുതിരകളും കാണുമാറായി. തെളിനീർത്തോരയ്ക്കാത്ത നിറവും മനോമരുത്തുകൾ ക്കൊത്ത വേഗവും പൂണ്ടു്, നിർമ്മലങ്ങളായ കീർത്തിപുഞ്ജങ്ങളൊ എ ന്നു തോന്നുവണ്ണം സ്ഥിതിചെയ്യുന്ന ആ ശ്രേഷ്ഠവാജികളെ കണ്ടിട്ട് അത്ഭുതവും ഹർഷവും പ്രകാശിച്ച മുഖനേത്രങ്ങളോടുകൂടി, സാഗരം വ റിച്ച താപസൻ സീതാപതിയോടു പറഞ്ഞു:—'രഘൂത്തമ, അങ്ങയു ടെ അശ്വമേധത്തിനു തക്ക അനേകം തുരഗശ്രേഷ്ഠരെ നോക്കിക്ക ണ്ടിട്ട് എന്റെ കണ്ണുകൾക്കു മതിവരുന്നില്ല! ദേവകളും അസുരന്മാരും നമസ്കരിക്കുന്ന മഹാഭാഗനായ രാമചന്ദ്രമഹാരാജാവെ, അശ്വമേധ യാഗം കേമമായി കഴിച്ചുകൊള്ളുക. ഭവാൻ ദേവേന്ദ്രനെപ്പോലെ എല്ലാ യാഗങ്ങളും കഴിച്ചും, സൂര്യനെപ്പോലെ സുരവൈരിജലം വററി ച്ചും, യുദ്ധത്തിൽ ശത്രുത്തലവന്മാരെ സംഹരിച്ചു വിജയം നേടിയും, ഭൂമണ്ഡലത്തിൽ സുഖഭോഗങ്ങളും അനുഭവിച്ചുകൊണ്ടാലും!'

ഈ അഗസ്ത്യവചനത്താൽ സകലേന്ദ്രിയങ്ങളും തെളിഞ്ഞ മഹാ രാജാവു യാഗത്തിനു വേണ്ടുന്നതൊക്കെ വെട്ടപ്പായി ശേഖരിച്ചു; പിന്നെ മഹർഷിമാരോടുകൂടി സരയൂതീരത്തെഴുന്നള്ളി; അവിടെ നാലു യോജന ഭൂമി പൊന്നിൻകലപ്പുകൾ കൊണ്ടുഴുതു്, യജ്ഞമണ്ഡപങ്ങളും തീർപ്പി

Digitized By Kerala Sahitya Akademi

ച്ചു; അനേകം രത്നങ്ങൾകൊണ്ട് അഴകെല്ലാം തികഞ്ഞ ഒരു കണ്ഡവും യോനിമേഖലാനിതമായി വിധിപോലെ നിർമ്മിക്കപ്പെട്ട. തപസ്സേറിയ മഹാഭാഗനായ വസിഷ്ഠമുനീന്ദ്രനാണ്, ഇതെല്ലാം വേദശാസ്ത്രവിധിക്കൊത്തു ചെയ്യിച്ചത്. അദ്ദേഹം, തന്റെ ശിഷ്യരെ മഹർഷിമാരുടെ ആശ്രമങ്ങളിലേയ്ക്കയച്ചു, രഘുനാഥന്റെ അശ്വമേധാരംഭം അറിയിച്ചു, ക്ഷണിക്കപ്പെട്ട താപസോത്തമരായ മുനിമാരെല്ലാവരും പരമേശ്വരനെ ദർശിക്കുന്നതിൽ അത്യാഗ്രഹത്തോടേ വന്നുചേർന്നു നാരദൻ, അസിതൻ, പർവ്വതൻ, കപിലൻ, ജാതൂകർണ്ണി, അംഗിരസ്സ്, വ്യാസൻ, ആർഷ്ടിഷേണൻ, അത്രി, ഗൌതമൻ, ഹാരീതൻ, യാജ്ഞവൽക്യൻ, സംവർത്തൻ, ശുകൻ മുതലായ മഹർഷിമാർ രാമാശ്വമേധത്തിന്നെത്തിച്ചേർന്നു. അവരെയെല്ലാം, മഹാമനസ്കനായ രഘുനാഥൻ എഴുന്നേറ്റഭിവാദ്യംചെയ്ത് അർഘ്യവും ആസനവും നൽകി സൽക്കരിച്ചു; 'ഹാ, ഞാൻ ഇന്നു മഹാഭാഗ്യവാനായി: ഭവന്മാരെ കാണാൻ സംഗതി വന്നുവല്ലോ!' എന്നിങ്ങനെ പലവുരു ശ്ലാഘിച്ചു ഗോവ് സ്വർണ്ണം എന്നിവയേയും അവർക്കു സമർപ്പിച്ചു.

ബ്രാഹ്മണ, ഇങ്ങിനെ ആ ഋഷിശ്രേഷ്ഠന്മാരുടെ വലിയ സംഘം ഒത്തുകൂടിയതിൽവെച്ചു, വർണ്ണാശ്രമങ്ങളെസ്സംബന്ധിച്ച ഒരു ധർമ്മസംകഥനം നടക്കുകയുണ്ടായി.'

വാത്സ്യായനൻ:—'എന്തൊരു ധർമ്മസംകഥനമാണ് അവിടെയുണ്ടായത്? സർവ്വലോകദയാലുക്കളായ ആ സജ്ജനങ്ങൾ എന്താണു പറഞ്ഞത്?'

ശേഷൻ:—'ആ ഒത്തൊരുമിച്ച മഹർഷിമാരോടു മഹാത്മായ ദശരഥാത്മജൻ എല്ലാ വർണ്ണാശ്രമ ധർമ്മങ്ങളേയും ചോദിച്ചു; അപ്പോൾ അവർ അരുളിച്ചെയ്ത നന്മയേറിയ ധർമ്മങ്ങൾ ഒട്ടൊഴിയാതെ ഞാൻ പറയാം; ശരിയ്ക്കു കേട്ടുകൊൾകം:

'ബ്രാഹ്മണൻ എന്നെന്നും യജനം, അധ്യാപനം മുതലായതു ചെയ്യണം. വേദം പഠിച്ചുകഴിഞ്ഞാൽ സന്യസിയ്ക്കുകയോ, ഗൃഹസ്ഥാശ്രമം കൈക്കൊള്ളുകയോ ആകാം. നീചരെ സേവിച്ചു നാളം കഴിക്കുക എന്നതു ബ്രാഹ്മണന്ന് ഒരിക്കലും പാടില്ല—ആപത്തിൽപ്പെട്ടാൽപ്പോലും ശൂദ്രവൃത്തിയിൽ ജീവിച്ചുകൂടാ. സന്തതൃത്സം ഭാര്യയെ ഋതുകാലത്തു പ്രാപിക്കുകയത്രേ ഗൃഹസ്ഥന്റെ ധർമ്മം; പകൽ സ്ത്രീസംഗം ചെയ്താൽ ആയുസ്സു കുറയും; ശ്രാദ്ധദിവസം, പുണ്യകാലങ്ങൾ എന്നിവയിലും ബുദ്ധിമാൻ സ്ത്രീയെ പ്രാപിക്കരുത്; അതു ധർമ്മഭ്രംശം വരുത്തും. ഋതുകാലത്തു മാത്രം സംഗമവും സ്വഭാര്യയിൽ മാത്രം രതിയും യാതൊരു ഗൃഹസ്ഥനോ, അവൻ എന്നെന്നും ബ്രഹ്മചാരി തന്നെയാ

Digitized By Kerala Sahitya Akademi

ണ്ട്! പതിനാറു രാത്രിയത്രേ ഋതുകാലം; അതിൽ നാലുരാത്രി വർജ്ജ്യമാണ്. ഇരട്ടയായുള്ളതു് ആൺകുട്ടിയേയും, ഒറ്റയായുള്ളതു പെൺകുട്ടിയേയും നൽകും. ചന്ദ്രനു കേടുള്ള നാളും മകം മൂലം എന്നിവയും വർജ്ജിച്ചു, വിശേഷിച്ചും പുണ്യമനക്ഷത്രത്തിൽ, ശുചിയായി ഭാര്യയെ ഗമിച്ചാൽ പുരുഷാർത്ഥങ്ങളും നേടുന്ന സൽപുത്രൻ ഉണ്ടായിവരും. ആഷ്ടിവിവാഹത്തിൽ രണ്ടു ഗോക്കളെ വാങ്ങുന്നതു കൊള്ളാം; അതല്ലാതെ, പെണ്ണിനു സ്വല്പമെങ്കിലും വില വാങ്ങിയാൽ കന്യകയെ വിറ്റ പാപം പറയും. കച്ചവടം, രാജസേവ, വേദം പഠിക്കായ്ക, ചീത്ത വിവാഹം, കർമ്മലോപം എന്നിവ കുലഭ്രംശം വരുത്തും. ഗൃഹസ്ഥാശ്രമി പാത്രഭൂതനായ ആർക്കു് അന്നമോ പാനമോ പച്ചവെള്ളമോ കായോ കിഴങ്ങോ എങ്കിലും നൽകണം; എന്നാൽ വിധിപോലെ പ്രത്യുത്ഥാനം ചെയ്താലത്തെ ഫലം കിട്ടും. അതിഥി ആരുടെ ഗൃഹത്തിൽ നിന്നു ഭഗ്നാശനായി മടങ്ങുന്നുവോ, അവന്റെ ജനനം മുതൽക്കേ നേടിയ പുണ്യമെല്ലാം തൽക്ഷണം നശിച്ചുപോകും. പിതൃക്കൾക്കും ദേവകർക്കും മനുഷ്യർക്കും നൽകിയിട്ടവേണം ഗൃഹസ്ഥൻ ഭക്ഷിപ്പാൻ; അതത്രയിരിക്കും. സ്വാർത്ഥമാത്രം കരുതി തന്റെ വയർ പോറുന്നവനോ : പാപഭുക്കത്രേ.

ഷഷ്ഠി, അഷ്ടമി, ചതുർദ്ദശി, അമാവാസി എന്നിവയിൽ പാപം തെറ്റിച്ചമാംസങ്ങളെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു; ഈ ദിവസങ്ങളിൽ അവിടും ക്ഷൌരവും സ്ത്രീസംഗവും വർജ്ജിക്കണം. രജസ്വലയെ സംഗിക്കരുതു്. ഭാര്യയോടൊന്നിച്ചും, ഏകവസ്ത്രനായും, ഉയർന്തിണ്ണമേലിരുന്നും ഊൺ കഴിക്കരുതു്. തേജസ്സിടിക്കുന്ന സൽപുരുഷൻ സ്ത്രീ ഉണ്ണുന്നതു നോക്കരുതു്. തീ ഊതിക്കത്തിക്കരുതു്. നഗ്നയായ സ്ത്രീയെ നോക്കരുതു്. പച്ച വെള്ളം കുടിക്കുന്നതു പറയരുതു്. മഴവില്ല് ചൂണ്ടിക്കാണിക്കരുതു്. പകൽ സാരം എടുക്കപ്പെട്ടതും, രാത്രി തയിരും ഭക്ഷിക്കരുതു്. കാലിന്മേൽ തീച്ചൂട് തട്ടിക്കരുതു്. അഗ്നിയിൽ അശുദ്ധപദാർത്ഥം ഇടരുതു്. പ്രാണികളെ ഹിംസിക്കരുതു്. ഇരുസന്ധ്യകളിലും ഉണ്ണരുതു്. രജസ്വലയെ അഭിവാദ്യം ചെയ്യരുതു് രാത്രി വയർനിറയെ ഉണ്ണരുതു്. ആട്ടം, പാട്ടു്, കൊട്ടു് എന്നിവയിൽ താല്പര്യം വെയ്ക്കരുതു്. ഓട്ടപാത്രത്തിൽ കാൽ കഴുകരുതു്, മറ്റൊരാൾ ഉപയോഗിച്ച വസ്ത്രവും ചെരുപ്പും ധരിക്കരുതു്. ഉടഞ്ഞതോ, മറ്റൊരാൾ ഉണ്ടതോ ആയ പാത്രത്തിൽ ഊൺ കഴിക്കരുതു്. കാൽ തോർത്താതെ കിടക്കരുതു്. എച്ചിലായിട്ട വല്ലേടത്തും നടക്കുകയോ തല തൊടുകയോ ചെയ്യരുതു്. കിടന്നുംകൊണ്ടു് ഉണ്ണരുതു്. നരസ്തുതിയും ആത്മനിന്ദയും ചെയ്യരുതു്. എതിർക്കുന്നവനിൽ താഴരുതു്. അന്യന്റെ മ

Digitized By Kerala Sahitya Akademi

മ്മം വെളിപ്പെട്ടത്തരുത്. ഇങ്ങിനെ ഗൃഹസ്ഥാശ്രമം കഴിച്ചിട്ടു ഭാര്യയോടുകൂടിയോ കൂടാതെയോ വാനപ്രസ്ഥാശ്രമം പൂകണം; പിന്നെ സന്ന്യാസം കൊള്ളണം' ഈവക ധർമ്മങ്ങളാണ്, മഹർഷിമാർ സർവ്വലോക ഹിതൈഷിയായ രാമഭദ്രനെ പറഞ്ഞുകേൾപ്പിച്ചത്.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, മുക്തികൃതസർവ്വധർമ്മനിരൂപണം എന്നതാമദ്ധ്യായം.

—(o)—

പതിനാലാമദ്ധ്യായം

ശേഷൻ:—ഇങ്ങിനെ ധർമ്മങ്ങളെ ശ്രവിച്ചുകൊണ്ടിരിക്കെ, മഹാത്മാക്കൾക്ക് യജ്ഞകർമ്മവും മറ്റും തുടങ്ങാനുള്ള വസന്തകാലം വന്നെത്തി. അതു കണ്ടിട്ട് വസിഷ്ഠൻ ലോകമഹാരാജാവായ രാമനോട് യഥോചിതം പറഞ്ഞു:—'രാമചന്ദ്ര, മഹാബാഹോ, അങ്ങയുടെ യാഗത്തിന്ന് അശ്വത്തെ പൂജിച്ചുവിടാനുള്ള സമയമായി. അതിന്ന വട്ടം കൂട്ടുക. ബ്രാഹ്മണോത്തമരെ വിളിക്കുക. യഥോചിതം ബ്രാഹ്മണർക്കും ദീനാന്ധകൃപണർക്കും അഭീഷ്ടദാനവും പാഥേയവും നൽകി സന്തോഷം വരുത്തുക. പത്നിയുടെ സ്വർണ്ണപ്രതിമയോടുകൂടി ഭവാൻ യാഗദീക്ഷയും കൊള്ളുക: കയ്യിൽ മാനിൻകൊമ്പും ദണ്ഡും അരയിൽ മേഖലയും മാൻതോലും ധരിക്കണം; ബ്രഹ്മചാരിയായി നിലത്തു കിടക്കണം; സുഖാനുഭവമൊന്നും പാടില്ല. എല്ലാ സംഭാരങ്ങളും പദാർത്ഥങ്ങളും ഒരുങ്ങട്ടെ.'

വസിഷ്ഠന്റെ വരിഷ്ഠവചനം കേട്ടിട്ട്, ധീമാനായ രാമൻ ലക്ഷ്മണനെ വിളിച്ചു, യാഗത്തിന്നുള്ള കുതിരയെ വേഗത്തിൽ കൊണ്ടുവരുവാനും മറ്റും ആജ്ഞാപിച്ചു. ഉടനേ, ശത്രുജിത്തായ ലക്ഷ്മണൻ സേനാപതിയോടു പലകാര്യങ്ങളും ശട്ടംകെട്ടി:—'വീര, മഹാരാജാവു് മധുരമാർവ്വണ്ണം കല്പിക്കുന്നു—എത്രയും വേഗത്തിൽ, രാജാക്കന്മാരുടെ കിരീടങ്ങൾകൊണ്ടു് മിന്നിത്തിളങ്ങുന്നതും അന്തകസൈന്യത്തെപ്പോലും സംഹരിപ്പാൻ കരുത്തുള്ളതുമായ ഒരു ചതുരംഗസൈന്യത്തെ തെയ്യാറാക്കി കൊണ്ടുവരിക: തിരമാലകളെപ്പോലെ തത്തിപ്പായുന്ന വായുവേഗികളായ വാജികളെ പറവലർപ്പടയെ മുടിക്കുന്ന വിവിധായുധധാരികളായ സാദികളാൽ അധിരോഹണം ചെയ്യപ്പെട്ട് ഒരുങ്ങിനിൽക്കട്ടെ; മദനീരൊഴുകുന്ന മലകൾക്കൊത്ത കൊലയാനകളെ പ്രാസവും കുന്തവും

Digitized By Kerala Sahitya Akademi

കൈക്കൊണ്ട ശൂരരായ പാപ്പാന്മാർ എല്ലാ ശസ്ത്രാസ്ത്രങ്ങളും ധരിപ്പിച്ച് സന്നദ്ധരാക്കട്ടെ; വളരെ വലുപ്പവും ഭംഗിയുമുള്ള തേരുകളും കാറിനെപ്പോലെ വേഗമേറിയ കുതിരകളെ പൂട്ടി, മേൽത്തട്ടിൽ മൈത്യവിധപംസികളായ ശസ്ത്രാസ്ത്രങ്ങളും നിറച്ചു സൂതന്മാർ കൊണ്ടുവരട്ടെ; അനവധി കാലാളുകളും ആയുധങ്ങളും ധരിച്ച് എന്റെ യാഗാശ്വത്തെ രക്ഷിപ്പാൻ ഒരുങ്ങിവരട്ടെ.' ഇങ്ങിനെ മഹാത്മാവായ ലക്ഷ്മണൻ പറഞ്ഞതിൻവണ്ണം, കാലജിത്ത് എന്ന പടനായകൻ സകലവും തയ്യാറാക്കിച്ചു.

പത്തു ധ്രുവകങ്ങളും കഴുത്തിൽ തെളിഞ്ഞ ശ്രുകുതിയും മേൽക്കഴുത്തിൽ ദേവമണിയും (ഓരോതരം മുഴിപ്പുകൾ) കനംകുറഞ്ഞ നല്ല രോമങ്ങളും മുഖത്തു വെളുപ്പും കുറിയ ചെവികളിൽ കറുപ്പും പൂണ്ട ഒരു കുതിര മുത്തുമാലകളും മണിക്കോപ്പുകളുമണിഞ്ഞു്, ശ്രേഷ്ഠദേശത്തിൽ പിടിക്കപ്പെട്ട പൊന്നിൻകുടിഞാണുമായി പരിശോഭിച്ചു. ആ സർവ്വാംഗഭ്രഷിതനായ തുരംഗമപ്പൊഴുമാരം വെഞ്ചാമരക്കൂട പിടിക്കപ്പെട്ടും വെൺചാമരങ്ങൾകൊണ്ടു് വീശപ്പെട്ടും പുറത്തേയ്ക്കെഴുന്നള്ളി. മുമ്പിലും നടുവിലും പിമ്പിലും ആ സേവ്യനായ ഹരിയെ സൈനികന്മാർ, ദേവന്മാരെന്നപോലെ ഉപാസിച്ചു. ക്രമേ, ആന–തേർ–കുതിര–കാലാളുകളും ഇടതിങ്ങിയ ഒരു മഹാസൈന്യവും നിയോഗിക്കപ്പെട്ടു. അവിടവിടെ, ക്രമീട്ടുന്ന സൈന്യങ്ങളുടെ കോലാഹലവും പെരുമ്പറയൊച്ചയും നഗരത്തിലെല്ലാംമുഴങ്ങി. ആ ശൂരപ്രിയമായ നിർഘോഷത്താലും അശ്വങ്ങളുടെ ഹേഷാരവത്താലും പാർതങ്ങളും പള്ളിമേടകളും എന്നിവ വിറക്കൊള്ളുകയായി. തേരുരുളുകളും തട്ടിയിട്ടു് ഭൂമി കുലുങ്ങുന്നതായി തോന്നി. മന്നിടം മദഗജങ്ങളാൽ മറയ്ക്കപ്പെട്ടു. പൊടി പുറപ്പെട്ടു ദിക്കെങ്ങും മൂടി. കാലജിത്തെന്ന സേനാപതിയാൽ പ്രേരിതമായ മഹാസൈന്യം വെഞ്ചാമരക്കൂടകളുംകൊണ്ടു് സൂര്യനെ മറച്ചു പുറപ്പെട്ടു. അതിലെ വീരത്തലവന്മാർ യുദ്ധസംരഭം പൂണ്ടു് ആത്തലറിക്കൊണ്ടിരുന്നു. കസ്തൂരിക്കുറിക്കൂട്ടു പൂശി, കിരീടകടകാദ്യാഭരണങ്ങളും നിമ്മലപുഷ്പമാലകളുമണിഞ്ഞു്, കൈകളിൽ വില്ലമ്പും വാളും ധരിച്ചിരുന്ന ആ ദൃഢഗാത്രരായ പടയാളികളും ശരിക്കു് കാൽവെച്ചുംകൊണ്ടു് മഹാരാജാവിന്റെ തിരുമുമ്പിലേയ്ക്കു നടകൊണ്ടു. ഇങ്ങിനെ ആ കുതിര ഭൂതലത്തെ കുളമ്പുകളാലുടച്ചുകൊണ്ടും ആകാശത്തെയ്ക്കു കുതിച്ചുകൊണ്ടും പതുക്കെപ്പതുക്കെ യാഗശാലയിൽ എത്തിച്ചേർന്നു.

കുതിര വന്നെത്തിയതു കണ്ടിട്ടു് തിരുവുള്ളം തെളിഞ്ഞ ശ്രീരാമൻ വസിഷ്ഠനോടു വേണ്ടുന്ന കർമ്മങ്ങളും നടത്തുവാനാവശ്യപ്പെട്ടു. വസിഷ്ഠൻ സപത്നീകനായ രാമനെ വിളിച്ചിരുത്തി, ബ്രഹ്മഹ

Digitized By Kerala Sahitya Akademi

ത്യാനാശനമായ കർമ്മം ചെയ്തിച്ചു: വൈരീനഗരങ്ങളെ വെല്ലുന്ന രഘു നാഥൻ മാനിൻകൊമ്പു ധരിച്ചു്, ബ്രഹ്മചാരിയായി മണ്ഡപത്തിൽ അഗ്നികുണ്ഡത്തിന്നരികേ സ്ഥിതിചെയ്തു് യജ്ഞകർമ്മം ആരംഭിച്ചു. അതിൽ ആചാര്യൻ, വേദശാസ്ത്രവിശാരദനും രഘുക്കൾക്കു് കുലഗുരുവുമായ വസിഷ്ഠമുനിതന്നെയായിരുന്നു; അഗസ്ത്യവ്രതപോഷനൻ ബ്രഹ്മനും, വാത്മീകിമഹർഷി അധ്വര്യുവുമായി; കണ്വൻ ഭാരപാലനവും കൈക്കൊണ്ടു. യാഗശാലയ്ക്കു, തോരണംചാർത്തിയ എട്ടു വാതിലുകളുണ്ടായിരുന്നു; ഓരോന്നിലും ഈരണ്ടു മന്ത്രജ്ഞബ്രാഹ്മണർ കാവൽ നിന്നു: കിഴക്കേതിൽ ദേവലൻ, അസിതൻ എന്നീ മഹർഷിമാർ; തെക്കേതിൽ കശ്യപനും അത്രിയുമാകുന്ന ശ്രേഷ്ഠതാപസന്മാർ; പടിഞ്ഞാറേതിൽ ഋഷിപുംഗവരായ ജാതൂകർണ്ണിയും ജാജലിയും; വടക്കേതിൽ ഭിതീകനും ഏകതനും.

ഇങ്ങിനെ ഭാരപാലനം ഏല്പെടുത്തിയതിന്നുശേഷം, കലശോത്ഭവായ വസിഷ്ഠൻ വാജിവരിഷ്ഠനെ പൂജിപ്പാൻ ഒരുമ്പെട്ടു. വസ്ത്രാഭരണങ്ങളണിഞ്ഞ സുമംഗലിമാർ അശ്വത്തെ മഞ്ഞൾ അക്ഷതം ഗന്ധം മുതലായവ ചാർത്തിച്ചു്, അകിലിൻധൂപമേല്പിച്ചു നീരാജനം ചെയ്തു. ബ്രാഹ്മണർ ചൊന്നവിധം വേദ്യാജനങ്ങളും സ്വസ്തി ചൊല്ലി. അതിന്നുശേഷം, ചന്ദനകുങ്കുമാദിഗന്ധങ്ങളും പൂശിച്ചു് ആകമാനം ശോഭിപ്പിക്കപ്പെട്ടിരുന്ന അശ്വത്തിന്റെ നെറ്റിത്തടത്തിൽ ഒരു മിന്നിത്തിളങ്ങുന്ന തനിപ്പൊന്നോല കെട്ടിച്ചു; അതിൽ ദാശരഥിയുടെ ഔജ്ജ്വല്യമായ പ്രതാപം എഴുതപ്പെട്ടിരുന്നു:—

(ശ്ലോകങ്ങൾ)

"സൂര്യാന്വയപ്പൂൺപു, ധനർദ്ദീക്ഷാഗുരുവിനും ഗുരു,
ധനി, ദേവാസുരർ മണീമൌലി താഴ്ത്തി വണങ്ങുവോൻ;
അവിടുത്തെ മകൻ വീരപ്പോഹാരി രഘുദ്വഹൻ
രാമചന്ദ്രൻ മഹാഭാഗൻ ശൂരക്കെല്ലാം ശിരോമണി—
കോസലേന്ദ്രന്റെ മകളാം ദേവിതന്നുടെ കുക്ഷിയിൽ
വിളഞ്ഞൊരു മഹാരത്നം രാമൻ വൈരിഭയങ്കരൻ—
അശ്വമേധം നടത്തുന്നു വിപ്രനാലുപദിഷ്ടനായ്
രാവണാഖ്യദ്വിജശ്രേഷ്ഠവധപാപമകറ്റുവാൻ.
അദ്ദേഹം വിട്ട വാജീന്ദ്രനാണീ വാഹപുരോഗമൻ
പെരുമ്പടപ്പരിജനക്കിടങ്ങുകൾ ചുഴന്നവൻ.
ഇതിനെക്കാത്തുപോരുന്ന ശത്രുഘ്നൻ ലവണാന്തകൻ
നാലംഗപ്പടയാൽച്ചൂഴപ്പെട്ടവൻ ലവണാന്തകൻ.

Digitized By Kerala Sahitya Akademi

'നാം ശൂരർ വില്ലെടുത്തോരിൽ മുമ്പർ! നാം വമ്പരെന്നിരിക്കിലും!'
എന്നൊരുകൊഞ്ഞളൽ വീമ്പുത്താലുണ്ടാമേതു നൃപക്ഷ്വർ
ബലാൽപ്പിടിച്ചുനിൽത്തട്ടേ; മണ്ണിമാലയണിഞ്ഞതായ്
മനസ്സുങ്കല്പജവമാമിസ്സുഗതിവാജിയെ;
വിട്ടുത്തിക്കൊള്ളുമവരാൽനിന്ന ശത്രുഘ്നനഞ്ജസാ
കളിയായ് വില്ലിൽനിന്നമ്പുചൊരിഞ്ഞൻപുള്ള സോദരൻ!

എന്നും മറവുമായി രാമഭദ്രന്റെ ഭുജബലപ്രതാപം എഴുതിക്കെട്ടിച്ച മഹർഷിപുംഗവൻ, പാതാളത്തിലും പാരിടത്തിലും ഒരുപോലെ സഞ്ചരിക്കുന്ന ആ വായുവേഗിയായ വാജിരത്നത്തെ അഴിച്ചുവിട്ടു. ഉടനേ, ആയുധമെടുത്തവരിൽ അഗ്രഗണ്യനായ രാമൻ ശത്രുഘ്നനോടാജ്ഞാപിച്ചു:—'ശത്രുഘ്ന, ചെല്ലു; സ്വച്ഛന്ദചാരിയായ അശ്വത്തിന്റെ രക്ഷയ്ക്കായി പിമ്പേ നടക്കുക. നിനക്കു മാർഗ്ഗം മംഗളമാകട്ടേ! നിന്റെ കൈകൾ ശത്രുവിജയികളായി ഭവിക്കട്ടെ! ആരെങ്കിലും നേരിട്ടു പോരിനടുത്താൽ അവരെ തടുക്കണം; കുതിരയെ സ്വന്തം പടജ്ജനങ്ങളോടൊരുമിച്ചു ഭ്രമണ്ഡലത്തിലെങ്ങും രക്ഷിച്ചു നടത്തണം. ഉറങ്ങുന്നവൻ, ക്ഷീണംവിട്ടവൻ, വസ്ത്രം പോയവൻ, പേടിച്ചരണ്ടവൻ, അടി പണിഞ്ഞവൻ എന്നിവരെ വധിച്ചു പോകരുതു്: അതു സജ്ജനഗർഹിതമായ പ്രവൃത്തിയാകുന്നു. തേരില്ലാത്തവരെ തേരിലിരുന്നു നിഗ്രഹിക്കരുതു്. 'ഞങ്ങളും അങ്ങയുടെ ആളുകളാണെ'ന്നു പറയുന്നവരും നമ്മെ തേടുന്നവനും ഹന്തവ്യരല്ല: ഗർവ്വനവൻ, ബോധമില്ലാത്തവൻ, ഉറങ്ങുന്നവൻ, തോറ്റു പേടിച്ചവൻ, കീഴടങ്ങിയവൻ എന്നിവരെ വധിച്ചാൽ അധോഗതി പറഞ്ഞറിയിക്കാം. പരധനത്തിലും പരസ്ത്രീകളിലും നിനക്കു മനസ്സു ചെല്ലരുതു്; എല്ലാ സൽഗുണങ്ങളും തികഞ്ഞ നീ എളിയതിൽ താല്പര്യം വെയ്ക്കരുതു്. ദയാലുവായ നീ വയസ്സേറിയവരിൽ ആദ്യം ആയുധം പ്രയോഗിക്കരുതു്. ശത്രുമർദ്ദനാ, പൂജ്യരെ പൂജിക്കാതിരിക്കരുതു്; ഗോവ്, ബ്രാഹ്മണൻ, വൈഷ്ണവൻ, ധാർമ്മികൻ എന്നിവരെ കണ്ടാൽ വന്ദിച്ചേ പോകാവൂ. ഏന്നാൽ സിദ്ധി കൈവരും. സർവേശ്വരനും സർവസാക്ഷിയും സർവ്വവ്യാപിയുമാണു് വിഷ്ണു; തന്തിരുവടിയെ ജേഷ്ഠനാവർ തന്തിരുവടി തന്നെയാണു്. സർവാന്തര്യാമിയായ മഹാവിഷ്ണുവിനെ സ്മരിക്കുന്നവർ യാവചിലരോ, അവരെ മഹാവിഷ്ണു തന്നെയായി കരുതണം; ഭഗവൽപ്രിയന്മാർക്കു ബ്രാഹ്മണരും പ്രിയരായിരിക്കും; അവർ ലോകനന്മയ്ക്കായി വൈകുണ്ഠത്തിൽ നിന്നയയ്ക്കപ്പെട്ടവരത്രേ. താൻ അന്യൻ, ശത്രുമിത്രം എന്നീ ഭേദബുദ്ധിയില്ലാത്ത വൈഷ്ണവന്മാർ ക്ഷണനേരംകൊണ്ടു പാപിയെപ്പോലും പരിശുദ്ധനാക്കും. ആരുടെ മുഖത്തു വിഷ്ണു

Digitized By Kerala Sahitya Akademi

നാമവും മനസ്സിൽ സദാതനനായ വിഷ്ണുവും വയറ്റിൽ വിഷ്ണുനൈവേദ്യവുമുണ്ടോ, അവൻ ശ്വപചനായാലും വൈഷ്ണവൻതന്നെ! വേട്ടങ്ങളിലല്ലാതെ സംസാരസുഖങ്ങളിൽ പ്രീതിയില്ലാത്തവരും സദാധർമ്മനിരതരുമായിട്ടുള്ളവരെ നീ വന്ദിക്കണം. വിഷ്ണു ശിവന്മാരിലും, ബ്രഹ്മമഹേശ്വരന്മാരിലും ഭേദബുദ്ധി ആക്കില്ലയോ, അവരുടെ പാപനാശനമായ പാദരേണുവിനെ വഹിക്കുന്നവനാണു ഞാൻ. ഗൌരി, ഗംഗ, മഹാലക്ഷ്മി എന്നിവരെ വേറെവേറെയായി കരുതാത്തവർ യാവചിലരോ, അവരൊക്കെ സ്വർഗ്ഗലോകത്തുനിന്ന് ഇവിടെ വന്നവരാണെന്നു വിചാരിച്ചുകൊള്ളണം. ആശ്രയിച്ചവരെ രക്ഷിക്കുന്നവനും വിഷ്ണുപ്രീതിക്കായി യഥാശക്തി മഹാദാനം നടത്തുന്നവനും ആരോ, അവൻ വൈഷ്ണവശ്രേഷ്ഠനത്രേ. ആരുടെ തിരുനാമം മഹാപാപരാശിയെ ചിക്കുന്നു ചുട്ടെരിക്കുന്നുവോ, ആ ഭഗവാന്റെ തൃപ്പാദത്തിൽ ഭക്തിയുള്ളവൻ വൈഷ്ണവനാകുന്നു. ഇന്ദ്രിയങ്ങളെ കീഴടക്കി ഇന്ദിരാരമണനെ മനസ്സിൽ ധ്യാനിക്കുന്നവരെ നമസ്കരിച്ചാൽ ജനനംമുതൽ മരണംവരെ ശുദ്ധിവരും. നീ പരസ്ത്രീയെ ഒരു വാളിനെയെന്നപോലെ ഉപേക്ഷിച്ചു, യശോഭ്രഷ്ടണത്തിന്നിരിപ്പിടമായിത്തീരണം. ഞാനിപ്പറഞ്ഞതിൻവണ്ണം നടന്നാൽ നിനക്കു ശ്ലാഘനീയമായ മഹായോഗധാമം കൈവരും.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമശ്വമേധപ്രകരണം, യജ്ഞാശ്വപൂജനം പത്താമദ്ധ്യായം.

(0)

പതിനെന്നാം അദ്ധ്യായം

ശേഷൻ:—ഈവിധം ഉപദേശിച്ചിട്ട്, ശത്രുനാശനനായ ഭഗവാൻ ശ്രീരാമൻ വീരന്മാരെ തുക്കൺപാത്തു് വീണ്ടും നാമയിൽ അരുളിച്ചെയ്തു:—'അശ്വരക്ഷകനായ എന്റെ അനുജൻ ശത്രുഘ്നന്റെ പിന്നാലെ ആരാണ് എന്റെ ആജ്ഞയാൽ സാഹായ്യത്തിന്നായി പോകുന്നതു്? ഏതു വീരന്മാർ നേരിട്ടാലും അവരെ മർമ്മഭേദികളായ അസ്ത്രങ്ങൾ കൊണ്ടു് ജയിപ്പാൻ ആക്കു് കഴിവുണ്ടോ, അവർ പാരിച്ചയശസ്സിനെ പാരിൽ പരത്തിക്കൊണ്ടു്, എന്റെ ഉടവാൾ വാങ്ങിക്കൊള്ളട്ടെ.' ഇതുയും അരുളിച്ചെയ്തപ്പോൾ, ഭരതന്റെ പുത്രനായ പുഷ്കലൻ രഘുനാഥന്റെ കരാംബുജത്തിൽ നിന്നു പള്ളിവാൾ ഏറുവാങ്ങി. 'തിരുമേനി, ശത്രുഘ്നന്റെ പിന്നണയ്ക്കു, ചട്ടയിട്ട സൈ

Digitized By Kerala Sahitya Akademi

ശസ്ത്രാസ്ത്രങ്ങളും കൈക്കൊണ്ടു് അടിയൻ പോയ്ക്കൊള്ളാം. എല്ലാ ഭൂമണ്ഡലത്തേയും ഇവിടുത്തെ പ്രതാപം ജയിച്ചുകൊള്ളും; ഇപ്പുള്ളവർ ഒരു നിമിത്തം മാത്രം! നിന്തിരുവടിയുടെ ദയകൊണ്ടു്, ദേവാസുരമനുഷ്യരുൾപ്പെട്ട ലോകം മുഴുവൻ യുദ്ധത്തിനുണ്ടായാലും അടിയൻമതി തടുത്തുനിർത്താൻ! ധീമാനായ രാമചന്ദ്ര, സകലവും ഇവിടെയുള്ള് അടിയന്റെ വിക്രമം കണ്ടിട്ടു ബോധപ്പെട്ടും. ഇതാ, അടിയൻ ശത്രുഘ്നന്റെ പിന്തുണയ്ക്കായി വിടകൊള്ളുന്നു.'

ഇപ്രകാരം ഉണർത്തിക്കുന്ന ഭരതാനുജനെ, കൊള്ളാം എന്നഭിനന്ദിച്ചിട്ടു ശ്രീരാമചന്ദ്രൻ, ഹനുമാൻ മുതലായ വാനരേന്ദ്രന്മാരെല്ലാവരോടുമായി കഥിച്ചു:—'അല്ലയോ മഹാവീരനായ ഹനുമാനേ, ഭവാന്റെ പ്രസാദത്താലാണ് ഈ നിസ്സപത്നമായ രാജ്യം എനിയ്ക്കു കൈവന്നതു്; സീതയെ വീണ്ടുകിട്ടിയതും സമുദ്രം കടന്നതും—എല്ലാം—ആഞ്ജയുടെ ബലത്താൽ തന്നെ. ഭവാൻ എന്റെ സൈന്യത്തിനു രക്ഷിതാവായി പോകണം; എന്റെ അനുജനായ ശത്രുഘ്നനെ, എന്നെ എന്നപോലെ തന്നെ കാത്തുരക്ഷിക്കണം: അയാൾക്കു് ആലോചനത്തെറ്റു വരുമ്പോഴൊക്കെ, ബുദ്ധിമാനായ ഭവാൻ വേണ്ടതു പറഞ്ഞുകൊടുക്കണം.' ധീമാനായ രാമചന്ദ്രന്റെ ഈ അരുളപ്പാടിനെ ഹനുമാൻ ശിരസ്സിൽചൂടി ദണ്ഡനമസ്കാരം ചെയ്തു. പിന്നെ മഹാരാജാവു വാനരേന്ദ്രനായ ജാംബവാനോടാജ്ഞാപിച്ചു:—'പ്ലവഗപ്രമുഖരായ സുഗ്രീവൻ, അംഗദൻ, ഗവയൻ, മൈന്ദൻ, ദധിമുഖൻ, ശതബലി, അക്ഷികൻ, നീലൻ, നളൻ, അധിഗന്താവു മുതലായ നിങ്ങളെല്ലാവരും ഒരുങ്ങി ചട്ടയും തലപ്പാവുമണിഞ്ഞു നല്ല കുതിരകളെപ്പൂട്ടിയ തങ്കത്തേരുകളിൽ കേറി വേഗത്തിൽ നടകൊള്ളുവിൻ.'

ബലവീര്യങ്ങളാൽ കൊണ്ടേ രാജമാനനായ രാമൻ പിന്നീടു സുമന്ത്രമന്ത്രിയുനെ വിളിച്ചു ചോദിച്ചു:—'അമാത്യശ്രേഷ്ഠ, രാജാക്കന്മാരിൽ ആരെയെല്ലാമാണ് അശ്വരക്ഷയ്ക്കായയ്ക്കേണ്ടതു്?' അശ്വരക്ഷണത്തിനു തക്ക ബലവാന്മാരായ നരേന്ദ്രന്മാരെ ആ സചിവപുംഗവൻ ചൂണ്ടിക്കാണിച്ചു:—'രഘുനാഥ, എല്ലാ ശസ്ത്രാസ്ത്ര വിദ്യകളിലും വിദഗ്ധരായ വീരവില്ലാളികളാണ്, നീലരത്നൻ, പ്രതാപാഗ്രൻ, ലക്ഷ്മീനിധി, രിപുതാപൻ, ഉഗ്രാശ്വൻ, ശസ്ത്രവിത്ത് എന്നീ രാജാക്കന്മാർ. ഈ നീലരത്നനുപനാ തേരാളികളിൽ മുമ്പനായ ഒരു മഹാവീരനാണ്; ഇദ്ദേഹത്തെന്നെമതി, ലക്ഷംപേരെ രക്ഷിപ്പാനും, ലക്ഷംപേരോടു നിർഭയം പൊരുതാനും. ഇദ്ദേഹം, ചട്ടയും തൊപ്പിയുമിട്ട മഹാരാജന്മാരായ പത്തക്ഷൗഹിണി പടയാളികളോടുകൂടി, വാജിരക്ഷയ്ക്കു നടകൊള്ളട്ടെ. കടിലരായ ക്രൂരന്മാർ ക്രൂരങ്ങളെ ഇതുകൊണ്ടും കൊണ്ടും ശരങ്ങളാം ചൊരി

Digitized By Kerala Sahitya Akademi

ഞ്ഞു കൊന്നൊടുക്കിയ ആളെ പ്രതാപാഗ്നി ൻ; ഈ സർവ്വാസ്ത്രകുശലൻ വൈരിവിധ്വംസനത്തിനൊരുങ്ങി, വില്ലും കൈക്കൊണ്ട്, ഇരുപത്തക്ഷൗഹിണിയോടുകൂടി, യജ്ഞാശ്വരക്ഷയ്ക്കായി ഗമിക്കട്ടെ. ലക്ഷ്മീനിധി എന്ന ക്ഷത്രിയശ്രേഷ്ഠൻ തപസ്സുചെയ്ത ബ്രഹ്മാവിനെ പ്രസാദിപ്പിച്ചു ബ്രഹ്മാസ്ത്രം, പാശുപതാസ്ത്രം, ഗാന്ധർവ്വാസ്ത്രം, നാഗാസ്ത്രം, മയൂരാസ്ത്രം, നകുലാസ്ത്രം, വൈഷ്ണവാസ്ത്രം, പർജ്ജന്യാസ്ത്രം, വജ്രാസ്ത്രം, പർവ്വതാസ്ത്രം, വായവ്യാസ്ത്രം മുതലായ അസ്ത്രങ്ങൾ ശീലിച്ച ശത്രുരശിരോമണിയാണ്; സർവ്വൈരിപ്രമാഥിയായ ഇദ്ദേഹം ഒരക്ഷൗഹിണിപ്പടയോടുകൂടി നടകൊള്ളട്ടെ. എല്ലാ ശസ്ത്രാസ്ത്രങ്ങളിലും വിശേഷമുള്ള വില്ലാളിമുഖ്യനാണ് രിപുതാപൻ; ശത്രുവംശങ്ങൾക്ക കാട്ടുതീയായ ഇദ്ദേഹം ഒരു വമ്പിച്ച ചതുരംഗസൈന്യത്തോടൊന്നിച്ചു ഗമിക്കട്ടെ. ഉഗ്രാശൻ, ശസ്ത്രവിജ്ഞൻ എന്നീ മഹാരാജാക്കന്മാരും സന്നദ്ധരായി പുറപ്പെടട്ടെ. ഈ കരുത്തന്മാരെല്ലാവരും ശത്രുഘ്നന്റെ വരുതിയിൽ വർത്തിക്കുകയും ചെയ്യട്ടെ.' മന്ത്രിയുടെ വാക്കിനാൽ മനം കുളിർത്ത ശ്രീരാമൻ ആ രാജാക്കന്മാരേയും ആജ്ഞാപിച്ചയച്ചു. ഏറെനാളായി പോരാട്ടം കൊതിച്ചുകൊണ്ടിരിക്കുന്ന ആ യുദ്ധോത്സുകന്മാർ സീതാപതിയുടെ അനുജ്ഞ കിട്ടിയതിൽ സന്തോഷംപൂണ്ടു, ചട്ടയും മറുമിട്ട ശസ്ത്രാസ്ത്രങ്ങളേന്തി, ശത്രുഘ്നസവിധത്തിൽ ചെന്നുചേർന്നു.

അതിനുശേഷം വസിഷ്ഠപ്രേരിതനായ രാമൻ ആചാര്യാദികളായ മഹർഷിമാരെയെല്ലാം വേണ്ടുന്ന ദക്ഷിണ നൽകി പൂജിച്ചു: ആചാര്യനു് അരുപതുവയസ്സു ചെന്ന ഒരു കൊമ്പനാനയേയും, രത്നമാലയണിഞ്ഞ ഒരു മനോവേഗിയായ കുതിരയേയും, നാലു കുതിരകളെ പൂട്ടി സർവ്വസാമഗ്രികളും ചേർന്ന ഒരു പൊന്മണിത്തേരും ഒരു ലക്ഷം രത്നങ്ങളും, ഏഴു തുലാം മുത്തും, ആയിരം തുലാം മികച്ച പവിഴവും, നാനാജനങ്ങൾ—വിവിധസസ്യങ്ങൾ— പലതരം ധാന്യങ്ങൾ എന്നിവ നിറഞ്ഞ് ഒരു സമൃദ്ധഗ്രാമവും ദാനംചെയ്തു; അതുപോലെ തന്നെ ബ്രഹ്മാവു്, ഹോതാവ്, അധ്വര്യു എന്നീ ഋത്വിക്കുകൾക്കും നൽകി നമസ്കരിച്ചു. അവരെല്ലാവരും, 'മഹാരാജാവെ, രാമചന്ദ്ര, രഘൂത്തമ, ചിരകാലം ജീവിച്ചാലും' എന്നിങ്ങിനെ ആശീർവ്വാദം ചെയ്തഭിനന്ദിച്ചു. ബ്രാഹ്മണർക്കു കന്യകാദാനം, ഭൂദാനം, ഗജദാനം, അശ്വദാനം, സ്വർണ്ണദാനം, തിലദാനം, മൌക്തികദാനം, അന്നദാനം, ജലദാനം, ആലയദാനം, രത്നദാനം എന്നിവയെല്ലാം ശ്രീരാമൻ ശരിക്കനുഷ്ഠിച്ചു.

'നൽക നൽക ധനംനൽക; ചൊല്ലൊല്ലില്ലൊരാളോടും;
അന്നമേകുക, ഭോഗ്യങ്ങളെല്ലാമൊത്തന്നമേകുക.'

Digitized By Kerala Sahitya Akademi

എന്നായിരുന്നു, ധീമാനായ രാമചന്ദ്രന്റെ ശാസനം. ഇങ്ങിനെ, ദക്ഷിണവാങ്ങിയ ബ്രാഹ്മണശ്രേഷ്ഠരോടും സവ്സൽക്കർമ്മങ്ങളോടും ക്രൂടി യാഗം ആരംഭിക്കപ്പെട്ടു.

ശത്രുഘ്നൻ അമ്മയുടെ അടുക്കൽച്ചെന്നു നമസ്കരിച്ചു:—'അമ്മേ, വിടണമെന്നാലും: ഞാൻ ഇതാ, യാഗാശ്വത്തെ രക്ഷിപ്പാൻ പോകയാണ്; ഇവിടത്തെ പ്രസാദത്താൽ, മഹാരാജാക്കന്മാരോടുകൂടി ശത്രുക്കളെ ജയിച്ചു പ്രശസ്തിനേടി, തുരംഗമശ്രേഷ്ഠനേയുംകൊണ്ടു് തിരിച്ചെത്താൻ എനിക്കു സംഗതിവരട്ടെ!'

അമ്മ:—'മകനേ, മഹാവീര, നീ പോയ്ക്കൊൾക. നിനക്കു മാർഗ്ഗം മംഗളമായിത്തീരട്ടെ! നീ വൈരിവർഗ്ഗത്തെയെല്ലാം ജയിച്ചു മടങ്ങിവരിക. ഭ്രാതൃപുത്രനായ പുഷ്കലനെ നല്ലവണ്ണം നോക്കണം: അവൻ വലിയ ധർമ്മജ്ഞനും ബലവാനുമാണെങ്കിലും, കളിമാറിയിട്ടില്ലാത്ത കുട്ടിയാണല്ലോ. നീ പുഷ്കലനോടുകൂടി ശ്രേയസ്സോടേ തിരിച്ചുവന്നാലേ എനിക്കു് സന്തോഷമുണ്ടാകയുള്ളൂ; മറിച്ചായാൽ ഞാൻ ദുഃഖത്തിലെട്ടും!'

ശത്രുഘ്നൻ:—'അമ്മേ, പുഷ്കലനെ ഞാൻ എന്റെ ദേഹത്തെ എന്നപോലെ സംരക്ഷിച്ചു സാർത്ഥനാമാവാക്കി, സസന്തോഷം തിരിയേ വന്നുകൊള്ളാം. ഇവിടത്തെ തൃപ്പാദസ്മരണയാൽ എനിക്കു നല്ലതേ വരൂ!'

ഇപ്രകാരം പറഞ്ഞു്, ആ വീരൻ, യാഗശാലയിൽ യജ്ഞവേഷവും പൂണ്ടു് മഹർഷിമാരൊന്നിച്ചു സ്ഥിതിചെയ്യുന്ന ശ്രീരാമന്റെ അടുക്കൽച്ചെന്നറിയിച്ചു:—'തിരുമേനി, ഇവിടത്തെ യാഗാശ്വത്തെ രക്ഷിപ്പാൻ പോയ്ക്കൊള്ളുന്നതിനു കല്പനതന്നാലും!' ഇതുകേട്ടു് രഘുനാഥൻ, 'നല്ലതുവരട്ടേ' എന്നിങ്ങിനെ അരുളിച്ചെയ്തു:—'ബാലൻ, സ്ത്രീ, പ്രമത്തൻ, നിരായുധൻ എന്നിവരെ നീ വധിച്ചുപോകരുതേ!' തൽക്ഷണം, ജനകന്റെ പുത്രനും ജാനകിയുടെ സഹോദരനുമായ ലക്ഷ്മീനിധി കുറഞ്ഞൊന്നു ചിരിച്ചു, കണ്ണുകൊണ്ടു് ഭൂമിയുഴിഞ്ഞുകൊണ്ടു് രാമനോടരിയാടി:—'മഹാരാജനായ രാമചന്ദ്ര, സർവ്വധർമ്മനിരതനായുള്ളോവേ, ശത്രുഘ്നൻ ലോകോത്തരനായിത്തീരുമാറു് ഉപദേശിച്ചുകൊണ്ടാലും! പൂർവികന്മാർ ആചരിച്ച കുലോചിതകർമ്മം ആർ ചെയ്യുമോ, അവനെ തേജോമയമായ പരമപദം പ്രാപിക്കുകയുള്ളു. മഹാരാജാവേ, ഇവിടുന്നുപദേശിച്ചുവല്ലോ, ബ്രാഹ്മണനെ അവമാനിക്കരുതെന്നു്; എന്നാൽ, അങ്ങയുടെ അച്ഛൻ പിതൃകേതിമനായ ബ്രാഹ്മണനെ കൊന്നവനാണു്! അങ്ങും വമ്പിച്ച നിന്ദ്യകർമ്മം ചെയ്തതു ലോകപ്രസിദ്ധമാണു്: ആ വധ്യയായ സ്ത്രീയെ അങ്ങു വധിച്ചുകളഞ്ഞില്ലയോ? ഇയ്യാളുടെ ജ്യേഷ്ഠൻ

Digitized By Kerala Sahitya Akademi

ചെയ്ത പരാക്രമം—രാക്ഷസസ്ത്രീയുടെ ചെവിയരിയുക എന്നതു്—പണ്ടു് ആരും ചെയ്തിട്ടില്ലാത്ത ഒന്നാണു്! ഈ വകയൊക്കെ വേണം, ഭരുങ്ങയുടെ ഉപദേശത്താൽ ശത്രുഘ്നൻ ചെയ്യുക; അല്ലാഞ്ഞാൽ, വംശത്തിനു യോജിച്ചതാവില്ല!' സവ്വാക്യവിശാരദനായ രാമൻ പുഞ്ചിരിക്കൊണ്ടു് മേഘഗംഭീരസ്വരത്തിൽ മറുവടി പറഞ്ഞു:—'സുഖാസുഖങ്ങളിൽ സമചിത്തന്മാരായ ശാന്തരായോഗികളാണു് നിങ്ങൾ; സംസാരസമുദ്രം കടക്കാനുള്ള ഉപായവും മറ്റും നിങ്ങൾക്കറിയാം; എന്നാൽ യുദ്ധത്തെപ്പറ്റിയുള്ള അറിവു്, എല്ലാ ശസ്ത്രാസ്ത്രങ്ങളിലും പാണ്ഡിത്യമുള്ള ശ്രുതവില്ലാളികൾക്കായിരിക്കും; നിങ്ങളുടെ ക്രൂരക്കണ്ണു് ദുർമ്മാർഗ്ഗത്തിൽ ചരിക്കുകയും അന്യരെ ഉപദ്രവിക്കുകയും ചെയ്യുന്നവർ യാവചിലരോ, അവരെല്ലാം ലോകഹിതം തേടുന്ന രാജാക്കന്മാർക്കു് ഹന്തവ്യരാകുന്നു.' ശത്രുഘ്നന്റെ ഈ സംസാരം കേട്ടിട്ടു് സദസ്യരൊക്കെ പുഞ്ചിരിയിട്ടു.

കലശോത്ഭവനായ വസിഷ്ഠൻ പൂജിക്കപ്പെട്ട ശോഭനാശ്വത്തെ അഴിച്ചുവിട്ടു: അദ്ദേഹം അതിനെ കരുംബുജംകൊണ്ടു് സ്പർശിച്ചു് ഈ മന്ത്രം ഉച്ചരിച്ചു വിജയം ആശംസിച്ചു:—

'അശ്വമേ, കളിയാംവണ്ണം മന്നിലെല്ലാം നടന്നു നീ
യാഗാർത്ഥം വിട്ടയച്ചോനിൽത്തിരിച്ചെത്തുക സതരം!'

മോചിതമായ ആ മനോജ്ഞവാശ്വം ശസ്ത്രാസ്ത്രങ്ങളിൽ പാടവമുള്ള ഭടന്മാരാലെല്ലാം ചുറ്റപ്പെട്ടു്, കിഴക്കോട്ടിക്കിളയ്ക്കു നടകൊണ്ടു. സൈന്യവും ഒട്ടൊഴിയാതെ മനസിടം കലുക്കിക്കൊണ്ടു പുറപ്പെട്ടു; അപ്പോഴം ഭൂമിയെ താങ്ങുന്ന ശേഷന്നും പത്തി കുറെ കനിഞ്ഞുപോയി! ദിക്കുകളെല്ലാം തെളിഞ്ഞു; ഭൂമണ്ഡലം ശോഭിച്ചുണ്ടു; കാറു് ശത്രുഘ്നന്റെ പിന്നിലായി പതുക്കെ വീശി; യാത്ര പുറപ്പെട്ട ശത്രുഘ്നനു് ശുഭവും ജയവും സൂചിപ്പിച്ചുകൊണ്ടു് വലത്തേക്കു് ചലിച്ചു.

പുഷ്കലനാകട്ടെ ഭംഗിയേറിയ വരാന്തകംകൊണ്ടും രത്നത്തറകംകൊണ്ടും ശോഭിക്കുന്ന സുരുചിമത്തായ തന്റെ രമണീയഗൃഹത്തിൽ ചെന്നെത്തി. അപ്പോഴം, തന്റെ പതിവ്രതയായ ഭാര്യ ഭർത്താവിനെ കാണ്മാൻ കൊതിച്ചുകൊണ്ടിരിക്കുന്നതു് അദ്ദേഹത്തിനു കാണുമാറായി.

(രചനാശൈലി തീർന്നു)

ക്രുവളക്കായ്കളിർകൊങ്കയാളക്കരി
ക്കുവളപ്പൂവിതറംക്കണ്ണിണയാൾ,

Digitized By Kerala Sahitya Akademi

താമരത്താരൊത്ത വക്ത്രത്തിൽക്കർപ്പൂര-
താംബൂലമിട്ട ചവച്ചിരുന്നു;
മുത്തുമുക്കുത്തിയും, പൊയ്തതാർവളയത്തി-
നൊത്ത ഭുജങ്ങളിൽക്കാറ്റുകളും,
താരൊളിക്കാൽകളിൽത്തങ്കത്തളകളും
സ്ഫാരനിതംബത്തിൽപ്പട്ടാടയും
ചാത്തിവിളങ്ങുമാത്തനിയ്ക്കു കാന്തനെ-
ച്ചാരത്തുകണ്ടപ്പോഴംകളിതുള്ളി!
തൊണ്ടയിടച്ചുയോടെന്തോകഥിയ്ക്കുമാ-
ക്കൊണ്ടൽനേർവേണിതൻ കൊങ്കരണ്ടും
ഗാഢമായ് മാറിലണച്ചുപുണർന്നതി-
പ്രൌഢനാം പുഷ്കലൻ യാത്രചൊന്നാൻ:—

'ഓമനേ, രാമന്റെ കല്പനപ്രകാരം യാഗാശ്വത്തെ രക്ഷിക്കുന്നതിനു ശത്രുഘ്നന്റെ പിന്നണക്കാരനായി തേരേറി പോവുകയാണു ഞാൻ. നീ എന്റെ അമ്മമാരെ കാൽ തലോടിക്കൊണ്ടും മറ്റും ശുശ്രൂഷിച്ചുകൊള്ളണം; അവരുടെ ഊൺകഴിഞ്ഞേ ഉണ്ണാവൂ. തപോബലത്താൽ പരിശോഭിക്കുന്ന ലോപാമുദ്രാദിപതിവ്രതമാരിലാരെയും നീ അനാദരിച്ചുപോകരുത്.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷോപാഖ്യാനം സംഭാരം,
രാമാശ്വമേധപ്രകരണം, യജ്ഞാശ്വമോചനം പന്തിനെന്നാമദ്ധ്യായം.

(൦)

പന്തിരണ്ടാമദ്ധ്യായം

ശേഷൻ:—

(കിളിപ്പാട്ട്—കേക.)

പ്രേമപൂർണ്ണയായ് പ്രാണനാഥനെ വീക്ഷിച്ചുവശം
തൂമന്ദസ്മിതം തൂകിച്ചൊല്ലിനാൾ സഗദ്ഗദം:—
'ആജിയിലെങ്ങും നാഥ, വിജയം ഭവിക്കതേ!
വാജിരക്ഷയ്ക്കായ്ച്ചെയ്ക ശത്രുഘ്നനിയോഗത്തെ.
എങ്ങുമോക്കണേ തൻകാൽ സേവിക്കുമിട്ടാസിയെ;-
യെങ്ങുമെ മനസ്സെന്നുമന്യത്ര പൊയ്പ്പോകൊല്ലേ!
പോരാട്ടം പൊഴുതെന്നെയോക്കുതൊരിക്കലും
വീര, മൽസ്മൃതിയിൽത്തേ വിജയം സന്ദിശ്യമാം!

Digitized By Kerala Sahitya Akademi

ഏതൊയുമ്മിളയ്ക്കാപ്പമാളകം ഗണിക്കുമാ-
റന്യൂനം പ്രവർത്തിയ്ക്കുകംബുജേക്ഷണ, ഭവാൻ.
ദേവരാംഗനാജനമെന്നുടെനേരേ നോക്കി,-
പ്പോർവിട്ടോടിയ പേടിത്തൊണ്ടനെറ പത്നിയിതാ!
ഭീരുക്കൾ പൊരുതീടുമെന്നാകിലെവിടെയാം
ശൂരക്കുസങ്കേത'മെന്നോവമുച്ചത്തിൽച്ചൊല്ലി,
കൈകൊട്ടിച്ചിരിക്കുവാനിടയാകാത്തവിധം
ചെയ്യവേണമേ ശ്രീരാമാശരക്ഷയിൽബ്ഭവാൻ.
പോരിനെങ്ങുമേ ഭവാൻ മുന്നിൽ; മറവർ പിന്നിൽ;
വൈരികൾ ബഡിരരാകട്ടെ നിൻവില്ലൊച്ചയാൽ!
തൽക്കരാരവിന്ദത്തിൽത്തിളങ്ങുമുടവാളാൽ
ചിക്കനേപേടിച്ചരങ്ങോടട്ടേ രിപുസൈന്യം.
നൽക്കുലമരികളെ വെന്നലംകരിച്ചാലും;
പോയ്ക്കാംക മഹാബാഹോ; ഭത്താവേ, തവത്രുതേ!
വില്ലിതാ, കൈക്കൊണ്ടാലും വന്ദിച്ചു ഞാനുള്ളൊന്നു;
തെല്ലിതിൻനാദംകേട്ടാൽ പറവർ നടുങ്ങിപ്പോം.
കോടിശാത്രുവധപംസിദ്ധാണകോടികൾ തിങ്ങും
പ്രൌഢതൂണികളിതാ, കെട്ടിക്കൊഠംകിഷ്ടംപോലെ.
ഹീരദീപ്തിയാലിരുൾ നീക്കുന്ന ചട്ടയിതാ,
മാരമഞ്ജുളമെയ്യിൽ മുറുകെടിരച്ചാലും
കാന്ത, രമ്യമിത്തൊപ്പി ശിരസ്സിലണിഞ്ഞാലും;
കാന്തിയേറിയ രത്നകുണ്ഡലങ്ങളുമിതാ.'

ഇത്തരം ഭംഗ്യാ ചൊന്ന വീരപുത്രിയെ നേത്ര-
പ്പൊയ്ത്താരാലാരാധിച്ചു പൂർണ്ണസന്തോഷത്തോടും,
'ഓമനേ, കാന്തിമതി, നീ ചൊന്നവണ്ണം ചെയ്വൻ;
കാമംപോലുള്ളവാം തേ വീരവല്ലഭാകീർത്തി!'
ഏന്നോവമുരചെയ്തു വൈരിവഗ്ഗത്തെജ്ജയി-
ക്കുന്ന പോർവിരുതെഴും ഭരതാത്മജൻ വീരൻ,
അക്കാന്തിമതി താൻ താനെടുത്തുകൊടുത്ത വി-
ല്ലഗ്ര്യതൂണീരങ്ങളും ചട്ട തൊപ്പിയുമെല്ലാം
കൈക്കൊണ്ടു ധരിച്ചതികാന്തിയാൽ വിളങ്ങിനാ-
നൽക്കടുപ്പടയാളി സർവ്വാസ്ത്രശസ്ത്രാഭിജ്ഞൻ,
മങ്കുമാർമണി പിന്നൊക്കസ്ത്രീമലയജ-
കുംകുമാദികം പൂശിച്ചാരോമൽക്കണവനെ
ചാരുവായ്ക്കാൽമുട്ടോളം തൂങ്ങിയ നാനാപുഷ്പ-
വീരമാലയും ഭംഗ്യാ ചാർത്തിച്ചു, പലവട്ടം

Digitized By Kerala Sahitya Akademi

മംഗളനീരാജനം ചെയ്തു മുത്തുകർത്തുകി-
ത്തിങ്ങിയ കണ്ണീരോടും ഗാഢമായ് ത്തഴുകിനാൾ
'മാഴ്കായ്കവേണം വീരപത്നി, നീയെൻവേർപാടാൽ;
വൈകാതെ സതി, തവ സന്നിധൌ വരുവൻ ഞാൻ.'
എന്നാശ്വസിപ്പിച്ചു താ കാന്തയെക്കെട്ടിപ്പുണ-
ർന്നാരോത്തമൻ പള്ളിത്തേരേറി നടകൊണ്ടാൻ
കണ്ണിമയ്ക്കാതേ ഹന്ത, നോക്കിനിന്നിതു കയൽ-
ക്കണ്ണിയാം കാന്തിമതി കാന്തനെച്ചിരകാലം.

പുഷ്കലൻ അച്ഛനമ്മമാരെ കാണാൻ ചെന്നു, പ്രേമവിഹ്വലയായ മാതാവിനെയും പിതാവിനെയും തലതാഴ്ത്തി വന്ദിച്ചു. അമ്മ മകനെ പുണർന്നു മടിയിൽ കേറിവെച്ചു, കണ്ണുനീർ പൊഴിച്ചുംകൊണ്ടു സ്വസ്തി ചൊല്ലി. പുഷ്കലൻ അച്ഛനായ ഭരതനോടുണർത്തിച്ചു:— 'യാഗദീക്ഷ പൂണ്ടിരിക്കുന്ന ശ്രീരാമനെ മഹാത്മാക്കളായ വാനരന്മാരും ലക്ഷ്മണനും കൂടി സംരക്ഷിച്ചുകൊള്ളുണം.' പിന്നെ, അമ്മയാലും അച്ഛനാലും വിട നൽകപ്പെട്ട പുഷ്കലൻ കോടിമയിൽക്കൊണ്ടു, മഹാവീരന്മാരാൽ അലംകൃതമായ ശത്രുഘ്നന്റെ പാളയത്തിൽ ചെന്നു ചേർന്നു.

രഘുനാഥയാഗാശ്വത്തിന്റെ അകമ്പടിയായ ശത്രുഘ്നൻ ശൂരരായ തേരാളികളാലും കാലാളുകളാലും സാദികളോടുകൂടിയ സദശ്വങ്ങളാലും പരിവൃതനായി പുറപ്പെട്ടു; പാഞ്ചാലം-കുരു-ഉത്തരകുരു-ദശാർണ്ണം,- വിശാലം എന്നീ സമൃദ്ധരാജ്യങ്ങളും പിന്നിട്ടു. അവിടങ്ങളിലെല്ലാം ആളുകൾ രഘുനാഥചരിതം—രാവണരാക്ഷസനെ കൊന്നതും, ഭക്തന്മാരെ സംരക്ഷിച്ചതും, വിശേഷിച്ചു് അശ്വമേധം ആരംഭിച്ചിരിക്കുന്നതും മറ്റും—കീർത്തിക്കുന്നതായിരുന്നു. 'രാമൻ കീർത്തിപ്പെരുത്തിക്കൊണ്ടു ലോകങ്ങളെ ഭയംതീർത്തു രക്ഷിക്കും' എന്നിങ്ങിനെ പുകഴ്ന്നവക്കു ശത്രുഘ്നൻ മുത്തുമാലകളും പലതരം രത്നങ്ങളും വിലയേറിയ വസ്ത്രങ്ങളും നൽകിക്കൊണ്ടിരുന്നു. സർവ്വവിദ്യാവിശേഷജ്ഞനും തേജസ്വിയുമായ സുമതി എന്ന ശ്രീരാമസചിവനായിരുന്ന ശത്രുഘ്നന്റെ അനുചരൻ; ഇദ്ദേഹത്തോടുകൂടി ആ ധീരൻ പല ഗ്രാമങ്ങളും കടന്നുപോയി. രഘുനാഥന്റെ പ്രതാപത്താൽ കുതിരയെ ആരും തടുക്കുകയുണ്ടായില്ല. അനന്തരം തേർ-കുതിര-കാലാളുകളാകുന്ന ചതുരംഗസൈന്യത്തോടുകൂടിയ വളരെ നാടുവാഴികളും മുത്തും മാണിക്യവുമാകുന്ന ധനങ്ങളും കാഴ്ചവെച്ചു, ഹയരക്ഷകനായ ശത്രുഘ്നനെ വന്ദിച്ചു. 'രഘുദേവ, ഈ രാജ്യവും ധനവും പുത്രമിത്രങ്ങളും പത്നിക്കളുമൊക്കെ രാമചന്ദ്രന്റെ വകയാണു്; എന്റേതല്ല' എന്നിങ്ങനെ ഓ

Digitized By Kerala Sahitya Akademi

രോരുത്തരും കീഴടങ്ങി, ശത്രുഘ്നനെ പിന്തുടർന്നു. ഇങ്ങിനെ അദ്ദേഹം ക്രമേണ അഹിച്ഛത്രാനഗരത്തിൽ ചെന്നെത്തി.

[കിളിപ്പാട്ട്—കൈകളി]

പൊന്നുംചിലമ്പുകുമാ ഗോപുരഹർമ്മ്യങ്ങളേം
മിന്നുമാപ്പത്തനം രത്നവിചിത്രിതം
ആരണർ, ക്ഷത്രിയൻ മുമ്പായ് പ്പുലതര-
ക്കാരാകുമാളുകളും വാഴുവൊന്നാങ്ങമെ;
അൻപോടുമേടമേലെല്ലാം രമിക്കുന്ന
രംഭയെപ്പോലും മടക്കും രമണിമാർ;
പൂരുഷന്മാരൊ, സ്വധർമ്മനിരതരും
പൂർണ്ണഭോഗങ്ങളനുഭവിപ്പോരുമായ്
തത്രവിഹരിച്ചുപോരുന്ന സന്തതം
വിത്തനാഥാനുഗന്മാരെന്നപോലവെ;
അമ്പെയ്ത്തിൽ വമ്പരാം വില്ലാളിവീരര-
ങ്കൻപിയറവുന്ന സുമദനരേന്ദ്രനിൽ.

അപ്പുരത്തിന്നടുത്തുണ്ടൊരു പൂന്തോട്ട-
മത്ഭുതരൂപമനേകദ്രുമാവൃതം:
ദേവതാരം, പയൻ, പാതിരി, മന്ദാര-
കോവിദാരങ്ങളം, പിലാവുകളം, പുന്നയും,
ഞാവൽ, കടമ്പുകളം, നീപം, മുരളംമരം,
മാവു, തേന്മാവുകളം, മൈലെള്ളി,ലഞ്ഞിയും,
താലതമാലങ്ങളം, നാഗം, മലങ്കാര,
മാലതി, മുല്ലകളം, കങ്കേളി, ചമ്പകം
എന്നിവചേരുമാത്തോപ്പു പുക്കാൻ ഹയം;
ചെന്നുപിമ്പേ ഭടരൊത്ത ശത്രുഘ്നനും.

അവിടെ ഇന്ദ്രനീലം, വൈഡൂര്യം, മരതകം എന്നിവയാൽ നിർമ്മിതവും കനകസ്തംഭങ്ങളാൽ അലംകൃതവുമായ ഒരു ദേവാലയം ഉണ്ടായിരുന്നു; ദേവകൾക്കും സേവനീയമായി കൈലാസത്താഴ്വരയ്ക്കൊപ്പം വിളങ്ങുന്ന ആ വിസ്മയകരമായ മഹാക്ഷേത്രം കണ്ടിട്ട് രാഘവാനുജൻ വാഗ്മികളിൽ മുമ്പനായ തന്റെ മന്ത്രിയോട്— സുമതിയോട്—ചോദിച്ചു:—'മന്ത്രിശ്രേഷ്ഠ, ഇതെന്തു ക്ഷേത്രമായിരിക്കാം? ഏതുദേവതയേയാണ്, ആരാണ്, ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു?' സർവ്വജ്ഞനായ മന്ത്രി മറുപടിപറഞ്ഞു:—'ലോകത്തിനെല്ലാം സുഖം നൽകുന്ന വിശിഷ്ടമായ കാമാക്ഷിക്ഷേത്രമാണിതു; ഇവിടെ ദേവിയെ

Digitized By Kerala Sahitya Akademi

ദർശിച്ചാൽ സർവസിദ്ധികളും ലഭിക്കും. ദേവാസുരന്മാർ പോലും അ
ഖണ്ഡശ്രീയ്ക്കായി ഈ ഭക്തവത്സലയെ വണങ്ങിസ്തുതിക്കാറുണ്ട്. പ
ണ്ട് അഹിച്ഛത്രാധീശ്വരനായ സുമദൻ അപേക്ഷിച്ചതിനാലത്രേ, ധ
ർമ്മാർത്ഥ കാമമോക്ഷ പ്രദാത്രിയായ ഭഗവതി ഇവിടെ വാണരുളുന്നത്.
സർവ്വവിശിരോമണിയായ ശത്രുഘ്നഭഗവാൻ തന്തിരുവടിയെ നമ
സ്കരിച്ചാലും; എന്നാൽ ദേവാസുരക്കും സുദുർല്ലഭമായ സത്സി
ദ്ധി ലഭിയ്ക്കും.' ഇതു കേട്ടപ്പോൾ, ശത്രുതാപനനായ ശത്രുഘ്നൻ
ഗവ്വണിയുടെ ചരിതമെല്ലാം സുമതിയോടുചോദിച്ചു:—'ആരാണ്,
അഹിച്ഛത്രാരാജാവായ സുമദൻ? ഈ സർവ്വജഗദംബിക പ്ര
സാദിച്ച് ഇവിടെ വാണരുളുന്നതിന്ന് എന്തൊരുതപസ്സാണ് അദ്ദേ
ഹം ചെയ്തത്? സചിവോത്തമ, ഈ സംഗതിയെല്ലാം പറയുക. ഭ
വാനു വാസ്തവമെല്ലാം അറിയാമല്ലോ.'

സുമതി:—സർവദേവകളാലും സംശോഭിതമായി മേരുക്രമം എ
ന്നൊരു പർവതമുണ്ടല്ലൊ; അവിടെ ദ്രുഷിനിഷേവിതമായി വിമലം എ
ന്നൊരു തീർത്ഥമുണ്ട്. അവിടെയത്രേ, സുമദൻ തപസ്സുചെയ്തത്. ഇദ്ദേ
ഹത്തിന്റെ അച്ഛനമ്മമാരേയും മക്കളേയും ശത്രുസാമന്തന്മാർ കൊ
ന്നകളഞ്ഞിരുന്നു. മൂന്നുകൊല്ലം ഇദ്ദേഹം ഒറക്കാലിന്മേൽനിന്നു നാ
സാഗ്രത്തിൽ ദൃഷ്ടിയുറപ്പിച്ചു ലോകമാതാവിനെ ധ്യാനിച്ചു; മൂന്നു
കൊല്ലം ഉണക്കില ഭക്ഷിച്ചും കൊണ്ടു പരമദുഷ്കരമായ തീവ്രതപ
സ്സനുഷ്ഠിച്ചു; മൂന്നുകൊല്ലം തണുപ്പുകാലത്തു വെള്ളത്തിലും വേനല്ക്കു
പഞ്ചാഗ്നി മദ്ധ്യത്തിലും വർഷത്തിൽ മഴയത്തും സ്ഥിതിചെയ്തു; മൂന്നു
കൊല്ലം പ്രാണവായുവിനെ രോധിച്ച് അനന്യദൃഷ്ടിയായി ദേവിയെ
ധ്യാനിച്ചുവാണു.

ഇങ്ങിനെ പതിനെട്ടുകൊല്ലം കഴിഞ്ഞപ്പോൾ, ആ മികച്ചതപ
സ്സു കണ്ടിട്ടു ദേവേന്ദ്രനു വലിയ പേടിയായി. അദ്ദേഹം രാജാവിങ്കൽ
സ്പൽമൂലം ആലോചിച്ചുറച്ചു, ബ്രഹ്മാദികളെപ്പോലും ജയിപ്പാൻ
പോന്ന മന്മഥനെ പരിവാരങ്ങളോടും അപ്സരസ്ത്രീകളോടും ക്രുദ്ധനി
യോഗിച്ചയച്ചു:—'സഖേ, കാമദേവ, ഭവാൻപോയി, എനിയ്ക്കുവേണ്ടി
സുമദനെ മോഹിപ്പിച്ചു തപോഭംഗം വരുത്തിയാലും.' ഇന്ദ്രൻ ഇങ്ങി
നെ ആവശ്യപ്പെട്ടപ്പോൾ, വിശ്വവിജയത്തിൽ ഗർവ്വുകൂടിയ കന്ദർപ്പൻ
കഥിച്ചു:—'തിരുമേനി, ആരാണ് ഈ സുമദൻ! അയാളുടെ തുച്ഛതപ
സ്സ് എത്രയുണ്ട്? ബ്രഹ്മാദികൾക്കുപോലും തപോവിഘ്നം വരു
ത്തുന്നവനാണ് ഞാൻ; പിന്നെയാണോ ഇയ്യാൾക്ക്! എന്റെ ശരമേ
റു പിടഞ്ഞിട്ടു ചന്ദ്രൻ പണ്ടു താരയേയും, ഇവിടുന്ന് അഹല്യയേയും,

Digitized By Kerala Sahitya Akademi

വിശ്വാമിത്രൻ ഉർവ്വശിയേയും പ്രാപിച്ചില്ലയോ? ദേവേന്ദ്ര, സേവകനായ ഞാനിരിക്കേ, ഇവിടുത്തേയ്ക്ക് വിചാരം വേണ്ടാ. ഞാനിതാ, സുമദന്റെ അടുക്കലേയ്ക്കു പോകുന്നു. തിരുമേനി, ദേവകളെ രക്ഷിച്ചു വാണുകൊൾകിൽ!'

ഇത്രയും പറഞ്ഞു കാമദേവൻ സുഹൃത്തായ വസന്തത്തോടും അപ്സരസ്ത്രീകളോടുമൊന്നിച്ച് ഹേമകൂടപർവ്വതത്തിൽ വന്നെത്തി. വസന്തം വേഗത്തിൽ അവിടെയുള്ള വൃക്ഷങ്ങളെയെല്ലാം പുഷ്പഫല സമൃദ്ധങ്ങളാക്കിത്തീർത്തു; കുയിലുകൾ കൂകി; വണ്ടുകൾ മുരണ്ടു; കുളിർമപൂണ്ട തെക്കൻകാറ്റ് കൃതമാലാനദിയുടെ തീരത്തു ലവംഗപുഷ്പങ്ങളിൽ തട്ടി വീശിത്തുടങ്ങി. വനം ഈ നിലയിലായപ്പോൾ, രംഭ എന്ന അപ്സരസ്ത്രീരത്നം സഖിമാരോടുകൂടി സുമദന്റെ സമീപത്തെത്തി, മൃദംഗപണവാദിവാദ്യനാദത്തോടൊത്തു മികച്ച കിന്നരസ്വരത്തിൽ സംഗീതം ആരംഭിച്ചു. ആ സംഗീതവും കുയിലുകളുടെ കളക്വജിതവും കേൾക്കുകയാൽ സമാധിയിൽനിന്നുണർന്ന രാജാവ് മനോഹരമായ വസന്തത്തെ കണ്ടിട്ട് നാലുപുറവും നോക്കുകയായി. ആ ലാക്കിൽ പുഷ്പായുധൻ നരേന്ദ്രന്റെ പിന്നിൽനിന്ന വെമ്പലോടേ വില്ലുകുലച്ചു. ഒരപ്സരസ്ത്രീ കടക്കോണിട്ട് ഉള്ളിച്ചു് കാശ്യപേന്ദ്രന്റെ കാൽ തലോടിത്തുടങ്ങി; മറെറാരുത്തി ആദ്ദേഹത്തിന്റെ മേൽ കടക്കണ്ണെറിഞ്ഞു; വേറെയൊരുത്തി വിലാസചേഷ്ടകൾ കാണിച്ചു. അപ്സരസ്ത്രീകൾ ചൂഴെ ചുഴന്നപ്പോൾ കാമംതോന്നിയതിനാൽ ആ ബുദ്ധിമാനായ ജിതേന്ദ്രിയശ്രേഷ്ഠൻ—'ഇവരെല്ലാവരും, എന്റെ തപസ്സുമുടക്കാൻ ദേവേന്ദ്രൻ പറഞ്ഞയച്ച അപ്സരശ്രേഷ്ഠമാരാണ്; ഞാനൊപ്പിക്കുകയും ചെയ്യും!' എന്നിങ്ങിനെ ആത്മഗതം ചെയ്തിട്ട് ആ പെണ്മണിമാരോടു ചോദിച്ചു:—'നിങ്ങളാരാണ്? ഏവിടുത്തുകാരാണ്? എന്തിനാണ് നിങ്ങൾ വന്നിരിക്കുന്നത്? നിങ്ങളെ കണ്ടതിനാൽ എനിക്ക് ആത്മാശ്ചര്യം തോന്നുന്നു: അനേകം തപസ്സുകൊണ്ടും ദുഷ്പ്രാപമായ നിങ്ങൾ എന്റെ തപസ്സുമൂലം വന്നുചേർന്നവരല്ലോ!'

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷധർമ്മോപനിഷത്സംവാദം, രാമാശ്വമേധപ്രകരണം, കാമമോക്ഷപ്രയത്നം, അപ്സരസ്സുകളുടെ സമാഗമം എന്നിവയുൾപ്പെട്ട പന്ത്രണ്ടാമദ്ധ്യായം.

Digitized By Kerala Sahitya Akademi

പതിമൂന്നാമദ്ധ്യായം

ശേഷൻ:—തപോനിധികായ സുമേരുന്റെ ഈ ചോദ്യം കേട്ടിട്ട്, മീനകേതനന്റെ സേനകളായ രംഭോർവ്വശ്യപ്സരസ്ത്രീകൾ അദ്ദേഹത്തോടു് സസന്തോഷം ഉരിയാടി:—

(തരംഗകൊട്ടിക്കളിപ്പാട്ട്; 'കല്യാണി, കളവാണി' എന്നമട്ട്.)

'വല്ലഭ, നിൻതപസ്സാൽ വന്നുചേർന്നവർ ഞങ്ങ-
ളെല്ലാരും മിക്കവാത്ത മല്ലാക്ഷിമാർ;
അങ്ങുന്നീത്തപഃഫലമുപ്പിച്ചു ഭുജിച്ചാലും
ഞങ്ങടെതൻ സുയൌവനസമ്പത്തെ.
പൊൻചമ്പകത്തിൻവർണ്ണം തെളിഞ്ഞുതുടിയിതാ,
ചഞ്ചൽകർപ്പൂരഗന്ധബന്ധുരയാം;
ചെഞ്ചെമ്മേ നകരുകീച്ചുഞ്ചലാപാംഗിയുടെ
ചെഞ്ചൊടിത്തളിരിലെപ്പീയൂഷത്തെ!
പോർമുലകനത്തുരുണ്ടോമഞ്ഞളാംഗിയൊരു
കാമിനിയിതാ, കമ്രവിഭ്രമയാം;
വല്ലഭ, നിൻപുണ്യത്താൽ വന്നവളാമിവളൊ-
ത്തുല്ലലിലലയാതെ ക്രീഡിച്ചാലും!
ഞാനുമിങ്ങിതാ, മഹാർഘാഭരണോജ്ജ്വലാംഗി,
നാനാസുരതതന്ത്രം ശീലിച്ചവൾ;
മാറിൽ മന്ദാരമലർമാലകൾ ഞാലുമെന്നെ
മാരസുന്ദര, കെട്ടിപ്പുൽകിയാലും!
എന്നൊട്ടും വിമാനത്തിലേറിപ്പോന്നരുപുണ്യ-
സന്നിധാനമാം പൊന്നിൻകനിലെത്തി,
എന്മുഖാഗതം നകന്നുണ്മയിൽ ഭുജിച്ചാലും
തന്മഹാതപഃഫലമങ്ങുന്നിനി!
ചന്തവും യൌവനവും ചിന്തുമിത്തിലോത്തമ
സന്തതം വീശുംവെള്ളച്ചാമരങ്ങൾ
അങ്ങയ്ക്കിരുവശത്തുമംഗജമൂർത്തേ, രണ്ടു
ഗംഗാപ്രവാഹംപോലേ ശോഭിയ്ക്കട്ടേ!
ചാരുമന്മഥകഥയോരോന്ന കേട്ടും, സുര-
ന്മാരും കൊതിച്ച സുധയാസ്വദിച്ചും,
നന്ദനവനം പുക്കീസ്സുന്ദരിമാരോടൊത്തു
നന്ദിയിൽക്കളിയാടിക്കാമുകനാവോൻ.'

Digitized By Kerala Sahitya Akademi

ഇതുകേട്ടിട്ടു മഹാമതിയായ മന്നവൻ ആലോചിച്ചു:—'ഞാൻ ശരിയായി ചെയ്യുപോന്ന തപസ്സിന്നു വിഘ്നം വരുത്താൻ തന്നെയാണു്, ഈ ദേവസ്ത്രീകളുടെ വരവു്. ഇവിടെ എന്തു ചെയ്യേണ്ടു!' ചിന്താതുരനായിത്തീർന്ന രാജാവു് ഒടുവിൽ ഒന്നു തീർച്ചപ്പെടുത്തി, ദേവസ്ത്രീകളോടു പറഞ്ഞു:—'ഭേതികളെ ലോകമാതാക്കളായിട്ടാണു ഞാൻ കാണുന്നതു്. ഞാൻ ധ്യാനിച്ചുപോരുന്ന ദേവിയുടെ രൂപവും ഇതുപോലെ തന്നെയാണു്. ഇപ്പറഞ്ഞ സ്വർഗ്ഗസുഖം തുച്ഛവും നശ്വരവുമാകുന്നു; ഞാൻ ഭക്തിയോടെ സേവിക്കുന്ന എന്റെ തമ്പുരാട്ടി എനിക്കു വരം തന്നരുളും—ആരുടെ പ്രസാദത്താലാണോ ബ്രഹ്മാവു സത്യലോകംപൂകി മേന്മയിൽ വാഴുന്നതു്, ആ ഭക്തവത്സലയായ എനിക്കു സകലവും തന്നരുളും. നന്ദനമെന്തു്? പൊന്നണിഞ്ഞ പർവ്വതമെന്തു്? സ്വല്പം പുണ്യത്താൽ കൈക്കലാക്കാവുന്നതും, ദൈത്യന്മാരെ വഞ്ചിച്ചു നേടിയതുമായ അമൃതെന്തു്?'

കാമദേവൻ പലതരം അമ്പുകൾ പ്രയോഗിച്ചുനോക്കി; എന്നിട്ടും സുമേധസ്സു് ഒരു കുലുക്കവുമുണ്ടായില്ല. കാൽത്തളക്കിലുക്കംകൊണ്ടോ കടാക്ഷവീക്ഷണങ്ങൾകൊണ്ടോ ആലിംഗനങ്ങൾകൊണ്ടോ രാജാവിന്റെ മനസ്സിളക്കാൻ ദേവസ്ത്രീകളും ശക്തരായില്ല. അവരെല്ലാം വന്നപാടേ മടങ്ങി, 'സുമേധൻ ഒരു മഹാധീരനാണെ'ന്നു ശക്രനോടുണർത്തിച്ചു. തന്റെ പ്രാരംഭം പാഴായതിനാൽ ഇന്ദ്രൻ ഭയപ്പെട്ടുപോയി!

പിന്നീടു, ലോകാംബിക, മഹാരാജാവിന്നു തന്റെ പാദാംബുജത്തിലുള്ള മനസ്സുറപ്പുകണ്ടിട്ടു തിരുവുള്ളം തെളിഞ്ഞു, സിംഹത്തിന്റെ പുറത്തു കയറി ആ ജിതേന്ദ്രിയനു പ്രത്യക്ഷീഭവിച്ചു. തൃക്കൈകളിൽ ധനുർബ്ബാണപാശാംകുശങ്ങളേന്തി, ഒരുകോടി സൂര്യന്മാർക്കൊപ്പം വിളങ്ങുന്ന ആ പരമ ലോകപാവനിയെ ഉർശിച്ചുപ്പോൾ മനംകുളുത്ത മന്നവൻ അമ്മയെ ഭക്തിപൂർവ്വം തെരുതെരെ നമസ്കരിച്ചു. ദേവി പുഞ്ചിരി തൂകിക്കൊണ്ടു സുമേധന്റെ ദേഹം തൃക്കയ്യിനാൽ സ്പർശിക്കെ, രോമാഞ്ചകഞ്ചുകിതനായിച്ചമഞ്ഞ ആ ധീമാൻ ഭക്തിനിർഭരഹൃദയനായി ഗൽഗദസ്വരത്തിൽ തന്തിരുവടിയെ സ്തുതിച്ചു:—

[ശ്ലോകങ്ങൾ]

'ജയദേവി, മഹാദേവി, ഭക്തവത്സലദേവിതേ,
അനഘേ, ബ്രഹ്മരുദ്രാദിദേവേന്ദ്രനുത സൽപദേ!
അമ്മേ, നിൻകുല ചേർന്നുള്ളൊന്നിച്ചുരാചരമൊക്കയും;
നീയൊഴിഞ്ഞൊന്നുമില്ലെങ്ങുമംബ, ദേവ്യേ, നമോസ്തുതേ!

Digitized By Kerala Sahitya Akademi

മാട്ടം കാട്ടും തോപ്പുമൊത്ത മിഗ്ഗജാവൃതയാം ക്ഷിതി-
ദേവി, നിൻതാങ്ങുറപ്പിന്മേലതേ നിൽപ്പൂന്ന നിശ്ചലം.
തീക്ഷ്ണാംശുവാൽ പൂത്തപി ചുട്ടുമാറു വാനിൽ ജ്വലിച്ചിനൻ
മന്നിൻനീരേന്തി വഷ്ടിക്കുന്നു താവകശക്തിയാൽ!
ബഹിരന്തസ്ഥനായ്‌വാനിസുഖം ലോകർക്കു ചേർപ്പതും
തൽപ്രതാപാൽ മഹാദേവി, ദേവാസുരനമസ്കൃതേ!
വിദ്യനീ; വൈഷ്ണവമഹാമായ നീ വിശ്വപാവനി;
സൃഷ്ടിയും രക്ഷയും ചെയ്യോരാ ശക്ത്യാ മോഹിനിയായ നീ
വാനോരെല്ലാം നിന്നിൽനിന്നെ സിദ്ധി നേടിസ്സുഖസ്ഥരായ്;
കാക്കുകെന്നെ കൃപാനാഥേ, വന്ദിതേ, ഭക്തവത്സലേ!
പാലിക്കുകമ്മേ, തൃപ്പാദപദ്മം സേവിക്കുമെന്നെ നീ;
അഭീഷ്ടസിദ്ധി മേ നൽക മഹാപുരുഷപൂർവ്വജേ!'

ഇപ്രകാരം സ്തുതിക്കപ്പെട്ട ജഗദംബിക, തപസ്സിനാൽ മോഹം ചടച്ചു ഭക്തനായ സുമേധനോട്, 'വേണ്ടുന്ന വരം ചോദിച്ചുകൊള്ളുക' എന്നരുളിച്ചെയ്തു. ഉടനേ, ഉള്ളം കുളിർത്ത സുമേധ നരേന്ദ്രൻ, തന്റെ അപഹരിക്കപ്പെട്ടുപോയ രാജ്യം ദുഷ്ടശത്രുക്കളെക്കൊന്നു വീണ്ടെടുക്കായ്‌വരണമെന്നും, തനിക്കു മഹേശ്വരിയുടെ തൃപ്പാദത്തിൽ സുസ്ഥിരമായ ഭക്തിയും ഒടുവിൽ സംസാരസമുദ്രം കടത്തുന്ന മുക്തിയും സിദ്ധിക്കേണമെന്നും അപേക്ഷിച്ചു.

കാമാക്ഷി:—'സുമേധ, നിനക്കു നീയെ നിസ്സപത്നമായ രാജ്യം കൈവരും; സ്ത്രീരത്നങ്ങൾ നിന്റെ പാദപദ്മം ചരിചരിക്കുമാറാകട്ടെ! നിനക്കു ശത്രുക്കളോടു തോൽമ പറകയില്ല. രാവണനെ കൊന്നിട്ടു പുകളേറിയ രഘുനാഥൻ വേണ്ട വട്ടമെല്ലാം കൂട്ടി അശ്വമേധം നടത്തുന്ന കാലത്തു, അദ്ദേഹത്തിന്റെ അനുജനായ മഹാവീരൻ—ശത്രുവീരരെ ഹനിയ്ക്കുന്ന ശത്രുഘ്നൻ—അനവധി യോദ്ധാക്കളോടുകൂടി വന്നുചേരും; അപ്പോൾ നീ രാജ്യവും സമ്പത്തുമെല്ലാം അദ്ദേഹത്തിനു സമർപ്പിച്ചു, സ്വന്തം വില്ലാളിയോദ്ധാക്കളൊന്നിച്ചു് അശ്വത്തെ രക്ഷിച്ചുംകൊണ്ടു മന്നിടത്തിലെങ്ങും സഞ്ചരിക്കണം. എന്നിട്ടു് ബ്രഹ്മരുദ്രേന്ദ്രാദി സേവിതനായ രാമചന്ദ്രനെക്കണ്ടു നമസ്കരിച്ചാൽ, യമം ശീലിച്ച യോഗികൾക്കുപോലും ദുഷ്പ്രാപമായ മുക്തി നിനക്കു സിദ്ധിക്കും. രാമന്റെ കുതിര വന്നുചേരുന്ന കാലംവരെ, നീ സ്വരാജ്യത്തിൽ വസിച്ചുകൊൾക; അതിനെ രക്ഷിക്കൽ കഴിഞ്ഞാൽ നിനക്കു പരമപദം പൂകാം.'

Digitized By Kerala Sahitya Akademi

ഇങ്ങിനെ വരം കൊടുത്തു, സുരാസുരനമസ്കൃതയായ ദേവി അന്തർദ്ധാനംചെയ്തു. സുമേരൻ ശത്രുക്കളെ ജയിച്ചു് അഹിച്ഛത്രയിൽ രാജാവുമായി. ഇദ്ദേഹത്തിനു് രാണിയുണ്ടു്, ബലവാഹനങ്ങളുമുണ്ടു്; എന്നാലും, മഹാമായയുടെ ശാസനത്താൽ, ഇദ്ദേഹം അങ്കയുടെ കതിരയെ പിടിക്കുകയില്ല. നേരെമറിച്ചു്, അശ്വമേധാശ്വവും സർവ്വമഹാരാജസേവിതനായ ഭവാനും നഗരത്തിനടുക്കൽ എത്തിയിരിക്കുന്നതായി കേട്ടാൽ, സുബുദ്ധിമാനായ സുമദ്രുപാലൻ രാമചന്ദ്രപ്രതാപമോടു സർവ്വസ്വവും സമർപ്പിക്കുകയാണു് ചെയ്യുക!' സുമേരന്റെ ഈ കഥ കേട്ടിട്ടു, യശസ്സേറിയ കരുത്തനായ ശത്രുഘ്നൻ 'കൊള്ളാം, കൊള്ളാം' എന്നിങ്ങിനെ സസന്തോഷം കൊണ്ടാടി.

അഹിച്ഛത്രാധീശ്വരനായ സുമേരരാജാവു തന്റെ ആൾക്കാരാൽ ചുറ്റപ്പെട്ടു് സുഖമാംവണ്ണം ആസ്ഥാനമണ്ഡപത്തിൽ സ്ഥിതിചെയ്യുന്നു: അനേകം ക്ഷത്രിയരും വേളഞ്ഞമ്മാരായ ബ്രാഹ്മണരും സമ്പത്തേറിയ വൈശ്യരും ആഡംബരോജ്ജ്വലനായ അദ്ദേഹത്തിന്റെ ആട്ടക്കൽ ക്രടിയിട്ടുണ്ടു്; ശാസ്ത്രജ്ഞരായ ബ്രാഹ്മണശ്രേഷ്ഠന്മാർ തന്നുരാനെ വേദവിദ്യകളും കൊണ്ടു വിനോദിപ്പിക്കുകയും, ആ സർവ്വപ്രജൈകപാലകനെ ആശീർവ്വദിക്കുകയും ചെയ്യുന്നു. ഈയവസരത്തിൽ ഒരാൾ വന്നു തിരുമനസ്സുണർത്തിച്ചു:—'തിരുമേനി, ആരുടെയാണെന്നറിഞ്ഞുകൂടാ, നെറ്റിമേൽ പത്രം കെട്ടിയിട്ടുള്ള ഒരു കതിര പട്ടണസമീപത്തു വന്നെത്തിയിട്ടുണ്ടു്.' ഉടനെ സുരചൻ, അശ്വം ആരുടെയാണെന്നറിവാൻ ഒരു പ്രധാന സേവകനെ കല്പിച്ചയച്ചു. അയാൾ പോന്ന വിവരമെല്ലാം മനസ്സിലാക്കി, തന്നുരാനെ അറിയിച്ചു. കതിര ശത്രുഘ്നഭഗവാന്റെയാണെന്നു കേട്ടതോടുകൂടി പൂർവ്വസ്മർണ വന്ന ദ്രുപാലൻ സ്വന്തം ആൾക്കാരോടു് ഇപ്രകാരം ആജ്ഞാപിച്ചു:—'ധനധാന്യസമൃദ്ധരായ എന്റെ പ്രജകളെല്ലാവരും ഭവനങ്ങളിൽ മംഗളതോരണവും മറ്റും നിർമ്മിക്കട്ടെ; ഭംഗിയിൽ ആഭരണമണിഞ്ഞു കമനീയാംഗിമാരായ ആയിരം കന്യകമാർ ആനപ്പുറത്തുകേറി ശത്രുഘ്നനെ എതിരേല്പാൻ പോകട്ടെ.' ഇങ്ങിനെയെല്ലാം ഉത്തരവുകൊടുത്തിട്ടു താനും അങ്ങോട്ടെഴുന്നള്ളി.

കളത്രപുത്രപൌത്ര പരിവാരാദികളാൽ ചുറ്റപ്പെട്ട സുമേരനേതാവു, മന്ത്രിശ്രേഷ്ഠന്മാരോടും പുരുഷാരാധിയോധപ്രവരന്മാരോടും ക്രടിയ ശത്രുഘ്നന്റെ മുമ്പിലെത്തി; പാപ്പാന്മാരോടുക്രടിയ കൊമ്പനാനകളാലും, കോപ്പണിഞ്ഞ ശ്രേഷ്ഠാശ്വങ്ങളാലും, ക്രടലരെ ചുട്ടെരിയുന്ന കാലാളുകളാലും, മറ്റു വീരന്മാരാലും പരിവൃതനായിരുന്ന ആ മഹാരാജാവു് സസന്തോഷം അടുത്തുചെന്നു ശത്രുഘ്നനെ വന്ദിച്ചു.

Digitized By Kerala Sahitya Akademi

'ഞാൻ ധന്യനായി! ഞാൻ കൃതാർത്ഥനായി! എന്റെ ജന്മം പൂജിതമായിക്കഴിഞ്ഞു! മഹാരാജാക്കന്മാരാൽ ശോഭിതവും മികച്ച മാണിക്യം മുത്തുടങ്ങിയ സമ്പത്തു നിറഞ്ഞതുമായ ഈ രാജ്യമിപ്പോൾതന്നെ ഭോഗിച്ചാൽ ഏറെവാങ്ങിയാലും. സ്വാമിൻ, വളരെക്കാലമായി കൃതിരയുടെ വരവുകാത്തിരിക്കയാണ് ഞാൻ; ചണ്ഡകാമാക്ഷി അരുളിച്ചെയ്തതു് ഇപ്പോൾ നിറവേറി! ഇവിടുന്ന് എന്റെ നഗരം സന്ദർശിച്ചു പൌരജനങ്ങളെ കൃതാർത്ഥരാക്കിയാലും; അല്ലയോ രാമാനുജനരേന്ദ്ര, എന്റെ കുലംമുഴുവൻ ശുദ്ധിപ്പെടുത്തുകയും ചെയ്താലും!'

ഇപ്രകാരം അപേക്ഷിച്ചിട്ട് സുമതൻ ശത്രുഘ്നനേയും പുഷ്കലനേയും ഒരു വെള്ളാനയുടെ പുറത്തുകേറ്റി, ഒടുവിൽ താനും കയറിയിരുന്നു. അത്യേഹം കൊട്ടിച്ച ഭേരീപണവാദികളുടേയും വീണാദികളുടേയും നിസ്വനം സർവ്വത്ര മുഴങ്ങി; തമ്പുരാന്റെ ഉത്തരവിനാൽ ആനപ്പുറത്തേറിവന്ന പൊങ്കിടാങ്ങരം, ശക്രാദികളാലും നമസ്കൃതനായ ശത്രുഘ്നന്റെ മേൽ തെളിമുത്തുകരം വഴിച്ചു. അശ്വരഥത്തോടും വീരന്മാരോടും സമന്വിതനായ ശത്രുഘ്നൻ രാജപുരസ്കൃതനായി പതുപ്പെപ്പുക്കെ പട്ടണത്തിൽ കടന്നു, പൌരരുടെ ജയഘോഷം ശ്രവിച്ചുംകൊണ്ട്, തോരണാട്ടാലംകൃതമായ അരമനയിൽ ചെന്നെത്തി. ഉടനേ സുമതൻ അത്യേഹത്തെ അർഘ്യാദികരംകൊണ്ടു സൽക്കരിച്ചു്, തന്റെ സർവ്വസ്വവും ധീമാനായ രാമചന്ദ്രനു സസന്തോഷം സമർപ്പിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധലകരണം, ശത്രുഘ്നസുമന്ത്രാഗമം പതിമൂന്നാമദ്ധ്യായം.

(o)

പതിന്നാലാമദ്ധ്യായം

ശേഷൻ:—സ്വാഗതത്താൽ സന്തുഷ്ടനായ ശത്രുഘ്നനോടു്, പുരുഷപുംഗവനായ സുമതൻ, ശ്രീരാമന്റെ ശ്രേഷ്ഠചരിതം ശ്രവിപ്പാൻ വേണ്ടി, ചോദിച്ചു:—'ലോകത്തിനെല്ലാം ശിരോലംകാരമായ ശ്രീരാമന്ന സുഖമല്ലയോ? കേതരക്ഷയ്ക്കായി അവതരിച്ച തന്തിരുമേനി എന്നേയും അനുഗ്രഹിക്കും. അയോധ്യയിലെ ജനങ്ങരം സുകൃതികരംതന്നെ; രഘുനാഥന്റെ മുഖപത്മത്തെ അവർ നാരംതോറും നേത്രങ്ങരംകൊണ്ടു് സാനന്ദം നുകരുന്നുണ്ടല്ലോ. എന്നാൽ, എന്റെയും കുലം

Digitized By Kerala Sahitya Akademi

രാജ്യം മുതലായതൊക്കെ ഇന്നു തുലോം കൃതാർത്ഥമായിക്കഴിഞ്ഞു! കാമാക്ഷി പണ്ടെനിക്കു കരളലിഞ്ഞു വരം തന്നിട്ടുണ്ട്; അതിനാൽ ഞാനും എന്റെ കുടുംബവും ഉടനേ ശ്രീരാമന്റെ മുഖാരവിന്ദം ദർശിക്കും!' രഘുനാഥന്റെ പുണ്യവൃത്താന്തമെല്ലാം ശത്രുഘ്നൻ സുമദരാജേന്ദ്രനെ അറിയിച്ചു.

മൂന്നാമം അവിടെ താമസിച്ചതിന്നുശേഷം ശ്രീരാമാനുജൻ ആ രാജാവിനോടുക്രുടി പുറപ്പെടുവാൻ നിശ്ചയിച്ചു. ഉടനേ സുമദൻ ശത്രുഘ്നമഹാരാജാവിനാലും പുഷ്കലനാലും അനുമോദിതനായിട്ട് മകനെ രാജാവാക്കി അഭിഷേകംചെയ്തു. പലതരം വസ്ത്രങ്ങളും രത്നങ്ങളും ധനങ്ങളും അദ്ദേഹം ശത്രുഘ്നന്റെ ആശ്രിതർക്കായ് സമ്മാനംകൊടുത്തു; അനന്തരം, മഹാപണ്ഡിതന്മാരായ മന്ത്രിമാരോടും ആന തേർ കുതിര കാലാളുകളോടുംക്രുടി യാത്ര പുറപ്പെട്ടു. ആ ധനദ്രുമനായ സുമദനോടൊന്നിച്ചു യാത്രയുടനേ ശത്രുഘ്നൻ രഘുനാഥന്റെ പ്രതാപം വർണ്ണിച്ചു രസിച്ചുംകൊണ്ട് പയോഷ്ണീതീരത്തിലൂടേ നടകൊണ്ടു. പറവരോടെതിർക്കുന്ന പടയാളികളെല്ലാം അദ്ദേഹത്തെ പിന്തുടർന്നു. ശ്രേഷ്ഠതപംചെയ്യുന്ന മുനിമാരുടെ പലതരം ആശ്രമങ്ങളും വഴിയിൽ കാണുമാറായി; അവിടെയെല്ലാം രഘുനാഥന്റെ ഗുണസമൂഹം പുകഴ്ത്തപ്പെട്ടുണ്ടായിരുന്നു.

'ഇതാ, ഹരി ഗമിക്കുന്നു ഹരിയാൽ പരിരക്ഷിതം
ഹരിഭക്തഹരിസ്തോമഹരിവയ്ഭവഗാനിതം!'

എന്നിങ്ങിനെ നാലുപാടും കേൾക്കുമുഴുത്ത തപോധനന്മാർ അഭിനന്ദിക്കുന്നതു കേട്ടിട്ടു ശത്രുഘ്നൻ പരിതുഷ്ടനായി.

[കിളിപ്പാട്ട്—കാകളി]

വേദധ്വനിയാലമംഗളമൊക്കയും
ശ്രോത്രജനത്തിന്നകറുന്നൊരാശ്രമം
തത്ര കാണായി മൃഗപക്ഷിസംകുല-
മുത്തമമനേകമുനിയുപശോഭിതം.
അഗ്നിഹുതിധൂമമവിടെനിന്നുൽഗമി-
ച്ചാകെ വിശ്വമാക്കുന്ന നഭസ്സിനെ;
കയ്യിൽച്ചമതയുമേന്തി മഹർഷിമാർ
ചെയ്യുന്ന ധർമ്മക്രിയകളങ്ങനപഥം;
വ്യാഘ്രങ്ങളുണ്ടഹോ, പാലിക്കവേണ്ടുന്നോ
ഗോക്കളെപ്പാലിച്ചുപോരുന്ന നീളവേ!

Digitized By Kerala Sahitya Akademi

നേരേ പട തീക്കലിപ്പിങ്ങെടുകിടക്കും
തീരെ മാർജ്ജാരനാടുവിക്കായ്കയാൽ!
കീരിയും മൈലുമായ് ക്രീഡിച്ചു പാമ്പുകൾ!
വാരണസിംഹങ്ങളങ്ങു ചങ്ങാതികൾ!
നീവാരവുംതിന്ന നിർഭയമായങ്ങു
മേവുന്ന താപസർ പോറുന്ന മാന്മകം.
നൽക്കുടത്തോളം വലുതാമകിടൊത്തു
നന്ദിനീതുല്യമാരാകിയ പൈക്കളും
തത്തു കുളമോറുയന്ന പൊടികൊണ്ടു
ശുദ്ധമാക്കുന്നിതു ദിങ്മണ്ഡലത്തിനെ.

ആതു കണ്ടിട്ടു ശത്രുഘ്നൻ സർവ്വജ്ഞനായ ശ്രീരാമസചിവനോടു ചോദിച്ചു:—'സുമതേ, അന്യോന്യവൈരം വിട്ട ജന്തുക്കളും തപസ്വികളുംനിറഞ്ഞു ഇക്കാണുന്ന ആശ്രമം ഏതൊരു മഹർഷിയുടെയായിരിക്കാം? ആ മുനിയുടെ കഥ വർണ്ണിച്ചുകേട്ടിട്ട് എന്റെ ജീവിതം പവിത്രമായിത്തീരട്ടെ!' മഹാത്മാവായ ശത്രുഘ്നന്റെ ചോദ്യം കേട്ടിട്ടു ധീമാനായ രാമചന്ദ്രന്റെ മന്ത്രി പറഞ്ഞു:—'മഹാന്മാരായ താപസന്മാരാലും മുനിപത്നിമാരാലും നിവൈര ജന്തുക്കളാലും നിറയപ്പെട്ട ഈ ആശ്രമം ച്യവനന്റെയാണ്. സായംഭുവ മഹായജ്ഞത്തിൽ, ശക്രന്റെ ഗർവ്വകറി അശ്വിനീദേവകൾക്കു യാഗഭാഗം ഏർപ്പെടുത്തിയ ആളാണ് ഈ മഹർഷി; വേദത്തിന്റെ ഒരു മൂർത്തി തന്നെയായ ഈ തപോബലസമൃദ്ധന്റെ പ്രഭാവം ആർക്കും പറഞ്ഞുതീർക്കാവുന്നതല്ല.' ഇതുകേട്ടപ്പോൾ, മഹാത്മാവായ ച്യവനൻ മഘവാവിന്റെ ഗർവ്വകറിയ കഥയുംമറും പറയുവാൻ ശത്രുഘ്നൻ സുമതിയോടാവശ്യപ്പെട്ടു:—'എങ്ങിനെയാണ് ഇദ്ദേഹം അശ്വിനീദേവകൾക്ക് അമരപദ്ധതിയിൽ ഭാഗം ഏർപ്പെടുത്തിയത്? സായംഭുവ മഹായജ്ഞത്തിൽ ദേവേന്ദ്രൻ എന്തുചെയ്തു?'

സുമതി:—'ബ്രഹ്മവംശത്തിൽ പിറന്ന ഭൃഗു എന്ന മഹർഷി ഒരു നാൾ വൈകുണ്ഠം ചുമത കൊണ്ടുവാൻ പോയി. അപ്പോൾ, ഭൈമൻ എന്ന ഒരു ക്രൂരനായ രാക്ഷസൻ യാഗം മുടക്കാനായി വന്നു, ഭയംകരമാംവണ്ണം ഉച്ചത്തിൽ ചോദിച്ചു:—'എവിടെ ആ താപസാധമൻ? അവന്റെ സുന്ദരിയായ ഭാര്യ എവിടെ?' രോഷംനിറഞ്ഞ രാക്ഷസൻ ഇങ്ങിനെ വീണ്ടും വീണ്ടും ചോദിക്കേ, അഗ്നി അവനെപ്പേടിച്ചിട്ട്, ഗർഭിണിയായിരുന്ന ഭൃഗുപത്നിയെ കാട്ടിക്കൊടുത്തു. ഉടനേ രാക്ഷസൻ കടന്നുപിടിച്ചു, 'ഭഗവാനേ, രക്ഷിക്കണേ, ഭർത്താവേ രക്ഷിക്ക

Digitized By Kerala Sahitya Akademi

ണേ, നാഥ, തപോനിധേ, രക്ഷിക്കണേ!' എന്നിങ്ങിനെ ഒരു കരു യെപ്പോലെ നിലവിളിക്കുന്ന ആ സുധേപിയെ തെറി പറഞ്ഞിഷ്ടം കൊണ്ടു പുറത്തേയ്ക്കിറങ്ങി. അതോടുകൂടി, വന്നിച്ച യേപ്പാടുനിമിത്തം ഭൃഗുപത്നിയുടെ വയറ്റിൽനിന്ന ബാലൻ, അഗ്നിയെന്നപോലെ കത്തിജ്വലിക്കുന്ന കണ്ണുമായി പുറത്തേയ്ക്കു വീണു. 'എടാ ദുഷ്ട, നില്ല, നില്ല്', നീ ഇക്ഷണത്തിൽ വെണ്ണീറായിപ്പോവുക: പതിവ്രതയെ തീണ്ടിയ നിനക്കു നന്മ വരികയില്ല!' എന്നിങ്ങിനെ കുട്ടി ഉച്ചരിക്കുകയും, രാക്ഷസൻ ഭസ്മീഭവിക്കുകയും ഒന്നായിക്കഴിഞ്ഞു.

മനസ്സുഴന്ന മാതാവു മകനേയുംകൊണ്ട് ആശ്രമത്തിലേയ്ക്കു തിരിച്ചു. അഗ്നി ചെയ്തതെല്ലാം അറിഞ്ഞപ്പോൾ അരിശംകൊണ്ട ഭൃഗു, 'ദുഷ്ടനായ ശത്രുവിനു് ഒരുനിന്ദവനേ, നീ എല്ലാം തിന്നുന്നവനായിത്തീരുക' എന്നിങ്ങിനെ പാവകനൊരു ശാപം കൊടുത്തു. അതിൽ അതിദുഃഖിതനായിച്ചമഞ്ഞ വഹ്നി മഹർഷിയുടെ കാൽ പിടിച്ചു:— 'സ്വാമിൻ, ദയാസമുദ്രമേ, എനിക്ക് അനുഗ്രഹം തരണേ! പൊളി പറയുന്നതിൽ പേടിമൂലമാണു്, ദുരുദ്ദേശത്താലല്ല, ഞാൻ പറഞ്ഞു കൊടുത്തതു്; അതിനാൽ, ധാർമ്മിക ശിരോരത്നമേ, എന്റെ പേരിൽ ദയയുണ്ടാകണം!' അപ്പോൾ മനസ്സലിഞ്ഞ മഹർഷി, 'സർവ്വഭക്ഷിയായാലും ഭവാൻ വിശുദ്ധനായിരിക്കും' എന്നു ഹുതാശനെ അനുഗ്രഹിച്ചു.

പിന്നീടു് ആ ബ്രാഹ്മണൻ ശുചിയായി ദർഭകൈക്കൊണ്ടു ഗർഭച്യുതനായ പുത്രന്റെ ജാതകർമ്മവും മറ്റും യഥാവിധി കഴിച്ചു. ച്യവനംമൂലം കുട്ടിയെ തപസ്വികളെല്ലാം ച്യവനൻ എന്ന വിളിച്ചുതുടങ്ങി. അവൻ ശുക്ലപക്ഷത്തിലെ ചന്ദ്രനെന്നപോലെ ക്രമേണ വളർന്നുവന്നു. പിന്നീടു തപസ്സുചെയ്യാൻ, തപോബലം പൂണ്ട വളരെ ശിഷ്യരോടുകൂടി, ലോകൈകപാവനിയായ നർമ്മദയിലേയ്ക്കു നടകൊണ്ടു; അവിടെച്ചെന്നു, പതിനായിരംകൊല്ലം വമ്പിച്ച തപസ്സിലിരുന്നു. അദ്ദേഹത്തിന്റെ രണ്ടു ചുമലിലും മൺപുറ്റിന്മേലായി ഓരോ പിലാശുമരം പൂത്തുനിന്നു. മൃഗങ്ങൾ വന്ന് അദ്ദേഹത്തിന്റെ മേൽ അവയവങ്ങൾ ഉരസും; എന്നാൽ അതൊന്നും ഏകാഗ്രചിത്തതയാൽ അദ്ദേഹം അറിഞ്ഞിരുന്നില്ല.

ഒരുദിവസം കുടുംബത്തോടൊപ്പം തീർത്ഥയാത്രചെയ്തിരുന്ന മനുരാജാവു വമ്പിച്ച സേനയോടുകൂടി നർമ്മദാതീർത്ഥത്തിലെത്തി. അദ്ദേഹം ആ മഹാനദിയിൽ കുളിച്ചു പിതൃദേവകളെ തർപ്പിച്ചു, വി

Digitized By Kerala Sahitya Akademi

ഷ്ണപ്രീതിക്കായി ബ്രാഹ്മണക്കു ദാനങ്ങളും കഴിച്ചു. അദ്ദേഹത്തിന്റെ മനോജ്ഞാംഗിയായ മകളും കനകാഭരണങ്ങളണിഞ്ഞു സഖിമാരോടൊന്നിച്ചു വനാന്തത്തിൽ അവിടവിടെ സഞ്ചരിയ്ക്കുമ്പോൾ, രണ്ടു മഹാവൃക്ഷത്താൽ ശോഭിക്കുന്ന ഒരു മൺപുറ്റു കണ്ടെത്തി. അതിന്മേൽ, നിശ്ചലങ്ങളായ രണ്ടു തേജസ്സുകളുള്ളതും കാണുമാറായി. ഉടനേ അടുത്തുചെന്ന രാജകുമാരി അതുകളിൽ കോൽകൊണ്ടു കുത്തിക്കളഞ്ഞു. തൽക്ഷണം ചോരയൊഴുകിത്തുടങ്ങി. അതുകണ്ടപ്പോൾ അവൾക്കു വലിയ വിഷാദവും ഭയവും തോന്നി. എന്നാൽ, തന്റെ ഈ അപരാധം അവൾ അമ്മയേയോ അച്ഛനേയോ അറിയിച്ചില്ല; തന്നെത്താൻ ചിന്തിച്ചു ദുഃഖിച്ചതേയുള്ളൂ. അപ്പോൾ ഭൂമി കലുങ്ങി; ആകാശത്തുനിന്നു കൊള്ളിമീൻ ചാടി; ദിക്കുകൾ ധൂമ്രവർണ്ണങ്ങളായി; സൂര്യനെ പരിവേഷം വളഞ്ഞു; രാജാവിന്റെ ആനകളും കുതിരകളും വളരെ ചത്തൊടുങ്ങി; രത്നങ്ങളും ധനങ്ങളും നശിച്ചു; സൈനികർ തമ്മിൽ കലഹിപ്പാനും തുടങ്ങി.

ഇതെല്ലാം കാൺകയാൽ ഭയവും ഉദ്വേഗവും പൂണ്ട ഭൂപാലൻ, 'ആരെങ്കിലും മഹർഷിക്കു അപരാധംചെയ്കയുണ്ടായോ' എന്നു തന്റെ മക്കളോടുനോക്കി. ക്രമേണ, തന്റെ മകൾ ചെയ്തത് അദ്ദേഹത്തിനു മനസ്സിലായി. അതിൽ ദുഃഖിതനായിത്തീർന്ന നരേന്ദ്രൻ സൈന്യവാഹനങ്ങളോടൊന്നിച്ചു ചെന്നു, മഹാതപസ്വിയായ ച്യവനനെ ദർശിച്ചു, 'മുനിശ്രേഷ്ഠ, ദയചെയ്യണേ!" എന്നിങ്ങിനെ സ്തുതിച്ചു പ്രസാദിപ്പിച്ചു. അപ്പോൾ മഹർഷി മനംതെളിഞ്ഞു പറഞ്ഞു:—'മഹാരാജാവേ, അങ്ങയുടെ മകൾ ഉണ്ടാക്കിത്തീർത്തതാണ്, ഈ ആപത്തൊക്കെ: അവൾ എന്റെ കണ്ണുണ്ടും കുത്തിപ്പൊട്ടിച്ചുകളഞ്ഞു! ചോരയൊഴുകിയപ്പോൾ കായ്യം മനസ്സിലായെങ്കിലും ഇവൾ അങ്ങയോടു പറകയുണ്ടായില്ല. ഏതായാലും ഇവളെ എനിക്കു തന്നേയ്ക്കുക. എന്നാൽ ആപത്തെല്ലാം ശമിയ്ക്കും.' ഇതുകേട്ടപ്പോൾ രാജാവിന്നു വ്യസനമുണ്ടായി; എന്നാലും അദ്ദേഹം കലവയോരുപശീലഗുണങ്ങൾ തികഞ്ഞ പുത്രിയെ കരുതിക്കൊടുക്കുകതന്നെ ചെയ്തു. കമലലോചനയായ കന്യകയെ അച്ഛൻ കൊടുത്തതോടു ക്രുദ്ധി, മഹർഷിക്കോപത്താൽ ഉത്ഭവിച്ച ഉൽപാതങ്ങളെല്ലാം ശമിച്ചുകഴിഞ്ഞു. മന്നവൻ മകളെ തപോനിധിയായ മഹർഷിയ്ക്കു കൊടുത്തിട്ടു, വീണ്ടും ദയയാൽ ദുഃഖിച്ചുംകൊണ്ടു, തന്റെ രാജധാനിയിലേയ്ക്കു മടങ്ങി.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷച്യാത്ര്യായനസംവാദം, രാമാശ്വമേധപ്രകരണം, ച്യവനോപാഖ്യാനാരംഭം പതിന്നാലുമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

പതിനഞ്ചാമദ്ധ്യായം

സുമതി:—ഉടനെ, യോഗത്താൽ കൽമഷമെല്ലാമകന്ന മഹർഷി മനുപുത്രിയായ ഭാര്യയോടുംകൂടി സ്വാശ്രമത്തിലേയ്ക്കു പോന്നു; അവളൊന്നിച്ചു രമിച്ചു. കണ്ണുപൊട്ടി ജരയാൽ ഓജസ്സും കെട്ട സ്വഭർത്താവിനെ ആ മനുപുത്രി, അഭീഷ്ടം നൽകുന്ന കല്പദൈവത്തെ എന്നപോലെ സേവിച്ചുപോന്നു. ആ മനോഹരിയായ പതിവ്രത, മഹിമയേറിയ തപോനിധിയായ പ്രിയഭർത്താവിനെ പാകം നോക്കി പരിചരിച്ചുംകൊണ്ടു, ശക്രനെ ശുശ്രൂഷിക്കുന്ന ശചിയെന്നപോലെ പരമസന്തോഷം നേടി: അഴകും ലക്ഷണവും തികഞ്ഞ കൃശാംഗിയായ രാജകുമാരി ഭർത്താവിന്റെ കാൽ തലോടും; കായും കിഴങ്ങും പച്ചവെള്ളവുമേ ഭക്ഷിച്ചിരുന്നുള്ളൂ; എപ്പോഴും അദ്ദേഹം ആജ്ഞാപിക്കുന്നതിലും, അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിലും ശ്രദ്ധിക്കും; സർവ്വപ്രാണികൾക്കും ഹിതംചെയ്യുകൊണ്ടായിരുന്ന അവളുടെ കാലക്ഷേപം; അവൾ കാമവും മംഭവും ദ്വേഷവും ഭയവും മദവും വെടിഞ്ഞു, ഒരിക്കലും ഒരു വീഴ്ചയും വരാതെ ച്യവനനെ സന്തോഷിപ്പിച്ചുപോന്നു. ഇങ്ങിനെ മനസാ വാചാ കർമ്മണാ മണാളനെ ശുശ്രൂഷിച്ചുംകൊണ്ടു, അവൾക്കോരായിരം സംവത്സരം കഴിഞ്ഞു.

ഒരുനാൾ ദേവവൈദ്യന്മാരിരുവരും ച്യവനന്റെ ആശ്രമത്തിൽ വന്നെത്തി. അവരെ അവൾ സ്വാഗതം ചൊല്ലി പൂജിച്ചു. ശര്യാതി പുത്രിയുടെ അർഘ്യപാദ്യാദി പൂജയാൽ മനംതെളിഞ്ഞ ആ സുന്ദരന്മാരിരുവരും സ്നേഹംമൂലം അവളോട്, 'വരം ചോദിച്ചുകൊൾക' എന്നരിയാടി. സുരഭിഷക്കുകളെ പ്രസന്നരായി കാണുകയാൽ, മഹാബുദ്ധിമതിയായ രാജപുത്രി വരം യാചിപ്പാൻ തന്നെ നിശ്ചയിച്ചു. 'ഭർത്താവിന്റെ ഉള്ളറിഞ്ഞിട്ട് അവൾ അവരോടപേക്ഷിച്ചു:—'ദേവന്മാരെ, നിങ്ങൾ പ്രസാദിച്ചുവെങ്കിൽ, എന്റെ ഭർത്താവിനെ കണ്ണുണ്ടാക്കിത്തരുവിൻ.' സുകന്യയുടെ ഈ മനോഹരവചനം കേൾക്കുകയും അവളുടെ പാതിവ്രത്യം കാണുകയുംചെയ്തിട്ട ഒവെദ്യോത്തമന്മാർ ഇപ്രകാരം പറഞ്ഞു:—'ഭവതിയുടെ ഭർത്താവു ദേവകളുടെ കൂട്ടത്തിൽ ഞങ്ങൾക്കും യജ്ഞഭാഗം ഏർപ്പെടുത്തിത്തരുമെങ്കിൽ, ഇദ്ദേഹത്തിനെ ഞങ്ങൾ ഇപ്പോൾതന്നെ കൺകാഴ്ചയുണ്ടാക്കാം.' ഭാഗം ഏർപ്പെടുത്താമെന്നു ച്യവനൻ സമ്മതിച്ചു. അപ്പോൾ അകം കളിത്ത അശ്വിനീദേവകൾ, 'എന്നാൽ ഭവാൻ ഈ സിദ്ധതീർത്ഥത്തിൽ മുങ്ങു' എന്നു പറഞ്ഞു, ജരാഗ്രസ്തനായി ഞരമ്പുകൾ പൊന്തിയ തപോധനനെ തീർത്ഥത്തിലേയ്ക്കിറക്കി; അദ്ദേഹത്തോടുകൂടി അവരും അതിൽ മുഴുകി.

Digitized By Kerala Sahitya Akademi

ഉടനേ, പൊന്നുങ്കം കൊതിയ്ക്കുന്ന സുന്ദരന്മാരായി ഒരേ വടിവിലുള്ള മൂന്നു പുരുഷന്മാർ, പൊന്മാലയും കുണ്ഡലങ്ങളും നല്ല വസ്ത്രങ്ങളും ധരിച്ചു തീർത്ഥത്തിൽനിന്ന് ഉത്ഥാനംചെയ്തു. സൂര്യതേജസ്പികളായ ആ സപത്നപുത്രന്മാരിൽ തന്റെ ഭർത്താവേതാണെന്നു നിതംബിനിക്കു മനസ്സിലായില്ല; ആ പതിവ്രത അശ്വനീദേവകളെ ശരണം പ്രാപിച്ചു. അപ്പോൾ പാതിവ്രത്യതോഷിതരായ അവർ അവർക്കു ഭർത്താവിനെ കാട്ടിക്കൊടുത്തു്, ഉച്ചിയോടു യാത്രയും പറഞ്ഞു, വിമാനത്തിലേറി, ഇനി യാഗം ഉണ്ടാകുമ്പോൾ തങ്ങൾക്കും പങ്കുകിട്ടുമെന്നാശിച്ചുംകൊണ്ടു സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു.

വളരെക്കാലമായുള്ള വ്രതാനുഷ്ഠാനത്താൽ മെലിഞ്ഞു തളർന്നിരുന്ന പ്രിയതമയോടു, കൃപാവിവശനായ ച്യവനൻ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു:—'മാനിനി, മാനം നൽകുന്ന നിന്റെ മഹത്തായ ശുശ്രൂഷയാലും, ഉറച്ച ഭക്തിയാലും ഞാൻ സന്തുഷ്ടനായിരിക്കുന്നു. ഈ ദേഹം എന്നതു ദേഹികൾക്കു ലോകം പ്രിയപ്പെട്ട ഒന്നാണ്; അതിനെ തെല്ലും നോക്കാതെ നീ എനിക്കുവേണ്ടി ചടപ്പിച്ചുവല്ലോ! സ്വധർമ്മനിരതനായ എനിക്കു തപസ്സുമാധിയോഗവിദ്യകളാൽ കൈവന്ന ഭയശോകരഹിതങ്ങളായ ഭോഗൽപ്രസാദങ്ങൾകൂടി, എന്നെ ശുശ്രൂഷിച്ചതിന്നായി നിനക്കു തന്നേയ്ക്കാം; പിന്നെയാണോ ത്രിവിക്രമഭഗവാന്റെ പുരികക്കൊടിയിൽ നിന്നനുഭവിച്ച നശ്വരപദാർത്ഥങ്ങൾ? സിദ്ധയായ നീ സ്വധർമ്മത്താൽ ആർജ്ജിച്ചുവയും, രാജവിക്രമങ്ങളാൽപോലും മനുഷ്യർക്കു കിട്ടാത്തവയുമായ വിഭവങ്ങൾ അനുഭവിച്ചുകൊള്ളുക!' ഭർത്താവു് ഇപ്രകാരം പറകയാലും, അദ്ദേഹത്തിനു് എല്ലാ യോഗമായാവിദ്യകളിലുമുള്ള വൈദഗ്ദ്ധ്യം കാണുകയാലും സുകന്യയുടെ മനസ്സുതണുത്തു; അവൾ തെല്ലൊന്നു ലജ്ജിച്ചു പുഞ്ചിരിതൂകിക്കൊണ്ടു, പ്രണയവും വിനയവും നിറഞ്ഞ സ്വരത്തിൽ, അദ്ദേഹത്തോടരചെയ്തു:—"പ്രാണനാഥ, ദ്വിജപുംഗവ, അമോഘയായ യോഗമായയെ കീഴടക്കിയ നിന്തിരുവടിക്കു് ഇതെല്ലാം സാധിക്കുമെന്നു് എനിക്കറിയാം. അങ്ങയുടെ അംഗസംഗത്താൽ എനിക്കു സൽപുത്രൻ ഉണ്ടാകുമാറാകണം: ഇതാണല്ലൊ, സാധ്വികൾക്കു് എല്ലാറ്റിലും മികച്ചതു്. അതിനു വേണ്ടുന്നതൊക്കെ ഉപദേശിച്ചാലും മന്മഥപീഡിതയായ എന്റെ ആത്മാവു രതിവാഞ്ഛയാൽ അത്യന്തം ക്ഷീണിച്ചു വശംകെട്ടിരിക്കുന്നു; നാഥ, അതു നിറവേറുന്നതിനു തക്കതായ ഒരു ഭവനം നിർമ്മിച്ചാലും."

(ദ്രുതശ്രേരിതി)

ഓമലാൾതൻപ്രിയം സാധിപ്പാൻ ഭാർഗ്ഗവ-
മാമുനിയോഗാസനത്തിൽ വാണാൻ;

Digitized By Kerala Sahitya Akademi

കാണ്മാറായിതങ്ങട്ടുപ്പോഴേ തുമണി-
ത്തൂണുമുഴുന്നൊരു വൻവിമാനം
സർവകാമാവഹം സർവരത്നാചിതം
സർവഭാസ്സൗഖ്യദം ദിവ്യരൂപം.
സർവസമൃദ്ധിയും ദിവ്യസാമഗ്രിയും
സർവത്രശോഭിക്കുന്നുണ്ടതിങ്കൽ:
പാറിക്കളിക്കുന്ന പാടേപലനിറം
ചേരുന്നപട്ടു കൊടിക്കൂറകളും;
നന്നായ്ലസിപ്പു പൊൻതാഴികക്കുംഭങ്ങ-
ളിന്ദുനീലാത്മകശൃംഗങ്ങളിൽ
കൺകക്കും പന്മരാഗങ്ങളും പതിച്ചുള്ള
തങ്കച്ചുമരുമകളും നാലുപാട്ടും;
മഹാരങ്ങൾതോറുമേ ചേറുപടികളോ
ചാരുപവിഴത്താൽ തീർത്തവയാം;
ഹീരം കവാടങ്ങളും; ഗാരുത്മതം നിലം;
വാരുറ്റ തിണ്ണകളും വിദ്രുമത്താൽ
തുമുത്തുമാലകളും ഞാന്നമേലാപ്പുകളും;
ക്ഷൗമകൌശേയാദിവസ്ത്രവൃന്ദം;
ഭൃംഗങ്ങളും ഭംഗ്യാ മുരണ്ട പൂമാലകളും;
അങ്ങിങ്ങു നാനാപണിത്തരങ്ങളും.
ഒന്നിന്നുമേലൊന്നായുള്ള നിലകളി-
ലൊക്കയും വെവ്വേറെ വേണ്ടുവോളം
കട്ടിൽകിടക്കകളും താലവൃന്താദികളും
ഒട്ടേറെയുള്ളതമെന്നോ വേണ്ടൂ!
കൃത്രിമബുദ്ധിയാൽ കേറിയിറങ്ങുന്ന
ഹംസകപോതങ്ങൾക്കുകും നാമം;
സൌകര്യമാംവണ്ണം നിർമ്മിച്ച വിശ്രമ-
കേളീസ്ഥലങ്ങളും, കിടപ്പറകളും
മുറ്റവും, നടുമുറ്റമെന്നിവയൊത്തഴ-
കാറവിമാനമതീക്ഷിച്ചിട്ടും
പ്രീതിതികച്ചുമുൾച്ചേരാതെ പതിയോ-
ടോതിനാൻ യോഗി സർവാംഗിതജ്ഞൻ:—
'ഓമനേ, വേഗമിപ്പൊയ്കയിൽ നീരാടി
ശ്രീമദവിമാനമിതേറിക്കൊൾകം.'
വാർകുന്തലൊന്നായ് മെടഞ്ഞിട്ടു, മെയ്യിലും
പോർകൊങ്കമേലുമഴക്കിണങ്ങി.

Digitized By Kerala Sahitya Akademi

ധൂസരവസ്ത്രമുടുത്തുനിന്നീടിന
ഭാസുരഗാത്രിയീഖ്യം ഭർത്തൃവാക്കാൽ
മുഞ്ഞൊളിനീരെഴുമാ വാപിതന്നിൽപ്പോയ്
മുങ്ങിയനേരത്തതിന്നാടിയിൽ
കാണായിതായിരം കന്യമാർ യൌവനം
പൂണ്വോരുല്പലഗന്ധിനിമാർ
കണ്ടമാത്രയ്യവർ വെമ്പിയെഴുന്നോറു
രണ്ടുകരങ്ങളും കൂപ്പിച്ചൊന്നാർ:—
'ഞങ്ങടം ഭേതിക്ക കിങ്കരിമാർകളാ-
ണിങ്ങു വേണ്ടുന്നതു കല്പിച്ചാലും.'
മാൺപെഴുംവണ്ണം കളിപ്പിച്ച ദേവിയെ-
പ്പൂമുഖപട്ടുടുപ്പിച്ചാസ്ത്രീകടം
മിന്നുന്ന മെയ്ക്കൊപ്പുചാർത്തിച്ചമൃതിനൊ-
ത്തന്നപാനങ്ങളുമേകിഖ്യ ഭക്ത്യാ
കല്യാണരായിയാം കമ്മം കഴിച്ചഥ
കണ്ണാടി നോക്കിച്ചാർ കാമിനിയെ
തത്തുനിഴലിച്ചുകാണായ് വിശ്രുതമാം
വസ്ത്രവും, പൂമലർമാലകളും,
കണ്ണേ പതക്കവും, മേത്തരം ഹാരവും,
രണ്ടുകൈത്തണ്ടിലും കങ്കണവും,
മെല്ലെക്കിലുങ്ങും ചിലങ്കയും, ശ്രോണിമേൽ-
ക്കല്പപതിച്ചുള്ള പൊൻകാഞ്ചിയും,
വെണ്മമിനുപ്പിവചേന്ന കടക്കണ്ണും,
നിർമ്മലദന്തങ്ങടം. നൽച്ചിരിയും,
വണ്ടിണ്ടമണ്ടിയടുക്കുമളകങ്ങടം-
കൊണ്ടുവിളങ്ങുന്ന തന്മുഖവും.
പിന്നീട്ടുകാന്തനാം താപസമുഖ്യന്റെ
സന്നിധൌ ചെന്നിതാസ്സുന്നതാംഗി
കന്യാസഹസ്രത്താലാവൃതയാമവം
ധന്യനായ് ചേരുവാൻ ശങ്ക പൂണ്ടാൾ;
സ്നാനവിശ്രുതയായ് പ്പട്ടുടുത്തുന്നത-
പീനസ്തനങ്ങടം മറച്ചു ഭംഗ്യാ,
വിദ്യാധരസ്ത്രീകളായിരം ചുഴറവു
പുത്തൻവടിവാന്ന വല്ലഭയെ
ആ മഹത്തായ വിമാനത്തിലേറിനാൻ
പ്രേമതരളനായ് മാമുനീന്ദ്രൻ.

Digitized By Kerala Sahitya Akademi

തീരാത്ത മാഹാത്മ്യം തേട്ടമാസ്സുന്ദര-
നാരോമലാളോട് ചേന്നിണങ്ങി
വിദ്യാധരാംഗനമാരവർ പൂഴറാ
വുള്ളവിമാനത്തിൽസ്സംശോഭിപ്പൂ:
കൈരവപ്പൊയ്കയുല്ലാസം ചേർത്തംബരേ
താരാവൃതനായ തിങ്കൾ പോലേ.

അഷ്ടദിക് പാലകക്രീഡാദ്രിത്താഴ് വര-
ത്തട്ടിൽ വസന്തക്കാറേറാറുകൊണ്ടും,
വിണ്ണാറുകുത്തിയൊലിയ്ക്കുന്ന ശബ്ദങ്ങടം
കണ്ണടയത്താൽ നകന്നുകൊണ്ടും,
സിദ്ധർ പുകഴ്ത്തുമാറേറെനാടം ക്രീഡിച്ചാൻ
വിത്തേശൻ പോലവൻ സ്ത്രീസഹായൻ;
വൃന്ദാരകരുടെയുദ്യാനമാകുന്ന
നന്ദനം, വൈഭ്രാജം, പുഷ്പഭദ്രം,
മാനസം, ചൈത്രരഥത്തോപ്പിവയിലും
മാനിനിയൊത്തവൻ കേളിയാടി.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ച്യവനതപോഭോഗവർണ്ണനം പതിനഞ്ചാമദ്ധ്യായം.

(൦)

പതിനാറാമദ്ധ്യായം

സുമതി:—ഇപ്രകാരം സുകന്യയോടുകൂടി ലോകത്തിലെങ്ങും രമിയ്ക്കുന്ന അദ്ദേഹത്തിന്ന് ഒരുനൂറു സംവത്സരം അറിയാതെ കഴിഞ്ഞുപോയി. പിന്നീട്ട, തന്റെ കാലപരിവർത്തനവും തന്റെ പ്രിയതമപൂർണ്ണമനോരഥയായിച്ചമഞ്ഞതും കണ്ടിട്ട് ആ ബ്രാഹ്മണൻ നിവൈരജന്തുക്കളാലും മാനുകളാലും തപസ്വികളാലും നിറയപ്പെട്ട പയോഷ്ണീതീരത്തിൽ പരിലസിയ്ക്കുന്ന സ്വപുണ്യാശ്രമത്തിലേയ്ക്കു മടങ്ങിപ്പോന്ന്, ഇവിടെ വേദജ്ഞരായ ശിഷ്യരാൽ പരിചരിക്കപ്പെട്ടുകൊണ്ടു പരമതപസ്സിലിരിക്കുകയായി.

അങ്ങിനെയിരിക്കെ, ഒരുദിവസം, യജ്ഞൊദ്യതനായ ശര്യാതി ച്യവനനെ കൂട്ടിക്കൊണ്ടുചെല്ലുവാൻ ആൾക്കാരെ പറഞ്ഞയച്ചു. അവർ ക്ഷണിച്ചതനുസരിച്ച്, ആ തപോനിധിയായ ബ്രാഹ്മണശ്രേഷ്ഠൻ സപരിചാരങ്ങളിൽ ശ്രദ്ധയേറിയ ധർമ്മപത്നിയായ സുകന്യയോടും

Digitized By Kerala Sahitya Akademi

ക്രൂടി പുറപ്പെട്ടു, രാജാവിന്റെ അരികിലെത്തിച്ചേർന്നു. പേർ പുകഴ്ന്ന പാർത്ഥിവൻ, തന്റെ കാൽക്കൽ അഭിവാദ്യം ചെയ്ത മകളുടെ അടുക്കൽ ഒരു സൂര്യതേജസ്സിയായ പുരുഷനെ കണ്ടതിനാൽ കുറെ നീരസം പൂണ്ട് ആശീർവാദമൊന്നും ചെയ്യാതെ, അവളോട് ചോദിച്ചു:—'എന്തിനാണ്, നിന്റെ ഈ പുറപ്പാട്? ലോകനമസ്കൃതനായ മഹർഷിയല്ലാണല്ലോ നിന്നെ ഞാൻ നൽകിയത്; നീ ആ വാർദ്ധകഗ്രസ്തനായിരുന്ന ഭർത്താവിനെ വെറുപ്പുമൂലം ഉപേക്ഷിച്ച് ഈ വഴിപോക്കനായ ജാരനെ സ്വീകരിച്ചിരിക്കുന്നു! സജ്ജനോചിതമല്ലാത്ത ഈ ബുദ്ധി ഒരു സൽകുലത്തിൽ ജനിച്ചവളായ നിനക്കു തോന്നിയതെങ്ങിനെ? ഇതു കുലത്തെ കെടുക്കുന്ന ഒന്നാണല്ലോ. നീ ലജ്ജാകൂടാതെ ജാരനോട് ചേർന്ന്, അച്ഛനേറെയും ഭർത്താവിനേറെയും കുലത്തെ അധഃപതിപ്പിക്കുകയാണല്ലോ ചെയ്യുന്നത്!' ഈവിധം ഭർത്സിക്കുന്ന പിതാവിനോട് ആ ചാരുഹാസിനി പുഞ്ചിരിക്കൊണ്ട് പറഞ്ഞു:—'അച്ഛ, അച്ഛന്റെ ജാമാതാവായ ഭൃഗുനന്ദൻ തന്നെയാണദ്ദേഹം.' ച്യവനന്റെ യൌവനവും സൌന്ദര്യവും ലഭിച്ച വർത്തമാനമൊക്കെ പറഞ്ഞുകേട്ടപ്പോൾ, അച്ഛൻ അത്യന്തം ആശ്ചര്യവും സന്തോഷവും പൂണ്ട് പുത്രിയെ കെട്ടിപ്പുണർന്നു.

ശര്യാതനെ ച്യവനൻ സോമംകൊണ്ട് യജ്ഞിപ്പിച്ചു; എന്നിട്ട് സോമപാത്രം എടുത്തു, സോമപായികളല്ലാതിരുന്ന അശ്വിനീദേവകൾക്കും, തന്റെ തപസ്സ്തേജോബലത്താൽ, അതു നൽകുവാൻ കൊടുത്തു. പന്തിയിലിരുത്തിക്കൂടാത്ത അവരിരുവരേയും ബ്രാഹ്മണോത്തമൻ പന്തിയിൽ ചേർക്കുകയാൽ, അദ്ദേഹത്തെ ഹനിപ്പാൻ വാസവൻ വജ്രമെടുത്തു. എന്നാൽ, ധീമാനായ മഹർഷി ഒരു ഹുംകാരമിട്ടതോടുകൂടി, ദേവേന്ദ്രന്റെ കൈ സ്തംഭിച്ചുപോയി. കയ്യനങ്ങാതെ കോപത്താൽ ചീറിക്കൊണ്ടുനിൽക്കുന്ന മഹേന്ദ്രൻ, മന്ത്രംകൊണ്ട് ബന്ധിക്കപ്പെട്ട സുപ്പനെപോലെ കാണപ്പെട്ടു. ഒടുവിൽ അദ്ദേഹം, അശ്വനീദേവകൾക്കും നിർബ്ബന്ധമായി യാഗഭാഗം നൽകുന്ന തപോനിധിയോട് സ്തുതിച്ചുപേക്ഷിച്ചു:—'സ്വാമിൻ, അശ്വിനികൾക്കും പങ്കു നൽകാം; ഞാൻ തടുക്കുന്നില്ല. എന്റെ അപരാധത്തിന്നു മാപ്പു തരുമാറാകണം.' ഇതുകേട്ടപ്പോൾ, കരുണാനിധിയായ മഹർഷിയുടെ ക്രോധം നീങ്ങി; അതോടുകൂടി, ശക്രന്റെ തേജസ്തംഭവും വിട്ടൊഴിഞ്ഞു. ഇതുകണ്ടിട്ട് ആളുകളെല്ലാം കൌതുകം പൂണ്ടു, ദേവാധികൾക്കും കിട്ടാത്ത ബ്രാഹ്മണബലത്തെ പ്രശംസിച്ചു. പിന്നെ പരന്തപനായ മഹാരാജാവു ബ്രാഹ്മണർക്കു വളരെ ധനം കൊടുത്തു യാഗം അവസാനിപ്പിച്ചു, അവഭൃതസ്നാനവും കഴിച്ചു.

Digitized By Kerala Sahitya Akademi

ഭവാൻ ആവശ്യപ്പെട്ടതിനാൽ, ച്യവനന്റെ തപോയോഗമാഹാത്മ്യം മുഴുവനും ഞാനിതാ പറഞ്ഞു. ഇവിടുന്ന് ഈ തപോമൂർത്തിയെ ചെന്നു വന്ദിച്ചു ജയാശിസ്സുകൾ വാങ്ങി, ഇദ്ദേഹത്തേയും പത്നിയേയും മനോഭിരാമമായ രാമയജ്ഞത്തിന്നയച്ചാലും.'

ഇങ്ങിനെ സംസാരിക്കുന്നതിനിടക്കു, കുതിരക്കുളമ്പുകളാൽ ഭൂമിയെ പിളർത്തിക്കൊണ്ടു വായുവേഗത്തോടേ ആശ്രമത്തിലേയ്ക്കു കടന്ന്, അവിടെ ഇളം ഭർപ്പുല്ലുതിന്നു മേയുകയായി. മുനിമാർ അപ്പോൾ, ഭർപ്പും കയ്യിലെടുത്തു കളിപ്പാൻ നദിയിലേയ്ക്കു പോയിരിക്കയായിരുന്നു. ശത്രുസേനയെ തപിപ്പിക്കുന്ന മഹാശൂരനായ ശത്രുഘ്നനും ച്യവനമഹർഷിയുടെ വാസസ്ഥലത്തിലേയ്ക്കു ചെന്നു. അപ്പോൾ, ആ മുനീന്ദ്രൻ ആശ്രമത്തിനുള്ളിൽ സുകന്യയുടെ അരികത്തായി, ശരീരമെടുത്ത തപസ്സോ എന്നു തോന്നുംവണ്ണം സ്ഥിതിചെയ്യുന്നതു കാണുമാറായി. ഉടനേ ശത്രുഘ്നൻ, തന്റെ പേർ പറഞ്ഞുംകൊണ്ടു് അദ്ദേഹത്തിന്റെ കാല്യൽ നമസ്കരിച്ചു:—'ഞാൻ, ശത്രുഘ്നൻ—യാഗാശ്വത്തെ രക്ഷിക്കുന്ന രഘുനാഥസോദരൻ—മാപാപം നീങ്ങുന്നതിന്നായി ഭവാന്മാരെ നമസ്കരിക്കുന്നു.

ഇതുകേട്ടിട്ടു മുനിസത്തമൻ ഉരിയാടി:—'നരേന്ദ്രപുംഗവനായ ശത്രുഘ്നൻ, ഭവാനു മംഗളം ഭവിക്കട്ടെ! യാഗാശ്വത്തെ രക്ഷിക്കുന്ന ഭവാനു വന്ദിച്ച കീർത്തി ലഭിക്കും. ബ്രാഹ്മണരേ, നോക്കുവിൻ അത്ഭുതം: ശ്രീരാമനും യാഗം ചെയ്യുകയാണ്! അവിടുത്തെ തിരുനാമം സ്മരിക്കുകയും മറ്റും ചെയ്താൽത്തന്നെ പാപം നീങ്ങും. പരസ്ത്രീഗമനാദിമഹാപാപങ്ങളും ചെയ്തവർപോലും തന്നാമസ്മരണത്താൽ സന്തുഷ്ടിയോടെ പരമഗതിയടയുന്നു. തന്തിരുവടിയുടെ പദാരവിന്ദത്തിലെ പൊടിയേറ നിമിഷത്തിൽ, കല്ലായിനിന്നിരുന്ന ഗൌതമപത്നി മോഹനാകാരിയായിത്തീർന്നില്ലയോ? അവിടുത്തെ സച്ചിദ്രൂപം അതിപ്രേമത്തോടേ ധ്യാനിച്ചിരുന്ന ശബരി സ്വർഗ്ഗാപരാശിയേയും ഭസ്മീകരിച്ചു സായുജ്യം നേടിയില്ലയോ! മാനവന്മാർ അവിടുത്തെ മനോഹര സച്ചിദ്രൂപം പോക്കുളത്തിൽവെച്ചു കണ്ടിട്ടു, നിർവികാരമായ തത്സായുജ്യം പ്രാപിച്ചിരിക്കുന്നു! യോഗികൾ യോഗം പൂണ്ടു സമാധിയുറപ്പിച്ചു്, അവിടുത്തെ സച്ചിദ്രൂപം ധ്യാനിച്ചിട്ടത്രേ, സംസാരഭയം വിട്ടു സൽപദം പൂകുന്നതു്! ഞാൻ ഭാഗ്യവാനായി: താമരപ്പൂവിതളിന്നൊത്ത കണ്ണുകളും, വളഞ്ഞ പുരികങ്ങളും അഴകൊത്ത നാസികയും ചേർന്തായ ശ്രീരാമന്റെ തിരുമുഖം ഇന്നെനിക്കു കാണായ്തുമല്ലോ! രഘുനാഥന്റെ തിരുനാമത്തെ കീർത്തിക്കുന്നതു യാതൊന്നോ, അതാണ് നാവ്; മറിച്ചുള്ളതു് പാമ്പിൻനാവിനൊപ്പം! ഇന്ന് എനിക്കു തപഃപുണ്യം കൈവന്നു;

Digitized By Kerala Sahitya Akademi

ഇന്ന മനോരഥം നിറവേറി: ബ്രഹ്മാദികൾക്കും കണ്ടുകിട്ടാത്ത രാമചന്ദ്രമുഖം എനിക്ക കാണായ്തുമല്ലോ! തന്തിരുവടിയുടെ പാദപാംസുവാൽ എന്റെ ശരീരത്തെയും നാനാകഥകളാൽ എന്റെ നാവിനേയും ഞാനിന്ന ശുദ്ധിപ്പെടുത്തും!!' എന്നും മറവുമായി, അദ്ദേഹത്തിന്ന രാമചരണസ്മരണത്താൽ വളർന്നവന്ന പ്രേമത്തിൽനിന്ന് ഒരു സഗൽഗദമായ വാക്പ്രവാഹം പുറപ്പെട്ട. 'ശ്രീരാമചന്ദ്ര, രഘുപുംഗവ, ധർമ്മസ്വരൂപിൻ, കേതവത്സല, എന്നെ സംസാരത്തിൽ നിന്ന കരയേറണമേ!' എന്നിങ്ങിനെ മഹർഷിമാരുടെ മുമ്പിൽ കണ്ണനീർ നിറഞ്ഞുച്ചരിച്ചുംകൊണ്ട് അദ്ദേഹം മറെറാന്നും അറിയാതെ ധ്യാനത്തിലിരിപ്പായി.

ശത്രുഘ്നൻ ആ മുനിയോടപേക്ഷിച്ചു:—'സ്വാമിൻ, ഞങ്ങളുടെ മഹായാഗത്തെ നിന്തിരുവടിയുടെ പാദപാംസുകൊണ്ട പരിശുദ്ധമാക്കിയാലും. രഘുനാഥൻ വലിയഭാഗ്യവാൻതന്നെ: മഹാഭജൻ, സർവ്വലോകൈകപൂജിതനായ ഭവാന്റെ മനസ്സിൽ സ്ഥിതിചെയ്യുന്നണ്ടല്ലോ!' ഉടനെ ച്യവനൻ പരിവാരങ്ങളോട്ടും അഗ്നികളോടുംക്രുദ്ധി, ആത്മാനന്ദത്തിൽ മുഴുകിക്കൊണ്ട് രാങ്കോട്ട നടകൊണ്ട. ആ ശ്രീരാമഭക്തൻ കാൽനടയായി പോകുന്നതു കണ്ടിട്ട ഹനുമാൻ ശത്രുഘ്നനോട സവിനയം ഉണത്തിച്ചു:—'തിരുമേനി ആജ്ഞ തരുമെങ്കിൽ, മഹാസുന്ദരനും ശ്രീരാമഭക്തനുമായ ഈ മുനീന്ദ്രനെ ഞാൻ അയോധ്യയിൽ കൊണ്ടാക്കിക്കൊള്ളാമായിരുന്ന!' 'ചെല്ല, മഹർഷിയെ കൊണ്ടാക്കു' എന്ന ശത്രുഘ്നൻ അനുവദിച്ചു. ഉടനേ ഹനുമാൻ ആ സകുടുംബനായ മഹർഷിയെ തന്റെ പുറത്തേറി, ആകാശത്തിലൂടേ വായുവേഗത്തിൽ കൊണ്ടുപോന്ന.

മഹർഷി വന്നുചേർന്നതുകണ്ടിട്ട, ധീമൽപ്രവരനായ രാമഭദ്രൻ ഭക്തിയും സന്തോഷവും പൂണ്ട് അർഘ്യപാദ്യാദികളർപ്പിച്ചു, 'മുനിവര്യനായ ഭവാനെ കണ്ടതിനാൽ ഞാൻ ഇന്ന ധന്യനായി! എല്ലാസംഭാരങ്ങളും ചേർന്തായ എന്റെ യാഗം പരിശുദ്ധമായി!' എന്നിങ്ങിനെ അഭിനന്ദിച്ചു. അപ്പോഴം, പ്രേമത്താൽ കോരിമയിർക്കൊണ്ട പരമാനന്ദിതനായ ച്യവനമുനീന്ദ്രൻ ഉരചെയ്തു:—'സ്വാമിൻ, മഹാരാജാവെ, ധർമ്മമാർഗ്ഗത്തെ നിലനിത്തുന്ന ബ്രാഹ്മണ്യദേവനായ ഭവാനെ ബ്രാഹ്മണപൂജനം ചെയ്തതുതന്നെ!'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രേയോത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, ച്യവനശത്രുഘ്നസമാഗമം പതിനാറാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

പതിനേഴാം അദ്ധ്യായം

ശേഷൻ:—ച്യവനന്റെ അചിന്ത്യമായ തപോബലം കണ്ട ശത്രുഘ്നൻ സർവ്വലോകങ്ങൾക്കും വന്ദനീയമായ ബ്രാഹ്മതപസ്സിനെ പ്രശംസിച്ചു:—'ഹാ, ബ്രാഹ്മണോത്തമന്റെ യോഗസിദ്ധി നോക്കുവിൻ: അവിടുന്ന് ഒരൊറ നിമിഷംകൊണ്ടു, ദുഷ്പ്രാപമായ ശോഭനവിമാനം നിർമ്മിച്ചുവല്ലോ! നിർമ്മലാന്തഃകരണനായ മഹർഷിമാരുടെ മികച്ച ഭോഗസിദ്ധിയെവിടെ? തപോബലമില്ലാത്ത മനുഷ്യവർഗ്ഗത്തിന്റെ ഭോഗേച്ഛയെവിടെ?' ഇങ്ങിനെ സപദം ശ്ലാഘിച്ചുകൊണ്ടു ശത്രുഘ്നൻ ച്യവനാശ്രമത്തിൽ കുറച്ചുനേരം സുഖമായി വിശ്രമിച്ചു. അശ്വം ആ പുണ്യജലയായ പയോഷ്ണീനദിയിൽനിന്നു വെള്ളം കുടിച്ചു, വായുവേഗത്തിൽ നടകൊണ്ടു. അതുകണ്ടു പടയാളികളും ആനതേർ കുതിര കാലാളുകളോടുകൂടി, പിന്നാലെ പുറപ്പെട്ടു. ശത്രുഘ്നനും സുമതി എന്ന മന്ത്രിവയ്യനോടൊന്നിച്ചു, നല്ല കുതിരകളെ പൂട്ടിയ തേരിലേറി പിന്തുടർന്നു.

കുതിര ക്രമേണ, ദുഷ്ടപുഷ്ടജനാകീർണ്ണമായ രത്നാതടമെന്ന പട്ടണത്തിൽ ചെന്നെത്തി. അവിടുത്തെ രാജാവായ വിമലനോടു, രഘുനാഥന്റെ യാഗാശ്വം എല്ലാപ്പടയാളികളോടുംകൂടി നഗരസമീപത്തെത്തിയിരിക്കുന്നതായി ഒരു ഭൃത്യൻ ചെന്നറിയിച്ചു. തൽക്ഷണം, ആ മഹാരാജാവ് എഴുപതു വെള്ളാനകളോടും പതിനായിരം കുതിരകളോടും ആയിരം പൊന്നണിത്തേരുകളോടും കൂടി ശത്രുഘ്നനെ എതിരേറ്റു വണങ്ങി, തന്റെ ഭണ്ഡാരവും രാജ്യവുമൊക്കെ അദ്ദേഹത്തിന്നു സമർപ്പിച്ചു, മുമ്പിൽനിന്നു 'ഞാൻ കിങ്കരനാണെ'ന്നറിയിച്ചു. മഹാനായ ശത്രുഘ്നൻ കാൽക്കൽ വണങ്ങിയ വിമലനെ ഇരുകൈകൊണ്ടും മുറുകെപ്പുണർന്നു. വിമലൻ, തന്റെ രാജ്യമെല്ലാം മകനെ ഏല്പിച്ചു, വളരെ വില്ലാളികളോടുംകൂടി ശത്രുഘ്നനോടൊന്നിച്ചു നടകൊണ്ടു. കണ്ണുമധുരമായ രാമചന്ദ്രനെന്ന നാമം കേൾക്കുന്നതോടുകൂടി സകലരും കുതിരയെ കുമ്പിട്ടു വളരെ ദ്രവ്യം സമർപ്പിച്ചുപോന്നു. ഇങ്ങിനെ യാത്ര ചെയ്യുമ്പോൾ, വഴിക്കു ഒരു വലിയ പർവ്വതം കാണുമാറായി.

(ശ്ലോകങ്ങൾ)

പളുങ്കുപൊൻ വെള്ളിയുമായ താഴ്വര-
പ്പുരപ്പൊട്ടുച്ചാവചധാതുകീർണ്ണമായ്

Digitized By Kerala Sahitya Akademi

ഇരമ്പിട്ടും ചോലകളൊത്തു ലാലസി-
ച്ചിതാനഗം കീരമരാളനാദിതം.
ഗന്ധവ്രോടപ് സരസാംഗണങ്ങളും,
നാഗങ്ങളും, നല്ലാർകളും ചുഴന്ന സിദ്ധരും
ഗംഗാതരംഗങ്ങളിർതെന്നലേറുകൊ-
ണ്ടങ്ങാരമിപ്പു മണിവീണ മീട്ടിയും.

ആ പർവതം കണ്ടത്ഭുതപ്പെട്ടിട്ട ശത്രുഘ്നൻ സുമതിയോടുചോദിച്ചു:—'മന്ത്രിപുംഗവ, നമ്മുടെ മുമ്പിൽ വിളങ്ങുന്നേ ഈ കനകസാനവായ പർവതം ഏതാണ്? എനിക്ക് ആശ്ചര്യം തോന്നുന്നു. ഇതു ദേവകളുടെ വാസസ്ഥാനമോ വിഹാരസ്ഥലമോ ആയിരിക്കുമോ? ഇതിന്റെ സമ്പൽസമൃദ്ധി എനിക്കു കൌതുകം വളർത്തുന്നു!' ഇതുകേട്ടിട്ട, വർണ്ണനീയഗുണങ്ങളംകിരിപ്പിടമായ രാമചന്ദ്രന്റെ പാദാരവിന്ദം സ്മരിച്ചുംകൊണ്ടു സുമതി പറഞ്ഞു:—'നീലപർവതമാണ് ഇക്കാണുന്നതു്. മനോഹരങ്ങളായ സ്ഫടികാദ്രി മഹാശൃംഗങ്ങളം. ചുഴന്നതായ ഇതിനെ പാപികൾ കണ്ടെത്തുകയില്ല: പരസ്ത്രീലമ്പടൻ; വിഷ്ണുവിന്റെ ഗുണഗണങ്ങളെ സ്മരിക്കാത്തവൻ; വല്ല യുക്തിവാദവും ശീലിച്ചു, സജ്ജനാചരിതമായ ത്രൈതസ്മാർത്തധർമ്മത്തെ വകവെയ്ക്കാതിരിക്കുന്നവൻ; നീലി (ഒരു ജലജന്തു) ആർക്ക്, ഗോരസം എന്നിവ വില്ക്കുന്ന ബ്രാഹ്മണൻ; കള്ളുകുടിയൻ; ശൂപവതിയായ കന്യകയെ കുലീനന്നു കൊടുക്കാതെ, ധനം മോഹിച്ചു വില്ക്കുന്ന അച്ഛൻ; കുലീനയും സുശീലയുമായ പതിവ്രതയെ കെട്ടുന്നവൻ; നല്ലവസ്തുവിനെ ബന്ധുക്കൾക്കു നൽകാതെ താൻ മാത്രമായി ഭക്ഷിക്കുന്നവൻ; ബ്രാഹ്മണന്നുവേണ്ടി പാകംചെയ്യുന്നതിൽ കളവായി വ്യത്യാസം വരുത്തുന്നവൻ; എരിംപ്പോരും പായസവും തനിക്കായി പചിക്കുന്നവൻ; വിശന്നുപൊരിഞ്ഞു് അന്തിക്കു വന്നുചേർന്ന അതിഥികളെ സൽക്കരിക്കാത്തവൻ; മറവില്ലാത്തേടത്തിരുന്നുണ്ണുന്നവൻ; വിശ്വാസഘാതകൻ; രാജനാഥനിൽ ഭക്തിയില്ലാത്തവൻ എന്നീ നരാധമരാരും ഈ പുണ്യ മഹാഗിരിയെ കണ്ടെത്തുകയില്ല. പുരുഷോത്തമാധിഷ്ഠിതമായ ഈ മനോഹരശൈലത്തെ കണ്ടതിനാൽ നാമെല്ലാവരും പരിശുദ്ധരായി!

ദേവന്മാരുടെ കിരീടങ്ങളാൽ നീരാജിത ചരണനായി, പുണ്യവാന്മാർ മാത്രം കണ്ടെത്തുന്നവനായി, പുണ്യാത്മാവായിരിക്കുന്ന പുരുഷോത്തമൻ ഇതിങ്കൽ വാണരുളുന്നുണ്ട്—നേതിനേതി എന്നര ചെയ്യുന്ന വേദങ്ങൾപോലും ആരെ അറിയുന്നില്ലയോ; ആരുടെ സുദർല്ലഭമായ പാദരജസ്സിനെ ഇന്ദ്രാദിദേവകളും തേടുന്നുവോ; ആരെ അദ്രി

Digitized By Kerala Sahitya Akademi

ജന്തുക്കൾ വേദാന്താദി മഹാവാക്യങ്ങളാൽ കൊണ്ടറിയുന്നവനും; ആ ലക്ഷ്മീവല്ലഭനായ പുരുഷോത്തമൻ ഈ മാമല മേൽ സ്ഥിതിചെയ്യുന്നുണ്ട്. ഇതിന്മേൽ കേറി, തന്തിരുവടിയെ വന്ദിച്ചു പൂജിച്ചു നൈവേദ്യം ഭക്ഷിച്ചാൽ, ആ സുകൃതി ചതുർഭുജനായിച്ചമയും. ഇതിലേക്ക്, ഒരു പഴയ ഇതിഹാസം പറഞ്ഞുവരുന്നുണ്ട്; മഹാരാജാവേ, രത്നഗ്രീവരാജാവിന്നും കുടുംബത്തിന്നും ദേവാസുരദുർല്ലഭമായ ചതുർഭുജത്വവും മറ്റും ലഭിച്ചതായ ആ അത്യദ്ഭുതകഥ കേട്ടുകൊണ്ടാലും:

കാഞ്ചി എന്ന ലോകപ്രസിദ്ധമായി, വളരെ ആളുകളും സൈന്യവാഹനങ്ങളും നിറഞ്ഞ ഒരു നഗരമുണ്ട്. അവിടെ വസിക്കുന്ന ബ്രാഹ്മണർ സവ്രതഹിതൈഷികളും ഷട്കർമ്മസക്തരും .ശ്രീരാമഭക്തരുമത്രേ; ക്ഷത്രിയർ യുദ്ധത്തിൽ പിൻതിരിയാത്ത യോദ്ധാക്കന്മാരും പരസ്ത്രീ പരവിത്ത പരദ്രോഹങ്ങളിൽ പരാങ്മുഖരുമാകുന്നു; വൈശ്യർ പണം പലിശയ്ക്കിടുക, കച്ചവടം, കൃഷി എന്നിവ നടത്തിക്കൊണ്ടു രഘുനാഥപ്രസാദഭോജം ഭജിച്ചുപോരുന്നു; ശൂദ്രർ ബ്രാഹ്മണരെ ശുശ്രൂഷിച്ചും, രാമ, രാമ എന്നിങ്ങിനെ ജപിച്ചും കാലക്ഷേപം ചെയ്യുന്നു. അവിടെ നീചന്മാർപോലും, മനസ്സുകൊണ്ടുകൂടി പാപം ചെയ്യാറില്ല. ദാനം, ദയ, ദമം, സത്യം എന്നിവയുടെ നിത്യവാസസ്ഥാനമാണവിടം. ആരും അന്യനെ 'കൃത്തി' സംസാരിക്കാറില്ല; പരധനം കൊതിക്കാറില്ല; അരുതാത്തതു ചെയ്യാറില്ല. ഇങ്ങിനെ പ്രജകളെ ധർമ്മത്തോടെ ഭരിച്ചുപോന്ന രത്നഗ്രീവമഹാരാജാവു ലോഭമില്ലായ്കയാൽ, ഷഷ്ഠാംശം മാത്രമേ നികുതിവാങ്ങിയിരുന്നുള്ളൂ!

എല്ലാ സുഖങ്ങളും അനുഭവിച്ചുകൊണ്ടു വളരെ സംവത്സരങ്ങൾ കഴിഞ്ഞതിൽപ്പിന്നെ ഒരുനാൾ, അദ്ദേഹം വിശാലാക്ഷി എന്ന പതിവ്രതയായ തന്റെ ധർമ്മപത്നിയോടു പറഞ്ഞു:—'വിശാലാക്ഷി, നമ്മുടെ പുത്രന്മാർക്കു രാജ്യഭരണത്തിന്നു തുണിവന്നിരിക്കുന്നു; എന്റെ വമ്പിച്ച സൈന്യവും നിരുപദ്രവമായി സ്ഥിതിചെയ്യുന്നു: കുന്നോളംപോന്ന കൊമ്പനാനകളും, കാറിനെപ്പോലെ പായുന്ന കുതിരകളും, ഒന്നാംതരം അശ്വങ്ങളെ പൂട്ടിയ തേരുകളും എന്നിവയെല്ലാം എപ്പോഴും തയ്യാറുണ്ട്.. മഹാവിഷ്ണുവിന്റെ കാരുണ്യത്താൽ ഒന്നിലും എനിക്കു കുറവില്ല! ഒരു മനോരാജ്യമേ എനിയുള്ളൂ: ഞാൻ ഇതേവരെ, ഇനി ഗർഭത്തിൽ കിടക്കാതെ കഴിപ്പാൻ പരമശോഭനമായ വൈഷ്ണവതീർത്ഥമൊന്നും ആടുകയുണ്ടായിട്ടില്ല. ഇപ്പോൾ എനിക്കു വാർദ്ധക്യമായി; ദേഹത്തിൽ ചുളിയും നരയും കേറിപ്പോയി. പുണ്യതീർത്ഥസേവനത്തിന്നു് അമാന്തിച്ചുകൂടാ. ആർ ജന്മം മുഴുവൻ തന്റെ വയർ നി

Digitized By Kerala Sahitya Akademi

റയ്ക്കുക എന്നതല്ലാതെ, വിഷ്ണുസേവനം ചെയ്യുന്നില്ലയോ, ആ മനുഷ്യനെ ഒരു ക്രൂരനെപ്പോലെയേ കരുതിക്കൂടൂ! അതിനാൽ, പ്രിയതമേ, രാജ്യഭാരം പുത്രനിൽ സമർപ്പിച്ചു ഞാൻ കുടുംബത്തോടേ തീർത്ഥയാത്ര പുറപ്പെടുന്നുണ്ട്.'

ഈ വിധം നിശ്ചയിച്ചു, സന്ധ്യയ്ക്കു ഭഗവാനെ ധ്യാനിച്ചു രത്നശ്രീവൻ രാത്രിയിൽ ഒരു തപസ്വിയായ ശ്രേഷ്ഠബ്രാഹ്മണനെ സ്വപ്നം കാണുകയുണ്ടായി. രാവിലെ എഴുന്നേറ്റു സന്ധ്യാവന്ദനവും മറ്റും കഴിച്ചു രാജാവു മന്ത്രിമാരോടുകൂടി ആസ്ഥാനത്തെഴുന്നള്ളിയിരിയ്ക്കേ, ആ ബ്രാഹ്മണൻ അവിടെ വന്നെത്തി. തപസ്സാൽ ചടച്ച ശരീരത്തെ അനേകതീർത്ഥസേവനത്താൽ പുണ്യവത്താക്കി, ജടയും വല്ക്കലകൌപീനവും ധരിച്ചു, ദണ്ഡു കൈക്കൊണ്ടിരുന്ന അദ്ദേഹത്തെ കണ്ട ഉടൻ മനം കുളിർത്ത മഹാരാജനായ മന്നവൻ തലതാഴ്ത്തി വണങ്ങി, അർഘ്യപാദ്യാദികം നൽകി, സുഖമാംവണ്ണം ഇരുത്തി വിശ്രമിപ്പിച്ചു, പറഞ്ഞു:—'സ്വാമിൻ, ഇന്ന്, ഇവിടുത്തെ കണ്ടതിനാൽ എന്റെ ദേഹം പാപനിർമ്മുക്തമായി. മഹത്തുക്കൾ വലഞ്ഞവരെ രക്ഷിച്ചാൽ ഭയമൂലം അവരുടെ അടുക്കൽ ചെല്ലുക പതിവാണ്! അതിനാൽ, പറഞ്ഞുതന്നാലും: കിഴവനായ ഞാൻ പുനർജ്ജന്മമില്ലാതാകാൻ ഏതു ദേവനെ സേവിയ്ക്കണ്ടൂ? ഏതുതീർത്ഥം ആടേണ്ടൂ? ഭവാന്മാർ എല്ലാഗതികളും കണ്ടറിഞ്ഞവരും, ധ്യാനസമാധിശീലന്മാരും, എല്ലാതീർത്ഥത്തിലും മുഴുകി പങ്കം കളഞ്ഞു പുണ്യം നേടിയവരുമാണല്ലോ. ദയചെയ്തു, ശ്രദ്ധാലുവായ എനിക്കു വിവരിച്ചു പറഞ്ഞുതരുമാറാകണം.

ബ്രാഹ്മണൻ:—'മഹാരാജാവേ, തീർത്ഥസേവനം ശ്രവിച്ചുകൊള്ളുക; ഏതുദേവൻ പ്രസാദിച്ചാൽ ഗർഭവാസം നേരിടുകയില്ലെന്നു പറഞ്ഞുതരാം: ശ്രീരാമചന്ദ്രനെയാണു സേവിക്കേണ്ടതു്—സംസാരജ്വരം നശിച്ചാൽ പുരുഷോത്തമനെന്നു പേരുള്ള ആ ഭഗവാനെത്തന്നെയാണ് പൂജിക്കേണ്ടതു്. സർവ്വപാപങ്ങളേയും നശിപ്പിക്കുന്ന അനേകം ക്ഷേത്രങ്ങൾ ഞാൻ ദർശിച്ചിട്ടുണ്ട്: അയോധ്യ, സരയൂ, താപി, ഹരിദ്വാരം, അവന്തി, വിമല, കാഞ്ചി, നമ്മദാനദി, ഗോകർണ്ണം, സർവ്വഹത്യകളേയും പോക്കുന്ന ഹാടകേശ്വരം, കാണുന്നവർക്കു മോക്ഷം നൽകുന്ന മല്ലികാഖ്യ മഹാപർവ്വതം എന്നിവയും, വെള്ളം തട്ടിയാൽ മനുഷ്യരുടെ കറുത്ത ദേഹം വെളുക്കുന്ന പാപഹാരിതീർത്ഥവും ഞാൻ ദർശിച്ചിട്ടുണ്ട്. ദേവകളും അസുരരും സേവിക്കുന്ന ദ്വാരകയും ഞാൻ ദർശിച്ചിരിക്കുന്നു. അവിടെ സാക്ഷാൽ ബ്രഹ്മജലയായ ഗോമതീനദി പ്രവഹിക്കുന്നു; അവിടെ നിദ്ര ലയവും, മരണം മോക്ഷവുമത്രേ;

Digitized By Kerala Sahitya Akademi

അവിടെ വസിക്കുന്നവരെ ക്കലി ഒരിക്കലും ബാധിക്കുകയില്ല; അവിടത്തെ മനുഷ്യർ മാത്രമല്ല, കല്ലുകളും പുഴു—പക്ഷി—പുഴു മുതലായവ ക്രടിയും ചക്രാംകിതങ്ങളാകുന്നു; സർവ്വലോകങ്ങൾക്കും ഏകരക്ഷിതാവായ ത്രിവിക്രമൻ വാണരുളുന്ന ആ പുരി കാണ്മാൻ മഹാഭാഗ്യത്താൽ എനിക്കു സംഗതി വന്നു! സർവ്വഹത്യകളേയും പോക്കുന്ന കുരുക്ഷേത്രം, മഹാപാപങ്ങളെ നശിപ്പിക്കുന്ന സ്യമന്തപഞ്ചകം എന്നിവയും ഞാൻ ദർശിച്ചു. താരകബ്രഹ്മമന്ത്രം ഉപദേശിച്ചുംകൊണ്ടു വിശ്വനാഥൻ വാണരുളുന്ന വാരാണസിയും ഞാൻ ദർശിച്ചിരിക്കുന്നു: അവിടെവെച്ചു മരിച്ചാൽ, പുഴു പക്ഷി കീടപ്തംഗങ്ങളാകട്ടേ, അസുരയോനിയിൽ പിറന്നവരാകട്ടേ, കൈവല്യമാംവണ്ണം ദുഃഖങ്ങൾ പിന്നിട്ടു കൈലാസത്തിൽ ചെന്നെത്തി, കപർദ്ദവും സർപ്പാഭരണങ്ങളും ആനത്തോലും ധരിച്ചു സുഖമായി നിവസിക്കും. അവിടെ വടക്കോട്ടൊഴുകുന്ന മണികർണ്ണികാതീർത്ഥം പാപികൾക്കുപോലും സംസാരബന്ധച്ഛേദം വരുത്തുന്നു. അവിടെ കാലഭൈരവനാണ് കാലന്റെ കൃത്യം നടത്തുന്നതു; ദണ്ഡപാണിയായ യമന്നു മനുഷ്യരുടെ മേൽ അധികാരമൊന്നുമില്ല! ഇങ്ങിനെയുള്ള വിശ്വനാഥകാശിയും ഞാൻ ദർശിച്ചിരിക്കുന്നു. വേറെയും അനേക തീർത്ഥങ്ങൾ ഞാൻ ദർശിച്ചിട്ടുണ്ട്. എന്നാൽ, പുരുഷോത്തമൻ വാണരുളുന്ന നീലപർവ്വതത്തിൽ കണ്ടതുപോലെ അത്യത്ഭുതം മറെങ്ങും കാണുകയുണ്ടായില്ല.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം,
രാമാശ്വമേധപ്രകരണം, രത്നഗ്രീവബ്രാഹ്മണസമാഗമം പതിനേഴാമദ്ധ്യായം.

(0)

പതിനെട്ടാമദ്ധ്യായം

ബ്രാഹ്മണൻ:—രാജാവേ, നീലമാമലയിൽവെച്ചു സംഭവിച്ചതു കേട്ടുകൊള്ളുക; ഇതിൽ ശ്രദ്ധിക്കുന്നവർ സനാതന ബ്രഹ്മത്തോടു ചേരും:

സഞ്ചാരിയായ ഞാൻ ഗംഗയുടേയും സമുദ്രത്തിന്റേയും തരംഗങ്ങളാൽ താഴ്വര കഴുകപ്പെടുന്ന നീലപർവ്വതത്തിൽ ചെന്നെത്തി. ആ ഗിരിയുടെ മുകളിൽ ചാപധാരികളായ ഏതാനും കിരാതന്മാരെ ഞാൻ കണ്ടു. അവർക്കു നന്നാലു കൈകളുണ്ടു; കായും കിഴങ്ങുമാണു വിശപ്പടക്കുവാൻ. എനിക്കപ്പോൾ വലിയ സംശയം മുളവായി:—'ഈ

Digitized By Kerala Sahitya Akademi

കാമ്മുകധാരികളും നന്നാലു കൈകളുണ്ടല്ലോ! വിജിതാത്മാക്കളായ വൈകുണ്ഠവാസികളുടെ രൂപം—ബ്രഹ്മാദികൾക്കുപോലും കിട്ടാൻ എളുപ്പമില്ലാത്തതു്—ഇവക്കെങ്ങിനെ ലഭിച്ചു? ഇവരിതാ, വിഷ്ണുസേവകരെപ്പോലെ, ശംഖചക്രഗദാശാർങ്ഗപദ്മങ്ങളും കൈക്കൊണ്ടു വനമാലയുമണിഞ്ഞു പരിശോഭിക്കുന്നു!' സംശയംമൂലം ഞാൻ അവരോടു ചോദിച്ചു:—'നിങ്ങളാരാണ്? നിങ്ങൾക്കെങ്ങിനെ ചതുർബാഹുത്വം സിദ്ധിച്ചു?' അപ്പോൾ അവർ ഉറക്കെച്ചിരിച്ചു് എന്നെപ്പറ്റി സംസാരിച്ചു:—'അത്ഭുതമായ നൈവേദ്യമാഹാത്മ്യം ഈ ബ്രാഹ്മണനറിഞ്ഞുകൂടാ!' അതുകേട്ടിട്ടു ഞാൻ ആവശ്യപ്പെട്ടു:—'എന്തു നൈവേദ്യം? അതു നൽകപ്പെടുന്നു? ധർമ്മിഷ്ഠന്മാരായ ചതുർഭുജന്മാരേ, അതെനിക്കു പറഞ്ഞുതരുവിൻ.' ഉടനേ, ആ മഹാത്മാക്കൾ, ചതുർഭുജത്വം ലഭിച്ച വൃത്താന്തമെല്ലാം പറയാൻ തുടങ്ങി:—

'ബ്രാഹ്മണ, ഞങ്ങളുടെ ഒരു കൊച്ചുകുട്ടി ഞാവൽപ്പഴവും മറ്റും പെറുക്കിത്തിന്നു കളിച്ചുനടക്കുന്നതിനിടയിൽ, ഒരുദിവസം കുറെ കുട്ടികളോടൊക്കുടി ഈ മനോഹരമായ പർവ്വതത്തിന്റെ മുകളിലേയ്ക്കു കയറി; അപ്പോൾ അത്ഭുതകരമായ ഒരു ദേവാലയം കണ്ടെത്തി. മരതകക്കല്ലുംമറ്റും പതിച്ച തങ്കച്ചുമരോടും, സൂര്യനെന്നപോലെ ഇരുട്ടകറ്റുന്ന കാന്തിപ്പൊലിമയോടുംകൂടിയ ആ കെട്ടിടം ബാലനെ വിസ്മയപരതന്ത്രനാക്കിത്തീർത്തു. 'ഇതാരുടെയായിരിയ്ക്കാം? വല്ല മഹാന്മാരുടേയും പാർപ്പിടമായിരിക്കുമോ? ഏതായാലും കടന്നുനോക്കുകതന്നെ'. എന്നു നിശ്ചയിച്ചു് അവൻ, ഭാഗ്യാതിരേകത്താൽ അകത്തേയ്ക്കു കടന്നു.

(ശ്ലോകങ്ങൾ)

അപ്പോൾകാണായ്, ലസൽകുണ്ഡലമകടമണീഹാരകേയൂരകൗ-
കല്പൻ, വണ്ടിണ്ടചൂഴും പടതുളസിയുമായ്, നാരദാദ്യാഭിജുഷ്ടൻ,
തുപ്പത്തും-ശംഖു-ശാർങ്ഗം -ഗദ-യരിയിവമെയ് പൂണ്ടുപാസിപ്പുനില്പും
പൊൽപ്പൂമാതിൻമണാളൻ,സുരദിതിജർവണങ്ങുന്നദേവാധിദേവൻ!

പാടുന്നുചിലർ; ചിലരത്ഭുതാതിരേക-
ത്തോടും ഹാ, കരഗംകളിരെച്ചിരിച്ചിടുന്നു;
ആടുന്നുചിലരിഹ ലോകമാകെവന്ദി-
ച്ചീടും തന്തിരുവടിയെ പ്രസന്നനാക്കാൻ.

വിഷ്ണുവിനെ ദർശിക്കയാൽ, ഞങ്ങളുടെ പൈതൽ സമീപത്തേയ്ക്കുചെന്നു. അപ്പോൾ ദേവന്മാർ ധൂപാദികൾകൊണ്ടു കേമമായി പൂജിക്കുകയായിരുന്നു. അവർ ഭഗവൽപ്രീതിക്കായി നൈവേദ്യം നിവേ

Digitized By Kerala Sahitya Akademi

ദിച്ചു, നീരാജനവും കഴിച്ചു, സ്വസ്ഥാനങ്ങളിലേയ്ക്കു തിരിച്ചു. മഹാഭാഗ്യംമൂലം, നൈവേദ്യത്തിൽനിന്ന് ഒരു പറവു താഴെവീണതു കുട്ടിക്കുകിട്ടി. ബ്രഹ്മാദികൾക്കുപോലും കിട്ടാനെളുതല്ലാത്ത ആ ദിവ്യപദാർത്ഥം ഭക്ഷിച്ചു ശ്രീധരനെ ദർശിച്ചതോടുകൂടി, ബാലൻ ചതുർബാഹുവായി വിളങ്ങി. നാലുകൈകളോടും ശംഖുചക്രാദികളോടുംകൂടിയാണ്, അവൻ ഞങ്ങളുടെ ഗൃഹത്തിൽ തിരിച്ചെത്തിയതു! അതുകണ്ടിട്ട്, 'ഈ അത്ഭുതം എങ്ങിനെ സംഭവിച്ചു' എന്നു ഞങ്ങളെല്ലാവരും അവനോടു ചോദിച്ചു. അപ്പോൾ, അവൻ അത്യദ്ഭുതകരമാംവണ്ണം പറഞ്ഞു:— 'ഞാൻ മലയുടെ മുകളിൽക്കേറി; അവിടെ ദേവദേവനെ ദർശിച്ചു; മനോഹരമായ നൈവേദ്യത്തിലെ ഒരു വറവ് എനിക്കവിടെനിന്നു കിട്ടി; അതു ഭക്ഷിച്ചതോടുകൂടി, ഞാൻ ഇങ്ങിനെ ചതുർഭുജനായും ചമഞ്ഞു; എന്തൊരത്യാശ്ചര്യം!'

ഇതു കേട്ടിട്ടു വിസ്മയം പൂണ്ട ഞങ്ങളും പരമദുഷ്പ്രാപനായ തന്തിരുവടിയെ ദർശിയ്ക്കുകയും, ആസ്വാദ്യങ്ങളിൽവെച്ചുത്തമമായ നൈവേദ്യം ഭക്ഷിക്കുകയുംചെയ്തു. അതിനാൽ, വിഷ്ണുപ്രസാദംമൂലം ഞങ്ങൾക്കും ചതുർഭുജത്വം സിദ്ധിച്ചു. ബ്രാഹ്മണശ്രേഷ്ഠ, ഭവാനും ഭഗവാനെ ദർശിച്ചു നൈവേദ്യം ഭുജിച്ചാൽ ചതുർഭുജനായിത്തീരാം.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷധാത്ര്യായനസംവാദം, രാമാശ്വമേധപ്രകരണം, ബ്രഹ്മണോപദേശകഥനം പതിനെട്ടാമദ്ധ്യായം.

—(o)—

പതിനാമ്പതാമദ്ധ്യായം

ബ്രാഹ്മണൻ:—ഈ വിധം കിരാതർ പറഞ്ഞപ്പോൾ, 'ഇതെന്തത്യാശ്ചര്യം' എന്നോത്തിട്ട് എനിക്കു മനസ്സാകെ കുളിർത്തുപോയി! ഉടനെ ഞാൻ ഗംഗാസമുദ്രസംഗമത്തിൽ സ്നാനംചെയ്തു പരിശുദ്ധനായിട്ട്, മണിമാണിക്യചിത്രിതമായ കൊടുമുടി മേൽ കേറി, ദേവദേവനെ ദർശിച്ചു; പുരുഷോത്തമനെ നമസ്കരിച്ചു നൈവേദ്യം ഭക്ഷിച്ചതിനാൽ കൃതാർത്ഥനായ ഞാൻ ശംഖചക്രാദികളേന്തിയ ചതുർബാഹുവായും ചമഞ്ഞു. പിന്നീടു ഞാൻ ഗർഭം പൂകുകയുണ്ടായിട്ടില്ല. രാജാവെ, ഭവാനും വേഗത്തിൽ നീലമാമലയിൽ പോയി, ഗർഭപ്രവേശത്തിൽനിന്നു വേർപെട്ടു കൃതാർത്ഥനായിക്കൊള്ളുക.'

Digitized By Kerala Sahitya Akademi

ബുദ്ധിമാനായ ബ്രാഹ്മണോത്തമൻ ഇപ്രകാരത്തെല്ലാം കേട്ടിട്ട്, കൗതുകമായിരിക്കൊണ്ട് ഭൂപാലൻ മഹർഷിയോട് തീർത്ഥയാത്രാവിധി ചോദിച്ചു:—'സത്തമനായ ബ്രാഹ്മണശ്രേഷ്ഠ, കേട്ടാൽ പാപം നീങ്ങുന്ന പുരുഷോത്തമ മാഹാത്മ്യം ഭവാൻ പറഞ്ഞുതന്നതിന്നു വന്ദനം! ഇനി, തീർത്ഥയാത്രയുടെ വേളപ്രോക്തമായ വിധിക്രമം ഉപദേശിച്ചാലും. എങ്ങിനെയായാലാണ് തികച്ചും ഫലം കിട്ടുക?'

ബ്രാഹ്മണൻ:—'രാജാവേ, ദേവാസുര നമസ്കൃതനായ തന്തിരുവടിയെ പ്രാപിപ്പാൻ തക്ക തീർത്ഥയാത്രാവിധിയും ഞാൻ പറഞ്ഞുതരാം:

ശരീരത്തിൽ ജരയും നരയും കേറിയവനാകട്ടേ, യൌവനത്തിലിരിക്കുന്നവനാകട്ടേ, മൃത്യു അലംഘനീയമാണെന്നോർത്തു വിഷ്ണുവിനെ ശരണം പ്രാപിക്കണം. തന്തിരുവടിയെ കീർത്തിക്കുക, ശ്രവിക്കുക, വന്ദിക്കുക, പൂജിക്കുക എന്നിവയിലല്ലാതെ, സ്ത്രീകളിലും മറ്റും താല്പര്യം വെയ്ക്കരുത്. സർവ്വം ക്ഷണഭംഗുരം, മഹാദുഃഖകരം എന്നു കണ്ടിട്ട്, ജന്മമൃത്യു ജരാരഹിതനും കേവലസ്വരൂപനുമായ ഭഗവാനെ, ക്രോധത്താലോ കാമത്താലോ ഭയത്താലോ ദ്വേഷത്താലോ ലോഭത്താലോ മോഹത്താലോ വല്ലപ്പാടും സേവിക്കുന്നതേവനൊ, അവൻ ദുഃഖത്തിൽപ്പെടുകയില്ല. തന്തിരുവടിയെ പാപരഹിതമായ സത്സംഗങ്ങളുടെ സംസർഗ്ഗം കൊണ്ടറിയുമാറാകും. അവരുടെ കൃപയാലത്രേ മനുഷ്യർക്കു ദുഃഖം നീങ്ങുന്നതു്. മഹാരാജാവേ, രാഗവും കാമവും ലോഭവും വിട്ട സജ്ജനങ്ങളും ഉപദേശിക്കുന്നതെന്തോ, അതു സംസാര നിവൃത്തി വരുത്തിത്തരും. രാമചന്ദ്രങ്കൽ ഭക്തിയുള്ള സജ്ജനത്തെ തീർത്ഥങ്ങളിലേ കണ്ടുകിട്ടുകയുള്ളൂ. അവരുടെ ദർശനംതന്നെ പാപരാശിയെ ചുട്ടെരിക്കുന്ന ചെന്തീയാണ്. അതിനാൽ സംസാരത്തെ പേടിക്കുന്നവർ, എപ്പോഴും സത്തുക്കളെക്കൊണ്ടു ശോഭിക്കുന്ന പുണ്യതീർത്ഥങ്ങളിൽ പോവുകതന്നെ വേണം. ആവക തീർത്ഥങ്ങൾ വിധിപോലെ ദർശിച്ചാൽ പാപശാന്തി വരും. വിധി എങ്ങിനെയാണെന്നു കേട്ടുകൊള്ളുക:

ഒന്നാമതായി, കളത്രം മുതലായ കുടുംബത്തിൽ, അതിന്റെ മിത്ഥ്യാത്വം കരുതി, വൈരാഗ്യം സമ്പാദിച്ചു, മനസാ വിഷ്ണുവിനെ സ്മരിക്കണം. രാമ, രാമ എന്നു ജപിച്ചുംകൊണ്ട് ഒരു വിളിപ്പാടകലം പോയിട്ട്, തീർത്ഥത്തിലോ മറേറാ കുളിച്ചു ക്ഷൌരം കഴിക്കണം. തീർത്ഥയാത്രയ്ക്കിറങ്ങിയ മനുഷ്യർക്ക്, പാപങ്ങളും കേശത്തെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുക; അതിനാൽ ക്ഷൌരം അത്യാവശ്യം. പിന്നെ

Digitized By Kerala Sahitya Akademi

ലോഭംവെടിഞ്ഞു, കമ്പില്ലാത്ത ദണ്ഡ്, കമണ്ഡലു, മാൻതോൽ എന്നിവ കൈക്കൊണ്ടു തീർത്ഥവേഷം ധരിക്കുക. വിധിപ്രകാരം തീർത്ഥയാത്ര പോകുന്നവർക്കു വിശേഷിച്ചും ഫലം സിദ്ധിക്കുന്നതാകയാൽ, എത്ര പണിപ്പെട്ടും ഈ വിധി ആചരിച്ചുകൊള്ളണം. ആരുടെ കൈകാലുകളും മനസ്സും വിദ്യയും തപസ്സും യശസ്സും അടക്കം ചെയ്തവയാണോ, അവൻ തീർത്ഥഫലം നേടും.

'ഹരേ, കൃഷ്ണ, ഹരേ, കൃഷ്ണ, കൈതവത്സല, ഗോപതേ,
ശരണ്യ, ഭഗവൻ, വിഷ്ണോ, നീക്കുകെൻഭവസംകടം!'

എന്നിങ്ങിനെ നാവുകൊണ്ടു നാരായണനെ കീർത്തിച്ചും മനസ്സുകൊണ്ടു സ്മരിച്ചും കാൽനടയായിട്ടുവേണം, വലിയ സമ്പന്നന്മാർപോലും തീർത്ഥയാത്രചെയ്യുവാൻ. പല്ലക്കിലോ മറേറാ കേറിപ്പോയാൽ, പുണ്യവർക്കുള്ളതിൽ ഓരോഹരിഫലമേകിട്ടൂ; ചെരുപ്പിട്ടാൽ, ഫലത്തിൽ നാലിലൊന്നുപോകും; കാളവണ്ടിയിലായാൽ ഗോഹത്യാപാപം പറ്റും; വല്ലകായ്വുമായി പോകയാണെങ്കിൽ മൂന്നിലൊന്നും, മറെറാരാളുടെ അധീനതയിലാണെങ്കിൽ നാലിലൊന്നും, അനിച്ഛയാ ചെന്നതാണെങ്കിൽ പകുതിയുമായിരിക്കും ഫലം. എന്നാൽ എങ്ങിനെയെങ്കിലും തീർത്ഥയാത്ര ആചരിക്കുകതന്നെവേണം. വിധിപ്രകാരമായാൽ വിശേഷിച്ചും പാപശാന്തി വരും. തീർത്ഥത്തിൽ സജ്ജനങ്ങളെ കണ്ടാൽ കാൽക്കൽ നമസ്കരിച്ചുസേവിക്കണം: അതുവഴിയായി, പുരുഷോത്തമനിൽ ഭക്തിയുണ്ടായിവരും. മഹാരാജാവെ, ഇതാണു്, പുരുക്ഷത്തിൽ തീർത്ഥയാത്രാവിധി. ഇതുപ്രകാരം ഭവാൻ പുരുഷോത്തമനെ ചെന്നു ദർശിച്ചുകൊൾക. തന്തിരുവടി പ്രസാദിച്ചു ഭവാനു ഭക്തി തന്നരുളും; എന്നാൽ സംസാരബന്ധം ക്ഷണനേരംകൊണ്ടു ഛിന്നഭിന്നമാകയുംചെയ്യും. പുരുഷപുംഗവ, ഈ തീർത്ഥയാത്രാവിധി ശ്രവിച്ചാൽത്തന്നെ ഉഗ്രപാപങ്ങളും വിട്ടൊഴിയും.'

ഇതുകേട്ടിട്ടു്, ആ തീർത്ഥം ദർശിക്കുന്നതിലുള്ള ഉൽക്കണ്ഠയാൽ വിഹ്വലചിത്തനായ രത്നഗ്രീവൻ ബ്രാഹ്മണന്റെ കാൽക്കൽ നമസ്കരിച്ചു, തീർത്ഥയാത്രയ്ക്കു് എല്ലാവരേയും കൂടെക്കൊണ്ടുപോകണമെന്നു നിശ്ചയിച്ചു, തന്റെ മന്ത്രജ്ഞപ്രവരനായ സചിവനോടാജ്ഞാപിച്ചു:—'മന്ത്രി, ഞാൻ കല്പിച്ചതായി പുരവാസികളെയെല്ലാം അറിയിക്കുക: പുരുഷോത്തമന്റെ പാദാരവിന്ദം ദർശിക്കുന്നതിനു നമ്മുടെ നഗരത്തിലുള്ളവരെല്ലാവരും എന്നോടൊന്നിച്ചു പുറപ്പെട്ടുകൊള്ളട്ടെ. എന്റെ ശാസനം ലംഘിച്ചു വല്ലവരും ഗൃഹത്തിൽ പാർക്കയാണെങ്കിൽ, അധർമ്മകാരികളായ ആ പാപികളെ യമദണ്ഡുകൊ

Digitized By Kerala Sahitya Akademi

ണ്ടെന്നപോലെ ദണ്ഡിപ്പിച്ചു കളയും! പുണ്യദാതാവായ പുരുഷോത്തമനെ കണ്ണുകൊണ്ടു കണ്ടിട്ടില്ലെങ്കിൽ, അങ്ങിനെയുള്ള ദുരാചാരികളായ പുത്രന്മാരെന്തിനു, ബന്ധുക്കളെന്തിന്? ആരുടെ പുത്രന്മാരോ പൌത്രന്മാരോ വിഷ്ണുവിനെ ശരണം പ്രാപിച്ചിട്ടില്ലയോ, അവരുടെ ജനനം പുരീഷഭോജികളായ പന്നികൾക്കൊപ്പം! നാമംകൊണ്ടുതന്നെ സർവ്വരേയും ശുദ്ധിപ്പെടുത്തുവാൻ പോരുന്നവനാരോ, ആ തിരുവടിയെ എന്റെ പ്രജകളെല്ലാവരും വേഗത്തിൽ നമസ്കരിക്കുവിൻ.'

ഭഗവൽഗുണങ്ങളം ചേർന്ന ഈ മനോഹരവാക്യം ഉത്തമൻ എന്ന സാത്വനാമാവായ മന്ത്രീന്ദ്രനു മനംകുളിപ്പിച്ചു. അദ്ദേഹം ആനപ്പുറത്തു പെരുമ്പറയടിപ്പിച്ചു, തീർത്ഥയാത്രോദ്യതനായ പാർത്ഥിവൻ ആജ്ഞാപിച്ചതെല്ലാം പരസ്യപ്പെടുത്തി:—'എല്ലാവരും തന്നുരാനോടുകൂടി മഹാപർവ്വതത്തിലേയ്ക്കു പോന്നുകൊള്ളുവിൻ. പാപനാശനനായ പുരുഷോത്തമനെ ദർശിപ്പിൻ; സംസാരസമുദ്രത്തെ പൈക്കളമ്പാക്കിക്കൊൾവിൻ; ശംഖചക്രാദി ചിഹ്നങ്ങൾകൊണ്ടു സ്വശരീരത്തെ അലംകരിച്ചുകൊൾവിൻ!' രഘുനാഥ പാർത്ഥിവന്റെ ദുഃഖം നീക്കിയ മന്ത്രിശ്രേഷ്ഠൻ ഇങ്ങിനെയെല്ലാം വിളംബരപ്പെടുത്തിയ രാജശാസനം കേട്ടപ്പോൾ, ആളുകളെല്ലാം ആനന്ദത്തിൽ മുഴുകി, പുരുഷോത്തമ ദർശനത്താൽ ഊർദ്ധ്വഗതി നേടുവാൻ നിശ്ചയിച്ചു.

ബ്രാഹ്മണർ രാജാവിന്നു ആശിസ്സുകളും വരങ്ങളും നൽകിക്കൊണ്ടു, ശോഭനവേഷം ധരിച്ചു ശിഷ്യരോടൊപ്പം പുറപ്പെട്ടു. വീരരായ ക്ഷത്രിയർ വില്ലേന്തിയും, വൈശ്യർ പല പദാർത്ഥങ്ങളും കൈക്കൊണ്ടും, ശൂദ്രർ തങ്ങൾക്കുർദ്ധ്വഗതി കിട്ടുമല്ലോ എന്ന കോരിമയിർക്കൊണ്ടും യാത്രയ്ക്കൊരുങ്ങി. രജകന്മാർ, തോൽപ്പണിക്കാർ, ക്ഷൌരർ, (മാഗധസ്ത്രീകളിൽ അന്യജാതി പുരുഷന്മാർക്കു പിറന്നവർ) കിരാതന്മാർ, ചുമർപ്പണിക്കാർ, ഉന്നൽവേലക്കാർ, താളവും വാദ്യവും കൊട്ടുന്നവർ, നടന്മാർ, എണ്ണ വസ്ത്രം താംബൂലം എന്നിവ വില്ക്കുന്നവർ, പുരാണകഥ പറയുന്ന സൂതന്മാർ, വന്ദികൾ, മാഗധന്മാർ, വൈദ്യന്മാർ, ചൂതുകളിക്കാർ, പാചകന്മാർ, ഫലിതക്കാർ, (വിദൂഷകർ) ജാലവിദ്യക്കാർ, കഥ പറയുന്നവർ എന്നിവരും രാജാവിനെ സഹർഷം പ്രശംസിച്ചുകൊണ്ടു പട്ടണത്തിൽനിന്നു പുറപ്പാടായി.

രാജാവും രാവിലെ സന്ധ്യാവന്ദനവും മറ്റും കഴിച്ചു, താപസശ്രേഷ്ഠനായ പരിശ്രുത ബ്രാഹ്മണനെ വരുത്തി, വിടവാങ്ങി, ആരമനയിൽനിന്നു പുറത്തേയ്ക്കെഴുന്നള്ളി. പ്രജകളാൽ അനുഗതനായ അദ്ദേഹം, നക്ഷത്രങ്ങളാൽ ചന്ദ്രനെന്നപോലെ ശോഭിച്ചു. ഒരു വിളിപ്പാട്ടു

Digitized By Kerala Sahitya Akademi

പിന്നിട്ടതിന്നുശേഷം ആ യശസ്വി യഥാവിധി ക്ഷൌരം കഴിച്ചു, ദണ്ഡും കമണ്ഡലുവും മാറേത്തോലും ധരിച്ചു ശ്രേഷ്ഠനേവേഷനായി, മനസ്സിൽനിന്നു കാമക്രോധാദികളം കളഞ്ഞു വിഷ്ണുധ്യാനത്തിൽ മുഴുകി. ദുന്ദുഭി, ഭേരി, പടഹം, പണവം, ശംഖു, വീണ മുതലായവ അതായു വാദ്യക്കാരാൽ മുഴക്കപ്പെട്ടു. ആളുകൾ 'ദേവേശ, ജയിച്ചാലും! ദുഃഖനാശന, പുരുഷോത്തമ, നിന്തിരുവടിയെ ദർശിപ്പാൻ സംഗതി വരുത്തണേ!' എന്നിങ്ങിനെ ആശംസിച്ചുകൊണ്ടു യാത്രയായി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷധർമ്മോപനയന സംവാദം, രാമാശ്വമേധപ്രകരണം, രത്നഗ്രീവതീർത്ഥപ്രയാണം പരിത്യന്തരമുപ്പത്തിയൊന്നാം അദ്ധ്യായം.

(൦)

മുപ്പത്തൊന്നാമദ്ധ്യായം

സുമതി:—എല്ലാജനങ്ങളോടുംകൂടി പ്രയാണംചെയ്ത രത്നഗ്രീവനും വഴിക്കു മഹാഭാഗന്മാരായ വൈഷ്ണവന്മാർ, 'ജയമാധവ, ഭക്തരക്ഷാശരണ്യ, പുരുഷോത്തമ!' എന്നിങ്ങിനെ ഗോവിന്ദകീർത്തനം ചെയ്യുന്നതു കേൾക്കുമാറായി. വഴിക്കു കണ്ട അനേകം തീർത്ഥങ്ങളിൽ അദ്ദേഹം സ്നാനാദികർമം ആചരിച്ചു; അവയുടെ മാഹാത്മ്യം ആ താപസബ്രാഹ്മണനോടു ചോദിച്ചറിയുകയുംചെയ്തു. വിചിത്രങ്ങളായ വിഷ്ണുചരിതങ്ങളാൽ മനസ്സിനെ വിനോദിപ്പിച്ചും, വഴിയിലെങ്ങും ഗായകന്മാരെക്കൊണ്ടു ഗോവാനെ പുകഴ്ത്തിപ്പാടിച്ചും, ദീനാന്ധകൃപണന്മാക്കും കാൽ മുടന്തന്മാക്കും വേണ്ടതൊക്കെ ദാനംചെയ്തും, അനേകതീർത്ഥസ്നാനത്താൽ ആത്മാവിനെ നിർമ്മലമാക്കിയും, ജിതേന്ദ്രിയനായി, വിഷ്ണുവിനെ ധ്യാനിച്ചുകൊണ്ടുമായിരുന്ന, ആ ബുദ്ധിമാന്റെ യാത്ര. വഴിയുള്ള പാപങ്ങളെ പോക്കുന്ന ഒരു നദി രാജാവിന്നു ദൃഷ്ടിഗോചരമായി. മുനികളുടെ മനസ്സുപോലെ തെളിഞ്ഞും ചക്രരേഖയാൽ അടയാളപ്പെട്ട കല്ലുകളോടുകൂടിയും വളരെ വളരെ മുനിസംഘങ്ങളാൽ സേവിയ്യപ്പെട്ടും സാരസാദിപക്ഷികളുടെ കൂജിതം മുഴങ്ങിയും പരിശോഭിക്കുന്ന ആ നദികണ്ടിട്ട്, നരേന്ദ്രൻ അനേകതീർത്ഥങ്ങളുടെ മാഹാത്മ്യവിശേഷം തികച്ചും മനസ്സിലാക്കിയിരുന്ന ആ താപസബ്രാഹ്മണനോടു ചോദിച്ചു:—'സ്വാമിൻ, മഹർഷിവൃന്ദങ്ങൾ സേവിക്കുന്ന ഈ പുണ്യനദി ഏതാണു? ഇതു എന്റെ ചിത്തത്തെ ആനന്ദപൂർണ്ണമാക്കിത്തീർക്കുന്നു!' ധീമാനായ മഹാരാജാവിന്റെ ചോദ്യം കേട്ടപ്പോൾ, ആ ജ്ഞാനി ആ തീർത്ഥത്തിന്റെ അത്ഭുതമായ മാഹാത്മ്യം പറവാൻ തുടങ്ങി:—

Digitized By Kerala Sahitya Akademi

'രാജാവെ, ദേവകളും അസുരന്മാരും സേവിക്കുന്ന ഗണ്ഡകീനദിയാണിത്. ഇതിന്റെ പുണ്യമായ ജലപ്രവാഹം പാപസഞ്ചയത്തെ അടിച്ചുകറവന്നു: ദർശിച്ചാൽ മാനസികമായ പാപവും, സ്പർശിച്ചാൽ കായികമായ പാപവും, പാനംചെയ്താൽ വാചികമായ പാപവും തീരെ വിട്ടൊഴിയും. പണ്ടു പിതാമഹൻ, പ്രജകളെയൊക്കെ പാപികളായി കണ്ടിട്ടു, തന്നിവൃത്തിക്കുവേണ്ടി, തന്റെ ഗണ്ഡൂഷ (വായ്ക്കൊണ്ട) ജലത്താൽ സൃഷ്ടിച്ചതാണിത്. അഴകോടെ അല തുള്ളുന്ന ഈ പുണ്യനദിയെ സ്പർശിച്ചാൽ, പാപികൾക്കുപോലും പിന്നെ ഗർഭം പൂകേണ്ടിവരില്ല!

ഇതിലെ ചക്രചിഹ്നിതങ്ങളായ കല്ലുകളുണ്ടല്ലോ; അവ, ഈ വടിവെഴുത്ത സാക്ഷാൽ വിഷ്ണുഭഗവാൻ തന്നെയാണ്! ചക്രശിലയേ പൂജിക്കുന്ന മനുഷ്യൻ ഭിന്നിടൊരിക്കലും അമ്മയുടെ വയറിൽ കിടക്കേണ്ടിവരില്ല. സാളഗ്രാമം പതിവായി പൂജിക്കുന്നവൻ ഭംഭവും ലോഭവും വിട്ട് ആചാരപരനായിരിക്കണം; പരസ്ത്രീകളിലും പരധനത്തിലും താല്പര്യമില്ലാത്തവനായിട്ടുവേണം, ചക്രാങ്കിതമായ സാളഗ്രാമം പൂജിക്കുവാൻ. ഭാരകയിലെ ചക്രവും, ഗണ്ഡകിയിലെ ശിലയും മനുഷ്യന്റെ നൂറുജന്മങ്ങളിലെ പാപം ഒരുനിമിഷംകൊണ്ടു നശിപ്പിക്കും. അനേകായിരം പാപങ്ങൾ ചെയ്തവൻപോലും, സാളഗ്രാമജലം സേവിച്ചാൽ തൽക്ഷണം വിശുദ്ധനായി വരും. ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും വേദോക്തപ്രകാരം ഗൃഹസ്ഥനായിട്ടു സാളഗ്രാമപൂജ നടത്തിയാൽ മുക്തിയടയും. സ്ത്രീകൾ ഒരിക്കലും സാളഗ്രാമം പൂജിച്ചുകൂടാ. അന്ധാളിത്തംമൂലം സാളഗ്രാമം തൊട്ടുപോയാൽ, കുലീനയും സുശീലയുമായ സൌഭാഗ്യവതിപോലും പുണ്യങ്ങൾ നശിച്ചു നരകത്തിൽ പതിക്കും. സാളഗ്രാമത്തിന്മേൽ സ്ത്രീകളുടെ കൈകൊണ്ടു പുഷ്പമിടുക എന്നത് എല്ലാറ്റിലും വലിയ പാപമായിട്ടാണ് ബ്രാഹ്മണശ്രേഷ്ഠന്മാർ പറഞ്ഞുവരുന്നത്. സ്ത്രീ സാളഗ്രാമം തൊട്ടാൽ, ഭഗവാനു ചന്ദനം വിഷ്ണുവിനുപോലെയും പൂവു വജ്രംപോലെയും നൈവേദ്യം കാളകൂടംപോലെയുമായിത്തീരും! അതിനാൽ, എന്തായാലും തൊട്ടുപോകരുത്; തൊട്ടവൾ പതിന്നാലിന്ദ്രന്മാരുടെ കാലം മുഴുവൻ നരകത്തിൽ കിടക്കും. ബ്രഹ്മഹത്യാപാപിപോലും സാളഗ്രാമജലം സേവിച്ചാൽ പരമഗതി പ്രാപിക്കും. തുളസി, ചന്ദനം, ജലം, ശംഖ്, കുടമണി, ചക്രം, ശില, ചെമ്പുപാത്രം, വിഷ്ണുനാമം എന്നീ ഒമ്പതെണ്ണം ചേർന്നതായ 'പദാമൃതം' പാപരാശിയെ ചുട്ടെരിക്കുന്നതാണെന്നത്രേ, സർവ്വശാസ്ത്രജ്ഞന്മാരും ശാന്തന്മാരുമായ മുനിമാർ പറയുന്നത്. സർവ്വതീർത്ഥസ്നാനം സർവ്വയാഗാനുഷ്ഠാനം എന്നിവ

Digitized By Kerala Sahitya Akademi

യാലുള്ള അത്ഭുതകരമായ പുണ്യം സാളഗ്രാമജലത്തിന്റെ ഓരോ തുള്ളിയിലും സ്ഥിതിചെയ്യുന്നു! സൽപുരുഷന്മാർ സാളഗ്രാമം പൂജിക്കുന്ന സ്ഥലത്തിന്റെ ഒരു യോജന ചുറ്റും കോടിത്തീർത്ഥങ്ങൾ ഉണ്ടായിരിക്കും.

'ഇരട്ട'യായും 'ഒറ്റ'യായും സാളഗ്രാമം പൂജിക്കാം; എന്നാൽ 'ഇരട്ട'യിൽ രണ്ടെണ്ണമായും, 'ഒറ്റ'യിൽ മൂന്നെണ്ണമായും പാടില്ല. ചാരകയിലെ ചക്രവും, ഗണ്ഡകിയിലെ ചക്രവും—രണ്ടും—ഒരേടത്തുണ്ടെങ്കിൽ, ഗംഗയും അവിടെയുണ്ടായിരിക്കും! ചുരുചുരുപ്പുള്ള സാളഗ്രാമം ആയുസ്സിനും യശസ്സിനും ശ്രീക്കും നാശംവരുത്തും; മിനുപ്പും അഴകും ഉള്ളതു ശ്രീകരമത്രേ. പൂജിയ്ക്കുന്നവന്ന് ആയുസ്സും സമ്പത്തും—എന്നല്ലാ, ഇഹത്തിലും പരത്തിലും വേണ്ടതെന്തും—സിദ്ധിക്കും; മരണസമയത്ത് ആ ഭാഗ്യവാൻ വിഷ്ണുവിന്റെ തിരുനാമം ഉച്ചരിച്ചു, സാളഗ്രാമത്തെ സ്മരിക്കുകയും ചെയ്യും. പ്രാണൻ പോകുമ്പോഴോ, കാലൻ ബന്ധിച്ചതിന്നുശേഷമോ സാളഗ്രാമസ്മരണയുണ്ടായാൽ മോക്ഷം കിട്ടുമെന്നതിൽ സംശയമില്ല. പണ്ട് ഭഗവാൻ ധീമാനായ അംബരീഷനോട് അരുളിച്ചെയ്തുകയുണ്ടായി—'ഭൂമിയിൽ പാപികൾക്കു പാപം പോക്കുന്നതിന്നായി ഞാൻ അംഗീകരിച്ച മൂന്നു രൂപങ്ങളാണ് ബ്രാഹ്മണരും സന്ന്യാസികളും സ്നിഗ്ധങ്ങളായ സാളഗ്രാമങ്ങളും എന്ന്. ഒരൊറ്റപ്രാവശ്യം സാളഗ്രാമത്തെ നിന്ദിച്ചുപോയാൽ, ആ പാപികൾ പ്രളയംവരെ കുംഭീപാകത്തിൽ പചിക്കപ്പെടും. സാളഗ്രാമപൂജ ആർ വിലക്കുന്നുവോ, ആ മൂഢന്റെ അച്ഛൻ അമ്മ മുതലായ ബന്ധുക്കൾപ്പെടി നരകത്തിൽ വീണുപോകും. 'സാളഗ്രാമം പൂജിയ്ക്കു' എന്നുപറയുന്നവനോ, കൃതാർത്ഥനായി തന്റെ പൂർവികരെ വൈകുണ്ഠം പ്രാപിപ്പിക്കും! ഇതിൽ, കാമക്രോധങ്ങൾ വിട്ട വിരക്തരായ മഹർഷിമാർ പുരാതനമായ ഒരിതിഹാസം പറഞ്ഞുവരുന്നുണ്ട്:

പണ്ട്, യാതൊരു ധർമ്മവുമില്ലാത്ത കീകടരാജ്യത്ത്, ശബരൻ എന്നൊരു പുൽക്കസൻ(പുലയൻ) ഉണ്ടായിരുന്നു. വില്ലുമായി നടന്നു ജന്തുക്കളെ കൊല്ലുക, തീർത്ഥയാത്രക്കാരെ ആക്രമിച്ചു കൊലപ്പെടുത്തുക, പിടിച്ചുപറിക്കുക എന്നിവയായിരുന്നു അവന്റെ നിത്യത്തൊഴിൽ. അവൻ കൊന്ന പ്രാണികൾക്കു കണക്കില്ല. രാഗവും കാമവും ക്രോധവും മൂഴുത്ത ആ പ്രാണിഭയങ്കരൻ എല്ലായ്പോഴും വില്ലിന്മേൽ വിഷം തേച്ച ബാണവും തൊട്ടുത്ത് കൊട്ടംകാട്ടിൽ നടക്കും. ഒരു ദിവസം അങ്ങിനെ നടക്കുമ്പോൾ, മൃത്യു അവന്റെ സമീപത്തെത്തിച്ചേർന്നു. ആ മൂഢൻ അതൊന്നും അറിഞ്ഞില്ല.

Digitized By Kerala Sahitya Akademi

തല്മൂടി ചെമ്പിച്ചു്, മംഷ തുങ്ങി, നഖം നീണ്ടു്, കറുത്തിരുണ്ട കരാളരായ കാലദൂതന്മാർ കയറും മുഗ്ദ്ധരിയും ഇരുമ്പുചങ്ങലയും കൈക്കൊണ്ടു മതിമറിപ്പിച്ചു വന്നെത്തി. 'ഈ പ്രാണിഘാതിയായ പാപിയെ പിടിച്ചുകെട്ടുക. ഞാൻ ഇവന്റെ നീണ്ടുതടിച്ച നാവു പറിച്ചെടുക്കട്ടെ!' എന്നായി, അവരിലൊരുത്തൻ! 'ഞാൻ ഇവന്റെ കണ്ണുമൂന്നെടുക്കാം' എന്നായി മറ്റൊരുത്തൻ! 'ഞാൻ ഈ പാപിയുടെ കൈ വെട്ടാം' എന്നായി, വേറെ ഒരുത്തൻ! 'ഞാൻ ഈ ദുഷ്ടന്റെ ചെവി ചെത്തട്ടെ' എന്നായി പിന്നെയൊരുത്തൻ! 'ഒരിക്കലും ഒരു പ്രാണിക്കെങ്കിലും ഉപകാരം ഇവൻ മനസ്സുകൊണ്ടുകൂടി ചെയ്തിട്ടില്ല; പരസ്ത്രീകളെ പുൽകുക, പരധനം തട്ടിപ്പറിക്കുക, പരന്മാരെ ദ്രോഹിക്കുക എന്നിവയേ ചെയ്തിട്ടുള്ളൂ.' എന്നിങ്ങിനെ ഗർജ്ജിച്ചു പല്ലും കടിച്ചു് ആയുധപാണികളായ ആ ഗവിഷ്ഠന്മാർ ആ ദുഷ്ടന്റെ അടുക്കലെത്തി നിന്നു. അതിലൊരുത്തൻ ഒരു പാമ്പായി കാലിന്മേൽ കൊത്തുകയും, വേടന്റെ പ്രാണൻ പോവുകയും ഒന്നിച്ചുകഴിഞ്ഞു. തൽക്ഷണം യമകിങ്കരന്മാർ അവനെ ഇരുമ്പുചങ്ങലകൊണ്ടു കെട്ടിവരിഞ്ഞു ചമ്മട്ടികൊണ്ടും മുഗ്ദ്ധരികൊണ്ടും പ്രഹരിച്ചുതുടങ്ങി. 'എടാ ദുഷ്ട, ദുരാത്മാവേ, നീ ഒരിക്കലും മനസ്സുകൊണ്ടെങ്കിലും ഒരു നന്മ ചെയ്തിട്ടില്ല; നിന്നെ ഞങ്ങടെ രൌരവത്തിൽ കൊണ്ടിടും! നിന്റെ മാംസം കൊടും കാക്കകൾ ആർത്തിയോടെ കൊത്തിത്തിന്നട്ടെ. നീ ജനിച്ചിട്ടിതുവരെ വിഷ്ണുവിനെ സേവിച്ചിട്ടില്ലല്ലോ. പരദ്രോഹം ചെയ്തിട്ടാണു്, നീ പുത്രകളത്രാദികളെ പോറ്റിപ്പോന്നതു്. പാപം പോക്കുന്ന ജനാർദ്ദനൻതിരുവടിയെ നീ സ്മരിച്ചിട്ടേ ഇല്ല. അതിനാൽ നിന്നെ ഞങ്ങടെ ധർമ്മരാജാജ്ഞയാൽ തച്ചിഴച്ചു, ലോഹശംകുവിലോ കുംഭീപാകത്തിലോ മഹാരൌരവത്തിലോ കൊണ്ടുതള്ളും!' എന്നും പറഞ്ഞു് അവർ കൊണ്ടുപോകാൻ തുടങ്ങുമ്പോഴെയ്ക്കും, ഒരു വിഷ്ണുപാരാബ്ജ സേവകൻ അവിടെ വന്നെത്തി.

കയറും മുഗ്ദ്ധരിയും ദണ്ഡും മാറുമാകുന്ന കഠോരായുധങ്ങൾ കൈക്കൊണ്ട കാലകിങ്കരന്മാർ പുൽക്കസനെ ഇരുമ്പുചങ്ങലയാൽ കെട്ടി, 'കെട്ടു, കെട്ടു! വിഴുങ്ങു; വെട്ടു; പിളർക്കു, പിളർക്കു!' എന്നിങ്ങിനെ ഗർജ്ജിച്ചുംകൊണ്ടു കൊണ്ടുപോകാൻ തുടങ്ങുന്നതുകണ്ടപ്പോൾ, ആ മഹാത്മാവായ വൈഷ്ണവന്നു് അവന്റെ പേരിൽ അത്യന്തം അലിവുതോന്നി. 'ഇവൻ, എന്റെ അടുക്കൽവെച്ചു വന്പിച്ച ദുഷ്പീഡയനുഭവിച്ചുകൂടാ; ഇപ്പോൾത്തന്നെ കാലദൂതന്മാരിൽ നിന്നു വിടുവിയ്ക്കണം.' എന്നു നിശ്ചയിച്ചു് ആ കൃപാലുവായ മുനിശ്രേഷ്ഠൻ സാളഗ്രാമം കയ്യിലെടുത്തു് അവന്റെ അടുക്കൽ ചെന്നു, തൃക്കാൽതൊട്ടുകൂടിയ തദ്ദീയ

Digitized By Kerala Sahitya Akademi

കജലം അവന്റെ വായിൽ പകർന്നു; എന്നിട്ടു ചെവിയിൽ രാമനാമം ജപിച്ചു, തലയിൽ തുളസി ചൂടിച്ചു്, മാറത്തു സാളഗ്രാമം വെച്ചു്, യമദൂതന്മാരോടായി പറഞ്ഞു:—'നരകപീഡ പെടുത്തുന്നവരെ, നിങ്ങൾ പോയ്ക്കൊൾവിൻ. സാളഗ്രാമം തൊട്ടാൽ വമ്പിച്ച പാപവും ദഹിച്ചുപോകും.'

അദ്ദേഹം ഇതു പറഞ്ഞപ്പോഴെയ്ക്കും, ശംഖചക്രഗദാപത്മപാണികളായി മഞ്ഞപ്പട്ടുടുത്ത വിഷ്ണുദൂതന്മാർ, സാളഗ്രാമസ്പർശത്താൽ പാപം വേർപെട്ട പരേതന്റെ അടുക്കൽ വന്നെത്തി. അവർ ആ മാപാപിയായിരുന്ന പുൽക്കസനെ ദുരാധർഷമായ ഇരുമ്പു ചങ്ങലയിൽ നിന്നു വിടുവിച്ചു; എന്നിട്ടു്, 'ഈ പൂജ്യനായ വൈഷ്ണവനെ എന്തിനു ബന്ധിച്ചു? നിങ്ങൾ ആരുടെ കിങ്കരർ? അധർമ്മമാണല്ലൊ ചെയ്കകളഞ്ഞതു്.' എന്നിങ്ങനെ ചോദിച്ചു. അപ്പോൾ യമദൂതാക്കൾ പറഞ്ഞു:—'ഈ പാപിയെ കൊണ്ടുപോകാൻ ധർമ്മരാജാവു കല്പിച്ചയച്ചു വന്നവരാണു് ഞങ്ങൾ. ഇവൻ ഒരിക്കലും ഒരു പ്രാണിക്കെങ്കിലും മനസ്സുകൊണ്ടുകൂടി നന്മ ചെയ്തിട്ടില്ല; ദുഷ്ടൻ പ്രാണികളെ ഹിംസിക്കുകയേ ചെയ്തിട്ടുള്ളൂ. പലവുരു തീർത്ഥയാത്രക്കാരോടു തട്ടിപ്പറിക്കുക, പതിവായി പരസ്ത്രീകളെ പുൽകുക എന്നുവെയ്ക്കുണ്ടു, സകല പാപങ്ങളും ചെയ്തവനാണിവൻ. അതു പാപിയായ ഈ പുൽക്കസനെ കൊണ്ടുപോകാനാണു് ഞങ്ങൾ വന്നതു്. നിങ്ങൾ പെട്ടെന്നു വന്നു വിടുവിച്ചതെന്തുകൊണ്ടാണു്?'

വിഷ്ണുദൂതന്മാർ:—'ബ്രഹ്മഹത്യാദിയും, ഒരു കോടി പ്രാണികളെ കൊന്ന പാപം കൂടിയും സാളഗ്രാമസ്പർശത്താൽ ഉടനടി ദഹിച്ചുപോകും. ചെവിയിൽ ഒരു ശാന്തനിൽനിന്നു രാമനാമം പതിഞ്ഞാലൊ, അതു പാപത്തെ, തിന്നു പഞ്ഞിയെ എന്നപോലെ ഭസ്മമാക്കും. തലയിൽ തുളസിയും, മാറത്തു മനോഹരമായ സാളഗ്രാമവും, ചെവിയിലൊ മുഖത്തൊ രാമനാമവും ചേർന്നവനു തൽക്ഷണം തന്നെ മുക്തിവരും. ഇവൻ തുളസി ചൂടുകയും രാമനാമം ശ്രവിക്കുകയും മാറത്തു സാളഗ്രാമം ധരിക്കുകയും ചെയ്തവല്ലൊ; അതുനിമിത്തം പാപമെല്ലാം ദഹിച്ചു ശരീരം പരിശുദ്ധമായതിനാൽ, ഇവൻ പാപികൾക്കു ചെല്ലാവുതല്ലാത്ത പരമപദം പൂകാൻ അർഹനാണ്! അവിടെ പതിനായിരത്താണ്ടു സർവ്വമനോഹരങ്ങളായ ഭോഗങ്ങളും ഭുജിച്ചു തിന്നശേഷം ഇവൻ കാശിയിൽ ജനിച്ചു് ആ ജഗൽഗുരുവിനെ ആരാധിച്ചു, ദേവാസുരസുദുർല്ലഭമായ സായുജ്യം അടയും. സാളഗ്രാമത്തിന്റെ മാഹാത്മ്യം പരമേഷ്ഠിക്കുകൂടി ശരിയായി അറിഞ്ഞുകൂടാ. അതു്

Digitized By Kerala Sahitya Akademi

ദർശിക്കുകയൊ സ്പർശിക്കുകയോ പൂജിക്കുകയൊ ചെയ്താൽ ഏതു പാപവും തൽക്ഷണം നീങ്ങിപ്പോകും.'

ഇതുയും പറഞ്ഞു വിഷ്ണുദൂതന്മാർ വിരമിച്ചു. യമകിങ്കരന്മാർ ഈ അത്ഭുതം അവരുടെ തമ്പുരാനെ ചെന്നണത്തിച്ചു. രാമഭക്തനായ ആ വൈഷ്ണവനാകട്ടേ, 'ഇയ്യാൾ കാലപാശത്തിൽ നിന്നൊഴിഞ്ഞു പരമപദം പൂകുമല്ലോ' എന്നിങ്ങനെ ഏറ്റവും സന്തോഷിച്ചു. അപ്പോഴെയ്ക്കും ദേവലോകത്തിൽ നിന്നു, കിങ്ങിണികളണിഞ്ഞ നിർമ്മലമായ ഒരത്ഭുതവിമാനം വന്നെത്തി. പുൽക്കസൻ അതിൽ കേറി, പുണ്യവാന്മാരുടെ പാപ്പിടമായ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു; അവിടെ അതിമഹത്തുക്കളായ ഭോഗങ്ങളം അനുഭവിച്ചിട്ട്, ഭൂമിയിലേയ്ക്കു തിരിച്ചു കാശിയിൽ ഒരു വിശ്രുതമായ ബ്രാഹ്മണകുലത്തിൽ ജനിച്ചു, ജഗദീശനെ ആരാധിച്ചു, സായൂജ്യമടയുകയും ചെയ്തു. അതു പാപിയായിരുന്നവൻ പോലും, സത്സംസർഗ്ഗത്താൽ സാളഗ്രാമം സ്പർശിച്ചതിനാൽ വന്നിച്ച പീഡകളിൽ നിന്നു വേർപെട്ടു പരമപദം പ്രാപിച്ചു! രാജാവേ, സാളഗ്രാമപൂജാഫലം അങ്ങേയ്ക്കു ഞാൻ പറഞ്ഞുതന്നു; ഇതു കേട്ടാൽത്തന്നെ പാപനിർമ്മുക്തിയും ഭക്തിയും മുക്തിയും സിദ്ധിയ്ക്കും.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷധർമ്മോപാഖ്യാനസംവാദം, രാമാശ്വമേധപ്രകരണം, ശാണ്ഡകീമഹാത്മ്യകഥനം ഇരുപതാമദ്ധ്യായം.

ഇരുപത്തൊന്നാമദ്ധ്യായം

സുമതി:— ഇപ്രകാരം ശാണ്ഡകിയുടെ നിസ്തുല്യമാഹാത്മ്യം കേട്ടതിനാൽ രാജാവിന്നു തുലോം കൃതാർത്ഥത തോന്നി. അദ്ദേഹം ആ ബ്രാഹ്മണന്റെ ഉപദേശമനുസരിച്ചു് ആ തീർത്ഥത്തിൽ കുളിച്ചു, പിതൃക്കളെയെല്ലാം സംതൃപ്തം തർപ്പിച്ചു; പിന്നീടു് അതിൽ നിന്നു ഇരുപത്തിനാലു സാളഗ്രാമങ്ങളെടുത്തു ചന്ദനാദികൾകൊണ്ടു ഭക്തിപൂർവ്വം പൂജിച്ചു; അതിനു ശേഷം ദീനാന്ധന്മാർക്കു വിശേഷിച്ചും ദാനങ്ങൾ ചെയ്തു പുരുഷോത്തമ സന്നിധിയിലേക്കു യാത്രയുടനീ; ക്രമേണ ഗംഗാസമുദ്ര സംഗമത്തിൽ ചെന്നെത്തി, അതിനെ മർശിച്ചു പുരുഷോത്തമൻ ബ്രാഹ്മണനോടു സസന്തോഷം ചോദിച്ചു:—'സ്വാമിൻ, പുരുഷോത്തമൻ വാണരുളുന്ന ദേവാസുരനമസ്കൃതമായ നീലമഹാപർവ്വതത്തിലേയ്ക്കു് ഇനി എത്ര ദൂരമുണ്ടു്?' രത്നഗ്രീവഭൂവതിയുടെ ഈ

Digitized By Kerala Sahitya Akademi

ചോദ്യം കേട്ടപ്പോൾ അത്ഭുതപ്പെട്ട ബ്രാഹ്മണൻ അദ്ദേഹത്തോട് ആദരപൂർവ്വം കഥിച്ചു:—'രാജാവെ, മഹത്തായ പുണ്യത്തെ നൽകുന്നതും വന്ദനീയവുമായ നീലപർവ്വതപ്രദേശം തന്നെയാണിത്; അങ്ങു കാണാത്തതെന്തുകൊണ്ടാണ്?' ഇതുതന്നെ നീലാദ്രിപ്രദേശമെന്ന് അദ്ദേഹം വീണ്ടും വീണ്ടും പറഞ്ഞു. 'പുരുഷോത്തമന്റെ പാപ്പിടം ഭവാൻ കാണുന്നില്ലെന്നോ? ഇവിടെയാണ് ഞാൻ സ്നാനം ചെയ്തതും, കിരാതരെ കണ്ടതും; ഈ വഴിയിലൂടെ തന്നെയാണ് പർവ്വതത്തിന്റെ മുകളിലേയ്ക്കു കേറിയതു!'

ഇതു കേട്ടപ്പോൾ, നീലപർവ്വതം നിരീക്ഷിയ്ക്കുന്നതിൽ അത്യൽകണ്ഠിതനായിരുന്ന രത്നഗ്രീവനു വ്യസനമായി. അദ്ദേഹം അപേക്ഷിച്ചു:—'ബ്രാഹ്മണോത്തമ, എങ്ങിനെയാണ് പുരുഷോത്തമനേയും നീലത്തേയും ദർശിയ്ക്കുമാറാവുക? അതിനുപായം പറഞ്ഞുതരണേ!' വിസ്മയം പൂണ്ട വിപ്രതാപസൻ വഴി പറഞ്ഞുകൊടുത്തു:—'ഭൂപാല, നമുക്കു ഗംഗാസമുദ്രസംഗമത്തിൽ സ്നാനംകഴിച്ചു, നീലപർവ്വതം കാണാകുന്നതുവരെ, ഇവിടെത്തന്നെ നില്ക്കാം. ഭവാൻ പുരുഷോത്തമൻതിരുവടിയെ സ്തുതിച്ചുകൊള്ളുക. ആ ഭക്തവത്സലൻ വേഗത്തിൽ കനിഞ്ഞരുളും. ദേവദേവ ശിരോമണിയായ അവിടുന്നു ഭക്തന്മാരെ കൈവെടികയില്ല; അനേകം ഭക്തന്മാരെ തന്തിരുവടി രക്ഷിച്ചിരിക്കുന്നു. അതിനാൽ സ്തുതിച്ചു പാടിക്കൊൾകം.' ഖിന്നമാനസനായിരുന്ന മന്നവൻ ഗംഗയും സമുദ്രവും ചേരുന്നേടത്തു സ്നാനംചെയ്തു ഉപവാസം കൈക്കൊണ്ടു. 'പുരുഷോത്തമൻ എപ്പോൾ കനിഞ്ഞരുളുമോ, അപ്പോൾ പൂജകഴിച്ചിട്ടേ ഞാൻ ഭക്ഷണം കഴിക്കുകയുള്ളൂ; അതുവരെ ഉപവാസംതന്നെ' എന്നു നിശ്ചയിച്ചു് അദ്ദേഹം അനശനവ്രതം ദീക്ഷിച്ചു ഗംഗാസമുദ്രതീരത്തു നിന്നു വിഷ്ണുവിനെ സ്തുതിച്ചു പാടുകയായി:—

[പാന]

വെൽക ദീനദയാലോ തിരുമേനി!
വെൽക ദുഃഖഛിന്നമംഗളനാമാവേ!
വെൽക ഭക്തകൽ ദുഃഖം കളവോനേ!
വെൽക ത്വജ്ഞാംഗ, ദുഷ്ടരക്കൊൽവോനെ!
അമ്മുനി ശാപമേറ്റു വിവർണ്ണനാ-
മംബരീഷന്റെ സങ്കടം കാങ്കെയാൽ
ആർത്തനായിസ്സുദർശനചക്രത്താൽ-
ക്കാത്തു, ഗർഭാധിവാസവും പോക്കി നീ.

Digitized By Kerala Sahitya Akademi

ശൂലപാശജ്വലാനലപാതന-
ത്താലസുരേശനച്ഛൻ വലയ്ക്കുവെ
ബാലനെ നരസിംഹമായാശു കാ-
ത്തീലയൊ ഭവാൻ താതസമക്ഷമേ?
കാല്കു നക്രം കടിച്ചുവലിക്കയാൽ
മാല്കു കീഴ്പെട്ട മത്തഹസ്തീന്ദ്രനെ
കണ്ടതികൃപപൂണ്ട ഗരുഡന്റെ
കണ്ണുമേറിയണഞ്ഞു തദന്തികേ,
വേഗകമ്പിതമാലികാവസ്ത്രനായ്
നാഗവൈരിയെ വിട്ടിറങ്ങിസപദം.
ചക്രമേന്തിമുതലയെക്കൊന്നുനീ-
യക്കരിക്കു വിടതിവരുത്തിപോൽ,
തൃക്കഴൽ തൊഴുന്നോക്കഴലുള്ള ട-
ത്തൊക്കെമെയ്യോടണഞ്ഞാസപകീയരെ
പാലനംചെയ്വു നീ താൻ; അഹോ,പരി-
പാവനം നിൻചരിത്രം മനോഹരം!
ദേവകോടീരഹീരമണിവ്രജം
ചേവടിക്കുരസുന്ന ദീനപ്രഭോ,
പാപഭാഥക, ഭക്തബന്ധോ, തവ
പാദതാരൊന്നു കാട്ടിത്തരികമേ!
പാപിയാണീയടിയനെന്നാകിലെൻ-
പാപമൊട്ടുക്കകറാൻ കനിഞ്ഞാലും;
താവകരാണടിയങ്ങളെന്നതു
ദേവദാനവസേവ്യ, മറക്കൊല്ലേ!
നിന്തിരുനാമമോതിയാൽ പാതകാ-
നന്തസാഗരമാക്കും കടന്നിടാം
എന്നുകേൾപ്പതു നേരെങ്കിൽ, നിന്നെഞാ-
നൊന്നുകാണാവു സർവ്വാത്തിനാശന!'

ഈ വിധം രാപ്പകൽ സ്തുതിച്ചുപാടുകയല്ലാതെ, ആ നരേന്ദ്രൻ ക്ഷണനേരമെങ്കിലും വിശ്രമിക്കുകയോ, ഉറങ്ങുകയോ, സുഖിക്കുകയോ ചെയ്തില്ല. കുളിക്കുമ്പോഴും, ജപിക്കുമ്പോഴും, നടക്കുമ്പോഴും, ഇരിക്കുമ്പോഴുമൊക്കെ, 'കൃപാനിധേ, പുരുഷോത്തമ, നിന്തിരുവടിയുടെ കൃപയൊന്നു കാട്ടിത്തരേണമേ' എന്നതന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. ഇങ്ങിനെ അഞ്ചുദിവസംകഴിഞ്ഞു. അപ്പോൾ, കൃപാംബുധിയായ ഭഗവാൻ, 'ഈ രാജാവിന്ന് എന്നെ സ്തുതിച്ചു പാടുകയാൽ പാപം നീങ്ങിയിരിക്കുന്നു; ഇനി, ദേവദാനവപൂജിതമായ എന്റെ

Digitized By Kerala Sahitya Akademi

വിഗ്രഹം കണ്ടുകൊള്ളട്ടെ.' എന്നിങ്ങിനെ തിരുവുള്ളം നിറഞ്ഞ കരുണയോടെ വിചാരിച്ചു്, ഒരു സന്ന്യാസിയായി രാജാവിന്റെ അരികത്തേയ്ക്കു ഴന്നള്ളി. യതിവേഷം ധരിച്ചു തിണ്ഡവും കൈക്കൊണ്ടു, കേതനിലുള്ള അനുകമ്പയാൽ വന്നുചേർന്ന തന്തിരുവടിയെ ദർശിച്ചപ്പോൾ, വിഷ്ണുവിനെത്തന്നെ ധ്യാനിക്കുന്ന നൃപൻ, 'ഓം വിഷ്ണവേ നമഃ' എന്നിങ്ങിനെ നമസ്കരിച്ചു; അർഘ്യപാദ്യാസനങ്ങൾ നൽകി പൂജിച്ചുണർത്തിച്ചു:—'നിന്തിരുവടിയെ ദർശിച്ചതു നിസ്തുല്യമായ ഭാഗ്യം തന്നെ! ഇനി, ഗോവിന്ദനും എനിക്കു ദർശനം നൽകും.' ഉടനേ സന്ന്യാസി അരുളിച്ചെയ്തു:—'രാജാവേ, ഞാൻ പറയുന്നതു സശ്രദ്ധം കേട്ടാലും: എനിക്കു ഭ്രതവും ഭവ്യവും ഭാവിയുമൊക്കെ ജ്ഞാനത്താലറിയാം. നാളെ ഉച്ചയ്ക്കു, ബ്രഹ്മാവിനും ദുർല്ലഭമായ നാരായണദർശനം അങ്ങയ്ക്കു സിദ്ധിക്കും; ഭവാൻ, അമാത്യൻ, അങ്ങയുടെ ഭാര്യ, താപസബ്രാഹ്മണൻ, അങ്ങയുടെ നഗരത്തിലെ കരംബൻ എന്ന തന്തുവായൻ എന്നീ അഞ്ചുപേർ പരമപദം പൂകുകയുംചെയ്യും. ഈ നാൽവരോടും ക്രൂടിവേണം, ഭവാൻ ബ്രഹ്മേന്ദ്രാദിദേവപൂജിതമായ നീലപർവ്വതത്തിലേയ്ക്കു പോകുവാൻ.' ഇത്രയും പറഞ്ഞു സന്ന്യാസി മറഞ്ഞു; പിന്നെ ഒരേടത്തും അദ്ദേഹത്തെ കണ്ടില്ല. രാജാവിനു ഹർഷവും അത്ഭുതവും വളർന്നു.

രത്നഗ്രീവൻ:—'സ്വാമിൻ, എന്നോടു വന്നുപറഞ്ഞ ഈ സന്ന്യാസി ആരാണ്? മനംകുളിപ്പിച്ച അദ്ദേഹത്തെ ഇപ്പോൾ എങ്ങും കാണുന്നില്ലല്ലോ!'

ബ്രാഹ്മണൻ:—'രാജാവേ, ഭവാന്റെ വന്ദിച്ച ഭക്തിയാൽ ആകൃഷ്ടനായ പുരുഷോത്തമൻ തിരുവടിതന്നെയാണ്, ഈ വന്ന ആൾ. നാളെ ഉച്ചയ്ക്കു ഭവാനു മാമല കാണുമാറാകും; അതിന്മേൽ കേറി ഹരിയെ ദർശിച്ചു ഭവാൻ കൃതാർത്ഥനാകും.'

ഈ വാക്കാകുന്ന അമൃതപൂരത്താൽ ചിത്തസന്താപം നീങ്ങി, നരേന്ദ്രനുണ്ടായിവന്ന സന്തോഷം ബ്രഹ്മാവിനും അളക്കാവുന്നതല്ല. അവിടെ പൊരുന്നവർകും, വീണകും, പണവങ്ങൾകും, ഗോമുഖങ്ങൾകും എന്നിവ മുഴങ്ങിത്തുടങ്ങി. രാജേന്ദ്രൻ കേവലം ആനന്ദമയനായിച്ചമഞ്ഞു: അദ്ദേഹം ഹരിയെ സ്തുതിച്ചു പാടുകയും, ആടുകയും, ക്ഷണനേരം നില്ക്കുകയും, വല്ലതും പറയുകയും, ചിരിക്കുകയും, വണ്ണിക്കുകയുമായി! എല്ലാ ദുഃഖങ്ങളേയും ദൂരെക്കളയുന്ന ഒരു സാന്ദ്രാനന്ദം അദ്ദേഹത്തിനു കൈവന്നു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷധാത്ര്യായനസംവാദം, രാമാശ്വമേധപ്രകരണം, രത്നഗ്രീവസന്ന്യാസിസമാഗമം ഇരുപത്തൊന്നാമദ്ധ്യായം.

—(o)—

Digitized By Kerala Sahitya Akademi

ഇരുപത്തിരണ്ടാമദ്ധ്യായം

സുമതി:—ഹരിയെ സ്മരിച്ചും കീർത്തിച്ചും പകൽ മുഴുവൻ കഴിച്ചു, രാത്രിയിൽ, അദ്ദേഹം മഹാഫലപ്രദമായ ഗംഗാതീരത്തു കിടന്നുറങ്ങി. ഉറക്കത്തിൽ ഒരു സ്വപ്നം കണ്ടു: താൻ ചതുർബാഹുവും ശംഖചക്രഗദാപദ്മശാർങ്ഗധാരിയുമായി പുരുഷോത്തമന്റെ തിരുമുമ്പിൽ നൃത്തംവെയ്ക്കുന്നു; ശിവൻ മുതലായ ദേവകളും, ദിവ്യ ശരീരം പൂണ്ട ശംഖചക്രഗദാപദ്മാദികളും, സത്വപരായ വൈകുണ്ഠപാർഷദന്മാരും ലക്ഷ്മീശനെ ഉപാസിയ്ക്കുന്നു. ഇങ്ങനെയെല്ലാം കണ്ടപ്പോൾ, രത്നഗ്രീവനുണ്ടായ ഹർഷവും അദ്ഭുതവും പറഞ്ഞൊപ്പിക്കാവുന്നതല്ല! തനിക്കു പുരുഷോത്തമൻ അഭീഷ്ടം തന്നുഎന്നും, താൻ കരുണയ്ക്കു പാത്രമായി എന്നും ആ ബുദ്ധിമാനു തോന്നി. രാവിലെ ഉണർന്നേഴുനേറ്റ രാജശ്രേഷ്ഠൻ സ്വപ്നദർശനവൃത്താന്തം ബ്രാഹ്മണനെ ധരിപ്പിച്ചു: അതുകേട്ടിട്ടു ധീമാനായ ബ്രാഹ്മണൻ സവിസ്മയം പറഞ്ഞു:—'രാജാവേ, പുരുഷോത്തമനെത്തന്നെയാണ് ഭവാൻ ദർശിച്ചത്; തന്തിരുവടി ഭവാനു ശംഖചക്രാദികളാൽ അങ്കിതമായ സാരൂപ്യം തന്നരുളും.'

മഹാമനസ്കനായ മന്നവൻ ഗംഗാബ്ധി സംഗമത്തിൽ സ്നാനം ചെയ്തു പിതൃദേവകളെ തർപ്പിച്ചു, കഷ്ടപ്പെട്ടവർക്കു കാമിതദാനം നടത്തി, വിഷ്ണുവിനെ സ്തുതിച്ചു പാടിക്കൊണ്ടു ദർശനം കാത്തിരിപ്പായി. നേരം ഉച്ചയായപ്പോഴേയ്ക്കും, ദേവന്മാർ കൊട്ടുന്ന പെരുമ്പറകളുടെ ശബ്ദം സർവ്വത്ര മുഴങ്ങി; രാജാവിന്റെ ശിരസ്സിൽ പെട്ടെന്നു പൂമഴപൊഴിഞ്ഞു; 'മഹാരാജാവേ, ഭവാൻ ഭാഗ്യശാലി തന്നെ. നീലപർവ്വതം ദർശിച്ചുകൊൾക.' എന്നിങ്ങനെ ദേവകൾ ഉച്ചരിക്കുന്നതും നേരേത്തുന്ന കേൾക്കുമാറായി. തൽക്ഷണം, അനേകകോടി സൂര്യന്മാരൊത്ത തേജസ്സോടെ, പൊൻവെള്ളിക്കൊടുമുടികളും ചുഴന്ന നീലമഹാപർവ്വതം രാജാവിനു കാണായിവന്നു. 'കത്തുന്ന തീയ്യായിരിക്കുമോ ഇതു്! അതോ, രണ്ടാമതൊരു സൂര്യനോ! അല്ലെങ്കിൽ, സുസ്ഥിരമായിച്ചമഞ്ഞ വിദ്യുൽപുഞ്ജമായിരിക്കുമോ!' എന്നു തോന്നുംവണ്ണം പരിശോഭിക്കുന്ന ആ പർവ്വതം കണ്ടിട്ട്, 'ഇതാ, പുണ്യമഹാഗിരി!' എന്നു താപസപ്രിയൻ ഭൂപതിയെ അറിയിച്ചു. 'ഞാൻ ധന്യനായി, കൃതാർത്ഥനായി: നീലപർവ്വതം കാണായിവന്നുവെല്ലോ!' എന്നിങ്ങനെ, രാജാവു സാഷ്ടാംഗം നമസ്കരിച്ചു. മന്ത്രി, മഹിഷി, കരംബകനെന്ന തന്ത്രവായൻ എന്നിവരും നീലദർശനത്താൽ നിരതിശയഹർഷരായിച്ചമഞ്ഞു.

Digitized By Kerala Sahitya Akademi

അവരെവരും വിജയമുഹൂർത്തത്തിൽ, നിലിമ്പരുടെ പെരുമ്പറകൊട്ടു കേട്ടുംകൊണ്ടു പർവ്വതമുകളിലേയ്ക്കു കയറി.

പലതരം മരങ്ങളും ചുഴന്ന അതിന്റെ മുകൾമുടിയിൽ കനകമയമായ മഹാക്ഷേത്രം അവർക്കു കാണുമാറായി. അവിടെ ബ്രഹ്മാവു നാൾതോറും വന്ന പുരുഷോത്തമനെ പ്രീതികരമായ നൈവേദ്യം നിവേദിച്ചു പൂജിക്കാറുണ്ടു്. അഞ്ചുപേരും അമ്പലത്തിലേയ്ക്കു കടന്നു് അവിടെ മികച്ച രത്നങ്ങളും പതിച്ച കാഞ്ചന സിംഹാസനത്തിന്മേൽ ചണ്ഡപ്രചണ്ഡ ജയവിജയാദികളാൽ ഉപാസിതനായി വിളങ്ങുന്ന ചതുർഭുജനെ നമസ്കരിച്ചു. പത്നിമാരോടും പരിവാരങ്ങളോടും താപസനോടും കൂടിയ പ്രാചീവൻ പരിതുഷ്ടിയോടെ പരമാത്മാവിന്നു വേദമന്ത്രം ചൊല്ലി അഭിഷേകം കഴിച്ചു, പാദ്യാർഘ്യാദികളും നൽകി, ചന്ദനം ചാർത്തിച്ചു, വസ്ത്രങ്ങളും ധരിപ്പിച്ചു, ധൂപവും നീരാജനവും നടത്തി, സർവ്വരസമനോജ്ഞമായ നൈവേദ്യം നിവേദിച്ചു. പിന്നീടു, വീണ്ടും നമസ്കരിച്ചു, ഗോവൽഗുണങ്ങളെ യഥാമതി വർണ്ണിച്ചുസ്തുതിപ്പാൻ തുടങ്ങി.

[മാലിനീവൃത്തം—ഗണം നാലു നകാരം]

'ഏകൻഭവാൻ സാക്ഷാൽ പര-പൂരുഷൻ പ്രകൃത്യതീതൻ
കായ്കാരണതാപഭിന്നൻ-ഹാ, മഹത്തത്ത്വപാദിപൂജ്യൻ!
നിൻനാഭിപ്പൊൻതാമരയിൽ- നിന്നുദിച്ചോൻ സ്രഷ്ടാവജൻ;
നിൻകണ്ണിൽനിന്നുത്ഭവിച്ചോൻ-ശങ്കരനാം സംഹർത്താവും.
നിന്നാജ്ഞയാലീവിഷ്ടപം-തന്നിൽവേല ചെയ്യോരിവർ!
ആവിർഭ്രതം നിങ്കൽനിന്നേ-സ്ഥാവരജംഗമലോകം;
കേവലമിതിന്നൊട്ടുക്ക-ജീവനായി നില്പതുംനീ.
ഇല്ലുജന്മമിവിടുത്തെ-യ്യില്ലിനാശം ജഗദീശ;
വൃദ്ധി,ക്ഷയം, പരിണാമ-മുത്ഭവോന്നില്ലിവയും;
എന്നാകിലും, ധർമ്മം സ്ഥാപിച്ചുന്നത ഭക്തരക്ഷയ്ക്കായ്
ജന്മങ്ങളുമവയ്ക്കുത്ത-കർമ്മങ്ങളും കൈക്കൊൾവൂനീ:
മീനായിച്ചിദാത്മൻ, ശംഖദാനവനെക്കൊന്നുന്നം
വേദങ്ങളെവീണ്ടെടുത്താ-നാദിമഹാപുരുഷൻനീ
നിന്മഹിമാവറിവീലാ-ബ്രഹ്മപത്നിശേഷന്മാരും
പിന്നെയാണോമുകുന്ദ,മ-റ്റെന്നെപ്പോലാം വിമൂഢന്മാർ?
ഉൾപ്പൂകൊണ്ടുമെണയുന്നീ-ലിബ്ഭോരതീദേവിനിന്നെ;
അബ്ഭവോനെവാഴ്ത്താനെങ്കേ-കെല്പെനിക്കതുമുറാനെ?'

Digitized By Kerala Sahitya Akademi

ഇപ്രകാരം, തൊണ്ടയിടറിയും കോരിത്തരിച്ചും കൊണ്ട് സ്തുതിച്ച് അദ്ദേഹം പലവുരു നമസ്കരിച്ചു. ഈ സ്തുതിയാൽ തിരുവുള്ളം തെളിഞ്ഞ ഭഗവാൻ പുരുഷോത്തമൻ രാജാവിനോട് സത്യവും സ്വാത്മാവുമായി അരുളിച്ചെയ്തു:—'മഹാമതിയായ മഹാരാജാവേ, ഭവാന്റെ സ്തുതി എന്നെ സന്തോഷിപ്പിച്ചിരിക്കുന്നു. ഞാൻ പ്രീതിക്കും പരനാണെന്നറിഞ്ഞുകൊൾക. ഭവാൻ വേഗത്തിൽ മനോഹരമായ നൈവേദ്യം ഭക്ഷിക്കുക; എന്നാൽ ചതുർബാഹുവായി പരമപദം പ്രാപിക്കാം. ഭവാന്റെ ഈ ശ്രേഷ്ഠസ്തുതിചൊല്ലി, എന്നെ ആർ സ്തുതിക്കുമോ, അവനും ഞാൻ കേതുമുക്തിപ്രദമായ ദർശനം നൽകും.'

ഭഗവാൻ അരുളിച്ചെയ്തതിൻവണ്ണം, രാജാവു മറു നാൽവരോടുംകൂടി നൈവേദ്യം ഭക്ഷിച്ചു. അപ്പോഴെയ്ക്കും, കിങ്ങിണിത്തൊങ്ങലണിഞ്ഞു സർവഭോഗ്യങ്ങളും ഉരുത്തിരിഞ്ഞ അപ്സരസ്ത്രീകളും ചൂഴ്ന്നതായ ഒരു വിമാനം വന്നുചേർന്നു. പുരുഷോത്തമനെ ദർശിച്ചു തൽക്കരുണയാൽ കൃതാർത്ഥനായ രാജാവു വീണ്ടും തൃക്കാൽക്കൽ വന്ദിച്ച്, അവിടുത്തെ ആജ്ഞയാൽ ഭാര്യയോടുംകൂടി വിമാനത്തിൽ കേറി, അവിടുന്നു കാണ്കെത്തന്നെ, അത്ഭുതകരമായ വൈകുണ്ഠത്തിലേയ്ക്കു ഗമിച്ചു. സർവധർമ്മജ്ഞനായി ധർമ്മപരനായിരുന്ന ഉത്തമനെന്ന രാജമന്ത്രിയും വിമാനത്തിലേറി സുന്ദരീവൃന്ദനിഷേവിതനായി പ്രയാണംചെയ്തു; എല്ലാ തീർത്ഥങ്ങളുമാടി ചതുർജ്ജലസംനേടിയ താപസബ്രാഹ്മണനും വിമാനമേറി വിണ്ണവരോടൊന്നിച്ചു യാത്രയായി. ഗാനപുണ്യത്താൽ ദർശനം ലഭിച്ച കരംബനും • സുരന്മാക്കുകൂടി സുദുർല്ലഭമായ ദേവനിലയത്തിലേയ്ക്കു നടകൊണ്ടു—എല്ലാവരും മേഘവർണ്ണരായി ചതുർബാഹുക്കളായി ശംഖ ചക്രഗദാപത്മങ്ങളേന്തി ഹാരകേയൂരകിരീടങ്ങളണിഞ്ഞു, പരമാത്ഭുതമായ വിഷ്ണുലോകത്തേക്കു പറപ്പെട്ട് ആകാശത്തേയ്ക്കുയർന്നു. അവരുടെ വിമാനങ്ങളം കണ്ടിട്ട്, പൌരജനങ്ങളം പെരുമ്പറയടിക്കുന്നത് അവക്ക് കേൾക്കുമാറായി. വിഷ്ണുപാദാബ്ജം സേവിച്ചിരുന്ന ആ ഏകബ്രാഹ്മണൻ നടകൊണ്ടപ്പോൾ ചതുർഭുജൻ അദ്ദേഹത്തിന്റെ വിരഹത്താൽ ഉൽകണ്ഠിതനായപോലെ കാണപ്പെട്ട! ഈ അത്ഭുതം കണ്ടിട്ട പൌരജനങ്ങളം, 'അഹോ, സൽബുദ്ധിയായ രത്നദ്വീപാലന്റെ ഭാഗ്യം: ഈ ദേഹത്തോടുകൂടിത്തന്നെ അവിടുന്നു പരമമായ വിഷ്ണുപദം പൂകിയല്ലോ!' എന്നിങ്ങിനെ മഹിമ പ്രശംസിച്ചുംകൊണ്ട് ഗംഗാസമുദ്രസംഗമത്തിൽ സ്നാനം കഴിച്ചു നഗരത്തിലേയ്ക്കു തിരിച്ചു.

രാജാവേ, പുരുഷോത്തമൻ വാഴുന്ന ആ നീലപർവതമാണിത്, ഇവിടെ ദർശിച്ചാൽത്തന്നെ വൈകുണ്ഠമാകുന്ന പരമപദം പ്രാപിക്കാം,

Digitized By Kerala Sahitya Akademi

ഈ നീലാചലമാഹാത്മ്യം കേൾക്കുന്നവനും കേൾപ്പിക്കുന്നവനുമായ ഭാഗ്യവാന്മാരിരുവരും പരമപദത്തിൽ ചെന്നെത്തും. ഇതു ശ്രവിച്ചാൽ ഉസ്സുപ്പ്നം നീങ്ങും. സ്മരിച്ചാൽത്തന്നെ, ഒടുവിൽ സംസാരസാഗരം കടപ്പാൻ പുരുഷോത്തമൻ വഴിയരുളും. ഈ നീലപർവ്വതത്തിൽ വാഴുന്ന സർവ്വകാരണങ്ങൾക്കും കാരണമായ പുരുഷോത്തമൻ തന്നെയാണ് രാമൻ; സീത സാക്ഷാൽ മഹാലക്ഷ്മിയുമത്രേ. അവിടുന്നു അശ്വമേധം കഴിക്കുന്നതു് വിശ്വവിശുദ്ധിക്കാകുന്നു. അവിടുത്തെ തിരുനാമമാണല്ലോ, ബ്രഹ്മഹത്യയ്ക്കു കൂടി പ്രായശ്ചിത്തമായി നിർദ്ദേശിക്കപ്പെട്ടുന്നത്.

ഇപ്പോൾ ഭവാന്റെ അശ്വം നീലമാമലയിൽ എത്തിയിരിക്കുന്നു. ഭവാൻ പുരുഷോത്തമൻതിരുവടിയെ വന്ദിച്ചാലും. എന്നാൽ നമുക്കു പാപം വിട്ടു പരമപദം പൂകുമാറാകും. തന്തിരുവടിയുടെ പ്രസാദത്താൽ വളരെപ്പേർ സംസാരസമുദ്രം കടന്നിരിക്കുന്നു.'

സുമതി ഇവ്വിധം പറയുന്നതിനിടയിൽ, വായുവേഗംപൂണ്ട കതിർ കളമ്പിനാൽ മന്നിടം പൊടിച്ചുംകൊണ്ടു നീലാചലത്തിലെത്തിച്ചേർന്നു. അപ്പോൾ, അതിനെ പിന്തുടരുന്ന ശത്രുഘ്നനും ഗംഗാബ്ധിസംഗമത്തിൽ കുളിച്ചു, നീലപർവ്വതത്തിന്മേൽ കേറി പുരുഷോത്തമനെ ദർശിച്ചു. ദേവാസുരനമസ്കൃതനായ തന്തിരുവടിയെ നമസ്കരിച്ചു സ്തുതിച്ചതിനാൽ അദ്ദേഹത്തിന്ന് ഒരു ചാരിതാർത്ഥ്യം തോന്നി.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, രത്നഗ്രീവാവധൈകനൂപ്പാപ്തി ഇരുപത്തിരണ്ടാമധ്യായം.

(0)

ഇരുപത്തിമൂന്നാമധ്യായം

ശേഷൻ:—നെറ്റിക്കു പത്രംകെട്ടി, ചാമരാലംകൃതമായി, വീരശ്രേണിയാൽ പരിവൃതമായ തുരംഗമം കുറച്ചുനേരം നിന്നു പുല്ലുതിന്നിട്ടു നടതുടർന്നു. പ്രവീരനായ ശത്രുഘ്നൻ, ലക്ഷ്മീനിധിപുഷ്കലൻ, പുഷ്കലൻ, ഉദ്ദാശപാലൻ, പ്രതാപാഗ്രജൻ എന്നിവരാൽ സുരക്ഷിതവും അനേകംകോടി യോദ്ധാക്കളാൽ അനുഗതവുമായിരുന്ന ആ യജ്ഞാശ്വം സുബാഹുവിന്റെ ചക്രാങ്കനഗരത്തിലേയ്ക്കാണ് ഗമിച്ചതു്. അപ്പോൾ, സു

Digitized By Kerala Sahitya Akademi

ബാഹുവിന്റെ പുത്രൻ, ദമനൻ വേട്ടയ്ക്കിറങ്ങിയിരിക്കയായിരുന്നു. നെറ്റിമേൽ പത്രംകെട്ടി ചന്ദനവും മറവും പൂശിക്കപ്പെട്ട കുതിരയെ കണ്ടപ്പോൾ അവൻ സേവകനോടു ചോദിച്ചു:—'ആരുടെയാണ് ഇക്കാണുന്ന കുതിര? നെറ്റിമേൽ പത്രംകെട്ടിയിട്ടുണ്ട്. വെൺചാമരവും പരിലസിക്കുന്നു!' സേവകൻ ഉടനെ ഫാലപത്രംകൊണ്ടു ശോഭമാനമായ വാജിയുടെ അടുക്കൽവന്ന്, മണിമാലകളണിഞ്ഞിരുന്ന അതിനെ പുഷ്കരോമത്തിന്മേൽ പിടിച്ചു, സുബാഹുപുത്രനായ സ്വാമിയുടെ അടുക്കലേയ്ക്കു കൊണ്ടുപോയി. അദ്ദേഹം പത്രത്തിൽ ഭംഗിയായി എഴുതപ്പെട്ടിരുന്നതു വായിച്ചുനോക്കി.

[ശ്ലോകങ്ങൾ]

'അയോധ്യ വാണിരുന്ന കെല്പേറും ദശരഥൻ നൃപൻ;
തദാത്മജൻ രാമഭദ്രൻ സർവ്വധനുരശിരോമണി;
ഇല്ലവന്നു സമൻ മന്നിൽ വില്ലെടുത്തടർ ചെയ്യുവാൻ,
അദ്ദേഹം വിട്ടതീയശ്വം ചന്ദനാങ്കിത ചർച്ചിതം;
ഇതിൻത്രാതാവു ശത്രുഘ്നൻ ധർമ്മശീലൻ പരന്തപൻ'
'ശൂരർ നാം, വീരർ നാം, വില്ലർ നാ'മെന്ന ചൊണയുള്ളവർ
പിടിക്കട്ടേ രത്നമാലചാർത്തുമീ വാജിയെബ്ബലാൽ;
ശത്രുഘ്നൻ വിടുവിച്ചീടും സർവ്വവീരശിരോമണി;
അല്ലായ്കിൽത്തൽപ്പദം കൃപ്പിക്കുമ്പിടട്ടേ ധനർദ്ധരർ!'

എന്നീ അഭിപ്രായം രാജപുത്രനെ ചൊടിപ്പിച്ചു.

[ശീതങ്കൻ തുള്ളൽ]

'പില്ലാളി രാമനൊരാളുതാൻ; ക്ഷത്രിയ-
രല്ലപോലാഹന്ത, നാമാരുമൂഴിയിൽ!
എന്നച്ഛനിങ്ങെഴുംപോളിതു തള്ളലോ!
എന്നാലതിൻഫലം നേടുകെന്നമ്പിനാൽ:
ഗാത്രമെങ്ങും മുറിച്ചേറ്റു ശത്രുഘ്നനെ-
പ്പുത്തപിലാത്തുപോലാക്കട്ടെയെൻ ശരം!
നൽക്കരിഗന്ധം പിളർത്തട്ടെ! ചോരയിൽ
മുക്കട്ടെ വാജിഗണത്തെയെന്നാമുകം!
മത്സ്യത്തലയോട്ടിലാക്കിക്കുടിക്കട്ടെ
രക്തമാവോളം പിശാചവധൂടിമാർ!
വന്നുചേരുന്നെൻപ്രതി മല്ലമാംസങ്ങളെ-
ത്തിന്നു തിമിർക്കട്ടെ ജംബുകമണ്ഡലം!
കാണട്ടെ യോദ്ധാക്കരം, വിൽവലിച്ചുതൂർ-
ബാണങ്ങരം വൃകമെൻ ബാഹുവിക്രാന്തിയെ!

Digitized By Kerala Sahitya Akademi

എന്നിങ്ങിനെ സഹർഷം പറഞ്ഞു, വീരനായ ദമനൻ കുതിരയെ നഗരത്തിലേയ്ക്കയച്ചു; പിന്നീട് സേനാപതിയോടാജ്ഞാപിച്ചു, തനിക്കു ശത്രുവഗ്ഗത്തെ തടുക്കുവാൻ ഒരു ചെറിയ സൈന്യത്തെ ഒരുക്കിച്ചു, യുദ്ധത്തിന്നൊരുങ്ങി നില്പായി. അപ്പോഴേയ്ക്കും അശ്വാന്വയായികൾ അവിടെയെത്തി, 'മഹാരാജാവിന്റെ യാഗാശ്വം എവിടെ? എന്നു തങ്ങളിൽ ചോദിച്ചു് അങ്ങുമിങ്ങും ഉഴറി നോക്കിത്തുടങ്ങി. അപ്പോൾ വീരന്മാരുടെ കോലാഹലം കലന്ന് ഒരു സേനാവിഭാഗം ഒരുങ്ങിനിൽക്കുന്നതു പരന്തപനായ പ്രതാപാഗ്രൃൻ കണ്ടു. അതിലെ ചില ഭടന്മാർ, 'കുതിരയെ ഈ വീരൻ കൊണ്ടുപോയി; ഇല്ലെങ്കിൽ, പടയും കൂട്ടി പൊരുതാൻ നിൽക്കുമോ?' എന്നിങ്ങനെ പറഞ്ഞുകേട്ടപ്പോൾ പ്രതാപാഗ്രൃൻ ഒരു ദൂതനെ അയച്ചു. അയാൾ ദമനന്റെ അടുക്കൽ ചെന്നു ചോദിച്ചു:—'രാമരാജാവിന്റെ കുതിര എവിടെ? ആർ കൊണ്ടുപോയി? എങ്ങോട്ടു കൊണ്ടുപോയി? ആ മൂഢനു രാമനെപ്പറ്റി ഒന്നും അറിവില്ലായിരിക്കാം! ആരെ ഇന്ദ്രാദിദേവന്മാർപോലും കാഴ്ചയും കൊണ്ടുവന്നു കുമ്പിടുന്നുവോ, ആ ധർമ്മപ്രഭുവുമായുടെ വമ്പിച്ച സൈന്യം കീഴടങ്ങാത്തവരെയെല്ലാം വിഴുങ്ങുകതന്നെ ചെയ്യും!' ഇതു കേട്ടിട്ടു ദുർബുദ്ധിയായ രാജപുത്രൻ ആ ദൂതനെ ധിക്കരിച്ചു പുലമ്പുകയാണു് ചെയ്തതു്:—'ഞാനാണു്, പതുവും മറവും കെട്ടിച്ചിട്ടുള്ള കുതിരയെ കൊണ്ടുപോയതു്; ശൂരന്മാരുണ്ടെങ്കിൽ, അവർ എന്നെ ജയിച്ചു ബലാൽക്കാരേണ വിടുവിച്ചുകൊള്ളട്ടെ.' ദൂതൻ അമർഷത്താൽ ചിരിച്ചുംകൊണ്ടു തിരിയെ പോന്നു, ദമനൻ പറഞ്ഞതെല്ലാം പ്രതാപാഗ്രൃനെ അറിയിച്ചു.

ഉടനെ, അരിശത്താൽ കൺചുകന്ന ആ മഹാബലൻ മഹാവീരപുരസ്സരനായ രാജപുത്രനോടു പൊരുതാനായി, നല്ല നകത്തണ്ടുവെച്ചു നാലു കുതിരകളെ പൂട്ടി ആയുധങ്ങളൊക്കെ നിറച്ചിട്ടുള്ള ഒരു കനകത്തേരിലേറി ചെന്നു, ഞാണൊലിയിടുകയും കോപബാഷ്പം പൂണ്ടു തെരുതെരെ അട്ടഹസിക്കുകയും ചെയ്തു. ഏഴെ നാളായി ഒരു വീരനോടു പൊരുതാൻ കൊതിക്കുന്ന പടയാളികൾ ആന-കുതിരപ്പുറത്തേറിയും കാൽനടയായും വാരം മിന്നിച്ചുകൊണ്ടും രോഷാകുലേക്ഷണനായ പ്രതാപാഗ്രൃനെ പിൻതുടർന്നു. അങ്ങിനെ ശത്രുസൈന്യം യുദ്ധത്തിന്നൊരുങ്ങിയതു കണ്ടിട്ടു, ചട്ടയിട്ട വാളും വില്ലുമേന്തി സന്നദ്ധനായിരുന്ന ആ യുവാവായ വീരനൃപാത്മജൻ പെരുംപടയാൽ ചുറ്റപ്പെട്ടു, സിംഹം ഗജയൂഥത്തോടെന്നപോലെ സലീലമായി പോരാടാനെതിരിട്ടു.

Digitized By Kerala Sahitya Akademi

[വഞ്ചിപ്പാട്ട്]

രുഷ്ടർ ഭടരുടനടരിട്ടതമ്മിൽ വധിപ്പാനായ്,
വെട്ടു കീറു എന്നാംചൊല്ലിക്കൊണ്ടു പാഞ്ഞേറ—
കാലാഠം കാലാളോടും, നാഗാരൂഢൻ നാഗാരൂഢനോടും
തേരാഠം തേരാളോടും, സാദി സാദിയോടുമായ്.
രണ്ടായ് വിണ്ടു ഭടിരദങ്ങളം; തുണ്ടായ്ത്തീർന്നു തുരംഗങ്ങളം;
കണ്ടഭടിക്കിലെല്ലാം ഘോര കൃത്തിയൊലിച്ചു.
തൻപടയെ നൃപപുത്രനമ്പിപ്പതു കണ്ടുരോഷാൽ
വൻപൂക്കുടം പ്രതാപാഗ്രൻ സൂതനോടോതി:—
'ഏൻപടയെ മട്ടിക്കുന്ന വൻപനാം നൃപാത്മജൻറെ
മുമ്പിലേക്കു തെളിച്ചാലുമശ്വങ്ങളെ നീ.'
വീരോടും പ്രതാപാഗ്രൻറനേരേതന്നെ ചെന്നാനപ്പോൾ
വീരശിരോരത്നാവീതപാദൻ ഭീമൻ.
പ്രതാപാഗ്രസാരഥിയും പ്രാപിച്ചിച്ചു ഹയങ്ങളെ
പ്രധനാത്മം നൃപാത്മജപ്രൗഢനോടുകൽ.
പൊന്നിൻതേരിൽ വില്ലുമേന്തി മിന്നുംപ്രതാപാഗ്രൻചെന്നാ
മന്നവൻറെ മകനോടു ചൊന്നാനീവണ്ണം:—
'കുട്ടി, നീതാൻ പിടിച്ചിങ്ങുകെട്ടിയല്ലോ കുതിരയെ-
ത്തിട്ടമറിയുന്നീലാ നീ രാമരാജനെ!
വീരവരരെല്ലാം കാൽക്കൽ വീഴുമാർതൻ പ്രതാപത്തെ-
പ്പോരിൽത്താങ്ങാനാളായീലാ രാക്ഷസേന്ദ്രനും,
അദ്ദേവൻറെ വാജിയെ തീ പത്തനാ പൂകിച്ചുവല്ലോ!
ശത്രുക്കൾക്കു കാലനാണീച്ചാരേവന്നഞാൻ.
പാരാതശത്തിനെ വിട്ടുപൈതലേ, പോയ്ക്കളിച്ചുകൊൾ-
കാരുടെയുമകനേ,തുനാട്ടുകാരൻ നീ?
കഥയില്ലാഞ്ഞീ ഞങ്ങൾതൻ കുതിരയെപ്പിടിച്ചതിൽ-
ക്കരുണതോന്നുന്നു മമ കൈക്കരുത്താം നിങ്കൽ!'
ഇതുകേട്ടു ചിരിച്ചോതി മദമാന്ന ഭീമനും
പ്രതാപാഗ്രബലം പുല്ലായ്ക്കരുതിക്കൊണ്ടേ:—
'ഹരിയെപ്പിടിച്ചുകെട്ടിപ്പുരിയിൽക്കൊണ്ടാക്കിനേൻ ഞാൻ;
തിരിച്ചേകാ; പൊരുതിക്കൊൾകിരുണ്ടെങ്കിൽ!
'കുട്ടി, നീപോയ് ക്കളിയാടിക്കൊൾകെ'ന്നല്ലോ ചൊല്പീവോ-
നൊട്ടെൻകളി യുക്കൺപാക്കുകെന്നാൽപ്പോർമുന്നിൽ!'

Digitized By Kerala Sahitya Akademi

ഇത്ഥംചൊല്ലി വില്ലുകലച്ചുമൊരുന്തുരുതൊട്ട-
ത്ത,സ്ഥധൈര്യൻ ചൂളമാറു ശംഖുമൊന്നൂതി,
പ്രതാപിയായുവാവെയ്യാൻ പ്രതാപാഗ്ര്യമാറിടത്തെ-
യ്യും, തൊട്ടുക്ക മുറിച്ചിട്ടാനവനപ്പോഴേ.
മുഴരോഷാലഥ കരുത്തേഴും സുബാഹുവിൻ മകൻ
കഴച്ചിറകുണിക്ക്രൂരമ്പസംഖ്യം വിട്ടാൻ.
ആകാശത്തും, ഭൂമിയിലു,മവയുടെ നടുവിലും,
പേർകൊത്തിയമ്പാണം കാണായ് പേമാരിപോലെ.
ആബ്ബാണങ്ങൾ നൊത്തതേറു തീപ്പൊരിപാറിച്ചുകൊണ്ടു
വായ്പേറിയ സൈന്യങ്ങളെച്ചുട്ടെരിയ്യുയായ്
ഉൽക്രോധനായ് പ്രതാപാഗ്ര്യൻനിൽക്കനിൽക്കെന്നരചെയ്യു
ചിക്കൈനൊരുപത്തുശരം ശിരസ്സിലെയ്താൻ.
ദമനൻറെ നെറിതന്മേലമന്നാശ്ശരങ്ങളൊരു
ദ്രുമത്തിൻറെ പത്തുകൊമ്പുപോലെ ശോഭിച്ചു.
അല്ലൽപ്പെട്ടീലാദ്ധീരനീഷ് ല്ലേങ്ങളേറാതിൽ: വടി-
ത്തല്ലാലേഴുവയസ്സൊത്തൊരാനപോലവേ;
പൊൻകെട്ടിയ വൻകാലാഗ്നിസംകാശാസ്ത്രം മുന്നൂറെണ്ണം
തൻകൈവില്ലാൽത്തൊട്ടൊന്നുവിട്ടാനായവൻ.
അതെല്ലാമേ പ്രതാപാഗ്ര്യമറുകീറിനിണം പുര-
ണ്ടധഃപതിച്ചിതു രാമാക്കേരെപ്പോലെ.
അക്ഷണമേ പ്രതാപാഗ്ര്യൻ ലക്ഷ്മനുപൊടിച്ചുതി-
ത്തക്ഷമേശസുതൻറെ തേരാകെപ്പാഴാക്കി:
നാലമ്പാൽ നാലശ്വത്തേയും, രണ്ടാൽധ്വജത്തേയു,മൊന്നി-
നാലേസൂതോത്തമാംഗവുമറുത്തുവീഴ്ത്തി;
നാലുശരംവീണ്ടും നരപാലപുത്രനുലെയ്താ,ന്നി-
നാലുടനേ വില്ലുംഞാണും മുറിച്ചുകൊണ്ടാൻ.

വീരനാമട്ടമനനോ, വേറൊന്നുശ്രദ്ധംചേന്ന
തേരിലേറി, മറൊരു വില്ലേന്തി ഞാൺപൂട്ടി,
'നന്നതവവിക്രമമിതെ;'-ന്നാൽ കാണ്കെൻവില്ലിൻമിടു-
ക്കെ,ന്ന ചൊല്ലിപ്പത്തുശരമെടുത്തുവെക്കം
നാലാൽനാലു കുതിരയെക്കാലനികേതത്തിലാക്കി
നാലാൽതേരും ചക്രങ്ങളേമെല്ലെയ് നുറുക്കി

Digitized By Kerala Sahitya Akademi

ഒന്നാപ്രതാപാഗ്ര്യകുലമൊന്നസൂതകുലമെയ്താ-
നെന്നിട്ടാത്താൻ ശംഖുവിളിച്ചാഗ്രണ്യത്തോടേ.
'കൊള്ളാം വീര, പെരുംകരുത്തുള്ളോനേ, നിൻവിക്രമ'മെ-
ന്നുള്ളിൽ ക്രുധാ കൊണ്ടോടിക്കൊണ്ടാ പ്രതാപാഗ്ര്യൻ
വേറെയൊരുതേരിലേറി, 'വീര, കാണ്കെൻപയറെ'ന്നായ്-
പ്പോരിനേറ്റം മനകൽക്രരമുതിത്താൻ.
ആനയശംഖളിലാകെക്കാണായ് ബാണമെന്നില്ലെല്ലാ-
സ്ഥാനത്തിലും പരബ്രഹ്മംപോലെവ്യാപിച്ചു!
പാടേയുപകുമാരനെക്കോടികോടിക്രരമ്പിനാൽ
മൂടിനിത്തിപ്പരാക്രമം ക്രൂരമാസ്യപൻ
തെറ്റെന്നാത്താൻ നിജഭടക്കൂറ ഹർഷമിയറിയും
പറ്റലരെശ്ശൂന്യമൃതപ്രായരാക്കിയും.
ക്രുത്കണകളാൽ നിജമുത്തിമുടിക്കണ്ടരിശം
മൂത്തുഗ്ര വിക്രമനാപ്പ്രാത്ഥിവപുത്രൻ
ദോർദ്ദണ്ഡത്താൽ വില്ലുലച്ചു ശാത്രവരെക്കീറും ശര-
ച്ചാത്തുതിത്താഗ്ര്യസ്യാസ്യങ്ങരംതീത്തും ഖണ്ഡിച്ചാൻ.
പിന്നൊത്തുടംകണ്ണുമായിച്ചാനാനക്കരുത്തൻ:—'താങ്കേ-
കെന്നടെയൊരമ്പെയ് ത്തായ്മ്പണ്ടുകെപ്പെങ്കിൽ;
ആയ്മനെ ഞാനിതൊന്നിനാൽ തേരിൽനിന്ന വീഴിക്കായ്കിൽ-
ധൈര്യപൂർവ്വമിവൻചെയ്യും ശപഥംകേൾപ്പ്രേ:
വെറുംയുക്തി പറഞ്ഞതുമറ നിന്ദിപ്പവക്കുള്ള
നരകത്തിൽവീഴ്ത്തും പാപമെങ്കലേശട്ടെ!'
ഇതഥംചൊല്ലി, തൂണിയിൽനിന്നുദ്യൽജ്വാലാമാലമാമോ-
രസ്ത്രം യമോപമമേന്തിത്തൊടുത്താൻവില്ലിൽ;
പിന്നൊരിപുവിൻറെ നെഞ്ചിനന്നംവെച്ചുവിട്ടാൻ; ഒളി-
ചിന്നിക്കാലാഗ്നിപോലതു പാഞ്ഞിതജ്ഞസാ.
തന്നെ വീഴ്ത്താനേല്പ്പും ശരംമുന്നിൽക്കണ്ടുമുറിപ്പാനായ്-
ജ്ഞനപിയാകും പ്രതാപാഗ്ര്യൻ ക്രരമുത്തുകീ.
എന്നാലവയൊട്ടുക്കിടയ്പ്പാനായ് മുറിച്ചാമഹാസ്ത്രം
ചെന്നകേറീപ്രതാപാഗ്ര്യധീരവക്ത്രത്തിൽത്താൻ.
മാറിൽത്തറഞ്ഞുള്ളിലേയ്പ്പുകേറീശര;-മരചനോ
തേരിൽനിന്ന ബോധംകെട്ടതാഴെവീണുപോയ്!
മന്നിക്കൽമോഹിച്ചുവീണമന്നവനെയെടുത്തടർ-
മുന്നിൽനിന്ന പിന്മാറിനാൻ തേർതെളിപ്പവൻ.

Digitized By Kerala Sahitya Akademi

പാരംതോറമൈന്യം ഹാഹാകാരം മുഴക്കിക്കൊണ്ടേറെ
വീരർചൂഴം ശത്രുഘ്നൻറെ ചാരത്തേയ്ക്കോടീ.
പ്രതാപാഗ്ര്യവിജേതാവാം ക്ഷിതിഭൃൽപുത്രനോ, ചമൂ-
പതിയായ ശത്രുഘ്നനെക്കാത്തുനില്പായീ.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ദമനയുദ്ധകഥനം ഇരുപത്തിമൂന്നാമദ്ധ്യായം.

—(o)—

ഇരുപത്തിനാലാമദ്ധ്യായം

ശേഷൻ:—ക്രോധം മുഴുത്ത ശത്രുഘ്നൻ പല്ലു കടിച്ചും കൈകൾ കുടഞ്ഞും പലവുൾ നാവിനാൽ ചുണ്ടു നക്കിയും സൈനികരോടു വീണ്ടും വീണ്ടും ചോദിച്ചു:—'എന്റെ കുതിരയെ ആർ കൊണ്ടുപോയി? സർവ്വശൂരശിരോമണിയായ പ്രതാപാഗ്ര്യൻ ആരാൽ തോല്പിക്കപ്പെട്ടു. അപ്പോഴം അവർ ഉണർത്തിച്ചു:—'തമ്പുരാനേ, സുബാഹുപുത്രൻ ദമനനാണ് കുതിരയെ കൊണ്ടുപോയതും, പ്രതാപാഗ്ര്യനെ ജയിച്ചതും.' ദമനനാണ് തന്റെ ശത്രു എന്നു കേട്ട ഉടനേ, ശത്രുഘ്നൻ യുദ്ധക്കളത്തിലേയ്ക്കു നടകൊണ്ടു. അവിടെ, കവിഞ്ഞടം പിളർത്തപ്പെട്ട മത്തഗജങ്ങൾ, മാമലകളെന്നപോലെ രക്തത്തിൽ മുഴുകിക്കിടന്നിരുന്നു; കുതിരകളും സാദികളോടുകൂടി ചത്തുകിടന്നിരുന്നു; മുറിക്കപ്പെട്ട തേർ കാലാളുകളും വീരനായ ശത്രുഘ്നനു കാണുമാറായി. അദ്ദേഹം കോപത്താൽ പ്രളയത്തിലെ സമുദ്രംപോലായിത്തീർന്നു. തന്റെ സൈന്യത്തെ തൃണപ്രായമാക്കി പ്രതാപാഗ്ര്യനെ ജയിച്ചവനും കുതിരയെ കൊണ്ടുപോയവനുമായ ദമനനെന്ന വൻപടയാളിയെ മുൻവശത്തു കണ്ടപ്പോൾ, ക്രോധത്താൽ കൺകലങ്ങിയ ശത്രുഘ്നൻ ഭടരോടായി ചോദിച്ചു:—'ദമനനെ ജയിപ്പാൻ, സർവശസ്ത്രാസ്ത്രസുധാരിയായിട്ട് ഇക്കൂട്ടത്തിൽ ആരുണ്ട്? പടപ്പയറ്റിൽ വിരുതുള്ള വീരരാജപുത്രനെ അസ്ത്രത്താൽ നിർജ്ജീവമായി ആക്കി ജയിക്കാമോ, അവൻ സന്നദ്ധനാകട്ടെ!"

ഇതുകേട്ടിട്ടു, പാറലരെ പൊരുക്കുന്ന പുഷ്കലൻ ദമനനെ ജയിപ്പാനൊരുമ്പെട്ടു. 'സ്വാമിൻ, ഈ ദമനൻ എന്നവനെവിടെ? അങ്ങയുടെ അളവറ്റ സൈന്യം എവിടെ? ഇവിടുത്തെ പ്രതാപത്താൽ, ഇതാ, ഞാൻ തന്നെ ജയിച്ചുകൊള്ളാം. കിങ്കരനായ ഞാൻ യുദ്ധ

Digitized By Kerala Sahitya Akademi

ത്തിന്റെ തെയ്യാറുള്ളപ്പോൾ, കുതിരയെ ആർ കൊണ്ടുപോകും? രഘു നാഥന്റെ പ്രതാപത്താൽ കായ്വുമെല്ലാം നിറവേറിക്കൊള്ളും! തിരുമേനി, എന്റെ ശപഥം സന്തോഷത്തോടേ കേട്ടുകൊണ്ടാലും: പടപ്പയറിൽ പാടവമുള്ള ഭമനനെ ഞാൻ പോരിൽ തോല്പിക്കും; ഇല്ലെങ്കിൽ, രാമചന്ദ്രന്റെ ചരണാരവിന്ദത്തിലെ മകരന്ദം നുകർന്നിട്ടില്ലാത്തവർക്കുള്ള പാപം എന്നെ ബാധിച്ചുകൊള്ളട്ടെ! അല്ലെങ്കിൽ, അമ്മയുടെ തുക്കാലൊഴിഞ്ഞു മറെറാന്നിനെ തീർത്ഥമായി കരുതി, അമ്മയോട്ട പിണങ്ങുന്ന മകനുള്ള മാപാപം എങ്കൽ ചേർന്നുകൊള്ളട്ടെ! ഇന്ന് ഈ ഭൂപാരഭാജൻ യുദ്ധത്തിൽ എന്റെ ബാണത്താൽ മാർത്തടം പിളർന്ന, പാരിടത്തെ പള്ളിമെത്തയാക്കുമാറാകട്ടെ!' ഈ പ്രതിജ്ഞകേട്ട മനംകുളിർത്ത തേജസ്വിയായ രഘൂദ്വഹൻ പുഷ്കലനെ പോരിന്നയച്ചു.

ആ യുവാവു വളരെ സൈന്യങ്ങളാൽ ചുററപ്പെട്ട, ശൂരകുലോൽഭ്രതനായ ഭമനന്റെ അടുക്കലേയ്ക്കുചെന്നു. മഹാവീരനായ ഭമനനും സപസേനാപരിവൃതനായിട്ട, പോർക്കളംപുക്ക പുഷ്കലനോടെതിരിട്ട. തേരേറി പോരിന്നായി തങ്ങളിൽചേർന്ന അവരിരുവരും, യുദ്ധോദ്യുക്തരായ ശക്രനും വൃത്രനുമെന്നപോലെ പരിശോഭിച്ചു. പുഷ്കലൻ ആ കുരുത്തേറിയ രാജപുത്രനോടരിയാടി:—'രാജകുമാര, ഭമന, ശപഥംചെയ്തു, യുദ്ധത്തിന്നായി വന്നിരിക്കുന്ന ഭരതപുത്രനായ ഒരു ഭടനാണ് ഞാൻ; പുഷ്കലനെന്നത്രേ എനിക്ക പേർ. ശ്രീരാമപദാംബുജത്തെ പതിവായി സേവിക്കുന്ന ഭൃംഗമായ ഞാൻ ഭവാനെ ആയുധങ്ങളാൽ തോല്പിച്ചുകളയും! ഭവാൻ തെയ്യാറായിക്കൊൾക.' വിക്രമംകാണിച്ച പരവീരപ്രമാഥിയായ ഭമനൻ നിർഭയമായി ചിരിച്ചുംകൊണ്ട ഭംഗിയിൽ മറുവടി പറഞ്ഞു:—'സുബാഹുവിന്റെമകനും പിതൃഭക്തിയാൽ കല്മഷം കളഞ്ഞവനുമായ ഭമനനാണ്, ശത്രുഘ്നരാജാവിന്റെ കുതിരയെ കൊണ്ടുപോയ ഞാൻ. ജയമെനിയ്ക്കു, ദൈവം അനുകൂലമൊ അവന്നായിരിക്കും. എന്നാൽ, പോർത്തലയ്ക്കൽ എന്റെ ബലം കണ്ടുകൊള്ളുക.'

ഇത്രയുംപറഞ്ഞു, അവൻ വില്ലു ചെവിയോളം വലിച്ചു, ക്രൂരമായ കൊന്നൊടുക്കുന്ന ക്രൂരബുകം ചൊരിഞ്ഞുതുടങ്ങി; ആ ഇടതിങ്ങിയ ബാണങ്ങൾ ആകാശത്തെ മറച്ചു, സൂര്യരശ്മി ഭൂമിയിൽ പതിയാതാക്കിക്കളഞ്ഞു! ആനകളുടെ കവിൾത്തടങ്ങളിൽ തറഞ്ഞ ശരനികരം വിചിത്രമായ ധാതുരാഗമെന്നപോലെ അഴകിയതായി. പുഷ്കുമാരന്റെ ആ ബാണനിരയേറിട്ട് ആന-തേർ-കുതിര-കാലാളുകൾ നിലംപൊ

Digitized By Kerala Sahitya Akademi

ത്തുകയായി. പോക്കളം മുഴുവൻ ബാണങ്ങളുടെ നിഴലിലാക്കിയ ആ വിക്രമം കണ്ടിട്ട്, മാറാലരെ മർദ്ദിക്കുന്ന പുഷ്കലൻ വഴിപോലെ ആചമിച്ച്, ഒരു ശരം വില്ലിന്മേൽത്തൊടുത്ത് ആഗ്നേയമന്ത്രം ജപിച്ചു പ്രയോഗിച്ചു. അതിൽനിന്നു പടത്തലയ്ക്കൽ ഒരഗ്നി പുറപ്പെട്ട, ജ്വാലകളാൽ നഭസ്സിനെ നക്കിക്കൊണ്ടു, പ്രളയാഗ്നിപോലെ സമുജ്വലിച്ചു. ആ ചെന്തീയിന്റെ ജ്വാലകൾ തട്ടിട്ടഹിച്ചു തുടങ്ങിയതിനാൽ ദമനന്റെ സൈന്യം പേടിച്ചോടുകയായി; ചന്ദ്രസന്നിഭങ്ങളായ വെഞ്ചൊറാറക്കുടകൾ തീപിടിച്ചതിനാൽ കനകവർണ്ണങ്ങളായി കാണപ്പെട്ടു; ശത്രുക്കളുടെ കുതിരകൾ പുഷ്പരോമങ്ങളിൽ ചെന്തീപിടിച്ച് പാച്ചിൽതുടങ്ങി; തേരുകളും നകുത്തണ്ടുകളും കത്തിത്തുടങ്ങി. മണിമാണിക്യങ്ങളെ ചുമക്കുന്ന ഗർദ്ദഭങ്ങൾ പോലും പാപവികജ്വാലയാൽ [illegible] പ്പിക്കപ്പെട്ട പായുകയായി; തിയ്യിൽത്തഹിച്ചിട്ട ചിലേടത്തു ഗജങ്ങൾ മുടിഞ്ഞു; ചിലേടത്തു കുതിരകളും കുതിരക്കാരും മുടിഞ്ഞു; ചിലേടത്തു കാലാളുകൾ മുടിഞ്ഞു; ദമനൻവിട്ട ബാണങ്ങളും മുഴുവൻ ചെന്തീയിൽ വെന്തു വെണ്ണീറായിപ്പോയി.

സർവ്വാസ്ത്രകുശലനായ ആ രാജകുമാരൻ, തന്റെ സൈന്യം ദഹിച്ചതിൽ അരിശം മുഴുത്ത്, വാഹനിയെക്കെടുക്കാൻ വേണ്ടി വാരുണാസ്ത്രം തൊട്ടുതുവിട്ടു. ആ പുഷ്കലന്റെ സൈന്യത്തെ വെള്ളത്തിൽ മുഴുകിയ്ക്കുകയായി: ക്ഷണനേരംകൊണ്ടു തേരുകളും ആനകളുമൊക്കെ വെള്ളത്തിൽ മുഴുകുകയും, ആഗ്നേയാസ്ത്രത്താൽ വ്യാപിക്കപ്പെട്ട തീ കെടുകയും, വഹ്നിജ്വാലയാൽ വലഞ്ഞിരുന്ന ദമനസൈന്യം സ്വസ്ഥതയിലാകയും ചെയ്തു. ശത്രുസൈന്യങ്ങളം വെള്ളത്താലും ആലിപ്പഴം പൊഴിഞ്ഞതിനാലും വമ്പിച്ച കാറ്റിനാലും തണുത്തു വിറച്ചു ശീൽക്കാരം പുറപ്പെടുവിക്കുകയായി. തന്റെ ആഗ്നേയാസ്ത്രം വാരുണത്താൽ കെടുക്കപ്പെട്ടതും, സൈന്യം തണുത്തു വിറച്ചു വെള്ളത്തിൽ കിടന്നു വലയുന്നതും കണ്ടിട്ട്, അതിക്രോധത്താൽ കൺചുകന്ന ഭരതാത്മജൻ വില്ലിന്മേൽ വമ്പിച്ച വായവ്യാസ്ത്രം തൊടുത്തെയ്തു. അതിൽനിന്നു പുറപ്പെട്ട കൊടുംകാറു ഘനസൈന്യത്തെ ചിന്നിപ്പറപ്പിക്കുകയായി. യന്ത്രാക്കളോടുകൂടിയ കുഞ്ജരങ്ങളും കുതിരകളും കാറടിയാൽ തമ്മിൽ തമ്മിൽ ചെന്നലച്ചു. ആളുകൾ കാറേററു തലമുടിയഴിഞ്ഞു പാറി, വശംകെട്ട ഭൂമിയിൽ വീണു, വേതാളങ്ങൾ പോലെ കാണപ്പെട്ടു.

വായുവിനാൽ വലയ്ക്കപ്പെട്ട നിജസൈന്യത്തെ കണ്ടിട്ട്, സുബാഹുപുത്രൻ പാരിച്ച പർവതാസ്ത്രം വില്ലിന്മേൽ തൊടുത്തു. അപ്പോൾ

Digitized By Kerala Sahitya Akademi

പോരാളികളുടെ ശിരസ്സിൽ പർവതങ്ങൾ വീണുതുടങ്ങി. അവയാൽ തട്ടിക്കപ്പെട്ടിട്ട വായു തീരെ അനങ്ങാതായി. ഉടനെ പുഷ്കലൻ വജ്രാസ്ത്രം വില്ലിന്മേൽ തൊടുത്തുവിട്ട് ഒരു നിമിഷംകൊണ്ട പർവതങ്ങളെയെല്ലാം എണ്ണമണിപ്രായം നുറുക്കിക്കളഞ്ഞു. ബാണത്തിന്മേൽ അവാഹിക്കപ്പെട്ട വജ്രം പർവതങ്ങളെ ചൂർണ്ണീകരിച്ച്, ഉച്ചത്തിൽ ശബ്ദിച്ചുംകൊണ്ട ദമനന്റെ മാറ്റത്തുചെന്നുപതിച്ചു. അപ്പോൾ അബലവാനായ വീരൻ അതേറു മാറിടം മുറിഞ്ഞു, വേദനയാൽ മനംകലങ്ങി മയങ്ങിപ്പോയി. മൂർച്ഛയിൽപ്പെട്ട സുബാഹുപുത്രനെ നയജ്ഞനായ സൂതൻ പോക്കളത്തിൽനിന്നു ഒരു വിളിപ്പാടകലത്തേയ്ക്കു മാറ്റി. ദമനന്റെ പടയാളികൾ ഒളിച്ചുപാഞ്ഞു കൊട്ടാരത്തിലെത്തി, കൊച്ചുതമ്പുരാന്റെ മയക്കം തിരുമനസ്സുണർത്തിച്ചു.

അടർമുന്നിൽ ഇപ്രകാരം വിജയം നേടിയ ധർമ്മജ്ഞനായ പുഷ്കലൻ, ശ്രീരാമന്റെ അരുളപ്പാടിനെ സ്മരിക്കയാൽ, വീണ്ടും പ്രഹരിപ്പാൻ ഒരുമ്പെട്ടില്ല. ഉടനേ പെരുമ്പറകൾ മുഴങ്ങി; ജയശബ്ദം പൊങ്ങി; 'ഭേഷ്', ഭേഷ്' എന്ന പ്രശംസാവാക്യങ്ങളും കേൾക്കുമാറായി. സുമതി മുതലായ മന്ത്രിമാരാൽ പരിവൃതനായ ശത്രുഘ്നൻ വിജയിയായ പുഷ്കലനെ വീക്ഷിച്ചു ഹർഷിക്കുകയും ശ്ലാഘിക്കുകയും ചെയ്തു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായന സംവാദം, രാമാശ്വമേധപ്രകരണം, പുഷ്കലവിജയം ഇരുപത്തിനാലാമധ്യായം.

(൦)

ഇരുപത്തഞ്ചാമധ്യായം

ശേഷൻ.—

[ശ്ലോകങ്ങൾ]

തുടുചോരയിലാണ്ടണഞ്ഞതൻ-
ഭടരെക്കണ്ടു സുബാഹുമന്നവൻ
അവർതന്നഴലിന്ന ശാന്തിചേ-
ത്തഥ ചോദിച്ചു സുതന്റെചേഷ്ടിതം:—

'അവനെങ്ങിനെ കൊണ്ടുപോന്നിതാ-
പ്രവരാശ്വത്തെ? നടന്നതൊക്കയും
പറവിൻ: പടയെത്രയുണ്ടതിൽ-
പ്പൊരുതാനുറ്റ വീരരെത്രപേർ?

Digitized By Kerala Sahitya Akademi

വിമതപ്പടയോടു വീരനെൻ–
ദമനൻ നേത്തടർ ചെയ്തതെങ്ങിനെ?
വിജയാപ്തിയൊടങ്ങജയ്യനാ–
മവനാഹന്ത, പരിക്കണച്ചതാർ?'

ഉടനോതി, വപുസ്സുട്ടുപ്പതൊ–
ട്ടതിലെല്ലാം നിണമാർന്നകിങ്കരർ:—
'കറികണ്ടശിർകൊണ്ടരാമനെ–
ത്തൃണമായോർത്തു പിടിച്ചുവാജിയെ;

ചെറിയോരു ചമൂവിഭാഗമോ–
ടുടനെത്തീ ഹയപൃഷ്ഠപാലകൻ
അവനൊത്തുള്ളവായി കോപമയിർ–
പ്പെട്ടമാത്രമികച്ച സംഗരം:

അവനെക്കണതുകിനിന്മകൻ
പെരുതാം മൂർച്ഛയിൽ വീഴ്ത്തിനിൽക്കവേ,
തനതാം പടനാലുപാട്ടമായ്
പ്രഭുശത്രുഘ്നനണഞ്ഞിതങ്ങ,ഹോ!

പടയൊന്നുമുഴുവായി പിന്നെയും,
പടുശസ്ത്രാസ്ത്രനിഗീർണ്ണദിങ്മുഖം:
പലവട്ടമതിൽജയിച്ച ഹാ,
ബലമേറും തിരുമേനിതൻമകൻ.

ഒടുവിൽക്കണയൊന്നവിട്ടതേ
യുധിശത്രുഘ്നസഹോദരാത്മജൻ;
അതുതട്ടി മയക്കമാണ്ടുപോ,–
യവനീവല്ലഭവീര, നിന്മകൻ.

അറിയിപ്പിതുകേട്ടനേരമ–
ങ്ങരിശത്തോടഴലും തഴയ്ക്കയാൽ
വസുധാപതി, വേലിയേറലിൽ–
ക്കടൽപോലൊന്നിളകിത്തുടിച്ചിനാൻ.

അഥപല്ലുകടിച്ചു,നാക്കിനാൽ
വിറകൊള്ളുംചൊടി നക്കിമേൽക്കുമേൽ
പൃഥുലവ്യഥയാന്നപാത്മിവൻ
പൃതനാനായകനോടുചൊല്ലിനാൻ:—

Digitized By Kerala Sahitya Akademi

'വഴിപോലെയൊരുക്കിനിത്തുകൊൻ-
പടയെസ്സൈന്യപതേ, ഭവാനടൻ;
പൊരുവൻ, മമ പുത്രനത്തൽ ചേ-
ത്തമരും രാഘവയോധരോടുഞാൻ.

ധ്രുവ,മെന്റെ മകന്നു മാലണ-
ച്ചുവനെള്ളത്തശരങ്ങൾകൊണ്ടുഞാൻ
അടർചെയ്യു പിളത്തിടുന്നതു-
ണ്ടവനെപ്പോർജടികാത്തുകൊൾകിലും!

ഈയാജ്ഞകേട്ടു, ബഹുദുഷ്ടരെയിട്ടരച്ചു
കാലപ്പടയ്ക്കു ശരിയാം ചതുരംഗസൈന്യം
നന്നായൊരുക്കി,യഥ താനുമൊരുങ്ങിവന്നു
തന്നാഥനോടതറിയിച്ചിതനീകിനീശൻ.

പൃഥ്വീശനും നിജസുതന്നഴൽ കൈവളർത്ത
ശത്രുഘ്നനോടെതിരിടാനഥ നിശ്ചമിച്ചു
മത്തേഭമാനസജവാശപരിപ്ലുമാഥി-
ശസ്ത്രാസ്ത്രപൂർണ്ണരഥപത്തിഗണത്തൊടൊപ്പം.
പൊന്തേരിലേറിയെഴുന്നള്ളിയ ദ്രുപനെക്ക-
ണ്ടന്തസ്സിലാ രിപുജയിപ്പടയും മുതിർന്നു;
വൻതിരക്കാടെങ്ങുമിടചേരുമതിൻകനത്താ-
ലെൻതാപസോത്തമ, ധരിത്രി വിറച്ചുപോയി!

തേരാണ്ടിറങ്ങി നൃപസോദരനാം സുകേതു-
വാരാൽഗദാരണചണൻ നിഖിലാസ്ത്രയുക്തൻ,
ശത്രുഘ്നസേനയുടെ നേക്കഥ രാജപുത്രൻ
ചിത്രാംഗനും സകലയുദ്ധകലാവിദഗ്ധൻ.

പോന്നാൻ വിചിത്രനഥ തത്സഹജൻ വിചിത്ര-
പ്പോരാടലിൽപ്പട സഹോദരദുഃഖഭേദനൻ;
മറവുംധനുർദ്ധരിറങ്ങിനൃപാജ്ഞയാലെ
വീരോട്ട വീരർ നിറയും രണഭൂവിലേയ്ക്കായ്.

ക്രോധിച്ചുപോർക്കളമണഞ്ഞ സുബാഹുദ്രുപൻ,
ബാണാഭിഘാതരുജകൊണ്ട മനംമയങ്ങി
തേർത്തട്ടിൽവീണ ദമനാഖ്യകുമാരനെക്ക-
ണ്ടാത്ത്യാമുഹുർമ്മുഹുരിളം തളിർക്കൊണ്ടുവീശി.
നീരുംതളിച്ചു വിട്ട കൈമലരാൽത്തലോട്ടം
നേരം ക്രമാലുണർവിയന്നെഴുന്നോറു പുത്രൻ;

Digitized By Kerala Sahitya Akademi

'എങ്ങെന്റെ വില്ല്?-ടരിലെൻ കണയേറഴൽപ്പെ-
ട്ടെങ്ങോട്ടുപോയഹഹ പുച്ഛലവീരനെ?'ന്നാൻ.

ഇത്ഥം കഥിക്കുവതുകേട്ടതിഹഷ്ടമംക്കൊ-
ണ്ടസ്രൃജ്ഞനാം മകനെയാഞ്ഞു പുണർന്മന്നാൻ;
ശസ്രൃക്ഷതൻ ഭമനനാം തുപയാൽക്കുനിഞ്ഞു
ഭക്ത്യാപതിച്ചു ജനകന്റെ പലാംബുജത്തിൽ.

പുത്രനെവീണ്ടും തേരിൽ-
സ്സുസ്ഥിതനാക്കി സുബാഹു നരപാലൻ
യുദ്ധക്രിയയിൽ വിദശ്ധത-
യൊത്തുമുനാടനോട് കല്പിച്ചാൻ:—

'തീർക്കു ക്രൌഞ്ചവ്യൂഹമിങ്ങപ്രധൃഷ്യം
നേക്കീടുന്നു ശത്രുഘ്നന്റെ സൈന്യത്തെ വെൽവാൻ'

ഉയ്ക്കിട്ടുള്ളിൽസ്ത്രുയോദ്ധാക്കൾ കേറാ-
താക്കിക്കൊണ്ടാ വ്യൂഹമായാശു ചമച്ചു:

കൊക്കിങ്കൽ സ്ഥിതനായ് സുകേതുഗളമാം
സ്ഥാനത്തു ചിത്രാംശനും;
വാണാൻവാലിൽഗുപൻ; വിചിത്രമേന-
ന്മാർനിന്നു പക്ഷങ്ങളിൽ;
മധ്യത്തിൽച്ചതുരംഗവൻപടയെയും
നിത്തിക്കൃതം വ്യൂഹമ-
ങ്ങദ്ധാകണ്ടരിന്നൊരുങ്ങിയരചൻ
ശത്രുഘ്നയോദ്ധാക്കളായ്.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, സുബാഹുസൈന്യസമാഗമം ഇരുപത്തഞ്ചാമദ്ധ്യായം.

———(o)———

ഇരുപത്താറാമദ്ധ്യായം

ശേഷൻ:—അന്ന തേർ കുതിര കാലാളുകൾ ഇടതിങ്ങി മേഘംപോലോ ഭയാനകമായിരുന്ന ആ വ്യൂഹംപട കണ്ടിട്ട്, ഏതുകാര്യം ആലോചിപ്പാനും തീണിയുള്ള പണ്ഡിതന്മാരാൽ ചുറ്റപ്പെട്ട ശത്രുഘ്നൻ സുമതിയോട് ഗംഭീരസ്വരത്തിൽ ചോദിച്ചു:—'സുമതി, നമ്മുടെ

Digitized By Kerala Sahitya Akademi

അശ്വശ്രേഷ്ഠൻ ആരുടെ നഗരത്തിലാണ് പ്രവേശിച്ചിരിക്കുന്നത്? ഇതാ, കടൽത്തിരയെന്നപോലെ, പോരിന്നായി നേരിട്ടടുത്ത ഈ ചതുരംഗപ്പെരുമ്പട ആരുടെയായിരിക്കാം? പറയൂ: ഇതെല്ലാം അറിഞ്ഞിട്ടുവേണമല്ലൊ, എന്റെ യോദ്ധാക്കളെ യുദ്ധത്തിനു വിളിച്ചുണർത്താൻ.' ബുദ്ധിഗുണം മുഴുത്ത സുമതി വൈരികളെ തപിപ്പിക്കുന്ന ശത്രുഘ്നനോടു സഹർഷം അറിയിച്ചു:—'തിരുമേനി, ഇങ്ങടുത്താണ്, ചക്രാങ്ക എന്ന ശ്രീമന്നഗരി. അവിടെ വസിക്കുന്നവർ വിഷ്ണുഭക്തിയാൽ പാപം വിട്ടവരത്രെ. ഇതാ, ആ പട്ടണത്തിന്റെ അധിപതിയായ സുബാഹു വാണ്, പുത്രപൌത്രന്മാരാൽ ചുറ്റപ്പെട്ട് അങ്കയുടെ മുമ്പിൽ വന്നു നില്ക്കുന്നത് ഇദ്ദേഹം സ്വഭാര്യയെയല്ലാതെ പരഭാര്യയെ ഒരിക്കലും കാമിക്കാറില്ല; ഭഗവൽ കഥയല്ലാതെ മറ്റൊന്നും ഇദ്ദേഹത്തിന്റെ ചെവി പൂകാറില്ല; ഈ രാജാവു ഹവ്യാംശത്തിലധികം നികുതി വാങ്ങാറില്ല; ബ്രാഹ്മണരെ സദാ വിഷ്ണുവായിക്കരുതി പൂജിക്കും. മുകുന്ദചരണാരവിന്ദമിളിന്ദമായി സ്വധർമ്മനിരതനായി പരധർമ്മവിമുഖനായിരിക്കുന്ന ഇദ്ദേഹത്തിനോളം ബലം ഏതു വീരന്മാർക്കും ഇല്ലതന്നെ. പുത്രൻ വീണുപോയതു കേട്ടിട്ടു ദുഃഖവും കോപവും മുഴുത്തതിനാലത്രെ, ഇദ്ദേഹം ചതുരംഗസേനയോടൊപ്പം യുദ്ധത്തിനു വന്നത്. അങ്കയുടെ ലക്ഷ്മീനിധിപ്രകൃതികളായ വീരന്മാർ പലരും കൂടിയാൽ ഈ കുട്ടരെ ആയുധഗണം കൊണ്ടു ജയിക്കാം; അവരെ വേഗത്തിൽ നിയോഗിച്ചാലും.'

ഇതുകേട്ട ശത്രുഘ്നൻ, യുദ്ധം കൈവന്നതിലുള്ള സന്തോഷത്താൽ മനംനിറഞ്ഞ യോധപ്രവരന്മാരോടായി ചോദിച്ചു:—'സുബാഹുവിന്റെ പടയാളികളാൽ ഇതാ, ക്രൌഞ്ചവ്യൂഹം നിർമ്മിക്കപ്പെട്ടിരിക്കുന്നു; മുഖസ്ഥാനത്തും പക്ഷസ്ഥാനത്തും നിൽപ്പുള്ള പോരാളികളെ ഏതൊരസ്ത്രജ്ഞൻ പിളർത്തും? ഇതിന്റെ ശേഷി ആർക്കുണ്ടോ, അവൻ വീരവിജയത്തിന്നൊരുങ്ങി, എന്റെ കയ്യിൽ നിന്ന് ഉടവാൾ വാങ്ങട്ടെ.' അപ്പോൾ, വീരനായ ലക്ഷ്മീനിധി ക്രൌഞ്ചവ്യൂഹം പിളർത്താൻ ഉടവാൾ മേടിച്ചു. എല്ലാ ശസ്ത്രാസ്ത്രങ്ങളിലും കുശലന്മാരായ വളരെ വീരന്മാരാൽ പരിവൃതനായ അദ്ദേഹം പറഞ്ഞു:—'രാജാവെ, ക്രൌഞ്ചം പിളർത്തുന്നതിന്നു ഞാൻ യുദ്ധം ചെയ്യാം. പണ്ടു ഭാർഗ്ഗവൻ ക്രൌഞ്ചത്തെ പിളർത്തിയല്ലോ; അതുപോലെ, ഇന്നു ഞാനും!' ഉടനെ ശത്രുഘ്നൻ, 'ഇദ്ദേഹത്തിന്റെ കൂടെ ആർ പോകും?' എന്നു ചോദിച്ചു. അപ്പോൾ പുഷ്കലൻ, ലക്ഷ്മീനിധിയെ പിന്തുടരാനൊരുങ്ങി; രിപുതാപൻ, നീലരത്നൻ, ഉഗ്രാശ്വൻ എന്നീ വീരപ്രമാഥികളും ശത്രുഘ്നനിർദ്ദേശത്താൽ ക്രൌഞ്ചഭേദനത്തിന്നായി പുറപ്പെട്ടു. ശത്രുഘ്നനും അയ്യ

Digitized By Kerala Sahitya Akademi

ധങ്ങളെല്ലാമെടുത്തു തേരിൽ കേറി വളരെ പടയാളികളാൽ ചുറപ്പെട്ട ലക്ഷ്മീനിധിയെ അനുഗമിച്ചു.

ഉടനെ കേൾകൊണ്ട സൈന്യസമുദ്രങ്ങൾ രണ്ടും ലോകങ്ങൾക്കു പ്രളയം വരുത്താനെന്നപോലെ, തങ്ങളിൽ കൂട്ടിമുട്ടി: ഇരു സൈന്യത്തിലും പെരുമ്പറകൾ അടിക്കപ്പെട്ടു. ശംഖനാദം, അശ്വങ്ങളുടെ ചിനപ്പ, ആനകളുടെ ചിന്നംവിളി, വീരന്മാരുടെ ഹുംകാരം, തേരുരുളൊലി എന്നിവയും സർവ്വത്ര കേൾക്കുമാറായി. സുബാഹുവിൻെറ ബലത്താൽ ഗർവിതരായ പോരാളികൾ വളരെപ്പേർ, 'വെട്ടുവിൻ, പിളർത്തുവിൻ' എന്നിങ്ങനെ സക്രോധം ഉച്ചരിച്ചുംകൊണ്ട പാഞ്ഞടുത്തു. ഇങ്ങിനെ ശത്രുസൈന്യൻെറയും ശത്രുവിൻെറയും സൈന്യം പൊരുതാനൊരുങ്ങിയപ്പോൾ, മുഖസ്ഥാനത്തായി നില്ക്കുന്ന സുകേതുവിനോട ലക്ഷ്മീനിധി പറഞ്ഞു:—'ജനകൻെറ മകൻ ലക്ഷ്മീനിധിയാണ് ഞാൻ. എല്ലാ ശാസ്ത്രാസ്ത്രങ്ങളും, എല്ലാ പോപ്പ്യവും എനിക്കറിയാം. രാക്ഷസവംശം നശിപ്പിച്ച രാമചന്ദ്രൻെറ കുതിരയെ വിട്ടതന്നേയ്ക്ക; അല്ലാത്തപക്ഷം, ഭവാൻ എൻെറ ബാണങ്ങളാൽ പിളർത്തപ്പെട്ട കാലമന്ദിരം പ്രാപിച്ചുപോകും!'

ഇതുയും പറഞ്ഞപ്പോഴേയ്ക്കും ആ മഹാവീരനിൽ, കുതിരയെറിയ സുകേതു വില്ല കുലച്ച ശരങ്ങൾ ചൊരിഞ്ഞുതുടങ്ങി. കടയ്ക്കൽ സപ്തർണ്ണം കെട്ടിയ ആ താങ്ങാവതല്ലാത്ത ക്രൗഞ്ചകം പടക്കളത്തിൽ പാടേ വ്യാപിച്ചുകാണപ്പെട്ടു. ലക്ഷ്മീനിധിയും വിൽകുലച്ച് ആ ബാണജാലത്തെ ബലേന പാഴാക്കി, മൊട്ടഴിഞ്ഞു മിന്നുന്ന ആറു സായകങ്ങൾ സുകേതുവിൻെറ മാറത്തേക്കു വിട്ടു. അവ സുബാഹുഭ്രാതാവിൻെറ മാർത്തടം പിളർത്തി, ചോരയും പുരണ്ടു ഭൂമിയിൽ വീണു. അമ്പോറു മാറിടം പിളർന്നതിൽ അരിശം മൂഴത്ത സുകേതു മൊട്ടഴിഞ്ഞ ക്രൗഞ്ചകം ഇരുപതെണ്ണം എയ്തുവിട്ടു. ഇരുവരും ശരങ്ങളാലുടൽപിളർന്ന ചോരവാർന്ന, പുഷ്പിച്ച രണ്ടു പിലാശുവൃക്ഷങ്ങൾപോലെ പരിശോഭിച്ചു. ആ കൈവേഗമേറിയ കുരുത്തമ്മാർ ബാണങ്ങൾ തൊടുക്കുന്നതാകട്ടേ, തുരുതുരെ വിടുന്നതാകട്ടേ, ആരും കണ്ടറിയുകയുണ്ടായില്ല. ആകാശത്തു, ശക്രശാസനം നടത്തുന്ന രണ്ടു പുതു മേഘങ്ങളെന്നപോലെ, അവരിരുവരും വളഞ്ഞ വില്ലുമായി ശരൌഘം വർഷിച്ചുതുടങ്ങി. ആനകളുടേയും, കുതിരകളുടേയും, ശൂരരായ കാലാളുകളുടേയും തലയറുത്തു വീഴ്ത്തുന്നതല്ലാതെ, അവർ ബാണം തൊടുക്കുന്നതും വിടുന്നതും കാണപ്പെടുകയുണ്ടായില്ല! കിരീടവും കുണ്ഡലവുമണിഞ്ഞു, വില്ലുമമ്പും കൈക്കൊണ്ടു ക്രോധത്താൽ മുണ്ടു കടിച്ച യോദ്ധാക്കളാൽ

Digitized By Kerala Sahitya Akademi

ഭൂമി നിറയപ്പെട്ടുപോയി. ഉപ്പത്തോടെ പൊരുതുന്ന ആ സവ്യശസ്യാസ്യ കോവിദന്മാരിരുവരുടേയും ഘോരമായ സമരം കണ്ടിട്ട് ദേവകന്യകകൾക്കുണ്ടായ വിസ്മയം കുറച്ചല്ല. ആ വമ്പിച്ച കുട്ടിമുട്ടലിൽ അനേകലക്ഷം വീരന്മാർ കൊലപ്പെട്ടുപോയി. ആകാശം മുഴുവനും ശരങ്ങളാൽ മറയ്ക്കപ്പെട്ട് അക്ഷിഗോചരമല്ലാതായി.

അതിനിടയിൽ, ശത്രുമർദ്ദനനായ ലക്ഷ്മീനിധി അരിശം മൂഴുത്ത് എട്ടു തീക്ഷ്ണബാണങ്ങളും വില്ലിന്മേൽ മുകളെത്തൊടുത്തു, നാലെണ്ണംകൊണ്ടു സുകേതുവിന്റെ കുതിരകളെ കൊന്നു; ഒന്നുകൊണ്ട് ഉന്നതമായ കൊടിമരം കളിയായി ഖണ്ഡിച്ചു; ഒന്നുകൊണ്ടു സാരഥിയുടെ തല കുഴത്തിൽനിന്നു നിലത്തു വീഴ്ത്തി; ഒന്നുകൊണ്ടു വില്ലും ഞാണും മുറിച്ചു; ഒന്നുകൊണ്ടു സുകേതുവിന്റെ മാറിൽ ആഞ്ഞെയ്തു. അതു കണ്ടിട്ടു വീരന്മാർ വിസ്മയപ്പെട്ടുപോയി. കുതിരകളും സൂതനും ചത്തു, തേരുടഞ്ഞു, വിൽ മുറിഞ്ഞ സുകേതു ഒരു വമ്പിച്ച ഗദയെടുത്തു പൊരുതാനടുത്തു. ഗദായുദ്ധത്തിൽ വിരുതേറിയ അദ്ദേഹം വമ്പിച്ച ഗദയുമായി നേരിടുന്നതു കണ്ടപ്പോൾ ലക്ഷ്മീനിധിയും തങ്കപ്പണികളം ചേർന്നു മിന്നുന്ന ഒരിരുമ്പുഗദയേന്തി തേരിൽ നിന്നിറങ്ങി; എന്നിട്ട് ഏറ്റവും ക്രോധത്തോടേ പാഞ്ഞടുത്തു, ആ ഇടിവാളിനൊത്ത ഗദകൊണ്ടു സുകേതുവിന്റെ മാറത്തു ഉരസ്സിൽ ഒരടിയടിച്ചു. ആ താഡനമേറ്റിട്ടും, ഒരു കൂട്ടി പൂമാലയാൽ അടിച്ച മദഗജമെന്നപോലെ കുലുക്കം കൂടാതെ നിന്ന് ആ വീരൻ ലക്ഷ്മീനിധിയോടു, 'ഭവാൻ ശത്രുക്കളെ തപിപ്പിക്കുന്ന ശൂരനാണെങ്കിൽ, എന്റെ ഒരൊറ പ്രഹരം താങ്ങിക്കൊള്ളുക.' എന്നും പറഞ്ഞു, ഗദയാൽ നെറ്റിക്ക് ഒരടിയടിച്ചു. അതേറ്റിട്ടു നെറ്റിമേൽനിന്നു ചോര ചാടുന്ന ലക്ഷ്മീനിധി തഴച്ച കോപത്തോടെ മൃത്യുതുല്യമായ ഗദയാൽ സുകേതുവിന്റെ ശിരസ്സിൽ പ്രഹരിച്ചു. സുകേതു ലക്ഷ്മീനിധിയെ തോളത്തടിച്ചു.

ഇങ്ങിനെ, ഗദായുദ്ധവിശാരദരായ രണ്ടുപേരും അരിശം മൂഴുത്ത് അന്യോന്യ ജയേച്ഛയോടെ ഗദായുദ്ധം നടത്തുകയായി. തങ്ങളിൽ അടിച്ചും ചൊടിച്ചും, പരസ്പരവധത്തിന്നുദ്യമിച്ചുമുള്ള ആ പോരാട്ടത്തിൽ താഴ്ചയോ തോൽവിയൊ രണ്ടുപേക്കും സംഭവിച്ചില്ല. ആ കരുത്തേറിയ വിക്രമികളം തലയിലും നെറ്റിമേലും തോളത്തും മാറത്തും—എന്നുവേണ്ട സർവാംഗങ്ങളിലും—ഒരുപോലെ രക്തം വാർന്നു തുടങ്ങി. ഒടുവിൽ, ക്രോധംപൂണ്ട ബലവാനായ ലക്ഷ്മീനിധി പ്രബലനായ സുബാഹുസോദരനെ ഘനിപ്പാനായി ഗദയുമോങ്ങി പാഞ്ഞടുത്തു. അതു കണ്ടിട്ട് സുകേതുവും തന്റെ പൊരുംഗദ ചുഴറ്റി,

Digitized By Kerala Sahitya Akademi

പ്രതിയോഗിയെ വധിപ്പാൻ ഊക്കിട്ടെതിർത്തു, ലക്ഷ്മീനിധിയാൽ പ്രയോഗിക്കപ്പെട്ട ഗദ കൈകൊണ്ടു പിടിച്ചു്, അതുകൊണ്ടതന്നെ അദ്ദേഹത്തിന്റെ മാറത്തു് ആഞ്ഞടിച്ചു.

തന്റെ ഗദ ശത്രുവിന്റെ കയ്യിലായിപ്പോകയാൽ, ലക്ഷ്മീനിധി രാജാവു് അതു പെരുംകരുത്തനോടു ബാഹുയുദ്ധം ചെയ്യാൻ ഒരുമ്പെട്ടു. അപ്പോൾ സമ്മാഹവസമർത്ഥനായ ആ വീരസത്തമൻ, സുകേതുവും അദ്ദേഹത്തോടേറെ ബാഹുക്കളും കൊണ്ടു പൊരുതിത്തുടങ്ങി. ലക്ഷ്മീനിധി കൈ ചുരുട്ടി സുകേതുവിന്റെ മാറത്തു് ഒരിടിയിടിച്ചു; സുകേതുവും മുഷ്ടിയാൽ ലക്ഷ്മീനിധിയുടെ ശിരസ്സിൽ പ്രഹരിച്ചു. രണ്ടുപേരും ചൊടിച്ചു ചെഞ്ചൊടി കടിച്ചു, വജ്രത്തിന്നൊത്ത മുഷ്ടികൊണ്ടും ഘോരമായ കൈത്തലം കൊണ്ടും തങ്ങളിൽ താഡിക്കുകയായി. അവരുടെ യുദ്ധം മുഷ്ടീമുഷ്ടിയും, ദന്താദന്തിയും, കേശാകേശിയും, നഖാനഖിയുമായി മുറുകി, കോപ്പുമയിർകൊള്ളിക്കുന്നതായിത്തീർന്നു. അതിനിടയിൽ സുബാഹുഭ്രാതാവു മാറാനെ കാല്ക്കു പിടിച്ചെടുത്തു വട്ടം ചുഴറ്റി നിലത്തെയ്ക്കെറിഞ്ഞു. ഉടനെ ലക്ഷ്മീനിധിയും രാജസോദരനെ കൈക്കുപിടിച്ചുയർത്തി, നൂറുമടങ്ങു വട്ടംചുഴറ്റി, ആനക്കൂട്ടത്തിലേയ്ക്കു വലിച്ചെറിഞ്ഞു. നിലം പൊത്തിയ സുകേതു ക്ഷണനേരംകൊണ്ടു തുൺടം പൂണ്ടിട്ടു, വീണ്ടും ലക്ഷ്മീനിധിയെ വാനത്തു വട്ടംചുറ്റിച്ചു. ഇങ്ങിനെ അവർ കാലോട്ടുകാലും, കയ്യോട്ടുകയ്യും, മാറോട്ടുമാറും, മുഖത്തോട്ടുമുഖവും ചേർത്തു, പരസ്പരവധത്തിന്നായി ബാഹുയുദ്ധം നടത്തിപ്പോന്നു. ഒടുവിൽ, ഇരുവരും അന്യോന്യം ആക്രമിക്കപ്പെട്ടു മോഹാലസ്യത്തിൽപ്പതിച്ചുപോയി. അതുകണ്ടു അതുല്ലതപ്പെട്ട ജനങ്ങൾ, 'ലക്ഷ്മീനിധിനരേന്ദ്രൻ വീരൻതന്നെ, കരുത്തനായ സുബാഹുസോദരൻ വീരൻ തന്നെ' എന്നിങ്ങിനെ കൂട്ടമിട്ടു ശ്ലാഘിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രേഷ്ഠവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, സുകേതുലക്ഷ്മീനിധിയുദ്ധം ഇരുപത്താറാമദ്ധ്യായം.

——— (൦) ———

ഇരുപത്തേഴാമദ്ധ്യായം

ശ്രേഷ്ഠൻ:—

[കിളിപ്പാട്ടു്—കളകാഞ്ചി]

കലഹവിരുതുടയ ഭടർ ചുഴലെരഥമേറിയാ—
ക്കൌഞ്ചകണ്ഡസ്ഥനാം ചിത്രാംഗനെന്നവൻ

Digitized By Kerala Sahitya Akademi

ഉരുപ്രതനയതില, ജിതകിടി കടലിലെന്നപോ-
ലുറപ്പുക്കി,ടിക്കൊത്ത വില്ലൊലിയിട്ടടൻ
അഹിതശതനിയുതപരിഘഹനചതുരങ്കം ക്രു-
രമ്പുകളേറെച്ചൊരിഞ്ഞു, ഉടങ്ങിനാൻ.
അതിൽ,മകുടദ്ധകവചധരർ ചൊടികടിച്ചുട-
ലാകെപ്പിളർന്ന കിടപ്പായ് ഭടോത്തമർ.
അതുപൊഴുതൊരരിമഥനമണിരുചിരവില്ലുമാ-
യാഹവത്തിന്ന പുറപ്പെട്ട പുഷ്കലൻ.
തനുവഴകിലവരിരുവരഭിഗതർ വിളങ്ങിനാർ,
താരകസ്സുന്ദർ പണ്ടെമ്മട്ട,തിൻവിധം.
രഥ്യകലജനഥ ഝടിതി ചിലയൊലിവളയ്ത്തുകൈ
രണ്ടാലുമെയ്തിതു മൊട്ടഴിഞ്ഞമ്പുകം.
വിശിഖനിര രണശിരസി തെരുതെരെയതിക്രുധാ
വില്ലിൽത്തൊട്ടത്താങ്ങുവിട്ട ചിത്രാംഗന്നം.
കണചൊരിയുമിരുവരുടെ കടിലധനുവെന്നിയേ
കണ്ടീലെട്ടക്കൽ തൊട്ടക്കലെയ് ത്തെന്നിവ.
ശിതവിശിഖശതകമഥ സരുഷമൊരുമിച്ചെയ്ത
ചിത്രാംഗപുത്രന്റെ മാറത്തു പുഷ്കലൻ;
തിലവടിവിലതുമുഴവനടനടി മുറിച്ചവൻ
തീക്ഷ്ണേഷു തുകിനാൻ പുഷ്കലാംഗങ്ങളിൽ.
ഭരതസുതനടനഘഹ വിമതരഥമുജ്ജ്വല-
ഭ്രാമകാസ്ത്രംകൊണ്ടു ചുറ്റിച്ചിതംബരേ!
മഹിതഹയസഹിതമതുചെറുതിടതിരിഞ്ഞൊരു
മട്ടിൽ നിലക്കൊണ്ടു പേത്തുറപ്പിക്കയാൽ.
അഥസുഭടശമരിവിരുതിലരിശമൊട്ട ചിത്രാംഗ-
നസ്ത്രജ്ഞമുഖ്യനരച്ചിതു ബുദ്ധിമാൻ:—

(ശ്ലോകം)

'കൊള്ളാം നിൻതൊഴിലായ്തയോധരുചിതം: വാനത്തുവട്ടംതിരി-
ച്ചുല്ലോ നീ ക്ഷണനേരമശ്വയുതമാമീയെൻ പടത്തേരിനേ
വില്ലന്മാർ വിലവെയ്ക്കുമെന്റെ വിരുതും കാണ്കൊന്നടൻ: വാനിട-
ത്തെല്ലാം ചുറ്റിനടന്ന ദേവകൃതമാം സൽക്കാരമേല്ക്കട്ടെ നീ!'

ഇതുയും പറഞ്ഞു്, ആ പരമാസ്ത്ര കോവിദനായ സുധർമ്മജ്ഞൻ യുദ്ധത്തിൽ ഘോരതരമായ ഒരസ്ത്രം പ്രയോഗിച്ചു. അതേറ്റിട്ട്, സൂതാശ്വധ്വജ സമേതമായ പുഷ്കലരഥം ഒരു പാറ എന്നപോലെ

Digitized By Kerala Sahitya Akademi

ആകാശത്തു ചുറ്റിപ്പറക്കുകയായി; കുറേനേരം ചുറ്റിത്തിരിഞ്ഞിട്ടു നിലക്കൊള്ളാൻ തുടങ്ങുമ്പോഴേയ്ക്കും ചിത്രാംഗൻ മറെറാരു ശരംകൂടി വിട്ടു. അതിനാൽ, ആ തേർ വീണ്ടും വട്ടംചുറ്റിത്തുടങ്ങി. രാജപുത്രന്റെ ഈ വിക്രമം കണ്ടു പുഷ്കലൻ വിസ്മയപ്പെട്ടുപോയി. ആ രിപുവീരമർദ്ദനൻ പണിപ്പെട്ടു നിലയുറപ്പിച്ചിട്ടു ചിത്രാംഗന്റെ സസൂതാശ്വമായ സ്യന്ദനത്തെ സായകങ്ങൾകൊണ്ടയ്യോ തകർത്തുകളഞ്ഞു. ഉടനെ ചിത്രാംഗൻ മറെറാരുതേരിൽ കേറി; അതും പുഷ്കലൻ അമ്പുകൾകൊണ്ടു തൽക്ഷണം തകർത്തു. ചിത്രാംഗൻ വീണ്ടും വേറെയൊരു തേരിലേറി നേരിട്ടു; ആ രഥവും പുഷ്കലന്റെ ശരമ്പുകളേറു തകർന്നുപോയി. ഇങ്ങിനെ പത്തു രഥങ്ങൾ വമ്പിച്ച പോരാളിയായ പുഷ്കലവീരനാൽ തകർക്കപ്പെട്ടു.

പിന്നീട് ചിത്രാംഗൻ ഒരു മികച്ച തേരിൽ കേറി, പുഷ്കലനോടു പൊരുതാൻ ഊക്കോടെ നേത്തണഞ്ഞു; എന്നിട്ട് അഞ്ചുബാണങ്ങൾകൊണ്ടു പുഷ്കലനെ ആഞ്ഞെയ്തു. അവ ഭരതാനുജനെ അത്യന്തം വേദനിപ്പിച്ചു. ഉടനെ, ആ മഹാനുഭാവൻ അരിശത്തോടെ വിൽകുലച്ചു, കടയ്കൽ പൊൻ കെട്ടിയ പത്തു ക്രൂരമ്പുകൾ ചിത്രാംഗന്റെ നെഞ്ഞത്തേയ്ക്കു വിട്ടു. അതിഭോഗണങ്ങളായ ആ ബാണങ്ങൾ അവന്റെ ചോരകുടിച്ചു, കള്ളസ്സാക്ഷിക്കാരന്റെ പിതൃക്കളെന്നപോലെ അധഃപതിച്ചു. അതിൽ അരിശംകൊണ്ട ചിത്രാംഗൻ അഞ്ചു കത്തിയമ്പെടുത്തു പുഷ്കലൌജസ്സായ പുഷ്കലന്റെ നെറിത്തടത്തിലേയ്ക്കയ്തു. കത്തിയമ്പേററ പുഷ്കലൻ ക്രോധത്തോടെ ഒരു ശരം നെട്ടവില്ലിൽ തൊടുത്തു ചിത്രാംഗവധത്തിന്നായി പ്രതിജ്ഞചെയ്തു:—

(ശ്ലോകം)

'കേളെൻവാക്കിതു; വീര, കേട്ട പിഴപററാതിങ്ങു പോർചെയ്കനീ
ചീളെന്നിക്കണകൊണ്ടുനിന്നയിരിനെപ്പോക്കാതിരുന്നീടിലോ,
ശീലാചാരവിശിഷ്ടയായ സതിയെദ്ദോഷപ്പെടുത്തുംപുമാൻ
മേലാൽ ചാമളവേളപാരടയുമപ്പാർതന്നെ പൂകട്ടെഞാൻ!'

ഈ മികച്ച ശപഥം കേട്ടിട്ടു ചിത്രാംഗൻ ചിരിക്കുകയാണ് ചെയ്തതു! ആ ബുദ്ധിമാനായ വീരൻ പുഷ്കലനോടരുചെയ്തു:—'ശൂരന്മാക്കു ശിരോരത്നമായുള്ളോവെ, ദേഹികൾക്ക് എവിടെ വെച്ചെങ്കിലും എപ്പോഴെങ്കിലും മരണം വരാതിരിക്കില്ല; അതിനാൽ, ചാവുന്നതിൽ എനിക്കു സങ്കടമില്ല. ഒരു വീരന്റെ നിലയിൽ വോൻ ചെയ്ക പ്രതിജ്ഞ ഫലിക്കുകതന്നെ ചെയ്യട്ടെ! എന്നാൽ, വീരാഭിമാനത്താൽ ഞാൻ

Digitized By Kerala Sahitya Akademi

ചെയ്യുന്ന ശപഥവും ഭവാൻ കേൾക്കണം: എന്നെ കൊല്ലാൻ വരുന്ന ഭവാന്റെ ബാണത്തെ ഞാൻ മുറിച്ചുകളയാത്തപക്ഷം, ആരുടെയുംകിലും തീർത്ഥയാത്ര മുടക്കുകയൊ ഏകാദശിവ്രതത്തെക്കാൾ മീതെയായി മറെറാരുവ്രതത്തെ കരുതുകയോ ചെയ്യുന്നവന്നുള്ള പാപം പ്രതിജ്ഞാഭംഗത്താൽ എന്നെ ബാധിച്ചുകൊള്ളട്ടെ!' ഇതുയും പറഞ്ഞു വിരമിച്ചു ചിത്രാംഗൻ ആവനാഴിയിൽ നിന്ന് ഒരു മികച്ച സായകമെടുത്തു വില്ലിന്മേൽ തൊടുത്തു. അപ്പോൾ പുഷ്കലൻ ഒന്നുകൂടി സ്പഷ്ടമായി ശത്രുവധത്തിന്ന ശപഥം ചെയ്തു:—'ഞാൻ ശ്രീരാമന്റെ തൃപ്പാദത്തെ നിഷ്കപടമായി സേവിച്ചിട്ടുണ്ടെങ്കിൽ, എന്റെ വാക്കു വാസ്തവമായിത്തീരട്ടെ! ഞാൻ എന്റെ ഭാര്യയെയല്ലാതെ മറെറാരുത്തിയെ സ്മരിക്കയേ ചെയ്തിട്ടില്ലെങ്കിൽ, യുദ്ധത്തിൽ എന്റെ വാക്കു നിറവേറട്ടെ!'

ഇപ്രകാരം പറഞ്ഞു, വില്ലിന്മേൽത്തൊടുത്തിരുന്ന വീരശിരഷ്ഠലിയായ സായകം വേഗത്തിൽ എയ്തുവിട്ടു. അതു കാലാഗ്നിതുല്യമായ ബാണം വിട്ടതുകണ്ടിട്ട്, കരുത്തനായ ചിത്രാംഗൻ ഒരു തീക്ഷ്ണമായ വിശിഖം വില്ലിൽ തൊടുത്തെയ്തു; അതു് അദ്ദേഹത്തെ കൊല്ലാനൊരുമ്പെട്ട ശരത്തെ മുറിച്ചുകളഞ്ഞു. അപ്പോൾ ഒരു വമ്പിച്ച ഹാ ഹാ ശബ്ദം കേൾക്കുമാറായി. എന്നാൽ, ബാണത്തിന്റെ പിൻഭാഗമാണു് ഭൂമിയിൽ വീണതു്; മുനയുള്ള മുൻഭാഗം ചിത്രാംഗന്റെ കഴുത്തിനെ, താമരത്തണ്ടിനെ എന്നപോലെ, ഒരു നിമിഷംകൊണ്ടു അറുക്കുകതന്നെ ചെയ്തു. അദ്ദേഹം നിലം പൊത്തുന്നതു കണ്ടിട്ട പടയാളികളെല്ലാം അയ്യയ്യോ എന്ന നിലവിളിച്ചുംകൊണ്ടു കതിച്ചു പായുകയായി. കിരീടകുണ്ഡലാലംകൃതമായ ചിത്രാംഗന്റെ ശ്രേഷ്ഠശിരസ്സു്, ആകാശത്തുനിന്നു വീണുപോയ ചന്ദ്രമണ്ഡലമോ എന്ന തോന്നുമാറു മന്നിടത്തിൽ മിന്നിത്തിളങ്ങി. അദ്ദേഹം വീണതിന്നശേഷം, ഭരതപുത്രനായ വീരപുഷ്കലൻ അസംഖ്യം വീരന്മാരാൽ പരിശോഭിതമായിരുന്ന ആ രണഭൂമിയിലേയ്ക്കു കടന്നു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ചിത്രാംഗവധം ഇരുപത്തേഴാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഇരുപത്തെട്ടാമദ്ധ്യായം

ശേഷൻ:—

[ശ്ലോകങ്ങൾ]

മതി വീരസുതന്നാണഞ്ഞതിൽ—
സ്സുതശോകേന സുഖാഹ്ത മന്നവൻ
വിറകൊണ്ടു തലയ്ക്കുതല്ലിനാൻ;
നയനാബ്ജാൽ പെരുതശ്രുതൂകിനാൻ;

അഥ, പുഷ്കലപത്നിയാൽ മുറി—
ഞ്ഞുതിരംവാഴ്ന്ന നിലത്തു വീണതായ്,
വളർചില്ലിയുഗം വളഞ്ഞതായ്,—
പ്പവിഴച്ചുണ്ടു കടിച്ചിരിപ്പതായ്,
ധൃതകുണ്ഡലമാസ്യിളങ്ങുമാ
മുഴുചന്ദ്രന്നെതിർ നന്ദനാനനം
കരതാരിലെടുത്തു മേല്ക്കുമേൽ—
പ്പരിചുംബിച്ചുതൊഴിച്ചിതിങ്ങിനെ:—

'മകനേ, ഹാ ഹാ, നോക്കിടാത്തതെ—
ന്തു,ഴറുന്നെന്നെ വിടർന്ന കണ്ണിനാൽ!
ഇവനിൽക്കളിയാടിടാത്തതെ—
ന്തരിശം പൂണ്ടതുപോലെ ശൂര, നീ!

മകനേ, ഹാ ഹാ, മന്ദഹാസമാ—
ന്മൃതോലും മധുരോക്തിയൊന്നുമേ
ഇവനോടരിയാടിടാത്തതെ—
ന്തിഹ ചിത്തം കുളിരുംപടിക്ക നീ!

സിതചാമരഹേമഛത്രികോ—
ജ്ജ്വലശത്രുഘ്നൻ നമുരംഗവയ്യനെ
പിടിക്രുദ്ധനെ നിഗ്രഹിട്ടവൻ
പടുബുദ്ധിത്തികവുള്ള വീര, നീ!

തവ മുന്നിലിതാ, പ്രതാപവാൻ
ചില കൈക്കൊണ്ടരിമർദ്ദി പുഷ്കലൻ;
അവനെക്കണതുകി നിത്തുകെ;—
ന്തിഹ മൂർച്ഛിച്ചു കിടപ്പു പോരിൽ നീ!

Digitized By Kerala Sahitya Akademi

രഥസംസ്ഥിതരും ഗജങ്ങളും
ഹ ഹ, കാലാളുകളും ഭയോത്തരായ്
പൊരുതിക്കുഭവാനെയാശ്രയിച്ചു
പുത്രു വീക്ഷിക്ക മഹാമതേ, ഭവാൻ!

രണഭൂമിയിൽ നീയൊഴിഞ്ഞു പൊൻ-
മകനേ, താങ്ങുവതേതുമട്ടു ഞാൻ,
കൊടുവിൽക്കൊടി വിട്ടണഞ്ഞിടും
ശിതശത്രുഘ്ന ശിലീമുഖങ്ങളെ?

അതുകൊണ്ടു ഭവദ്വിയുക്തനാം
മമ രക്ഷയ്ക്കു സമർത്ഥനാരിനി?
സുത, നീയുണർവാന്നെണീയ്ക്കിലേ
ജയമേല്പാൻ പടുവാകയുള്ളു ഞാൻ!'

ഇപ്രകാരം ആ രാജാവു പുത്രദുഃഖം പൊറുക്കായ്കയാൽ വല്ലാതെ വിലപിക്കുകയും, പലവുരു കൈകൊണ്ടു നെഞ്ഞത്തടിക്കുകയും ചെയ്തു. അപ്പോൾ, വിചിത്രനും, ഭമനനും സ്വന്തം സ്വന്തം തേരിലേറി വന്ന്, അച്ഛന്റെ കാൽക്കൽ നമസ്കരിച്ചു സമയോചിതമാംവണ്ണം ഉണർത്തിച്ചു:—

'മാലേന്തീ ഞങ്ങളംജീവിച്ചെഴുമളവിവിടുത്തെയ്ക്കു?
നിർദ്ദോഷശ്രേഷ്ഠ-
ന്മൌലേ, വീരക്കു പോരിൽത്തനുലയമണകെ-
ന്നുള്ള താശാസ്യമല്ലീ?
ചാലേ ചുണ്ടുംകടിച്ചീസ്സമരഭുവി മുടി
ച്ചാത്തുമായിക്കിടക്കും
ശ്രീലൻ ചിത്രാംഗനേററം സുകൃതി!-യരുളുകിൽ
ഞെന്തു ചെയ്യേണ്ടു ഞങ്ങൾ?

അതുകൈക്കുത്രഘ്നഘോരപ്പടയ്ക്കടിതി മുടി
ച്ചിജ്ജനം ഭ്രാതൃഹന്താ-
വാകുന്നാപ്പുഷ്പ്പലൻതൻ തലമകുടമൊടും
വെട്ടിവീഴ്ത്താം രണത്തിൽ;
ശോകത്തെപ്പോക്കുക,ങ്ങല്പലിലുഴലുകയോ?
വൈകിടാതാജ്ഞതന്നാലും-
ക്കേകിപ്പോരിന്നൊരുങ്ങീടുക മഹിതമതേ,
മാന്യനാകും ഭവാനും,'

Digitized By Kerala Sahitya Akademi

പുത്രന്മാരുടെ ഈ വീരാനുരൂപമായ ഭാഷിതം മഹാരാജാവി നെ സമാശ്വസിപ്പിച്ചു യുദ്ധോദ്യുക്തനാക്കിത്തീർത്തു. പിന്നെ ആ യുദ്ധമ്മദന്മാരിരുവരും എതിരാളിയെ തേടിക്കൊണ്ട്, അസംഖ്യം യോദ്ധാക്കൾ നിറഞ്ഞ ശത്രുകടകത്തിലേയ്ക്കു നടകൊണ്ടു. വീരനായ ദമനൻ രിപുതാപനോടും, വിചിത്രൻ നീലരത്നനോടും പൊരുതാനേറ്റു, മഴക്കാലത്തു രണ്ടു കാർമേഘങ്ങളെന്നപോലെ ശരം ചൊരിഞ്ഞുതുടങ്ങി. ബലവാനായ സുബാഹുവാകട്ടേ, രത്നമയമായ നകത്തുണ്ടുവെച്ചതും പലതരം കല്പകവും പതിച്ചതുമായ കനകത്തേരിൽ കയറി, ധനുർവിദ്യാവിശാരദരായ വീരത്തലവന്മാരെ തുണീകരിച്ചുംകൊണ്ട്, ആ സംഖ്യം വീരന്മാരാൽ പരിവൃതനായ ശത്രുഘ്നനോടു പൊരുതാൻ പുറപ്പെട്ടു. പുത്രനാശത്താൽ പുഷ്പരോഷനായി സൈന്യത്തെയെല്ലാം മദ്ദിച്ചുകൊണ്ട് പോരിന്നണയുന്ന സുബാഹുവിനെ കണ്ടിട്ട്, ശത്രുഘ്നന്റെ അടുക്കൽ നിന്നിരുന്ന ഹനുമാൻ നഖായുധനായി പെരുംകാർപോലെ ആത്തലറിക്കൊണ്ട് അദ്ദേഹത്തോടു പാഞ്ഞേറ്റു.

അട്ടഹാസമിട്ടു നേരെ ചെല്ലുന്ന ഹനുമാനോടു, കണ്ണിൽ അരിശം നിറഞ്ഞ സുബാഹു ചിരിച്ചുംകൊണ്ടു ചോദിച്ചു:—'എന്റെ മകനെ പോർക്കളത്തിൽ കൊന്നുംവെച്ചു് പുഷ്കലൻ എവിടെ പോയ്ക്കളഞ്ഞു? അവന്റെ രുചിരകുണ്ഡലമായ ശിരസ്സിനെ ഞാനിപ്പോഴും നിലംപൊത്തിക്കും! അശരക്ഷകൻ ശത്രുഘ്നൻ എവിടെ? എവിടെ രാമൻ? എവിടെ പടയാളികൾ? യുദ്ധത്തിൽ പ്രാണനെ അപഹരിപ്പാനായി വന്നിരിക്കുന്ന എന്നെ കണ്ടുകൊള്ളട്ടെ!' ഹനുമാൻ മറുപടി പറഞ്ഞു:—'രാജാവെ, സൈന്യത്തിന്റെ മേലാവാണു് ലവണനെ കൊന്ന ശത്രുഘ്നൻ; ഭൃത്യൻ മുമ്പിൽനിൽക്കേ, അദ്ദേഹം വേണമോ യുദ്ധംചെയ്യാൻ? പോരിൽ എന്നെ ജയിച്ചിട്ടാവാം, ഭവാൻ അദ്ദേഹത്തോടെതിരിടുക!'

ഈ വിധംപറഞ്ഞു് ഒരു മാമലപോലെ നിലക്കൊണ്ട ആ പരമദാരുണനായ വീരനെ സുബാഹു പത്തു ബാണങ്ങൾകൊണ്ടു മാറിടത്തിൽ ആഞ്ഞെയ്തു. ക്രുദ്ധരെ പിളർത്തുന്ന ആ ക്രൂരസ്പർശം അടുത്തെത്തിയപ്പോഴേയ്ക്കും അദ്ദേഹം കൈകൊണ്ടു പിടിച്ചു് എണ്ണമെണ്ണിപ്രായം മുറിച്ചിട്ടു; എന്നിട്ടു മേഘസ്വരത്തിൽ ആർത്തുംകൊണ്ടു്, ആ കരുത്തൻ തേരിനെ വാൽകൊണ്ടു ചുറ്റി വലിച്ചുകൊണ്ടു പോയ്കളഞ്ഞു! അപ്പോൾ രാജേന്ദ്രൻ മേല്പോട്ടുചാടി അവിടെത്തന്നെ നിന്ന്, വാലിന്മേൽ മുന കൂർത്ത ബാണങ്ങൾ തെരുതെരെ പ്രയോഗിച്ചു. മൊട്ടഴിഞ്ഞ കണകം വാലിന്മേൽ തറയ്കയാൽ വാനരേന്ദ്രൻ ആ ദിവ്യമാ

Digitized By Kerala Sahitya Akademi

യ കനകത്തേരിനെ കൈവിട്ടു. വിടുതി കിട്ടിയ സുബാഹു വളരെ കോപത്തോടേ ഹനുമാങ്കൽ തീക്ഷ്ണസായകങ്ങളെ അയച്ചയച്ചു. ബാണങ്ങളാൽ മൂടപ്പെട്ട മുച്ചൂടും ചോരവാൻ ആ കപിശ്രേഷ്ഠൻ രാജാവിന്റെ പേരിൽ അത്യന്തം അരിശംപൂണ്ടു, കുതിരകളോടുകൂടിയ തേരിനെ ചിക്കനെ ദംഷ്ടകൾകൊണ്ടു കടിച്ചുടച്ചു! അതിൽ സകലരും അത്ഭുതപ്പെട്ടുപോയി.

ആ തേർ ഉടയുന്നതോടുകൂടി, ബലവാനായ നരേന്ദ്രൻ മറൊരു തേരിൽ കേറിനിന്നു, ആ കരുത്തനോടമർ ചെയ്തു: വാലിന്മേലും മുഖത്തും മാറത്തും കൈകളിലും കാലുകളിലും പരമാസ്ത്രജ്ഞനായ പാർത്ഥിവൻ തെരുതെരെ ബാണങ്ങൾകൊണ്ടെയ്തു. അതിൽ അരിശംപൂണ്ട വാനരോത്തമൻ കുതിച്ചുചാടി, രണചതുരനായ രാജാവിന്റെ നെഞ്ഞത്തു് ഒരു ചവിട്ടുകൊടുത്തു. പാദപ്രഹാരമേറ പാർത്ഥിവൻ മോഹാലസ്യപ്പെട്ടു ചുറ്റോര മരത്തിലുകൊണ്ടും ശ്വാസംമുട്ടി വിറച്ചുകൊണ്ടും നിലത്തുപതിച്ചു. ഉടനേ, അതിക്രൂരനായ ഹനുമാൻ പടക്കളത്തിൽ പാഞ്ഞു് ആന കുതിര തേരുകളേയും വീരന്മാരേയും തവിടുപൊടിയാക്കി. അപ്പോഴം, സുബാഹുസോദരൻ സുകേതുവും ലക്ഷ്മീനിധിയും എന്ന രാജാവും തമ്മിൽ യുദ്ധത്തിന്നൊരുങ്ങി നേരിട്ടിരിക്കയായിരുന്നു. സുബാഹു മോഹാലസ്യപ്പെട്ടതു കണ്ടിട്ടു് അള്ളകനും, പുഷ്കലൻ കോരിച്ചൊരിഞ്ഞ ബാണജാലത്താൽ മറിപ്പെട്ടു് അങ്ങുമിങ്ങും പാഞ്ഞുപോയിത്തുടങ്ങി. ആ ഉടഞ്ഞു ചിന്നുന്ന പടയേ ബലവാനായ രാജപുത്രൻ ദമനൻ, ഇളകിമറിഞ്ഞ ജലാശയത്തെ ചിറ എന്നപോലെ അടക്കിനിർത്തി.

പോർനടുവിൽ കപിശ്രേഷ്ഠന്റെ ചവിട്ടേറ്റ മോഹാലസ്യപ്പെട്ടവീണ രാജാവു് ഒരു സ്വപ്നം കണ്ടു: അയോധ്യയിൽ, സരയൂതീരത്തു, രാമചന്ദ്രൻ വളരെ വളരെ ജ്ഞാനിശ്രേഷ്ഠന്മാരാൽ പരിവൃതനായി സ്ഥിതിചെയ്യുന്നു; അവിടെ ബ്രഹ്മാദിദേവന്മാരും അസംഖ്യം ബ്രഹ്മാണ്ഡങ്ങളും കൈക്കൂപ്പി നിന്നു്, മാൻകൊമ്പു കൈക്കൊണ്ടവനും മഞ്ജുലോചനനും ശ്യാമളവർണ്ണനുമായ രാമനെ വീണ്ടും വീണ്ടും സ്തുതിക്കുന്നു; നാരദനും മറവും വീണമീട്ടി പാടുന്നു; അപ്സരാചി, മേനക തുടങ്ങിയ അപ്സരസ്സുകൾ നൃത്തംവെയ്ക്കുന്നു; വേദങ്ങൾ മൂർത്തിമത്തുക്കളായി രാഘവനെ ഉപാസിക്കുന്നു; ഭക്തന്മാർക്കു ഭക്തിപ്രദനായ തന്തിരുവടി എല്ലാ ഗുണവും തികഞ്ഞ പദാർത്ഥങ്ങളൊക്കെ ദാനം ചെയ്തുപോരുന്നു.

ഇങ്ങിനെ പലതുംകണ്ടു മയക്കം വിട്ടുണർന്നിട്ടു, ബ്രാഹ്മണശാപത്താൽ ജ്ഞാനം നശിച്ചിരുന്ന അദ്ദേഹം, 'എന്താണീക്കണ്ടതെ'ന്നു

Digitized By Kerala Sahitya Akademi

ചൊല്ലിക്കൊണ്ടു, കാൽനടയായി ശത്രുഘ്നന്റെ അരികിലേയ്ക്കു പോകാനൊരുങ്ങി. അസംഖ്യം ആൾക്കാരും, അസംഖ്യം തേരുകളും അദ്ദേഹത്തെ ചുഴന്നുനിന്നിരുന്നു. ആ ധർമ്മജ്ഞൻ സുകേതുവിനേയും വിചിത്രനേയും ദമനനേയും വിളിച്ചു യുദ്ധം നിർത്തുവാനരുളിച്ചെയ്തു:—'അനുജ, ഉണ്ണികളേ, എന്റെ ധർമ്മാനുസാരിതമായ വാക്കു കേട്ടാലും: നിങ്ങൾ യുദ്ധംചെയ്യരുതു്. ഓർക്കാതെ, വല്ലാത്ത ദുർന്നയം പറഞ്ഞുപ്പോയി: രാമചന്ദ്രന്റെ ബലവത്തരമായ തുരഗത്തെ, ദമന, നീ പിടിച്ചുനിർത്തിയല്ലോ! ഈ ശ്രീരാമൻ ഒരു മനുഷ്യനല്ല; ചരാചര ലോകങ്ങളുടെ നാഥനാണ്! കാര്യകാരണാതീതമായ പരബ്രഹ്മമാണ്! ഈ തത്ത്വം ഇപ്പോഴെ ഞാനറിഞ്ഞുള്ളൂ; പണ്ടു് അസിതാംഗൻ ശപിച്ചതിനാൽ എന്റെ ജ്ഞാനധനം കൈവിട്ടുപോയിരുന്നു;

ഞാൻ പണ്ടു തത്ത്വബോധോപായാൽ തീർത്ഥയാത്ര ചെയ്യുകയുണ്ടായി. അന്നു, ധർമ്മജ്ഞശ്രേഷ്ഠരായ അനേകം മഹർഷിമാരെ കണ്ടു, ജ്ഞാനലബ്ധിക്കായി ഞാൻ അസിതാംഗമഹർഷിയുടെ അടുക്കലാണു് ചെന്നതു്. ആ ബ്രാഹ്മണൻ എങ്കൽ ദയചെയ്തു് എന്നോടുപദേശിച്ചു:—'ഈ അയോധ്യാധിപതിയായ രാമൻതന്നെയാണു് പരബ്രഹ്മം; തന്തിരുവടിയുടെ പത്നി, സീത, സാക്ഷാൽ ചിന്മയിയത്രേ. ഇദ്ദേഹത്തെയാണു്, യോഗികൾപോലും അപാരവും ദുസ്തരവുമായ സംസാരസാഗരം കടക്കുന്നതിനു യമാദികൾകൊണ്ടുപാസിച്ചുപോരുന്നതു്. ആ ഗരുഡധ്വജനെ സ്മരിച്ചാൽതന്നെ മഹാപാപം നശിയ്ക്കും. അദ്ദേഹത്തെ അറിഞ്ഞു സേവിച്ചാൽ സംസാരം കടക്കാം.' അപ്പോൾ ബ്രാഹ്മണനെ അപഹസിക്കയാണു് ഞാൻ ചെയ്തതു് 'ആരാണു്, ഒരു മനുഷ്യൻ, ഈ രാമൻ! സന്തോഷവും സന്താപവും നിറഞ്ഞ ഈ ജാനകീദേവി ആരാണു്! അജന്തുജനനം എങ്ങിനെ? അകർത്താവിനു് ഇവിടെ കർമ്മംഎന്തു്? മഹർഷേ, ജന്മവും ജരയും ദുഃഖവുമില്ലാത്തതെന്തോ, അതിനെ എനിക്കു പറഞ്ഞുതരിക.' എന്നു ഞാൻ പറഞ്ഞപ്പോൾ, ആ മുനീന്ദ്രൻ കോപിച്ചു് എന്നെ ശപിച്ചു:—'നീച, നീ തന്തിരുവടിയുടെ സ്വരൂപം അറിയാതെ, എന്നോടു വാദിക്കുന്നുവോ! ഈ ശ്രീരാമനെ മനുഷ്യനെന്നു നീ അപഹസിച്ചു നിന്ദിക്കുകയാണല്ലൊ ചെയ്യുന്നതു്; അതിനാൽ നീ, തത്ത്വം അറിഞ്ഞുക്രൂടാത്ത ഒരു വയറുപോറിയായിത്തീരും!' ഉടനെ ഞാൻ അദ്ദേഹത്തിന്റെ കാൽ പിടിച്ചു കനിയിച്ചു. അപ്പോൾ ആ കരുണാനിധി എനിക്കു ശാപമോക്ഷം തന്നു:—'രാജാവെ, വൊൻ രാമന്റെ യാഗത്തിനു വിഘ്നം വരുത്തുന്ന കാലത്തു, വൊനെ ഹനുമാൻ പാദംകൊണ്ടു പ്രഹരിക്കും; അന്നേ അങ്ങയ്ക്കു ജ്ഞാനം ഉണ്ടാകൂ. അല്ലാതെ സദ്ബുദ്ധിയാൽ ഉണ്ടാകയില്ല.' എന്നിങ്ങനെ അദ്ദേഹം പണ്ടു

Digitized By Kerala Sahitya Akademi

പറഞ്ഞതു്, ഇപ്പോൾ എനിക്കനുഭവപ്പെട്ടു: ഹനുമാൻ ചൊടിച്ചു് എന്നെ നെഞ്ഞത്തു ചവുട്ടിയതോടുകൂടി, ഞാൻ സീതാപതിയെ പൂർണ്ണ ബ്രഹ്മസ്വരൂപത്തിൽ ദർശിച്ചു! അതിനാൽ, മഹാബലന്മാരേ, ശ്രീമത്തായ കുതിരയെ കൊണ്ടുവരുവിൻ; അതിനേയും, ധനവസ്ത്രങ്ങളേയും, ഈ രാജ്യത്തെത്തന്നെയും സമർപ്പിച്ചു്, അതിപുണ്യമായ യാഗത്തിൽ ശ്രീരാമനെ ദർശിച്ചു കൃതാർത്ഥനാകണമെന്നാണു് എന്റെ ആഗ്രഹം.'

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശ്രേഷോത്ത്യായന സംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നവിജയം ഇരുപത്തെട്ടാമദ്ധ്യായം.

—(o)—

ഇരുപത്തൊമ്പതാമദ്ധ്യായം

ശേഷൻ:—ഇതുകേട്ടു മനംകുളിർത്ത ആ വീരയോദ്ധാക്കന്മാർ രാമദർശനം കൊതിക്കുന്ന രാജേന്ദ്രനോടു് അങ്ങിനെയാകട്ടെ എന്നുണർത്തിച്ചു. 'പരന്തപനായ തിരുമേനി, തുക്കാലൊഴിഞ്ഞു മറൊന്നും അടിയങ്ങൾക്കറിഞ്ഞുകൂടാ. അതിനാൽ തിരുവുള്ളത്തിൽ തോന്നിയതു വേഗത്തിൽ നിറവേറട്ടെ. വെള്ളച്ചാമരവും രത്നമാലയുമണിഞ്ഞു ചന്ദനവും മറവും പൂശി ശോഭിക്കുന്ന ഈ കുതിരയെ അങ്ങോട്ടു കൊണ്ടുപോകാം. സ്വാമിൻ, ആജ്ഞാഫലമായ രാജ്യം, അതി സമൃദ്ധങ്ങളായ ഭണ്ഡാരങ്ങൾ, അഴകേറിയ അശ്വങ്ങൾ, മദമത്തങ്ങളായ മതംഗജങ്ങൾ, പൊന്നിൻ നൂകത്തണ്ടൊത്ത തേരുകൾ, ചന്ദനം, കർപ്പൂരം, നല്ല ഇഴയും നേമ്മയും ചേർന്ന പലനിറത്തിലുള്ള മേത്തരം വസ്ത്രങ്ങൾ, വിവിധാഭരണഭൂഷിതന്മാരായ ദാസിമാർ, മനസ്സിനു രുചിക്കുന്ന ദാസന്മാർ, സൂര്യനൊത്ത മണികൾ, പലതരം രത്നങ്ങൾ, ആനകളുടെ മസ്തകങ്ങളിൽ വിളഞ്ഞ വെണ്മുത്തുകൾ, അസംഖ്യം പവിഴങ്ങൾ, എന്നുവയ്ക്കുണ്ട വിലപിടിച്ചതു സകലവും രാമചന്ദ്രനു സമർപ്പിച്ചുകൊള്ളുക; മഹാപ്രാജ്ഞ, നമ്മുടെ കിങ്കരന്മാരെയും മക്കളായ ഞങ്ങളെ കൂടിയും ഒട്ടൊഴിയാതെ സമർപ്പിച്ചുകൊള്ളുക. അങ്ങയ്ക്കു് എന്താണ് ചെയ്കൂടാത്തതു്? ഇവിടുത്തെക്കീഴിലാണല്ലൊ സിംഹാസനം.' എന്നിങ്ങനെ പുത്രന്മാരിരുവരും പറകയാൽ മനംകുളിർത്ത മന്നവൻ അവരോടും, തന്റെ ആജ്ഞ കാത്തു നില്ക്കുന്ന മറുവീരന്മാരോടുമായി അരുളിച്ചെയ്തു:—'എല്ലാവരും സന്നദ്ധരായി ആയുധങ്ങൾ കൈക്കൊണ്ടു, പലതരം തേരുകളോടും പരിവാരങ്ങളോടും കൂടി, അ

Digitized By Kerala Sahitya Akademi

ശപത്തെ കൊണ്ടുവരുവിൻ; എന്നിട്ടുവേണം എനിക്കു ശത്രുഘ്നന്റെ അടുക്കലേയ്ക്കു പോകാൻ.'

ഈ അരുളപ്പാടു കേട്ടിട്ടു വിചിത്രൻ, ദമനൻ, സുകേതു എന്നിവരും മറ്റു ശൂരന്മാരും രാജധാനിയിൽ പോയി, അതിമനോഹരമായ അശ്വത്തെ കൊണ്ടുപോന്ന രാജാവിന്റെ മുമ്പിൽ നിന്നു. വെള്ളച്ചാമരവും തങ്കപ്പുതുവും രത്നമാലകളും വിചിത്ര മണിഭൂഷകളും മുത്തിൻതൊങ്ങലുകളും ചാർത്തിയും, കാരകിൽ മുതലായവ കൊണ്ടു ധൂപിക്കപ്പെട്ടും, ആഡംബരം തികഞ്ഞ മഹാവീരന്മാർ കടിഞ്ഞാൺപിടിച്ചു മുൻനടന്നും, വമ്പിച്ച ശസ്ത്രാസ്ത്രങ്ങളും കൈക്കൊണ്ട യോദ്ധാക്കൾ പിന്തുടർന്നും, തലയ്ക്കുമേൽ വെൺകൊറ്റക്കുട പിടിക്കപ്പെട്ടും, മുൻവശത്തു വെൺചാമരങ്ങളും വീശപ്പെട്ടും പരിശോഭിക്കുന്ന ആ മനോഹരഭവമായ വാജിമേധാശ്വത്തെ ദർശിച്ചിട്ടു മതിമാനായ മഹീശ്വരൻ അത്യന്തം സന്തോഷിച്ചു. ഉടനെ അദ്ദേഹം രാജചിഹ്നങ്ങളോടും തന്റെ പുത്രപൌത്രരോടും ക്രുദ്ധനായ ശത്രുഘ്നന്റെ അടുക്കലേയ്ക്കു കാൽനടയായി ഗമിച്ചു. ഇക്കാണുന്നതൊക്കെ നശ്വരവും സംഗികൾക്കു ദുഃഖപ്രദവുമാണെന്നറിഞ്ഞു, ക്ഷണഭംഗുരമായ സമ്പത്തിനെ സദ്വിഷയത്തിൽ ചെലവാക്കാനായിരുന്ന അദ്ദേഹത്തിന്റെ യാത്ര.

വെൺകൊറ്റക്കുട ചൂടിയും, സേവകന്മാർ മുൻവശത്തു നിന്നു വെൺചാമരം വീശിയും, സുമതിയോടു രാമചന്ദ്രചരിതം ചോദിച്ചുകൊണ്ടും, ഭയമെന്ന കഥയെ കേൾക്കാതെയും, വീരോചിതമായ വേഷാഡംബരം പൂണ്ടും, ഒരൊറ്റ തുക്കടാക്ഷം കൊതിച്ചു് അനേകലക്ഷം വീരന്മാരും വാനരന്മാരും ചുഴെച്ചുഴന്നും വാണരുളുന്ന ശത്രുഘ്നൻ സുബാഹുവിനു കാണുമാറായി. കണ്ട മാത്രയിൽ കോപമയിർക്കൊണ്ടു, രാമൈകചിത്തനായ ആ രാജാവു്, 'ഞാൻ ധന്യനായി!' എന്നിങ്ങിനെ, പുത്രന്മാരോടുകൂടി ശത്രുഘ്നന്റെ കാൽക്കൽ നമസ്കരിച്ചു. ശത്രുഘ്നനോ, ആ പ്രേമവാനായ രാജവീരനെകണ്ടു, സർവരോടുംകൂടി ആസനത്തിൽ നിന്നെഴുന്നേറ്റു, ഇരുകൈകൊണ്ടും അദ്ദേഹത്തെ കെട്ടിപ്പുണർന്നു. ശത്രുവീരഘ്നനായ സുബാഹു ശത്രുഘ്നനെ തുലോം പൂജിച്ചു ഹർഷഗൽഗദത്തോടെ കഥിച്ചു:—

[കിളിപ്പാട്ടു്]

'ധന്യനായ' സകുടുംബൻ ഞാനുമിന്നാരുംക്കാരും,
മന്നവ ലക്ഷ്മം വാഴ്ത്തും നിൻപദം ദർശിക്കയാൽ!

Digitized By Kerala Sahitya Akademi

അറിവില്ലാഞ്ഞെൻപുത്രൻ പിടിച്ചുവാനീയശ്വത്തെ;-
പ്പൊറുക്കുമനന്റെ തെറിനു കൃപാനിധേ!
ഹാ,വിശം കളിയായിത്തീർത്തു കാത്തൊട്ടുക്കുന്ന
ദേവാധിദേവൻ രഘുശ്രേഷ്ഠനെന്നോർത്തീലിവൻ!
നാടിതാ സേനാംഗാദിസമൃദ്ധം; ധനപൂർണ്ണ-
മീടുവെപ്പിതാ; പുത്രന്മാരിതാ; ഞങ്ങളിതാ—
ഞങ്ങളേവരും രാമഭൃത്യർ, നിന്നാജ്ഞാകരർ;
അങ്ങന്നുകൈക്കൊൾകെല്ലാം; മറിച്ചില്ലെനിക്കേതും!
എങ്ങഹൊ ഹനുമാൻ ശ്രീരാമപാദാബ്ജഭൃംഗം?
ഇങ്ങുതൽപ്രസാദത്താൽ കാണാകും ദ്യുപേന്ദ്രൻ മേ!
അപ്രാപ്യമെന്തെന്തായ്സ്സംഗത്തിൽ? വിമൂഢൻഞാൻ
തൽപ്രസാദത്താൽ ബ്രഹ്മശാപമുക്തനായല്ലോ!
അല്ലിത്താർദളാക്ഷനാം തമ്പുരാനെപ്പോയ്ക്കണ്ടു
ദുർല്ലഭം ജനിഫലമൊക്കെയിന്നു ഞാൻ നേടും!
നഷ്ടമായായുസ്സേറെ രാമനെക്കൂടാതെ മേ;
ശിഷ്ടമൊ തെല്ലൊന്നെ,ന്നമ്മട്ടീശനെക്കാണേണ്ട ഞാൻ?
കല്ലായ മുനിപത്നിയാരുടെ പദപാംസു
തെല്ലേറെ നിമിഷത്തിൽ ശുദ്ധയായ് ച്ചമഞ്ഞിതോ;
ആരുടെയമ്പാൽ കാകനുൽഗതിപൂക്കാൻ; പോരി-
ലാരുടെ മുഖാബ്ജം കണ്ടേറെപ്പേർ വിമുക്തരായ്;
ആരുടെ തിരുനാമമാത്രാൽ ജപിപ്പോക്കു,
സാരമാം യോഗീന്ദ്രന്മാർ തേടുമപ്പദംകിട്ടും;
ആ യജ്ഞപ്രവൃത്തനാം രാമനെക്കാട്ടിത്തരി-
കീയെന്നിങ്കൽ!-ഹാ ധന്യധന്യർതാനയോധ്യക്കാർ;
ശ്രീരാമമുഖാംബുജം കൺകളാൽ നുകർന്നവർ
തീരാത്തമഹാസൌഖ്യം പൂണ്ടല്ലോ മരുവുന്നു!!'

ഇപ്രകാരം ഉച്ചരിച്ച് അദ്ദേഹം അശ്വത്തേയും, രാജ്യത്തേയും, സമ്പത്തിനേയും—സർവ്വത്തേയും—ശത്രുഘ്നങ്കൽ സമർപ്പിച്ചു, 'നരേന്ദ്ര, ഇവിടത്തെ കിങ്കരനാണ് ഞാൻ' എന്നും വീണ്ടും അറിയിച്ചു. ഇതു കേട്ടിട്ടു, ധീമാനായ ശത്രുഘ്നൻ വണക്കം പൂണ്ട വസുധേശ്വരനോടു ഭംഗിയിൽ പറഞ്ഞു:—'രാജാവേ, എന്താണിങ്ങിനെ പറയുന്നതു്? വൃദ്ധനായ ഭവാൻ എനിയ്ക്കു പൂജനീയനല്ലെ. അങ്ങയുടേ രാജ്യമെല്ലാം അങ്ങയുടേതു തന്നെ. അതു ദമനൻ രക്ഷിക്കട്ടെ. യുദ്ധം ചെയ്യുക എന്നതു ക്ഷത്രിയന്മാരുടെ കൃത്യമാണല്ലൊ. ഈ നാടും ധനവുമെല്ലാം എനിക്കുവേണ്ടി തിരിയേ വാങ്ങുക. എനിക്കു രഘുനാഥൻ എപ്ര

Digitized By Kerala Sahitya Akademi

കാരം തിരുത്തണങ്ങൾകൊണ്ടും പൂജനീയനോ, അപ്രകാരം പൂജനീയനാണ് ഭവാനും. ഇനി, ഭവാൻ സന്നദ്ധനായി ചട്ടയിട്ടു വാളേന്തി, തേരാളികളോടൊരുമിച്ച്, അശ്വത്തെ പിന്തുടരാൻ ഒരുങ്ങുക.'

ഇതിൻപ്രകാരം, ശത്രുഘ്നനാൽ അയക്കപ്പെട്ടതനുസരിച്ച് സുബാഹു മഹാരഥന്മാരാൽ പരിവൃതനായി രാജ്യത്തിൽ മകനെ അഭിഷേകംചെയ്തു. പോക്കുത്തിൽ പുഷ്കലനാൽ വധിക്കപ്പെട്ട സ്വപുത്രനെ വിധിപൂർവം സംസ്കരിക്കുമ്പോഴും, ആദ്ദേഹം വീണ്ടും ക്ഷണനേരം ദുഃഖിച്ചതായി കാണപ്പെട്ടു. എന്നാൽ ആ തത്വജ്ഞൻ, രഘുനാഥനെ സ്മരിച്ചു ജ്ഞാനത്താൽ ദുഃഖം അടക്കി; എന്നിട്ടു സന്നദ്ധനായി തേരിൽ കേറി വന്നിച്ച സൈന്യത്തോടും മഹാരഥന്മാരോടുംകൂടി ശത്രുഘ്നന്റെ അടുക്കൽ വന്നുചേർന്നു. ഉടനേ ശത്രുഘ്നൻ അശ്വരക്ഷണത്തിന്നായി യാത്രയാക്കി. ശത്രുഘ്നനാൽ വിടപ്പെട്ട ആ ഫാല്ഗുനപുത്രാങ്കിതമായ തുരംഗമം ഇടംചുറ്റി സഞ്ചരിച്ചു, കിഴക്കൻരാജ്യങ്ങൾ പലതും പിന്നിട്ടു. അവിടങ്ങളിലെ മഹാശ്വരപൂജിതരായ മന്നവന്മാർ അതിനെ വന്ദിക്കുകയല്ലാതെ, ആരും പിടിയ്ക്കുകയുണ്ടായില്ല: ചിലർ വിചിത്ര വസ്ത്രങ്ങളും, ചിലർ സ്വരാജ്യവും, ചിലർ ധനവും, ചിലർ മറ്റുവല്ലതും കാഴ്ചവെച്ച് അതിനെ വന്ദിച്ചുപോന്നു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നസുബാഹുസമാഗമം ഇരുപത്തൊമ്പതാമദ്ധ്യായം.

(0)

മുപ്പത്താമദ്ധ്യായം

ശേഷൻ:—

(ശ്ലോകങ്ങൾ)

കുറികെട്ടിയ വാജി പിമ്പുതേജഃ-
പുരമെത്തീയുപസത്യവൽസുഹൃത്തം
തുരഗാനുഗനങ്ങണഞ്ഞുകൊണ്ടാൻ
രഘുനാഥാനുജനും പ്രഭ്രുതസൈന്യൻ.

കുണായ് തടാ, പെരിയകോട്ട ചുഴന്നനേകം
പൊൻതാഴികക്കുടമൊട്ടും പല കോവിലോടും
സന്ന്യാസിസത്തമർ നിറഞ്ഞ മഠങ്ങളോടും
മിന്നീടുമപ്പുരി പരക്കെ മനോഭിരാമം.

Digitized By Kerala Sahitya Akademi

തീക്കണ്ണമ്മൌലിനദിയുമൊഴുകുന്നതത്ര
നീർക്കോഴിയന്നമിവ ചേന്നു ഷിമാർ ചുഴന്നും;
വിപ്രാലയം പ്രതിവിനുതപര ഹോമധൂമ-
മുല്പാപനാം നരനുമങ്ങുവിശുദ്ധിചേർപ്പൂ.

ആ പട്ടണം കണ്ടിട്ട് ഹർഷവും അത്ഭുതവും തോന്നിയ ശത്രുഘ്നൻ സുമതിയോട് ചോദിച്ചു:—'മന്ത്രി, ആരുടെയാണ്, ഇക്കാണുന്ന നഗരം? ധർമ്മസംരക്ഷിതമായ ഇതു് ഏതൊരു പുണ്യയത്തെ ആഘോഷിപ്പിക്കുന്നു.' ശത്രുഘ്നന്റെ ഈ ചോദ്യംകേട്ട സുമതി വാസ്തവമെല്ലാം വണക്കത്തിൽ അറിയിച്ചു:—'തിരുമേനി, വൈഷ്ണവന്റെ സൽക്കഥ ശ്രദ്ധിച്ചുകേട്ടുകൊണ്ടാലും; ഇതു ശ്രവിച്ചാൽ, ബ്രഹ്മഹത്യയ്ക്കൊത്ത പാപംപോലും വിട്ടൊഴിയും: ശ്രീരാമന്റെ തൃക്കാൽത്തണ്ടാരിന്നു വണ്ടായ സത്യവാനെന്ന രാജാവത്രേ ഇവിടെ വാഴുന്നതു്. യജ്ഞയജ്ഞാംഗങ്ങളും അറിഞ്ഞവനും അനുഷ്ഠിച്ചവനുമായ ഒരു ജീവന്മുക്തനാണ് ആ മഹാൻ. അദ്ദേഹത്തിന്റെ അച്ഛൻ, പരമധാർമ്മികനായ ധൃതംഭരൻ, വളരെ വ്രതങ്ങളംകൊണ്ടു കാമധേനുവിനെ ആരാധിച്ചു. ധേനു പ്രസാദിച്ചു സൽഗുണശാലിയായ ഒരു പുത്രനെ കല്പിച്ചു നൽകുകയുംചെയ്തു. ആ കാന്തിമാനായ പുത്രനത്രേ സത്യവാനെന്ന രാജശ്രേഷ്ഠൻ.'

ശത്രുഘ്നൻ:—'ആരാണു് ധൃതംഭരരാജാവു്? എന്തിനായിരുന്നു ധേനുവിനെ പൂജിച്ചതു്? അദ്ദേഹത്തിനു വിഷ്ണുവിനെ സേവിക്കുന്ന വൈഷ്ണവനായ പുത്രൻ എങ്ങിനെ കൈവന്നു? ഇതെല്ലാം പറകതന്നെ. വൈഷ്ണവന്റെ കഥ ശ്രവിച്ചാൽ ശരീരികർമ്മമല പോലുള്ള മാപാപവും നീങ്ങുമല്ലോ.

ശത്രുഘ്നന്റെ സാരമേറിയ വചനംകേട്ടിട്ടു സുമതി സത്യവാന്റെ ഉല്പത്തി വിസ്തരിച്ചു പറവാൻ തുടങ്ങി: പണ്ടു് ഇവിടെ വാണിരുന്ന ധൃതംഭരരാജാവിനു സന്തതിയില്ലായിരുന്നു. ഭാര്യമാർ വളരെപ്പേരുണ്ടായിരുന്നുവെങ്കിലും ഒരു പുത്രൻപോലും പിറന്നില്ല. അങ്ങിനെയിരിക്കെ, ഭാഗ്യവശാൽ വന്നുചേർന്ന ജാബാലിമഹർഷിയാട് അദ്ദേഹം, കുശലപ്രശ്നവുംമറ്റും ചെയ്തതിനുശേഷം, പുത്രനുണ്ടാകാൻ 'എന്തുവേണ്ടു എന്നു ചോദിച്ചു:—'സ്വാമിൻ, എനിക്ക്, ഇന്നതുചെയ്താൽ വംശത്തെ നിലനിർത്തുന്ന ശ്രേഷ്ഠസന്താനം പിറക്കുമെന്ന് ഉപദേശിച്ചുതന്നാലും! മുനീന്ദ്ര, ഇവിടുന്നുപദേശിക്കുന്നതിൻവണ്ണം ദാനമൊ വ്രതമൊ തീർത്ഥസ്നാനമൊ യാഗമൊ, എന്തും, ഞാൻ ശരിക്കു ചെയ്തുകൊള്ളാം.' വണക്കം

Digitized By Kerala Sahitya Akademi

പണ്ട പുത്രാർത്ഥിയായ രാജാവിന മഹർഷി സന്താനസന്ധാരനോപായം പറഞ്ഞുകൊടുത്തു:—'രാജാവേ, സന്താനലാഭത്തിന്ന മൂന്ന വഴിയാണ ള്ളത്: വിഷ്ണുപ്രസാദം, ശിവപ്രസാദം, ഗോപ്രസാദം. അതിനാൽ ഭവാൻ ദേവമൂർത്തിയായ ധേനുവിനെ ആരാധിച്ചുകൊൾക. ആരുടെ വാൽ, മുഖം, കൊമ്പു, പുറം എന്നിവയിൽ ദേവകുലം വാഴുന്നുവോ, ആ ധേനു പ്രസാദിച്ചാൽ ധർമ്മസംയുതമായ വാഞ്ഛിതം ക്ഷണത്തിൽ നിറവേറും. ഇതോർത്തു ഭവാൻ ഗോവിനെ പൂജിച്ചുകൊൾക. ആർ ഗൃഹത്തിൽ നാൾതോറും ഗോവിനെ പുല്ലുകൊണ്ടും മറവും സന്തോഷിപ്പിക്കുന്നുവോ, അവനു ദേവകളും പിതൃക്കളും എന്നെന്നും തൃപ്തരായിരിക്കും. പയ്യിന്ന് ഒരുനാളത്തെ തീറ്റിക്കുള്ളതു പതിവായി നൽകുന്ന സദ്വ്രതന്ന്, ആ സത്യത്താൽ സർവ്വമനോരഥങ്ങളും നിറവേറും. തൊഴുത്തിൽ ദോഹിച്ചു നില്ക്കുന്ന പയ്യും, ഗൃഹത്തിൽ തിരണ്ടിരിക്കുന്ന കന്യകയും നിർമ്മാല്യം നീക്കപ്പെടാത്ത ക്ഷേത്രവും പൂർവ്വപുണ്യത്തെ കെട്ടുത്തുകളയും! തന്റെ പുല്ലുതിന്നുന്ന പയ്യിനെ ആർ തട്ടുക്കുന്നുവോ, അവന്റെ പൂർവ്വപിതൃക്കൾ അധഃപതിക്കുമാറു വിറച്ചുകൊണ്ടിരിക്കും! പയ്യിനെ വടികൊണ്ടടിക്കുന്ന മൂഢൻ കയ്യില്ലാത്തവനായി കാലനഗരം പൂകും. ആർ പയ്യിനെ ഈച്ചകടിക്കാതെ നോക്കുന്നുവോ, അവൻറെ പിതൃക്കൾ, 'ഈ ധന്യൻ നമുക്കുൽഗതിവരുത്തും' എന്നിങ്ങനെ അത്യന്തം സന്തോഷിച്ചു കൃതാർത്ഥരായി നൃത്തംവെയ്ക്കും! ഇതിന്നുദാഹരണമായി ഒരു പഴംകഥയുണ്ട്; പണ്ട കാലാലയത്തിൽ വെച്ചു ജനകൻചെയ്ത അത്ഭുതം കേട്ടുകൊൾക:

ജനകരാജാവ് ഒരിക്കൽ യോഗംകൊണ്ടു ശരീരം വെടിഞ്ഞു. അപ്പോഴെയ്ക്കും, കിങ്ങിണിത്തൊങ്ങലണിഞ്ഞ ഒരു വിമാനം വന്നുചേർന്നു. രാജാവു സേവകന്മാരുടെ കൈപിടിച്ചു് അതിൽകേറി നടകൊണ്ടു. വഴിക്കു് അദ്ദേഹം യമന്റെ സായമിന്ദ്രിപുരിക്കു സമീപത്തെത്തി. അവിടെ അസംഖ്യം നരകങ്ങളിൽ പാപികളെ പീഡിപ്പിക്കുന്നുണ്ടായിരുന്നു. അവർ ജനകന്റെ ശരീരത്തിൽ തട്ടിയ കാറ്റേറ്റുയാൽ സുഖിതരായിച്ചമഞ്ഞു; നരകത്തിലെ കടുംചൂടു് അവക്കു തണുപ്പായി! ജനകാംഗപാവനൻ അവരുടെ പീഡയെല്ലാം നശിപ്പിച്ചുകളഞ്ഞു. അദ്ദേഹം പോകാൻ തുടങ്ങുന്നതു കണ്ടപ്പോഴാകട്ടെ, നരകത്തിൽ കിടക്കുന്നവർ അദ്ദേഹത്തിന്റെ വേർപാടു പൊറായ്കയാൽ പേടിച്ചു് ഉറക്കെ നിലവിളിക്കയായി. അവർ ദയനീയമാംവണ്ണം അപേക്ഷിച്ചു:—'സുകൃതിൻ, ഭവാൻ ഇവിടെനിന്നു പോകരുതേ! അങ്ങയുടെ കാറേറ്റിയാൽ, പീഡിതരായ ഞങ്ങൾക്കു സ്വാസ്ഥ്യം കിട്ടുമായിരുന്നു!' ഇതുകേട്ടപ്പോൾ, ജനകന്റെ ഹൃദയം ദയയാൽ തിങ്ങിനിറഞ്ഞു. 'എങ്കൽനി

Digitized By Kerala Sahitya Akademi

തൽക്കേ രഘുനാഥനെ പൂജിച്ചു നേടിയിട്ടുള്ള പുണ്യങ്ങൾകൊണ്ട് ഇവൾക്കു നരകത്തിൽ നിന്നു വിടുതി കിട്ടി സ്വാസ്ഥ്യം ഭവിക്കട്ടെ' എന്നിങ്ങനെ അദ്ദേഹം പറയുന്നതോടുകൂടി, നരകത്തിൽക്കിടന്നിരുന്നവരെല്ലാം അവിടെ നിന്നു വിടുപോന്നു ദിവ്യദേഹരായിച്ചമഞ്ഞു, ജനകനോടരിയാടി:—'രാജാവെ, അങ്ങയുടെ പ്രസാദത്താൽ ഞങ്ങളും ഇതാ, ക്ഷണേന നരകദുഃഖത്തിൽ നിന്നൊഴിഞ്ഞു പരമപദം പൂകുന്നു' സൂര്യനൊപ്പം തിളങ്ങുന്ന ആ നരകനിർമ്മുക്തരെ കണ്ടപ്പോൾ, സർവരിലും ദയാശീലനായ രാജാവിന്നുണ്ടായ സന്തോഷം കുറച്ചല്ല. അവരെല്ലാവരും കരുണാനിധിയായ ജനകമഹാരാജാവിനെ പ്രശംസിച്ചുകൊണ്ടു, ദേവന്മാരാൽ അലംകൃതമായ ദിവ്യലോകത്തെയ്ക്കു ഗമിച്ചു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവസിഷ്ഠസംവാദം, രാമാശ്വമേധപ്രകരണം, സത്യവത്യുപാഖ്യാനാരംഭം മുപ്പതാമദ്ധ്യായം.

—(o)—

മുപ്പത്തൊന്നാമദ്ധ്യായം

ജാബാലി:—നരകത്തിൽ വസിച്ചിരുന്നവർ പോയതിന്നുശേഷം നരപാലൻ സർവധർമ്മജ്ഞനായ പിതൃപതിയോടു ചോദിച്ചു:—'ധർമ്മരാജാവെ, ഭവാൻ പറഞ്ഞുവല്ലോ, പാപികളേ അങ്ങയുടെ പാപ്പിടത്തിൽ വന്നുചേരൂ എന്നും ധർമ്മനിരതർ വരികയില്ലെന്നും. എന്നാൽ, എന്തൊരു പാപംകൊണ്ടാണ്, ഞാൻ ഇവിടെ വന്നുചേർന്നതു? എന്റെ ആ പാപം മുഴുവനും ശ്രീയുള്ള പറഞ്ഞുതന്നാൽ കൊള്ളാം.' ഇതു കേട്ടിട്ടു, പരന്തപനായ പരേതനാഥൻ ജനകനു കാലന്തരണയാൻ കാരണമെന്തെന്നു പറഞ്ഞുകൊടുത്തു:—'രാജാവെ, രാമന്റെ പാദാരവിന്ദമകരന്ദം നുകരുന്ന മധുവ്രതമേ, അങ്ങയ്ക്കുള്ളേടത്തോളം മഹത്തായ പുണ്യം ഭൂമിയിൽ ആർക്കുമില്ല. ദോഷത്തെ പിളർത്തുന്നതും തോഷത്തെ വളർത്തുന്നതുമായ ഭവന്റെ കീർത്തിയാകുന്ന സപ്തശൃംഗ പങ്കസംകീർണ്ണമായ പാപികളെപ്പോലും പരക്കെ പരിശുദ്ധരാക്കുന്നു. പക്ഷേ, ചെറുതായ ഒരു പാപം അങ്ങയ്ക്കുണ്ടു; അതുനിമിത്തമത്രേ പുണ്യം നിറഞ്ഞ ഭവാൻ യമപുരിക്കകത്തു വന്നെത്തിയതു: ഒരുദിവസം ഭവാൻ പുല്ലു തിന്നുന്ന ഒരു പയ്യിനെ തടുത്തുകളഞ്ഞു; ആ പാപത്താലാണു, നരകദുഃഖം കാണ്മാൻ ഇടവന്നതു ഇപ്പോൾ ആ പാപം തീർന്നു; ഇനി ഭവാൻ സ്വപുണ്യങ്ങൾകൊണ്ടു നേടിയ അനവധി മഹാഭോഗങ്ങൾ ഭുജിച്ചുകൊൾകെ. ഇവരുടെ സങ്കടം തീർപ്പാൻതന്നെയാണു, കൃപാംബുധിയായ

Digitized By Kerala Sahitya Akademi

രഘുനാഥൻ വൈഷ്ണവനായ ഭവാനെ സംയമനീമാർഗ്ഗത്തിലൂടെ യാത്രചെയ്യിച്ചതു്; ഭവാൻ ഈ വഴിയ്ക്കു വരില്ലായിരുന്ന എങ്കിൽ, ഇവക്കെങ്ങിനെ നരകത്തിൽ നിന്നു വിടുതി കിട്ടും? പരദുഃഖത്തിൽ ദുഃഖിക്കുന്നവരായ അങ്ങയെപ്പോലുള്ള ദയാലുക്കൾ പ്രാണികൾക്കു ദുഃഖം തീർക്കാതിരിക്കില്ല.'

ഈ വിധം കഥിക്കുന്ന കാലത്തെ വന്ദിച്ചു് അദ്ദേഹം അപ്സരസ്സുകളാൽ പരിശോഭിക്കുന്ന ദിവ്യവിമാനത്തിലൂടെ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു. അതിനാൽ, പൈക്കളെ പതിവായി പൂജിക്കണം; മനസ്സുകൊണ്ടുപോലും നിന്ദിക്കരുതു് നിന്ദിച്ചുപോയാൽ, പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ നരകത്തിൽ കിടക്കേണ്ടിവരും. ഇപ്പോത്തമ, ഭവാൻ ഗോവിനെ പൂജിച്ചുകൊള്ളുക. അവൾ പ്രസാദിച്ചാൽ ഉടനെതന്നെ ധർമ്മശീലനായ പുത്രൻ ഉണ്ടായിവരും.' ഇതു കേട്ടിട്ടു് ജ്ഞാതംഭരൻ, 'ഗോവിനെ ആദരപൂർവ്വം പൂജിക്കേണ്ടതു് എങ്ങിനെയൊക്കെയാണ'ന്നു ചോദിച്ചു. അപ്പോൾ ജാബാലി ധേനുപൂജാവിധിയും പറഞ്ഞുകൊടുത്തു:— 'പുത്രാർത്ഥിയായ വ്രതക്കാരൻ നാൾതോറും പയ്യിനെ മേയ്ക്കാൻ കാട്ടിലേയ്ക്കു പോകണം; പയ്യിനെ യവം ഭക്ഷിപ്പിച്ചു്, ചാണകത്തിൽ കാണുന്ന യവം പെറുക്കിയെടുത്തു താൻ ഭക്ഷിക്കണം. പയ്യു വെള്ളം കുടിയ്ക്കുമ്പോൾ താനും വെള്ളം കുടിക്കണം: പയ്യു് ഉയന്നേടത്തു കിടക്കുമ്പോൾ, താൻ താഴെ സ്ഥിതിചെയ്യണം. എപ്പോഴും ഈച്ചകളെ ആട്ടണം; പുല്ലു താൻതന്നെ കൊണ്ടുവന്നു കൊടുക്കണം. ഇങ്ങിനെയൊക്കെ ചെയ്താൽ ധർമ്മിഷ്ഠനായ പുത്രൻ പിറക്കും.'

ഇതിൻപ്രകാരം, ധർമ്മാത്മാവായ ജ്ഞാതംഭരൻ പുത്രാർത്ഥമായി ഗോപൂജാവ്രതം അനുഷ്ഠിപ്പാൻ തുടങ്ങി: ആ ബുദ്ധിമാൻ നാൾതോറും പയ്യിനെ പുല്ലും മറ്റും കൊടുത്തു തൃപ്തിപ്പെടുത്തും; ഈച്ചയെ ആട്ടും; യവമേ ഭക്ഷിയ്ക്കൂ. ഇങ്ങിനെ, കാട്ടിൽ നിത്യമായി പുല്ലും മറ്റും തിന്നുമേയുന്ന പയ്യിനെ പൂജിച്ചുംകൊണ്ടു ദിവസം കുറെ കഴിഞ്ഞു. ഒരു നാൾ, രാജാവു കൌതുകംമൂലം നാലുപാടും കാടിൻറെ ഭംഗിയിൽ കണ്ണുപതിച്ചു സഞ്ചരിക്കുന്ന ലാക്കിൽ, വനാന്തരത്തിൽ നിന്നു് ഒരു സിംഹം വന്നു പയ്യിനെ പ്രഹരിച്ചുകളഞ്ഞു. അവൾ ദുഃഖവിവശയായി 'ഉമ്പാ' എന്നു നിലവിളിച്ചു. ഉടനെ രാജാവു് അടുത്തെത്തി നോക്കിയപ്പോൾ, തൻറെ പശു സിംഹത്താൽ കൊല്ലപ്പെട്ടതായി കാണപ്പെട്ടു. ദുഃഖം പൊറുക്കായ്കയാൽ അദ്ദേഹം കരഞ്ഞുപോയി. പിന്നീടു ജാബാലി മഹർഷിയെ ചെന്നുകണ്ടു, പ്രമാദത്താൽ പറഞ്ഞുപ്പോയ ആ ഗോഹത്യയ്ക്കു പ്രായശ്ചിത്തം ചോദിച്ചു:—'സ്വാമിൻ, ഇവിടുന്നുപദേ

Digitized By Kerala Sahitya Akademi

ശിച്ചതിൻവണ്ണം, കാട്ടിൽ പയ്യിനെ മേയ്ക്കുകയായിരുന്ന ഞാൻ; അതിനെ, ഒരു സിംഹം എവിടെ നിന്നോ അട്ടഹാസമായി വന്നണഞ്ഞു കൊന്നുകളഞ്ഞു! ഈ പാപം നീങ്ങുന്നതിന്നു ഞാൻ എന്തു ചെയ്യേണമെന്നുപദേശിച്ചു തരുമാറാകണം. എങ്ങിനെയാണു് എന്റെ പുത്രോല്പത്തിക്കുള്ള വ്രതം പൂർണ്ണമാവുക?

മാമുനി മറുപടി പറഞ്ഞു:—'രാജാവെ, ബ്രഹ്മഘ്നൻ, കൃതഘ്നൻ, മദ്യപൻ എന്നിവക്കൊക്കെ പാപംതീരാൻ പ്രായശ്ചിത്തങ്ങളും വിധിക്കപ്പെട്ടിട്ടുണ്ടു്: കൃച്ഛ്രചാന്ദ്രായണാടി വ്രതങ്ങളും, യമനിയമങ്ങളും, ദാനങ്ങളും എന്നിവ മുറയ്ക്കനുഷ്ഠിച്ചാൽ ആ വക പാപം അവതിപ്പെട്ടതും. എന്നാൽ രണ്ടു മാപാപത്തിന്നു—മനഃപൂർവമായ ഗോഹത്യയ്ക്കും, വിഷ്ണുനിന്ദയ്ക്കും—പ്രായശ്ചിത്തമില്ല! പയ്യിനെ മനഃപൂർവം പീഡിപ്പിക്കുന്ന മഹാനീചൻ പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ നരകത്തിൽ കിടക്കും; ഒരൊറപ്രാവശ്യം നാരായണൻതിരുവടിയെ നിന്ദിച്ചാൽ, ആ ദുർഗ്ഗതം പുത്രപൌത്രരോടൊന്നിച്ചു നരകത്തിൽ പതിച്ചുപോകും. അറിഞ്ഞുംകൊണ്ടു മുകുന്ദനെ നിന്ദിക്കുകയും, ഗോവിനെ പീഡിപ്പിക്കുകയും ചെയ്യുന്നവന്നു് ഒരിക്കലും നരകത്തിൽ നിന്നു വിടുതി കിട്ടുകയില്ല. എന്നാൽ, അറിയാതെ പറ്റിയ ഗോഹത്യയ്ക്കു പ്രായശ്ചിത്തമുണ്ടു്: ഭവാൻ രാമഭക്തനായ ധീമാൻ ജുഹുപണ്ണനെ ചെന്നുകാണുക. ശത്രുവിനേയും മിത്രത്തേയും തുല്യദൃഷ്ട്യാ ദർശിക്കുന്നവനും, സകലരിലും ഒരേനിലയിൽ പെരുമാറുന്നവനുമായ അദ്ദേഹം ഈ ഗോവധത്തിന്നുള്ള പ്രായശ്ചിത്തം അങ്ങയ്ക്കു വേഗത്തിൽ പറഞ്ഞുതരും. പണ്ടു് അദ്ദേഹത്തിന്റെ രാജ്യം അതിക്രമിച്ച അങ്ങയെ അദ്ദേഹം നിഷ്പ്രാസനം ചെയ്യുവല്ലോ; എന്നാൽ ആ വൈരം വെടിഞ്ഞു, ഭവാൻ അദ്ദേഹത്തെ ചെന്നു കണ്ടുകൊള്ളുക. അദ്ദേഹം പറയുന്നതു സശ്രദ്ധമായി ചെയ്താൽ അങ്ങയുടെ പാപത്തിന്നുപശാന്തിവരും.'

ഇതനുസരിച്ചു് ജനമേജയൻ, രാമഭക്തനും ശത്രുമിത്രങ്ങളിൽ സമദൃഷ്ടിയുമായ ജുഹുപണ്ണന്റെ അടുക്കൽചെന്നു, ഗോഹത്യ പറ്റിപ്പോയതും മാറും പറഞ്ഞുകേൾപ്പിച്ചു; ആ പാപത്തിന്റെ പരിശാന്തിക്കാണു് താൻ വന്നിരിക്കുന്നതെന്നും അറിയിച്ചു. അപ്പോഴം, പ്രതാപവാനും ബുദ്ധിമാനും ധർമ്മജ്ഞനുമായ ജുഹുപണ്ണബ്രഹ്മൻ ചിരിച്ചുംകൊണ്ടരിയാടി:—'ശാസ്ത്രജ്ഞന്മാരായ മഹർഷിമാരുടെ മുമ്പിൽ ഞാനാരാണു്? അവരെവിട്ടു, ഭവാൻ പണ്ഡിതനെന്നു നടിക്കുന്ന പാമരനായ എന്റെ അടുക്കൽ വന്നതെന്താണു്? പുരുഷപുംഗവ, ഭവാന്നു് എന്നിൽ വിശ്വാസമുണ്ടെങ്കിൽ ഞാൻ ഒന്നു പറഞ്ഞുതരാം; അതു സശ്രദ്ധം ചെ

Digitized By Kerala Sahitya Akademi

യ്കൊള്ളുക: അങ്ങു മനസാ വാചാ കർമ്മണാ നിഷ്കപടമായി ശ്രീരാമനാഥനെ സേവിച്ചു പ്രസാദിപ്പിച്ചാൽ മതി. ആ ലോകേശ്വരൻ, തിരുവുള്ളം തെളിഞ്ഞാൽ എന്തഭീഷ്ടവും നിറവേറിത്തരും; അങ്ങയ്ക്ക് അറിയാതെ പറ്റിയ ഗോഹത്യാപാപവും നശിപ്പിക്കും. ഭവാൻ ശ്രീരാമനെ സ്മരിച്ചുംകൊണ്ടു ഗോവിനെ പാലിക്കുകയും, ബ്രാഹ്മണന്ന സ്വർണ്ണം നൽകുകയും ചെയ്യുക; എന്നാൽ പാപം നീങ്ങിക്കൊള്ളും'

ഇതിൻപ്രകാരം ജ്ഞതംഭരനുപദേശിച്ചു രാമനെ സ്മരിച്ചു വിശുദ്ധചിത്തനായി വ്രതം കൈക്കൊണ്ടു, മുമ്പേത്തെപ്പോലെ ഗോവിനെ മേച്ചു വൻ കാട്ടിൽ നടന്നു. എപ്പോഴും അദ്ദേഹം രാമനാമം സ്മരിക്കും; എല്ലാ പ്രാണികൾക്കും ഹിതം ചെയ്യും. അതിൽ അകംതെളിഞ്ഞ ധേനു രാജാവിനോട്, അഭീഷ്ടവരം ചോദിച്ചുകൊൾവാൻ പറഞ്ഞു. 'രാമഭക്തനും പിതൃഭക്തനും സ്വധർമ്മപാലകനുമായ ഒരു പ്രിയപുത്രനെ എനിക്കു തന്നാലും' എന്ന് അദ്ദേഹം അപേക്ഷിച്ചു. ഉടനെ ആ വരം കരുണയോടേ നൽകി. ദേവി കാമധേനു അന്തർദ്ധാനംചെയ്തു.

യഥാകാലം അദ്ദേഹത്തിന്ന രാമനെ സേവിക്കുന്ന വൈഷ്ണവനായ പുത്രൻ പിറന്നു. ഉണ്ണിക്ക് അച്ഛൻ സത്യവാനെന്ന പേരിട്ടു. ശക്രനൊത്ത വിക്രമിയും പിതൃഭക്തനുമായ സത്യവാനെന്ന പുത്രനെ ലഭിച്ചതിൽ ജ്ഞതംഭരന്ന് അത്യന്തം സന്തോഷമുണ്ടായി. സന്തോഷത്താൽ മനം കുളിർത്ത മന്നവൻ ധർമ്മശീലനായ മകനെ തന്റെ മഹാരാജ്യത്തിൽ വാഴിച്ചു, തപസ്സിന്നായി കാട്ടിലേയ്ക്കുപോയി; അവിടെ ഭക്തിപൂർവ്വം ഹൃഷീകേശനെ ആരാധിച്ചു പാപനിർമ്മുക്തനായി, ഉടലോടേ വൈകുണ്ഠം പൂകുകയുംചെയ്തു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷുവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, സത്യവദാഖ്യാനം മുപ്പത്തൊന്നാമദ്ധ്യായം.

(0)

മുപ്പത്തിരണ്ടാമദ്ധ്യായം

സുമതി:—തിരുമേനി, ഈ സത്യവാനെന്ന രാജാവും സ്വധർമ്മത്താൽ ജഗദീശനായ രാമഭദ്രനെ പ്രസാദിപ്പിച്ച ആളാണ്: ഇദ്ദേഹത്തിന്ന ലക്ഷ്മീവല്ലഭൻ തിരുവുള്ളം തെളിഞ്ഞു, വളരെ വളരെ യജ്ഞപുണ്യങ്ങൾകൊണ്ടുപോലും നേടാവതല്ലാത്ത സുസ്ഥിരമായ തൃപ്പാദഭക്തി ക

Digitized By Kerala Sahitya Akademi

ല്പിച്ചു നൽകിയിരിക്കുന്നു. ഈ കൃപാശീലൻ സർജനങ്ങളെക്കൊണ്ടും പാവനമായ ശ്രീരാമചരിതം നാടംതോറും ഭക്ത്യുന്തിയോടെ കീർത്തിപ്പിച്ചുപോരുന്നു. അതെങ്കിലും രമാകാന്തനായ രഘുനാഥൻതിരുവടിയെ ആരാധിക്കാഞ്ഞാൽ, അവനെ, ഇദ്ദേഹം, കലുന്നുകൂടി പേടിതോന്നിക്കുന്ന ദണ്ഡംകൊണ്ടു പീഡിപ്പിക്കും. എട്ടുവയസ്സിനു മേൽ എൺപതുവയസ്സുവരെ സകലമനുഷ്യരും ഏകാഗ്രശ്രദ്ധയോടെ നോറുകൊള്ളണമെന്നത്രേ ഇദ്ദേഹത്തിന്റെ ആജ്ഞ. ലക്ഷ്മീരമണന്റെ തൃക്കാലിൽ ചാർത്തുന്നതായ ശ്രേഷ്ഠതുളസി ഇദ്ദേഹത്തിന്റെ ശിരസ്സിൽ നിന്നൊരിക്കലും ഒഴിയാറില്ല. രഘുനാഥധ്യാനരതിയാൽ പരമപ്രമോദവും സന്തോഷവും പൂണ്ടവനായ ഇദ്ദേഹം ജ്ഞാനിമാക്കുകൂടി പൂജനീയനാകുന്നു; മറുള്ളവർക്കു പിന്നെ പറയാനുണ്ടോ? രാമചന്ദ്രന്റെ പള്ളിക്കുതിര വന്നതറിഞ്ഞാൽ സത്യവാൻ അങ്ങയുടെ അടുക്കൽവന്ന് ഈ നിസ്സംശയമായ രാജ്യം അടിയറവെയ്ക്കും. തിരുമേനി ചോദിച്ചതു ഞാൻ പറഞ്ഞുകഴിഞ്ഞു; ഇനി എന്തുവേണമെന്ന് ആജ്ഞാപിച്ചാലും.'

അശ്വം ആ പട്ടണത്തിലേയ്ക്കു കടന്നു. അതിനെ കണ്ട് ആളുകളെല്ലാം അത്യന്തം വിസ്മയപ്പെട്ട, തമ്പുരാനോട് ചെന്നണത്തിച്ചു:—'ഗംഗാജലംപോലെ വെളുത്ത നിറത്തിലുള്ള ഒരു കുതിര നെറ്റിമേൽ തിളങ്ങുന്ന കനകപത്രവുമായി വന്നുചേർന്നിരിയ്ക്കുന്നു.' ഇതുകേട്ട കുതുകിതനായ രാജാവ്, അശ്വം ആരുടേയാണെന്നന്വേഷിച്ചറിവാൻ ആജ്ഞാപിച്ചു. അവർ വീണ്ടും അറിയിച്ചു:—'ശത്രുഘ്നനാൽ രക്ഷിക്കപ്പെട്ട് നഗരത്തിൽ വന്നെത്തിയിരിക്കുന്ന കുതിര രാമൻതിരുമേനിയുടേതാണ്.' രാമൻ എന്ന അഭിരാമമായ രണ്ടക്ഷരം കേട്ടതോടുകൂടി രാജാവിന്റെ മനസ്സു തുലോം കുളിർത്തു. അദ്ദേഹം തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു:—

[ശ്ലോകങ്ങൾ]

ആരെക്കരേറ്റുക്കാമ്പിലണച്ചു പേർത്തും
ധ്യാനിച്ചുപോരുന്ന നിരന്തരം ഞാൻ
ആ രാമചന്ദ്രന്റെ തുരംഗമേന്ദ്രൻ
ശത്രുഘ്നനൊത്തെൻപുരി പുക്കിതെന്നോ!

ഉണ്ടായിരിക്കും ദുഷ്ടമങ്ങു, സാക്ഷാൽ
ശ്രീരാമസേവാകരനാം ഹനുമാൻ,
ഒരിക്കലും രാമനെ മാനസത്തിൽ
മറന്നുപോകാത്ത മഹാനുഭാവൻ.

ഞാനാര ശത്രുഘ്നനുമാജ്ഞനേയനും
രാമാംഘ്രിപദ്മാർച്ചകർ മറ്റുധന്യരും

Digitized By Kerala Sahitya Akademi

നില്ക്കുന്നെടം പോവുകയാണു;—മാതൃ, മൽ-
സവ്സപവുംകൊണ്ടുവത്ര ക്ഷണേനാനീ.

പോകുന്നഞാൻ രാമഹയാവനത്തിനും
ദുഷ്പ്രാപമാം രാമപദാവ്നയ്ക്കുമായ്—'
ഇതഥംകഥിച്ചാക്ഷിതിപൻ സസൈന്യനായ്-
ശ്രുതുഘ്നനെക്കാണുവതിന്നിറങ്ങിനാൻ.

അപ്പോഴെയ്ക്കും, രാമാനുജൻ ആഗമിക്കാരോട്ടുകൂടി നഗരത്തിലെത്തിക്കഴിഞ്ഞു. കരുത്തേറിയ വീരന്മാർ ഗർജ്ജിക്കുന്നു; തേരൊലി മുഴങ്ങുന്നു; ജയശംഖ ശബ്ദങ്ങളും വീണാകപണിതങ്ങളും സർവ്വത്ര വ്യാപിക്കുന്നു. രാജാവു, സത്യവാൻ, മന്ത്രിമാരൊന്നിച്ചു ശത്രുഘ്നന്റെ അടുക്കലെത്തി നമസ്കരിച്ചു, രാജ്യവും വന്നിച്ച സമ്പത്തും സമർപ്പിച്ചു. ശത്രുഘ്നനാകട്ടെ, സത്യവാൻ രാമഭക്തനാണെന്നറികയാൽ അദ്ദേഹത്തിന്റെ വന്നിച്ച രാജ്യം അദ്ദേഹത്തിന്റെ പുത്രനായ ശത്രുഞ്ജയനു കല്പിച്ചുകൊടുത്തു. സത്യവാൻ ഹനുമാനേയും, രാമഭക്തനായ സുബാഹുവിനേയും മറ്റു രഘുനാഥസേവകന്മാരേയും കെട്ടിപ്പുണർന്നു ചാരിതാർത്ഥ്യം ഉൾക്കൊണ്ടു, ശത്രുഘ്നനോടു ചേർന്നാനന്ദിച്ചു. ഇതിനിടയിൽ, വീരപരിരക്ഷിതമായ അശ്വം കുറെ അകലത്തായിക്കഴിഞ്ഞു. ഉടനെ ശത്രുഘ്നൻ ആ രാജാവിനോടും മറ്റു വീരന്മാരോടുംകൂടി യാത്ര തുടർന്നു.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷയാത്ര്യായന സംവാദം, രാമാശ്വമേധപ്രകരണം, ശത്രുഘ്നസത്യവത്സമാഗമം, മുപ്പത്തിരണ്ടാമദ്ധ്യായം.

—(o)—

മുപ്പത്തിമൂന്നാമദ്ധ്യായം

ശേഷൻ:—

[ശ്ലോകങ്ങൾ]

ശത്രുഘ്നാദിമഹീമഹേന്ദ്രർ വളരെ-
ത്തേരാളരൊത്തെത്തുന്നിയാ-
ലെത്താത്തേർകളുമായ് ഭൂമിയെല്ലാ, വഴിയിൽ
പ്പെട്ടെന്നിരുട്ടെന്നതാ,

Digitized By Kerala Sahitya Akademi

ഒത്തീ ഘോരതരം! തിരിച്ചുറികവ-
യ്യാതായ് സ്വകീയാന്യരെ-
ത്തത്തപ്പാഞ്ഞക്കുമഹോ! മറഞ്ഞുഗഗനം
പാടേ പൊടിച്ചാത്തിനാൽ.

തടിത്തുകം ചലിച്ചു; പാഴിടിമുഴങ്ങി;ഭീമമോയ്-
ത്തടിച്ചുമുകിൽ ഘോരയും ചലമമേധ്യവും പെയ്തുയായ്;
പടുക്കളവരെന്തിതെന്നവശരായ്; കടുംക്രൂരരുദ-
പ്പടപ്പിലലമന്ധരായുഴറിവമ്പരാം ലോകരും.

ഇതഥ വീരവരക്ഷ ഭീതിയുതകി.-
പ്പാതാളവാസ്തവ്യനാം
വിഭ്രമാലി, ദശാസ്യബന്ധു, വളരെ
ക്രവ്യാശനന്മാരുമായ്,
വൃത്താലോത്തയുപോലെ പോകുമൊരിത-
മ്പാകം വിമാനത്തിൽ വ-
ന്നെത്തിസ്സുതപരമത്തുരംഗവരനെ-
ക്കൊണ്ടങ്ങുപോയീടിനാൻ!

ഇരുൾ ചെറുതുനേരത്താൽ നീങ്ങി;തെളിഞ്ഞുനഭസ്ഥലം;
തിരുഹയമതെങ്ങെന്നാശ്ചര്യമുൾ നമുഖ്യർ തിരച്ചിലായ്;
ഒരുവനമഹോ, കണ്ടീലാ,ഹാരവം പെരുകീ ഭട-
'ക്ക,രുവഷ്ളനാമാരെങ്കോട്ടാഹരിച്ചു ഹരീന്ദ്രനെ?'
അപ്പോൾ കാണായ്,തേരാണ്ടുശിരുടയ നിശാ-
ടാഗ്ര്യയോദ്ധാക്കരം ചൂഴെ-
ക്കെല്പൊത്താക്കർബുരാധീശപരനലഘുവിമാ-
നത്തിലാകാശദേശെ;
വിസ്പഷ്ടം ദംഷ്ട്രതുങ്ങം വികൃതമുഖവുമായ്-
സ്സേനയെത്തിന്നൊട്ടുക്കാൻ
നിൽപ്പുണ്ടങ്ങുഗ്രരക്ഷസ്സുകളയുപനെ-
ച്ചെന്നണത്തീടുമാർ.

'അരോവാനിലതാ, വിമാനചരനായ്
മായാതമസ്സേറിയീ-
വീരന്മാരെമയക്കി നൽക്കുതിരയെ-
ക്കൊണ്ടങ്ങു പോയാനവൻ;

Digitized By Kerala Sahitya Akademi

ഹേ രാജഷ്ടേ, ചെയ്യവേണ്ടതിനി'യെ-
ന്നാകണ്ണനംചെയ്യയാൽ
തീരാത്തോരരിശം തിരണ്ടുരുളിനാൻ
ശത്രുഘ്നനൊന്നിത്തരം:—
ആരാകട്ടെ, കൂറുപൊടെൻകുതിരമേൽ-
കൈവച്ച രക്ഷസ്സിവൻ;
പാരതാസ്സുവിമാനമെന്റെവിശിഖ-
ക്കാറേറവീണീടുമേ!
വാരാളും മമ കുത്തിയന്വിഹപതി-
പ്പിക്കട്ടെ തന്മസ്തകം!
തേരാകെപ്പൊരുതാനൊരുക്കി രിപുവോ-
ടേൽക്കട്ടെ പോരാളികം.'

ഇത്രയും പറഞ്ഞു്, അരിശത്താൽ കണ്ണു തുടുത്ത ശത്രുഘ്നൻ നയാനയജ്ഞനും ശൂരനും യുദ്ധകാര്യവിദഗ്ദ്ധനുമായ മന്ത്രിയോടു ചോദിച്ചു:—'പരമാസ്ത്രപടുക്കളും മഹായുധപാണികളുമായ ഏതെല്ലാം ശൂരന്മാരെയാണു് രാക്ഷസനെക്കൊല്ലാൻ ഏല്പിക്കേണ്ടതു്? അതിനു തക്ക സർവ്വാസ്ത്രസമർത്ഥന്മാരായ വീരന്മാരെ വേഗത്തിൽ ആലോചിച്ചു പറയു.' പോരിനു തക്ക കരുത്തരായ വീരന്മാരെ യഥോചിതം ചൂണ്ടിക്കാണിച്ചുകൊണ്ടു സചിവൻ പറഞ്ഞു:—'ആ രാക്ഷസനെ യുദ്ധത്തിൽ ജയിക്കുന്നതിനു, വിജയോദ്യതനും ശസ്ത്രാസ്ത്രസംയുക്തനും ശത്രുതാപനനുമായ പുഷ്കലൻ നടകൊള്ളട്ടെ; ലക്ഷ്മീനിധിയും ആയുധഗണമേന്തി ചെന്നു് അവന്റെ വിമാനം തന്റെ ക്രൗഞ്ചകംകൊണ്ടു തകർക്കട്ടെ; അരക്കരോടു പൊരുതാൻ ത്രാണിയുള്ള ദുഷ്ടവിക്രമനായ ഹനുമാൻ മുഖംകൊണ്ടും വാൽകൊണ്ടും രാക്ഷസരെ പ്രഹരിക്കട്ടെ; പോരിൽ പടുത്വമുള്ള മറു വാനരവീരന്മാരും ഇവിടത്തെ ആജ്ഞയാൽ പടയ്ക്കിറങ്ങട്ടെ. സുമദൻ, സുബാഹു, പ്രതാപാഗ്നി എന്നീ മാന്യന്മാരും തീക്ഷ്ണശരങ്ങൾ കൊണ്ടു രാക്ഷസാധമരോടു പൊരുതുവാൻ പോകട്ടെ. ഇവിടുന്നും വമ്പിച്ച ശസ്ത്രങ്ങളോടും പരിവാരങ്ങളോടും ക്രൂദ്ധി, തേരിലിരുന്നു, രാക്ഷസനെ കൊല്ലാൻ യുദ്ധംചെയ്തു വിജയം നേടിയാലും. തിരുമേനി, അവനെ മദ്ദിപ്പാൻ, ഈ ശൂരയോദ്ധാക്കൾ പോയാൽ മതി എന്നാണു് എനിയ്ക്കു തോന്നുന്നതു്; വേറെ വളരെ പോരാളികളെന്തിനു്?' അമാത്യപ്രവീരനായ സുമതി ഇപ്രകാരം അഭിപ്രായപ്പെട്ടപ്പോൾ, ശത്രുഘ്നൻ യുദ്ധവിദഗ്ധരായ വീരന്മാരെ നോക്കി പറഞ്ഞു:—'എല്ലാ ശസ്ത്രാസ്ത്രങ്ങളിലും പരിജ്ഞാനമുള്ള പുഷ്കലാദികളായ വീരന്മാർ രാക്ഷസവധത്തിനു് എന്റെ മുമ്പിൽ പ്രതിജ്ഞ

Digitized By Kerala Sahitya Akademi

ചെയ്യട്ടെ. നിങ്ങളും സ്വന്തം പരാക്രമത്തിന്നൊത്ത മഹാശപഥം ചെയ്തിട്ട് സൈന്യവുമായി പോരിന്നിറങ്ങുവിൻ.'

ഇതുകേട്ടിട്ട്, ആ തേജസ്വികളായ കരുത്തന്മാർ അവരവരുടെ മഹാ ശപഥം ഉച്ചരിച്ചു; ഒന്നാമതായി, പരമോത്സാഹസമ്പന്നനായ പുഷ്കലവീരനാണ് പ്രതിജ്ഞ ചെയ്തത്:—'രാജപുംഗവ, സർവ്വലോകങ്ങളും കേൾക്കെ ഞാൻ ചെയ്യുന്ന അത്ഭുതകരമായ പരാക്രമപ്രതിജ്ഞ ശ്രവിച്ചുകൊണ്ടാലും: ഞാൻ കട്ടത്ത കത്തിയമ്പുകൾ വില്ലിന്മേൽ നിന്നുതിർത്തു രാക്ഷസനെ മുഖത്തു തലമുടി ചിന്നിച്ചിതറുമാറു മോഹിച്ചു വീഴിയ്ക്കാത്തപക്ഷം, സ്ത്രീധനം കൊണ്ടുപജീവിക്കുകയും വേദത്തെ നിന്ദിക്കുകയും ചെയ്താലുള്ള പാപം വാക്കു തെറ്റിച്ചതിന്ന് എന്നെ ബാധിച്ചുകൊള്ളട്ടെ! മഹാരാജാവെ, ബലം തഴച്ച പടജ്ജനങ്ങളും എന്റെ ശരങ്ങളാൽ പിളർത്തപ്പെട്ടവീണില്ല എങ്കിൽ, വിഷ്ണുമഹേശ്വരന്മാരെയും ശക്തിശിവന്മാരെയും രണ്ടായി കരുതിയാലുള്ള പാപം എങ്കൽ പറ്റിക്കൊള്ളട്ടെ! ഞാനിപ്പറഞ്ഞതിനെയെല്ലാം, ശ്രീരാമപാദാംബുജത്തിൽ എനിക്കുള്ള നിശ്ചലഭക്തിതന്നെ നിർവ്വഹിക്കുമാറാകട്ടെ!' പിന്നീട് ലക്ഷ്മീനിധിയുപൻ, തന്റെ പരാക്രമത്തിന്നൊത്ത സത്യപ്രതിജ്ഞ ചെയ്തു:—'വേദങ്ങളെ നിന്ദിച്ചതുകേട്ട് മിണ്ടാതിരിക്കുന്നവൻ, അതിൽ രസിക്കുന്ന സർവ്വധർമ്മബഹിഷ്കൃതൻ, രസവും അരക്കും മറ്റും വിൽക്കുന്ന ദുർവൃത്തബ്രാഹ്മണൻ, പണംകൊടുത്തു പശുവിനെ വിലക്കുന്ന മൂഢൻ, ശ്ലേച്ഛന്റെ കിണറ്റിലെ വെള്ളം കുടിച്ചിട്ട് പ്രായശ്ചിത്തം ചെയ്യാത്തവൻ, എന്നിവർക്കുള്ള പാപം, യുദ്ധത്തിൽനിന്നു പിന്തിരിഞ്ഞു എങ്കിൽ എന്നെ തീണ്ടിക്കൊള്ളട്ടെ! അതിന്നുശേഷം, ആയോധനചതുരനായ ഹനുമാൻ രാമന്റെ തൃക്കാൽ സ്മരിച്ചുകൊണ്ടരിയാടി:—'എന്റെ സ്വാമിയോഗികൾ നിരന്തരം മനസ്സിലുറപ്പിച്ചു ധ്യാനിക്കുന്നവൻ—ദേവാസുരന്മാരെല്ലാം രത്നകിരീടം കുനിച്ചു കുമ്പിടുന്നവൻ—അയോദ്ധ്യപ്പുരമാതാ—ലോകേശപൂജിതനായ ശ്രീരാമൻ—തന്തിരുവടിയെ സ്മരിച്ചുകൊണ്ടു ഞാൻ പറയുന്നതു സത്യമായിട്ടേ വരൂ: തിരുമേനി, വിമാനത്തിലിരിക്കുന്നോ ഈ ദുർബ്ബലനായ രാക്ഷസൻ എത്ര നിസ്സാരൻ! കല്പിച്ചുനടിച്ചാൽ, ഞാൻ തനിയെ വീഴ്ത്തിക്കൊള്ളാം. ദേവേന്ദ്രൻ വാഴുന്ന മഹാമേരുവിനെ ഞാൻ വാലിൻതലകൊണ്ടു പറിച്ചെടുക്കാം! ചുഴികളോടുകൂടിയ സമുദ്രം വറ്റിയ്ക്കുകയോ, ഒന്നായി കുടിക്കുകയോ ചെയ്യാം! രഘുനാഥൻ തിരുമേനിയുടേയും ജാനകിയുടേയും തിരുവുള്ളത്താൽ എനിക്കസാദ്ധ്യമായി യാതൊന്നും ലോകത്തിലില്ല! ഞാനിപ്പറഞ്ഞതു പാഴാകുമെങ്കിൽ, തൽക്ഷണം തന്നെ

Digitized By Kerala Sahitya Akademi

ഞാൻ ശ്രീരാമഭക്തിയിൽ നിന്ന് അകന്നുകൊള്ളട്ടെ! എന്റെ വാക്കു തെറ്റിയാൽ, പയ്യിനെ പാലിന്നുവേണ്ടി പോറുന്ന ശൂദ്രന്നുള്ള പാപംഎന്നെ ബാധിച്ചുകൊള്ളട്ടെ; കാമത്താൽ മതിമറന്നു ബ്രാഹ്മണിസ്ത്രീയെ ഗമിക്കുന്ന ശൂദ്രന്നുള്ള പാപം എന്നെ ബാധിച്ചുകൊള്ളട്ടെ; രാമകൃപാബലത്താൽ എന്റെ ശപഥം ഞാൻ നിറവേറ്റില്ലെങ്കിൽ, ഘ്രാണിക്കുകയൊ സ്പർശിക്കുകയൊ ചെയ്താൽ രൌരവനരകത്തിൽ പതിപ്പിക്കുന്ന മദ്യം കൊതിമൂലം കുടിച്ചുവന്നുള്ള പാപം തീവ്രയായും എന്നെ ബാധിച്ചുകൊള്ളട്ടെ!' മറ്റു മഹാവീരന്മാരായ പോരാളികളും സ്വപരാക്രമത്തിനൊത്ത മഹാപ്രതിജ്ഞകളും ചെയ്തു.

അപ്പോൾ, കൊള്ളാം കൊള്ളാം എന്നിങ്ങനെ ആ യുദ്ധവീരന്മാരെ പ്രശംസിച്ചു ശത്രുഘ്നൻ ഒരു ശപഥം ഉച്ചരിച്ചു:—'യുദ്ധോത്സാഹികളായ മഹാഭാഗന്മാരേ, എന്റെ സത്യശോഭിതമായ ശപഥവും നിങ്ങളും ശ്രവിച്ചുകൊണ്ടാലും: ഞാൻ അവന്റെ തല കണങ്കാലംകൊണ്ടു കഴുത്തിൽനിന്നു കൊയ്തെടുത്തു പിളർത്തി നുറുക്കി ഭൂമിയിൽ വീഴിച്ചില്ലെങ്കിൽ, കള്ളസ്സാക്ഷി പറയുക—കനകം കക്കുക—വേദത്തെ നിന്ദിക്കുക എന്നിവയാലുള്ള പാപം തീവ്രയായും എങ്കൽ പറ്റിക്കൊള്ളട്ടെ!' ഈ ശത്രുഘ്നന്റെ പ്രതിജ്ഞ കേട്ടപ്പോൾ, ആ പരമവീരന്മാർ, 'രാമസോദര, ഭവാൻതന്നെ ധന്യൻ! അങ്ങയെപ്പോലെ മറ്റാരുണ്ട്? സുരന്മാരെയും അസുരന്മാരെയും വലച്ചുപോന്ന മഹാബലനും മധുപുത്രനുമായ ലവണാസുരനെ സംഹരിച്ച ഭവാന് ഈ ദുഷ്ടരാക്ഷസൻ എത്രയുള്ളൂണ്ട്? ഇവന്റെ ചെറുസൈന്യം എവിടെ? ഇവനെ ക്ഷണനേരംകൊണ്ടു ഭവാനു നശിപ്പിക്കാം!' എന്നിങ്ങനെ പ്രശംസിച്ചു, സന്നദ്ധരായി, യുദ്ധത്തിൽ സ്വപ്രതിജ്ഞകളെ സഫലീകരിക്കുന്നതിന്ന് ആ രാക്ഷസന്റെ നേരെ സഹർഷം നടകൊണ്ടു.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷയാത്ര്യായനസംവാദം, രാമാശ്വമേധപ്രകരണം, വിഘ്നാലികൃതയജ്ഞാശ്വഹരണം മുപ്പത്തിനാലാമദ്ധ്യായം

(o)

മുപ്പത്തിനാലാമദ്ധ്യായം

[കിളിപ്പാട്ട്—കാകളി]

ശേഷൻ:—

ശസ്ത്രാസ്ത്രമൊക്കെയുമാവോളം സദശ്വങ്ങ-
ളൊത്ത നാനാമണിത്തേർകളിലാങ്ങവർ
നേരിട്ടു ചെൽകെ, വിമാനസ്ഥനാശരൻ
ദൂരേ തജ്ജിച്ചുകൊണ്ടോതി കാറൊച്ചയിൽ:—

Digitized By Kerala Sahitya Akademi

'നേക്കേണ്ട വീരരേ; വീട്ടിനുപോയ്ക്കൊൾക;
പോക്കേണ്ടതൻ പ്രാണനശത്തെ ഞാൻ വിടാ!
വന്നുവിദ്യുന്മാലി രാവണബന്ധുഞാ-
നിന്നാസ്സഖാവിൻകൊലയ്ക്കുതിർ ചെയ്വവാൻ:
എങ്ങുപോയ് രാമനെൻ തോഴനെക്കൊന്നവൻ
എങ്ങു തത്സോദരൻ ശൂരശിരോമണി
രണ്ടാളെയും കൊന്നുവീഴ്ത്തി,പതഞ്ഞതൽ-
കണ്ടുരകതം കുടിച്ചിപ്പുക വീട്ടുവൻ!'
ഇച്ചൊല്ലുകേട്ടാപ്രണയമുള്ള വീരനോ-
ടുച്ചരിച്ചാൻ ഭടക്രീമാൻ പുഷ്കലൻ:—
ഊറ്റംപറയില്ലവീരസ്സുങ്കടംപെ-
യ്തേറ്റു തൻകൈൽപുകാണിയ്ക്കയേ ചെയ്തിട്ട.
ആരദ്ദശാസ്യനെക്കൊന്ന ക്രൂരത്തൊടാ,
വീരനേറ വാജിയെക്കൊണ്ടുനീയെങ്ങുപോം?
വീഴുമേ ശത്രുഘ്നനെയ്ക ബാണങ്ങളേ-
റേഴുയിൽ നിൻപിണം ജംബുകർക്കുണമാം!
ഈമട്ടിലാത്തലറായ്ക നീ ദുർമ്മതേ,
രാമനേറസേവകൻ ഞാനിങ്ങിരിക്കവേ!
ചേണെഴും മാറാരെയുദ്ധത്തിൽ വെന്നിട്ട
വേണമലറുവാൻ നൽപ്പടയാളികം.
വീരോടിതോളുന്ന പുഷ്കലവീരനേറ
മാറിനുവേലൊന്നു വിട്ടാനരക്കർകോൻ;
കെല്പോടുമൂന്നുക്രൂരബാൽമുറിച്ചിത-
ങ്ങപ്പൊന്നണിക്കാരിരുമ്പുവേൽ പുഷ്കലൻ
മൂന്നായ് മുറിഞ്ഞൊള്ളികെട്ടു വീഴ്കയായ്
മൂന്നുംവരിശകുഗിയെന്നതോന്നുംവിധം.
രാക്ഷസൻ മാറാക്ഷ കാലനിരുമ്പായ
തീക്ഷ്ണത്രിശൂലമൊന്നാഞ്ഞുവിട്ടാൻ തദാ;
തീയുപോലേല്പുമതന്മിനാലെമ്മണി-
പ്രായം നവുക്കിക്കളഞ്ഞുകരുത്തൊടും
ചിത്തവേഗാസ്സുങ്കടം വില്ലിൽത്തൊടുത്തെയ്തു
സുധ്യാതരമാംഘ്രി പുഷ്കരൻ പുഷ്കലൻ
വേഗത്തിലെത്തിപ്പതിഞ്ഞാഗ്രിതാസ്സുങ്കടം
രാഗംപെടുത്തീ നിശാടവൃത്തിൽത്തുലോം
ഭാഗവതന്റെ മനസ്സിൽ മനോഹര-
ശ്രീഗരുഡാങ്കസ്തുണങ്കടം കണക്കിനെ

Digitized By Kerala Sahitya Akademi

ഉൽക്കടനോടൊടാന്നു പുരക്ഷസ്സോരു
മുൽഗരം വിട്ടാനരാതിയെക്കൊല്ലുവാൻ;
മാറത്തു ഘോരമതേറാഗ്രമോഹിച്ചു
തേരിൽ വിറക്കൊണ്ടു വീണുപോയ് പുഷ്കലൻ.
ഉഗ്രനാം രാക്ഷസേശന്റെ സഹോദര-
നഗ്രദംഷ്ട്രൻ തദാ ലക്ഷ്മീനിധിയുമായ്,
വീരരാൽ പ്രാണാഹുതിചെയ്യുമസ്സൈന്യം
വാരിച്ചൊരിഞ്ഞടരാടിനിന്നീടിനാൻ.
പുഷ്കലൻ തെല്ലിടകൊണ്ടു തന്റേടമാ-
ണ്ടക്കരാളാശരനോടുരിയാടിനാൻ:—
'ധന്യനരക്കർകോനേ, നീ; മഹത്തരം
നിന്നുടെ വിക്രമം! കാങ്കിനിയെൻറയും:
ക്രൂരനുകൊണ്ടിതാ, നിൻതല തീച്ചയായ്-
പ്പാരിൽ വീഴിപ്പൻ വിമാനത്തിൽനിന്നു ഞാൻ!'
ഇത്ഥം സുധീരമുരച്ചു, തീപോലെഴും
ദുർദ്ധർഷദീപ്തതീക്ഷ്ണാസ്ത്രമൊന്നേന്തിനാൻ;
ചെന്നതു ദുഷ്ടന്റെ മാറിലേറീ, തട-
ക്കുന്നതിനുക്കവൻ കൊഠംവതിൻമുന്നമെ.
കൌണപൻ മൂർച്ഛിച്ചുഴന്നതലചുറ്റി
വീണുവിമാനത്തിൽനിന്നു കീഴ്പോട്ടടൻ;
വീഴുന്ന ചേട്ടനെത്താങ്ങി വിമാനത്തിൽ
വാഴിച്ചു സാശങ്കനഗ്രദംഷ്ട്രൻക്രുധാ
ചൊന്നാനരാതിയാം പുഷ്കലവീരനോ-
ടെന്നുണ്ണനെവീഴ്ത്തിയെങ്ങുപോം ദുഷ്ട, നീ?
എന്നെ വെന്നേ നീയടയുമഹാജയം;
നിന്നുള്ളിൽ വേണ്ടാ ജയാശ, ഞാനുള്ളനാൾ!'
ഇത്ഥം കഥിക്കുമാദുഷ്ടന്റെ നെഞ്ചിനു
പത്തമ്പയച്ചു രുഷോജ്ജ്വലൻ പുഷ്കലൻ.
അപ്പുത്തുബാണമേറാശരൻ പൽ കടി-
ച്ചുൽപ്പന്നരോഷം കുമാരനെക്കൊല്ലുവാൻ
മുഷ്ടി ചുരുട്ടിയിടിച്ചിതു മാറത്തു,
പൊട്ടുന്നിടിവാൾ പതിപ്പതിന്നൊപ്പമെ.
മുഷ്ടിപ്രഹാരാൽത്തരിമ്പും കുലുങ്ങീല
മുഖ്യാസ്രകോവിദൻ വീരനാം പുഷ്കലൻ
രാക്ഷസമർദ്ദനത്തിനു തുനിഞ്ഞതി-
തീക്ഷ്ണഗദാം വത്സദന്തങ്ങളും തൂകിനാൻ.

Digitized By Kerala Sahitya Akademi

മാറിലവയേറ്റു നോവാന്തരക്കനും
വീരാഗ്ര്യപുഷ്കലപ്രൌഢവക്ഷസ്ഥലേ
ജ്വാലാകരാളമാം മൂന്നു മുനയുള്ള
ശൂലമൊന്നജ്ജ്വലം ചാട്ടിനാൻ ദാരുണം.
അശ്ശൂലഘാതമേറ്റം മഹാവില്ലാളി
കശ്മലപ്പെട്ടാശു തേർത്തട്ടിൽ വീണുപോയ്.
പുഷ്കലൻ മൂർച്ഛിച്ചുളുകണ്ട മാരുതി
പുഷ്കലക്രോധമരക്കനോടോതിനാൻ:—
'എങ്ങോട്ടുപോകും സുമ്മതിയായനീ-
യിങ്ങെഞാൻ പോരിനൊരുങ്ങിനിന്നീടവേ?
വന്ന കതിരയെക്കട്ട നിന്നൊപ്പൊഴു-
ക്കുന്നതുണ്ടംഘ്രിയാലിട്ടു ചവുട്ടി ഞാൻ!'
ഏവം കഥിച്ചവൻ ചാടി വാനത്തണ-
ഞ്ഞാ, വിമാനസ്ഥരാം രാക്ഷസയോധരെ
കൊൽകയായ് വാൽകൊണ്ടടിച്ചും ചവുട്ടിയും
കൈകളാൽത്തല്ലിയും മാന്തിപ്പിളർത്തിയും.
ചത്തു ചിലർ; ചിലർ മൂർച്ഛിച്ചു വീണു; ത-
ന്നട്ടഹാസം പേടിച്ചു മണ്ടുകയായ് ചിലർ.
ഒട്ടല്ല രണ്ടായ് പിളർത്തും മുറിച്ചുമ-
ദ്ധൂമ്രനിശാടരെക്കൊന്നകാറിന്മകൻ!
ആവിധം തല്ലിത്തകർത്തിതക്കാമഗ-
ശ്രീവിമാനത്തിൻ കമാനവും കോട്ടയും;
വാവിട്ട കേണാരതിൻ ചുറ്റുമാശരർ;
ഭ്രുവിലും ദ്യോവിലും കാണായ് ക്ഷണമവൻ
എങ്ങെങ്ങു കാമഗാ ധ്രുഷ്യവിമാനമ-
തങ്ങങ്ങണകയായ് കാമരൂപൻകപി.
ഇത്ഥം വിമാനത്തെയിട്ടഴറും മരുൽ-
പുത്രനോടേറ്റടുത്തുഗ്രദംഷ്ട്രാശരൻ,
'മക്കടത്താനേ, മഹാത്തരം തന്നെയാ-
ണിക്കിങ്കരന്മാരെ വീഴിച്ച നിൻതൊഴിൽ!
നിൽക്കും ക്ഷണനേരമിങ്ങു നീയെങ്കിലോ
നിഷ്ക്രാന്തജീവിതനാക്കുവൻ നിന്നെഞാൻ.'
എന്നംപറഞ്ഞാഞ്ഞു കുത്തിനാൻ തീക്ഷ്ണമാ-
കുന്ത ചെന്തീയൊളിശ്ശൂലായുധത്തിനാൽ.
നേക്കേത്തുമാക്കാരിരമ്പാംശൂലത്തെ
വായ്കൊണ്ടുതീരെക്കടിച്ചു പൊടിച്ചുടൻ

Digitized By Kerala Sahitya Akademi

ശ്രീകപിശ്രേഷ്ഠൻ കരുത്തൊടാട്ടിഷ്ടനെ-
ക്കൈകൊടം പരത്തിയടിച്ചാൻ തെരുതെരെ.
തല്ലുകടംകൊണ്ടുവലഞ്ഞവൻ, വിഷ്ണുപ-
മെല്ലാം നടുങ്ങുന്ന മായ കാട്ടീടിനാൻ:
ക്രൂരരൂപംപൊങ്ങീ, സമസ്തമദ്ദശ്യമാ-
യാ,രും തിരിച്ചറിഞ്ഞീലാ നിജാന്യരെ;
കുന്നിൻമുടിക്കൊത്ത കല്ലുകടം യോധരിൽ
വന്നുവീഴുന്ന ചതഞ്ഞുചിന്നംവിധം;
മിന്നലിടിയുമായ് പ്പെയ്യുന്നുമേഘങ്ങ-
ളുന്മൂനമായ് ച്ചുലം ചോര യഴുക്കുകടം;
ചൂഴേ നടസിൽ നിന്നോരെക്കബന്ധങ്ങടം
വീഴുന്ന കുണ്ഡലം ചേന്ന തലകളും;
കാണായി നീളേ മുടിപാറി നഗ്നരായ്
കൊണപർ പാപവിരൂപഭയംകരർ.
എന്തോ മഹോല്പാതമാണിതെന്നാളുക-
ളന്തഭീയാത്തരായ് പ്പാഞ്ഞുടങ്ങിനാർ.

അപ്പോളണിത്തേരിലേറിയെഴുന്നള്ളി,
നൽപ്പുകളേറിയ ലക്ഷ്മണസോദരൻ
രാമനെധ്യാനിച്ചിഷുക്കടംവില്ലിൽത്തൊട്ട-
ത്താമായംപോക്കിനാൻ മോഹനാസ്ത്രത്തിനാൽ.
സുപ്രസന്നങ്ങളായ് ദിക്കുകടം; ഭാസ്കരൻ
നിഷ്പരിവേഷനായ്; നീങ്ങികാർമിന്നലും;
നേരിട്ടകാണായ് രക്ഷോവിമാനവും
കീറുക,വെട്ടുകെന്നുഗ്ര കോലാഹലം.
വീരനാം ശത്രുഘ്നനപ്പോഴേസായക-
ധാരയാൽമൂടിനാൻ വാനത്തരക്കനെ;
വിങ്ങാമയാനത്തിൽ മേന്മേൽപ്പതിയ്ക്കയായ്
പൊൻകെട്ടിമിന്നും കണകടം ന്നൂറായിരം.
അങ്ങിനെയന്പേറുടഞ്ഞാ വിമാനാഗ്ര-
മങ്ങിളത്തട്ടിലേയ്ക്കാഹന്ത,വീണുതേ:
തുംഗമാമിന്ദ്രപുരത്തിലൊരുഭോഗ-
മെങ്ങാനുടഞ്ഞതോ എന്നതോന്നുംവിധം!
ആയതിൽ ക്രോധത്തോടാത്തേറാരക്കനും
സായകമേറെപ്പൊഴിച്ചു ശത്രുഘ്നനിൽ;
ശത്രുഘ്നമെയ്യിൽത്തറഞ്ഞാശ്ശിതാഗ്രങ്ങ-
ളസ്രുങ്ങടം ചോരപൂരണ്ടുവിളങ്ങിതേ.

Digitized By Kerala Sahitya Akademi

ശക്തിമാൻ ശത്രുഘ്നനത്തച്ചിൽ വായവ്യ-
മസ്ത്രംധനസ്സിൽത്തൊട്ടുവിടുകയാൽ
ആകാശയാനത്തിൽനിന്നു മുടിചിന്നി
വീഴ്കയായ് ഭ്രതവേതാളർപോലാശരർ.
ആഗ്നേയാസ്ത്രത്തെ പ്രയോഗിച്ചുകാക്കുകയാൽ
പാർത്ഥപതാസ്ത്രംതൊട്ടയാൻ നിശാചരൻ;
ജാതരാസ്ത്രനിതതിൽനിന്നുമേൽക്കുമേൽ
ഭ്രതവേതാളരും പ്രേതപിശാചരും.
കത്തിരിയുംതലയേന്തുമവർ
ശത്രുഘ്നയോധരോടേറനിവാർത്തുരായ്,
ജീവിയ്ക്കുവോരുടെ ചോരയും ചോത്തെട്ട-
ത്താവതോളം കുടിച്ചാർത്തുതിമിക്കയായ്
അസ്ത്രമതൊട്ടുകുവീരരെക്കൂടിയും
മർദ്ദിപ്പതുകണ്ടതിനെത്തടുക്കുവാൻ
നാരായണാസ്ത്രമയച്ചു ശത്രുഘ്നനു-
ന്നേരമേ, പേക്കൂട്ടരെല്ലാം മറഞ്ഞുപോയ്
തത്രപൊടിച്ചു നിശാചരൻ ശത്രുഘ്ന-
ഹത്യയ്ക്കുതീക്ഷ്ണമിശൂലമൊന്നോന്തിനാൻ;
ശൂലമോടെത്തുമരക്കന്റെ കൈകൊണ്ട-
ന്നേലർമേചന്ദ്രാസ്ത്രമെയ്തരക്ഷോഹരൻ.
അപ്പോറുകൈരണ്ടുമറുവീണപ്പൊഴോ,
വെമ്പിശ്ശിരസ്സാലിടിപ്പാൻ തുനിഞ്ഞഹോ,
'ശത്രുഘ്ന,തീർന്നുപോയ്നിൻകഥ;-യാർനിന്നെ-
യത്രരക്ഷിയ്ക്കു'മെന്നാത്ത രക്ഷസ്സിനെ
ക്രൂരമുകൊണ്ടെയ്തു, കുണ്ഡലദീപ്തമാ-
ശ് ശ്രുരന്റെ പാഴ്തലകൊയ്തു രാമാനുജൻ.
എന്നതുകണ്ടുഗ്രരംക്ഷോഗണമൊന്നിയായ്-
ച്ചെന്നിടിപ്പാനൊരുമ്പെട്ട ശത്രുഘ്നനെ;
ശസ്ത്രാസ്ത്രമെല്ലാം പയറ്റിയവീരരെ-
ത്തത്രപാഞ്ഞെല്ലുമവന്റെ ശീഘ്രത്തെയും
കുത്തിയമ്പൊന്നിനാൽ ഖണ്ഡിച്ചുവീഴ്ത്തിനാൻ
ശത്രുഘ്നനഞ്ജസാ ശൂരസംസേവിതൻ.

പോരിൽക്കൊലപ്പെട്ട ശേഷിച്ചരാക്ഷസർ
തീരെയനാഥരായെത്താരുമിച്ചുടൻ
ശത്രുഘ്നപാദം പണിഞ്ഞാക്കുതിരയെ
പ്രത്യുപ്പണംചെയ്തൊഴിഞ്ഞുപോയീടിനാർ.

Digitized By Kerala Sahitya Akademi

പാരാതെജ്യംഭിച്ചുശംഖവീണാരവം
വീരശ്രുരജയശബ്ദവും മഞ്ജുളം.

ശ്രീപദ്മമഹാപുരാണം, പാതാളഖണ്ഡം, ശേഷോപാഖ്യാനസംവാദം, രാമാശ്വമേധപ്രകരണം, വിഭ്രന്മാലിവധം മുപ്പത്തിനാലദ്ധ്യായം.



മുപ്പത്തഞ്ചാമദ്ധ്യായം

ശേഷൻ:—രാക്ഷസർ അപഹരിച്ച കുതിരയെ കിട്ടിയപ്പോഴും ശത്രുഘ്നന്നും പുഷ്കലന്നുമുണ്ടായ സന്തോഷം കുറച്ചൊന്നുമല്ല. ശമീമത്തിൽ ചോര വാന്നിരുന്ന ലക്ഷ്മീനിധിപ്രതിമകളായ യുദ്ധവീരന്മാർ മഹാരാജാവിനെ പ്രശംസിച്ചു. മഹർഷേ, ഉർജ്ജയനായിരുന്ന ആ വിഭ്രന്മാലി എന്ന രാക്ഷസക്രൂരൻ വധിക്കപ്പെട്ടതിൽ, ദേവന്മാരെല്ലാം ഭയംവിട്ട വളരെ സ്വസ്ഥതയിലായി. നദികളും തെളിഞ്ഞു; സൂര്യൻ വിളങ്ങി; കാറും സുഗന്ധവും കളിർമയും പൂണ്ട വീശി; അഗ്നികളും സമുജ്വലിച്ചു.

ജയലക്ഷ്മിയാൽ ആശ്ലിഷ്ടരായ ആ മഹാവീരന്മാരെല്ലാം ദേഹത്തിലെ അഴുക്ക കളഞ്ഞു സന്നദ്ധരായി തേരിൽ കേറിയിട്ട് തമ്പുരാനോടറിയിച്ചു:—'തിരുമേനി, ആരെ പേടിച്ചു ദേവന്മാർ സ്വർഗ്ഗത്തിൽ നിന്ന് ഓടിയൊളിച്ചിരുന്നുവൊ, ആ വിഭ്രന്മാലി എന്ന കരുത്തേറിയ രാക്ഷസനെ ഇവിടുന്നു കൊലപ്പെടുത്തിയല്ലോ; ഭാഗ്യംതന്നെ! ഭാഗ്യത്താൽ രഘുനാഥന്റെ യജ്ഞമഹാശ്വവും കൈവന്നു! ഇതിൻവണ്ണം ഭൂമണ്ഡലത്തിലെങ്ങും ഇവിടുന്നു വിജയം നേടും!! ഇനി, മനോജവവും മനോരമവുമായ കുതിരയെ കല്പിച്ചുവിടുകതന്നെ. കാലതാമസം വരുത്തുക്കൂടാ.' വീരന്മാരുടെ ഈ സമയോചിതവാക്കിനെ കൊള്ളാം കൊള്ളാമെന്നഭിനന്ദിച്ചു ശത്രുഘ്നൻ കുതിരയെവിട്ടു. ആന-തേർ-കുതിര-കാലാളുകളോടുകൂടിയ സർവ്വശസ്ത്രാസ്ത്രസമർത്ഥരാൽ സംരക്ഷിതമായിരുന്ന ആ തുരംഗമം വടക്കോട്ടാണ് നടകൊണ്ടതു്. വാത്സ്യായന, അവിടെവെച്ചു ശത്രുഘ്നൻ ചെയ്തതും കേട്ടുകൊള്ളുക; അതു മനോഹരവും പാപരാശിയെ ഭസ്മീകരിക്കുന്നതുമത്രേ:

അശ്വം മഹർഷിമാരാൽ സംസേവിതമായ നർമ്മദയുടെ തീരത്തെത്തി. അതിലെ വെള്ളം കണ്ടാൽ ഇന്ദ്രനീലക്കല്ലുകളും പിഴിഞ്ഞൊട്ടത്ത സത്താണോ എന്നു തോന്നിപ്പോകും! ശുഭസേവിതനായ ശത്രുഘ്നൻ

Digitized By Kerala Sahitya Akademi

നാം മുനിശ്രേഷ്ഠന്മാരെല്ലാവരെയും വെവ്വേറെ വന്ദിച്ചുംകൊണ്ടു, സപ്തപുണ്യാശ്രമാധിഷ്ഠാനമായ തുരംഗമേന്ദ്രന്റെ പിറകെചെന്നു. അപ്പോൾ അവിടെ, ഇലകൾകൊണ്ടു നിർമ്മിക്കപ്പെട്ട ഒരു ജീർണ്ണാശ്രമം കാണുമാറായി. നാടുടയുടെ തിരുമലകൾ അടിച്ചുകൊണ്ടിരിക്കുന്നതും വഴിപോക്കർ വിശ്രമിക്കുന്നതുമായ ആ സ്ഥലം ദർശിച്ചുടനെ, എല്ലാ ധർമ്മാത്മാക്കളും കർത്തവ്യകർമ്മങ്ങളും അറിയുന്ന ശത്രുഘ്നൻ നയജ്ഞനായ സുമതിയോടു ചോദിച്ചു:—'മന്ത്രി, ആരുടെയാണു്, ഈ പുണ്യദർശനമായ ആശ്രമം? പറയുകതന്നെ. അങ്ങു വിചാരചതുരന്മാരിൽ അഗ്രഗണ്യനാണല്ലോ.' ഇതു കേട്ട സുമതി, തന്റെ രാജാവിനോടു തനിക്കുള്ള സൌഹൃദം കാണിച്ചുംകൊണ്ടു സസ്പൃഹമായി അറിയിച്ചു:—'മഹാരാജാവെ, ഇവിടെയുള്ള സർവ്വശാസ്ത്രജ്ഞനായ മുനിശ്രേഷ്ഠനെ ദർശിച്ചാൽ നമുക്കു പാപശാന്തിവരും. അതിനാൽ, രഘുനാഥന്റെ ചരണാബ്ജമകരന്ദം ആസ്വദിക്കുന്നതിൽ അതിതല്പരനായ ഭവാൻ അദ്ദേഹത്തെ ചെന്നു വന്ദിച്ചു ചോദിച്ചാൽ, എല്ലാം പറഞ്ഞുതരും. ആരണ്യകനെന്നാണ് ആ രാമഭക്തന്റെ നാമധേയം. അദ്ദേഹം അത്യുഗ്രമായ തപസ്സു തികഞ്ഞവനും സർവ്വശാസ്ത്രപണ്ഡിതനുമത്രേ.'

ഈ ധർമ്മാത്മാംസളമായ വചനം കേട്ടിട്ടു, ശത്രുഘ്നൻ ഏതാനും ആരംക്കാരോടുകൂടി, അദ്ദേഹത്തെ ദർശിപ്പാൻ നടകൊണ്ടു. ഹനുമാൻ, വീരനായ പുഷ്കലൻ, മന്ത്രിശ്രേഷ്ഠനായ സുമതി, ലക്ഷ്മീനിധി, പ്രതാപാഗ്രണി, സുബാഹു, സുചന്ദ്രൻ എന്നിവരോടൊന്നിച്ചു, മഹാമനസ്കനായ മന്നവൻ ആശ്രമത്തിൽ ചെന്നുനിന്നു, താപശ്രേഷ്ഠനായ ആരണ്യകനെ കണ്ടു സാഷ്ടാംഗം നമസ്കരിച്ചു. അനന്തരം, താപശ്രേഷ്ഠനായ ശത്രുഘ്നൻ വീരന്മാരെയെല്ലാം ദർശിച്ചിട്ടു അതിവിനയാന്വിതരായ പാദ്യാർഘ്യഫലമൂലാദികൾകൊണ്ടു സൽക്കരിച്ചു. മുനിശ്രേഷ്ഠൻ അവരെ ബ്രഹ്മന്മാരെ, നിങ്ങളും എവിടെവച്ചു് ഒത്തൊരുമിച്ചു ചേർന്നു? സൌഹൃദത്താൻ കാരണമെന്താണ്? എല്ലാം പറകതന്നെ.' മഹാമതിയായ ഇവിടെ വന്നെത്തിയ, വാഗ്മിയായ സുമതി മറുപടിപറഞ്ഞു:—'രഘുവീരൻ ചോദിച്ചതിനുത്തരമായി കുതിരയെ രക്ഷിക്കുന്നവരാണ് ഇവരെല്ലാവരും; അവിടുന്നുമായുള്ള സൌഹൃദത്തെക്കുറിച്ചു പിന്നീടു പറയാം. ഇപ്പോൾ ഭവാൻ ചെയ്യുന്ന യാഗം മുടക്കിച്ചിരിക്കയാണ്.'

ഇതുകേട്ട മുനീന്ദ്രൻ ദന്തകാന്തികൊണ്ടു ഘോരതമസ്സിനെയും അകറ്റുന്ന മട്ടിൽ അരുളിച്ചെയ്തു:—'എല്ലാ സൌഹൃദങ്ങളുംകൂട്ടി ചേർത്തുള്ള യാഗങ്ങളും ചെയ്തിട്ടെന്താണ്? അവകൊണ്ടു സ്വർഗ്ഗമായ പുണ്യവും, നശ്വരമായ ഫലവുമേ കിട്ടുകയുള്ളൂ. സുസ്ഥിരമായ ഐശ്വര്യപദം തന്നുകൊള്ളുന്ന രാമപതിയായ രഘുവീരൻ തിരുവടിയെ വിട്ടു മറ്റാരെ

Digitized By Kerala Sahitya Akademi

ങ്കിലും പൂജിക്കുക എന്നതു മൂഢതയത്രേ. അവിടുത്തെ സ്മരിച്ചാൽ മതി, പാപപർവ്വതം പൊടിയാകാൻ. തന്തിരുവടിയെ വിട്ടു മൂഢന്മാർ യാഗവും യോഗവും വ്രതവുംമറ്റും അനുഷ്ഠിച്ചു കഷ്ടപ്പെടുന്നു! ഹാ, നോക്കൂ, ആളുകളുടെ തീർത്താൽ തീരാത്ത മൂഢതപം: എളുപ്പമുള്ള ശ്രീരാമജ്ഞാനം വെടിഞ്ഞു പ്രയാസമുള്ളതിനെ ആചരിക്കുന്നു! സകാമരായിട്ടോ നിഷ്കാമരായിട്ടോ സ്മരിക്കുകമാത്രം ചെയ്യുന്നവർക്കു സകല പാപവും നീക്കി മോക്ഷം നൽകുന്നവനാണ് തന്തിരുവടി.

ഞാൻ പണ്ടു തത്ത്വബോധത്തിന്നുവേണ്ടി, ഒരു ജ്ഞാനിയെ തേടിക്കൊണ്ടു വളരെതീർത്ഥങ്ങളിൽ പോവുകയുണ്ടായി; ആരും എനിയ്ക്കു തത്ത്വം ഉപദേശിച്ചുതന്നില്ല. ഒരുനാൾ ഭാഗ്യംമൂലം ഞാൻ ലോമശമഹർഷിയെ കണ്ടെത്തി. അദ്ദേഹം സപ്തലോകത്തിൽനിന്നു തീർത്ഥയാത്ര പുറപ്പെട്ടിരിയ്ക്കുകയായിരുന്നു. ഞാൻ ഉടനെ, മഹായോഗികളാൽ സംസേവിതചരണനും ചിരംജീവിയുമായ ആ മുനിശ്രേഷ്ഠനെ നമസ്കരിച്ചു ചോദിച്ചു:—'ഗുരോ, ദുർല്ലഭമായ മനുഷ്യജന്മം ഇപ്പോൾ എനിക്കു കിട്ടിയിരിക്കുന്നുവല്ലോ; സംസാരമാകുന്ന ഘോരസമുദ്രം കടക്കുന്നതിന്നു ഞാൻ എന്തു ചെയ്യേണ്ടു? വ്രതമോ, മൌനമോ, ജപമോ, യാഗമോ എന്തെങ്കിലും ആലോചിച്ചുപദേശിച്ചുതന്നാലും. എല്ലാശാസ്ത്രങ്ങളുടേയും മറുകര പുക്ക മഹായോഗിൻ, ഇന്ന ദേവൻ സംസാരസാഗരം കടത്തിവിടുമെന്നും, ഇന്നതറിഞ്ഞാൽ ഞാൻ ഘോരസംസാരം കടക്കുമെന്നും ദയചെയ്ത് എന്നോടരുളിച്ചെയ്യുക.' ഇതുകേട്ടിട്ട് അദ്ദേഹം പറഞ്ഞു:—'ബ്രാഹ്മണ, ഏറ്റവും ശ്രദ്ധിച്ച് അനന്യചിത്തനായി കേട്ടുകൊള്ളുക: ദാനം, തീർത്ഥം, വ്രതം, യമം, നിയമം, യോഗം, യജ്ഞം എന്നിങ്ങിനെ, സപ്തം നൽകുന്നവയായി പലതുമുണ്ടു; എന്നാൽ ഒരു പരമരഹസ്യം ഞാൻ പറഞ്ഞുതരാം, കേട്കുക. പാപമെല്ലാം പോക്കുന്നതും സംസാരസാഗരം കടത്തിവിടുന്നതുമായ ഇതു നാസ്തികന്നോ അശ്രദ്ധന്നോ നിന്ദകന്നോ ശഠന്നോ ഭക്തദ്വേഷിക്കോ പറഞ്ഞുകൊടുക്കരുതു; രാമഭക്തനും ശാന്തനും കാമക്രോധരഹിതനുമായവന്നേ പറഞ്ഞുകൊടുക്കാവൂ: രാമനെക്കാൾ മീതെ ഒരു ദേവനില്ല, വ്രതമില്ല, യോഗമില്ല, യാഗമില്ല. തന്തിരുവടിയെ സ്മരിക്കുകയൊ ജപിക്കുകയൊ പൂജിക്കുകയൊ ചെയ്യുന്ന മനുഷ്യന്ന് ഇഹത്തിലും പരത്തിലും മികച്ച അഭ്യുദയം സിദ്ധിക്കും. മനസ്സിൽ സ്മരിച്ചു ധ്യാനിച്ചാൽ, സർവ്വകാമങ്ങളും നൽകുന്ന തന്തിരുവടി സംസാരസമുദ്രം കടത്തിവിടുന്ന പരമകേതിയെ പ്രദാനം ചെയ്യും. ഒരു ശപചണ്ഡാലൻപോലും രാമനെ സ്മരിച്ചാൽ ഉൽകൃഷ്ടഗതിയടയും; പിന്നെ വേദശാസ്ത്രശ്രോത്രിയന്മാരുടെ കഥ പറയാനുണ്ടോ? എല്ലാ വേദശാസ്ത്രങ്ങളുടേയും രഹസ്യം

Digitized By Kerala Sahitya Akademi

ഞാൻ അങ്ങയ്ക്കു വെളിപ്പെടുത്തിത്തന്നു. ഇനി, ഭവാന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക. ഒരേ ദേവൻ രാമചന്ദ്രൻ; ഒരേവ്രതം അവിടുത്തെ പൂജിക്കൽ; ഒരേ മന്ത്രം അവിടുത്തെ തിരുനാമം; ഒരേ ശാസ്ത്രം അവിടുത്തെ സ്തുതിക്കൽ! അതിനാൽ ഭവാൻ സർവ്വാത്മനാ, മനോഹരനായ രാമചന്ദ്രനെ സേവിച്ചുകൊള്ളുക; എന്നാൽ സംസാരസമുദ്രം പൈക്കുളമ്പുപോലെ ചെറുതായിത്തീരും.'

ഈ ഉപദേശം കേട്ടിട്ടു ഞാൻ വീണ്ടുംചോദിച്ചു:—'ദേവനെ എങ്ങിനെ ധ്യാനിക്കണം? എങ്ങിനെ പൂജിക്കണം? സർവ്വജ്ഞനായ മഹാബുദ്ധിമൻ, വിസ്തരിച്ചുപറഞ്ഞുതന്നാലും. ഇതു മനസ്സിലായാൽ ഞാൻ മൂന്നുലോകത്തിലുംവെച്ചു കൃതാർത്ഥനാകുമല്ലോ!' ഉടനെ ആ ലോമശമഹർഷി രാമധ്യാനവും മറ്റുംഎനിക്കുപദേശിച്ചുതന്നു:—'അനഘനായ ബ്രാഹ്മണോത്തമ, എങ്ങിനെയായാൽ സംസാരജ്വരം പോകുന്ന ലക്ഷ്മീവല്ലഭന്റെ പ്രസാദിച്ചരുളുമെന്നു ഞാൻ പറഞ്ഞുതരാം കേൾക്കുക:

[കിളിപ്പാട്ട്—കേക]

രമ്യമായയോധ്യയിൽ,ക്കല്പദ്രുമച്ചുവടിലായ്
നിർമ്മിക്കപ്പെട്ടുള്ളോരു ചിത്രമണ്ഡപത്തിങ്കൽ,
ഗാരുത്മതേന്ദ്രാശാദിരത്നങ്ങൾ പതിച്ചതായ്-
ക്രൂരിരുൾപോക്കിമിന്നും പൊൻസിംഹാസനത്തിന്മേൽ
വാഴുവോൻ ദൂർവ്വാദളശ്യാമളമനോജ്ഞാംഗൻ,
വാനവർ പൂജിക്കുന്ന തമ്പുരാൻ രാമനാഥൻ,
മുഷ്ടിമാംമണിമുടി, നീലകുന്തളജാല-
മഷ്ടമിച്ചെറുചന്ദ്രനൊപ്പമാം നെറിത്തടം.
മകരാകൃതിമഞ്ജുകുണ്ഡലദ്വയം, കാന്തി-
ത്തികവാൽ വാർതിങ്കളെത്തോല്പിച്ച തിരുമുഖം,
പവിഴംപോലെമിന്നും ചെഞ്ചൊടി,പനിമതി-
പ്പൂവിയേന്തിയ മന്ദഹാസകുതിയെന്നിവയൊത്തോൻ;
ചെമ്പരുത്തിപ്പൂവൊളിനാവെഴുംതിരുവായി-
ലൻപുററവേദം നാലും ശാസ്ത്രവും കുടികൊൾവോൻ;
ശംഖതിർകണ്ഠൻ, തുംഗമാംസകുസിംഹസ്കന്ധൻ;
കങ്കണാംഗദഭൂഷിതാ ജാനുദീർഘബാഹുജൻ;
ധീരമുദ്രികോജ്ജ്വലൽപാണി; പൂമകൾപെരു-
മാറിടം വിരിമാറിൽ ശ്രീവത്സാങ്കിതം ചേർന്നോൻ;
പേലവോദരൻ; നിമ്ന്നാഭികൻ; മണികാഞ്ചീ-
ലാലസന്മധ്യസ്ഥലൻ; വൃത്തോരുജാനുദ്വയൻ;

Digitized By Kerala Sahitya Akademi

ശ്രീവല്ലഭയവാംകുശരേഖകരം തങ്കുംയോഗി-
ഭാവനീയമാം മൂടത്തുക്കഴലിണയുള്ളോൻ—
ഇങ്ങിനെവിളങ്ങുന്ന രാമനെ ധ്യാനിക്കുകി-
ലങ്ങയ്യൂസംസാരാബ്ധി പിന്നീടായ്ക്കരംന്തനം.
ചന്ദനാദിയാൽ നിത്യം രാമനെബ്ഭക്ത്യാ പൂജി-
ക്കുന്നതുമിഹപരപരമൈശ്വര്യപ്രദം.
ഉത്തമം രാമധ്യാനം ചോദിച്ചതോതിത്തന്നോ-
ന്നിത്തരം ചെയ്തഭവോൻ സംസാരം കടന്നാലും.

ശ്രീപത്മമഹാപുരാണം, പാതാളഖണ്ഡം, ശേഷവാത്സ്യായനസംവാദം, രാമാശ്വമേധപ്രകരണം, ആരണ്യകോപാഖ്യാനം മുപ്പത്തഞ്ചാമദ്ധ്യായം.

——(o)——

മുപ്പത്താറാമദ്ധ്യായം

ശേഷൻ:—മഹത്തരമായ ഇതുകേട്ടതിന്നുശേഷം ആരണ്യകൻ സർവ്വജ്ഞനും യോഗിശ്രേഷ്ഠനുമായ ലോമശമഹർഷിയോട് വീണ്ടും ചോദിച്ചു:—'മുനിപുംഗവ, ഞാനീച്ചോദിയ്ക്കുന്നതുകൂടി ഭവാൻ പറഞ്ഞുതന്നാലും: കൃപാലുക്കളായ ഗുരുനാഥന്മാർ ശിഷ്യന്ന് എന്തും പറഞ്ഞുകൊടുക്കുമല്ലൊ. ഇവിടുന്നു നിരന്തരം ധ്യാനിയ്ക്കുന്ന ഈ രാമൻ ആരാണ്? എന്തൊക്കെയാണ് അവിടുത്തെ ചരിതം? എന്തിനാണ് മനുഷ്യനായി അവതരിച്ചത്? മഹാഭാഗനായ ദ്വിജസത്തമ, ഇതെല്ലാം വേഗത്തിൽ പറഞ്ഞുതന്നു് എന്റെ സംശയം തീർക്കുമാറാകണം!' ആരണ്യകന്റെ പരമശോനേമായ അപേക്ഷ കേട്ടിട്ട ലോമശൻ ശ്രീരാമന്റെ ദാത്തുതചരിത്രം കഥിച്ചുതുടങ്ങി:—

'ലോകങ്ങൾ നരകത്തിൽ മുഴുകുന്നതുകണ്ടിട്ട, ഉത്തരണത്തിന്നു തകുന്ന കീർത്തിയെ ലോകത്തിൽ പ്രചരിപ്പിക്കാൻവേണ്ടിയത്രേ, ഭയാബുധിയായ യോഗേശ്വരേശ്വരൻ ലക്ഷ്മിയോടുംകൂടി ഭൂമിയിൽ അവതരിച്ചതു്; പണ്ടു ത്രേതായുഗത്തിലാണ്, പരമേശൻ പൂർണ്ണാംശത്തോടേ നാലായി വേർതിരിഞ്ഞു സൂര്യവംശത്തിൽ രാമനായി പിറന്നതു്. ആ രാജീവലോചനനായ രഘുനന്ദനൻ, രാമൻ, ലക്ഷ്മണനോടൊന്നിച്ചു, കാകപക്ഷധരനായി വളർന്നു യൌവനത്തിൽ പ്രവേശിച്ചു. അന്ന് ആ കുമാരന്മാരെ അച്ഛനായ രാജാവു വിശ്വാമിത്രന്റെകൂടെ അയ

Digitized By Kerala Sahitya Akademi

ച്ചുകൊടുത്തു; യാഗരക്ഷയ്ക്കായിരുന്നു, ആ വീരന്മാരിരുവരും വില്ലേന്തി വണക്കംപൂണ്ട വിശ്വാമിത്രനെ അനുഗമിച്ചത്; വഴിയ്ക്ക് ഒരു കൊടുംകാട്ടിലെത്തിയപ്പോൾ അവരെ തടുക്കാനായി താടക എന്നൊരു രാക്ഷസി നേരിട്ടണഞ്ഞു. അവളെ, ധനുർവേദവിദഗ്ധനായിരുന്ന രാമൻ മഹർഷിയുടെ ആജ്ഞയാൽ കാലാലയം പൂകിച്ചു. രാഘവന്റെ ചരണസ്പർശത്താൽ, ഇന്ദ്രസംയോഗം നിമിത്തം ശിലയായി നിന്നിരുന്ന ഗൌതമപത്നി, അഹല്യ, വീണ്ടും മുൻവടിവിലായിച്ചമഞ്ഞു. വിശ്വാമിത്രൻ യാഗം തുടങ്ങിയ അവസരത്തിൽ, മാരീചനേയും സുബാഹുവിനെയും രാഘവൻ ദിവ്യാസ്ത്രങ്ങൾകൊണ്ടു ഹനിച്ചു. പിന്നീട്, ജനകന്റെ അരമനയിൽ സൂക്ഷിച്ചിരുന്ന മഹേശ്വരചാപം മുറിച്ചു, പതിനഞ്ചുവയസ്സായിരുന്ന രാമൻ ആറുവയസ്സായ മൈഥിലിയെ—അയോനിജയും സുന്ദരിയുമായ സീതയെ—വിവാഹംചെയ്തു. സീതയെ ലഭിച്ചതിനാൽ കൃതാർത്ഥനായിത്തീർന്ന രാഘവൻ അവളോടൊന്നിച്ചു പന്ത്രണ്ടുകൊല്ലം രമിച്ചുവാണു. ഇരുപത്തേഴാംവയസ്സിൽ രാമനെ യുവരാജാവാക്കാൻ ഏർപ്പാടുചെയ്ത രാജാവിനോടു കൈകേയി രണ്ടുവരം ആവശ്യപ്പെട്ടു. ഒന്നാമത്തേതു, രാമൻ സീതാലക്ഷ്മണന്മാരോടുകൂടി, ജടാധാരിയായി, പതിന്നാലു കൊല്ലത്തേയ്ക്കു നാടുവിടണമെന്നും, രണ്ടാമത്തേതു ഭരതനെ യുവരാജാവാക്കണമെന്നുമായിരുന്നു. രാജാവു രാമനെ സീതാലക്ഷ്മണരൊന്നിച്ചു നാട്ടിൽനിന്നയച്ചു. രാമൻ മൂന്നാമതു വെള്ളംമാത്രം കുടിച്ചും, നാലാംദിവസം കായ് ഭുജിച്ചും, അഞ്ചാംദിവസം ചിത്രകൂത്തിലെത്തി പാർപ്പുറപ്പിച്ചു.

മഹർഷേ, പിന്നെ പതിമ്മൂന്നാം സംവത്സരത്തിൽ പഞ്ചവടിയിൽവെച്ചു രാമനാൽ ശൂർപ്പണഖ എന്ന രാക്ഷസി വിരൂപയാക്കപ്പെട്ടു. അങ്ങിനെ അവിടുന്നു ജാനകിയുമായി കാനനത്തിൽ വിഹരിക്കെ, രാവണൻ പാപപരിണാമത്താൽ സീതയെ അപഹരിപ്പാനായി വന്നെത്തി; മാഘമാസത്തിലെ കറുത്ത അഷ്ടമിനാൾ, വൃന്ദമുഹൂർത്തത്തിൽ ദശകണ്ഠൻ രാമലക്ഷ്മണന്മാരോടു വേർപെട്ട സീതയെ കട്ടുകൊണ്ടുപോയി. കൊണ്ടുപോകുമ്പോൾ ആ ദേവി, 'രാമ, രാമ, എന്നെ രക്ഷിക്കണെ! രാക്ഷസൻ അപഹരിക്കുന്നു എന്നെ രക്ഷിക്കണേ!' എന്നിങ്ങിനെ ഒരു കരിംകുരികിൽപ്പിടപോലെ നിലവിളിച്ചു. പശിമുഴുത്ത പത്തു തലയും, ഒരുപോലെ കാടയടിയാൻ പിടിയെ എന്നവണ്ണം, കാമവശംവദനായ രാവണൻ നിലവിളിക്കുന്ന മൈഥിലിയെ കൊണ്ടുപോവുകതന്നെ ചെയ്തു. അപ്പോൾ പക്ഷീന്ദ്രനായ ജടായു വന്നു രാവണനോടു പൊരുതിനോക്കി; അദ്ദേഹത്തെ രാക്ഷസപ്പെരുമാൾ കൊലപ്പെടുത്തിക്കളഞ്ഞു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi